# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

2021 നവംബർ 9, ചൊവ്വ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1619//2022

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യം-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസം- സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണം-ക്ഷീരവികസനം വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം എക്സൈസ്, വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ - 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ - 32

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ - 32

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ - 77

**I അടിയന്തരപ്രമേയം**

കോഴിക്കോട് കെ. എസ്.ആർ.ടി.സി. സമുച്ചയം

- ശ്രീ. ടി. സിദ്ദിഖ് - 363

(അവതരണാനുമതി നിഷേധിച്ചു.)

**III ശ്രദ്ധ ക്ഷണിക്കൽ**

(1) തുടർവിദ്യാഭ്യാസ പദ്ധതി നേരിടുന്ന പ്രതിസന്ധി

- ശ്രീ. കെ. ഡി. പ്രസേനൻ - 378

(2) പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കൽ

- ശ്രീ. സനീഷ്കുമാർ ജോസഫ് - 381

**IV സബ്മിഷൻ**

(1) ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തൽ

- പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ) - 386

(2) ജൽജീവൻ മിഷൻ പൈപ്പ്ലൈൻ

- ശ്രീ. ടി. വി. ഇബ്രാഹിം - 389

(3) കാരപ്പാറ-കുരിയാർകുറ്റി പദ്ധതി

- ശ്രീ. കെ. ബാബു (നെന്മാറ) - 391

(4) മുതുകാട് ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് കെട്ടിടം

- ശ്രീ. ടി. പി. രാമകൃഷ്ണൻ - 393

(5) ജനവാസ കേന്ദ്രങ്ങളിലെ വന്യമൃഗ ശല്യം

- ശ്രീ. എ. പി. അനിൽകുമാർ - 394

(6) വനവിസ്തൃതിക്കായി ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം

- ശ്രീ. സണ്ണി ജോസഫ് - 396

(7) ശാസ്താംകോട്ടയിലെ കുരങ്ങുശല്യം

- ശ്രീ. കോവൂർ കുഞ്ഞുമോൻ - 398

(8) കാർഷിക യന്ത്രങ്ങൾ പ്രവർത്തനക്ഷമമാക്കൽ

- ശ്രീ. മാത്യു ടി. തോമസ് - 399

(9) കോൾനിലങ്ങൾക്കാവശ്യമായ കുമ്മായവും രാസവളവും ലഭ്യമാക്കൽ

- ശ്രീ. പി. ബാലചന്ദ്രൻ - 400

(10) പാലക്കോട് അഴിമുഖത്ത് പുലിമുട്ട് സ്ഥാപിക്കൽ

- ശ്രീ. എം. വിജിൻ - 402

**V റിപ്പോർട്ട് സമർപ്പണം**

(1) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനൊന്ന് മുതൽ പതിനാറ് വരെയുള്ള റിപ്പോർട്ടുകൾ - 403

(2) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ - 403

**VI വ്യക്തിപരമായ വിശദീകരണം**

- ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ - 403

**VII നിയമനിർമ്മാണകാര്യം** - 404

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും.

(i) 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ

(ii) 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ
(രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ - 598
(iii) 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ - 606

**അനുബന്ധം** - 648

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### മൂന്നാം സമ്മേളനം

*2021 നവംബർ 9, ചൊവ്വ*


വാല്യം 186] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 19


നിയമസഭ 2021 നവംബർ മാസം 9-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യം നമ്പർ (*511)

### ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

1 (*511) ശ്രീ. എം. എം. മണി:

ശ്രീ. ജി. സ്റ്റീഫൻ:

ശ്രീ. കെ. ബാബു (നെന്മാറ):

ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ജലവിഭവ വകുപ്പിന്റെ ചെറുതും വലുതുമായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ആധുനിക സാങ്കേതികവിദ്യകളും മാനേജ്മെന്റ് രീതികളും ഉപയോഗപ്പെടുത്തി പ്രസ്തുത പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) തടസ്സമില്ലാത്ത ജല വിതരണം, ചോർച്ചയും പൈപ്പ് പൊട്ടലും മൂലമുള്ള ജലനഷ്ടം കുറയ്ക്കൽ എന്നിവ ഉറപ്പുവരുത്തുന്നതിനായി പ്രത്യേകമായ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കി വരുന്നത്; വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, (എ&ബി) ജലവിഭവ വകുപ്പിനുകീഴിൽ ചെറുതും വലുതുമായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് മാർച്ച് മാസത്തിൽത്തന്നെ അടുത്ത സാമ്പത്തിക വർഷം നടപ്പിലാക്കേണ്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽത്തന്നെ വിവിധ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി അനുമതി നൽകുകയും പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യുന്നുണ്ട്. പ്രൈസ് സോഫ്റ്റ്‌വെയർ ആവിഷ്കരിച്ചതോടുകൂടി പ്രവൃത്തികൾക്ക് അനുമതി നൽകുന്നതിന് കാര്യക്ഷമതയും വേഗതയും കൈവരിക്കാൻ സാധിച്ചു. പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി ഇ-മോണിറ്റ് എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിന് മറ്റ് വകുപ്പുകളുടെ അനുമതി ആവശ്യമായിവരുന്ന സന്ദർഭങ്ങളിൽ മന്ത്രിതലത്തിലുൾപ്പെടെ യോഗങ്ങൾ വിളിച്ച് ഏകോപനം സാധ്യമാക്കുന്നു. ജലവിതരണ പദ്ധതികളുടെ പൈപ്പ്‌ലൈൻ സ്ഥാപിക്കുന്നതിന് റോഡ് മുറിക്കുന്നതിനുള്ള അനുമതിക്കായി പൊതുമരാമത്ത് വകുപ്പിലെ ROW പോർട്ടൽവഴി അപേക്ഷ നൽകി വേഗത്തിൽ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. പ്രവൃത്തികൾക്കാവശ്യമായ സ്ഥലമെടുപ്പ് ത്വരിതഗതിയിലാക്കുന്നതിന് കളക്ടറുടെ അദ്ധ്യക്ഷതയിൽ സമിതി നിലവിലുണ്ട്. കേരള വാട്ടർ അതോറിറ്റി മുഖാന്തരം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പാസ്ക് (PASK) എന്ന സോഫ്റ്റ്‌വെയർ മുഖേനയും അവലോകനം നടത്തിവരുന്നു. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവൃത്തികൾ ആരംഭിക്കുന്നതിനുമുൻപ് എസ്റ്റിമേറ്റ് പ്രകാരമുള്ള വർക്ക് ബ്രേക്ക്ഡൗൺ സ്ട്രക്ച്ചർ (Work Breakdown Structure-WBS) എം.എസ്. പ്രോജക്ട് ഉപയോഗിച്ച് തയ്യാറാക്കുന്നു. പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് അവലോകനയോഗങ്ങൾ (വീഡിയോ കോൺഫറൻസ്) ചേരുകയും പുരോഗതി സംബന്ധിച്ച വിവരങ്ങൾ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. റിമോട്ട് സെൻസിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ചാണ് വിവിധ ഭൂജലസംപോഷണ പദ്ധതികളുടെ പ്രാഥമിക പഠനങ്ങൾ നടത്തുന്നത്.

(സി) ചോർച്ചയും പൈപ്പ്പൊട്ടലുംമൂലമുള്ള ജലനഷ്ടം കുറയ്ക്കാൻ ജല ജീവൻ മിഷൻ, അമൃത്, സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, ഡെപ്പോസിറ്റ് വർക്കുകൾ എന്നിവയിലുൾപ്പെടുത്തി കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൈപ്പ്ലൈനുകളിലെ അറ്റകുറ്റപ്പണികൾ വളരെ വേഗത്തിൽ പരിഹരിക്കുന്നതിന് നിലവിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം പ്രവർത്തിച്ചുവരുന്നു. ജല അതോറിറ്റി ഉപയോഗിക്കുന്ന പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻവേണ്ടി പൈപ്പുകളുടെ Pre Delivery, Post Delivery ടെസ്റ്റിംഗ് നടത്തുന്നതിനായി സർക്കാർ സ്ഥാപനമായ Central Institute of Petrochemicals Engineering & Technology (CIPET)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിതരണ പൈപ്പിൽ സെൻസറുകളും ഫ്ലോ മീറ്ററുകളും ഘടിപ്പിക്കുന്നതുവഴി ജലചോർച്ച വേഗത്തിൽ കണ്ടെത്താനും ചോർച്ച പരിഹരിക്കാനും സാധിക്കുന്നതാണ്. കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികളും പുനരുദ്ധാരണ പ്രവൃത്തികളും നടത്തുകയും കനാലുകളിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ നീക്കം ചെയ്യുകയും ജലചോർച്ച കണ്ടെത്തുന്ന ഭാഗങ്ങളിൽ ലൈനിംഗ്, റെക്റ്റിഫിക്കേഷൻ തുടങ്ങിയവ നടത്തി ലീക്കേജ് ഇല്ലാതാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ശ്രീ. എം. എം. മണി: സർ, കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ ലളിതമാക്കാൻ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളെക്കുറിച്ച് വിശദമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അപേക്ഷ ലഭിച്ചാൽ മെയിൻ പൈപ്പ് ലൈനുകളിലൂടെ പെട്ടെന്നുതന്നെ കണക്ഷൻ നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന് പ്രത്യേക രജിസ്ട്രേഷൻ വച്ചിട്ടുണ്ട്. സീനിയോറിറ്റി പ്രകാരം കണക്ഷൻ നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എം. എം. മണി: സർ, ഗ്രാമീണ മേഖലകളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചുവരുന്നത്; ഈ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ? പൂർണ്ണതോതിൽ ജലം ലഭ്യമല്ലാതെ വരുന്നതുകൊണ്ട് ഗ്രാമീണ മേഖലയിലെ കുടിവെള്ള പദ്ധതി പലപ്പോഴും പരാജയപ്പെടുന്നുണ്ട്. വൻകിട ജലപദ്ധതിയിൽനിന്നും ജലം സംഭരിച്ച് വിതരണം ചെയ്യുന്ന സമ്പ്രദായം ആവിഷ്കരിച്ചാൽ മാത്രമേ അതിന് പരിഹാരം കാണാൻ സാധിക്കുകയുള്ളൂവെന്ന് അനുഭവമുണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഗ്രാമീണ മേഖലകളിൽ എല്ലാ വീടുകളിലും കുടിവെള്ളമെത്തിക്കാൻവേണ്ടി 'ജൽജീവൻ' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതിൻപ്രകാരം എല്ലാ വീടുകളിലും വെള്ളം എത്തിക്കുവാനുള്ള സമയബന്ധിതമായ

പരിപാടി തയ്യാറാക്കിയിട്ടുണ്ട്. 2024-ഓടെ മുഴുവൻ വീടുകളിലും വെള്ളം എത്തിക്കുവാനുള്ള സംവിധാനം ചെയ്തിട്ടുണ്ട്. എവിടെയെങ്കിലും പോരായ്മയുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ അത് പരിഹരിക്കുന്നതിനുള്ള നടപടിയുണ്ടാകും.

ശ്രീ. ജി. സ്റ്റീഫൻ: സർ, തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലെ കുടിവെള്ള ശുദ്ധീകരണ, വിതരണ ശൃംഖലകൾ നവീകരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലേയ്ക്ക് കുടിവെള്ളമെത്തിക്കുന്നതിന്റെ പ്രധാന സ്രോതസ്സായ അരുവിക്കര പ്ലാന്റ് നവീകരിക്കുന്നതിനും ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനും സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ആലോചിക്കുന്നതെന്ന് വിശദമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇതുസംബന്ധിച്ച് പ്രത്യേക ചോദ്യം വേണ്ടതാണ്. പൊതുവായി ഇങ്ങനെ ചോദിച്ചാൽ എനിക്ക് മറുപടി പറയാൻ ബുദ്ധിമുട്ടുണ്ട്. അരുവിക്കര ഡാമിലെ മണ്ണ് നീക്കാനുള്ള നടപടികൾ ആരംഭിച്ചതിനുപുറമേ കൂടുതൽ വെള്ളം സ്റ്റോർ ചെയ്ത് എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, അഞ്ച് വർഷംകൊണ്ട് 53.19 ലക്ഷം ഗ്രാമീണ വീടുകളിലുൾപ്പെടെ ശുദ്ധജലമെത്തിക്കാനുള്ള പദ്ധതിയുമായി മുന്നോട്ടുപോകുന്ന എൽ.ഡി.എഫ്. സർക്കാരിനെ ഞാൻ അഭിനന്ദിക്കുന്നു. 'ജൽജീവൻ മിഷൻ'-ലൂടെ പദ്ധതി പൂർത്തീകരിക്കപ്പെടുമ്പോൾ ആവശ്യമായ ജലസ്രോതസ്സിന്റെ കുറവ് നിലനിൽക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ അത്തരത്തിലുള്ള കുറവ് പരിഹരിക്കുന്നതിനായി കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള സീതാർകുണ്ടിൽനിന്നുള്ള ജലം ചുള്ളിയാറിൽ എത്തിക്കുന്നതിനുള്ള ഡൈവെർഷൻ പദ്ധതിയും നെല്ലിയാമ്പതിയിൽനിന്നും ചാലക്കുടിയിലേയ്ക്ക് പാഴായിപ്പോകുന്ന വെള്ളത്തെ പോത്തുണ്ടിയിലെത്തിക്കുന്ന നൂറടി പുഴ ഡൈവെർഷൻ പദ്ധതിയും നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, സീതാർകുണ്ടിൽ വനം വകുപ്പിന്റെ അനുമതി ലഭ്യമാകേണ്ടതുണ്ട്. അനുമതി ലഭിച്ചാൽ അത് നടപ്പാക്കാവുന്നതാണ്. അതിന്റെ കൂട്ടത്തിൽ ഇറിഗേഷൻ പദ്ധതിയുംകൂടി വരുന്നുണ്ട്. അതുവഴി കുടിവെള്ളത്തിനും ഇറിഗേഷനും ഗുണം കിട്ടുന്ന പദ്ധതിയായി അത് മാറ്റാൻ സാധിക്കും. പോത്തുണ്ടി പുഴയുടെ കാര്യം സംബന്ധിച്ച് പരിശോധിച്ച് മാത്രമേ പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. എ. രാജ: സർ, ആധുനിക സംവിധാനങ്ങളുപയോഗിച്ച് കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കുടിവെള്ളം കൊടുക്കുന്നതിന് മുൻപുതന്നെ ഗുണനിലവാരം പ്രത്യേകം പരിശോധിക്കുന്നുണ്ട്. വെള്ളം കൊടുത്തശേഷമുള്ള ടെസ്റ്റിംഗിനുള്ള നടപടികളും എടുത്തിട്ടുണ്ട്.

ശ്രീ. ടി. ജെ. വിനോദ്: സർ, കൊച്ചി നഗരം നേരിടാൻപോകുന്ന ഏറ്റവും വലിയ പ്രശ്നമാണ് കുടിവെള്ള ക്ഷാമം. ആലുവ ട്രീറ്റ്മെന്റ് പ്ലാന്റിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന 225 MLD വെള്ളത്തിൽ 170 MLD-യും മരട് ട്രീറ്റ്മെന്റ് പ്ലാന്റിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന 100 MLD വെള്ളത്തിൽ 40 MLD വെള്ളവുമുൾപ്പെടെ 210 MLD വെള്ളമാണ് നഗരത്തിലേയ്ക്ക് വരുന്നത്. ഇതിൽ 30-35 ശതമാനം ട്രാൻസ്മിഷൻ ലോസ്സുണ്ടാകുന്നുവെന്നാണ് കണക്കാക്കപ്പെടുന്നത്. സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റിന്റെ സ്റ്റഡി പ്രകാരം 2046-ൽ 405 MLD വെള്ളം കൊച്ചി നഗരത്തിൽ ആവശ്യമായി വരുമെന്നാണ് കണക്കാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ജലനഷ്ടം ഒഴിവാക്കാൻവേണ്ടി ഫ്ലോ മീറ്റർ പോലുള്ള ഉപകരണങ്ങൾകൂടി അതിൽ ഉൾപ്പെടുത്തുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. 'അമൃത്' പദ്ധതിയാണ് അതിൽ നടപ്പാക്കുന്നത്.

ശ്രീ. എച്ച്. സലാം: സർ, ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ ഭാഗമായ മെയിൻ പൈപ്പ്ലൈൻ തകഴി ഭാഗത്ത് 66 പ്രാവശ്യമാണ് പൊട്ടിയത്. അതിന്റെ ഭാഗമായി ആലപ്പുഴ നഗരസഭയിലും സമീപ പഞ്ചായത്തിലും കുടിവെള്ളക്ഷാമം രൂക്ഷമായിരിക്കുകയാണ്. അമ്പലപ്പുഴ ക്ഷേത്രത്തിന് സമീപമുണ്ടായ കുഴിയിൽവീണ് ഒരു ബൈക്ക് യാത്രക്കാരൻ മരണപ്പെടുകയുണ്ടായി. യഥാസമയം പൈപ്പ് മാറ്റിയിടുന്നതിനും കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനുമുള്ള കാര്യങ്ങൾ ജില്ലാതല ഉദ്യോഗസ്ഥർ ശ്രദ്ധിക്കാത്തതിന്റെ ഭാഗമായി സംഭവിക്കുന്ന പ്രശ്നങ്ങളാണിത്. ഇത്തരം കാര്യങ്ങൾ ഗൗരവമായി പരിശോധിച്ച് കുടിവെള്ള വിതരണം പുനഃസ്ഥാപിക്കാനും അപകടങ്ങൾ ഇല്ലാതാക്കാനുമാവശ്യമായ പരിശോധന നടത്തുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കുടിവെള്ളക്ഷാമം പരിഹരിക്കാനുള്ള അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. അപകടത്തെക്കുറിച്ച് അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. മാണി സി. കാപ്പൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ രാമപുരം കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, രാമപുരം കുടിവെള്ള പദ്ധതി സംബന്ധിച്ച് പ്രത്യേകമായി ചോദിച്ചാൽ മാത്രമേ ഉത്തരം നൽകാൻ സാധിക്കുകയുള്ളൂ. ഓരോന്നിന്റെയും ചോദ്യം ജനറൽ ആയിട്ടാണ് വന്നിരിക്കുന്നത്. അതിന്റെയൊരു പ്രയാസമുണ്ട്. എന്തായാലും പ്രസ്തുത പദ്ധതി സംബന്ധിച്ച് പരിശോധിക്കാം.

ശ്രീ. കെ. പി. മോഹനൻ: സർ, അങ്ങ് മുൻ ജലവിഭവ വകുപ്പുമന്ത്രിയും ഇപ്പോൾ വൈദ്യുതി വകുപ്പുമന്ത്രിയും കൂടിയാണ്. എത്ര ടി.എം.സി. ജലമാണ് വിവിധ ജലസ്രോതസ്സുകളിലായി ഇന്ന് കേരളത്തിന് സ്വന്തമായിട്ടുള്ളത്; അതിൽ ഇറിഗേഷനും വൈദ്യുതിക്കുംവേണ്ടി എത്ര ജലം ഉപയോഗിക്കുന്നു; കാർഷിക മേഖലയ്ക്ക് കൂടുതലായി എത്ര വെള്ളം വേണം; അതിനുള്ള സംവിധാനങ്ങൾകൂടി ഒരുക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അത് പ്രത്യേക ചോദ്യമായി ചോദിക്കേണ്ടതായിരുന്നു. എനിക്ക് അറിയുന്ന കാര്യം മറുപടി പറയാം. കേരളത്തിന്റെ യീൽഡ് 3000 ടി.എം.സി. ജലമാണ്. അതിൽ ഇറിഗേഷനും വൈദ്യുതിക്കുംകൂടി 300 ടി.എം.സി. ജലം മാത്രമേ ഉപയോഗിക്കുന്നുള്ളൂ. നമുക്ക് 23 ലക്ഷം ഹെക്ടർ കൃഷിയുണ്ട്. അതിൽ 3 ലക്ഷം ഹെക്ടർ മാത്രമേ ഇറിഗേറ്റ് ചെയ്യുന്നുള്ളൂ. നാണ്യവിളകൾക്ക് നനയ്ക്കുന്ന സമ്പ്രദായം കേരളത്തിൽ വളരെ കുറച്ചുസ്ഥലത്ത് മാത്രമേയുള്ളൂ. ഞങ്ങളുടെയൊക്കെ സ്ഥലത്ത് മാത്രമേ നാണ്യവിളകൾ നനയ്ക്കുന്നുള്ളൂ. നാണ്യവിളകൾ നനച്ചാൽ ഇന്നുള്ള യീൽഡ് നാലിരട്ടിയോ അഞ്ചിരട്ടിയോ വർദ്ധിപ്പിക്കാൻ നമുക്ക് സാധിക്കും. ആ രീതിയിലുള്ള പദ്ധതി തയ്യാറാക്കുന്നത് നല്ലതായിരിക്കും.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, 'ജൽജീവൻ മിഷൻ' വഴി സംസ്ഥാനത്ത് വ്യാപകമായി കുടിവെള്ള കണക്ഷൻ നൽകിവരികയാണ്. പക്ഷേ ഉപഭോഗം കൂടുമ്പോൾ ജലവിതരണത്തിന് പ്രശ്നം വരുമെന്നത് ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. അതുകൊണ്ട് മഴവെള്ളം എത്രത്തോളം നമുക്ക് പ്രയോജനപ്പെടുത്താൻ കഴിയും? ഇതുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനുള്ള ശാസ്ത്രീയമായ സംവിധാനമേർപ്പെടുത്താൻ സർക്കാർ എന്തെല്ലാം ആലോചിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ മഴവെള്ളം സംഭരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. അക്കാര്യത്തിൽ ശാസ്ത്രീയമായ ധാരാളം നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. അതുസംബന്ധിച്ച മറുപടി മേശപ്പുറത്തുവയ്ക്കുന്നു*.

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശ്രീ. പി. ഉബൈദുള്ള: സർ, പട്ടണപ്രദേശങ്ങളിൽ പലയിടത്തും ഡ്രെയിനേജുകൾക്ക് സമീപമാണ് കുടിവെള്ള വിതരണ പൈപ്പ് സ്ഥാപിച്ചിട്ടുള്ളത്. പൈപ്പ് പൊട്ടുമ്പോൾ ഈ മാലിന്യം വെള്ളത്തിൽ കലരുകയാണ്. മലിനജലം കുടിക്കുന്നതിന്റെ ഫലമായി പല രോഗങ്ങളും പടർന്നുപിടിച്ചുകൊണ്ടിരിക്കുന്നു. ഇത്തരം കാര്യങ്ങൾ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; അത് തടയാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ശരിയാണ്. ഇത്തരം പ്രശ്നങ്ങളുള്ള സ്ഥലങ്ങളിൽ അത് മാറ്റിയിടാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീമതി ശാന്തകുമാരി കെ.: സർ, കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ദീർഘകാല കാഴ്ചപ്പാടോടെ വൻകിട പദ്ധതികൾ ഏറ്റെടുത്ത് സംസ്ഥാന സർക്കാർ മുന്നോട്ടുപോകുകയാണ്. ജൽജീവൻ മിഷൻ പദ്ധതിയിൽ പല പഞ്ചായത്തുകളും ഗുണഭോക്തൃവിഹിതം ലഭ്യമാക്കിയതിനു ശേഷവും വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റ് ഒപ്പിടാൻ കാലതാമസമുണ്ടാകുന്നുണ്ട്. പ്രത്യേകിച്ച് കോങ്ങാട് നിയോജകമണ്ഡലത്തിലെ മങ്കര ഗ്രാമപഞ്ചായത്തിൽ എഗ്രിമെന്റ് വയ്ക്കാൻ കാലതാമസമുണ്ടാകുന്നു. അത്തരം കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിച്ച് സമയബന്ധിതമായി കാര്യങ്ങൾ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അതിൽ പ്രധാന തടസ്സം പഞ്ചായത്ത് വിഹിതം അടയ്ക്കണമെന്നതാണ്. ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ അടയ്ക്കാൻ പാവപ്പെട്ടവർക്ക് ബുദ്ധിമുട്ടാകും. ആയതിനാൽ എം.എൽ.എ. ഫണ്ടോ പഞ്ചായത്തിന്റെ ഫണ്ടോ ഉപയോഗിക്കുകയാണെങ്കിൽ ആ പദ്ധതി പെട്ടെന്ന് പൂർത്തീകരിക്കാൻ സാധിക്കും.

ശ്രീ. സണ്ണി ജോസഫ്: സർ, ഫലപ്രദമായ ഒരു സ്കീമെന്ന നിലയിൽ ജൽജീവൻ പദ്ധതിയെ പൊതുവിൽ സ്വാഗതം ചെയ്യുന്നു. പക്ഷേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിന്റെ വിഹിതം കണ്ടെത്തണമെന്നുള്ളത് പ്രധാനപ്പെട്ട തടസ്സമായി നിലനിൽക്കുകയാണ്. എഗ്രിമെന്റ് വയ്ക്കാനോ അതിന്റെ ലെറ്റർ കൊടുക്കാനോ കഴിയുന്നില്ല. പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ ഉൾപ്പെടെയുള്ള പാവപ്പെട്ടയാളുകൾക്ക് ഗുണഭോക്തൃ വിഹിതം കണ്ടെത്താൻ കഴിയാത്ത പ്രയാസങ്ങളുണ്ട്. അതുകൊണ്ട് ഗവൺമെന്റുതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഗുണഭോക്താക്കൾക്കും ഇതിനാവശ്യമായ സാമ്പത്തിക സഹായം ചെയ്തുകൊടുക്കാൻ പണം വകയിരുത്തുമോ? ഇത് എന്റെ മാത്രം ചോദ്യമല്ല, ശ്രീ. പി. സി. വിഷ്ണുനാഥ് ഉൾപ്പെടെയുള്ള പല അംഗങ്ങളും ഈ ചോദ്യം ഉന്നയിക്കുകയാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ജൽജീവൻ മിഷനിൽ എല്ലാവർക്കും വേണ്ടിയുള്ള അനുമതി കൊടുത്തിട്ടുണ്ട്. ബാക്കി ഉപഭോക്താക്കളുടെ വിഹിതം എം.എൽ.എ. ഫണ്ടോ സി.എസ്.ആർ. ഫണ്ടോ ഉപയോഗിച്ച് ചെയ്യാൻ സഹായിച്ചാൽ അത് ചെയ്യാൻ സാധിക്കും.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ അടയ്ക്കാൻ കഴിയാത്ത പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്ന് ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ കൊടുക്കുന്നതിന് നടപടി സ്വീകരിക്കും.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ജൈക്ക പദ്ധതി നടപ്പിലായതിനുശേഷം കോഴിക്കോട് ശുദ്ധജല ലഭ്യതയുടെ പ്രശ്നമില്ല. പക്ഷേ, 40 വർഷങ്ങൾക്കുമുമ്പ് സ്ഥാപിച്ച പൈപ്പുകളാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. നല്ല പ്രഷറോടുകൂടി വെള്ളം വരുമ്പോൾ നിരവധി സ്ഥലങ്ങളിൽ പൈപ്പ് പൊട്ടിയൊലിക്കുന്ന അവസ്ഥയുണ്ട്. കോർപ്പറേഷൻ ഏകദേശം 40 കോടിയോളം രൂപ കെട്ടിവച്ച് പല സ്ഥലത്തും പൈപ്പുകൾ മാറ്റിയിട്ടുണ്ട്. ബാക്കിയുള്ള പൈപ്പുകൾ മാറ്റാനുള്ള എന്തെങ്കിലും നടപടി ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതിൽ വിഷമിക്കേണ്ട ആവശ്യമില്ല. തീർച്ചയായും ആ പ്രവൃത്തികൾ നടക്കും.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എല്ലാവരും പ്രകടിപ്പിച്ച ആശങ്കയോടൊപ്പം ഞാനും ചേരുകയാണ്. ഇതുമായി ബന്ധപ്പെട്ട് രണ്ട് കാര്യങ്ങളാണ് സൂചിപ്പിക്കാനുള്ളത്. ഒന്ന്, ഗുണഭോക്തൃവിഹിതമായി ഏതാണ്ട് 8000 രൂപയോളം കൊടുക്കേണ്ടിവരുന്നുവെന്നത് സാധാരണക്കാർക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിന്റെ കാര്യത്തിൽ പറഞ്ഞതുപോലെ പട്ടികജാതി, ബി.പി.എൽ. വിഭാഗങ്ങളിൽപ്പെട്ടവരെക്കൂടി ഇതിൽ ഉൾക്കൊള്ളിക്കാൻ ഗവൺമെന്റ് തയ്യാറാകണം. രണ്ടാമത്തെ കാര്യം, പൈപ്പിടാൻ റോഡ് കുഴിച്ചതിനുശേഷം ദേശീയ പാതയിൽ റോഡ് പഴയ സ്ഥിതിയിലാക്കുന്നുണ്ട്. പക്ഷേ പഞ്ചായത്ത് റോഡുകൾ പൊളിച്ചാൽ അത് പഴയ സ്ഥിതിയിലാക്കാൻ അവർ പണം മുടക്കുന്നില്ല. പല പഞ്ചായത്ത് റോഡുകളും എം.എൽ.എ. ഫണ്ടും എം.പി. ഫണ്ടും ഉപയോഗിച്ച് ചെയ്തവയാണ്. എം.എൽ.എ. ഫണ്ടുപയോഗിച്ച് ചെയ്ത റോഡുകൾ വീണ്ടും മോശമാകുന്ന സ്ഥിതിയാണ്. ദേശീയപാതയിലും സ്റ്റേറ്റ് ഹൈവേയിലും ചെയ്യുന്നതുപോലെതന്നെ ഗ്രാമീണ റോഡുകളുടെ കാര്യത്തിലും ചെയ്യുന്നതിനുള്ള നിർദ്ദേശം സംസ്ഥാന സർക്കാർ നൽകുമോ;

ഗുണഭോക്തൃവിഹിതത്തിന്റെ കാര്യത്തിൽ അനുകൂല തീരുമാനമെടുക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഗുണഭോക്തൃ വിഹിതമായി 8000 രൂപ കൊടുക്കേണ്ടിവരുമെന്നുപറഞ്ഞത് ശരിയല്ല. 1000-1500 രൂപയേ വരികയുള്ളൂ. അത് ദൂരെയുള്ള വീടുകളിലേയ്ക്ക് അപൂർവ്വമായി മാത്രമേ വരൂ. ഓരോ പ്രോജക്ടിനും ഓരോ വിധത്തിലാണ് ഗുണഭോക്തൃ വിഹിതം നൽകുന്നത്. അതുമായി ബന്ധപ്പെട്ട് പണലഭ്യതയ്ക്കനുസരിച്ചേ കാര്യങ്ങൾ ചെയ്യാൻ സാധിക്കൂ.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്ന ഒരു പ്രോജക്ടാണ് കാളിപ്പാറ. തിരുവനന്തപുരത്തേയ്ക്കും കാട്ടാക്കട, പാറശ്ശാല, വട്ടിയൂർക്കാവ് മണ്ഡലങ്ങളിലേയ്ക്കും ശുദ്ധജലമെത്തിക്കാനുള്ള ഈ പദ്ധതി മുടങ്ങിക്കിടക്കുകയാണ്. അത് അതിവേഗം പൂർത്തിയാക്കുന്നതിനുവേണ്ടി വിവിധ മീറ്റിംഗുകൾ കൂടിയിട്ടുണ്ട്. ഈ പദ്ധതി എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അതിനുവേണ്ട നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, നദികളിലും തോടുകളിലും അടിഞ്ഞുകൂടുന്ന ചെളിയും മറ്റ് മാലിന്യങ്ങളും നദികളുടെ ഒഴുക്ക് തടസ്സപ്പെടുത്തി വെള്ളപ്പൊക്കവും മറ്റ് ആരോഗ്യ പ്രശ്നങ്ങളുമുണ്ടാക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോ ?

മി. സ്പീക്കർ: അത് അടുത്ത ചോദ്യത്തിൽ വരുന്നതാണ്.

ശ്രീമതി ദെലീമ: സർ, എന്റെ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൈപ്പ് നിരന്തരമായി പൊട്ടുന്നതുമൂലം ആഴ്ചകളോളം കുടിവെള്ള വിതരണം മുടങ്ങുന്നത് ജനജീവിതം വളരെയധികം ദുരിതപൂർണ്ണമാക്കുന്നു. നിരന്തരമുള്ള കുടിവെള്ള വിതരണ മുടക്കം തടയുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അത് പ്രത്യേകം പരിശോധിക്കണം. ബഹുമാനപ്പെട്ട എം.എൽ.എ.-യുമായി ചർച്ചചെയ്ത് തീരുമാനമെടുക്കാം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, എല്ലാ നിയോജക മണ്ഡലങ്ങളിലും ഒട്ടേറെ കുടിവെള്ള പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. മൂന്നുനാല് വർഷമായി ആ പദ്ധതികൾക്ക് ഒരു സ്റ്റെപ്പുപോലും മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ല. എന്റെ മണ്ഡലത്തിൽ രണ്ട് കുടിവെള്ള പദ്ധതികൾക്കാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അനുമതി നൽകിയത്. നിരവധി റിവ്യൂ

മീറ്റിംഗുകൾ നടത്തിയെങ്കിലും ആ പദ്ധതികൾക്ക് മുന്നോട്ടുപോകാൻ സാധിക്കുന്നില്ല. കുടിവെള്ളം നമ്മുടെ അവകാശമായി മാറുന്ന രീതിയാണ് ഇപ്പോഴുള്ളത്. ഈ പദ്ധതികളെല്ലാം എത്രയും പെട്ടെന്ന് പൂർത്തീകരിക്കാൻ എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ജൽജീവൻ മിഷനും പട്ടണ പ്രദേശങ്ങളിൽ ജൽജീവൻ മിഷന്റെ പുതിയ ഒരു പദ്ധതിയുംകൂടി വരുന്നുണ്ട്. ഇവ രണ്ടും വരുമ്പോൾ തീർച്ചയായും ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കും. ഇപ്പോൾ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ ബന്ധപ്പെട്ടവരുമായി ആലോചിച്ച് അത് തീർക്കാൻ സാധിക്കും.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ജൽജീവൻ പദ്ധതിയിൽ ഉൾപ്പെട്ട ഷൊർണ്ണൂർ അസംബ്ലി മണ്ഡലത്തിലെ തൃക്കടീരി, ചളവറ, അനങ്ങനടി പഞ്ചായത്തുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള പദ്ധതിയുടെ ടെണ്ടർ നടപടിപോലും ആയില്ലെന്നാണ് അറിയാൻ സാധിച്ചത്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഒരു വിശദീകരണം പ്രതീക്ഷിക്കുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വാട്ടർ അതോറിറ്റിയിൽ വിവിധ ശീർഷകങ്ങളിലായി ചെറുതും വലുതുമായ രണ്ടായിരത്തിഅഞ്ഞൂറോളം കുടിവെള്ള പദ്ധതികളുണ്ട്. പ്രത്യേക ചോദ്യം ചോദിച്ചാൽ മാത്രമേ ഇതിന് മറുപടി പറയാൻ സാധിക്കുകയുള്ളൂ. ഷൊർണ്ണൂരിലെ ഈ പ്രശ്നം എം.എൽ.എ.-യുമായി ആലോചിച്ച് വേണ്ട നടപടി സ്വീകരിക്കാം.

ശ്രീ. എൻ. കെ. അക്ബർ: സർ, ജൽജീവൻ മിഷൻപ്രകാരം ഗുരുവായൂർ മണ്ഡലത്തിൽപ്പെട്ട ഏങ്ങണ്ടിയൂർ, ഒരുമനയൂർ, കടപ്പുറം പഞ്ചായത്തുകളിൽ വാട്ടർ ടാങ്കുകൾ സ്ഥാപിക്കേണ്ടതുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ ഇതുവരെ ആരംഭിച്ചിട്ടില്ല. ഇക്കാര്യത്തിലുള്ള മെല്ലെപ്പോക്ക് അടിയന്തിരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എം. രാജഗോപാലൻ: സർ, ജലസമ്പത്ത്, ജല മാനേജ്മെന്റ്, ജലശുചീകരണം, ജലവിതരണം എന്നിവ ഇന്ന് ഏറ്റവും ശ്രദ്ധ അർഹിക്കുന്ന ഒരു സാമൂഹിക സമസ്യയാണ്. ഗുണഭോക്താക്കൾ, കേരള വാട്ടർ അതോറിറ്റി, പഞ്ചായത്തുകൾ, ആരോഗ്യ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നിവയെ കൂട്ടിയിണക്കുന്നവിധം വാർഡുതലത്തിൽ ജലസമിതികൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, മാലിന്യ നിർമ്മാർജ്ജനത്തിന് ഇപ്പോൾ പഞ്ചായത്തുതലത്തിൽ ഇങ്ങനെയൊരു സംവിധാനമുണ്ട്. അത് വിപുലീകരിക്കാനുള്ള നടപടി സ്വീകരിക്കാം.

ഡോ. മാത്യു കുഴൽനാടൻ: സർ, ഭൂമിക്കടിയിലൂടെപോകുന്ന വാട്ടർ പൈപ്പ് പൊട്ടുന്നത് നിരന്തരമായിട്ടുള്ള അനുഭവമാണ്. ഇത് കണ്ടുപിടിക്കാൻ ഒരുപാട് ദിവസങ്ങളും ആഴ്ചകളും എടുക്കാറുണ്ട്. എനിക്ക് ഇക്കാര്യത്തിൽ വ്യക്തിപരമായ അനുഭവമുണ്ട്. വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ കഠിനാദ്ധ്വാനം ചെയ്തിട്ടും ഇത് കണ്ടുപിടിക്കാൻ ഏകദേശം ഒരുമാസമെടുത്തു. പൈപ്പിലൂടെ വെള്ളം പോകുന്നുണ്ടോ ഇല്ലയോ എന്നറിയാനുള്ള ആധുനിക ടെക്നോളജി ഇതുവരെയും സ്വായത്തമാക്കാൻ നമുക്ക് സാധിച്ചിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തിരുവനന്തപുരത്തുമാത്രമാണ് ആകെ ഒരു മെഷീനുള്ളത്. കേരളത്തിലെമ്പാടും ഒരു ദിവസത്തിനകം സ്കാനിംഗ് മെഷീൻ അവൈലബിളാക്കാനുള്ള ടെക്നോളജി സ്വായത്തമാക്കാനുള്ള നടപടിയുണ്ടാകുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, തീർച്ചയായും ഈ നിർദ്ദേശം പരിഗണിക്കുന്നതാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, എന്റെ മണ്ഡലത്തിൽ 'അമൃത് ' കുടിവെള്ള പദ്ധതി ഏകദേശം 37 കി. മീ. റോഡുവഴിയാണ് പോകുന്നത്. പ്രസ്തുത റോഡ് പൂർണ്ണമായും തകർന്നുകിടക്കുകയാണ്. ഈ റോഡിന്റെ പുനഃസ്ഥാപന പ്രവൃത്തി ജലവിഭവ വകുപ്പാണ് ചെയ്യുന്നത്. 'അമൃത് ' പദ്ധതിയുടെ പ്രവർത്തനവും ഇതുമായി ബന്ധപ്പെട്ട റോഡിന്റെ പുനഃസ്ഥാപന പ്രവൃത്തികളും അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, തീർച്ചയായും നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കുടിവെള്ള മേഖലയിൽ വളരെ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. കിഫ്ബി പദ്ധതിപ്രകാരം സംസ്ഥാനത്ത് കുടിവെള്ള പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിക്കപ്പെടുന്ന തുക എത്രയെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വിവിധ ശീർഷകങ്ങളിലായി ജല അതോറിറ്റി ചെറുതും വലുതുമായ രണ്ടായിരത്തിഅഞ്ഞൂറോളം കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ജൽജീവൻ മിഷനിൽ 1150 പ്രവൃത്തികളും അമൃത് പദ്ധതിയിൽ 49 പ്രവൃത്തികളും കിഫ്ബി പദ്ധതിയിൽ 110 പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എം. വിജിൻ: സർ, ജൽജീവൻ മിഷൻ വളരെ മികച്ച രീതിയിൽ സംസ്ഥാനത്ത് മുമ്പോട്ടുകൊണ്ടുപോകുന്നുണ്ട്. കരാറുകാരന്റെ മരണത്തെത്തുടർന്ന് കല്യാശ്ശേരി മണ്ഡലത്തിൽപ്പെട്ട കണ്ണപുരം ഗ്രാമപഞ്ചായത്തിലെ ജൽജീവൻ

മിഷന്റെ പ്രവർത്തനം കഴിഞ്ഞ ഫെബ്രുവരി മാസം മുതൽ നിലച്ചിരിക്കുകയാണ്. ഇതുസംബന്ധിച്ച തുടർനടപടിയിൽ മെല്ലെപ്പോക്കാണ് കാണാൻ സാധിക്കുന്നത്. ഈ വിഷയത്തിൽ അടിയന്തരമായ ഇടപെടൽ അങ്ങയുടെ ഭാഗത്തു നിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, തീർച്ചയായും ഈ വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് നിലവിലെ അവസ്ഥ എങ്ങനെ മാറ്റിയെടുക്കാൻ സാധിക്കുമെന്നത് സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ആലോചിച്ച് പ്രശ്നം പരിഹരിക്കുന്നതാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ജലവിഭവ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ഞങ്ങൾ ഉന്നയിച്ച വിഷയമായിരുന്ന UIDSSMT (Urban Infrastructure Development Scheme for Small and Medium Towns) പദ്ധതി ഇപ്പോൾ മുടങ്ങിയിരിക്കുകയാണ്. പ്രസ്തുത പദ്ധതി ഏറ്റെടുത്ത കോൺട്രാക്ടർ ഇതിൽനിന്നും ഒഴിവായിപ്പോയിരിക്കുകയാണ്. ഇത്തരം പശ്ചാത്തലത്തിൽ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാത്ത കോൺട്രാക്ടർമാരെ പീനലൈസ് ചെയ്യുന്നതിന് എന്തെങ്കിലും നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിക്കുന്നുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ബന്ധപ്പെട്ടവരുമായി ആലോചിച്ച് പ്രശ്നം പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുന്നതാണ്.

## വെള്ളപ്പൊക്ക ദുരിതം നേരിടുന്ന പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കാൻ നടപടി

2(*512) പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ . ടി. വി. ഇബ്രാഹിം:
ഡോ. എം. കെ. മുനീർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്ത കാലത്തുണ്ടായ പ്രളയത്തിലും വെള്ളപ്പൊക്കത്തിലും ജലവിതരണ പദ്ധതികളുടെ പ്രവർത്തനം തടസ്സപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം എന്നത്തേയ്ക്ക് പുനഃസ്ഥാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) വെള്ളപ്പൊക്ക ദുരിതം നേരിടുന്ന പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, (എ) സംസ്ഥാനത്ത് അടുത്ത കാലത്തുണ്ടായ പ്രളയത്തിലും വെള്ളപ്പൊക്കത്തിലും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ 8 ജില്ലകളിലായി കേരള വാട്ടർ അതോറിറ്റിയുടെ 79 ജലവിതരണ പദ്ധതികളുടെ പ്രവർത്തനം തടസ്സപ്പെട്ടിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു*. ഇടുക്കിയിലെ രണ്ട് കുടിവെള്ള പദ്ധതികളൊഴികെ മറ്റ് പദ്ധതികളെല്ലാം പുനഃസ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇടുക്കി ജില്ലയിലെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഫണ്ട് ലഭ്യമാക്കി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. ഇടുക്കി ജില്ലയിൽ 15 പഞ്ചായത്തുകളിലായി 76 ജലനിധി പദ്ധതികൾക്കും പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിലെ മുണ്ടൻപാറ ജലനിധി കുടിവെള്ള പദ്ധതിക്കും വെള്ളപ്പൊക്കത്തിൽ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ 62 പദ്ധതികളുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ 2021 ഡിസംബർ അവസാനത്തോടെയും 14 പദ്ധതികളുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ 2022 മാർച്ച് മാസത്തോടെയും പൂർത്തീകരിക്കാനും പാലക്കാട് ജില്ലയിലെ മുണ്ടൻപാറ കുടിവെള്ള പദ്ധതി 2021 ഡിസംബർ 31-ഓടുകൂടി പുനഃസ്ഥാപിക്കാനുമാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

(ബി) വെള്ളപ്പൊക്ക ദുരിതം നേരിടുന്ന പ്രദേശങ്ങളിൽ ശുദ്ധജലമെത്തിക്കുന്നതിനും ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഏകോപനം ഉറപ്പുവരുത്തുന്നതിനും കേരള വാട്ടർ അതോറിറ്റിയുടെ കേന്ദ്ര കാര്യാലയത്തിൽ 24 മണിക്കൂർ കൺട്രോൾ റൂം പ്രവർത്തിച്ചുവരുന്നു. ജില്ലാതല നോഡൽ ഓഫീസർമാരെ നിയോഗിച്ച് ഈ ദുരിതാശ്വാസ പ്രവൃത്തികൾ വിലയിരുത്തുന്നു. ജലവിതരണം തടസ്സപ്പെട്ട മേഖലകളിൽ ഉടൻതന്നെ പ്രശ്നം പരിഹരിക്കുകയും ഏത് പ്രതികൂല അവസ്ഥയിലും കുടിവെള്ളം ലഭ്യമാക്കുവാൻ മേജർ പ്ലാന്റുകളിലും ടാങ്കർ ലോറി പോയിന്റുകളിലും ജലം ശേഖരിച്ചുവയ്ക്കുകയും ചെയ്തിരുന്നു. ശുദ്ധജലം ആവശ്യമായ ദുരിതാശ്വാസ ക്യാമ്പുകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ച് ടാങ്കർ ലോറിവഴി കുടിവെള്ളമെത്തിച്ചു. ദുരിതാശ്വാസ ക്യാമ്പുകളിൽ കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി വിതരണ ശൃംഖലയിലും ടെയിൽ എൻഡ് ടാപ്പിംഗ് പോയിന്റുകളിലും റസിഡ്യുവൽ ക്ലോറിൻ (ആർ.സി) ഉറപ്പാക്കുന്നതിന് പതിവായി നിരീക്ഷണം നടത്താൻ പ്രത്യേക ഡ്രൈവ് നടത്തുന്നതിനും സ്വകാര്യ സാമ്പിളുകൾ പരിശോധിക്കുന്നതിന് സെൻസിറ്റീവ് സ്ഥലങ്ങളിൽ ഗുണനിലവാര ലാബുകൾ താൽകാലികമായി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സജ്ജീകരിക്കുന്നതിനും അണുനശീകരണം ഉറപ്പാക്കാൻ റീക്ലോറിനേഷൻ നടത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പ്രളയവും വെള്ളപ്പൊക്കവും ഉരുൾപൊട്ടലും നേരിട്ട സ്ഥലങ്ങളിൽ കുടിവെള്ളം മലിനമാകുന്നതുമൂലം ജലജന്യരോഗങ്ങളും മറ്റ് പ്രയാസങ്ങളും നിത്യേനയുണ്ടാകുകയാണ്. കൂടാതെ ജലസ്രോതസ്സുകളുടെ സ്വാഭാവിക ഒഴുക്ക് തടയുന്നതരത്തിൽ എക്കലും മണ്ണും മണലും അടിഞ്ഞുകൂടിക്കിടക്കുന്നുമുണ്ട്. കോട്ടയത്തും ഇടുക്കിയിലും കഴിഞ്ഞ ദിവസങ്ങളിലുണ്ടായ പ്രളയങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ശ്രീ. മുനവ്വറലി ശിഹാബ് തങ്ങളും ഞാനും ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.-യും അവിടെ പോയപ്പോൾ മാലിന്യം നിറഞ്ഞ ജലാശയങ്ങളും കുടിവെള്ള സ്രോതസ്സുകളുമാണ് കണ്ടത്. എല്ലാ സ്ഥലങ്ങളിലും ജലമുണ്ടെങ്കിലും കുടിവെള്ളത്തിനുപയോഗിക്കാൻ കഴിയാത്ത രീതിയിലായിട്ടുണ്ട്. ഒഴുക്ക് തടയുന്നതരത്തിൽ എക്കലും മണ്ണും മണലും അടിഞ്ഞുകൂടിയത് നീക്കംചെയ്ത് പ്രസ്തുത പ്രദേശത്തും സംസ്ഥാനത്തെ മറ്റ് പ്രളയബാധിത പ്രദേശങ്ങളിലും ജനങ്ങൾക്ക് ശുദ്ധജലമെത്തിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, മണലും എക്കലും നീക്കം ചെയ്യുന്നതിന് റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുമായി ചേർന്നുകൊണ്ടുള്ള പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. എവിടെയെങ്കിലും തടസ്സം വരികയാണെങ്കിൽ അത് നീക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ളമെത്തിക്കാനാവശ്യമായ നടപടി ജൽജീവൻ മിഷൻ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് വലിയ പ്രയാസം നേരിടുന്നത് ജലസ്രോതസ്സുകളില്ലാത്തതാണ്. കോട്ടക്കൽ മണ്ഡലത്തിൽ 2017-ൽ കിഫ്ബി പദ്ധതി ആരംഭിച്ച ഘട്ടത്തിൽ, ബഹുമാനപ്പെട്ട സ്പീക്കർ പ്രതിനിധാനം ചെയ്യുന്ന തൃത്താല മണ്ഡലത്തെ ബന്ധിപ്പിക്കുന്ന ഒരു ആർ.സി.ബി. (Regulator cum Bridge) പ്രവർത്തനത്തിന് ഭരണാനുമതി ലഭ്യമായിരുന്നു. പ്രസ്തുത പദ്ധതി ലഭിക്കുകയാണെങ്കിൽ കുറ്റിപ്പുറം, കോട്ടക്കൽ മുനിസിപ്പാലിറ്റി അടക്കമുള്ള പ്രദേശങ്ങളിലേയ്ക്കും ഇരുമ്പിളിയം, എടയൂർ, വളാഞ്ചേരി പ്രദേശങ്ങളിലെയും കുടിവെള്ള പദ്ധതികൾക്കുള്ള സ്രോതസ്സാകുമായിരുന്നു. അതുകൊണ്ട് ഈ ആർ.സി.ബി. ഏറ്റവും എളുപ്പം പൂർത്തിയാക്കേണ്ടതുണ്ട്. ഇതുമൂലം പാലക്കാട്, മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കുന്ന റോഡ് സൗകര്യവും കുടിവെള്ള പദ്ധതിയുടെ സ്രോതസ്സിനാവശ്യമായ ജലവും ലഭ്യമാകും. ഈ പദ്ധതി പൂർത്തിയാക്കാനുള്ള നടപടിയും വേഗത്തിലാക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ചോദ്യത്തിൽ പ്രാധാന്യം നൽകുന്നത് റോഡിനാണെന്ന് തോന്നുന്നു. ഏതായാലും പരിശോധിച്ച് വെള്ളം ലഭ്യമാക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. നജീബ് കാന്തപുരം: സർ, " Water, water everywhere, Nor any drop to drink" - Samuel Taylor Coleridge-ന്റെ ഈ കവിതപോലെയാണ് പ്രളയാനന്തര കാലത്തെ നമ്മുടെ നാടിന്റെ അവസ്ഥ. വെള്ളം എല്ലായിടത്തുമുണ്ട്, പക്ഷേ കുടിവെള്ളംമാത്രം ലഭ്യമാകാത്ത സ്ഥിതിയാണ്. പ്രത്യേകിച്ച് ഈ പ്രളയകാലത്ത് ജലസ്രോതസ്സുകൾ മലിനമാകുകയും പമ്പിംഗ് സ്റ്റേഷനുകളിലേയ്ക്ക് വെള്ളംകയറി മോട്ടോറുകൾക്ക് പൂർണ്ണമായും കേടുപാടുകൾ സംഭവിക്കുകയും ചെയ്തിട്ടുണ്ട്. പമ്പിംഗ് മോട്ടോറുകൾ നന്നാക്കാൻ ആളില്ലാത്തതിനാൽ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഏലംകുളം പഞ്ചായത്തിൽ മാസങ്ങളായി കുടിവെള്ളം ലഭ്യമാകാതെ നിരവധി കുടുംബങ്ങൾ കഷ്ടപ്പെടുകയാണ്. മോട്ടോറുകൾ നന്നാക്കുന്നതിന് പ്രത്യേക സംവിധാനമില്ല. എല്ലാ സ്ഥലങ്ങളിലും പൊതുവായുണ്ടാകുന്ന വിഷയമാണിത്. കുടിവെള്ള വിതരണ സംവിധാനം തകരാറിലായ സ്ഥലങ്ങളിൽ പമ്പിംഗ് മോട്ടോറുകൾ നന്നാക്കുന്നതിനും മലിനമായ കിണറുകൾ ശുദ്ധീകരിക്കുന്നതിനുമാവശ്യമായ സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവർത്തനങ്ങൾ എത്രയുംവേഗം നടപ്പിലാക്കാൻ ശ്രമിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അക്കാര്യം ആലോചിക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പുരയിടങ്ങളിലുള്ള കിണറുകളിലുൾപ്പെടെ മലിനജലം പരിശോധിക്കാനും അത് ഉറവിടത്തിൽത്തന്നെ സംസ്കരിക്കാനുമുള്ള നടപടികൂടി ആരംഭിക്കും.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം പലയിടങ്ങളിലും നടന്നുകൊണ്ടിരിക്കുകയാണ്. കിഫ്ബി പദ്ധതിയിലുൾപ്പെട്ടതും ജൽജീവൻ മിഷനിലുള്ളതുമായ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിനിടയിലുണ്ടായ വെള്ളപ്പൊക്കം കാരണം ഇവയുടെ പ്രവർത്തനം തടസ്സപ്പെട്ടുകിടക്കുകയാണ്. ബഹുമാനപ്പെട്ട കുണ്ടറ അംഗം സൂചിപ്പിച്ച കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി നേരത്തെ മറുപടി പറഞ്ഞില്ല. കുടിവെള്ള പദ്ധതികൾക്കുവേണ്ടി എൻ.എച്ച്. റോഡുകൾ വെട്ടിപ്പൊളിക്കുമ്പോൾ റോഡ് പുനഃസ്ഥാപിക്കാനുള്ള തുക നേരത്തെതന്നെ കെട്ടിവയ്ക്കേണ്ടതുണ്ട്. പൊതുമരാമത്ത് റോഡുകളുടെ കാര്യവും അതുപോലെതന്നെയാണ്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ വെട്ടിപ്പൊളിക്കുന്നതിന് അവരുടെ അനുവാദം

ആവശ്യമില്ലെന്ന പുതിയ ഉത്തരവ് വന്നിരിക്കുകയാണ്. ഇത്തരം റോഡുകൾ പുനഃസ്ഥാപിക്കാനുള്ള ഫണ്ട് എവിടെയും ലഭ്യമാകുന്നമില്ല. കൂടാതെ പദ്ധതികൾക്കുള്ള വിഹിതമായി 15 ശതമാനം തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുകയുംവേണം. ഇത്തരം റോഡുകൾ ഏകദേശം 2.5 മീറ്ററിനടുത്ത് മാത്രമേയുണ്ടാകൂ, ഇത് കേരളത്തിലൊട്ടാകെയുള്ള പ്രശ്നമാണ്. ഇങ്ങനെ ട്രഞ്ച് എടുത്ത ഭാഗങ്ങളിൽ വെള്ളപ്പൊക്കം വന്നതോടെ വെള്ളം വന്നുനിറയുന്നു; അതുകൊണ്ട് എസ്റ്റിമേറ്റ് ഉണ്ടാക്കുമ്പോൾത്തന്നെ ഏത് ഏജൻസിയിലുള്ള പ്രവർത്തനമായാലുംശരി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൂടി പുനഃസ്ഥാപിക്കാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഇതുസംബന്ധിച്ച് പരിശോധിച്ചുമാത്രമേ മറുപടി നൽകാൻ കഴിയുകയുള്ളൂ.

ഡോ. എം. കെ. മുനീർ ചുമതലപ്പെടുത്തിയതുപ്രകാരം (<u>ശ്രീ. എൻ. ഷംസുദ്ദീൻ)</u>: സർ, സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന ശുദ്ധജലത്തിന്റെ 45 ശതമാനത്തോളം നഷ്ടപ്പെട്ട് പോകുന്നതായി അങ്ങുതന്നെ ഇവിടെ പറഞ്ഞു. ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ. സംസാരിച്ചപ്പോൾ ജലശോഷണം സംഭവിക്കുന്നത് തിരിച്ചറിയാനുള്ള സ്കാനറിന്റെ കാര്യം പറഞ്ഞു. സംസ്ഥാനത്ത് ഇപ്പോൾ അത് ഒരെണ്ണമേയുള്ളൂ എന്നാണ് പറയുന്നത്. ഇതുപോലുള്ള സംവിധാനങ്ങൾ വർദ്ധിപ്പിച്ച് കൃത്യമായി മോണിറ്റർ ചെയ്ത്, ഉല്പാദിപ്പിക്കപ്പെടുന്ന വെള്ളം പാഴായിപ്പോകുന്നത് കുറച്ചുകൊണ്ടുവരാനുള്ള പ്രത്യേക പദ്ധതിക്ക് സംസ്ഥാന ഗവൺമെന്റും ജലവിഭവ വകുപ്പും നേതൃത്വം നൽകുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അതുകൊണ്ടാണ് ഓരോ പോയിന്റിലും ഫ്ലോ മീറ്റർ വയ്ക്കാൻ തീരുമാനിച്ചത്. എത്രത്തോളം ജലം പോകുന്നു, എത്ര നഷ്ടപ്പെടുന്നു എന്നുള്ളത് വ്യക്തമായി അറിയുന്നതിനുവേണ്ടി പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തി ജലനഷ്ടം ഒഴിവാക്കാനുള്ള ശ്രമമാണ് നടത്തുന്നത്.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, 2018-ലെയും 2019-ലെയും പ്രളയത്തിൽ ചെറുകിട ജലസേചന പദ്ധതികൾക്കുണ്ടായ നാശം വളരെ വലുതാണ്. ഇത്തവണയും കണ്ണൂർ ജില്ലയിലുൾപ്പെടെ ഇത്തരത്തിലുള്ള നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. ജലസേചന പദ്ധതികൾ നിലനിർത്തുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഡിസാസ്റ്റർ മാനേജ്മെന്റിലൂടെ കുറച്ച് പദ്ധതികൾ ശരിയാക്കാൻ സാധിച്ചു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ അടിയന്തരമായി ചെയ്യേണ്ട നടപടികളുണ്ട്. ജലപദ്ധതികൾ മുടങ്ങാതെ നടത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, വെള്ളപ്പൊക്കം കാരണം ഏഴ് വർഷത്തിലധികമായി ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്ന ആയിരത്തിലേറെ കുടുംബങ്ങൾ ഇപ്പോഴും കേരളത്തിലുണ്ട്, ഏഴായിരത്തിലധികം ആളുകളുണ്ട്. കൂടുതലും തീരപ്രദേശത്തുള്ളവരാണ്. ക്യാമ്പിൽ കഴിയുന്ന മുഴുവൻ പേരെയും പുനരധിവസിപ്പിക്കുന്ന കാര്യത്തിൽ ഇപ്പോഴും തീരുമാനമായിട്ടില്ല. വെള്ളപ്പൊക്കംമൂലം ദുരിതമനുഭവിക്കുന്ന ഇത്തരം ആളുകളെ സംരക്ഷിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; അതിനുള്ള പദ്ധതി തയ്യാറാക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അതിന് പുനർഗേഹം പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. കൂടുതൽ കാര്യങ്ങൾ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ചെയ്യുന്നതാണ്.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, ജനങ്ങളിന്ന് നേരിടുന്ന ഏറ്റവും വലിയ പ്രയാസം കുടിവെള്ളക്ഷാമമാണ്. ചില സ്ഥലങ്ങളിൽ പൈപ്പുണ്ട്, വെള്ളമില്ല. ചില സ്ഥലത്ത് വെള്ളമുണ്ട്, പൈപ്പില്ല. ചിലപ്പോൾ 15 hp മോട്ടോർ വേണ്ടസ്ഥലത്ത് 10 hp മോട്ടോറാണ് വയ്ക്കുന്നത്. ഇത്തരം വിഷയങ്ങളെക്കുറിച്ച് വാട്ടർ അതോറിറ്റിയിൽ അന്വേഷിക്കുമ്പോൾ പണമില്ലാത്തതുകൊണ്ടാണെന്നാണ് പറയുന്നത്. അറുപതോളം കുടുംബങ്ങൾക്ക് ജലം ലഭിക്കുന്നില്ല. ഇതിനുവേണ്ടി അടിയന്തര പരിഹാര മാർഗ്ഗം നിർദ്ദേശിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഇക്കാര്യം പരിശോധിച്ച് വേണ്ടത് ചെയ്യാം.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, ആര്യങ്കാവ് മേഖലയിലെ കുടിവെള്ള വിതരണത്തിന് പ്രത്യേക പരിഗണന കൊടുക്കേണ്ടതാണ്. ആര്യങ്കാവ് പഞ്ചായത്തിലെ ഇടപാളയത്ത് ഉരുൾപൊട്ടൽമൂലം വലിയ നാശനഷ്ടങ്ങളാണുണ്ടായത്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി കെ. രാജൻ അവിടെ സന്ദർശിക്കുകയും എല്ലാ കാര്യങ്ങളും നേരിട്ടുകാണുകയും ചെയ്തതാണ്. അവിടത്തെ കുടിവെള്ള സ്രോതസ്സുകളെല്ലാം ഇല്ലാതായി. വലിയ തോതിലുള്ള പ്രശ്നമാണ് ആ പ്രദേശം നേരിട്ടുകൊണ്ടിരിക്കുന്നത്. അവിടത്തെ ജനങ്ങൾക്ക് കുടിവെള്ളം കിട്ടാത്ത അവസ്ഥയുണ്ട്. ഇത് ഗൗരവമായി ചർച്ചചെയ്ത വിഷയമാണ്. അവിടെ കുടിവെള്ളമെത്തിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അതിനുള്ള നടപടികൾ തീർച്ചയായും സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ലക്ഷക്കണക്കിന് തീർത്ഥാടകർ എത്തുന്ന ശബരിമലയിൽ സുഗമമായി ശുദ്ധജലം ലഭ്യമാക്കുന്നതിന് ഗവൺമെന്റ് ആവിഷ്കരിച്ച പദ്ധതി കരാറുകാരന്റെ തടസ്സം കാരണം അനന്തമായി നീണ്ടുപോകുകയാണ്. ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സർക്കാർ ഇടപെടുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, 2018-ലെ വെള്ളപ്പൊക്കത്തെത്തുടർന്ന് നാശനഷ്ടങ്ങൾ നേരിട്ട പ്രദേശങ്ങളിലെ കുടിവെള്ള വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് ഹ്രസ്വകാല പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിക്കുവേണ്ടി പുതിയതായി 18 MLD ട്രീറ്റ്മെന്റ് പ്ലാന്റ് പണിത് ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; മേൽ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പ്രത്യേക ചോദ്യം ചോദിച്ചാൽ മാത്രമേ ഇതിനെക്കുറിച്ച് പറയാൻ സാധിക്കുകയുള്ളൂ. നേരത്തെ പറഞ്ഞ മറുപടിയിൽ ഇത്തരം പ്രദേശങ്ങളിൽ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.

ശ്രീ. സി. ആർ. മഹേഷ്: സർ, ബഹുമാനപ്പെട്ട നജീബ് കാന്തപുരം പറഞ്ഞതുപോലെ, 'വെള്ളം വെള്ളം സർവ്വത്ര, തുള്ളികുടിക്കാൻ ഇല്ലത്രെ'. വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശങ്ങളിലെ, തീരദേശത്തെ ശുദ്ധജല ക്ഷാമം പരിഹരിക്കാൻ പ്രത്യേക നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, എല്ലാസ്ഥലത്തും ജൽജീവൻ മിഷനിലൂടെയും അമൃത് പദ്ധതിയിലൂടെയും അതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പട്ടണ പ്രദേശങ്ങളിൽ ജൽജീവൻ മിഷൻ മറ്റൊരു രീതിയിലും വരുന്നുണ്ട്.

ശ്രീമതി കാനത്തിൽ ജമീല: സർ, പ്രളയം ബാധിച്ച മേഖലയിലും കടലോര മേഖലയിലും ഉപ്പുവെള്ളം മാത്രമാണ് ലഭിക്കുന്നത്. കൊയിലാണ്ടി മുനിസിപ്പാലിറ്റി 85 കോടി രൂപ ചെലവഴിച്ച് കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി വിതരണ പൈപ്പുകൾ സ്ഥാപിച്ചാൽ മാത്രമേ പദ്ധതി പൂർത്തിയാവുകയുള്ളൂ. വിതരണ ശൃംഖല പൈപ്പുകൾ സ്ഥാപിച്ചാൽ ഈ ഭാഗങ്ങളിലെല്ലാം കുടിവെള്ളം ലഭിക്കും. പക്ഷേ ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം പണി നിലച്ചിരിക്കുകയാണ്. ടി പ്രവൃത്തികൾകൂടി പൂർത്തീകരിക്കുന്നതിന് മുൻകയ്യെടുക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അത് പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്

3(*513) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ നിലവിലുള്ള അണക്കെട്ട് ഡീകമ്മീഷൻ ചെയ്ത് പുതിയ അണക്കെട്ട് നിർമ്മിക്കാൻ സംസ്ഥാന സർക്കാർ മുൻകൈ എടുക്കുമോ; വ്യക്തമാക്കുമോ;

(ബി) ഇതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പുതിയ അണക്കെട്ടിന്റെ നിർമ്മാണത്തിലും ജലം പങ്കിടൽ ഉടമ്പടിയിലും തമിഴ്നാടിന്റെ പരിപൂർണ്ണമായ സഹകരണം ആവശ്യമാണെന്നിരിക്കെ ഇതുസംബന്ധിച്ച് തമിഴ്നാടുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ജലവിഭവ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, (എ) 'തമിഴ്നാടിന് ജലം കേരളത്തിന് സുരക്ഷ' എന്ന ആശയം മുൻനിർത്തി കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് പുതിയ ഡാം എന്ന നിർദ്ദേശം സംസ്ഥാന സർക്കാർ മുന്നോട്ടുവച്ചിട്ടുള്ളത്. 1895-ൽ ചുണ്ണാമ്പ്-സുർക്കി മിശ്രിതത്തിൽ നിർമ്മിച്ച 126 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ അണക്കെട്ടിന്റെ താഴെഭാഗത്തുള്ള ജനങ്ങളുടെ ഭയാശങ്കകൾ ദൂരീകരിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷയൊരുക്കുന്നതിനുമായി നിലവിലെ അണക്കെട്ടിന്റെ 366 മീറ്റർ താഴെയായി ഒരു പുതിയ അണക്കെട്ട് പണിയാനുള്ള ആവശ്യം കേരളം നിരവധി ചർച്ചകളിലൂടെ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേരളവും തമിഴ്നാടും തമ്മിൽ നിലനിന്നിരുന്ന മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച തർക്കങ്ങളുടെ ഭാഗമായി തമിഴ്നാട് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിച്ച അസ്സൽ അന്യായം 3/2006-നമേൽ 7-5-2014-ൽ സുപ്രീംകോടതി വിധിന്യായത്തിൽ, ഉന്നതാധികാര സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലെ അണക്കെട്ട് ജലശാസ്ത്രപരമായും ഭൂകമ്പപരമായും ഘടനാപരമായും (hydrologically, seismically and structurally)

സുരക്ഷിതമാണെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി പ്രഖ്യാപിച്ചെങ്കിൽക്കൂടി, മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ബലക്ഷയത്തെപ്പറ്റിയുള്ള ആശങ്കകൾ കണക്കിലെടുത്ത് നിലവിലെ അണക്കെട്ടിന് ഏകദേശം 366 മീറ്റർ താഴെയായി ഒരു പുതിയ അണക്കെട്ട് പണിയുന്നതിനുള്ള കേരളത്തിന്റെ ആവശ്യം ബഹുമാനപ്പെട്ട സുപ്രീംകോടതി അംഗീകരിച്ചിരുന്നു. കേരളത്തിന്റെ അഭ്യർത്ഥന കണക്കിലെടുത്ത് തമിഴ്നാടിന്റെ സമ്മതത്തോടുകൂടി പുതിയ ഡാം നിർമ്മിക്കാനുള്ള നിർദ്ദേശം സുപ്രീംകോടതി പുറപ്പെടുവിച്ച 7-5-2014-ലെ വിധിന്യായത്തിൽ നൽകിയിട്ടുണ്ട്.

(ബി) മുല്ലപ്പെരിയാറിന്റെ സുരക്ഷ കണക്കിലെടുത്ത് പുതിയ അണക്കെട്ട് നിർമ്മിക്കണമെന്നുതന്നെയാണ് സർക്കാരിന്റെ നിലപാട്. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് നിലവിലെ നിയമങ്ങൾപ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയും തമിഴ്നാടിന്റെ സമ്മതവും സുപ്രീംകോടതിയുടെ അനുമതിയും ആവശ്യമാണ്. പുതിയ അണക്കെട്ടിന്റെ പരിസ്ഥിതി ആഘാത പഠനം (EIA) നടത്തുന്നതിന്റെ ഭാഗമായി പരിസ്ഥിതി ആഘാത പഠനത്തിന്റെ Terms of Reference (ToR) 2015-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് നൽകിയതിന് 2018 നവംബർ 14-ാം തീയതി നിബന്ധനകളോടെ അംഗീകാരം നൽകുകയുണ്ടായി. ഈ നിബന്ധനകളനുസരിച്ച് പരിസ്ഥിതി ആഘാത പഠനം പുരോഗമിച്ചുവരുന്നു. പുതിയ അണക്കെട്ടിന്റെ നിർമ്മാണം ആരംഭിക്കുന്നതിനു മുൻപായി Environmental Clearance, Forest Clearance മുതലായ നിയമ പ്രകാരമുള്ള മാനദണ്ഡങ്ങളനുസരിച്ചുള്ള സാക്ഷ്യപ്പെടുത്തലുകളും ഉഭയകക്ഷി സമ്മതവും ആവശ്യമാണ്. നിലവിലെ ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയ അണക്കെട്ടിനാവശ്യമായ സംഭരണശേഷിയും.......

മി. സ്പീക്കർ: മറുപടി ദീർഘമാണെങ്കിൽ മേശപ്പുറത്തുവയ്ക്കാം. ഈ വിഷയം മുമ്പ് ചർച്ച ചെയ്തിട്ടുള്ളതാണല്ലോ. ഉത്തരം എല്ലാ അംഗങ്ങൾക്കും മോണിറ്ററിൽ ലഭ്യമാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇത് വായിച്ചാൽ മാത്രമേ എല്ലാം വ്യക്തമാകുകയുള്ളൂ.

മി. സ്പീക്കർ: അങ്ങനെയാണെങ്കിൽ പ്രസക്തമായ കാര്യങ്ങൾ വായിച്ചോളൂ.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഞാൻ ചുരുക്കിപ്പറയാം. അണക്കെട്ടിന്റെ താഴ്ഭാഗത്തെ പുഴയുടെ വാഹകശേഷിയുംകൂടി കണക്കിലെടുത്തുകൊണ്ട് പുതിയ അണക്കെട്ടിന്റെ രൂപകല്പനയ്ക്കായി പരിഗണിക്കേണ്ട Full Reservoir Level (FRL), Maximum Water Level (MWL) എന്നിവ കണക്കാക്കി ബഹുമാനപ്പെട്ട

സുപ്രീംകോടതിയിൽ കേരളം സ്വീകരിച്ചിട്ടുള്ള നിലപാടുകൾക്കനുസൃതമായി പുനർ രൂപകൽപ്പന ചെയ്യുന്നതാണ്. കൂടാതെ പുതിയ അണക്കെട്ട് പെരിയാർ വന്യജീവി സങ്കേതത്തിലായതിനാൽ പദ്ധതി നടപ്പിലാക്കാൻ പാരിസ്ഥിതികാനുമതി ആവശ്യമാണ്. പാരിസ്ഥിതികാനുമതി ലഭിക്കണമെങ്കിൽ പരിസ്ഥിതി ആഘാത പഠനം നടത്തേണ്ടതുണ്ട്. വന്യജീവി സങ്കേതത്തിനുള്ളിൽ പരിസ്ഥിതി ആഘാത പഠനം നടത്താൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണ്. മുല്ലപ്പെരിയാറിന്റെ പരിസ്ഥിതി ആഘാത പഠനം പ്രഗതി ലാബ്സ് പ്രൈവറ്റ് ലിമിറ്റഡിനെ 26-3-2015-ലെ സർക്കാർ ഉത്തരവനുസരിച്ച് 21-4-2015-ലെ കരാർ പ്രകാരം 95 ലക്ഷം രൂപയ്ക്ക് ഏൽപ്പിച്ചു. എന്നാൽ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ ഉത്തരവുപ്രകാരം പരിസ്ഥിതി ആഘാത പഠനത്തിനുള്ള ToR-ന്റെ അംഗീകാരം 2018 നവംബറിലാണ് നിബന്ധനകളോടെ ലഭിച്ചത്. പ്രസ്തുത ToR-ന്റെ കാലാവധി 4 വർഷമാണ്. ഇതുസംബന്ധിച്ച് കേരള ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുമതിക്ക് 17-8-2018-ന് അപേക്ഷിക്കുകയും ആയതിന് 20-4-2019-ൽ അനുമതി ലഭിക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് ജൂലൈ 2019-ൽ കൺസൾട്ടന്റ് പഠനം ആരംഭിച്ചു. തിരുവനന്തപുരം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്ററിൽ നിന്ന് പരിസ്ഥിതി ആഘാത പഠനത്തിനായി പെരിയാർ ടൈഗർ റിസർവ്വിലേയ്ക്ക് പ്രവേശിക്കാനുള്ള അനുമതി 30-6-2021-ൽ ലഭിക്കുകയും ആയത് പൂർത്തിയാക്കുന്നതിനുള്ള സമയം 20-12-2021 വരെ നീട്ടി ലഭിക്കുകയും ചെയ്തിട്ടുണ്ട്. പരിസ്ഥിതി ആഘാത പഠനത്തിന്റെ ഭാഗമായി കൺസൾട്ടന്റ് രണ്ട് സീസണുകളുടെ ബേസ് ലൈൻ ഡാറ്റാ കളക്ഷൻ പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നാം സീസണിന്റെ പഠനം പുരോഗമിച്ചുവരുന്നു. കൂടാതെ ഡ്രാഫ്റ്റ് പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് ഉടൻതന്നെ സമർപ്പിക്കുമെന്ന് കൺസൾട്ടന്റ് അറിയിച്ചിട്ടുമുണ്ട്. പരിസ്ഥിതി ആഘാത പഠനവുമായി ബന്ധപ്പെട്ട് കേന്ദ്ര ജല കമ്മീഷന്റെ നിലവിലുള്ള രൂപരേഖ പ്രകാരം മുല്ലപ്പെരിയാർ ഡാമിന്റെ ഡി.പി.ആർ. പുതുക്കുന്നതിനായി 12-2-2021-ലെ സർക്കാർ ഉത്തരവുപ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) പുതിയ അണക്കെട്ടിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉദ്യോഗസ്ഥതലത്തിലും സർക്കാർതലത്തിലുമുള്ള വിവിധ യോഗങ്ങളിൽ പരിഗണിച്ചിരുന്നെങ്കിലും സമവായത്തിലെത്താൻ കഴിഞ്ഞിട്ടില്ല. മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് പണിയുന്നതിനുള്ള വിഷയങ്ങളിൽ തമിഴ്നാടുമായി ധാരണയിലെത്തുന്നതിനായി മുഖ്യമന്ത്രി തലത്തിൽ ഡിസംബറിൽ യോഗം ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, മുല്ലപ്പെരിയാറിൽ പുതിയ ഡാം എന്നുള്ളത് നമ്മുടെ ആവശ്യവും അവകാശവുമാണ്. പക്ഷേ സർക്കാരിന്റെയും ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നുള്ള നടപടിയും പ്രസ്താവനകളും അതിന് തുരങ്കം വയ്ക്കുന്നുണ്ട്. ബേബിഡാം ശക്തിപ്പെടുത്തണമെന്നുള്ള ആവശ്യം സുപ്രീംകോടതിയുടെ പരിഗണനയിലാണ്. അതുമായി ബന്ധപ്പെട്ട് മരംമുറിക്കണമെന്നുള്ള ആവശ്യവും സുപ്രീംകോടതിയുടെ പരിഗണനയിൽ തമിഴ്നാട് വച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ സുപ്രീംകോടതി നിയോഗിച്ച മുല്ലപ്പെരിയാർ മേൽനോട്ട സമിതിയിലെ കേരളത്തിന്റെ ഏക പ്രതിനിധിയായ ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറി നവംബർ 1-ന് വിളിച്ച യോഗത്തിൽ മുല്ലപ്പെരിയാറിലെ ബേബിഡാം ബലപ്പെടുത്തുന്നതിനായി 15 മരങ്ങൾ മുറിക്കുന്നതിന് തമിഴ്നാട് ഗവൺമെന്റിന് അനുമതി നൽകി. ഇങ്ങനെയൊരു തീരുമാനമെടുത്തത് മന്ത്രിസഭ അറിഞ്ഞോ; എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഈ തീരുമാനമെടുക്കാൻ അവരെ അനുവദിച്ചത്?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഇക്കാര്യത്തിൽ ഇന്നലെ വനം-വന്യജീവി വകുപ്പുമന്ത്രി വിശദമായി മറുപടി പറഞ്ഞു. അതിൽ കൂടുതലൊന്നും പറയാനില്ല.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഈ ചോദ്യത്തിന് കൃത്യമായൊരു മറുപടി പ്രതീക്ഷിക്കുന്നു. മുല്ലപ്പെരിയാർ ഡാം പൊട്ടിയാൽ നേരിടാൻ എന്തെല്ലാം അടിയന്തര നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്? സുപ്രീംകോടതി തമിഴ്നാടിന്റെ ആവശ്യം അംഗീകരിക്കുന്ന രീതിയിൽ മറുപടി നൽകരുത്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> സർ, അങ്ങനെയൊരു ആശങ്കയ്ക്ക് വഴിയില്ല. അതുകൊണ്ടാണ് സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം റൂൾ കർവ് ഉണ്ടാക്കി ജലം താഴ്ത്തിനിർത്താൻ സൗകര്യമൊരുക്കിയിട്ടുള്ളത്. അത് പെട്ടെന്ന് പൊട്ടില്ല. ഭൂകമ്പമോ മറ്റോ വന്നാൽ മാത്രമേയുള്ളൂ. അതിനുള്ള മുന്നൊരുക്കങ്ങൾ ഡിസാസ്റ്റർ മാനേജ്മെന്റ് ചെയ്യുന്നുണ്ട്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ മുല്ലപ്പെരിയാറിൽ പുതിയ ഡാം എന്നതാണ് എല്ലാവരുടെയും ആവശ്യം. കേരളത്തിന്റെ വികാരവും അതുതന്നെയാണ്. എന്നാൽ ബേബിഡാം ശക്തിപ്പെടുത്തി ജലനിരപ്പ് 152 അടിയായി ഉയർത്തണമെന്നതാണ് തമിഴ്നാടിന്റെ ആവശ്യം. ഇതിനായി മരം മുറിക്കാൻ അവർ കേരളത്തോട് ആവശ്യപ്പെടുകയും അതിന് നമ്മൾ അനുവാദം കൊടുക്കുന്നൊരു സാഹചര്യമുണ്ടാകുകയും ചെയ്തു. പക്ഷേ ബഹുമാനപ്പെട്ട മന്ത്രിമാർ അത് അറിഞ്ഞില്ലെന്നും അവർ അറിയാതെയാണ് ഉദ്യോഗസ്ഥർ അനുവാദം നൽകിയതെന്നുമാണ് വ്യക്തമായി ഇന്നലെ ഗവൺമെന്റ് ഇവിടെ നിലപാട്

പറഞ്ഞത്. പക്ഷേ, കേരളത്തിലെ മന്ത്രിമാർ അറിഞ്ഞാണ് ഈ മരംമുറിക്കൽ ഉത്തരവ് എന്നാണ് തമിഴ്നാട് മന്ത്രി ശ്രീ. ദുരൈ മുരുകൻ പറഞ്ഞതായി ഇന്നലെ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ ഗുരുതരമായ വെളിപ്പെടുത്തലിനെക്കുറിച്ച് സർക്കാരിന് എന്താണ് പറയാനുള്ളത്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ശ്രീ. ദുരൈ മുരുകൻ മന്ത്രിമാർ അറിഞ്ഞുവെന്ന് എവിടെയും പറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെ പറയുന്നത് വാസ്തവവിരുദ്ധമാണ്. ബേബിഡാം ബലപ്പെടുത്തിയതുകൊണ്ട് മാത്രം ഒറിജിനൽ ഡാം ബലപ്പെട്ടതായി കണക്കാക്കില്ല. അതുകൊണ്ടാണ് റൂൾ കർവ് വച്ചിരിക്കുന്നത്. ഇത്ര വെള്ളം, അതിൽ എത്ര ലീക്കേജ് ഇതെല്ലാം നോക്കുന്ന എക്സ്പെർട്ട് കമ്മിറ്റിയുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ നിർദ്ദേശവും പരിശോധനയും വേണം. വേണ്ടിവന്നാൽ 24 മണിക്കൂറും പരിശോധിക്കാനുള്ള നടപടിയും എടുത്തിട്ടുണ്ട്.

ശ്രീ. പി. ടി. തോമസ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കേരളം എക്കാലവും ബേബിഡാം ശക്തിപ്പെടുത്തുന്നതിന് എതിരായിരുന്നു. കാരണം ബേബിഡാം ശക്തിപ്പെടുത്തിയാൽ 152 അടി വെള്ളം മുല്ലപ്പെരിയാറിൽ സ്റ്റോർ ചെയ്യാൻ സാധിക്കുമെന്നുള്ള തമിഴ്നാടിന്റെ വാദം അംഗീകരിക്കപ്പെടും. ഒരു പുതിയ ഡാം പണിയണമെന്ന കേരളത്തിന്റെ ആവശ്യത്തിന് പ്രസക്തി കുറയും. ഇങ്ങനെ ഗൗരവമുള്ള ഒരു വിഷയത്തിലാണ് മന്ത്രിമാർ ആരും അറിയാതെ വൈൽഡ് ലൈഫ് ചീഫ് വാർഡൻ മരം മുറിക്കാൻ സെക്രട്ടറിതലത്തിൽ ഒരു ഉത്തരവ് കൊടുത്തത്. ഇത് കേരളത്തിന്റെ താൽപ്പര്യങ്ങൾക്ക് എതിരാണെന്നുള്ളത് പറയേണ്ട കാര്യമില്ല. ദൂരവ്യാപകമായ പ്രത്യാഘാതങ്ങളാണ് ഇതിന്റെ പേരിലുണ്ടാകാൻ പോകുന്നത്. എന്റെ ചോദ്യം "As per Secretariat Business Rules, Minister is the Government, all the powers of the Secretaries are delegated by Minister, i.e. Minister is responsible to all the orders issued from the Department in this case. As an important matter Minister should be aware about the issue". കേരള സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിൽ ഇത് വളരെ വ്യക്തമായി പറയുന്നുണ്ട്. ഗവൺമെന്റ് എന്നുപറഞ്ഞാൽ മന്ത്രിയാണ്. മന്ത്രി ഡെലിഗേറ്റ് ചെയ്യുന്ന അധികാരമാണ് ഉദ്യോഗസ്ഥർക്കുള്ളത്. ഇവിടെ മന്ത്രിമാർ അറിഞ്ഞില്ലെന്ന് പറയുന്നു. ഉദ്യോഗസ്ഥർ നിയമവിരുദ്ധമായ നടപടി സ്വീകരിച്ചതിൽ ഗവൺമെന്റിന്റെ നിലപാടെന്താണ്? യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ഇതിന് മറുപടി പറയേണ്ടത്, കാരണം മന്ത്രിയാണ് ഇതിൽ ഉത്തരവാദി. പക്ഷേ അങ്ങ് ഇതുസംബന്ധിച്ച് എത്രത്തോളം പറയുമെന്ന് എനിക്കറിയില്ല. ഏതായാലും അതറിയാൻ എനിക്ക് താൽപ്പര്യമുണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, നിയമവിരുദ്ധമായ നടപടിയായതുകൊണ്ടാണ് അത് മരവിപ്പിച്ചത്. അതിനെക്കുറിച്ച് അന്വേഷിച്ച് ആവശ്യമായ നടപടിയെടുക്കാമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. അതോടെ അത് അവസാനിപ്പിക്കാമെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ലോക്കൽ അനസ്തേഷ്യ കൊടുത്താൽ ശരീരം മുഴുവൻ മരവിക്കും. മരവിക്കുന്നതിനുവേണ്ടി ഒരു തീരുമാനമെടുത്തു, അതുമാത്രം മരവിച്ചു. ഈ ഉത്തരവ് റദ്ദാക്കുന്നതിന് എന്താണ് തടസ്സം? അങ്ങ് ഇവിടെപ്പറഞ്ഞ ഉത്തരത്തിൽ ഒരു വൈരുദ്ധ്യമുണ്ട്. പുതിയ ഡാം പണിയണമെങ്കിൽ Environmental Clearance വേണം, മരം വെട്ടുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ എംപവേഡ് കമ്മിറ്റിയുടെ അനുവാദം വേണം, Environmental impact study നടത്തണം. ഇതെല്ലാം ഉണ്ടെങ്കിൽ മാത്രമേ പുതിയ ഡാം പണിയാൻ അനുമതി ലഭിക്കുകയുള്ളൂ. ബേബിഡാമിന്റെ താഴെയുള്ള 23 മരങ്ങളിൽ 15 എണ്ണം വെട്ടുന്നതിനുവേണ്ടി അനുമതി കൊടുത്തപ്പോൾ Environmental clearance കിട്ടിയോ; കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയുണ്ടായോ; Environmental impact study നടത്തിയോ; ആരാണ് ഇതിന് ഉത്തരവാദി; ആ ഉത്തരവാദിയെ സഭയ്ക്കുമുമ്പിൽ തുറന്നുകാട്ടാൻ അങ്ങ് തയ്യാറാകുമോ; ചങ്കൂറ്റം കാണിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ചങ്കൂറ്റം കാണിക്കേണ്ട സ്ഥലം ഇതൊന്നുമല്ല, അതുകൊണ്ടാണ് ഉത്തരവ് മരവിപ്പിച്ചത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അത് മരവിപ്പിക്കുകയല്ല റദ്ദാക്കുകയാണ് വേണ്ടത്. അതിന് എന്താണ് തടസ്സം?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അത് പരിശോധിച്ച് റദ്ദാക്കാനുള്ള നടപടിയുമായി മുന്നോട്ടുപോകുമെന്ന് വകുപ്പുമന്ത്രിതന്നെ സൂചിപ്പിച്ചിട്ടുണ്ട്. അത് നിയമാനുസൃതമല്ലെന്നുള്ളതുകൊണ്ടാണ് അന്വേഷിച്ച് നടപടിയെടുക്കാമെന്ന് പറഞ്ഞത്. പ്രത്യേകിച്ചും ഐ.എഫ്.എസ്.-കാരെല്ലാമുള്ളതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതിന് എത്ര കാലം വേണ്ടിവരും?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇക്കാര്യത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കും.

**ഡാമുകളിൽ അടിഞ്ഞ മണ്ണും ചെളിയുംമൂലം സംഭരണ ശേഷിയിൽ കുറവ്**

4 (*514) ശ്രീ. എം. വിൻസെന്റ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഡാമുകളിൽ മണ്ണും ചെളിയും അടിഞ്ഞതുമൂലം സംഭരണ ശേഷിയിൽ കുറവുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രളയംമൂലം ഡാമുകളിൽ അടിഞ്ഞ മണ്ണും ചെളിയും പൂർണ്ണമായും നീക്കം ചെയ്യാൻ സാധിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഡാമുകളിലെ മണ്ണും ചെളിയും നീക്കം ചെയ്യാത്തത് 2021-ലെ മഴക്കെടുതിയുടെ ആഘാതത്തിന്റെ ആക്കം കൂട്ടി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ,

(എ) ഉണ്ട്.

(ബി) പ്രളയംമൂലം ഡാമുകളിൽ അടിഞ്ഞ മണ്ണും ചെളിയും പൂർണ്ണമായും നീക്കം ചെയ്യാൻ സാധിച്ചിട്ടില്ല. ഡാമുകളിൽ അടിഞ്ഞുകൂടിയ മണ്ണും എക്കലും നീക്കം ചെയ്യുന്നതിന് 26-9-2017-ലെ സ.ഉ.(കൈ) നമ്പർ 79/17/ജ.വി.വ., 14-5-2019-ലെ സ.ഉ.(കൈ) 14/19/ജ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരം അടിസ്ഥാന പ്രവർത്തനരേഖ അംഗീകരിച്ചിട്ടുണ്ട്. ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ കരാർ അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. വിവിധ ഡാമുകളിലെ ഡീസിൽറ്റേഷനുള്ള നടപടി ഘട്ടംഘട്ടമായി പുരോഗമിക്കുകയാണ്. മംഗലംഡാമിന്റെ ജലസംഭരണികളിൽ അടിഞ്ഞ് കൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾ 17-12-2020 മുതൽ നടന്നുവരുന്നു. ചുള്ളിയാർ, വാളയാർ, മീങ്കര, അരുവിക്കര ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തികൾക്കായുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. മലമ്പുഴ, കാരാപ്പുഴ, മലങ്കര റിസർവോയറുകളുടെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഡി.പി.ആർ. തയ്യാറാക്കുന്ന

നടപടികൾ പുരോഗമിച്ചുവരുന്നു. അടിഞ്ഞുകൂടിയിട്ടുള്ള മണലിന്റെയും എക്കലിന്റെയും ചെളിയുടെയും ഗ്രാവലിന്റെയും അളവുകൾ തിട്ടപ്പെടുത്തി ഡി.പി.ആർ. തയ്യാറാക്കിയ ശേഷമേ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ എന്നതിനാലാണ് ഏതാനും ഡാമുകളിലെ ഡീസിൽറ്റേഷൻ നടപടികൾ വൈകുന്നത്.

(സി)ജലസേചന വകുപ്പിനുകീഴിലുള്ള ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഡാമുകളിൽ ചെളിയും മണ്ണും അടിഞ്ഞുകൂടിയതുമൂലം ഡാമുകളുടെ സംഭരണശേഷിയിൽ ഏകദേശം 40% വരെ കുറവ് വന്നിട്ടുണ്ടെങ്കിലും 2021-ലെ ചക്രവാതച്ചുഴിയും അതിവർഷവുംമൂലം ഡാമുകളിലേയ്ക്കുള്ള നീരൊഴുക്ക് വർദ്ധിച്ചതിന് ആനുപാതികമായി ഡാമുകളിലെ ജലവിതാനം ക്രമീകരിച്ചുകൊണ്ട് സംഭരണശേഷിയിലെ കുറവുമൂലമുള്ള കെടുതികളൊന്നും അനുഭവപ്പെട്ടിട്ടില്ല.

ശ്രീ. എം. വിൻസെന്റ്: സർ, കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 30-5-2019-ലെ ഉത്തരവുപ്രകാരം പമ്പ, കക്കി നദികളിൽ അടിഞ്ഞുകൂടിയ മണലും ചെളിയും നീക്കം ചെയ്യുന്നതിന് കേരള ക്ലേയ്സ് ആൻഡ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡ് എന്ന കമ്പനിയുടെ മറവിൽ സ്വകാര്യ വ്യക്തികൾക്ക് നിയമവിരുദ്ധമായി അനുമതി നൽകിയ വിഷയത്തിൽ ജലവിഭവ വകുപ്പ് എന്തെങ്കിലും അന്വേഷണം നടത്തിയിരുന്നോ; പമ്പ, ത്രിവേണി നദീതടങ്ങളിലെ സാൻഡ് ആഡിറ്റിംഗ് പൂർത്തീകരിച്ചിരുന്നോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പ്രത്യേക ചോദ്യം ചോദിച്ചാൽ മാത്രമേ മറുപടി പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. എം. വിൻസെന്റ്: സർ, ഇന്ന് കേരളത്തിൽ ഒരു മഴ പെയ്താൽ കൃഷിയിടങ്ങളിൽ വെള്ളം നിറയുകയാണ്. ഇതിന് കാരണം കായലുകളിലും കുളങ്ങളിലും ചെളിയും മണലും അടിഞ്ഞ് അതിന്റെ സംഭരണശേഷി വളരെയധികം കുറയുന്നതാണ്. തിരുവനന്തപുരം ജില്ലയിലെ വെള്ളായണി കായൽ ഉൾപ്പെടെയുള്ള കായലുകളിൽ ചെളി നിറഞ്ഞതിനാൽ മഴ പെയ്യുമ്പോൾ അവിടെനിന്നും വെള്ളം കൃഷിയിടങ്ങളിലേയ്ക്ക് പോകുകയും വ്യാപകമായ കൃഷി നാശമുണ്ടാക്കുകയും ചെയ്യുന്നു. അതുകൊണ്ട് കേരളത്തിലെ കായലുകളുടെയും കുളങ്ങളുടെയും ആഴം വർദ്ധിപ്പിക്കുന്നതിനുള്ള സമഗ്ര പദ്ധതിക്ക് ഗവൺമെന്റ് രൂപം നൽകുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇക്കാര്യം ഗവൺമെന്റിന്റെ ആലോചനയിലുണ്ട്. അത് അടിയന്തിരമായി നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, കേരളത്തിൽ ഇരുന്നൂറ് ക്യൂബിക് കപ്പാസിറ്റിയിൽ താഴെയുള്ള ഡാമുകൾക്ക് റൂൾ കർവില്ല. അതിന്റെ ഇടതും വലതുമുള്ള കനാലുകളിലേയ്ക്ക് വെള്ളം ശക്തിയായി അങ്ങേയറ്റംവരെ എത്തണമെങ്കിൽ വെള്ളത്തിന് ഗ്രാവിറ്റിയും ട്രാക്ഷനും വേണം. മണ്ണടിഞ്ഞതുമൂലം ട്രാക്ഷൻ ഇല്ലാത്തതുകൊണ്ട് ജലനിരപ്പ് ഉയർത്തിനിർത്തുന്ന ഒരു രീതിയുണ്ട്. എങ്കിൽ മാത്രമേ അങ്ങേയറ്റംവരെ വെള്ളം എത്തുകയുള്ളൂ. ഇത് പ്രളയം വരുമ്പോഴും മറ്റ് സാഹചര്യത്തിലും വലിയ അപകടഭീഷണിയുണ്ടാക്കാൻ സാധ്യതയുണ്ട്. അതുകൊണ്ട് ഇത് അടിയന്തരമായി പരിഹരിക്കേണ്ടതാണ്. വെള്ളത്തിന് ഗ്രാവിറ്റി കിട്ടുന്നില്ല എന്നുള്ള പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? മാത്രമല്ല ചെളി നീക്കം ചെയ്തുവെന്ന് തെറ്റായ വിവരങ്ങൾ സർക്കാരിന് കിട്ടുന്നുണ്ട്. കഴിഞ്ഞ ദിവസം റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി നടത്തിയ സ്റ്റേറ്റ്മെന്റ് മൂവാറ്റുപുഴ ആറിലടക്കം മണ്ണും ചെളിയും നീക്കം ചെയ്തുവെന്നാണ്. അതിന്റെ കറക്ഷൻ വേണ്ടിവരുമെന്ന് തോന്നുന്നു. ഇതുപോലുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നേരത്തെ ചോദിച്ച ചോദ്യത്തിനുള്ള മറുപടിയിൽ അത് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിനെക്കുറിച്ച് വ്യക്തമായി പറഞ്ഞിട്ടുണ്ട്. മണ്ണും ചെളിയും നീക്കം ചെയ്ത് ജലത്തിന്റെ ഒഴുക്ക് സുഗമമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സജീവ് ജോസഫ്: സർ, ഡാമുകളിലെ റൂൾ കർവനുസരിച്ചുള്ള ജലനിരപ്പ് ക്രമീകരണം ഫലപ്രദമായി നടപ്പാക്കുന്നതിന് ഡാമുകളിൽ മണ്ണും ചെളിയും നിറഞ്ഞതുമൂലം സംഭരണശേഷി കുറഞ്ഞത് പ്രായോഗിക ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ടോ; സംഭരണശേഷി കുറയുകയും റൂൾ കർവ് ക്രമീകരണം നടത്തുകയും ചെയ്യുമ്പോൾ വൈദ്യുതോൽപ്പാദനത്തെ അത് ബാധിക്കുന്നുണ്ടോയെന്ന കാര്യം വ്യക്തമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അത് പരിശോധിച്ചിട്ടുണ്ട്. മണ്ണും ചെളിയും നീക്കാനുള്ള പ്രാരംഭ നടപടികൾ എടുത്തുവരുന്നുണ്ട്. അടിയന്തരമായി അത് ചെയ്യുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, 2018-ലെ പ്രളയത്തിനുശേഷം ഡാമുകളിൽ അടിഞ്ഞുകൂടിയ ചെളിയും മണ്ണും നീക്കം ചെയ്യുന്നതിനെക്കുറിച്ചും അതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചുമാണ് ഈ 2021-ൽ നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. അതിവേഗമെടുക്കാൻ ഉദ്ദേശിച്ച നടപടികളുടെ വേഗതക്കുറവാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. എന്നുമാത്രമല്ല, ഈ ചെളിയും മണ്ണും അടിഞ്ഞുകൂടി ഡാമുകളിലെ സംഭരണശേഷിയുടെ നാൽപത് ശതമാനംവരെ

കുറവുണ്ടായിട്ടുണ്ടെന്നുള്ള മറുപടിയാണ് കാണാൻ കഴിയുന്നത്. അതുകൊണ്ട് ഇപ്പോൾ ചക്രവാതച്ചുഴി, അതിവർഷം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ ഭീഷണികൾ നേരിടുന്ന ഈ ഘട്ടത്തിൽ ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് സർക്കാർ എന്തൊക്കെയാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ചെളിയും മണ്ണും നീക്കാനുള്ള പുതിയ സാങ്കേതികവിദ്യ ഉപയോഗിക്കുന്നുണ്ടെങ്കിലും മഴ കൂടുതലുള്ള സീസണിൽ ചെളി നീക്കാൻ ചില പ്രയാസങ്ങളുണ്ട്. എങ്ങനെ അത് ചെയ്യാൻ സാധിക്കുമെന്നുള്ളതിനെ സംബന്ധിച്ച് സർക്കാർ വളരെ ഗൗരവമായി ആലോചിച്ച് ചില നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, മുല്ലപ്പെരിയാർ ബേബി ഡാമിന് അരികിലുള്ള മരങ്ങൾ മുറിക്കുന്നതിന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ യോഗത്തിൽ തീരുമാനമെടുത്തതിന്റെ മിനിട്ട്സ് ജലവിഭവ വകുപ്പുമന്ത്രിക്ക് ലഭിച്ചിട്ടുണ്ടോ; നയപരമായ ഈ തീരുമാനത്തിൽ ക്യാബിനറ്റും മന്ത്രിമാരും അറിയാതെ ഉത്തരവ് ഇറങ്ങാൻ ഇടയായതുസംബന്ധിച്ച് അന്വേഷണം നടത്തുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഈ ചോദ്യം നേരത്തെ വന്നതാണ്. അത് കിട്ടിയിട്ടില്ലെന്ന് പറഞ്ഞതാണ്.

## കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം

5 (*515) ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കിയിട്ടുണ്ടോ;

(ബി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക, സാമ്പത്തിക പുരോഗതിക്കായി കോർപ്പറേഷൻ എന്തെല്ലാം സഹായങ്ങൾ നൽകുന്നുവെന്ന് വിശദമാക്കാമോ;

(സി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനുവേണ്ടി എന്തെല്ലാം പിന്തുണയും സഹായവുമാണ് പ്രസ്തുത കോർപ്പറേഷൻ നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രൊഫഷണൽ കോഴ്സ് പാസ്സായ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് നൈപുണ്യാടിസ്ഥാനത്തിലുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിന് കോർപ്പറേഷൻ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഇ) സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള മഹിള സമൃദ്ധി യോജനയിലുൾപ്പെടുത്തി എന്തെല്ലാം സഹായങ്ങളാണ് കോർപ്പറേഷൻ നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(എഫ്) വിദേശ രാജ്യങ്ങളിൽനിന്ന് തിരികെയെത്തുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സംരംഭകത്വ ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ ഇതിനുള്ള നിബന്ധനകൾ വിശദമാക്കുമോ;

(ജി) പ്രസ്തുത കോർപ്പറേഷന് കേന്ദ്ര സർക്കാരിന്റെ സഹായം ലഭിക്കുന്നുണ്ടോ; വിശദമാക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ,

(എ) സോഷ്യൽ ഓഡിറ്റിംഗ് സംബന്ധിച്ച വിഷയം പരിശോധിച്ചുവരികയാണ്.

(ബി) 60,000 രൂപ മുതൽ 50 ലക്ഷം രൂപ വരെയുള്ള വിവിധ വരുമാനദായക പദ്ധതികളിൻമേൽ വായ്പ നൽകുന്നുണ്ട്. കൂടാതെ സാമൂഹിക ഉന്നമനത്തിനായി വിവാഹ വായ്പ, വിദ്യാഭ്യാസ വായ്പ, ഭവന വായ്പാ പദ്ധതികളും നടപ്പാക്കുന്നുണ്ട്.

(സി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് അവരുടെ അഭിരുചിക്കും മൂലധനാവശ്യത്തിനുമനുസൃതമായി സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബെനിഫിഷ്യറി ഓറിയന്റഡ് പദ്ധതി, ലഘുവ്യവസായ യോജന, മൾട്ടിപർപ്പസ് യൂണിറ്റ് ലോൺ, സ്റ്റാർട്ടപ്പ് സംരംഭകർക്കുള്ള വായ്പാ പദ്ധതി, പട്ടികവർഗ്ഗ സംരംഭകർക്കുള്ള വായ്പാ പദ്ധതി തുടങ്ങിയ വൈവിദ്ധ്യമാർന്ന വായ്പാ പദ്ധതികൾ കോർപ്പറേഷൻ നടപ്പാക്കുന്നുണ്ട്.

(ഡി) നിശ്ചിത പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയും വൈദഗ്ദ്ധ്യവുമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് സ്വന്തമായി പ്രാക്ടീസ്

ചെയ്യുന്നതിനോ സ്വയം തൊഴിൽ ചെയ്യുന്നതിനോ കോർപ്പറേഷൻ പരമാവധി 5 ലക്ഷം രൂപവരെ വായ്പ നൽകുന്നതാണ്. കൂടാതെ കോർപ്പറേഷന്റെ മറ്റ് സ്വയംതൊഴിൽ പദ്ധതികളിലും പ്രൊഫഷണൽ കോഴ്സ് പാസ്സായവർക്ക് സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്.

(ഇ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും സാമ്പത്തികമായി ഏറ്റവും പിന്നോക്കാവസ്ഥയിലുള്ളവരുമായ സ്ത്രീ സംരംഭകർക്ക് ഏറ്റവും ചുരുങ്ങിയ മുതൽമുടക്ക് ആവശ്യമുള്ള മേഖലകളിൽ സ്വന്തമായോ കൂട്ടായോ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മൈക്രോ ക്രെഡിറ്റ് ഫിനാൻസ് പദ്ധതിയിലധിഷ്ഠിതമായ മൂന്ന് സ്ത്രീശാക്തീകരണ പദ്ധതികൾ കോർപ്പറേഷൻവഴി നടപ്പാക്കുന്നുണ്ട്. ഒരാൾക്ക് 60,000 രൂപ വരെ വായ്പ നൽകുന്ന " മഹിളാ സമൃദ്ധി യോജന" , കുടുംബശ്രീ യൂണിറ്റുകൾക്ക് 5 ലക്ഷം രൂപവരെ വായ്പ നൽകുന്ന "വനിതാ ശാക്തീകരണ പദ്ധതി", ഒരാൾക്ക് 2 ലക്ഷം രൂപവരെ വായ്പ നൽകുന്ന " ആദിവാസി മഹിളാ ശാക്തീകരൻ യോജന" എന്നീ പദ്ധതികളാണ് നടപ്പാക്കുന്നത്.

(എഫ്) വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി 'പ്രവാസി പുനരധിവാസ വായ്പാ പദ്ധതി" എന്ന പേരിൽ പരമാവധി 20 ലക്ഷം രൂപ വരെ വായ്പ നൽകുന്ന ഒരു പദ്ധതി കോർപ്പറേഷൻ നടപ്പാക്കുന്നുണ്ട്. അതിൽ പരമാവധി 15% വരെ ക്യാപിറ്റൽ സബ്സിഡിയായി സംസ്ഥാന സർക്കാർ സ്ഥാപനമായ "നോർക്ക റൂട്ട്സ് " നൽകുന്നതാണ്. ഇതുകൂടാതെ തിരിച്ചടവിൽ കൃത്യതയുള്ള ഗുണഭോക്താക്കൾക്ക് 3% പലിശ സബ്സിഡിയും നോർക്ക അനുവദിക്കുന്നുണ്ട്. വായ്പയുടെ പലിശ നിരക്ക് 5 ലക്ഷം രൂപ വരെ 7 ശതമാനവും അതിനുമുകളിൽ 9 ശതമാനവുമാണ്. തിരിച്ചടവ് കാലാവധി 5 വർഷവും അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി 3.50 ലക്ഷം രൂപയുമാണ്.

(ജി) കോർപ്പറേഷന്റെ ഓഹരി മൂലധനത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം 49:51 എന്ന അനുപാതത്തിലാണ്. 2019-20 സാമ്പത്തിക വർഷം 5 കോടി രൂപയും 2020-21-ൽ 5.75 കോടി രൂപയും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

ശ്രീ. പി. എസ്. സുപാൽ: സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനാവശ്യമായ പ്രത്യേക നടപടികൾ കോർപ്പറേഷന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അതാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. നിരവധി പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കിവരുന്നുണ്ട്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ കോർപ്പറേഷൻ നടപ്പിലാക്കിവരികയാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, പൊതുമേഖലാ ബാങ്കുകൾ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ നിഷേധിക്കുകയാണ്. ഈ കോർപ്പറേഷൻ മുഖാന്തരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് കൂടുതൽ വിദ്യാഭ്യാസ സഹായ വായ്പ നൽകുന്നതിനാവശ്യമായ പ്രത്യേക നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇപ്പോൾ വിദ്യാഭ്യാസ വായ്പയും കോർപ്പറേഷൻ വഴി നടപ്പിലാക്കിവരുന്നുണ്ട്. അത് കുറച്ചുകൂടി വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും പലിശ കുറയ്ക്കുന്നതിനെക്കുറിച്ചുമാണ് ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. കൂടുതൽ വിദ്യാഭ്യാസ വായ്പകൾ ചുരുങ്ങിയ പലിശയ്ക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

മി. സ്പീക്കർ: ചോദ്യങ്ങൾ വളരെ ചുരുക്കി ചോദിക്കുക.

ശ്രീമതി സി. കെ. ആശ: സർ, പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ കീഴിൽ ഒട്ടേറെ തൊഴിൽ സംരംഭങ്ങൾ നടത്തിയിരുന്നു. ഇന്ന് അതെല്ലാം അടച്ചുപൂട്ടപ്പെട്ടിരിക്കുകയാണ്. അവയെല്ലാം വീണ്ടും തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. ഏതെങ്കിലും പ്രത്യേക കേസുകളുണ്ടെങ്കിൽ അത് പരിശോധിച്ച് അവർക്കാവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുകതന്നെയാണ് കോർപ്പറേഷന്റെ ലക്ഷ്യം.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ കീഴിലുള്ള നിരവധി സ്ഥലങ്ങൾ വെറുതെ കിടക്കുന്നുണ്ട്. അവിടെയെല്ലാം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അധികം സ്ഥലങ്ങൾ പട്ടികജാതി വികസന കോർപ്പറേഷന്റെ കീഴിലില്ല. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ കുറച്ച് സ്ഥലം കിടക്കുന്നുണ്ട്. അതെല്ലാം പ്രയോജനപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിരിക്കുകയാണ്.

മി. സ്പീക്കർ: ഓർഡർ....ഓർഡർ...ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### തീര സംരക്ഷണത്തിനായി പ്രത്യേക പദ്ധതി

6 (*516) ശ്രീ. എച്ച്. സലാം:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചുഴലിക്കാറ്റുകളുടെയും തുടർന്നുണ്ടാകുന്ന കനത്തമഴയുടെയും ഫലമായി ഉണ്ടാകുന്ന കടലേറ്റവും കടലാക്രമണവും തീരപ്രദേശങ്ങളിലുണ്ടാക്കുന്ന ആഘാതങ്ങൾ പരിഹരിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ദീർഘകാല പരിഹാര പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഏറ്റവും ദുർബലമായ തീരപ്രദേശങ്ങളെ സംരക്ഷിക്കാനായി പ്രത്യേക പഠനങ്ങളും പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് ചുഴലിക്കാറ്റുകളുടെയും തുടർന്നുണ്ടാകുന്ന കനത്ത മഴയുടെയും ഫലമായുണ്ടാകുന്ന കടലേറ്റവും കടലാക്രമണവും തീരപ്രദേശങ്ങളിലുണ്ടാകുന്ന ആഘാതങ്ങൾ പരിഹരിക്കുന്നതിന് ഹ്രസ്വകാലാടിസ്ഥാനത്തിൽ ജിയോ ബാഗിൽ മണൽ നിറച്ച് തീരത്തെ അടിയന്തരമായി സംരക്ഷിക്കാനുള്ള നടപടികൾ ജലസേചന വകുപ്പ് സ്വീകരിക്കാറുണ്ട്. ദീർഘകാല അടിസ്ഥാനത്തിൽ കടലാക്രമണം ചെറുക്കുന്നതിന് സാധാരണയായി സി.ഡബ്ല്യൂ.പി.ആർ.എസ്, പൂനൈ, ഐ.ഐ.ടി. ചെന്നൈ മുതലായ സ്ഥാപനങ്ങളിൽനിന്നും ഡിസൈൻ ലഭ്യമാക്കി കരിങ്കല്ലുപയോഗിച്ചുള്ള കടൽഭിത്തിയും ഗ്രോയിനുകളുമാണ് കാലാകാലങ്ങളായി നിർമ്മിച്ചുവരുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ ജിയോട്യൂബ് ഉപയോഗിച്ചും കടൽത്തീരത്തെ സംരക്ഷിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. എന്നാൽ കേരളത്തിൽ അടിക്കടി അനുഭവപ്പെടുന്ന ന്യൂനമർദ്ദവും ചുഴലിക്കാറ്റും മൂലമുണ്ടാകുന്ന കടലാക്രമണവും കടൽകയറ്റവും തീരത്ത് വൻനാശനഷ്ടങ്ങളുണ്ടാക്കുന്നു. കാലാവസ്ഥാ വ്യതിയാനവും മറ്റ് പ്രകൃതി പ്രതിഭാസങ്ങളും മൂലമുണ്ടാകുന്ന കടലാക്രമണത്തെ ചെറുക്കുവാൻ മറ്റ് സുസ്ഥിരമായ നൂതന പരിഹാര മാർഗ്ഗങ്ങൾ

അവലംബിക്കേണ്ടതായിട്ടുണ്ട്. 2021-2022 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച 5 വർഷംകൊണ്ട് പൂർത്തീകരിക്കുവാൻ കഴിയുന്ന 5300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യ ഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയുണ്ടായി. ഇതിനെ തുടർന്ന് കടലാക്രമണം ഏറ്റവും രൂക്ഷമായ ചെല്ലാനം പ്രദേശത്ത് നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (NCCR) പഠനം നടത്തി ഒരു ഹൈബ്രിഡ് പദ്ധതി (സംയോജിത കടൽ ഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമ്മാണം) അവലംബിക്കുകയും പ്രസ്തുത ഡിസൈൻ പ്രകാരം തയ്യാറാക്കിയ 344.20 കോടി രൂപയുടെ വിശദമായ രൂപരേഖ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ തീരദേശത്തെക്കുറിച്ച്, പൊതുവിലും കടലാക്രമണം ഏറ്റവും രൂക്ഷമായ പത്ത് സ്ഥലങ്ങളെക്കുറിച്ച് പ്രത്യേകിച്ചും പഠിച്ച് സുസ്ഥിര തീരസംരക്ഷണ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി ചെന്നൈ ആസ്ഥാനമായ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് എന്ന സ്ഥാപനവുമായി ചർച്ചകൾ നടത്തുകയും ധാരണാപത്രം ഒപ്പിടുന്നതിനുള്ള കരട് തയ്യാറാക്കി സർക്കാർ അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എൻ.സി.സി.ആർ. എന്ന സ്ഥാപനവുമായുള്ള കരാർ കാലാവധി മൂന്ന് വർഷമായാണ് നിലവിൽ നിജപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനവുമായി കരാർ ഒപ്പുവച്ച് പഠനം പൂർത്തിയാക്കുന്നമുറയ്ക്ക് രൂക്ഷമായ കടലാക്രമണം നേരിടുന്ന സംസ്ഥാനത്തെ മറ്റ് ഹോട്ട്സ്പോട്ട് പ്രദേശങ്ങളായ (ചെല്ലാനം ഒഴികെ) കൊല്ലംകോട് (തിരുവനന്തപുരം), ശംഖുംമുഖം (തിരുവനന്തപുരം), ആലപ്പാട് (കൊല്ലം), ഒറ്റമശ്ശേരി (ആലപ്പുഴ), കൊടുങ്ങല്ലൂർ (തൃശ്ശൂർ), പൊന്നാനി (മലപ്പുറം), കാപ്പാട് (കോഴിക്കോട്), തലശ്ശേരി (കണ്ണൂർ), വലിയപറമ്പ് (കാസർഗോഡ്) എന്നിവിടങ്ങളിൽ എൻ.സി.സി.ആർ.-ന്റെ സഹായത്തോടെ തീരത്തിന്റെ ഘടനയ്ക്കനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. മറ്റ് ചില പ്രദേശങ്ങളിൽ CWPRS മുഖേനയും പഠനങ്ങൾക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിൽ രൂക്ഷമായ കടലാക്രമണം നേരിടുന്ന തീരപ്രദേശങ്ങളിൽ ജലസേചന വകുപ്പ് നടത്തിവരുന്ന പദ്ധതികൾക്കുപുറമെ കിഫ്ബിയുടെ ധനസഹായത്തോടെ ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. മുഖേന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. കടൽക്ഷോഭം രൂക്ഷമായ പ്രദേശങ്ങളിൽ ശാസ്ത്രീയ പഠനം നടത്തി അവിടെ തീരസംരക്ഷണം ഉറപ്പാക്കാൻ അനുയോജ്യമായ പദ്ധതികൾ തീരുമാനിച്ചിട്ടുണ്ട്.

(സി) ടെട്രാപോഡുകളും ഡയഫ്രാ മതിലുകൾ പോലുള്ള പുതിയ സാങ്കേതികവിദ്യകളും ഇതിനായി ഉപയോഗപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

തീരസംരക്ഷണ പ്രവൃത്തികൾക്ക് കരിങ്കല്ലിന്റെ ലഭ്യതക്കുറവ് കണക്കിലെടുത്ത് പുലിമുട്ടുകളുടെ നിർമ്മാണത്തിന് കരിങ്കല്ലിന്റെ ഉപയോഗം പരമാവധി കുറച്ച്, ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള ഡിസൈൻ മദ്രാസ് ഐ.ഐ.ടി., എൻ.സി.സി.ആർ. എന്നിവയിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഡിസൈൻ അടിസ്ഥാനമാക്കിയാണ് കടൽ ഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമ്മാണം നടപ്പിലാക്കുന്നത്. കടലാക്രമണം ഏറ്റവും രൂക്ഷമായ പ്രദേശങ്ങളിൽ തീരത്തിന്റെ ഘടനയ്ക്കനുസൃതമായി തീരസംരക്ഷണ പ്രവൃത്തികൾ നിർദ്ദേശിക്കുവാൻ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (എൻ.സി.സി.ആർ) മുഖേന പഠനം നടത്താൻ തീരുമാനിക്കുകയും പ്രസ്തുത പഠനപ്രകാരമുള്ള നിർദ്ദേശാനുസരണം ഡയഫ്രം വാൾ, ടെട്രാപോഡ്, ഓഫ്ഷോർ ബ്രേക്ക് വാട്ടർ എന്നീ നൂതന സാങ്കേതികവിദ്യകളും മറ്റ് സോഫ്റ്റ് സൊല്യൂഷനുകളും സംയോജിപ്പിച്ചുള്ള തീരസംരക്ഷണം പ്രാവർത്തികമാക്കാവുന്നതുമാണ്.

**മത്സ്യത്തൊഴിലാളി വനിതകൾക്ക് പുതിയ തൊഴിലവസരങ്ങൾ**

7 (*517) ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. വി. സുമേഷ്:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യമേഖലയിൽ പുത്തൻ സാങ്കേതികവിദ്യകളുടെ സഹായത്താൽ മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനും വൈവിദ്ധ്യവൽക്കരണം കൊണ്ടുവരുന്നതിനും മത്സ്യത്തൊഴിലാളി വനിതകൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ, മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങളും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ശക്തികുളങ്ങരയിൽ ഒരു കോമൺ പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽനിന്നും ഗുണനിലവാരമുറപ്പാക്കിക്കൊണ്ട്

സൗരോർജ്ജ ഡ്രയറിൽ ഉണക്കിയെടുത്ത മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങൾ 'ഡ്രിഷ് കേരള' എന്ന ബ്രാന്റിൽ വിപണിയിൽ എത്തിച്ചുവരുന്നു. മത്സ്യത്തൊഴിലാളികളിൽ നിന്ന് നേരിട്ട് സംഭരിക്കുന്ന മത്സ്യം ഒട്ടും മൂല്യശോഷണം സംഭവിക്കാതെ പ്ലാന്റിലെത്തിച്ച് പ്രത്യേകം പരിശീലനം ലഭിച്ച മത്സ്യത്തൊഴിലാളി വനിതകൾ വഴി പ്രീപ്രോസസ്സിംഗ് നടത്തിയശേഷം സൗരോർജ്ജ ഡ്രയറിൽ ഉണക്കിയെടുത്ത് പായ്ക്ക് ചെയ്ത് വിപണിയിലെത്തിക്കുന്നു. ഇതുകൂടാതെ ICAR-CIFT-ന്റെ സാങ്കേതിക സഹായത്തോടെ 26-ൽപ്പരം 'റെഡി ടു ഈറ്റ്' മത്സ്യവിഭവങ്ങൾ 'ഫിഷ് മെയ്ഡ്' എന്ന പേരിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. ഫിഷ് കട്‌ലറ്റ്, ഫിഷ് സമോസ, ഫിഷ് റോൾഡ്, ഫിഷ് ബർഗർ എന്നിങ്ങനെയുള്ള ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണിയിലെത്തിച്ചുവരുന്നു. മറ്റു വിവിധ മത്സ്യഉല്പന്നങ്ങളായ അച്ചാറുകൾ, ചമ്മന്തിപ്പൊടി മുതലായവയും പ്ലാന്റിൽനിന്നും ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. ഇതിനുപുറമെ മത്സ്യത്തൊഴിലാളികൾക്ക് മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും വിപണനത്തിനും സഹായകരമാകുന്ന വിവിധ ട്രെയിനിംഗ് പരിപാടികളും നടപ്പിലാക്കിവരുന്നു. തീരമൈത്രി സംരംഭങ്ങളിലെ 145 മത്സ്യ സംസ്കരണ യൂണിറ്റുകളിൽ ഉല്പാദിപ്പിക്കുന്നതിൽ നിന്നും തെരഞ്ഞെടുത്ത ഗുണനിലവാരമുള്ള ആറുതരം ഉണക്കമത്സ്യം കേരളത്തിലെമ്പാടുമുള്ള മാർക്കറ്റുകളിൽ സാഫ് ലഭ്യമാക്കിവരുന്നു. തീരമൈത്രി സംരംഭകർ ഹാർബറിൽനിന്നും നേരിട്ട് ശേഖരിക്കുന്ന മത്സ്യം ഗുണനിലവാരവും ശുചിത്വവും ഉറപ്പാക്കി ഡ്രയറിൽ ഉണക്കി ആകർഷകമായി പായ്ക്ക് ചെയ്ത് മാർക്കറ്റിലെത്തിക്കുന്നു. 'തീരമൈത്രി' ഗ്രൂപ്പുകളുടെ ഡ്രൈഫിഷ് അപ്പക്സ് ഫെഡറേഷനാണ് തീരമൈത്രി എന്ന പേരിൽ ഗുണനിലവാരം ഉറപ്പാക്കിയ ഉണക്കമത്സ്യം വിപണിയിലെത്തിക്കുന്നത്. ഓൺലൈൻ മാർക്കറ്റിംഗ് നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. മത്സ്യത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളായ മത്സ്യ അച്ചാർ, ചെമ്മീൻ അച്ചാർ, ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ് എന്നിവ മത്സ്യഫെഡ് ഈറ്റ്സ്, മത്സ്യഫെഡ് ട്രീറ്റ്സ് എന്ന ബ്രാൻഡിൽ മത്സ്യഫെഡ് വിപണിയിൽ എത്തിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം മത്സ്യ വിപണന മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് മാർക്കറ്റുകളിൽ കുടിവെള്ളം, ശൗചാലയം, വിശ്രമ സൗകര്യങ്ങൾ, ശീതീകരണ, സംഭരണ സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി ധനസഹായത്തോടെ സംസ്ഥാനമൊട്ടാകെ സ്ഥാപിക്കുന്നതിനായി അംഗീകാരം ലഭ്യമായ 51 മത്സ്യമാർക്കറ്റുകളും സ്ത്രീ സൗഹൃദപരമായിട്ടാണ് നിർമ്മാണം

നടത്തുവാനുദ്ദേശിക്കുന്നത്. പ്രസ്തുത മത്സ്യമാർക്കറ്റുകളിലെല്ലാം ശുദ്ധജലത്തിന്റെ ലഭ്യത, സ്ത്രീകൾക്ക് പ്രത്യേക ശൗചാലയ സൗകര്യം, വിശ്രമ മുറികൾ, ശീതീകരണ, സംഭരണ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സാമ്പത്തിക സ്ഥിതി പരിശോധിച്ച് ബി.പി.എൽ. മാനദണ്ഡം അനുവദിക്കുവാൻവേണ്ട ശിപാർശ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കുന്ന എല്ലാ പദ്ധതികൾക്കും എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

## സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിൽ പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യക്കുറവ്

8 (*518) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശയുടെ വെളിച്ചത്തിൽ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യക്കുറവ് സംബന്ധിച്ച് പഠനം നടത്തുന്നതിനും ആയത് നികത്തുന്നതിനും ആരംഭിച്ച സ്പെഷ്യൽ ഡ്രൈവ് പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട വിവരശേഖരണത്തിനായി പിന്നാക്ക വിഭാഗ കമ്മീഷൻ ആസ്ഥാനത്ത് ആരംഭിച്ച വെബ്പോർട്ടൽ വഴി ലഭിച്ച വിവരങ്ങൾക്കനുസരിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) വിവിധ സമുദായങ്ങൾക്കുണ്ടായിട്ടുള്ള പ്രാതിനിധ്യക്കുറവ് സംബന്ധിച്ച് മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഉന്നത സമിതിയുടെ കണ്ടെത്തലുകൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ;

(ഡി) സമിതിയുടെ കണ്ടെത്തലുകളുടെയും ലഭ്യമായ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ ഏതെല്ലാം സമുദായത്തിന്റെ പ്രാതിനിധ്യക്കുറവ് പരിഹരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

(എ-ഡി) സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, ഇതര സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ തുടങ്ങിയ ഇടങ്ങളിലെ പിന്നാക്കവിഭാഗങ്ങളുടെ പ്രാതിനിധ്യം പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഒ.ബി.സി. സംവരണം പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കാര്യത്തിൽ നിലവിലുള്ളതുപോലെ മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു ഉന്നതതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ഈ കമ്മിറ്റിയുടെ 7-6-2018-ലെ യോഗത്തിൽ വിവിധ വകുപ്പുകളിൽ സർക്കാർ സർവ്വീസിലെ മറ്റു പിന്നാക്കവിഭാഗത്തിൽപ്പെട്ടവരുടെ പ്രാതിനിധ്യം സംബന്ധിച്ച് Backlog ഉള്ളതായി വിലയിരുത്തി. എന്നാൽ Backlog സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ ലഭ്യമല്ലെന്നും ആയത് ലഭ്യമാകണമെങ്കിൽ സർക്കാർ സർവ്വീസിലെ മറ്റു പിന്നാക്ക വിഭാഗക്കാരുടെ വിവരങ്ങൾ പിന്നാക്ക വിഭാഗ കമ്മീഷന്റെ നിയന്ത്രണത്തിലുള്ള C-DIT കൈകാര്യം ചെയ്യുന്ന e-CDESK Web portal-ൽ വിവിധ വകുപ്പുകൾ രേഖപ്പെടുത്തേണ്ടതുണ്ടെന്നും നിർദ്ദേശിക്കപ്പെട്ടു. മേൽതീരുമാനപ്രകാരം എല്ലാ സർക്കാർ വകുപ്പുകളും സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളും തങ്ങളുടെ മുഴുവൻ സ്ഥിര ജീവനക്കാരുടെ വിവരങ്ങൾ ഈ പോർട്ടലിൽ ചേർത്തുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കേരള രാജ്ഭവൻ, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, ഫീൽഡ് വകുപ്പുകൾ തുടങ്ങിയ 99 വകുപ്പുകളിലെ 96.8% സ്ഥിര ജീവനക്കാരുടെ വിവരങ്ങൾ ചേർത്തിട്ടുണ്ട്. ഈ വിവരങ്ങൾ വെബ്-പോർട്ടലിൽ ചേർക്കുന്ന പ്രക്രിയ പൂർത്തിയാക്കുന്നമുറയ്ക്ക് അതാത് വകുപ്പുകൾക്ക് അവിടെ ജോലിനോക്കുന്ന സ്ഥിരം ജീവനക്കാരുടെ ജനറൽ, OBC, SC/ST, No Category (ജാതി വെളിപ്പെടുത്താൻ താല്പര്യമില്ലാത്തവർ) എന്നിങ്ങനെ തരം തിരിച്ചുള്ള വിവരങ്ങൾ ലഭിക്കും. വെബ്-പോർട്ടലിൽ Updation പൂർത്തിയായാൽ മാത്രമേ മറ്റ് തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

### കലാ സാംസ്കാരിക പ്രവർത്തനങ്ങളിലെ സ്ത്രീ പ്രാതിനിധ്യം

9 (*519) ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾ സിനിമ, സാംസ്കാരിക, കലാ പ്രവർത്തനങ്ങളിലേയ്ക്ക് കൂടുതലായി കടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാന, ദേശീയ, അന്തർദേശീയ തലങ്ങളിൽ സ്ത്രീ സംവിധായകർക്ക് കൂടുതൽ അവസരങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിന് പുതിയ പദ്ധതികൾ ആലോചിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സിനിമാ രംഗത്ത് സ്ത്രീ സംവിധായകർക്ക് കൂടുതൽ അവസരങ്ങൾ ഒരുക്കുന്നതിനായി സംസ്ഥാന സർക്കാർ കെ.എസ്.എഫ്.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ ചലച്ചിത്രങ്ങൾ നിർമ്മിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2019-20 വർഷത്തിലെ പദ്ധതിപ്രകാരം വനിതാ സംവിധായകരെ പ്രോൽസാഹിപ്പിക്കുന്നതിനായി രണ്ട് സിനിമകളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രദർശനത്തിന് തയ്യാറാക്കിയിട്ടുണ്ട്. തുടർന്ന് 2020-21-ലും 2021-22-ലും വനിതാ സംവിധായകരെ പ്രോൽസാഹിപ്പിക്കുന്നതിനായി രണ്ട് ചലച്ചിത്രങ്ങൾ വീതം നിർമ്മിക്കുന്ന പദ്ധതികളുടെ നിർവ്വഹണം പുരോഗമിച്ചുവരുന്നു. ഇതിനായി ഒരു ചിത്രത്തിന് 1.50 കോടി രൂപ വീതമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. സ്ത്രീകൾക്ക് കൂടുതലായി അവസരമൊരുക്കുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര അവാർഡിൽ സ്പെഷ്യൽ അവാർഡ് ഫോർ വിമൻ എന്ന കാറ്റഗറി 2020 മുതൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സിനിമയുടെ സാങ്കേതിക രംഗത്തേയ്ക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനുവേണ്ടി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി നൈപുണ്യ വികസന പദ്ധതി (Skill Development Programme) ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി നടപ്പ് സാമ്പത്തിക വർഷത്തെ ചലച്ചിത്ര അക്കാദമിയുടെ ബജറ്റിൽ 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സ്ത്രീസമത്വത്തിനായുള്ള സാംസ്കാരിക വിദ്യാഭ്യാസ പരിപാടിയായ " സമം" എന്ന പദ്ധതിയുടെ ഭാഗമായി ചലച്ചിത്ര അക്കാദമി നിർമ്മിക്കുന്ന ബോധവത്കരണ വീഡിയോകൾ, സിഗ്നേച്ചർ ഫിലിം എന്നിവയുടെ ആശയവും സംവിധാനവും നിർവ്വഹിക്കുന്നത് അക്കാദമിയുടെ വീഡിയോ ഡോക്യുമെന്റേഷൻ പാനലിലുള്ള വനിതകളാണ്. ചലച്ചിത്ര സംബന്ധിയായ വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിനുവേണ്ടി ചലച്ചിത്ര അക്കാദമി അനുവദിച്ച 26 ഫെലോഷിപ്പുകളിൽ 14-ഉം നേടിയത് വനിതകളാണ്. 12 റിസർച്ച് ഗ്രാന്റ് ജേതാക്കളിൽ 5 പേർ വനിതകളാണ്.

### പുഴകളുടെ പുനരുജ്ജീവനത്തിന് പ്രത്യേക പദ്ധതി

10 (*520) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലിനീകരണ ഭീഷണി നേരിടുന്ന പുഴകളുടെ പുനരുജ്ജീവനത്തിനും സുസ്ഥിരത നിലനിർത്തുന്നതിനുമായി പ്രത്യേക പദ്ധതി

ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത പദ്ധതിക്ക് അടിസ്ഥാനമായ പഠന റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പുഴകളിലെ ജലഗുണനിലവാരം പൊതുവിൽ താഴ്ന്നതാണെന്ന് വിവിധ പഠന റിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.ഇതിൽ പ്രധാനപ്പെട്ട ഒരു റിപ്പോർട്ടാണ് കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡിന്റെ ദേശീയ ജലഗുണനിലവാര നിരീക്ഷണ പ്രോഗ്രാമിന്റെ ഭാഗമായി നടത്തുന്ന പഠനത്തിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്ന റിപ്പോർട്ട്. രാജ്യത്തെ 351 നദീഭാഗങ്ങൾ മലിനീകരിക്കപ്പെട്ടതാണെന്ന 2018-ലെ റിപ്പോർട്ടിൽ, കേരളത്തിലെ 21 നദീഭാഗങ്ങൾ ഉൾപ്പെടുന്നു. ബയോളജിക്കൽ ഓക്സിജൻ ഡിമാന്റ്, ഫീക്കൽ കോളീഫാം ബാക്ടീരിയയുടെ അളവ് എന്നിവ പ്രധാന ഘടകങ്ങളായി പരിഗണിച്ചാണ് ജലഗുണനിലവാരം കണക്കാക്കിയിട്ടുള്ളത്. മലിനീകരണ തീവ്രതയനുസരിച്ച് അഞ്ച് മുൻഗണനാക്രമമാണ് നൽകിയിട്ടുള്ളത്. പ്ലാസ്റ്റിക്, ഇ-മാലിന്യങ്ങൾ, ബയോമെഡിക്കൽ മാലിന്യങ്ങൾ, മുനിസിപ്പൽ/ഗ്രാമപഞ്ചായത്ത് ഭാഗങ്ങളിൽനിന്നുള്ള ഖര/ദ്രവ മാലിന്യങ്ങൾ, രാസവളം/രാസകീടനാശിനി അംശങ്ങൾ തുടങ്ങിയവ ജലസ്രോതസ്സുകളിൽ എത്തുന്നതോടൊപ്പം ഭൂവിനിയോഗത്തിൽ വന്ന മാറ്റവുമാണ് മലിനീകരണത്തിനുള്ള പ്രധാന കാരണങ്ങൾ. ഈ പ്രശ്നം പരിഹരിക്കുന്നതിന് മൂന്ന് തലങ്ങളിലുള്ള പ്രവർത്തനമാണ് നിലവിൽ നടന്നുവരുന്നത്.

1. 21 നദീഭാഗങ്ങൾ ശുചിയാക്കുന്നതിന് ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രിബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി തയ്യാറാക്കിയിട്ടുള്ള ആക്ഷൻപ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ.

2. ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി നദീതടത്തിനകത്ത് വരുന്ന ചെറു നീർത്തടങ്ങളെ ആധാരമാക്കി തയ്യാറാക്കിയിട്ടുള്ള "സംയോജിത നീർത്തടപ്ലാനുകൾ" റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടി ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് മുൻഗണനാപ്പട്ടിക നിർദ്ദേശിച്ചിട്ടുണ്ട്. നദീതടത്തിനകത്തെ ജലസ്രോതസ്സുകളിലെ സംഭരണശേഷി വർദ്ധിപ്പിക്കുക, ഭൂജലപോഷണം സാധ്യമാക്കുക, തോടുകളിലെ നീരൊഴുക്ക് സുഗമമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയുള്ള പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്. ഇതോടൊപ്പം ജനകീയ ഇടപെടലുകളിലൂടെ പുഴകൾ ശുചിയാക്കി നീരൊഴുക്ക് സ്ഥായിയാക്കുന്ന പ്രവർത്തനവും നിർവ്വഹിക്കപ്പെട്ടിട്ടുണ്ട്.

3. സംസ്ഥാന ബജറ്റ് വിഹിതം പ്രയോജനപ്പെടുത്തി നദികൾക്കുകുറുകെ നിർമ്മിച്ചിട്ടുള്ള തടയണ/റെഗുലേറ്റർ എന്നിവയ്ക്കുസമീപം അടിഞ്ഞുകൂടിയ

മാലിന്യങ്ങൾ/എക്കൽ/ചളി/മണൽ എന്നിവ നീക്കംചെയ്ത് നീരൊഴുക്ക് സുഗമമാക്കി, സ്ഥായിയാക്കുന്ന പ്രവൃത്തിയും പുഴ പുനഃരുജ്ജീവനത്തിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനുപുറമേ, 2018-ലെ സംസ്ഥാനത്തെ മഹാപ്രളയാനന്തരം 44 നദികൾ നേരിടുന്ന മലിനീകരണ പ്രശ്നം ഉൾപ്പെടെയുള്ള വിവിധ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് പ്രാഥമിക വിവരശേഖരണം നടത്തുന്നതിന് ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് പ്രത്യേക ചുമതലയും നൽകിയിട്ടുണ്ട്.

(ബി) പമ്പ നദീ സംരക്ഷണത്തിനായി പമ്പ റിവർ ബേസിൻ അതോറിറ്റി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

പമ്പാ ആക്ഷൻ പ്ലാനിന്റെ രണ്ടാംഘട്ടത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് പമ്പാനദി ഒഴുകുന്ന 68 പഞ്ചായത്തുകളിലെയും 3 മുനിസിപ്പാലിറ്റികളിലെയും ഹരിതകേരള പദ്ധതിയിൽ നടത്തിയ വാട്ടർ ഷെഡിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് റിപ്പോർട്ടുകൾ, മലിനീകരണ നിയന്ത്രണ ബോർഡ് പമ്പയിലെ ജലം ടെസ്റ്റ് ചെയ്ത കഴിഞ്ഞ 3 വർഷത്തെ വിശദാംശങ്ങൾ, ശുചിത്വ മിഷന്റെ റിപ്പോർട്ടുകൾ, ജലസേചന വകുപ്പിന്റെ മുൻ പ്രോജക്ട് റിപ്പോർട്ടുകൾ തുടങ്ങിയവ ശേഖരിച്ച് ഡി.പി.ആർ. തയ്യാറാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപകർ, ജലവിഭവ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, കേരള വാട്ടർ അതോറിറ്റി, തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(സി) വേമ്പനാട് കായൽ പുനരുദ്ധാരണ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

വേമ്പനാട് കായലിലേയും ബന്ധപ്പെട്ട തോടുകളിലേയും എക്കൽ, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ നീക്കംചെയ്ത് കായലിന്റെ പരിസ്ഥിതി സംരക്ഷിക്കുക, അതിന്റെ ആവാസ വ്യവസ്ഥ നിലനിർത്തി കായലിലെ ഒഴുക്ക് തടസ്സം കൂടാതെ പുനഃസ്ഥാപിക്കുക, വേമ്പനാട് കായലിനെ ആശ്രയിച്ച് ജീവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ നടപ്പാക്കിയ പദ്ധതിയാണ് " വേമ്പനാട് കായൽ പാരിസ്ഥിതിക വീണ്ടെടുക്കൽ യജ്ഞം" . 2020-21 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ വകയിരുത്തുകയും ആയതനുസരിച്ച് വേമ്പനാട് കായലുമായി ബന്ധപ്പെട്ട് കിടക്കുന്ന മുഹമ്മ, വയലാർ, പെരുമ്പളം, നെടുമുടി, മണ്ണഞ്ചേരി, വെളിയനാട്, അരൂർ, തുറവൂർ, തൈക്കാട്ടുശ്ശേരി തുടങ്ങിയ 9 പഞ്ചായത്തുകളിൽ കായലിലെ എക്കൽ, മണൽ, പ്ലാസ്റ്റിക് എന്നിവ നീക്കംചെയ്യുന്നതിന് തദ്ദേശസ്ഥാപനങ്ങൾ മുഖേന 50,71,721

രൂപയും കായൽ പോള നീക്കം ചെയ്യുന്നതിന് 6,60,000 രൂപയും ചെലവഴിച്ചിരുന്നു. ആലപ്പുഴ ജില്ലയിലെ നീലംപേരൂർ, കൈനകരി, മണ്ണഞ്ചേരി, മുഹമ്മ, പള്ളിപ്പുറം, തണ്ണീർമുക്കം, അരൂർ എന്നിവിടങ്ങളിലെ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പത്ത് ഉൾനാടൻ മത്സ്യത്തൊഴിലാളി സംഘങ്ങളിലെ ഇരുപത്തിയഞ്ച് മത്സ്യത്തൊഴിലാളികളെ വീതം ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കിയത്. വേമ്പനാട് കായൽ ഇപ്പോൾ നേരിടുന്ന പ്രധാന പ്രതിസന്ധികളായ പോള, പായൽ, പ്ലാസ്റ്റിക്, മൺത്തിട്ടുകൾ എന്നിവ നീക്കംചെയ്ത് കായലിനെ സംരക്ഷിച്ച് കായലിന്റെ നൈസ്സർഗിക ഒഴുക്ക് പുനഃസ്ഥാപിക്കുന്നതിനും ആവാസ വ്യവസ്ഥ നിലനിർത്തുന്നതിനും നടപടി സ്വീകരിക്കുന്നതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ 3-7-2021-ന് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വേമ്പനാട് കായൽ പ്രദേശ പരിധിയിലെ എം.പി.-മാർ, എംഎൽ.എ.-മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ കളക്ടർമാർ, കൃഷി, ജലസേചനം, പഞ്ചായത്ത്, ഫിഷറീസ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി മീറ്റിംഗ് നടത്തുകയും കോ-ഓർഡിനേഷൻ കമ്മിറ്റികൾ, ജനകീയ കമ്മിറ്റികൾ എന്നിവ രൂപീകരിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. ഇതുപ്രകാരം ജില്ലകളിൽ വിവിധ കമ്മിറ്റികൾ കൂടുകയും വിവിധ വകുപ്പുകൾ പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. ഇപ്രകാരം ലഭ്യമാകുന്ന പ്രൊപ്പോസലുകൾ പരിസ്ഥിതി വകുപ്പ് വേമ്പനാട് കായൽ സംരക്ഷണത്തിനായി തയ്യാറാക്കുന്ന സമഗ്രമായ പദ്ധതിക്കനുസൃതമായി ഓരോ വകുപ്പും നടപ്പാക്കുന്നതോടൊപ്പം ജലസേചന വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളും നടപ്പിലാക്കുവാൻ കഴിയുന്നതാണ്.

## വനമേഖലയിൽ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

11 (*521) <u>ശ്രീ. പി. മമ്മിക്കുട്ടി:</u>
<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u>
<u>ശ്രീ. ഡി. കെ. മുരളി:</u>
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ.കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സുസ്ഥിര മാനവ വികസനത്തിന് ഭൂപ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് വനമേഖലയിൽ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സുസ്ഥിര മാനവ വികസനത്തിന് ഭൂപ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് വനമേഖലയിലെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനു വേണ്ടി നശിച്ചുപോയതും ശോഷിച്ചുപോയതുമായ വനഭാഗങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി തദ്ദേശീയ വനവൃക്ഷങ്ങളും ഫലവൃക്ഷങ്ങളും വച്ചുപിടിപ്പിക്കുകയും ഇത്തരം വനമേഖലയിൽ ഫലവത്തായ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക, കളനശീകരണം, പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കുമുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, വന്യജീവികളുടെ സുഗമമായ ചലനങ്ങൾക്കും അവയുടെ ദർശനത്തിനുമുതകുന്ന തരത്തിൽ വഴികളും സമീപത്തുള്ള പ്രദേശങ്ങളും വൃത്തിയായി സൂക്ഷിക്കൽ, മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ, വിദേശ കളസസ്യങ്ങളുടെ ഉൻമൂലനം, വയൽ പുനരുദ്ധാരണം, അധിനിവേശ സസ്യനിർമ്മാർജ്ജനം, തദ്ദേശീയ സസ്യങ്ങൾ നട്ടുപിടിപ്പിക്കൽ എന്നിവയിലൂടെയും കാട്ടുതീ മുഖേനയുള്ള വനശോഷണം ഒഴിവാക്കുന്നതിനായി അഗ്നിപ്രതിരോധ പ്രവർത്തനങ്ങളായ ഫയർലൈൻ, ഫയർ ബ്രേക്ക് എന്നിവ നിർമ്മിച്ചും കാട്ടുതീ തടയുന്നതിന് കാട്ടുതീ സീസണ് മുമ്പ് കരിയില, ഉണക്കക്കമ്പുകൾ തുടങ്ങിയവയെ നിയന്ത്രിതമായ കത്തിക്കൽ നടത്തിയും വനമേഖലയിലെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ബയോസ്ഫിയർ റിസർവ്വുകളുടെ സംരക്ഷണത്തിന് പ്രാധാന്യം നൽകി വരുന്നുണ്ടോയെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് അഗസ്ത്യമല ബയോസ്ഫിയർ റിസർവ്, നീലഗിരി ബയോസ്ഫിയർ റിസർവ് എന്നിങ്ങനെ രണ്ട് ബയോസ്ഫിയർ റിസർവ്വുകളാണ് നിലവിലുള്ളത്. സംസ്ഥാനത്തെ ബയോസ്ഫിയർ റിസർവ്വുകളുടെ സംരക്ഷണത്തിന് പ്രാധാന്യം നല്കിവരുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി മൂല്യവർദ്ധനവിന് സഹായിക്കുന്ന പ്രവൃത്തികൾ, നൂതന പദ്ധതികൾ നടപ്പിലാക്കൽ, വാസസ്ഥലം മെച്ചപ്പെടുത്തുന്ന പദ്ധതികൾ, ഭീഷണി നേരിടുന്ന ജനങ്ങൾക്കും ആവാസ വ്യവസ്ഥയ്ക്കും അനുയോജ്യമായ രീതിയിൽ പരിസ്ഥിതി പുനരുജ്ജീവിപ്പിക്കൽ, ഇക്കോ ടൂറിസം വികസനം, പ്രദേശവാസികളുടെ സാമൂഹിക, സാമ്പത്തിക ഉന്നമനം, സംരക്ഷണ നടപ്പാതകളുടെ അറ്റകുറ്റപ്പണികൾ മുതലായവയാണ് മേൽ രണ്ട് ബയോസ്ഫിയറുകൾക്കും കീഴിൽ പ്രധാനമായും വിഭാവനം ചെയ്ത് നടപ്പാക്കിവരുന്ന പ്രധാന പദ്ധതികൾ.

(സി) സംസ്ഥാനത്തെ വനവൃക്ഷത്തോട്ടങ്ങളുടെ വിസ്തൃതി എത്രയെന്നും ഇവയുടെ പരിപാലനത്തിനായുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് 156285.621 ഹെക്ടർ പ്രദേശത്ത് വിവിധ ഇനത്തിലുള്ള വനവൃക്ഷത്തോട്ടങ്ങൾ നിലവിലുള്ളതായി കണക്കാക്കിയിട്ടുണ്ട്. ആയതിൽ എഴുപത്തി ആറായിരത്തി എഴുന്നൂറ് ഹെക്ടർ തേക്ക് തോട്ടമാണ്. ടി തോട്ടങ്ങളുടെ പരിപാലനത്തിനായി പ്രാരംഭഘട്ടത്തിൽ ഒന്ന് മുതൽ അഞ്ചുവരെയുള്ള വർഷങ്ങളിൽ പരിചരണ പ്രവർത്തനങ്ങൾ നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും വർക്കിംഗ് പ്ലാൻ നിർദ്ദേശാനുസരണവും നടത്തിവരുന്നുണ്ട്. കൂടാതെ തേക്ക് തോട്ടങ്ങളിൽ കൃത്യമായ ഇടവേളകളിൽ ഇടവെട്ട് നടത്തി മരങ്ങളുടെ വളർച്ച ത്വരിതപ്പെടുത്തുന്നുണ്ട്. കൂടാതെ മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ ഓരോ തോട്ടത്തിന്റെയും ആവശ്യകതയ്ക്കനുസരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. തോട്ടങ്ങളിലെ കാട്, വള്ളിപ്പടർപ്പുകൾ എന്നിവ നീക്കംചെയ്യുകയും തോട്ടങ്ങൾക്ക് ചുറ്റും എല്ലാ വർഷവും അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ട്.

(ഡി) വിദേശ ഇനം മരങ്ങൾ ഒഴിവാക്കിയുള്ള വനവൽക്കരണത്തിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

കേരള സർക്കാരിന്റെ സംസ്ഥാന വനനയം 2009 പ്രകാരം വന വൃക്ഷങ്ങളുടെ ഊർജ്ജിത മാനേജ്മെന്റിനുവേണ്ടി രൂപീകരിച്ച റിവോൾവിംഗ് ഫണ്ടിന്റെ പരിധിയിൽ തേക്കും പൾപ് മരങ്ങളും കൂടാതെ മറ്റിനങ്ങളേയും ഉൾപ്പെടുത്തണമെന്നും വിവിധ ഉദ്ദേശ്യങ്ങൾക്കായി നട്ടുപിടിപ്പിക്കപ്പെട്ട വിദേശീയ മരങ്ങൾക്കുപകരം തദ്ദേശീയ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുമെന്നും വ്യക്തമാക്കിയിരുന്നു. ആയതിന്മേൽ സ്വീകരിച്ച തുടർനടപടിയുടെ ഭാഗമായി അക്കേഷ്യ ഓറിക്കുലിഫോർമിസ്, അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ വിദേശയിനം സസ്യങ്ങൾ നടുന്നത് പൂർണ്ണമായും നിലവിൽ ഒഴിവാക്കിയിട്ടുണ്ട്. കാലാവധി പൂർത്തിയായ ടി ഇനങ്ങളിൽപ്പെട്ട സസ്യങ്ങൾ മുഖ്യവിളകളായിട്ടുള്ള തോട്ടങ്ങളിൽ ഇക്കോ റിസ്റ്റോറേഷൻ പദ്ധതിയിലൂടെ തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**പട്ടിക ഗോത്രവർഗ്ഗക്കാർക്കായുള്ള ക്ഷേമ, വികസന പദ്ധതികൾ**

12 (*522) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി ശാന്തകുമാരി. കെ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) പട്ടിക ഗോത്രവർഗ്ഗക്കാർക്കായുള്ള ക്ഷേമ, വികസന പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

അഭ്യർത്ഥിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിനായി പ്രസ്തുത പദ്ധതികൾക്കുള്ള പ്രൊപ്പോസലുകൾ നിശ്ചിത സമയ പരിധിക്കുള്ളിൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ച് പ്രൊപ്പോസൽ പ്രോജക്ട് അപ്രൈസൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചുവരുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികളിൽ സ്കോളർഷിപ്പുകൾ ഉൾപ്പെടെയുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിൽ സമർപ്പിക്കുകയും ആയതിന് കേന്ദ്രസഹായം ലഭിക്കുകയും പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നുണ്ട്. നിർമ്മാണ പ്രവൃത്തികൾ ഒഴികെയുള്ള എല്ലാ പദ്ധതികൾക്കും തുക യഥാവിധി ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നതാണ്.

(ബി) പട്ടിക ഗോത്രവർഗ്ഗക്കാർക്ക് വനാവകാശ നിയമപ്രകാരം ഭൂമി ലഭ്യമാക്കുന്നതിനുള്ള സർവ്വേ നടപടി അടിയന്തിരമായി പൂർത്തീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ആവശ്യപ്പെട്ടിട്ടുണ്ട്. വനസംരക്ഷണ സമിതികളുടെ ശാക്തീകരണത്തിനും സർവ്വേ ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കി വനാവകാശ നിയമപ്രകാരമുള്ള എല്ലാ അവകാശങ്ങളും നൽകുന്നതിനുമുള്ള സഹായമാണ് അഭ്യർത്ഥിച്ചിട്ടുള്ളത്.

(സി) പട്ടിക ഗോത്രവർഗ്ഗക്കാർക്കായുള്ള ഫണ്ടുകൾ യഥാസമയം അവരിലേയ്ക്ക് എത്തുന്നുവെന്ന് ഉറപ്പുവരുത്താനുള്ള സംവിധാനത്തെക്കുറിച്ച് അറിയിക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എല്ലാ വ്യക്തിഗത ആനുകൂല്യങ്ങളും ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് മാറിനൽകുന്ന സംവിധാനമാണുള്ളത്. ഓൺലൈൻ അപേക്ഷയോടൊപ്പം ഗുണഭോക്താവിന്റെ ബാങ്ക് പാസ് ബുക്കിന്റെ ഒന്നാം പേജിന്റെ ഫോട്ടോ കൂടി അപ്‌ലോഡ് ചെയ്യുന്നതിനാൽ യഥാർത്ഥ ഗുണഭോക്താവിനുതന്നെ ആനുകൂല്യം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതും തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുമ്പോൾത്തന്നെ അപേക്ഷകരുടെ ഫോണിലേയ്ക്കും എസ്.എം.എസ്. ലഭിക്കുന്നതുമാണ്.

(ഡി) എസ്.ടി. പ്രൊമോട്ടർമാരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ പ്രൊമോട്ടർമാരെ തെരഞ്ഞെടുക്കുമ്പോൾ വകുപ്പിന്റെ പദ്ധതികൾ, വിവിധങ്ങളായ ആനുകൂല്യങ്ങൾ, മറ്റ് വകുപ്പുകൾ മുഖേന നൽകുന്ന ആനുകൂല്യങ്ങൾ, പട്ടികവർഗ്ഗ സംരക്ഷണ നിയമങ്ങൾ എന്നിവ സംബന്ധിച്ചുള്ള പരിശീലന

പരിപാടികൾ ഇവർക്കായി സംഘടിപ്പിക്കുന്നു. ഊരുകൂട്ട സെമിനാറുകൾ വർഷാവർഷം നടത്തി ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കുന്നുണ്ട്. അതിനുപുറമെ അവരുടെ ദൈനംദിന പ്രവർത്തനങ്ങൾ, പ്രോജക്ട് ആഫീസർ/ പട്ടികവർഗ വികസന ആഫീസർ, ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ മുഖേന വിലയിരുത്താറുണ്ട്. പ്രതിവാര, പ്രതിമാസ മീറ്റിംഗുകളും വർക്ക് ഡയറികളും മുഖേന ഇവരുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. സർക്കാരിന്റെ എല്ലാ പദ്ധതികളും സേവനങ്ങളും പട്ടികവർഗ്ഗക്കാരിൽ എത്തിക്കുന്നതിനും കാലഘട്ടത്തിനനുസൃതമായ മാറ്റങ്ങൾ പട്ടികവർഗ്ഗ മേഖലകളിലും നടപ്പിലാക്കുന്നതിനും പ്രതിജ്ഞാബദ്ധരും വിദ്യാഭ്യാസ യോഗ്യതയുള്ളതുമായ യുവതീയുവാക്കളെ പട്ടികവർഗ്ഗ പ്രൊമോട്ടർമാരായി തെരഞ്ഞെടുക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## ഡാമുകളുടെ സുരക്ഷ സംബന്ധിച്ച് പരിശോധന

13 (*523) <u>ശ്രീ. കെ. പി. എ. മജീദ്</u>:
<u>ശ്രീ. പി. ഉബൈദുള്ള</u>:
<u>ശ്രീ. പി. കെ. ബഷീർ</u>:
<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളുടെ സുരക്ഷ സംബന്ധിച്ച് പരിശോധനകൾ നടത്തിയിട്ടുണ്ടോ; കാലാവസ്ഥാ വ്യതിയാനങ്ങൾക്ക് അനുസരിച്ച് ഡാമുകൾക്ക് സുരക്ഷ ഭീഷണിയുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് ഡാമുകളുടെ സുരക്ഷ സംബന്ധിച്ച പരിശോധനകൾ നടത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* കാലാവസ്ഥാ വ്യതിയാനങ്ങൾക്കനുസരിച്ച് ഡാമുകൾക്ക് സുരക്ഷാ ഭീഷണിയുള്ളതായി കണ്ടെത്തിയിട്ടില്ല.

(ബി) സംസ്ഥാനത്തെ എല്ലാ ഡാമുകളുടെയും ബലം, സംഭരണം, സാങ്കേതിക സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് പരിശോധനകൾ നടത്തുമോയെന്നും ഇതിനായി പ്രത്യേക സംഘത്തെ നിയമിക്കുമോയെന്നും അറിയിക്കാമോ?

ജലസേചന വകുപ്പിനുകീഴിലുള്ള അണക്കെട്ടുകളുടെ സംരക്ഷണത്തിനായി എല്ലാവർഷവും ഡാം സേഫ്റ്റി ഓർഗനൈസേഷന്റെ നേതൃത്വത്തിൽ ഡാമുകളുടെ പരിശോധന നടത്തി വേണ്ടനടപടികൾ സ്വീകരിക്കാനും അറ്റകുറ്റപ്പണികൾ നടത്തുവാനുമുള്ള നിർദ്ദേശങ്ങൾ നൽകാറുണ്ട്. ഇതിനുപുറമെ കേരള ഡാം സേഫ്റ്റി അതോറിറ്റിയും അണക്കെട്ടുകൾ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകാറുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) വർഷകാലത്ത് ഡാമുകളുടെ സുരക്ഷ സംബന്ധിച്ച് ജനങ്ങളുടെ ആശങ്കയകറ്റുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായി എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കുമോയെന്ന് അറിയിക്കാമോ?

സംസ്ഥാനാതിർത്തിക്കുള്ളിൽ സ്ഥിതിചെയ്യുന്ന അണക്കെട്ടുകളിൽ (മുല്ലപ്പെരിയാർ അണക്കെട്ട് ഒഴികെ) വർഷകാലത്തിന് മുൻപും പിൻപും കേരള ഡാം സുരക്ഷ അതോറിറ്റിയും ഡാം സുരക്ഷാ ഓർഗനൈസേഷനും കൃത്യമായി ടി അണക്കെട്ടുകളുടെ സുരക്ഷ വിലയിരുത്തുകയും പരിശോധനകൾ നടത്തി സംരക്ഷണത്തിനും സുരക്ഷയ്ക്കും ആവശ്യമായ മുൻകരുതലുകളെടുക്കുവാൻ ഡാം ഉടമസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകാറുമുണ്ട്. കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ മുന്നറിയിപ്പുകളുടെ അടിസ്ഥാനത്തിൽ അണക്കെട്ടുകളുടെ വൃഷ്ടിപ്രദേശത്ത് ലഭ്യമാകുന്ന മഴയും നീരൊഴുക്കും ജലനിരപ്പും മണിക്കൂർ അടിസ്ഥാനത്തിൽ വിലയിരുത്തുകയും ജനങ്ങളുടെ ആശങ്ക അകറ്റുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ ഭരണകൂടം എന്നിവയുടെ സഹായത്തോടെ വിവരങ്ങൾ യഥാസമയം ജനങ്ങളിലേയ്ക്കെത്തിക്കുകയും ചെയ്യുന്നുണ്ട്. ജലസേചന വകുപ്പിനുകീഴിലുള്ള 14 ഡാമുകളുടെ Emergency Action Plan (EAP) തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. DRIP-ൽ ഉൾപ്പെടുത്തിയിട്ടുള്ള 16 ഡാമുകളിൽ കേന്ദ്രജല കമ്മീഷൻ തയ്യാറാക്കി നൽകിയ Inundation Map ഉപയോഗിച്ച് ജലസേചന വകുപ്പിനുകീഴിലുള്ള കാഞ്ഞിരപ്പുഴ, മീങ്കര, ചുള്ളിയാർ, വാളയാർ, മലമ്പുഴ, പോത്തുണ്ടി, കുറ്റ്യാടി, പഴശ്ശി, നെയ്യാർ, കല്ലട, പീച്ചി, വാഴാനി, മലങ്കര, ചിമ്മിനി എന്നീ ഡാമുകളിൽ EAP തയ്യാറാക്കുകയും അവയ്ക്ക് കേന്ദ്രജല കമ്മീഷന്റെ അംഗീകാരം വാങ്ങി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ മൂലത്തറ റെഗുലേറ്ററിന്റെയും ഭൂതത്താൻകെട്ട് ബാരേജിന്റെയും EAP അംഗീകാരത്തിനായി കേന്ദ്രജല കമ്മീഷന് സമർപ്പിക്കുകയും കാരാപ്പുഴ, മണിയാർ, മംഗലം ഡാമുകളുടെ EAP തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

### മുല്ലപ്പെരിയാർ വിഷയം സംബന്ധിച്ച സുപ്രീംകോടതി ഉത്തരവ്

14(*524) ശ്രീ. സജീവ് ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചമൂലമാണ് ജലനിരപ്പ് 139.5 അടിയായി നിലനിർത്തണമെന്ന തമിഴ്നാട് സർക്കാരിന്റെ വാദം അംഗീകരിച്ചുകൊണ്ടുള്ള സുപ്രീംകോടതി ഉത്തരവ് ഉണ്ടായതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാന സർക്കാരിന് വീഴ്ചയുണ്ടായിയെന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്. മുല്ലപ്പെരിയാർ വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച അസ്സൽ അന്യായം നമ്പർ 3/2006-ലെ 7-5-2014-ലെ വിധിന്യായപ്രകാരം അണക്കെട്ടിലെ ജലനിരപ്പ് 142 അടിവരെ ഉയർത്തുന്നതിന് തമിഴ്നാടിന് അനുവാദമുണ്ട്. എന്നാൽ അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തുന്നതുമായി ബന്ധപ്പെട്ടുള്ള കേരളത്തിന്റെ ആശങ്കകളും ദൂരീകരിക്കപ്പെടേണ്ടതുണ്ട്. ഈ വിഷയത്തിലുള്ള കേരളത്തിന്റെ ആശങ്കകൾ ദൂരീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ തമിഴ്നാട് സർക്കാരിനോടും ബഹുമാനപ്പെട്ട സുപ്രീംകോടതി നിയോഗിച്ച മേൽനോട്ട സമിതിയുടെ ചെയർമാനോടും കേന്ദ്രസർക്കാരിനോടും കേന്ദ്ര ജലകമ്മീഷനോടും യഥാസമയം ആവശ്യപ്പെട്ടിരുന്നു. സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടൽ മൂലം 16-10-2021 മുതൽ മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 139 അടിയിൽ എത്തുന്നതിന് മുൻപേതന്നെ തമിഴ്നാട് വൈഗ അണക്കെട്ടിലേയ്ക്ക് കൊണ്ടുപോകുന്ന ജലത്തിന്റെ അളവ് കൂട്ടുകയും ചെയ്തു. നിലവിലെ കാലാവസ്ഥയും ഉയരുന്ന ജലനിരപ്പും കണക്കിലെടുത്തുകൊണ്ടും പ്രസ്തുത അണക്കെട്ട് ഭൂചലന തീവ്രത കൂടിയ മേഖലയിൽ ആയതിനാലും ചുണ്ണാമ്പ്-സുർക്കി മിശ്രിതത്തിൽ നിർമ്മിച്ച 126 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയെ സംബന്ധിച്ച ആശങ്കയും പരിഗണിച്ച് ജലനിരപ്പ് കുറയ്ക്കുന്നതിനുള്ള ഉത്തരവുണ്ടാകണമെന്ന് ബഹുമാനപ്പെട്ട കോടതിയിൽ 25-10-2021-ൽ പരിഗണിച്ച മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട ഡോ. ജോ ജോസഫ് സമർപ്പിച്ച റിട്ട് ഹർജി 880/2020 കേസിന്റെ വിചാരണ വേളയിൽ കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. തുടർന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി 25-10-2021-ലെ ഉത്തരവുപ്രകാരം മേൽനോട്ട സമിതി അടിയന്തരമായി യോഗം ചേർന്ന് മുല്ലപ്പെരിയാറിലെ ജലനിരപ്പ് ക്രമീകരിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളാനും കോടതിയെ അറിയിക്കാനും മേൽനോട്ട സമിതിയെ ചുമതലപ്പെടുത്തി. ഇതിൻപ്രകാരം കേന്ദ്ര ജലകമ്മീഷൻ, ഡാം സേഫ്റ്റി മോണിറ്ററിംഗ് ഡയറക്ടറേറ്റ് ചീഫ് എഞ്ചിനീയർ അദ്ധ്യക്ഷനായ മേൽനോട്ട സമിതിയുടെ യോഗം 26-10-2021 തീയതിയിൽ ചേരുകയുണ്ടായി. അടുത്ത കാലത്തായി അടിക്കടിയുണ്ടാകുന്ന അതിവർഷവും മുല്ലപ്പെരിയാർ അണക്കെട്ടിൽ അടുത്ത കാലത്തായി ചുരുങ്ങിയ സമയത്തിനുള്ളിൽ ജലനിരപ്പ് 5-7 അടി വരെ ഉയർന്നിട്ടുള്ള അവസരങ്ങളും ഇടുക്കി ഡാമിലെ നിലവിലെ ഉയർന്ന സംഭരണനിരപ്പും മുല്ലപ്പെരിയാർ ഡാമിന്റെ

കാലപ്പഴക്കവും തന്മൂലം മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയെപ്പറ്റി കേരളത്തിലെ ജനങ്ങളുടെ ആശങ്കയും പരിഗണിച്ച് മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 137 അടിയായി നിലനിർത്തണമെന്നും ടണൽവഴി തമിഴ്നാട്ടിലേയ്ക്ക് കൊണ്ടുപോകുന്ന വെള്ളത്തിന്റെ അളവ് നിലവിലുള്ളതിൽനിന്നും വർദ്ധിപ്പിച്ച് അണക്കെട്ടിലെ ജലനിരപ്പ് താഴ്ത്തി നിർത്തണമെന്നും പ്രസ്തുത യോഗത്തിൽ മേൽനോട്ട സമിതിയിലെ കേരളത്തിന്റെ പ്രതിനിധിയായ ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ആവശ്യപ്പെട്ടു. കേന്ദ്ര ജലകമ്മീഷനുമായി കൂടിയാലോചിച്ച് തമിഴ്നാട് തയ്യാറാക്കിയ കരട് റൂൾ ലെവൽ പാലിച്ചുകൊണ്ട് ജലനിരപ്പ് ക്രമീകരിക്കാവുന്നതാണെന്ന് മേൽനോട്ട സമിതി ചെയർമാൻ ഏകപക്ഷീയമായി തീരുമാനിക്കുകയും ആയത് ടി യോഗത്തിന്റെ മിനിട്ട്സായി രേഖപ്പെടുത്തുകയും ചെയ്തു. എന്നാൽ 26-10-2021-ൽ ചേർന്ന യോഗത്തിന്റെ മിനിട്ട്സിനോടുള്ള വിയോജിപ്പ് മേൽനോട്ടസമിതിയിലെ കേരളത്തിന്റെ പ്രതിനിധി കൂടിയായ ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറി മേൽനോട്ട സമിതി ചെയർമാന് ലഭ്യമാക്കിയ 26-10-2021-ലെ കത്ത് മുഖേന അറിയിക്കുകയുണ്ടായി. തുടർന്ന് 28-10-2021-ൽ ഈ വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി വാദം കേൾക്കുകയും ബഹുമാനപ്പെട്ട കോടതി 11-11-2021-ലേയ്ക്ക് തുടർ വിചാരണ മാറ്റുകയും അതുവരെ വിദഗ്ദ്ധ സമിതി സമയാസമയങ്ങളിലും മണിക്കൂറുകളുടെ ഇടവേളകളിലും സ്ഥിതിഗതികൾ നിരീക്ഷിക്കാനും ആവശ്യമെന്ന് തോന്നുന്നപക്ഷം ജലനിരപ്പ് ക്രമീകരിക്കുന്നതിനുള്ള തുടർനിർദ്ദേശങ്ങൾ നൽകാവുന്നതാണെന്നും സമിതിയോട് ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശിക്കുകയാണുണ്ടായത്.

(സി) മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാനം സ്വീകരിച്ചുവന്നിരുന്ന സുദൃഢമായ നിലപാടിൽ അയവ് വരുത്തിയത് മൂലമാണോ സുപ്രീംകോടതി ഉത്തരവ് തമിഴ്നാടിന് അനുകൂലമായതെന്ന് വ്യക്തമാക്കുമോ?

മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാനം സ്വീകരിച്ചുവന്നിരുന്ന നിലപാടുകളിൽ യാതൊരു അയവും വരുത്തിയിട്ടില്ല. മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിനുള്ള ആശങ്കകൾ കേന്ദ്ര സർക്കാരിന്റെയും സുപ്രീം കോടതി നിയോഗിച്ച മേൽനോട്ട സമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിന് സാധ്യമായ എല്ലാ നടപടികളും യഥാസമയം സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. മുല്ലപ്പെരിയാർ വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച അസ്സൽ അന്യായം നമ്പർ 3/2006-ലെ 7-5-2014-ലെ വിധിന്യായ പ്രകാരം അണക്കെട്ടിലെ ജലനിരപ്പ് 142 അടി വരെ ഉയർത്തുന്നതിന് തമിഴ്നാടിന് അനുവാദമുണ്ടായെന്നിരിക്കെ നിലവിലെ കാലാവസ്ഥയും ഉയരുന്ന ജലനിരപ്പും കണക്കിലെടുത്ത് ബഹുമാനപ്പെട്ട

സുപ്രീംകോടതി 28-10-2021-ലെ ഇടക്കാല ഉത്തരവിൽ വിദഗ്ദ്ധ സമിതി സമയാസമയങ്ങളിലും മണിക്കൂറുകളുടെ ഇടവേളകളിലും സ്ഥിതിഗതികൾ നിരീക്ഷിക്കാവുന്നതാണെന്നും ആവശ്യമെന്ന് തോന്നുന്നപക്ഷം ജലനിരപ്പ് ക്രമീകരിക്കുന്നതിനുള്ള തുടർ നിർദ്ദേശങ്ങൾ നൽകാവുന്നതാണെന്നും സമിതിയോട് നിർദ്ദേശിക്കുകയും തമിഴ്നാട് ബഹു. സുപ്രീംകോടതി മുമ്പാകെ സമർപ്പിച്ച റൂൾ കർവ് സംബന്ധിച്ച നേർ സമീപനം എന്താകണമെന്ന് കേരളം അറിയിക്കണമെന്നുമായിരുന്നു സുപ്രീംകോടതി ഉത്തരവ്. മുൻകാലങ്ങളിൽ സുപ്രീംകോടതി എടുത്തിരുന്ന തീരുമാനത്തിൽനിന്നും വ്യത്യസ്തമായ രീതിയിലാണ് കേരളത്തിന്റെ ആശങ്കകൾ ഉൾക്കൊണ്ടുകൊണ്ട് ടി ഉത്തരവ് നൽകിയിരിക്കുന്നത്. മുല്ലപ്പെരിയാറിന്റെ സുരക്ഷ സംബന്ധിച്ച് സംസ്ഥാനത്തിന്റെ ആശങ്കകൾ കോടതി മുമ്പാകെ കൊണ്ടുവരാനുള്ള അവസരം ഇതുമൂലം സർക്കാരിന് ലഭിച്ചു.

**പാമ്പുകളെ പിടികൂടുന്നതിന് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ**

15 (*525) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) പാമ്പുകളെ അനധികൃതമായി പിടികൂടി കൈവശംവച്ച് വിൽപ്പന നടത്തുന്ന സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

പാമ്പുകളെ അനധികൃതമായി പിടികൂടി കൈവശംവച്ച് വിൽപ്പന നടത്തുന്ന സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 19 കേസുകൾ വനം വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൊല്ലം സതേൺ സർക്കിളിന്റെ കീഴിലെ പുനലൂർ ഡിവിഷന്റെ പരിധിയിൽ പാമ്പുകളെ അനധികൃതമായി പിടികൂടി കൈവശംവച്ച് വിൽപ്പന നടത്തുന്ന സംഘം പ്രവർത്തിച്ചുവരുന്നതായി കണ്ടെത്തുകയും അവർക്കെതിരെ ഒ.ആർ 1/2021, 2/2020, 3/2020 നമ്പറുകളിലായി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പാലക്കാട് ഈസ്റ്റേൺ സർക്കിളിന്റെ പരിധിയിൽ പാമ്പുകളെ അനധികൃതമായി പിടികൂടി കൈവശംവച്ച് വിൽപ്പന നടത്തുന്ന സംഘം പ്രവർത്തിച്ചുവരുന്നതായി കണ്ടെത്തുകയും അതുമായി ബന്ധപ്പെട്ട് 7 കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ സർക്കിളിന്റെ പരിധിയിൽ പാമ്പുകളെ പിടികൂടി കൈവശംവച്ച് വിൽപ്പന നടത്താൻ ശ്രമിച്ച കുറ്റത്തിന് 6 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. തൃശ്ശൂർ സെൻട്രൽ സർക്കിളിന്റെ പരിധിയിൽ പാമ്പുകളെ പിടികൂടി കൈവശംവച്ച് വിൽപ്പന നടത്താൻ ശ്രമിച്ച കുറ്റത്തിന് 3 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പാമ്പുകളെ പിടികൂടുന്നതിന് വനം വകുപ്പ് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങളോ ലൈസൻസോ നൽകിയിട്ടുണ്ടോ?

ജനവാസ മേഖലകളിൽ എത്തിപ്പെടുന്ന പാമ്പുകളെ സുരക്ഷിതമായി പിടികൂടി അനുയോജ്യമായ ആവാസവ്യവസ്ഥയിൽ വിടുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ 15-9-2020-ലെ സർക്കാർ കത്ത് നമ്പർ ഡി2/124/ 2020/വനം പ്രകാരം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന് നൽകിയിട്ടുണ്ട്. അംഗീകൃത മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്ത് പാമ്പുകളെ പിടികൂടുന്നതിന് വനം വകുപ്പിന്റെ പരിശീലനത്തിൽ പങ്കെടുത്ത് സർട്ടിഫിക്കേഷൻ നേടേണ്ടതുണ്ട്. വനം വകുപ്പ് നാളിതുവരെ രണ്ട് ഘട്ടങ്ങളിലായി 1657 പേർക്ക് പരിശീലനം നൽകുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കിയ 928 പേർക്ക് സർട്ടിഫിക്കേഷൻ നൽകുകയും ചെയ്തിട്ടുണ്ട്.

(സി) അനധികൃതമായി പാമ്പുകളെ കൈവശം വച്ചിരിക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

അനധികൃതമായി പാമ്പുകളെ പിടികൂടുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്നവർക്കെതിരെ 1972-ലെ വന്യജീവി (സംരക്ഷണ) നിയമപ്രകാരം നിയമ നടപടി സ്വീകരിച്ചുവരുന്നു.

**മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്ക് ആധുനിക സാങ്കേതികവിദ്യ**

16 (*526) ശ്രീ. എം. മുകേഷ്:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യബന്ധന മേഖലയിലെ തൊഴിലാളികൾക്ക് സൗകര്യവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ?

മത്സ്യബന്ധന മേഖലയിൽ ആധുനിക സാങ്കേതികവിദ്യ കടൽ സുരക്ഷയ്ക്കും നാവിഗേഷനും പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി ജി.പി.എസ്., എക്കോ സൗണ്ടർ, VHF മറൈൻ റേഡിയോ, DAT, വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം, ലൈഫ് ബോയികൾ എന്നിവ സബ്സിഡി നിരക്കിൽ മത്സ്യത്തൊഴിലാളികൾക്ക്

ലഭ്യമാക്കിവരുന്നു. മത്സ്യബന്ധനത്തിലൂടെ പിടിച്ചെടുക്കുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് സഹായകമായ ഇൻസുലേറ്റഡ് ബോക്സും സബ്സിഡിയോടെ നൽകുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. കാലാവസ്ഥാ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തിയെന്ന് ഉറപ്പുവരുത്തുന്നതിനും കടൽരക്ഷാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഓരോ റീജിയണൽ കൺട്രോൾ റൂമുകളും പ്രവർത്തിച്ചുവരുന്നുണ്ട്. കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ മത്സ്യബന്ധന യാനങ്ങൾ വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ ഓഖി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 120 ഗ്രൂപ്പുകൾക്ക് 8 ലക്ഷം രൂപ ചെലവിൽ എഫ്.ആർ.പി. മത്സ്യബന്ധന യൂണിറ്റ് സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ Replacement of Marine plywood canoe with FRP എന്ന ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 40% സബ്സിഡിയിൽ 200 എഫ്.ആർ.പി. യാനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി മത്സ്യഫെഡ് വഴി നടപ്പിലാക്കിവരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധത്തിന് പ്രാപ്തരാക്കുന്നതിന് PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 40% സബ്സിഡിയോടുകൂടി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മത്സ്യത്തൊഴിലാളികളുടെ സുരക്ഷ മുൻനിർത്തി വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ആധുനിക സംവിധാനങ്ങളുള്ള 3 മറൈൻ ആംബുലൻസുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) മത്സ്യബന്ധന അനുബന്ധ മേഖലയിലെ തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. മത്സ്യബോർഡിൽ അംഗത്വമുള്ള 18 മുതൽ 70 വയസ്സുവരെയുള്ള പ്രവർത്തനോന്മുഖ മത്സ്യത്തൊഴിലാളികളെയും അനുബന്ധ തൊഴിലാളികളെയും ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഓരോ വർഷവും ഇൻഷ്വർ ചെയ്തുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാത്ത ആകസ്മിക കാരണങ്ങളാൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് 50,000 രൂപ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ധനസഹായം നൽകി വരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി

17(*527) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ ഗണ്യമായ പങ്കുവഹിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ പുരോഗതി ഉണ്ടാക്കുന്നതിനായി സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. പൊതുസമൂഹവുമായി താരതമ്യം ചെയ്യുമ്പോൾ പൊതു വിഭാഗത്തിന്റെ വാർഷിക പ്രതിശീർഷ വരുമാനത്തിന്റെ പകുതിയിൽ താഴെ മാത്രമാണ് മത്സ്യത്തൊഴിലാളികളുടെ ആളോഹരി പ്രതിശീർഷ വരുമാനം. 2015-16 വർഷം പൊതുവിഭാഗത്തിന്റേത് 1,64,554 രൂപയും മത്സ്യത്തൊഴിലാളിയുടേത് 81,494 രൂപയുമാണ്. വിവിധ മേഖലകളിൽ പ്രത്യേകിച്ച് മത്സ്യ വിഭവ സംരക്ഷണത്തിനും വിഭവ മാനേജ്മെന്റിനും പൊതുമേഖലാ സംവിധാനം വഴി വായ്പകൾ യഥാസമയം അനുവദിച്ചും ധനമാനേജ്മെന്റിൽ ബോധവൽക്കരണം നടത്തിയും മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നതിന് കഴിഞ്ഞ വർഷങ്ങളിൽ കഴിഞ്ഞിട്ടുണ്ട്. തൽഫലമായി മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനത്തിൽ നേരിയ തോതിൽ വർദ്ധനവുണ്ടായിട്ടുണ്ട്. നിലവിൽ (2019-20-ലെ ത്വരിത പരിശോധനാ കണക്കുപ്രകാരം) പൊതുവിഭാഗത്തിന്റെ ആളോഹരി പ്രതിശീർഷ വരുമാനം 2,45,323 രൂപയും മത്സ്യത്തൊഴിലാളികളുടേത് 1,19,330 രൂപയുമാണ്. മത്സ്യത്തൊഴിലാളി സമൂഹത്തെയും വിശിഷ്യാ മത്സ്യത്തൊഴിലാളികളെയും സാമൂഹികമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ടുവരുന്നതിന് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സമ്പാദ്യ സമാശ്വാസ പദ്ധതി

2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ

3. വിദ്യാഭ്യാസ സഹായ പദ്ധതികൾ

4. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി

5.സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി.

6. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 75% സബ്സിഡിയോടുകൂടി ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി.

7. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് എഫ്.ആർ.പി ബോട്ട്, ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ എന്നിവ നൽകുന്ന പദ്ധതി.

8. സമുദ്ര പദ്ധതി (മത്സ്യത്തൊഴിലാളി വനിതകൾക്ക് ബസ് സർവ്വീസ്)

9. മത്സ്യത്തൊഴിലാളികൾക്ക് തുടർ ചികിത്സാ ധനസഹായം നൽകുന്നതിനായി തീരോന്നതി പദ്ധതി.

10. ഓഖി പുനരധിവാസ പദ്ധതികൾ.

11. മത്സ്യത്തൊഴിലാളി/അനുബന്ധ തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി.

12. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

13. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ

14. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി.

15. മത്സ്യത്തൊഴിലാളി പെൻഷൻ

16. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യകൂട് കൃഷി പദ്ധതികൾ.

## വിഷപാമ്പുകളെ പിടികൂടുന്നതിന് ശാസ്ത്രീയ പരിശീലനം

18 (*528) <u>ശ്രീ. പി. ഉബൈദുള്ള</u>:
<u>ശ്രീ. മഞ്ഞളാംകുഴി അലി</u>:
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഷപാമ്പുകളെ പിടികൂടുന്നതിന് വനം വകുപ്പിന്റെ നേതൃത്വത്തിൽ ശാസ്ത്രീയമായ പരിശീലനം നൽകാറുണ്ടോ?

ഉണ്ട്.

(ബി) പാമ്പുകളെ സംബന്ധിച്ച ബോധവൽക്കരണത്തിനും പാമ്പുകളുടെ സംരക്ഷണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

ജനവാസ മേഖലയിൽ എത്തിപ്പെടുന്ന പാമ്പുകൾമൂലം അപകടങ്ങൾ ഉണ്ടാകാവുന്ന സാഹചര്യങ്ങളിൽ ജനങ്ങളുടേയും പാമ്പുകളുടേയും സുരക്ഷ ഉറപ്പുവരുത്തുന്നതിനായി, അത്തരം പാമ്പുകളെ ശാസ്ത്രീയമായി പിടികൂടി അനുയോജ്യമായ ആവാസ വ്യവസ്ഥയിൽ വിട്ടയയ്ക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി നടപ്പിലാക്കിവരുന്നുണ്ട്. സർക്കാർ അംഗീകരിച്ച ഈ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്താകെ വനംവകുപ്പ് ജീവനക്കാരും സന്നദ്ധ പ്രവർത്തകരുമടക്കം 1657 പേർക്ക് പാമ്പുകളെ കൈകാര്യം ചെയ്യുന്നതിൽ ശാസ്ത്രീയ പരിശീലനം നൽകി, അതിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 928 പേർക്ക് അംഗീകൃത പാമ്പുപിടുത്തക്കാർക്കുള്ള സർട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്. പാമ്പുകളുടെ റെസ്ക്യൂ സംബന്ധിച്ച വിവരങ്ങൾ സൂക്ഷിക്കുന്നതിനായി പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും സന്നദ്ധ പ്രവർത്തകർക്കും ഉപയോഗിക്കാവുന്ന "സർപ്പ" എന്ന മൊബൈൽ ആപ്ലിക്കേഷൻ വനം വകുപ്പ് തയ്യാറാക്കി ഉപയോഗിച്ചുവരുന്നു. ഓരോ ജില്ലയിലേയും റസ്ക്യൂ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി അംഗീകൃത റസ്ക്യൂവർമാരും ഉദ്യോഗസ്ഥരും ഉൾപ്പെട്ട വാട്സ്ആപ്പ് ഗ്രൂപ്പുകൾ എല്ലാ ജില്ലകളിലും നിലവിലുണ്ട്. റസ്ക്യൂ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഓരോ ജില്ലയിലും ജില്ലാതല കോ-ഓർഡിനേറ്റർമാരുണ്ട്. ട്രെയിനിംഗുകളും റസ്ക്യൂ പ്രവർത്തനങ്ങളും സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിനായി നോഡൽ ഓഫീസറേയും നിയമിച്ചിട്ടുണ്ട്. വിവിധ ജില്ലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ കോ-ഓർഡിനേറ്റർമാരുടെ വാട്സ്ആപ്പ് ഗ്രൂപ്പും "സർപ്പ" മൊബൈൽ

ആപ്ലിക്കേഷനിലെ എൻട്രികൾ സൂഷ്മമായി നിരീക്ഷിക്കുന്നതിനും പാമ്പുകളെ പിടികൂടുന്നതുമായി ബന്ധപ്പെട്ട നിയമ വിരുദ്ധ പ്രവർത്തനങ്ങൾ സഗൗരവം കൈകാര്യം ചെയ്യുന്നതിനുമായി മേലുദ്യോഗസ്ഥർ ഉൾപ്പെട്ട മാസ്റ്റർ ട്രെയിനർമാരുടെ വാട്സ്ആപ്പ് ഗ്രൂപ്പുമുണ്ട്. പാമ്പുകളുടെ സംരക്ഷണവും ജനങ്ങളുടെ സുരക്ഷയും പ്രതിപാദിക്കുന്ന ചെറു ബോധവൽക്കരണ വീഡിയോകൾ തയ്യാറാക്കി സമൂഹമാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും എൻ.ജി.ഒ.-കൾക്കുമായി ഓൺലൈൻ, ഓഫ്‌ലൈൻ മാർഗ്ഗങ്ങളിലൂടെ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. കോവിഡ് ലോക്ഡൗൺ കാലത്ത് അടച്ചിട്ടിരുന്ന സ്കൂളുകൾ ശുചീകരിക്കുന്നതിനായി 2021 ഒക്ടോബറിൽ റസ്ക്യൂ വോളന്റിയർമാരുടെ സാന്നിദ്ധ്യം എല്ലാ ജില്ലകളിലും ലഭ്യമാക്കുകയും ശുചീകരണ വേളയിൽ അനവധി പാമ്പുകളെ സുരക്ഷിതമായി പിടികൂടി മാറ്റുകയും ചെയ്തിട്ടുണ്ട്. വനംവകുപ്പിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന എല്ലാ സംരക്ഷണ വിഭാഗം ഉദ്യോഗസ്ഥർക്കും അവരുടെ നിർബന്ധിത പരിശീലനവേളയിൽത്തന്നെ പാമ്പുകളെ കൈകാര്യം ചെയ്യുന്നതിൽ ശാസ്ത്രീയ പരിശീലനം നൽകുന്നുണ്ട്. പാമ്പുകളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ വന്യജീവി സംരക്ഷണ നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) പാമ്പുപിടുത്തക്കാർക്കായി ഇൻഷ്വറൻസും ഓണറേറിയവും നൽകുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

നിലവിൽ ഇൻഷ്വറൻസും ഓണറേറിയവും നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടില്ല.

(ഡി) പാമ്പുകളെ നിയമവിരുദ്ധ നടപടികൾക്ക് ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

സംസ്ഥാനത്തെ എല്ലാ റസ്ക്യൂ പ്രവർത്തനങ്ങളും "സർപ്പ" ആപ്ലിക്കേഷനിൽ രേഖപ്പെടുത്തണം എന്ന് നിഷ്കർഷിച്ചതിലൂടെ അനധികൃതമായി പാമ്പുകളെ പിടികൂടുന്നതിനും കൈവശം വയ്ക്കുന്നതിനുമുള്ള സാധ്യതകൾ ഇല്ലാതാകുന്നു. അംഗീകൃത റസ്ക്യൂവർമാർ മാത്രമേ പാമ്പുകളെ പിടികൂടാൻ പാടുള്ളൂ എന്ന് കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പാമ്പുകളെ അനധികൃതമായി പിടികൂടുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്നത് തന്നെ കുറ്റകരമായ നിയമവിരുദ്ധ പ്രവൃത്തിയാണെന്നിരിക്കെ അവയെ ഉപയോഗിച്ചുള്ള മറ്റ് നിയമവിരുദ്ധ പ്രവർത്തനങ്ങൾ ഇതിലൂടെ തടയാൻ കഴിയുന്നു.

## മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ

19(*529) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടാകുന്ന പ്രളയ ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ 126 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധിച്ച ആശങ്ക കേന്ദ്ര സർക്കാരിനെയും സുപ്രീം കോടതിയെയും ബോധ്യപ്പെടുത്തി പരിഹാരമാർഗ്ഗം തേടാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ;

(ബി) ഇതിനായി എന്തൊക്കെ ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തിയിരിക്കുന്നത്; വ്യക്തമാക്കാമോ?

(എ&ബി) മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാന നിയമസഭ പാസ്സാക്കിയ പ്രമേയങ്ങൾക്ക് അനുസൃതമായ നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. അതിന്റെ അടിസ്ഥാനത്തിൽ 126 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമിന് പകരം പുതിയ ഡാം പണികഴിപ്പിക്കണമെന്ന കേരളത്തിന്റെ വ്യക്തമായ നിലപാട് ബഹു. സുപ്രീംകോടതിയെ അറിയിച്ചിട്ടുമുണ്ട്. 2021 ഒക്ടോബർ 18-ന് ജലനിരപ്പ് 133.45 അടിയായി ഉയർന്നപ്പോൾ സംസ്ഥാന ചീഫ് സെക്രട്ടറി ഈ വിഷയം തമിഴ്നാട് ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. കേന്ദ്ര ജലവിഭവ വകുപ്പ് സെക്രട്ടറിക്ക് ഒക്ടോബർ 23-ാം തീയതി സംസ്ഥാന ചീഫ് സെക്രട്ടറി കത്തയയ്ക്കുകയുണ്ടായി. പ്രസ്തുത കത്തിൽ തമിഴ്നാട് പരമാവധി ജലം വൈഗൈ ഡാമിലേയ്ക്ക് കൊണ്ടുപോകണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്. സുപ്രീംകോടതി വിധിപ്രകാരമുള്ള ജലനിരപ്പ് നിലനിർത്തുകയും അധിക ജലം ക്രമാനുഗതമായി കേരളത്തെ അറിയിച്ചശേഷം മാത്രം തുറന്നുവിടാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുപുറമെ ഒക്ടോബർ 18-നുതന്നെ ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദമായ കത്ത് മുല്ലപ്പെരിയാർ മേൽനോട്ടസമിതി ചെയർമാനും കേന്ദ്ര ജലവിഭവ വകുപ്പ് സെക്രട്ടറിക്കും തമിഴ്നാട് ചീഫ് സെക്രട്ടറി, തമിഴ്നാട് പൊതുമരാമത്ത് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർക്കും നൽകിയിട്ടുണ്ട്. അതിനുശേഷം ഒക്ടോബർ 24-ന് കാര്യങ്ങൾ വിശദീകരിച്ചുകൊണ്ട് സംസ്ഥാന മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയയ്ക്കുകയും (അനുബന്ധം-I ആയി ചേർക്കുന്നു*), തമിഴ്നാട് മുഖ്യമന്ത്രി മറുപടിയായി )

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(അനുബന്ധം - II*) രണ്ടു സംസ്ഥാനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുമെന്നും ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. ബഹു. സുപ്രീം കോടതി മുമ്പാകെ കേരളം ഫയൽ ചെയ്ത നോട്ടുകളിൽ തമിഴ്നാട് വൈഗൈ ഡാമിലേയ്ക്ക് പരമാവധി ശേഷി ജലം (2735 Cusecs) കൊണ്ടുപോകണമെന്ന് ശക്തിയായി ആവശ്യപ്പെട്ടിട്ടുണ്ട്. ഡാമിലെ ജലനിരപ്പ് 136 അടിയിൽനിന്നും 142 അടിയായി ഉയർന്നാലുള്ള അപകടസാധ്യത കേരളം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 136 അടിക്കുമുകളിൽ ഉയരുന്ന ഓരോ ജലനിരപ്പും ഡാമിന് നൽകുന്ന മർദ്ദം ക്രമാനുഗതമായ ഒന്നല്ല എന്ന വസ്തുതയും കേരളം ബഹു. സുപ്രീംകോടതി മുമ്പാകെ വ്യക്തമാക്കിയിട്ടുണ്ട്. മുല്ലപ്പെരിയാർ മേൽനോട്ടസമിതി മുമ്പാകെ തമിഴ്നാട് സർക്കാർ സമർപ്പിച്ച റൂൾ കർവിനെ പറ്റിയുള്ള വിയോജിപ്പും കേരളം ബഹു. സുപ്രീംകോടതി മുമ്പാകെ വ്യക്തമാക്കിയിട്ടുണ്ട്. ഒക്ടോബർ 2021-ന് തുലാവർഷത്തിനുമുമ്പ് ലഭിച്ച അതിതീവ്ര മഴ കാരണം ഒക്ടോബർ 29 മുതൽ മുല്ലപ്പെരിയാർ ഡാമിന്റെ ഷട്ടറുകൾ ഉയർത്തി അധിക ജലം ഒഴുക്കി വിടേണ്ടി വന്നിട്ടുണ്ട്. വ്യക്തമായ മുന്നറിയിപ്പോടുകൂടി നിയന്ത്രിത അളവിലാണ് അധിക ജലം ഒഴുക്കിയിട്ടുള്ളത്. സംസ്ഥാന സർക്കാർ സ്വീകരിച്ച മുൻകരുതൽ നടപടികൾ കാരണമാണ് ഇത് സാധ്യമായത്. 29-10-2021 മുതൽ പുറത്തേയ്ക്ക് ഒഴുക്കിയ ജലത്തിന്റെ അളവ് ഇപ്രകാരമാണ്. 29-10-2021-ൽ ഒഴുക്കിവിട്ട ജലത്തിന്റെ അളവ് (Cusecs Per Second) രാവിലെ 7.30-ന് 538 ക്യുസെക്സ് അളവിലും രാത്രി 9 മണിക്ക് 823 ക്യുസെക്സ് അളവിലും അധിക ജലം പുറത്തേയ്ക്ക് ഒഴുക്കി. 30-10-2021 -ൽ ഒഴുക്കിവിട്ട ജലത്തിന്റെ അളവ് (Cusecs Per Second) രാവിലെ 11 മണിക്ക് 1675 ക്യുസെക്സ് അളവിലും വൈകിട്ട് 4 മണിക്ക് 2974 ക്യുസെക്സ് അളവിലും അധിക ജലം പുറത്തേയ്ക്ക് ഒഴുക്കി. 31-10-2021 മുതൽ 2-11-2021 വരെ തീയതികളിൽ ഒഴുക്കിവിട്ട ജലത്തിന്റെ അളവ് (Cusecs Per Second) - 1014 ക്യുസെക്സ് വീതം അധിക ജലം പുറത്തേയ്ക്ക് ഒഴുക്കി.

(സി) നിലവിലുള്ള അണക്കെട്ടിന് പകരം 366 അടി താഴെയായി പുതിയ അണക്കെട്ട് നിർമ്മിക്കണമെന്ന് കേരളം ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഇതുസംബന്ധിച്ച് സുപ്രീം കോടതിയുടെ നിലപാട് അറിയിക്കുമോ?

ബഹു. സുപ്രീം കോടതിയുടെ അസ്സൽ അന്യായം 3/2006-ന്മേൽ 7-5-2014-ലെ വിധിന്യായപ്രകാരം മുല്ലപ്പെരിയാർ ഡാം സുരക്ഷിതമാണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ, കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നുള്ളതാണ് സർക്കാരിന്റെ നിലപാട്. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധിച്ച

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളത്തിന്റെ നിലപാട് ബഹു. സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മുല്ലപ്പെരിയാർ പ്രശ്നത്തിൽ തമിഴ്നാട് ഫയൽ ചെയ്ത അസ്സൽ അന്യായം 3/2006 കേസ്സിൽ 7-5-2014-ന് ബഹു. സുപ്രീംകോടതി വിധി കൽപ്പിക്കുകയുണ്ടായി. മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിച്ചുനൽകാൻ തയ്യാറാകണമെന്ന കേരളത്തിന്റെ ആവശ്യം ബഹു. സുപ്രീംകോടതി പരിഗണിക്കുകയും ചെയ്തു. പ്രസ്തുത വിധിയിൽ പുതിയ ഡാം നിർമ്മിക്കുന്നതിനായി ഇരു സംസ്ഥാനങ്ങളുടെ സമ്മതം ആവശ്യമാണെന്നും പുതിയ ഡാം നിർമ്മിക്കാം എന്ന കേരളത്തിന്റെ ആവശ്യം തമിഴ്നാടിനുമേൽ അടിച്ചേൽപ്പിക്കാനാവില്ലയെന്നും ബഹു. കോടതി നിരീക്ഷിച്ചു. അപ്രകാരം പുതിയ ഡാം നിർമ്മിക്കുന്നതിന് തമിഴ്നാടിന്റെ സമ്മതം നേടിയെടുക്കുന്നതിന്റെ ആദ്യ നടപടി എന്ന നിലയിൽ കേന്ദ്ര വനം വകുപ്പിന്റെ അനുമതിയോടുകൂടി പരിസ്ഥിതി ആഘാത പഠനം പൂർത്തിയായി വരുന്നു.

## മത്സ്യവിഭവ ശോഷണം

20(*530) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. വി. ജോയി:
ശ്രീ. എം. നൗഷാദ്:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) അശാസ്ത്രീയമായ മത്സ്യബന്ധനവും കാലാവസ്ഥ വ്യതിയാനവും മത്സ്യവിഭവ ശോഷണത്തിന് കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറുമത്സ്യങ്ങളെ പിടിക്കൽ, ജലമലിനീകരണം, കണ്ടൽക്കാടുകളുടെ തിരോധാനം, ആഗോളതാപനം തുടങ്ങിയ നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിന് ശോഷണം സംഭവിക്കുന്നു എന്ന് വിലയിരുത്തിയിട്ടുണ്ട്. ഓഖി, സുനാമി പോലുള്ള ദുരന്തങ്ങളും മത്സ്യസമ്പത്ത് കുറയുന്നതിന് ഒരു പരിധിവരെ കാരണമായിട്ടുണ്ട്.

(ബി) വൻകിട ട്രോളിംഗ് ബോട്ടുകളും പരമ്പരാഗത മത്സ്യത്തൊഴിലാളികളും അശാസ്ത്രീയമായി പിടിച്ചെടുക്കുന്ന ചെറുമത്സ്യങ്ങളെ വളം, തീറ്റ എന്നിവയുടെ നിർമ്മാണത്തിനായി അതിർത്തി സംസ്ഥാനങ്ങളിലേയ്ക്ക് കടത്തിക്കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അശാസ്ത്രീയമായി മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന ഇത്തരം മത്സ്യബന്ധന യാനങ്ങളെ ഇമ്പൗണ്ട് ചെയ്ത് നിയമപ്രകാരം പിഴ ചുമത്തുന്നത് ഉൾപ്പെടെയുള്ള നടപടികൾക്ക് വിധേയമാക്കുന്നുണ്ട്. കൂടാതെ ചെറുമീനുകളെ കൂട്ടത്തോടെ പിടിച്ചെടുക്കുന്നത് മത്സ്യവിഭവ ശോഷണത്തിന് ഹേതുവാകും എന്ന് മനസ്സിലാക്കി കേരളതീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം (MLS) നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. അത് ശക്തമായി നടപ്പിലാക്കിവരുന്നു. മത്സ്യത്തൊഴിലാളികളുടെ കൂടി പങ്കാളിത്തമുണ്ടെങ്കിലേ ഇത്തരം അശാസ്ത്രീയ മൽസ്യബന്ധനം തടയാൻ സാധിക്കുകയുള്ളൂ എന്നതിനാൽ 2017-ലെ KMFR Act പരിഷ്കരണത്തിലൂടെ മത്സ്യത്തൊഴിലാളികളുടെ കൂടി പങ്കാളിത്തമുള്ള ത്രിതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾക്ക് രൂപം നൽകിയിട്ടുണ്ട്. അതിൽ സംസ്ഥാനതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ ഇതിനകം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**തീരമൈത്രി പദ്ധതി**

21(*531) ശ്രീമതി കാനത്തിൽ ജമീല:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളായ സ്ത്രീകളുടെ ഉന്നമനത്തിനും സാമൂഹിക, സാംസ്കാരിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി നടപ്പിലാക്കിയ തീരമൈത്രി പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി വനിതകളുടെ ഉന്നമനത്തിനായി 2010 മുതൽ സാഫ് തീരമൈത്രി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. മത്സ്യത്തൊഴിലാളി വനിതകൾക്കായി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്നു. 2020-21-ൽ ഇത്തരത്തിൽ 432 മത്സ്യത്തൊഴിലാളി വനിതകൾ ഉൾപ്പെടുന്ന 149 യൂണിറ്റുകൾ ആരംഭിക്കുകയും ഈ വർഷം 750 വനിതകൾ ഉൾപ്പെടുന്ന ചെറുകിട സംരംഭങ്ങൾ അനുവദിക്കുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ ഗ്രൂപ്പുകൾക്ക് പലിശരഹിത വായ്പ നൽകിവരുന്നു. അഷ്ടമുടി Phase I & II-ൽ ഉൾപ്പെടുത്തി 48 ഉൾനാടൻ മത്സ്യത്തൊഴിലാളി വനിതകൾക്ക് തയ്യൽ യൂണിറ്റ് കൺസോർഷ്യം മാതൃകയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ സീ

ഫുഡ് റസ്റ്റോറന്റ് പദ്ധതി പ്രകാരം 2020-21-ൽ 230 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ച് 9 തീരദേശ ജില്ലകളിൽ 43 സീഫുഡ് റെസ്റ്റോറന്റുകൾ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു. തീരമൈത്രി യൂണിറ്റുകളുടെ പ്രവർത്തന പുരോഗതി എല്ലാ മാസവും സാഫ് എക്സിക്യൂട്ടീവ് ഡയറക്ടർ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന സാഫ് നോഡൽ ഓഫീസർ, പ്രോജക്ട് കോ-ഓർഡിനേറ്റർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ വിലയിരുത്തുന്നുണ്ട്. തീരമൈത്രി പദ്ധതിയുടെ പ്രവർത്തനങ്ങൾ, യൂണിറ്റുകളുടെ വരുമാനം, അംഗങ്ങൾക്ക് ലഭിക്കുന്ന ലാഭവിഹിതം, റിവോൾവിംഗ് ഫണ്ട് അനുവദിക്കൽ/തിരിച്ചടവ്, വിവിധ ഗ്രൂപ്പുകളുടെ പ്രവർത്തനം എന്നിവ വിലയിരുത്തി ജില്ലകൾക്ക് തുടർ പ്രവർത്തനത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. കൂടാതെ വകുപ്പുതലത്തിലും സർക്കാർതലത്തിലും സാഫ് പ്രവർത്തനങ്ങൾ നിശ്ചിത ഇടവേളകളിൽ അവലോകനം നടത്തി പുരോഗതി വിലയിരുത്തുന്നുണ്ട്. സാഫ് നടപ്പിലാക്കുന്ന 'തീരമൈത്രി' പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്താനായി Benefit Monitoring and Evaluation Study നടത്തിയിരുന്നു. കേന്ദ്ര മത്സ്യഗവേഷണ സ്ഥാപനമായ Central Marine Fisheries Research Institute (CMFRI) പഠനം നടത്തുകയും ആയതിന്റെ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളികളായ സ്ത്രീകൾക്ക് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി അവരുടെ സംരംഭകത്വ ശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ; വിശദമാക്കുമോ?

മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുമ്പായി അതിന് അവരെ പ്രാപ്തരാക്കുന്നതിന് വിവിധ തരത്തിലുള്ള പരിശീലനങ്ങൾ നൽകിവരുന്നു. അച്ചീവ്മെന്റ് മോട്ടിവേഷൻ ട്രെയിനിംഗ്, മാനേജ്മെന്റ് ട്രെയിനിംഗ്, ബുക്ക്കീപ്പിംഗ് & അക്കൗണ്ടിംഗ് ട്രെയിനിംഗ് തുടങ്ങിയവ ഇതിൽപ്പെടുന്നു. സംരംഭം നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിനാവശ്യമായ സ്കിൽ ട്രെയിനിംഗുകളും നൽകുന്നു. പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സ്കിൽ അപ്ഗ്രഡേഷൻ ട്രെയിനിംഗുകൾ ആവശ്യമുള്ള ഗ്രൂപ്പുകൾക്ക് നൽകിവരുന്നു. തീരനൈപുണ്യ പദ്ധതിയിലൂടെ പ്ലസ് ടു പാസ്സായ 20-നും 35-നുമിടയിൽ പ്രായമുള്ള അഭ്യസ്തവിദ്യരായ 1254 യുവതികൾക്ക് കഴിഞ്ഞ 5 വർഷങ്ങളിലായി പരിശീലനം നൽകിയിട്ടുണ്ട്.

## മത്സ്യ സംസ്കരണ, വിപണന മേഖലയിലെ പദ്ധതികൾ

22(*532) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡാനന്തര സാഹചര്യത്തിൽ മത്സ്യ സംസ്കരണ, വിപണന മേഖല മെച്ചപ്പെട്ടിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ?

സംസ്ഥാനത്ത് കോവിഡാനന്തര സാഹരൃത്തിൽ മത്സ്യ സംസ്കരണ, വിപണന മേഖല മെച്ചപ്പെട്ട് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത മേഖലയിൽ തൊഴിൽ വൈവിധ്യവൽക്കരണത്തിനും മൂല്യവർദ്ധനയ്ക്കും ഉതകുന്ന എന്തെല്ലാം നവീന പദ്ധതികളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

മത്സ്യ സംസ്കരണ, വിപണന മേഖലയിൽ തൊഴിൽ വൈവിധ്യവൽക്കരണത്തിനും മൂല്യവർദ്ധനവിനുമുതകുന്ന തരത്തിൽ തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ്, സാഫ് എന്നീ ഏജൻസികൾ താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

1) മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ നിന്നും മത്സ്യം ശീതീകരിച്ച് കയറ്റുമതി ചെയ്യുന്നു. കൂടാതെ പ്ലാന്റിൽനിന്നും മത്സ്യത്തിന്റെ വിവിധതരം അച്ചാറുകളും (ചെമ്മീൻ, ചൂര, ഓലക്കൊടി, കണവ) കട്‌ലറ്റ്, പീര, ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, ഫിഷ് കറിക്കൂട്ടുകൾ, ഫിഷ് ഫ്രൈ മസാല എന്നിവയും ഫിഷ്മാർട്ട് വഴി വിപണനം ചെയ്തു വരുന്നു. ചെമ്മീൻതോടിൽനിന്നും കൈറ്റോൺ ഗുളികകളും ഉൽപ്പാദിപ്പിക്കുന്നുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ-മത്സ്യവിപണന മേഖല ആധുനികവല്കരിക്കുന്നതിനും മത്സ്യമാർക്കറ്റുകൾ സ്ത്രീ സൗഹൃദപരമാക്കി കൂടുതൽ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് വിപണന മേഖലയിൽ തൊഴിൽ സൃഷ്ടിക്കുന്നതിനുമായി കിഫ്ബി ധനസഹായത്തോടെ സംസ്ഥാനമൊട്ടാകെ 120.57 കോടി രൂപ ചെലവിൽ 51 ആധുനിക മാർക്കറ്റുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സാഫ് - സംസ്ഥാനത്തുടനീളം ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനായി ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്ക് പദ്ധതി, ശീതീകരിച്ച ഫിഷ് വെന്റിംഗ് കിയോസ്കുകൾ കൊണ്ട് വൃത്തിയുള്ളതും ഗുണമേന്മയുള്ളതുമായ മത്സ്യം ജനങ്ങളിലേയ്ക്ക് എത്തിക്കുവാൻ സാധിക്കും. കിയോസ്കുകളിൽ ഒരേ സമയം 100 കിലോ മത്സ്യം വരെ

സംഭരിക്കുവാൻ ശേഷിയുണ്ട്. മത്സ്യം വൃത്തിയാക്കി നൽകുവാനുള്ള എല്ലാ സംവിധാനവും ഈ ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്കിൽ ഘടിപ്പിച്ചിട്ടുണ്ട്. ഗുണമേൻമയുള്ളതും വൃത്തിയുള്ളതും വിഷരഹിതവുമായ മത്സ്യം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി മത്സ്യത്തൊഴിലാളി വനിതകൾക്ക് സി.ഐ.എഫ്.ടി.-യുമായി ചേർന്ന് നിർമ്മിച്ച 20 ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്കുകൾ നൽകുന്ന പദ്ധതിയിൽ 16 കിയോസ്കുകൾ നിലവിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലായി നൽകിക്കഴിഞ്ഞു. കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡിന്റെ CSR ഫണ്ട് ഉപയോഗിച്ച് CIFT മുഖേന ഈ സാമ്പത്തിക വർഷത്തിൽ 2 മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന 26 ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്കുകൾ നൽകുന്ന പദ്ധതിയിൽ 14 കിയോസ്കുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിലൂടെ മത്സ്യമേഖലയിൽ തൊഴിൽ ചെയ്യുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യം സൃഷ്ടിക്കുന്നതിനും അവരുടെ വരുമാനം ഉയർത്തുന്നതിനും സാധിക്കുന്നു.

(സി) സ്ത്രീകൾ കൂടുതലുള്ള പ്രസ്തുത മേഖലയിൽ സ്ത്രീകൾക്കായി എന്തെല്ലാം ക്ഷേമ പദ്ധതികളാണ് നിലവിലുള്ളതെന്നും പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

1) മത്സ്യവിപണന മേഖല ആധുനികവല്ക്കരിക്കുന്നതിനും മത്സ്യമാർക്കറ്റുകൾ സ്ത്രീ സൗഹൃദപരമാക്കി കൂടുതൽ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് വിപണന മേഖലയിൽ തൊഴിൽ സൃഷ്ടിക്കുന്നതിനുമായി കിഫ്ബി ധനസഹായത്തോടെ സംസ്ഥാനമൊട്ടാകെ 51 ആധുനിക മാർക്കറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖാന്തരം സ്വീകരിച്ചുവരുന്നു. കൂടാതെ സ്ത്രീകൾ കൂടുതലുള്ള പ്രസ്തുത മേഖലയിൽ മത്സ്യക്കച്ചവടം ചെയ്യുന്ന സ്ത്രീകൾക്ക് പലിശരഹിത വായ്പ മത്സ്യഫെഡ് മുഖാന്തരവും നൽകി വരുന്നു.

2) മത്സ്യത്തൊഴിലാളി മേഖലയിലെ കുടുംബങ്ങളിലെ വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനും മത്സ്യത്തൊഴിലാളി വനിതകൾക്കായി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും 5 പേരടങ്ങുന്ന ഒരു യൂണിറ്റിന് 5 ലക്ഷം രൂപ വരെ ഗ്രാന്റ് (പദ്ധതി തുകയുടെ 75%) തീരമൈത്രി പദ്ധതി പ്രകാരം സാഫ് മുഖേന അനുവദിക്കുന്നു.

3) മത്സ്യമേഖലയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരെയും കൊള്ളപ്പലിശക്കാരെയും ആശ്രയിക്കുന്ന പ്രവണതയിൽ നിന്ന് ഒഴിവാക്കുന്നതിനും

അതിൽനിന്നും മുക്തരാക്കുന്നതിനും വേണ്ടി 3R Project (3R Package For Ensuring Sustainable Livelihoods of Fisherwomen in Kerala (Rebuilding, Revival, Reforms)), JLG Project (JLG Project for Ensuring Livelihood Security of Fisherwomen in Kerala 2020-21) സാഫ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

4) 9 തീരദേശ ജില്ലകളിലായി കടൽ മത്സ്യവിഭവങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് തനത് രുചിയോടെ ശുചിത്വ പൂർണ്ണമായ സാഹചര്യത്തിൽ തയ്യാർ ചെയ്യുന്നതിനും വിപണനം നടത്തുന്നതിനുമായി 230 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് തീരമൈത്രി സീഫുഡ് റെസ്റ്റോറൻറുകൾ ആരംഭിച്ചു.

5) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ മത്സ്യത്തൊഴിലാളി വനിതകളും അർഹരാണ്. ഇതിനുപുറമേ അനുബന്ധത്തൊഴിലാളികളായ സ്ത്രീകൾക്ക് മാത്രമായി മാരകരോഗ ചികിത്സാ പദ്ധതി, പ്രസവ ശുശ്രൂഷ പദ്ധതി, തീരാരോഗ്യം പദ്ധതി എന്നിവയും നടപ്പാക്കിവരുന്നു.

മാരകരോഗ ചികിത്സാ പദ്ധതി - മാരകരോഗങ്ങൾ പിടിപെട്ട് കഷ്ടത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വിദഗ്ദ്ധ ചികിത്സയ്ക്കുവേണ്ട ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ഗർഭാശയ സംബന്ധമായ രോഗങ്ങൾക്ക് 5,000 രൂപ ധനസഹായവും പ്രസവ ശുശ്രൂഷാ ധനസഹായമായി പരമാവധി 2 പ്രസവങ്ങൾക്ക് 750 രൂപ വീതവും തീരാരോഗ്യം പദ്ധതി പ്രകാരം ഗുരുതരമായ സ്ത്രീ സംബന്ധമായ രോഗങ്ങൾക്കുള്ള തുടർ ചികിത്സ നടത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഒരു വർഷത്തിൽ പരമാവധി 10,000 രൂപ ചികിത്സാ ചെലവിനായി അനുവദിക്കുന്നതാണ്.

**കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സ്**

23(*533) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ അതിനനുസരിച്ച് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുവേണ്ടി ഏതെല്ലാം തരത്തിലുള്ള പരിശീലനങ്ങളാണ് കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സ് എന്ന പേരിൽ രൂപീകരിച്ച സേനയ്ക്ക് ലഭിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ അവയെ നേരിടാൻ യുവജന പങ്കാളിത്തത്തിൽ സന്നദ്ധ സേവകരെ തയ്യാറാക്കുകയെന്ന ലക്ഷ്യം മുന്നിൽ കണ്ടാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സ് എന്ന സന്നദ്ധ സേവനസേന രൂപീകരിച്ചിട്ടുള്ളത്. പ്രകൃതിദുരന്തങ്ങൾ നേരിടുന്നത് കൂടാതെ മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം, സാമൂഹിക തിന്മകൾക്കെതിരെ ബോധവൽക്കരണം, കുടിവെള്ള സംരക്ഷണം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയവ കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ഓൺലൈനായി ഇതുവരെ 1,15,862 പേർ വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സിൽ രജിസ്റ്റർ ചെയ്യുകയും ആദ്യഘട്ടത്തിൽ 1000 പേർക്കും രണ്ടാം ഘട്ടത്തിൽ 278 പേർക്കും പരിശീലനം നൽകുകയും ചെയ്യുകയുണ്ടായി. മൂന്നാംഘട്ട പരിശീലനത്തിന്റെ ഭാഗമായി പഞ്ചായത്ത് തലത്തിൽ വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സ് വ്യാപിപ്പിക്കുന്നതിന്റെ മുന്നോടിയായി പഞ്ചായത്ത്തല പരിശീലകർക്കുള്ള പരിശീലനം 2019 നവംബർ 16, 17, 18 എന്നീ തീയതികളിൽ തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിച്ചു. കാലവർഷം സമാഗതമാകുന്ന അവസരത്തിൽ വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയവ പോലുള്ള പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുന്ന അടിയന്തര സാഹചര്യം സംജാതമാകുന്നപക്ഷം അവയെ നേരിടുന്നതിനായി എല്ലാ ജില്ലകളിലും പരിശീലനം നേടിയ വോളന്റിറി യൂത്ത് ആക്ഷൻ സേനയെ സജ്ജരാക്കിയിട്ടുണ്ട്. സന്നദ്ധ സേവന സേനയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ പരമാവധി പേർക്ക് പരിശീലനം നൽകുന്ന പദ്ധതിയാണ് സംസ്ഥാന യുവജനക്ഷേമ ബോർഡ് ആവിഷ്കരിക്കുന്നത്. നിലവിൽ 1200-ഓളം പേർക്ക് അവർക്ക് യാതൊരുവിധ സാമ്പത്തികബാദ്ധ്യതയും ഉണ്ടാകാതെ മൂന്നാറിൽവച്ച് വ്യക്തിത്വ വികസനം കൂടി ലക്ഷ്യമിട്ട് വിവിധ മേഖലകളിൽ പരിശീലനം നൽകിയിട്ടുണ്ട്. ഇപ്രകാരം പരിശീലനം ലഭിച്ചവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുമുണ്ട്. കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച സേനയുടെ പരിശീലനം 2021 ഫെബ്രുവരി മാസം സംഘടിപ്പിക്കുകയും ചെയ്തു. ദേവികുളം സാഹസിക അക്കാദമിയുടെ നേതൃത്വത്തിൽ ദുരന്തമുഖത്ത് രക്ഷാപ്രവർത്തനം നടത്തുന്നതിനായി പരിശീലനം ലഭിച്ച വോളന്റിയർമാർക്ക് ഡിസാസ്റ്റർ മാനേജ്മെന്റ്, അഡ്വഞ്ചർ സ്പോർട്സ്, സ്കൂബാ ഡൈവിംഗ് എന്നിവയിലും പരിശീലനം നൽകുകയുണ്ടായി.

(ബി) അശരണരായ വൃദ്ധജനങ്ങളെയും കിടപ്പുരോഗികളെയും പരിചരിക്കുന്നതിനും അവർക്ക് ലഭിക്കേണ്ട സർക്കാർ ആനുകൂല്യങ്ങൾ കൃത്യസമയത്ത് ലഭ്യമാക്കുന്നതിന് സഹായങ്ങൾ നൽകുന്നതിനുമുള്ള പ്രായോഗിക പരിശീലനം ഇവർക്ക് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

അശരണരായ വൃദ്ധജനങ്ങളെയും കിടപ്പുരോഗികളെയും പരിചരിക്കുന്നതിനും അവർക്കുവേണ്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഹോംകെയർ മോഡലിൽ പാലിയേറ്റീവ് രംഗത്ത് പ്രത്യേകം പരിശീലനം നേടിയ യുവതീയുവാക്കളുടെ ഒരു ടീം കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ കീഴിൽ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട ഒരു പദ്ധതി 2022-23 സാമ്പത്തിക വർഷത്തെ പ്ലാൻ പ്രൊപ്പോസലിൽ നൽകിയിട്ടുണ്ട്.

(സി) ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലും യൂത്ത് ആക്ഷൻ ഫോഴ്സിനെ നിലനിർത്തുന്നതിനുവേണ്ടി പ്രസ്തുത സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുമോ; വ്യക്തമാക്കുമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് രൂപീകരിച്ച കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് പഞ്ചായത്ത് തലത്തിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് രൂപകൽപ്പന ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓരോ വാർഡ് തലത്തിലും അതാത് സ്ഥലങ്ങളിൽ സ്ഥിരതാമസക്കാരായ യുവജനങ്ങളെ ഉൾപ്പെടുത്തി രക്ഷാപ്രവർത്തനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകളുടെ സഹായത്തോടെ പരിശീലനം നൽകുന്ന പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ഡി) സംസ്ഥാനത്തെ കാർഷികമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് പ്രസ്തുത സേനയുടെ പ്രവർത്തനം പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ?

യുവാക്കളെ കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുമായി ഒരു ജില്ലയിൽ 5 കാർഷിക ക്ലബ്ബ് വീതം യുവജനക്ഷേമ ബോർഡ് നേരിട്ട് രൂപീകരിക്കുന്ന ഒരു പദ്ധതി 2022-23 സാമ്പത്തിക വർഷത്തെ പ്ലാൻ പ്രൊപ്പോസലിൽ നൽകിയിട്ടുണ്ട്. 14 ജില്ലകളിൽനിന്നുമായി ആകെ 70 ക്ലബ്ബുകൾ രൂപീകരിക്കുന്നതാണ്. സംസ്ഥാനത്തെ 3500-ഓളം യുവജനങ്ങൾക്ക് ഇതുമൂലം പ്രയോജനം ലഭിക്കും. കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് അംഗങ്ങളുടെ സേവനം ഈ മേഖലയിൽ ഉപയോഗപ്പെടുത്തുന്നതാണ്.

**പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ പദ്ധതികൾ**

24 (*534) ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നാക്ക സമുദായത്തിൽപ്പെട്ടവരുടെ ദാരിദ്ര്യ നിർമ്മാർജനം ലക്ഷ്യമിട്ട് പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ?

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ പിന്നോക്ക സമുദായങ്ങളിൽപ്പെട്ടവരുടെ ദാരിദ്ര്യ നിർമ്മാർജനം ലക്ഷ്യമിട്ട്, അവരുടെ സാമ്പത്തിക-വിദ്യാഭ്യാസ-സാമൂഹിക ഉന്നമനത്തിനായി ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NBCFDC) ഫണ്ടും കോർപ്പറേഷന്റെ തനത് ഫണ്ടും ഉപയോഗിച്ച് വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (NMDFC) ഫണ്ട് വിനിയോഗിച്ച് മത ന്യൂനപക്ഷത്തിൽ ഉൾപ്പെട്ട ഒ.ബി.സി. വിഭാഗങ്ങൾക്കും വായ്പ അനുവദിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു*.

(ബി) വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടുന്ന പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്ക് വേഗത്തിൽ വായ്പ ലഭിക്കുന്നതിന് പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ?

വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടുന്ന പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്ക് നിലവിൽ കോർപ്പറേഷൻ യാതൊരുവിധ വായ്പാ പദ്ധതിയും നടപ്പിലാക്കുന്നില്ല. എന്നാൽ പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിൽ തിരിച്ചെത്തിയ പ്രവാസി സംരംഭകർക്കായി സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് നോർക്ക റൂട്ട്സിന്റെ ശിപാർശ പ്രകാരം പരമാവധി 30 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. അതിന് പരമാവധി 3 ലക്ഷം രൂപ വരെ മൂലധന സബ്സിഡിയും വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷം 3% പലിശ സബ്സിഡിയും നോർക്ക റൂട്ട്സ് അനുവദിക്കും.

(സി) പിന്നാക്ക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള വായ്പ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ?

കോർപ്പറേഷന്റെ ദേശീയ ഏജൻസികളായ ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നിവയുടെ ഫണ്ട് ഉപയോഗിച്ച് മെറിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിച്ച പ്രൊഫഷണൽ / ടെക്നിക്കൽ/വൊക്കേഷണൽ കോഴ്സുകൾ ഇന്ത്യയ്ക്കകത്തും വിദേശത്തും പഠിക്കുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി വിദ്യാഭ്യാസ വായ്പ അനുവദിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സ്ത്രീസൗഹൃദ മത്സ്യ മാർക്കറ്റുകൾ

25(*535) ശ്രീ. വി. ശശി:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യ മാർക്കറ്റുകൾ സ്ത്രീസൗഹൃദമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) കിഫ്ബിയുടെ സഹായത്തോടെ മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിന് പദ്ധതിയുണ്ടോ; പ്രസ്തുത പദ്ധതിയിൽ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ആവശ്യങ്ങളും സൗകര്യങ്ങളും പരിഗണിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുമോ; വിശദമാക്കുമോ?

(എ&ബി) മത്സ്യമാർക്കറ്റുകൾ സ്ത്രീ സൗഹൃദമാക്കുന്നതിനും കൂടുതൽ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് വിപണന മേഖലയിൽ തൊഴിൽ സൃഷ്ടിക്കുന്നതിനുമായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി ധനസഹായത്തോടെ സംസ്ഥാനമൊട്ടാകെ 51 ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനായി 120.57 കോടി രൂപയ്ക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത മാർക്കറ്റുകൾ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ആവശ്യങ്ങളും സൗകര്യങ്ങളും പരിഗണിച്ചാണ് നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നത്. ഓരോ മത്സ്യ മാർക്കറ്റുകളിലും പ്രാഥമിക സൗകര്യം ഒരുക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തിയാണ് ഡിസൈൻ ചെയ്തിരിക്കുന്നത്. കച്ചവടക്കാർക്ക് പ്രത്യേകിച്ച് മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് വിശ്രമിക്കുന്നതിനായി വിശ്രമമുറി, ലോക്കർ സംവിധാനം എന്നിവ മാർക്കറ്റുകളിൽ നിലവിലുള്ള സ്ഥലസൗകര്യം അനുസരിച്ച് ഉൾപ്പെടുത്തിയിട്ടുണ്ട്. പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം ടോയ്‌ലറ്റ് സൗകര്യം മാർക്കറ്റുകളിൽ ഉറപ്പുവരുത്തുന്നതാണ്. കൂടാതെ മത്സ്യകച്ചവടം ചെയ്യുന്ന സ്ത്രീകൾക്ക് മത്സ്യഫെഡ് മുഖാന്തരം പലിശരഹിത വായ്പയും നൽകിവരുന്നു.

(സി) എല്ലാ ഫിഷിംഗ് ഹാർബറിലും മത്സ്യം വാങ്ങാനെത്തുന്ന സ്ത്രീ തൊഴിലാളികൾക്ക് പരിഗണന ലഭിക്കുന്നതിനുവേണ്ടി ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ വിശദമാക്കുമോ?

സംസ്ഥാനത്ത് കമ്മീഷൻ ചെയ്ത മത്സ്യബന്ധന തുറമുഖങ്ങളിൽ ശുചിമുറികളും ശുദ്ധജല വിതരണ സംവിധാനവും വിശ്രമ മുറികളും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്നും മത്സ്യ മാർക്കറ്റുകളിലേയ്ക്ക് മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് എത്തിച്ചേരുന്നതിന് യാത്രാസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; എല്ലാ തുറമുഖങ്ങളിലും ആയത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മത്സ്യ വിപണനത്തിനായി പോകുന്ന വനിതാ മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതമായി യാത്ര ചെയ്യുന്നതിന് കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനും ഫിഷറീസ് വകുപ്പും ചേർന്ന് 'സമുദ്ര' എന്ന പേരിൽ മൂന്ന് സൗജന്യ ബസ് സർവ്വീസുകൾ തിരുവനന്തപുരം ജില്ലയിൽ 2021 ആഗസ്റ്റ് മാസം മുതൽ ആരംഭിച്ചിട്ടുണ്ട്. സമുദ്ര സർവ്വീസുകൾ വിലയിരുത്തി മറ്റ് കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ

26(*536) ശ്രീ. പി. പി. സുമോദ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നിയന്ത്രണത്തിലുള്ള യൂത്ത് ക്ലബ്ബുകൾ നടത്തുന്ന പ്രവർത്തനങ്ങൾ പൊതു സമൂഹത്തിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത യൂത്ത് കേരള എക്സ്പ്രസ്സ് പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യൂത്ത് ക്ലബ്ബുകളുടെ ശാക്തീകരണം ലക്ഷ്യമാക്കി സംസ്ഥാനാടിസ്ഥാനത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് യൂത്ത് കേരള എക്സ്പ്രസ്സ്. വിവിധ മേഖലകളിൽ ക്ലബ്ബുകൾ നടത്തുന്ന ഇടപെടലുകൾ കണ്ടെത്തി പൊതുസമൂഹത്തിന് മുന്നിൽ റിയാലിറ്റി ഷോയിലൂടെ അവതരിപ്പിക്കുക എന്നതാണ് ടി പരിപാടിയിലൂടെ ഉദ്ദേശിക്കുന്നത്. ഇതിനായി ക്ലബ്ബുകൾ വിവിധ മേഖലകളിൽ നടത്തിയ പ്രവർത്തനങ്ങൾ 5 മിനിട്ട് ദൈർഘ്യമുള്ള വീഡിയോകളാക്കി ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖേന സമർപ്പിക്കുവാൻ പത്രങ്ങൾ മുഖേനയും ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖേനയും പ്രചരണം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ ക്ലബ്ബുകളിൽനിന്നും

ലഭിച്ച അപേക്ഷകളിൽ നിന്നും വിദഗ്ദ്ധ സമിതി 100 ക്ലബ്ബുകളെ തെരഞ്ഞെടുക്കുകയും ചെയ്തു. തെരഞ്ഞെടുത്ത 100 ക്ലബ്ബുകളിൽ നിന്നുള്ള പ്രതിനിധികൾക്ക് സോണൽ തലത്തിൽ മത്സരിക്കുന്നതിനുള്ള തയ്യാറെടുപ്പിന്റെ ഭാഗമായി ബ്രെയിൻ സ്റ്റോമിംഗ് സെഷൻ നടത്തുകയും ഗ്രാന്റ് ഫിനാലെ തിരുവനന്തപുരത്തെ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ വച്ച് നടത്തുകയും ചെയ്തു.

(ബി) യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളെ സമൂഹത്തിന്റെ താഴെത്തട്ടിലുള്ള ജനവിഭാഗങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായി ആരംഭിച്ച യുവശക്തി പദ്ധതിയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

യൂത്ത് ക്ലബ്ബുകളെ സംഘടിപ്പിച്ച് സാമൂഹ്യ വികസന പ്രവർത്തനങ്ങൾ നടത്തുക, സന്നദ്ധപ്രവർത്തനങ്ങൾ നടത്തുക, യുവജനക്ഷേമ ബോർഡിന്റെ പദ്ധതികൾ താഴെത്തട്ടിലെത്തിക്കുക, കേരളോത്സവം ഉൾപ്പെടെയുള്ള പരിപാടികളിൽ യുവജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി പരിശ്രമിക്കുക, ഗ്രാമസഭകളിൽ യുവജന പങ്കാളിത്തം വർദ്ധിപ്പിക്കുക, ലേബർ ബാങ്ക് ഉൾപ്പെടെയുള്ള വിവിധ തൊഴിൽ അധിഷ്ഠിത പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നിവയാണ് യുവശക്തി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ ജില്ലാതലങ്ങളിലും പ്രാദേശികതലങ്ങളിലും സംഘടിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ യൂത്ത് കോ-ഓർഡിനേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. ഇവരിലൂടെയാണ് യുവശക്തി പദ്ധതി നടപ്പിലാക്കുന്നത്. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാതലങ്ങളിലാണ് നിലവിൽ യൂത്ത് കോ-ഓർഡിനേറ്റർമാർ പ്രവർത്തിച്ചു വരുന്നത്.

(സി) സിവിൽ സർവ്വീസ് പോലുള്ള മത്സര പരീക്ഷകൾക്ക് മികച്ച വിജയം നേടുന്നതിന് യുവജനങ്ങളെ പ്രാപ്തരാക്കുന്നതിന് പ്രത്യേക പരിശീലന പരിപാടികൾ യുവജനക്ഷേമ ബോർഡ് നടത്താറുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്, പി.എസ്.സി., ബാങ്കിംഗ് മേഖല, യു.പി.എസ്.സി. തുടങ്ങിയ മത്സര പരീക്ഷകൾക്കും റെയിൽവെ, മറ്റ് സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിലേയ്ക്കുള്ള മത്സര പരീക്ഷകൾക്കും യുവജനങ്ങളെ പ്രാപ്തരാക്കുന്നതിനുവേണ്ടി ഓൺലൈൻ & ഓഫ്‌ലൈൻ മത്സര പരീക്ഷാ പരിശീലന പരിപാടികൾ നടത്താറുണ്ട്.

**തടി നിർമ്മിത യന്ത്രവൽകൃത യാനങ്ങൾക്ക് പകരം സ്റ്റീൽ ബോട്ടുകൾ**

27(*537) ശ്രീ. എം. വിജിൻ:

ശ്രീ. സി. എച്ച്. കുഞ്ഞമ്പു:

ഡോ. കെ. ടി. ജലീൽ:

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സമുദ്ര മത്സ്യബന്ധന മേഖലയിൽ തീരെ സുരക്ഷിതമല്ലാത്തതും ആദായകരമല്ലാത്തതുമായ പഴക്കംചെന്ന തടി നിർമ്മിത യന്ത്രവൽകൃത യാനങ്ങൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. നിലവിൽ കൊല്ലം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, കോഴിക്കോട് ജില്ലകളിലായി 1595 പഴക്കംചെന്ന തടി നിർമ്മിത യന്ത്രവൽകൃത യാനങ്ങൾ മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്നുണ്ട്. വീൽ ഹൗസ് ഉള്ള തടിബോട്ടുകളുടെ ആയുസ്സ് നിലവിൽ 12 വർഷമായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ അവയ്ക്ക് ഇപ്പോൾ ലൈസൻസ് പുതുക്കി നൽകുന്നില്ല.

(ബി) തീരെ സുരക്ഷിതമല്ലാത്തതും ശേഷി കുറഞ്ഞതുമായ ഇത്തരം യാനങ്ങളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളും ഉടമകളുമായ മത്സ്യത്തൊഴിലാളികളുടെ എണ്ണം, വരുമാനം, സാമൂഹിക ചുറ്റുപാട് എന്നിവ സംബന്ധിച്ച് പഠിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) സ്റ്റീൽ ബോട്ടുകൾ നിർമ്മിക്കുന്നതിനോ പരിവർത്തനം ചെയ്യുന്നതിനോ ധനസഹായം നൽകി തടി ബോട്ടുകൾ മത്സ്യബന്ധനത്തിൽനിന്നും നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഘട്ടംഘട്ടമായി തടി ബോട്ടുകൾ മത്സ്യബന്ധനത്തിൽ നിന്നും നീക്കം ചെയ്ത് കൂടുതൽ സുരക്ഷിതമായ യാനങ്ങളിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്.

## പട്ടികജാതി, പട്ടിക ഗോത്രവർഗ്ഗങ്ങളിൽപ്പെട്ടവർക്ക് ആധുനിക തൊഴിൽ

28(*538) ശ്രീ. പി. വി. അൻവർ:

ശ്രീ. ഒ. ആർ. കേളു:

ശ്രീ. എം. രാജഗോപാലൻ:

ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടിക ഗോത്രവർഗ്ഗങ്ങളിൽപ്പെട്ടവരുടെ സാമൂഹിക, സാമ്പത്തിക പിന്നാക്കാവസ്ഥ മറികടക്കുന്നതിന് ഇത്തരം കുടുംബങ്ങളിലെ ഒരാൾക്കെങ്കിലും ആധുനിക തൊഴിൽ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. വെർച്ച്വൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (VTEE) എന്ന പദ്ധതിയിലൂടെ നിശ്ചിത യോഗ്യതയുള്ള എല്ലാ പട്ടികവർഗ്ഗക്കാർക്കും തൊഴിൽ ലഭ്യത ഉറപ്പുവരുത്താനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. പ്രശസ്ത തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ആധുനിക തൊഴിൽ പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നു. 'ഗോത്ര ജീവിക' പദ്ധതി പ്രകാരം മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ്, വയറിംഗ്, ഡ്രൈവിംഗ് തുടങ്ങിയ ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി സംരംഭകത്വ വികസനത്തിലൂടെ തൊഴിൽ ലഭ്യമാക്കുന്നുണ്ട്. പദ്ധതി ഗുണഭോക്താക്കളെ ഉൾപ്പെടുത്തി സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി, പട്ടിക ഗോത്രവർഗ്ഗങ്ങളിൽപ്പെട്ടവർക്ക് നൈപുണ്യശേഷി വർദ്ധിപ്പിക്കുന്നതിനായി ആധുനിക തൊഴിൽ മേഖലകളിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട, തൊഴിൽരഹിതർക്ക് വിവര സാങ്കേതികം, ഇലക്ട്രിക്കൽ & ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, ടെക്സ്റ്റൈൽ ഡിസൈനിംഗ് എന്നിങ്ങനെ വിവിധ മേഖലകളിൽ വിവിധ സർക്കാർ/സർക്കാരിതര ഏജൻസികൾ മുഖേന നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് അട്ടപ്പാടിയിൽ വസ്ത്രനിർമ്മാണ രംഗത്ത് പരിശീലനം പൂർത്തീകരിച്ച 291 പട്ടികവർഗ്ഗ യുവതികൾക്ക് തൊഴിൽ

ഉറപ്പുവരുത്തുന്നതിനായി "അടാപ്പ്" എന്ന പേരിൽ വ്യവസായ യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പും കെ.എസ്.ആർ.ടി.സി.-യുമായി ചേർന്ന് ട്രൈബൽ എത്നിക് റെസ്റ്റോറന്റ് എന്ന സംരംഭകത്വ തൊഴിൽദായക പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടാതെ എയർപോർട്ട് മാനേജ്മെന്റ് & എയർലൈൻ കോഴ്സുകൾ, നിലവിൽ നടന്നുകൊണ്ടിരിക്കുന്ന ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകൾ തുടങ്ങിയ ആധുനികവും തൊഴിൽ സാധ്യതയുള്ളതുമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) ദേശീയ, അന്തർദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിനും വിദേശത്തുൾപ്പെടെ തൊഴിൽ തേടുന്നതിനും പട്ടികജാതി, പട്ടിക ഗോത്രവർഗ്ഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകിവരുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനും വിദേശ പഠനത്തിനും സ്കോളർഷിപ്പ് നൽകിവരുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ-കൾ മുഖേന വിവിധ ട്രേഡുകളിൽ സാങ്കേതിക പരിശീലനം നല്കിവരുന്നു. പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി കോളേജിൽ CPPM (Certificate Programme in Precision Machinist) എന്ന കോഴ്സിന് പരിശീലനം നൽകുന്നുണ്ട്. മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ്, പി.എസ്.സി, ഉൾപ്പെടെയുള്ള വിവിധ മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനായി 4 പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. CREST എന്ന സ്വയംഭരണ സ്ഥാപനം മുഖേന ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിനും കോർപ്പറേറ്റ് മേഖലകളിൽ ഉൾപ്പെടെ ജോലി ലഭിക്കുന്നതിനും പ്രാപ്തരാക്കുന്നുണ്ട്. ഒരു മെഡിക്കൽ കോളേജും ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിവിധ കോഴ്സുകളിൽ പരിശീലനം നൽകുന്നതിനുവേണ്ടി ഒരു ശാഖയും പാലക്കാട് ജില്ലയിൽ പ്രവർത്തിച്ചുവരുന്നു. ഫ്ലയിംഗ് കോഴ്സിന് ചേർന്നുപഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് നൽകിവരുന്നുണ്ട്. സിവിൽ സർവ്വീസ് പരീക്ഷയിൽ പരിശീലനം നൽകുന്നതിന് വകുപ്പിനുകീഴിൽ ICSETS എന്ന സ്ഥാപനവും പ്രവർത്തിച്ചുവരുന്നു. യോഗ്യരായ യുവതീയുവാക്കൾക്ക് വകുപ്പിന്റെ വിദേശ തൊഴിൽ ധനസഹായ പദ്ധതി പ്രകാരം ഒരു ലക്ഷം രൂപ അനുവദിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനും വിദേശ പഠനത്തിനും സ്കോളർഷിപ്പ് നൽകുന്നുണ്ട്. വിദേശ പഠനത്തിനായി 2-7-2009-ലെ സർക്കാർ ഉത്തരവ് 50/2009/പജ.പവ.വിവ പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യം വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക്

നൽകിവരുന്നു. ടി ഉത്തരവിന്റെ പരിധിയിൽപ്പെടാത്ത 2.5 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ സ്കോളർഷിപ്പ് നൽകുന്നു. നാഷണൽ എൻട്രൻസ് ടെസ്റ്റ് വഴി സംസ്ഥാനത്തിന് പുറത്ത് മികച്ച സ്ഥാപനങ്ങളിൽ പ്രവേശിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശപഠനം നടത്തുന്നതിന് 25 ലക്ഷം രൂപ വരെയുള്ള സ്കോളർഷിപ്പ് വകുപ്പ് മുഖേന നൽകിവരുന്നു. സർക്കാർ അംഗീകൃത തൊഴിൽ പരിശീലന സ്ഥാപനങ്ങളെ കണ്ടെത്തി തൊഴിൽ നൈപുണ്യ അധിഷ്ഠിത കോഴ്സുകളിൽ പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ പ്ലെയ്സ്മെന്റിലൂടെ തൊഴിൽ ഉറപ്പുവരുത്തുകയും ചെയ്തുവരുന്നുണ്ട്.

**പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നൽകുന്ന വായ്പകൾ**

29(*539) ശ്രീ. തോമസ് കെ. തോമസ്:

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:

ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി നൽകിവരുന്ന വിവിധ വായ്പകൾ ലളിതവും സൗകര്യപ്രദവുമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി നൽകിവരുന്ന വായ്പകൾ ലളിതവും സൗകര്യപ്രദവുമാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. വായ്പാ വിതരണത്തിനും തിരിച്ചടവിനും കോർപ്പറേഷൻ ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കോർപ്പറേഷന് തനതായ സോഫ്റ്റ്‌വെയർ നിലനിൽക്കുന്നതിനാൽ ദൈനംദിന പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നു.

2.പ്രവർത്തനങ്ങൾ കൂടുതൽ ഏകീകരിക്കുന്നതിനും വേഗത്തിലാക്കുന്നതിനും കോർപ്പറേഷന്റെ മൊബൈൽ ആപ്ലിക്കേഷൻ വികസന ഘട്ടത്തിലാണ്.

3. കോർപ്പറേഷൻ വഴി നൽകിവരുന്ന വായ്പാ പദ്ധതികളുടെ കുടുംബ വാർഷിക വരുമാന പരിധി 1,20,000 രൂപയിൽ നിന്നും 3 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്.

4. കൂടാതെ സംസ്ഥാനത്തെ പിന്നാക്ക/മത ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട കൂടുതൽ ആളുകൾക്ക് കോർപ്പറേഷന്റെ സേവനങ്ങൾ ലഭ്യമാക്കുന്നതിന് കോർപ്പറേഷന് 14 ജില്ലകളിലും ജില്ലാ ഓഫീസുകളും 20 ഉപജില്ലാ ഓഫീസുകളും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

(ബി) പ്രസ്തുത വായ്പകളുടെ തുക വർദ്ധിപ്പിക്കുന്നതിനും സബ്സിഡി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC), ദേശീയ സഫായി കർമ്മചാരീസ് ധനകാര്യ വികസന കോർപ്പറേഷൻ (NSKFDC) എന്നീ ദേശീയ ഏജൻസികളുടെ ഫണ്ട് വിനിയോഗിച്ച് അവരുടെ മാനദണ്ഡങ്ങൾക്ക് വിധേയമായാണ് കോർപ്പറേഷൻ വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. ടി വായ്പാ പദ്ധതികൾ പ്രകാരം തുക വർദ്ധിപ്പിക്കുന്നതിന് കോർപ്പറേഷന് അധികാരമില്ല. എന്നാൽ കോർപ്പറേഷന്റെ തനത് ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതികളുടെ തുക കാലാകാലങ്ങളിൽ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്. പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന സ്റ്റാർട്ട്-അപ്, റീ-ടേൺ എന്നീ രണ്ട് വായ്പാ പദ്ധതികൾക്കാണ് സബ്സിഡിയുള്ളത്. സ്റ്റാർട്ട്-അപ് പദ്ധതിക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിൽനിന്നും റീ-ടേൺ പദ്ധതിക്ക് നോർക്ക റൂട്ട്സിൽ നിന്നുമാണ് സബ്സിഡി അനുവദിക്കുന്നത്. പിന്നാക്ക വിഭാഗ വികസന വകുപ്പും നോർക്ക റൂട്ട്സും കാലാകാലങ്ങളിലുള്ള തീരുമാനങ്ങൾക്ക് വിധേയമായാണ് സബ്സിഡി നൽകുന്നത്.

**ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനായുള്ള പ്രവർത്തനം**

30(*540) <u>ശ്രീ. ടി. ജെ. വിനോദ്:</u>

<u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും ശുദ്ധജല ലഭ്യത ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീട്ടുകൾക്കും 2024-ഓടുകൂടി കുടിവെള്ള കണക്ഷൻ ലഭ്യമാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി ജല ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കിവരുന്നു. ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് പ്രതിദിന ആളോഹരി ജലലഭ്യത ഏറ്റവും കുറഞ്ഞത് 55 ലിറ്റർ ഉറപ്പാക്കുന്ന തരത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുവാൻ അനുമതി നൽകിയിട്ടുള്ള കുടിവെള്ള കണക്ഷനുകൾ സംബന്ധിച്ച് നിയോജക മണ്ഡലാടിസ്ഥാനത്തിൽ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു*. കൂടാതെ കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ, നബാർഡ്, ആർ.കെ.ഐ തുടങ്ങിയ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തിട്ടുള്ള പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. ഇതിനുപുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് പ്രവൃത്തികളായും കുടിവെള്ള വിതരണ പദ്ധതികൾ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്നുണ്ട്. ഇത് കൂടാതെ ലോകബാങ്ക് ധനസഹായത്തോടെയുള്ള ജലനിധി ഒന്നും രണ്ടും ഘട്ട പദ്ധതികളിലായി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 227 പഞ്ചായത്തുകളിലായി 5883 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതുവഴി 4.46 ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭൂജല വകുപ്പ് മുഖേന കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള വിതരണ പദ്ധതികളും സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

(ബി) നിലവിലുള്ള ജലവിതരണ പദ്ധതികളിൽ പൈപ്പുകളുടെ ചോർച്ച ഒഴിവാക്കാനും പഴയവ മാറ്റി സ്ഥാപിക്കുന്നതിനും പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ?

നിലവിലുള്ള ജലവിതരണ പദ്ധതികളിൽ പൈപ്പുകളുടെ ചോർച്ച ശ്രദ്ധയിൽപ്പെടുമ്പോൾ തന്നെ അടിയന്തരമായും സമയബന്ധിതമായും ചോർച്ച പരിഹരിച്ച് കുടിവെള്ളം പാഴാകുന്നത് തടയുന്നതിനുവേണ്ടി റണ്ണിംഗ് കോൺട്രാക്റ്റർ, ബ്ലൂ ബ്രിഗേഡ് എന്നീ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. പൈപ്പുകളുടെ ചോർച്ച ഒഴിവാക്കുന്നതിനും കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും പ്ലാൻ ഫണ്ട്, കിഫ്ബി, അമൃത് എന്നിവയിലുൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. കെ.ആർ.ഡബ്ല്യു.എസ്.എ മുഖേന നടപ്പിലാക്കിയ ശുദ്ധജല വിതരണ പദ്ധതികളുടെ സംരക്ഷണവും നടത്തിപ്പും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിപാലനവും അറ്റകുറ്റപ്പണികളും ഗുണഭോക്തൃ സമിതികളാണ് നിർവ്വഹിക്കുന്നതെങ്കിലും ചില പദ്ധതികൾ ഗുണഭോക്തൃ സമിതികളുടെ പ്രവർത്തന വൈകല്യം മൂലമോ മറ്റ് സാങ്കേതിക കാരണങ്ങളാലോ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തിക്കാത്തതായി ശ്രദ്ധയിൽപ്പെടുന്നപക്ഷം ടി പദ്ധതികൾ സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സുസ്ഥിരതാ സഹായ ഫണ്ട് (Sustainability Support to Community Managed Water Supply Scheme) എന്ന പേരിലുള്ള പദ്ധതി മുഖേന പ്രവർത്തനസജ്ജമാക്കിവരുന്നുണ്ട്.

(സി) മഴവെള്ളം പൂർണ്ണമായും ഉപയോഗപ്പെടുത്തി ജലക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

മഴവെള്ളം ഉപയോഗപ്പെടുത്തി ജലക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി KRWSA-യുടെ ഭാഗമായ മഴകേന്ദ്രം, പുരപ്പുറ, മഴവെള്ള ശേഖരണം, സംഭരണം, പരിപോഷണം എന്നിങ്ങനെ വിവിധ പരിപാടികൾ 2012-13 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്നു. സംസ്ഥാന പ്ലാൻ സ്കീമിൽ അനുവദിക്കുന്ന തുക ഉപയോഗിച്ച് പങ്കാളിത്താധിഷ്ഠിത മാതൃകയിലാണ് പദ്ധതി ഗ്രാമപഞ്ചായത്ത് മുഖാന്തരം നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 46 ഗ്രാമ പഞ്ചായത്തുകളിലെ 8401 കുടുംബങ്ങൾക്കും സംസ്ഥാനത്തെ 840 സർക്കാർ വിദ്യാലയങ്ങളിലും 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുവാൻ സഹായകരമായ സംഭരണികൾ നിർമ്മിച്ച് നൽകുകയും 8 ഗ്രാമ പഞ്ചായത്തുകളിൽ മേൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. കൂടാതെ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരം കാണുക എന്ന ഉദ്ദേശത്തോടെ 20 ഗ്രാമപഞ്ചായത്തുകളിലെ 7218 കുടുംബങ്ങളിലെ തുറന്ന കിണറുകൾ റീചാർജ് ചെയ്യുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. മഴവെള്ളം ഉപയോഗപ്പെടുത്തി ജലക്ഷാമം പരിഹരിക്കുന്നതിന് ' ഭൂജല സംരക്ഷണവും സംപോഷണവും' എന്ന പ്ലാൻ പദ്ധതി ഭൂജല വകുപ്പ് നടപ്പാക്കി വരുന്നു. മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം ഉപയോഗപ്പെടുത്തി റീചാർജ്ജ് പിറ്റ്/തുറന്ന കിണർ/കുഴൽക്കിണർ വഴിയുള്ള ഭൂജല സംപോഷണ പദ്ധതികളും ചെറിയ തടയണകളുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം (0.1 ഹെക്ടറിൽ താഴെയുള്ളത്) എന്നീ പ്രവൃത്തികളും ദീർഘകാലാടിസ്ഥാനത്തിൽ ജലക്ഷാമം പരിഹരിക്കുന്നതിന് നടപ്പിലാക്കിവരുന്നു. മഴക്കാലത്ത് ലഭ്യമാകുന്ന ജലം പരമാവധി സംഭരിച്ച് കൃഷിക്കും മറ്റാവശ്യങ്ങൾക്കുമുപരി ഭൂജലപോഷണം കൂടി

സാധ്യമാക്കുന്നതിന് പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ സംരക്ഷിച്ച് സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന ബജറ്റ് വിഹിതം ഉപയോഗിച്ചുള്ള പ്രവൃത്തികൾക്കുപുറമേ, ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി"-യുടെ ഭാഗമായി സംയോജിത നീർത്തടാടിസ്ഥാനത്തിൽ തയ്യാറാക്കിയ "നീർത്തട പ്ലാനുകളിൽ" നിർദ്ദേശിച്ചിട്ടുള്ള കുളങ്ങൾ/തോടുകൾ എന്നിവ "റിഡ്ജ്-ടു-വാലി" സമീപനത്തോടെ പുനരുദ്ധരിച്ച് സംഭരണശേഷി വർദ്ധിപ്പിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കാനും ഭൂജലപോഷണം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.

(ഡി) മഴവെള്ളം സംഭരിക്കുന്നതിനായി നടപ്പാക്കിയ പദ്ധതികൾ പരാജയപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം പഠന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

വ്യക്തിഗത കുടുംബങ്ങളിൽ നടപ്പിലാക്കിയ മഴവെള്ള സംഭരണ പദ്ധതികൾ താരതമ്യേന വിജയകരമാണ്. എന്നാൽ പൊതുസ്ഥാപനങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളിൽ ഏറിയ പങ്കും കൃത്യമായും സമയബന്ധിതമായും പരിപാലിക്കാത്തതിനാൽ പരാജയപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം കൃത്യമായ ഒരു പഠനത്തിന് ഇതുവരെയും വിധേയമാക്കിയിട്ടില്ലെങ്കിലും പൊതുസ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കുമ്പോൾ പ്രത്യേക ശ്രദ്ധ നൽകാറുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഭൂമിയില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി

1 (5939) <u>ശ്രീ. അൻവർ സാദത്ത്:</u>

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>

<u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമിയെങ്കിലും നൽകുമെന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

വനാവകാശ നിയമം, നിക്ഷിപ്ത വനഭൂമി വാങ്ങി നൽകൽ പദ്ധതി എന്നിവ മുഖേന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ടെങ്കിലും ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ഒരേക്കർ ഭൂമി നൽകുമെന്ന തീരുമാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. എല്ലാവർക്കും ഒരേക്കർ വീതം ഭൂമി നൽകുവാനുള്ള റവന്യൂ ഭൂമിയുടെ കുറവാണ് പ്രധാന കാരണം. ലഭ്യമായിട്ടുള്ള റവന്യൂ ഭൂമി, നിക്ഷിപ്ത വനഭൂമി എന്നിവ വിതരണം ചെയ്ത് ഒരേക്കർ ഭൂമി നൽകുന്നതിനുള്ള നടപടി തുടർന്നുവരുന്നു.

(ബി) വനാവകാശ നിയമപ്രകാരം വനഭൂമി വിതരണം ചെയ്യുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും സുപ്രീംകോടതിയുടെയും അനുമതി ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത ഭൂമി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമിയാണ് ഇപ്രകാരം വിതരണം ചെയ്യുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉണ്ട്. സംസ്ഥാനത്ത് വനാവകാശ നിയമപ്രകാരം നാളിതുവരെയായി 26,714 പേർക്ക് 35,405.56 ഏക്കർ ഭൂമിക്കുള്ള വ്യക്തിഗത അവകാശങ്ങൾക്കുള്ള കൈവശരേഖയും 183 സാമൂഹിക അവകാശങ്ങളും 503 പേർക്ക് 187.38 ഏക്കർ ഭൂമിയുടെ വികസന അവകാശങ്ങളും വിതരണം ചെയ്തിട്ടുണ്ട്. ബഹു. സുപ്രീംകോടതി ഉത്തരവുപ്രകാരം ലഭ്യമായ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം 4,731 പേർക്കായി 5,333.14 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(സി) വനഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ആയതുപ്രകാരം എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി വീതം വാങ്ങി നൽകിയെന്ന് വ്യക്തമാക്കുമോ?

വനഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂമി വിലയ്ക്കുവാങ്ങി നൽകുന്ന പദ്ധതി പ്രകാരം നാളിതുവരെയായി 816 പേർക്ക് 386.04 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം നാളിതുവരെയായി 176 പേർക്ക് 24.88 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഭൂമി വിലയ്ക്കുവാങ്ങി നൽകുന്ന പദ്ധതി, ലാൻഡ് ബാങ്ക് പദ്ധതി എന്നീ പദ്ധതികളിൽ ഒരേക്കർ ഭൂമി വീതം വാങ്ങി നൽകിയിട്ടില്ല.

## പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവർക്ക് സംരംഭക മേഖലയിൽ പരിശീലനം

2(5940) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു:</u>
<u>ശ്രീ. മുരളി പെരുനെല്ലി:</u>
<u>ശ്രീമതി ഒ. എസ്. അംബിക:</u>
<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവർക്ക് കൃഷി ചെയ്യുന്നതിനായി ഭൂമി പാട്ടവ്യവസ്ഥയിൽ നൽകുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഇല്ല.

(ബി) പുതിയ ബിസിനസ് സംരംഭങ്ങൾ ആരംഭിക്കുവാൻ പട്ടികജാതി യുവജനങ്ങളെ പ്രാപ്തരാക്കുന്നതിന് സംരംഭക നൈപുണ്യ വികസന മേഖലയിൽ പരിശീലനം നൽകുന്നതിനായി പ്രത്യേക നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇതിനായി പ്രത്യേക കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

പട്ടികജാതി വിഭാഗത്തിലെ യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി സ്വയംതൊഴിൽ സബ്സിഡി പദ്ധതി, പട്ടികജാതി വിഭാഗത്തിൽപ്പെട്ട പത്തോ അധിലധികമോ അംഗങ്ങളുള്ള സ്വയം സഹായ സംഘങ്ങൾക്ക് പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. കൂടാതെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി ബിസിനസ്സിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിലേയ്ക്കായി സ്റ്റാർട്ട് അപ്പ് ഡ്രീംസ് എന്ന പേരിലും ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പുമുഖേന ഒരു ലക്ഷം രൂപ വരെയും (1/3 സബ്സിഡി) ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും (പ്രോജക്ട് കോസ്റ്റിന്റെ 75%) സ്വയം തൊഴിൽ സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരാവയവർക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭിക്കുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിക്കുന്നത് കൂടാതെ വിവിധ മേഖലകളിൽ

നൈപുണ്യ വികസന പരിശീലന പരിപാടിയും നടപ്പിലാക്കിവരുന്നു. വിവരസാങ്കേതികം, ഇലക്ട്രിക്കൽ ആൻഡ് ആട്ടോമൊബൈൽ എഞ്ചിനീയറിംഗ് ടെക്സ്റ്റൈൽസ് ഡിസൈനിംഗ്, ആയുർവേദ നഴ്സിംഗ്, പഞ്ചകർമ്മ ഫാർമസി, യോഗ ഇൻസ്ട്രക്ടർ, സ്പാ തെറാപ്പി തുടങ്ങിയ പരിശീലനങ്ങളും കാർഷിക മേഖലയുമായി ബന്ധപ്പെട്ട തൊഴിൽ പരിശീലനവും ഉൾപ്പെടെ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ വിവിധ ഏജൻസികൾ മുഖേന നടപ്പാക്കുന്നുണ്ട്.

**പട്ടികജാതി വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനായി ഭൂമി**

3 (5941) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭൂരഹിതരായ പട്ടികജാതി വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങാൻ പ്രത്യേക പദ്ധതി നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ അർഹതാ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ലൈഫ് മിഷൻ അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ലൈഫ് മിഷൻ പട്ടികയിൽനിന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങി നൽകുന്ന ഭൂരഹിത പുനരധിവാസ പദ്ധതി വകുപ്പ് മുഖാന്തരം നടപ്പിലാക്കിവരുന്നു.

**വർക്കല മണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ കുടിവെള്ളം**

4 (5942) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ഏതെല്ലാം പട്ടികജാതി കോളനികളിലാണ് കുടിവെള്ള ലഭ്യത കുറവുള്ളതെന്ന് വ്യക്തമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിലെ കുടിവെള്ള ലഭ്യത കുറവുള്ള കോളനികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ഇലകമൺ പഞ്ചായത്ത് - ഇ.പി.കോളനി, കാട്ടുമഠം കോളനി, പരുത്തിപ്പുഴ കോളനി, കല്ലുവിള കോളനി

2. വെട്ടൂർ പഞ്ചായത്ത് - മുനിക്കുന്ന് ലക്ഷംവീട് കോളനി

3. വർക്കല മുനിസിപ്പാലിറ്റി - ശാരദാഗിരി, വില്ലക്കളം കോളനി, പണിക്കവിളാകം കോളനി, രഘുനാദപുരം, പഴവിള കോളനി, തച്ചൻകോണം, അക്കവിള, എള്ളവിള, അഛൻ വിളാകം, കുഴിവിളാകം, കല്ലാഴി, കുന്നിൻപുറം വയലാലി കോളനി, ജനാർദ്ദനപുരം കോളനി

4. നാവായിക്കുളം പഞ്ചായത്ത് - കോണാത്ത് കിഴക്കേക്കര, ഇടമൺനില പുളിയറക്കോണം, നട്ടയിൽ കോളനി

5. മടവൂർ ഗ്രാമപഞ്ചായത്ത് - മണ്ണടിക്കോണം, കാരോട്ട്കോണം മടവൂർ, മുളമന കോളനി.

(ബി) പ്രസ്തുത കോളനികളിൽ കുടിവെള്ളമെത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്.

**അംബേദ്കർ ഗ്രാമവികസന പദ്ധതിപ്രകാരം പ്രളയക്കെടുതി നേരിട്ട കോളനികളുടെ പുനർനിർമ്മാണം**

5 (5943) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതി നേരിട്ട കോളനികളുടെ പുനർനിർമ്മാണത്തിനായി അംബേദ്കർ ഗ്രാമവികസന പദ്ധതിപ്രകാരം എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പാക്കിയിട്ടുള്ളത്?

പ്രളയംമൂലം നാശനഷ്ടം സംഭവിച്ച എല്ലാ നിർമ്മാണ പ്രവൃത്തികളുടെയും പുനർനിർമ്മാണം അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് എത്ര കോളനികളിൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട് എന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ?

17 കോളനികളിൽ പ്രവർത്തനങ്ങൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കൽപ്പറ്റ മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പദ്ധതി

6 (5944) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പദ്ധതി മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടോ എന്നറിയിക്കാമോ?

കൽപ്പറ്റ നിയോജകമണ്ഡലത്തിലെ മൈലാടി, കൈരളി, കുഴിമുക്ക്, ഇടിയംവയൽ, പഴശ്ശി, ഇുപ്പരിമൂല കുറ്റ്യാംവയൽ, കൊട്ടംകായം, ശാന്തിനഗർ എന്നീ 9 പട്ടികവർഗ്ഗ കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പദ്ധതികൾ ഏതെല്ലാമാണെന്നും ഇതിന്റെ പുരോഗതി എന്താണെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ചെലവഴിച്ച ഫണ്ട് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

(ബി&സി) പദ്ധതികളുടെ പുരോഗതി, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## ചൊവ്വൂർ ഐ.എച്ച്.ഡി.പി. കോളനിയിലെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി

7 (5945) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പാലാ ചൊവ്വൂർ ഐ.എച്ച്.ഡി.പി. കോളനിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ&ബി) 2020-21 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പാലാ ചൊവ്വൂർ ഐ.എച്ച്.ഡി.പി കോളനിയിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടികജാതി കോളനികൾക്ക് അനുവദിക്കുന്ന ഫണ്ടുകൾ**

8 (5946) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടികജാതി കോളനികൾ ഏതൊക്കെയാണ്; ഓരോ കോളനിയിലെയും കുടുംബങ്ങളും അവിടത്തെ ആൾക്കാരുടെ എണ്ണവും വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും കോളനികളിലേയ്ക്കുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനും ഏതൊക്കെ ഫണ്ടുകളാണ് അനുവദിക്കുന്നതെന്ന് വിശദമാക്കാമോ?

പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും കോളനികളിലേയ്ക്കുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനുമായി വകുപ്പ് മുഖേന കോർപ്പസ് ഫണ്ടും അംബേദ്കർ ഗ്രാമ വികസന പദ്ധതിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എസ്.സി.പി. വിഹിതവും അനുവദിക്കുന്നുണ്ട്.

**കൊണ്ടോട്ടി മണ്ഡലത്തിലെ പട്ടികജാതി കോളനികളിലേയ്ക്കുള്ള റോഡുകൾ**

9 (5947) <u>ശ്രീ. ടി. വി. ഇബ്രാഹിം:</u> താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊണ്ടോട്ടി മണ്ഡലത്തിലെ പട്ടികജാതി കോളനികളിലേയ്ക്കുള്ള ഏതെല്ലാം റോഡുകൾ അറ്റകുറ്റപ്പണികൾ നടത്താനുണ്ടെന്നും ഇവയിൽ ഏതെല്ലാം റോഡുകളുടെ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം

10 (5948) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി കഴിഞ്ഞ 10 വർഷക്കാലം നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി ഗാന്ധിഗ്രാമം പദ്ധതി, സ്വയം പര്യാപ്ത ഗ്രാമം പദ്ധതി, അംബേദ്കർ ഗ്രാമ വികസന പദ്ധതി, കോർപ്പസ് ഫണ്ട് എന്നീ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി ഹാംലറ്റ് വികസന പദ്ധതി, അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി, എ.റ്റി.എസ്.പി. പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കാസർഗോഡ് ജില്ലയിൽ തെരഞ്ഞെടുത്ത കോളനികൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കോളനികളിൽ പ്രവൃത്തികൾ ആരംഭിച്ചതും പൂർത്തീകരിച്ചതും എപ്പോഴെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രവൃത്തി പൂർത്തീകരിക്കാത്ത കോളനികൾ ഏതൊക്കെയാണെന്നും പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന് കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(ഇ) ഓരോ കോളനിക്കും അനുവദിച്ച ഫണ്ട് എത്രയാണെന്നും കരാറുകാർ ആരൊക്കെയാണെന്നും എസ്റ്റിമേറ്റുകളിൽ പറഞ്ഞിട്ടുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

(ബി-ഇ) അനുബന്ധം 1, 2, 3 ആയി ഉൾപ്പെടുത്തിയിരിക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പാറശ്ശാല മണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ കോളനികൾ

11 (5949) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ കോളനികൾ എത്രയുണ്ടെന്നും അവ ഏതെല്ലാമെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ പട്ടികജാതി കോളനിയിലും എത്ര കുടുംബങ്ങളാണ് താമസിക്കുന്നതെന്ന് വ്യക്തമാക്കാമോ; അതിൽ ഫീസിബിലിറ്റി ഉള്ളവയും ഇല്ലാത്തവയും തരംതിരിച്ച് വിശദീകരിക്കാമോ?

(എ&ബി) പാറശ്ശാല നിയോജകമണ്ഡലത്തിൽ 138 പട്ടികജാതി കോളനികളും 26 പട്ടികവർഗ്ഗ കോളനികളുമുണ്ട്. പട്ടികവർഗ്ഗ കോളനികളുടെ വിശദാംശം അനുബന്ധം-എ ആയും പട്ടികജാതി കോളനികളുടെ വിശദാംശം അനുബന്ധം - ബി ആയും ചേർക്കുന്നു.*

(സി) മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം നവീകരിച്ച പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതികളുടെ പുരോഗതി അറിയിക്കാമോ?

പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം ചുവടെ ചേർക്കുന്ന പട്ടികജാതി കോളനികൾ നവീകരിച്ചിട്ടുണ്ട്. കോളനി, പഞ്ചായത്ത് പള്ളിത്തറ കോളനി - ഒറ്റശേഖരമംഗലം, വേങ്കവിള കുട്ടത്തിവിള നക്കോട്ട് കോണം - കുന്നത്തുകാൽ, കല്ലുവിളമുകൾ പുല്ലിച്ചൽക്കോണം കോളനി - ആര്യങ്കോട് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അമ്പൂരി ഗ്രാമപഞ്ചായത്തിലെ തെൻമല പട്ടികവർഗ്ഗ സങ്കേതത്തിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതിയിലുൾപ്പെട്ട പുരവിമല-തേക്കൻമൂട് റോഡ് ഇന്റർലോക്ക്, പീയണിപ്പാറ-കണ്ണമാംമൂട് റോഡ് ഇന്റർലോക്ക് എന്നീ പ്രവൃത്തികൾ വനം വകുപ്പിന്റെ അനുമതി ലഭ്യമാകാത്തതിനാൽ പദ്ധതി ആരംഭിച്ചിട്ടില്ല.

(ഡി) മേൽപദ്ധതി പ്രകാരം പുതിയതായി നവീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ള പട്ടികജാതി, പട്ടികവർഗ്ഗ കോളനികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ അംബേദ്കർ ഗ്രാമം/അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതികൾ പ്രകാരം കൂടുതൽ കോളനികളെ തെരഞ്ഞെടുക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**ചോയി മഠം കോളനിയുടെ അടിസ്ഥാന സൗകര്യങ്ങൾ**

12 (5950) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേളം ഗ്രാമപഞ്ചായത്തിലെ ചോയി മഠം കോളനിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കോളനിയിൽ കുടിവെള്ളവും യാത്രാ സൗകര്യവും ലഭ്യമാക്കുന്നതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

(എ&ബി) പ്രസ്തുത കോളനിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നിലവിൽ പദ്ധതികളില്ല. എന്നാൽ കുടിവെള്ളത്തിനായി എം.പി. ലാഡിൽ തുക അനുവദിച്ചിരുന്നു. എം.പി. ഫണ്ടിന്റെ പരിമിതി മൂലം പദ്ധതി പ്രവൃത്തി ആരംഭിച്ചിട്ടില്ല. കോളനിയിൽ യാത്രാസൗകര്യത്തിനുവേണ്ടി ഗതാഗതയോഗ്യമായ റോഡുണ്ട്. മറ്റു പദ്ധതികൾ നിലവിലില്ല.

(സി) കോളനിയിലെ എത്ര ഗുണഭോക്താക്കൾക്കാണ് പട്ടികജാതി/ പട്ടികവർഗ്ഗ വകുപ്പിന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനസഹായം ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

13 ഗുണഭോക്താക്കൾക്ക് 2020-21 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികളിൽ ധനസഹായം നൽകിയിട്ടുണ്ട്.

(ഡി) കോളനിയുടെ ഒരു ഭാഗം മഴക്കാലത്ത് വെള്ളത്തിനടിയിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അടിയന്തരഘട്ടങ്ങളിൽ വീടുകളിൽനിന്നും ആളുകളെ മാറ്റിപാർപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അടിയന്തര ഘട്ടങ്ങളിൽ കോളനിക്കടുത്തുള്ള ശാന്തി നഗറിൽ ഒരു പ്രൈവറ്റ് ഹോസ്റ്റലിൽ ആളുകളെ മാറ്റിപ്പാർപ്പിക്കുന്നുണ്ട്. ശാശ്വത പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

## വൈപ്പിൻ മണ്ഡലത്തിലെ പട്ടികജാതി കോളനികളിലെ വികസനപ്രവർത്തനങ്ങൾ

13 (5951) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലഘട്ടത്തിൽ വൈപ്പിൻ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ നടപ്പിലാക്കിയ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

പ്രസ്തുത നിയോജകമണ്ഡലത്തിൽ 2016-21 കാലഘട്ടങ്ങളിലായി കോളനികളുടെ നവീകരണത്തിനായി പട്ടികജാതി വികസന വകുപ്പ് മുഖേന കോർപ്പസ് ഫണ്ട് പദ്ധതി, അംബേദ്കർ ഗ്രാമവികസന പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽപ്പെടുത്തി പുനരുദ്ധരിച്ച കോളനികൾ ഏതെല്ലാമെന്നും പ്രസ്തുത പ്രവൃത്തികളുടെ നിജസ്ഥിതി എന്തെന്നും വ്യക്തമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിലെ പള്ളിപ്പുറം പഞ്ചായത്തിലെ ഒ.എൽ.എച്ച്., നായരമ്പലം പഞ്ചായത്തിലെ ഐ.എച്ച്.ഡി.പി. എന്നീ കോളനികളെ അംബേദ്ക്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്.
1. ഒ.എൽ.എച്ച് കോളനിയിലെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.
2. ഐ.എച്ച്.ഡി.പി.കോളനിയിൽ 65% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.
3. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി സ്ഥലം ലഭ്യമാകാത്തതിനാൽ ആയത് റദ്ദ് ചെയ്തു.

(സി) പ്രസ്തുത മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് 2016-2021 കാലഘട്ടത്തിൽ നടപ്പിലാക്കിയ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി 2016-17 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾക്കായി (1,10,00,000 രൂപ) ഒരു കോടി പത്ത് ലക്ഷം രൂപയും 2019-20 സാമ്പത്തിക വർഷത്തിൽ (85,00,000) എൺപത്തിയഞ്ച് ലക്ഷം രൂപയും വകയിരുത്തിയിരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയിരുന്ന 25,00,000 രൂപ അടങ്കൽ തുകയായുള്ള സീഷോർ പട്ടികജാതി കോളനി റോഡ് നിർമ്മാണം എന്ന പ്രവൃത്തി ഒഴികെ മറ്റെല്ലാ പ്രവൃത്തികളും കരാറുകാർ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാകാത്തതുമൂലം റദ്ദ് ചെയ്തിട്ടുണ്ട്.

## പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതി

14 (5952) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതിക്ക് എപ്പോഴാണ് ഭരണാനുമതി ആയത്; എപ്പോഴാണ് പ്രവൃത്തി തുടങ്ങിയത്; വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കാരന്തോട് പട്ടികജാതി കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 25-4-2019-ന് ഭരണാനുമതി നൽകുകയും 4-7-2019-ന് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ക്ലൂക്കാനം പട്ടികജാതി കോളനിയിലെ പ്രവൃത്തികൾക്ക് 10-2-2021-ന് ഭരണാനുമതി നൽകുകയും 29-9-2021-ന് പ്രവൃത്തി ആരംഭിക്കുന്നതിന് കണ്ണൂർ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 2017-18 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടുവയൽ, എയ്യൻകല്ല് എന്നീ കോളനികളിലെ വികസന പ്രവർത്തനങ്ങൾക്ക് യഥാക്രമം 13-8-2020, 20-8-2020 തീയതികളിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ പട്ടുവയൽ കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ 10-10-2020-ന് ആരംഭിച്ചിട്ടുണ്ട്. എയ്യൻകല്ല് കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

(ബി) പദ്ധതിയുടെ പൂർത്തീകരണ കാലാവധി എപ്പോഴാണ്; പദ്ധതിയിൽ വരുന്ന നിർമ്മാണ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; നിർമ്മാണ പ്രവൃത്തികൾ വൈകുന്നതിനുള്ള കാരണം വിശദമാക്കാമോ?

പട്ടികജാതി കോളനികളിലെ പദ്ധതികളുടെ പൂർത്തീകരണ കാലാവധി 6 മാസമാണ്. കാരന്തോട് കോളനിയിലെ പ്രവൃത്തികൾ 30-11-2021-നും ക്ലൂക്കാനം കോളനിയിലെ പ്രവൃത്തികൾ 30-4-2022-നും പൂർത്തീകരിക്കുന്നതാണ്. കോവിഡ് 19, കാലാവസ്ഥയിലുണ്ടായ വ്യതിയാനം എന്നിവ മൂലമാണ് പ്രവൃത്തികൾ വൈകിയത്. പട്ടികവർഗ്ഗ കോളനികളിലെ പ്രവൃത്തികൾ ഒരുവർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് കരാറിൽ പറഞ്ഞിട്ടുള്ളത്. 31-3-2022-നകം പദ്ധതികൾ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. എയ്യൻകല്ല് കോളനിയിലെ വികസന പ്രവർത്തനങ്ങളിൽ മാറ്റം വരുത്തണമെന്ന് കോളനി നിവാസികൾ ആവശ്യപ്പെട്ടതിനാലാണ് നിർമ്മാണ പ്രവൃത്തികൾ വൈകുന്നത്.

## അംബേദ്കർ ഗ്രാമം പദ്ധതി

15 (5953) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എത്ര പട്ടികജാതി കോളനികളിൽ അംബേദ്കർ ഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

അംബേദ്കർ ഗ്രാമപദ്ധതി നടപ്പിലാക്കുന്നതിനായി 2016-17 മുതൽ 392 കോളനികളെ തെരഞ്ഞെടുത്ത് എസ്റ്റിമേറ്റ് അംഗീകരിക്കുകയും അതിൽ 145 കോളനികളിൽ പദ്ധതി പൂർണ്ണമായും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.*

(ബി) അംബേദ്കർ ഗ്രാമം പദ്ധതിയുടെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങളാണ് പ്രസ്തുത കോളനികളിൽ പ്രധാനമായും നടപ്പാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ?

അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം നടപ്പാക്കുന്ന പ്രവൃത്തികൾ

1. ഇന്റേണൽ റോഡ്/ഫുട്പാത്ത്

2. ആശയവിനിമയ സൗകര്യം

3. കുടിവെള്ള സൗകര്യങ്ങൾ

4. ഡ്രെയിനേജ് സൗകര്യങ്ങൾ

5. വൈദ്യുതീകരണം

6. സോളാർ തെരുവ് വിളക്ക്

7.സാനിറ്റേഷൻ

8. ഭവന പുനരുദ്ധാരണം

9. മാലിന്യ നിർമ്മാർജ്ജനം

10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)

11. സംരക്ഷണ ഭിത്തി നിർമ്മാണം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

12. ഇറിഗേഷൻ

13. അടുക്കളത്തോട്ടം

14. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ/വീവിംഗ്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി)

**മാവോയിസ്റ്റ് സാന്നിദ്ധ്യം സ്ഥിരീകരിച്ച പട്ടികവർഗ്ഗ കോളനികൾ**

16 (5954) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ്ഗ കോളനികളിലാണ് മാവോയിസ്റ്റ് സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത കോളനികളിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തരം നടപ്പാക്കിയ പദ്ധതികളുടെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളിലെ മാവോവാദി സാന്നിദ്ധ്യത്തെ സംബന്ധിച്ച് മലപ്പുറം ജില്ലാ പോലീസ് സൂപ്രണ്ട് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കോളനികളിൽ മാവോവാദി സാന്നിദ്ധ്യം അറിയിച്ചിട്ടുണ്ട്. പ്രസ്തുത കോളനികളിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) മാവോയിസ്റ്റ് സാന്നിദ്ധ്യം സ്ഥിരീകരിച്ച പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാന സൗകര്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചെയ്യാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; മലപ്പുറം ജില്ലാ കളക്ടറുടെ സന്ദർശനത്തെ തുടർന്ന് ഏതെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ഉൾപ്പെടെയുള്ള വിവിധ സർക്കാർ വകുപ്പുകൾ നടപ്പിലാക്കിവരുന്ന എല്ലാവിധ വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹ്യ-സാമ്പത്തിക ഉന്നമന പദ്ധതികൾ എന്നിവ മേൽകോളനികളിൽ യഥാസമയം നടപ്പിലാക്കിവരുന്നു. കൂടാതെ ഓരോ കോളനിയിലെയും ഊരുകൂട്ടത്തിന്റെ മുൻഗണന ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആവശ്യമായ പദ്ധതികൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആവിഷ്കരിച്ച് സംസ്ഥാനതല, ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്ക് വിധേയമായി നടപ്പിലാക്കിവരുന്നു. ജില്ലാ കളക്ടറുടെ സന്ദർശനത്തിനോടനുബന്ധിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) 2019-ലെ പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ലാത്ത നിലമ്പൂർ മണ്ഡലത്തിലെ ഉൾവനങ്ങളിലുള്ള പട്ടികവർഗ്ഗ കോളനികളിൽ പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ നിർദ്ദേശം നൽകുമോ; ഇതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

പ്രത്യേക പാക്കേജ് ഇപ്പോൾ പരിഗണനയിലില്ല.

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ**

17 (5955) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആയത് തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2017 മുതൽ 2021 സെപ്റ്റംബർവരെ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു.* അതിക്രമം തടയൽ നിയമം ശരിയായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനും കേസുകൾ വർദ്ധിക്കാതിരിക്കുന്നതിനും പോലീസ് ഉൾപ്പെടെയുള്ള വകുപ്പുകളോട് ചേർന്ന് നിയമപ്രകാരം ലഭിക്കുന്ന അവകാശങ്ങളെക്കുറിച്ചും ധനസഹായങ്ങളെക്കുറിച്ചും ബോധവൽക്കരണ പരിപാടികൾ, സെമിനാറുകൾ, ലഘുരേഖ വിതരണം തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അതിക്രമം തടയൽ നിയമം പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകൾ ഡി.വൈ.എസ്.പി. റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർ അന്വേഷിച്ച് കർശന നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. അതിക്രമത്തിനിരയായവർക്ക് നിയമപ്രകാരമുള്ള സമാശ്വാസ ധനസഹായവും പുനരധിവാസം ആവശ്യമുള്ള ഭൂമിയില്ലാത്തവർക്ക് ഭൂമി, വീടില്ലാത്തവർക്ക് വീട്, ആശ്രിതർക്ക് പെൻഷൻ എന്നിവയും നൽകി വരുന്നുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമം 1989 പ്രകാരം സംസ്ഥാനതല ഉന്നതാധികാര വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റിയും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികളും അവലോകനം നടത്തുന്നുണ്ട്. ജില്ലാ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പോലീസ് മേധാവികൾ എല്ലാ മാസവും കേസുകളുടെ അവലോകനം നടത്തുകയും കൂടാതെ പ്രത്യേക അദാലത്തുകൾ നടത്തുകയും പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ പ്രശ്നങ്ങളും പരാതികളും നേരിട്ട് മനസ്സിലാക്കി ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

**പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനം**

18 (5956) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനം ഉറപ്പുവരുത്തുന്നതിനായി 8 സാമൂഹ്യ പഠനമുറികളും 6 താൽകാലിക പഠനകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. ഇവിടെ ഫെസിലിറ്റേറ്റർമാരെ നിയോഗിച്ച് ഓൺലൈൻ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും വിദ്യാർത്ഥികൾക്ക് സംശയദൂരീകരണം നടത്തുകയും ചെയ്തുവരുന്നു.

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് വിതരണം ചെയ്ത ഓൺലൈൻ ഉപകരണങ്ങളുടെ വിശദവിവരം നൽകാമോ?

പൊതുവിദ്യാഭ്യാസ വകുപ്പ് KITE മുഖേന ഓൺലൈൻ ഉപകരണങ്ങൾ വിതരണം ചെയ്തുവരുന്നുണ്ട്.

(സി) ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ആയത് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമല്ലാത്ത 43 സ്ഥലങ്ങളിൽ കണക്ടിവിറ്റി ലഭ്യമാക്കുന്നതിനായി ഐ.ടി. വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും ടെലികോം/ഇന്റർനെറ്റ് സേവനദാതാക്കളുടെ സഹായം തേടിയിട്ടുണ്ട്. ഇതിനായി ഐ.ടി. വകുപ്പിന്റെ ഫണ്ട് ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിരുന്നു. ഇതിനുപുറമേ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടുപയോഗിച്ച് കണക്ടിവിറ്റി ലഭ്യമാക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും സേവനദാതാക്കൾ സമർപ്പിക്കുന്ന എസ്റ്റിമേറ്റ് പരിശോധിച്ച് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ പദ്ധതി നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

(ഡി) മണ്ഡലത്തിലെ ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമല്ലാത്ത പ്രദേശങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമല്ലാത്ത പ്രദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കുട്ടികളുടെ പഠന നിലവാരം ഉയർത്താൻ സ്വീകരിച്ച നടപടികൾ**

19 (5957) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ പഠനശേഷി വിലയിരുത്തി പരിഹാരം കണ്ടെത്താൻ നടപടികൾ സ്വീകരിക്കുന്നതുപോലെ ലോക്ക്ഡൗണിനെ തുടർന്ന് വീട്ടിലുള്ള ഈ വിഭാഗം കുട്ടികളുടെ പഠന നിലവാരം ഉയർത്താൻ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ലോക്ക് ഡൗൺ കാലയളവിൽ അദ്ധ്യാപകർ ഓൺലൈനായി ക്ലാസ്സുകൾ എടുക്കുകയും ക്ലാസ്സ് ടെസ്റ്റുകൾ നടത്തുകയും ചെയ്തുവന്നിരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് റെഗുലർ ക്ലാസ്സുകൾ നടന്നുവന്നിരുന്ന സമയത്ത് നൽകിവന്നിരുന്ന അർഹമായ എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും ലോക്ക്ഡൗൺ കാലയളവിൽ ഓൺലൈൻ ക്ലാസ്സുകൾ നടന്നിരുന്ന സമയത്തും അനുവദിച്ചിരുന്നു. ലോക്ക്ഡൗൺ കാലയളവിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം ഉറപ്പുവരുത്തുന്നതിനായി സാമൂഹ്യ പഠനമുറികൾക്കുപുറമേ പൊതു ഇടങ്ങളിലായി പഠന കേന്ദ്രങ്ങൾ സജ്ജീകരിച്ച് ഫെസിലിറ്റേറ്റർമാരെ നിയമിച്ച് ഡിജിറ്റൽ പഠനം ഉറപ്പുവരുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ഡിജിറ്റൽ പഠന പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെത്തിക്കുന്നതിനായി എസ്.ടി. പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, മെന്റർ ടീച്ചർമാർ, റിട്ട. അദ്ധ്യാപകർ, മോഡൽ റെസിഡൻഷ്യൽ സ്കൂൾ അദ്ധ്യാപകർ എന്നിവരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അയ്യൻകാളി സ്കോളർഷിപ്പ്

20 (5958) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യൻകാളി സ്കോളർഷിപ്പ് ഇനത്തിൽ നിലവിൽ എത്ര രൂപയാണ് നൽകുന്നത്; വിശദമാക്കാമോ?

അയ്യൻകാളി സ്കോളർഷിപ്പിന്റെ വരുമാനപരിധി ഒരു ലക്ഷം രൂപയാണ്. ഇതിൻ പ്രകാരം യോഗ്യരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ 4,7 ക്ലാസുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ 10-ാം ക്ലാസ് വരെ പ്രതിവർഷം 4,500 രൂപ വീതം സ്കോളർഷിപ്പ് നൽകുന്നു. കൂടാതെ ഇവരിൽ 12,000 രൂപയിൽ താഴെ വരുമാനമുള്ളവരുടെ മക്കൾക്ക് 2000 രൂപ ഫർണിച്ചർ വാങ്ങുന്നതിനും പോഷകാഹാരം ലഭ്യമാക്കുന്നതിന് പ്രതിമാസം 100 രൂപ നിരക്കിൽ 10 മാസത്തേയ്ക്ക് 1000 രൂപയും നൽകിവരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് 5-ാം ക്ലാസ് മുതൽ 10-ാം ക്ലാസ്സുവരെ സ്കോളർഷിപ്പ് നൽകുന്നുണ്ട്. 5-ാം ക്ലാസ്സിൽ പഠിക്കുന്ന ഒരു പട്ടികവർഗ്ഗ വിദ്യാർത്ഥിക്ക് 5,900 രൂപയും 6 മുതൽ 10 വരെ ക്ലാസ്സിൽ പഠിക്കുന്ന ഓരോ വിദ്യാർത്ഥിക്കും 4,900 രൂപ വീതം സ്കോളർഷിപ്പായി ഓരോ അദ്ധ്യയന വർഷവും നൽകുന്നു. ഓരോ വർഷവും 200 വിദ്യാർത്ഥികളെയാണ് പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്ന് അയ്യൻകാളി സ്കോളർഷിപ്പിനായി തെരഞ്ഞെടുക്കുന്നത്.

(ബി) പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിന് ആലോചനയുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ?

പരിശോധിച്ചുവരുന്നു.

## പിറവം മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി

21 (5959) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്ന പദ്ധതി പ്രകാരം പിറവം മണ്ഡലത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് പഠനമുറി നിർമ്മിച്ച് നൽകിയെന്നും അറിയിക്കാമോ?

പിറവം മണ്ഡലത്തിൽ പഠനമുറി പദ്ധതി പ്രകാരം 328 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 326 പേർക്ക് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. പട്ടികവർഗ വികസന വകുപ്പ് പട്ടികവർഗ വിദ്യാർത്ഥികൾക്കായി വ്യക്തിഗത ആനുകൂല്യമായ പഠനമുറി എന്ന പദ്ധതി നടപ്പിലാക്കുന്നില്ല.

(ബി) ഇതുവരെ നിർമ്മിച്ച പഠനമുറികളുടെ എണ്ണവും ചെലവഴിച്ച തുകയും പഞ്ചായത്ത് അടിസ്ഥാനത്തിൽ തരം തിരിച്ച് വ്യക്തമാക്കാമോ?

പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധം ആയി ചേർക്കുന്നു.*

**മാവേലിക്കര ഉമ്പർനാട് ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ**

22 (5960) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മാവേലിക്കര ഉമ്പർനാട് ഐ.ടി.ഐ.-യിൽ ഇലക്ട്രിക്കൽ, സിവിൽ, വെൽഡിംഗ് കോഴ്സുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ; പുതിയ കോഴ്സുകൾ അനുവദിക്കുവാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മാവേലിക്കര ഉമ്പർനാട് ഐ.ടി.ഐ.-യിൽ ഇലക്ട്രിക്കൽ, സിവിൽ, വെൽഡിംഗ് കോഴ്സുകൾ അനുവദിക്കുന്നതിനുള്ള നടപടികൾക്കായി പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**കോതമംഗലം മണ്ഡലത്തിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ**

23 (5961) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്കൂൾ സ്ഥാപിക്കുന്നതിനുവേണ്ടി സ്ഥലം അടക്കം പ്രൊപ്പോസ് ചെയ്തുകൊണ്ട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ നൽകിയ റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) 16-ൽ അധികം ആദിവാസി കോളനികൾ ഉൾപ്പെടുന്നതും ഇടുക്കി ജില്ലയുടെ അതിർത്തി പങ്കിടുന്നതുമായ കോതമംഗലം മണ്ഡലത്തിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) കോതമംഗലം മണ്ഡലത്തിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**ഇ-ഗ്രാന്റ് മുഖേനയുള്ള സാമ്പത്തിക സഹായം**

24 (5962) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി./എസ്.ടി./ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട ബി.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥികൾക്ക് 2020-21 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പിൽനിന്ന് ഇ-ഗ്രാന്റ് മുഖേന സാമ്പത്തിക സഹായത്തിനുള്ള തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിന്റെ ഓൺലൈൻ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് വിതരണ പദ്ധതിയായ ഇ-ഗ്രാന്റ്സ് മുഖേനയുള്ള സ്കോളർഷിപ്പ് അപേക്ഷകൾ അതത് സ്ഥാപനങ്ങളിൽനിന്നും ഫോർവേഡ് ചെയ്യുന്നവ ജില്ലാ ഓഫീസറുടെ അംഗീകാരത്തിനുശേഷം പേമെന്റ് ചെയ്യുന്നതിനായി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ എത്തുന്നു. 2020-21 വർഷം ഇപ്രകാരം അപേക്ഷ അംഗീകരിക്കപ്പെട്ട് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ എത്തിയ ബി.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥികൾക്ക് തുക വിതരണം ചെയ്തിട്ടുണ്ട്.

(ബി) 2021-22 വർഷത്തിൽ ഇ-ഗ്രാന്റ് അനുവദിക്കുന്നതിന് എത്ര തുക വകയിരുത്തിയിട്ടുണ്ട്; അതിൽ എസ്.സി./എസ്.ടി./ഒ.ഇ.സി. വിഭാഗങ്ങൾക്കുള്ള വിഹിതം എത്രയെന്ന് വിശദമാക്കാമോ?

2021-22 വർഷം ഇ-ഗ്രാന്റ്സ് മുഖേനയുള്ളത് ഉൾപ്പെടെ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് വിതരണ പദ്ധതിക്കായി 270 കോടി രൂപയും പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് വിതരണ പദ്ധതിക്കായി 35 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

ഒ.ഇ.സി, ഒ.ബി.സി. (എച്ച്) വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിനായി 2021-22 വർഷത്തെ ബജറ്റിൽ 230.20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഇ-ഗ്രാന്റ് സംബന്ധിച്ചുള്ള പ്രവൃത്തിയിൽ ഉദ്യോഗസ്ഥർ ഉപേക്ഷ വിചാരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്മേൽ എന്തൊക്കെ നടപടി സ്വീകരിച്ചുയെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി

25 (5963) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചുനൽകുന്ന പദ്ധതി പ്രകാരം എത്ര അപേക്ഷ ലഭിച്ചിട്ടുണ്ടെന്നറിയിക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറിക്കായി 178 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് വ്യക്തിഗത ആനുകൂല്യമായ പഠനമുറി എന്ന പദ്ധതി നടപ്പിലാക്കുന്നില്ല. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി 30 വിദ്യാർത്ഥികളെങ്കിലും പഠനം നടത്തുന്ന കോളനികൾ കേന്ദ്രീകരിച്ച് സാമൂഹ്യ പഠനമുറി എന്ന പദ്ധതിയാണ് പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക എത്രയെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് പ്രസ്തുത പദ്ധതിക്കായി 1,08,00,000 രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) പദ്ധതി പ്രകാരം ഇതുവരെ നിർമ്മിച്ച പഠനമുറികളുടെ എണ്ണവും ചെലവഴിച്ച തുകയും എത്രയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് ഇതുവരെ നിർമ്മിച്ച പഠനമുറികളുടെ എണ്ണവും ചെലവഴിച്ച തുകയും അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## നാടാർ പെൺകുട്ടികളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ്

26 (5964) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാടാർ പെൺകുട്ടികൾക്ക് നൽകിവരുന്ന വാർഷിക വിദ്യാഭ്യാസ സ്കോളർഷിപ്പ് തുക നാളിതുവരെ വർദ്ധിപ്പിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്കോളർഷിപ്പ് തുക പ്രതിവർഷം മൂവായിരം രൂപയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന "മുസ്ലീം/നാടാർ ഗേൾസ് സ്കോളർഷിപ്പ്" എന്ന വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകിവരുന്നുണ്ട്. ടി സ്കോളർഷിപ്പിന്റെ തുക പ്രതിവർഷം 125 രൂപയാണ്. പ്രസ്തുത സ്കോളർഷിപ്പിന്റെ തുക വർദ്ധിപ്പിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

(ബി) നിലവിൽ സ്കോളർഷിപ്പ് ലഭിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഉൾപ്പെടെയുള്ള രേഖകൾ സഹിതം അപേക്ഷിക്കേണ്ടതിനാൽ അർഹതയുള്ളവർ അപേക്ഷിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 2016 മുതൽ ഓരോ വർഷവും പ്രസ്തുത സ്കോളർഷിപ്പിന് അപേക്ഷിച്ചവരുടെ എണ്ണം വർഷം തിരിച്ച് വ്യക്തമാക്കുമോ?

മുസ്ലീം/നാടാർ ഗേൾസ് സ്കോളർഷിപ്പിന് അപേക്ഷിച്ചവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

2016-17 - 175

2017-18 - 584

2018-19 - 759

2019-20 - 923

2020-21 - 658

## വാമനപുരം മണ്ഡലത്തിലെ സാമൂഹ്യ പഠനമുറികൾ

27 (5965) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിലെ കക്കോട്ടുകുന്ന്, പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ ഇയ്യക്കോട്, പന്നിയോട്ടുകടവ്, കുറുപ്പൻകാല, ഇലഞ്ചിയം നന്ദിയോട് പഞ്ചായത്തിലെ വട്ടപ്പൻകാട് എന്നീ കോളനികളിൽ അനുവദിച്ച സാമൂഹ്യ പഠന മുറികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ പഠനമുറികൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) വാമനപുരം നിയോജകമണ്ഡലത്തിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിലെ കക്കോട്ടുകുന്ന്, പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ ഇയ്യക്കോട്, പന്നിയോട്ടുകടവ്, കുറുപ്പൻകാല, ഇലഞ്ചിയം, നന്ദിയോട് പഞ്ചായത്തിലെ വട്ടപ്പൻകാട് എന്നീ കോളനികളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അനുവദിച്ച സാമൂഹ്യ പഠനമുറികളിൽ 2021 നവംബർ 1 മുതൽ ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങളിൽ ഫെസിലിറ്റേറ്റർമാരെ നിയമിക്കുന്നതിനായി വിജ്ഞാപനം ക്ഷണിക്കുകയും ഇന്റർവ്യൂ മുഖേന അർഹരായവരെ തെരഞ്ഞെടുത്ത് നിയമിക്കുകയും ചെയ്തിട്ടുണ്ട്. ടി കോളനികളിൽ പട്ടികജാതി വികസന വകുപ്പ് മുഖേന സാമൂഹ്യ പഠനമുറികളോ, വ്യക്തികൾക്ക് വീടിനോട് ചേർന്നുള്ള പഠനമുറി നിർമ്മാണ ധനസഹായമോ നൽകിയിട്ടില്ല.

## പട്ടികവർഗ്ഗ വികസന വകുപ്പ് പാലക്കാട് ജില്ലയിൽ നടപ്പാക്കിയ വിദ്യാഭ്യാസ പദ്ധതികൾ

28 (5966) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് പാലക്കാട് ജില്ലയിൽ നടപ്പാക്കിയ വിദ്യാഭ്യാസ പദ്ധതികൾ വിശദീകരിക്കാമോ?

പാലക്കാട് ജില്ലയിലുള്ള 488 കോളനികളിലെയും പട്ടികവർഗ്ഗ കുട്ടികളുടെ ഓൺലൈൻ പഠന സൗകര്യം ഉറപ്പുവരുത്തുന്നതിനായി കോളനികളിൽ ത്രിതല പഞ്ചായത്ത്, എം.പി/ എം.എൽ.എ.-മാർ, വിവിധ സ്പോൺസർമാർ എന്നിവരുടെ സഹകരണത്തോടെ സ്മാർട്ട് ഫോൺ, ടാബ്, ടി.വി, ഡിഷ് കണക്ഷൻ എന്നിവ

ഒരുക്കി നൽകിയിട്ടുണ്ട്. വൈദ്യുതി ലഭ്യമല്ലാതിരുന്ന 406 കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കുന്നതിനായി 40.35 ലക്ഷം രൂപ ചെലവഴിച്ച് കെ.എസ്.ഇ.ബി. മുഖേന വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികളെ ഓൺലൈൻ പഠനത്തിന് സഹായിക്കുന്നതിനായി 50 സാമൂഹ്യ പഠനമുറികളിലെ ഫെസിലിറ്റേറ്റർമാരുടെ സേവനവും ഗോത്രബന്ധു പദ്ധതി പ്രകാരം 46 മെന്റർ ടീച്ചർമാരുടെ സേവനവും ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ ഓൺലൈൻ പഠന കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ജില്ലയിൽനിന്നും ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷയിൽ വിജയം കൈവരിച്ച പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്ന വിവരം ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ?

പാലക്കാട് ഓഫീസിന്റെ പരിധിയിൽ 2021 മാർച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷയെഴുതി വിജയം കൈവരിച്ച പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം 746 ആണ്.

## പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിദ്യാർത്ഥികൾക്ക് പഠന സഹായ പദ്ധതികൾ

29 (5967) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ പഠനം നടത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠിക്കുന്നതിനായി 4-10-2017-ലെ G.O.(MS)81/17/SCSTDD ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരം പരമാവധി 25,00,000 രൂപ വരെ ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതികൾ മുഖേന സഹായം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

വിദേശപഠന ധനസഹായത്തിനായി അപേക്ഷിക്കുന്നവർ കേരളത്തിൽ താമസക്കാരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരായിരിക്കണം. അപേക്ഷിക്കുന്ന സമയത്ത് അപേക്ഷകന് 35 വയസ്സ് കഴിയുവാൻ പാടില്ല. TIMES-ന്റെ ലോക റാങ്കിംഗിൽ 500 വരെയുള്ള യൂണിവേഴ്സിറ്റികളിൽ പി.ജി. പഠനം നടത്തുന്നവർക്കാണ് ആനുകൂല്യം നൽകുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 55%-ൽ കുറയാത്ത മാർക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർ യോഗ്യത പരീക്ഷയിൽ 50%-ൽ കുറയാത്ത മാർക്കും നേടിയിരിക്കണം. ഇംഗ്ലീഷ് പരിജ്ഞാനം കാണിക്കുന്നതിനുള്ള

IELTS/GRE/TOFEL എന്നിവയിൽ ഏതെങ്കിലും ടെസ്റ്റ് പാസ്സായിരിക്കണം. വിദേശത്ത് അഡ്മിഷൻ ആകാൻ പോകുന്ന കോഴ്സിനുള്ള Unconditional ഓഫർ ലെറ്റർ ലഭിച്ചിരിക്കണം.

**മങ്കടയിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി**

30 (5968) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്ന പദ്ധതി പ്രകാരം മങ്കട നിയോജകമണ്ഡലത്തിൽ എത്ര അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് പഠനമുറി അനുവദിച്ച് നൽകിയിട്ടുണ്ടെന്നും അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

അതാത് സാമ്പത്തിക വർഷങ്ങളിൽ ലഭിക്കുന്ന ടാർജറ്റ് പ്രകാരം മങ്കട മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽനിന്നും ഗ്രാമസഭ ലിസ്റ്റ് ലഭ്യമാക്കി ലിസ്റ്റിൽ നിന്നും ഭൗതിക ലക്ഷ്യം പ്രകാരം അർഹതയുള്ള അപേക്ഷകൾ ബന്ധപ്പെട്ട ഓഫീസിൽ സ്വീകരിച്ച് വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി തുക അനുവദിച്ച് നൽകുന്നതാണ് പഠനമുറി നിർമ്മാണ ധനസഹായം പദ്ധതി. ആയത് പ്രകാരം 2017-18 വർഷം മുതൽ 2021-22 വർഷംവരെ താഴെ പറയും പ്രകാരം 189 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്. ഈ വർഷങ്ങളിൽ 189 അപേക്ഷകളാണ് ഓഫീസിൽ സ്വീകരിച്ചിട്ടുള്ളത്.

| വർഷം | പട്ടികജാതി വികസന വകുപ്പ് മുഖേന ധനസഹായം അനുവദിച്ച പഠനമുറികളുടെ എണ്ണം | തദ്ദേശസ്വയംഭരണ സ്ഥാപന വാർഷിക പദ്ധതി മുഖേന ധനസഹായം അനുവദിച്ച പഠനമുറികളുടെ എണ്ണം | ആകെ |
|---|---|---|---|
| 2017-18 | 38 | 0 | 38 |
| 2018-19 | 28 | 15 | 43 |
| 2019-20 | 34 | 9 | 43 |
| 2020-21 | 36 | 3 | 39 |
| 2021-22 | 26 | 0 | 26 |
| ആകെ | 162 | 27 | 189 |

(ബി) അർഹരായ എല്ലാവർക്കും പഠനമുറി നിർമ്മിച്ച് നൽകാൻ കഴിയാത്തതിന്റെ കാരണം അറിയിക്കുമോ?

ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിൽ ഭൗതികലക്ഷ്യം നിശ്ചയിക്കുന്നതുപ്രകാരമുള്ള നിശ്ചിത എണ്ണം വിദ്യാർത്ഥികൾക്കാണ് അതാത് വർഷങ്ങളിൽ പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം അനുവദിച്ച് നൽകുന്നത്.

(സി) അർഹരായ എല്ലാവർക്കും അതത് പഞ്ചായത്തുകളിലെ എം.ജി.എൻ.ആർ.ഇ.ജി.എസ്. ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## കൊടക്കാട് ഗവൺമെന്റ് മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു കോഴ്സ്

31 (5969) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ കൊടക്കാട് പ്രവർത്തിക്കുന്ന ഗവൺമെന്റ് മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു കോഴ്സ് ആരംഭിക്കാൻ നടപടികൾ ഉണ്ടാകുമോയെന്ന് അറിയിക്കുമോ;

(ബി) പ്ലസ് ടു കോഴ്സിന് ആവശ്യമായ കെട്ടിടനിർമ്മാണം കിഫ്ബി വഴി പൂർത്തീകരിച്ചതിനാൽ ഈ വർഷംതന്നെ പ്രസ്തുത കോഴ്സ് നിലവിൽ വരുമോ; വ്യക്തമാക്കുമോ?

(എ&ബി) വകുപ്പിന്റെ നിയന്ത്രണത്തിൽ കാസർഗോഡ് ജില്ലയിലെ കൊടക്കാട് (വെള്ളച്ചാൽ) പ്രവർത്തിച്ചുവരുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സിന്റെ രണ്ട് ബാച്ചുകൾ (സയൻസ്, കൊമേഴ്സ്) ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## ലംപ്സം ഗ്രാന്റ് വിതരണം

32 (5970) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് നൽകുന്നതിൽ കുടിശ്ശിക വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) അതത് അധ്യയന വർഷം കുടിശ്ശികയില്ലാതെ ലംപ്സം ഗ്രാന്റ് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) ഇല്ല. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് നൽകുന്നതിൽ കുടിശ്ശിക വന്നിട്ടില്ല. പ്രീമെട്രിക് തലത്തിൽ സ്ഥാപനങ്ങളിൽ നിന്നും ക്ലെയിം അയച്ചിട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും പോസ്റ്റ്മെട്രിക് തലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ പേയ്മെന്റിനായി വന്നിട്ടുള്ള എല്ലാ ക്ലെയിമുകൾക്കും ലംപ്സം ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 വർഷം വിദ്യാഭ്യാസ ആനുകൂല്യത്തിനായി വകകൊള്ളിച്ചിട്ടുള്ള തുക യഥാസമയംതന്നെ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ സേവനങ്ങൾ

33 (5971) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠനത്തിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രഖ്യാപിച്ച പഠന മുറിയുടെയും സാമൂഹ്യ പഠന മുറിയുടെയും കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട മൊകേരി, പാനൂർ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ നിന്നും 9 പട്ടികജാതി ഗുണഭോക്താക്കൾക്ക് പഠനമുറി അനുവദിച്ചതിൽ 9 എണ്ണവും ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാട്യം പഞ്ചായത്തിലെ കണ്ണവം കോളനി, തൃപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ നരിക്കോട്ട്മല കോളനി എന്നിവിടങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സാമൂഹ്യ പഠനമുറി പദ്ധതി പ്രകാരം കോളനികളിലെ സാംസ്കാരിക നിലയത്തിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഫെസിലിറ്റേറ്റർ മുഖേന ക്ലാസ്സുകൾ നൽകുന്നുണ്ട്. ഇത് മുഖേന പഠനനിലവാരം മെച്ചപ്പെടുത്തുവാൻ സഹായിച്ചിട്ടുണ്ട്. കൂടാതെ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാട്യം, തൃപ്പങ്ങോട്ടൂർ പഞ്ചായത്തുകളിലെ വിവിധ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ വീട്ടിൽ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി

5 വീടുകൾക്ക് പഞ്ചായത്തുകളിൽ നിന്നുള്ള ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പഠനമുറി നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വീടുകളിലെ കുട്ടികൾക്ക് പഠനാന്തരീക്ഷം മെച്ചപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആയത് സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ വർദ്ധിപ്പിച്ച് നൽകുന്നുണ്ട്. സംസ്ഥാനത്തെ പ്രീമെട്രിക്/പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മുമ്പുള്ള നിരക്കിനേക്കാൾ 20% വർദ്ധിപ്പിച്ചാണ് നിലവിൽ വിദ്യാഭ്യാസ ആനുകൂല്യം നൽകി വരുന്നത്. വിദ്യാഭ്യാസ ചെലവിലുണ്ടാകുന്ന വർദ്ധനവിനനുസരിച്ച് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിച്ച് നൽകുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. അർഹമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പ്രീ-മെട്രിക് ക്ലാസുകളിലുള്ള വിദ്യാർത്ഥികൾക്ക് സ്കൂൾ വർഷാരംഭത്തിൽ തന്നെ സ്ഥാപന മേധാവികൾ വഴി വിതരണം ചെയ്തിട്ടുണ്ട്. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് സ്ഥാപനത്തിൽ നിന്ന് ഹാജർനില ലഭ്യമാക്കുന്ന മുറയ്ക്ക് ഇ-ഗ്രാന്റ്സ് മുഖേന അനുവദിച്ചുവരുന്നുണ്ട്.

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പഠനസഹായം**

34 (5972) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ കോളേജുകൾ, സ്വകാര്യ പോളിടെക്നിക്, ഐ.ടി.ഐ. തുടങ്ങിയ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഫീസ് ഇനത്തിൽ നൽകേണ്ട തുക ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉണ്ട്. സ്വാശ്രയ കോളേജുകളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് മെറിറ്റ്, റിസർവേഷൻ ക്വാട്ടയിൽ പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് സർക്കാർ/യൂണിവേഴ്സിറ്റി/ഫീസ് റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന രീതിയിൽ ഫീസ് ആനുകൂല്യങ്ങൾ അനുവദിക്കുന്നു. നോഡൽ പോളിടെക്നിക്/സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവവഴി സ്വകാര്യ പോളിടെക്നിക്കുകളിൽ പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്കും സർക്കാർ/യൂണിവേഴ്സിറ്റി/ഫീസ് റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന രീതിയിൽ ഫീസ് ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നു. സ്വകാര്യ ഐ.റ്റി.ഐ.-കളിൽ ഓരോ കോഴ്സിന്റെയും 10 ശതമാനത്തിൽ അധികരിക്കാത്തവിധം പട്ടികജാതി വിദ്യാർത്ഥികൾക്ക് നിലവിൽ DGE&DT അംഗീകരിച്ച നിരക്കിലുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. സ.ഉ.(അച്ചടി) നമ്പർ 50/2009/പജപവവിവ. തീയതി, 2-7-2009-ലെ ഉത്തരവിന്റെ പരിധിയിൽപ്പെടാത്തതും 2.5 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇൻഡ്യ സ്കോളർഷിപ്പ് പദ്ധതി പ്രകാരം ഫീസാനുകൂല്യങ്ങൾ നൽകിവരുന്നു.

(ബി) മേൽപ്പറഞ്ഞ വിദ്യാർത്ഥികൾ ഹോസ്റ്റൽ ഫീസ് ഇനത്തിൽ അടയ്ക്കുന്ന തുക തിരിച്ച് നൽകുന്നതിന് വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ?

ഹോസ്റ്റൽ ഫീസ് അതത് സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് അനുവദിച്ച നൽകുന്നുണ്ട്. വകുപ്പിന്റെ ഹോസ്റ്റലിലോ സ്ഥാപനങ്ങളുടെ ഹോസ്റ്റലിലോ പ്രവേശനം ലഭിക്കാത്തതും വകുപ്പിന്റെ ധനസഹായത്തോടെ വിവിധ കോഴ്സുകൾക്ക് മറ്റ് പ്രൈവറ്റ് ഹോസ്റ്റലിൽ താമസിച്ച പഠിക്കുന്നതുമായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് പ്രതിമാസം പരമാവധി 4500 രൂപ ഹോസ്റ്റൽ ഫീസാനുകൂല്യം അനുവദിച്ച വരുന്നു.

## പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനത്തിന് പ്രോത്സാഹനം

35 (5973) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വിദ്യാഭ്യാസം വിജയകരമായി പൂർത്തിയാക്കിയ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ തുടർ പഠനം പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഹയർ സെക്കണ്ടറിതലത്തിൽ മികച്ച വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനമായി ക്യാഷ് അവാർഡ് നൽകുകയും ഇതുസംബന്ധിച്ച വാർത്തകൾ നൽകുകയും ചെയ്യുന്നു. തുടർപഠനത്തിനായി പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന തുടർപഠനത്തിനായുള്ള ആനുകൂല്യങ്ങൾ യഥാസമയം ഓൺലൈൻ ആയി വിതരണം ചെയ്യുന്നു. തുടർപഠനം സംബന്ധിച്ച സഹായങ്ങൾ പട്ടികജാതി പ്രൊമോട്ടർമാർ മുഖേനയും പട്ടികജാതി വികസന വകുപ്പിന്റെ ഫീൽഡ്തല ഓഫീസുകൾ മുഖേനയും നൽകി വരികയും ചെയ്യുന്നു. ഹയർ സെക്കണ്ടറി വിദ്യാഭ്യാസം വിജയകരമായി പൂർത്തീകരിച്ച പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തുടർപഠനം ഉറപ്പുവരുത്തുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. സയൻസ് സ്ട്രീമിൽ +2 പഠനം പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് NEET/KEAM പോലുള്ള പൊതുപ്രവേശന പരീക്ഷയ്ക്ക് ഒന്നരമാസം നീണ്ടുനിൽക്കുന്ന എൻട്രൻസ് പരീക്ഷാ പരിശീലനവും വകുപ്പ് പ്രമുഖ സ്ഥാപനങ്ങളിലൂടെ നൽകിവരുന്നു. ഡിഗ്രി പ്രവേശനത്തിനായുള്ള ഏകജാലക സംവിധാനത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അപേക്ഷകൾ യഥാസമയം നൽകുന്നതിന് വകുപ്പിന്റെ കീഴിലുള്ള സഹായി കേന്ദ്രങ്ങൾ, പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ ഒഴിവ് വന്നിട്ടുള്ള പട്ടികവർഗ്ഗക്കാർക്കായുള്ള സീറ്റുകളിൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നതിന് യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇത്തവണ ഹയർ സെക്കണ്ടറി പരീക്ഷയിൽ ഉന്നത വിജയവും ഗ്രേഡും നേടിയ കുട്ടികളുടെ എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ ബിരുദ, പ്രൊഫഷണൽ, പാരാമെഡിക്കൽ കോഴ്സുകളുടെ പഠനത്തിന് പ്രവേശനം ലഭിക്കാത്ത കുട്ടികൾക്ക് സ്വാശ്രയ കോഴ്സുകളിൽ ചേരുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകളിൽ മെറിറ്റ് റിസർവേഷൻ ക്വാട്ടയിൽ പ്രവേശനം നേടുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന ആനുകൂല്യം നൽകിവരുന്നു. സ്വാശ്രയ കോളേജുകളിലെ മറ്റ് കോഴ്സുകൾക്ക് ഇന്ത്യ ഗവണ്മെന്റ് സ്കോളർഷിപ്പ് ആനുകൂല്യവും നൽകിവരുന്നുണ്ട്. പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽനിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്ന പ്രകാരം പ്രവേശനം നേടുന്നവർക്കും DME, DHSE, നഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽനിന്നും സർക്കാർ അംഗീകൃത സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകൾക്ക് അലോട്ട്മെന്റ് വഴി പ്രവേശനം

നേടുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതാണ്. CAT, MAT, JEE, JMET, XAT, ATMA തുടങ്ങി അഖിലേന്ത്യാ പ്രവേശന പരീക്ഷ വഴി സ്വാശ്രയ സ്ഥാപനങ്ങളിൽ മെറിറ്റ്/റിസർവേഷൻ ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്നവർക്ക് സർക്കാർ/യൂണിവേഴ്സിറ്റി അംഗീകരിച്ച ഫീസും വിദ്യാഭ്യാസ ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്.

**പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദേശപഠനത്തിന് ധനസഹായം**

36 (5974) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. വിജിൻ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് വകുപ്പിന് കീഴിലെ സ്ഥാപനങ്ങൾ മാനേജ് ചെയ്യുന്നതുൾപ്പെടെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്ത് പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് വകുപ്പിന് കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ പ്രവേശനം, വിദ്യാഭ്യാസാനുകൂല്യം തുടങ്ങിവയെല്ലാം നടപ്പിലാക്കുന്നതിനുള്ള ചുമതല ബന്ധപ്പെട്ട അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കാണ്. അർഹരായ അപേക്ഷകർക്ക് ഇ-ഗ്രാന്റ്സ് 3.0 പോർട്ടൽ മുഖേന സ്ഥാപന മേധാവികൾ യഥാവിധി ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലേയ്ക്ക് അയയ്ക്കുകയും അവിടെനിന്നും അപ്രൂവൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ സ്ഥാപന മേധാവികൾ ക്ലെയിം സ്റ്റേറ്റ്മെന്റ് അയയ്ക്കുന്ന മുറയ്ക്ക് വിദ്യാഭ്യാസാനുകൂല്യം വിദ്യാർത്ഥികൾക്ക് ബാങ്ക് അക്കൗണ്ടിൽ അനുവദിക്കുന്നു. ഇതിനുണ്ടാകുന്ന പരാതികൾ ഡയറക്ടർ നേരിട്ട് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) കേരളത്തിന് പുറത്തും വിദേശത്തും പഠനം നടത്തുന്നതിനായി പട്ടികജാതി വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിദേശത്ത് തൊഴിൽ നേടുന്നതിന് പ്രത്യേകമായ സഹായം നൽകുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. കേരളത്തിനുപുറത്ത് മറ്റ് സംസ്ഥാനങ്ങളിലെ അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സ.ഉ. (അച്ചടി)50/2009/പജപവവിവ. തീയതി, 2-7-2009 ഉത്തരവ് പ്രകാരവും കേന്ദ്ര സർക്കാരിന്റെ കാലാകാലങ്ങളിൽ ഇറങ്ങുന്ന ഗൈഡ് ലൈൻ പ്രകാരവും ഗവണ്മെന്റ് ഓഫ് ഇന്ത്യ/ഗവൺമെന്റ് ഓഫ് കേരള സ്കോളർഷിപ്പ് അനുവദിച്ച് വരുന്നുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠിക്കുന്നതിനായി 4-10-2017-ലെ G.O.(MS)81/17/SCSTDD ഉത്തരവിലെ മാനദണ്ഡപ്രകാരം അനുകൂല്യം അനുവദിക്കുന്നുണ്ട്. അപേക്ഷിക്കുന്ന സമയത്ത് അപേക്ഷകന് 35 വയസ്സ് കഴിയുവാൻ പാടില്ല. TIMES-ന്റെ ലോക റാങ്കിന്റെ 500 വരെയുള്ള യൂണിവേഴ്സിറ്റികളിൽ പി.ജി. പഠനം നടത്തുന്നവർക്കാണ് ആനുകൂല്യം നൽകുന്നത്. അപേക്ഷകൻ യോഗ്യത പരീക്ഷയിൽ 55%-ൽ കുറയാത്ത മാർക്ക് നേടിയിരിക്കണം. ഇംഗ്ലീഷ് പരിജ്ഞാനം കാണിക്കുന്നതിനുള്ള IELTS/ GRE/TOEFL എന്നിവയിൽ ഏതെങ്കിലും ടെസ്റ്റ് പാസ്സായിരിക്കണം. വിദേശത്ത് അഡ്മിഷൻ ആകാൻ പോകുന്ന കോഴ്സിനുള്ള unconditional ഓഫർ ലെറ്റർ ലഭിച്ചിരിക്കണം. G.O.(MS)22/2019/SCSTDD, dated, 19-3-2019 പ്രകാരം പരമാവധി 25 ലക്ഷം രൂപ ട്യൂഷൻ ഫീസ്, ലിവിംഗ് എക്സ്പെൻസ്, വിമാനയാത്രാ ചാർജ്ജ്, വിസ ചാർജ്ജ്, ഇൻഷ്വറൻസ് എന്നിവയ്ക്കായി അനുവദിക്കുന്നു. അഭ്യസ്തവിദ്യരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്യവും പരിശീലനവും ലഭിച്ച പട്ടികജാതി യുവതീയുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും വിസ സംബന്ധമായ ചെലവുകൾക്കുമായി 1,00,000 രൂപ വരെ ധനസഹായം നൽകുന്നു. ഇൻഡ്യൻ പാസ്പോർട്ട്, വിദേശ തൊഴിൽ ദാതാവിൽനിന്നും ലഭിച്ച തൊഴിൽ കരാർപത്രം, വിസ എന്നിവ സഹിതം അപേക്ഷ നൽകേണ്ടതാണ്. വാർഷിക വരുമാനം 2,50,000 രൂപയിൽ താഴെ വരുമാനമുള്ള 20-നും 50-നും മദ്ധ്യേ പ്രായമുള്ളവർക്കാണ് അപേക്ഷിക്കാൻ അർഹത.

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ സമഗ്ര ആരോഗ്യ പരിരക്ഷയ്ക്കും ചികിത്സയ്ക്കുമായി പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ സമഗ്ര ആരോഗ്യ പരിരക്ഷയ്ക്കും ചികിത്സയ്ക്കുമായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിന് ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം 50,000 രൂപ വരെ ചികിൽസാ ധനസഹായം അനുവദിക്കുന്നുണ്ട്. ഇവരിൽ ഹൃദയ ശസ്ത്രക്രിയ, കാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000 രൂപ വരെയും നൽകുന്നു.

## മാടായി വെങ്ങര ഗവൺമെന്റ് ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾക്ക് അനുമതി

37 (5975) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കണ്ണൂർ ജില്ലയിലെ മാടായി, വെങ്ങര ഗവൺമെന്റ് ഐ.ടി.ഐ.-യിൽ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കണ്ണൂർ ജില്ലയിലെ മാടായി ഐ.ടി.ഐ.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 310 ലക്ഷം രൂപ അനുവദിക്കുകയും പൊതുമരാമത്ത് വകുപ്പിനെ നിർമ്മാണ ചുമതല ഏൽപ്പിക്കുകയും നിലവിൽ കെട്ടിട നിർമ്മാണം പുരോഗമിക്കുകയുമാണ്. നിലവിലുള്ള കെട്ടിടത്തിൽ ഇന്റർനെറ്റ് സൗകര്യം സജ്ജമാക്കിയിട്ടുള്ള കമ്പ്യൂട്ടർ ലാബ് ശീതീകരിക്കുന്നതിനുള്ള പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മാടായി ഐ.ടി.ഐ. ഹോസ്റ്റൽ കെട്ടിടം പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതോടെ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കെട്ടിട നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സാമൂഹ്യ പുരോഗതി

38 (5976) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സാമൂഹ്യ പുരോഗതിക്കായി പ്രവർത്തിക്കുന്ന ക്രെസ്റ്റിന്റെ പ്രവർത്തനഫലമായി ദേശീയതലത്തിൽ ഉന്നത വിദ്യാഭ്യാസം ലഭിച്ച എത്ര വിദ്യാർത്ഥികൾ സംസ്ഥാനത്തുണ്ടെന്ന് വെളിപ്പെടുത്തുമോ?

ക്രെസ്റ്റ് നടത്തുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് സർട്ടിഫിക്കറ്റ് ഫോർ പ്രൊഫഷണൽ ഡെവലപ്മെന്റ് (PGCCPD) കോഴ്സ് കഴിഞ്ഞ വിദ്യാർത്ഥികളിൽ നിലവിൽ 3 പേർ വിദേശ രാജ്യങ്ങളിലും 48 പേർ ഇൻഡ്യയിലും ഉപരിപഠന രംഗത്തുണ്ട്. മുമ്പ്

പഠനം പൂർത്തിയാക്കിയവരിൽ 10 പേർ PhD ചെയ്തുകൊണ്ടിരിക്കുന്നു. 2 പേർ വിദേശ സർവ്വകലാശാലയിൽനിന്നും 2 പേർ ഇൻഡ്യയിൽനിന്നും PhD പഠനം പൂർത്തിയാക്കിയിട്ടുമുണ്ട്. ഉന്നതവിദ്യാഭ്യാസ രംഗത്തെ പട്ടികജാതി, പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ പ്രാതിനിധ്യം മാത്രം ലക്ഷ്യം വച്ച്, ക്രസ്റ്റ് പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന +2 വിദ്യാഭ്യാസ സൗകര്യമുള്ള 4 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ 2015 മുതൽ 2018 വരെ നടപ്പാക്കിയ പദ്ധതിയുടെ ഭാഗമായി 53 വിദ്യാർത്ഥികൾക്ക് ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പ്രൊഫഷണൽ ബിരുദധാരികളായ എത്ര പട്ടികജാതി, പട്ടികവർഗ്ഗക്കാരുണ്ടെന്നും പഠനം ഇടയ്ക്കുവച്ച് അവസാനിപ്പിച്ചവർ എത്രയെന്നും അറിയിക്കുമോ?

സംസ്ഥാനത്ത് പ്രൊഫഷണൽ ബിരുദധാരികളായ എത്ര പട്ടികജാതിക്കാരുണ്ടെന്നും പഠനം ഇടയ്ക്കുവച്ച് അവസാനിപ്പിച്ചവർ എത്രയെന്നുമുള്ള വിവരം നിലവിൽ പട്ടികജാതി വികസന വകുപ്പിൽ ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല. എന്നാൽ, സംസ്ഥാനത്തെ മെഡിക്കൽ, എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോളേജുകളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം നേടുകയും കഴിഞ്ഞ അഞ്ച് അദ്ധ്യയന വർഷങ്ങളിൽ ഇ-ഗ്രാന്റ്സ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുതുമായ 2247 പട്ടികവർഗ്ഗ വിദ്യാർത്ഥികളാണുള്ളത്. എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് പഠനം നടത്തിയതിൽ 52 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കാത്തവരായി ഉണ്ടെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സോഷ്യോ ഇക്കണോമിക് സ്റ്റാറ്റസ് പ്രകാരം കണ്ടെത്തിയിട്ടുണ്ട്.

(സി) ഈ വിഭാഗങ്ങളിൽപ്പെട്ട ബിരുദധാരികളിൽ തൊഴിൽ രഹിതരുടെ എണ്ണം ലഭ്യമാണോ; തൊഴിൽ ലഭ്യമാക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ബിരുദധാരികളിൽ തൊഴിൽരഹിതരുടെ എണ്ണം നിലവിൽ പട്ടികജാതി വികസന വകുപ്പിൽ ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സോഷ്യോ എക്കണോമിക് സ്റ്റാറ്റസ് പ്രകാരം തൊഴിൽരഹിതരായ ബിരുദധാരികളിൽ 3242 പേരുള്ളതായി കണ്ടെത്തിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്ക് നിലവിൽ പി.എസ്.സി. വഴി നിയമനം നൽകുന്നതിന് 2% സംവരണം മാത്രമാണുള്ളത്. വിദ്യാഭ്യാസ രംഗത്ത് വകുപ്പിന്റെ തുടർച്ചയായ ഇടപെടൽ മൂലമുണ്ടായ ഗുണപരമായ മാറ്റത്തെ തുടർന്ന് പട്ടികവർഗ്ഗക്കാരുടെ

വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുകയും ഇത്തരത്തിൽ ഉന്നത വിദ്യാഭ്യാസം നേടിയ പട്ടികവർഗ്ഗക്കാരുടെ എണ്ണം കൂടുതലായതിനാൽ എല്ലാവർക്കും സർക്കാർ/പൊതുമേഖലയിൽ തൊഴിലവസരങ്ങൾ ലഭിക്കുന്നില്ല.

**പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.-കളിൽ പുതിയ തസ്തികകൾ**

39 (5977) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 44 ഐ.ടി.ഐ.-കളിൽ എൻ.സി.വി.ടി. അഫിലിയേഷൻ നിലനിർത്തുന്നതിനാവശ്യമായ സ്റ്റാഫ് പാറ്റേൺ നിലവിലുണ്ടോ; ഇല്ലെങ്കിൽ അഫിലിയേഷൻ റദ്ദാകാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഐ.ടി.ഐ.-കൾക്കും എൻ.സി.വി.ടി അഫിലിയേഷൻ നിലവിലുണ്ട്. എന്നാൽ DGT (Directorate General of Training)-യുടെ ട്രെയിനിംഗ് മാന്വൽ പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ നിലവിലില്ല. ഇക്കാരണത്താൽ മാത്രം അഫിലിയേഷൻ റദ്ദാകുന്ന സാഹചര്യം നിലവിലില്ല.

(ബി) ഐ.ടി.ഐ.-കളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനായി പട്ടികജാതി വകുപ്പ് ഡയറക്ടറേറ്റിൽനിന്നും കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ എത്ര പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; പ്രൊപ്പോസലുകളുടെ നിലവിലെ അവസ്ഥയും ഫയൽ നമ്പരും വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിന്റെ ഐ.ടി.ഐ.-കളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും 2 പ്രൊപ്പോസൽ ലഭിച്ചിരുന്നു. ആയത് പട്ടികജാതി വികസന (സി) വകുപ്പിന്റെ സി2/425/2019/പജപവവിവ. എന്ന ഫയലിൽ പരിശോധിക്കുകയുണ്ടായി. പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതികളിൽ (പി.പി.പി. പദ്ധതി) അനുവദിച്ച ട്രേഡുകളിൽ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പുതിയ തസ്തികകൾ പരിഗണിക്കുവാൻ സാധിക്കുകയില്ല എന്ന വിവരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടറെ അറിയിച്ച് ഫയൽ തീർപ്പാക്കിയിട്ടുണ്ട്.

(സി) ഐ.ടി.ഐ.-കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സമർപ്പിച്ച ഗുലാത്തി കമ്മീഷൻ റിപ്പോർട്ടിൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിഷയം പരിഗണനയിലുണ്ടോ?

പട്ടികജാതി വികസന വകുപ്പ് 2007-2017 കാലഘട്ടത്തിൽ (പതിനൊന്ന്, പന്ത്രണ്ട് പഞ്ചവത്സര പദ്ധതിക്കാലത്ത്) നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളെക്കുറിച്ച് മോണിറ്ററിംഗ് & ഇവാല്യുവേഷൻ നടത്തി ഒരു പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (GIFT) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും പ്രസ്തുത സ്ഥാപനം പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ ഐ.ടി.ഐ.-കളിലെ സ്റ്റാഫ് പാറ്റേൺ വ്യാവസായിക പരിശീലന വകുപ്പിന് സമാനമായി പരിഷ്കരിക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്.

(ഡി) അഖിലേന്ത്യാ ഗ്രേഡിംഗിൽ പ്രസ്തുത ഐ.ടി.ഐ.-കളുടെ ശരാശരി ഗ്രേഡ് പോയിന്റ് എത്രയാണ്; ഗ്രേഡിംഗ് നിലവാരം ഉയർത്തുന്നതിനും നിലവിലുള്ള അഫിലിയേഷൻ റദ്ദാകാതിരിക്കുന്നതിനും സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

അഖിലേന്ത്യാ ഗ്രേഡിംഗിൽ പട്ടികജാതി വികസന വകുപ്പിന്റെ 44 ഐ.ടി.ഐ.-കളുടെ ശരാശരി ഗ്രേഡിംഗ് പോയിന്റ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.* നിലവാരം ഉയർത്തുന്നതിന് സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുവാൻ ആലോചിക്കുന്നതാണ്.

## പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യം

40 (5978) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുന്നതിന് എവിടെയെല്ലാം ഹോസ്റ്റൽ സൗകര്യം ഉണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി 85 പ്രീമെട്രിക് ഹോസ്റ്റലുകളും പോസ്റ്റ് മെട്രിക് കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി 19 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പട്ടികജാതി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വികസന വകുപ്പിനു കീഴിൽ പ്രവർത്തിച്ചു വരുന്നു. ഹോസ്റ്റലുകളുടെ വിശദാംശം അനുബന്ധം ആയി ചേർക്കുന്നു.* പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 105 പ്രീ മെട്രിക് ഹോസ്റ്റലുകളും 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിച്ചു വരുന്നു. വിശദാംശം അനുബന്ധം ആയി ചേർക്കുന്നു*.

(ബി) ഈ വിഭാഗങ്ങളിലെ വിദൂരത്തുള്ള പാവപ്പെട്ട മുഴുവൻ വിദ്യാർത്ഥികൾക്കും ഹോസ്റ്റൽ സൗകര്യം ഉറപ്പാക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ?

പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ പ്രവേശനത്തിനായി ജാതി, വരുമാനം, സ്കൂൾ വാർഷിക പരീക്ഷയുടെ ഗ്രേഡ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾ സമർപ്പിക്കുന്ന മുഴുവൻ അപേക്ഷകളും സീനിയോറിറ്റി അനുസരിച്ച് അർഹതാ മാനദണ്ഡങ്ങൾ പരിശോധിച്ച് അഡ്മിഷൻ നൽകിവരുന്നുണ്ട്. കൂടാതെ സന്നദ്ധ സംഘടനകൾ നടത്തുന്ന 7 ഹോസ്റ്റലുകളിലെ പട്ടികജാതി/പട്ടികവർഗ്ഗ അന്തേവാസികൾക്ക് പ്രതിമാസ ബോർഡിംഗ് ഗ്രാന്റും യൂണിഫോം അലവൻസും അനുവദിക്കുന്നുണ്ട്. സർക്കാർ കോളേജ് ഹോസ്റ്റലുകൾ, സ്വാശ്രയ കോളേജുകളിലെ അംഗീകൃത ഹോസ്റ്റലുകൾ എന്നിവയിൽ അഡ്മിഷൻ നേടിയിട്ടുള്ള പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ആനുകൂല്യം അനുവദിച്ചു വരുന്നു. വകുപ്പിന്റെ ഹോസ്റ്റലുകളിലോ സ്ഥാപനങ്ങളുടെ ഹോസ്റ്റലുകളിലോ പ്രവേശനം ലഭിക്കാത്ത വകുപ്പിന്റെ ധനസഹായത്തോടെ പഠനം നടത്തുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് അക്കോമഡേഷൻ എന്ന നിലയിൽ പ്രതിമാസം പരമാവധി 4500 രൂപ നിരക്കിൽ 10 മാസത്തേയ്ക്ക് ഹോസ്റ്റൽ ഫീസ് ആനുകൂല്യം അനുവദിച്ചുവരുന്നു. സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിലെ ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് താമസ, ഭക്ഷണ ചെലവിനായി പ്രതിമാസം 4500 രൂപ വരെ നൽകുന്നുണ്ട്. സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് സ്ഥാപനത്തിന്റെ ഹോസ്റ്റലിലോ അംഗീകൃത ഹോസ്റ്റലുകളിലോ താമസിക്കുന്നതിന് താമസ, ഭക്ഷണ ചെലവിനത്തിൽ 3500 രൂപ വരെ അനുവദിച്ചുവരുന്നു. വനത്തിനകത്തുള്ളതും വനാതിർത്തികളിലുള്ളതുമായ ഊരുകളിൽനിന്നുള്ള കുട്ടികൾക്ക് ഹോസ്റ്റൽ പ്രവേശനത്തിന് പട്ടികവർഗ്ഗ വികസന വകുപ്പ് പ്രഥമ പരിഗണന നൽകിവരുന്നുണ്ട്. മറ്റ് ദുർഘട പ്രദേശങ്ങളിൽ നിന്നുമുള്ള, വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമല്ലാത്ത കുട്ടികൾക്കും പ്രധാന പരിഗണന നൽകിവരുന്നുണ്ട്. കണ്ണവം (കണ്ണൂർ), ആനവായ്, ഗൊട്ടിയാർകണ്ടി, പറമ്പിക്കുളം, സുങ്കം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(പാലക്കാട്), വാഴച്ചാൽ, വെറ്റിലപ്പാറ (തൃശ്ശൂർ), പിണവൂർക്കുടി, ഇടമലയാർ (എറണാകുളം), അച്ചൻകോവിൽ (കൊല്ലം) എന്നിങ്ങനെ വന മേഖലയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ പ്രത്യേക ദുർബല ഗോത്രവിഭാഗങ്ങൾക്കായി കാസർഗോഡ്, തിരുനെല്ലി, നൂൽപുഴ, നിലമ്പൂർ, മലമ്പുഴ എന്നിവിടങ്ങളിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും പ്രവർത്തിച്ചു വരുന്നുണ്ട്.

## മലപ്പുറം ജില്ലയിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ഹോസ്റ്റലുകളും

41 (5979) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിനുകീഴിൽ എവിടെയെല്ലാം മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ഹോസ്റ്റലുകളുമുണ്ടെന്ന് അറിയിക്കുമോ; ഇവ മികവുറ്റതാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

മലപ്പുറം ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ ഒരു മോഡൽ റസിഡൻഷ്യൽ സ്കൂളും (ഇന്ദിരാഗാന്ധി സ്മാരക മോഡൽ റസിഡൻഷ്യൽ സ്കൂൾ, നിലമ്പൂർ), 10 പ്രീമെട്രിക് ഹോസ്റ്റലുകളും പട്ടികജാതി വികസന വകുപ്പിനുകീഴിൽ 5 പ്രീമെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നുണ്ട്. ഹോസ്റ്റലുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു* പട്ടികജാതി വികസന വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നില്ല. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേയും ഹോസ്റ്റലുകളിലേയും നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, കുട്ടികളുടെ മാനസികോല്ലാസത്തിനും ആരോഗ്യ സംരക്ഷണത്തിനുമുള്ള സൗകര്യങ്ങൾ, മെനു എന്നിവ സൂക്ഷ്മമായി പരിശോധിച്ച് നിലവിലുള്ള സൗകര്യങ്ങളും വിടവുകളും കണ്ടെത്തി ഓരോ വിദ്യാലയത്തിനും മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനും ഓരോ വിദ്യാർത്ഥിക്കും വ്യക്തിഗത ശ്രദ്ധാപദ്ധതിയും നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ ഡിജിറ്റൽ ലൈബ്രറി, ലാംഗ്വേജ് ലാബ്, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ് റൂം എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ആരോഗ്യ സംരക്ഷണത്തിനും വ്യായാമത്തിനുമായി ഔട്ട് ഡോർ ഫിറ്റ്നസ് സെന്റർ, മൾട്ടി പർപ്പസ് പ്ലേ ഗ്രൗണ്ട് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ഖരദ്രാവക മാലിന്യ സംസ്കരണ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്ലാന്റ്, മിന്നൽ രക്ഷാ ചാലകം, മിനിമാസ്റ്റ് ലൈറ്റ്, സോളാർ പവർ പ്ലാന്റ്, സി.സി ടി. വി, സ്റ്റീം ബേസ്ഡ് കിച്ചൺ, ശുദ്ധജല ലഭ്യതയ്ക്കായി വാട്ടർ പ്യൂരിഫയർ മുതലായ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. വെള്ളത്തിന് ക്ഷാമമുള്ള ഹോസ്റ്റലുകളിൽ കുഴൽ കിണർ കുഴിക്കുന്നതിന്/വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് വാട്ടർ കണക്ഷൻ എടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം കൂട്ടുതൽ ഉയർത്തുന്നതിനായി Remedial coaching, Individual academic plan തുടങ്ങിയവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഹോസ്റ്റലുകളുടെ ഭൗതിക സാഹചര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിന് യൂണിസെഫ് നിഷ്കർഷിച്ച മാതൃകയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ജില്ലയിലെ സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ഇന്ദിരാഗാന്ധി സ്മാരക മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(സി) മലപ്പുറം മണ്ഡലത്തിൽ പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളും ഹോസ്റ്റലും ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

മലപ്പുറം മണ്ഡലത്തിൽ പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ഹോസ്റ്റലുകളും ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## കോതമംഗലം മണ്ഡലത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഹോസ്റ്റലുകൾ

42 (5980) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി നിർമ്മിക്കുന്ന നേര്യമംഗലം പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെയും (ഗേൾസ്), പിണവൂർക്കുടി പ്രീ-മെട്രിക് ഹോസ്റ്റലിന്റെയും (ബോയ്സ്) നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

നേര്യമംഗലം പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തി കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിരുന്നുവെങ്കിലും എസ്റ്റിമേറ്റ് തയ്യാറാക്കിയ സ്ഥലത്തുനിന്നും പുതുക്കിയ സ്ഥലത്തേയ്ക്ക് നിർമ്മാണം മാറ്റുകയുണ്ടായി. പുതിയതായി തയ്യാറാക്കിയ സൈറ്റ് പ്ലാനിന്റെ അടിസ്ഥാനത്തിൽ കൺസ്ട്രക്ഷൻ കോർപ്പറേഷൻ ജനറൽ മാനേജരുടെ സാന്നിദ്ധ്യത്തിൽ സൈറ്റ് ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട്. എന്നാൽ, പുതിയതായി നൽകിയിരിക്കുന്ന സൈറ്റിന്റെ ഏകദേശം മധ്യഭാഗത്തുകൂടി മഴക്കാലത്തുമാത്രം വെള്ളം ഒഴുകിപോകുന്ന ഒരു തോട്ടുള്ളതായും ഈ തോട് നിലനിർത്തി മാത്രമേ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂയെന്നും പരിസരവാസികൾ അറിയിച്ചിട്ടുള്ളതിനാൽ പുതിയ സൈറ്റിൽ നിലവിൽ എഗ്രിമെന്റ് വച്ചിരിക്കുന്ന പ്ലാനും എസ്റ്റിമേറ്റും അനുസരിച്ച് പദ്ധതി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ പുതിയ സൈറ്റ് കണ്ടെത്തി മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. ഇതിനായി നേര്യമംഗലത്ത് വകുപ്പിന്റെ കൈവശമിരിക്കുന്ന ഭൂമി പരിശോധിച്ച് സ്ഥലത്തിന്റെ സ്കെച്ച് ലഭ്യമാക്കി സോയിൽ ടെസ്റ്റ്, പ്ലാൻ തയ്യാറാക്കൽ എന്നിവ ചെയ്യേണ്ടതായിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കിഫ്ബിയിൽ ഉൾപ്പെടുത്തിയ പിണവൂർക്കുടി പ്രീമെട്രിക് ഹോസ്റ്റൽ പ്രോജക്ടിനായി കണ്ടെത്തിയ സൈറ്റിന് വനം വകുപ്പിന്റെ വികസനാവകാശം ലഭ്യമായിരുന്നുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ ജോലി നിശ്ചിത സമയത്ത് ആരംഭിക്കുവാൻ കൺസ്ട്രക്ഷൻ കോർപ്പറേഷന് സാധിച്ചിരുന്നില്ല. പദ്ധതിയുടെ വനാവകാശ വികസന അനുമതിയുടെ കാലാവധി അവസാനിച്ചതിനാൽ പുതിയ അനുമതിക്കായി മൂന്നാർ ഡി.എഫ്.ഒ.-യ്ക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

(ബി) കോതമംഗലം മണ്ഡലത്തിലെ അയ്യായിരത്തിലധികം വരുന്ന ആദിവാസി കുടുംബങ്ങൾക്കും ഇടുക്കി അടക്കമുള്ള സമീപ ജില്ലകളിലെ കുട്ടികൾക്കും ഏറെ പ്രയോജനം ലഭിക്കുന്ന പ്രസ്തുത ഹോസ്റ്റൽ നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ആദ്യം അംഗീകരിച്ച പ്ലാനിൽ മാറ്റം വന്നതുമൂലമാണ് നേര്യമംഗലം പ്രീമെട്രിക് ഹോസ്റ്റലിന്റെ പ്രവൃത്തിയിൽ കാലതാമസമുണ്ടായത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ആരംഭിക്കാനുണ്ടായ കാലതാമസം കാരണം വനാവകാശ വികസന അനുമതി കാലഹരണപ്പെട്ടതാണ് പിണവൂർക്കുടി പ്രീമെട്രിക് ഹോസ്റ്റൽ പ്രവൃത്തികൾ വൈകിയത്.

(സി) ഹോസ്റ്റൽ നിർമ്മാണത്തിന്റെ സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് ആയത് വേഗത്തിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നേര്യമംഗലം ഹോസ്റ്റലിന്റെ നിർമ്മാണത്തിൽ താലൂക്ക് സർവ്വേയർ സ്ഥലം പരിശോധിച്ച് സ്കെച്ച് തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. മൂന്നാർ ഡി.എഫ്.ഒ. പുതുക്കിയ വനാവകാശ വികസന അനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് കൺസ്ട്രക്ഷൻ കോർപ്പറേഷനുമായി ബന്ധപ്പെട്ട് പിണവൂർക്കുടി ഹോസ്റ്റലിന്റെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഉന്നത വിദ്യാഭ്യാസം നേടിയ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ**

43 (5981) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസം നേടിയ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതയ്ക്ക് തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനായി വിവിധ മേഖലകളിൽ നൈപുണ്യ വികസന പരിശീലന പരിപാടികൾ നടത്തിവരുന്നു. തൊഴിലവസരങ്ങളും തൊഴിലുമായി ബന്ധിപ്പിച്ച് പട്ടികവർഗ്ഗ വിഭാഗത്തിലെ യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി 'വെർച്വൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്' എന്ന സംവിധാനം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. PSC/UPSC/SSC/RRB/IBPS മുതലായ പരീക്ഷകൾ സംബന്ധിച്ച അറിയിപ്പുകൾ നൽകി ഇതിനായി പരിശീലന പരിപാടികൾ ജില്ലാതലത്തിൽ സംഘടിപ്പിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് വിദേശപഠനം ലഭ്യമാക്കാനും ജോലി ലഭ്യമാക്കി അവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനും ഈ സർക്കാർ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

4-10-2017-ലെ സ.ഉ.(കൈ) നമ്പർ 81/2017/പജപവവിവ. പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദേശത്ത് ഉന്നത വിദ്യാഭ്യാസത്തിനായി പൂർണ്ണതോതിൽ സ്കോളർഷിപ്പും യാത്രാചെലവും നൽകിവരുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെട്ടവർക്ക് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായങ്ങൾ നൽകുന്ന പദ്ധതിക്കുള്ള പ്രൊപ്പോസൽ വകുപ്പ് ലഭ്യമാക്കുന്നമുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## പട്ടികജാതി സംരംഭകർക്കുള്ള വായ്പാ പദ്ധതികൾ

44 (5982) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സംരംഭകർക്ക് കുറഞ്ഞ പലിശ നിരക്കിൽ നൽകിവരുന്ന വായ്പാ പദ്ധതികൾ ഏതൊക്കെയാണെന്നും പ്രസ്തുത പദ്ധതി പ്രകാരം കോവിഡ് 19-ന്റെ കാലഘട്ടത്തിൽ എത്ര പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനാണ് പട്ടികജാതി സംരംഭകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പാ പദ്ധതികൾ നടപ്പാക്കിവരുന്നത്. കോവിഡ്-19-ന്റെ കാലഘട്ടത്തിൽ (2020 ഏപ്രിൽ മാസം മുതൽ 2021 സെപ്റ്റംബർ മാസം വരെ) 3751 പേർക്ക് 57.90 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പട്ടികജാതി സംരംഭകർക്ക് നൽകിവരുന്ന വായ്പാ പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത വായ്പകളുടെ ജാമ്യവ്യവസ്ഥ, തിരിച്ചടവ് എന്നിവയിൽ ഇളവുകളുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത വായ്പകളുടെ ജാമ്യവ്യവസ്ഥ, തിരിച്ചടവ് എന്നിവയിൽ ഇളവുകൾ ഇല്ല.

## ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ ചക്കാല വിഭാഗത്തിൽപ്പെട്ടവർക്ക് ഒ.ബി.സി. സർട്ടിഫിക്കറ്റ്

45 (5983) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ വെള്ളന്നൂർ, കുഴക്കോട് പ്രദേശങ്ങളിൽ താമസിച്ചുവരുന്ന ചക്കാല വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഒ.ബി.സി. ചക്കാല വിഭാഗത്തിൽ ഉൾപ്പെട്ടതായ സർട്ടിഫിക്കറ്റ് ലഭിക്കാത്തത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴിക്കോട് കിർത്താഡ്സ് മുഖേന ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കിർത്താഡ്സ് ഇക്കാര്യത്തിൽ അന്വേഷണം നടത്തിവരുന്നു.

(സി) എങ്കിൽ ഇതുസംബന്ധിച്ച അന്വേഷണം നടത്തിയത് എന്നാണെന്നും ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പിന്നാക്ക വിഭാഗ കമ്മീഷന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിന് കാലതാമസം വരാനിടയാക്കിയ കാരണങ്ങളെന്തെന്നും വ്യക്തമാക്കാമോ?

18-3-2019-ലാണ് മേൽ പ്രസ്താവിച്ച അന്വേഷണത്തിന് തുടക്കം കുറിച്ചത്. അന്വേഷണം പൂർത്തീകരിക്കാത്തതിനാൽ റിപ്പോർട്ട് പിന്നാക്ക വിഭാഗ കമ്മീഷൻ മുൻപാകെ സമർപ്പിച്ചിട്ടില്ല. മേൽ പ്രസ്താവിച്ച ഒ.ബി.സി. ചക്കാല സമുദായ സർട്ടിഫിക്കറ്റ് അവകാശപ്പെടുന്നവരുടെ സ്കൂൾ രേഖകളിൽ " നായർ" എന്നാണ് സമുദായം ചേർത്തിരിക്കുന്നത്. ആയതുകൊണ്ടുതന്നെ സാമൂഹിക-സാംസ്കാരിക സവിശേഷതകളുടെ വിവരശേഖരണം നടത്തി വിശകലനം നടത്തിയാൽ മാത്രമേ ടിയാളുകൾ യഥാർത്ഥത്തിൽ ചക്കാലൻ സമുദായക്കാർ തന്നെയാണോയെന്ന് തീരുമാനിക്കുവാൻ സാധിക്കുകയുള്ളൂ. മേൽ വിവരശേഖരണം നടത്തിവരുന്നു.

(ഡി) പ്രസ്തുത നടപടികൾ പൂർത്തീകരിക്കാത്തതിനാൽ ഈ പ്രദേശങ്ങളിലെ ചക്കാല വിഭാഗത്തിൽപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതായ പരാതി പരിഹരിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

റിപ്പോർട്ട് പൂർത്തിയാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. റിപ്പോർട്ട് അടിയന്തരമായി പൂർത്തിയാക്കാൻ കിർത്താഡ്സിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പട്ടികജാതി വികസന ഓഫീസുകളിൽ ക്ലാർക്ക്, ഓഫീസ് അസിസ്റ്റന്റ് തസ്തികകൾ

46 (5984) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രേഡ് II പട്ടികജാതി വികസന ഓഫീസുകളിൽ ക്ലാർക്ക്, ഓഫീസ് അസിസ്റ്റന്റ് തസ്തികകൾ അനുവദിച്ച് ഓഫീസ് പ്രവർത്തനം സുഗമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രസ്തുത വിഷയം സി2/139/2020/പജപവവിവ. ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു.

## ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

47 (5985) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

പട്ടികജാതി ,പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടില്ല.

(ബി) ഏതെല്ലാം പ്രൊപ്പോസലുകളാണ് ഭരണാനുമതി ലഭ്യമാക്കുന്നതിനായി പ്രസ്തുത മണ്ഡലത്തിൽനിന്ന് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് ഈ വർഷം ഭരണാനുമതിക്കായി ലഭിച്ച പ്രൊപ്പോസലുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

1. നാലേക്കർ-കൊച്ചുകയം റോഡ് കോൺക്രീറ്റിംഗ്

2. പുതുച്ചിറ എസ്.സി. കോളനി അടിസ്ഥാന സൗകര്യ വികസനം

3. അറുനൂറിൽ പുതുവൽ എസ്.സി. കോളനി റോഡ് റീട്ടെയിനിംഗ് വാൾ

4. മുക്കാഞ്ഞിരം ഇലവുംമൂട് കോളനി കുടിവെള്ള പദ്ധതി

5. പൊൻപുഴ എസ്.സി. കോളനി അടിസ്ഥാന സൗകര്യ വികസനം

6. ഏഴോലിക്കൽ എസ്.സി. കോളനി അടിസ്ഥാന സൗകര്യ വികസനം

7. ചെമ്പുപുറം കോളനിയിലെ സാംസ്കാരിക നിലയം പുനരുദ്ധാരണം

8. കെ.പി.എം.എസ്. ശ്മശാനം-കടമാൻചിറ എസ്.സി. കോളനി റോഡ് പൂർത്തീകരണം

9. ചാഞ്ഞോടിപള്ളി- മാറാട്ടുകുളം എസ്.സി. കോളനി അടിസ്ഥാന സൗകര്യ വികസനം

10. വേഷണാൽ എസ്.സി. കോളനി കലുങ്ക് നിർമ്മാണം

11. ഞണ്ടുകുളം എസ്.സി. കോളനി അടിസ്ഥാന സൗകര്യ വികസനം

12. മുളന്താനത്തുകുഴി എസ്.സി. കോളനി അടിസ്ഥാന സൗകര്യ വികസനം

13. പാണക്കുന്ന് കോളനി കുടിവെള്ള പദ്ധതി

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭ്യമാക്കുന്നതിനായി പ്രസ്തുത മണ്ഡലത്തിൽനിന്ന് അർഹമായ പ്രൊപ്പോസലുകളൊന്നുംതന്നെ ലഭ്യമായിട്ടില്ല.

**ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

48 (5986) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ് കഴിഞ്ഞ 10 വർഷത്തിനിടയിൽ ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ടി പദ്ധതികളുടെ സഹായം ലഭ്യമായ വ്യക്തികളുടെ വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

(എ&ബി) പട്ടികജാതി വികസന വകുപ്പ് കഴിഞ്ഞ 10 വർഷത്തിനിടയിൽ ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. അനുബന്ധം (എ)-യിലെ ക്രമ നമ്പർ (1)-നുള്ള ഭവന നിർമ്മാണത്തിനുള്ള ഭൂമി വാങ്ങൽ പദ്ധതിയുടെ ലഭ്യമായ വിശദാംശം അനുബന്ധമായി ചേർക്കുന്നു*. മറ്റുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് ദേവികുളം നിയോജകമണ്ഡലത്തിൽ അടിമാലി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് നിലവിൽവന്ന 2016 മുതൽ അടിമാലി ടി.ഡി.ഒ. ഓഫീസ് പരിധിയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധം-ബി ആയി ചേർക്കുന്നു*. 2011 മുതൽ 2016 മാർച്ച് വരെയുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടികവർഗ്ഗ വികസന കോർപ്പറേഷൻവഴി വായ്പ എടുത്തവർ

49 (5987) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ വികസന കോർപ്പറേഷൻവഴി വായ്പയെടുത്ത എത്ര പേരുടെ വായ്പകൾ കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ എഴുതിത്തള്ളിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആകെ എത്ര രൂപയുടെ വായ്പ എഴുതിത്തള്ളിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

2877 ഗുണഭോക്താക്കൾക്കായി 6,12,55,110.80 രൂപ (ആറ് കോടി പന്ത്രണ്ട് ലക്ഷത്തി അമ്പത്തി അയ്യായിരത്തി ഒരുനൂറ്റി പത്ത് രൂപ എൺപത് പൈസ)യുടെ വായ്പ എഴുതിത്തള്ളിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

## മാസ്ക് നിർമ്മാണ പദ്ധതി

50 (5988) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ മാസ്ക് നിർമ്മിക്കുന്ന പദ്ധതി ഉണ്ടായിരുന്നോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. കോവിഡ്-19 പ്രതിരോധത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ഒരാൾക്ക് മൂന്നെണ്ണം എന്ന നിലയ്ക്ക് മാസ്ക് വിതരണം ചെയ്യുന്നതിലേയ്ക്കായി മാസ്ക് തയ്ക്കുന്നതിന് ആവശ്യമായ തുണിയും അനുബന്ധ സാമഗ്രികളും നൽകി പട്ടികവർഗ്ഗക്കാരായവർക്ക് മാസ്ക് നിർമ്മിക്കുന്നതിനും പരിശീലനം നൽകുന്നതിനുമുള്ള ഒരു പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) എങ്കിൽ എത്ര രൂപയുടെ പദ്ധതിയാണിതെന്നും ആരെയാണ് ഈ പ്രവൃത്തി ഏൽപ്പിച്ചതെന്നും വ്യക്തമാക്കാമോ?

മാസ്ക് വിതരണം ചെയ്യുന്നതിലേയ്ക്കായി മാസ്ക് തയ്ക്കുന്നതിനാവശ്യമായ തുണിയും അനുബന്ധ സാമഗ്രികളും നൽകി പട്ടികവർഗ്ഗക്കാരായവർക്ക് മാസ്ക് നിർമ്മിക്കുന്നതിന് പരിശീലനം നൽകുന്നതിനുമായി വീവേഴ്സ് വില്ലേജ്, റോസ് ബംഗ്ലാവ്, വഴുതക്കാട്, തിരുവനന്തപുരം എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നു. ടി സ്ഥാപനത്തിന് ഇതിലേയ്ക്കായി 1,48,54,970 രൂപ വകുപ്പുതലത്തിൽ അനുവദിച്ചിട്ടുണ്ട്.

(സി) ഈ പ്രവൃത്തി ടെണ്ടർ ചെയ്തത് എപ്പോഴാണെന്നും എത്ര വ്യക്തികൾ/കമ്പനികൾ ടെണ്ടറിൽ പങ്കെടുത്തുവെന്നും വ്യക്തമാക്കാമോ; അവരുടെ പേരുവിവരം വിശദമാക്കാമോ?

ടെണ്ടർ ക്ഷണിച്ചിട്ടില്ല. പൊതുതാൽപ്പര്യപത്രം ക്ഷണിക്കുകയും വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച സാമ്പിളുകൾ ഒരു വിദഗ്ദ്ധ സമിതി പരിശോധിക്കുകയും 30-6-2020-ന് ചേർന്ന വിദഗ്ദ്ധ സമിതി നൽകിയ നിർദ്ദേശങ്ങൾ അംഗീകരിച്ച് കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനമായ വീവേഴ്സ് വില്ലേജിനെ ചുമതലപ്പെടുത്തുകയും ചെയ്തു. മൂന്ന് സ്ഥാപനങ്ങളാണ് താൽപ്പര്യപത്രം ലഭ്യമാക്കിയത്. പേരുവിവരം അനുബന്ധമായി ചേർക്കുന്നു*.

(ഡി) മാസ്ക് നിർമ്മാണം പൂർത്തീകരിച്ചോയെന്നും എത്ര മാസ്കുകൾ വിതരണം ചെയ്തുവെന്നും വ്യക്തമാക്കാമോ?

ഇല്ല. നാളിതുവരെയായി 7,06,671 മാസ്കുകൾ തയ്ച്ച് പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന മാസ്കുകൾ തയ്ച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

(ഇ) ഏത് ഫണ്ടുപയോഗിച്ചാണ് ഈ പദ്ധതി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ?

" 2225-02-283-90 (പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നുമാണ് തുക കണ്ടെത്തിയത്.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പഠനസഹായം**

51 (5989) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഓൺലൈൻ പഠനത്തിന്റെ ഭാഗമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട മുഴുവൻ വിദ്യാർത്ഥികൾക്കും മൊബൈൽ ഫോൺ ഉൾപ്പെടെയുള്ള പഠനസാമഗ്രികൾ അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഓൺലൈൻ പഠനത്തിന് തടസ്സം നേരിടുന്ന ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടാബ്ലറ്റും ബിരുദം, ബിരുദാനന്തര ബിരുദം, മറ്റ് പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പും നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടികജാതി, പട്ടികവർഗ്ഗ അതിക്രമ കേസുകൾ കൈകാര്യം ചെയ്യുവാൻ പ്രത്യേക കോടതികൾ

52 (5990) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ അതിക്രമ നിരോധന നിയമപ്രകാരമുള്ള കേസുകൾ കൈകാര്യം ചെയ്യുവാൻ നിലവിൽ ഏതൊക്കെ ജില്ലകളിൽ പ്രത്യേക കോടതികൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമം, 1989 പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകൾ കൈകാര്യം ചെയ്യുന്നതിനായി മാനന്തവാടി (വയനാട്), മഞ്ചേരി (മലപ്പുറം), കൊട്ടാരക്കര (കൊല്ലം), മണ്ണാർക്കാട് (പാലക്കാട്) എന്നിവിടങ്ങളിൽ പ്രത്യേക കോടതികൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) എല്ലാ ജില്ലകളിലും പുതിയ പ്രത്യേക കോടതികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം ജില്ലകളിൽ പുതിയ സ്പെഷ്യൽ കോടതികൾ തുടങ്ങുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിഗണനയിലാണ്.

(സി)തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടികജാതിക്കാർക്കായുള്ള പ്രത്യേക പദ്ധതികളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഈ പദ്ധതികൾ സമഗ്ര വിലയിരുത്തലിന് വിധേയമാക്കി മാർഗ്ഗരേഖകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുംവേണ്ട നടപടി സ്വീകരിക്കുമോ?

(സി&ഡി) തദ്ദേശസ്വയംഭരണ വകുപ്പും കിലയും (KILA) പട്ടികജാതി വികസന വകുപ്പും സംയുക്തമായി 2009-10 വർഷത്തിൽ പട്ടികജാതി കുടുംബങ്ങളുടെ സമഗ്ര വികസനം ലക്ഷ്യംവച്ച് സർവ്വെ നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയുണ്ടായി. എന്നാൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടികജാതിക്കാർക്കായുള്ള പ്രത്യേക പദ്ധതികളെ സംബന്ധിച്ച് വകുപ്പ് തലത്തിൽ പഠനങ്ങളൊന്നും നടന്നിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ചെലവഴിക്കപ്പെടുന്ന എസ്.സി.പി. ഫണ്ട് വിനിയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പാണ്. ഈ പദ്ധതികൾ സമഗ്ര വിലയിരുത്തലിന് വിധേയമാക്കി മാർഗ്ഗരേഖകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുംവേണ്ട നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പുമായി കൂടിയാലോചിച്ച് സ്വീകരിക്കുന്നതാണ്.

## നാട്ടുവൈദ്യ ചികിത്സ നടത്തുന്ന പട്ടികവർഗ്ഗക്കാർ

53 (5991) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നാട്ടുവൈദ്യ ചികിത്സ നടത്തുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ പട്ടികവർഗ്ഗ ഗോത്രവിഭാഗത്തിൽപ്പെട്ട 103 പാരമ്പര്യ വൈദ്യന്മാരുള്ളതായി കിർത്താഡ്സ് 2016-ൽ പ്രസിദ്ധീകരിച്ച പാരമ്പര്യ വൈദ്യന്മാരുടെ പേരുവിവര സൂചികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കിർത്താഡ്സിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പാരമ്പര്യ വൈദ്യ പ്രാഥമിക പരിശീലനം പൂർത്തിയാക്കിയ അടിയ/പണിയൻ വിഭാഗത്തിൽപ്പെട്ട 43 പേരുമുണ്ട്.

(ബി) നിലവിൽ ഇവർക്ക് എന്തെല്ലാം സഹായങ്ങൾ ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

1. പാരമ്പര്യ വൈദ്യ ചികിത്സയ്ക്ക് ഉപയോഗിക്കുന്ന ഔഷധ സസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മുഖ്യ വൈദ്യന്മാർക്ക് വാർഷിക ഗ്രാന്റായി പട്ടികവർഗ്ഗ വികസന വകുപ്പ് കിർത്താഡ്സ് മുഖേന 10,000 രൂപ വീതം നൽകിവരുന്നു.

2. ദേശീയ തലത്തിലും സംസ്ഥാനതലത്തിലും പാരമ്പര്യ വൈദ്യന്മാരുടെ ശിൽപ്പശാലകളും ചികിത്സാ ക്യാമ്പുകളും കിർത്താഡ്സ് സംഘടിപ്പിക്കാറുണ്ട്. കിർത്താഡ്സിന്റെ ആഭിമുഖ്യത്തിൽ പാരമ്പര്യവൈദ്യം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പാരമ്പര്യ വൈദ്യ സെന്റർ വയനാട് ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. പാരമ്പര്യ വൈദ്യന്മാരുടെ പേരുവിവര സൂചിക അടങ്ങുന്ന ഡയറക്ടറി 2013-ലും 2016-ലും കിർത്താഡ്സ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്കുള്ള അപേക്ഷകൾ

54 (5992) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും സഹായം ലഭിക്കുന്നതിനായി സമർപ്പിച്ച ഗുരുവായൂർ നിയോജകമണ്ഡലത്തിൽനിന്നുള്ള അപേക്ഷകളിൽ തീർപ്പാകാതെ ശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും സഹായം ലഭിക്കുന്നതിനായി ഗുരുവായൂർ നിയോജകമണ്ഡലത്തിൽനിന്നും ലഭിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ അപേക്ഷകളിൽ 46 എണ്ണമാണ് തീർപ്പാക്കാൻ അവശേഷിക്കുന്നത്. ഗുരുവായൂർ നിയോജകമണ്ഡലത്തിൽനിന്നും പട്ടികവർഗ്ഗ വിഭാഗക്കാരുടെ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരം നിയോജകമണ്ഡല അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദുരിതാശ്വാസ നിധിയിൽനിന്നും പട്ടികജാതി വികസന വകുപ്പ് മുഖാന്തരം ഗുരുവായൂർ നിയോജകമണ്ഡലത്തിൽ 11,69,00 രൂപ (പതിനൊന്ന് ലക്ഷത്തി അറുപത്തൊമ്പതിനായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

## പട്ടികവർഗ്ഗ പ്രൊമോട്ടർമാർ

55 (5993) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നിലവിൽ എത്ര പട്ടികവർഗ്ഗ പ്രൊമോട്ടർമാരാണുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

366 പട്ടികവർഗ്ഗ പ്രൊമോട്ടർമാരാണ് നിലവിലുള്ളത്. പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം അനുബന്ധം - (1) ആയി ചേർക്കുന്നു.*

(ബി) നിലവിൽ എത്ര രൂപയാണ് പ്രൊമോട്ടർമാർക്ക് വേതനമായി നൽകിവരുന്നതെന്ന് അറിയിക്കാമോ?

ഓണറേറിയം ഇനത്തിൽ 12,500 രൂപയും യാത്രാബത്തയായി 1,000 രൂപയും ഉൾപ്പെടെ 13,500 രൂപയാണ് നിലവിൽ പട്ടികവർഗ്ഗ പ്രൊമോട്ടർമാർക്ക് നൽകിവരുന്നത്.

(സി) പ്രൊമോട്ടർമാർക്ക് നിശ്ചയിച്ച് നൽകിയിട്ടുള്ള ഉത്തരവാദിത്തങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

30-1-2010-ലെ സ.ഉ(സാധാ)നമ്പർ 136/2010/പജപവവിവ. പ്രകാരമാണ് പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിന്റെ പകർപ്പ് അനുബന്ധം - 2 ആയി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## 2018-ലെ പ്രളയക്കെടുതിയിൽ വീടും സ്ഥലവും നഷ്ടപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകിയ ധനസഹായം

56 (5994) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയക്കെടുതിയിൽ വീടും സ്ഥലവും നഷ്ടപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ദുരന്തനിവാരണ ഫണ്ടിൽനിന്നും നാലുലക്ഷം രൂപയ്ക്ക് പുറമെ പട്ടികജാതി വികസന വകുപ്പിൽനിന്നും രണ്ടുലക്ഷം രൂപ അധികം അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇപ്രകാരം സഹായം ലഭിക്കുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചിരുന്നതെന്നും അതിൽ എത്ര പേർക്ക് രണ്ടുലക്ഷം രൂപ വീതം അധികം അനുവദിച്ചു നൽകിയെന്നും വ്യക്തമാക്കാമോ?

(എ&ബി) വീടും സ്ഥലവും നഷ്ടപ്പെട്ട എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും പട്ടികജാതി വികസന വകുപ്പിൽനിന്നും ധനസഹായം അനുവദിച്ചിട്ടില്ല. എന്നാൽ 23-7-2019-ലെ സ.ഉ.(സാധാ)നമ്പർ 782/2019/പജപവവിവ പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിൽ അധിക തുക അനുവദിച്ച് നൽകിയിട്ടുണ്ട്. വയനാട് ജില്ലയിൽ ആകെ 115 അപേക്ഷകൾ ലഭ്യമായിരുന്നു. ആയതിൽ 67 പേർക്ക് 2 ലക്ഷം രൂപ വീതം പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്.

## വാമനപുരം മണ്ഡലത്തിലെ സാംസ്കാരിക നിലയം പദ്ധതി

57 (5995) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ എസ്.ടി. കോർപ്പസ് ഫണ്ട് മുഖേന 24 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി നൽകിയ കലയപുരം പട്ടികവർഗ്ഗ സങ്കേതത്തിലെ സാംസ്കാരിക നിലയം പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ എസ്.ടി. കോർപ്പസ് ഫണ്ട് മുഖേന 24 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി നൽകിയ കലയപുരം പട്ടികവർഗ്ഗ സങ്കേതത്തിലെ സാംസ്കാരിക നിലയത്തിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. പെയിന്റിംഗ്, ജനൽ-വാതിൽ, ഫ്ലോറിംഗ് എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്.

## പാലക്കാട് മെഡിക്കൽ കോളേജിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി

58 (5996) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക സമുദായ ക്ഷേമ വകുപ്പിൻ കീഴിലെ പാലക്കാട് മെഡിക്കൽ കോളേജിൽ കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പാലക്കാട് മെഡിക്കൽ കോളേജിൽ കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി നാഷണൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡപ്രകാരം 500 കിടക്കകളുള്ള ആശുപത്രി പ്രവർത്തനക്ഷമമാക്കുവാൻ ആവശ്യമായ നടപടികൾ വളരെ വേഗത്തിൽ പുരോഗമിച്ചുവരികയാണ്. കൂടാതെ ആശുപത്രിയുടെ പ്രവർത്തനത്തിനാവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളുടെ കാര്യവും സർക്കാർ പരിശോധിച്ചുവരികയാണ്. കൂടാതെ ആശുപത്രി പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ വാങ്ങുന്നതിനായി 6.82 കോടി രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് (KMSCL) കൈമാറിയിട്ടുണ്ട്. ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഒ.പി/ഐ.പി. പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതാണ്. 500 കിടക്കകളുള്ള ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടത്തിലാണ്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പുതുക്കിയ മാനദണ്ഡപ്രകാരം അത്യാധുനിക സൗകര്യത്തോടെയുള്ള എമർജൻസി മെഡിസിൻ ഡിപ്പാർട്ട്മെന്റ് പ്രവർത്തിപ്പിക്കാൻ നിലവിൽ പണിതുകൊണ്ടിരിക്കുന്ന കെട്ടിടത്തിൽത്തന്നെ സൗകര്യം ചെയ്തിട്ടുണ്ട്. ഡി.പി.ആർ-ലെ മുഴുവൻ ജോലികളും പൂർത്തിയായാൽ മെഡിക്കൽ കോളേജിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകും. ടി ജോലികൾ 31-12-2021-ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(ബി) പ്രസ്തുത മെഡിക്കൽ കോളേജിൽ കൂടുതൽ സീറ്റും പി.ജി. കോഴ്സുകളും അനുവദിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

8 വകുപ്പുകളിൽ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് ആരോഗ്യ വകുപ്പിൽനിന്നും എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള അഫിലിയേഷൻ ലഭിക്കുന്നതിനായി ഡിസംബർ 2021,

ജനുവരി 2022 മാസങ്ങളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അതിന് മുന്നോടിയായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ഒഴിവുള്ള അദ്ധ്യാപക ജീവനക്കാരുടെ കുറവ് നികത്തുന്നതിനുമുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. വർഷംതോറും 100 വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്. അഡ്മിഷൻ നൽകിവരുന്ന മെഡിക്കൽ കോളേജിന്റെ ടീച്ചിംഗ് ആശുപത്രിയായി നിലവിൽ പ്രവർത്തിച്ചുവരുന്നത് പാലക്കാട് ജില്ലാ ആശുപത്രിയാണ്. 2021 ഡിസംബറിൽ ആശുപത്രി കെട്ടിടം പണി പൂർത്തിയാക്കി, അടിസ്ഥാന സൗകര്യങ്ങളോടുകൂടി മെഡിക്കൽ കോളേജ് ആശുപത്രി കെട്ടിടത്തിലേയ്ക്ക് മാറ്റിയതിനുശേഷം കൂടുതൽ സീറ്റ് ലഭിക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതാണ്.

## വാലിൽ കോളനി റോഡ് നിർമ്മാണത്തിന് നടപടി

59 (5997) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വാലിൽ കോളനിയിലേയ്ക്ക് റോഡ് സൗകര്യമില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കോളനിയിലേയ്ക്ക് റോഡ് നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ റോഡ് നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമല്ല. ആയതിലേയ്ക്ക് ഉടമകളിൽനിന്ന് സ്ഥലം വാങ്ങുന്നതിനുള്ള നടപടി മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത് സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത റോഡ് നിർമ്മാണത്തിനായി ആവശ്യമായ തുക അനുവദിക്കുമോ; വ്യക്തമാക്കുമോ?

സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## ചേലേമ്പ്ര പഞ്ചായത്തിലെ കള്ളികുഴമ്പിൽ ശ്മശാന നവീകരണം

60 (5998) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിലെ ചേലേമ്പ്ര കള്ളികുഴമ്പിൽ ശ്മശാനം വക സ്ഥലത്തിന്റെ ചെറിയൊരു ഭാഗം പൊതുവഴി സഞ്ചാരയോഗ്യമാക്കുന്നതിനുവേണ്ടി നൽകണമെന്നാവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് നൽകിയ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ശ്മശാനം നവീകരിക്കുന്നതിന് കോർപ്പസ് ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ശ്മശാനം വകുപ്പിന്റെ ഉടമസ്ഥതയിലാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ഉണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ-സി) ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി കള്ളിക്കഴമ്പിൽ ശ്മശാനത്തിന്റെ ഒരു ഭാഗം പൊതുവഴിക്കായി വിട്ടുകൊടുക്കണമെന്ന് മലപ്പുറം ജില്ലാ വികസന ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി ശ്മശാനഭൂമി കൂടാതെ പരിസരവാസികളായ സ്വകാര്യ വ്യക്തികളുടെ ഭൂമികൂടി വിട്ടുകിട്ടിയാലേ വഴി സൗകര്യം ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ. പഞ്ചായത്ത് സെക്രട്ടറി മേൽപ്പറഞ്ഞ സ്വകാര്യ വ്യക്തികളുടെ സമ്മതപത്രം ലഭ്യമാക്കി സർക്കാരിന്റെ അനുമതിക്കായി അയയ്ക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്പോൾ എൻ.എച്ച്-ന് സമീപത്താണ് ഈ സ്ഥലം സ്ഥിതി ചെയ്യുന്നത്. പട്ടികജാതിക്കാർക്ക് മൃതദേഹം മറവ് ചെയ്യാൻ സ്ഥലമില്ലാതെ വിഷമിക്കുന്നത് കണ്ട ഒരു ഭൂവുടമയാണ് ഈ സ്ഥലം വകുപ്പിന് വിട്ടുനൽകിയിട്ടുള്ളത്. ശ്മശാനം വകുപ്പിന്റെ ഉടമസ്ഥതയിലാണെന്ന് വ്യക്തമാക്കുന്ന രേഖകളുടെ പകർപ്പ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ശിപാർശ ലഭിക്കുന്ന മുറയ്ക്ക് സർക്കാരിൽനിന്നും അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിലേയ്ക്കുള്ള റോഡുകളുടെ നവീകരണം

61 (5999) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലുള്ള പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിലേയ്ക്കുള്ള റോഡുകൾ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കോർപ്പസ് ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി കോളനികളിലേയ്ക്കുള്ള റോഡുകൾ നവീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ കോളനികളിലേയ്ക്കുള്ള റോഡുകൾ കോർപ്പസ് ഫണ്ട് മുഖേനയും ടി.ആർ.ഡി.എം. ഫണ്ട് മുഖേനയും നവീകരിച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് അനുവദിച്ച ഫണ്ടുകൾ ഏതെല്ലാമാണെന്നും 2016 മുതൽ 2021 വരെ ഇതിനായി എത്ര തുക അനുവദിച്ചുയെന്നും വ്യക്തമാക്കാമോ?

2016 മുതൽ 2021 വരെ അനുവദിച്ച കോർപ്പസ് ഫണ്ടിന്റെ വർഷം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ മഴക്കെടുതിയിൽ സംഭവിച്ച നാശനഷ്ടങ്ങൾ

62 (6000) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ മഴക്കെടുതിയിൽ വീടും സ്ഥലവും മറ്റ് ജീവനോപാധികളും ഉൾപ്പെടെയുള്ളവയ്ക്ക് നാശനഷ്ടങ്ങൾ സംഭവിച്ച പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വിവരശേഖരണം നടത്തിയിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ 28 വീടുകൾ പൂർണ്ണമായും 16 വീടുകൾ ഭാഗീകമായും തകർന്നിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 2 കുടുംബങ്ങളുടെ വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ടിട്ടുണ്ട്. 42 കുടുംബങ്ങളുടെ വീടുകൾക്ക് സാരമായ കേടുപാടുകളും സംഭവിച്ചിട്ടുണ്ട്. 14 കുടുംബങ്ങളുടെ കൃഷിയും കൃഷിസ്ഥലവും നഷ്ടപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വ്യക്തികൾക്കും കുടുംബങ്ങൾക്കും എന്തൊക്കെ സഹായങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മഴക്കെടുതിയിൽ വീടും സ്ഥലവും മറ്റ് ജീവനോപാധികളും നഷ്ടപ്പെട്ടിട്ടുള്ളവരുടെ യഥാർത്ഥ നഷ്ടത്തിന്റെ മൂല്യം കണക്കാക്കുന്നതിനായി റവന്യൂ വകുപ്പ് മുഖാന്തരം വിവരശേഖരണം നടന്നുവരുന്നു. ഇത്തരത്തിൽ ലഭ്യമാകുന്ന ആനുകൂല്യങ്ങൾ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

63 (6001) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് എടുത്തിട്ടുള്ള പട്ടികവർഗ്ഗക്കാർക്ക് കഴിഞ്ഞ വർഷം ശരാശരി എത്ര ദിവസം തൊഴിൽ നൽകാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ?

2020-21 സാമ്പത്തിക വർഷം ശരാശരി 90.46 ദിവസം തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്.

(ബി) താരതമ്യേന കുറച്ച് തൊഴിൽ ദിനങ്ങൾമാത്രം നൽകുവാൻ സാധിക്കുന്ന സാഹചര്യത്തിൽ കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള കോമ്പൻസേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

അപേക്ഷ നൽകി നിശ്ചിത ദിവസത്തിനകം തൊഴിൽ നൽകാത്ത സാഹചര്യത്തിലാണ് തൊഴിലില്ലായ്മ വേതനം നൽകേണ്ടിവരുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം അപേക്ഷിച്ച മുഴുവൻ കുടുംബങ്ങൾക്കും തൊഴിൽ നൽകാൻ സാധിച്ചതിനാൽ തൊഴിലില്ലായ്മ വേതനം നൽകേണ്ട സാഹചര്യമുണ്ടായിട്ടില്ല. കൂടാതെ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസത്തിനുപുറമെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടി ലഭ്യമാക്കുന്നതിന് 'ട്രൈബൽ പ്ലസ്' എന്ന പദ്ധതി സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. ടി പദ്ധതിവഴി പട്ടികവർഗ്ഗക്കാർക്ക് 200 തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നതിലൂടെ അവരുടെ സാമൂഹിക സാമ്പത്തിക വികസനം ലക്ഷ്യമിടുന്നു.

**ആദിവാസികൾ ശേഖരിക്കുന്ന വനവിഭവങ്ങൾക്ക് വിപണി**

64 (6002) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾ ഉൾപ്പെടെയുള്ള പിന്നോക്ക വിഭാഗക്കാർ ശേഖരിക്കുന്ന വനവിഭവങ്ങളുടെ സംഭരണത്തിനും വിപണനത്തിനും ഇവർ താമസിക്കുന്ന കേന്ദ്രങ്ങളിൽ വിപണികൾ ലഭ്യമാക്കിയിട്ടുണ്ടോ?

പട്ടികവർഗ്ഗക്കാർ ശേഖരിക്കുന്ന വനവിഭവങ്ങൾ അവർ താമസിക്കുന്ന സ്ഥലം കേന്ദ്രീകരിച്ചുതന്നെ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനുമുള്ള സ്ഥിരം സംഭരണ വിതരണ കേന്ദ്രങ്ങൾ ഇപ്പോൾ നിലവിലില്ല. പട്ടികവർഗ്ഗക്കാർ സംഭരിക്കുന്ന വനവിഭവങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ കീഴിൽ വനവിഭവ ശേഖരണ അനുമതി ലഭിച്ചിട്ടുള്ള പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ നേരിട്ടോ, സംഘം നിയോഗിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കളക്ഷൻ ഏജന്റ് മുഖേനയോ, പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് സംഘം നടത്തുന്ന കളക്ഷൻ ഡിപ്പോകൾ മുഖേനയോയാണ്

സംഭരിക്കുന്നത്. ഇപ്രകാരം സംഭരിക്കുന്ന വനവിഭവങ്ങൾ പട്ടികവർഗ്ഗ സഹകരണ സംഘം കേന്ദ്രീകരിച്ച് ഫെഡറേഷൻ മുഖേനയാണ് വിപണനം ചെയ്തുവരുന്നത്. ഫെഡറേഷനെ കൂടാതെ വനം വകുപ്പിനുകീഴിലുള്ള വനസംരക്ഷണ സമിതികൾ, കുടുംബശ്രീ എന്നിവരും പട്ടികവർഗ്ഗക്കാരിൽനിന്നും വനവിഭവങ്ങൾ സംഭരിച്ച് വിപണനം ചെയ്തുവരുന്നുണ്ട്.

(ബി) ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും പ്രസ്തുത വിഭാഗത്തെ സംരക്ഷിക്കാൻ ഇവർ താമസിക്കുന്ന കേന്ദ്രങ്ങളിൽ ഇത്തരം വിപണികൾ വ്യാപകമാക്കുമോ?

പട്ടികവർഗ്ഗക്കാരുടെ ആവാസ സ്ഥലത്തുതന്നെ വനവിഭവങ്ങൾ നേരിട്ട് ശേഖരിക്കുവാനും വിപണനം നടത്തുവാനും പട്ടികജാതി പട്ടികവർഗ്ഗ വികസന ഫെഡറേഷന്റെയും പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെയും നേതൃത്വത്തിൽ വനം വകുപ്പ്, കുടുംബശ്രീ എന്നിവയുടെ സംയുക്ത പിന്തുണ ലഭ്യമാക്കി ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും പ്രസ്തുത വിഭാഗക്കാരെ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**പഠനമുറി പദ്ധതി**

65 (6003) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി പ്രകാരം എത്ര പഠനമുറികൾ നിർമ്മിച്ചുവെന്ന് വ്യക്തമാക്കാമോ; ഇതിനായി ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കാമോ?

പട്ടികജാതി വികസന വകുപ്പ് മുഖാന്തരം സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 26275 പഠനമുറികൾ അനുവദിച്ചതിൽ 19478 പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിച്ചു. ആയതിനായി 484,73,69,377 രൂപ ചെലവഴിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി വ്യക്തിഗത ആനുകൂല്യമായ പഠനമുറി എന്ന പദ്ധതി നടപ്പിലാക്കുന്നില്ല. പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി 30 വിദ്യാർത്ഥികളെങ്കിലും പഠനം നടത്തുന്ന കോളനികൾ കേന്ദ്രീകരിച്ച് സാമൂഹ്യപഠനമുറി എന്ന പദ്ധതിയാണ് നടപ്പിലാക്കിയിട്ടുള്ളത്.

(ബി) പേരാമ്പ്ര നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച പഠനമുറികളുടെ എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; പദ്ധതി നടപ്പാക്കുന്നതിന് എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത് | ധനസഹായം നൽകിയവരുടെ എണ്ണം | തുക |
|---|---|---|
| പേരാമ്പ്ര | 31 | 51,10,000 |
| ചെറുവണ്ണൂർ | 30 | 53,90,000 |
| നൊച്ചാട് | 27 | 46,60,000 |
| കൂത്താളി | 26 | 43,70,000 |
| ചങ്ങരോത്ത് | 28 | 47,40,000 |
| ചക്കിട്ടപ്പാറ | 32 | 56,10,000 |
| തുറയൂർ | 22 | 44,00,000 |
| മേപ്പയൂർ | 19 | 36,30,000 |
| കീഴരിയൂർ | 16 | 32,00,000 |
| അരിക്കുളം | 20 | 15,50,000 |

പട്ടികവർഗ്ഗ വികസന വകുപ്പ് പേരാമ്പ്ര നിയോജകമണ്ഡലത്തിൽ ചക്കിട്ടപ്പാറ പഞ്ചായത്തിൽ നരേന്ദ്രദേവ് കോളനിയിൽ ഒരു സാമൂഹ്യ പഠനമുറി ഒരുക്കിയിട്ടുണ്ട്. ആയത് സജ്ജീകരിക്കുന്നതിനായി ആകെ 3,35,650 രൂപ (മൂന്ന് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി അറുന്നൂറ്റി അമ്പത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

**പട്ടികജാതി പെൺകുട്ടികളുടെ സമഗ്ര വികസനവും ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസവും**

66 (6004) ശ്രീ. പി. വി. അൻവർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

വകുപ്പ് നൽകുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും പ്രത്യേകമായ ഹോസ്റ്റൽ സൗകര്യങ്ങളും പെൺകുട്ടികൾക്ക് ലഭ്യമാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 75000 രൂപ വിവാഹ ധനസഹായ പദ്ധതി പ്രകാരം വകുപ്പ് നൽകിവരുന്നുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒരു ലക്ഷം രൂപവരെ വരുമാന പരിധിയിലുള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന പേരിൽ ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പും എൽ.ഐ.സി. ഓഫ് ഇന്ത്യയും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിക്ക് വകുപ്പ് 1,38,000 രൂപ നാല് ഗഡുക്കളായി പെൺകുട്ടിയുടെ പേരിൽ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ എൽ.ഐ.സി. 3,00,000 രൂപ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടിക്ക് നൽകുന്നു. 1-4-2017 മുതൽ ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കണം.

മാനദണ്ഡങ്ങൾ നിക്ഷേപ തുക പ്രീമിയം

1) പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിരിക്കണം

2) ആദ്യ 90 ദിവസത്തിനുള്ളിൽ നവജാത ശിശുവിന് വേണ്ട പ്രതിരോധ കുത്തിവയ്പുകൾ എടുത്തിരിക്കണം.

39,000 ആദ്യ ഗഡു

1) പെൺകുട്ടിക്ക് 5 വയസ്സ് പൂർത്തിയായിരിക്കണം

2) പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയിട്ടുണ്ടായിരിക്കണം. കൂടാതെ നിശ്ചിത പ്രായത്തിനുള്ളിൽ എടുക്കേണ്ട ബാക്കിയുള്ള പ്രതിരോധ കുത്തിവയ്പുകൾ എടുത്തിരിക്കണം.

36,000 രണ്ടാം ഗഡു

അഞ്ചാം തരത്തിലേയ്ക്ക് പ്രവേശനം നേടുകയും 10 വയസ്സ് പൂർത്തിയാകുകയും ചെയ്യണം. ആയത് ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിരിക്കണം.

33,000 മൂന്നാം ഗഡു

പെൺകുട്ടി പത്താംതരം പാസ്സാകുകയും 15 വയസ്സ് പൂർത്തിയാകുകയും വേണം. പത്താംതരം പാസായതിന്റെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയത് ഹാജരാക്കണം.

30,000 നാലാം ഗഡു.

ആകെ നിക്ഷേപ തുക 1,38,000.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിനായി ധനസഹായം നൽകുന്ന പ്രത്യേക പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ?

നിലവിലുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിനായി 75,000 രൂപ നിരക്കിൽ ധനസഹായം അനുവദിച്ചുവരുന്നു. ധനസഹായം അനുവദിക്കുന്നതിനുള്ള വരുമാന പരിധി 1,00,000 രൂപയാണ്. ടി ധനസഹായം അനുവദിക്കുന്നതിനായി ബന്ധപ്പെട്ട ബ്ലോക്ക് മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(സി) ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട അവശവിഭാഗങ്ങളുടെ പുനരധിവാസത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഭൂമിയില്ലാത്ത പട്ടികജാതിയിൽപ്പെട്ടവർക്ക് ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഗ്രാമപ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമിയും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമിയും വാങ്ങുന്നതിന് ഗ്രാമ/ മുനിസിപ്പൽ/കോർപ്പറേഷനുകളിൽ യഥാക്രമം 3,75,000, 4,50,000, 6,00,000 രൂപ ഗ്രാന്റായി പട്ടികജാതി വികസന വകുപ്പ് അനുവദിക്കുന്നു. ഈ തുകയ്ക്ക് ലഭിക്കാവുന്ന പരമാവധി ഭൂമി വാങ്ങേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ലൈഫ് ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഭവന നിർമ്മാണ പദ്ധതി വകുപ്പ് നേരിട്ട് നടപ്പിലാക്കുന്നില്ല. ലൈഫ് മിഷന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നിലവിൽ പട്ടികജാതി വിഭാഗക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നത്.

### പട്ടികജാതി വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം

67 (6005) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പിന്റെ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം അനുവദിക്കുന്ന പ്രത്യേക പദ്ധതി വകുപ്പിൽ നടപ്പിലാക്കുന്നില്ല. എന്നാൽ പട്ടികജാതി വിഭാഗക്കാരുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ പട്ടികജാതിക്കാരും മറ്റ് ഇതര വിഭാഗക്കാരും തമ്മിലുള്ള മിശ്രവിവാഹത്തിനും ധനസഹായം അനുവദിച്ചുവരുന്നു. 2 പദ്ധതികൾക്കും 75,000 രൂപ നിരക്കിലാണ് ധനസഹായം അനുവദിക്കുന്നത്. 1,00,000 രൂപയാണ് വരുമാനപരിധി. ആയതിന് അപേക്ഷയും അനുബന്ധ രേഖകളും ബന്ധപ്പെട്ട ബ്ലോക്ക്, മുനിസിപ്പൽ, കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ സമർപ്പിക്കാവുന്നതാണ്.

## വാത്സല്യനിധി പദ്ധതി

68 (6006) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനത്തിനായി നടപ്പിലാക്കിവരുന്ന വാത്സല്യനിധി പദ്ധതി പ്രകാരം നാളിതുവരെ എത്രപേർക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനത്തിനായി നടപ്പിലാക്കിവരുന്ന വാത്സല്യനിധി പദ്ധതി പ്രകാരം നാളിതുവരെ 14259 പട്ടികജാതി പെൺകുട്ടികൾ ഗുണഭോക്താക്കളായിട്ടുണ്ട്.

(ബി) വാത്സല്യനിധി പദ്ധതിയിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒരു ലക്ഷം രൂപവരെ വരുമാന പരിധിയിലുള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന പേരിൽ ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നു. പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പും എൽ.ഐ.സി. ഓഫ് ഇന്ത്യയും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിക്ക് വകുപ്പ് 1,38,000 രൂപ നാല് ഗഡുക്കളായി പെൺകുട്ടിയുടെ പേരിൽ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ എൽ.ഐ.സി. 3,00,000 രൂപ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടിക്ക് നൽകുന്നു. 1-4-2017 മുതൽ ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കണം.

മാനദണ്ഡങ്ങൾ നിക്ഷേപ തുക പ്രീമിയം

1) പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിരിക്കണം

2) ആദ്യ 90 ദിവസത്തിനുള്ളിൽ നവജാത ശിശുവിന് വേണ്ട പ്രതിരോധ കുത്തിവയ്പുകൾ എടുത്തിരിക്കണം.

39,000 ആദ്യ ഗഡു

1) പെൺകുട്ടിക്ക് 5 വയസ്സ് പൂർത്തിയായിരിക്കണം

2) പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയിട്ടുണ്ടായിരിക്കണം. കൂടാതെ നിശ്ചിത പ്രായത്തിനുള്ളിൽ എടുക്കേണ്ട ബാക്കിയുള്ള പ്രതിരോധ കുത്തിവയ്പുകൾ എടുത്തിരിക്കണം.

36,000 രണ്ടാം ഗഡു

അഞ്ചാം തരത്തിലേയ്ക്ക് പ്രവേശനം നേടുകയും 10 വയസ്സ് പൂർത്തിയാകുകയും ചെയ്യണം. ആയത് ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിരിക്കണം.

33,000 മൂന്നാം ഗഡു

പെൺകുട്ടി പത്താംതരം പാസ്സാകുകയും 15 വയസ്സ് പൂർത്തിയാകുകയും വേണം. പത്താംതരം പാസ്സായതിന്റെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയത് ഹാജരാക്കണം.

30,000 നാലാം ഗഡു

ആകെ നിക്ഷേപ തുക 1,38,000.

## പട്ടികജാതി വികസന കോർപ്പറേഷന്റെ ഏറ്റെടുക്കൽ പദ്ധതി

69 (6007) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തവരുടെ ലോണുകൾ സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷൻ ഏറ്റെടുക്കുന്ന ഏറ്റെടുക്കൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പട്ടികവിഭാഗത്തിൽപ്പെട്ടവർ വാണിജ്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ തുടങ്ങി സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ളതും തിരിച്ചടവ് കൃത്യമായിട്ടുള്ളതുമായ വായ്പകൾ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഏറ്റെടുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതിന് കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം പട്ടികജാതി വികസന കോർപ്പറേഷൻ ഏറ്റെടുത്ത വായ്പകളുടെ എണ്ണവും തുകയും ജില്ല തിരിച്ച് ലഭ്യമാക്കാമോ?

നിലവിൽ വായ്പകളൊന്നും ഏറ്റെടുത്തിട്ടില്ല.

**സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതി**

70 (6008) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഠനം ഉപേക്ഷിക്കേണ്ടിവന്ന പട്ടികജാതിക്കാരെ സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതി മുഖേന അഭ്യസ്തവിദ്യരാക്കുന്നതിന് വകുപ്പ് തലത്തിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കേരള സംസ്ഥാന സാക്ഷരത മിഷൻ മുഖേന ടി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇപ്രകാരം പഠനം നടത്തുന്ന പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പിൽനിന്നും രജിസ്ട്രേഷൻ ഫീസ്, പരീക്ഷാ ഫീസ് എന്നിവ അനുവദിച്ച് നൽകുന്നുണ്ട്.

**പട്ടികജാതി വനിതകൾക്കുള്ള വിവാഹ ധനസഹായ പദ്ധതി**

71 (6009) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വനിതകൾക്കുള്ള വിവാഹ ധനസഹായ പദ്ധതി പ്രകാരം 2018 മുതൽ നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വനിതകൾക്കുള്ള വിവാഹ ധനസഹായ പദ്ധതി പ്രകാരം 2018 മുതൽ 2021 ഒക്ടോബർ വരെ ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതർ**

72 (6010) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതർക്ക് ജീവനോപാധി പ്രവർത്തനങ്ങൾക്ക് അനുവദിച്ചുവരുന്ന ധനസഹായം ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മിശ്രവിവാഹം ചെയ്ത പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ജീവനോപാധി പ്രവർത്തനങ്ങൾക്കുള്ള ധനസഹായ തുക 8-2-2021-ലെ സ.ഉ(കൈ)നമ്പർ 17/2021/ പജപവവിവ. ഉത്തരവ് പ്രകാരം 50,000 രൂപയിൽനിന്ന് 75,000 രൂപയായും ധനസഹായത്തിനുള്ള വാർഷിക കുടുംബ വരുമാന പരിധി 1,00,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

**സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ**

73 (6011) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന നിലവിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഭവന വായ്പകൾ കൂടുതൽ സുതാര്യമാക്കുന്നതിനും പലിശയിളവ് നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നിലവിൽ അനുവദിച്ചുവരുന്ന ഭവന വായ്പയാണ് "എന്റെ വീട്" ഭവന നിർമ്മാണ വായ്പ. ടി വായ്പയുടെ അർഹതാ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് വേണ്ടിയുള്ളതാണ് " എന്റെ വീട്" ഭവന നിർമ്മാണ വായ്പാ പദ്ധതി. കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2 സ്കീമുകളിലായി പരമാവധി 10 ലക്ഷം രൂപയാണ് വായ്പയായി അനുവദിച്ചുവരുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. കുടുംബ വാർഷിക വരുമാനം 1,20,000 രൂപയിൽ താഴെയാണെങ്കിൽ സ്കീം 1-ൽ ഉൾപ്പെടുത്തി പരമാവധി 5 ലക്ഷം രൂപയും കുടുംബ വാർഷിക വരുമാനം 1,20,000 രൂപയ്ക്ക് മുകളിൽ 3 ലക്ഷം വരെയാണെങ്കിൽ സ്കീം 2 പ്രകാരം പരമാവധി 10 ലക്ഷം രൂപയും വായ്പയായി അനുവദിക്കുന്നു. കോവിഡ്-19 മഹാമാരി നിമിത്തം എല്ലാ മേഖലകളിലും സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യം പരിഗണിച്ച് കോർപ്പറേഷന്റെ തനത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിവരുന്ന "എന്റെ വീട്" പദ്ധതി പ്രകാരം സ്കീം 1-ൽ അനുവദിക്കുന്ന വായ്പകളുടെ പലിശ 7.5 ശതമാനത്തിൽനിന്നും 6.5 ശതമാനവും സ്കീം 2-ൽ അനുവദിക്കുന്ന വായ്പകളിൽ പലിശ 8%-ൽനിന്നും 7 ശതമാനവുമാക്കി 2021 സെപ്റ്റംബർ 7-ാം തീയതി മുതൽ പ്രാബല്യത്തിൽ കുറവ് വരുത്തിയിട്ടുണ്ട്.

## പിന്നാക്കവിഭാഗ വിദ്യാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിൽ ഉപരിപഠനത്തിന് ധനസഹായം

74 (6012) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിൽ ഉപരിപഠനം നടത്തുന്നതിന് ധനസഹായം നൽകിവരുന്നുണ്ടോ; വിശദമാക്കാമോ?

വിദേശ സർവ്വകലാശാലകളിൽ മെഡിസിൻ, അഗ്രികൾച്ചർ, സയൻസ്, പ്യൂവർ സയൻസ് മാനേജ്മെന്റ്, എഞ്ചിനീയറിംഗ്, നിയമം, സോഷ്യൽ സയൻസ് മേഖലകളിൽ ബിരുദാനന്തര ബിരുദവും PhD-യും ചെയ്യുന്ന പിന്നാക്ക വിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് 6 ലക്ഷം രൂപ വാർഷിക വരുമാന പരിധിക്കുവിധേയമായി പരമാവധി 10 ലക്ഷം രൂപ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന സ്കോളർഷിപ്പ് അനുവദിക്കുന്നു.

(ബി) എങ്കിൽ ഓരോ വർഷവും എത്ര വിദ്യാർത്ഥികൾക്കാണ് ധനസഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഓരോ വർഷവും ധനസഹായം അനുവദിച്ച വിദ്യാർത്ഥികളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.*

(സി) പരമാവധി അപേക്ഷകർക്ക് പ്രസ്തുത ധനസഹായം അനുവദിച്ച് നൽകുന്നതിനും ഇത്തരത്തിൽ പഠിച്ചുവരുന്നവരുടെ സേവനം സംസ്ഥാനത്തിന് തിരികെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരമാവധി അപേക്ഷകർക്ക് പ്രസ്തുത ധനസഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്. വിദേശ പഠനത്തിന് സഹായം അനുവദിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ യോഗ്യതയ്ക്കനുസരിച്ചുള്ള ഉദ്യോഗം സംസ്ഥാനത്ത് നൽകുന്നതിന് സാധിക്കാത്ത സാഹചര്യത്തിൽ അവരുടെ സേവനം ഉറപ്പുവരുത്തുക പ്രായോഗികമല്ല.

**ക്രിസ്ത്യൻ എൽ.സി. വിഭാഗങ്ങളെ പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെടുത്താൻ നടപടി**

75 (6013) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം, കാസർഗോഡ് താലൂക്കുകളിലെ കൊങ്കിണി ഭാഷ സംസാരിക്കുന്ന ക്രിസ്ത്യൻ എൽ.സി. വിഭാഗത്തെ പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെടുത്തുന്ന നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ&ബി) കിർത്താഡ്സ് പരിശോധിച്ചുവരുന്നു.

(സി) 7-10-2021 തീയതിയിലെ സർക്കാർ ഉത്തരവ് (പി) നമ്പർ 1/ 2021/പി.ഐ.ഇ.&എം.ഡി. പ്രകാരം പ്രസ്തുത വിഭാഗങ്ങൾക്ക് സ്കൂൾ രേഖ അടിസ്ഥാന രേഖയായി പരിഗണിച്ച് പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മഞ്ചേശ്വരം, കാസർഗോഡ് താലൂക്കുകളിലെ കൊങ്കിണി ഭാഷ സംസാരിക്കുന്ന ക്രിസ്ത്യൻ എൽ.സി. വിഭാഗത്തിന് നിലവിൽ ഒ.ബി.സി. പദവി ലഭ്യമല്ലാത്ത സാഹചര്യത്തിൽ സ്കൂൾ രേഖ അടിസ്ഥാന രേഖയായി ഇപ്പോൾ പരിഗണിക്കാനാവില്ല.

**കോഴിക്കോട് ജില്ലയിലെ കുലാലൻ, കുലാല വിഭാഗങ്ങൾ**

76 (6014) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുലാലൻ, കുലാല എന്നീ വിഭാഗങ്ങളിൽപ്പെടുന്നവർ മൺപാത്ര നിർമ്മാണം കുലത്തൊഴിലാക്കിയ ഒരേ വിഭാഗത്തിൽപ്പെടുന്നവരാണോയെന്ന് വ്യക്തമാക്കുമോ?

കുലാലൻ, കുലാല എന്നീ വിഭാഗങ്ങളിൽപ്പെടുന്നവർ മൺപാത്ര നിർമ്മാണം കുലത്തൊഴിലാക്കിയ ഒരേ വിഭാഗത്തിൽപ്പെടുന്നവരാണ്.

(ബി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 1991-ലെ ഉത്തരവ് പ്രകാരം പ്രസ്തുത സമുദായങ്ങൾ ഒ.ഇ.സി. വിഭാഗത്തിലാണോ ഉൾപ്പെട്ടിരുന്നതെന്ന് അറിയിക്കുമോ?

പ്രസ്തുത ഉത്തരവിൽ കുലാല ഉൾപ്പെട്ടിട്ടില്ല.

(സി) വകുപ്പിന്റെ 2014-ലെ പത്താം നമ്പർ ഉത്തരവ് പ്രകാരം ഒരു ശതമാനം വിദ്യാഭ്യാസ സംവരണം അനുവദിച്ച ഉത്തരവിൽ കുലാലൻ, കുലാല എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തുകയുണ്ടായോയെന്ന് അറിയിക്കുമോ?

ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) നിലവിൽ പ്ലസ് വൺ ഏകജാലക പ്രവേശന സംവിധാനത്തിൽ കുലാലൻ വിഭാഗത്തെ ഒ.ഇ.സി.യിലും കുലാല വിഭാഗത്തെ ഒ.ബി.സി.-യിലുമാണോ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കുലാലൻ വിഭാഗത്തെ ഒ.ഇ.സി.-യിലും കുലാല വിഭാഗത്തെ എസ്.ഇ.ബി.സി.-യിലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഇ) ഇതുകാരണം കുലാല വിഭാഗത്തിന് ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കാത്തതും ഇവരിൽ പലർക്കും പ്ലസ് വൺ അഡ്മിഷൻ ലഭിക്കാതെ വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ എസ്.ഇ.ബി.സി. പട്ടികയിൽ വ്യക്തത വരുത്തി ലാൻഡ് റവന്യൂ കമ്മീഷണർക്ക്, ഡയറക്ടർ തലത്തിൽ കത്ത് നൽകിയിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് പോർട്ടലിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് നിർദ്ദേശവും നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ഒ.ഇ.സി. പട്ടിക പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ നടപ്പാക്കിയ പ്രവൃത്തികൾ

77 (6015) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ചുവർഷക്കാലം പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ എന്തെല്ലാം പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്; പൂർത്തീകരിച്ചതും പൂർത്തീകരിക്കാൻ ശേഷിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശം നൽകാമോ?

കോവളം നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവൃത്തികളൊന്നുംതന്നെ നടപ്പാക്കിയിട്ടില്ല. പട്ടികജാതി വികസന വകുപ്പിന് കീഴിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള പ്രത്യേക പദ്ധതികൾ

78 (6016) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകർക്ക് സമഗ്രമായ പ്രാരംഭ പിന്തുണയും വായ്പാ സഹായവും ഉറപ്പുവരുത്തുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പുമുഖേന ഒരു ലക്ഷം രൂപ വരെയും (1/3 സബ്സിഡി) ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും (പ്രോജക്ട് കോസ്റ്റിന്റെ 75%) സ്വയം തൊഴിൽ സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. പട്ടികജാതി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിനുതകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് ഡ്രീംസ്. ഇതിന്റെ നടത്തിപ്പ് ചുമതല ഇക്കാര്യത്തിൽ പരിചയ സമ്പത്തുള്ളതും സംരംഭകത്വ ആവാസ വ്യവസ്ഥ സ്ഥാപിക്കുന്നതിനുള്ള കേരള സർക്കാരിന്റെ നോഡൽ ഏജൻസിയുമായ കേരള സ്റ്റാർട്ടപ്പ് മിഷനാണ്. പദ്ധതിയുടെ ഭാഗമായി പട്ടികജാതി വികസന വകുപ്പിന്റെ തിരുവനന്തപുരം മണ്ണന്തലയിലുള്ള അംബേദ്കർ ഭവനിൽ 5000 sq.ft സ്ഥലം 133.10 ലക്ഷം രൂപ വിനിയോഗിച്ച് ആവശ്യമായ സൗകര്യങ്ങളോടെ ഇൻക്യുബേഷൻ സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. നാമമാത്രമായ ലൈസൻസ് ഫീസ് മാത്രമാണ് പട്ടികജാതി വിഭാഗത്തിലുള്ളവരിൽനിന്നും ഈടാക്കുന്നത്. സാങ്കേതിക പരിജ്ഞാനമുള്ള മെന്റർമാരുടെ സേവനമുൾപ്പെടെ മികച്ച ഉൽപ്പന്നം വികസിപ്പിക്കുന്നതിനും അവ മികച്ച രീതിയിൽ വിപണനം നടത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശം, വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ എന്നിവ ഈ പദ്ധതിയുടെ ഭാഗമാകുന്നവർക്ക് ലഭ്യമാണ്. റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. നൂതന ആശയമോ ഉല്പന്നമോ ഉള്ളവരെയാണ് മേൽപ്പറഞ്ഞ പരിശീലനത്തിനായി എടുക്കുന്നത്. കേരള സ്റ്റാർട്ട് അപ്പ് മിഷന്റെ എല്ലാ പദ്ധതികളുടെയും ആനുകൂല്യം സ്റ്റാർട്ട് അപ്പ് ഡ്രീംസിലുള്ളവർക്കും ലഭിക്കും. ഓരോ സ്റ്റാർട്ടപ്പിനുമായി അനുവദിക്കുന്ന അടിസ്ഥാന സൗകര്യങ്ങളിൽ അതിവേഗ ഇന്റർനെറ്റും പ്ലഗ് ആൻഡ് പ്ലേ വർക്ക് സ്റ്റേഷനും കോൺഫറൻസ് റൂം, മീറ്റിംഗ് റൂം ഉൾപ്പെടെയുള്ള കോമൺ ഫെസിലിറ്റീസും സ്റ്റാർട്ടപ്പ് ഡ്രീംസിൽ ലഭ്യമാണ്. നിലവിൽ സ്റ്റാർട്ടപ്പ് ഡ്രീംസ് ഇൻക്യുബേറ്ററിൽ നാലാമത്തെ ബാച്ച് ആയി 11 സ്റ്റാർട്ടപ്പുകളാണ് ലഭ്യമായിട്ടുള്ളത്. ഇതിൽ 10 സ്റ്റാർട്ടപ്പുകളും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. പ്രീ ഇൻക്യുബേഷൻ വിഭാഗത്തിൽ 3 മുതൽ 6 മാസം കാലയളവുവരെയും ഇൻക്യുബേഷൻ വിഭാഗത്തിൽ 11 മാസം വരെയുമാണ് നൽകിവരുന്നത്. ഇതിനുശേഷം സ്റ്റാർട്ടപ്പുകൾ കൂടുതൽ സമയപരിധി ആവശ്യപ്പെടുന്നമുറയ്ക്ക് വിലയിരുത്തലുകളോടെ കാലയളവ് ദീർഘിപ്പിക്കുന്നതുമാണ്. 2016 മുതൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനത്തിൽ ഇതുവരെ 36 സ്റ്റാർട്ടപ്പുകൾക്ക് ഇൻക്യുബേഷൻ പിന്തുണയും 55 സ്റ്റാർട്ടപ്പുകൾക്ക് മെന്റർഷിപ്പ് പിന്തുണയും നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് സംരംഭകത്വ പ്രോത്സാഹനത്തിനായി പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടില്ല.

(ബി) കലാ സാംസ്കാരിക സാഹിത്യ രംഗങ്ങളിൽ പ്രതിഭ തെളിയിച്ച പട്ടികജാതി, പട്ടികവർഗ്ഗക്കാരായ യുവതീയുവാക്കൾക്ക് അവർ കഴിവ് തെളിയിച്ച മേഖലകളിൽ പ്രവർത്തിച്ച് മുന്നേറുന്നതിന് സഹായകരമാകുന്ന പ്രത്യേക പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

1. സർഗ്ഗോത്സവം - സംസ്ഥാന സ്കൂൾ കലോത്സവം, സ്പെഷ്യൽ സ്കൂൾ കലോൽസവം എന്നിവയിൽ എ ഗ്രേഡ് നേടിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് 10,000 രൂപ ക്യാഷ് അവാർഡ് വിതരണം ചെയ്യുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

2. സാഹിത്യ കൃതികൾ പ്രസിദ്ധീകരിക്കുന്നതിന് ധനസഹായം - പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഴുത്തുകാരുടെ കൃതികൾ പുസ്തക രൂപത്തിൽ അച്ചടിക്കുന്നതിന് 40000 രൂപവരെ ധനസഹായം അനുവദിക്കുന്നു.

3. ഡോ. ബി. ആർ. അംബേദ്കർ മാധ്യമ അവാർഡ് - പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന സമുദായങ്ങളെ സംബന്ധിക്കുന്ന ഏറ്റവും മികച്ച മാധ്യമ റിപ്പോർട്ടുകൾക്കും ഫീച്ചറുകൾക്കും അവാർഡ് നൽകുന്നുണ്ട്. അച്ചടി, ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലെ മികച്ച റിപ്പോർട്ടുകൾക്കാണ് അവാർഡ്. അച്ചടി മാധ്യമങ്ങളിലെ റിപ്പോർട്ടിന് 30000 രൂപയും ഫലകവും ദൃശ്യമാധ്യമങ്ങളിലെ റിപ്പോർട്ടിന് 30000 രൂപയും ഫലകവും റേഡിയോ റിപ്പോർട്ടിന് 15000 രൂപയും ഫലകവുമാണ് അവാർഡായി നൽകുന്നത്.

4. പടവുകൾ മാസിക - പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ പ്രവർത്തനങ്ങൾ സാധാരണ ജനങ്ങളിലെത്തിക്കുന്നതിനും പട്ടികജാതി വിഭാഗക്കാരുടെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി പടവുകൾ എന്ന പേരിൽ ദ്വൈമാസിക വകുപ്പ് പ്രസിദ്ധീകരിക്കുന്നു.

5. സാഹിത്യ ശിൽപ്പശാല - പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലും ഇതര വിഭാഗത്തിലുംപെട്ട സാഹിത്യകാരന്മാരുടെ സാഹിത്യ വാസന പരിപോഷിപ്പിക്കുന്നതിനായി വർഷംതോറും 3 ദിവസം നീണ്ടുനിൽക്കുന്ന സാഹിത്യ ശിൽപ്പശാല സംഘടിപ്പിക്കുന്നു. ഭാഷയുടെ വികാസ പരിണാമങ്ങൾ, സാഹിത്യത്തിലെ അനുഭവം എന്നീ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കലും അതുവഴി സാംസ്കാരിക ശാക്തീകരണം നടപ്പാക്കലുമാണ് ശിൽപ്പശാലയുടെ പ്രധാന ഉദ്ദേശ്യം. 18 മുതൽ 35 വയസ്സുവരെ പ്രായമുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കാണ് പ്രവേശനം. ആകെ 50 പേർക്ക് ശിൽപ്പശാലയിൽ പങ്കെടുക്കാം. താമസ സൗകര്യം, ഭക്ഷണം, യാത്രാബത്ത എന്നിവ വകുപ്പ് നൽകുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് സാഹിത്യരംഗത്ത് പ്രവർത്തിക്കുന്നവർക്ക് സൃഷ്ടികൾ പ്രസിദ്ധീകരിക്കുന്നതിന് ധനസഹായം

നൽകിവരുന്നുണ്ട്. കലാ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് പ്രദർശനത്തിനും അവതരണത്തിനുമായി ഗദ്ദികപോലുള്ള സാംസ്കാരിക പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ഇവരുടെ കല, സംസ്കാരം, കരകൗശലം എന്നിവയ്ക്കുള്ള അവതരണ വിപണന വേദിയായി ഗദ്ദിക മാറിയിട്ടുണ്ട്.

(സി) തോൽവി കാരണം പഠനം മുടങ്ങിയ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് പഠനം തുടരാൻ പ്രത്യേക സഹായ പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്തെ വിവിധ അംഗീകൃത കോളേജുകളിൽ ബി.ടെക് കോഴ്സിന് പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികളിൽ കണ്ടുവരുന്ന കൊഴിഞ്ഞുപോക്ക് തടയുന്നതിനും പരാജയപ്പെട്ട വിഷയം വീണ്ടും എഴുതി വിജയിക്കുന്നതിനും ആവശ്യമായ റെമഡിയൽ ട്യൂഷൻ പദ്ധതി പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഐ.എച്ച്.ആർ.ഡി.-യുടെ നിയന്ത്രണത്തിൻ കീഴിലുള്ള മോഡൽ ഫിനിഷിംഗ് സ്കൂൾ എന്ന സ്ഥാപനം വഴി നടപ്പിലാക്കിവരുന്നു. കൂടാതെ സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള 12 ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ട്യൂഷൻ നൽകുന്ന പദ്ധതി സാങ്കേതിക വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ബി-ടെക് കോഴ്സ് പൂർത്തിയാക്കാത്തവരോ പരീക്ഷയിൽ പരാജയപ്പെട്ടവരോ ചില വിഷയങ്ങളിൽ പരീക്ഷകൾ എഴുതുവാൻ ബാക്കിയുള്ളവരോ ആയ വിദ്യാർത്ഥികൾക്ക് ഐ.എച്ച്.ആർ.ഡി. മോഡൽ ഫിനിഷിംഗ് സ്കൂൾ മുഖേന പ്രത്യേക കോച്ചിംഗ് നൽകി പരീക്ഷ എഴുതിക്കുന്നതിന് 89,23,000 രൂപയുടെ സമുന്നതി പദ്ധതിക്ക് ഭരണാനുമതി നൽകുകയും പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട്**

79 (6017) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനും വീടിന്റെ അറ്റകുറ്റപ്പണി നടത്തുവാനും എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത് എന്നറിയിക്കാമോ?

1. ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നിലവിൽ ലൈഫ് മിഷൻ മുഖാന്തിരമാണ് ഭവനനിർമ്മാണ ധനസഹായം ലഭ്യമാക്കുന്നത്. കൂടാതെ ലാൻഡ് ബാങ്ക് പദ്ധതിയിലൂടെ ഭൂമി വാങ്ങി നൽകി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ മിഷൻ മുഖേനയും വീട് അനുവദിച്ചുവരുന്നുണ്ട്.

2. വീട് നിർമ്മിച്ച് നൽകുന്നതിനും വീടിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിനും നിലവിൽ പട്ടികജാതി വികസന വകുപ്പ് മുഖേന പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. എന്നാൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന ഭവന പദ്ധതികളിൽ ധനസഹായത്തുക പൂർണ്ണമായും കൈപ്പറ്റി കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് നിർമ്മാണം പൂർത്തീകരിക്കുന്നതിനും നിർദ്ദിഷ്ട രീതിയിലുള്ള മേൽക്കൂര നിർമ്മിക്കാത്തതുമൂലം അവസാന ഗഡു കൈപ്പറ്റാത്തവർക്കും സ്വന്തമായി വീട് നിർമ്മാണം ആരംഭിച്ച് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തതുമായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് പരമാവധി 1,50,000 രൂപവരെ ധനസഹായം അനുവദിക്കുന്ന ഭവന പൂർത്തീകരണ പദ്ധതി പട്ടികജാതി വികസന വകുപ്പ് വഴി നടപ്പിലാക്കിവരുന്നു.

3. നിർമ്മാണം പൂർത്തിയായതും 6 വർഷം കാലപ്പഴക്കമുള്ളതുമായ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവനങ്ങൾക്ക് ഭവന പുനരുദ്ധാരണ സഹായമായി 1,50,000 രൂപ വകുപ്പ് മുഖേന അനുവദിച്ചുവരുന്നു.

(ബി) കുറ്റ്യാടി മണ്ഡലത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുവാനും വീടിന്റെ അറ്റകുറ്റപ്പണി നടത്തുവാനും സാധിച്ചിട്ടുണ്ട് എന്നറിയിക്കാമോ; ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത മണ്ഡലത്തിൽ ഭവന പൂർത്തീകരണ പദ്ധതി പ്രകാരം 32 കുടുംബങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം 23,40,000 (ഇരുപത്തിമൂന്നുലക്ഷത്തി നാൽപ്പതിനായിരം) രൂപ അനുവദിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ ധനസഹായം ലൈഫ് മിഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്. പ്രസ്തുത വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന് വകുപ്പിൽനിന്നും വീടൊന്നിന് ഒരു ലക്ഷം രൂപ നിരക്കിൽ ലൈഫ് മിഷന് കൈമാറുന്നു.

## ക്ഷേത്രക്കുളങ്ങളുടെയും കാവുകളുടെയും സംരക്ഷണം

80 (6018) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകൾ, കുളങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും ദേവസ്വം വകുപ്പ് ലഭ്യമാക്കുന്ന സഹായങ്ങൾ വിശദമാക്കാമോ?

ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവ സംരക്ഷിക്കുന്നതിനായി സർക്കാർ ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതിക്കായി 2021-2022 സാമ്പത്തിക വർഷം ഒരു കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ടി പദ്ധതിയിൽ ഉൾപ്പെട്ട് ധനസഹായം ലഭിക്കുന്നതിനായി സർക്കാരിലേയ്ക്കോ ബന്ധപ്പെട്ട ദേവസ്വം ബോർഡിലേയ്ക്കോ അപേക്ഷ നൽകാവുന്നതാണ്. സർക്കാരിലേയ്ക്ക് ലഭിക്കുന്ന അപേക്ഷകൾ ക്ഷേത്രം സ്ഥിതി ചെയ്യുന്ന പ്രദേശം ഏത് ദേവസ്വം ബോർഡിന്റെ അധികാര പരിധിയിലാണോ വരുന്നത്, പ്രസ്തുത ദേവസ്വം ബോർഡിന് കൈമാറുകയും ദേവസ്വം ബോർഡുകൾ അപേക്ഷ പരിശോധിച്ച് മാനദണ്ഡങ്ങൾ പാലിക്കുന്നവ ക്രോഡീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ ലഭ്യമാക്കുകയുമാണ് ചെയ്തുവരുന്നത്. നിലവിൽ മലബാർ മേഖലയിലെ ക്ഷേത്രങ്ങളെ ഉൾപ്പെടുത്തി മലബാർ ദേവസ്വം ബോർഡ് സമർപ്പിച്ച 9,67,85,000 രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകി രണ്ട് ഗഡുക്കളായി 98,51,985 രൂപ അനുവദിച്ചിട്ടുണ്ട്.

## ശബരിമല തീർത്ഥാടനം

81 (6019) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനത്തിന്റെ ഭാഗമായി ഭക്തരുടെ ആരോഗ്യ സുരക്ഷ, യാത്രാ സുരക്ഷ എന്നിവയ്ക്കുവേണ്ട അടിസ്ഥാന സൗകര്യം ഒരുക്കുന്നതിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശബരിമല ദർശനത്തിനെത്തുന്ന ഭക്തർക്കായി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുള്ളതാണ്. കൂടാതെ, അയ്യപ്പ സേവാ സംഘം, അഖില ഭാരത അയ്യപ്പ സേവാ സമാജം തുടങ്ങിയ സംഘടനകൾവഴി ഓക്സിജൻ പാർലറുകൾ,

സ്ട്രക്ചർ സർവ്വീസ്, ആംബുലൻസ് സേവനം എന്നിവയും ലഭ്യമാണ്. പമ്പയിൽനിന്നും നടന്ന് മലകയറാൻ ബുദ്ധിമുട്ടുള്ള തീർത്ഥാടകർക്ക് ഡോളി സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ആവശ്യത്തിന് സുരക്ഷാ ജീവനക്കാരെയും വിന്യസിച്ചിട്ടുണ്ട്.

(ബി) ശബരിമല തീർത്ഥാടനത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളിൽനിന്ന് ജീവനക്കാരെ വിന്യസിക്കുന്നത് പൂർത്തിയായോ; വിശദമാക്കുമോ?

ശബരിമല തീർത്ഥാടനത്തിന്റെ ഭാഗമായി ലാൻഡ് റവന്യൂ, ആരോഗ്യം, ഭക്ഷ്യ പൊതുവിതരണം, ലീഗൽ മെട്രോളജി, ഗ്രാമവികസനം തുടങ്ങിയ വകുപ്പുകളിൽ നിന്നുമുള്ള ഉദ്യോഗസ്ഥരെ വിന്യസിക്കുന്നത് പൂർത്തിയായിട്ടുള്ളതാണ്. മറ്റുള്ള വകുപ്പുകളിൽനിന്നും ഉദ്യോഗസ്ഥരെ വിന്യസിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

**മലബാർ ദേവസ്വം ബോർഡിന്റെ പ്രതിമാസ സാമ്പത്തിക സഹായം**

82 (6020) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡ് വഴി ആചാരസ്ഥാനീയർക്കും കോലധാരികൾക്കും നൽകുന്ന പ്രതിമാസ സാമ്പത്തിക സഹായം മുടങ്ങുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തര മലബാറിലെ ആചാരസ്ഥാനികർക്കും കോലധാരികൾക്കും മലബാർ ദേവസ്വം ബോർഡ് മുഖേന നൽകിവരുന്ന പ്രതിമാസ സാമ്പത്തിക സഹായ പദ്ധതിയനുസരിച്ച് 1811 ആചാരസ്ഥാനികർക്കും 397 കോലധാരികൾക്കും ചേർത്ത് ആകെ 2208 പേർക്ക് പ്രതിമാസം 1400 രൂപ നിരക്കിൽ ധനസഹായം അനുവദിച്ചുവരുന്നു. ഇപ്രകാരം പ്രതിമാസ വേതനം അനുവദിക്കുന്നതിന്, ബഡ്ജറ്റ് അലോട്ട്മെന്റായി പ്രതിവർഷം 1.25 കോടി രൂപ അനുവദിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത ആവശ്യത്തിന് ഒരു വർഷം ആകെ 3,70,94,400 രൂപ വേണ്ടിവരും. ബഡ്ജറ്റ് അലോട്ട്മെന്റിനേക്കാൾ അധികമായി 2,45,94,400 രൂപ വേണ്ടിവരുന്നതിനാലാണ് ആചാരസ്ഥാനികർ, കോലധാരികൾ എന്നിവർക്കുള്ള പ്രതിമാസ ധനസഹായം കൃത്യമായി നൽകാൻ സാധിക്കാതെ വരുന്നത്. 2020-21 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായ 1.25 കോടി രൂപയ്ക്കുപുറമേ 2,39,32,000 രൂപകൂടി അധിക ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ടി സാമ്പത്തിക വർഷം കുടിശ്ശികയുൾപ്പെടെ പൂർണ്ണമായും ധനസഹായം വിതരണം

ചെയ്യാൻ സാധിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായ 1.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞവർക്ക് നിലവിൽ ഓണം, വിഷു കാലയളവുകളിൽ നൽകുന്ന ധനസഹായം പ്രതിമാസം നൽകാൻ നടപടി സ്വീകരിക്കുമോ?

അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും 1400 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നതിന് ഒരു വർഷം 3.70 കോടി രൂപയെങ്കിലും ആവശ്യമായിട്ടുണ്ട്. ആയതിനാൽ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിച്ചാൽ മാത്രമേ ധനസഹായ വിതരണം യഥാസമയം നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

## ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ നടന്നുവരുന്ന വിവിധ വികസന പ്രവർത്തനങ്ങൾ

83 (6021) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ നടന്നുവരുന്ന വിവിധ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിലെ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ ക്ഷേത്രങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ, ഊട്ടുപുര നിർമ്മാണം, ഷോപ്പിംഗ് കോംപ്ലക്സ്-കല്യാണ മണ്ഡപം നിർമ്മാണം, ടോയ്‌ലെറ്റ് - വിശ്രമമുറി നിർമ്മാണം, അടിസ്ഥാന സൗകര്യ വികസനം, നടപ്പുര നിർമ്മാണം, നമസ്കാര മണ്ഡപ നിർമ്മാണം, ചുറ്റമ്പല നവീകരണം തുടങ്ങി പല വിധത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

(ബി) പാലക്കാട് ജില്ലയിൽ നവീകരണം ആവശ്യമുള്ള ക്ഷേത്രങ്ങളും ക്ഷേത്രക്കുളങ്ങളും ഏതൊക്കെയാണ്; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

നവീകരണം ആവശ്യമുള്ള ക്ഷേത്രങ്ങൾ അനുബന്ധം (1) ആയും നവീകരണം ആവശ്യമുള്ള ക്ഷേത്രക്കുളങ്ങളുള്ള ക്ഷേത്രങ്ങളുടെ ലിസ്റ്റ് അനുബന്ധം (2) ആയും ചേർക്കുന്നു.* ക്ഷേത്രങ്ങളുടേയും ക്ഷേത്രക്കുളങ്ങളുടേയും നവീകരണത്തിന് സർക്കാർ ഗ്രാന്റ് ഉപയോഗപ്പെടുത്തി മലബാർ ദേവസ്വം ബോർഡ് ധനസഹായം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിച്ചുവരുന്നുണ്ട്. അതോടൊപ്പം ഭക്തജനങ്ങളിൽനിന്നും പൊതുജന കമ്മിറ്റികൾ മുഖേനയും ധനശേഖരണം നടത്തി വിവിധ ക്ഷേത്രങ്ങളിൽ വിവിധങ്ങളായ നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർ**

84 (6022) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ എത്ര ക്ഷേത്രങ്ങളാണുള്ളത്; വിശദമാക്കാമോ?

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ഷൊർണ്ണൂർ മണ്ഡലത്തിലുള്ള ക്ഷേത്രങ്ങളുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത ക്ഷേത്രങ്ങളിൽ സ്ഥിര ജീവനക്കാരും അല്ലാത്തവരുമായി എത്രപേർ ജോലി ചെയ്തുവരുന്നു; വ്യക്തമാക്കാമോ?

125 സ്ഥിര ജീവനക്കാരും 25 താൽക്കാലിക ജീവനക്കാരും ജോലി ചെയ്തുവരുന്നുണ്ട്.

(സി) കോവിഡ് കാലത്ത് ഈ ജീവനക്കാർക്ക് ശമ്പളം മുടങ്ങാതെ നൽകാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രീ. പാലന്നൂർ വിഷ്ണുക്ഷേത്രം ഒഴികെയുള്ള ക്ഷേത്രങ്ങളിൽ മലബാർ ദേവസ്വം ബോർഡ് മാനേജ്മെന്റ് ഫണ്ടിന്റെ ധനസഹായംകൂടി നൽകിക്കൊണ്ട് ജീവനക്കാർക്ക് ശമ്പളം നൽകിയിട്ടുണ്ട്.

**ബാലുശ്ശേരി മണ്ഡലത്തിലെ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ**

85 (6023) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം ക്ഷേത്രങ്ങളാണ് ദേവസ്വം ബോർഡിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നത് എന്നറിയിക്കാമോ?

1) ബാലുശ്ശേരി കോട്ട ചാല ദേവസ്വം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2) മൊടക്കല്ലൂർ ദുർഗ ഭഗവതി ക്ഷേത്രം

3) നിർമ്മല്ലൂർ നരസിംഹമൂർത്തി ക്ഷേത്രം

4) അവടനല്ലൂർ ലക്ഷ്മീനാരായണ ക്ഷേത്രം

5) കണ്ണമ്പാല തെരുദേവസ്വം

6) മാങ്ങാട്ട് കോവിലകം ദേവസ്വം.

(ബി) പ്രസ്തുത ക്ഷേത്രങ്ങൾക്ക് 2016 മുതൽ 2021 വരെയുള്ള വർഷങ്ങളിൽ നവീകരണ പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

1) മൊടക്കല്ലൂർ ദുർഗാഭഗവതി ക്ഷേത്രം - 1,00,000

2) ബാലുശ്ശേരി കോട്ട ചാല ദേവസ്വം - 1,00,000

3) നിർമ്മല്ലൂർ നരസിംഹ മൂർത്തി ക്ഷേത്രം - 1,50,000

4) അവിടനല്ലൂർ ലക്ഷ്മീനാരായണ ക്ഷേത്രം - 1,00,000

(സി) ഫണ്ട് അനുവദിച്ചിട്ടുള്ള ക്ഷേത്രങ്ങളുടെ പ്രവൃത്തി നിലവിൽ ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

ദേവസ്വം ബോർഡിൽനിന്നുള്ള ധനസഹായം മാത്രം ഉപയോഗപ്പെടുത്തി നവീകരണ പ്രവൃത്തികൾ നടത്താൻ സാധിക്കാത്തതിനാൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചുള്ള നവീകരണ പ്രവർത്തനങ്ങളാണ് പ്രസ്തുത ക്ഷേത്രങ്ങളിൽ നടന്നുവരുന്നത്.

## ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള ആനുകൂല്യങ്ങൾ

86 (6024) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ദേവസ്വം ബോർഡ് ജീവനക്കാർക്ക് കെ.എസ്.ആർ. ബാധകമാണോ; എങ്കിൽ ഏതൊക്കെ ജീവനക്കാർക്കെന്ന് വ്യക്തമാക്കുമോ;

(ബി) കെ.ഡി.ആർ.ബി. വഴി നിയമിതരായ കൊച്ചി ദേവസ്വം ബോർഡിലെ ക്ഷേത്ര ജീവനക്കാർക്ക് ക്ലാസ് ഫോർ ജീവനക്കാരുടെ ആനുകൂല്യങ്ങൾപോലും ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

(എ&ബി) കൊച്ചിൻ ദേവസ്വം ബോർഡിലെ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിൽപ്പെടുന്ന ജീവനക്കാർക്ക് കെ.എസ്.ആർ. ബാധകമാണ്. കൊച്ചിൻ ദേവസ്വം ബോർഡിലെ നിലവിലെ സാമ്പത്തിക സ്ഥിതി ക്ഷേത്ര ജീവനക്കാർക്ക് മുഴുവൻ കെ.എസ്.ആർ. ബാധകമാക്കുന്നതിന് അനുകൂലമല്ലെന്ന് ദേവസ്വം കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിലും കൊച്ചിൻ ദേവസ്വം ബോർഡിലും ഒരേ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പള ആനുകൂല്യങ്ങൾ തുല്യമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഇല്ല.

**ദേവസ്വം ബോർഡിലെ സംവരണം**

87 (6025) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഹിന്ദു ജനസംഖ്യാനുപാതികമായി സംവരണം നൽകിയിട്ടുണ്ടോ; ഇക്കാര്യത്തിൽ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ വിശദാംശങ്ങൾ നൽകാമോ?

ദേവസ്വം ബോർഡ് നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകുന്ന സംവരണം ജനസംഖ്യാനുപാതികമായി വർദ്ധിപ്പിക്കണമെന്ന സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷന്റെ ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ദേവസ്വം ബോർഡിൽ ഹിന്ദു മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ നൽകിയ സംഘടനകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത അപേക്ഷകളിന്മേലുള്ള തുടർനടപടികളുടെ ഭാഗമായി ചട്ടഭേദഗതിയുടെ കരട് തയ്യാറാക്കുന്നതിന് മുമ്പ് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നോയെന്ന് വിശദമാക്കാമോ?

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ദേവസ്വം ബോർഡിൽ ഹിന്ദു മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിശദാംശം ലഭ്യമാക്കാമോ?

2015-ൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട് നിലവിൽ വന്നതിനുശേഷമാണ് ദേവസ്വം ബോർഡുകളിലേയ്ക്കുള്ള നിയമനങ്ങളിൽ നിയമ പ്രകാരമുള്ള സംവരണം നൽകിത്തുടങ്ങിയത്. 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടം 3(2) പ്രകാരം, 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ 14 മുതൽ 17 വരെയുള്ള ചട്ടങ്ങൾ അനുസരിച്ചുള്ള സംവരണവും റൊട്ടേഷനുമാണ് ദേവസ്വം ബോർഡുകളിലെ ജീവനക്കാരുടെ നിയമനങ്ങൾക്കും ബാധകമാകുന്നതെന്ന് നിഷ്കർഷിക്കുന്നു. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടം 3(2)-ന്റെ പ്രൊവിസൊ പ്രകാരം കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ അഹിന്ദുക്കളായ പിന്നാക്ക വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള സംവരണ ടേണുകൾ ഹിന്ദു മതത്തിൽപ്പെട്ട പൊതുവിഭാഗത്തിനായി സംവരണം ചെയ്തിരുന്നു. ആയതിനാൽ 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടങ്ങൾ പ്രകാരം സർക്കാർ സർവ്വീസിൽനിന്നും വ്യത്യസ്തമായി ദേവസ്വം ബോർഡുകളിൽ ജനറൽ മെറിറ്റിൽനിന്നുള്ള നിയമനം 68 ശതമാനവും സംവരണ സമുദായങ്ങളിൽനിന്നുള്ള നിയമനം 32 ശതമാനവും ആയിരുന്നു. 18-11-2019-ലെ സ.ഉ.(അച്ചടി)നമ്പർ 79/2019/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി അനുസരിച്ച് കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ അഹിന്ദുക്കളായ പിന്നാക്ക വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള 18% സംവരണ ടേണുകൾ ഉപയോഗപ്പെടുത്തി പട്ടികജാതി വിഭാഗത്തിന് 2%, ഈഴവ വിഭാഗത്തിന് 3%, മറ്റ് ഹിന്ദു പിന്നാക്ക വിഭാഗങ്ങൾക്ക് 3% എന്നിങ്ങനെ അധിക സംവരണം നൽകുന്നതിനും സംവരണേതര സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (EWS) 10% സംവരണം പുതുതായി ഏർപ്പെടുത്തുന്നതിനും വ്യവസ്ഥ ചെയ്യുകയുണ്ടായി. ആയതുപ്രകാരം നിലവിൽ ദേവസ്വം ബോർഡ് നിയമനങ്ങളിൽ നൽകിവരുന്ന സംവരണ ശതമാനം ചുവടെ ചേർക്കുന്നു:

ലാസ്റ്റ് ഗ്രേഡ് സർവ്വീസ് ഓപ്പൺ കോമ്പറ്റീഷൻ - 50, EWS - 10, പട്ടികജാതി - 10, ഹിന്ദു പട്ടികവർഗ്ഗം - 2, ഈഴവ, ബില്ലവ, തിയ്യ - 14, വിശ്വകർമ്മ - 2, മറ്റ് ഹിന്ദു പിന്നാക്ക വിഭാഗങ്ങൾ - 9, ധീവര - 2, ഹിന്ദു നാടാർ -1.

ലാസ്റ്റ് ഗ്രേഡിതര സർവ്വീസ് ഓപ്പൺ കോമ്പറ്റീഷൻ - 50, EWS - 10, പട്ടികജാതി - 10, ഹിന്ദു പട്ടികവർഗ്ഗം - 2, ഈഴവ, ബില്ലവ, തിയ്യ - 17, വിശ്വകർമ്മ - 3, മറ്റ് ഹിന്ദു പിന്നാക്ക വിഭാഗങ്ങൾ - 6, ധീവര - 1, ഹിന്ദു നാടാർ -1.

2020 ജനുവരി മാസം മുതൽ പുറത്തിറക്കിയ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടവർക്ക് EWS സംവരണത്തിന്റെ ആനുകൂല്യം നൽകിവരുന്നുണ്ട്. ഇപ്പോൾ തിരുവിതാംകൂർ, കൊച്ചിൻ, ഗുരുവായൂർ, മലബാർ എന്നീ ദേവസ്വം ബോർഡുകളിലെ വിവിധ തസ്തികകളിലായി 23 പേരെ ടി സംവരണത്തിന്റെ ആനുകൂല്യം നൽകി നിയമനത്തിനായി ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ശിപാർശ ചെയ്തിട്ടുണ്ട്.

**ദേവസ്വം ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

88 (6026) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകളിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ മറ്റ് വിവിധ തസ്തികകളിലേയ്ക്ക് നിയമനത്തിനാവശ്യമായ ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള ചുമതല കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനാണ്. ദേവസ്വം ബോർഡുകളിലെ വിവിധ തസ്തികകളിലുണ്ടാകുന്ന ഒഴിവുകൾ തുടർനടപടികൾക്കായി അതാത് ദേവസ്വം ബോർഡുകൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് പരീക്ഷ, ഇന്റർവ്യൂ മുതലായ മാർഗ്ഗങ്ങളിലൂടെ നിയമനത്തിന് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമനത്തിന് ശിപാർശ ചെയ്യുകയും ദേവസ്വം ബോർഡുകൾ നിയമന ഉത്തരവ് നൽകുകയും ചെയ്തുവരുന്നു. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഇതുവരെ വിവിധ ദേവസ്വം ബോർഡുകളിലെ 69 തസ്തികകളിലേയ്ക്ക് നിയമനത്തിന് അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുകയും 2685 ഉദ്യോഗാർത്ഥികൾ ഉൾക്കൊള്ളുന്ന 51 റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ച് അതിൽനിന്നും ഇതുവരെ 1171 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ദേവസ്വം ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ദേവസ്വം ബോർഡുകളുടെ സാമ്പത്തികപ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനുമായി 13-7-2021-ന് ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ദേവസ്വം ബോർഡ് പ്രസിഡന്റുമാരുടെ സംയുക്ത യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സ്വീകരിക്കാൻ തീരുമാനിച്ച ചില പ്രധാന നടപടികൾ ചുവടെ ചേർക്കുന്നു.

1. ദേവസ്വം ബോർഡുകളുടെ വഴിപാട്-വഴിപാടിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കുക.

2. ദേവസ്വം ബോർഡുകളുടെ ഉടമസ്ഥതയിലുള്ള ഭൂമി, കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, അസറ്റുകൾ എന്നിവയുടെ വിശദാംശങ്ങൾ സംബന്ധിച്ച് കൃത്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുക.

3. ദേവസ്വം ബോർഡുകളിലെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഭക്തരോടുള്ള പെരുമാറ്റം എന്നിവ സംബന്ധിച്ച കാര്യങ്ങൾക്കുമായി പരിശീലനം നൽകുന്നത് അടക്കമുള്ള നടപടികൾ സ്വീകരിക്കുക.

4. ദേവസ്വം ബോർഡുകളുടെ പക്കൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ക്ഷേത്രാവശ്യങ്ങൾക്കായി പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും അന്യാധീനപ്പെട്ട ഭൂമി തിരികെ ലഭ്യമാക്കുന്നതിലേയ്ക്കുള്ള ലാൻഡ് കൺസർവ്വൻസി യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുക.

5. ദേവസ്വം ബോർഡുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന കോടതി ഇടപെടലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

6. ക്ഷേത്രങ്ങളിലെ വഴിപാട്, പ്രസാദം തുടങ്ങിയ സേവനങ്ങൾ ഓൺലൈനാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾ.

7. ദേവസ്വം ബോർഡുകളുടെ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാതൃക വിദ്യാഭ്യാസ സ്ഥാപനങ്ങളാക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക.

8. ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടുള്ള അറ്റകുറ്റപ്പണികൾ കാലതാമസമില്ലാതെ നടത്തുന്നതിനും ക്ഷേത്രങ്ങളിൽ ഭക്തർക്ക് ആവശ്യമായ ശൗചാലയം, വിശ്രമ സൗകര്യം എന്നിവ ഒരുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

9. ദേവസ്വം ബോർഡുകളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കലാക്ഷേത്രങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

10. ദേവസ്വം ബോർഡുകളുടെ സംയുക്ത നിയന്ത്രണത്തിൽ സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന താമസ സൗകര്യത്തോടുകൂടിയ ഒരു താന്ത്രിക പഠനകേന്ദ്രം സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കുക.

മേൽപ്പറഞ്ഞ യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ ദേവസ്വം ബോർഡുകൾ സ്വീകരിച്ചുവരുന്നു. കൂടാതെ മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ക്ഷേത്രങ്ങളുടെമേൽ പൂർണ്ണമായ ഭരണ നിയന്ത്രണം ഉറപ്പാക്കുന്നതിനുമായി, മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട നിലവിലെ നിയമം സമഗ്രമായി പരിഷ്കരിക്കുന്ന മലബാർ ഹിന്ദു റിലീജിയസ് ആൻഡ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസ് ആൻഡ് എൻഡോവ്മെന്റ് ആക്ടിനുള്ള കരട് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

**ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രക്കുളങ്ങളുടെ നവീകരണം**

89 (6027) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ദേവസ്വം ബോർഡിന് കീഴിലുള്ള ഏതൊക്കെ ക്ഷേത്രക്കുളങ്ങളുടെ നവീകരണത്തിന് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് തുകയടക്കം മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

വിവരം അനുബന്ധമായി ചേർക്കുന്നു*.

**പാഴ് ഭൂമിയിൽ ചന്ദനകൃഷി**

90 (6028) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഴ്ഭൂമിയിൽ ചന്ദനകൃഷി അനുവദിക്കുന്ന നിയമം വന്നാൽ വനത്തിനുള്ളിലെ ചന്ദനംകൊള്ള തടയുവാൻ സാധിക്കും എന്നതിനാലും വിദേശനാണ്യം നേടാൻ കഴിയും എന്നതിനാലും വനാശ്രിതർക്ക് ഗുണകരമാകുന്ന രീതിയിൽ ചന്ദനകൃഷി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന കാര്യം സർക്കാർ ആലോചിക്കുന്നുണ്ടോ എന്നറിയിക്കുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സർക്കാർ തലത്തിൽ പഠനം നടത്തി വനാശ്രിതർക്ക് ഗുണകരമാകുന്ന രീതിയിൽ ചന്ദനകൃഷി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) സ്വകാര്യ വ്യക്തികൾക്ക് തങ്ങളുടെ ഉടമസ്ഥതയിലുള്ള സ്വകാര്യഭൂമിയിൽ ചന്ദനമരം കൃഷി ചെയ്യുന്നതിന് നിലവിൽ നിയമതടസ്സങ്ങളില്ല. എന്നാൽ ചന്ദനമരങ്ങൾ മുറിച്ച് ഉപയോഗിക്കുന്നതിന് നിലവിലുള്ള നിയമങ്ങളും സർക്കാർ ഉത്തരവുകളും ബാധകമാണ്. ആയത് നിലവിൽ വളരെ ഫലപ്രദമായ രീതിയിൽ ചെയ്തുവരുന്നുണ്ട്. ആയതിനാൽ ചന്ദനകൃഷിക്കായി പുതിയ നടപടികൾ സ്വീകരിക്കേണ്ട ആവശ്യകത നിലവിലില്ലാത്തതാണ്.

**ഫോറസ്റ്റ് റേഞ്ചർമാരുടെ പരിശീലനം**

91 (6029) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഫോറസ്റ്റ് റേഞ്ചർമാരെ പരിശീലനത്തിനായി ഇതര സംസ്ഥാനങ്ങളിലേയ്ക്ക് അയയ്ക്കേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിലുള്ള ഡയറക്ടർ, ഫോറസ്റ്റ് എഡ്യൂക്കേഷന്റെ അഫിലിയേറ്റഡ് കോളേജുകളിലാണ് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് പരിശീലനം നൽകിവരുന്നത്. കേരളത്തിൽ റെയ്ഞ്ചേഴ്സ് ട്രെയിനിംഗ് കോളേജുകൾ നിലവിലില്ല. ഡെറാഡൂണിലെ ഫോറസ്റ്റ് എഡ്യൂക്കേഷൻ ഡയറക്ടർ നിശ്ചയിക്കുന്ന കോളേജുകളിൽ മാത്രമേ ഫോറസ്റ്റ് ഓഫീസർമാർക്ക് പരിശീലനം നൽകുവാൻ കഴിയുകയുള്ളൂ.

(ബി) റേഞ്ചർമാരെ പരിശീലനത്തിനായി ഇതര സംസ്ഥാനങ്ങളിലേയ്ക്ക് അയയ്ക്കുന്നതിനുള്ള ചെലവുകൾ ഒഴിവാക്കുന്നതിനായി സംസ്ഥാനത്ത് ഫോറസ്റ്റ് അക്കാദമി സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

(സി) ജൈവ വൈവിധ്യ സമൃദ്ധമായ പശ്ചിമഘട്ടവും സുദീർഘമായ കടലോരവുമുള്ള കേരളത്തിലെ കെ.എഫ്.ആർ.ഐ, സി.ഡബ്ല്യു.ആർ.ഡി.എം. തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഒരു യൂണിവേഴ്സിറ്റി (യൂണിവേഴ്സിറ്റി ഫോർ എൻവയൺമെന്റ്) ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

പരിഗണനയിലില്ല.

**മരങ്ങൾ മുറിച്ച് മാറ്റുന്നതിന് കരാറുകാരെ ലഭിക്കാത്ത സ്ഥിതി**

92 (6030) ശ്രീ. വി ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് മരങ്ങൾക്ക് നിശ്ചയിച്ച് നൽകുന്ന വില അധികമാകുന്നതിനാൽ സർക്കാർ ഭൂമിയിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുവാൻ കരാറുകാരെ ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സർക്കാർ ഭൂമിയിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അപേക്ഷ, മരം നിൽക്കുന്ന ഭൂമിയുടെ കസ്റ്റോഡിയനായ വകുപ്പിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് G.O.(Rt). No. 68/2010/F&WLD തീയതി 10-2-2010 പ്രകാരമുള്ള ട്രീ കമ്മിറ്റി പരിശോധന നടത്തി മരം മുറിക്കുവാൻ അനുമതിയും വിലനിർണ്ണയവും നടത്തുകയും മാത്രമാണ് വനം വകുപ്പ് ചെയ്യുന്നത്. പ്രസ്തുത മരങ്ങൾ മുറിച്ചുമാറ്റുന്നതും ലേലം ചെയ്യുന്നതും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളാണ്.

(ബി) അപ്രകാരം അടിയന്തര പ്രാധാന്യത്തോടെ മുറിച്ച മരങ്ങൾ സർക്കാർ ഭൂമിയിൽ അട്ടിവയ്ക്കുകയും മഴയും വെയിലുമേറ്റ് നശിച്ചുപോകുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ?

മരങ്ങൾ മുറിച്ചുമാറ്റുന്നതും ഇതുമായി ബന്ധപ്പെട്ട ലേലനടപടികൾ സ്വീകരിക്കുന്നതും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളാണ്.

(സി) ഇത്തരത്തിൽ റവന്യൂ ഭൂമിയിലും പി.ഡബ്ല്യൂ.ഡി. ഭൂമിയിലും മുറിച്ച് അടുക്കി വച്ചിരിക്കുന്ന മരങ്ങൾ നശിച്ചുപോകാതെ വിൽപ്പന നടത്തി തുക സർക്കാർ ഖജനാവിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സർക്കാർ ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിന് അനുമതി നൽകുകയും വിലനിർണ്ണയം നടത്തുകയും മാത്രമാണ് വനം വകുപ്പ് ചെയ്യുന്നത്. ലേലം ചെയ്യേണ്ടതും മരങ്ങൾ മുറിച്ചുമാറ്റേണ്ട ഉത്തരവാദിത്വവും ബന്ധപ്പെട്ട വകുപ്പുകൾക്കാണ്.

## വനം വകുപ്പിന്റെ ആധുനികവത്കരണം

93 (6031) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ ആധുനികവത്കരണത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

വിവരസാങ്കേതികവിദ്യാധിഷ്ഠിതമായി HAWK (Hostile Activity Watching Kernel) എന്ന ഒരു ഓൺലൈൻ മൊഡ്യൂൾ വികസിപ്പിച്ചുവരുന്നു. ഈ സംവിധാനത്തിൽ പൊതുജനങ്ങളുടെകൂടി സഹകരണത്തോടുകൂടി വനം കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും കുറ്റകൃത്യങ്ങൾ, സ്ഥിരം കുറ്റവാളികൾ എന്നിവയെ സംബന്ധിച്ച ഡാറ്റാ ബേസും ലഭ്യമാകുന്നതാണ്. സർപ്പ എന്ന പേരിൽ ഒരു ആൻഡ്രോയ്ഡ് മൊബൈൽ ആപ്പ് നിലവിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ സൗകര്യം മുഖേന പൊതുജനങ്ങൾക്ക് പാമ്പുകളെ കണ്ടാൽ ആ വിവരം ടി മൊബൈൽ ആപ്പിലൂടെ റിപ്പോർട്ട് ചെയ്യാവുന്നതാണ്. കൂടാതെ ഓരോ സ്ഥലത്തേയും ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ വിവരങ്ങളും ലഭ്യമാകുന്നതാണ്. കൂടാതെ പാമ്പിന്റെ ശല്യമുള്ള പ്രദേശത്ത് പാമ്പ് പിടിക്കുന്നതിന് പരിശീലനം ലഭിച്ച ആളുകളുടെ വിവരങ്ങളും ഈ ആപ്പ് മുഖേന പൊതുജനങ്ങൾക്ക് ലഭിക്കുന്നതാണ്. വനം വകുപ്പ് ഐ.ടി. മിഷന്റെ സഹായത്തോടെ ലഭ്യമാക്കിയിട്ടുള്ള ജിയോ പോർട്ടൽ എന്ന സംവിധാനം, Geographic Information System ഉപയോഗപ്പെടുത്തി വനം വകുപ്പ് തയ്യാറാക്കിയിട്ടുള്ള ഭൂപടങ്ങൾ വനസംരക്ഷണത്തിനായി വനം സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. കാട്ടുതീ പ്രതിരോധത്തിനും കഞ്ചാവ് കൃഷി, വനം കയ്യേറ്റങ്ങൾ എന്നിവ യഥാസമയം കണ്ടെത്തുന്നതിനും ഡ്രോൺ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷമുള്ള പ്രദേശങ്ങളിലും ഡ്രോൺ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നുണ്ട്. കാട്ടുതീ യഥാസമയം കണ്ടെത്തുന്നതിനും പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും ഉപഗ്രഹ സഹായത്തോടെ പ്രവർത്തിക്കുന്ന ഫോറസ്റ്റ് ഫയർ അലർട്ട് സിസ്റ്റം ഫോറസ്റ്റ് സർവ്വെ ഓഫ് ഇൻഡ്യ വികസിപ്പിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതാണ്. ഈ സംവിധാനം കേരള വനം വകുപ്പും ഫലപ്രദമായി ഉപയോഗിച്ചുവരുന്നുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി രണ്ട് മിനി ഫയർ റെസ്പോണ്ടർ വാഹനങ്ങൾ വാങ്ങി ഉപയോഗിച്ചുവരുന്നുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ, മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി നേരിടുന്നതിനായി 12 ബോർ പമ്പ് ആക്ഷൻ ഗൺ 50 എണ്ണം വാങ്ങുകയും നിലവിൽ

ഉപയോഗിച്ചുവരികയും ചെയ്യുന്നു. നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമിൽ 16 ഫോറസ്റ്റ് സ്റ്റേഷൻ സമുച്ചയങ്ങളുടെയും 14 ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റുകളുടെയും നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ബി) വനംകൊള്ള തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

നിലവിലുള്ള ഫോറസ്റ്റ് സ്റ്റേഷനുകൾക്കുപുറമെ കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ വനപ്രദേശങ്ങളിലും വനത്തിനുള്ളിലും പട്രോളിംഗ്, ക്യാമ്പുകൾ, സംയുക്ത റെയ്ഡുകൾ, രാത്രികാല പരിശോധന എന്നിവ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ വനംകൊള്ളയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കേസ്സുകളുടെ നടത്തിപ്പ് വേഗത്തിലാക്കി സ്ഥിരം കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ മറുപടി (എ)-യിൽ പരാമർശിക്കപ്പെട്ട ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിയും വനംകൊള്ള തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

**മരങ്ങൾക്ക് അടിസ്ഥാന വില**

94 (6032) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന് കീഴിലെ തോട്ടങ്ങളിലെ മരങ്ങൾക്ക് അടിസ്ഥാനവില നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ വിവിധ മരങ്ങൾക്ക് അടിസ്ഥാനവില നിശ്ചയിച്ചുകൊണ്ടുള്ള നിലവിലെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) വനം വകുപ്പിനുകീഴിലെ തോട്ടങ്ങളിലെ മരങ്ങൾക്ക് ഫോറസ്റ്റ് ഷെഡ്യൂൾ റേറ്റ്, സീനിയറേജ് റേറ്റ്, Fixation of Selling Price Act എന്നിവ പ്രകാരം അടിസ്ഥാനവില നിശ്ചയിച്ചിട്ടുണ്ട്. G.O.(MS) No. 86/2015/F&WLD dated 3-11-2015 പ്രകാരം ഷെഡ്യൂൾ നിരക്കും G.O. (MS) No.67/ 2015/F&WLD dated 10-9-2015 പ്രകാരം സീനിയറേജ് നിരക്കും G.O. (MS) No. 11/2021/F&WLD dated 9-7-2021 പ്രകാരം Selling Price-ഉം പ്രകാരവുമാണ് നിലവിൽ വില നിശ്ചയിച്ചിട്ടുള്ളത്. പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മുറിച്ചുമാറ്റുന്ന മരങ്ങൾക്ക് ന്യായമായ വില നിശ്ചയിക്കൽ**

95 (6033) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി സദയം മറുപടി നൽകുമോ:

(എ) വികസന പ്രവർത്തനങ്ങൾക്കുവേണ്ടി മുറിച്ചുമാറ്റുന്ന മരങ്ങൾക്ക് വില നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

വികസന പ്രവർത്തനങ്ങൾക്കുവേണ്ടി മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അപേക്ഷ മരം നിൽക്കുന്ന ഭൂമിയുടെ കസ്റ്റോഡിയനായ വകുപ്പിൽനിന്നും ലഭിയ്ക്കുന്നമുറയ്ക്ക് സ.ഉ.(സാധാ)നമ്പർ 68/2010 വനം, തീയതി 10-2-2010 പ്രകാരമുള്ള ട്രീ കമ്മിറ്റി പരിശോധന നടത്തി മരം മുറിക്കുവാൻ അനുമതി നൽകിവരുന്നുണ്ട്. എൻ.ആർ. നായർ വോളിയം ടേബിൾ പ്രകാരമാണ് നിൽപ്പുമരത്തിന്റെ വോളിയം കണ്ടെത്തുന്നത്. മരങ്ങളുടെ വില നിശ്ചയിക്കുന്നത് കാലാകാലങ്ങളിൽ സർക്കാർ അംഗീകരിച്ച് നൽകുന്ന ഷെഡ്യൂൾഡ് റേറ്റ്, സീനിയറേജ് റേറ്റ് എന്നിവ പ്രകാരമാണ്.

(ബി) സോഷ്യൽ ഫോറസ്ട്രി വകുപ്പ് മരങ്ങൾക്ക് നിശ്ചയിക്കുന്ന വില പ്രാദേശിക വിലയുമായി തുലനം ചെയ്യുമ്പോൾ വളരെക്കൂടുതലാണെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

എൻ.ആർ. നായർ വോളിയം ടേബിൾ പ്രകാരം നിൽപ്പുമരത്തിന്റെ വോളിയം കണ്ടെത്തി മരങ്ങളുടെ വില നിശ്ചയിക്കുന്നത് കാലാകാലങ്ങളിൽ സർക്കാർ അംഗീകരിച്ച് നൽകുന്ന ഷെഡ്യൂൾഡ് റേറ്റ്, സീനിയറേജ് റേറ്റ് എന്നിവ പ്രകാരമാണ്.

(സി) പൊതുആവശ്യങ്ങൾക്കുവേണ്ടി മുറിച്ചുമാറ്റേണ്ടി വരുന്ന മരങ്ങളുടെ വില നിശ്ചയിക്കുമ്പോൾ അവ മുറിച്ചുനീക്കാനുള്ള ചെലവ് വിലയിൽനിന്ന് തട്ടിക്കിഴിക്കാനും പ്രാദേശികമായി ലേലം ചെയ്ത് കിട്ടാവുന്ന വില ആയതിന് കണക്കാക്കാനും സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പൊതുആവശ്യങ്ങൾക്കുവേണ്ടി മുറിച്ചുമാറ്റുന്ന മരങ്ങളുടെ വില നിശ്ചയിക്കുന്നത് കാലകാലങ്ങളിൽ സർക്കാർ അംഗീകരിച്ച് നൽകുന്ന ഷെഡ്യൂൾഡ് റേറ്റ്, സീനിയറേജ് റേറ്റ് എന്നിവ പ്രകാരമാണ്. പൊതുസ്ഥലങ്ങളിലെ മുറിച്ചുമാറ്റേണ്ട നിൽപ്പുമരങ്ങളുടെ വില നിശ്ചയിക്കൽ മാത്രമാണ് ഇപ്രകാരം നടക്കുന്നത്. തുടർലേല നടപടികൾ സ്വീകരിക്കേണ്ടത് ഭൂമിയുടെ കസ്റ്റോഡിയനായ വകുപ്പുകളാണ്.

## സ്വകാര്യ തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റുന്ന പദ്ധതി

96 (6034) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തുടർച്ചയായ പ്രകൃതി ദുരന്തങ്ങളുടെയും വർദ്ധിച്ച വരുന്ന മനുഷ്യ-വന്യജീവി സംഘർഷത്തിന്റെയും പശ്ചാത്തലത്തിൽ, വ്യാവസായികത്തോട്ടങ്ങൾ, സ്വകാര്യത്തോട്ടങ്ങൾ എന്നിവ സ്വാഭാവിക വനങ്ങളാക്കി മാറ്റുന്ന പദ്ധതി പ്രകാരം 2015-21 കാലയളവിൽ എത്ര ഭൂമി സ്വാഭാവിക വനങ്ങളായി മാറിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

കേരളത്തിൽ തുടർച്ചയായ പ്രകൃതി ദുരന്തങ്ങളുടെയും വർദ്ധിച്ചവരുന്ന മനുഷ്യ-വന്യജീവി സംഘർഷത്തിന്റെയും പശ്ചാത്തലത്തിൽ, വ്യാവസായിക തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റുന്ന പദ്ധതി പ്രകാരം 2015-21 കാലയളവിൽ സ്വാഭാവിക വനങ്ങളായി മാറിയ ഭൂമിയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം-1 ആയി ചേർക്കുന്നു*. റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി വനംവകുപ്പിന് കീഴിൽ നടപ്പിലാക്കിവരുന്ന ഒരു ഉപപദ്ധതിയാണ് സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ. 14-11-2019-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) 483/2018/പി&ഇഎ. നമ്പർ പ്രകാരം ഈ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വനത്തിനകത്ത് സ്ഥിതി ചെയ്യുന്ന സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുത്ത് സ്വാഭാവിക വനങ്ങളായി പുനഃസ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ 6 ഡിവിഷനുകളിലായി 13 എസ്റ്റേറ്റുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രൈജൈൽ ലാൻഡ്സ്) ആക്റ്റ്, 2003 സെക്ഷൻ 4(1) പ്രകാരം നഷ്ടപരിഹാരം നൽകിയോ, റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ & ട്രാൻസ്പരൻസി ഇൻ ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ & റീസെറ്റിൽമെന്റ് ആക്റ്റ് 2013 പ്രകാരമോ 1450.1688 ഹെക്ടർ സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. നടപടിക്രമങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന എസ്റ്റേറ്റുകളുടെ പട്ടിക അനുബന്ധം 2 ആയി ചേർക്കുന്നു*. ഏറ്റെടുക്കലിന്റെ ഭാഗമായി ഡിവിഷൻ തലത്തിൽ എസ്റ്റേറ്റ് ഉടമകളുമായി പ്രാരംഭ ചർച്ചയും ബന്ധപ്പെട്ട രേഖകളുടെ പരിശോധനയും ആരംഭിച്ചിട്ടുണ്ട്. ആയത് പൂർത്തീകരിച്ചശേഷം മാത്രമേ സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുത്ത് സ്വാഭാവിക വനങ്ങളായി മാറ്റുന്ന നടപടി ക്രമങ്ങൾ ആരംഭിക്കുകയുള്ളൂ.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വനസംരക്ഷണ നിയമ ഭേദഗതിയും പൊതുജന അഭിപ്രായവും**

97 (6035) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1980-ലെ വനസംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനായി പൊതുജനങ്ങളിൽനിന്ന് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചുകൊണ്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഉത്തരവ് പുറപ്പെടുവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാർ പ്രസ്തുത വിഷയത്തിൽ ഭേദഗതി നിർദ്ദേശിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉദ്ദേശിച്ചിട്ടുണ്ട്.

(സി) പ്രശ്ന മേഖലയിലുള്ളവരുടെ അഭിപ്രായംകൂടി ആരായാൻ നടപടി കൈക്കൊള്ളുമോ; അറിയിക്കുമോ?

പര്യാലോചന പത്രത്തിന്മേൽ പൊതുജനങ്ങൾക്കും അഭിപ്രായം അറിയിക്കാൻ പത്രക്കുറിപ്പ് നൽകുകയും ആയത് വനം വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

**സംസ്ഥാനത്തിന്റെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് പദ്ധതി**

98(6036) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീമതി കെ. കെ. രമ:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും വനം വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

സോഷ്യൽ ഫോറസ്ട്രി വിഭാഗം വനേതര പ്രദേശങ്ങളിലുള്ള വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിനായി ഹരിതകേരളം പദ്ധതിയുടെ ഭാഗമായി എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോര സംരക്ഷണം, Institutional plantation, വിദ്യാവനം, നഗരവനം, ജൈവവൈവിദ്ധ്യങ്ങളുടെ

കലവറയായ കാവുകളുടെയും കണ്ടൽക്കാടുകളുടെയും സംരക്ഷണം, സ്വകാര്യ ഭൂമികളിൽ തടി ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നല്കുന്ന പദ്ധതി തുടങ്ങിയ വിവിധ പദ്ധതികൾ നിലവിലുണ്ട്. മേൽ പദ്ധതികൾ എല്ലാംതന്നെ ജൈവവൈവിധ്യം വർദ്ധിപ്പിക്കുക, കാർബൺ ആഗിരണം വർദ്ധിപ്പിച്ച് ആഗോളതാപന തോത് കുറയ്ക്കുക, മണ്ണ്, ജല സംരക്ഷണം ഉറപ്പാക്കുക, ഗാർഹിക-വ്യാവസായിക ഉപയോഗത്തിനായി തടി ലഭ്യത ഉറപ്പാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് നടപ്പിലാക്കിവരുന്നത്.

(ബി) വനേതര പ്രദേശങ്ങളിൽ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനായി വനത്തിന് പുറത്തുള്ള കാടുകളുടെ സംരക്ഷണം ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ഏറ്റെടുക്കുന്ന കാടുകൾ സംരക്ഷിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കുമോ?

24-12-2016-ലെ ജി.ഒ.(ആർ.റ്റി) 485/16/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജൈവവൈവിധ്യങ്ങളുടെ കലവറയായ കണ്ടൽക്കാടുകളുടെയും കാവുകളുടെയും സംരക്ഷണത്തിന് ധനസഹായം നല്കിവരുന്നു. സ്വകാര്യ വ്യക്തികൾക്ക് സ്വകാര്യ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4000 രൂപ നിരക്കിൽ ധനസഹായം നല്കിവരുന്നു. കാവുകളുടെ സംരക്ഷണ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ധനസഹായം നല്കുന്നതിലേയ്ക്കായി എല്ലാ വർഷവും അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പത്രക്കുറിപ്പ് നല്കുകയും അപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ സ്ഥലപരിശോധന നടത്തി ഏറ്റവും അനുയോജ്യമായതും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ നിശ്ചിത എണ്ണം കാവുകളുടെ പേരുവിവരങ്ങൾ സംസ്ഥാനതല വിദഗ്ദ്ധ സമിതിക്ക് സമർപ്പിക്കുന്നു. ആയതിൽനിന്നും തെരഞ്ഞെടുക്കുന്ന കാവുകൾ അടുത്ത 5 വർഷത്തെ പ്രവർത്തന വിവരങ്ങൾ അടങ്ങിയതും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരമുള്ളതുമായ സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കി സമർപ്പിക്കുകയും ആയത് അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പുമായി ചേർന്ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും അടുത്ത 5 വർഷത്തേയ്ക്ക് ടി കാവുകൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ ധനസഹായം നല്കിവരികയും ചെയ്യുന്നു.

(സി) വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷലതാദികളുടെ സംരക്ഷണത്തിനായി എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കുന്നുണ്ടോ: വ്യക്തമാക്കുമോ?

വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷലതാദികളുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

## കണ്ടൽക്കാടുകളുടെ സംരക്ഷണം

99 (6037) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ എവിടെയെല്ലാമാണ് കണ്ടൽക്കാടുകളുള്ളതെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

തൃശ്ശൂർ ജില്ലയിലെ മണലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ചാവക്കാട് താലൂക്കിലെ വെണ്മനാട് വില്ലേജിൽ പാവറട്ടി പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന റീസർവ്വേ നമ്പർ 119/2-ൽ ഉൾപ്പെടുന്ന 234.18 ഏക്കർ (94.77 ഹെക്ടർ) കണ്ടൽ ഭൂമി റിസർവ് വനമായി പ്രഖ്യാപിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മണലൂർ നിയോജകമണ്ഡലത്തിലെ ചേറ്റുവ, പെരിങ്ങാട് കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ തച്ചംപള്ളി, ചേപ്പാറ ഗുരുശ്രീ, പൊയ്യ എന്നീ സ്ഥലങ്ങളിൽ കണ്ടൽക്കാടുകളുണ്ട്.

(ബി) കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഗുരുവായൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പ്രത്യേക പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

## മലപ്പുറം നിയോജകമണ്ഡലത്തിൽ വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങൾ

100 (6038) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിലെ വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് നഗരസഭ/ പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

മലപ്പുറം നിയോജകമണ്ഡലത്തിൽ മലപ്പുറം മുനിസിപ്പാലിറ്റിയിൽ ഹാജിയാർ പള്ളി എന്ന സ്ഥലത്ത് ഒരു ഹെക്ടർ ഭൂമി വനം വകുപ്പിന്റെ അധീനതയിലുണ്ട്.

(ബി) പ്രസ്തുത പ്രദേശങ്ങളിൽ വകുപ്പ് തന്നെ നേരിട്ട് ഏതെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ഈ സ്ഥലത്ത് വനം വകുപ്പ് പ്രകൃതി പഠന ക്യാമ്പ്, ഇക്കോ ഷോപ്പ്, ബാംബൂസെറ്റം, ബട്ടർഫ്ളൈ പാർക്ക് എന്നിവ തുടങ്ങാൻ മലപ്പുറം സാമൂഹ്യ വനവൽക്കരണ വിഭാഗം ഉദ്ദേശിക്കുന്നുണ്ട്.

(സി) മറ്റു വകുപ്പുകൾക്കും സർക്കാർ പദ്ധതികൾക്കും ഭൂമി വിട്ടുകൊടുക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; അത്തരം പ്രൊപ്പോസലുകൾ മറ്റ് വകുപ്പുകളിൽ നിന്നും ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഇല്ല. മറ്റ് വകുപ്പുകളിൽനിന്നും ടി സ്ഥലം വിട്ടുകൊടുക്കുന്നതിനായി പ്രൊപ്പോസലുകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല. എന്നാൽ, 2013-ൽ മലപ്പുറം മുനിസിപ്പാലിറ്റിയിൽനിന്നും കളിസ്ഥലം വർദ്ധിപ്പിക്കാനായി നിവേദനം ലഭിച്ചിരുന്നു. എന്നാൽ, ഈ സ്ഥലം റിസർവ് ഫോറസ്റ്റായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിനാൽ പ്രസ്തുത നിവേദനം പരിഗണിക്കുന്നതിന് നിർവ്വാഹമില്ല.

**കോഴിക്കോട് ജില്ലയിലെ സാമൂഹിക വനവൽക്കരണ പദ്ധതി**

101 (6039) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക വനവൽക്കരണവുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സാമൂഹിക വനവൽക്കരണവുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ ഹരിതകേരളം പദ്ധതി പ്രകാരം സ്കൂളുകൾക്കും കോളേജുകൾക്കും സൗജന്യമായി വൃക്ഷത്തൈകൾ വിതരണം ചെയ്യുന്ന പദ്ധതി, വെറ്റ് ലാൻഡ് കൺസർവേഷൻ, കടലാമ സംരക്ഷണം, കാവ് സംരക്ഷണം, വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമപ്രകാരം കർഷകർക്ക് പ്രോത്സാഹന ധനസഹായം നൽകൽ, കണ്ടൽക്കാട് സംരക്ഷണം, മികച്ച ജൈവവൈവിദ്ധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വനമിത്ര അവാർഡ്, സ്കൂളുകളിൽ വിദ്യാവനം തുടങ്ങിയ പദ്ധതികൾ നടത്തിവരുന്നു.

(ബി) ഹരിത കേരളം പദ്ധതിയിലൂടെ പ്രസ്തുത ജില്ലയിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഹരിതകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് ഓരോ വർഷവും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സംഘടനകൾക്കും മാധ്യമ സ്ഥാപനങ്ങൾക്കും ഗവൺമെന്റ് സ്ഥാപനങ്ങൾക്കും മതസംഘടനകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും തൈകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്തുവരുന്നുണ്ട്.

(സി) സാമൂഹിക വനവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ ചെലവഴിച്ച ഫണ്ട് എത്രയെന്ന് അറിയിക്കാമോ?

സാമൂഹിക വനവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ 2021 വർഷത്തിൽ വെറ്റ് ലാൻഡ് കൺസർവേഷൻ, കടലാമ സംരക്ഷണം, ഹരിതകേരളം, കാവ് സംരക്ഷണം, വനമിത്ര അവാർഡ് എന്നിവയ്ക്കായി യഥാക്രമം ₹ 5,14,191, ₹ 1,50,000, ₹ 38,91,394, ₹ 5,42,000, ₹ 25,000 എന്ന പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

**സാമൂഹ്യവനവത്കരണം പദ്ധതി**

102 (6040) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷത്തിൽ പിറവം മണ്ഡലത്തിൽ സാമൂഹ്യവനവത്കരണം പദ്ധതി പ്രകാരം എത്ര വിസ്തൃതിയിൽ വനവത്കരണം നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ?

2020-21 സാമ്പത്തിക വർഷത്തിൽ പിറവം മണ്ഡലത്തിൽ സാമൂഹ്യവനവത്കരണ പദ്ധതി പ്രകാരം ചിന്മയ യൂണിവേഴ്സിറ്റി, ഓണക്കൂറിൽ 300 തൈകളും സെന്റ് ജോൺസ് സിറിയൻ എച്ച്.എസ്.എസ്, കൂത്താട്ടുകുളത്ത് 150 തൈകളും നട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് വനവത്കരണം നടപ്പിലാക്കിയതെന്നറിയിക്കാമോ?

പ്രസ്തുത പദ്ധതി പ്രകാരം 2020-21 വർഷത്തിൽ പിറവം മണ്ഡലത്തിൽ ചിന്മയ യൂണിവേഴ്സിറ്റി ഓണക്കൂർ, സെന്റ് ജോൺസ് സിറിയൻ എച്ച്.എസ്.എസ് കൂത്താട്ടുകുളം എന്നിവിടങ്ങളിലാണ് വനവത്കരണം നടപ്പിലാക്കിയത്.

(സി) ഇനി ഏതെല്ലാം പ്രദേശങ്ങളിലാണ് പ്രസ്തുത പദ്ധതിയിലൂടെ വനവത്കരണം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വിദ്യാവനം പദ്ധതിയുടെ കീഴിൽ 2022-23 വർഷത്തിൽ വനവത്കരണം നടപ്പിലാക്കാൻ പിറവം മാർകുറിലോസ് എച്ച്.എസ്.എസ്-നെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ഡി) പദ്ധതി നടത്തിപ്പിലേയ്ക്കായി തദ്ദേശ ഭരണസ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഹരിതകേരളം പദ്ധതി പ്രകാരം വനവത്കരണത്തിനായി സാമൂഹിക വനവത്കരണ വിഭാഗത്തിൽനിന്നും തൈകൾ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് വിതരണം ചെയ്തുവരുന്നുണ്ട്.

## കൽപ്പറ്റ മണ്ഡലത്തിലെ സോഷ്യൽ ഫോറസ്റ്റി പദ്ധതികൾ

103 (6041) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിൽ സോഷ്യൽ ഫോറസ്റ്റിയുടെ ആഭിമുഖ്യത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സാമൂഹ്യ വനവത്കരണ വിഭാഗം കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. എന്റെ മരം, നമ്മുടെ മരം പദ്ധതികൾ പ്രകാരം സ്കൂളുകൾക്കും കോളേജുകൾക്കും സൗജന്യമായി വൃക്ഷത്തൈകൾ നൽകിവരുന്നു.

2. വഴിയോരത്തണൽ, സ്ഥാപന വനവൽക്കരണം എന്നീ പദ്ധതികൾ മുഖാന്തരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഗവൺമെന്റ് സ്ഥാപനങ്ങൾക്കും സൗജന്യമായി വൃക്ഷത്തൈകൾ നൽകിവരുന്നു.

3. ഉരുൾപൊട്ടൽ തടയുന്നതിന് ലാൻഡ്സ്ലൈഡ് ഏരിയകളിൽ രാമച്ചം, മുള തുടങ്ങിയ തൈകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും എൻ.ജി.ഒ-കളുടെയും സഹകരണത്തോടെ നട്ടുപിടിപ്പിക്കുന്നു.

4. മണ്ണൊലിപ്പ് തടയുന്നതിനായി പുഴയോര വനവൽക്കരണ പദ്ധതിയുടെ ഭാഗമായി പുഴയോരങ്ങളിൽ മുളത്തൈകൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

5. ജൈവവൈവിധ്യ സംരക്ഷണത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി വനമിത്ര അവാർഡും കാവുസംരക്ഷണത്തിനായി ധനസഹായവും തടിയധിഷ്ഠിതമായ വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് സംരക്ഷിക്കുന്നതിന് കർഷകർക്ക് പ്രോത്സാഹന ധനസഹായവും നൽകിവരുന്നു.

6. വിദ്യാർത്ഥികൾക്കിടയിലും പൊതുജനങ്ങൾക്കിടയിലും പ്രകൃതി സംരക്ഷണ അവബോധം ഉണ്ടാക്കുന്നതിന്റെ ഭാഗമായി പ്രകൃതി പഠന ക്യാമ്പ് നടത്തി വരുന്നു.

7. തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾക്ക് നക്ഷത്രവനം, വിദ്യാവനം, ചിത്രശലഭോദ്യാനം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയിലൂടെ കൽപ്പറ്റ മണ്ഡലത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ?

ഹരിതകേരളം പദ്ധതിയിലൂടെ വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് നട്ടുപിടിപ്പിച്ചതിന്റെ ഭാഗമായി വനേതര പ്രദേശങ്ങളിൽ വൃക്ഷവൽകരണത്തോത് ഉയർന്നിട്ടുണ്ട്.

**കാവ് സംരക്ഷണ പദ്ധതി**

104 (6042) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷക്കാലയളവിനുള്ളിൽ കാവ് സംരക്ഷണ പദ്ധതി പ്രകാരം എത്ര കാവുകൾക്ക് പരിരക്ഷണം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

കഴിഞ്ഞ 5 വർഷക്കാലയളവിനുള്ളിൽ കാവ് സംരക്ഷണ പദ്ധതി പ്രകാരം സംസ്ഥാനത്ത് 268 കാവുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(ബി) 2020-21 വർഷത്തിൽ എറണാകുളം ജില്ലയിലെ ഏതെല്ലാം കാവുകൾ സംരക്ഷിക്കാൻ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

2020-21-ൽ എറണാകുളം ജില്ലയിലെ കാവുകൽ നാഗയക്ഷിക്കാവ് - പറവൂർ, കല്ലുംപുറത്ത് കാവ് - പറവൂർ, ചിറവക്കാട്ട് സർപ്പക്കാവ് - പറവൂർ, കടപ്പിള്ളിക്കാവ് - പനങ്ങാട് എന്നീ കാവുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(സി) പിറവം നിയോജകമണ്ഡലത്തിലെ ഏതെങ്കിലും കാവുകൾ സംരക്ഷിക്കുന്നതിനായി 2020-21 വർഷത്തിൽ അപേക്ഷ ലഭിച്ചിരുന്നോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പിറവം നിയോജകമണ്ഡലത്തിലെ കാവുകൾ സംരക്ഷിക്കുന്നതിനായി 2020-21 -ൽ അപേക്ഷയൊന്നും ലഭിച്ചിരുന്നില്ല.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ സാമൂഹിക വനവൽക്കരണം**

105 (6043) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹിക വനവൽക്കരണത്തിന്റെ ഭാഗമായി കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

ഹരിതകേരളം പദ്ധതി പ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സൗജന്യമായി വൃക്ഷത്തൈകൾ നൽകിവരുന്നു. വഴിയോരത്തണൽ, സ്ഥാപനവനവൽക്കരണം എന്നീ പദ്ധതികൾ മുഖാന്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഗവൺമെന്റ് സ്ഥാപനങ്ങൾക്കും സൗജന്യമായി

വൃക്ഷത്തൈകൾ നൽകിവരുന്നു. വിദ്യാർത്ഥികൾക്കിടയിലും പൊതുജനങ്ങൾക്കിടയിലും പ്രകൃതി സംരക്ഷണ അവബോധം വളർത്തുന്നതിന്റെ ഭാഗമായി പ്രകൃതി പഠന ക്യാമ്പുകൾ നടത്തിവരുന്നു. കാഞ്ഞങ്ങാട് മണ്ഡലത്തിലെ അരിയിൽ ഗവൺമെന്റ് യു.പി. സ്കൂളിൽ വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വനമഹോത്സവത്തോടനുബന്ധിച്ച് മണ്ഡലത്തിലെ മുഴുവൻ പഞ്ചായത്തുകളിലും വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

## സോഷ്യൽ ഫോറസ്ട്രി പദ്ധതികൾ

106 (6044) ശ്രീമതി ശാന്തകുമാരി. കെ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ സോഷ്യൽ ഫോറസ്ട്രി പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സാമൂഹിക വനവത്കരണത്തിനായി ഹരിതകേരളം പദ്ധതിയിൽപ്പെടുത്തി പരിസ്ഥിതി ദിനത്തോടനുബന്ധിച്ചും വനമഹോത്സവത്തിന്റെ ഭാഗമായും തൈകൾ ഉത്പാദിപ്പിച്ച് പൊതുജനങ്ങൾക്ക് വിതരണം ചെയ്യുകയും വനം വകുപ്പ് നേരിട്ട് നട്ടുപിടിപ്പിക്കുകയും ചെയ്തുവരുന്നു. കൂടാതെ സ്കൂൾ കുട്ടികൾക്കായി എന്റെ മരം, കോളേജ് കുട്ടികൾക്കായി നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, പുഴയോര സംരക്ഷണം, സ്ഥാപന വനവൽകരണം, നഗരവനം, വിദ്യാവനം, നക്ഷത്രവനം എന്നീ പദ്ധതികളും ജൈവവൈവിധ്യ പ്രവർത്തനങ്ങൾക്കും പരിസ്ഥിതി പ്രവർത്തനങ്ങൾക്കും വനവൽകരണ പരിപാടികൾക്കും പ്രോത്സാഹനമെന്ന നിലയിൽ ജില്ലാടിസ്ഥാനത്തിൽ എല്ലാ വർഷവും വനമിത്ര പുരസ്കാരവും നൽകിവരുന്നുണ്ട്. കണ്ടൽക്കാടുകളുടെയും കാവുകളുടെയും സംരക്ഷണം, സ്വകാര്യ ഭൂമികളിൽ വൃക്ഷം വച്ചുപിടിപ്പിക്കുന്നതിനുള്ള പ്രോത്സാഹന ധനസഹായ പദ്ധതി, ഫോറസ്ട്രി ക്ലബ്ബ് തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) സോഷ്യൽ ഫോറസ്ട്രി പദ്ധതികൾ പ്രകാരം വിതരണം ചെയ്യുന്ന തൈകൾ നടുന്നതും പരിപാലിക്കുന്നതുമായി ബന്ധപ്പെട്ട വിലയിരുത്തൽ കാര്യക്ഷമമായി നടപ്പിലാക്കാറുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സോഷ്യൽ ഫോറസ്ട്രി പദ്ധതികൾ പ്രകാരം വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ സംരക്ഷണവും പരിപാലനവും സ്ഥലത്തിന്റെ ഉടമസ്ഥതയിലുള്ള വകുപ്പുകളിലും സംഘടനകളിലും വ്യക്തികളിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നാൽ വിദ്യാർത്ഥികൾക്കും തദ്ദേശ ഭരണസ്ഥാപനങ്ങൾക്കും നൽകുന്ന തൈകളുടെ അതിജീവനം ഉറപ്പാക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും എല്ലാ വർഷവും സർക്കുലറുകൾ ഇറക്കുന്നുണ്ട്. സ്കൂൾ തലത്തിൽ അദ്ധ്യാപകർ, പി.റ്റി.എ പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി, വാർഡ് മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും കോളേജ് തലത്തിൽ പ്രിൻസിപ്പലിന്റെ പ്രതിനിധിയും പരിസ്ഥിതി പ്രവർത്തകർ, പഞ്ചായത്ത് പ്രസിഡന്റ്/നോമിനി, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും പഞ്ചായത്തുതലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ, സ്കൂൾ ഹെഡ്മാസ്റ്റർമാർ, സന്നദ്ധ സംഘടന പ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവർ അംഗങ്ങളായ 15-ൽ കൂടാത്ത അംഗസംഖ്യയുള്ള കമ്മിറ്റിയുമാണ് നട്ടുപിടിപ്പിച്ച തൈകളുടെ നിലനിൽപ്പും വളർച്ചയും വിലയിരുത്തുന്നതിനും അതിജീവന ശതമാനം ഉറപ്പിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള കമ്മിറ്റികൾ പഞ്ചായത്തുതലത്തിലും സ്കൂൾ, കോളേജുതലങ്ങളിലും രൂപീകരിച്ച് നടപ്പിലാക്കാനുള്ള സംവിധാനം വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിതരണം ചെയ്ത തൈകളുടെ എണ്ണം, നടീൽ, അതിജീവനം എന്നിവ സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്റ്ററുകൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം പരിശോധനാ വിധേയമാക്കി തുടർനിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. സ്ഥാപനവനവൽകരണത്തിൽ സർക്കാർവക സ്ഥാപനങ്ങളോടനുബന്ധിച്ച് നട്ടുപിടിപ്പിക്കുന്ന വൃക്ഷത്തൈകളുടെ പരിപാലനത്തിന് ധാരണാപത്രം തയ്യാറാക്കി സ്ഥാപനങ്ങളെ ചുമതലയേൽപ്പിച്ച് അതിജീവനം ഉറപ്പാക്കുന്നു.

## കോഴിക്കോട് ജില്ലയിലെ വനം വകുപ്പിന്റെ കിഫ്ബി പദ്ധതികൾ

107 (6045) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കിഫ്ബി ധനസഹായത്തോടെ വനം വകുപ്പ് നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

(എ&ബി) 21-10-2016-ലെ സ.ഉ. (എം.എസ്) നമ്പർ 35/16/വനം 12-11-2018-ലെ സ.ഉ.(എം.എസ്) നമ്പർ 46/18/വനം പ്രകാരം കിഫ്ബി ധനസഹായത്തോടെ പ്രവൃത്തികൾ ചെയ്യാൻ വനം വകുപ്പിന് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത ഭരണാനുമതിയിൽ കോഴിക്കോട് ജില്ലയിൽ കിഫ്ബി ധനസഹായത്തോടെ പദ്ധതികളൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

### കാസർഗോഡ് റേഞ്ചിന് കീഴിൽ ഫോറസ്റ്റ് സ്റ്റേഷൻ

108 (6046) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഫോറസ്റ്റ് റേഞ്ചിന് കീഴിൽ ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) വന്യമൃഗശല്യം രൂക്ഷമായ ഈ മേഖലയിൽ പ്രസ്തുത സ്റ്റേഷൻ എത്രയും വേഗം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) വന്യമൃഗശല്യം രൂക്ഷമായ കാസർഗോഡ് ഫോറസ്റ്റ് മേഖലയിൽ ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കാൻ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

### മുറിക്കുന്നതിന് കാലാവധി കഴിഞ്ഞ മരങ്ങളുള്ള പ്ലാന്റേഷനുകളിലെ മരം മുറിക്കുന്ന നടപടി

109 (6047) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ പുനലൂർ, തെന്മല, അച്ചൻകോവിൽ എന്നീ ഫോറസ്റ്റ് ഡിവിഷനുകളിലും തിരുവനന്തപുരം ഡിവിഷനിൽ കുളത്തൂപ്പുഴ റേഞ്ചിലും ഉൾപ്പെടെ മണ്ഡലത്തിൽ മരം മുറിക്കാൻ കാലാവധി കഴിഞ്ഞ എത്ര പ്ലാന്റേഷനുകൾ ഉണ്ടെന്ന് അറിയിക്കുമോ?

60 പ്ലാന്റേഷനുകളുണ്ട്.

(ബി) പ്രസ്തുത മേഖലകളിലെ ഇത്തരം തോട്ടങ്ങളിലെ കാലാവധി കഴിഞ്ഞ മരം സമയബന്ധിതമായി മുറിക്കുന്നത് വഴി വനാശ്രിത സമൂഹത്തിന് കൂടുതൽ തൊഴിൽ ലഭ്യത ഉറപ്പാക്കാനുള്ള നടപടിയെടുക്കുമോയെന്ന് വ്യക്തമാക്കുമോ?

പുനലൂർ, തെന്മല, അച്ചൻകോവിൽ, തിരുവനന്തപുരം എന്നീ ഫോറസ്റ്റ് ഡിവിഷനുകളിലെ വർക്കിംഗ് പ്ലാൻ ലഭ്യമാകുന്ന മുറയ്ക്ക് കാലാവധി കഴിഞ്ഞ തോട്ടങ്ങളിലെ മരങ്ങൾ സമയബന്ധിതമായി മുറിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുവഴി വനാശ്രിതസമൂഹത്തിന് കൂടുതൽ തൊഴിൽ ലഭ്യത ഉറപ്പാക്കാൻ കഴിയുന്നതാണ്.

## വനം-വന്യജീവി വകുപ്പിന്റെ കീഴിൽ വിനോദ സഞ്ചാര കേന്ദ്രങ്ങൾ ആരംഭിക്കൽ

110 (6048) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിന്റെ കീഴിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ വനം വകുപ്പിനുകീഴിൽ വിനോദ സഞ്ചാര കേന്ദ്രങ്ങൾ ഒന്നുംതന്നെ നിലവിൽ പ്രവർത്തിക്കുന്നില്ല.

(ബി) പ്രസ്തുത വകുപ്പിന്റെ കീഴിലുള്ള പ്രദേശങ്ങളിൽ വിനോദസഞ്ചാര കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പ്രകൃതിരമണീയമായ സ്ഥലങ്ങളിൽ സന്ദർശക വാഹകശേഷി കണക്കിലെടുത്ത് പരിസ്ഥിതിക്ക് കോട്ടം തട്ടാതെയാണ് ഇക്കോ ടൂറിസം നടപ്പിലാക്കുന്നത്. 1980-ലെ ഫോറസ്റ്റ് (കൺസർവേഷൻ) ആക്ടിനും നിലവിലെ മറ്റ് വനനിയമങ്ങൾക്കും വിധേയമായി അതാത് വനം ഡിവിഷനുകളുടെ വർക്കിംഗ് പ്ലാൻ, മാനേജ്മെന്റ് പ്ലാൻ, ടൈഗർ കൺസർവേഷൻ പ്ലാൻ എന്നിവയിൽ ഉൾപ്പെടുത്തി, കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടെയാണ് വനമേഖലയിൽ ഇക്കോ ടൂറിസം നടപ്പിലാക്കുന്നത്.

## പൊന്മുടി വന്യജീവി സങ്കേതമായി പ്രഖ്യാപിക്കൽ

111 (6049) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്മുടി ഇക്കോ ടൂറിസത്തിന്റെ വികസനത്തിനായി കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് വനം വകുപ്പ് മുഖേന എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദ വിവരങ്ങൾ നൽകാമോ?

ഇല്ല. എന്നാൽ പൊന്മുടി ഇക്കോ ടൂറിസത്തിന്റെ വികസനത്തിനായി കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം തയ്യാറാക്കിയ 8.3 കോടി രൂപയുടെ പ്രോജക്ട് കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകിയിട്ടുണ്ട്.

(ബി) പൊന്മുടി വന്യജീവി സങ്കേതമായി പ്രഖ്യാപിക്കാൻ ശിപാർശ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

പൊന്മുടി ഇക്കോ ടൂറിസം പ്രദേശം ഒഴികെ ഇവിടെ നിന്നും ആകാശദൂരം 1.5 കി.മീ മാറിയുള്ള 137.014 ച.കി.മീ വനഭൂമി വന്യജീവി സങ്കേതമായി പ്രഖ്യാപിക്കുവാനുള്ള ശിപാർശ നിലവിലുണ്ട്.

**കോതമംഗലം മണ്ഡലത്തിൽ ഇക്കോ ടൂറിസം പദ്ധതി**

112 (6050) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ മലയാറ്റൂർ, മൂന്നാർ ഫോറസ്റ്റ് ഡിവിഷനുകളുടെ കീഴിൽ വരുന്ന പിണവൂർകുടി, ക്ലാച്ചേരി, പൂയംകുട്ടി ചപ്പാത്തിനോട് ചേർന്നുള്ള കണ്ടംപാറ, പൂയംകുട്ടി നദിയിലെ പീണ്ടിമേട് വെള്ളച്ചാട്ടം, വാടാട്ടുപാറ പ്രദേശത്തിന് സമീപം വരുന്ന പാലവൻപടി, ഇടമലയാറിനു സമീപം വൈശാലി ഗുഹ, പന്തപ്ര, മാമലക്കണ്ടം, കുട്ടമ്പുഴ പ്രദേശങ്ങൾ ഉൾപ്പെടുത്തി വനം വകുപ്പിന്റെ നേതൃത്വത്തിൽ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കോതമംഗലം മണ്ഡലത്തിൽ മലയാറ്റൂർ, മൂന്നാർ ഫോറസ്റ്റ് ഡിവിഷനുകളുടെ കീഴിൽ വരുന്ന പിണവൂർകുടി, ക്ലാച്ചേരി, പൂയംകുട്ടി ചപ്പാത്തിനോട് ചേർന്നുള്ള കണ്ടംപാറ, പൂയംകുട്ടി നദിയിലെ പീണ്ടിമേട് വെള്ളച്ചാട്ടം, വാടാട്ടുപാറ പ്രദേശത്തിന് സമീപം വരുന്ന പാലവൻപടി, ഇടമലയാറിനു സമീപംവരുന്ന വൈശാലിഗുഹ, പന്തപ്ര, മാമലക്കണ്ടം, കുട്ടമ്പുഴ പ്രദേശങ്ങൾ ഉൾപ്പെടുത്തി ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുവാൻ വനം വകുപ്പ് പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

(ബി) ആദിവാസി, വനസംരക്ഷണ സമിതി തുടങ്ങിയവരുടെ മേൽനോട്ടത്തിൽ ഇക്കോ ടൂറിസം പദ്ധതി ആരംഭിച്ചാൽ ടൂറിസം വികസനത്തോടൊപ്പം ഇവർക്ക് തൊഴിൽ കൂടി ലഭ്യമാകുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കുമോ?

വനം വകുപ്പിനുകീഴിലുള്ള ഇക്കോ ടൂറിസം പദ്ധതികൾ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ (EDC)/വന സംരക്ഷണ സമിതികൾ (VSS) മുഖേനയാണ് നടപ്പിലാക്കിവരുന്നത്. ആയത് വഴി വനാശ്രിത സമൂഹത്തിന് തൊഴിലും അതുവഴി ജീവനോപാധിയും പ്രദാനം ചെയ്യാൻ കഴിയുന്നുണ്ട്.

(സി) ഇക്കോ ടൂറിസം പദ്ധതിക്ക് വലിയ സാധ്യതകളുള്ള മേൽപ്പറഞ്ഞ പ്രദേശങ്ങൾ കോർത്തിണക്കി കോതമംഗലം മണ്ഡലത്തിൽ ഇക്കോടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കോതമംഗലം മണ്ഡലത്തിലെ മലയാറ്റൂർ, മൂന്നാർ ഫോറസ്റ്റ് ഡിവിഷനുകളുടെ പരിധിയിൽപ്പെട്ട മേൽ വനപ്രദേശങ്ങളിൽ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് വർക്കിംഗ് പ്ലാൻ പ്രകാരമുള്ള കേന്ദ്ര സർക്കാരിന്റെ അനുമതിയില്ല. കൂടാതെ മലയാറ്റൂർ ഡിവിഷൻ പരിധിയിൽപ്പെട്ട പൂയംകുട്ടി ചപ്പാത്തിനോട് ചേർന്നുള്ള കണ്ടംപാറ പൂയംകുട്ടി നദിയിലെ പീണ്ടിമേട് വെള്ളച്ചാട്ടം, വാടാട്ടുപാറ പ്രദേശത്തിന് സമീപം വരുന്ന പാലവൻപടി, ഇടമലയാറിന് സമീപം വരുന്ന വൈശാലിഗുഹ, പന്തപ്ര, മാമലക്കണ്ടം, കുട്ടമ്പുഴ എന്നീ പ്രദേശങ്ങളിൽ കാട്ടാന ഉൾപ്പെടെയുള്ള വന്യജീവികളുടെ സജീവ സാന്നിധ്യമുള്ള നിബിഡ വനപ്രദേശമാണ്. ടി വനമേഖലയോട് ചേർന്നുള്ള ജനവാസ കേന്ദ്രങ്ങളിലേയ്ക്കും സമീപ റോഡുകളിലേയ്ക്കും വന്യജീവികൾ ഇറങ്ങി വന്ന് നാശനഷ്ടം വരുത്തുന്ന സംഭവങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ടി വനമേഖലകളിൽ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കിയാൽ പ്രസ്തുത പ്രദേശങ്ങളിൽ മനുഷ്യ സാന്നിദ്ധ്യം വർദ്ധിക്കുന്നതുമൂലം വന്യജീവികളുടെ ആവാസവ്യവസ്ഥയ്ക്ക് കോട്ടം സംഭവിക്കുന്നതിനും തന്മൂലം തൊട്ടടുത്ത ജനവാസമേഖലകളിലും പ്രസ്തുത പ്രദേശങ്ങളിലും മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കുന്നതിനും കാരണമായിത്തീരും. ആയതിനാൽ പ്രസ്തുത പ്രദേശം നിലവിലെ അവസ്ഥയിൽ നിലനിർത്തുന്നത് പരിസ്ഥിതി സന്തുലനാവസ്ഥ നിലനിർത്തുന്നതിന് അത്യന്താപേക്ഷിതമാണ്.

## ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് പ്രൊമോഷൻ അവസരങ്ങളിൽ തുല്യത

113 (6051) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജില്ലാതല റിക്രൂട്ട്മെന്റും നിയമനവും നടത്തുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ സംസ്ഥാന തലത്തിലുള്ള ഏകീകൃത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കാത്തത് നിമിത്തം പ്രൊമോഷൻ അവസരങ്ങളിലെ തുല്യത ലംഘിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ജില്ലാതല റിക്രൂട്ട്മെന്റും നിയമനവും നടത്തുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിലവിലുള്ള 2010-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ അടിസ്ഥാനമാക്കിയാണ് സർക്കിൾതലത്തിൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നത്. സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ സംസ്ഥാനതലത്തിലുള്ള ഏകീകൃത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി നിയമനം നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**സ്റ്റേറ്റ് ഫോറസ്റ്റ് സർവ്വീസിലെ നിയമനവും പ്രൊമോഷനും**

114 (6052) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് ബി.എസ്.സി. ബിരുദധാരികൾക്ക് വേണ്ടിയുള്ള പി.എസ്.സി.-യുടെ 544/17 വിജ്ഞാപന പ്രകാരമുള്ള റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്ര പേർക്ക് നിയമനം ലഭിച്ചുവെന്ന് അറിയിക്കുമോ?

ഏഴ് പേർക്ക് നിയമനം ലഭിച്ചു.

(ബി) 2021-ൽ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരുടെ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; പ്രസ്തുത ഒഴിവുകളിലേയ്ക്ക് എത്ര റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരെ പ്രൊമോഷൻ നൽകി നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ തസ്തികയിൽ 2021-ൽ ഏഴ് ഒഴിവുകളുണ്ടായതിൽ രണ്ട് ഒഴിവുകളിലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(സി) സ്റ്റേറ്റ് ഫോറസ്റ്റ് സർവ്വീസിലെ ഉദ്യോഗസ്ഥർക്ക് ഐ.എഫ്.എസ്. കൊടുക്കുന്നതിന് 2020 വർഷത്തിലേയ്ക്ക് എത്ര വേക്കൻസി മാറ്റിവച്ചിട്ടുണ്ട്; 2020-ലെ സെലക്ഷൻ കമ്മിറ്റി മീറ്റിംഗ് നടത്തുന്നതിനുവേണ്ട ശിപാർശ യഥാസമയം തയ്യാറാക്കി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; അറിയിക്കുമോ?

നാല് വേക്കൻസികൾ മാറ്റിവച്ചിട്ടുണ്ട്. 2020-ലെ സെലക്ഷൻ കമ്മിറ്റി മീറ്റിംഗിലേയ്ക്കായി വനം വകുപ്പ് മേധാവി ലഭ്യമാക്കിയ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ പ്രൊമോഷനും സ്റ്റേറ്റ് സർവ്വീസിൽനിന്നും ഐ.എഫ്.എസ്. ലഭിക്കേണ്ട ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റവും യഥാസമയം നടത്താത്തതുമൂലം 544/17 വിജ്ഞാപന പ്രകാരമുള്ള ലിസ്റ്റിൽനിന്നും കുറവ് നിയമനം മാത്രമേ നടന്നുള്ളൂ എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സ്റ്റേറ്റ് ഫോറസ്റ്റ് സർവ്വീസിലെ ഉദ്യോഗസ്ഥർക്ക് ഐ.എഫ്.എസ് നൽകുന്നതിനായുള്ള സെലക്ഷൻ കമ്മിറ്റികൂടി നിയമനം നടന്നുവരുന്നതിനെത്തുടർന്നുവരുന്ന ഒഴിവുകളിൽ യഥാസമയം റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് നിയമനം നൽകിവരുന്നുണ്ട്.

(ഇ) 9 വർഷത്തിനുശേഷം നിലവിൽവന്ന റാങ്ക് ലിസ്റ്റിന്റെ (വിജ്ഞാപനം 544/17) കാലാവധി നീട്ടുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

കാലാവധി അവസാനിക്കുന്ന പി.എസ്.സി. റാങ്ക് പട്ടിക (വിജ്ഞാപനം 544/17)-യുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം സർക്കാർ പരിഗണനയിലില്ല.

**റെയ്ഞ്ച് ഫോറസ്റ്റ് ആഫീസർമാർക്ക് സ്ഥാനക്കയറ്റം നൽകൽ**

115 (6053) <u>ശ്രീമതി ശാന്തകുമാരി കെ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരുടെ തസ്തികയിൽ നിലവിൽ എത്ര ഒഴിവുണ്ടെന്ന് വ്യക്തമാക്കാമോ?

അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ തസ്തികയിൽ 5 ഒഴിവുകൾ നിലവിലുണ്ട്.

(ബി) പ്രസ്തുത തസ്തികകളിലേയ്ക്ക് റെയ്ഞ്ച് ഫോറസ്റ്റ് ആഫീസർമാർക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

2020-ലുണ്ടായ 2 ഒഴിവുകളും 2021-ലുണ്ടായ 7 ഒഴിവുകളും ഉൾപ്പെടെ 9 ഒഴിവുകളിലേയ്ക്കും സ്ഥാനക്കയറ്റം നൽകുന്നതിനുള്ള ശിപാർശ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ലഭ്യമാക്കിയിരുന്നു. ഇതിൽ 26-10-2021-ലെ സ.ഉ.(സാധാ) നമ്പർ 341/2021/വനം പ്രകാരം, 4 പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. എന്നാൽ, ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ. 1869/2021 കേസ്സിനെത്തുടർന്ന് 5 ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമനം നൽകിയിട്ടില്ല. മേൽ നിയമനം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

**ജനജാഗ്രതാ സമിതികൾ**

116 (6054) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്, നഗരസഭാതലങ്ങളിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ടോയെന്നറിയിക്കാമോ?

മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് വനാതിർത്തി പങ്കിടുന്ന പഞ്ചായത്തുകളിൽ തദ്ദേശീയരും ജനപ്രതിനിധികളും വന ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ സ.ഉ. (സാധാ)നമ്പർ 51/2017/വനം തീയതി 7-2-2017 പ്രകാരം രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിൽ 246 ജനജാഗ്രതാ സമിതികൾ പ്രവർത്തിച്ചുവരുന്നു.

(ബി) ജനജാഗ്രതാ സമിതികൾ അവസാനമായി പുനഃസംഘടിപ്പിച്ചത് ഏത് വർഷമാണെന്നറിയിക്കാമോ; പുതിയ ജനജാഗ്രതാ സമിതികൾ രൂപീകരിക്കാൻ ഉത്തരവിറക്കിയോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ജനജാഗ്രതാ സമിതികൾ സ.ഉ. (സാധാ)നമ്പർ 51/2017/വനം തീയതി 7-2-2017 പ്രകാരം രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. മേൽ ഉത്തരവിനുശേഷം പുതിയ ജനജാഗ്രതാ സമിതികൾ രൂപീകരിക്കാൻ ഉത്തരവിറക്കിയിട്ടില്ല.

(സി) തദ്ദേശസ്വയംഭരണതല ജനജാഗ്രതാ സമിതികളുടെ ഉത്തരവാദിത്വങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; സമിതികളുടെ പ്രവർത്തനത്തിനാവശ്യമായ തുക എങ്ങനെയാണ് കണ്ടെത്തേണ്ടതെന്നും അറിയിക്കാമോ?

ജനജാഗ്രതാ സമിതികളുടെ ഉത്തരവാദിത്വങ്ങളും കടമകളും ചുവടെ ചേർക്കുന്നു:

1. വന്യജീവി ആക്രമണം ഉണ്ടാകുന്ന മേഖലകളിൽ വനം വകുപ്പിന്റെ ജനകീയ മുഖമായി പ്രവർത്തിച്ച് ജനങ്ങളെ സഹായിക്കുക.

2. പ്രദേശത്തിന് ഏറ്റവും യോജിച്ച പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ച് വനം വകുപ്പിനെ അറിയിക്കുക.

3. അടിയന്തര സാഹചര്യങ്ങളിലും അല്ലാത്തപക്ഷം ചുരുങ്ങിയത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും യോഗംകൂടി വേണ്ട ശിപാർശകൾ വനം വകുപ്പ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകുക.

4. നിലവിൽ നിർമ്മിച്ചിട്ടുള്ള പ്രതിരോധമാർഗ്ഗങ്ങളായ സൗരോർജ്ജ കമ്പി വേലി, കിടങ്ങ്, മതിൽ എന്നിവയ്ക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ അറിയിക്കുകയും കമ്മിറ്റിയിൽ ചർച്ചചെയ്ത് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.

5. വന്യജീവി ആക്രമണം ഉണ്ടാകുന്നപക്ഷം എത്രയും പെട്ടെന്ന് സ്ഥലത്തെത്തി വേണ്ടനടപടികൾ സ്വീകരിക്കാൻ വനം വകുപ്പിനെ സഹായിക്കുക.

6. വനാതിർത്തി പങ്കിടുന്ന മേഖലകളിൽ വന്യജീവികളെ ആകർഷിക്കാത്ത തരത്തിലുള്ള കൃഷി ചെയ്യുന്നതിന് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന വകുപ്പിന്റെ നടപടികളിൽ പങ്കാളികളാകുക.

7. വന്യജീവികൾ കാടിന് പുറത്തേയ്ക്ക് വരുന്നത് ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ മുൻകൂട്ടി അറിയിക്കുന്നതിനുള്ള എസ്.എം.എസ്., അലർട്ട് സിസ്റ്റം തുടങ്ങിയ സംവിധാനങ്ങളുടെ പ്രവർത്തനം കുറ്റമറ്റരീതിയിലുള്ളതാണെന്ന് ഉറപ്പുവരുത്തുക.

8. സമിതികളുടെ ചർച്ചകൾ കൃത്യമായും മിനിറ്റ്സ് ചെയ്യേണ്ടതാണ്. ടി മിനിറ്റ്സ് വർഷത്തിൽ രണ്ടുതവണ ഡിവിഷണൽ ഫോറസ്റ്റാഫീസർ പരിശോധിക്കേണ്ടതും പരിശോധനാ റിപ്പോർട്ട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് ലാൻഡ് & റിസോഴ്സ്)-ക്ക് തുടർ നടപടികൾക്കായി സമർപ്പിക്കേണ്ടതുമാണ്.

9. അവശ്യം വേണ്ട സാഹചര്യത്തിൽ കമ്മിറ്റിക്ക് വനം വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥരുമായി നേരിട്ട് ബന്ധപ്പെടാവുന്നതാണ്.

10. സമിതിയുടെ ഒരു നടപടിക്രമങ്ങളും നിലവിലുള്ള ഇക്കോഡെവലപമെന്റ് കമ്മിറ്റി/വന സംരക്ഷണ സമിതി പ്രവർത്തനങ്ങളെ പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കുന്നതല്ല. സമിതിയോഗം വിളിക്കുന്നതിനും മറ്റ് അനുബന്ധ ചെലവുകൾക്കുംവേണ്ട തുക അതത് ഡിവിഷനിലെ 2406-01-101-81- ഫോറസ്റ്റ് പ്രൊട്ടക്ഷൻ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്താവുന്നതാണ്.

(ഡി) നിലമ്പൂർ മണ്ഡലത്തിൽ ഏതെല്ലാം തദ്ദേശഭരണ സ്ഥാപനങ്ങളിലാണ് ജനജാഗ്രതാ സമിതികൾ നിലവിലുള്ളതെന്നറിയിക്കാമോ?

നിലമ്പൂർ മണ്ഡലത്തിൽ നിലമ്പൂർ നോർത്ത് ഡിവിഷന്റെ പരിധിയിൽ നിലമ്പൂർ നഗരസഭ, ചുങ്കത്തറ, എടക്കര, പോത്തുകല്ല്, വഴിക്കടവ് എന്നീ ഗ്രാമ പഞ്ചായത്തുകളിലും നിലമ്പൂർ സൗത്ത് ഡിവിഷന്റെ പരിധിയിൽ കരുളായി, മൂത്തേടം, അമരമ്പലം, ചോക്കാട് എന്നീ നാല് തദ്ദേശഭരണ സ്ഥാപനങ്ങളിലുമാണ് ജനജാഗ്രതാ സമിതികൾ നിലവിലുള്ളത്.

## മാനന്തവാടി ഡി.എഫ്.ഒ. ഓഫീസിലെ എൻ.ഒ.സി.- ക്കായുള്ള അപേക്ഷകൾ

117 (6055) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം- വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയോട് ചേർന്ന് കിടക്കുന്ന സ്വകാര്യസ്ഥലത്ത് നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് വനം വകുപ്പിന്റെ നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ആണ് മാനന്തവാടി ഡി.എഫ്.ഒ. ഓഫീസിൽ ഇപ്പോൾ ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വനഭൂമിയോട് ചേർന്ന് കിടക്കുന്ന സ്വകാര്യസ്ഥലത്ത് നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് വനം വകുപ്പിന്റെ നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി 2 അപേക്ഷകളാണ് മാനന്തവാടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ ഇപ്പോൾ ലഭ്യമായിട്ടുള്ളത്.

(ബി) പ്രസ്തുത ആവശ്യത്തിനായി കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ എത്ര അപേക്ഷകളാണ് പ്രസ്തുത ഓഫീസിൽ ലഭിച്ചതെന്ന് അറിയിക്കുമോ?

പ്രസ്തുത ആവശ്യത്തിനായി കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 10 അപേക്ഷകളാണ് മാനന്തവാടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ ലഭ്യമായിട്ടുള്ളത്.

(സി) ഇതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഇതിൽ 8 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

(ഡി) അപേക്ഷ നൽകി ആറ് മാസം കഴിഞ്ഞിട്ടും ഈ സർട്ടിഫിക്കറ്റ് നൽകാത്ത എത്ര അപേക്ഷകൾ ഉണ്ടെന്നും നൽകാത്തതിന്റെ കാരണവും വ്യക്തമാക്കാമോ?

നിർമ്മാണ പ്രവർത്തനങ്ങൾക്കായി സമർപ്പിച്ചിട്ടുള്ള എൻ.ഒ.സി അപേക്ഷയിന്മേൽ നിലവിൽ ഒരു അപേക്ഷ മാത്രമാണ് ആറുമാസം കഴിഞ്ഞും തീർപ്പാക്കാനായി ബാക്കി നിൽക്കുന്നത്. കഴിഞ്ഞ വർഷംവരെ എൻ.ഒ.സി. ജോലികൾക്കായി സർവ്വേ പ്രവൃത്തികൾ ചെയ്തുവന്നത് ഡിവിഷൻ സർവ്വേയർ മാത്രമാണ്. ഒരു ഡിവിഷൻ സർവ്വേയറെക്കൊണ്ട് നിലവിലെ ജോലികൾക്കുപുറമെ എൻ.ഒ.സി. അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള സർവ്വ പ്രവർത്തനങ്ങളും സമയബന്ധിതമായി ചെയ്തുതീർക്കുന്നത് ബുദ്ധിമുട്ടുള്ള സാഹചര്യത്തിലാണ് ടി അപേക്ഷ തീർപ്പാക്കുന്നതിന് കാലതാമസം വന്നിട്ടുള്ളത്. കോവിഡ്-19-നെ തുടർന്നുള്ള നിയന്ത്രണങ്ങളും ഇത്തരത്തിലുള്ള അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിന് വിഘാതമായിട്ടുണ്ട്.

**വനമേഖലയിലെ ഉരുൾപൊട്ടൽ മേഖല മുൻകൂട്ടി തിരിച്ചറിയൽ**

118(6056) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനപ്രദേശങ്ങളിലെ ഉരുൾപൊട്ടൽ മേഖല മുൻകൂട്ടി തിരിച്ചറിയാൻ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വനപ്രദേശങ്ങളിലെ ഉരുൾപൊട്ടൽ മേഖല മുൻകൂട്ടി തിരിച്ചറിയുന്നതിന്

ഉത്തരമേഖല വനം സർക്കിളിന്റെ പരിധിയിൽ മാത്രമെ പഠനം നടത്തിയിട്ടുള്ളൂ. വയനാട് ജില്ലയിലെ ഉരുൾപൊട്ടൽ സാദ്ധ്യതയുള്ള പ്രദേശങ്ങളെക്കുറിച്ച് ടി.കെ.എം. കോളേജ് ഓഫ് എഞ്ചിനീയറിംഗ് കൊല്ലം, എൻ.ഐ.സി.ടി. കോഴിക്കോട് എന്നിവിടങ്ങളിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗങ്ങൾ സംയുക്തമായി തയ്യാറാക്കിയ പഠനറിപ്പോർട്ട് പ്രകാരം ലാൻഡ്സ്ലൈഡ് സോണേഷൻ മാപ്പ് തയ്യാറാക്കിയിട്ടുള്ളതാണ്. Critical, Highlly unstable, Moderately unstable, Modertately stable, Stable എന്നിങ്ങനെ 5 സോണുകളായിട്ടാണ് ഉരുൾപൊട്ടൽ സാദ്ധ്യതയുടെ അടിസ്ഥാനത്തിൽ വിഭജിച്ചിട്ടുള്ളത്.

(ബി) ഇത്തരം മേഖലകളിൽ കൂടുതൽ സുരക്ഷ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കാലാവസ്ഥാ മുന്നറിയിപ്പ് ഡിസാസ്റ്റർ മാനേജ്മെന്റ് ചെയർമാനായ അതത് ജില്ലാ കളക്ടർമാർ മുൻകൂട്ടി നല്കുന്ന നിർദ്ദേശങ്ങൾ പ്രകാരം സുരക്ഷാക്രമീകരണങ്ങൾ നടത്തുന്നുണ്ട്. ജാഗ്രതാ നിർദ്ദേശമുള്ള സമയങ്ങളിൽ വനമേഖലയിലെ ടൂറിസം, ട്രക്കിംഗ് മുതലായ പ്രവർത്തനങ്ങൾ നിരോധിക്കാറുണ്ട്. വനമേഖലയിലെ ഖനനപ്രവർത്തനം കർശനമായി നിരോധിച്ചിട്ടുണ്ട്. കൂടാതെ വനങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യഭൂമിയിൽ നടത്തുന്ന ക്വാറികളുടെ പ്രവർത്തനങ്ങൾ കർശനമായി നിയന്ത്രിക്കേണ്ടതുമാണ്. ചെങ്കുത്തായ വനപ്രദേശത്തോട് ചേർന്ന് താമസിക്കുന്നവർക്ക് മഴക്കാലത്ത് ഉരുൾപൊട്ടൽ ജാഗ്രതാ മുന്നറിയിപ്പ് നല്കുകയും അടിയന്തര സാഹചര്യങ്ങളിൽ അവരെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

**വനാതിർത്തികളിൽ താമസിക്കുന്നവർക്കെതിരെയുള്ള കേസുകൾ**

119 (6057) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യകൾ വനം വകുപ്പ് ഉപയോഗപ്പെടുത്തുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിന് വനം വകുപ്പ് നിലവിൽ താഴെ പറയുന്ന സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തിവരുന്നുണ്ട്:-

വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായി HAWK ( Hostile Activity watching Kernel) എന്ന ഒരു ഓൺലൈൻ മൊഡ്യൂൾ വികസിപ്പിച്ചു വരുന്നു. ഈ സംവിധാനത്തിൽ പൊതുജനങ്ങളുടെ കൂടി സഹകരണത്തോടെ വനം കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും കുറ്റകൃത്യങ്ങൾ,

സ്ഥിരം കുറ്റവാളികൾ എന്നിവയെ സംബന്ധിച്ച ഡാറ്റാബേസും ലഭ്യമാകുന്നതാണ്. സർപ്പ എന്ന പേരിൽ ഒരു ആൻഡ്രോയ്ഡ് മൊബൈൽ ആപ്പ് നിലവിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ സൗകര്യം മുഖേന പൊതുജനങ്ങൾക്ക് പാമ്പുകളെ കണ്ടാൽ ആ വിവരം ടി മൊബൈൽ ആപ്പിലൂടെ റിപ്പോർട്ട് ചെയ്യാവുന്നതാണ്. കൂടാതെ, ഓരോ സ്ഥലത്തേയും ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ വിവരങ്ങളും ലഭ്യമാകുന്നതാണ്. പാമ്പിന്റെ ശല്യമുള്ള പ്രദേശത്ത് പാമ്പ് പിടിക്കുന്നതിന് പരിശീലനം ലഭിച്ച ആളുകളുടെ വിവരങ്ങളും ഈ ആപ്പ് മുഖേന പൊതുജനങ്ങൾക്ക് ലഭിക്കുന്നതാണ്. വനം വകുപ്പ് ഐ.ടി. മിഷന്റെ സഹായത്തോടെ ലഭ്യമാക്കിയിട്ടുള്ള ജിയോപോർട്ടൽ എന്ന സംവിധാനം Geographic information system ഉപയോഗപ്പെടുത്തി വനം വകുപ്പ് തയ്യാറാക്കിയിട്ടുള്ള ഭൂപടങ്ങൾ വനസംരക്ഷണത്തിനായി വനം സംരക്ഷണവിഭാഗം ജീവനക്കാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. കാട്ടുതീ പ്രതിരോധത്തിനും കഞ്ചാവ് കൃഷി, വനം കയ്യേറ്റങ്ങൾ എന്നിവ യഥാസമയം കണ്ടെത്തുന്നതിനും ഡ്രോൺ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷമുള്ള പ്രദേശങ്ങളിലും ഡ്രോൺ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നുണ്ട്. കാട്ടുതീ യഥാസമയം കണ്ടെത്തുന്നതിനും പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും ഉപഗ്രഹ സഹായത്തോടെ പ്രവർത്തിക്കുന്ന ഫോറസ്റ്റ് ഫയർ അലർട്ട് സിസ്റ്റം ഫോറസ്റ്റ് സർവ്വേ ഓഫ് ഇൻഡ്യ വികസിപ്പിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതാണ്. ഈ സംവിധാനം കേരള വനംവകുപ്പും ഫലപ്രദമായി ഉപയോഗിച്ചുവരുന്നുണ്ട്. വന പരിശോധനയ്ക്ക് പോകുന്ന ജീവനക്കാർക്ക് ഫീൽഡ് വിവരങ്ങൾ ലഭിക്കുന്നതിന് M STrIPES എന്ന സോഫ്റ്റ്‌വെയർ ഡൗൺലോഡ് ചെയ്ത് ഉപയോഗിച്ചുവരുന്നു. പ്രസ്തുത സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തിവരുന്നുണ്ട്. കോമ്പൻസേറ്ററി അഫോർസ്റ്റേഷൻ പ്രവർത്തനങ്ങൾ, പ്ലാന്റേഷൻ പ്രവർത്തനങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തുന്നതിനും ഇ-ഗ്രീൻ വാച്ച് പോർട്ടൽ മുഖേന സൗകര്യം ഒരുക്കിയിട്ടുണ്ട്. ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980 പ്രകാരം വനഭൂമി വനേതര ആവശ്യങ്ങൾക്ക് ലഭ്യമാക്കുന്നതിന് Parivesh എന്ന ഓൺലൈൻ സൗകര്യം ഒരുക്കിയിട്ടുണ്ട്.

(ബി) വനാതിർത്തികളിൽ താമസിക്കുന്നവർ വനഭൂമി കയ്യേറി എന്നതിന്റെ പേരിൽ വനം വകുപ്പ് പീഡിപ്പിക്കുന്നതും അവർക്കെതിരെ വ്യാജമായി കേസ് എടുക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം എടുത്തിട്ടുള്ള കേസുകൾ പരിശോധിച്ച് വ്യാജകേസ്സുകൾ ഒഴിവാക്കുവാൻ നിയമാനുസൃത നടപടി സ്വീകരിക്കുമോ?

വനാതിർത്തികളിൽ താമസിക്കുന്നവരെ വനഭൂമി കയ്യേറി എന്നതിന്റെ പേരിൽ വനം വകുപ്പ് പീഡിപ്പിക്കുന്നതും വ്യാജകേസ്സുകൾ എടുക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, വനം കയ്യേറ്റം നടത്തിയവർ തങ്ങൾക്കെതിരെ നടപടികൾ ഉണ്ടാകുമ്പോൾ വനം വകുപ്പിനെതിരെ ഇത്തരം വ്യാജവാർത്തകൾ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത വനം കയ്യേറ്റങ്ങൾ യഥാസമയം ഒഴിപ്പിക്കുകയും കയ്യേറ്റക്കാർക്കെതിരെ നിയമാനുസൃത നടപടികൾ യഥാസമയം സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

**പന്തപ്ര ആദിവാസി കോളനിയിലെ പാഴ്മരങ്ങൾ മുറിച്ചുമാറ്റുന്ന നടപടി**

120 (6058) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിൽ പന്തപ്ര ആദിവാസി കോളനിയിലെ 67 കുടുംബങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന പാഴ്മരങ്ങൾ മുറിച്ചുമാറ്റുന്ന നടപടിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പാഴ്മരങ്ങൾ മുറിച്ചുമാറ്റുന്ന നടപടിയുടെ ഭാഗമായി പ്രസ്തുത പ്രദേശത്തെ തൊള്ളായിരത്തോളം പാഴ്മരങ്ങളാണ് ഫോറസ്റ്റ് ഉദ്യോഗസ്ഥർ തിട്ടപ്പെടുത്തി അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിട്ടുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) പ്രസ്ത്ഥുത പാഴ്മരങ്ങൾ അവിടെനിന്നും മുറിച്ചുമാറ്റുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) കുട്ടമ്പുഴ റെയ്ഞ്ചിലെ ആദിവാസി പുനരധിവാസ വനമേഖലയായ പന്തപ്ര ആദിവാസി കോളനിയിൽ ഭവന നിർമ്മാണം നടത്തുന്ന സ്ഥലത്ത് വീടിന് ഭീഷണിയായി നിൽക്കുന്ന മൃദുമരങ്ങൾ നിൽപ്പ് അവസ്ഥയിൽത്തന്നെ ലേലം നടത്തി വിൽക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 1977, 1978, 1981 ബിറ്റ് 1 & 2, 1982 തേക്ക് -ഇലവ് പ്ലാന്റേഷനുകളിലാണ് ഈ പ്രദേശം. നിലവിലെ വർക്കിംഗ് പ്ലാൻ പ്രിസ്ക്രിപ്ഷൻ പ്രകാരം ഇവിടെയുള്ള ആവശ്യമായ മരങ്ങൾ സിൽവികൾച്ചറൽ തിന്നിംഗ് വഴി മുറിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

## സംസ്ഥാന വന്യജീവി ബോർഡ്

121 (6059) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വന്യജീവി ബോർഡ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

സ.ഉ.(പി) നമ്പർ 12/2016/വനം തീയതി 26-10-2016 പ്രകാരം 26-10-2016-ലാണ് സംസ്ഥാന വന്യജീവി ബോർഡ് അവസാനമായി രൂപീകരിച്ചത്. ഇതിന്റെ കാലാവധി 25-10-2019-ൽ അവസാനിച്ചു.

(ബി) ബോർഡിന്റെ ഘടനയും ഇത് സംഘടിപ്പിക്കുന്ന രീതിയും എങ്ങനെയാണെന്ന് വ്യക്തമാക്കാമോ;

(സി) ബോർഡിന്റെ ചെയർമാനും മറ്റ് അംഗങ്ങളും ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(ബി&സി) കേരള വന്യജീവി (സംരക്ഷണ) നിയമം 1972 സെക്ഷൻ (6) പ്രകാരമാണ് സംസ്ഥാന വന്യജീവി ബോർഡ് രൂപീകരിക്കുന്നത്. വന്യജീവി (സംരക്ഷണ) നിയമം 1972 സെക്ഷൻ 6 (1) പ്രകാരം ഇതിന്റെ ഘടന താഴെപ്പറയും പ്രകാരമാണ്.

മുഖ്യമന്ത്രി - ചെയർപേഴ്സൺ

വനം വകുപ്പുമന്ത്രി - വൈസ് ചെയർ പേഴ്സൺ

ഇത് കൂടാതെ ഔദ്യോഗിക അംഗങ്ങൾക്കുപുറമെ സംസ്ഥാന വന്യജീവി ബോർഡിലേയ്ക്ക് താഴെപ്പറയുന്ന അംഗങ്ങളെ സംസ്ഥാന സർക്കാർ നോമിനേറ്റ് ചെയ്യേണ്ടതുണ്ട്.

1. സംസ്ഥാന നിയമസഭയിലെ മൂന്ന് അംഗങ്ങൾ.
2. വന്യജീവി വിഷയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്ന സർക്കാർ ഇതര സംഘടനകളുടെ (എൻ.ജി.ഒ) മൂന്ന് പ്രതിനിധികൾ.
3. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രണ്ട് അംഗങ്ങൾ.
4. പ്രശസ്തരായ കൺസർവേഷണിസ്റ്റ്, ഇക്കോളജിസ്റ്റ്, എൻവയോൺമെന്റലിസ്റ്റ് എന്നിവരിൽനിന്ന് പത്ത് അംഗങ്ങൾ.

ഔദ്യോഗിക അംഗങ്ങൾ

1. ഗവൺമെന്റ് സെക്രട്ടറി (വന്യജീവി വിഭാഗം) - മെമ്പർ

2. വനംവകുപ്പ് മേധാവി - മെമ്പർ

3. ഗവൺമെന്റ് സെക്രട്ടറി (പട്ടികജാതി പട്ടികവർഗ്ഗ വികസനം) - മെമ്പർ

4. ഡയറക്ടർ -മൃഗസംരക്ഷണ വകുപ്പ് - മെമ്പർ

5. ഡയറക്ടർ - മത്സ്യ വകുപ്പ് - മെമ്പർ

6. വൈൽഡ് പ്രിസർവേഷൻ ഡയറക്ടർ നിർദ്ദേശിക്കുന്ന ഒരു പ്രതിനിധി - മെമ്പർ.

7. വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, ഡെറാഡൂണിലെ ഒരു പ്രതിനിധി

8. സുവോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഒരു പ്രതിനിധി.

9. ബൊട്ടാണിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഒരു പ്രതിനിധി.

10. ചീഫ് വൈൽഡ് ലൈഫ് വാർഡൻ - സംസ്ഥാന വന്യജീവി ബോർഡിന്റെ മെമ്പർ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. കേരള വൈൽഡ് ലൈഫ് (പ്രൊട്ടക്ഷൻ) റൂൾസ് 1978 ചട്ടം (3) പ്രകാരം സംസ്ഥാന വന്യജീവി ബോർഡിന്റെ കാലാവധി രൂപീകരണം മുതൽ മൂന്ന് വർഷമാണ്.

(ഡി) ബോർഡിന്റെ പ്രവർത്തനലക്ഷ്യവും ഉദ്ദേശ്യവും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന വന്യജീവി ബോർഡ് താഴെപ്പറയുന്ന കാര്യങ്ങളിൽ സംസ്ഥാന സർക്കാരിന് ഉപദേശങ്ങൾ നൽകേണ്ടതാണ്.

1. ഒരു പ്രത്യേക വനപ്രദേശം സംരക്ഷിത വനമായി പ്രഖ്യാപിക്കുന്നതിലേയ്ക്കായി സംസ്ഥാന വന്യജീവി ബോർഡിന് ഉപദേശം നൽകാവുന്നതാണ്.

2. ഒരു പ്രത്യേക വന്യജീവിയുടെയോ സസ്യങ്ങളുടെയോ പരിപാലനവും സംരക്ഷണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വന്യജീവി ബോർഡിന് ഉപദേശം നൽകാവുന്നതാണ്.

3. വന്യജീവികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് വന്യജീവി ബോർഡിൽനിന്നും നേരിട്ട് ഉപദേശങ്ങൾ

സ്വീകരിക്കാവുന്നതാണ്. വന്യജീവി ബോർഡ് വർഷത്തിൽ രണ്ട് പ്രാവശ്യം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടേണ്ടതാണ്. പ്രാധാന്യമുള്ള വിഷയങ്ങൾ സംസ്ഥാന വന്യജീവി ബോർഡിന്റെ പരിഗണനയിൽ ഉൾപ്പെടുത്തി ചർച്ച ചെയ്ത് ആവശ്യമെങ്കിൽ പ്രസ്തുത വിഷയങ്ങൾ ബഹുമാനപ്പെട്ട പ്രധാനമന്ത്രി അദ്ധ്യക്ഷനായ നാഷണൽ വൈൽഡ് ലൈഫ് ബോർഡിന് അംഗീകാരത്തിനായി സമർപ്പിക്കാവുന്നതാണ്.

(ഇ) വർഷത്തിൽ എത്ര പ്രാവശ്യം ബോർഡിന്റെ യോഗങ്ങൾ ചേരാറുണ്ടെന്നും അവസാനം ചേർന്ന യോഗം എപ്പോഴായിരുന്നുവെന്നും വ്യക്തമാക്കാമോ; ബോർഡിന്റെ കാലാവധി എത്രയാണെന്നും നിലവിലുള്ള ബോർഡ് പുനഃസംഘടിപ്പിക്കേണ്ടത് എപ്പോഴാണെന്നും വ്യക്തമാക്കാമോ?

സംസ്ഥാന വന്യജീവി ബോർഡിന്റെ യോഗങ്ങൾ വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും കൂടണം എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. സംസ്ഥാന വന്യജീവി ബോർഡിന്റെ അവസാന യോഗം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 23-1-2020-ലാണ് കൂടിയത്. കേരള വന്യജീവി (സംരക്ഷണ) നിയമം 1978-ലെ ചട്ടം (3) പ്രകാരം വന്യജീവി ബോർഡിന്റെ കാലാവധി മൂന്ന് വർഷമാണ്. നിലവിലെ ബോർഡിന്റെ കാലാവധി 25-10-2019-ൽ അവസാനിച്ചിരുന്നു. സംസ്ഥാന വന്യജീവി ബോർഡ് ഉടൻ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സോളാർ വേലി കെട്ടുന്നതിന് സാമ്പത്തിക സഹായം**

122 (6060) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും കൃഷിയിടങ്ങൾ സംരക്ഷിക്കുവാൻ സോളാർ വേലി കെട്ടുന്നതിന് കർഷകർക്ക് ധനസഹായം നൽകാറുണ്ടോ; എങ്കിൽ വിശദമാക്കാമോ?

വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും കൃഷിയിടങ്ങൾ സംരക്ഷിക്കുവാൻ സോളാർ വേലി കെട്ടുന്നതിന് കർഷകർക്ക് വനം വകുപ്പിൽ നിന്നും ധനസഹായം നൽകാറില്ല.

(ബി) ഇല്ലെങ്കിൽ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

വനം വകുപ്പിൽനിന്ന് ധനസഹായം ലഭ്യമാക്കുവാൻ നിലവിൽ നിർവ്വാഹമില്ല.

(സി) 2020 ജനുവരി മുതൽ ഇതുവരെ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മലപ്പുറം ജില്ലയിൽ എത്ര രൂപയുടെ കൃഷിനാശമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2020 ജനുവരി മുതൽ ഇതുവരെ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മലപ്പുറം ജില്ലയിലെ നിലമ്പൂർ സൗത്ത് ഡിവിഷനിൽ 15,85,730 രൂപയുടെയും നിലമ്പൂർ നോർത്ത് ഡിവിഷനിൽ 33,26,228 രൂപയുടെയും കൃഷിനാശമുണ്ടായിട്ടുണ്ട്.

(ഡി) പ്രസ്തുത കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

2020 ജനുവരി മുതൽ ഇതുവരെ നിലമ്പൂർ സൗത്ത് ഡിവിഷനിൽ 13,45,828 രൂപയും നിലമ്പൂർ നോർത്ത് ഡിവിഷനിൽ 33,26,228 രൂപയും നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

**വന്യജീവികളുടെ കണക്കെടുപ്പ്**

123(6061) ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവികളുടെ കണക്കെടുപ്പ് നടത്തുന്നതിനുവേണ്ടി സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

വനമേഖലയെ ബ്ലോക്കുകളായി തിരിച്ച്, അതിലൂടെ സഞ്ചരിച്ച് നേരിട്ട് കാണുന്ന മൃഗങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുന്ന ബ്ലോക്ക് കൗണ്ട് (Block count - direct method), ഓരോ ബ്ലോക്കിലും നിശ്ചയിക്കുന്ന നിർദ്ദിഷ്ട നേർരേഖയിലൂടെ സഞ്ചരിച്ച് നേരിട്ട് കാണുന്ന മൃഗങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുന്ന Block count line transect - direct sighting, വനമേഖലയെ ചെറിയ ഗ്രിഡുകളായി തിരിച്ച് അവയിൽ സ്ഥാപിക്കുന്ന ക്യാമറകൾ ഉപയോഗിച്ച് ചിത്രം എടുക്കുന്ന Camera Trapping Method, ആനക്കൂട്ടങ്ങളുടെ പ്രായം, ആൺ-പെൺ ഇനം എന്നിവ അറിയുന്നതിനായി ജലസ്രോതസ്സുകൾ കേന്ദ്രീകരിച്ച് നടത്തുന്ന Water hole Count method എന്നിവ പ്രത്യക്ഷ രീതിയിലുള്ള കണക്കെടുപ്പുകളാണ്. ട്രാൻസെക്ടുകളിൽ കൂടി സഞ്ചരിക്കുമ്പോൾ മൃഗങ്ങളുടെ കാഷ്ഠം കാണുന്നതനുസരിച്ച് അവയുടെ ഇനം, എണ്ണം എന്നിവ തിട്ടപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന Dung Count Method എന്നത് പരോക്ഷമായ രീതിയിലുള്ള കണക്കെടുപ്പുകളാണ്. ആനയുടെ കണക്കെടുപ്പിന് Block Count Direct sighting, Line transect dung count, Water hole Count, Dung decay rate എന്നീ രീതികൾ അവലംബിക്കാറുണ്ട്. കടുവകളുടെ എണ്ണം കണക്കാക്കുന്നത് Camera Trapping രീതി അവലംബിച്ചാണ്.

കാട്ടുപോത്ത്, മാൻ, കാട്ടുപന്നി, കുരങ്ങ് വർഗ്ഗജീവികൾ എന്നിവയുടെ എണ്ണം കണക്കാക്കുന്നതിന് Block Count direct sighting, Line transect direct sighting എന്നീ രീതികളാണ് സാധാരണ സ്വീകരിക്കാറുള്ളത്.

(ബി) വന്യജീവികളുടെ കണക്കെടുപ്പ് കുറ്റമറ്റതാക്കുന്നതിനുവേണ്ടി ഉപഗ്രഹ നിരീക്ഷണ സംവിധാനം ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; ഈ സംവിധാനം ഉപയോഗിച്ച് വന്യമൃഗങ്ങൾക്കുള്ള കുടിവെള്ള ലഭ്യതയും ഭക്ഷ്യലഭ്യതയും സംബന്ധിച്ച വിവരങ്ങൾ കണ്ടെത്തുന്നതിന് കഴിയുന്നുണ്ടോ; വിശദീകരിക്കുമോ?

വന്യജീവികളുടെ കണക്കെടുപ്പ് കുറ്റമറ്റതാക്കുന്നതിനുവേണ്ടി ഉപഗ്രഹ നിരീക്ഷണ സംവിധാനം നിലവിൽ ഉപയോഗിക്കുന്നില്ല. ഉപഗ്രഹ നിരീക്ഷണ സംവിധാനം ഉപയോഗിച്ച് വന്യമൃഗങ്ങൾക്കുള്ള കുടിവെള്ള ലഭ്യതയും ഭക്ഷ്യലഭ്യതയും സംബന്ധിച്ച വിവരങ്ങൾ കണ്ടെത്തുന്നതിന് നിലവിൽ സംവിധാനമില്ല.

(സി) വന്യജീവികളുടെ അസന്തുലിതമായ വർദ്ധനവ് മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിക്കുന്നതിന് ഇടയാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

വന്യജീവികളുടെ അസന്തുലിതമായ വർദ്ധനവ് മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിക്കുന്നതിന് ഇടയാക്കിയിട്ടുണ്ടെന്ന് പറയുവാൻ കഴിയില്ല. ചുവടെ ചേർക്കുന്ന വന്യജീവികളുടെ കണക്കുകൾ പ്രകാരം വന്യജീവികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടില്ല.

1. കടുവ

| സെൻസസ് വർഷം | 2006 | 2010 | 2014 | 2018 |
|---|---|---|---|---|
| എണ്ണം | 46 | 71 | 136 | 190 |

2. കാട്ടാന

| സെൻസസ് വർഷം | 2005 | 2007 | 2010 | 2012 | 2017 |
|---|---|---|---|---|---|
| എണ്ണം | 5135 | 6068 | 6026 | 6177 | 5706 |

**3. വരയാട്**

| സെൻസസ് വർഷം | 2016 | 2017 | 2018 | 2019 | 2020 |
|---|---|---|---|---|---|
| എണ്ണം | 1420 | 575 | 643 | 526 | 723 |

4. മറ്റ് സസ്തനികൾ

| ജീവിവർഗ്ഗം | വർഷം | | |
|---|---|---|---|
| | 1997 | 2002 | 2011 |
| കാട്ടുപോത്ത് | 4151 | 14787 | 17860 |
| മ്ലാവ് | 23661 | 30414 | 32148 |
| പുള്ളിമാൻ | 14881 | 38391 | 11398 |
| കാട്ടുപന്നി | 40425 | 60940 | 48034 |

(ഡി) വന്യമൃഗങ്ങൾക്ക് ഭക്ഷ്യലഭ്യതയും കുടിവെള്ള ലഭ്യതയും ഉറപ്പുവരുത്തുന്ന തരത്തിലുള്ള ആവാസ വ്യവസ്ഥ നിലനിർത്തേണ്ടതിന്റെ ആവശ്യകത പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസ വ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ, ചെക്കുഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

**കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ക്രാഷ് ഗാർഡ് ഫെൻസിംഗ് നിർമ്മിക്കുന്ന പ്രവൃത്തി**

124 (6062) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ദാസനക്കര മുതൽ പാതിരിയമ്പം വരെ ക്രാഷ് ഗാർഡ് ഫെൻസിംഗ് നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

കൽപ്പറ്റ നിയോജകമണ്ഡലത്തിൽ സൗത്ത് വയനാട് ഡിവിഷനുകീഴിൽ ദാസനക്കര മുതൽ പാതിരിയമ്പം വരെ ക്രാഷ് ഗാർഡ് ഫെൻസിംഗ് നിർമ്മിക്കുന്ന പ്രവൃത്തിയുടെ അടങ്കൽ അംഗീകരിക്കുകയും കരാറിൽ ഏർപ്പെട്ട് പ്രാരംഭ പ്രവൃത്തികളുടെ ഭാഗമായി എർത്ത് വർക്കുകളും ലെവലിംഗും അടിക്കാട് വെട്ട് പ്രവൃത്തികളും നടത്തിയിട്ടുണ്ട്.

(ബി) പദ്ധതി ആരംഭിച്ചതിനുശേഷം എസ്റ്റിമേറ്റിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങളും നിലവിൽ വരുത്തിയിരിക്കുന്ന മാറ്റങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

(ബി&സി) പ്രസ്തുത പദ്ധതിയിൽ മേൽപ്പറഞ്ഞ പ്രകാരമുള്ള പ്രവൃത്തികൾ നടത്തിയശേഷം തുടർപ്രവൃത്തികൾ ആരംഭിക്കുന്നതിനുമുമ്പായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി പ്രസ്തുത സ്ഥലവും രൂപരേഖയും പരിശോധന നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ ടി സ്ഥലത്ത് ജലാംശം കൂടുതലായി കാണപ്പെടുന്നതിനാൽ തുടർപ്രവൃത്തികൾ ഭൂപ്രകൃതിക്ക് അനുയോജ്യമായിരിക്കില്ലെന്ന് വിലയിരുത്തുകയും ചെയ്തിരുന്നു. തുടർന്ന് ഇക്കാര്യം NIT കോഴിക്കോടിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും അവർ സ്ഥലപരിശോധനയും മണ്ണ് പരിശോധനയും നടത്തുകയും കൂടാതെ ടി പ്രവൃത്തിയുടെ കൺസൾട്ടന്റ് ഏജൻസിയായ കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ സഹായവും ഇക്കാര്യത്തിൽ തേടിയിരുന്നു. ഈ രണ്ട് ഏജൻസികളും പ്രസ്തുത പ്രവൃത്തിക്കായി വിഭാവന ചെയ്ത രൂപരേഖ കാലാവസ്ഥാ വ്യതിയാനംമൂലം മാറി വരുന്ന മഴയുടെ സാഹചര്യം കണക്കിലെടുത്ത് മാറ്റം വരുത്തി കൂടുതൽ അനുയോജ്യമാക്കി ഡിസൈനിലും എസ്റ്റിമേറ്റിലും ആവശ്യമായ മാറ്റം വരുത്തേണ്ടതാണെന്ന് അഭിപ്രായപ്പെട്ടിരുന്നു. തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റും രൂപരേഖയും NIT കോഴിക്കോട് നൽകിയെങ്കിലും ആയത് പരിശോധിച്ചതിൽ മുൻ എസ്റ്റിമേറ്റ് തുകയെക്കാൾ നിലവിൽ ലഭിച്ചിരിക്കുന്ന എസ്റ്റിമേറ്റ് തുക ഇരട്ടിയോളം ആയതിനാൽ ചെലവ് ചുരുക്കി ഫലവത്തായ മറ്റൊരു ഡിസൈൻ നൽകണമെന്ന് കോഴിക്കോട് NIT-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്കുമാത്രമേ പ്രസ്തുത പ്രവൃത്തിയിലുണ്ടാകുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന കാര്യത്തിൽ വ്യക്തത വരികയുള്ളൂ.

## നെയ്യാർ വന്യജീവി സങ്കേതത്തിലെ വനം-വന്യജീവി വകുപ്പിന്റെ പദ്ധതികൾ

125 (6063) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ വന്യജീവി സങ്കേതത്തിൽ 2016-21 കാലയളവിൽ വനം വന്യജീവി വകുപ്പിന്റെ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

നെയ്യാർ വന്യജീവി സങ്കേതത്തിൽ 2016-21 കാലയളവിൽ മണ്ണ് ജല സംരക്ഷണ പദ്ധതി (ഗള്ളി പ്ലഗ്ഗിംഗ്), ബോട്ട് ജെട്ടിയിലെ നടപ്പാല നിർമ്മാണം,

വന്യമൃഗങ്ങൾക്കുവേണ്ടിയുള്ള കുളങ്ങളുടെ നിർമ്മാണം, ട്രക്ക്പാത്ത് നിർമ്മാണം, കയ്യാല നിർമ്മാണം, ആദിവാസികൾക്കായുള്ള ശുചിമുറികളുടെ നിർമ്മാണം, ആദിവാസികൾക്കായുള്ള കുടിവെള്ള പദ്ധതി, സ്റ്റാഫുകൾക്കായുള്ള ക്വാർട്ടേഴ്സ് നിർമ്മാണം, സോളാർ ഫെൻസിംഗ്, കുടയുടെ മോഡൽ വിശ്രമകേന്ദ്രം, ആദിവാസികൾക്കായുള്ള കിണർ നിർമ്മാണം മുതലായ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച തുക, കരാർ വിവരങ്ങൾ, പദ്ധതികളുടെ തൽസ്ഥിതി എന്നിവ അറിയിക്കാമോ?

പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച തുക, കരാർ വിവരങ്ങൾ, പദ്ധതികളുടെ തൽസ്ഥിതി എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കർഷകർക്ക് നൽകുന്ന നഷ്ടപരിഹാര തുകയുടെ മാനദണ്ഡങ്ങൾ പരിഷ്കരിക്കൽ

126 (6064) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യജീവികൾ മൂലമുള്ള കൃഷിനാശത്തിന് കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് 8-1-2015-ലെ സ.ഉ.(കൈ)നമ്പർ 2/2015/വനം, 5-4-2018-ലെ സ.ഉ.(കൈ) നമ്പർ 17/2018/വനം എന്നീ ഉത്തരവുകൾ പ്രകാരമാണ് നഷ്ടപരിഹാരം നൽകി വരുന്നത്. മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## മനുഷ്യ വന്യജീവി സംഘർഷം കുറയ്ക്കുവാൻ നടപടി

127 (6065) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഡ്രോണുകളുടെ സഹായത്തോടെ വന്യജീവി സങ്കേതങ്ങൾ ഒഴികെയുള്ള ടെറിറ്റോറിയൽ മേഖലയിലുള്ള മനുഷ്യ വന്യജീവി സംഘർഷം കുറയ്ക്കുവാനും ആനകളെ തുരത്തുവാനും വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡ്രോണുകളുടെ സഹായത്തോടെ വന്യജീവി സങ്കേതങ്ങൾ ഒഴികെയുള്ള ടെറിറ്റോറിയൽ മേഖലയിലുള്ള മനുഷ്യ വന്യജീവി സംഘർഷം കുറയ്ക്കുവാനും ആനകളെ തുരത്തുവാനും വേണ്ട നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഉത്തരമേഖല വനം സർക്കിളിന്റെ പരിധിയിൽ രണ്ട് ഡ്രോണുകൾ ഉപയോഗിച്ചു വരുന്നുണ്ട്. ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന ആനകളെയും മറ്റ് വന്യജീവികളെയും നിരീക്ഷിക്കുന്നതിനും അവയെ തിരികെ വനത്തിലേയ്ക്ക് തുരത്തുന്നതിനുമാണ് ഡ്രോണുകൾ ഉപയോഗിക്കുന്നത്. മറ്റുള്ള സർക്കിളുകളിലും ഈ സംവിധാനം വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം**

128 (6066) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്കും മരണമടയുന്നവർക്കും വനം വകുപ്പ് നൽകുന്ന നഷ്ടപരിഹാരം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

5-4-2018-ലെ സ.ഉ. (കൈ) 17/2018/വനം നമ്പർ ഉത്തരവ് പ്രകാരമാണ് വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്കും മരണമടയുന്നവർക്കും നഷ്ടപരിഹാരം നൽകിവരുന്നത്. വന്യജീവി ആക്രമണംമൂലം മരണമടയുന്ന വ്യക്തികളുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ ആശ്രിതർക്ക് 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിക്കുന്നു. വന്യമൃഗങ്ങളുടെ ആക്രമണംമൂലം പരിക്കേൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപവരെയും സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും മേൽ സർക്കാർ ഉത്തരവുപ്രകാരം അനുവദിച്ചുവരുന്നു. ചികിത്സാ ചെലവ് അനുവദിക്കുന്നത് അപേക്ഷകന് ചികിത്സാർത്ഥം ചെലവായ തുക സംബന്ധിച്ച് കേരള സർക്കാർ സർവ്വീസിലെ സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ്. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ചികിത്സാർത്ഥം ചെലവാകുന്ന മുഴുവൻ തുകയും നൽകുന്നതാണ്. പരിക്ക് സംഭവിക്കുന്ന കേസ്സുകളിൽ അപകടം നടന്ന് 6 മാസത്തിനകം അപേക്ഷകൻ നഷ്ടപരിഹാരത്തിനായി അപേക്ഷ തൊട്ടടുത്തുള്ള അക്ഷയകേന്ദ്രം വഴി ഇ-ഡിസ്ട്രിക്ട് മുഖേന ഓൺലൈൻ ആയി സമർപ്പിക്കേണ്ടതാണ്. മരണപ്പെടുന്ന വ്യക്തികളുടെ അനന്തരാവകാശികൾ മരണം നടന്ന് ഒരു വർഷത്തിനകം

നഷ്ടപരിഹാരം ലഭിക്കുന്നതിന് ആവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം ബന്ധപ്പെട്ട റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ/ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. റെയ്ഞ്ച് ഓഫീസർ/ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ശിപാർശ ലഭിച്ചാൽ 15 ദിവസത്തിനകം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/റെയ്ഞ്ച് ഓഫീസർ തുടരന്വേഷണം നടത്തുകയും ആവശ്യമായ ഉത്തരവ് 15 ദിവസത്തിനകം പുറപ്പെടുവിക്കേണ്ടതുമാണ്. റെയ്ഞ്ച് ഓഫീസറുടെ ശിപാർശ ലഭിച്ച ശേഷം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/റെയ്ഞ്ച് ഓഫീസർ ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ പക്കൽ നിന്നും ബന്ധുത്വം സംബന്ധിച്ച സർട്ടിഫിക്കറ്റ് ലഭ്യമാകുന്നമുറയ്ക്ക് നഷ്ടപരിഹാരത്തിന്റെ ആകെ തുകയുടെ 50% മരണപ്പെട്ടയാളുടെ നിയമപരമായ അവകാശികൾക്ക് നൽകിവരുന്നു. ബാക്കി തുക അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന തീയതി മുതൽ 7 ദിവസത്തിനകം നൽകുന്നതാണ്. വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്ന വ്യക്തികൾക്ക്, വന്യജീവി (സംരക്ഷണം) നിയമം 1972, കേരള വനം നിയമം എന്നിവ പ്രകാരമുള്ള കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെടുകയോ ഉൾപ്പെടുകയോ ചെയ്താൽ നഷ്ടപരിഹാരത്തിന് അർഹതയില്ല. സ്ഥിരം കുറ്റവാളികൾ അല്ലാത്ത വനം കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികൾ വനം കുറ്റകൃത്യത്തിനിടയിൽ അല്ലാതെ വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടാൽ ആയത് ബന്ധപ്പെട്ട സർക്കിളിലെ ഉദ്യോഗസ്ഥർ പരിശോധിച്ച് അർഹതയുള്ള കേസ്സിൽ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

(ബി) വന്യജീവി ആക്രമണത്തിൽ വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ടാൽ നഷ്ടപരിഹാരം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും നഷ്ടപരിഹാര തുക എത്രയാണെന്നും വെളിപ്പെടുത്താമോ?

5-4-2018-ലെ സ.ഉ. (കൈ) നമ്പർ 17/2018/വനം ഉത്തരവ് പ്രകാരം വന്യജീവി ആക്രമണത്തിൽ വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ടാൽ കണക്കാക്കപ്പെടുന്ന തുകയുടെ 100%, പരമാവധി 1 ലക്ഷം രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും നഷ്ടപരിഹാരമായി നൽകിവരുന്നു.

(സി) നഷ്ടപരിഹാര തുക കാലോചിതമായി പരിഷ്കരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്ഥായിയായ അംഗഭംഗം, കൃഷി, കന്നുകാലി എന്നിവയ്ക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നിലവിൽ 5-4-2018-ലെ സ.ഉ. (കൈ) നമ്പർ 17/2018/വനം നമ്പർ ഉത്തരവ് പ്രകാരമാണ് നഷ്ടപരിഹാരം നൽകിവരുന്നത്. നഷ്ടപരിഹാരത്തുക പരിഷ്കരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

## വയനാട് ജില്ലയിലെ വന്യജീവി ആക്രമണം

129 (6067) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് വ്യാപകമായ സാഹചര്യത്തിൽ കർഷകർക്ക് ഓരോ കൃഷി ഇനത്തിലും ലഭിക്കുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചുനൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

നിലവിൽ വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് 8-1-2015-ലെ സ.ഉ. (കൈ) നമ്പർ 2/2015/വനം, 5-4-2018-ലെ സ.ഉ. (കൈ) നമ്പർ 17/2018/വനം എന്നീ ഉത്തരവുകൾ പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. ഇപ്രകാരം നൽകിവരുന്ന നഷ്ടപരിഹാരം, കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100% പരമാവധി 1 ലക്ഷം രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള നഷ്ടപരിഹാരം വർഷത്തിൽ 4 പ്രാവശ്യം മാത്രമേ അനുവദിക്കാവൂ. കൃഷിനാശമുണ്ടായാൽ അപേക്ഷകൻ നഷ്ടപരിഹാരത്തിനായി 6 മാസത്തിനകം അപേക്ഷ തൊട്ടടുത്തുള്ള അക്ഷയകേന്ദ്രം വഴി ഇ-ഡിസ്ട്രിക്ട് മുഖേന ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. നഷ്ടപരിഹാരത്തുക കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള സാദ്ധ്യത സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത ജില്ലയിൽ വന്യ മൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വയനാട് സൗത്ത് ഡിവിഷനിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിനായി സൗരോർജ്ജ കമ്പിവേലികൾ, പ്രതിരോധ കിടങ്ങ്, പ്രതിരോധ മതിൽ, സ്റ്റോൺ പീച്ചഡ് ട്രഞ്ച് എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ജനവാസ മേഖലയിൽ ഇറങ്ങുന്ന വന്യമൃഗങ്ങളെ തുരത്തി ഓടിക്കുന്നതിനായി വാച്ചർമാരെ നിയോഗിക്കുകയും വനത്തിനോട് ചേർന്ന കോളനികളിലും മറ്റും സൗരോർജ്ജ തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം കുറയ്ക്കുന്നതിന് വന്യമൃഗ സംഘർഷ മേഖലകളിൽ നിരന്തര പട്രോളിംഗും കൂടുതൽ ആധുനിക സുരക്ഷ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. നോർത്ത് വയനാട് ഡിവിഷനുകീഴിൽ 221.729 കി.മീ. സൗരോർജ്ജവേലിയും 64.366 കി.മീ. കിടങ്ങുകളും 2.87 കി.മീ. കടൽഭിത്തികളും നിലവിലുണ്ട്. പാൽവെളിച്ചം മുതൽ കൂടൽക്കടവ് വരെ 6 കി.മീ. ക്രാഷ്ഗാർഡ് റോപ്പ് വേ ഫെൻസിംഗിന്റെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

വന്യമൃഗശല്യം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ഈ ഡിവിഷനുകീഴിൽ 7 ജനജാഗ്രതാ സമിതികൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ വന്യമൃഗശല്യം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളിൽ തദ്ദേശീയരായ വാച്ചർമാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. വയനാട് വൈൽഡ് ലൈഫ് ഡിവിഷനിലെ തോട്ടാമൂല ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കനാൽ മുതൽ പഴൂർ വരെ 605 കി.മീ. നീളത്തിലും കുറിച്ച്യാട് റെയ്ഞ്ചിൽ പണയമ്പം മുതൽ വെള്ളക്കെട്ട് വരെ 4.5 കി.മീ. നീളത്തിലും ക്രാഷ്ഗാർഡ് സ്റ്റീൽ റോപ്പ് ഫെൻസിംഗ് നിർമ്മിക്കുന്നതിനായി KIIFB Phase-II-ൽപ്പെടുത്തി നിർമ്മിക്കുന്നതിന് 5.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. 410 മീറ്റർ നീളത്തിൽ കൽമതിൽ നിർമ്മിക്കുന്നതിനായി KIIFB Phase-I-ൽപ്പെടുത്തി അനുമതി നൽകുകയും 0.574 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ 190 മീറ്റർ കൽമതിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 220 മീറ്റർ കൽമതിൽ നിർമ്മാണത്തിനുള്ള പുനഃദർഘാസ് നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങുന്ന വന്യജീവികളുടെ പുനരധിവാസത്തിനും സംരക്ഷണത്തിനുമായി ഈ ഡിവിഷനിലെ കുറിച്ച്യാട്ട് റെയ്ഞ്ചിൽ Animal Hospice & Paliative Care Unit-ന്റെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. വന്യജീവി സംഘർഷം തടയുന്നതിനായി നിലവിലെ ആനപ്രതിരോധ മതിലിന്റെയും/കിടങ്ങുകളുടെയും അറ്റകുറ്റപ്പണികൾ പുരോഗമിച്ചുവരുന്നു. കൂടാതെ നാട്ടിലേയ്ക്ക് ഇറങ്ങുന്ന വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തുരത്തി ഓടിക്കുന്നതിന് എലിഫന്റ് സ്ക്വാഡിലെ പരിശീലനം നൽകിയ കുങ്കിയാനകളുടെ സേവനവും ഉപയോഗിച്ചുവരുന്നുണ്ട്.

## വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരം

130 (6068) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

5-4-2018-ലെ സ.ഉ.(കൈ) നമ്പർ 17/2018/വനം നമ്പർ ഉത്തരവ് പ്രകാരമാണ് വന്യമൃഗ ആക്രമണത്തിൽ പരിക്കേറ്റവർക്കും മരണമടയുന്നവർക്കും നഷ്ടപരിഹാരം നൽകിവരുന്നത്. വന്യമൃഗ ആക്രമണംമൂലം മരണമടയുന്ന വ്യക്തികളുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിക്കുന്നു. 17-12-2015-ലെ സ.ഉ(സാധാ) നമ്പർ 104/2015/വനം

ഉത്തരവുപ്രകാരം മരണപ്പെടുന്ന വ്യക്തികളുടെ അനന്തരാവകാശികൾ മരണം നടന്ന് ഒരു വർഷത്തിനകം നഷ്ടപരിഹാരം ലഭിക്കുന്നതിന് ആവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം ബന്ധപ്പെട്ട റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ/ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. മനുഷ്യ ജീവഹാനിയുണ്ടായാൽ റെയ്ഞ്ച് ഓഫീസറുടെ ശിപാർശ ലഭിച്ചാൽ 15 ദിവസത്തിനകം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/റെയ്ഞ്ച് ഓഫീസർ തുടരന്വേഷണം നടത്തുകയും ആവശ്യമായ ഉത്തരവ് 15 ദിവസത്തിനകം പുറപ്പെടുവിക്കേണ്ടതുമാണ്. ആയതിന് അന്വേഷണ ഉദ്യോഗസ്ഥൻ മേൽസർക്കാർ ഉത്തരവിലെ ചട്ടം 5 (എ) പരിഗണിക്കേണ്ടതാണ്. റെയ്ഞ്ച് ഓഫീസറുടെ ശിപാർശ ലഭിച്ചശേഷം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/റെയ്ഞ്ച് ഓഫീസർ ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ പക്കൽ നിന്നും ബന്ധുത്വം സംബന്ധിച്ച സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് നഷ്ടപരിഹാരത്തിന്റെ ആകെ തുകയുടെ 50% മരണപ്പെട്ടയാളുടെ നിയമപരമായ അവകാശികൾക്ക് നൽകിവരുന്നു. ബാക്കിത്തുക അനന്തരവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന തീയതി മുതൽ 7 ദിവസത്തിനകം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നൽകുന്നതാണ്. ചട്ടം 5 (എ) പ്രകാരം വന്യമൃഗ ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്ന വ്യക്തികൾ, വന്യജീവി (സംരക്ഷണം) നിയമം 1972, കേരള വനം നിയമം എന്നിവ പ്രകാരമുള്ള കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെടുകയോ ഉൾപ്പെടുകയോ ചെയ്താൽ നഷ്ടപരിഹാരത്തിന് അർഹതയില്ല. സ്ഥിരം കുറ്റവാളികൾ അല്ലാത്ത വനം കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികൾ വനം കുറ്റകൃത്യത്തിനിടയിൽ അല്ലാതെ വന്യമൃഗ ആക്രമണത്തിൽ മരണപ്പെട്ടാൽ ആയത് ബന്ധപ്പെട്ട സർക്കിളിലെ ഉദ്യോഗസ്ഥർ പരിശോധിച്ച് അർഹതയുള്ള കേസ്സിൽ നഷ്ടപരിഹാരം നൽകിവരുന്നു.

## മൃഗങ്ങളുടെ സെൻസസ്

131 (6069) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം മൃഗങ്ങളുടെ സെൻസസാണ് നടത്താറുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ആന, കടുവ, വരയാട് എന്നീ മൃഗങ്ങളുടെ കണക്കെടുപ്പാണ് ഇടവിട്ട വേളകളിൽ നടത്താറുള്ളത്. കടുവകളുടെ കണക്കെടുപ്പ് നടത്തുന്നതിന്റെ കൂടെ കടുവകളുടെ സഹഇരപിടിയൻമാരായ പുള്ളിപ്പുലി, കാട്ടുനായ, കരടി എന്നീ മൃഗങ്ങളുടെയും കടുവകളുടെ ഇരകളായ സസ്തനി ജീവികളായ കാട്ടുപോത്ത്, മ്ലാവ്, പുള്ളിമാൻ, കേഴമാൻ, കൂരമാൻ, കാട്ടുപന്നി മുതലായ മൃഗങ്ങളുടെയും കണക്കെടുപ്പ് നടത്താറുണ്ട്.

(ബി) സംസ്ഥാനത്ത് കടുവ സെൻസസ് അവസാനമായി നടന്നത് എന്നാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് കടുവ സെൻസസ് അവസാനമായി നടന്നത് 2018-ലാണ്. ഇപ്പോൾ സംസ്ഥാനത്ത് കടുവ സെൻസസ് നടന്നുകൊണ്ടിരിക്കുകയാണ്.

(സി) ഈ സെൻസസ് പ്രകാരം ഓരോ വന്യജീവി സങ്കേതങ്ങളിലും എത്ര കടുവകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 2018-ലെ All India Tiger Census പ്രകാരം ആകെ 190 കടുവകളെയാണ് കണ്ടെത്തിയിട്ടുള്ളത്. കണക്ക് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| പെരിയാർ കടുവാ സങ്കേതം | - | 26 |
| പറമ്പിക്കുളം കടുവാ സങ്കേതം | - | 27 |
| വയനാട് വന്യജീവി സങ്കേതം | - | 120 |
| സൈലന്റ്‌വാലി ദേശീയോദ്യാനം | - | 7 |
| മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷൻ | - | 7 |
| റാന്നി ഫോറസ്റ്റ് ഡിവിഷൻ | - | 1 |
| മറ്റു സ്ഥലങ്ങളിൽ | - | 2 |
| ആകെ | - | 190 |

**നദികളിലെ ജലനിരപ്പ്**

132 (6070) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നദികളിലെ ജലനിരപ്പ് അറിയുന്നതിനും മഴയുടെ തോത് അറിയുന്നതിനും പ്രളയ മുന്നറിയിപ്പ് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിലവിൽ വകുപ്പിനുകീഴിൽ സംവിധാനങ്ങളുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

നദികളിലെ ജലനിരപ്പ് സമയാസമയം പരിശോധിച്ച് പ്രളയ മുന്നറിയിപ്പ് നൽകുന്നത് കേന്ദ്ര ജലകമ്മീഷനാണ്. കേന്ദ്ര ജലകമ്മീഷൻ എല്ലാ മണിക്കൂറിലും തങ്ങളുടെ പരിധിയിലുള്ള സ്റ്റേഷനുകളിൽനിന്നും വിവരങ്ങൾ അവരുടെ

വെബ്സൈറ്റിൽ ലഭ്യമാക്കാറുണ്ട്. കേന്ദ്രജല കമ്മീഷന്റെ കീഴിലുള്ള നാല്പത്തിരണ്ട് റിവർ ഗേജ് സ്റ്റേഷനുകളിലും ജലസേചന വകുപ്പിന്റെ കീഴിലുള്ള എൺപതോളം റിവർ ഗേജ് സ്റ്റേഷനുകളിലും ഒരു മണിക്കൂറിന്റെ ഇടവേളയിലാണ് നദികളിലെ ജലനിരപ്പ് അളന്ന് രേഖപ്പെടുത്തുന്നത്. ഈ രണ്ട് സ്രോതസ്സുകളിൽനിന്നും ലഭ്യമാകുന്ന വിവരങ്ങൾ അനുസരിച്ച് ജലനിരപ്പ് അപകട നിലയിലേയ്ക്ക് ഉയരുന്നതായി കണ്ടാൽ ആ വിവരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളിലേയ്ക്ക് കൈമാറുകയും വേണ്ട നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്. നദികളിലെ ജലനിരപ്പ് പുഴമാപിനികളിൽ നിന്നും മഴയുടെ തോത് മഴമാപിനികളിൽനിന്നും മാന്വൽ ആയി ശേഖരിച്ചുവരുന്നു. കൂടാതെ മഴയുടെ അളവും പുഴകളിലെ ജലനിരപ്പും തത്സമയം ലഭിക്കുന്നതിനുവേണ്ടി നാഷണൽ ഹൈഡ്രോളജി പ്രോജക്ടിൽ ഉൾപ്പെടുത്തി റിയൽ ടൈം ഡാറ്റാ അക്വിസിഷൻ സിസ്റ്റം (RTDAS) നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം 99 ടിപ്പിംഗ് ബക്കറ്റ് റെയിൻഗേജുകൾ, 56 റഡാർ ലെവൽ സെൻസറുകൾ, 13 ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ എന്നിവ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഇവയിൽ നാളിതുവരെയായി 91 ടിപ്പിംഗ് ബക്കറ്റ് റെയിൻ ഗേജുകൾ, 43 റഡാർ ലെവൽ സെൻസറുകൾ, 12 ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ 2018-ലേയും 2019-ലേയും പ്രളയം കൂടുതൽ ബാധിക്കപ്പെട്ട നദികളിൽ ഒന്നായ പെരിയാറിൽ പ്രളയ മുന്നറിയിപ്പ് സംവിധാനം സ്ഥാപിക്കാനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി നദീതടത്തിന്റെ തത്സമയ റിസർവോയർ പ്രവർത്തനങ്ങളും വെള്ളപ്പൊക്ക പ്രവചനവും മുന്നറിയിപ്പും നൽകുന്നതിനുള്ള സംവിധാനം വികസിപ്പിക്കുന്നതിനായുള്ള പ്രവൃത്തി നാഷണൽ ഹൈഡ്രോളജി പ്രോജക്ടിനുകീഴിൽ പുരോഗമിച്ചുവരുന്നു.

## കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി

133 (6071) ശ്രീ. ഇ. കെ വിജയൻ:
ശ്രീ. വി. ശശി:
ശ്രീ. ജി. എസ്. ജയലാൽ
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചനക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആരംഭിച്ച കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ?

ജലസേചനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾ ജലസേചന വകുപ്പിനുകീഴിൽ നടന്നുവരികയാണ്. കെ.ഐ.ഐ.ഡി.സി. മുഖേന ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ജലസേചിത പ്രദേശങ്ങളുടെ അളവിൽ കുറവ് വന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ചെറുകിട ജലസേചന പദ്ധതികളുടെ ലക്ഷ്യം പൂർണ്ണതോതിൽ കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ?

ജലസേചിത പ്രദേശങ്ങളുടെ അളവിൽ കുറവ് വന്നതായിട്ടുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, മുൻകാലങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ ഭൂവിനിയോഗത്തിൽ വലിയതോതിലുള്ള മാറ്റങ്ങൾ സംഭവിക്കുകയും തൻമൂലം പദ്ധതികൾ വിഭാവനം ചെയ്ത സമയത്തുള്ള ഉദ്ദേശിത കാർഷികവിളകളിൽനിന്നും വ്യതിയാനം സംഭവിച്ചിട്ടുണ്ട്. പ്രാദേശിക വിളകൾ, കാർഷിക ജലാവശ്യകത, ജലലഭ്യത തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കി വിഭാവന ചെയ്ത് നടപ്പിലാക്കുന്നതാണ് പൊതുവിലുള്ള ചെറുകിട ജലസേചന പദ്ധതികൾ എന്നതുകൊണ്ട് തന്നെ ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കഴിയാറുണ്ട്. പ്രാദേശികമായി നടപ്പിലാക്കുന്നതുകൊണ്ട് തന്നെ സമയാസമയങ്ങളിൽ വരുന്ന അറ്റകുറ്റപണികൾ നടപ്പിലാക്കാനും അതുവഴി നിർമ്മിതികളുടെ പരിപാലനവും സാദ്ധ്യമാകാറുണ്ട്.

(സി) 2018-ലെയും 2019-ലെയും പ്രളയത്തിൽ ചെറുകിട ജലസേചന പദ്ധതികളുടെ നിർമ്മിതികൾക്കുണ്ടായ നാശം പൂർണ്ണമായും പരിഹരിച്ച് ജലസേചിത വിസ്തൃതി നിലനിർത്തുന്നതിനുവേണ്ടി നടപ്പിലാക്കിയ പദ്ധതികൾ വിശദീകരിക്കാമോ?

2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ ചെറുകിട ജലസേചന പദ്ധതികളുടെ നിർമ്മിതികൾക്കുണ്ടായ നാശം പരിഹരിക്കുന്നതിനും ജലസേചിത വിസ്തൃതി നിലനിർത്തുന്നതിനും സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിനുപുറമേ സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് (SDRF), റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) എന്നീ പ്രത്യേകോദ്ദേശ്യപദ്ധതികളുടെ ധനസഹായത്തോടെ വിവിധ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മിതികൾക്ക് സംഭവിച്ചിട്ടുള്ള നാശം പരിഹരിക്കുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ചെറുകിട ജലസേചന പദ്ധതികളുടെ പുനരുദ്ധാരണത്തിനായി എസ്.ഡി.ആർ.എഫ്-ൽ ഉൾപ്പെടുത്തി 195.39 കോടി രൂപ ചെലവ് വരുന്ന 3003 പദ്ധതികൾക്കും ആർ.കെ.ഐ-ൽ ഉൾപ്പെടുത്തി 9.68 കോടി രൂപ ചെലവ് വരുന്ന 14 പദ്ധതികൾക്കും അനുമതി നൽകിയിട്ടുള്ളതാണ്. നാളിതുവരെ, എസ്.ഡി.ആർ.എഫ്-ൽ 133.67 കോടി രൂപയും ആർ.കെ.ഐ-ൽ 3.17 കോടി രൂപയും ചെറുകിട ജലസേചന പദ്ധതികളുടെ പുനരുദ്ധാരണത്തിനായി ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഭൂഗർഭ ജലവിതാനത്തിന്റെ അളവ് കുറവുള്ള പ്രദേശങ്ങളിൽ പ്രാദേശിക ജലസ്രോതസ്സുകളെ കൃഷിക്കായി പരമാവധി പ്രയോജനപ്പെടുത്താനുള്ള പദ്ധതികൾ വിശദീകരിക്കുമോ?

ഭൂഗർഭ ജലവിതാനത്തിന്റെ കുറവ് അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ വരുന്ന പരമ്പരാഗത ജലസ്രോതസ്സുകളുടെ, പ്രത്യേകിച്ച് കുളങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കുക, മാലിന്യങ്ങൾ നീക്കം ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കാർഷികാവശ്യത്തിനുള്ള ജലലഭ്യത വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ നിർവ്വഹിച്ചിട്ടുണ്ട്. ഇതോടൊപ്പം "ഹരിതകേരളം മിഷന്റെ" ഉപമിഷനായ " ജലസമൃദ്ധി"-യുടെ ഭാഗമായി തയ്യാറാക്കിയ നീർത്തടപ്ലാനുകളിൽ നിർദ്ദേശിച്ചിട്ടുള്ള ജലസംരക്ഷണ പ്രവൃത്തികൾ, ഹരിതകേരളം ശീർഷകത്തിൽ ലഭിച്ച ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു.

### ആലപ്പുഴ മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ

134 (6072) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പ് മുഖേന ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക എത്രയാണെന്ന വിവരം പഞ്ചായത്ത്/മുൻസിപ്പാലിറ്റി തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) ഇറിഗേഷൻ വകുപ്പ് മുഖേന ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി, പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക (പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച്) എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## നന്നമ്പ്ര പഞ്ചായത്ത് മോര്യകാപ്പ് നവീകരണം

135 (6073) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട നന്നമ്പ്ര പഞ്ചായത്തിലെ മോര്യകാപ്പ് നവീകരണ പ്രവൃത്തിയുടെ നിർമ്മാണം സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

5-7-2018-ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി WA No.1103/2018 കേസ്സുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 25-3-2019-ലെ ജി.ഒ.(ആർ.ടി) നമ്പർ 212/2019/WRD സർക്കാർ ഉത്തരവുപ്രകാരം തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപ്പെട്ട മോര്യാകാപ്പ് ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുവാൻ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് DSR 2016 പ്രകാരമുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചുവെങ്കിലും DPR ലഭിച്ചിരുന്നില്ല. DSR 2018 നിലവിൽ വന്നതിനാൽ DSR 2018 പ്രകാരമുള്ള DPR ചീഫ് എഞ്ചിനീയറിൽനിന്നും സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ചെറുകിട ജലസേചന പദ്ധതികൾ

136(6074) ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷം മുഴുവൻ കർഷകർക്ക് ജലലഭ്യത ഉറപ്പ് വരുത്തുന്നതിനായി മൈക്രോ ഇറിഗേഷൻ പദ്ധതികൾ എവിടെയെങ്കിലും ആരംഭിച്ചിട്ടുണ്ടോ: എങ്കിൽ വിശദാംശം നൽകുമോ?

വർഷം മുഴുവൻ കർഷകർക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി മൈക്രോ ഇറിഗേഷൻ പദ്ധതികൾക്ക് സാധ്യതയുള്ള സ്ഥലങ്ങളിൽ കൃഷിവകുപ്പുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ജലസേചനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കെ.ഐ.ഐ.ഡി.സി. മുഖേന ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) തുള്ളിനന പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വ്യക്തമാക്കുമോ?

തുള്ളിനന പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ പദ്ധതികൾക്കായി കൃഷിയിടങ്ങൾ കണ്ടെത്തുന്നതിനും കൃഷിവകുപ്പുമായി ചേർന്ന് ബ്ലോക്ക് അടിസ്ഥാനത്തിലും ജില്ലാ അടിസ്ഥാനത്തിലും യോഗങ്ങൾ ചേർന്ന് കർഷക കൂട്ടായ്മയിലാണ് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിനായി അതാത് ജില്ലകളിലെ ചെറുകിട ജലസേചന എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയും കൃഷി ഓഫീസർമാരെയും യഥാക്രമം ജലവിഭവ വകുപ്പും കൃഷി വകുപ്പും ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത യോഗങ്ങളിൽ ഈ നൂതന പദ്ധതിയുടെ പ്രയോജനവും ഇത്തരം ജലസേചനം നടപ്പിലാക്കുന്നതിലൂടെ കർഷകർക്കുണ്ടാകുന്ന നേട്ടങ്ങളും ജലസംരക്ഷണത്തിന്റെ പ്രാധാന്യവും മനസ്സിലാക്കിക്കൊടുക്കാൻ സാധ്യമാകുന്നുണ്ട്. കർഷക സഹകാരികളുടെയും കർഷക കൂട്ടായ്മകളുടെയും ഗുണത്തിനായി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾക്ക് 2021-22 ബഡ്ജറ്റിൽ ഊന്നൽ നൽകിയിട്ടുണ്ട്. അന്തരിച്ച കെ. എം. മാണിയുടെ ഓർമ്മയ്ക്കായി ഒരു കമ്മ്യൂണിറ്റി ബേസ്ഡ് മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നുണ്ട്. ലിഫ്റ്റ് ഇറിഗേഷന്റെ സാദ്ധ്യതകൾ മൈക്രോ ഇറിഗേഷന്റെ വിദ്യകളുമായി ഉൾച്ചേർക്കുകയാണ് പ്രധാന ലക്ഷ്യം. നാഷണൽ സെന്റർ ഫോർ അഗ്രികൾച്ചർ ആൻഡ് പോളിസി റിസർച്ചിന്റെ (എൻ.സി.എ.പി.) പഠനം അനുസരിച്ച് കേരളത്തിൽ ഏകദേശം 2.70 ലക്ഷം ഹെക്ടർ പ്രദേശത്ത് മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കാനുള്ള സാഹചര്യം നിലവിലുണ്ട്. ജലസേചന വകുപ്പിന്റെ അധീനതയിലുള്ള അയകട്ടുകൾ പരിശോധിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ കർഷകരുടെയും കൃഷി വകുപ്പിന്റെയും സഹകരണത്തോടെ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി ആവിഷ്കരിച്ച് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ഇറിഗേഷൻ വകുപ്പും കെ.ഐ.ഐ.ഡി.സി.-യും ചേർന്ന് നടപടി സ്വീകരിച്ചുവരുന്നു.

**ഗുരുവായൂർ മണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ**

137 (6075) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ഗുരുവായൂർ നിയോജകമണ്ഡലത്തിൽ മേജർ, മൈനർ, അഡീഷണൽ ഇറിഗേഷൻ വിഭാഗങ്ങൾ നടപ്പാക്കിയതും പൂർത്തീകരിക്കാൻ ബാക്കിയുള്ളതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ വിഭാഗം തിരിച്ച് ലഭ്യമാക്കാമോ?

കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ഗുരുവായൂർ നിയോജകമണ്ഡലത്തിൽ മേജർ, മൈനർ, അഡീഷണൽ ഇറിഗേഷൻ വിഭാഗങ്ങൾ നടപ്പാക്കിയതും പൂർത്തീകരിക്കാൻ ബാക്കിയുള്ളതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു*. നടപ്പിലാക്കിയിട്ടുള്ള മെക്കാനിക്കൽ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ ലോക്ക് ഷട്ടറിന്റെ നിർമ്മാണവും ഘടിപ്പിക്കലും സാങ്കേതികാനുമതി തുക - 43,00,000 രൂപ

2. ദേശീയ ജലപാത 3-ലെ (കോട്ടപ്പുറം- കോഴിക്കോട്) ഒരുമനയൂർ ലോക്ക് ഷട്ടറിന്റെ ഹോയ്സ്റ്റിംഗ് മെക്കാനിസത്തിന്റെ നവീകരണം - സാങ്കേതികാനുമതി തുക - 8,50,000 രൂപ.

(ബി) പ്രസ്തുത മണ്ഡലത്തിൽ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള നദികൾ, തോടുകൾ, കനാലുകൾ തുടങ്ങിയവയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള നദികൾ, തോടുകൾ, കനാലുകൾ തുടങ്ങിയവയുടെ വിശദവിവരങ്ങൾ അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു*.

## കുട്ടനാട് പാക്കേജിന്റെ ഭാഗമായി നടത്തിയ പ്രളയ നിവാരണ പ്രവൃത്തികൾ

138(6076) ശ്രീമതി യു. പ്രതിഭ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. എം. എസ് അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിന്റെ ഭാഗമായി നടത്തിയ പ്രളയ നിവാരണ പ്രവൃത്തികളുടെ ഫലമായി ഈ കഴിഞ്ഞ പ്രളയത്തിൽ കുട്ടനാട് പ്രദേശത്തെ ദുരിതം പരിമിതപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ?

കുട്ടനാട് പാക്കേജിന്റെ ഭാഗമായി നടത്തിയ പ്രളയ നിവാരണ പ്രവൃത്തികളുടെ ഫലമായി ഈ കഴിഞ്ഞ പ്രളയത്തിൽ കുട്ടനാട് പ്രദേശത്തെ ദുരിതം പരിമിതപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. കുട്ടനാട് പാക്കേജ് കാര്യാലയത്തിന്റെ അധികാരപരിധിയിൽ വരുന്ന കോട്ടയം ജില്ലയിലെയും ചേർത്തല താലൂക്കിലെയും

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അപ്പർ കുട്ടനാട് മേഖലയിലെ പല പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി പുറംബണ്ട് നിർമ്മാണവും അതിനോടനുബന്ധിച്ചുള്ള തോടുകളിലെയും കനാലുകളിലെയും എക്കലും ചെളിയും നീക്കംചെയ്ത് സ്വാഭാവിക ഒഴുക്ക് പുനഃസ്ഥാപിക്കുകയും ചെയ്യുന്ന പ്രവൃത്തികൾ എസ്.ഡി.ആർ.എഫ്. പദ്ധതിയിലും പ്ലാൻ ഫണ്ടിലും ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുള്ളതാണ്. മേൽ പ്രവൃത്തിയുടെ ഫലമായി പാടശേഖരങ്ങളിലേയ്ക്ക് ജലം കയറിയുള്ള കൃഷിനാശം ഒഴിവാക്കുന്നതിനും ബണ്ടുകളിൽ സ്ഥിതിചെയ്യുന്ന വീടുകളിലേയ്ക്ക് ജലം കയറുന്നതുമൂലമുള്ള ദുരിതം ഒഴിവാക്കുന്നതിനും സഹായകരമായിട്ടുണ്ട്. കൂടാതെ തോടുകളിൽ അടിഞ്ഞുകൂടിയ ചെളിയും മറ്റ് തടസ്സങ്ങളും നീക്കം ചെയ്തതുവഴി പ്രളയജലം സുഗമമായി ഒഴുകിപ്പോകുന്നുണ്ട്.

(ബി) തോട്ടപ്പള്ളി സ്പിൽവേയുടെ ആഴവും വീതിയും കൂട്ടുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

തോട്ടപ്പള്ളി സ്പിൽവേയുടെ ആഴവും വീതിയും കൂട്ടുന്ന പദ്ധതി പൊതുമേഖല സ്ഥാപനമായ കെ.എം.എം.എൽ. വഴിയാണ് നടപ്പിലാക്കുന്നത്. പൊഴിമുഖത്തേയും സ്പിൽവേയുടെ ഡൗൺസ്ട്രീമിലേയും ആഴം വർദ്ധിപ്പിക്കൽ പൂർത്തീകരിച്ചിട്ടുണ്ട്. തോട്ടപ്പള്ളി പൊഴി 325 മീറ്റർ മുറിച്ച് മാറ്റിയതുവഴി 1-11-2021 വരെ 2,12,000 ഘനമീറ്റർ മണൽ നീക്കം ചെയ്തിട്ടുണ്ട്. കുട്ടനാട്ടിൽ 2018-ലുണ്ടായ അതിതീവ്ര പ്രളയത്തിന്റെ മുഖ്യകാരണം എ.സി. കനാലിന്റെ നിർമ്മാണം പൂർത്തിയാകാത്തതും തോട്ടപ്പള്ളി സ്പിൽവേയുടെ ലീഡിംഗ് ചാനലിലും മറ്റും മണ്ണ് അടിഞ്ഞ് നീരൊഴുക്ക് കുറഞ്ഞതിനാലും പൊഴിമുഖം വേണ്ടത്ര വീതിയില്ലാത്തതിനാലുമാണെന്നതിന്റെ അടിസ്ഥാനത്തിൽ ഈ രണ്ട് പ്രവൃത്തികളും റൂം ഫോർ റിവർ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുവാൻ തീരുമാനിച്ചു. പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി 4.50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് വിശദമായ ഹൈഡ്രോ ഡൈനാമിക് പഠനം ആവശ്യമായിട്ടുണ്ട്. പ്രസ്തുത പഠനത്തിനായി ചെന്നൈ ഐ.ഐ.ടി.-യെ ചുമതലപ്പെടുത്തുകയും 1-3-2021-ൽ ധാരണാ പത്രത്തിൽ ഒപ്പുവച്ചിട്ടുള്ളതുമാണ്. ചെന്നൈ ഐ.ഐ.ടി. ഉദ്യോഗസ്ഥർ സൈറ്റ് സന്ദർശിക്കുകയും പ്രാരംഭ പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പഠനത്തിന്റെ അടിസ്ഥാനത്തിൽ ചെന്നൈ ഐ.ഐ.ടി.-യിൽനിന്നും റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അടിയന്തര തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനും എ.സി. കനാലിന്റെ നവീകരണത്തിനുമുള്ള പ്രവൃത്തികളെക്കുറിച്ച് അറിയിക്കാമോ?

2019-20, 2020-21, 2021-22 വർഷങ്ങളിലായി പ്ലാൻസ്കീമിലും നബാർഡിലും ഉൾപ്പെടുത്തി 110 പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തികളാണ് നടപ്പിലാക്കിവരുന്നത്. ഇതിൽ 38 പ്രവൃത്തികൾ പൂർത്തീകരിച്ചു. ഇപ്പോൾ നടപ്പിലാക്കിവരുന്ന പുറംബണ്ട് സംരക്ഷണ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്*. എ.സി. കനാൽ നവീകരണവുമായി ബന്ധപ്പെട്ട് ഹൈഡ്രോ ഡൈനാമിക് പഠനം നടത്തുന്നതിന് മദ്രാസ് ഐ.ഐ.ടി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് അടിയന്തര തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയും.

(ഡി) തണ്ണീർമുക്കം ബണ്ടിന്റെ നവീകരണം നടക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

തണ്ണീർമുക്കം ബണ്ടിന്റെ മൂന്നാംഘട്ട നവീകരണ പ്രവൃത്തികൾ ഭൂരിഭാഗവും പൂർത്തീകരിച്ചിട്ടുള്ളതാണ്. പ്രളയജലം ഒഴുകിപ്പോകുന്നതിന് നിലവിൽ കാര്യമായ തടസ്സങ്ങൾ ഒന്നുമില്ലായെന്ന് മനസ്സിലാക്കുന്നു.

## കോട്ടയ്ക്കൽ മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ

139 (6077) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് 2021, 2022 എന്നീ വർഷങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കാനുണ്ടെന്ന് അറിയിക്കുമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) മുഴുവൻ പദ്ധതികൾക്കും ഭരണാനുമതി ലഭ്യമാക്കുവാനും അനുമതി ലഭിച്ച പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കുവാനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഭരണാനുമതി നൽകിയ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകുവാനുള്ള പ്രവൃത്തികൾ പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

### കുണ്ടറ മണ്ഡലത്തിലെ മേജർ, മൈനർ ഇറിഗേഷൻ പദ്ധതികൾ

140 (6078) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന മേജർ, മൈനർ ഇറിഗേഷൻ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന മേജർ, മൈനർ ഇറിഗേഷൻ പദ്ധതികളുടെ വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയാക്കിയവ, നടന്നുകൊണ്ടിരിക്കുന്നവ, ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെ പ്രവൃത്തികൾ ആരംഭിക്കാത്തവ എന്നിങ്ങനെ തരം തിരിച്ച് നൽകാമോ;

(സി) 2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾക്കായി പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ?

(ബി&സി) 2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾക്കായി പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്. അവയുടെ വിശദവിവരം അനുബന്ധം 2 ആയി ചേർക്കുന്നു*.

### ആലത്തൂർ മണ്ഡലത്തിലെ മേജർ/മൈനർ ഇറിഗേഷൻ പദ്ധതികൾ

141 (6079) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ നിലവിൽ പുരോഗമിക്കുന്ന മേജർ/ മൈനർ ഇറിഗേഷൻ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

(എ&ബി) ആലത്തൂർ മണ്ഡലത്തിൽ നിലവിൽ പുരോഗമിക്കുന്ന മേജർ/ മൈനർ ഇറിഗേഷൻ പദ്ധതികളും അവയുടെ പ്രവർത്തന പുരോഗതിയും അനുബന്ധമായി ചേർക്കുന്നു*.

### റൂം ഫോർ റിവർ പദ്ധതി

142 (6080) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് റൂം ഫോർ റിവർ എന്ന പേരിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

2018-ൽ ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിലുണ്ടായ അതിതീവ്രമായ പ്രളയത്തിന്റെ മുഖ്യകാരണമായ എ.സി. കനാലിന്റെ നിർമ്മാണം പൂർത്തിയാകാത്തതും തോട്ടപ്പള്ളി സ്പിൽവേയുടെ ലീഡിംഗ് ചാനലിലും മറ്റും മണ്ണടിഞ്ഞ് നീരൊഴുക്ക് കുറഞ്ഞതിനാലും പൊഴിമുഖം വേണ്ടത്ര വീതിയില്ലാത്തതിനാലുമാണെന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തികൾ റൂം ഫോർ റിവർ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 4.50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി നടത്തിപ്പിന് വിശദമായ ഹൈഡ്രോ ഡൈനാമിക് പഠനം ആവശ്യമായതിനാൽ അതിലേയ്ക്കായി ചെന്നൈ ഐ.ഐ.ടി.-യെ ചുമതലപ്പെടുത്തുകയും അതിനെത്തുടർന്ന് 1-3-2021-ൽ ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ചെന്നൈ ഐ.ഐ.ടി. ഉദ്യോഗസ്ഥർ സൈറ്റ് സന്ദർശിക്കുകയും പ്രാരംഭ പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് കിട്ടിയാലുടൻതന്നെ ഇക്കാര്യത്തിൽ സത്വര തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**മണിച്ചാൽ ആഴംകൂട്ടി ജലസംഭരണശേഷി കൂട്ടുന്ന പ്രവൃത്തി**

143 (6081) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II-ൽ ക്രമ നമ്പർ 1698 പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള മണലൂർ മണ്ഡലത്തിലെ എളവള്ളി പഞ്ചായത്തിലെ മണിച്ചാൽ ആഴംകൂട്ടി ജലസംഭരണശേഷി കൂട്ടുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ഫണ്ടും ഭരണാനുമതിയും ലഭ്യമാക്കുന്നതിനും പ്രവൃത്തി നടപ്പാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) ആർ.കെ.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എൽ.ഡി.സി. നടപ്പിലാക്കുന്ന മണലൂർ മണ്ഡലത്തിലെ എളവള്ളി പഞ്ചായത്തിലെ മണിച്ചാൽ ആഴംകൂട്ടി ജലസംഭരണശേഷി കൂട്ടുന്ന പ്രവൃത്തി പുരോഗതിയിലാണ്. പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിനുശേഷം ആവശ്യമായ ശേഷിക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുള്ള ഡി.പി.ആർ. ചീഫ് എഞ്ചിനീയറിൽനിന്നും ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**നദീതീരങ്ങളിലെ പുനർനിർമ്മാണം**

144 (6082) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിനുശേഷം ലോക ബാങ്കിന്റെ സഹായത്തോടെ നദീതീരങ്ങളിലെ പുനർനിർമ്മാണത്തിനായുള്ള പ്രവൃത്തികളുടെ ഭാഗമായി സംസ്ഥാനത്ത് ഏതൊക്കെ പ്രവൃത്തികളാണ് ഏറ്റെടുത്തിട്ടുള്ളതെന്നറിയിക്കുമോ;

(ബി) ലോകബാങ്കിൽനിന്നും ഈ ഇനത്തിൽ എന്ത് തുക ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) പ്രസ്തുത ഇനത്തിൽ ലഭിച്ച തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ-സി) 2018-ലെ പ്രളയത്തിനുശേഷം നദീതീരങ്ങളിലെ പുനർനിർമ്മാണത്തിനായി ലോക ബാങ്കിന്റെ നേരിട്ടുള്ള സഹായം ജലസേചന വകുപ്പിന് ലഭ്യമായിട്ടില്ല. ലോക ബാങ്കുൾപ്പെടെ സഹായം നൽകുന്ന റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ നദീതീര സംരക്ഷണത്തിനായി പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കൂടാതെ പ്രളയത്തെ നേരിടുന്നതിനായി ബഹുമുഖമായ പരിപാടികളാണ് റീബിൽഡ് കേരള ഇനിഷ്യേറ്റിവിനുകീഴിൽ നടപ്പിലാക്കിവരുന്നത്. ഡച്ച് മാതൃകയിൽ റൂം ഫോർ റിവർ മാതൃകയിലുള്ള പദ്ധതികൾ നിലവിൽ കുട്ടനാട് മേഖലകളിൽ ആസൂത്രണം ചെയ്തുവരികയാണ്. ആർ.കെ.ഐ. ഫണ്ടുപയോഗിച്ച് റൂം ഫോർ റിവർ പദ്ധതി സംബന്ധിച്ച് പഠനം നടത്തുന്നതിനും വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനുമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ തോട്ടപ്പള്ളി പൊഴിമുഖത്തിന്റെ സംരക്ഷണ ജോലികൾക്കായി 14.7 കോടി രൂപയുടെ റീബിൽഡ് കേരള പദ്ധതിക്ക് സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. കുട്ടനാട് മേഖലയിൽ റൂം ഫോർ റിവർ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി ഐ.ഐ.ടി. മദ്രാസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനം പുരോഗമിക്കുകയാണ്. റൂം ഫോർ റിവറിന്റെ ഭാഗമായി, പ്രളയജലം ഒഴുക്കിക്കളയുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുന്നതരത്തിൽ തോട്ടപ്പള്ളി സ്പിൽവേയും പ്രധാന ചാനലും ആധുനീകരിക്കുന്നതിനും ആലപ്പുഴ-ചങ്ങനാശ്ശേരി കനാലിന്റെ ഒന്നാംകര മുതൽ നെടുമുടി വരെയും (3.42 കിലോമീറ്റർ) നെടുമുടി മുതൽ പള്ളാത്തുരുത്തിവരെയുള്ള (5.13 കിലോമീറ്റർ) ഭാഗങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. കൂടാതെ കേരള പുനർനിർമാണ വികസന പരിപാടി (Rebuild Kerala Development Program, RKDP)-യിലെ ഒരു ശിപാർശയാണ് നദീതട പരിപാലന അതോറിറ്റി. പമ്പാ നദീതടത്തിനായുള്ള

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംയോജിത നദീതട പരിപാലന പദ്ധതി വികസിപ്പിച്ച് നടപ്പിലാക്കുക എന്ന ലക്ഷ്യവും റീ ബിൽഡ് കേരളയ്ക്കുണ്ട്. ലോക ബാങ്കിൽനിന്നും നദീതടങ്ങളിലെ പുനർനിർമ്മാണത്തിനായി പ്രത്യേകം സഹായം ലഭിച്ചിട്ടില്ല. എന്നാൽ കേരള പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായി ലോക ബാങ്കിന്റെ ഒന്നാം വികസന നയ വായ്പയായി 250 മില്ല്യൺ ഡോളർ റീബിൽഡ് കേരളയ്ക്ക് ലഭിച്ചിട്ടുണ്ട്.

**വാമനപുരം ആറ്റിൽ ബണ്ട് കെട്ടി ബലപ്പെടുത്തുന്നതിന് നടപടി**

145 (6083) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം ആറ്റിൽ മഴക്കാലത്ത് ജലനിരപ്പ് ഉയരുന്നതിനെ തുടർന്ന് ജനവാസ പ്രദേശങ്ങളിലേയ്ക്ക് വെള്ളം കയറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ ആറ്റുബണ്ട് കെട്ടി ബലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വാമനപുരം ആറ്റിൽ മഴക്കാലത്ത് ജലനിരപ്പ് ഉയരുന്നതിനെത്തുടർന്ന് ജനവാസ പ്രദേശങ്ങളിലേയ്ക്ക് വെള്ളം കയറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാമനപുരം നദിയുടെ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ വിശദ പദ്ധതി രേഖയിൽ വാമനപുരം നദീതീരം സംരക്ഷണ ഭിത്തി നിർമ്മിച്ച് സംരക്ഷിക്കുന്നതിനായി 29 കോടി രൂപയുടെ പ്രൊപ്പോസലുകൾ ഉൾപ്പെടുത്തി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രകാശനം ചെയ്ത് ശ്രീ. എ. നിസാമുദ്ദീൻ, ഭൂവിനിയോഗ ബോർഡ് കമ്മീഷണർ കൺവീനർ ആയും ഡോ. ആർ. പ്രകാശ് കുമാർ, ഡയറക്ടർ, JNTBGRI ചെയർമാനുമായുള്ള സാങ്കേതിക സമിതി മുഖേന പ്രസ്തുത പ്രൊപ്പോസൽ ഫണ്ട് വകകൊള്ളിക്കുന്നതിനായി പ്ലാനിംഗ് ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്.

**പുഴകളിലെയും ഡാമുകളിലെയും മണൽ നീക്കം ചെയ്യാൻ**

**അടിയന്തര നടപടി**

146 (6084) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലങ്ങളായി ആറുകളിലെയും തോടുകളിലെയും മണൽ നീക്കം ചെയ്യാത്തതിനാൽ ചെറിയ മഴയിൽ പോലും ജനവാസ കേന്ദ്രങ്ങൾ വെള്ളത്തിലാകുന്നതും വലിയ നാശനഷ്ടങ്ങൾ ഉണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നദികളുടെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന വിധം പ്രളയം കാരണം നദികളിൽ അടിഞ്ഞു കൂടിയ മണ്ണ്, അവശിഷ്ടങ്ങൾ എന്നിവ നീക്കംചെയ്ത് പ്രളയജലം വഹിക്കുന്നതിനുള്ള നദികളുടെ ശേഷി കൂട്ടുന്നതിനുവേണ്ട ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 24-12-2019-ലെ സ.ഉ (ആർ.റ്റി) നമ്പർ 3880/ 2019/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജില്ലകളിൽ ഇറിഗേഷൻ വകപ്പ് മുഖാന്തരം നദികളിൽ അടിഞ്ഞു കൂടിയിട്ടുള്ള എക്കൽമണ്ണ്, ചെളി എന്നിവ മാറ്റുന്ന പ്രവൃത്തി എല്ലാ ജില്ലകളിലും നടത്തിയിട്ടുള്ളതാണ്. കേരളത്തിലെ 29 നദികളിലെ മണലിന്റെ ലഭ്യതയെക്കുറിച്ച് ഐ.എൽ.ഡി.എം.-ൽ പ്രവർത്തിക്കുന്ന റിവർ മാനേജ്മെന്റ് സെന്റർ നടത്തിയ പഠനത്തിൽ കേവലം " 16 " നദികളിൽ മാത്രമാണ് ഖനനം ചെയ്യാവുന്ന അളവിൽ മണൽ ഉണ്ടെന്ന് കണ്ടെത്തിയിട്ടുള്ളത്. എന്നാൽ 2018, 2019, 2021 വർഷങ്ങളിൽ സംസ്ഥാനത്തിലെ വിവിധ ഇടങ്ങളിൽ പ്രളയം ഉണ്ടായത് ചുരുങ്ങിയ സമയത്ത് ലഭിച്ച അതിതീവ്ര മഴയെ തുടർന്നാണ്. മാത്രമല്ല സംസ്ഥാനത്തെ ചെറുകുളങ്ങളും നെൽവയലുകളും മറ്റ് ചതുപ്പ് പ്രദേശങ്ങളും നികത്തപ്പെട്ടതും പ്രളയത്തിന് കാരണമായിട്ടുണ്ട്.

(ബി) ആറ്റുമണൽ നീക്കം ചെയ്യാൻ ഗ്രാമ പഞ്ചായത്തുകളെ ഏൽപ്പിക്കുകയാണെങ്കിൽ തനത് ഫണ്ടിനും നിർമ്മാണ മേഖലയിൽ വലിയ മാറ്റത്തിനും കാരണമാകുമെന്നതിനാൽ ഇവ നീക്കം ചെയ്യാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

സംസ്ഥാനത്തെ നദികളിൽനിന്നുള്ള മണൽ ഖനനം നടത്തേണ്ടത് 2001-ലെ "കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും" നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണ്. കൂടാതെ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ വിവിധ വിധികളുടെ അടിസ്ഥാനത്തിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, " MOEF & CC യുടെ Sustainable ' Sand Mining Management Guidelines 2016, Enforcement and Monitoring and Guidelines for Sand Mining 2020 എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം തയ്യാറാക്കിയ District Survey Report-ന്റെ അടിസ്ഥാനത്തിൽ State Environment Impact Assessment Authority-ൽനിന്നും പാരിസ്ഥിതിക അനുമതി ലഭ്യമായതിനുശേഷം മാത്രമേ നദികളിൽ നിന്നുള്ള മണൽ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കൂ. പാരിസ്ഥിതിക അനുമതി ലഭ്യമാകാത്തതിനാൽ നദികളിൽ നിന്നുള്ള മണൽ വാരൽ നിർത്തിവച്ചിരിക്കുകയാണ്. സാൻഡ് ആഡിറ്റിംഗ് റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ നിയമാനുസൃത ഖനനം നടത്തുന്നതിന് മണൽ ലഭ്യതയില്ലാത്ത നദികളിൽ മണൽ വാരൽ നിരോധനം 6-6-2015 മുതൽ വ്യത്യസ്ത തീയതികളിലായി ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പാരിസ്ഥിതിക അനുമതി ലഭ്യമായതിനുശേഷം ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ വിദഗ്ദ്ധ സമിതി നിയമാനുസൃതമായുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് കടവ് കമ്മിറ്റികൾ മുഖാന്തരം മണൽ മാറ്റുന്നതിന് അനുമതി നൽകാവുന്നതാണ്.

**ആലപ്പുഴ നിയോജകമണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം**

147 (6085) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിലെ കുളങ്ങൾ നവീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി, ചെലവാക്കുന്ന തുക എന്നിവ തരംതിരിച്ച് വിവരം ലഭ്യമാക്കാമോ?

(എ&ബി) ആലപ്പുഴ നിയോജകമണ്ഡലത്തിലെ കുളങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട വിവിധ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി (ബഡ്ജറ്റ് വർക്ക്, എം.എൽ.എ. ഫണ്ട്) പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**വേമ്പനാട്ടുകായലിലെ പോള പായൽ ശല്യം**

148 (6086) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേമ്പനാട്ടുകായലിലെ പോള ശല്യം മത്സ്യത്തൊഴിലാളികളേയും ജലഗതാഗതത്തേയും സാരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) പോള, പായൽ എന്നിവ ഉത്ഭവസ്ഥാനത്തുതന്നെ നിർമ്മാർജനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) അവ ശാസ്ത്രീയമായി നിർമ്മാർജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി-ഡി) വേമ്പനാട് കായലിന്റെയും ബന്ധപ്പെട്ട തോടുകളിലേയും എക്കൽ, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് കായലിന്റെ പരിസ്ഥിതി സംരക്ഷിക്കുക, അതിന്റെ ആവാസ വ്യവസ്ഥ നിലനിർത്തി കായലിലെ ഒഴുക്ക് തടസ്സം കൂടാതെ പുനഃസ്ഥാപിക്കുക, വേമ്പനാട് കായലിനെ ആശ്രയിച്ച ജീവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പ് വരുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ നടപ്പാക്കിയ പദ്ധതിയാണ് " വേമ്പനാട് കായൽ പാരിസ്ഥിതിക വീണ്ടെടുക്കൽ യജ്ഞം" 2020-21 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ വകയിരുത്തുകയും ആയതനുസരിച്ച് വേമ്പനാട് കായലുമായി ബന്ധപ്പെട്ട് കിടക്കുന്ന മുഹമ്മ, വയലാർ, പെരുമ്പളം, നെടുമുടി, മണ്ണഞ്ചേരി, വെളിയനാട്, അരൂർ, തുറവൂർ, തൈക്കാട്ടുശ്ശേരി തുടങ്ങിയ 9 പഞ്ചായത്തുകളിൽ കായലിലെ എക്കൽ, മണൽ, പ്ലാസ്റ്റിക് എന്നിവ നീക്കം ചെയ്യുന്നതിന് തദ്ദേശസ്ഥാപനങ്ങൾ മുഖേന 50,71,721 രൂപയും കായൽ പോള നീക്കം ചെയ്യുന്നതിന് 6,60,000 രൂപയും ചെലവഴിച്ചിരുന്നു. ആലപ്പുഴ ജില്ലയിലെ നീലംപേരൂർ, കൈനകരി, മണ്ണഞ്ചേരി, മുഹമ്മ, പള്ളിപ്പുറം, തണ്ണീർമുക്കം, അരൂർ എന്നിവിടങ്ങളിലെ മത്സ്യഫെഡ്ഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പത്ത് ഉൾനാടൻ മത്സ്യത്തൊഴിലാളി സംഘങ്ങളിലെ ഇരുപത്തിയഞ്ച് മത്സ്യത്തൊഴിലാളികളെ വീതം ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കിയത്. വേമ്പനാട് കായൽ ശുചീകരണ സംരക്ഷണ പ്രവൃത്തിക്കായി 2021-2022 സാമ്പത്തിക വർഷത്തിൽ ഒരുകോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വേമ്പനാട് കായൽ ഇപ്പോൾ നേരിടുന്ന പ്രധാന പ്രതിസന്ധികളിലൊന്നായ പോള, പായൽ, പ്ലാസ്റ്റിക്, മൺത്തിട്ടുകൾ എന്നിവ നീക്കംചെയ്ത് കായലിനെ സംരക്ഷിച്ച് കായലിന്റെ നൈസർഗ്ഗിക ഒഴുക്ക് പുനഃസ്ഥാപിക്കുന്നതിനും ആവാസ വ്യവസ്ഥ നിലനിർത്തുന്നതിനും നടപടികൾ സ്വീകരിക്കുവാൻ കഴിയും. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 3-7-2021-ന് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വേമ്പനാട് കായൽ പ്രദേശ പരിധിയിലെ എം.പി.-മാർ, എം.എൽ.എ.-മാർ, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ കളക്ടർമാർ, കൃഷി, ജലസേചനം, പഞ്ചായത്ത്, ഫിഷറീസ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി മീറ്റിംഗ് നടത്തുകയും കോ-ഓർഡിനേഷൻ കമ്മിറ്റികൾ, ജനകീയ കമ്മിറ്റികൾ എന്നിവ രൂപീകരിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും തീരുമാനിച്ചതിൻപ്രകാരം ജില്ലകളിൽ വിവിധ കമ്മിറ്റികൾ കൂടുകയും വിവിധ വകുപ്പുകൾ പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. ഇപ്രകാരം ലഭ്യമാകുന്ന പ്രൊപ്പോസലുകൾ പരിസ്ഥിതി വകുപ്പ് വേമ്പനാട് കായൽ സംരക്ഷണത്തിനായി തയ്യാറാക്കുന്ന സമഗ്ര പദ്ധതിക്കനുസൃതമായി ഓരോ വകുപ്പും നടപ്പാക്കുന്നതോടൊപ്പം ജലസേചന വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളും നടപ്പാക്കാവുന്നതാണ്.

## വട്ടോളി വില്ല്യാപ്പള്ളി കനാൽ റോഡ്

149 (6087) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടോളി വില്ല്യാപ്പള്ളി കനാൽ റോഡിന്റെ നിലവിലെ അവസ്ഥ അറിയിക്കാമോ;

(ബി) പ്രസ്തുത റോഡ് പ്രവൃത്തി നടപ്പിലാക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ഏൽപ്പിക്കുന്നതിന് പദ്ധതിയുണ്ടോ എന്നറിയിക്കാമോ;

(സി) ടി റോഡ് പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

(എ-സി) വട്ടോളി വില്ല്യാപ്പള്ളി കനാൽ റോഡിന്റെ പലഭാഗങ്ങളും ഭാഗികമായി തകർന്ന അവസ്ഥയിലാണ്. പ്രസ്തുത റോഡ് മെച്ചപ്പെടുത്തുന്നതിന് പ്രവൃത്തി PMGSY സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള ഉത്തരവനുസരിച്ച് കനാൽ റോഡിനരികിലുള്ള മരങ്ങൾ മുറിച്ചുമാറ്റാൻ സോഷ്യൽ ഫോറസ്ട്രി വിഭാഗം സർവ്വേ നടത്തി ലേല നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## പട്ടാമ്പി മണ്ഡലത്തിൽ തോടുകളുടെ പാർശ്വഭിത്തി പുനർനിർമ്മാണം

150 (6088) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള നിരവധി തോടുകളുടെ പാർശ്വഭിത്തികൾ പ്രളയത്തിൽ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പട്ടാമ്പി മണ്ഡലത്തിലെ മുച്ചരിത്തോട്, കണ്ടൻ തോട്, പാറയ്ക്കൽ തോട്, ചെമ്പ്ര തോട് എന്നിവ കാലവർഷത്തിൽ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരത്തിൽ തോടുകളുടെ പാർശ്വഭിത്തികൾ തകർന്നത് സമീപത്തുള്ള വീടുകളിൽ വെള്ളം കയറാൻ ഇടയാകുമെന്നുള്ളതിനാൽ പ്രസ്തുത പാർശ്വഭിത്തികൾ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

തോടുകളുടെ സംരക്ഷണ പ്രവൃത്തികളുടെ വിശദമായ അടങ്കൽ തയ്യാറാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആയതിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

## അണക്കെട്ടുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കൽ

151(6089) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അണക്കെട്ടുകളിൽ ചെളിയും മണലും അടിഞ്ഞുകൂടി സംഭരണശേഷി കുറഞ്ഞിരിക്കുന്നതിനാൽ തുടർച്ചയായി മഴ പെയ്താൽ ജലനിരപ്പ് ഉയരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പുതിയ ഡാമുകൾ പണിയുന്നതിനുപകരം നിലവിലുള്ളവയുടെ സംഭരണശേഷി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

സ്വീകരിക്കുന്നതാണ്. ഡാമുകളിൽ അടിഞ്ഞ മണ്ണും ചെളിയും നീക്കം ചെയ്ത് സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ മംഗലം ഡാമിന്റെ ജലസംഭരണികളിൽ അടിഞ്ഞ് കൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾ 17-12-2020 മുതൽ നടന്നുവരുന്നു. ജലസേചന വകുപ്പിനുകീഴിലുള്ള ചുള്ളിയാർ, വാളയാർ, മീൻകര, വാട്ടർ അതോറിറ്റിക്ക് കീഴിലുള്ള അരുവിക്കര എന്നീ ഡാമുകളിലെ ഡീസിൽറ്റേഷൻ പ്രവൃത്തികൾക്കായുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതര ജലാശയങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഡാമുകളിലെ മണൽ ശേഖരിക്കാൻ സർക്കാർ സംവിധാനം പര്യാപ്തമല്ലായെങ്കിൽ മണൽ ശേഖരിക്കുന്നതിന് സുതാര്യ നടപടിക്രമങ്ങളിലൂടെ കരാർ നൽകി പ്രളയ സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളി, മണൽ എന്നിവ നീക്കം ചെയ്യുന്നതിന് ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യൂവർ (SOP) തയ്യാറാക്കുകയും 26-9-2017-ലെ സർക്കാർ ഉത്തരവുപ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളി, മണൽ എന്നിവ നീക്കം ചെയ്യുന്നതിന് പ്രസ്തുത SOP പ്രകാരമുള്ള സർക്കാർ സംവിധാനങ്ങൾ പര്യാപ്തമാണ്.

## മുല്ലപ്പെരിയാർ ഡാമിന്റെ അപകടാവസ്ഥ സംബന്ധിച്ച പഠനം

152 (6090) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാമിന്റെ അപകടാവസ്ഥ സംബന്ധിച്ച് യു.എൻ. സംഘടനയ്ക്ക് കീഴിലുള്ള ഏജൻസിയായ യു.എൻ.യു. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർ, എൻവയോൺമെന്റ് ആൻഡ് ഹെൽത്ത് എന്ന സ്ഥാപനം തയ്യാറാക്കിയ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യു.എൻ. സംഘടനയ്ക്ക് കീഴിലുള്ള ഏജൻസിയായ യു.എൻ.യു. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർ, എൻവയോൺമെന്റ് ആൻഡ് ഹെൽത്ത് എന്ന സ്ഥാപനം തയ്യാറാക്കിയ റിപ്പോർട്ടിലെ മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ച പ്രസക്ത ഭാഗങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ലോകത്തെ അപകടവാസ്ഥയിൽ ഉള്ള ആറ് ഡാമുകളിൽ ഒന്നാണ് മുല്ലപ്പെരിയാർ എന്ന് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത വിഷയം സുപ്രീംകോടതിയുടെയും കേന്ദ്ര സർക്കാരിന്റെയും പരിഗണനയിൽ കൊണ്ടുവരാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ലോകത്തിലെ അപകടാവസ്ഥയിലുള്ള ആറ് ഡാമുകളിൽ ഒന്നാണ് മുല്ലപ്പെരിയാർ എന്ന് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. ഡോ. ജോ ജോസഫ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജിയിന്മേൽ 27-10-2021-ന് ബഹുമാനപ്പെട്ട കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്മേൽ standing counsel-ന് സമർപ്പിച്ച റിപ്പോർട്ടിൽ കേരളം ഈ വിഷയം സൂചിപ്പിക്കുകയും ആയത് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

## നദീജല ചൂഷണം തടയുവാൻ നടപടികൾ

153 (6091) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ൽ ശിരുവാണി അണക്കെട്ടിൽനിന്നും തമിഴ്നാട്ടിലേയ്ക്ക് അനധികൃതമായി വെള്ളം കൊണ്ടുപോകുന്ന ടണൽ മൗത്ത് അടച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രവൃത്തി നടപ്പാക്കിയ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വിശദവിവരം ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. ചുവടെ പറയുന്ന ഉദ്യോഗസ്ഥരാണ് ഈ പ്രവൃത്തി നടപ്പിലാക്കിയത്.

മജീദ്. കെ.എസ് - എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ടയേർഡ്)

ഷിബു. ആർ.എസ് - അസിസ്റ്റന്റ് എഞ്ചിനീയർ

അബ്ദുൾ സലീം - ഓവർസിയർ ഗ്രേഡ് - 3

(ബി) പ്രസ്തുത നദീജല ചൂഷണം തടയുവാൻ ധീരമായ നടപടികൾ സ്വീകരിച്ച ഉദ്യോഗസ്ഥർക്ക് പ്രോത്സാഹനം നൽകുന്നതിനായി വകുപ്പുതല പ്രൊമോഷൻ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഔദ്യോഗിക കൃത്യനിർവ്വഹണം വിട്ടുവീഴ്ചയില്ലാതെ നടപ്പിലാക്കി എന്നതിന് നിലവിലെ സീനിയോരിറ്റി ലിസ്റ്റ് മറികടന്നുകൊണ്ട് ടി ഉദ്യോഗസ്ഥർക്ക് വകുപ്പുതല പ്രൊമോഷൻ നൽകുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ

154 (6092) ശ്രീ. അൻവർ സാദത്ത്:

ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ച് ആശങ്കാജനകമായ ചർച്ചകൾ ഉയർന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കേരളം തയ്യാറാക്കിയിട്ടുള്ള റൂൾ കർവ് അനുസരിച്ച് ജലനിരപ്പ് ക്രമീകരിക്കാൻ സാധിക്കാത്തത് അണക്കെട്ടിന്റെ സുരക്ഷയെ ബാധിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

1886 ഒക്ടോബർ 29-ന് അന്നത്തെ തിരുവിതാംകൂർ മഹാരാജാവും സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യ ഇൻ കൗൺസിലും തമ്മിൽ ഒപ്പുവച്ച കരാറിന്റെ അടിസ്ഥാനത്തിൽ ഡാം സ്ഥിതി ചെയ്യുന്നത് കേരളത്തിലാണെങ്കിലും കേരളം തമിഴ്നാടിന് ജലം നൽകണമെന്നും ഇതിന്റെ പരിപാലനത്തിന്റെ പൂർണ്ണ ചുമതല തമിഴ്നാടിനാണെന്നുമാണ്. അടുത്തകാലത്തുണ്ടായ അതിശക്തമായ മഴയെ തുടർന്ന് മുല്ലപ്പെരിയാറിന്റെ ജലനിരപ്പ് ഉയർന്നതിനാൽ ബഹു. സുപ്രീം കോടതി മേൽനോട്ട സമിതിയുടെ അടിയന്തര യോഗം ചേരുവാനും ജലനിരപ്പ് ക്രമീകരിക്കുവാൻ വേണ്ട നടപടികൾ എടുക്കുവാനും മേൽനോട്ട സമിതിയെ ചുമതലപ്പെടുത്തി. കേന്ദ്ര ജല

കമ്മീഷനുമായി കൂടിയാലോചിച്ച് തമിഴ്നാട് തയ്യാറാക്കിയ റൂൾ ലെവൽ പാലിച്ചുകൊണ്ട് മുല്ലപ്പെരിയാറിന്റെ ജലനിരപ്പ് ക്രമീകരിക്കാവുന്നതാണെന്ന് മേൽനോട്ട സമിതി അഭിപ്രായപ്പെടുകയും റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ ടി റിപ്പോർട്ടിന്മേലുള്ള കേരളത്തിന്റെ വിയോജിപ്പ് സ്റ്റാൻഡിംഗ് കൗൺസിലിനെ അറിയിക്കുകയും ആയത് ബഹു. സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ തമിഴ്നാട് തയ്യാറാക്കിയ റൂൾ കർവ്വിനോടുള്ള കേരളത്തിന്റെ വിയോജിപ്പും കേന്ദ്ര ജലകമ്മീഷനെ അറിയിക്കുകയും ആയത് ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി വിഷയം 11-11-2021-ൽ ബഹു. സുപ്രീം കോടതി പരിഗണിക്കുന്നതാണ്.

## മുല്ലപ്പെരിയാർ അണക്കെട്ടിലെ പരമാവധി ജലനിരപ്പ്

155 (6093) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിലെ പരമാവധി ജലനിരപ്പ് 139.50 അടിയാക്കണമെന്ന് 28-10-2021-ന് സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

WP(സി) No.880/2020-ന് മേൽ 28-10-2021-ന് ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച വിധിയിൽ 11-11-2021 വരെ Expert Committee അനുവദിക്കുന്ന ജലനിരപ്പ് നിലനിർത്തണമെന്ന് ഉത്തരവിട്ടു. തമിഴ്നാട് തയ്യാറാക്കി മേൽനോട്ട സമിതി അംഗീകരിച്ച അപ്പർ റൂൾ ലെവൽ പ്രകാരം നവംബർ 10-ന് മുല്ലപ്പെരിയാറിൽ ക്രമീകരിക്കേണ്ട ഉയർന്ന ജലനിരപ്പ് 139.50 അടിയാണ്.

(ബി) പ്രസ്തുത കേസിൽ സംസ്ഥാന സർക്കാരിന്റെ വാദങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) 126 വർഷം പഴക്കമുള്ള അണക്കെട്ട് അപകടസാധ്യതയുള്ളതാണെന്ന ആശങ്ക സംസ്ഥാന സർക്കാർ സുപ്രീം കോടതിയെ അറിയിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ആശങ്കയിന്മേൽ സുപ്രീം കോടതിയുടെ നിലപാട് എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ?

(ബി-ഡി) തമിഴ്നാട് തയ്യാറാക്കിയ റൂൾ കർവ് ശക്തമായി എതിർക്കുന്നതായി കേരളം ബഹു. സുപ്രീം കോടതിയെ അറിയിച്ചിട്ടുണ്ട്. അപ്രതീക്ഷിതമായ കാലാവസ്ഥാ വ്യതിയാനങ്ങളും കഴിഞ്ഞ കാലങ്ങളിൽ തുടർച്ചയായി ഉണ്ടായ അതിശക്തമായ മഴയും ഡാമിന്റെ കാലപ്പഴക്കവും ഡാമിന് താഴെ വസിക്കുന്ന ജനങ്ങളുടെ സുരക്ഷയും കണക്കിലെടുത്ത് കേരളത്തിന് തമിഴ്നാട് തയ്യാറാക്കിയ റൂൾ കർവ് സ്വീകാര്യമായിരുന്നില്ല. ഇതുസംബന്ധിച്ച സർക്കാരിന്റെ വാദങ്ങൾ അനുബന്ധമായി ചേർക്കുന്നു.* മുല്ലപ്പെരിയാർ വിഷയത്തിൽ ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച അസ്സൽ അന്യായം നമ്പർ 3/2006-ലെ 7-5-2014-ലെ വിധിന്യായപ്രകാരം അണക്കെട്ടിലെ ജലനിരപ്പ് 142 അടി വരെ ഉയർത്തുന്നതിന് തമിഴ്നാടിന് അനുവാദമുണ്ടായെന്നിരിക്കെ നിലവിലെ കാലാവസ്ഥയും ഉയരുന്ന ജലനിരപ്പും കണക്കിലെടുത്ത് ബഹു.സുപ്രീം കോടതി 28-10-2021-ലെ ഇടക്കാല ഉത്തരവിൽ സമയാസമയങ്ങളിലും മണിക്കൂറുകളുടെ ഇടവേളകളിലും സ്ഥിതിഗതികൾ നിരീക്ഷിച്ച് ആവശ്യമെന്ന് തോന്നുന്നപക്ഷം ജലനിരപ്പ് ക്രമീകരിക്കുന്നതിനുള്ള തുടർ നിർദ്ദേശങ്ങൾ നൽകാവുന്നതാണെന്ന് വിദഗ്ദ്ധ സമിതിയോട് ബഹു. സുപ്രീം കോടതി നിർദ്ദേശിക്കുകയും ചെയ്തു. ഇതിനുപുറമെ തമിഴ്നാട് ബഹു. സുപ്രീം കോടതി മുമ്പാകെ സമർപ്പിച്ച റൂൾ കർവ് സംബന്ധിച്ച നേർ സമീപനം എന്താകണമെന്ന് കേരളം അറിയിക്കണമെന്നും ബഹു. സുപ്രീം കോടതി നിർദ്ദേശിച്ചു.

**നെയ്യാർ ഡാമിൽ സംഭരണ ശേഷിയെ ബാധിക്കുന്ന കാര്യങ്ങൾ**

156 (6094) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഡാമിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും എക്കലും നീക്കം ചെയ്യുന്നതിന് പദ്ധതിയുണ്ടോയെന്നും ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

നെയ്യാർ ഡാമിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലിന്റെയും എക്കലിന്റെയും അളവ് പരിശോധിക്കുന്നതിനായി KERI പീച്ചി മുഖാന്തരം 2019-ൽ പഠനം നടത്തിയിരുന്നു. പ്രസ്തുത പഠന റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു*.

(ബി) നെയ്യാർഡാമിന് സമീപമുള്ള റോഡ് പാർശ്വഭിത്തി തകർന്ന് അപകടാവസ്ഥയിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് വശങ്ങൾ കെട്ടി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉണ്ട്. പ്രസ്തുത പ്രവൃത്തിക്കായുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ**

157 (6095) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിലയബിലിറ്റി സിദ്ധാന്തം അനുസരിച്ച് മികച്ച രീതിയിൽ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന അണക്കെട്ടുകൾക്കുപോലും 30 മുതൽ പരമാവധി 100 വർഷം വരെ മാത്രമേ നിലനില്പുള്ളൂ എന്നതിനാൽ 125 വർഷത്തിലധികം പഴക്കമുള്ള മുല്ലപ്പെരിയാർ അണക്കെട്ട് ഇപ്പോഴും നിലനിർത്തുകയും പരിപാലിക്കുകയും ചെയ്യുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാടുകളും വിലയിരുത്തലുകളും അഭിപ്രായങ്ങളും അറിയിക്കാമോ?

1886 ഒക്ടോബർ 29-ന് അന്നത്തെ തിരുവിതാംകൂർ മഹാരാജാവും സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യ ഇൻ കൗൺസിലും പെരിയാർ നദിയുടെ ഏറ്റവും താഴ്ന്നനിരപ്പിൽനിന്നും 155 അടി പൊക്കം വരെ കോണ്ടൂർ ലൈനിൽ ചുറ്റപ്പെട്ട ഏകദേശം 8000 ഏക്കർ ജലസംഭരണിയും അതിനടുത്തുതന്നെ മറ്റൊരു 100 ഏക്കർ സ്ഥലവും 999 വർഷത്തേയ്ക്ക് തമിഴ്നാടിന് പാട്ടത്തിന് നൽകിക്കൊണ്ട് മുല്ലപ്പെരിയാർ പാട്ടക്കരാർ ഒപ്പുവച്ചു. ഇതിൻപ്രകാരം ഡാം സ്ഥിതി ചെയ്യുന്നത് കേരളത്തിലാണെങ്കിലും കേരളം തമിഴ്നാടിന് ജലം നൽകണമെന്നും ഇതിന്റെ പരിപാലനത്തിന്റെ പൂർണ്ണ ചുമതല തമിഴ്നാടിനാണെന്നുമാണ്. 126 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമിന്റെ നിർമ്മാണ സാമഗ്രികൾക്ക് കാലപ്പഴക്കം കാരണം ബലക്ഷയം സംഭവിച്ചിട്ടുണ്ട്. കൂടാതെ സ്വീപ്പേജ് കാരണം ഡാമിന്റെ ഉൾഭാഗത്തുനിന്നും ചുണ്ണാമ്പ് ഒലിച്ചുപോയിട്ടുണ്ട്. ഡാം ബലപ്പെടുത്തുന്നതിന്റെ ഭാഗമായി കോൺക്രീറ്റ് ബാക്കിംഗ് ചെയ്തുവെങ്കിലും രണ്ടും വ്യത്യസ്ത നിർമ്മാണവസ്തുക്കൾ കൊണ്ട് നിർമ്മിച്ചിരിക്കുന്നതിനാൽ രണ്ട് വ്യത്യസ്ത യൂണിറ്റുകളായി മാത്രമേ കണക്കാക്കാൻ പറ്റുകയുള്ളൂ എന്നതിനാൽ ബലപ്പെടുത്തുന്നതിന്റെ ഭാഗമായി ചെയ്യുന്ന പ്രവൃത്തികൾ ഭൂകമ്പത്തെ അതിജീവിക്കാൻ സഹായിക്കില്ല. 126 വർഷം പഴക്കമുള്ള ഡാമിന്റെ സുരക്ഷയെ സംബന്ധിച്ച ആശങ്കയുള്ളതിനാൽ കേരളത്തിന്റെ ആവശ്യകത കണക്കിലെടുത്ത് തമിഴ്നാടിന്റെ അനുമതിയോടെ പുതിയ ഡാം നിർമ്മിക്കുവാനുള്ള നിർദ്ദേശം ബഹു.

സുപ്രീം കോടതി പുറപ്പെടുവിച്ച അസ്സൽ അന്യായം 3/2006-ലെ 07-05-2014-ലെ വിധിന്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. നിലവിൽ മുല്ലപ്പെരിയാറിൽനിന്നും തമിഴ്നാടിന് നൽകിക്കൊണ്ടിരിക്കുന്ന ജലത്തിന്റെ അളവിൽ കുറവ് വരാത്ത വിധത്തിലും കേരളത്തിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്ന രീതിയിലുമാണ് പുതിയ ഡാം നിർമ്മിക്കുന്നതിനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നത്. ഇതുസംബന്ധിച്ച് കേരള-തമിഴ്നാട് മുഖ്യമന്ത്രി തലത്തിലും സെക്രട്ടറി തലത്തിലും കൂടുതൽ ചർച്ചകൾ നടത്തുകയും ഇരുകൂട്ടർക്കും സ്വീകാര്യമായ തരത്തിൽ ധാരണയുണ്ടാക്കുകയും പുതിയ ഡാം നിർമ്മിക്കുവാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. പുതിയ ഡാം നിർമ്മിക്കുന്നതിന്റെ ഭാഗമായി ഡാമിന്റെ രൂപകല്പന പുതുക്കി തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ 30 മുതൽ 50 വർഷം വരെ പഴക്കമുള്ള എല്ലാ അണക്കെട്ടുകളും ഡീക്കമ്മീഷൻ ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നത് കണക്കിലെടുത്ത് മുല്ലപ്പെരിയാർ അണക്കെട്ട് വിഷയം സംബന്ധിച്ച സർക്കാർ നിലപാട് അറിയിക്കാമോ?

126 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ അണക്കെട്ട് ഭൂചലന തീവ്രത കൂടിയ മേഖലയിൽ ആയതിനാലും ചുണ്ണാമ്പ് സുർക്കി മിശ്രിതത്തിൽ നിർമ്മിച്ചതിനാലും നിലവിലുള്ള കാലാവസ്ഥാ വ്യതിയാനത്തിന്റെ സാഹചര്യത്തിലും അണക്കെട്ടിന്റെ സുരക്ഷയെ സംബന്ധിച്ച് കേരളത്തിലെ ജനങ്ങൾക്ക് ആശങ്ക നിലനിൽക്കുന്നതിനാലും പുതിയ അണക്കെട്ട് നിർമ്മിക്കുന്നത് സംബന്ധിച്ച് കേരളം തമിഴ്നാടുമായി മുഖ്യമന്ത്രിതലത്തിലും സെക്രട്ടറി തലത്തിലും ചർച്ച നടത്തുന്നതാണ്.

(സി) സംസ്ഥാനം ഒട്ടാകെ ഭൂകമ്പ അപകട സാധ്യത സോൺ -3-ൽ ഉൾപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ഇത്രയേറെ പഴക്കമുള്ള മുല്ലപ്പെരിയാർ അണക്കെട്ട് നിലനിർത്തുന്ന നടപടി പുനഃപരിശോധിക്കുമോ എന്നറിയിക്കാമോ?

126 വർഷം പഴക്കമുള്ള ഡാമിന്റെ സുരക്ഷയെ സംബന്ധിച്ച ആശങ്കയുള്ളതിനാൽ കേരളത്തിന്റെ ആവശ്യകത കണക്കിലെടുത്ത് തമിഴ്നാടിന്റെ അനുമതിയോടെ പുതിയ ഡാം നിർമ്മിക്കുവാനുള്ള നിർദ്ദേശം സുപ്രീം കോടതി പുറപ്പെടുവിച്ച അസ്സൽ അന്യായം 3/2006-ലെ 7-5-2014-ലെ വിധിന്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. നിലവിൽ മുല്ലപ്പെരിയാറിൽനിന്നും തമിഴ്നാടിന് നൽകിക്കൊണ്ടിരിക്കുന്ന ജലത്തിന്റെ അളവിൽ കുറവ് വരാത്ത വിധത്തിലും കേരളത്തിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്ന വിധത്തിലുമാണ് പുതിയ

അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നത്. ഇതുസംബന്ധിച്ച് കേരള-തമിഴ്നാട് ബഹു. മുഖ്യമന്ത്രി തലത്തിലും സെക്രട്ടറി തലത്തിലും കൂടുതൽ ചർച്ചകൾ നടത്തുകയും ഇരുകൂട്ടർക്കും സ്വീകാര്യമായ തരത്തിൽ ധാരണയുണ്ടാക്കുകയും പുതിയ അണക്കെട്ട് നിർമ്മിക്കുവാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

### മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ്

158 (6096) ഡോ. എം. കെ. മുനീർ:

ശ്രീ. കെ. പി. എ. മജീദ്

ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് എത്ര അടിയായി നിജപ്പെടുത്തണമെന്നത് സംബന്ധിച്ച് സംസ്ഥാനത്തിന്റെ നിലപാട് അറിയിക്കാമോ?

മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് നിജപ്പെടുത്തുന്നത് സംബന്ധിച്ച് കേരളം തയ്യാറാക്കി കേന്ദ്ര ജലകമ്മീഷന് സമർപ്പിച്ച റൂൾ കർവ്വിൽ ജൂൺ 1 മുതൽ നവംബർ 30 വരെ കേരളം നിർദ്ദേശിച്ച അപ്പർ റൂൾ ലെവൽ ചുവടെ ചേർക്കും പ്രകാരമാണ്.

| തീയതി | കേരളം നിർദ്ദേശിച്ച റൂൾ ലെവൽ (അടി) |
|---|---|
| ജൂൺ 1 മുതൽ<br>ഒക്ടോബർ 31 വരെ | 136 |
| നവംബർ 10 | 138.3 |
| നവംബർ 20 | 139.6 |
| നവംബർ 30 | 140 |

(ബി) പ്രസ്തുത വിഷയത്തിൽ മേൽനോട്ട സമിതിയുടെ അഭിപ്രായം സംസ്ഥാനം അംഗീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

അംഗീകരിച്ചിട്ടില്ല.

(സി) ജനങ്ങളുടെ ആശങ്ക അകറ്റുന്നതിന് പുതിയ ഡാം വേണമെന്ന നിർദ്ദേശം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മുല്ലപ്പെരിയാറിന്റെ സുരക്ഷ കണക്കിലെടുത്ത് പുതിയ അണക്കെട്ട് നിർമ്മിക്കണമെന്നുതന്നെയാണ് സർക്കാർ നിലപാട്. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് നിലവിലെ നിയമങ്ങൾ പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയും തമിഴ്നാടിന്റെ സമ്മതവും സുപ്രീം കോടതിയുടെ അനുമതിയും ആവശ്യമാണ്. പുതിയ അണക്കെട്ടിന്റെ പരിസ്ഥിതി ആഘാത പഠനം (EIA) നടത്തുന്നതിന്റെ ഭാഗമായി പരിസ്ഥിതി ആഘാത പഠനത്തിന്റെ Terms of Reference (ToR) 2015-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് നൽകിയത്. 2018 നവംബർ 14-ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നിബന്ധനകളോടെ അംഗീകാരം നൽകുകയുണ്ടായി. ഈ നിബന്ധനകൾ അനുസരിച്ച് പരിസ്ഥിതി ആഘാത പഠനം പുരോഗമിച്ചുവരുന്നു. പുതിയ അണക്കെട്ടിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് മുൻപായി Environmental Clearance, Forest Clearance മുതലായ നിയമപ്രകാരമുള്ള മാനദണ്ഡങ്ങളനുസരിച്ചുള്ള സാക്ഷ്യപ്പെടുത്തലുകളും തമിഴ്നാടിന്റെ സമ്മതവും ആവശ്യമാണ്. നിലവിലെ ബഹു. സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയ അണക്കെട്ടിനാവശ്യമായ സംഭരണശേഷിയും അണക്കെട്ടിന്റെ താഴ്ഭാഗത്തെ പുഴയുടെ വാഹകശേഷിയും കണക്കിലെടുത്ത് പുതിയ അണക്കെട്ടിന്റെ രൂപകല്പനയ്ക്കായി പരിഗണിക്കേണ്ട Full Reservoir Level(FRL), Maximum Water Level (MWL) എന്നിവ കണക്കാക്കി ബഹു. സുപ്രീം കോടതിയിൽ കേരളം സ്വീകരിച്ചിട്ടുള്ള നിലപാടുകൾക്ക് അനുസൃതമായി പുനർ രൂപകൽപ്പന ചെയ്യുന്നതാണ്. കൂടാതെ പുതിയ അണക്കെട്ട് പെരിയാർ വന്യജീവി സങ്കേതത്തിലായതിനാൽ പദ്ധതി നടപ്പിലാക്കുവാൻ പാരിസ്ഥിതികാനുമതി (Environmental Clearance) ആവശ്യമാണ്. പാരിസ്ഥിതികാനുമതി ലഭിക്കണമെങ്കിൽ പരിസ്ഥിതി ആഘാത പഠനം നടത്തേണ്ടതുണ്ട്. വന്യജീവി സങ്കേതത്തിനുള്ളിൽ പരിസ്ഥിതി ആഘാത പഠനം നടത്തുവാൻ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണ്. 26-3-2015-ലെ സ.ഉ(സാ.ധാ) നമ്പർ 221/2015/ജ.വി.വ. പ്രകാരം മുല്ലപ്പെരിയാറിന്റെ പരിസ്ഥിതി ആഘാത പഠനം പ്രഗതി ലാബ്സ് പ്രൈവറ്റ് ലിമിറ്റഡിനെ ഏൽപ്പിക്കുകയുണ്ടായി. പരിസ്ഥിതി ആഘാത പഠനത്തിനായി പെരിയാർ ടൈഗർ റിസർവോയറിലേയ്ക്ക് പ്രവേശിക്കാനുള്ള അനുമതിക്ക് കേരള ചീഫ് വൈൽഡ് ലൈഫ് വാർഡൻ 17-8-2018 തീയതിയിൽ അപേക്ഷിക്കുകയും ആയതിന് 20-4-2019-ൽ അനുമതി ലഭിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് ജൂലൈ 2019-ൽ കൺസൾട്ടന്റ് പഠനം ആരംഭിച്ചു. പരിസ്ഥിതി ആഘാത പഠനത്തിന്റെ ഭാഗമായി കൺസൾട്ടന്റ് രണ്ട് സീസണുകളുടെ ബേസ് ലൈൻ ഡാറ്റാ കളക്ഷൻ പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നാം സീസണിന്റെ പഠനം പുരോഗമിച്ചുവരുന്നു. കൂടാതെ ഡ്രാഫ്റ്റ് പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് ഉടൻതന്നെ സമർപ്പിക്കുമെന്ന്

കൺസൾട്ടന്റ് അറിയിച്ചിട്ടുമുണ്ട്. പരിസ്ഥിതി ആഘാതപഠനവുമായി ബന്ധപ്പെട്ട് കേന്ദ്ര ജല കമ്മീഷന്റെ നിലവിലുള്ള മാർഗ്ഗരേഖ പ്രകാരം മുല്ലപ്പെരിയാർ ഡാമിന്റെ ഡി.പി.ആർ. പുതുക്കുന്നതിനായി 12-2-2021-ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ(സാ.ധാ) 102/2021 ജ.വി.വ പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

## മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സ്പിൽവേ ഷട്ടറുകൾ തുറക്കുന്നതിന് നടപടി

159 (6097) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിരപ്പ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 29-10-2021-ന് രാവിലെ മുതൽ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സ്പിൽവേ ഷട്ടറുകൾ വഴി വെള്ളം തുറന്നുവിടാൻ തമിഴ്നാട് സമ്മതിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. കാലാവസ്ഥാ കേന്ദ്രത്തിന്റെ മുന്നറിയിപ്പ് കണക്കിലെടുത്ത് 16-10-2021 മുതൽ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ പ്രവർത്തനം മണിക്കൂർ അടിസ്ഥാനത്തിൽ വിലയിരുത്തുകയും തമിഴ്നാടുമായി ആശയവിനിമയം നടത്തി വരികയുംചെയ്യുന്നു. സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ച് അധികജലം പുറത്തേയ്ക്ക് ഒഴുക്കേണ്ട സാഹചര്യമുണ്ടായാൽ കുറഞ്ഞത് 24 മണിക്കൂർ മുൻപുതന്നെ അറിയിപ്പ് ലഭ്യമാക്കാൻ തമിഴ്നാട് സർക്കാരിനോടും ബന്ധപ്പെട്ട ഉദ്യോഗസ്ഥരോടും ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുവാൻ ബഹു. മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയും ചെയ്തു. ഇതിൻപ്രകാരം ജലനിരപ്പ് ക്രമീകരിക്കുന്നതിന്റെ ഭാഗമായി മുല്ലപ്പെരിയാറിൽനിന്നും തമിഴ്നാട്ടിലേയ്ക്ക് ടണൽ വഴി കൊണ്ടുപോകുന്ന ജലത്തിന്റെ അളവ് 1300 ക്യൂസെക്സ് എന്നത് 17-10-2021-ന് വൈകിട്ട് 5 മണിയോടെ 1867 ക്യൂസെക്സ് എന്ന അളവിലേയ്ക്ക് വർദ്ധിപ്പിച്ചു. 23-10-2021 -ൽ ജലനിരപ്പ് 136 അടിയിൽ എത്തിയപ്പോൾ തമിഴ്നാട് ഒന്നാം മുന്നറിയിപ്പ് സന്ദേശം ലഭ്യമാക്കി. തുടർന്ന് 28-10-2021 തീയതിയിൽ ജലനിരപ്പ് 138 അടിയായി ഉയർന്നപ്പോൾ തമിഴ്നാട് രണ്ടാം മുന്നറിയിപ്പ് ലഭ്യമാക്കി. തുടർന്ന് 29-10-2021 തീയതി രാവിലെ 7 മണിക്ക് രണ്ട് ഷട്ടറുകൾ ഉയർത്തി അധിക ജലം പുറത്തേയ്ക്ക് ഒഴുക്കുമെന്ന്

തമിഴ്നാടിന്റെ മുന്നറിയിപ്പ് ലഭിച്ചു. അതിൻപ്രകാരം ജനങ്ങളെ മാറ്റി പാർപ്പിക്കുന്നതുൾപ്പെടെയുള്ള നടപടികൾ കേരളം സ്വീകരിച്ചു. മേൽ അറിയിപ്പിൻ പ്രകാരം 29-10-2021 -ന് രാവിലെ 7.30 മണിയോടുകൂടി 2 ഷട്ടറുകൾ 1 അടി വീതം ഉയർത്തുകയും ഏകദേശം 538 ക്യൂസെക്സ് ജലം പുറത്തേയ്ക്ക് ഒഴുക്കാനും ആരംഭിച്ചു. തമിഴ്നാട് തയ്യാറാക്കിയ പ്രകാരമുള്ള റൂൾകർവ്വിനുള്ളിലേയ്ക്ക് ജലനിരപ്പ് ക്രമീകരിക്കുന്നതിന്റെ ഭാഗമായി കേരളം ആവശ്യപ്പെട്ട പ്രകാരം 29-10-2021 രാത്രി 9 മണിയോടുകൂടി സ്പിൽവേ വഴി ഒഴുക്കുന്ന ജലത്തിന്റെ അളവ് വർദ്ധിപ്പിച്ച് 825 ക്യൂസെക്സ് ആക്കുകയും ടണൽ വഴി കൊണ്ടുപോകുന്ന ജലത്തിന്റെ അളവ് 2335 ക്യൂസെക്സാക്കി വർദ്ധിപ്പിക്കുകയും ചെയ്തു. എന്നിരുന്നാലും ശക്തമായ നീരൊഴുക്കുണ്ടായിരുന്നതിനാൽ 30-10-2021-ൽ രാവിലെ 6 മണിക്ക് ജലനിരപ്പ് 138.85 അടിയായി ഉയരുകയും തുടർന്ന് ഒരു ഷട്ടറും കൂടി ഉയർത്തി സ്പിൽവേ വഴി ഒഴുക്കുന്ന ജലത്തിന്റെ അളവ് 1675 ക്യൂസെക്സ് ആയി വർദ്ധിപ്പിക്കുമെന്ന് തമിഴ്നാട് മുന്നറിയിപ്പ് നൽകുകയും അതിൻ പ്രകാരം 30-10-2021 രാവിലെ 11 മണിയോടെ മൂന്ന് ഷട്ടറുകൾ 70 സെ.മീ. വീതം ഉയർത്തി ജലം പുറത്തേയ്ക്കൊഴുക്കാനും തുടങ്ങി. ടണൽ വഴി കൊണ്ടുപോകുന്ന ജലത്തിന്റെ അളവ് 2340 ക്യൂസെക്സ് ആയി വർദ്ധിപ്പിക്കുകയും ചെയ്തു. ജലനിരപ്പ് 138.95 അടിയിൽത്തന്നെ തുടർന്ന സാഹചര്യത്തിൽ മൂന്ന് ഷട്ടറുകൾകൂടി 40 സെ.മീ. വീതം ഉയർത്തുമെന്ന് മുന്നറിയിപ്പ് ലഭിക്കുകയും അതനുസരിച്ച് 30-10-2021 വൈകിട്ട് 4 മണിയോടുകൂടി ആകെ 6 ഷട്ടറുകളിലൂടെയായി 2974 ക്യൂസെക്സ് ജലം പുറത്തേയ്ക്ക് ഒഴുക്കാനും തുടങ്ങി. 30-10-2021 വൈകിട്ട് 4 മണിക്ക് ജലനിരപ്പ് 138.95 അടിയായിരുന്നു. എന്നാൽ തമിഴ്നാട് തയ്യാറാക്കിയ റൂൾകർവ് പ്രകാരം ജലനിരപ്പ് 138 അടിയിൽ ക്രമീകരിക്കേണ്ടതിനാൽ സ്പിൽവേയിൽ കൂടി അധികജലം ക്രമേണ പുറത്തേയ്ക്ക് ഒഴുക്കണമെന്ന് വീണ്ടും തമിഴ്നാടിനോടും തമിഴ്നാടിന് ഇതുസംബന്ധിച്ച ആവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ മേൽനോട്ട സമിതി ചെയർമാനോടും 30-10-2021 -ൽ കേരളം ആവശ്യപ്പെടുകയുണ്ടായി. 31-10-2021 -ന് രാവിലെ 6 മണിയോടുകൂടി ജലനിരപ്പ് 138.80 അടിയായി കുറഞ്ഞു. 31-10-2021-ന് രാവിലെ 11.00 മണിക്ക് ജലനിരപ്പ് 138.7 അടിയായി നിലനിന്നിരുന്നതിനാലും തമിഴ്നാട് തയ്യാറാക്കിയ റൂൾകർവ് പ്രകാരം ഒക്ടോബർ മാസത്തിലെ അവസാന ദിവസം 138 അടിയായി ക്രമീകരിക്കേണ്ടതിനാലും അണക്കെട്ടിൽനിന്നും കൂടുതൽ ജലം കൊണ്ടുപോകണമെന്ന് 31-10-2021-ൽ തമിഴ്നാടിനോടും ഇതുമായി ബന്ധപ്പെട്ട് തമിഴ്നാടിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ മേൽനോട്ട സമിതി ചെയർമാനോടും വീണ്ടും ആവശ്യപ്പെടുകയുണ്ടായി. ഇതിനെ തുടർന്ന് ടണൽ വഴി കൊണ്ടുപോകുന്ന ജലത്തിന്റെ അളവ് 2350 ക്യൂസെക്സ് ആയി ഉയർത്തുകയും തുടർന്ന് 31-10-2021 വൈകിട്ട് 5 മണിയോടുകൂടി ജലനിരപ്പ് 138.60 അടിയായി

കുറയുകയും ചെയ്തു. 2-11-2021-ന് വൈകുന്നേരം ജലനിരപ്പ് കുറഞ്ഞതുകാരണം ഒരു ഷട്ടർ ഒഴികെ ബാക്കിയെല്ലാം അടച്ചു. എന്നാൽ 3-11-2021-ൽ വീണ്ടും ഷട്ടറുകൾ ഉയർത്തുകയും കൂടുതൽ ജലം ഒഴുക്കി കളയുകയും ചെയ്തു. 3-11-2021 അഞ്ചുമണിക്ക് ജലം 138.85 അടിയാണ്.

(സി) പരമാവധി വെള്ളം ഉപയോഗിച്ച ശേഷം കേരളത്തിലേയ്ക്ക് വെള്ളം ക്രമേണയായി വിട്ടുനൽകണമെന്ന് തമിഴ്നാടിനോട് കേരളം അഭ്യർത്ഥിച്ചിരുന്നോ; അറിയിക്കാമോ?

അഭ്യർത്ഥിച്ചിരുന്നു.

(ഡി) ഇതുമായി ബന്ധപ്പെട്ട് 35 കിലോമീറ്റർ അകലെയുള്ള ഇടുക്കി റിസർവോയർ വരെ താഴെ ഇരുകരകളിലും താമസിക്കുന്ന കുടുംബങ്ങളെ ഒഴിപ്പിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

മുല്ലപ്പെരിയാർ അണക്കെട്ടിൽനിന്നും ജലം തുറന്നുവിടുന്ന സാഹചര്യത്തിൽ ഈ ജലം ഒഴുകി പോകുന്ന പെരിയാറിന്റെ ഇരു കരകളിലുമുള്ളവരെ മുൻകൂറായി മാറ്റിപ്പാർപ്പിക്കാനുള്ള നടപടികൾ ദുരന്തനിവാരണ വകുപ്പ് സ്വീകരിച്ചിരുന്നു. അണക്കെട്ട് തുറക്കുന്ന സാഹചര്യം മുൻകൂട്ടി കണ്ട് ജലവിഭവ വകുപ്പുമന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും റവന്യൂ സംഘവും സ്ഥലത്ത് ക്യാമ്പ് ചെയ്ത് കാര്യങ്ങൾ നിയന്ത്രിക്കുകയുണ്ടായി.

**മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ഘടനാപരമായ ബലക്ഷയം**

160 (6098) ശ്രീ. എം. എം. മണി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന് ഘടനാപരമായ ബലക്ഷയമുണ്ടെന്ന ഐക്യരാഷ്ട്ര സംഘടനയുടെ പഠന റിപ്പോർട്ട് കേരളത്തിലെ ജനങ്ങളിൽ സൃഷ്ടിച്ചിട്ടുള്ള ആശങ്ക കണക്കിലെടുത്ത് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഐക്യരാഷ്ട്ര സംഘടനയുടെ "Ageing Water Storage Infrastructure: An Emerging Global Risk" എന്ന പഠനറിപ്പോർട്ടിൽ മുല്ലപ്പെരിയാർ അണക്കെട്ടിന് ഘടനാപരമായ ബലക്ഷയമുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 27-10-2021-ൽ

WP(സി) No.880/2020-ന്മേൽ വാദംകേട്ട ബഹു. സുപ്രീംകോടതി 27-10-2021-ൽ നൽകിയ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്റ്റാൻഡിംഗ് കൗൺസിലിന് സമർപ്പിച്ച റിപ്പോർട്ടിൽ കേരളം ഈ വിഷയം സൂചിപ്പിക്കുകയും ആയത് സുപ്രീംകോടതിയിൽ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) മുല്ലപ്പെരിയാർ വിഷയവുമായി ബന്ധപ്പെട്ട ഉന്നതതല സമിതിയുടെ പ്രവർത്തനം സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും വേണ്ട പരിഗണന നൽകുന്ന വിധത്തിലല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(സി) പ്രസ്തുത പ്രശ്നം രമ്യമായി പരിഹരിക്കാൻ സർക്കാർ നടത്തുന്ന ശ്രമത്തെക്കുറിച്ച് അറിയിക്കാമോ; പുതിയ അണക്കെട്ട് നിർമ്മിക്കാൻ അനുമതി നൽകണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തോടുള്ള കേന്ദ്ര സർക്കാരിന്റെ പ്രതികരണം എന്താണെന്ന് അറിയിക്കാമോ?

പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന്റെ ഭാഗമായി പരിസ്ഥിതി ആഘാത പഠനത്തിനുള്ള പരിഗണനാ വിഷയങ്ങൾക്കുള്ള അംഗീകാരം 2018 നവംബർ 14-ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നിബന്ധനകളോടുകൂടി നൽകുകയുണ്ടായി. ഈ അംഗീകാരത്തിന്റെ വെളിച്ചത്തിൽ പരിസ്ഥിതി ആഘാത പഠനം നടത്തിവരുന്നു. പുതിയ അണക്കെട്ടിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് മുൻപായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെയും കേന്ദ്ര വനം വകുപ്പിന്റെയും തമിഴ്നാട് സർക്കാരിന്റെയും അനുമതി ആവശ്യമാണ്.

(ഡി) ആവർത്തിച്ചുണ്ടാകുന്ന അതിതീവ്ര മഴക്കെടുതിയുടെ പശ്ചാത്തലത്തിൽ ഇന്റഗ്രേറ്റഡ് കമാൻഡ് ആൻഡ് കൺട്രോൾ സെന്റർ രൂപീകരിക്കാനുള്ള നടപടിയുടെ പുരോഗതി അറിയിക്കാമോ?

കേരള സർക്കാരിന്റെ പ്രളയാനന്തര പുനരുദ്ധാരണ പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിട്ടുള്ള കേരള ജലവിഭവ വിവര സംവിധാനം (Kerala Water Resources Information System- Kerala WRIS) വേഗത്തിൽ നടപ്പിലാക്കുന്നതിനും വിവിധ വകുപ്പുകളിൽനിന്നുമുള്ള സുഗമമായ വിവരശേഖരണത്തിനും വകുപ്പിന്റെ പ്രവർത്തനവും ആസൂത്രണവും മെച്ചപ്പെടുത്തുന്നതിനുംവേണ്ടി ഒരു സംയോജിത നിർദ്ദേശ നിയന്ത്രണ കേന്ദ്രം (Integrated Command Control Centre) സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. Kerala Water Resources Information System-നുപുറമെ പ്രളയം, വരൾച്ച തുടങ്ങിയ ജലവുമായി ബന്ധപ്പെട്ട

ദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കുന്നതിനുവേണ്ടി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന "പ്രളയപ്രവചനവും മുന്നറിയിപ്പ് സംവിധാനവും" (Flood Forecasting and Early Warning System-FFWEWS) ജലസംഭരണികളുടെ സംയോജിത പ്രവർത്തനവും മാനേജ്മെന്റും (Integrated Reservoir Operation and Management) എന്നിവയുടെ പ്രവർത്തനങ്ങളും ഈ സംയോജിത നിർദ്ദേശ നിയന്ത്രണ കേന്ദ്രത്തിലൂടെ ഒരു കുടക്കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള തിരുവനന്തപുരത്തെ ജലവിജ്ഞാന ഭവനിൽ ഈ സംയോജിത നിർദ്ദേശ നിയന്ത്രണ കേന്ദ്രം (Integrated Command Control Centre- ICCC) സ്ഥാപിക്കുന്നതിനുള്ള നവീകരണ പ്രവൃത്തികൾ പൂർത്തിയായിവരുന്നു.

## മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്

161 (6099) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് പണിയുന്നത് സംബന്ധിച്ച തീരുമാനം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(എ&ബി) മുല്ലപ്പെരിയാറിന്റെ സുരക്ഷ കണക്കിലെടുത്ത് പുതിയ അണക്കെട്ട് നിർമ്മിക്കണമെന്നതുതന്നെയാണ് സർക്കാരിന്റെ നിലപാട്. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് നിലവിലെ നിയമങ്ങൾ പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയും തമിഴ്നാടിന്റെ സമ്മതവും സുപ്രീംകോടതിയുടെ അനുമതിയും ആവശ്യമാണ്. പുതിയ അണക്കെട്ടിന്റെ പരിസ്ഥിതി ആഘാത പഠനം (EIA) നടത്തുന്നതിന്റെ ഭാഗമായി പരിസ്ഥിതി ആഘാത പഠനത്തിന്റെ Terms of Reference (ToR) 2015-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് നൽകുകയും 2018 നവംബർ 14-ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നിബന്ധനകളോടെ അംഗീകാരം നൽകുകയുമുണ്ടായി. ഈ നിബന്ധനകൾ അനുസരിച്ച് പരിസ്ഥിതി ആഘാത പഠനം പുരോഗമിച്ചുവരുന്നു. പുതിയ അണക്കെട്ടിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് മുൻപായി Environmental Clearance, Forest Clearance മുതലായ നിയമപ്രകാരമുള്ള മാനദണ്ഡങ്ങളനുസരിച്ചുള്ള സാക്ഷ്യപ്പെടുത്തലുകളും

തമിഴ്നാടിന്റെ സമ്മതവും ആവശ്യമാണ്. നിലവിലെ ബഹു. സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയ അണക്കെട്ടിനാവശ്യമായ സംഭരണശേഷിയും അണക്കെട്ടിന്റെ താഴ്ഭാഗത്തെ പുഴയുടെ വാഹകശേഷിയും കണക്കിലെടുത്ത് പുതിയ അണക്കെട്ടിന്റെ രൂപകല്പനയ്ക്കായി പരിഗണിക്കേണ്ട Full Reservoir Level (FRL), Maximum Water Level (MWL) എന്നിവ കണക്കാക്കി ബഹു. സുപ്രീംകോടതിയിൽ കേരളം സ്വീകരിച്ചിട്ടുള്ള നിലപാടുകൾക്ക് അനുസൃതമായി പുനർ രൂപകൽപ്പന ചെയ്യുന്നതാണ്. കൂടാതെ പുതിയ അണക്കെട്ട് പെരിയാർ വന്യജീവി സങ്കേതത്തിലായതിനാൽ പദ്ധതി നടപ്പിലാക്കുവാൻ പാരിസ്ഥിതികാനുമതി (Environmental Clearance) ആവശ്യമാണ്. പാരിസ്ഥിതികാനുമതി ലഭിക്കണമെങ്കിൽ പരിസ്ഥിതി ആഘാത പഠനം നടത്തേണ്ടതുണ്ട്. വന്യജീവി സങ്കേതത്തിനുള്ളിൽ പരിസ്ഥിതി ആഘാത പഠനം നടത്തുവാൻ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണ്. 26-3-2015-ലെ സ.ഉ(സാ.ധാ) നമ്പർ 221/2015/ജ.വി.വ പ്രകാരം മുല്ലപ്പെരിയാറിന്റെ പരിസ്ഥിതി ആഘാത പഠനം പ്രഗതി ലാബ്സ് പ്രൈവറ്റ് ലിമിറ്റഡിനെ ഏൽപ്പിക്കുകയുണ്ടായി. പരിസ്ഥിതി ആഘാത പഠനത്തിനായി പെരിയാർ ടൈഗർ റിസർവോയറിലേയ്ക്ക് പ്രവേശിക്കാനുള്ള അനുമതിക്ക് കേരള ചീഫ് വൈൽഡ് ലൈഫ് വാർഡന് 17-8-2018-ൽ അപേക്ഷ സമർപ്പിക്കുകയും ആയതിന് 20-4-2019-ൽ അനുമതി ലഭിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് ജൂലൈ 2019-ൽ കൺസൾട്ടന്റ് പഠനം ആരംഭിച്ചു. പരിസ്ഥിതി ആഘാത പഠനത്തിന്റെ ഭാഗമായി കൺസൾട്ടന്റ് രണ്ട് സീസണുകളുടെ ബേസ് ലൈൻ ഡാറ്റാ കളക്ഷൻ പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നാം സീസണിന്റെ പഠനം പുരോഗമിച്ചുവരുന്നു. കൂടാതെ ഡ്രാഫ്റ്റ് പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് ഉടൻതന്നെ സമർപ്പിക്കുമെന്ന് കൺസൾട്ടന്റ് അറിയിച്ചിട്ടുമുണ്ട്. പരിസ്ഥിതി ആഘാത പഠനവുമായി ബന്ധപ്പെട്ട് കേന്ദ്ര ജല കമ്മീഷന്റെ നിലവിലുള്ള മാർഗ്ഗരേഖ പ്രകാരം മുല്ലപ്പെരിയാർ ഡാമിന്റെ ഡി.പി.ആർ. പുതുക്കുന്നതിനായി 12-2-2021-ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ(സാ.ധാ) 102/2021-ജ.വി.വ പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) സുപ്രീം കോടതിയുടെ ഇടക്കാല വിധി പ്രകാരം മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് എത്രയായിട്ടാണ് ക്ലിപ്തപ്പെടുത്തിയിരിക്കുന്നത്; ഇത് കേരളത്തെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത വിഷയത്തിന്മേൽ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(സി&ഡി) WP(സി) No.880/2020-ൽ 28-10-2021-ന് ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച വിധിയിൽ കേസ് ഇനി പരിഗണിക്കുന്ന 11-11-2021 വരെ എക്സ്പെർട്ട് കമ്മിറ്റി അനുവദിക്കുന്ന ജലനിരപ്പ് നിലനിർത്തണമെന്ന് സുപ്രീം കോടതി ഉത്തരവിട്ടു. മേൽനോട്ട സമിതി അംഗീകരിച്ച അപ്പർ റൂൾ ലെവൽ പ്രകാരം നവംബർ 10-ന് മുല്ലപ്പെരിയാറിൽ ക്രമീകരിക്കേണ്ട ഉയർന്ന ജലനിരപ്പ് 139.50 അടിയാണ്. കേരളം തമിഴ്നാടിന്റെ റൂൾ കർവ് ശക്തമായി എതിർക്കുന്നതായി കോടതിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. Empowered Committee-യുടെ 2012-ലെ റിപ്പോർട്ട് പ്രകാരം മുല്ലപ്പെരിയാർ അണക്കെട്ട് 142 അടി വരെ ഘടനാപരമായും ഭൂകമ്പപരമായും ജലശാസ്ത്രപരമായും സുരക്ഷിതമാണ്. അതുകൊണ്ട് മുല്ലപ്പെരിയാറിന്റെ സുരക്ഷയെ സംബന്ധിച്ച് ആശങ്കപ്പെടേണ്ട എന്നതാണ് സൂപ്പർവൈസറി കമ്മിറ്റി ചെയർമാന്റേയും തമിഴ്നാട് അംഗത്തിന്റെയും അഭിപ്രായം. കേരളം ഇതിനോട് വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിന്റെ വിയോജനക്കുറിപ്പ് സൂപ്പർവൈസറി കമ്മിറ്റിയുടെ തീരുമാനത്തിൽ ഉൾപ്പെടുത്തുവാൻ ആവശ്യപ്പെട്ടുവെങ്കിലും ആയത് 27-10-2021-ൽ കോടതിയിൽ ഫയൽ ചെയ്ത സത്യവാങ്മൂലത്തിൽ ഉൾപ്പെടുത്തിയില്ല. കേന്ദ്ര ജലകമ്മീഷനുമായി കൂടിയാലോചിച്ച് തമിഴ്നാട് തയ്യാറാക്കിയ റൂൾലെവൽ പാലിച്ചുകൊണ്ട് മുല്ലപ്പെരിയാറിന്റെ ജലനിരപ്പ് ക്രമീകരിക്കാവുന്നതാണെന്ന് മേൽനോട്ട സമിതി അഭിപ്രായപ്പെടുകയും റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുകയും ചെയ്തു. തമിഴ്നാട് തയ്യാറാക്കിയ റൂൾകർവിനെക്കുറിച്ചുള്ള അഭിപ്രായവ്യത്യാസവും അണക്കെട്ടിന്റെ കാലപ്പഴക്കവും കാലാവസ്ഥാ വ്യതിയാനങ്ങളും ഉൾപ്പെടുത്തി ഒരു കുറിപ്പ് തയ്യാറാക്കി സ്റ്റാൻഡിംഗ് കൗൺസിലിന് സമർപ്പിക്കുകയും ആയത് ബഹു. കോടതിയിൽ 27-10-2021-ന് സമർപ്പിച്ചിരിക്കുകയുമാണ്. റൂൾ കർവുമായി ബന്ധപ്പെട്ട അഫിഡവിറ്റ് 8-11-2021-ന് മുൻപായി ഫയൽ ചെയ്യാനും കേരളത്തിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരത്തിനായി തമിഴ്നാട് സർക്കാരുമായി മന്ത്രിതലത്തിലോ ഉദ്യോഗസ്ഥ തലത്തിലോ ചർച്ചകൾ നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

ഉണ്ട്. 25-9-2019-ൽ ഇരുസംസ്ഥാനങ്ങളിലെയും മുഖ്യമന്ത്രിതല ചർച്ചയിലും 12-12-2019-ൽ ആദ്യ സെക്രട്ടറിതല ചർച്ചയിലും 17-9-2021-ൽ നടന്ന മൂന്നാമത്തെ സെക്രട്ടറിതല ചർച്ചയിലും മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയെ സംബന്ധിച്ച ആശങ്കകൾ ആവർത്തിച്ച് അവതരിപ്പിക്കുകയും പുതിയ ഡാം പണിയുക എന്നുള്ളതാണ് ഈ പ്രശ്നത്തിനുള്ള ശാശ്വതപരിഹാരം എന്ന്

അറിയിക്കുകയും ചെയ്തിട്ടുണ്ട്. തമിഴ്നാട് ഉദ്യോഗസ്ഥർ ഈ വിഷയം രാഷ്ട്രീയ നേതാക്കളുമായി ചർച്ച ചെയ്യാമെന്ന് സമ്മതിക്കുകയും ഇതിന്റെ വെളിച്ചത്തിൽ 2021 ഡിസംബറിൽ കേരളവും തമിഴ്നാടും തമ്മിൽ മുഖ്യമന്ത്രി തലത്തിൽ ഒരു ചർച്ച നടത്താനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**മുല്ലപ്പെരിയാറിന്റെ സുരക്ഷ**

162 (6100) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ച് സോഷ്യൽ മീഡിയയിൽ ക്യാമ്പയിൻ ആരംഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സമാനമായ ക്യാമ്പയിനുകൾ സമൂഹത്തിൽ ആശങ്ക പടർത്തുന്നത് തടയാൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) ഉണ്ട്. ഇതുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രചാരണങ്ങൾക്ക് അടിസ്ഥാനമില്ലെന്നും വ്യാജപ്രചാരണം നടത്തുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയെ അറിയിച്ചിട്ടുണ്ട്. ഇതിനുപുറമെ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി മാധ്യമങ്ങളിലൂടെയും നേരിട്ടും ജനങ്ങളുടെ ആശങ്കയകറ്റാൻവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇടുക്കി റിസർവ്വോയറിന്റെ താഴെയുള്ള ഇരുകരകളിലും താമസിക്കുന്ന കുടുംബങ്ങൾക്ക് പ്രസ്തുത അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ചുള്ള ആശങ്കകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ബഹു. സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം മേൽനോട്ട സമിതി അംഗീകരിച്ച റൂൾകർവിലെ ജലനിരപ്പ് (ഒക്ടോബർ 31-138 അടി, നവംബർ 10 - 139.5 അടി) ക്രമീകരിക്കുവാനുള്ള നടപടി സ്വീകരിച്ചു. കാലാവസ്ഥാ കേന്ദ്രത്തിന്റെ മുന്നറിയിപ്പുകൾ കണക്കിലെടുത്ത് 16-10-2021 മുതൽ മുല്ലപ്പെരിയാർ ഡാമിന്റെ പ്രവർത്തനം മണിക്കൂർ അടിസ്ഥാനത്തിൽ വിലയിരുത്തുകയും തമിഴ്നാടുമായി ഉദ്യോഗസ്ഥതലത്തിലും സർക്കാർ തലത്തിലും ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനായി നിരന്തരം ആശയവിനിമയം നടത്തിവരികയും ചെയ്യുന്നു. ഇതനുസരിച്ച് തമിഴ്നാട് ടണൽ വഴി കൊണ്ടുപോകുന്ന ജലത്തിന്റെ അളവ് കൂട്ടുകയും ഡാമിന്റെ ജലനിരപ്പ് കോടതി നിർദ്ദേശിച്ച ജലനിരപ്പിൽ കൂടുതൽ ഉയരാതിരിക്കുവാൻ ഷട്ടർ തുറന്ന് ജലം പുറത്തേയ്ക്കൊഴുക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയരുന്ന

സാഹചര്യത്തിൽ അണക്കെട്ടിൽനിന്നും വെള്ളം ഒഴുക്കി വിട്ടാൽ പെരിയാറിന്റെ തീരത്തുള്ളവരെ ബാധിക്കുമെന്നതിനാൽ അണക്കെട്ടിന്റെ കരയിലുള്ളവരെ മാറ്റി പാർപ്പിക്കുവാൻ വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി) 2018-ലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ അണക്കെട്ടിലെ പരമാവധി ജലനിരപ്പ് കുറയ്ക്കണമെന്ന അപേക്ഷ സർക്കാർ സുപ്രീം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. WP(സി) No. 880/2020-മായി ബന്ധപ്പെട്ട് 27-10-2021-ന് ബഹു. സുപ്രീം കോടതി നൽകിയ നിർദ്ദേശത്തിനുമേൽ സ്റ്റാൻഡിംഗ് കൗൺസിലിന് കേരളം സമർപ്പിച്ച റിപ്പോർട്ടിൽ മുല്ലപ്പെരിയാറിലെ ജലനിരപ്പ് കുറയ്ക്കണം എന്നുൾപ്പെടെ കേരളത്തിന്റെ വാദങ്ങൾ സമർപ്പിക്കുകയും ആയത് സുപ്രീം കോടതിയിൽ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

**മുല്ലപ്പെരിയാർ ഡാം ഡീകമ്മീഷൻ**

163 (6101) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ജനങ്ങളുടെ സുരക്ഷയും തമിഴ്നാടിന് ജലവും ഉറപ്പാക്കുന്നതിനായി മുല്ലപ്പെരിയാർ ഡാം ഡീക്കമ്മീഷൻ ചെയ്ത് പുതിയ ഡാം നിർമ്മിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ?

മുല്ലപ്പെരിയാറിന്റെ സുരക്ഷ കണക്കിലെടുത്ത് പുതിയ അണക്കെട്ട് നിർമ്മിക്കണമെന്നുതന്നെയാണ് സർക്കാരിന്റെ നിലപാട്. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് നിലവിലെ നിയമങ്ങൾ പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയും തമിഴ്നാടിന്റെ സമ്മതവും സുപ്രീം കോടതിയുടെ അനുമതിയും ആവശ്യമാണ്. കേന്ദ്ര ജലകമ്മീഷൻ 1979-ൽ ദീർഘകാല ബലപ്പെടുത്തൽ നടപടികളുടെ ഭാഗമായി നിലവിലുള്ള മുല്ലപ്പെരിയാർ അണക്കെട്ടിന്റെ അധികം അകലെയല്ലാതെ ഒരു പുതിയ ഡാമിനുള്ള സ്ഥാനം കണ്ടെത്തുവാൻ നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് 20-12-1979-ൽ കേരളത്തിലെയും തമിഴ്നാട്ടിലെയും ഉദ്യോഗസ്ഥർ സംയുക്തമായി സ്ഥലം പരിശോധിക്കുകയും നിലവിലുള്ള അണക്കെട്ടിന് ഏകദേശം 366 മീറ്റർ താഴെയായി ഒരു പുതിയ അണക്കെട്ടിനുള്ള സ്ഥാനം കണ്ടെത്തുകയുമുണ്ടായി. പുതിയ അണക്കെട്ടിന്റെ പരിസ്ഥിതി ആഘാത പഠനം (EIA) നടത്തുന്നതിന്റെ ഭാഗമായി പരിസ്ഥിതി ആഘാത പഠനത്തിന്റെ Terms of Reference (ToR) 2015-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് നൽകിയത്. 2018 നവംബർ 14-ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നിബന്ധനകളോടെ അംഗീകാരം നൽകുകയുണ്ടായി. ഈ

നിബന്ധനകൾ അനുസരിച്ച് പരിസ്ഥിതി ആഘാത പഠനം പുരോഗമിച്ചുവരുന്നു. പുതിയ അണക്കെട്ടിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് മുൻപായി Environmental Clearance, Forest Clearance മുതലായ നിയമപ്രകാരമുള്ള മാനദണ്ഡങ്ങളനുസരിച്ചുള്ള സാക്ഷ്യപ്പെടുത്തലുകളും തമിഴ്നാടിന്റെ സമ്മതവും ആവശ്യമാണ്. നിലവിലെ ബഹു. സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയ അണക്കെട്ടിനാവശ്യമായ സംഭരണശേഷിയും അണക്കെട്ടിന്റെ താഴ്ഭാഗത്തെ പുഴയുടെ വാഹകശേഷിയും കണക്കിലെടുത്ത് പുതിയ അണക്കെട്ടിന്റെ രൂപകല്പനക്കായി പരിഗണിക്കേണ്ട Full Reservoir Level (FRL), Maximum Water Level (MWL) എന്നിവ കണക്കാക്കി ബഹു. സുപ്രീംകോടതിയിൽ കേരളം സ്വീകരിച്ചിട്ടുള്ള നിലപാടുകൾക്കനുസൃതമായി പുനർ രൂപകൽപ്പന ചെയ്യുന്നതാണ്. കൂടാതെ പുതിയ അണക്കെട്ട് പെരിയാർ വന്യജീവി സങ്കേതത്തിലായതിനാൽ പദ്ധതി നടപ്പിലാക്കുവാൻ പാരിസ്ഥിതികാനുമതി (Environmental Clearance) ആവശ്യമാണ്. പാരിസ്ഥിതികാനുമതി ലഭിക്കണമെങ്കിൽ പരിസ്ഥിതി ആഘാത പഠനം നടത്തേണ്ടതുണ്ട്. വന്യജീവി സങ്കേതത്തിനുള്ളിൽ പരിസ്ഥിതി ആഘാത പഠനം നടത്തുവാൻ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണ്. 26-3-2015-ലെ സ.ഉ (സാ.ധാ) നമ്പർ 221/2015/ജ.വി.വ. പ്രകാരം മുല്ലപ്പെരിയാറിന്റെ പരിസ്ഥിതി ആഘാത പഠനം പ്രഗതി ലാബ്സ് പ്രൈവറ്റ് ലിമിറ്റഡിനെ ഏൽപ്പിക്കുകയുണ്ടായി. പരിസ്ഥിതി ആഘാത പഠനത്തിനായി പെരിയാർ ടൈഗർ റിസർവോയറിലേയ്ക്ക് പ്രവേശിക്കാനുള്ള അനുമതിക്ക് കേരള ചീഫ് വൈൽഡ് ലൈഫ് വാർഡന് 17-8-2018 -ൽ അപേക്ഷ സമർപ്പിക്കുകയും ആയതിന് 20-4-2019-ൽ അനുമതി ലഭിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് ജൂലൈ 2019-ൽ കൺസൾട്ടന്റ് പഠനം ആരംഭിച്ചു. പരിസ്ഥിതി ആഘാത പഠനത്തിന്റെ ഭാഗമായി കൺസൾട്ടന്റ് രണ്ട് സീസണുകളുടെ ബേസ് ലൈൻ ഡാറ്റാ കളക്ഷൻ പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നാം സീസണിന്റെ പഠനം പുരോഗമിച്ചുവരുന്നു. കൂടാതെ ഡ്രാഫ്റ്റ് പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് ഉടൻതന്നെ സമർപ്പിക്കുമെന്ന് കൺസൾട്ടന്റ് അറിയിച്ചിട്ടുമുണ്ട്. പരിസ്ഥിതി ആഘാത പഠനവുമായി ബന്ധപ്പെട്ട് കേന്ദ്ര ജല കമ്മീഷന്റെ നിലവിലുള്ള മാർഗ്ഗരേഖ പ്രകാരം മുല്ലപ്പെരിയാർ ഡാമിന്റെ ഡി.പി.ആർ. പുതുക്കുന്നതിനായി 12-2-2021-ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ(സാ.ധാ) 102/2021 ജ.വി.വ പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

**മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ**

164 (6102) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

126 വർഷം പഴക്കമുള്ളതും സുർക്കി ഉപയോഗിച്ച് നിർമ്മിച്ചതുമായ മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധിച്ച ആശങ്ക കേന്ദ്ര സർക്കാരിനെയും

സുപ്രീംകോടതിയെയും ബോധ്യപ്പെടുത്തി മുല്ലപ്പെരിയാർ ഡാം ഡീകമ്മീഷൻ ചെയ്യുന്നതിനും പുതിയ ഡാം നിർമ്മിച്ച് തമിഴ്നാടിന് ജലം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

1895-ൽ നിർമ്മിച്ച മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയും അണക്കെട്ടിന്റെ കീഴ്ഭാഗങ്ങളിൽ വസിക്കുന്ന ജനങ്ങളുടെ ജീവന്റെ സുരക്ഷിതത്വവും ഉറപ്പ് വരുത്തുവാനായി പുതിയ ഡാം ആണ് ഏക പോം വഴിയെന്ന് കേരളം കേന്ദ്ര സർക്കാരിനേയും ബഹു. സുപ്രീം കോടതിയേയും അറിയിച്ചിരുന്നു. തുടർന്ന് മുല്ലപ്പെരിയാർ പുതിയ ഡാമിന്റെ വിശദമായ പദ്ധതി രേഖ കേരളം ബഹു. സുപ്രീം കോടതി നിയോഗിച്ച ഉന്നതാധികാര സമിതിയുടെ മുമ്പാകെ സമർപ്പിച്ചിരുന്നു. തമിഴ്നാട് ഫയൽ ചെയ്ത ഒ.എസ്. 3/2006 -മേൽ 7-5-2014-ൽ ബഹു.സുപ്രീം കോടതി പുറപ്പെടുവിച്ച വിധി ന്യായത്തിൽ തമിഴ്നാടിന്റെ അനുമതിയോടെ പുതിയ ഡാം നിർമ്മിക്കുവാനുള്ള നിർദ്ദേശം സുപ്രീംകോടതി നൽകിയിട്ടുണ്ട്. നിലവിൽ മുല്ലപ്പെരിയാറിൽനിന്നും തമിഴ്നാടിന് നൽകിക്കൊണ്ടിരിക്കുന്ന ജലത്തിന്റെ അളവിൽ കുറവ് വരാത്ത വിധത്തിലും കേരളത്തിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തുന്ന രീതിയിലുമാണ് പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നത്. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന്റെ ഭാഗമായി പരിസ്ഥിതി ആഘാത പഠനം നടത്തിവരുന്നു. പുതിയ അണക്കെട്ടിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് മുൻപായി പാരിസ്ഥിതിക അനുമതിയും വനം വകുപ്പിന്റെ അനുമതിയും അതോടൊപ്പം തമിഴ്നാടിന്റെ അനുമതിയും ആവശ്യമാണ്. പരിസ്ഥിതി ആഘാത പഠനവുമായി (EIA) ബന്ധപ്പെട്ട് കേന്ദ്ര ജല കമ്മീഷന്റെ നിലവിലുള്ള മാർഗ്ഗരേഖ പ്രകാരം മുല്ലപ്പെരിയാർ ഡാമിന്റെ ഡി.പി.ആർ. പുതുക്കുന്നതിനായി 12-2-2021-ലെ സർക്കാർ ഉത്തരവ് G.O. (Rt) No. 102/2021/WRD പ്രകാരം ചീഫ് എഞ്ചിനീയർ ഐ.എസ്.ഡബ്ല്യൂ.-വിന്റെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. നിലവിൽ മുല്ലപ്പെരിയാറിൽനിന്നും തമിഴ്നാടിന് നൽകിക്കൊണ്ടിരിക്കുന്ന ജലത്തിന്റെ അളവിൽ കുറവ് വരാത്ത വിധത്തിലും കേരളത്തിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്ന രീതിയിലുമാണ് പുതിയ ഡാം നിർമ്മിക്കുന്നതിനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നത്. പ്രസ്തുത കമ്മിറ്റി യോഗങ്ങൾ കൂടുകയും പുതിയ ഡാമിന്റെ അലൈൻമെന്റ് നിശ്ചയിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. പുതിയ ഡാമിന്റെ രൂപരേഖയുമായി ബന്ധപ്പെട്ട് ഒരു ഉപദേശക സമിതിയും രൂപീകരിച്ചിട്ടുണ്ട്. ഡി.പി.ആർ. റിവൈസ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## ഡാമുകളിലെ റൂൾ കർവ്

165 (6103) ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന് കീഴിൽ റൂൾ കർവ് തയ്യാറാക്കാനുള്ള ഡാമുകൾ ഏതെങ്കിലുമുണ്ടോ; റൂൾ കർവ് തയ്യാറാക്കിയിട്ടുള്ള ഡാമുകളിൽ അതിനനുസൃതമായി ജലനിരപ്പ് ക്രമീകരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(ബി) 2021 ഒക്ടോബർ മാസത്തിലുണ്ടായ ശക്തമായ മഴയെ തുടർന്ന് ഇപ്രകാരം റൂൾ കർവ് ക്രമീകരണത്തിനായി നടപ്പാക്കിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) കേന്ദ്ര ജലകമ്മീഷൻ മാനദണ്ഡങ്ങൾ പ്രകാരം 200 Mcm-ൽ അധികം സംഭരണ ശേഷിയുള്ള ഡാമുകൾക്കാണ് റൂൾ കർവ് നിഷ്കർഷിച്ചിട്ടുള്ളത്. ആയതുപ്രകാരം ജലസേചന വകുപ്പിനുകീഴിലുള്ള മലമ്പുഴ, കല്ലട എന്നീ ഡാമുകളിൽ റൂൾ കർവ് തയ്യാറാക്കിയിട്ടുണ്ട്. മഴ മുന്നറിയിപ്പ് കണക്കിലെടുത്തുകൊണ്ട് ഡാമുകളിലെ ജലനിരപ്പ് നിരന്തരം നിരീക്ഷിച്ച് നീരൊഴുക്കിന് ആനുപാതികമായി ജലവിതാനം ക്രമീകരിച്ച് റൂൾ കർവ് പ്രകാരം നിലനിർത്തുകയാണ് ചെയ്യുന്നത്.

## മഴക്കാലത്ത് ഡാമുകളിലെ ജലനിരപ്പ്

166 (6104) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മഴക്കാലത്ത് സംസ്ഥാനത്തെ ഏതെല്ലാം ഡാമുകൾ തുറന്നിട്ടുണ്ട്; തുറന്നപ്പോൾ ഓരോന്നിന്റെയും ജലനിരപ്പ് എത്രയായിരുന്നു; വ്യക്തമാക്കാമോ;

(ബി) 2018-ലെ പ്രളയകാലത്ത് ഈ ഡാമുകൾ തുറക്കുമ്പോൾ ഇവയുടെ ജലനിരപ്പ് എത്രയായിരുന്നു; ഇവയുടെ പരമാവധി സംഭരണശേഷി എത്രയാണ്; വിശദമാക്കുമോ?

(എ &ബി) അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**തടയണയുടെ പ്രവൃത്തി**

167 (6105) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ പുഴങ്കാവ് തടയണയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) മലപ്പുറം നിയോജകമണ്ഡലത്തിൽ കെ.ഐ.ഐ.ഡി.സി. നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ' മഞ്ചേരി മുനിസിപ്പാലിറ്റിയിലെ പുഴംകാവിൽ കടലുണ്ടി നദിക്ക് കുറുകെ റെഗുലേറ്ററിന്റെ നിർമ്മാണം'. ഈ പദ്ധതിക്ക് 17-10-2017-ലെ G.O. (Rt) No.859/2017/WRD പ്രകാരം 12.80 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ഇതിനെ തുടർന്ന് കിഫ്ബി - ഓർഡർ നമ്പർ: WRD022-06/APR-06/2019/KIIFB തീയതി 22-6-2019-ലെ നടപടിക്രമങ്ങൾ അനുസരിച്ച് 12.06 കോടി രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്. കെ.ഐ.ഐ.ഡി.സി.-യുടെ ടെക്നിക്കൽ കമ്മിറ്റി യോഗം ചേർന്ന് 22-8-2019-ലെ ഓർഡർ നമ്പർ KIIDC/277/KIIFB-RCB/Puzhenkavu/2018 പ്രകാരം 12.06 കോടി രൂപയ്ക്ക് സാങ്കേതിക അനുമതി നൽകുകയും ചെയ്തു. പദ്ധതി ടെണ്ടർ ചെയ്യുകയും 17-12-2019-ലെ എഗ്രിമെന്റ് നമ്പർ 194/KIIDC/2019-20 പ്രകാരം നിർമ്മാണ പ്രവൃത്തികൾ M/S.INFAB INFRASTRUCTURE PVT LTD-ന് കൈമാറുകയും ചെയ്തു. 26-12-2020-ന് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച് ഏകദേശം 55 ശതമാനത്തോളം പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വലതുകരയിലെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം പൂർത്തിയാക്കുകയും അബ്ട്മെന്റ് (Abutment) പ്രവൃത്തികൾ പുരോഗമിച്ചുംവരുന്നു. ഇടതുകരയിലെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണ പ്രവൃത്തികളും പുരോഗമിച്ചുവരുന്നു. ആകെയുള്ള നാല് തൂണുകളിൽ (Pier) രണ്ടെണ്ണം 7 മീറ്റർ ഉയരത്തിലും രണ്ടെണ്ണത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി പ്രവൃത്തിയിൽ ഉൾപ്പെട്ട നാല് വിയറിൽ (Weir) രണ്ടെണ്ണം സിൽ ലെവൽ വരെയും മറ്റ് രണ്ടെണ്ണത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. മഴയും വെള്ളപ്പൊക്കവുംമൂലം പ്രവൃത്തിക്ക് താമസം നേരിട്ടെങ്കിലും അടുത്ത ആഴ്ചയോടെ നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുന്നതാണ്. 2022 മാർച്ച് മാസത്തോടെ പദ്ധതി പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ഭാരതപ്പുഴയ്ക്ക് കുറുകെ നിർമ്മിച്ചിട്ടുള്ള തടയണകൾ

168 (6106) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ അതിർത്തിക്കകത്ത് ഭാരതപ്പുഴയ്ക്ക് കുറുകെ എത്ര തടയണകൾ നിർമ്മിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കാമോ?

പാലക്കാട് ജില്ലാ അതിർത്തിക്കകത്ത് ഭാരതപ്പുഴയ്ക്ക് കുറുകെ 8 തടയണകൾ നിർമ്മിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഒറ്റപ്പാലം റെയിൽവേ സ്റ്റേഷൻ പരിസരത്ത് ഭാരതപ്പുഴയ്ക്ക് കുറുകെ ഒരു തടയണ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഭാരതപ്പുഴയ്ക്ക് കുറുകെ ഒറ്റപ്പാലം റെയിൽവെ സ്റ്റേഷൻ പരിസരത്ത് ഒരു തടയണ നിർമ്മിക്കുന്നതിനുള്ള പര്യവേഷണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

## പാണയത്തുവാതുക്കൽ തോടിന്റെ സംരക്ഷണഭിത്തി നിർമ്മാണം

169 (6107) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിലെ പള്ളിക്കൽ - ചെമ്മരുത്ത് - പാണയത്തു വാതുക്കൽ തോടിന്റെ സംരക്ഷണ ഭിത്തി, റാമ്പ് എന്നിവ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

2021-2022 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വർക്കല മണ്ഡലത്തിലെ പള്ളിക്കൽ ചെമ്മരുത്ത് - പാണയത്തു വാതുക്കൽ തോടിന്റെ സംരക്ഷണഭിത്തി, റാമ്പ് എന്നിവ നിർമ്മിക്കുന്നതിനുള്ള 25 ലക്ഷം രൂപയുടെ പദ്ധതി ഉൾപ്പെടുത്തുകയും ടി തുകയുടെ 20 ശതമാനം (5 ലക്ഷം രൂപ) വകയിരുത്തുകയും ചെയ്തിരുന്നു. അതിൻപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ Delhi Schedule of Rates 2016-ൽനിന്നും 2018-ലേയ്ക്ക് മാറിയതിനാൽ DSR 2018 പ്രകാരം എസ്റ്റിമേറ്റ് റീകാൽക്കുലേറ്റ് ചെയ്തപ്പോൾ എസ്റ്റിമേറ്റ് തുക 32.50 ലക്ഷം രൂപയായി ഉയർന്നിട്ടുണ്ട്. ടി തുക " 5054-80-800-66" എന്ന ബഡ്ജറ്റ് ഹെഡ്ഡിൽനിന്നും " 4702-00-101-82-01-00-V-MI Class II" എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേയ്ക്ക് റീഅപ്രോപ്രിയേറ്റ് ചെയ്ത് ഭരണാനുമതി നൽകുന്നതിനായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ചാലിയാറിൽ ഫ്ലഡ് ലോക്ക്

170 (6108) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പന്തീരങ്കാവ് ബൈപ്പാസിൽ ചാലിയാറിൽ നിന്നുള്ള വെള്ളം കയറി നാശനഷ്ടവും ഗതാഗത തടസ്സവും ഉണ്ടായതിനെത്തുടർന്ന് ചാലിയാറിൽ ഒരു ഫ്ലഡ് ലോക്ക് സ്ഥാപിക്കുന്നതിന് വകുപ്പ് തയ്യാറാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

(എ-സി) ചാലിയാറിന് കുറുകെ ഫ്ലഡ് ലോക്ക് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ ചാലിയാറിൽനിന്നുള്ള വെള്ളം കല്ലായി പുഴയിലൂടെ കോഴിക്കോട് ടൗണിലെത്തി അവിടെ വെള്ളപ്പൊക്കമുണ്ടാകുന്നത് തടയുവാനായി ചാലിയാറിനെ കല്ലായിപ്പുഴയുമായി ബന്ധിപ്പിക്കുന്ന ബി.കെ. കനാലിന് കുറുകെ ഒരു ഫ്ലഡ് ലോക്ക് സ്ഥാപിക്കുന്നതിനായുള്ള ഇൻവെസ്റ്റിഗേഷൻ നടത്തി ആയത് ഡിസൈൻ ഘട്ടത്തിലാണ്. ഡിസൈൻ ലഭിച്ചതിനുശേഷം മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്ന നടപടികളിലേയ്ക്ക് കടക്കുവാൻ കഴിയുകയുള്ളൂ.

## കടൽത്തീരങ്ങൾ സംരക്ഷിക്കുവാൻ നടപടികൾ

171 (6109) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽത്തീരങ്ങൾ ഇല്ലാതാകുന്നതും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നിക്ഷേപിച്ച് മലിനമാക്കുന്നതും തടയാൻ നിലവിലുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഇന്ത്യയിലെ ഇതര തീരദേശ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളതീരത്തെ തിരമാലകളുടെ ശക്തി (high energy dissipating waves) കൂടുതലാണ്. ഇതുകൊണ്ടുതന്നെ തീരശോഷണം തുടർച്ചയായി സംഭവിച്ചുകൊണ്ടിരിക്കുന്നു.

തീരപ്രദേശങ്ങൾ സംരക്ഷിത പ്രദേശമാണ് എന്നതിനുപരി ജനസാന്ദ്രത കൂടുതലുള്ള പ്രദേശവുമാണ് എന്നത് കണക്കിലെടുത്ത് വിവിധതരത്തിലുള്ള തീരസംരക്ഷണ പ്രവൃത്തികളാണ് നിലവിൽ നിർവ്വഹിച്ചുവരുന്നത്. കടൽഭിത്തി നിർമ്മാണം, പുലിമുട്ട് (ഗ്രോയിൻ) നിർമ്മാണം, കടൽഭിത്തിയും പുലിമുട്ടുകളുടെ ശൃംഖലയും ചേർന്ന സംരക്ഷണഭിത്തി നിർമ്മാണം, പരീക്ഷണാടിസ്ഥാനത്തിൽ ജിയോ ബാഗുകൾ അടുക്കിയുള്ള തീരസംരക്ഷണം തുടങ്ങിയവയാണ് നിലവിലുള്ള പദ്ധതികൾ. കടൽത്തീരവുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായി വിവര ശേഖരണം നടത്തി ലഭ്യമാകുന്ന വിവരങ്ങൾ വിശകലനം ചെയ്തശേഷമാണ് തീരസംരക്ഷണ പ്രവൃത്തികൾക്കുള്ള രൂപകൽപ്പന നടത്തുന്നത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി ആഗോളതലത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ കേരളതീരത്തും സ്വാധീനം ചെലുത്തുന്നുണ്ട്. ആവർത്തിച്ച് രൂപപ്പെടുന്ന ചുഴലിക്കാറ്റുകളും ശക്തമായ തിരമാലകളും കാറ്റും തീരമേഖലയിൽ കൂടുതൽ നാശനഷ്ടങ്ങൾക്ക് കാരണമാകുന്നു. ഇതിന്റെ പശ്ചാത്തലത്തിൽ ശക്തമായ തീരശോഷണം സംഭവിക്കുന്ന കേരളതീരത്തെ 10 പ്രദേശങ്ങളെക്കുറിച്ച് പ്രത്യേകമായും കേരള തീരത്തെക്കുറിച്ച് പൊതുവിലും പഠിച്ച് തീരസംരക്ഷണത്തിനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് സെൻട്രൽ മിനിസ്ട്രി ഓഫ് എർത്ത് സയൻസിന് കീഴിലുള്ള ചെന്നൈ ആസ്ഥാനമായ "നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച്" എന്ന സ്ഥാപനവുമായി മൂന്നുവർഷം നീണ്ടുനിൽക്കുന്ന പഠന പ്രവർത്തനത്തിനുള്ള ധാരണാപത്രം ഒപ്പിടുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിക്കഴിഞ്ഞു. കടലിൽ എത്തിച്ചേരുന്ന പ്ലാസ്റ്റിക് മാലിന്യം ഒരു പ്രധാന പ്രശ്നമായി കണക്കാക്കുന്നു. വിവിധ സ്രോതസ്സുകളിൽനിന്ന്, വിവിധതരത്തിലുള്ള പ്ലാസ്റ്റിക് മാലിന്യമാണ് കടലിൽ എത്തിച്ചേരുന്നത്. തീരപ്രദേശത്ത് നേരിട്ട് നിക്ഷേപിക്കുന്നതിൽ കൂടുതൽ അളവിൽ പ്ലാസ്റ്റിക് മാലിന്യം പുഴകളിൽ കൂടിയും മറ്റുവിധത്തിലും കടലിൽ എത്തുന്നതായി ഐക്യരാഷ്ട്രസഭയുടെ ഭാഗമായി പ്രവൃത്തിക്കുന്ന "യുണൈറ്റഡ് നേഷൻസ് എൻവയോൺമെന്റ് പ്രോഗ്രാം" (UNEP) ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഖരമാലിന്യത്തോടൊപ്പം കടലിൽ എത്തിച്ചേരുന്ന ദ്രവമാലിന്യവും ഒരു പ്രധാന പ്രശ്നമാണ്. ഇന്ത്യയിലെ തീരദേശ മലിനീകരണം കുറയ്ക്കുന്നതിനുള്ള ബോധപൂർവ്വമായ ഇടപെടലുകൾ 1986 മുതൽ ആരംഭിച്ചിട്ടുണ്ട്. കടലിലേയ്ക്ക് 5 കി.മീറ്റർ ഉള്ളിലേയ്ക്കുവരെ എത്തിച്ചേരുന്ന മാലിന്യങ്ങളെക്കുറിച്ചുള്ള വിവരശേഖരണം/പഠനമാണ് "മോണിറ്ററിംഗ് ഓഫ് ഇന്ത്യൻ കോസ്റ്റൽ വാട്ടേഴ്സ്" എന്ന പ്രോജക്ടിന്റെ ഭാഗമായി "ഡിപ്പാർട്ട്മെന്റ് ഓഫ് ഓഷ്യൻ ഡെവലപ്മെന്റും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡും" സംയുക്തമായി നിർവ്വഹിച്ചിരുന്നത്. തുടർന്ന് 1992 മുതൽ "കോസ്റ്റൽ ഓഷ്യൻ മോണിറ്ററിംഗ് ആൻഡ് പ്രഡിക്ഷൻ

സിസ്റ്റം (COMPAS)' എന്ന പ്രോജക്ടിന്റെ ഭാഗമായി ഇന്ത്യയിലെ 82 തീരകേന്ദ്രങ്ങൾ ഉൾപ്പെടുന്ന തീരമലിനീകരണ പഠനം നടത്തിവരുന്നു. കേരളത്തിലെ കൊച്ചി തീരം ഇതിൽ ഉൾപ്പെടുന്നു. തീരത്തുനിന്ന് 25 കി.മീറ്റർ ഉള്ളിൽവരെയുള്ള വിവിധ മാലിന്യങ്ങളെക്കുറിച്ചാണ് വിവരശേഖരണം നടത്തുന്നത്. ഇത്തരം പഠനങ്ങളിൽനിന്ന് ലഭ്യമാകുന്ന വിവരങ്ങൾ വിവിധ മാധ്യമങ്ങൾ വഴി പൊതുജനങ്ങളിലെത്തിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ, ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, സൗന്ദര്യവർദ്ധക വസ്തുക്കളിൽ ഉപയോഗിക്കുന്ന മൈക്രോ ബീഡ്സ്, പ്ലാസ്റ്റിക് ബോട്ടിലുകൾ എന്നിവ കൂടുതലായി കടലിൽ എത്തിച്ചേരുകയും കടൽജലത്തിലെ നാനോപ്ലാസ്റ്റിക്/മൈക്രോപ്ലാസ്റ്റിക് അളവ് വർദ്ധിക്കുകയും ചെയ്യുന്നതായി പഠന റിപ്പോർട്ടുകളുണ്ട്. ഇതുകൂടി കണക്കിലെടുത്ത് "പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016" കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 2018-ൽ ആവശ്യമായ ചില മാറ്റങ്ങളും ഈ ചട്ടത്തിൽ കൊണ്ടുവന്നിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ഇക്കാര്യത്തിൽ പ്രധാന ചുമതല നൽകിയിട്ടുള്ളത്. തീരദേശ പ്ലാസ്റ്റിക് മലിനീകരണം സംബന്ധിച്ച് ഒരു കേന്ദ്രനയം നിലവിലില്ല. എന്നാൽ, തീരദേശ നിയന്ത്രണ ചട്ടത്തിന്റെ ഭാഗമായി തയ്യാറാക്കുന്ന "സമഗ്ര തീരദേശ പരിപാലനവും മാനേജ്മെന്റ് പ്ലാൻ"-ൽ ഇത്തരം ഘടകങ്ങൾകൂടി പരിഗണിക്കുകയും തീരമലിനീകരണം കുറയ്ക്കുന്നതിനുള്ള നിർദ്ദേശം ഉൾപ്പെടുത്തുകയും ചെയ്യാറുണ്ട്. കൂടാതെ "ഇന്റർനാഷണൽ കോസ്റ്റൽ ക്ലീൻ അപ്പ് ഡേ - സെപ്തംബർ 18"-യുടെ ഭാഗമായി ജനപങ്കാളിത്തത്തോടെ തീരപ്രദേശങ്ങൾ ശുചിയാക്കുന്ന പ്രവർത്തനം നിർവ്വഹിച്ചുവരുന്നു. സംസ്ഥാനത്തെ, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലാണ് ഇക്കാര്യത്തിന് നേതൃത്വം നൽകുന്നത്.

(ബി) തീരസംരക്ഷണത്തിലെ പോരായ്മകൾ കടലിന്റെ ആവാസ വ്യവസ്ഥയെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കടൽത്തീരങ്ങൾ സംരക്ഷിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

(ബി&സി) തീരശോഷണം, മലിനീകരണം എന്നിവ തീരപരിസ്ഥിതിയെയും ആവാസവ്യവസ്ഥയെയും ബാധിക്കുന്നതായ നിരീക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഐക്യരാഷ്ട്ര സംഘടനയുടെ നേതൃത്വത്തിലുള്ള ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് (IPCC)-ന്റെ വിവിധ റിപ്പോർട്ടുകൾ സമുദ്ര ജലനിരപ്പ് ഉയരുന്നതിനുള്ള കാരണങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കൂടാതെ, ഓരോ രാജ്യത്തെയും/പ്രദേശത്തെയും അത് എങ്ങനെ സ്വാധീനിക്കും എന്നതും

ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കൂടാതെ, ചുഴലിക്കാറ്റുകളുടെ എണ്ണത്തിലും/ സ്വാധീനത്തിലും വർദ്ധനവുണ്ടാകാമെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഇതോടൊപ്പം, ഇന്ത്യൻ ഗവേഷണ സ്ഥാപനങ്ങളും ഇത്തരം മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ട്. ഇത് കണക്കിലെടുത്ത് തീരദേശവുമായി ബന്ധപ്പെട്ട വിവരശേഖരണം ശക്തിപ്പെടുത്തി, തീരസംരക്ഷണ മാർഗ്ഗങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ചെന്നൈ ആസ്ഥാനമായ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ചുമായി ധാരണാപത്രം ഒപ്പിടുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഒപ്പം പരിസ്ഥിതിക്കിണങ്ങുന്ന തീരസംരക്ഷണമാർഗ്ഗമായ കണ്ടൽചെടി വച്ചുപിടിപ്പിക്കാൻ സാധിക്കുന്നിടത്ത്, തീരഭിത്തിയോടൊപ്പം അവയും വളർത്തി തീരം സംരക്ഷിക്കുന്നതിനുള്ള പരീക്ഷണ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കടൽക്ഷോഭം രൂക്ഷമായ പ്രദേശങ്ങളിൽ ശാസ്ത്രീയമായ പഠനം നടത്തി അവിടെ തീരസംരക്ഷണം ഉറപ്പാക്കാൻ അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി കടൽക്ഷോഭത്തിന്റെ തീവ്രതയും തീരശോഷണത്തിന്റെ തോതും കണക്കിലെടുത്ത് 10 ഹോട്ട്സ്പോട്ടുകൾ കണ്ടെത്തുകയും അവിടെ സമഗ്ര പഠനം നടത്താൻ NCCR-നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കാലാവസ്ഥ വ്യതിയാനംകൂടി കണക്കിലെടുത്ത് ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട സംരക്ഷണ പദ്ധതികളും ഇതിൽ വിഭാവനം ചെയ്തിട്ടുണ്ട്.

## മലപ്പുറം മണ്ഡലത്തിലെ കടലുണ്ടി പുഴയുടെയും തോടുകളുടെയും സംരക്ഷണഭിത്തി നിർമ്മാണം

172 (6110) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലുണ്ടിപുഴയുടെയും വിവിധ തോടുകളുടെയും സംരക്ഷണഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് മലപ്പുറം മണ്ഡലത്തിൽ നിന്ന് 2020, 2021 എന്നീ വർഷങ്ങളിൽ എത്ര പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്?

കടലുണ്ടി പുഴയുടെയും വിവിധ തോടുകളുടെയും സംരക്ഷണ ഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് മലപ്പുറം മണ്ഡലത്തിൽനിന്ന് 2020, 2021 വർഷങ്ങളിൽ 20 പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഓരോ പ്രൊപ്പോസലിനും തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ എത്ര എണ്ണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്; അവ ഏതെല്ലാമെന്നും അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ; ഓരോന്നിന്റെയും പ്രവർത്തന പുരോഗതി വിശദീകരിക്കാമോ?

പ്രസ്തുത പ്രൊപ്പോസലുകളിൽ 6 എണ്ണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയ പ്രവൃത്തികളും അവയുടെ വിശദാംശങ്ങളും അനുബന്ധം -1 ആയി ചേർക്കുന്നു.*

(സി) പാണക്കാട് ആറുവെട്ടി കടവ്, മലപ്പുറം താമരക്കുഴി, ആനക്കയം പുത്തൻതോട്, പൂക്കോട്ടൂർ പാലക്കച്ചിറ എന്നിവിടങ്ങളിലെ അപകടാവസ്ഥയിലുള്ള കരകളിൽ സംരക്ഷണഭിത്തി നിർമ്മിക്കുവാനുള്ള പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകുമോയെന്ന് വ്യക്തമാക്കുമോ?

അപകടാവസ്ഥയിലുള്ള കരകളിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുവാനായി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ അനുബന്ധം-2 ആയി* ചേർക്കുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**പുഴ സംരക്ഷണ ഭിത്തി നിർമ്മാണം**

173 (6111) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിലെ പുഴ സംരക്ഷണ ഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് 2021 വർഷത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ എത്രയെണ്ണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്; അവ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഭരണാനുമതിക്കായി നിലവിൽ എത്ര പ്രൊപ്പോസലുകൾ പെൻഡിംഗ് ഉണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

(എ&ബി) പിറവം മണ്ഡലത്തിൽ പുഴ സംരക്ഷണ ഭിത്തി നിർമാണവുമായി ബന്ധപ്പെട്ട് 2021 വർഷത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* നിലവിൽ പ്രസ്തുത പ്രവൃത്തികൾക്കൊന്നുംതന്നെ ഭരണാനുമതി നൽകിയിട്ടില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ടി പ്രവൃത്തികൾക്കുള്ള ഭരണാനുമതി നൽകി നടപ്പിലാക്കാവുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പൂഞ്ഞാർ മണ്ഡലത്തിലെ പുഴകളുടെയും തോടുകളുടെയും തീരസംരക്ഷണം

174 (6112) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കെടുതിയിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പുഴകളുടെയും തോടുകളുടെയും തീരങ്ങൾ ഇടിഞ്ഞുണ്ടായ നഷ്ടങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

നടത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങൾ സന്ദർശിക്കുകയും അവിടുത്തെ ഭരണസമിതിയുമായി ബന്ധപ്പെടുകയും നിലവിലെ സാഹചര്യത്തിലുള്ള കണക്കെടുക്കുകയും ചെയ്തു. പുഴകളുടേയും തോടുകളുടേയും തീരങ്ങൾ ഇടിഞ്ഞുണ്ടായത് മാത്രം 47.02 കോടി രൂപയുടെ നഷ്ടമാണെന്ന് വിലയിരുത്തുകയുണ്ടായി.

(ബി) തീരങ്ങൾ ഇടിഞ്ഞ ഭാഗങ്ങൾ പുനർനിർമ്മിക്കുന്നതിനും തീരസംരക്ഷണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

തീരങ്ങൾ ഇടിഞ്ഞ ഭാഗങ്ങളിൽ പുനർനിർമ്മാണം നടത്തുവാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരുന്നു. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ഫ്ലഡ് കൺട്രോൾ, ഫ്ലഡ് ഡാമേജ്, എസ്.ഡി.ആർ.എഫ്. എന്നീ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ ഉപ്പുവെള്ള പ്രതിരോധ പ്രവൃത്തികൾ

175 (6113) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏഴോം, പട്ടുവം, മാടായി, കണിമംഗലം, കല്ല്യാശ്ശേരി, ചെറുകുന്ന്, കണ്ണപുരം, മാട്ടൂൽ എന്നീ പഞ്ചായത്തുകളിൽ ഉപ്പുവെള്ളം കയറി കുടിവെള്ളത്തെയും കൃഷിയെയും ബാധിക്കുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത പ്രദേശങ്ങൾ സന്ദർശിച്ച് വകുപ്പ് ഉദ്യോഗസ്ഥർ വിശദമായ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് വേണ്ട വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏഴോം, പട്ടുവം, മാടായി, കണിമംഗലം, കല്ല്യാശ്ശേരി, ചെറുകുന്ന്, കണ്ണപുരം, മാട്ടൂൽ എന്നീ പഞ്ചായത്തുകളിൽ ഉപ്പുവെള്ളം കയറി കുടിവെള്ളത്തെയും കൃഷിയെയും ബാധിക്കുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത പ്രദേശങ്ങൾ അതാത് പഞ്ചായത്ത് പ്രതിനിധികൾ, മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ ഉദ്യോഗസ്ഥർ, കർഷകർ തുടങ്ങിയവർ സംയുക്തമായി സന്ദർശിച്ച് വകുപ്പ് ഉദ്യോഗസ്ഥർ വിശദമായ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ടി റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. 9252 ലക്ഷം രൂപ തുക വരുന്ന പ്രസ്തുത റിപ്പോർട്ടിൽ മൈനർ ഇറിഗേഷൻ വിഭാഗത്തിന്റെ കീഴിലുള്ള 33 ഇനം പുതിയ VCB/SWECB/CROSS BAR/BUND പ്രവൃത്തികളും 20 റിപ്പെയർ പ്രവൃത്തികളും തോടിന്റെ കരസംരക്ഷണ പ്രവൃത്തിയും മേജർ ഇറിഗേഷൻ വിഭാഗത്തിന്റെ കീഴിലുള്ള 23 പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്. മുണ്ടാപ്രത്ത് ബാപ്പൂക്കൽ തോടിനുകുറുകെ പാലത്തോട്ടുകൂടിയ ഉപ്പുവെള്ള പ്രതിരോധ ബണ്ടിന്റെ നിർമ്മാണത്തിനും മുട്ടിൽകാപ്പ് റെഗുലേറ്ററിന്റെ നിർമ്മാണത്തിനുമുള്ള പ്രൊപ്പോസലുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

**സംസ്ഥാനത്ത് കടൽക്ഷോഭം തടയുന്നതിനുള്ള നടപടി**

176 (6114) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽക്ഷോഭം തടയുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി പദ്ധതിക്ക് അനുമതി നൽകുന്നതിനുള്ള തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

2021-22 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച അഞ്ച് വർഷംകൊണ്ട് പൂർത്തീകരിക്കാൻ കഴിയുന്ന 5300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി കടലാക്രമണം ഏറ്റവും രൂക്ഷമായ എറണാകുളം ജില്ലയിലെ ചെല്ലാനം പ്രദേശത്ത് എൻ.സി.സി.ആർ. ചെന്നൈ എന്ന സ്ഥാപനം പഠനം നടത്തി ഒരു ഹൈബ്രിഡ് പദ്ധതി (സംയോജിത കടൽഭിത്തിയുടേയും പുലിമുട്ടുകളുടെയും നിർമ്മാണം) അവലംബിക്കുകയുണ്ടായി. പ്രസ്തുത ഡിസൈൻ പ്രകാരം തയ്യാറാക്കിയ 254.20 കോടി രൂപയുടെ കടൽഭിത്തി നിർമ്മാണത്തിന്റെയും 90 കോടി രൂപയുടെ പുലിമുട്ട് നിർമ്മാണത്തിന്റെയും (ആകെ 344.20 കോടി രൂപ) വിശദമായ രൂപരേഖ കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്നതിന് 29-7-2021-ലെ ജി.ഒ. (ആർ.ടി) നമ്പർ 395/2021/ജ.വി.വ. പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി.

സംസ്ഥാനത്തെ തെരഞ്ഞെടുത്ത മറ്റ് 9 ഹോട്ട്സ്പോട്ട് പ്രദേശങ്ങളിൽ (ചെല്ലാനം ഒഴികെ) എൻ.സി.സി.ആർ.-മായി പഠനം നടത്തുന്നതിന് ധാരണയായിട്ടുണ്ട്. അതുപ്രകാരം ഡിസൈൻ കഴിയുന്നമുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലുള്ള ഭരണാനുമതി നൽകുവാനും ഫണ്ട് അനുവദിക്കുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കാസർഗോഡ് ജില്ലയിൽ രൂക്ഷമായ കടൽക്ഷോഭം അനുഭവപ്പെടുന്ന ഉദുമ പഞ്ചായത്തിലെ കൊവ്വൽ, കൊപ്പൽ, കാപ്പിൽ പ്രദേശവും ചെമ്മനാട് പഞ്ചായത്തിലെ ചെമ്പരിക്ക പ്രദേശവും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ ഉദുമ പഞ്ചായത്തിലെ കൊവ്വൽ, കൊപ്പൽ, കാപ്പിൽ പ്രദേശത്തും ചെമ്മനാട് പഞ്ചായത്തിലെ ചെമ്പരിക്ക പ്രദേശത്തും തീരസംരക്ഷണ പ്രവൃത്തി ഡിസൈൻ ചെയ്യുന്നതിനായി Central Water and Power Research Station, പൂനെ മുഖേന ഹൈഡ്രോളിക് മോഡൽ സ്റ്റഡീസ് നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പഠന ഷം സൈറ്റ് സ്പെസിഫിക് ഡിസൈൻ ലഭ്യമാക്കി, ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## മണലൂർ മണ്ഡലത്തിലെ മുക്കോല, മുക്കത്രു, കണ്ടപ്പൻ സ്ലൂയിസ് നിർമ്മാണം

177 (6115) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ എളവള്ളി ഗ്രാമപഞ്ചായത്തിലെ മുക്കോല, മുക്കത്രു, കണ്ടപ്പൻ സ്ലൂയിസ് നിർമ്മാണത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തിക്കാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) മണലൂർ മണ്ഡലത്തിൽ എളവള്ളി ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന മുക്കോല ചിറയുടെ വാർഷിക അറ്റകുറ്റപ്പണികളും വാർഷിക നടത്തിപ്പും ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം-2 ആണ് നടത്തിവരുന്നത്. കൂടാതെ Urgent Maintenance to Mookola Chira Wadakkanchery river under Irrigation section Wadakkanchery (Deposit work form LSGD) എന്ന പ്രവൃത്തി 2017-18 സാമ്പത്തിക വർഷത്തിൽ 8 ലക്ഷം രൂപയ്ക്ക് ടെണ്ടർ ചെയ്തുവെങ്കിലും ശ്രീ. സുരേഷ്ചന്ദ്രൻ പി. വി. എന്ന കോൺട്രാക്ടർ ആകസ്മികമായി

മരണപ്പെട്ടതിനാൽ, ടി വ്യക്തി ചെയ്ത പ്രവൃത്തി ഒഴിവാക്കി ബാക്കി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. മുക്കത്രു, കണ്ടപ്ര സ്ലയിസ് എന്നിവ കൊച്ചിൻ ഫ്രണ്ടിയർ തോടിന് കുറുകെയാണ്. കൊച്ചിൻ ഫ്രണ്ടിയർ തോടിന്റെ റീസർവ്വേയും അതിർത്തി നിർണ്ണയ പ്രവൃത്തികളും നിലവിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച ഡി.പി.ആർ. ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## വാഴാനി ഇറിഗേഷൻ കോമ്പൗണ്ടിൽ കൺവെൻഷൻ സെന്റർ നിർമ്മാണം

178 (6116) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഴാനി ഇറിഗേഷൻ കോമ്പൗണ്ടിൽ കൺവെൻഷൻ സെന്ററിന്റെ കെട്ടിട നിർമ്മാണത്തിന് ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 2015-16 വർഷത്തിൽ ഒരു കോടി രൂപ അനുവദിച്ച് ടെണ്ടർ നടപടികൾ പൂർത്തിയാക്കി എഗ്രിമെന്റ് വച്ചിട്ടുള്ളതായ സ്ഥലം ജലസേചന വകുപ്പ് വിട്ടുനൽകാത്തതിന്റെ കാരണം വിശദീകരിക്കാമോ?

വാഴാനി ഡാം പദ്ധതി പ്രദേശത്ത് ഒഴിഞ്ഞ് കിടക്കുന്ന സ്ഥലത്ത് എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വാഴാനി കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിന് 15-5-2015-ലെ സ.ഉ(സാധാ)നമ്പർ 658/2015/പി.ഡബ്ല്യൂ.ഡി. പ്രകാരം ഭരണാനുമതി നൽകിയിരുന്നു. 24-9-2016- ലെ സ.ഉ.(സാധാ) നമ്പർ 830/2016/ജ.വി.വ. പ്രകാരം ജലസേചന പദ്ധതികളോടനുബന്ധിച്ചുള്ള ടൂറിസം പദ്ധതികളുടെ നടത്തിപ്പിനുവേണ്ടി സ്ഥലം എം.എൽ.എ. ചെയർമാനും ജില്ലാ കളക്ടർ വൈസ് ചെയർമാനും ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സെക്രട്ടറിയും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അംഗങ്ങളുമായിട്ടുള്ള ഇറിഗേഷൻ പ്രോജക്ട് ടൂറിസം മാനേജ്മെന്റ് കമ്മിറ്റി (IPTMC) രൂപീകരിക്കേണ്ടതാണ്. പ്രസ്തുത ടൂറിസം പദ്ധതികളുടെ വരുമാനത്തിന്റെ 80% അതത് ടൂറിസം മാനേജ്മെന്റ് കമ്മിറ്റിക്കും 10% ജലസേചന വകുപ്പിനും 10% ടൂറിസം വകുപ്പിനുമാണ് നിശ്ചയിച്ചിട്ടുള്ളത്. 19-3-2020-ൽ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ടൂറിസം വകുപ്പ് പുറപ്പെടുവിച്ച ഉത്തരവും 24-9-2016-ലെ ഉത്തരവും പരസ്പര വിരുദ്ധമായതിനാൽ ഇക്കാര്യത്തിൽ വ്യക്തത വരുത്തിയതിനുശേഷം മാത്രമേ ഉപയോഗാനുമതി നൽകാൻ സാധിക്കുകയുള്ളൂ.

(ബി) ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള ജലസേചന വകുപ്പിന്റെ കീഴിലുള്ള പ്രദേശങ്ങളിൽ എം.പി./എം.എൽ.എ./തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് എന്നിവ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ ജലസേചന വകുപ്പിന് വരുമാനം പങ്കിടുന്നത് സംബന്ധിച്ച മാർഗ്ഗരേഖ ഇല്ല എന്ന കാരണത്താൽ നിർമ്മാണ പ്രവർത്തനം തടസ്സപ്പെട്ടിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തടസ്സം നീക്കാൻ നടപടി സ്വീകരിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 24-9-2016-ലെ സർക്കാർ ഉത്തരവുപ്രകാരം ടൂറിസം പദ്ധതികളുടെ വരുമാനത്തിന്റെ 80% അതത് ടൂറിസം മാനേജ്മെന്റ് കമ്മിറ്റിക്കും 10% ജലസേചന വകുപ്പിനും 10% ടൂറിസം വകുപ്പിനുമാണ് നിശ്ചയിച്ചിട്ടുള്ളത്.

(സി) വാഴാനി ഡാമിൽ മ്യൂസിക്കൽ ഫൗണ്ടൻ നിർമ്മാണത്തിനായി 2016-ൽ 2.19 കോടി രൂപ അനുവദിച്ചിരുന്നെങ്കിലും ആയതിന്റെ നിർമ്മാണ പ്രവർത്തനം ഇതുവരെ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

വാഴാനി ഡാമിൽ മ്യൂസിക്കൽ ഫൗണ്ടൻ നിർമ്മിക്കുന്നതിന് തൃശ്ശൂർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 19-12-2019-ലെ എ 8-2239/2013(ബി) നമ്പർ ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുണ്ടെങ്കിലും വാഴാനി ഇറിഗേഷൻ പ്രോജക്ട് ടൂറിസം മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

(ഡി) ഡാം റീഹാബിലിറ്റേഷൻ ഇംപ്രൂവ്മെന്റ് പ്രോജക്ട് പ്രകാരം വാഴാനി ഡാം നവീകരണത്തിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായി എന്നും വിശദമാക്കാമോ;

(എഫ്) എഗ്രിമെന്റ് വച്ചിട്ടും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ, പൂർണതോതിൽ പൂർത്തീകരിച്ച പ്രവൃത്തികൾ എന്നിവ തരം തിരിച്ച് വ്യക്തമാക്കാമോ?

(ഡി-എഫ്) കേന്ദ്ര ജലകമ്മീഷന്റെ മേൽനോട്ടത്തിൽ ലോക ബാങ്ക് സഹായത്തോടെ നടത്തുന്ന ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഒന്നാംഘട്ടത്തിൽ (DRIP Phase I) വാഴാനി ഡാമിന്റെ പുനരുദ്ധാരണത്തിനായി സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നീ പ്രവൃത്തികൾക്ക് 6-2-2013-ലെ സ.ഉ(സാധാ) നമ്പർ 110/2013/ജവിവ. പ്രകാരം ഭരണാനുമതിയും ചീഫ് എഞ്ചിനീയർ തലത്തിൽ 2.798 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തൊണ്ടിമ്മൽക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി

179 (6117) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട തൊണ്ടിമ്മൽക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

കോഴിക്കോട് ജില്ലയിൽ ഇരുവഞ്ഞിപ്പുഴയ്ക്ക് കുറുകെ മുക്കം മുനിസിപ്പാലിറ്റിയിൽ തൊണ്ടിമ്മൽകടവ് എന്ന സ്ഥലത്ത് മുക്കം മുനിസിപ്പാലിറ്റിയേയും തിരുവമ്പാടി പഞ്ചായത്തിനേയും ബന്ധിപ്പിച്ചുകൊണ്ടാണ് തൊണ്ടിമ്മൽകടവ് റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. തൊണ്ടിമ്മൽകടവ് ആർ.സി.ബി.-ക്ക് 82 മീറ്റർ നീളമുണ്ട്. 3.3 മീറ്റർ ഉയരത്തിൽ വെള്ളം തടഞ്ഞുനിർത്തി ഏകദേശം 7 കിലോമീറ്ററോളം നീളത്തിൽ പുഴയിൽ ജലം സംഭരിക്കുവാനാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. മുക്കം മുനിസിപ്പാലിറ്റിയിലും തിരുവമ്പാടി പഞ്ചായത്തിലും ഉൾപ്പെടുന്ന സമീപ പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതികൾക്കും കാർഷിക ആവശ്യങ്ങൾക്കും ഈ പദ്ധതി വളരെയേറെ പ്രയോജനപ്പെടുന്നതാണ്. തൊണ്ടിമ്മൽക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയുടെ മെക്കാനിക്കൽ പ്രവൃത്തികൾക്കുവേണ്ടി 12M X 3.3 M സൈസിലുള്ള 6 ഷട്ടറുകളും അവയുടെ ഹോയിസ്റ്റിംഗ് മെക്കാനിസവുമാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് എപ്പോൾ ഭരണാനുമതി നൽകാനാകുമെന്ന് വ്യക്തമാക്കുമോ?

(ബി&സി) ഏകദേശം 50 കോടി രൂപ അടങ്കൽ തുക പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതിയുടെ രൂപകല്പന തയ്യാറായിട്ടുണ്ട്. പദ്ധതിയുടെ അപ്രോച്ച് റോഡിന്റെ വിശദ സർവ്വേ നടത്തി വിശദ പദ്ധതി രേഖകളും എസ്റ്റിമേറ്റും തയ്യാറാക്കിവരുന്നു. പദ്ധതിരേഖ തയ്യാറായാലുടൻതന്നെ ആയവ പരിശോധിച്ച് ഭരണാനുമതി നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കട്ടിലമുഴി, പൂവാമ്പുഴ എസ്.ഡബ്ല്യൂ.ഇ./വി.സി.ബി. എന്നിവയുടെ പ്രവൃത്തി

180 (6118) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയൂർ ഗ്രാമപഞ്ചായത്തിലെ കട്ടിലമുഴി എസ്.ഡബ്ല്യൂ.ഇ./ വി.സി.ബി.-യുടെയും പൂവാമ്പുഴ എസ്.ഡബ്ല്യൂ.ഇ./വി.സി.ബി.-യുടെയും പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ നിർമ്മിക്കാത്തത് കാരണം കൃഷിചെയ്യാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ പ്രവൃത്തികൾ 3 തവണ ടെണ്ടറും 7 തവണ ക്വട്ടേഷൻ ചെയ്തിട്ടും കരാറുകാർ ആരുംതന്നെ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായിട്ടില്ല. ഈ രണ്ടു വി.സി.ബി.-കളുടെയും പുനരുദ്ധാരണ പ്രവൃത്തികൾ നടക്കാത്തത് കാരണം കൃഷി ചെയ്യാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ സ്കീമുകളുടെ പരിപാലനം നടത്തിവരുന്നത് മണിയൂർ ഗ്രാമപഞ്ചായത്ത് മുഖേനയാണ്. കാലപ്പഴക്കംകൊണ്ട് വളരെയധികം കേടുപാടുകൾ സംഭവിച്ച പ്രസ്തുത സ്കീമുകൾ പൂഴിച്ചാക്കുകളും മറ്റ് താൽകാലിക സംവിധാനങ്ങളും ഉപയോഗിച്ചാണ് കഴിഞ്ഞ വർഷങ്ങളിൽ താൽകാലികമായി പ്രവർത്തനക്ഷമമാക്കിയത്. പ്രസ്തുത സ്കീമുകൾ നവീകരിച്ച് പുനർനിർമ്മിക്കുന്നതോടു കൂടി 100 ശതമാനവും പ്രവർത്തനക്ഷമമാകുകയും കൃഷി ചെയ്യാൻ സാധിക്കുകയും ചെയ്യും.

(ബി) നിരക്ക് വർദ്ധനവുകാരണം പ്രസ്തുത പ്രവൃത്തികളുടെ അടങ്കൽ തുകയിൽ മാറ്റം വന്നതിനാൽ ഭരണാനുമതി പുതുക്കി നൽകുന്നത് പരിഗണനയിലുണ്ടോ എന്നറിയിക്കാമോ;

(സി) പ്രവൃത്തികൾ അടിയന്തരമായി നടപ്പിലാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

(ബി&സി) നിരക്ക് വർദ്ധനവുകാരണം പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, ഡി.എസ്.ആർ. 2018 പ്രകാരം പുനർനിർണ്ണയിച്ചപ്പോൾ അടങ്കൽതുക വർദ്ധിച്ചിട്ടുണ്ട്. ഡി.എസ്.ആർ.-2018 പ്രകാരമുള്ള എസ്റ്റിമേറ്റ് ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പയ്യന്നൂർ മണ്ഡലത്തിലെ മാവുള്ള പൊയിൽ വി.സി.ബി.**

181 (6119) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ മാവുള്ള പൊയിൽ വി.സി.ബി.-യുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഏത് വർഷമാണ് സമർപ്പിച്ചതെന്ന് അറിയിക്കാമോ?

(എ&ബി) കണ്ണൂർ ജില്ലയിലെ എരമംകുറ്റൂർ ഗ്രാമപഞ്ചായത്തിലെ പെരുമ്പടവ് തോടിനുകുറുകെ മാവുള്ളപൊയിൽ വി.സി.ബി. നിർമ്മിക്കുന്നതിനായുള്ള 92.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2019 ഒക്ടോബർ മാസത്തിൽ സാമ്പത്തികാനുമതിക്കായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർ പുനഃസമർപ്പിച്ചിരുന്നു. പ്രവൃത്തികളുടെ സ്വഭാവവും ആവശ്യകതയും മുൻഗണനയും പരിഗണിച്ച് ഫണ്ടിന്റെ ലഭ്യതകൂടി

കണക്കിലെടുത്താണ് ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ തയ്യാറാക്കുന്ന മുൻഗണനാപ്പട്ടിക അനുസരിച്ച് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും പ്രവൃത്തികൾക്ക് അനുമതി നൽകുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നത്. ആയതുപ്രകാരം തയ്യാറാക്കി സമർപ്പിച്ച മുൻഗണനാപ്പട്ടികയിൽ മേൽപ്രവൃത്തി ഉൾപ്പെട്ടിരുന്നില്ല.

(സി) പ്രസ്തുത എസ്റ്റിമേറ്റ് സമർപ്പിച്ച ശേഷം എസ്റ്റിമേറ്റ് തയ്യാറാക്കിയ എത്ര പ്രവൃത്തികൾക്കാണ് കണ്ണൂർ ജില്ലയിൽ ഭരണാനുമതി നൽകിയതെന്ന് പേരും തുകയും ഉൾപ്പെടെ വിശദമാക്കാമോ?

പ്രസ്തുത എസ്റ്റിമേറ്റ് സമർപ്പിച്ചതിനുശേഷം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിനുകീഴിൽ കണ്ണൂർ ജില്ലയിൽ 76 പ്രവൃത്തികൾക്ക് പ്ലാൻ/നോൺ പ്ലാൻ സ്കീമുകളിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) എത്ര തുക വരെയുള്ള പ്രവൃത്തികൾക്കാണ് ചീഫ് എഞ്ചിനീയർ തലത്തിൽ ഭരണാനുമതി നൽകാൻ കഴിയുന്നതെന്ന് അറിയിക്കാമോ?

2 കോടി രൂപ വരെയുള്ള സിവിൽ പ്രവൃത്തികൾക്കാണ് ചീഫ് എഞ്ചിനീയർ തലത്തിൽ ഭരണാനുമതി നൽകാൻ കഴിയുന്നത്.

(ഇ) 2021-22 സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ചീഫ് എഞ്ചിനീയർ ഭരണാനുമതി നൽകിയതെന്ന് അറിയിക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും പ്ലാൻ ശീർഷകത്തിൽ ഉൾപ്പെടുത്തി 76 പ്രവൃത്തികൾക്ക് 2506.9 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**പുതുക്കാട് മണ്ഡലത്തിലെ കാനത്തോട്-കുണ്ടുകടവ് പാലം നിർമ്മാണം**

182 (6120) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ കുറുമാലിപ്പുഴയ്ക്ക് കുറുകെ പറപ്പൂക്കര-പുതുക്കാട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കാനത്തോട്-കുണ്ടുകടവ് പാലത്തിന്റെ നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 25-8-2020-ലെ G.O.(Rt)No.548/2020/WRD-പ്രകാരം Construction of Kanathodu Regulator Cum Bridge across Kurumalipuzha at Kundukadavu in Puthukkad Panchayat, Thrissur District-എന്ന പ്രവൃത്തിക്ക് കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി 22 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള എല്ലാ ഇറിഗേഷൻ പ്രവൃത്തികൾക്കും Managing Director, Kerala Irrigation Infrastructure Development Corporation Ltd (KIIDC)-നെ Special Purpose Vehicle (SPV) ആയി നോമിനേറ്റ് ചെയ്തിട്ടുള്ളതാണ്.

(ബി) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന പ്രസ്തുത പ്രോജക്ടിന്റെ ടെണ്ടർ നടപടികളുടെ പൂർത്തീകരണത്തിനായി ബോർഡ് മീറ്റിംഗ് ചേരുന്നതിനും നിർമ്മാണം ആരംഭിക്കുന്നതിനും ആവശ്യമായ സത്വരനടപടികൾ സ്വീകരിക്കുമോ?

കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KIIDC) പ്രസ്തുത പദ്ധതി 24-2-2021-ന് ടെണ്ടർ ചെയ്തു. ഒരു കരാറുകാരൻ മാത്രമായതിനാൽ പദ്ധതി വീണ്ടും ടെണ്ടർ ചെയ്തു. ഇതിൽ മൂന്ന് കരാറുകാർ പങ്കെടുക്കുകയും ചെയ്തു. എന്നാൽ എസ്റ്റിമേറ്റ് തുകയേക്കാൾ 9.98% അധികമാണ് ഫിനാൻഷ്യൽ ബിഡിൽ രേഖപ്പെടുത്തിയത്. എസ്റ്റിമേറ്റ് നിരക്കിൽനിന്നും അധികരിച്ചുവന്നതിനാൽ ഇതിന് കെ.ഐ.ഐ.ഡി.സി. ബോർഡിന്റെ അംഗീകാരം ആവശ്യമാണ്. കെ.ഐ.ഐ.ഡി.സി. ബോർഡ് ഉടനടി യോഗം ചേരാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**മണലൂർ മണ്ഡലത്തിലെ മേൽപ്പാലവും ലിങ്ക് റോഡും**

183 (6121) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ബ്രഹ്മകുളത്തേയും കണ്ടാണശ്ശേരിയേയും ബന്ധിപ്പിക്കുന്ന വലിയതോടിന് കുറുകെ മേൽപ്പാലവും ലിങ്ക് റോഡും നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

വലിയതോടിന് (കൊച്ചിൻ ഫ്രൊണ്ടിയർ) കുറുകെ മേൽപ്പാലവും ലിങ്ക് റോഡും നിർമ്മിക്കുന്നതിന് പ്രസ്തുത തോടിന്റെ റീ സർവ്വേയും അതിർത്തികൾ സ്ഥാപിക്കുന്നതുമായ പ്രവൃത്തികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച ഡി.പി.ആർ. ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തി 2021-22-ലെ ബഡ്ജറ്റിൽ അനുബന്ധം II, വാല്യം II-ൽ ക്രമനമ്പർ 1958-ആയി ഉൾപ്പെടുത്തുകയും ടോക്കൺ തുക വകയിരുത്തുകയും ചെയ്തിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിക്ക് ഫണ്ടും ഭരണാനുമതിയും ലഭ്യമാക്കി നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഇതുസംബന്ധിച്ച ഡി.പി.ആർ. സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മങ്കേരി തോട് നവീകരണം**

184 (6122) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിൽ ഇരിമ്പിളിയം പഞ്ചായത്തിലെ മങ്കേരി പാടശേഖര സമിതിക്ക് ഭാരതപ്പുഴയിൽനിന്നും ജലം എത്തിച്ചുകൊണ്ടിരുന്ന തോട് തകർന്ന് കിടക്കുന്നതിനാൽ ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെട്ട് പാടത്തേയ്ക്ക് ജലം എത്തുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജലത്തിന്റെ ദൗർലഭ്യംമൂലം കർഷകർ ഏറെ ബുദ്ധിമുട്ട് നേരിടുന്നതിനാൽ തോട് നവീകരിച്ച് ജലസേചനം സാധ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഇരിമ്പിളിയം പഞ്ചായത്തിലെ മങ്കേരി പാടശേഖരത്തിലേയ്ക്ക് വെള്ളം എത്തുന്ന തോട് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. തോട്ടിൽനിന്നും മണ്ണും ചെളിയും നീക്കംചെയ്ത് ആഴംകൂട്ടി ആവശ്യമുള്ള സ്ഥലങ്ങളിൽ കര സംരക്ഷണം നടത്തി തോട് നവീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത തോട് പുനരുദ്ധരിക്കുന്നതിന് എസ്റ്റിമേറ്റും പ്രൊപ്പോസലും തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

പ്രസ്തുത തോട് നവീകരിക്കുന്നതിന് ആന്വൽ പ്ലാൻ 2022-23, ബജറ്റ് 2022-23 എന്നിവയിൽ ഉൾപ്പെടുത്തുന്നതിനായി പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

## പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ

185 (6123) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ വകുപ്പിന്റെ മേജർ, മൈനർ ഇറിഗേഷൻ പദ്ധതികൾ നടപ്പാക്കുന്നതിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കടലാക്രമണ ഭീഷണി നേരിടുന്ന തീരദേശ മേഖലയിലും പ്രളയ ഭീഷണി നേരിടുന്ന പുഴയോരങ്ങളിലും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണമേകാനുതകുന്ന സംരക്ഷണ പ്രവൃത്തികൾക്ക് മുൻഗണന നൽകിയാണ് പ്രവൃത്തികൾ നടപ്പിലാക്കിവരുന്നത്. പുതിയ പദ്ധതികൾക്ക് വേണ്ടിയുള്ള ഡി.പി.ആർ. തയ്യാറാക്കുമ്പോൾ കഴിഞ്ഞ വർഷങ്ങളിലുണ്ടായ വെള്ളപ്പൊക്കത്തിന്റെ ലെവലുകൾകൂടി കണക്കിലെടുക്കാറുണ്ട്. കൂടാതെ, പ്രത്യേകം പര്യവേഷണങ്ങൾ ആവശ്യമായ പ്രവൃത്തികളാണെങ്കിൽ അത്തരത്തിലുള്ള പഠനങ്ങൾകൂടി നടത്തി അതിൻപ്രകാരം മാത്രമേ പദ്ധതികളുടെ ഡിസൈൻ പൂർത്തിയാക്കാറുള്ളൂ. എല്ലാ നദികളിലും ഫ്ലഡ് മാപ്പിംഗ് ചെയ്ത് അപകടമേഖലകൾ തരംതിരിക്കുക, പ്രസ്തുത ഏരിയയിൽ നിർമ്മിതികൾ അനുവദിക്കാതിരിക്കുക, നദികളുടെ സുഗമമായ നീരൊഴുക്ക് ഉറപ്പാക്കുക തുടങ്ങിയ കാര്യങ്ങൾക്ക് മുൻഗണന നൽകി പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നുണ്ട്. റെഗുലേറ്റർ പോലുള്ള പദ്ധതികൾ പരിഗണിക്കുമ്പോൾ പ്രകൃതി ദുരന്ത സാധ്യതയുള്ള സ്ഥലങ്ങൾ ഒഴിവാക്കാറുണ്ട്. മൈനർ ഇറിഗേഷൻ പദ്ധതികളിൽ പ്രകൃതി ദുരന്തങ്ങളെ ചെറുക്കുന്നതിന്റെ ഭാഗമായി തോടുകൾ മണ്ണ് മാറ്റി വീതി കൂട്ടുകയും വി.സി.ബി./ചെക്ക് ഡാമിൽ അടിഞ്ഞുകൂടുന്ന എക്കൽ നീക്കംചെയ്യുന്ന മഴക്കാല മുന്നൊരുക്ക പ്രവൃത്തികളും നടത്തിവരുന്നു. ചെക്ക് ഡാം/ വി.സി.ബി. എന്നിവയുടെ ഷട്ടർ നീക്കം ചെയ്യുക, പമ്പ് ഹൗസിലെ മോട്ടോർ എന്നിവ ഉയർത്തി വയ്ക്കുക എന്നീ മുൻകരുതലുകൾ സ്വീകരിച്ചുവരുന്നു. കൂടാതെ തോടുകളിൽ അടിഞ്ഞുകൂടിയ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യൽ, പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തൽ തുടങ്ങിയവ പ്ലാൻ പദ്ധതി SDRF, NABARD എന്നിവയിലുൾപ്പെടുത്തി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഡാമുകളിൽ നീരൊഴുക്കിനനുസരിച്ച് ജലവിതാനത്തിലുണ്ടാകുന്ന മാറ്റങ്ങൾ ജാഗ്രതയോടെ വിലയിരുത്തുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു. റൂൾ കർവ്, എമർജൻസി ആക്ഷൻ പ്ലാൻ, ഓറഞ്ച് ബുക്ക് എന്നിവ പ്രകാരം പുഴയിലെ ജലനിരപ്പ് നിരീക്ഷിച്ച് തുറന്ന് വിടേണ്ടി വരികയാണെങ്കിൽ മുൻകൂട്ടി അറിയിപ്പ് നൽകി സുരക്ഷിതമായി ഡാം തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ ഭരണകൂടം എന്നിവയുടെ സഹകരണത്തോടെ ജനസുരക്ഷ

ഉറപ്പുവരുത്തിക്കൊണ്ടുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കേരള ഡാം സേഫ്റ്റി അതോറിറ്റി Periodical Inspection നടത്തുന്നുണ്ട്. അവരുടെ നിരീക്ഷണങ്ങളും ഉപദേശ നിർദ്ദേശങ്ങളും അനുസരിച്ച് സുരക്ഷാ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്.

(ബി) പ്രകൃതി ദുരന്ത സാദ്ധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി ജനങ്ങൾക്ക് സുരക്ഷയൊരുക്കാൻ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

തുടർച്ചയായ രണ്ട് വർഷങ്ങളിൽ നേരിട്ട പ്രളയവും അതിന്റെ ഭാഗമായുണ്ടായ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും സംസ്ഥാനത്ത് വലിയ നാശനഷ്ടങ്ങളാണ് സൃഷ്ടിച്ചത്. നിരവധിയാളുകൾക്ക് വീടും സ്ഥലവും നഷ്ടപ്പെടുകയും വാസയോഗ്യമല്ലാതാവുകയും ചെയ്തു. ഇത്തരം പ്രദേശങ്ങളിൽ ഉള്ളവരുടെ പുനരധിവാസത്തിന് സമഗ്രമായ ദീർഘകാല പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. മണ്ണിടിച്ചിലും ഉരുൾപൊട്ടലുംമൂലം ഭൂമി നഷ്ടപ്പെട്ടവരെയും വീട് തകർന്നവരെയും സുരക്ഷിത സ്ഥാനത്തേയ്ക്ക് മാറ്റാൻ ഉതകുന്ന ദീർഘകാല പ്രവർത്തനങ്ങളാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ 2018-ൽ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ എന്നിവ ബാധിച്ച പ്രദേശങ്ങളിൽ വാസയോഗ്യമായ സ്ഥലങ്ങൾ പരിശോധന നടത്തി കണ്ടെത്തി അടയാളപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിന്റെയും സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാ പ്രദേശ ഭൂപടത്തിന്റെയും വെളിച്ചത്തിൽ ഏതുതരം സ്ഥലങ്ങളിൽ വീട് വയ്ക്കാം എന്നത് സംബന്ധിച്ച് ശാസ്ത്രീയ ഉപദേശം നൽകുവാൻ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, പരിസ്ഥിതി അവലോകന വിദഗ്ദ്ധ സമിതി അംഗം ശ്രീ. ജി. ശങ്കർ, ഐ.ആർ.റ്റി.സി. ഡയറക്ടർ ഡോ.ശ്രീകുമാർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ.ശേഖർ എൽ. കുര്യാക്കോസ് എന്നിവരടങ്ങുന്ന വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. സമിതിയുടെ ശിപാർശപ്രകാരം മലയോര മേഖലയിൽ വീട് നിർമ്മിക്കുന്നതിന് മുന്നോടിയായി പ്രത്യേക പരിശോധന നടത്തുന്നതിന് ജില്ലാ ജിയോളജിസ്റ്റ്, തദ്ദേശസ്ഥാപന എഞ്ചിനീയർ എന്നിവർ സ്ഥലം പരിശോധിച്ച് പ്രത്യേക പരിശോധനാ ഫോറം തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സമിതിയുടെ ശിപാർശ പ്രകാരം മണ്ണിടിച്ചിൽ ഭീഷണിയുള്ള പ്രദേശങ്ങളിലുള്ള കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിന് മാനദണ്ഡങ്ങൾക്ക് വിധേയമായി 10 ലക്ഷം രൂപ വരെ അനുവദിക്കും. ഇത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് സമഗ്രമായ ഉത്തരവ് സ.ഉ(കൈ) നമ്പർ 25/2019/ഡി.എം.ഡി. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 2019 പ്രളയശേഷം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ മൈനിംഗ് & ജിയോളജി, മണ്ണ് പര്യവേക്ഷണ- മണ്ണ് സംരക്ഷണ വകുപ്പുകളെ ഉൾക്കൊള്ളിച്ച് കേരളത്തിലെ 9 ജില്ലകളിൽ

നടത്തിയ സർവ്വേയിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ ഭീഷണി നേരിടുന്ന പ്രദേശങ്ങൾ എന്നിവ കണ്ടെത്തുകയും അവിടെയുള്ള കുടുംബങ്ങളെ മാറ്റി പാർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ G.O.(Ms) No.25/2019/DMD പ്രകാരം സർക്കാർ 'Vulnerability linked relocation' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇത് പ്രകാരം മണ്ണിടിച്ചിൽ ഭീഷണിയുള്ള പ്രദേശങ്ങളിലെ കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിന് മാനദണ്ഡങ്ങൾക്ക് വിധേയമായി പരമാവധി 10 ലക്ഷം രൂപ അനുവദിക്കും. ഉരുൾപൊട്ടൽ, പ്രളയ സാധ്യതാ മേഖലകളിൽ കെട്ടിട നിർമ്മാണത്തിന്റെ വിവിധ രീതികൾ വിശദീകരിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഒരു കൈപ്പുസ്തകം തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. ഇത് അടിസ്ഥാനമാക്കി 2000-ലധികം കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് പരിശീലനം നൽകുകയും ചെയ്തു. സംസ്ഥാനത്തെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ കൂടുതൽ ആസൂത്രണത്തോടെ നടപ്പിലാക്കുന്നതിനായി 2018-ലെയും 2019-ലെയും പ്രകൃതിക്ഷോഭങ്ങളുടെ അനുഭവങ്ങളും അറിവുകളും ഉൾപ്പെടുത്തി സംസ്ഥാന ദുരന്ത നിവാരണ പ്ലാനും ജില്ലാ ദുരന്ത നിവാരണ പ്ലാനുകളും അപ്ഡേറ്റ് ചെയ്യുന്ന പ്രവർത്തനം അന്തിമഘട്ടത്തിലാണ്. ഇതുവഴി മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറാക്കുന്ന ആദ്യ സംസ്ഥാനമായി കേരളം മാറുകയും ചെയ്തു. ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ നിർദ്ദേശമനുസരിച്ച് റവന്യൂ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി അതത് സ്ഥലത്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ ഭരണകൂടത്തിന്റെ നിർദ്ദേശമനുസരിച്ച് ജീവനക്കാരെ വിവിധ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാറുണ്ട്. കൂടാതെ പുഴകളുടെ ഒഴുക്കിനെ ഒരുതരത്തിലും തടസ്സപ്പെടുത്താതിരിക്കാനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യാറുണ്ട്.

**ചക്രവാത ചുഴി**

186 (6124) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്തകാലത്തുണ്ടായ ചക്രവാത ചുഴി മൂലമുണ്ടായ കടുത്ത മഴയിലും വെള്ളപ്പൊക്കത്തിലുമായി വകുപ്പിന്റെ ഏതെല്ലാം ഡാമുകൾ തുറന്നുവിടേണ്ടിവന്നു; അതുമായി ബന്ധപ്പെട്ട നാശനഷ്ടങ്ങൾ സംബന്ധിച്ച് വകുപ്പിന്റെ കണക്കുകൂട്ടലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ചക്രവാത ചുഴി മൂലമുണ്ടായ കടുത്ത മഴയിലും വെള്ളപ്പൊക്കത്തിലും ജലവിഭവ വകുപ്പിനുകീഴിലുള്ള നെയ്യാർ, പേപ്പാറ, അരുവിക്കര, പരപ്പാർ, മലങ്കര, വാഴാനി, ചിമ്മിനി, മലമ്പുഴ, ചുള്ളിയാർ എന്നീ ഡാമുകൾ തുറന്നുവിടേണ്ടി വന്നു. ഡാമുകളിൽനിന്നുള്ള ജലം പുഴകളിലെ നീരൊഴുക്ക് കണക്കിലെടുത്ത് നിയന്ത്രിത അളവിൽ തുറന്നുവിട്ടതുകൊണ്ടും കൃത്യമായ മുൻകരുതലുകൾ എടുത്തിരുന്നതുകൊണ്ടും

ജലനിർഗമന പാതകളിൽ തടസ്സങ്ങളില്ലാതിരുന്നതുകൊണ്ടും ഡാമുകൾ തുറന്ന് ജലം ഒഴുക്കിയതുമായി മാത്രം ബന്ധപ്പെട്ട് നാശനഷ്ടങ്ങളുണ്ടായിട്ടില്ല.

(ബി) പ്രസ്തുത നാശനഷ്ടങ്ങൾക്ക് വിധേയരായവർ എത്രയെന്നും വിവിധ മേഖലകളിലായി കർഷകരടക്കം നാശനഷ്ടങ്ങൾക്ക് വിധേയരായവർക്ക് എന്തെല്ലാം സഹായങ്ങളാണ് നല്കുവാനുദ്ദേശിക്കുന്നതെന്നും ഇതിനായി എത്ര തുക വേണ്ടിവരുമെന്നും കണക്കാക്കിയോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം കേന്ദ്രസഹായം സർക്കാർ ആവശ്യപ്പെട്ടു; എന്തെല്ലാം സഹായങ്ങൾ നാളിതുവരെ ലഭ്യമാക്കി; ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കാനുദ്ദേശിക്കുന്ന തുടർ നടപടികൾ എന്തെല്ലാം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) ബാധകമല്ല.

**ഭൂജല പരിപോഷണ പദ്ധതികൾ**

187 (6125) <u>ശ്രീ. എ. സി. മൊയ്തീൻ</u>:
<u>ശ്രീ. ഐ. ബി. സതീഷ്</u>:
<u>ശ്രീ. എ. പ്രഭാകരൻ</u>:
<u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെക്ക്ഡാമുകളും റെഗുലേറ്ററുകളും പണിത് പുഴകളെ ജല സംഭരണികളാക്കി മാറ്റുന്നതുമായി ബന്ധപ്പെട്ട് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഇല്ല, എന്നാൽ ചെക്ക് ഡാമുകളും റെഗുലേറ്ററുകളും നിർമ്മിക്കുന്നതിന് മുമ്പുതന്നെ വകുപ്പുതല ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും ലെവൽസ് എടുത്ത് പ്രാഥമിക ഫീസിബിലിറ്റി പഠനം നടത്തുകയും ചെയ്യും. അതിനുശേഷം നദിയുടെ നീരൊഴുക്കും കൃഷിയുടെ ആവശ്യകതയും കണക്കിലെടുത്ത് ഉചിതമായ സ്ഥലത്ത് ചെക്ക് ഡാം/റെഗുലേറ്ററുകൾ നിർമ്മിക്കാനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കും. ഇതിനുപുറമെ ആവശ്യമായ സ്ഥലങ്ങളിൽ സൈറ്റ് ഇൻസ്പെക്ഷനും സോയിൽ ഇൻവെസ്റ്റിഗേഷനും നടത്തി ഡിസൈൻ ചെയ്തതിനുശേഷമായിരിക്കും എസ്റ്റിമേറ്റ് അനുമതിക്കായി സമർപ്പിക്കുന്നത്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ജലസേചന പദ്ധതികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും ഭൂജല പരിപോഷണ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

ഭൂജല വകുപ്പ് ഭൂജല പരിപോഷണത്തിനായി നടപ്പിലാക്കി വരുന്ന ' ഭൂജല സംരക്ഷണവും, സംപോഷണവും' എന്ന പ്ലാൻ പദ്ധതി തുടർന്നുവരുന്ന (continuing scheme) പദ്ധതിയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭൂജല വകുപ്പ് 572 ഭൂജല പരിപോഷണ പദ്ധതികൾ സംസ്ഥാനത്തെ പൊതുസ്ഥാപനങ്ങളിലും സർക്കാർ സഹായം ലഭിക്കുന്ന സ്ഥാപനങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. ഭൂജല വകുപ്പ് മുഖേന അനുയോജ്യമയ എല്ലാ പൊതുസ്ഥാപനങ്ങളിലും ഭൂജല സംപോഷണ പദ്ധതികൾ പൂർത്തിയാക്കിയ ആദ്യ നിയോജകമണ്ഡലമായി കാട്ടാക്കടയെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബഹു. ജലവിഭവ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ചെക്ക് ഡാമുകളും റെഗുലേറ്ററുകളും ഡാമുകളും കൃഷി ആവശ്യത്തിനായി നിർമ്മിക്കുമ്പോൾ പരോക്ഷമായി ഭൂജല പരിപോഷണം നടക്കുന്നുണ്ട്. കൂടാതെ, നീർത്തടാധിഷ്ഠിത ആസൂത്രണത്തിന്റെ ഭാഗമായി ഹരിത കേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി"-യുടെ ഭാഗമായി പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തിയും നിർവ്വഹിച്ചിട്ടുണ്ട്. ഇതുവഴി ഭൂജല പോഷണം വർദ്ധിപ്പിക്കാൻ കഴിയും.

(സി) ഭൂജല വകുപ്പ് നടപ്പാക്കി വരുന്ന കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ <u>അധീനതയിലുള്ള</u> സാദ്ധ്യമായ സ്ഥാപനങ്ങളിലും/പ്രദേശങ്ങളിലും കൂടാതെ സർക്കാർ സഹായം ലഭിക്കുന്ന സ്ഥാപനങ്ങളിലും അനുയോജ്യമായ കൃത്രിമ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ വകുപ്പ് നടപ്പിലാക്കിവരുന്നു. റീചാർജ്ജ് പിറ്റ്/തുറന്ന കിണർ/കുഴൽകിണർ വഴിയുള്ള ഭൂജല സംപോഷണ പദ്ധതികൾ, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം (0.1 ഹെക്ടറിൽ താഴെയുള്ളത്), ചെറിയ തടയണകളുടെ നിർമ്മാണം എന്നീ പ്രവൃത്തികളാണ് വകുപ്പ് ' ഭൂജല സംരക്ഷണവും, സംപോഷണവും' എന്ന പ്ലാൻ പദ്ധതിയിൽ നടപ്പിലാക്കി വരുന്നത്.

**കൃത്രിമ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ**

188 (6126) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെറുകിട കുടിവെള്ള പദ്ധതികൾ സുസ്ഥിരമാക്കുന്നതിനായി കൃത്രിമ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ നടപ്പിലാക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ചെറുകിട കുടിവെള്ള പദ്ധതികൾ സുസ്ഥിരമാക്കുന്നതിനായി ജലനിധിയുടെ രണ്ടാംഘട്ട പദ്ധതികൾ നടപ്പിലാക്കിയ പഞ്ചായത്തുകളിൽ സമഗ്ര ജലസുരക്ഷാ രൂപരേഖ (Water Security Plan) തയ്യാറാക്കിയിട്ടുണ്ട്. ജല സംരക്ഷണത്തിനായി ജലനിധി കിണറുകളിൽ റീചാർജ്ജ്, തടയണകൾ (ചെറുതും വലുതും), ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented Cross Bar), മണ്ണ് ഭിത്തി സംരക്ഷണം, മഴക്കുഴികൾ എന്നിവ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ കുടിവെള്ള സ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കാൻ സഹായിച്ചിട്ടുണ്ട്. ജലനിധി പദ്ധതികളിൽ മുടങ്ങിക്കിടക്കുന്നവയെ പുനരുജ്ജീവിപ്പിക്കാൻ സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സുസ്ഥിരതാ പദ്ധതി നടപ്പാക്കുന്നുണ്ട്. ഇത്തരം പദ്ധതികളിൽ സ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കാൻ സാധ്യമായ സ്ഥലങ്ങളിൽ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ KRWSA-യുടെ ഭാഗമായ മഴകേന്ദ്രം മുഖേന സംസ്ഥാന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുരപ്പുറ മഴവെള്ള സംഭരണവും ഭൂജല പരിപോഷണവും പദ്ധതി നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കുടിവെള്ളക്ഷാമം നേരിടുന്ന ഗ്രാമപഞ്ചായത്തുകളെ മുൻഗണനാ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുകയും വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ സംഭരണ ശേഷിയുള്ള ഫെറോ സിമന്റ് ടാങ്കുകൾ നിർമ്മിച്ച് മഴവെള്ളം സംഭരിച്ച് ജല ദൗർലഭ്യം നേരിടുന്ന അവസരങ്ങളിൽ ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും ഭൂജല പരിപോഷണത്തിലൂടെ കിണറുകളുടെ ഉറവ ദീർഘകാലം നിലനിർത്തി ജലക്ഷാമത്തിന് ഒരുപരിധിവരെ പരിഹാരം കണ്ടെത്തുവാനുമുള്ള പ്രവൃത്തികൾ നടപ്പാക്കുന്നുണ്ട്. വ്യക്തിഗത കുടുംബങ്ങളിൽ നിലവിലുള്ള തുറന്ന കിണറുകൾ പുരപ്പുറ മഴവെള്ളം ശേഖരിച്ച് റീചാർജ്ജ് ചെയ്യുന്നതിനും മഴക്കുഴികൾ നിർമ്മിച്ച് ഭൂജല പരിപോഷണത്തിനാവശ്യമായ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. കുഴൽക്കിണർ ജലസ്രോതസ്സായി ഉപയോഗപ്പെടുത്തിയാണ് ഭൂജല വകുപ്പ് ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പ്രസ്തുത സ്രോതസ്സുകളിലെ സുസ്ഥിര ജലലഭ്യത ഉറപ്പുവരുത്തുന്നതിന്റെ പ്രാഥമിക നടപടിയായി ഓരോ കുഴൽക്കിണറിന്റെയും ജലലഭ്യത (yield) തിട്ടപ്പെടുത്തിയാണ് ഉപഭോക്താക്കളുടെ എണ്ണം ക്രമീകരിക്കുന്നത്. ജലലഭ്യത പരിശോധനയിലൂടെ കൃത്യമായ പമ്പിംഗ് സമയവും ഉറപ്പാക്കുന്നു. ഭൂജലസ്രോതസ്സുകളുടെ സുസ്ഥിരതയ്ക്കായി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് "ഭൂജല സംരക്ഷണവും സംപോഷണവും" പദ്ധതി. പ്രസ്തുത പദ്ധതികൾ പൊതുയിടങ്ങളിലെ ഭൂജല സ്രോതസ്സുകളെ കേന്ദ്രീകരിച്ചാണ് നടപ്പിലാക്കുന്നതെങ്കിലും ഇതിന്റെ പ്രയോജനം പ്രസ്തുത പദ്ധതി ഉൾക്കൊള്ളുന്ന നീർത്തടം മുഴുവനായും ലഭിക്കുന്നു.

## കാസർഗോഡ് ജില്ലയിൽ ജലസേചനത്തിന് കുഴൽക്കിണർ

189 (6127) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാർഷിക ജലസേചനത്തിന് കുഴൽക്കിണർ നിർമ്മാണത്തിന് അനുമതി നൽകുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ സുരക്ഷിത ബ്ലോക്കുകളിൽ കാർഷികാവശ്യങ്ങൾക്ക് കുഴൽക്കിണർ കുഴിക്കുന്നതിന് ഭൂജല വകുപ്പിൽ നിന്നും ക്ലിയറൻസ് നൽകിവരുന്നു. കാസർഗോഡ് ബ്ലോക്കിൽ ഉൾപ്പെടുന്ന വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ ഏതൊരാവശ്യത്തിനുമുള്ള പുതിയ കുഴൽക്കിണർ നിർമ്മാണത്തിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ ബ്ലോക്കുകളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) അനുമതി നൽകുന്നില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ?

ജില്ലയിലെ ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ ബ്ലോക്കുകളിൽ കുഴൽക്കിണർ നിർമ്മാണത്തിന് അനുമതി നൽകുന്നതിനുവേണ്ടി രൂപീകരിച്ച ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല വിദഗ്ദ്ധ സമിതിയുടെ (ജില്ലാ കളക്ടറുടെ 2-12-2019-ലെ GWK/2258/19 നമ്പർ ഉത്തരവ്) തീരുമാനപ്രകാരം കാർഷികാവശ്യങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതാണ്.

(സി) കാർഷിക ജലസേചനത്തിന് കർഷകർ എന്ത് മാർഗ്ഗമാണ് സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ നിയന്ത്രണമുള്ള ബ്ലോക്കുകളിൽ കാർഷികാവശ്യങ്ങൾക്ക് പ്രധാനമായും തുറന്ന കിണർ, കുളം തുടങ്ങിയ ഭൂജല സ്രോതസ്സുകളെ ആശ്രയിക്കാവുന്നതാണ്. കൂടാതെ, കാര്യക്ഷമമായ ജലഉപഭോഗത്തിനായി നൂതന മൈക്രോ ഇറിഗേഷൻ മാർഗ്ഗങ്ങളായ ഡ്രിപ്പ്, സ്പ്രിംഗ്ലർ തുടങ്ങിയവ ജില്ലയിൽ അവലംബിക്കാവുന്നതാണ്.

(ഡി) വാട്ടർ റീചാർജ്ജ് വ്യവസ്ഥയോടെ ജില്ലയിലെ കർഷകർക്ക് കുഴൽ കിണർ നിർമ്മാണത്തിന് അനുമതി നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ബഹു. ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല വിദഗ്ദ്ധ സമിതിയുടെ (ജില്ലാ കളക്ടറുടെ 2-12-2019-ലെ GWK/2258/19 നമ്പർ ഉത്തരവ്) നിർദ്ദേശാനുസരണം വാട്ടർ റീചാർജ്ജ് വ്യവസ്ഥയോടെ കാസർഗോഡ് ജില്ലയിലെ കർഷകർക്ക് കുഴൽക്കിണർ നിർമ്മാണത്തിന് അനുമതി നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്.

**ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും**

190 (6128) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും അവയുടെ ഉപയോഗം, പരിപാലനം എന്നിവ ഉറപ്പ് വരുത്തുന്നതിനും ആവിഷ്കരിച്ച പദ്ധതി വിജയപ്രദമാണോ; വിശദീകരിക്കുമോ?

വിജയപ്രദമാണ്. സംസ്ഥാനത്ത് ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും അവയുടെ ഉപയോഗം, പരിപാലനം എന്നിവ ഉറപ്പ് വരുത്തുന്നതിനും ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) പുനരുദ്ധരിച്ച ജലസ്രോതസ്സുകൾ പരിപാലനമില്ലാതെ വീണ്ടും മലിനമാകുന്നതും നശിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പുനരുദ്ധരിക്കപ്പെട്ട ജലസ്രോതസ്സുകൾ, പ്രധാനമായും കുളങ്ങൾ തുടർ പരിപാലനമില്ലാതെ പായൽ, കളകൾ എന്നിവ കാരണം മലിനമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുളങ്ങൾ, തോടുകൾ എന്നിവയെ ആശ്രയിച്ച് നിലനിന്നിരുന്ന കൃഷി, കന്നുകാലി വളർത്തൽ എന്നിവയിൽ വന്ന മാറ്റമാണ് ഇതിന് പ്രധാന കാരണം. ഭൂവിനിയോഗത്തിലും ജനങ്ങളുടെ ജീവിതശൈലിയിലും വന്ന മാറ്റവും ഒരു പ്രധാന ഘടകമായി വിലയിരുത്തുന്നു.

(സി) എങ്കിൽ ഇവയുടെ സുസ്ഥിര പരിപാലനത്തിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പൊതു ജലലഭ്യത നിലനിർത്തുന്നതിൽ ജലസ്രോതസ്സുകൾ പ്രധാന പങ്ക് വഹിക്കുന്നു എന്നതുകൊണ്ടുതന്നെ, ശുചീകരിച്ച് പുനരുദ്ധരിക്കുന്ന കുളങ്ങൾ പ്രാദേശിക സാധ്യതകൾക്കനുസരിച്ച് മത്സ്യകൃഷി, ബണ്ടുകളിൽ കന്നുകാലികൾക്കാവശ്യമായ പുല്ലുവളർത്തൽ തുടങ്ങിയ ആവശ്യങ്ങൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞാൽ പുനരുദ്ധരിച്ച ജലസ്രോതസ്സുകളുടെ പരിപാലനം ഉറപ്പാക്കാൻ കഴിയും. കാട്ടാക്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന 'വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി' ഇതിനൊരു ഉദാഹരണമാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ പ്രധാന പങ്ക് വഹിക്കാൻ കഴിയും. കാലാവസ്ഥാ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ ജലസ്രോതസ്സുകളുടെ സുസ്ഥിരപരിപാലനം ഉറപ്പാക്കേണ്ടത് ആവശ്യമാണ്. ഇവ സംരക്ഷിക്കുന്നത് നമ്മുടെ കടമയാണ് എന്നത് പൊതുസമൂഹത്തിൽ ചർച്ച ചെയ്യുന്നതിനും ബോധവൽക്കരണത്തിനുമായി ലഘുലേഖകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ വാട്ടർ കൺസർവേഷൻ ആക്ട് പ്രകാരം ശിക്ഷണ നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ ജലസ്രോതസ്സുകളുടെ മലിനീകരണ പ്രവൃത്തികൾ ആവർത്തിക്കാതിരിക്കുന്നതിന് ചെയിൻ ലിങ്ക് ഫെൻസിംഗ് (കമ്പിവല വേലികൾ) സംവിധാനം നടപ്പിലാക്കിവരുന്നു. കനാലുകളിൽ വാർഷിക അറ്റകുറ്റപ്പണികൾ നടത്തുകയും കനാലുകൾ മലിനപ്പെടുത്തുന്നതിനെതിരെ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും ചെയ്യുന്നു. ജലനിധിയിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി കുടിവെള്ള പദ്ധതികളുടെ ഉറവിടം (source) തെരഞ്ഞെടുക്കുന്നതുമുതൽ ശ്രദ്ധ ചെലുത്തുന്നുണ്ട്. ഉറവിടവും പരിസരവും മാലിന്യമുക്തമായും ഉറവിടത്തിൽ മാലിന്യം കലർന്ന ജലം എത്തിച്ചേരാതെയും സംരക്ഷിക്കുന്നു. ജലനിധി പദ്ധതികളുടെ നടത്തിപ്പും പരിപാലനവും ഗുണഭോക്തൃ സമിതികളുടെ മേൽനോട്ടത്തിലാണ് നടത്തുന്നത്. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി പുനരുജ്ജീവിപ്പിച്ച ജലസ്രോതസ്സുകളിൽ ഏറെയും ജനകീയമായിട്ടാണ് പുനരുജ്ജീവിപ്പിക്കപ്പെട്ടത്. ഇത്തരത്തിൽ പുനരുജ്ജീവന പ്രവർത്തനം നടത്തുന്നതിന് ഒട്ടുമിക്ക സ്ഥലങ്ങളിലും ജനകീയ സംഘാടക സമിതികൾ രൂപീകരിച്ചിരുന്നു. പുനരുജ്ജീവനത്തിനുശേഷം പലസ്ഥലത്തും ഈ ജനകീയ സമിതികൾ പരിപാലന സമിതികളായി പ്രവർത്തിക്കുന്നു. ഹരിതകേരളം മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി തയ്യാറാക്കിയ നീർത്തട മാസ്റ്റർ പ്ലാനുകളിൽ ഉൾപ്പെട്ട പ്രവൃത്തികൾ വിവിധ സർക്കാർ വകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ നിർവ്വഹിച്ചു വരുന്നു. ഇതിന്റെ ഭാഗമായി നേരത്തേ പുനരുജ്ജീവിപ്പിച്ച ജലസ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കാൻ കഴിയുന്ന രീതിയിലുള്ള പ്രവൃത്തികൾ ഏറ്റെടുക്കാനാകും.

**കുഴൽക്കിണർ കുഴിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

191 (6129) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുഴൽ കിണർ കുഴിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം - 2019 അനുസരിച്ച് സംസ്ഥാനത്ത് കുഴൽക്കിണർ നിർമ്മാണത്തിന് അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ/മുനിസിപ്പാലിറ്റി പെർമിറ്റ് അനുവദിക്കുന്നതിന് ഭൂജല വകുപ്പിന്റെ

ക്ലിയറൻസ് സർട്ടിഫിക്കറ്റ് ആവശ്യമാണ്. സർക്കാർ വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മാണത്തിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ പൊതുആവശ്യത്തിന് കുഴൽക്കിണർ നിർമ്മിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/MP LAD/MLA SDF എന്നീ ഡെപ്പോസിറ്റ് ഫണ്ട് ഉപയോഗിച്ചും പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തിയും ഭൂജല വകുപ്പ് പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) കൂത്തുപറമ്പ് മണ്ഡലത്തിൽ പൊതുആവശ്യങ്ങൾക്കും സ്വകാര്യ വ്യക്തികൾക്കും കുഴൽകിണർ കുഴിക്കുന്നതിന് അനുമതിയുള്ളതും ഇല്ലാത്തതുമായ തദ്ദേശ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2012 അനുസരിച്ച് കൂത്തുപറമ്പ് മണ്ഡലത്തിലെ ഒരു പ്രദേശവും വിജ്ഞാപനം ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ കൂത്തുപറമ്പ് മണ്ഡലത്തിൽ പൊതുആവശ്യങ്ങൾക്കും സ്വകാര്യ വ്യക്തികൾക്കും കുഴൽക്കിണർ കുഴിക്കുന്നതിന് അനുമതിയുള്ളതും ഇല്ലാത്തതുമായ തദ്ദേശ സ്ഥാപനങ്ങൾ എന്ന തരംതിരിവ് നടത്തിയിട്ടില്ല.

(സി) ഭൂഗർഭ ജല വകുപ്പ് മുഖേന കുഴൽകിണർ കുഴിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; കിണറിന്റെ വ്യാപ്തിയും നിരക്കും പൈപ്പിന്റെ വിലയും എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഭൂജല വകുപ്പ് മുഖേന കുഴൽക്കിണർ നിർമ്മിക്കുന്നതിന് വകുപ്പിന്റെ അതത് ജില്ലാ ഓഫീസുകളിൽ ഭൂജല പര്യവേഷണത്തിനുള്ള അപേക്ഷ സമർപ്പിക്കുകയും അപേക്ഷകളുടെ മുൻഗണനാക്രമത്തിൽ വകുപ്പിൽനിന്ന് വിശദമായ ഭൂജല പര്യവേഷണം നടത്തി കുഴൽക്കിണറിന്റെ തരം, നിർമ്മിക്കേണ്ട സ്ഥലം, കിണറിന്റെ ആഴം എന്നിവ രേഖപ്പെടുത്തി ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് അപേക്ഷകന് നൽകിവരുന്നു. അപേക്ഷകൻ, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ/മുനിസിപ്പാലിറ്റിയിൽ സമർപ്പിച്ച് കുഴൽക്കിണർ നിർമ്മാണ പെർമിറ്റ് വകുപ്പിൽ ലഭ്യമാക്കുന്ന മുറയ്ക്ക് വകുപ്പിന്റെ റിഗ്ഗ് എത്തിച്ചേരുന്ന പ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് അപേക്ഷകന് നൽകുന്നു. കാർഷികാവശ്യത്തിനുള്ള കുഴൽക്കിണർ നിർമ്മാണത്തിന്, ബന്ധപ്പെട്ട കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഡ്രില്ലിംഗ് ചാർജ്ജിന്റെ 50% സബ്സിഡി നൽകിവരുന്നു. എസ്റ്റിമേറ്റ് തുക വകുപ്പിൽ ഒടുക്കുന്നപക്ഷം മുൻഗണനാക്രമത്തിൽ വകുപ്പിന്റെ റിഗ്ഗുപയോഗിച്ച് കുഴൽക്കിണർ നിർമ്മിച്ച് നൽകുന്നു. കുഴൽക്കിണറിന്റെ നിരക്കും പൈപ്പിന്റെ വിലയും അനുബന്ധം 1- ൽ* ഉള്ളടക്കം ചെയ്യുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഭൂഗർഭ ജലവകുപ്പ് സർക്കാർ നിരക്കിൽ സ്വകാര്യ വ്യക്തികൾക്ക് 6 ഇഞ്ച് വ്യാസത്തിലുള്ള കുഴൽകിണർ കുഴിച്ച് കൊടുക്കുമോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

ഭൂജല വകുപ്പ് സർക്കാർ നിരക്കിൽ സ്വകാര്യ വ്യക്തികൾക്ക് 6 ഇഞ്ച് വ്യാസത്തിലുള്ള കുഴൽക്കിണർ കുഴിച്ച് നൽകുന്നുണ്ട്.

**ഭൂജല വകുപ്പിന്റെ ആധുനികവത്കരണം**

192 (6130) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭൂജല അതോറിറ്റി നിലവിൽ വന്നത് എന്നാണെന്നറിയിക്കുമോ?

കേരള ഗസറ്റ് No.33125/GW1/2003/WRD, തീയതി 16-1-2004 - SRO No. 59/2004 പ്രകാരം 15-1-2004-ന് സംസ്ഥാന ഭൂജല അതോറിറ്റി നിലവിൽ വന്നു.

(ബി) ഇതിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ?

പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കായി തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

(സി) ഭൂജല വകുപ്പിന്റെ ആധുനികവത്കരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

1) ഭൂജല വകുപ്പിൽ കുഴൽക്കിണർ നിർമ്മാണം നടത്തുന്ന റിഗ്ഗുകൾ കാലപ്പഴക്കംകാരണം പ്രവർത്തനരഹിതമാകുന്നതുമൂലം നിർമ്മാണ ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കാതെ വരുന്നതിനാൽ പുതിയ റിഗ്ഗുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2) ഭൂജല വകുപ്പ് പൊതുജനങ്ങൾക്ക് നൽകിവരുന്ന സേവനങ്ങൾ ഓൺലൈനാക്കുന്നതിന്റെ ഭാഗമായി NIC (service plus)-യുമായി ചേർന്ന് ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വ്യവസായത്തിന് നൽകുന്ന സേവനങ്ങളിൽ രണ്ടെണ്ണം K-SWIFT മുഖാന്തരം ഓൺലൈനാക്കിയിട്ടുണ്ട്.

3) ഭൂജല വകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന് ആവശ്യമായ Infrastructure Gap Analysis- ഐ.ടി. മിഷന്റെ നേതൃത്വത്തിൽ പൂർത്തിയാക്കുകയും അധികമായി വേണ്ടുന്ന കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് വേണ്ടുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. ഭൂജല വകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ 1.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

' കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് 2002' ഭേദഗതിയുടെ പ്രൊപ്പോസൽ 18-5-2020-ൽ ചേർന്ന 30-ാമത് അതോറിറ്റി യോഗം അംഗീകരിക്കുകയുണ്ടായി. പ്രസ്തുത ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) പ്രസ്തുത ആക്ടുമായി ബന്ധപ്പെട്ട് 2016-19-ലെ കമ്മിറ്റി ഓൺ സബോർഡിനേറ്റ് ലെജിസ്ലേഷൻ 7-11-2016-ൽ സമർപ്പിച്ച ശിപാർശകൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പ്രസ്തുത ശിപാർശകളിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിലെ ഭൂഗർഭ ജലനിരപ്പ്**

193 (6131) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഭൂഗർഭ ജലനിരപ്പ് അപകടകരമായ രീതിയിൽ താഴ്ന്നതായി റിപ്പോർട്ടുകളുണ്ടോയെന്ന് അറിയിക്കാമോ?

2017-ലെ GEC റിപ്പോർട്ട് (2019-ൽ പ്രസിദ്ധീകരിച്ചത്) പ്രകാരം ഭൂജല ഉപഭോഗ തോതിന്റെയടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക് ഗുരുതര വിഭാഗത്തിലും കാഞ്ഞങ്ങാട്, മഞ്ചേശ്വരം, കാറഡുക്ക ബ്ലോക്കുകൾ അർദ്ധ ഗുരുതര വിഭാഗത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) എങ്കിൽ ഏതൊക്കെ പ്രദേശങ്ങളിലാണെന്നും ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്നും വിശദീകരിക്കാമോ?

ക്രിട്ടിക്കൽ (കാസർഗോഡ്), സെമി ക്രിട്ടിക്കൽ (കാഞ്ഞങ്ങാട്, മഞ്ചേശ്വരം, കാറഡുക്ക) ബ്ലോക്കുകളിൽ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ റീചാർജ്ജ് പദ്ധതികൾ ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

## പൂഞ്ഞാർ മണ്ഡലത്തിൽ മഴക്കെടുതിയിലുണ്ടായ നാശനഷ്ടങ്ങൾ

194 (6132) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ മഴക്കെടുതിമൂലം മേജർ, മൈനർ ഇറിഗേഷൻ, ഭൂജല വകുപ്പുകളിലായി ജലവിഭവ വകുപ്പിനുണ്ടായ നാശനഷ്ടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിൽ മഴക്കെടുതിമൂലം മേജർ, മൈനർ ഇറിഗേഷൻ, ഭൂജല വകുപ്പുകളിലായി ജലവിഭവ വകുപ്പിനുണ്ടായ നാശനഷ്ടങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇവ പരിഹരിക്കുന്നതിനും പുനരുദ്ധാരണ പ്രവൃത്തികൾക്കുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ പമ്പ് ഹൗസ്സുകളിലും അറ്റകുറ്റ പണികളും ശുചീകരണ പ്രവൃത്തികളും (തലനാട് കിണറിന്റെ അറ്റകുറ്റ പണികൾ ഒഴികെ) യുദ്ധകാലാടിസ്ഥാനത്തിൽ നടത്തി പമ്പിംഗ് പുനരാരംഭിച്ചിട്ടുണ്ട്. തീരങ്ങൾ ഇടിഞ്ഞുപോയ ഭാഗങ്ങളിൽ പുനർനിർമ്മാണം നടത്തുവാനും പുഴകളിലും തോടുകളിലും അടിഞ്ഞുകൂടിയ കല്ലും മണ്ണും എക്കലും നീക്കം ചെയ്യാനുമുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി ഫ്ലഡ് കൺട്രോൾ, ഫ്ലഡ് ഡാമേജ്, എസ്.ഡി.ആർ.എഫ്. എന്നീ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ ഏറ്റെടുക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിലെ ഏകോപനമില്ലായ്മ

195 (6133) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിൽ വാട്ടർ അതോറിറ്റിയുടെയും പൊതുമരാമത്ത് വകുപ്പിന്റെയും ഏകോപനമില്ലായ്മ കാരണം പുനർനിർമ്മിച്ച റോഡുകൾ വെട്ടിപ്പൊളിക്കുന്നതും റോഡുകൾ പുനർനിർമ്മിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കുന്നതിനായി ഇരുവകുപ്പുകളും കൂടിയാലോചിച്ച് പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് റോഡ് കുഴിക്കുന്നതിനുള്ള അനുമതിക്കായി പൊതുമരാമത്ത് വകുപ്പിൽ പോർട്ടൽവഴി അപേക്ഷ നൽകുകയും പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമാകുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള തുക മുൻകൂറായി ഒടുക്കി അനുമതി ലഭ്യമാക്കിയ ശേഷമാണ് റോഡ് കുഴിച്ച് പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നത്. പുനരുദ്ധരിച്ച റോഡുകളുടെ ഗ്യാരന്റി കാലാവധി കഴിയുന്നതുവരെ സാധാരണ പൊതുമരാമത്ത് വകുപ്പിൽനിന്നും റോഡ് കുഴിക്കുന്നതിനുള്ള അനുമതി ലഭ്യമാകാറില്ല. എന്നാൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ ചില അത്യാവശ്യഘട്ടങ്ങളിൽ മുൻകൂറായി റോഡ് പുനഃസ്ഥാപന തുകയൊടുക്കി പുനർനിർമ്മിച്ച റോഡുകളിലും പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതായി വരുന്നുണ്ട്. പദ്ധതികൾക്ക് ഭരണാനുമതി നൽകിയാലുടൻതന്നെ പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട റോഡുകൾ കുഴിക്കുന്നതിനുള്ള നടപടികളെടുക്കുകയും റോഡ് പുനഃസ്ഥാപന തുകയുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കി ഫണ്ട് നൽകുന്നതിനുള്ള നടപടികൾ എടുക്കുകയും ചെയ്യാറുണ്ട്. റോഡ് പുനഃസ്ഥാപന തുകയൊടുക്കിയ ശേഷമാണ് ജല അതോറിറ്റി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നത്. പൈപ്പ് ലൈൻ സ്ഥാപിക്കൽ പ്രവൃത്തി പൂർത്തിയായാലുടനെ റോഡ് പുനഃസ്ഥാപന പ്രവൃത്തികൾ നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പിനെ അറിയിക്കാറുണ്ട്. പുനഃസ്ഥാപന തുക ഒടുക്കിയിട്ടുണ്ടെങ്കിലും പൈപ്പ് ലൈൻ സ്ഥാപിച്ച ഭാഗം മാത്രം പുനഃസ്ഥാപന പ്രവൃത്തികൾ നടത്താതെ റോഡ് മുഴുവനായി പുനഃസ്ഥാപന പ്രവൃത്തികൾ നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് കാത്തിരിക്കുന്നതുമൂലമാണ് പലപ്പോഴും റോഡ് പുനർനിർമ്മിക്കുന്നതിന് കാലതാമസമുണ്ടാകുന്നത്. മാത്രവുമല്ല, ഫണ്ട് ലഭ്യതയിലുണ്ടാകുന്ന കാലതാമസവും ഇതിന് കാരണമാകാറുണ്ട്. ജല അതോറിറ്റിയും പൊതുമരാമത്ത് വകുപ്പും ഏകോപനത്തോടുകൂടി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികളും റോഡ് പുനഃസ്ഥാപന പ്രവൃത്തികളും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി റോഡ് കുഴിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനും സമയബന്ധിതമായി നടപടികൾ പൂർത്തീകരിക്കുന്നതിനും ഓൺലൈൻ സംവിധാനം നിലവിലുണ്ട്. കൂടാതെ കിഫ്ബി പോലുള്ള ചില പദ്ധതികളിൽ റോഡ് പുനഃസ്ഥാപന പ്രവൃത്തികളും പൈപ്പ് ലൈൻ സ്ഥാപിക്കുന്ന കരാറുകാരൻതന്നെ ചെയ്യണമെന്ന നിബന്ധനയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി റോഡ് പുനഃസ്ഥാപന പ്രവൃത്തികൾക്കുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ സാധിക്കും. പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## മണ്ഡപത്തിൻകടവിലെ കയ്യേറ്റം ഒഴിപ്പിക്കൽ

196 (6134) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ മണ്ഡപത്തിൻകടവ് സ്ഥിതി ചെയ്യുന്ന സ്ഥലം ജലവിഭവ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണോയെന്ന് വ്യക്തമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ മണ്ഡപത്തിൻകടവ് സ്ഥിതിചെയ്യുന്ന സ്ഥലം ജലവിഭവ വകുപ്പിന്റെ ഉടമസ്ഥതയിലല്ല. മണ്ഡപം സ്ഥിതിചെയ്യുന്ന സ്ഥലം പുരാവസ്തു വകുപ്പിന്റേതും കടവ് സ്ഥിതി ചെയ്യുന്ന സ്ഥലം ആറ്റുപുറമ്പോക്കുമാണ്.

(ബി) പ്രസ്തുത പ്രദേശങ്ങളിൽ കയ്യേറ്റങ്ങളുണ്ടായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) എങ്കിൽ പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി&സി) ബാധകമല്ല.

## ജൽ ജീവൻ മിഷൻ

197 (6135) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പ്രാവർത്തികമാകുന്നതോടെ പൊതു കുടിവെള്ള ടാപ്പുകൾ നിർത്തലാക്കുമെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇപ്രകാരം പൊതുടാപ്പുകൾ നിർത്തലാക്കുകയാണെങ്കിൽ വകുപ്പിനുണ്ടാകുന്ന ലാഭ, നഷ്ടങ്ങളെക്കുറിച്ച് വെളിപ്പെടുത്തുമോ?

ഗ്രാമീണ പൊതു കുടിവെള്ളടാപ്പുകൾ നിർത്തലാക്കിയാൽ പ്രതിവർഷം ഏകദേശം 67.48 കോടി രൂപ കേരള വാട്ടർ അതോറിറ്റിക്ക് നഷ്ടം ഉണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു.

(സി) ജൽജീവൻ മിഷൻ വഴി കുടിവെള്ളം ലഭിക്കുന്നതിന് ഉപഭോക്താക്കൾ പ്രത്യേകമായി അപേക്ഷ സമർപ്പിക്കേണ്ടതുണ്ടോ; ഇതിനുള്ള മാനദണ്ഡം വിശദമാക്കുമോ?

ഗ്രാമീണ മേഖലയിൽ ജൽജീവൻ മിഷൻ പദ്ധതിയിലൂടെ സൗജന്യ കുടിവെള്ള കണക്ഷൻ നൽകുന്നതിന് 'കണക്ഷൻ അറ്റ് സ്പോട്ട് ' എന്ന നയമാണ് സ്വീകരിച്ചിരിക്കുന്നത്. സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ വഴി ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുന്നതിന് ഉപഭോക്താവ് ആഫീസിൽ നേരിട്ട് ഹാജരാകുകയോ അപേക്ഷ/പ്ലാൻ എന്നിവ സമർപ്പിക്കുകയോ ചെയ്യേണ്ടതില്ല. ജൽ ജീവൻ മിഷൻ വഴി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കിയിട്ടുണ്ട്. കണക്ഷൻ നല്കുന്നതിനാവശ്യമായ തിരിച്ചറിയൽ രേഖ (ആധാർ/രജിസ്ട്രേഡ് മൊബൈൽ നമ്പർ) ബന്ധപ്പെട്ട കേരള വാട്ടർ അതോറിറ്റി/ജലനിധി (KRWSA)/ഭൂജല വകുപ്പ് ഉദ്യോഗസ്ഥർ ഉപഭോക്താക്കളുടെ വീടുകളിലെത്തി നേരിട്ട് പരിശോധിച്ച് പ്രസ്തുത വിവരങ്ങൾ കേരള വാട്ടർ അതോറിറ്റി ഇതിനായി വികസിപ്പിച്ചിട്ടുള്ള മൊബൈൽ ആപ്പിൽ രേഖപ്പെടുത്തി കണക്ഷൻ നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ കണക്ഷൻ നൽകിക്കഴിഞ്ഞാൽ പ്രസ്തുത കണക്ഷൻ ആധാർ നമ്പർ സഹിതം നൂതന സാങ്കേതികവിദ്യവഴി മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ജിയോ-ടാഗ് ചെയ്യുകയും ചെയ്യുന്നുണ്ട്.

(ഡി) പ്രസ്തുത പദ്ധതിക്കായി സംസ്ഥാന സർക്കാർ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും കേന്ദ്ര വിഹിതം എത്രയെന്നും അറിയിക്കുമോ?

നടപ്പുസാമ്പത്തിക വർഷം കേന്ദ്ര സർക്കാർ കേന്ദ്ര വിഹിതമായി കേരളത്തിന് 1804.59 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. സംസ്ഥാന ബഡ്ജറ്റിൽ 800 കോടി രൂപ പദ്ധതി നിർവ്വഹണത്തിനായി ഈ സാമ്പത്തിക വർഷം വകയിരുത്തിയിരുന്നു. (കേന്ദ്ര-സംസ്ഥാന വിഹിതം 400 കോടി രൂപ വീതം). പദ്ധതി നിർവ്വഹണത്തിനായി നാളിതുവരെ കേന്ദ്ര - സംസ്ഥാന വിഹിതമായി ആകെ 902.30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. (കേന്ദ്ര വിഹിതമായി 451.15 കോടി രൂപയും സംസ്ഥാന വിഹിതമായി 451.15 കോടി രൂപയും)

**മഞ്ചേശ്വരം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

198 (6136) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ ന്യൂനപക്ഷ ക്ഷേമ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

മഞ്ചേശ്വരം മണ്ഡലത്തിൽ ന്യൂനപക്ഷ ക്ഷേമ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് പുതുതായി ഏതെങ്കിലും പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത ഫണ്ട് ഉപയോഗിച്ച് മഞ്ചേശ്വരം മണ്ഡലത്തിൽ പുതിയ പദ്ധതികൾക്കൊന്നും അനുമതി നൽകിയിട്ടില്ല.

(സി) ന്യൂനപക്ഷ ക്ഷേമ ഫണ്ട് ഉപയോഗിച്ച് ഏതെങ്കിലും കുടിവെള്ള പദ്ധതിയുടെ പ്രൊപ്പോസൽ ഭരണാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ന്യൂനപക്ഷ ക്ഷേമ ഫണ്ടുപയോഗിച്ച് മഞ്ചേശ്വരം മണ്ഡലത്തിൽ കുടിവെള്ള പദ്ധതിക്കായി പ്രൊപ്പോസലുകളൊന്നുംതന്നെ നിലവിൽ പരിഗണനയിലില്ല.

**നാദാപുരം മണ്ഡലത്തിലെ കൊമ്മള്ളി-മുല്ലപ്പള്ളി ജലനിധി പദ്ധതി**

199 (6137) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ എടച്ചേരി ഗ്രാമപഞ്ചായത്തിലെ കൊമ്മള്ളി-മുല്ലപ്പള്ളി ജലനിധി പദ്ധതിയുടെ പ്രവർത്തനപുരോഗതി അറിയിക്കാമോ?

നാദാപുരം മണ്ഡലത്തിലെ എടച്ചേരി പഞ്ചായത്തിലെ കൊമ്മളളി -മുല്ലപ്പള്ളി പദ്ധതി കമ്മീഷൻ ചെയ്തെങ്കിലും ജല ഗുണനിലവാര പ്രശ്നങ്ങൾ കാണപ്പെട്ടതിനാൽ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കാൻ സാധിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി ഫിൽട്ടർ ട്രീറ്റ്മെന്റ് സ്ഥാപിച്ച് കമ്മീഷൻ ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ജലഗുണനിലവാര പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഗാർഹിക തലത്തിൽ ഉപയോഗിക്കാവുന്ന ടെറാഫിൽ ഫിൽറ്റർ യൂണിറ്റുകൾ ഈ പദ്ധതിയിലെ മുഴവൻ വീടുകൾക്കും അനുവദിച്ചിരുന്നു. എന്നാൽ ഗുണഭോക്താക്കൾ പ്രസ്തുത ടെറാഫിൽ യൂണിറ്റുകൾ ഉപയോഗപ്പെടുത്തുന്നതിൽ വിസമ്മതം അറിയിച്ചതിനാൽ ഗാർഹികാടിസ്ഥാനത്തിലുള്ള ടെറാഫിൽ യൂണിറ്റുകൾക്ക് പകരം സ്കീം അടിസ്ഥാനത്തിൽ ഒരു ഫിൽറ്റർ യൂണിറ്റ് സുസ്ഥിരത പദ്ധതിയിൽ ഉൾക്കൊള്ളിച്ചുനൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം കൊമ്മള്ളി-മുല്ലപ്പള്ളി പദ്ധതിയുടെ ജല ഗുണനിലവാര പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 11.5 ലക്ഷം രൂപയുടെ ഭരണാനുമതിയും അതേ തുകയ്ക്കുള്ള രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. സുസ്ഥിരത വികസന പദ്ധതി അനുസരിച്ച് 10% ഗുണഭോക്തൃ വിഹിതവും 15% പഞ്ചായത്ത് വിഹിതവും

സമാഹരിക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് മേൽവിഹിതം എടുക്കുന്നതിൽ ബുദ്ധിമുട്ട് അറിയിച്ചതിനാൽ അവ ഒഴിവാക്കുന്നതിനും ആവശ്യമായ ഫിൽറ്റർ സംവിധാനം സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കുടിവെള്ള പദ്ധതികളുടെ അവലോകനം**

200 (6138) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജല ജീവൻ മിഷൻ, വാട്ടർ അതോറിറ്റി എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് ജില്ലാതലത്തിൽ മന്ത്രിതല അവലോകനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

2024-ഓടുകൂടി എല്ലാ ഗ്രാമീണ വീടുകളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ മിഷൻ മോഡിൽ നടപ്പിലാക്കുന്ന ജല ജീവൻ മിഷൻ പദ്ധതി സമയബന്ധിതമായി തീർക്കേണ്ടതിനാൽ വിവിധ തലങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ നിരന്തരം അവലോകനം ചെയ്യുന്നുണ്ട്. ജൽ ജീവൻ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളും വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന മറ്റ് പദ്ധതികളും സംസ്ഥാനതലത്തിലും വിവിധ ജില്ലാതലത്തിലും നിയോജകമണ്ഡല അടിസ്ഥാനത്തിലും മന്ത്രിതല അവലോകനങ്ങൾ നടത്തിയിട്ടുണ്ട്. മുൻഗണന പദ്ധതികളിൽ ഉൾപ്പെടുത്തി ജല ജീവൻ മിഷൻ പദ്ധതി ബഹു. മുഖ്യമന്ത്രി നിരന്തരമായി അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ ജില്ലാതല അവലോകനങ്ങൾ ജില്ലാ കളക്ടർ ചെയർമാനായ ഡി.ഡബ്ല്യൂ.എസ്.എം. മീറ്റിംഗുകളിൽ നടത്തിവരുന്നു.

(ബി) ഇവയുടെ പ്രവൃത്തി പല സ്ഥലത്തും നിർത്തിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മഴയും വെള്ളക്കെട്ടും പ്രകൃതിക്ഷോഭവുംമൂലം പ്രവൃത്തികൾ താൽകാലികമായി തടസ്സപ്പെടുന്നുണ്ടെങ്കിലും പൂർണ്ണമായി നിർത്തി വയ്ക്കുന്ന സാഹചര്യം നിലവിലില്ല.

(സി) ഇത്തരം പ്രവൃത്തികൾക്കുവേണ്ടി കുഴിക്കുന്ന ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണിക്കാവശ്യമായ ഫണ്ടുകൾ വകയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ ജൽ ജീവൻ പദ്ധതി നിർവ്വഹണത്തിനായി മുറിക്കേണ്ടി വരുന്ന റോഡുകളുടെ താൽകാലിക പുനഃസ്ഥാപനത്തിനുള്ള പ്രവൃത്തികൾ പദ്ധതിയുടെ അംഗീകൃത ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നുണ്ട്. എന്നാൽ ജൽ ജീവൻ മിഷൻ

പദ്ധതിയുടെ ഭാഗമായി മുറിക്കേണ്ടി വരുന്ന ഗ്രാമപഞ്ചായത്ത് റോഡുകളുടെ ശാശ്വത പുനഃസ്ഥാപനത്തിനായി നിലവിൽ പ്രസ്തുത പദ്ധതിയിൽ ഫണ്ട് വകയിരുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് റോഡുകളുടെ ശാശ്വത പുനഃസ്ഥാപനത്തിന്റെ ഉത്തരവാദിത്തം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.

**തലശ്ശേരി മണ്ഡലത്തിലെ ജൽജീവൻ മിഷൻ**

201 (6139) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ ജൽ ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിവരുന്ന പ്രവൃത്തികൾ പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

തലശ്ശേരി നിയോജകമണ്ഡലത്തിൽ ജൽ ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തി വരുന്ന പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) എത്ര ഉപഭോക്താക്കൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാനാകുമെന്ന് അറിയിക്കുമോ?

തലശ്ശേരി നിയോജകമണ്ഡലത്തിൽ ജൽ ജീവൻ പദ്ധതി നടപ്പിലാക്കുമ്പോൾ 22289 കുടുംബങ്ങൾക്ക് പ്രയോജനം ലഭ്യമാകുന്നതാണ്.

**കാസർഗോഡ് ജില്ലയിൽ പുതിയ യീൽഡ് ടെസ്റ്റ് യൂണിറ്റ്**

202 (6140) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജല വകുപ്പ് മുഖേന കാസർഗോഡ് ജില്ലയിൽ ത്രിതല പഞ്ചായത്ത് ഫണ്ട്, എം.എൽ.എ. ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് യീൽഡ് ടെസ്റ്റ് നടത്തുന്നതിനുള്ള എത്ര അപേക്ഷകൾ നിലവിലുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

ഭൂജല വകുപ്പ് മുഖേന കാസർഗോഡ് ജില്ലയിൽ യീൽഡ് ടെസ്റ്റ് നടത്തുന്നതിനായി 95 അപേക്ഷകൾ നിലവിലുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1- ൽ ഉള്ളടക്കം ചെയ്യുന്നു.*

(ബി) സമയബന്ധിതമായി പൂർത്തിയാക്കേണ്ട കുടിവെള്ള പദ്ധതികളുടെ യീൽഡ് ടെസ്റ്റ് നടത്താൻ വൈകുന്നതിനുള്ള കാരണം വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാസർഗോഡ് ജില്ലയിൽ യീൽഡ് ടെസ്റ്റ് നടത്തുന്നതിനുള്ള യൂണിറ്റില്ല. നിലവിൽ മലപ്പുറം ജില്ലയിലെ യീൽഡ് ടെസ്റ്റ് യൂണിറ്റ് ഉപയോഗപ്പെടുത്തിയാണ് ജില്ലയിലെ യീൽഡ് ടെസ്റ്റ് നടത്തുന്നത്.

(സി) ആയത് പരിഹരിക്കുന്നതിനായി ജില്ലയിൽ പുതിയ യീൽഡ് ടെസ്റ്റ് യൂണിറ്റ് വാങ്ങുകയോ മറ്റ് ജില്ലയിൽ ആവശ്യമില്ലാത്ത ടെസ്റ്റ് യൂണിറ്റ് ജില്ലയിലേയ്ക്ക് താൽകാലികമായി മാറ്റുന്നതിനോ ഉള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

യീൽഡ് ടെസ്റ്റ് യൂണിറ്റുള്ള ജില്ലകളിൽനിന്നും പ്രവൃത്തി ഒഴിവുവരുന്ന മുറയ്ക്ക് കാസർഗോഡ് ജില്ലാ ഓഫീസിലെ പ്രവൃത്തികൾ പൂർത്തിയാക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) കാസർഗോഡ് ജില്ലയിൽ ഭൂജല വകുപ്പിന് സ്വന്തമായി ഡ്രില്ലിംഗ് യൂണിറ്റ് അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കാസർഗോഡ് ജില്ലയിൽ ഭൂജല വകുപ്പിന് സ്വന്തമായി ഒരു ഡ്രില്ലിംഗ് യൂണിറ്റ് നിലവിലുണ്ട്. പ്രസ്തുത യൂണിറ്റ് അറ്റകുറ്റപ്പണിക്കായി കൊല്ലം വർക്ക്ഷോപ്പ് ആൻഡ് സ്റ്റോഴ്സിൽ ഗാരേജ് ചെയ്തിരിക്കുകയാണ്. അറ്റകുറ്റപ്പണികൾ ഉടൻതന്നെ പൂർത്തീകരിച്ച് ജില്ലയ്ക്ക് കൈമാറുന്നതാണ്.

**ജൽ ജീവൻ മിഷൻ**

203 (6141) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതിയിൽ ഗാർഹിക കുടിവെള്ള കണക്ഷൻ കൂടാതെ ഏതൊക്കെ പദ്ധതികളാണ് നിലവിൽ ഏറ്റെടുത്തിരിക്കുന്നതെന്ന് അറിയിക്കാമോ?

ജൽ ജീവൻ പദ്ധതിയിൽ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നത് കൂടാതെ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ സ്കൂളുകൾ, അങ്കണവാടികൾ, ഗ്രാമപഞ്ചായത്ത് ആഫീസുകൾ, ആരോഗ്യ കേന്ദ്രങ്ങൾ മുതലായ പൊതുസ്ഥാപനങ്ങൾക്കും കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുന്നുണ്ട്. കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനോടൊപ്പം താഴെപ്പറയുന്ന പദ്ധതികൾകൂടി ജൽ ജീവൻ മിഷന്റെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്.

1. കുടിവെള്ള ഗുണനിലവാര പരിശോധനാ സംവിധാനം വിപുലപ്പെടുത്തി നിരന്തര ജലഗുണനിലവാര പരിശോധന നടപ്പിലാക്കുക (Water Quality Monitoring & Surveillance Programme)

2. കുടിവെള്ള വിതരണം, ഗുണനിലവാരം തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ചുള്ള പരിശീലന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

3. ജൽ ജീവൻ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാര പരിശോധനക്കാവശ്യമായ മൂന്നാം കക്ഷി പരിശോധന (Third Party Inspection) നടപ്പിലാക്കൽ.

4. ഗ്രാമീണ മേഖലയിലെ കുടിവെള്ള വിതരണ സംവിധാനത്തിന്റെ ആസൂത്രണം, നിർവ്വഹണം, പരിപാലനം മുതലായ കാര്യങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനായി ഇതുമായി ബന്ധപ്പെട്ട ഏജൻസികളെ (Implementing Supporting Agency) തെരഞ്ഞെടുത്ത് അവരുടെ സേവനം ലഭ്യമാക്കുക.

(ബി) അവയുടെ നിർവ്വഹണ കലണ്ടർ എപ്രകാരമാണെന്നും നിലവിലെ നിർവ്വഹണ പുരോഗതിയും തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയതും അറിയിക്കാമോ?

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ജല ഗുണനിലവാര പരിശോധന പ്രവർത്തനങ്ങളും (WQMSP) പിന്തുണ പ്രവർത്തനങ്ങളും നിരന്തര തുടർപ്രവർത്തനങ്ങളാണ്. ഇതിൽ ജല ഗുണനിലവാര പരിശോധന പ്രവർത്തനങ്ങളുടെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള 8 ജില്ലാ ലാബുകൾക്കും NABL അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. 6 ജില്ലാ ലാബുകൾക്കും 70 സബ് ഡിവിഷണൽ ലാബുകൾക്കും NABL അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഗ്രാമീണ മേഖലയിലെ കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പൊതുജന പങ്കാളിത്തത്തോടെ ഫീൽഡ് ടെസ്റ്റ് കിറ്റ് (FTK) ഉപയോഗിച്ചുള്ള ജല ഗുണനിലവാര പരിശോധന നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പരിശീലന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. പിന്തുണ പ്രവർത്തനങ്ങളുടെ (Support Activities) ഭാഗമായുള്ള മൂന്നാം കക്ഷി പരിശോധന നടപ്പിലാക്കിയിട്ടുണ്ട്. ഇംപ്ലിമെന്റിംഗ് സപ്പോർട്ടിംഗ് ഏജൻസികളുടെ സേവനം ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഏജൻസികളെ കണ്ടെത്തി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രസ്തുത ഏജൻസികളുമായി കരാറിൽ ഏർപ്പെട്ട് പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്. പരിശീലന ബോധവൽക്കരണ പരിപാടികൾ വിവിധതലങ്ങളിൽ നടപ്പിലാക്കിവരുന്നുണ്ട്.

(സി) മേല്പറഞ്ഞ പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ടെണ്ടർ നടപടികളിലെ തടസ്സങ്ങൾ അറിയിക്കാമോ?

മേൽപ്പറഞ്ഞ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികൾ ആവശ്യമായ പ്രവൃത്തികളിൽ അവ പൂർത്തീകരിച്ചാണ് നടപ്പിലാക്കിവരുന്നത്. ജല ഗുണനിലവാര പരിശോധന, പരിശീലന പ്രവർത്തനങ്ങൾ മുതലായ കാര്യങ്ങൾ കേരള വാട്ടർ അതോറിറ്റിയുടെ സംവിധാനമുപയോഗിച്ചും നടപ്പിലാക്കുന്നുണ്ട്. പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുള്ള ടെണ്ടർ നടപടികളിൽ തടസ്സങ്ങളൊന്നും നേരിട്ടിട്ടില്ല. എന്നാൽ കോവിഡുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ കാരണം പദ്ധതി നടപ്പിലാക്കുന്നതിൽ സ്വാഭാവികമായ തടസ്സങ്ങളും കാലതാമസവും നേരിടുന്നുണ്ട്.

(ഡി) ജൽ ജീവൻ പദ്ധതിയിൽ ഗാർഹിക കുടിവെള്ള കണക്ഷൻ, മറ്റ് പദ്ധതികൾ എന്നിവ എന്നത്തേയ്ക്ക് പൂർത്തീകരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് അറിയിക്കാമോ?

ജൽ ജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തികൾ 2024-ഓടുകൂടി പൂർത്തീകരിക്കുന്നതരത്തിലാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് ആൻഡ് സർവെയ്‌ലൻസ് പ്രോഗ്രാം, സപ്പോർട്ട് ആക്ടിവിറ്റീസ് എന്നിവ ജല ജീവൻ പദ്ധതിയുടെ വിജയകരമായ പൂർത്തീകരണവും പദ്ധതികളുടെ തുടർപരിപാലനവും സുഗമമായി നടപ്പിലാക്കാൻ ലക്ഷ്യമിട്ടുള്ളതാണ്. അതിനാൽ പ്രസ്തുത പദ്ധതികൾ ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികളുടെ നിർവ്വഹണത്തിനൊപ്പം നടപ്പിലാക്കുകയും പദ്ധതിയുടെ വിജയകരമായ പൂർത്തീകരണത്തിന് ശേഷമുള്ള തുടർപരിപാലനവുമായി ബന്ധപ്പെട്ട് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഉപഭോക്താക്കളേയും പഞ്ചായത്തുകളേയും സജ്ജരാക്കത്തക്ക തരത്തിലാണ് പദ്ധതിയുടെ മാർഗ്ഗരേഖ വിഭാവനം ചെയ്തിരിക്കുന്നത്.

## കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിലെ ജലസംരക്ഷണ പദ്ധതികൾ

204 (6142) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി ജലസംരക്ഷണത്തിനായി എത്ര പദ്ധതികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടെന്നതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി ജല സംരക്ഷണത്തിനായി ജലസേചനവും ഭരണവും കാര്യാലയത്തിനുകീഴിൽ പൂർത്തിയാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*. കേരള ജല അതോറിറ്റിയെ സംബന്ധിച്ച് എൻമകജെ കുടിവെള്ള പദ്ധതിയുടെ ഭാഗമായി അടുക്കസ്ഥലയിൽ 4 മീറ്റർ ഉയരത്തിലും 50 മീറ്റർ നീളത്തിലും സ്ഥിരം തടയണ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ എത്രത്തോളം ഗുണകരമായിരുന്നുവെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ജലസേചനവും ഭരണവും കാര്യാലയത്തിനുകീഴിൽ നടപ്പിലാക്കിയ പദ്ധതികൾ അതാത് പ്രദേശങ്ങളിൽ ജലസേചനം, ജലസംരക്ഷണം, കുടിവെള്ളം, കാർഷിക ഉല്പന്നങ്ങളുടെ വിപണനം, ഗ്രൗണ്ട് വാട്ടർ റീചാർജ്ജിംഗ് എന്നിവയ്ക്ക് ഉപയോഗപ്രദമാകുന്നുണ്ട്. പദ്ധതി പൂർത്തീകരണത്തിനുശേഷം പ്രയോജനങ്ങൾ കണ്ടെത്തുവാൻ പ്രത്യേകം പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എങ്കിലും വിഭാവനം ചെയ്തകാര്യങ്ങളിൽ പ്രയോജനം ലഭിക്കുന്നുണ്ട്. കേരള ജല അതോറിറ്റി അടുക്കസ്ഥലയിൽ എൻമകജെ കുടിവെള്ള പദ്ധതിവഴി എൻമകജെ പഞ്ചായത്തിനും അനുബന്ധ വില്ലേജുകൾക്കും കുടിവെള്ള പദ്ധതിക്കാവശ്യമായ ജലം സംഭരിക്കാൻ കഴിയുന്നുണ്ട്.

**കൊടുവള്ളി മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ**

205 (6143) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ വിവിധ വിഭാഗങ്ങൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ?

ഭൂജല വകുപ്പ് മുഖേന കൊടുവള്ളി മണ്ഡലത്തിൽ നരിക്കുനി പഞ്ചായത്തിൽ പാലങ്ങാട് സബ് സെന്ററിൽ കൃത്രിമ ഭൂജല സംപോഷണ പദ്ധതി നടപ്പിലാക്കിവരുന്നു. ഐ.ഡി.ആർ.ബി.-യുടെ കീഴിൽ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. കൊള്ളിക്കൽ റിവർഗേജ് സ്റ്റേഷന്റെ 8,20,000 രൂപയുടെ പുനരുദ്ധാരണ പ്രവൃത്തി സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

2. കുടത്തായി റിവർഗേജ് സ്റ്റേഷന്റെ 11,57,000 രൂപയുടെ പുനരുദ്ധാരണ പ്രവൃത്തി സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. കെ.ആർ.ഡബ്ല്യൂ.എസ്. മുഖേന സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊടുവള്ളി, കിഴക്കോത്ത്, മടവൂർ, നരിക്കുനി, ഓമശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകളിലെ ജലനിധി ഒന്നാംഘട്ടത്തിലെ 51 പദ്ധതികൾ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി തെരഞ്ഞെടുത്തിരുന്നു. അതിൽ കൊടുവള്ളി മുനിസിപ്പാലിറ്റിയിൽ 10 പദ്ധതികളും കിഴക്കോത്ത്-9 പദ്ധതികളും മടവൂർ-11 പദ്ധതികളും ഓമശ്ശേരി - 11 പദ്ധതികളും 2020-21 കാലയളവിനുള്ളിൽ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കി. മേൽ സൂചിപ്പിച്ചവയ്ക്കുപുറമെ നരിക്കുനി പഞ്ചായത്തിലെ 2 പദ്ധതികൾ, ഓമശ്ശേരി പഞ്ചായത്തിലെ 8 പദ്ധതികൾ എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി 2021-22 സാമ്പത്തിക വർഷം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൊടുവള്ളി മണ്ഡലത്തിൽ ജലസേചനവും ഭരണവും വിഭാഗവും കേരള വാട്ടർ അതോറിറ്റിയും നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധം (എ) ആയി * ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

പ്രസ്തുത മണ്ഡലത്തിൽ ഭൂജല വകുപ്പ് മുഖേന കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ പൂവ്വാറമല കോളനി, ഐ.എച്ച്.ഡി.പി. കോളനി എന്നിവിടങ്ങളിൽ കുഴൽക്കിണർ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. കൊടുവള്ളി മണ്ഡലത്തിൽ ജലസേചനവും ഭരണവും വിഭാഗത്തിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

## കോട്ടയ്ക്കൽ മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ

206 (6144) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടയ്ക്കൽ നഗരസഭയിലും കുറ്റിപ്പുറം പഞ്ചായത്തിലും നടപ്പിലാക്കാനുദ്ദേശിക്കുന്ന കുടിവെള്ള പദ്ധതികൾ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ-സി) 2019-ൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ദേശീയ ജൽ ജീവൻ മിഷൻ രാജ്യത്തെ മുഴുവൻ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ള കണക്ഷൻ നൽകുക എന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. നിലവിൽ നഗരസഭകളെയും മുനിസിപ്പാലിറ്റികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ജല ജീവൻ പദ്ധതി പ്രകാരം കുറ്റിപ്പുറം പഞ്ചായത്തിൽ 3-11-2021 വരെ 70 കണക്ഷനുകൾ നൽകിയിട്ടുണ്ട്. കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ 100% വീടുകൾക്കും കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു. കോട്ടയ്ക്കൽ നഗരസഭയ്ക്കുവേണ്ടി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കി വരുന്നു. വിവിധ തലങ്ങളിൽ നിരന്തരമായ അവലോകനം നടത്തി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ജൽ ജീവൻ മിഷൻ**

207 (6145) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ജൽ ജീവൻ മിഷന്റെ ഭാഗമായി നടപ്പിലാക്കുന്ന വൻകിട പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; പദ്ധതിക്കാവശ്യമായ ജലസ്രോതസ്സുകൾ അപര്യാപ്തമാണോയെന്നും ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ ഒരു കണക്ഷൻ നൽകുന്നതിന് എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്?

(എ&ബി) കോഴിക്കോട് ജില്ലയിൽ ജൽ ജീവൻ മിഷന്റെ ഭാഗമായി നടപ്പിലാക്കുന്ന വൻകിട പദ്ധതികൾ ചുവടെ ചേർക്കുന്നു.

1) ചാത്തമംഗലം, മടവൂർ, കിഴക്കോത്ത്, ഉണ്ണികുളം, കോടഞ്ചേരി, പുതുപ്പാടി, താമരശ്ശേരി, കട്ടിപ്പാറ പഞ്ചായത്തുകൾക്കുള്ള പദ്ധതി. ഭരണാനുമതി തുക - 70100 ലക്ഷം രൂപ, ലക്ഷ്യമിടുന്ന കണക്ഷനുകൾ - 66514, ഒരു കണക്ഷൻ നൽകുന്നതിനുള്ള ചെലവ് - 105391 രൂപ

2) കാരശ്ശേരി, കൊടിയത്തൂർ, ഓമശ്ശേരി, കൂടരഞ്ഞി, തിരുവമ്പാടി പഞ്ചായത്തുകൾക്കുള്ള പദ്ധതി. ഭരണാനുമതി തുക - 29490 ലക്ഷം രൂപ, ലക്ഷ്യമിടുന്ന കണക്ഷനുകൾ - 29723, ഒരു കണക്ഷൻ നൽകുന്നതിനുള്ള ചെലവ് - 99216 രൂപ

3) ഉള്ളിയേരി, കായണ്ണ, അത്തോളി, ചെങ്ങോട്ടുകാവ്, ചേമഞ്ചേരി, അരിക്കുളം, മൂടാടി, നൊച്ചാട്, കീഴരിയൂർ, മേപ്പയ്യൂർ, ചങ്ങരോത്ത്, കൂത്താളി, പനങ്ങാട്, കൂരാച്ചുണ്ട്, തിക്കോടി പഞ്ചായത്തുകൾക്കുള്ള പദ്ധതി. ഭരണാനുമതി തുക-104280 ലക്ഷം രൂപ, ലക്ഷ്യമിടുന്ന കണക്ഷനുകൾ - 93239, ഒരു കണക്ഷൻ നൽകുന്നതിനുള്ള ചെലവ് - 111842 രൂപ

4) ഏറാമല, അഴിയൂർ, ചോറോട്, ഒഞ്ചിയം, പുറമേരി, എടച്ചേരി, വില്ല്യാപ്പള്ളി, വേളം പഞ്ചായത്തുകൾക്കുള്ള പദ്ധതി. ഭരണാനുമതി തുക-56977.1 ലക്ഷം രൂപ, ലക്ഷ്യമിടുന്ന കണക്ഷനുകൾ- 56098, ഒരു കണക്ഷൻ നൽകുന്നതിനുള്ള ചെലവ്-101567 രൂപ. ജലസ്രോതസ്സുകളുടെ പര്യാപ്തത നിർണ്ണയിക്കുന്നതിനായി ജില്ലാതലത്തിൽ രൂപീകരിച്ച സോഴ്സ് ഫൈൻഡിംഗ് കമ്മിറ്റിയുടെ വിലയിരുത്തൽ പ്രകാരം മേൽ പദ്ധതികളുടെ സ്രോതസ്സുകൾ പര്യാപ്തമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ചാലിയാർ പുഴ, കുറ്റ്യാടി പുഴ, പെരുവണ്ണാമൂഴി എന്നിവയാണ് സ്രോതസ്സായി തീരുമാനിച്ചിരിക്കുന്നത്.

(സി) ഒരു കണക്ഷൻ നൽകുന്നതിനായി കേന്ദ്ര, സംസ്ഥാന, ഗുണഭോക്തൃ വിഹിതമായി നിശ്ചയിച്ചിട്ടുള്ള തുക എത്രയെന്ന് വിശദമാക്കാമോ?

ജൽ ജീവൻ മിഷൻ മാർഗ്ഗരേഖപ്രകാരം ഒരു കണക്ഷൻ നൽകുന്നതിനായി കേന്ദ്ര വിഹിതം-50%, സംസ്ഥാന വിഹിതം-25%, പഞ്ചായത്ത് വിഹിതം - 15%, ഗുണഭോക്തൃ വിഹിതം - 10% എന്നിങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്.

## കാസർഗോഡ് ജില്ലയിലെ ജൽ ജീവൻ മിഷൻ

208 (6146) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൽ ജീവൻ മിഷൻ വഴി കാസർഗോഡ് ജില്ലയിൽ എത്ര കുടിവെള്ള പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും ഏതൊക്കെ പഞ്ചായത്തുകളാണ് പദ്ധതിയുടെ ഗുണഭോക്താക്കളെന്നും എത്ര കോടി രൂപയുടെ അനുമതി ഇതിനായി ലഭിച്ചിട്ടുണ്ടെന്നും പദ്ധതി തിരിച്ച് വ്യക്തമാക്കാമോ?

ജൽ ജീവൻ മിഷൻവഴി കാസർഗോഡ് ജില്ലയിൽ 39 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന**

209 (6147) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റ ഗുണനിലവാരം പരിശോധിക്കുന്നതിന് ചുവടെ പരാമർശിച്ചിരിക്കുന്ന പദ്ധതികളാണ് നിലവിലുള്ളത്.

1. ജലശുദ്ധീകരണശാലകളുള്ള കുടിവെള്ള പദ്ധതികൾ മുഖേന ജല അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ പ്രാഥമിക ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ശുദ്ധീകരണശാലകളിൽ തന്നെ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്.

2. ജലശുദ്ധീകരണ ശാലകൾ ഇല്ലാത്ത പദ്ധതികളിൽ ജലം അണുവിമുക്തമാക്കി ക്ലോറിന്റെ സാന്നിദ്ധ്യം ഉറപ്പാക്കി കുടിവെള്ളം വിതരണം ചെയ്യുന്നു.

3. എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിച്ച് വരുന്നു.

4. പരിശോധനാ ഫലങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥർക്ക് നിരീക്ഷിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും LIMS (Laboratory Information Management System) സോഫ്റ്റ്‌വെയർ ഉപയോഗിച്ചുവരുന്നുണ്ട്.

5. സംസ്ഥാനത്തെ 8 ജില്ലാ ലാബുകൾ ജല ജീവൻ പദ്ധതിയുടെ ഭാഗമായി ISO/IEC 17025 നിലവാരത്തിലേയ്ക്ക് ഉയർത്തി NABL അക്രെഡിറ്റേഷൻ ലഭ്യമാക്കിയിട്ടുണ്ട്.

6. സംസ്ഥാനത്തെ മുഴുവൻ കുടിവെള്ള സ്രോതസ്സുകളും വർഷത്തിൽ രണ്ടുതവണ വീതം ഫീൽഡ് ടെസ്റ്റ് കിറ്റ് (Field Test Kit) ഉപയോഗിച്ച് പരിശോധിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

**കോട്ടയ്ക്കൽ മണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

210 (6148) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിനും സമീപ പഞ്ചായത്തുകൾക്കുമായി തയ്യാറാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ ഉല്പാദന

ഘടകങ്ങളുടെ ഡിസൈനും കോട്ടയ്ക്കൽ നഗരസഭയ്ക്കുവേണ്ടിയുള്ള ഉപരിതല ജലസംഭരണി, പ്രധാന വിതരണ പൈപ്പ് ലൈനുകൾ, വിതരണ ശൃംഖല എന്നിവയുടെ സർവ്വേ നടപടികളും പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ?

കോട്ടയ്ക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിനും സമീപ പഞ്ചായത്തുകൾക്കുമായി തയ്യാറാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ ഉൽപ്പാദന ഘടകങ്ങളുടെ ഡിസൈൻ പൂർത്തീകരിച്ചിട്ടുണ്ട്. ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോട്ടയ്ക്കൽ നഗരസഭയ്ക്കുവേണ്ടിയുള്ള ഉപരിതല ജലസംഭരണി, പ്രധാന വിതരണ പൈപ്പ് ലൈനുകൾ, വിതരണ ശൃംഖല എന്നിവ ഉൾപ്പെടെയുള്ളവയുടെ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റി മലപ്പുറം ഡിവിഷൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കോട്ടയ്ക്കൽ നഗരസഭയ്ക്കുവേണ്ടി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കി വരുന്നു. കുറ്റിപ്പുറം പഞ്ചായത്തിനും സമീപ പഞ്ചായത്തുകൾക്കുമായി ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി ഗാർഹിക കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതിക്കായി ഡി.പി.ആർ. തയ്യാറാക്കുകയും സർവ്വേ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കുറ്റിപ്പുറം പഞ്ചായത്തിനും സമീപ പഞ്ചായത്തുകൾക്കുമായി ജല ജീവൻ മിഷനിൽ നിർമ്മിക്കുന്ന ശുദ്ധീകരണ ശാലയിൽനിന്നും മാറാക്കര പഞ്ചായത്തിലെ മലയിൽ സ്ഥാപിക്കുന്ന ഉപരിതല സംഭരണയിൽനിന്നുമാണ് കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിയിലേയ്ക്ക് ശുദ്ധജലമെത്തിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി കോട്ടയ്ക്കൽ മുനിസിപ്പാലിറ്റി പരിധിയിൽ 3 ഉപരിതല സംഭരണികൾകൂടി സ്ഥാപിക്കേണ്ടതുണ്ട്. ഇതിൽ ഒരു ഉപരിതല സംഭരണിയുടെ സ്ഥലം തീരുമാനിച്ചു. മറ്റ് രണ്ട് ഉപരിതല സംഭരണികൾക്കുള്ള സ്ഥലപരിശോധന നടന്നുവരുന്നു.

(സി) പ്രസ്തുത പദ്ധതി നടപ്പ് വർഷംതന്നെ പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതി എത്രയും വേഗത്തിൽ പൂർത്തിയാക്കാൻവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**ജലസ്രോതസ്സുകളുടെ സംരക്ഷണം**

211 (6149) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുളങ്ങൾ, നീരുറവകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

ജലവിഭവ വകുപ്പിന്റെ രേഖകൾ പ്രകാരം സംസ്ഥാനത്തെ കുളങ്ങളെ സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.* ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കുന്ന 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ കിണറുകൾ, നീരുറവകൾ എന്നിവയുടെ വിവര ശേഖരണം (well census) 'നീരറിവ് ' എന്ന മൊബൈൽ ആപ്പ് സംവിധാനത്തിലൂടെ നടപ്പിലാക്കാനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ജല സ്രോതസ്സുകൾ സംരക്ഷിച്ച് എല്ലായിടങ്ങളിലും ജല ലഭ്യത ഉറപ്പുവരുത്താനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ജലസ്രോതസ്സുകൾ സംരക്ഷിച്ച് എല്ലായിടങ്ങളിലും ജലലഭ്യത ഉറപ്പുവരുത്താനായി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

(സി) കുളങ്ങളും മറ്റ് ജലസ്രോതസ്സുകളും നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നതും അനധികൃത നികത്തൽ ശ്രദ്ധയിൽപ്പെടുന്നതുമായ കേസുകളിൽ, ടി നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) കുളങ്ങളും മറ്റ് ജലസ്രോതസ്സുകളും നികത്തുന്നത് തടയുവാനും അവ സംരക്ഷിക്കുവാനും നടപ്പാക്കിവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കുളങ്ങൾ തുടങ്ങിയ ജലസ്രോതസ്സുകൾ സംരക്ഷിച്ച് സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി ജലസേചന വകുപ്പ് മുഖേന പ്ലാൻ, നോൺപ്ലാൻ ഫണ്ടുകളിൽ ഉൾപ്പെടുത്തി നിർവ്വഹിച്ചുവരുന്നു. നാശോന്മുഖമായി കിടക്കുന്ന പൊതുകുളങ്ങൾ/പഞ്ചായത്ത് അസറ്റ് രജിസ്റ്ററിൽ ഉൾപ്പെട്ട കുളങ്ങൾ എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ മണ്ണുസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. അനധികൃതമായി തരംമാറ്റം/പരിവർത്തനം വരുത്തുന്ന ജലസ്രോതസ്സുകളും കുളങ്ങളും സംരക്ഷിക്കുന്നതിനായി, 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ വകുപ്പ് 11 പ്രകാരമുള്ള നടപടികളും വകുപ്പ് 23 പ്രകാരമുള്ള ശിക്ഷാനടപടികളും സ്വീകരിച്ചുവരുന്നുണ്ട്. അനധികൃത തരംമാറ്റം/പരിവർത്തനം തടയുന്നതിനായി ജില്ലാ കളക്ടറേറ്റുകൾ, താലൂക്കുകൾ എന്നിവ കേന്ദ്രീകരിച്ച് സ്ക്വാഡുകൾ രൂപീകരിക്കുകയും അവധി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദിവസങ്ങളിലുൾപ്പെടെ പട്രോളിംഗ് നടത്തുകയും ചെയ്യുന്നുണ്ട്. ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം കുളങ്ങൾ, കിണറുകൾ എന്നിവ നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ജലസ്രോതസ്സുകളുടെ സംരക്ഷണം സംബന്ധിച്ച് ഗ്രാമസഭകളിലൂടെയും സമൂഹ മാധ്യമങ്ങളിലൂടെയും ജനങ്ങളിൽ ബോധവത്കരണം നടത്തിവരുന്നുണ്ട്. ജലസ്രോതസ്സുകൾ നികത്തിയുള്ള കെട്ടിട നിർമ്മാണം ഗ്രാമ പഞ്ചായത്തുകൾ നിയന്ത്രിച്ചുവരുന്നുണ്ട്.

(ഇ) കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ നികത്തപ്പെട്ടതും ഉപയോഗ യോഗ്യമല്ലാതാക്കിത്തീർത്തതുമായ ജലസ്രോതസ്സുകൾ സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് വിശദമാക്കുമോ?

കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ നികത്തപ്പെട്ടതായ ജലസ്രോതസ്സുകൾ ഒന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉപയോഗയോഗ്യമല്ലാത്ത തോടുകളുടെയും ചെക്ക് ഡാമുകളുടെയും പുനരുദ്ധാരണം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരവും വാർഷിക പദ്ധതിയിലുൾപ്പെടുത്തിയും ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കിവരുന്നുണ്ട്.

**നിലമ്പൂർ മണ്ഡലത്തിൽ പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് നടപടി**

212 (6150) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട മലയോര ഹൈവേയുമായി ബന്ധപ്പെട്ട് നിലവിലുള്ള റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി നിലമ്പൂർ മണ്ഡലത്തിൽ പൂക്കോട്ടുംപാടം മുതൽ കരുളായി, മൂത്തേടം, പോത്തുകല്ല് പഞ്ചായത്തുകളിൽ കുടിവെള്ള പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽനിന്ന് കേരള ജല അതോറിറ്റിക്ക് നോട്ടീസ് ലഭിച്ചിട്ടുണ്ടോ?

ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റോഡുകളിലെ കുടിവെള്ള പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എത്ര രൂപയാണ് വാട്ടർ അതോറിറ്റി പി.എച്ച്. ഡിവിഷൻ ചീഫ് എഞ്ചിനീയറുടെ പേരിൽ ഒടുക്കിയതെന്നും എന്നാണ് ഒടുക്കിയതെന്നും അറിയിക്കാമോ; പ്രസ്തുത തുക കേരള ജല അതോറിറ്റിക്ക് ലഭ്യമായിട്ടുണ്ടോ?

66.7 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റി പി.എച്ച്. ഡിവിഷൻ മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ 6-7-2021-ന് അടവാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് കേരള ജല അതോറിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എസ്റ്റിമേറ്റ് തയ്യാറാക്കിയത് ആരാണെന്നും എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയതെന്നും അറിയിക്കാമോ?

ഉണ്ട്. പ്രസ്തുത പ്രവൃത്തിക്കായി 67 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി പി.എച്ച്. സെക്ഷൻ നിലമ്പൂർ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ട്.

(ഡി) മലയോര ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കേരള ജല അതോറിറ്റിയുടെ കുടിവെള്ള പൈപ്പ്ലൈനുകൾ അടിയന്തരമായി മാറ്റി സ്ഥാപിക്കേണ്ടതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ഇ) മേൽ പ്രവൃത്തി എപ്പോൾ ടെണ്ടർ ചെയ്ത് പൂർത്തീകരിക്കാനാവുമെന്ന് അറിയിക്കാമോ; ഇതിനായി സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ?

പുതിയതായി അംഗീകരിച്ച നിരക്കുകൾ പ്രകാരം എസ്റ്റിമേറ്റിൽ മാറ്റം വരുത്തി സാങ്കേതിക അനുമതി ലഭ്യമാക്കി പ്രവൃത്തി ടെണ്ടർ ചെയ്ത് 75 ദിവസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

## പൈപ്പുകൾ റിപ്പയർ ചെയ്യുന്നതിൽ ഉദ്യോഗസ്ഥരുടെ വീഴ്ച

213 (6151) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ പല പൊതുമരാമത്ത് റോഡുകളിലെയും വാട്ടർ അതോറിറ്റി പൈപ്പുകൾ ഇടയ്ക്കിടെ പൊട്ടുന്നതുമൂലം പ്രസ്തുത മേഖലകളിൽ മാസങ്ങളോളം കുടിവെള്ളം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊട്ടുന്ന പൈപ്പുകൾ യഥാസമയം റിപ്പയർ ചെയ്യുന്നതിൽ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നത് മൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടിന് പരിഹാരം കാണാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

പൈപ്പുകൾ പൊട്ടുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾ ബന്ധപ്പെട്ട പി.ഡബ്ല്യൂ.ഡി. അധികാരികളെ അറിയിച്ച് റോഡ് മുറിക്കുന്നതിനുള്ള അനുവാദം ലഭ്യമാക്കി അറ്റകുറ്റപ്പണികൾ കേരള വാട്ടർ അതോറിറ്റി കഴിയുന്നത്ര വേഗത്തിൽ നടത്താറുണ്ട്. പി.ഡബ്ല്യൂ.ഡി. റോഡുകൾ കുഴിക്കുന്നതിന് നൽകേണ്ട തുക അനുവദിച്ചുകിട്ടുന്നതിലെ താമസം, ഉയർന്ന ജലനിരപ്പ് എന്നിവമൂലം ചില സന്ദർഭങ്ങളിൽ അറ്റകുറ്റപ്പണികൾക്ക് കാലതാമസമുണ്ടാകാറുണ്ട്. കൂടാതെ നഗരത്തിലെ വിതരണ ശൃംഖലകൾ പല സ്ഥലങ്ങളിലും പരസ്പരം ബന്ധിപ്പിച്ചിട്ടുള്ളതിനാൽ ടി ലീക്കുകൾ പരിഹരിക്കുവാൻ ഒന്നിലധികം പമ്പ് ഹൗസുകളിലെ പമ്പിംഗ് ഒരേസമയം നിർത്തിവയ്ക്കേണ്ടി വരും. ആയതിനാൽ പമ്പിംഗ് ക്രമീകരിച്ച് മാത്രമേ ലീക്കുകൾ പരിഹരിക്കുവാൻ സാധിക്കുകയുള്ളൂ. മേൽപ്പറഞ്ഞ കാരണങ്ങൾകൊണ്ടാണ് ചില അവസരങ്ങളിൽ ലീക്ക് പരിഹരിക്കുവാൻ കാലതാമസമുണ്ടാകുന്നത്. അമൃത്, കിഫ്ബി എന്നീ പദ്ധതികളിൽപ്പെടുത്തി നഗര പ്രദേശങ്ങളിലും സമീപ പഞ്ചായത്തുകളിലും പുതിയ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ, അനുബന്ധ പ്രവൃത്തികൾ എന്നിവ നടന്നുവരുന്നുണ്ട്. ആയവ കമ്മീഷൻ ചെയ്തുവരുന്നമുറയ്ക്ക് പ്രശ്നപരിഹാരം ഉണ്ടാകുന്നതുമാണ്.

(സി) അമ്പലപ്പുഴ ക്ഷേത്രത്തിന്റെ പടിഞ്ഞാറ് ഭാഗം അമ്പലപ്പുഴ-തിരുവല്ല റോഡിൽ മാസങ്ങളായി തുടരുന്ന ലീക്കേജിനെത്തുടർന്ന് ഈ റോഡിലുണ്ടായ ഗർത്തത്തിൽ വീണ് സ്കൂട്ടർ യാത്രികൻ തലയ്ക്ക് ഗുരുതര പരിക്കേറ്റ് ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ അഡ്മിറ്റായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) വകുപ്പുമന്ത്രി നടത്തിയ അവലോകന യോഗത്തിൽ തീരുമാനമായിട്ടും എം.എൽ.എ.-യും തദ്ദേശസ്വയംഭരണ പ്രതിനിധികളും ആവർത്തിച്ചാവശ്യപ്പെട്ടിട്ടും ഈ പൈപ്പിന്റെ അറ്റകുറ്റപ്പണി നടത്താൻ തയ്യാറാകാതിരുന്ന, പ്രസ്തുത അപകടത്തിന് കാരണക്കാരായ ഉദ്യോഗസ്ഥരുടെമേൽ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

അമ്പലപ്പുഴ ക്ഷേത്രത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് വന്നിട്ടുള്ള ലീക്ക് റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുശേഷം ഉണ്ടായിട്ടുള്ളതാണ്. നിലവിൽ ആലപ്പുഴ നഗരത്തിലേയ്ക്കും സമീപ പഞ്ചായത്തുകളിലേയ്ക്കും ശുദ്ധജലമെത്തിക്കുന്ന 800mm DI പമ്പിംഗ് മെയിനിലാണ് ഇത്. ഈ പൈപ്പ് ലൈൻ ഏകദേശം 2.5 മീറ്റർ താഴ്ചയിലും ഉറപ്പ് കുറവുള്ള മണ്ണിലുമാണ് സ്ഥാപിച്ചിട്ടുള്ളത് എന്നതിനാൽ ലീക്കിന്റെ പ്രഭവസ്ഥാനം കണ്ടുപിടിക്കുന്നത് ശ്രമകരവും അറ്റകുറ്റപ്പണി നടത്തുന്നതിനായി

കൂടുതൽ നീളത്തിൽ റോഡ് മുറിക്കേണ്ടി വരുന്നതുമാണ്. നിലവിൽ ടി പ്രദേശത്തെ ഉയർന്ന ജലനിരപ്പും ഈ കാലഘട്ടത്തിലെ അതിയായ മഴയും വളരെ താഴ്ചയിലും നീളത്തിലും കുഴി എടുക്കുന്നതിന് തടസ്സമാകുന്നതിനോടൊപ്പം ടി പ്രവൃത്തി ചെയ്യുന്നതിന് പമ്പിംഗ് പൂർണ്ണമായും നിർത്തിവയ്ക്കേണ്ടി വരുന്നതും കൂടുതൽ സമയം ശുദ്ധജല വിതരണം തടസ്സമാകുന്നതിന് കാരണമാകുന്നതുമാണ്. നിലവിൽ കെ.ആർ.എഫ്.ബി.-യിൽനിന്നും റോഡ് മുറിക്കുന്നതിന് വാക്കാൽ അംഗീകാരം ലഭ്യമായ പ്രകാരം 4-11-2021-ൽ ടി ചോർച്ച അടയ്ക്കുന്നതിനുള്ള പ്രവൃത്തി കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയിട്ടുണ്ട്. എന്നിരുന്നാലും സമയബന്ധിതമായി പൈപ്പിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിൽ ഉദ്യോഗസ്ഥ തലത്തിൽ വീഴ്ചകൾ വന്നിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്ന കാര്യവും സർക്കാർ പരിഗണിക്കുന്നുണ്ട്.

## കുന്നത്തുനാട് പി.എച്ച്. സെക്ഷൻ ഓഫീസിലെ ഒഴിവുകൾ

214 (6152) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കമ്പലം, വാഴക്കുളം, മഴുവന്നൂർ, കുന്നത്തുനാട് എന്നീ പഞ്ചായത്തുകളിലേയ്ക്കുള്ള കുടിവെള്ള വിതരണം, പമ്പ് ഹൗസുകളുടെ അറ്റകുറ്റപ്പണികൾ, കുടിവെള്ള കണക്ഷൻ സ്ഥാപിക്കൽ എന്നീ ചുമതലകൾ നിർവ്വഹിക്കേണ്ട കുന്നത്തുനാട് പി.എച്ച്. സെക്ഷൻ ഓഫീസിൽ മതിയായ ജീവനക്കാരില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുന്നത്തുനാട് പി.എച്ച്. സെക്ഷൻ ഓഫീസിൽ ഏതെല്ലാം തസ്തികകളിലാണ് ഒഴിവുള്ളതെന്ന് അറിയിക്കാമോ?

ഓവർസീയർ ഗ്രേഡ് III -2, പ്ലംബർ -1.

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി-യിൽനിന്നും ഒഴിവുകൾ നികത്തുന്നത് വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 3 ഓവർസീയർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. 5 പ്ലംബർ പരിശീലനാർത്ഥികളെ പെരുമ്പാവൂർ സബ് ഡിവിഷനിലേയ്ക്ക് നിയോഗിക്കുന്നതിനുള്ള നടപടികളും അവസാനഘട്ടത്തിലാണ്.

## പൂഞ്ഞാർ മണ്ഡലത്തിലെ കുടിവെള്ള വിതരണ സംവിധാനങ്ങൾ

215 (6153) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ മഴക്കെടുതിയിൽ തകർന്ന കുടിവെള്ള വിതരണ സംവിധാനങ്ങളുടെ വിശദാംശം അറിയിക്കാമോ?

പൂഞ്ഞാർ മണ്ഡലത്തിൽ മഴക്കെടുതിയിൽ തകർന്ന കുടിവെള്ള വിതരണ സംവിധാനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിലെ നെടുങ്കയം പമ്പ് ഹൗസ് ഭാഗികമായി വെള്ളത്തിൽ മുങ്ങുകയും 17-10-2021 മുതൽ അറ്റകുറ്റപ്പണികൾക്കുശേഷം പമ്പിംഗ് പുനരാരംഭിക്കുകയും ചെയ്തു.

2. ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിക്കുവേണ്ടി ജലവിതരണം നടത്തുന്ന ഇലക്കയം പമ്പ് ഹൗസിൽ പമ്പിംഗ് സംവിധാനം വെള്ളപ്പൊക്കംമൂലം തകരാറിലായി. അറ്റകുറ്റപ്പണികൾക്കുശേഷം 19-10-2021 മുതൽ പമ്പിംഗ് പുനരാരംഭിച്ചു.

3. തലനാട് പഞ്ചായത്തിനുവേണ്ടി വെള്ളം പമ്പ് ചെയ്യുന്ന തീക്കോയി ആറിന്റെ തീരത്തുള്ള തലനാട് കിണറിന്റെ പാർശ്വഭിത്തിക്കുണ്ടായിരുന്ന കേട് അധികരിക്കുകയും കിണറിൽ വലിയതോതിൽ മണലും ചെളിയും അടിയുകയും ചെയ്തതുമൂലം പമ്പിംഗ് തടസ്സപ്പെട്ടു. 17-10-2021-ന് പമ്പിംഗ് പുനരാരംഭിച്ചുവെങ്കിലും 18-10-2021-ൽ വീണ്ടും തടസ്സം നേരിട്ടു. ചെളി നീക്കംചെയ്ത് 2-11-2021-ന് രാത്രിയോടെ പമ്പിംഗ് പുനരാരംഭിച്ചു.

4. ഈരാറ്റുപേട്ട അരുവിത്തുറ പമ്പ്ഹൗസിലെ പമ്പിംഗ് അറ്റകുറ്റപ്പണികൾക്കുശേഷം 19-10-2021 മുതൽ പുനരാരംഭിച്ചു.

2021-ലെ വെള്ളപ്പൊക്കവും മണ്ണിടിച്ചിലുംമൂലം പൂഞ്ഞാർ മണ്ഡലത്തിൽ തകർന്ന ജലനിധിയുടെ 47 കുടിവെള്ള വിതരണ സംവിധാനങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

1. കൂട്ടിക്കൽ പഞ്ചായത്ത് -14 പദ്ധതികൾ

2. പാറത്തോട് പഞ്ചായത്ത് - 21 പദ്ധതികൾ

3. തിടനാട് പഞ്ചായത്ത് - 8 പദ്ധതികൾ

4. തീക്കോയി പഞ്ചായത്ത് -1 പദ്ധതി

5. പൂഞ്ഞാർ തെക്കേക്കര പഞ്ചായത്ത് - 3 പദ്ധതികൾ.

(ബി) പ്രസ്തുത സംവിധാനങ്ങൾ പൂർവ്വസ്ഥിതിയിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

മേൽ സൂചിപ്പിച്ച കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ പമ്പ് ഹൗസുകളിലും അറ്റകുറ്റപ്പണികളും ശുചീകരണ പ്രവൃത്തികളും യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിച്ച് പമ്പിംഗ് പുനരാരംഭിച്ചു. തലനാട് കിണറിന്റെ അറ്റകുറ്റപ്പണികൾ വേനൽക്കാലത്ത് മാത്രമേ സാധ്യമാകുകയുള്ളൂ. ജലനിധി പദ്ധതികളുടെ പുനർ നിർമ്മാണത്തിനായി 2.61 കോടി രൂപയുടെ പ്രാരംഭ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളിൽ സ്രോതസ്സിന്റെ പുനരുദ്ധാരണം ആവശ്യമില്ലാത്ത പദ്ധതികൾ 2021 ഡിസംബർ 31-ഓടുകൂടിയും മറ്റു പദ്ധതികൾ 2022 മാർച്ച് മാസത്തോടെയും പൂർത്തിയാക്കാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## പൈപ്പ് പൊട്ടുന്നതുമൂലം മുടങ്ങുന്ന കുടിവെള്ള വിതരണം

216 (6154) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരന്തരം പൈപ്പ് പൊട്ടുന്നതുമൂലം കുടിവെള്ള വിതരണം മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പൈപ്പ് പൊട്ടൽ ശ്രദ്ധയിൽപ്പെടുന്ന സാഹചര്യങ്ങളിൽ അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തി കുടിവെള്ള വിതരണം പുനഃസ്ഥാപിക്കാറുണ്ട്.

(ബി) ഈ സർക്കാർ കാലയളവിൽ പൊട്ടിയ പൈപ്പുകൾ ശരിയാക്കുന്നതിനായി ചെലവാക്കിയ തുക എത്ര; വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ കാലയളവിൽ പൊട്ടിയ പൈപ്പുകൾ പുനഃസ്ഥാപിക്കുന്നതിനായി 2358.95 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കാലപ്പഴക്കവും ഉപയോഗയുക്തമല്ലാത്ത പൈപ്പുകൾ സ്ഥാപിക്കുന്ന കോൺട്രാക്ടർമാരുടെ പ്രവർത്തനങ്ങളുമാണ് ഇതിന് കാരണമാകുന്നതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാലപ്പഴക്കംമൂലം പൈപ്പ് ലൈനുകളിൽ ചോർച്ചകൾ ഉണ്ടാകാറുണ്ട്. പുതിയ പൈപ്പുകൾ ഫാക്ടറിയിൽനിന്നും സപ്ലൈ ചെയ്യുന്നതിന് മുൻപ് IS സ്റ്റാൻഡേർഡ് ടെസ്റ്റുകൾ നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയതിനു ശേഷമാണ് കരാറുകാർ മുഖേന പൈപ്പുകൾ സ്ഥാപിക്കുന്നത്. ആയതിനാൽ ഉപയോഗയുക്തമല്ലാത്ത പൈപ്പുകൾ സ്ഥാപിക്കുന്ന കോൺട്രാക്ടർമാരുടെ പ്രവർത്തനങ്ങൾ മൂലമാണ് പൈപ്പ് പൊട്ടുന്നതെന്ന ആക്ഷേപം സംബന്ധിച്ച പരാതികൾ ഈ സർക്കാർ കാലയളവിൽ ലഭിച്ചിട്ടില്ല.

(ഡി) എങ്കിൽ കാലപ്പഴക്കമുള്ള പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും നിർമ്മാണ മേഖലയിലെ കള്ളനാണയങ്ങൾക്കെതിരെയും അവർക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെയും കർശന നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ; വ്യക്തമാക്കാമോ?

അമൃത്, കിഫ്ബി, സ്റ്റേറ്റ് പ്ലാൻ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്ന പഴയ എ.സി. പൈപ്പുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. നിർമ്മാണ മേഖലയിലെ കള്ളത്തരങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷണം നടത്തി കരാറുകാർക്കെതിരെയും അവർക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെയും കർശന നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(ഇ) ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ കാലയളവിൽ എത്ര പേർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ കാലയളവിൽ ഇതുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങൾ ഒന്നുംതന്നെ തെളിഞ്ഞിട്ടില്ല.

**കുറ്റ്യാടി ചെരണ്ടത്തൂർ ചിറയിൽ പുതിയ മോട്ടോർ**

217 (6155) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി മണ്ഡലത്തിലെ ചെരണ്ടത്തൂർ ചിറയിൽ വെള്ളം പമ്പ് ചെയ്യുന്നതിനായി പുതിയ 60 എച്ച്.പി. മോട്ടോർ പർച്ചേസ് ഓർഡർ കൊടുത്ത് സ്ഥാപിക്കുന്നതിന് എത്ര ദിവസമെടുക്കുമെന്നും ഏത് ഏജൻസിയാണ് സ്ഥാപിക്കുന്നതെന്നും അറിയിക്കാമോ; വിശദമാക്കാമോ?

കുറ്റ്യാടി മണ്ഡലത്തിലെ ചെരണ്ടത്തൂർ ചിറയിൽ 60 HP മോട്ടോർ പർച്ചേയ്സ് ചെയ്യുന്നതിന് 22-10-2021-ലെ CMU/P/2085/2019 സപ്ലൈ ഓർഡർ നമ്പർ പ്രകാരം M/s Empower Infrastructure, 9/150, Rajasree Udiyankulangara, Amaravila.P.O, Thiruvananthapuram-695122 എന്ന സ്ഥാപനത്തിലാണ് സപ്ലൈ ഓർഡർ നൽകിയിരിക്കുന്നത്. സപ്ലൈ ഓർഡർ പ്രകാരം പമ്പ് സപ്ലൈ ചെയ്യുന്നതിന് 4 മാസത്തെ സമയപരിധിയാണ് നൽകിയിരിക്കുന്നത്.

**ചെറുതാഴം, കുഞ്ഞിമംഗലം കിഫ്ബി കുടിവെള്ള പദ്ധതി**

218 (6156) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം, കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്നതിന് കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിൽ ചെറുതാഴം, കുഞ്ഞിമംഗലം എന്നീ പഞ്ചായത്തുകൾക്കും ഏഴിമല നേവൽ അക്കാദമിക്കുംവേണ്ടി അനുമതി നൽകിയ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ചെറുതാഴം, കുഞ്ഞിമംഗലം എന്നീ പഞ്ചായത്തുകളിൽ നിർമ്മിക്കുന്ന 8.5 ലക്ഷം, 4.5 ലക്ഷം ലിറ്റർ വീതം സംഭരണശേഷിയുള്ള ടാങ്കുകളുടെയും ടാങ്കുകളിലേയ്ക്കുള്ള ഗ്രാവിറ്റി മെയിനിന്റെയും പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഏഴിമല നേവൽ അക്കാദമിയിലേയ്ക്കുള്ള ഗ്രാവിറ്റി മെയിൻ പൈപ്പിന്റെ പ്രവൃത്തിയും ടെലിമെട്രി അറേഞ്ച്മെന്റ് പ്രവൃത്തികളും പുരോഗമിച്ചുവരുന്നു. ആകെ പ്രവൃത്തിയുടെ 88% പണി പൂർത്തിയായിട്ടുണ്ട്. ഈ പ്രവൃത്തി 2021 ഡിസംബർ 31-ഓടുകൂടി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സംസ്ഥാനത്തെ ഡാമുകളുടെ സംരക്ഷണം**

219 (6157) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ജലവിഭവ വകുപ്പിനുകീഴിലുള്ള ഡാമുകളുടെ നിയന്ത്രണം ആർക്കാണെന്നും ഇവയുടെ നിലവിലെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പിനുകീഴിലുള്ള ഡാമുകളുടെ നിയന്ത്രണം അതാത് ഡാമുകൾ ഉൾപ്പെട്ട ഇറിഗേഷൻ ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കാണ്. ഡാമുകളിൽ ജലസംഭരണം നടത്തുകയും വേനലിൽ കൃഷിക്കാവശ്യമായ രീതിയിൽ കനാലുകളിലൂടെ ജലസേചനം നടത്തുകയും ചെയ്യുന്നുണ്ട്. നിലവിൽ ഡാമുകളുടെ അവസ്ഥ സുരക്ഷിതമാണ്. റൂൾകർവ് അനുസരിച്ചും അലർട്ട് ലെവൽ അനുസരിച്ചും അടിയന്തര സാഹചര്യങ്ങളിൽ ജലനിരപ്പ് ക്രമീകരിച്ചുവരുന്നു.

(ബി) പല ഡാമുകളിലും മണലും ചെളിയും മറ്റവശിഷ്ടങ്ങളും നിറഞ്ഞ് ജലസംഭരണശേഷി കുറഞ്ഞുവരുന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഡാമുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഡാമുകളിലെ ചെളിയും മണലും മറ്റവശിഷ്ടങ്ങളും മാറ്റി കൃത്യമായ ജലസംഭരണം ഉറപ്പുവരുത്തുന്നതിന് സമയബന്ധിതമായി സ്വീകരിക്കുവാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

(ബി&സി) ഉണ്ട്. പ്രളയംമൂലം ഡാമുകളിൽ അടിഞ്ഞ മണ്ണും ചെളിയും പൂർണ്ണമായും നീക്കം ചെയ്യാൻ സാധിച്ചിട്ടില്ല. ഡാമുകളിൽ അടിഞ്ഞുകൂടിയ മണ്ണും എക്കലും നീക്കം ചെയ്യുന്നതിന് 26-9-2017-ലെ സ.ഉ(കൈ) നമ്പർ 79/17/ജവിവ. 14-5-2019-ലെ സ.ഉ(കൈ) നമ്പർ 14/19/ജവിവ. എന്നീ ഉത്തരവുകൾ പ്രകാരം അടിസ്ഥാന പ്രവർത്തനരേഖ അംഗീകരിച്ചിട്ടുണ്ട്. ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ കരാർ അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. വിവിധ ഡാമുകളിലെ ഡീസിൽറ്റേഷനുള്ള ടെണ്ടർ നടപടികൾ പല ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. മംഗലം ഡാമിന്റെ ജലസംഭരണികളിൽ അടിഞ്ഞ് കൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കംചെയ്യുന്ന പ്രവൃത്തികൾ 17-12-2020 മുതൽ നടന്നുവരുന്നു. ചുള്ളിയാർ, വാളയാർ, മീൻകര, അരുവിക്കര ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തികൾക്കായുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. മലമ്പുഴ, കാരാപ്പുഴ, മലങ്കര റിസർവോയറുകളുടെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) പ്രസ്തുത പ്രവർത്തനങ്ങൾ അഴിമതിരഹിതവും കാര്യക്ഷമവും സമയബന്ധിതവുമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ട് സുതാര്യമായാണ് പ്രവർത്തനങ്ങൾ നടത്തുക എന്നുള്ളതിനാൽ അഴിമതിരഹിതവും കാര്യക്ഷമവും സമയബന്ധിതവുമായി നടപ്പിലാക്കാൻ സാധിക്കുന്നുണ്ട്.

**വാമനപുരം നദി സംരക്ഷണം**

220 (6158) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം മണ്ഡലത്തിലെ വാമനപുരം നദി സംരക്ഷിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

വാമനപുരം മണ്ഡലത്തിലെ വാമനപുരം നദി സംരക്ഷിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ചേമുഞ്ചികുന്നുകളിൽനിന്ന് ഉത്ഭവിച്ച് ഏകദേശം 88 കി.മീ ദൂരം ഒഴുകി അഞ്ചുതെങ്ങ് കായലിൽ പതിക്കുന്ന വാമനപുരം നദിയുടെ പുനരുജ്ജീവനത്തിനായി 71.83 കോടി രൂപയുടെ വിപുലമായ ഒരു പദ്ധതിരേഖ തയ്യാറാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രകാശനം ചെയ്തു ശ്രീ. എ. നിസാമുദ്ദീൻ

ഭൂവിനിയോഗ ബോർഡ് കമ്മീഷണർ കൺവീനറായും ഡോ. ആർ. പ്രകാശ് കുമാർ, ഡയറക്ടർ, JNTBGRI ചെയർമാനമായിട്ടുള്ള സാങ്കേതിക സമിതി മുഖേന പ്ലാനിംഗ് ബോർഡിൽ ഫണ്ട് വകകൊള്ളിക്കുന്ന നടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിരേഖയിൽ വാമനപുരം നിയോജകമണ്ഡലത്തിൽ ജലലഭ്യത ഉറപ്പാക്കുന്നതിനും വെള്ളപ്പൊക്ക നിയന്ത്രണത്തിനും തീരസംരക്ഷണത്തിനും വേണ്ടിയുള്ള 19.22 കോടി രൂപയുടെ വിവിധ പ്രൊപ്പോസലുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ജലലഭ്യതയ്ക്കുവേണ്ടി തടയണ നിർമ്മാണം, ബണ്ട് ബലപ്പെടുത്തി സംരക്ഷണഭിത്തി നിർമ്മാണം, കടവുകളുടെ നിർമ്മാണം, പുനരുദ്ധാരണം എന്നിവ ഉൾപ്പെടുന്നു. നദിയുടെ സുഗമമായ നീരൊഴുക്കിന് വേണ്ടി ഡെൽറ്റ നീക്കംചെയ്യൽ പ്രവൃത്തികളും ടി പദ്ധതിരേഖയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ ഇറിഗേഷന്റെ തനത് ഫണ്ടിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

1. Flood damages-Rectification of damages to the right banks of Vamanapuram river opposite to Forest range office near Palode in Nanniyode Panchayath

2. Flood damages-Protection of right bank of tributary to Vamanapuram river near the convergence to the river situated at the upstream of Karatte bridge in Vamanapuram Panchayath.

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**മലിനപ്പെടുന്ന നദികളും പുഴകളും**

221 (6159) ശ്രീ. പി. ടി. തോമസ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, വൻകിട റിസോർട്ടുകൾ, ഹോട്ടലുകൾ എന്നിവയിൽ നിന്നും പുറന്തള്ളപ്പെടുന്ന സ്വീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നദികളെയും പുഴകളെയും മലിനപ്പെടുത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഇടങ്ങളിൽ ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനം ഏർപ്പെടുത്തുന്നതിനും അവ നിരന്തരം നിരീക്ഷിക്കുന്നതിനും നിലവിലുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ?

(എ&ബി) സംസ്ഥാനത്തെ നദികൾ/പുഴകൾ തുടങ്ങിയ ജലസ്രോതസ്സുകളിലേയ്ക്ക്, ഫ്ലാറ്റുകൾ, വ്യവസായശാലകൾ, ആശുപത്രികൾ തുടങ്ങിയവയിൽനിന്ന് മാലിന്യം പുറന്തള്ളുന്നത് വഴി ജലമലിനീകരണം നടക്കുന്നതായുള്ള നിവേദനങ്ങൾ/മാധ്യമ റിപ്പോർട്ടുകൾ എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനുമുമ്പേ പാഴ്ജല നിർമാർജ്ജന സംവിധാനങ്ങളുടെ പ്രൊപ്പോസൽ വിലയിരുത്തിയതിനുശേഷം മലിനീകരണ നിയന്ത്രണ ബോർഡ് ജല (മലിനീകരണ നിവാരണ നിയന്ത്രണ) നിയമപ്രകാരം സ്ഥാപനാനുമതി നൽകുകയും സംവിധാനം ഏർപ്പെടുത്തിയതിനുശേഷം ബോർഡ് പ്രവർത്തനാനുമതി നൽകുകയും ചെയ്യുന്നു. പ്രവർത്തനാനുമതിയിൽ പാഴ്ജലത്തിന്റെ അളവ്, ഗുണനിലവാരം, ഔട്ട്ലെറ്റ് തുടങ്ങിയവ സംബന്ധിച്ച നിബന്ധനകൾ ചേർത്തിട്ടുണ്ട്. ആയത് പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും ചെയ്യുന്നു. വീഴ്ചകൾ കാണുന്നപക്ഷം തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇതുസംബന്ധിച്ച് നിലവിലുള്ള നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുവാനുള്ള സംവിധാനം ദുർബലമായതാണ് നിയമ ലംഘനത്തിന് കാരണമാകുന്നതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ജല (മലിനീകരണ നിവാരണ നിയന്ത്രണ) നിയമം പാലിക്കപ്പെടുന്നതിലേയ്ക്കായിട്ടാണ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സ്ഥാപിതമായിരിക്കുന്നത്. ജല മലിനീകരണ നിവാരണ നിയന്ത്രണ നിയമം പ്രകാരമുള്ള നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരശോധന നടത്തുകയും വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ തുടർനടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. ഇവ കൂടുതൽ കാര്യക്ഷമമാക്കാൻ നിലവിലുള്ളതിലും മാനവശേഷി ആവശ്യമാണെന്ന് വിലയിരുത്തിയതിനാൽ മാനവശേഷി കൂട്ടുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്.

**വാട്ടർ ബില്ലുകളിലെ പിഴവുകൾ**

222 (6160) ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിലെ മീറ്റർ റീഡർമാരുടെ പിഴവ് കാരണം ഉപഭോക്താക്കൾക്ക് അമിതമായ ബില്ലുകൾ നൽകുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വാട്ടർ മീറ്ററുകളിൽ ചില സമയങ്ങളിൽ ജല ബാഷ്പം തങ്ങി നിൽക്കുന്നതു മൂലം, റീഡിംഗ് അവ്യക്തമാകുന്ന സാഹചര്യത്തിൽ അപൂർവ്വമായി ബില്ലിംഗിൽ തെറ്റുകൾ സംഭവിക്കാറുണ്ട്. ഇത്തരം തെറ്റുകൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ തെറ്റുകൾ തിരുത്തി ബിൽ പുനഃക്രമീകരിച്ച് പരിഹരിക്കാറുമുണ്ട്.

(ബി) തെറ്റായ വാട്ടർ ബില്ലുകൾ തയ്യാറാക്കിയവർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ബില്ലിംഗിൽ പിഴവ് വരുത്തുന്ന മീറ്റർ റീഡർമാരോട് രേഖാമൂലം വിശദീകരണം ആവശ്യപ്പെടുകയും മേലിൽ അത്തരത്തിലുള്ള പിഴവുകൾ ആവർത്തിക്കാതിരിക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്.

(സി) ബിൽ കുടിശ്ശികയുള്ളവർക്ക് അവ തീർക്കാൻ സാവകാശം നൽകുമോ; വിശദമാക്കുമോ?

ബിൽ കുടിശ്ശിക തുക ഒരുമിച്ച് അടയ്ക്കാൻ ബുദ്ധിമുട്ടുള്ള ഉപഭോക്താക്കൾക്ക് ആവശ്യപ്പെടുന്നപക്ഷം തുക തവണകളാക്കി അടയ്ക്കുവാൻ അവസരം നൽകാറുണ്ട്.

**ജലവിഭവ വകുപ്പിന്റെ സേവനങ്ങൾ സമയബന്ധിതമാക്കാൻ നടപടി**

223 (6161) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് ജലവിഭവ വകുപ്പിന്റെ സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാനും പരാതികൾ ഒഴിവാക്കാനുമായി ഈ സർക്കാർ ആരംഭിച്ച് നടപ്പാക്കിവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

പൊതുജനങ്ങൾക്ക് വാട്ടർ അതോറിറ്റിയുടെ സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന്റെ ഭാഗമായി നഗരമേഖലയിൽ താമസിക്കുന്ന ജനങ്ങൾക്ക് കുടിവെള്ള കണക്ഷനും സ്വീവറേജ് കണക്ഷനും ലഭിക്കുന്നതിന് ഓൺലൈനായി അപേക്ഷിക്കുന്നതിനുവേണ്ടി 'ഇ-ടാപ്പ്' എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ട്. ഓൺലൈനായി സമർപ്പിക്കപ്പെട്ട കുടിവെള്ള കണക്ഷനുള്ള അപേക്ഷകൾ ഉദ്യോഗസ്ഥർക്ക് പരിശോധിക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും അപേക്ഷകർക്ക് ഓൺലൈനായിത്തന്നെ കണക്ഷൻ ഫീസ് അടയ്ക്കുന്നതിനും അപേക്ഷയുടെ തൽസ്ഥിതി അറിയുന്നതിനും പ്രസ്തുത സോഫ്റ്റ്‌വെയറിലൂടെ സാധിക്കും. ഗ്രാമ പ്രദേശങ്ങളിൽ ജൽ ജീവൻ മിഷൻ വഴി പുതിയ കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കിയിട്ടുണ്ട്. ഉപഭോക്താവിന്റെ ആധാർ, റേഷൻ കാർഡ്, മൊബൈൽ

നമ്പർ തുടങ്ങിയ വിവരങ്ങൾ വീട്ടിൽചെന്ന് ശേഖരിച്ച് ഓൺലൈനായി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ആ പ്രദേശത്ത് കരാർ നൽകിയിട്ടുള്ള കരാറുകാരൻ മുഖേന കേരള വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ കണക്ഷൻ നൽകിവരുന്നു. ഈ പദ്ധതി വഴി 'കണക്ഷൻ അറ്റ് സ്പോട്ട് ' എന്ന നയമാണ് സ്വീകരിച്ചിരിക്കുന്നത്. ഉപഭോക്താക്കൾക്ക് വാട്ടർ ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഉപഭോക്താക്കൾക്ക് ബില്ലിന്റെയും ബിൽ തുക അടച്ചതിന്റെയും വിവരങ്ങൾ എസ്.എം.എസ്. മുഖേന നൽകിവരുന്നു. ഉപഭോക്താക്കൾക്ക് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട പരാതികൾ അറിയിക്കുന്നതിന് 'അക്വാലൂം' എന്ന വെബ് പോർട്ടൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ പരാതികൾ അറിയിക്കുന്നതിന് 1916 എന്ന ടോൾ ഫ്രീ നമ്പറിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവുമായി ബന്ധപ്പെടാവുന്നതാണ്. ജലസേചന വകുപ്പിന്റെ കീഴിലുള്ള പ്രധാനപ്പെട്ട 4 സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാനും പരാതികൾ ഒഴിവാക്കാനുമായി ഇവ ഓൺലൈൻ ആക്കുന്നതിലേയ്ക്കുള്ള നടപടികൾ നാഷണൽ ഇൻഫൊർമാറ്റിക്സ് സെന്ററിന്റെ (NIC) സഹായത്തോടെ പുരോഗമിച്ചുവരുന്നു. ഭൂജല വകുപ്പിൽ സേവന അവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ട്. സേവനാവകാശ നിയമം പ്രകാരം വകുപ്പിലെ സേവനങ്ങൾ നിശ്ചയിച്ചിട്ടുള്ള കാലയളവിൽത്തന്നെ പൊതുജനങ്ങൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ജനങ്ങളോട് മാന്യമായി പെരുമാറുന്ന ഉദ്യോഗസ്ഥരെ മാനിക്കാനും ജനഹിതത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ കണ്ടെത്തി നടപടികൾ സ്വീകരിക്കാനും അവരെ ജനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽനിന്നും മാറ്റിനിർത്താനുമായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

ജനങ്ങളോട് മാന്യമായി പെരുമാറുന്ന ജീവനക്കാരെ അംഗീകരിക്കുന്നതിന്റെ ഭാഗമായി അവാർഡും ഇൻസെന്റീവും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളോട് ഏതെങ്കിലും ജീവനക്കാർ അപമര്യാദയായി പെരുമാറുന്നത് ശ്രദ്ധയിൽപ്പെടുകയോ പരാതിപ്പെടുകയോ ചെയ്യുന്നപക്ഷം അവർക്കെതിരെ നിലവിലെ സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് അച്ചടക്കനടപടികൾ സ്വീകരിച്ചുവരുന്നു. ജനഹിതത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ സംബന്ധിച്ച് പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതികളും മറ്റും ജലസേചന വകുപ്പിന്റെ വിജിലൻസ് വിഭാഗം പരിശോധിക്കുകയും വേണ്ട തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) ഇതിന്റെ ഭാഗമായി ഏതെല്ലാം പ്രവർത്തനങ്ങൾ ഓൺലൈനാക്കിയെന്ന് വ്യക്തമാക്കുമോ?

നഗര മേഖലയിൽ താമസിക്കുന്ന ജനങ്ങൾക്ക് കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് 'ഇ-ടാപ്പ്' എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ജൽ ജീവൻ മിഷൻ വഴി പുതിയ കുടിവെള്ള കണക്ഷൻ നൽകുന്നതിന് ഉപഭോക്താവിന്റെ ആധാർ, റേഷൻ കാർഡ്, മൊബൈൽ നമ്പർ തുടങ്ങിയ വിവരങ്ങൾ വീട്ടിൽ ചെന്ന് ശേഖരിച്ച് ഓൺലൈനായി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കണക്ഷൻ നൽകിവരുന്നു. ഉപഭോക്താക്കൾക്ക് വാട്ടർ ചാർജ്ജ് ക്വിക് പേ വെബ് പോർട്ടലിലൂടെയും BBPS (ഭാരത് ബിൽ പേയ്മെന്റ് സിസ്റ്റം) മുഖേനയും അടയ്ക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. 'അക്വാലൂം' എന്ന വെബ് പോർട്ടലിലൂടെ ഉപഭോക്താക്കൾക്ക് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട പരാതികൾ അറിയിക്കാവുന്നതാണ്. ജലസേചന വകുപ്പിന് കീഴിലുള്ള പ്രധാനപ്പെട്ട 4 സേവനങ്ങളിൽ ഒരെണ്ണം 'permission for abstraction of water' ഇതിനോടകംതന്നെ ഓൺലൈനിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇത് പരീക്ഷണഘട്ടത്തിലാണ്. ബാക്കിയുള്ള സേവനങ്ങൾകൂടി ഓൺലൈനാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഭൂജല വകുപ്പ് പൊതുജനങ്ങൾക്ക് നൽകിവരുന്ന സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിന്റെ ഭാഗമായി NIC (service plus)-യുമായി ചേർന്ന് ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വ്യവസായത്തിന് നൽകുന്ന സേവനങ്ങളിൽ രണ്ടെണ്ണം K-SWIFT മുഖാന്തരം ഓൺലൈനാക്കിയിട്ടുണ്ട്.

**നബാർഡിന്റെ സഹായത്തോടെയുള്ള ജലവിതരണ പദ്ധതികൾ**

224 (6162) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ ഭാഗങ്ങളിലും വെള്ളം എത്തിക്കുക എന്ന ലക്ഷ്യത്തിനായി കേരള വാട്ടർ അതോറിറ്റി പ്രത്യേക സർവ്വേകൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്ത് എല്ലാ ഭാഗങ്ങളിലും വെള്ളം എത്തിക്കുകയെന്ന ലക്ഷ്യത്തിനായി നടപ്പിലാക്കുന്ന ജല ജീവൻ മിഷൻ ഉൾപ്പെടെയുള്ള വിവിധ കുടിവെള്ള പദ്ധതികളുടെ പ്രോജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനായി

സർവ്വേകൾ നടന്നുവരുന്നു. പമ്പിംഗ് മെയിനുകൾ, ഗ്രാവിറ്റി മെയിനുകൾ, വിതരണ ശൃംഖലകൾ എന്നിവയുടെ ഡിസൈൻ തയ്യാറാക്കുവാനാണ് സർവ്വേ നടത്തുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷവും നടപ്പുസാമ്പത്തിക വർഷവുമായി 63 സർവ്വേകൾ നടത്തിയിട്ടുണ്ട്. എല്ലാ ഗ്രാമീണ ഭവനങ്ങളിലും ശുദ്ധജലം എത്തിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കളുടെ എണ്ണവും മറ്റും ശേഖരിച്ചിരിക്കുന്നത് വിവിധ ഗവൺമെന്റ് വെബ്സൈറ്റുകളിൽനിന്നും ജല അതോറിറ്റിയുടെതന്നെ കണക്ഷൻ സംബന്ധമായ വിവരങ്ങളും അവലോകനം ചെയ്താണ്. കൂടാതെ ഗ്രാമപഞ്ചായത്തുകളിൽനിന്നും അതത് പഞ്ചായത്തുകളിലെ വീടുകളുടെ ലിസ്റ്റ് ശേഖരിച്ച് അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ വാട്ടർ കണക്ഷൻ ഇല്ലാത്ത വീടുകൾ കണ്ടെത്തി കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഗ്രാമപ്രദേശങ്ങളിൽ നബാർഡിന്റെ സഹായത്തോടെ കെ.ഡബ്ല്യൂ.എ. എത്ര ജലവിതരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് അറിയിക്കാമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; ഗ്രാമങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ പ്രസ്തുത പദ്ധതികൾ എത്രത്തോളം സഹായകരമാണെന്ന് വിശദമാക്കാമോ?

ഗ്രാമപ്രദേശങ്ങളിൽ നബാർഡിന്റെ ധനസഹായത്തോടെ കേരള വാട്ടർ അതോറിറ്റി 15 പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന 15 പദ്ധതികൾ വഴി ഏകദേശം 1131797 ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതാണ്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഗുണനിലവാരമുള്ള കുടിവെള്ളം പായ്ക്ക് ചെയ്ത് പൊതുജനങ്ങൾക്ക് ന്യായമായ വിലയ്ക്ക് നൽകുന്നതിന് കെ.ഡബ്ല്യൂ.എ. പ്രത്യേക പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കുപ്പിവെള്ള വിതരണ രംഗത്തെ അനാരോഗ്യ മത്സരങ്ങളും ഗുണനിലവാരത്തകർച്ചയും കണക്കിലെടുത്ത് ജനങ്ങൾക്ക് ഉയർന്ന നിലവാരത്തിലും വിലക്കുറവിലും കുപ്പിവെള്ളം ലഭ്യമാക്കുന്നതിന് വേണ്ടിയാണ് കേരള വാട്ടർ അതോറിറ്റി അരുവിക്കരയിൽ കുപ്പിവെള്ള പ്ലാന്റിന്റെ നിർമ്മാണം ആരംഭിച്ചത്. 2015-ൽ 10 കോടി രൂപയുടെ ഭരണാനുമതി നൽകിയ പദ്ധതി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കേരള വാട്ടർ അതോറിറ്റി മൂന്ന് പാക്കേജുകളിലായി പ്രവൃത്തികൾ തുടങ്ങി. 2018 -ൽ 16 കോടി രൂപയ്ക്ക് പുതുക്കിയ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭരണാനുമതി നൽകുകയും 22-5-2019-ൽ ഈ മൂന്ന് പാക്കേജിലുമുള്ള പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തു. തുടർന്ന് ബി.ഐ.എസ്. പരാമർശിച്ച ചില ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരവെ പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതിനും അതിനുശേഷമുള്ള ഉത്പാദനവും വിപണനവും അടക്കമുള്ള നടത്തിപ്പ് കൈകാര്യം ചെയ്യുന്നതിനും കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ളതും ജലവിഭവ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്നതുമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെ 7 വർഷത്തെ ലീസിന് ഏൽപ്പിച്ചു. ഇതിന്റെ പ്രവർത്തനത്തിനാവശ്യമായ ജലവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും വാട്ടർ അതോറിറ്റിയാണ് ലഭ്യമാക്കുന്നത്. ഹില്ലി അക്വ എന്ന് നാമകരണം ചെയ്തിട്ടുള്ള പ്ലാന്റിന്റെ ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി വീഡിയോ കോൺഫറൻസിംഗിലൂടെ 16-1-2021-ന് നിർവ്വഹിച്ചു.

**മൂന്നിലവ് പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം**

225 (6163) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മൂന്നിലവ് പഞ്ചായത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമായി തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി മൂന്നിലവ് ഉൾപ്പെടെ 12 പഞ്ചായത്തുകൾക്ക് വേണ്ടി ഒരു സമഗ്ര ശുദ്ധജല വിതരണ പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ട്. ഈ പദ്ധതി ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുവാനാണ് ശ്രമിക്കുന്നത്. മലങ്കര ഡാം പ്രധാന സ്രോതസായി രൂപം നല്കിയിട്ടുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി റെസൊല്യൂഷൻ ലഭ്യമാക്കാനായി പഞ്ചായത്തുകളിൽ സമർപ്പിച്ചിരിക്കുകയാണ്. മൂന്നിലവ് പഞ്ചായത്തുൾപ്പെടെ 10 പഞ്ചായത്തുകളിൽനിന്നും റെസൊല്യൂഷൻ ലഭ്യമായിക്കഴിഞ്ഞു. അവശേഷിക്കുന്ന കടനാട്, രാമപുരം എന്നീ പഞ്ചായത്തുകളുടെ കൂടി തീരുമാനം ലഭ്യമാകുന്നമുറയ്ക്ക് ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയുടെ വിതരണ /ഉല്പാദന ഘടകങ്ങളുടെ നിർമ്മിതിക്കായി വേണ്ട സ്ഥലങ്ങൾ അതത് പഞ്ചായത്തുകൾ ഏറ്റെടുത്ത്

നൽകേണ്ടതുണ്ട്. മലങ്കര ഡാം പ്രധാന സ്രോതസ്സായി സ്വീകരിച്ചിട്ടുള്ള ഈ പദ്ധതിയിൽ ഈ ഡാമിനുസമീപം നിർമ്മിക്കാനുദ്ദേശിക്കുന്ന വെൽ കം പമ്പ് ഹൗസിൽനിന്നും വെള്ളം വള്ളിപ്പാറയിലെ നിർദ്ദിഷ്ട ബൂസ്റ്റർ പമ്പ് ഹൗസിൽ എത്തിക്കുന്നു. അവിടെനിന്നും ജലം വീണ്ടും പമ്പ് ചെയ്ത് നീലംബൂരിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന 38 MLD ജല ശുദ്ധീകരണ ശാലയിൽ എത്തിച്ച് ശുദ്ധീകരിച്ചതിനുശേഷം നീലംബൂരിൽതന്നെ നിർമ്മിക്കുന്ന സംഭരണ സമ്പിൽ ശേഖരിച്ച് വിതരണം ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി കെ.ആർ.ഡബ്ല്യൂ.എസ്.എ മുഖേന ചെറിയ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് 760 കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുന്നതിന് 6.92 കോടി രൂപയുടെ പദ്ധതിക്കും കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന മലങ്കര പദ്ധതിയിൽനിന്നും ബൾക്ക് വാട്ടർ സപ്ലൈ ലഭ്യമാക്കി 1105 കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുന്നതിന് 7.07 കോടി രൂപയുടെ പദ്ധതിക്കും കോട്ടയം ജില്ല കുടിവെള്ള ശുചിത്വ മിഷൻ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്ക് സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷന്റെയും സ്റ്റേറ്റ് ലെവൽ സ്കീം സാംഗ്ഷനിംഗ് കമ്മിറ്റിയുടെയും അംഗീകാരം ലഭിക്കുന്നമുറയ്ക്ക് പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുവഴി മൂന്നിലവ് പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

**തിരുവാണിയൂർ പാലച്ചുവട് കോളനിയിലേയ്ക്കുള്ള ജലവിതരണ ലൈൻ**

226 (6164) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവാണിയൂർ ഗ്രാമപഞ്ചായത്തിലെ ശാസ്താംമുഗൾ മുതൽ പാലച്ചുവട് കോളനി വരെ ജലവിതരണ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

തിരുവാണിയൂർ ഗ്രാമപഞ്ചായത്തിലെ ശാസ്താംമുഗൾ മുതൽ പാലച്ചുവട് കോളനിവരെ ജലവിതരണ ലൈൻ സ്ഥാപിക്കുന്നതിനായി ജില്ലാ പഞ്ചായത്തിന്റെ നിക്ഷേപ പ്രവൃത്തിയിലുൾപ്പെടുത്തി ദർഘാസ് ക്ഷണിച്ച് 2-11-2021-ന് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്.

(ബി) ജലവിതരണ ലൈൻ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടും പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തി എം.എൽ.എ. പ്രാദേശിക ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി 7,30,000 രൂപയുടെ എസ്റ്റിമേറ്റ് 7-1-2021-ൽ സമർപ്പിച്ചെങ്കിലും എം.എൽ.എ. ഫണ്ടിൽ മതിയായ തുക ലഭ്യമല്ലാത്തതിനാൽ അനുമതി നൽകിയിരുന്നില്ല. തുടർന്ന് ജില്ലാ പഞ്ചായത്ത് മെമ്പറുടെ 26-1-2021-ലെ അഭ്യർത്ഥന പ്രകാരം സെൻറേജ് ചാർജ്ജ് ഉൾപ്പെടെ 9,56,000 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ആയത് 24-3-2021-ന് ജില്ലാ പഞ്ചായത്തിൽനിന്നും നിക്ഷേപ പ്രവൃത്തിയായി അനുമതി ലഭ്യമാക്കി ജില്ലാ പഞ്ചായത്ത് തുക കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കുകയും ചെയ്തു. എന്നാൽ സാന്ത്വന സ്പർശം പരാതി പരിഹാര അദാലത്തിലെ തീരുമാനപ്രകാരം പ്രസ്തുത പ്രവൃത്തിക്കായി എം.എൽ.എ. ഫണ്ടിൽ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരവും 7,30,000 രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ഈ ഭരണാനുമതി റദ്ദ് ചെയ്യുന്നതിന് കേരള വാട്ടർ അതോറിറ്റി എറണാകുളം ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. 2021-ലെ ഇലക്ഷൻ പെരുമാറ്റച്ചട്ടം മേയ് മാസം വരെ നിലവിലുണ്ടായിരുന്നതിനാലും ശേഷം വാട്ടർ അതോറിറ്റിയുടെ പുതുക്കിയ മാർക്കറ്റ് റേറ്റ് നിലവിൽ വരുന്നതിനുണ്ടായ താമസംമൂലവും ടെണ്ടർ നടപടിയിൽ കാലതാമസം നേരിട്ടിട്ടുണ്ട്.

(സി) തടസ്സങ്ങൾ നീക്കി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

2-11-2021-ൽ പ്രവർത്തനാനുമതി നൽകിയിട്ടുള്ള മേൽ പ്രവൃത്തി 16-11-2021-നുള്ളിൽ തീയതികുള്ളിൽ കരാർ ഉടമ്പടിവച്ച് 1-1-2022-ന് തീയതിക്ക് മുൻപ് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**പട്ടാമ്പി മണ്ഡലത്തിലെ ജൽജീവൻ പദ്ധതി**

227 (6165) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ ജൽ ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; പദ്ധതിയുടെ നിലവിലെ സ്ഥിതിയും ഫണ്ടിന്റെ വിശദവിവരങ്ങളും ലഭ്യമാക്കാമോ?

ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടാമ്പി നിയോജക മണ്ഡലത്തിലെ വല്ലപ്പുഴ, കൊപ്പം, കുലുക്കല്ലൂർ, മുതുതല, ഓങ്ങല്ലൂർ, തിരുവേഗപ്പുറ, വിളയൂർ എന്നീ പഞ്ചായത്തുകൾക്കായി 39278 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 19074 ലക്ഷം രൂപയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 5-11-2021 വരെ 12657 കണക്ഷനുകൾ നൽകിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച പട്ടാമ്പി മുനിസിപ്പാലിറ്റി സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ ആയത് ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(ബി&സി) 2021-22 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച പട്ടാമ്പി മുനിസിപ്പാലിറ്റി സമഗ്ര കുടിവെള്ള പദ്ധതിയുടെ സർവ്വേ പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റിയുടെ പി.പി.ഡി. വിഭാഗം ആരംഭിച്ചിട്ടുണ്ട്.

**വർക്കല മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതി**

228 (6166) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ഗാർഹിക കുടിവെള്ള കണക്ഷൻ നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വർക്കല മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 10544 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത കണക്ഷനുകളുടെ എണ്ണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ?

പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) പ്രസ്തുത കണക്ഷനുകൾ നൽകാനായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും ചെലവായ തുക എത്രയെന്ന് വ്യക്തമാക്കാമോ?

കണക്ഷൻ നൽകുന്നതിന് ചെലവായ തുക സംബന്ധിച്ച് വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു.*

(ഡി) പ്രസ്തുത മണ്ഡലത്തിൽ കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകൾ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ മുഴുവൻ ഭവനങ്ങൾക്കും 2024-ഓടുകൂടി കുടിവെള്ള കണക്ഷൻ നൽകി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനാണ് ജല ജീവൻ മിഷൻ പ്രകാരം വിഭാവനം ചെയ്തിട്ടുള്ളത്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇതിനായി പ്രത്യേകമായി അപേക്ഷ സമർപ്പിക്കേണ്ടതില്ല. പ്രോജക്ട് റിപ്പോർട്ട് പഞ്ചായത്തിൽ സമർപ്പിച്ച് പഞ്ചായത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്കാണ് കേരള വാട്ടർ അതോറിറ്റി ഉൾപ്പെടെയുള്ള നിർവ്വഹണ ഏജൻസികൾ പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ ലഭ്യമായ കണക്കനുസരിച്ച് വർക്കല മണ്ഡലത്തിൽ 22213 ഭവനങ്ങൾക്കുകൂടി കുടിവെള്ള കണക്ഷനുകൾ നൽകുമ്പോൾ ഗ്രാമീണ മേഖലയിൽ സമ്പൂർണ്ണ കുടിവെള്ള ലഭ്യതയുള്ള മണ്ഡലമായി മാറുന്നതാണ്.

## ചാവക്കാട് നഗരസഭയിലെ ഫിഷറീസ് കോളനിയിൽ അങ്കണവാടി നിർമ്മാണം

229 (6167) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് നഗരസഭയിലെ ഫിഷറീസ് കോളനിയിൽ അങ്കണവാടി നിർമ്മാണവുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) അങ്കണവാടി നിർമ്മാണവുമായി ബന്ധപ്പെട്ട് ചാവക്കാട് നഗരസഭ നൽകിയ അപേക്ഷയിൽ ഫിഷറീസ് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) അങ്കണവാടി നിർമ്മാണത്തിന് തീരദേശവികസന കോർപ്പറേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്ന വിവരം വിശദമാക്കാമോ?

(എ-സി) ഫിഷറീസ് വകുപ്പിന്റെ കീഴിൽ ചാവക്കാട് താലൂക്കിൽ ചാവക്കാട് മുനിസിപ്പാലിറ്റിയിൽ മണത്തല വില്ലേജിൽ സർവ്വെ നമ്പർ 291/5-ൽ 2 ഏക്കർ 43 സെന്റ് സ്ഥലത്തുള്ള ഫിഷറീസ് കോളനിയിൽ ഇപ്പോൾ പ്രവർത്തിക്കുന്ന 196-ാം നമ്പർ അങ്കണവാടിയുടെ എതിർവശത്ത് മുമ്പ് കമ്മ്യൂണിറ്റി ഹാൾ സ്ഥിതി ചെയ്തിരുന്നതായ 8 സെന്റ് സ്ഥലത്തിൽ നിന്നുള്ള 3 സെന്റ് സ്ഥലത്തിൽ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി, ടി സ്ഥലത്തിന്റെ സ്കെച്ച് തയ്യാറാക്കി നൽകുന്നതിന് ചാവക്കാട് നഗരസഭാ സെക്രട്ടറിയോട് ആവശ്യപ്പെട്ടതനുസരിച്ച് ചാവക്കാട് നഗരസഭയിൽനിന്ന് സ്ഥലത്തിന്റെ സ്കെച്ച് ലഭ്യമായിട്ടുണ്ട്. ടി സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള റഫ് കോസ്റ്റ് എസ്റ്റിമേറ്റ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കിയിട്ടുമുണ്ട്. ഇവ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## ഫിഷറീസ് വകുപ്പിന്റെ അക്വേറിയങ്ങൾ

230 (6168) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫിഷറീസ് വകുപ്പിന് എത്ര അക്വേറിയങ്ങളുണ്ട്; അവ ഏതെല്ലാമാണെന്നും സംസ്ഥാനത്ത് എവിടെയൊക്കെയാണ് സ്ഥിതിചെയ്യുന്നതെന്നും വ്യക്തമാക്കാമോ?

സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പാലക്കാട് ജില്ലയിലെ മലമ്പുഴയിലും വയനാട് ജില്ലയിലെ കാരാപ്പുഴ, പൂക്കോട് എന്നിവിടങ്ങളിലുമാണ് അക്വേറിയങ്ങൾ സ്ഥിതിചെയ്യുന്നത്. കൂടാതെ അഡാക്കിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ വർക്കല ഓടയത്തും നെയ്യാർ ഡാമിലുമായി 2 അക്വേറിയങ്ങൾ പ്രവർത്തിക്കുന്നു. ഇതിനുപുറമേ മത്സ്യഫെഡിന്റെ കീഴിൽ കൊല്ലം ജില്ലയിലെ തെന്മല, കോട്ടയം ജില്ലയിലെ നാഗമ്പടം, വൈക്കം എന്നിവിടങ്ങളിലായി 3 അക്വേറിയങ്ങൾ സ്ഥിതിചെയ്യുന്നു.

(ബി) പ്രസ്തുത അക്വേറിയങ്ങളോടനുബന്ധിച്ച് സന്ദർശകർക്ക് ഗ്ലാസ് അക്വേറിയങ്ങൾ നിർമ്മിച്ചുനൽകുന്നതിനുള്ള വിപണന സംവിധാനം ഏർപ്പെടുത്തുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

നിലവിൽ തിരുവനന്തപുരം ജില്ലയിൽ വർക്കല ഓടയത്തും നെയ്യാർ ഡാമിലുമുള്ള അക്വേറിയങ്ങളിൽനിന്നും ചെറിയ ഗ്ലാസ് അക്വേറിയങ്ങൾ നിർമ്മിച്ചും മറ്റ് അനുബന്ധ അക്വേറിയം സാമഗ്രികളും വിപണനം നടത്തിവരുന്നു. മറ്റു അക്വേറിയങ്ങളിൽ ഉപഭോക്താക്കളുടെ ആവശ്യാനുസരണം സന്ദർശകർക്ക് ഗ്ലാസ് അക്വേറിയങ്ങൾ നിർമ്മിച്ച് നൽകുന്നതിനുള്ള വിപണന സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) സംസ്ഥാനത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ അക്വേറിയങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

## അക്വേറിയം റിഫോംസ് സംബന്ധിച്ച് നിയമ നിർമ്മാണം

231 (6169) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. വി. ജോയി:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അക്വേറിയം റിഫോംസ് സംബന്ധിച്ച് സമഗ്രമായ പഠനം നടത്തി നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

അക്വേറിയം റിഫോംസ് സംബന്ധിച്ച് ഫിഷറീസ് വകുപ്പ് കരട് ബിൽ 2015-ൽ തയ്യാറാക്കിയിരുന്നു. എന്നാൽ അക്വേറിയം റിഫോംസുമായി ബന്ധപ്പെട്ട് 2015-ലെ കരടിൽ ഉൾപ്പെടുത്തിയിരുന്ന മത്സ്യബന്ധന നിയന്ത്രണ വ്യവസ്ഥകൾ KMFR ഭേദഗതി ആക്ട് വഴി നിലവിൽ വന്നതിനാലും മത്സ്യലേലം, വിപണനം സംബന്ധിച്ച വിഷയങ്ങൾ 'കേരള മത്സ്യലേല വിപണന ഗുണനിലവാര പരിപാലന ബില്ലിൽ' ഉൾപ്പെട്ടതിനാലും മത്സ്യത്തൊഴിലാളി അവകാശങ്ങളെ സംബന്ധിച്ച് 'മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണ നിയമം' രൂപപ്പെടുത്തിയാൽ മതിയാകുന്നതാണെന്ന തീരുമാനത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണ നിയമത്തിന്റെ കരട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതനുസരിച്ച് 20-11-2019-ലെ സ.ഉ.(സാധാ) നമ്പർ 857/2019/മ.തു.വ പ്രകാരം മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണത്തിന്റെ കരട് തയ്യാറാക്കുന്നതിലേയ്ക്കായി കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിരുന്നു. ഭരണഘടനയ്ക്ക് വിരുദ്ധമല്ലാത്ത വിധത്തിൽ മത്സ്യത്തൊഴിലാളികൾക്ക് പരമാവധി പ്രയോജനം ലഭ്യമാകത്തക്ക രീതിയിൽ ആദ്യ കരട് തയ്യാറാക്കി പരിശോധിച്ചുവരുന്നു.

## മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെട്ട് മരിച്ചവരുടെ വിശദാംശങ്ങൾ

232 (6170) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെട്ട് മരിച്ചവരുടെ വിശദാംശങ്ങൾ ജില്ലതിരിച്ച് വ്യക്തമാക്കുമോ?

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ (KFWFB) നിന്നും ലഭ്യമായ കണക്കുപ്രകാരം കേരളത്തിൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെട്ട് 14 ജില്ലകളിലായി 327 മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടിട്ടുണ്ട്. കൂടാതെ ഓഖി ദുരന്തത്തിൽ 91 മത്സ്യത്തൊഴിലാളികളെ കാണാതായിട്ടുണ്ട്. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

## ആലപ്പുഴ നിയോജകമണ്ഡലത്തിലെ ഫിഷ് ലാൻഡിംഗ് സെന്റർ

233 (6171) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിലെ മാരാരിക്കുളം തെക്ക് പഞ്ചായത്തിലെ ശാസ്ത്രിമുക്കിലെ ഫിഷ് ലാൻഡിംഗ് സെന്ററിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത ഫിഷ് ലാൻഡിംഗ് സെന്ററിന്റെ നവീകരണത്തിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ?

(എ&ബി) ആലപ്പുഴ നിയോജകമണ്ഡലത്തിലെ മാരാരിക്കുളം തെക്ക് പഞ്ചായത്തിലെ ശാസ്ത്രിമുക്കിലെ കാട്ടൂർ പൊള്ളത്തൈ ഫിഷ് ലാൻഡിംഗ് സെന്റർ നിലവിൽ പരിമിതമായ അടിസ്ഥാന സൗകര്യങ്ങളോടെ പ്രവർത്തിക്കുന്നു. കാലപ്പഴക്കത്താൽ നിലവിലെ കെട്ടിടങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുള്ളതിനാൽ നിലവിലുള്ള കെട്ടിടങ്ങളുടെയും മറ്റ് സൗകര്യങ്ങളുടെയും പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഏകദേശം 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. റോഡ്, പാർക്കിംഗ് ഏരിയ എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 29.60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇതുമായി ബന്ധപ്പെട്ട പുലിമുട്ട് നിർമ്മാണത്തിനായി വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഫിഷ് ലാൻഡിംഗ് സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഗ്രോയിനുകൾ നിർമ്മിക്കേണ്ടതുണ്ട്. അതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ നടത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മറൈൻ ആംബുലൻസ് സേവനം കൂടുതൽ മേഖലകളിലേയ്ക്ക് നൽകുന്നതിന് നടപടി

234 (6172) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എവിടെയൊക്കെ മറൈൻ ആംബുലൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞം, എറണാകുളം ജില്ലയിൽ വൈപ്പിൻ, കോഴിക്കോട് ജില്ലയിൽ ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് മൂന്ന് മറൈൻ ആംബുലൻസുകൾ പ്രവർത്തിക്കുന്നു.

(ബി) മത്സ്യത്തൊഴിലാളികളും മറ്റും കടലിൽ അപകടത്തിൽപ്പെടുന്നത് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കൂടുതൽ മേഖലകളിലേയ്ക്ക് മറൈൻ ആംബുലൻസ് സേവനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

മത്സ്യത്തൊഴിലാളികൾ കടലിൽ അപകടത്തിൽപ്പെടുന്നത് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്ന 3 മറൈൻ ആംബുലൻസുകൾക്കുപുറമേ കടലിൽ അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിലും രക്ഷാ ബോട്ടുകളും കടൽരക്ഷാ സ്ക്വാഡുകളും ഏർപ്പെടുത്തിയിട്ടുണ്ട്. മറൈൻ ആംബുലൻസുകൾ കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കാസർഗോഡ് ജില്ലയിലെ അജാനൂർ ചിത്താരി കടപ്പുറത്ത് മിനി ഫിഷിംഗ് ഹാർബർ

235 (6173) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ അജാനൂർ പഞ്ചായത്തിലെ ചിത്താരി കടപ്പുറത്ത് മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നത് സംബന്ധിച്ച് റിവർ ട്രെയിനിംഗ് പ്രവൃത്തി കൂടി ഉൾപ്പെടുത്തിയുള്ള സി.ഡബ്ല്യൂ.പി.ആർ.എസ്. പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) കാസർഗോഡ് ജില്ലയിലെ അജാനൂർ പഞ്ചായത്തിലെ ചിത്താരി കടപ്പുറത്ത് മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നത് സംബന്ധിച്ച് റിവർ ട്രെയിനിംഗ് പ്രവൃത്തി കൂടി ഉൾപ്പെടുത്തിയുള്ള CWPRS പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിലേയ്ക്കായി CWPRS ഉദ്യോഗസ്ഥർ 11-07-2019-ന് നിർദ്ദിഷ്ട അജാനൂർ മത്സ്യബന്ധന തുറമുഖ സ്ഥലം സന്ദർശിക്കുകയും പഠനത്തിനാവശ്യമായ ചില അധിക ഡാറ്റ കൂടി ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഇതിൻപ്രകാരം നിർദ്ദിഷ്ട പുലിമുട്ടിന്റെയും റിവർ ട്രെയിനിംഗ് വർക്കിന്റെയും ജിയോ റഫറൻസ്, ഇലക്ട്രോണിക് ഫോർമാറ്റിലുള്ള ഡ്രോയിംഗ്സ് എന്നിവ തയ്യാറാക്കി പൂനെ CWPRS-ന് സമർപ്പിച്ചിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് നിയമാനുസൃത അനുമതികൾ ലഭ്യമാക്കി പ്രവൃത്തി നടപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനായി ചെലവഴിച്ച തുക**

236 (6174) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരപ്രദേശ വികസനത്തിന് പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കി മത്സ്യനയം രൂപവൽക്കരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാന മത്സ്യമേഖലയിൽ കടലിലേയും ഉൾനാടൻ ജലാശയങ്ങളിലേയും മത്സ്യസമ്പത്തിന്റെ സംരക്ഷണവും വികസനവും വിനിയോഗവും പരിസ്ഥിതി സൗഹൃദപരമായി നടപ്പിലാക്കി മത്സ്യോത്പാദനം വർദ്ധിപ്പിക്കുക, മത്സ്യകൃഷിയിൽ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക, മൂല്യ വർദ്ധനവ് നടത്തി വിളവിന് പരമാവധി വില ലഭ്യമാക്കുക, മത്സ്യകർഷകരുടെ ആളോഹരി വരുമാനം ഇരട്ടിയാക്കുക, സാമൂഹ്യ സുരക്ഷയും ക്ഷേമവും ഉറപ്പുവരുത്തി മത്സ്യത്തൊഴിലാളികളുടെ ശരാശരി ആളോഹരി വരുമാനം പൊതുസമൂഹത്തിന്റെ വരുമാനത്തിന് തുല്യമായി ഉയർത്തിക്കൊണ്ടുവരിക എന്നീ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി 2019-ൽ സംസ്ഥാന ഫിഷറീസ് നയം 2019 രൂപീകരിച്ചിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്തെ മത്സ്യ നയം പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മത്സ്യബന്ധനാവകാശം മത്സ്യത്തൊഴിലാളികൾക്ക്, എല്ലാ ജലാശയങ്ങളിലും മത്സ്യകൃഷി, മത്സ്യോത്പാദനത്തിൽ സ്വയം പര്യാപ്തത തുടങ്ങിയ അടിസ്ഥാന ആശയങ്ങൾ ഊന്നിക്കൊണ്ട് പുതിയ ഒരു കരട് നയത്തിന് രൂപം നൽകുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) തീരപ്രദേശങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്ന സംരക്ഷണഭിത്തി നിർമ്മാണമടക്കമുള്ള പ്രവർത്തനങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക ചെലവഴിച്ചു; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനായുള്ള പ്രവൃത്തികൾ പ്രധാനമായും മേജർ ഇറിഗേഷൻ വകുപ്പ് മുഖേനയാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. എന്നാൽ ഹാർബറിനോടനുബന്ധിച്ച് വരുന്ന തീരസംരക്ഷണ പദ്ധതികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, KSCADC എന്നിവ മുഖേന നടപ്പിലാക്കിവരുന്നുണ്ട്. മലപ്പുറം ജില്ലയിലെ തവനൂർ മണ്ഡലത്തിൽ NABARD RIDF XXV-ൽ ഉൾപ്പെടുത്തി പുറത്തൂർ തീരസംരക്ഷണ പ്രവൃത്തിക്ക് 117.76 ലക്ഷം രൂപ ഈ സർക്കാരിന്റെ കാലത്ത് ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 6 തീരസംരക്ഷണ പ്രവൃത്തികൾക്ക് 9677.434 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായതുപ്രകാരം പ്രസ്തുത പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്നു.

(സി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന തീരപ്രദേശങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് എത്ര തുക ഈ സർക്കാരിന്റെ കാലത്ത് വിനിയോഗിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഫിഷറീസ് വകുപ്പ് മുഖേന വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ തീരപ്രദേശങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

## ഫിഷറീസ് വകുപ്പിന്റെ ഫണ്ടിൽ നിന്നും ഭരണാനുമതി നൽകിയ കോഴിക്കോട് ജില്ലയിലെ റോഡ് പ്രവൃത്തികൾ

237 (6175) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തിൽ ഫിഷറീസ് വകുപ്പിന്റെ ഫണ്ടിൽനിന്നും ഭരണാനുമതി നൽകിയ കോഴിക്കോട് ജില്ലയിലെ റോഡ് പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

2020-21 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് ജില്ലയിലെ 26 റോഡുകൾക്ക് 1527.33 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോഴിക്കോട് ജില്ലയിൽ അനുവദിച്ച റോഡ് പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ 6 റോഡുകൾക്ക് 331.80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ വിവരം അനുബന്ധം 2 ആയി ചേർക്കുന്നു.*

## ഞാറക്കൽ, മാലിപ്പുറം അക്വാ ടൂറിസം സെന്ററുകൾ

238 (6176) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും മത്സ്യഫെഡിന്റെ കൈവശമുള്ളതുമായ ഞാറയ്ക്കൽ, മാലിപ്പുറം അക്വേറിയം ഫാമുകൾ എത്ര ഹെക്ടർ സ്ഥലത്താണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും മത്സ്യഫെഡിന്റെ കൈവശമുള്ളതുമായ ഫിഷ് ഫാമുകളായ ഞാറയ്ക്കൽ 18 ഹെക്ടർ, മാലിപ്പുറം 21 ഹെക്ടർ സ്ഥലത്താണ് പ്രവർത്തിക്കുന്നത്.

(ബി) മത്സ്യഫെഡിന് കീഴിലുള്ള ഞാറയ്ക്കൽ, മാലിപ്പുറം അക്വാ ടൂറിസം സെന്ററുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള മാസ്റ്റർ പ്ലാനും പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നതിനായി ജിറ്റ്പാക് ഇന്റർനാഷണൽ എന്ന കൺസൾട്ടൻസിയുമായി മത്സ്യഫെഡ് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ?

കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ടെങ്കിൽ കരാർ പ്രകാരം എത്ര ഹെക്ടർ സ്ഥലമാണ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കരാർ പ്രകാരം ഞാറയ്ക്കൽ 14.60 ഹെക്ടറും മാലിപ്പുറം 16.70 ഹെക്ടറും സ്ഥലമാണ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഡി) പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ അന്തിമ ഘട്ടത്തിൽ എത്തിനിൽക്കുന്ന ഞാറയ്ക്കൽ, മാലിപ്പുറം അക്വാ ടൂറിസം സെന്ററുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള മാസ്റ്റർപ്ലാനിൽ ഉൾപ്പെട്ടിട്ടുള്ള ഞാറയ്ക്കൽ ഫാമിലെ സ്ഥലത്തുനിന്നും അഡാക്കിന് സ്ഥലം അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഞാറയ്ക്കൽ, മാലിപ്പുറം അക്വാ ടൂറിസം സെന്ററുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ടിട്ടുള്ള ഞാറയ്ക്കൽ ഫാമിൽ ഉപയോഗിക്കാത്ത 5.8 ഹെക്ടർ സ്ഥലം 5 വർഷത്തേയ്ക്ക് അക്വാകൾച്ചർ ഡെവലപ്മെന്റിനായി അഡാക്കിന് പാട്ടത്തിന് നൽകുന്നതിനായി 22-12-2020-ലെ സ.ഉ. (സാധാ) നമ്പർ 740/2020/മ.ഉ.വ തീയതി പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട് .*

(ഇ) പ്രസ്തുത ഉത്തരവിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സർക്കാർ ഉത്തരവുപ്രകാരം അഡാക്കിന് അനുവദിച്ച സ്ഥലം അഡാക്കിന്റെയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെയും ഉദ്യോഗസ്ഥർ സംയുക്തമായി പരിശോധിച്ച് പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ പ്ലാൻ, ലേ ഔട്ട് എന്നിവ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് Detailed Project Report തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) അക്വാ ടൂറിസം സെന്ററുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള മാസ്റ്റർപ്ലാനിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലത്തുനിന്ന് അഡാക്കിന് സ്ഥലം അനുവദിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത തീരുമാനം മാസ്റ്റർ പ്ലാനിന് അനുമതി ലഭ്യമാകുന്നതിനെ ബാധിക്കുമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

മാസ്റ്റർ പ്ലാനിന്റെ കരട് ചർച്ച ചെയ്യുന്ന മുറയ്ക്ക് ഈ വിഷയംകൂടി പരിഗണിച്ച് മാസ്റ്റർ പ്ലാൻ അന്തിമമാക്കുന്നതാണ്. ആയതിനാൽ അനുമതി ലഭ്യമാക്കുന്നതിന് തടസ്സമാകുകയില്ല. ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. കരട് അംഗീകരിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

### ചാത്തന്നൂർ മണ്ഡലത്തിലെ മത്സ്യമാർക്കറ്റുകളുടെ നവീകരണം

239 (6177) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പാരിപ്പള്ളി, ചാത്തന്നൂർ, കൊട്ടിയം എന്നീ മത്സ്യമാർക്കറ്റുകൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിർവ്വഹണച്ചുമതലയിൽ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾക്കായി ഓരോ മത്സ്യമാർക്കറ്റിനും കിഫ്ബി അനുവദിച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചാത്തന്നൂർ മണ്ഡലത്തിലെ പാരിപ്പള്ളി, ചാത്തന്നൂർ, കൊട്ടിയം എന്നീ മത്സ്യമാർക്കറ്റുകൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിർവ്വഹണ ചുമതലയിൽ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾക്കായി ഓരോ മത്സ്യമാർക്കറ്റിനും കിഫ്ബി അംഗീകാരം നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | മത്സ്യമാർക്കറ്റ് | കിഫ്ബി അംഗീകാരം നൽകിയ തുക (ലക്ഷം) |
|---|---|---|
| 1 | പാരിപ്പള്ളി | 264.57615 |
| 2 | ചാത്തന്നൂർ | 457.41887 |
| 3 | കൊട്ടിയം | 194.60153 |

(ബി) പരവൂർ മത്സ്യമാർക്കറ്റ് നവീകരണവുമായി ബന്ധപ്പെട്ട നിർമ്മാണപ്രവൃത്തികൾക്ക് കിഫ്ബി ധനസഹായം അനുവദിച്ച പ്രൊസീഡിംഗ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) പരവൂർ മത്സ്യമാർക്കറ്റിന്റെ നവീകരണപ്രവൃത്തികൾ ഉടൻ ആരംഭിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിലെ സൗത്ത് പരവൂർ മത്സ്യമാർക്കറ്റ് നവീകരണത്തിനായി 183.48937 ലക്ഷം രൂപയുടെ കിഫ്ബി ഫണ്ടിംഗ് അനുമതി ലഭ്യമായിട്ടുണ്ട്. നിലവിൽ ഡി.എസ്.ആർ. റേറ്റിന് റിവിഷൻ വന്നതിനാൽ എസ്റ്റിമേറ്റ് പുതുക്കി കിഫ്ബി അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ഡി) പാരിപ്പള്ളി, ചാത്തന്നൂർ, കൊട്ടിയം എന്നീ മത്സ്യമാർക്കറ്റുകളുടെ നവീകരണ പ്രവൃത്തികൾക്കായി പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ടോയെന്നും പ്രസ്തുത മാർക്കറ്റുകളുടെ നവീകരണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ?

പാരിപ്പള്ളി, ചാത്തന്നൂർ, കൊട്ടിയം എന്നീ മത്സ്യമാർക്കറ്റുകൾക്ക് കിഫ്ബിയിൽനിന്നും ഫണ്ടിംഗ് അനുമതി ലഭ്യമായിട്ടുണ്ട്. ഡി.എസ്.ആർ. റേറ്റ് റിവിഷൻ നിലവിൽ വന്ന സാഹചര്യത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മാരാരിക്കുളം വടക്ക് പഞ്ചായത്തിലെ മാർക്കറ്റിന്റെ ശോച്യാവസ്ഥ

240 (6178) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മാരാരിക്കുളം വടക്ക് പഞ്ചായത്തിലെ നിലവിലുള്ള മത്സ്യമാർക്കറ്റിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത മാർക്കറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലം എത്ര സെന്റിൽപ്പെടുന്നതാണ്; പഞ്ചായത്ത് അധീനതയിലുള്ളതാണോ?

പ്രസ്തുത മാർക്കറ്റ് 52 സെന്റിൽ സ്ഥിതിചെയ്യുന്നു. ടി സ്ഥലം പഞ്ചായത്ത് അധീനതയിലുള്ളതാണ്.

(സി) പ്രസ്തുത മാർക്കറ്റിന്റെ നവീകരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 14 ലക്ഷം രൂപ നവീകരണത്തിനായി വകയിരുത്തിയിട്ടുണ്ട് . കൂടാതെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാർക്കറ്റിന്റെ നവീകരണത്തിനായി ഒരു പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

## കേരളത്തിലെ മത്സ്യമാർക്കറ്റുകൾ

241 (6179) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം പഞ്ചായത്തുകളിൽ നഗരസഭകളിൽ/ കോർപ്പറേഷനുകളിൽ മത്സ്യമാർക്കറ്റുകളുണ്ടെന്ന് വ്യക്തമാക്കാമോ?

കേരളത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നവീകരിച്ച മത്സ്യമാർക്കറ്റുകളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) പ്രസ്തുത മാർക്കറ്റുകൾ നിർമ്മിച്ച വർഷം, നിർമ്മാണച്ചെലവ്, ഫണ്ടിന്റെ സ്രോതസ്സ് എന്നിവ വ്യക്തമാക്കാമോ; ഇവ പുനർനിർമ്മിക്കുന്നതിന് പദ്ധതികളുണ്ടോയെന്ന് അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ് എന്നിവ മുഖാന്തരം നിർമ്മിച്ച പ്രസ്തുത മാർക്കറ്റുകൾ, നിർമ്മിച്ച വർഷം, നിർമ്മാണച്ചെലവ്, ഫണ്ടിന്റെ സ്രോതസ്സ് എന്നിവ അനുബന്ധം-2 ആയി ചേർക്കുന്നു.* ഇവ പുനർനിർമ്മിക്കുന്നതിന് നിലവിൽ പദ്ധതികളില്ല.

(സി) കാസർഗോഡ് നഗരസഭയിലെ മത്സ്യമാർക്കറ്റ് കാലോചിതമായി പുനർനിർമ്മിക്കണമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ മത്സ്യമാർക്കറ്റ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന എൻ.എഫ്.ഡി.ബി - സംസ്ഥാന സർക്കാർ ധനസഹായത്തോടെ 250 ലക്ഷം രൂപ ചെലവിൽ 2017-ൽ നവീകരണം നടത്തിയിട്ടുള്ളതാണ്.

(ഡി) മാർക്കറ്റിന്റെ ശോചനീയാവസ്ഥ പരിശോധിച്ച് പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മാർക്കറ്റുകൾ നിർമ്മാണം പൂർത്തീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്.

## കടലാക്രമണം തടയാൻ നടപടി

242 (6180) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അജാനൂർ ഗ്രാമപഞ്ചായത്ത്, കാഞ്ഞങ്ങാട് നഗരസഭ എന്നിവിടങ്ങളിലെ കടലാക്രമണം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ അജാനൂർ ഗ്രാമപഞ്ചായത്ത്, കാഞ്ഞങ്ങാട് നഗരസഭ എന്നിവിടങ്ങളിലെ കടലാക്രമണം തടയുന്നതിന് നിലവിൽ പ്രൊപ്പോസലുകൾ ഒന്നുംതന്നെ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ ആവശ്യം നേരിടുന്നപക്ഷം എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഫിഷറീസ് വകുപ്പിന് കീഴിലെ റെസിഡൻഷ്യൽ സ്കൂളുകൾ**

243 (6181) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന് കീഴിൽ സംസ്ഥാനത്ത് എത്ര റെസിഡൻഷ്യൽ സ്കൂളുകളാണുള്ളതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

ഫിഷറീസ് വകുപ്പിനുകീഴിൽ സംസ്ഥാനത്ത് 10 റെസിഡൻഷ്യൻ സ്കൂളുകളുണ്ട്.

1. ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ വലിയതുറ, തിരുവനന്തപുരം

2. ഡോ. വി. വി. വേലുക്കുട്ടി അരയൻ മെമ്മോറിയൽ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, കരുനാഗപ്പള്ളി, കൊല്ലം

3. ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, അർത്തുങ്കൽ, ആലപ്പുഴ

4. ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, തേവര, കൊച്ചി

5. ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, ചാവക്കാട്, പുത്തൻ കടപ്പുറം, തിരുവത്ര, തൃശ്ശൂർ

6. ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, താനൂർ, മലപ്പുറം

7. ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, ആൻഡ് വി.എച്ച്.എസ്.എസ്. ബേപ്പൂർ, കോഴിക്കോട്

8. ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ ഗേൾസ്, കൊയിലാണ്ടി, കോഴിക്കോട്

9. ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, അഴീക്കൽ, കണ്ണൂർ

10. ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ ഫോർ ഗേൾസ്, കാഞ്ഞങ്ങാട്, മീനാഫീസ് കടപ്പുറം, കാസർഗോഡ്.

(ബി) കാഞ്ഞങ്ങാട് ജി.ആർ.എഫ്.ടി.എച്ച്.എസ്.-ൽ ആകെ എത്ര കുട്ടികളാണ് നിലവിൽ പഠനം നടത്തുന്നതെന്ന് അറിയിക്കുമോ?

108 കുട്ടികൾ.

(സി) പ്രസ്തുത സ്കൂളിലെ നിലവിലുള്ള കെട്ടിടങ്ങളുടെ ഇലക്ട്രിക് വയറിംഗുകളിലെ അപകടകരമായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജി.ആർ.എഫ്.ടി.എച്ച്.എസ്. കാഞ്ഞങ്ങാട് സ്കൂൾ ഹോസ്റ്റൽ റീ-വയറിംഗ് ചെയ്യുന്നതിനായി 4.38 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പ്രസ്തുത സ്കൂളിലെ ശൗചാലയങ്ങൾ വൃത്തിഹീനമായ അവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

ശൗചാലയങ്ങൾ ഉപയോഗ യോഗ്യമാക്കിയിട്ടുണ്ട്.

## പയ്യന്നൂർ മണ്ഡലത്തിലെ തീരദേശ സ്കൂളുകളുടെ കെട്ടിട നിർമ്മാണം

244 (6182) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ തീരദേശ സ്കൂളുകളുടെ കെട്ടിട നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) ഓരോന്നിന്റെയും നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി എപ്പോൾ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

(എ-സി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ തീരദേശ സ്കൂളുകളുടെ കെട്ടിട നിർമ്മാണ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പുനർഗേഹം പദ്ധതി**

245 (6183) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ തീരദേശത്ത് അധിവസിക്കുന്ന കുടുംബങ്ങളുടെ എണ്ണം ലഭ്യമാണോ; വിശദാംശം നൽകുമോ?

2018-ൽ ഫിഷറീസ് വകുപ്പ് നടത്തിയ സർവ്വേ പ്രകാരം വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ 18685 കുടുംബങ്ങൾ അധിവസിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) പുനർഗേഹം പദ്ധതിയിലൂടെ പ്രസ്തുത കുടുംബങ്ങൾക്ക് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വീടുകളും ഫ്ലാറ്റുകളും എത്രയെന്നും ഇവ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

പദ്ധതി പ്രകാരം 5-11-2021 വരെ 695 വ്യക്തിഗത ഭവനങ്ങളും 276 ഫ്ലാറ്റുകളും പൂർത്തീകരിച്ചിട്ടുണ്ട്. 898 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. പദ്ധതി പ്രകാരം മാറി താമസിക്കുവാൻ സന്നദ്ധരായ 7716 കുടുംബങ്ങളെ 2022 ഒക്ടോബറിനുമുമ്പായി മാറ്റി പാർപ്പിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഗുണഭോക്താക്കളിൽ ഭൂമി കൈവശമുള്ളവരുടെ ഭൂമി സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഗുണഭോക്താവിന്റെ ഭൂമി സർക്കാർ ഏറ്റെടുക്കില്ല. നിലവിൽ ഭൂമി ഉടമയുടെ പേരിൽ തന്നെ നിലനിർത്തി കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്.

**മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള നടപടികൾ**

246 (6184) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി മുൻ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി മുൻ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സമ്പാദ്യ സമാശ്വാസ പദ്ധതി

2. പുനർഗേഹം പദ്ധതി

3. വിദ്യാഭ്യാസ സഹായ പദ്ധതികൾ

4. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി

5. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി

6. മത്സ്യത്തൊഴിലാളികൾക്ക് FRP ബോട്ട് നൽകുന്ന പദ്ധതി

7. മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിനും വലയും സബ്സിഡി നൽകുന്ന പദ്ധതി

8. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി

9. ഓഖി പുനരധിവാസ പദ്ധതികൾ

10. മത്സ്യത്തൊഴിലാളി/അനുബന്ധ തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി.

11. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

12. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന വായ്പാ പദ്ധതികൾ

13. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി.

(ബി) ഓരോ പദ്ധതി ഇനത്തിലും ചെലവായ തുക എത്രയെന്ന് വിശദമാക്കാമോ?

ഓരോ പദ്ധതിയിനത്തിലും ചെലവായ തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.*

(സി) കാലാവസ്ഥ വ്യതിയാനംമൂലം മത്സ്യബന്ധനത്തിന് പോകുവാൻ കഴിയാത്ത ദിവസങ്ങളിലേയ്ക്ക് ഓരോ മത്സ്യത്തൊഴിലാളിക്കും എത്ര രൂപയാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാലാവസ്ഥ വ്യതിയാനംമൂലം ജീവനോപാധി നഷ്ടപ്പെട്ട കടൽ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും കാലാവസ്ഥ മുന്നറിയിപ്പുമൂലം തൊഴിൽ ദിനങ്ങൾ നഷ്ടമായ 6 ദിവസത്തേയ്ക്ക് 200 രൂപ വീതം 1200 രൂപ നൽകുന്നതിനായി 18.36 കോടി രൂപ അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത ധനസഹായം 1,24,970 കടൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും 28,070 അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ലഭ്യമായിട്ടുണ്ട്. കൂടാതെ കോവിഡ്- 19, ലോക്ക് ഡൗൺ, കാലാവസ്ഥ മുന്നറിയിപ്പ് എന്നിവമൂലം തൊഴിൽ ദിനങ്ങൾ നഷ്ടമായ കടൽ/ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2000 രൂപ വീതവും അനുബന്ധ മത്സ്യത്തൊഴിലാളികൾക്ക് 1000 രൂപ വീതവും നൽകുന്നതിന് 36.126 കോടി രൂപ അനുവദിച്ച് ജില്ലാ ഓഫീസർമാർ മുഖേന വിതരണം ചെയ്തിട്ടുണ്ട്. 2,07,104 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഈ സാമ്പത്തിക സഹായം ലഭ്യമായിരുന്നു.

(ഡി) തീരദേശ മേഖലയിൽ മണ്ണെണ്ണ ബങ്കുകൾ സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; ഏത് വർഷം സ്ഥാപിച്ചുവെന്ന് വ്യക്തമാക്കാമോ?

തീരദേശ മേഖലയിൽ മത്സ്യഫെഡ് 13 മണ്ണെണ്ണ ബങ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു.*

(ഇ) മത്സ്യത്തൊഴിലാളികൾക്ക് ഈ ബങ്കുകളിൽ നിന്നും ഉപയോഗിക്കുന്ന ഇന്ധനത്തിന് സബ്സിഡി നൽകുന്നുണ്ടോ; വിശദമാക്കാമോ?

അർഹരായ മത്സ്യത്തൊഴിലാളികൾക്ക് നിശ്ചിത അളവ് മണ്ണെണ്ണ ലിറ്ററിന് 25 രൂപ സബ്സിഡിയായി (ഡി.ബി.ടി.) നൽകിവരുന്നുണ്ട്.

(എഫ്) മണ്ണെണ്ണ സബ്സിഡി ഇനത്തിൽ ഇതുവരെ എത്ര രൂപ ചെലവായി; എത്ര തൊഴിലാളികളാണ് ഈ സ്കീമിലുള്ളതെന്ന് വിശദമാക്കാമോ?

2019-20 വർഷം 35.42 കോടി രൂപയും 2020-21-ൽ 37.74 കോടി രൂപയും 2021-22 നോൺ പ്ലാൻ ബഡ്ജറ്റിൽ 56.25 കോടി രൂപയും മണ്ണെണ്ണ സബ്സിഡിക്കായി വകയിരുത്തിയിട്ടുണ്ട്. ആയതിൽ ആഗസ്റ്റ് മാസം വരെയുള്ള സബ്സിഡി നൽകുന്നതിനായി 7,50,85,150 രൂപ ചെലവഴിച്ചിട്ടുണ്ട്. 15673 മത്സ്യത്തൊഴിലാളികളാണ് ഈ സ്കീമിലുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മണലൂർ മണ്ഡലത്തിലെ പുനർഗേഹം പദ്ധതി

247 (6185) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽനിന്നും പുനർഗേഹം പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം എത്രയാണ്?

മണലൂർ മണ്ഡലത്തിൽ സർവ്വേ പ്രകാരം 50 മീറ്റർ പരിധിക്കുള്ളിൽ 85 കുടുംബങ്ങളുണ്ടെങ്കിലും 39 കുടുംബങ്ങളാണ് മാറി താമസിക്കുവാൻ തയ്യാറായിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെ എത്ര വീടുകൾ നിർമ്മിച്ചു?

പദ്ധതി പ്രകാരം ഇതുവരെ 12 വീടുകൾ നിർമ്മിച്ചു.

(സി) എത്ര വീടുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു; നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

6 വീടുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. ഇതിൽ 2 ഗുണഭോക്താക്കൾ രണ്ടാം ഗഡു കൈപ്പറ്റി രണ്ടാം ഘട്ടം പൂർത്തീകരിക്കുകയും 4 പേർ ഒന്നാം ഗഡു കൈപ്പറ്റി ഒന്നാം ഘട്ടം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഈ പദ്ധതി പ്രകാരം വീടുകളുടെ നിർമ്മാണം ആരംഭിക്കാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ എത്ര വീടുകൾ നിർമ്മിക്കാൻ ബാക്കിയുണ്ടെന്നും അവയുടെ നിർമ്മാണത്തിനായി കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

മാറി താമസിക്കുവാൻ തയ്യാറായ 39 പേരിൽ 21 പേർ ബാക്കിയുണ്ട്. ഇവരിൽ 6 പേർ ഭൂമി കണ്ടെത്തി I D T നടപടി പൂർത്തീകരിച്ചിട്ടുണ്ട്. 15 പേർക്ക് ഭൂമി കണ്ടെത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ

248 (6186) ശ്രീ. കെ. ആൻസലൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. കെ. ജെ. മാക്സി:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതികളുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

മത്സ്യത്തൊഴിലാളികൾക്കായി ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും വിവിധ സാമൂഹ്യസുരക്ഷ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പദ്ധതികൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *ഇതിൽ സമ്പാദ്യ സമാശ്വാസ പദ്ധതി 50% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ്. 2014-15, 2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ ലഭിക്കേണ്ടതായ 72.75 കോടി രൂപയുടെ കേന്ദ്രവിഹിതം ലഭിക്കാനുണ്ട്. 2021-22-ൽ 25.51 കോടി രൂപ കേന്ദ്ര വിഹിതം പദ്ധതി നടപ്പാക്കുന്നതിന് ലഭിച്ചിട്ടുള്ളത് ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പദ്ധതി പുരോഗതി കൃത്യമായ ഇടവേളകളിൽ വിലയിരുത്തുന്നുണ്ട്.

(ബി) മത്സ്യത്തൊഴിലാളികൾക്ക് ഗുരുതര രോഗങ്ങൾക്ക് തുടർ ചികിത്സാസഹായം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള തീരാരോഗ്യം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പദ്ധതി നിർവ്വഹണം പ്രാരംഭഘട്ടത്തിലാണ്.

## മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

249 (6187) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അപകടം നിറഞ്ഞ സാഹചര്യങ്ങളിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഇതിനായി ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) ഉണ്ട്. മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി മത്സ്യബന്ധനത്തിന് പോകുമ്പോൾ നിർബന്ധമായും ലൈഫ്ജാക്കറ്റ് ധരിച്ചിരിക്കണമെന്ന നിർദ്ദേശം നൽകുകയും ആദ്യഘട്ടമായി 40000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു. അടിയന്തര സാഹചര്യങ്ങളിൽ കടൽ രക്ഷാപ്രവർത്തനത്തിന് 900 മത്സ്യത്തൊഴിലാളി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

യുവാക്കളെ തെരഞ്ഞെടുത്ത് കടൽ സുരക്ഷ സ്ക്വാഡുകളാക്കാൻ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പ്രത്യേക പരിശീലനം നൽകി സജ്ജമാക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനകം 600-ഓളം പേർ പരിശീലനം പൂർത്തിയാക്കിക്കഴിഞ്ഞു. ISRO-യുടെ സാങ്കേതിക സഹായത്തോടെ KELTRON വഴി നിർമ്മിച്ച് നൽകുന്ന 1500 കിലോമീറ്റർ വരെ സന്ദേശങ്ങളെത്തിക്കാൻ കഴിയുന്ന നാവിക് ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി, ആഴക്കടലിലേയ്ക്ക് മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങൾക്ക് സാറ്റലൈറ്റ് ഫോൺ വിതരണം ചെയ്യുന്ന പദ്ധതി എന്നിവ നടപ്പിലാക്കി. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 941 നാവിക് ഉപകരണങ്ങളും 168 സാറ്റലൈറ്റ് ഫോണുകളും വിതരണം ചെയ്തിട്ടുണ്ട്. പരമ്പരാഗത യാനങ്ങൾക്ക് DAT, GPS, മെക്കനൈസ്ഡ് ബോട്ടുകൾക്ക് HRP (ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ്) VMS (വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം) എന്നിവ സർക്കാർ സബ്സിഡിയോടെ നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. അതിവേഗം രക്ഷാപ്രവർത്തനവും പ്രാഥമിക ചികിത്സയും ലഭ്യമാകത്തക്കവിധം 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ് യാർഡിൽ നിർമ്മിച്ച് വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു. കേന്ദ്ര കാലാവസ്ഥാ മുന്നറിയിപ്പുകളും മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിൽ ലഭ്യമാക്കുന്നുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ കോസ്റ്റ് ഗാർഡ്, നേവി, കോസ്റ്റൽ പോലീസ് എന്നിവിടങ്ങളിലെ സന്ദേശ വിനിമയ സംവിധാനങ്ങളിലൂടെയും മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥ അറിയിപ്പും സുരക്ഷാ മുന്നറിയിപ്പും നൽകിവരുന്നുണ്ട്. ഇതുകൂടാതെ കാലാവസ്ഥാ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തിയെന്നുറപ്പാക്കാനും കടൽ രക്ഷാ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഓരോ റീജിയണൽ കൺട്രോൾ റൂമും സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു. മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും ഉൾപ്പെടെ വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള മൊബൈൽ ആപ്ലിക്കേഷൻ (സാഗര) എൻ.ഐ.സി.-യുടെ സഹായത്തോടെ തയ്യാറാക്കുകയും ആയത് നടപ്പിലാക്കിവരികയുമാണ്. ഇതിനകം 17059 യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. അടിയന്തര ഘട്ടങ്ങളിൽ തീരക്കടലിൽ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിലേയ്ക്ക് കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകുവാനും സാഗരയിലൂടെ കഴിയും. കടൽ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി 500

ജി.പി.എസ്.-കളും 1000 ലൈഫ്ബോയെയും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു. ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും പദ്ധതി പ്രകാരം 66 ജി.പി.എസ്.-കളും 132 ലൈഫ് ബോയെകളും 66 എക്കോസൗണ്ടറുകളും മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. Sea safety equipments to traditional fishing craft പദ്ധതി പ്രകാരം 1110 ജി.പി.എസ്.-കളും 64 ഡി.എ.ടി.-കളും മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. നടപ്പുവർഷത്തെ പദ്ധതി പ്രകാരം 1714 ജി.പി.എസ്.-കൾ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുള്ള ഇ-ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. 200 യന്ത്രവൽകൃത യാനങ്ങളിൽ Vessel Monitoring System 75% സബ്സിഡിയോടുകൂടി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ FRP യാനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടുകൂടി 320 FRP യാനങ്ങൾ നൽകുന്ന പദ്ധതി പൂർത്തീകരണഘട്ടത്തിലാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 40% സബ്സിഡിയോടുകൂടി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മത്സ്യക്ഷേമ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഇവയുടെ പ്രവർത്തനം ശാക്തീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങളുടെ പ്രവർത്തനം ശാക്തീകരിക്കുന്നതിന്റെ ഭാഗമായുള്ള 'തീരോന്നതി' പദ്ധതിയിൽ ഉൾപ്പെടുത്തി സംഘങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും സെക്രട്ടറിയുടെ വേതനം, വാടക, കെട്ടിട നിർമ്മാണം തുടങ്ങിയവയ്ക്കും ധനസഹായം നൽകിവരുന്നു. മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനുവേണ്ടിയുള്ള സാമൂഹിക സമാഹരണ പരിപാടിയായ " തീരോന്നതി" പദ്ധതി (2020-2021)-യുടെ നാലാമത്തെ ഘടകമായ പ്രാഥമിക ഫിഷറീസ് സഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനായി 29 സൊസൈറ്റികൾക്ക് ഓഫീസ് കെട്ടിടത്തിന് വാടക നൽകുന്നതിന് 5,72,000 രൂപയും 24 സൊസൈറ്റികൾക്ക് കമ്പ്യൂട്ടർ, അനുബന്ധ സാധനങ്ങൾ

വാങ്ങുന്നതിന് ഒരു സംഘത്തിന് 44,000 രൂപ നിരക്കിൽ 10,56,000 രൂപയും യോഗ്യതയുള്ള പെയ്ഡ് സെക്രട്ടറിക്ക് വേതനം നൽകുന്നതിനുള്ള സഹായമായി 59 സൊസൈറ്റികൾക്ക് ഒരു മാസം 10,000 രൂപ നിരക്കിൽ 1 വർഷത്തേയ്ക്ക് 70,80,000 രൂപയും സ്വന്തമായി സ്ഥലമുള്ള സംഘത്തിന് കെട്ടിടം പണിയുന്നതിന് ഒരു സൊസൈറ്റിക്ക് 5 ലക്ഷം രൂപനിരക്കിൽ 92,08,000 രൂപയും അനുവദിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ടി പദ്ധതി പ്രകാരം പ്രാഥമിക ഫിഷറീസ് സഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനായി 48.57 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**കടൽത്തീര സംരക്ഷണത്തിനായി ബദൽ സാങ്കേതികവിദ്യകൾ**

250(6188) ശ്രീ. എം. നൗഷാദ്:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീമതി ദെലീമ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരിങ്കല്ലിന്റെ ലഭ്യത പരിമിതപ്പെട്ടിരിക്കുന്നതിനാൽ കടൽത്തീര സംരക്ഷണത്തിനായി ബദൽ സാങ്കേതികവിദ്യകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

കടലാക്രമണം ചെറുക്കുന്നതിന് സാധാരണയായി കരിങ്കല്ലുപയോഗിച്ചുള്ള കടൽഭിത്തിയും ഗ്രോയിനുകളുമാണ് കാലാകാലങ്ങളായി നിർമ്മിച്ചുവരുന്നത്. എന്നാൽ സംരക്ഷിക്കപ്പെടേണ്ട തീരപ്രദേശത്തിന്റെ ദൈർഘ്യം കൂടുതലായതിനാലും കല്ലിന്റെ ലഭ്യതക്കുറവും കാരണം കല്ലിന് ബദലായി മറ്റ് സാങ്കേതികമാർഗ്ഗങ്ങൾ അവലംബിക്കേണ്ടതുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ ജിയോട്യൂബ് ഉപയോഗിച്ചും ജിയോബാഗുകളിൽ മണൽ നിറച്ചും അടിയന്തരമായി കടൽത്തീരത്തെ സംരക്ഷിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഹ്രസ്വകാലാടിസ്ഥാനത്തിൽ ജിയോ ബാഗിൽ മണൽ നിറച്ച് തീരത്തെ അടിയന്തരമായി സംരക്ഷിക്കാനുള്ള നടപടികളും സ്വീകരിക്കാറുണ്ട്. കടലാക്രമണം രൂക്ഷമായ സ്ഥലങ്ങളിൽ കരിങ്കല്ലിന് പകരമായി " ടെട്രോപോഡ് പോലുള്ള കോൺക്രീറ്റ് ആർമർ യൂണിറ്റുകൾ ഉപയോഗിക്കാൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കടൽക്ഷോഭം രൂക്ഷമായ 10 ഹോട്ട്സ്പോട്ടുകൾ കണ്ടെത്തുകയും ടെട്രോപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കാനുള്ള നടപടികൾ

സ്വീകരിച്ചുവരികയും ചെയ്യുന്നു. ഇതിന്റെ ആദ്യപടിയായി ചെല്ലാനം പ്രദേശത്ത് ടെട്രോപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തിയുടെ ഡിസൈൻ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ അനുയോജ്യമായ സ്ഥലങ്ങളിൽ സോഫ്റ്റ് സൊല്യൂഷൻസ് സ്വീകരിക്കാനുള്ള സാധ്യതാ പഠനവും ജലസേചന വകുപ്പ് നടത്താൻ ഉദ്ദേശിക്കുന്നു. 2021-2022 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച 5 വർഷംകൊണ്ട് പൂർത്തീകരിക്കുവാൻ കഴിയുന്ന 5300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയുണ്ടായി. ഇതിനെ തുടർന്ന് കടലാക്രമണം ഏറ്റവും രൂക്ഷമായ ചെല്ലാനം പ്രദേശത്ത് നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (NCCR) പഠനം നടത്തി ഒരു ഹൈബ്രിഡ് പദ്ധതി (സംയോജിത കടൽ ഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമാണം) അവലംബിക്കുകയും പ്രസ്തുത ഡിസൈൻ പ്രകാരം തയ്യാറാക്കിയ 344.20 കോടി രൂപയുടെ വിശദമായ രൂപരേഖ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തു. ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ KIIDC മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പ്രവൃത്തികൾക്ക് കരിങ്കല്ലിന്റെ ലഭ്യതക്കുറവ് കണക്കിലെടുത്ത് പുലിമുട്ടുകളുടെ നിർമ്മാണത്തിന് കരിങ്കല്ലിന്റെ ഉപയോഗം പരമാവധി കുറച്ച്, മദ്രാസ് ഐ.ഐ.ടി.-യുടെ ഡിസൈൻപ്രകാരമുള്ള 2 ടൺ, 5 ടൺ ടെട്രോപോഡുകൾ ഉപയോഗിച്ചാണ് പദ്ധതി നടപ്പാക്കിവരുന്നത്. കേരളത്തിലെ തീരപ്രദേശത്തെക്കുറിച്ച് പൊതുവിലും തീവ്ര കടലാക്രമണം നേരിടുന്ന പത്ത് സ്ഥലങ്ങളെ (hotspot) കുറിച്ച് പ്രത്യേകിച്ചും പഠിച്ച് സുസ്ഥിരമായ തീരസംരക്ഷണ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി ചെന്നൈ ആസ്ഥാനമായ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് എന്ന സ്ഥാപനവുമായി ചർച്ചകൾ നടത്തുകയും ധാരണാപത്രം ഒപ്പിടുന്നതിനുള്ള കരട് തയ്യാറാക്കി സർക്കാർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. എൻ.സി.സി.ആർ. എന്ന സ്ഥാപനവുമായുള്ള കരാർ കാലാവധി മൂന്ന് വർഷമായാണ് നിലവിൽ നിജപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനവുമായി കരാർ ഒപ്പുവച്ച് പഠനം പൂർത്തിയാക്കുന്നമുറയ്ക്ക് രൂക്ഷമായ കടലാക്രമണം നേരിടുന്ന സംസ്ഥാനത്തെ മറ്റ് പ്രദേശങ്ങളിൽ പ്രസ്തുത പഠന പ്രകാരമുള്ള നിർദ്ദേശാനുസരണം ഡയഫ്രം വാൾ, ടെട്രോപോഡ്, ഓഫ്ഷോർ ബ്രേക്ക് വാട്ടർ എന്നീ നൂതന സാങ്കേതികവിദ്യകളും മറ്റ് soft solution-നുകളും സംയോജിപ്പിച്ചുള്ള തീരസംരക്ഷണം പ്രാവർത്തികമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ജിയോട്യൂബ് ഉപയോഗിച്ചുള്ള തീരസംരക്ഷണ പ്രവൃത്തി നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ ഏതൊക്കെ വിദഗ്ധ ഏജൻസികളാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സഹകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ജിയോ ട്യൂബ് ഉപയോഗിച്ച് തീരസംരക്ഷണ പ്രവൃത്തി ചെല്ലാനത്ത് നടപ്പിലാക്കിവരുന്നു. കടലാക്രമണം ഏറ്റവും രൂക്ഷമായ ചെല്ലാനത്തെ വാച്ചാക്കൽ, കമ്പനിപ്പടി, ബസാർ, വേളാങ്കണ്ണി, ചെറിയക്കടവ് എന്നീ പ്രദേശങ്ങളിലായി 8 കോടി രൂപയുടെ ജിയോ ട്യൂബ് ഉപയോഗിച്ചുള്ള 5 പ്രവൃത്തികളാണ് (1000 മീറ്റർ നീളം) പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നത്. M/s ഗ്രീൻവേ സൊല്യൂഷൻസ് എന്ന കരാറുകാരൻ മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്.

(സി) ഇത്തരം നൂതന പദ്ധതികൾ മറ്റ് സംസ്ഥാനങ്ങളിൽ പരീക്ഷിച്ച് വിജയിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിരുന്നോയെന്ന് അറിയിക്കാമോ?

NIOT-യുടെ നിർദ്ദേശപ്രകാരം ജിയോ ട്യൂബ് ഉപയോഗിച്ചുള്ള ഓഫ്ഷോർ ബ്രേക്ക് വാട്ടർ തമിഴ്നാട്ടിലെ കടലൂർ പെരിയാകുപ്പം തീരത്ത് വിജയകരമായി നടപ്പിലാക്കിയിട്ടുള്ളതായി മനസ്സിലാക്കിയിട്ടുണ്ട്. കേരളത്തിൽ ചെല്ലാനത്ത് പരീക്ഷണാടിസ്ഥാനത്തിലാണ് ജിയോ ട്യൂബ് ഉപയോഗിച്ചിട്ടുള്ള കടൽ ഭിത്തി നിർമ്മിക്കുന്നത്. ആയതിനാൽ പ്രസ്തുത പ്രവൃത്തിയുടെ ഫലപ്രാപ്തി പദ്ധതി നടപ്പിലാക്കിയതിനുശേഷം മാത്രമേ നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ.

(ഡി) പരീക്ഷണാടിസ്ഥാനത്തിൽ ജിയോട്യൂബ് ഉപയോഗിച്ചുള്ള ഓഫ്ഷോർ ബ്രേക്ക് വാട്ടർ പദ്ധതിയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പരീക്ഷണാടിസ്ഥാനത്തിൽ ജിയോ ട്യൂബ് ഉപയോഗിച്ചുള്ള ഓഫ്ഷോർ ബ്രേക്ക് വാട്ടർ പദ്ധതിയുടെ നിർമ്മാണം നിലവിൽ നടപ്പിലാക്കിയിട്ടില്ല.

## വൈപ്പിൻ ഫിഷ് ലാൻഡിംഗ് സെന്ററിന്റെ വികസനം

251 (6189) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ ഫിഷ് ലാൻഡിംഗ് സെന്ററിന്റെ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഫിഷ് ലാൻഡിംഗ് സെന്ററിലേയ്ക്കുള്ള അപ്രോച്ച് റോഡിന്റെയും പാർക്കിംഗ് ഏരിയയുടെയും നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കാമോ;

(സി) സ്ഥലം ഏറ്റെടുക്കൽ നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-സി) വൈപ്പിൻ ഫിഷ് ലാൻഡിംഗ് സെന്ററിന്റെ വികസനത്തിനായി 46X6 മീറ്റർ വാർഫ്, 15x5 മീറ്റർ അപ്രോച്ച് ജെട്ടി, 24x8 മീറ്റർ ലേലപ്പുര, 42x6 മീറ്റർ ലോഡിംഗ് ഏരിയ, ഓട എന്നിവ നിർമ്മിച്ചിട്ടുണ്ട്. ഫിഷ് ലാൻഡിംഗ് സെന്ററിലേയ്ക്കുള്ള അപ്രോച്ച് റോഡിന്റേയും പാർക്കിംഗ് ഏരിയയുടെയും നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തിക്കായി 251.04 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

**മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിന് നടപടി**

252 (6190) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

സംസ്ഥാനത്ത് മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കടൽ മത്സ്യത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്നതരത്തിൽ കെ.എം.എഫ്.ആർ. ആക്ടും റൂളും കാലോചിതമായി പരിഷ്കരിക്കുകയും കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്തുവരുന്നു. വിവിധ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾനെറ്റുകളുടെ കോഡ് എൻഡിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലുപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലുപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിനുമുകളിൽ നീളവും 250 എച്ച്.പി.-ക്ക് മുകളിൽ ഇന്ധന ക്ഷമതയുള്ളതുമായ യാനങ്ങൾക്ക്

തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നൽകുന്നില്ല. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യത്തീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യ സമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു എന്ന് മനസ്സിലാക്കി കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലുപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. കൂടാതെ ട്രോൾ ബാൻ 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കി. ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിച്ച് മത്സ്യലഭ്യത ഉറപ്പാക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. "എവിടെയെല്ലാം ജലാശയം അവിടെയെല്ലാം മത്സ്യം" എന്ന ക്യാമ്പയിനിലൂടെ ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിക്കായി 98 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതനുസരിച്ച് വിവിധ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. ടി പദ്ധതിയിലൂടെ 49545.74 മെട്രിക് ടൺ മത്സ്യം ഉൽപ്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കൂടാതെ മത്സ്യ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി 2020-21 സാമ്പത്തിക വർഷം ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി 61.15 കോടി രൂപയുടെ ഭരണാനുമതി നൽകി വിവിധ മത്സ്യകൃഷി പദ്ധതികൾ പൂർത്തീകരിച്ചുവരുന്നു. 2020-21 സാമ്പത്തികവർഷം സുഭിക്ഷകേരളം പദ്ധതിക്കായി 2689.10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും വിവിധ മത്സ്യകൃഷി പദ്ധതികളായ വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യ കൃഷി, ബയോഫ്ളോക്ക് മത്സ്യകൃഷി, കുളത്തിലെ കരിമീൻ കൃഷി, കൂടിലെ മത്സ്യകൃഷി എന്നിവ നടപ്പിലാക്കി പൂർത്തീകരിച്ചുവരുന്നു. കൂടാതെ മത്സ്യോൽപാദനം വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 21.57 കോടി രൂപയുടെ റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ളോക് അക്വാകൾച്ചർ സിസ്റ്റം എന്ന നൂതന മത്സ്യകൃഷി രീതികളും ബാണാസുര സാഗർ, കാരാപ്പുഴ, പെരുവണ്ണാമൂഴി, കക്കി റിസർവോയറുകളിൽ 16.4 കോടി രൂപയുടെ 100 കൂടുകൾ വീതമുള്ള കൂടിലെ മത്സ്യകൃഷി പദ്ധതിയും നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ റിസർവോയറുകളിലൂടെയുള്ള മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷം റിസർവോയർ ഫിഷറീസ് പദ്ധതിയുടെ ഭാഗമായി തെന്മല, ഇടുക്കി, ഭൂതത്താൻകെട്ട്, ചിമ്മിനി, ഷോളയാർ (ലോവർ), പെരിങ്ങൽക്കുത്ത്, പീച്ചി, വാഴാനി തുടങ്ങിയ 8 റിസർവോയറുകളിലായി വംശനാശ ഭീഷണി നേരിടുന്നതുൾപ്പെടെ തദ്ദേശീയ വിഭാഗത്തിൽപ്പെട്ട carp, cat fish, കുയിൽ മത്സ്യം,

വരാൽ തുടങ്ങിയവയുടെ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. ഈ സാമ്പത്തിക വർഷം റിസർവോയർ ഫിഷറീസ് പദ്ധതിക്കായി 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും അതുവഴി പ്രാദേശിക മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി പൊതുജലാശയങ്ങളിലും പുഴകളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് പ്രോഗ്രാം (റാഞ്ചിംഗ്) പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനായി ഈ സാമ്പത്തിക വർഷം 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് . ഇതിന്റെ ഭാഗമായി കാർപ്പ്, ആറ്റുകൊഞ്ച്, കാര ചെമ്മീൻ, നാരൻ ചെമ്മീൻ, പൂമീൻ തുടങ്ങിയ മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ സംസ്ഥാനത്തെ വിവിധ ജലാശയങ്ങളിൽ നിക്ഷേപിക്കുന്നു. ആയതനുസരിച്ച് 370 ലക്ഷം മത്സ്യ/ ചെമ്മീൻ കുഞ്ഞുങ്ങളെ സംസ്ഥാനത്തെ 100 ജലാശയങ്ങളിൽ നിക്ഷേപിക്കുന്ന പദ്ധതിയാണിത്. ഇതുവഴി 4320 മെട്രിക് ടൺ അധിക ഉല്പാദനം പ്രതീക്ഷിക്കുന്നു. ഇതിനുപുറമേ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 63.40 കോടി രൂപയുടെ ബയോഫ്ളോക് കൃഷി, റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഓരുജല കൂട് കൃഷി, കുളങ്ങളിലെ ഓരുജല കൃഷി എന്നീ നാല് പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ അഡാക്ക് വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 12 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിയും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

**ശുദ്ധജല, ഓരുജല മത്സ്യകൃഷിക്ക് നൽകിവരുന്ന സഹായ പദ്ധതികൾ**

253 (6191) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല, ഓരുജല മത്സ്യകൃഷിക്ക് സർക്കാർ നൽകിവരുന്ന സഹായ പദ്ധതികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് ശുദ്ധജല, ഓരുജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ വിവിധ സഹായ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. 2021-22 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ 98 കോടി രൂപയുടെ സുഭിക്ഷകേരളം - ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി ശുദ്ധജല മത്സ്യകൃഷിയും ഓരുജല മത്സ്യകൃഷിയും നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 7.50

കോടി രൂപയുടെ റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം എന്ന പദ്ധതിയും അഡാക്ക് വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 12 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിയും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിനുപുറമേ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 55.9 കോടി രൂപയുടെ ബയോഫ്ലോക്ക് അക്വാകൾച്ചർ സിസ്റ്റം, ഓരുജല കൂടുകൃഷി, കുളങ്ങളിലെ ഓരുജല മത്സ്യകൃഷി എന്നീ 3 പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ശുദ്ധജല, ഓരുജല മത്സ്യക്കൃഷിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന മത്സ്യത്തിന്റെ സംഭരണം, വിതരണം എന്നിവയ്ക്ക് നിലവിൽ സംവിധാനമുണ്ടോയെന്ന് വ്യക്തമാക്കാമോ?

മത്സ്യകർഷകർ ഉല്പാദിപ്പിക്കുന്ന മത്സ്യത്തിന്റെ വിതരണത്തിനായി നിലവിൽ ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 25 മാർക്കറ്റിംഗ് ഔട്ട്‌ലെറ്റുകൾ നടപ്പ് സാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ ഗുണനിലവാരമുള്ള മത്സ്യം ശുചിത്വമായ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതിന് മത്സ്യഫെഡ് മുഖേന ആധുനീകരിച്ച എയർകണ്ടീഷൻ ചെയ്ത 50 ഫിഷ് മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. സർവ്വീസ് സഹകരണ ബാങ്ക്/സംഘവുമായി ചേർന്നുള്ള മത്സ്യവിപണന പദ്ധതിയിൽ കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും ഫിഷ് മാർട്ട് ആരംഭിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ നിയോജകമണ്ഡലങ്ങളിലായി 59 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നു. കൂടാതെ മത്സ്യകർഷകർ ഉല്പാദിപ്പിക്കുന്ന ഗിഫ്റ്റ് തിലാപ്പിയ, കാളാഞ്ചി, വനാമി ചെമ്മീൻ എന്നിവ ഉപഭോക്താക്കളുടെ ആവശ്യാനുസരണം മത്സ്യഫെഡ് ഫിഷ് മാർട്ടുകളിൽ സംഭരിച്ച് വില്പന നടത്തിവരുന്നുണ്ട്.

## മത്സ്യ വിത്തുകൾ വിവിധ ജലാശയങ്ങളിൽ നിക്ഷേപിക്കുന്ന പദ്ധതി

254 (6192) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യബന്ധന വിഭവങ്ങളുടെ സംരക്ഷണത്തിന്റെ ഭാഗമായി മത്സ്യ വിത്തുകൾ വിവിധ ജലാശയങ്ങളിൽ നിക്ഷേപിക്കുന്ന പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിലെ ഏതൊക്കെ ജലാശയങ്ങളിലാണ് മത്സ്യ വിത്തുകൾ നിക്ഷേപിച്ചതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾനാടൻ മത്സ്യബന്ധന വിഭവങ്ങളുടെ സംരക്ഷണത്തിന്റെ ഭാഗമായി മത്സ്യവിത്തുകൾ വിവിധ ജലാശയങ്ങളിൽ നിക്ഷേപിക്കുന്ന പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ താഴെപ്പറയുന്ന ജലാശയങ്ങളിൽ മത്സ്യവിത്തുകൾ നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ജലാശയം | മത്സ്യയിനം | എണ്ണം |
|---|---|---|---|
| 1. | അകമ്പടിതാഴെ കടവ് - കുരാച്ചുണ്ട് | കാർപ്പ് | 4,00,000 |
| 2. | ആദിയാട് കടവ് - പേരാമ്പ്ര | കാർപ്പ് | 4,00,000 |
| 3. | മൂലത്തോട് കടവ് - പയ്യോളി | പൂമീൻ | 50000 |

(ബി) പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് ആവശ്യമായ പരിശോധനകൾ നടത്തിവരുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് ആവശ്യമായ പരിശോധനകൾ നടത്തുന്നുണ്ട്. പട്രോളിംഗ് നടത്തി അനധികൃത മത്സ്യബന്ധന രീതികൾ തടയാറുണ്ട്. ഉൾനാടൻ മത്സ്യബന്ധനത്തിന്റെ ലഭ്യത ഉറപ്പുവരുത്താനായി എന്യൂമറേറ്റർ മുഖാന്തരം സർവ്വേ നടത്തിവരുന്നു. കൂടാതെ 2020-21 സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ ഫിഷറീസ് വകുപ്പ് നിക്ഷേപിച്ചതും അല്ലാത്തതുമായ ഏകദേശം 2156 MT മത്സ്യം പിടിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ഓരുജല, ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ**

255 (6193) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരുജല, ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാനും വർദ്ധിപ്പിക്കാനും സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ഓരുജല, ശുദ്ധജല മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ വിവിധ സഹായ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. 2021-22 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ 98 കോടി രൂപയുടെ സുഭിക്ഷ കേരളം

- ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി ശുദ്ധജല മത്സ്യകൃഷിയും ഓരുജല മത്സ്യകൃഷിയും നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 7.50 കോടി രൂപയുടെ റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം എന്ന പദ്ധതിയും അഡാക്ക് വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 12 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിയും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിനുപുറമേ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 55.9 കോടി രൂപയുടെ ബയോഫ്ലോക്ക് അക്വാകൾച്ചർ സിസ്റ്റം, ഓരുജല കൂട്കൃഷി, കുളങ്ങളിലെ ഓരുജല മത്സ്യകൃഷി എന്നീ 3 പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ശുദ്ധജല, ഓരുജല മത്സ്യക്യഷിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇപ്രകാരം ഉത്പാദിപ്പിക്കുന്ന മത്സ്യം ന്യായവില നൽകി സംഭരിക്കാനും വിതരണം ചെയ്യാനുമുള്ള സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മത്സ്യകർഷകർ ഉല്പാദിപ്പിക്കുന്ന മത്സ്യത്തിന്റെ വിതരണത്തിനായി നിലവിൽ ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 25 മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾ നടപ്പ് സാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ ഗുണനിലവാരമുള്ള മത്സ്യം ശുചിത്വമായ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതിന് മത്സ്യഫെഡ് മുഖേന ആധുനീകരിച്ച എയർകണ്ടീഷൻ ചെയ്ത 50 ഫിഷ് മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. സർവ്വീസ് സഹകരണ ബാങ്ക്/സംഘവുമായി ചേർന്നുള്ള മത്സ്യവിപണന പദ്ധതിയിൽ കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും ഫിഷ് മാർട്ട് ആരംഭിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ നിയോജകമണ്ഡലങ്ങളിലായി 59 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നു. കൂടാതെ മത്സ്യകർഷകർ ഉല്പാദിപ്പിക്കുന്ന ഗിഫ്റ്റ് തിലാപ്പിയ, കാളാഞ്ചി, വനാമി ചെമ്മീൻ എന്നിവ ഉപഭോക്താക്കളുടെ ആവശ്യാനുസരണം മത്സ്യഫെഡ് ഫിഷ് മാർട്ടുകളിൽ സംഭരിച്ച് വില്പന നടത്തി വരുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോവളം മണ്ഡലത്തിൽ പ്രവൃത്തികൾ

256 (6194) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന് കീഴിൽ കഴിഞ്ഞ അഞ്ചു വർഷക്കാലം എന്തൊക്കെ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്; ഇവയിൽ പൂർത്തിയായതും പൂർത്തീകരിക്കാനുള്ളതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

കോവളം മണ്ഡലത്തിൽ കഴിഞ്ഞ അഞ്ചു വർഷക്കാലം ഫിഷറീസ് വകുപ്പിലും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മുഖേനയും നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## മയ്യഴിപ്പുഴയിലെ മത്സ്യ സമ്പത്ത് സംരക്ഷിക്കാൻ നടപടി

257 (6195) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ മയ്യഴിപ്പുഴയിൽ കരിമീൻ, ചെമ്പല്ലി തുടങ്ങിയ പരമ്പരാഗത മത്സ്യ ഇനങ്ങളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

കൂത്തുപറമ്പ് മണ്ഡലത്തിലെ മയ്യഴിപ്പുഴയിൽ കരിമീൻ, ചെമ്പല്ലി തുടങ്ങിയ പരമ്പരാഗത മത്സ്യ ഇനങ്ങളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ ഒന്നുംതന്നെ നിലവിൽ നടപ്പിലാക്കുന്നില്ല. ഭാവിയിൽ ഇത്തരം പദ്ധതികളുടെ സാധ്യത പരിശോധിക്കുന്നതാണ്.

(ബി) മയ്യഴിപ്പുഴയിൽ സൗജന്യമായി മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ പദ്ധതി ആവിഷ്കരിക്കുമോ; എങ്കിൽ നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ?

മയ്യഴിപ്പുഴയിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്ന പദ്ധതികൾ 2021-22 വർഷം ആവിഷ്കരിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഹാർബർ എഞ്ചിനീയറിംഗ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ

258 (6196) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് മുഖേന നടപ്പിലാക്കുന്നതിനായി 2017-18 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; അവയുടെ നിലവിലെ സ്ഥിതി വിവരം വ്യക്തമാക്കുമോ?

പ്രവൃത്തിയുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

## വർക്കല നിയോജകമണ്ഡലത്തിലെ തീരദേശ റോഡുകളുടെ നിലവാരം ഉയർത്താൻ നടപടി

259 (6197) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിലെ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്നതിനായി ഫണ്ട് അനുവദിച്ച് ഭരണാനുമതി നല്കിയ പ്രവൃത്തികളിൽ നിർമ്മാണം പൂർത്തിയാക്കുവാനുള്ളവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിലെ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ നിർമ്മാണം പൂർത്തിയാക്കുവാനുള്ള പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ടെണ്ടർ നടപടി പൂർത്തിയാക്കുവാനുള്ളവ എത്രയെണ്ണമെന്ന് വ്യക്തമാക്കാമോ?

ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ താഴെ സൂചിപ്പിക്കുന്ന പ്രവൃത്തികൾക്കാണ് ടെൻഡർ നടപടി പൂർത്തിയാക്കാനുള്ളത്.

1) ഇടവ പഞ്ചായത്തിലെ പുന്നക്കുളം സരസ്വതി ക്ഷേത്രം റോഡ് - 11 ലക്ഷം.

2) വർക്കല മുൻസിപ്പാലിറ്റിയിലെ കാക്കോട് – വട്ടവിള റോഡ് പുനരുദ്ധാരണം - 17 ലക്ഷം.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ആലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ

260 (6198) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നിലവിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ചെലവഴിക്കുന്ന തുക, നിലവിലെ സ്ഥിതി എന്നിവ തരം തിരിച്ച് നൽകാമോ;

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ സാങ്കേതികാനുമതിയും ടെൻഡർ നടപടിയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

(എ-സി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## കേരള തുളു അക്കാദമി

261 (6199) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തുളു അക്കാദമി നിലവിൽവന്നത് ഏതുവർഷമാണെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

2007-ലാണ് കേരള തുളു അക്കാദമി രൂപീകരിച്ചത്. ഇതുസംബന്ധിച്ച സർക്കാർ ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) പ്രസ്തുത തുളു അക്കാദമി നിലവിൽ എവിടെയാണ് സ്ഥിതിചെയ്യുന്നതെന്നും ഇതിന് എത്ര സെന്റ് ഭൂമിയാണുള്ളതെന്നും വ്യക്തമാക്കുമോ; ടി സ്ഥാപനത്തിന് ഭൂമി ലഭ്യമായത് എവിടെ നിന്നാണെന്ന് വ്യക്തമാക്കുമോ; സർക്കാർ അനുവദിച്ചതാണെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരത്ത് ദുർഗ്ഗിപ്പള്ളയിലുള്ള ഒരേക്കർ ഭൂമിയിലാണ് തുളു അക്കാദമി സ്ഥിതിചെയ്യുന്നത്. പ്രസ്തുത ഭൂമി സ.ഉ (കൈ) നമ്പർ 62/10/റവ തീയതി 18-2-2010 പ്രകാരം ഏക്കറിന് പ്രതിവർഷം ആയിരം രൂപ നിരക്കിൽ 30 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകിയിട്ടുള്ളതാണ്. ഇതുസംബന്ധിച്ച സർക്കാർ ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) തുളു അക്കാദമിക്ക് കെട്ടിടം നിർമ്മിച്ചത് ഏത് ഫണ്ടുപയോഗിച്ചാണെന്നും ഇതിന് എത്രതുക ചെലവായിട്ടുണ്ടെന്നും വിശദമാക്കുമോ?

തുളുഭവന നിർമ്മാണത്തിന്റെ ഒന്നാം ഘട്ടത്തിനായി 2013-14 സാമ്പത്തിക വർഷം 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ നിന്നും നാളിതുവരെ 24,99,936 രൂപ (ഇരുപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി തൊള്ളായിരത്തി മുപ്പത്തിയാറ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(ഡി) തുളു അക്കാദമിക്ക് നാളിതുവരെ സർക്കാർ അനുവദിച്ച ഗ്രാന്റുകളുടെയും മറ്റ് ഫണ്ടുകളുടെയും വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

സ.ഉ. (സാധാ) നമ്പർ 183/14/സിഎഡി. തീയതി 24-3-2014 ഉത്തരവുപ്രകാരം 2013-14 സാമ്പത്തിക വർഷം തുളുഭവന നിർമ്മാണത്തിന്റെ ഒന്നാംഘട്ടത്തിനായി 25 ലക്ഷം രൂപയും സ.ഉ. (സാധാ) നമ്പർ 583/2019/സിഎൽഎഡി. തീയതി 11-12-2019 ഉത്തരവുപ്രകാരം 2019-2020 സാമ്പത്തിക വർഷം ഫർണീച്ചർ, കമ്പ്യൂട്ടർ, മറ്റ് സ്റ്റേഷനറി സാമഗ്രികൾ എന്നിവ വാങ്ങുന്നതിനായി 12 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ഇ) തുളു അക്കാദമിയുടെ നിലവിലെ ഭരണസമിതി അംഗങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുമോ; ടി സ്ഥാപനത്തിലെ നിലവിലെ ജീവനക്കാരുടെ വിശദവിവരങ്ങളും അവരുടെ വേതനവിവരങ്ങളും ലഭ്യമാക്കുമോ?

ഭരണസമിതി അംഗങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച സർക്കാർ ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* ടി സ്ഥാപനത്തിൽ നിലവിൽ ജീവനക്കാരൊന്നുമില്ല. വിദ്യാഭ്യാസ വകുപ്പിൽനിന്നും വർക്കിംഗ് അറേഞ്ച്മെന്റിൽ പ്രവർത്തിക്കുന്ന നിലവിലെ സ്ഥാപന സെക്രട്ടറി അക്കാദമിയിൽനിന്നും ശമ്പളം കൈപ്പറ്റുന്നില്ല.

(എഫ്) സംസ്ഥാന സർക്കാർ ഫണ്ടിന് പുറമെ വേറെ ഏതെങ്കിലും ഏജൻസിയിൽനിന്നും ടി സ്ഥാപനത്തിന് ഫണ്ട് ലഭ്യമായിട്ടുണ്ടോയെന്നും കർണ്ണാടക സർക്കാരിൽനിന്നും ടി സ്ഥാപനത്തിന് ഫണ്ട് ലഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

തുളു അക്കാദമിക്ക് സംസ്ഥാന സർക്കാർ ഫണ്ടിനുപുറമെ വേറെ ഏജൻസിയിൽനിന്നോ കർണ്ണാടക സർക്കാരിൽനിന്നോ ഫണ്ട് ലഭിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ജി) തുളു അക്കാദമിക്ക് സ്വകാര്യവ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെ എത്ര തുക ലഭ്യമായിട്ടുണ്ടെന്നും പ്രസ്തുത തുക എന്തിനുവേണ്ടിയാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ; ടി സ്ഥാപനത്തിന് പുതുതായി ഗ്രാന്റോ ഏതെങ്കിലും പദ്ധതികളോ അനുവദിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; ആയതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

തുളു അക്കാദമിക്ക് സ്വകാര്യ വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെ തുകയൊന്നും ലഭിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷം അക്കാദമിക്ക് പദ്ധതിയേതര വിഹിതമായി 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തുളു ഭവന നിർമ്മാണത്തിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് മഞ്ചേശ്വരം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 45 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി തുകകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മഞ്ചേശ്വരത്തെ രാഷ്ട്രകവി ഗോവിന്ദ പൈ സ്മാരകം**

262 (6200) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരത്തെ രാഷ്ട്രകവി ഗോവിന്ദ പൈ സ്മാരകത്തിന് നാളിതുവരെ അനുവദിച്ച ഫണ്ടിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

കേരള സംസ്ഥാന സർക്കാരിന്റേയും കർണ്ണാടക സംസ്ഥാന സർക്കാരിന്റേയും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഫണ്ട് വിനിയോഗിച്ചാണ് കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരത്ത് പ്രവർത്തിക്കുന്ന ഗോവിന്ദ പൈ സ്മാരകം നിർമ്മാണം നടത്തിവരുന്നത്. പ്രസ്തുത സ്മാരകത്തിന് കേരള സർക്കാർ 1-6-1999-ലെ സ. ഉ. (എം.എസ്) നമ്പർ 23/1999/സാം.കാ.വ. ഉത്തരവുപ്രകാരം 37,500 രൂപ വാർഷിക/ആവർത്തന ധനസഹായം അനുവദിച്ചുവരുന്നുണ്ട്. രാഷ്ട്രകവി ഗോവിന്ദ പൈ മെമ്മോറിയൽ ട്രസ്റ്റിന്റെ നേതൃത്വത്തിൽ രാഷ്ട്രകവി ഗോവിന്ദ പൈയുടെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ ജന്മഗൃഹം 'ഗിളിവിണ്ടു' എന്ന നാമധേയത്തിൽ നവീകരിക്കുന്ന പദ്ധതി പ്രകാരം നളന്ദ പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് 3-3-2009-ലെ സ. ഉ. (സാധാ) നമ്പർ 91/2009/സാം.കാ.വ പ്രകാരം 20,00,000 രൂപ (ഇരുപത് ലക്ഷം രൂപ) അനുവദിച്ചു. ആയതിനുപുറമേ രാഷ്ട്രകവി ഗോവിന്ദ പൈ സ്മാരകത്തിൽ രാഷ്ട്രകവി ഗോവിന്ദ പൈ സ്മാരക ഓഡിറ്റോറിയം സ്ഥാപിക്കുവാനുള്ള പദ്ധതിക്കായി 21-10-2014-ലെ സ.ഉ.

(സാധാ) നമ്പർ 36/2014/സാം.കാ.വ. പ്രകാരം 30,00,000 രൂപ (മുപ്പത്ത് ലക്ഷം രൂപ മാത്രം) അനുവദിച്ചു. കൂടാതെ 26-2-2019-ലെ സ.ഉ. (സാധാ) നമ്പർ 83/2019/സാം.ക.വ. പ്രകാരം പ്രസ്തുത സ്മാരകത്തിനായി ഭരണാനുമതി നൽകിയ 1,00,00,000 രൂപ (ഒരു കോടി രൂപ മാത്രം) പ്രസ്തുത പ്രോജക്ടിന്റെ തുടർനിർമ്മാണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്മാരകത്തിലെ ഭവനിക ഹാളിന്റെ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; ഇതിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും പണി പൂർത്തീകരിക്കാൻ അധിക തുക ആവശ്യമുണ്ടോയെന്നും വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അധിക തുക ആവശ്യമാണെങ്കിൽ അത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

സ്മാരകത്തിന്റെ ഭാഗമായ ഭവനിക ഓഡിറ്റോറിയത്തിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. പ്രസ്തുത നിർമ്മാണ പദ്ധതിക്ക് മുൻപ് ഭരണാനുമതി നൽകിയ എസ്റ്റിമേറ്റ് തുക വർദ്ധിച്ചതും മറ്റ് ചെലവിനങ്ങളും കണക്കിലെടുത്ത് 30 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചുവരുന്നു. സംസ്ഥാന സർക്കാർ അനുവദിച്ച ഒരു കോടി രൂപ ഭവനിക ഓഡിറ്റോറിയത്തിന്റെ നിർമ്മാണത്തിനായാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് കാസർഗോഡ് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥാപനത്തിൽ എത്ര ജീവനക്കാരാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; ഇവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഈ ജീവനക്കാരുടെ വേതന വിവരങ്ങൾ വ്യക്തമാക്കുമോ; പ്രസ്തുത ജീവനക്കാരുടെ ശമ്പളം മുടങ്ങിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇവർക്ക് അവസാനമായി ശമ്പളം കിട്ടിയത് ഏത് മാസത്തിലാണെന്ന് വ്യക്തമാക്കുമോ?

ടി സ്ഥാപനത്തിൽ സ്മാരക സമിതി നിയോഗിച്ച 3 താൽകാലിക ജീവനക്കാരാണുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* 2020 ഡിസംബർ മാസത്തിലാണ് മേൽപ്പറഞ്ഞ ജീവനക്കാർക്ക് അവസാനമായി ശമ്പളം നൽകിയിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്.

(ഡി) ഈ സ്മാരകത്തിന് ദൈനംദിന ചെലവിനായി സർക്കാർ എത്ര തുകയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഈ സ്മാരകത്തിന് പുതുതായി ഏതെങ്കിലും ഗ്രാന്റോ പദ്ധതിയോ പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗോവിന്ദ പൈ സ്മാരകത്തിന് 37,500 രൂപ വാർഷിക/ആവർത്തന ധനസഹായം സംസ്ഥാന സർക്കാർ അനുവദിച്ചുവരുന്നുണ്ട്. പ്രസ്തുത സ്മാരകം ഉൾപ്പെടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ കലാ-സാംസ്കാരിക സംഘടനകൾക്ക്/സമിതികൾക്കുള്ള വാർഷിക/ആവർത്തന ഗ്രാന്റ് കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സർക്കാർ പരിഗണിച്ചുവരുന്നു.

## ആർട്ടിസ്റ്റ് റസിഡൻസി സ്റ്റുഡിയോ നിർമ്മാണം

263 (6201) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂരിൽ നിർമ്മിക്കുന്ന ആർട്ടിസ്റ്റ് റസിഡൻസി സ്റ്റുഡിയോയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ?

ആർട്ടിസ്റ്റ് റസിഡൻസി സ്റ്റുഡിയോയുടെ സിമന്റ് പ്ലാസ്റ്ററിംഗ് ജോലിയും മേൽക്കൂരയുടെ ഭാഗമായ കമ്പികളുടെ പെയിന്റിംഗുമാണ് ഇപ്പോൾ നടക്കുന്നത്. ഫ്ളോർ ടൈൽ വർക്കുകൾ, ജനലുകൾ & വാതിലുകൾ, ഫിറ്റിംഗ്, കിച്ചൺ വർക്ക്, ഹാൾ പെയിന്റിംഗ്, വയറിംഗ് & പ്ലംബിംഗിന്റെ അവസാനഘട്ട വർക്കുകൾ എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്.

## കലാകാരന്മാർക്കുള്ള പെൻഷൻ

264 (6202) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംഗീത നാടക അക്കാദമി ശിപാർശ ചെയ്ത കലാകാര പെൻഷൻ ലഭിക്കുന്നതിനായി എ.വി. വിഷ്ണു, അയ്യമ്പിള്ളി മന, കിടങ്ങൂർ, അങ്കമാലി എന്നയാൾ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് നൽകിയ അപേക്ഷയിൽ തീരുമാനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) കോവിഡ് മൂലം ദുരിതത്തിലായ ടിയാന് പെൻഷൻ അനുവദിക്കുന്നതിന് ഉത്തരവ് നൽകുമോ; വ്യക്തമാക്കുമോ?

(എ&ബി) കേരള സംഗീത നാടക അക്കാദമി മുഖേന ശിപാർശ ചെയ്ത് ലഭിച്ച കലാകാര പെൻഷൻ ലഭിക്കുന്നതിനുള്ള ശ്രീ. എ. വി. വിഷ്ണു, അയ്യമ്പിള്ളി മന, കിടങ്ങൂർ, അങ്കമാലി എന്ന വ്യക്തിയുടെ അപേക്ഷ പരിശോധിച്ച് ആയതിന്മേൽ നടപടികൾ സ്വീകരിച്ചുവരികയാണ്.

## പ്രാദേശിക സാംസ്കാരിക വികസന പദ്ധതികൾ

265 (6203) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലകളിൽ വിപുലമായ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ സാംസ്കാരിക രംഗത്ത് പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ വിശദമാക്കാമോ?

എല്ലാ ജില്ലകളിലും നവോത്ഥാന നായകരുടെ നാമധേയത്തിൽ സ്ഥാപിക്കുന്ന ബൃഹത്തായ സാംസ്കാരിക സമുച്ചയങ്ങളിൽ ഓരോന്നിലും നൃത്ത, സംഗീത, നാടക ശാലകൾ, ആഡിറ്റോറിയങ്ങൾ, ചലച്ചിത്ര പ്രദർശന ഹാളുകൾ, ഗ്രന്ഥശാലകൾ, ശില്പികൾക്കും കരകൗശല വിദഗ്ദ്ധർക്കുമുള്ള പണിപ്പുരകൾ, കലാസൃഷ്ടി പ്രദർശന ശാലകൾ, ഹ്രസ്വകാല താമസ സൗകര്യങ്ങൾ, ഓപ്പൺ എയർ തിയേറ്റർ, ശില്പോദ്യാനം തുടങ്ങിയവയാണ് സജ്ജീകരിക്കുന്നത്. ഓരോ സമുച്ചയത്തിലും കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ലഭ്യമായിരിക്കും. നാടിന്റെ കലാ-സാംസ്കാരിക രംഗം ചലനാത്മകമാക്കാനുതകുന്ന ഈ പദ്ധതിയിൽ നൃത്ത, സംഗീത, നാടകങ്ങൾ, നാടോടി അനുഷ്ഠാന കലാരൂപങ്ങൾ, ചിത്രശില്പ രചനകൾ തുടങ്ങിയ എല്ലാവിധ കലാസാഹിത്യ പ്രവർത്തനങ്ങൾക്കും അവസരമുള്ള കേന്ദ്രമായി ഈ സമുച്ചയങ്ങൾ മാറുന്നതാണ്.

(ബി) പ്രാദേശിക സാംസ്കാരിക വികസനം സാധ്യമാക്കുന്നതിനും യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഗ്രാമീണ കലാകാരന്മാരുടേയും കരകൗശല വിദഗ്ദ്ധരുടേയും നൈപുണ്യം ശക്തിപ്പെടുത്തുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുക, അവർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, സർവ്വോപരി സമ്പന്നമായിരുന്ന കേരളത്തിന്റെ ഗ്രാമീണ കരകൗശല പൈതൃകത്തെ സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യപ്രാപ്തിക്കായി സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് ഗ്രാമീണ കലാകേന്ദ്രം (Rural Art Hub) പദ്ധതി. അതാത് പ്രദേശത്തെ കല-കരകൗശല വിദ്യയിൽ പ്രാവീണ്യം നേടിയവരുടെ സ്വയംസഹായ സംഘങ്ങൾവഴിയാണ്

പദ്ധതി നടപ്പിലാക്കുന്നത്. ഗ്രാമീണ മേഖലയിലും ചെറുപട്ടണങ്ങളിലും കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദികൾ ലഭ്യമല്ലാത്തയിടങ്ങളിൽ മതിയായ സ്ഥലസൗകര്യമുള്ള പാതയോരങ്ങളോ പൊതുയിടങ്ങളോ കണ്ടെത്തി നാട്ടരങ്ങ് എന്ന പേരിൽ രംഗവേദികൾ സ്ഥാപിക്കുന്ന സാംസ്കാരിക വകുപ്പിന്റെ പദ്ധതിയാണ് "നാട്ടരങ്ങ്" . ഈ പദ്ധതിയിലൂടെ പ്രാദേശിക സാംസ്കാരിക വികസനമാണ് ലക്ഷ്യമിടുന്നത്. പ്രമുഖ സാഹിത്യകാരന്മാരുടേയും എഴുത്തുകാരുടേയും സാംസ്കാരിക വ്യക്തിത്വങ്ങളുടേയും സ്മാരകങ്ങളെ ശക്തിപ്പെടുത്തുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി സാംസ്കാരിക വകുപ്പ് നടപ്പിലാക്കിവരുന്ന ഒരു പദ്ധതിയാണ് "കലാ/സാഹിത്യ വ്യക്തികളുടെ സ്മാരകങ്ങൾക്കുള്ള സഹായം" . ഇത്തരം സ്ഥാപനങ്ങൾ അതാത് പ്രദേശത്തെ കലാ-സാംസ്കാരിക വികസനത്തിനായി നിലകൊള്ളുന്നവയാണ്. കേരളത്തിലെ കലാ-സാംസ്കാരിക പാരമ്പര്യത്തെ സംരക്ഷിക്കുക, യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ 1000 കലാകാരന്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ വിന്യസിക്കുകയും ഈ കലാകാരന്മാർ വിവിധ കലാരൂപങ്ങളിൽ കലാപരിശീലനം നൽകുകയും ചെയ്യുന്ന പദ്ധതിയാണ് "വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി" . ഈ പദ്ധതിയിലൂടെ യുവകലാകാരന്മാർക്ക് പ്രോത്സാഹനം നൽകുന്നുണ്ട്. മേൽപ്പറഞ്ഞ പദ്ധതികൾവഴി സാംസ്കാരിക വികസനം സാധ്യമാക്കാനും യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കാനും സാധിക്കുന്നതാണ്.

## മാവേലിക്കരയിലെ എ.ആർ രാജരാജവർമ്മ സ്മാരകത്തിൽ ഭാഷാ മ്യൂസിയം സ്ഥാപിക്കാൻ നടപടി

266 (6204) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കരയിൽ സ്ഥിതിചെയ്യുന്ന കേരള പാണിനി എ. ആർ. രാജരാജവർമ്മ സ്മാരകത്തിൽ ഭാഷാ മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ആലപ്പുഴ ജില്ലയിലെ മാവേലിക്കരയിൽ പ്രവർത്തിക്കുന്ന എ. ആർ രാജരാജവർമ്മ സ്മാരകത്തിൽ ഭാഷാ മ്യൂസിയം സ്ഥാപിക്കുന്നതിന് ധനസഹായം അനുവദിക്കണമെന്ന ആവശ്യമുന്നയിച്ച് 2018-ൽ സമർപ്പിച്ച അപേക്ഷയിന്മേൽ വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് സ്മാരക അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമാക്കുന്നമുറയ്ക്ക് ആവശ്യം പരിഗണിക്കുന്നതാണ്.

## പൊതു ഇടങ്ങളിൽ തിയേറ്ററുകൾ/ സ്റ്റേജുകൾ എന്നിവയുടെ നിർമ്മാണം

267(6205) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ഫണ്ടിൽ ഉൾപ്പെടുത്തി മണ്ഡലങ്ങളിലെ പ്രധാന പൊതുയിടങ്ങളിൽ കലാ-സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കുന്നതിനായി സ്റ്റേജുകൾ/തിയേറ്ററുകൾ സ്ഥാപിക്കുന്നതിന് അനുമതി നല്കുമോയെന്ന് അറിയിക്കുമോ?

ഗ്രാമീണ മേഖലയിലും ചെറു പട്ടണങ്ങളിലും കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദികൾ ലഭ്യമല്ലാത്തിടങ്ങളിൽ മതിയായ സ്ഥലസൗകര്യമുള്ള പാതയോരങ്ങളോ പൊതുയിടങ്ങളോ കണ്ടെത്തി രംഗവേദികൾ സ്ഥാപിക്കുന്ന സാംസ്കാരിക വകുപ്പിന്റെ പദ്ധതിയാണ് ' നാട്ടരങ്ങ് '. ഒരു നാട്ടരങ്ങിന്, സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഒരു തുറന്ന സ്റ്റേജ്, ഒരു ചമയമുറി, ഗാർഡൻ ബഞ്ചുകൾ എന്നിവയും സൗന്ദര്യവൽക്കരണത്തിനായി ചുവർചിത്രങ്ങൾ, ചെറുശില്പങ്ങൾ, റിലീഫ് വർക്കുകൾ തുടങ്ങിയവയും പദ്ധതിയിൻകീഴിൽ വിഭാവനം ചെയ്യുന്നു. നടപ്പ് സാമ്പത്തിക വർഷം സാംസ്കാരിക വകുപ്പിന്റെ പദ്ധതി വിഹിതം വിനിയോഗിച്ചുകൊണ്ട് ഒരു നാട്ടരങ്ങിന് 20 ലക്ഷം രൂപ വീതം 2 നാട്ടരങ്ങ് സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. എം.എൽ.എ. ഫണ്ടുകൂടി ഉൾപ്പെടുത്തി നാട്ടരങ്ങ് പദ്ധതി വിപുലീകരിക്കുന്നകാര്യം പരിശോധിച്ചുവരുന്നു. സ്ഥല ലഭ്യതയുള്ളിടത്ത് എം.എൽ.എ. ഫണ്ട് ലഭ്യമാകുകയാണെങ്കിൽ സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ മുൻപ്പറഞ്ഞ നാട്ടരങ്ങുകളുടെ നിർവ്വഹണം ഏറ്റെടുക്കാവുന്നതാണ്.

(ബി) വിവിധ വകുപ്പുകളുടെ അധീനതയിലുള്ള ഭൂമി സാംസ്കാരിക വകുപ്പിന് കൈമാറാതെതന്നെ സ്റ്റേജുകൾ നിർമ്മിക്കുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

വിവിധ വകുപ്പുകളുടെ അധീനതയിലുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറാതെതന്നെ പദ്ധതി ഉപയോഗത്തിന് മാത്രമുള്ള നിരാക്ഷേപപത്രം വാങ്ങി ' നാട്ടരങ്ങ്' സ്ഥാപിക്കാനാകും. ഇവയുടെ പരിപാലന ചുമതല അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നത് പരിശോധിച്ചുവരുന്നു.

**കലാകാരന്മാർക്കുള്ള കേരള സംഗീത നാടക അക്കാദമിയുടെ പെൻഷൻ**

268 (6206) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാരന്മാർക്കുള്ള കേരള സംഗീത നാടക അക്കാദമിയുടെ പെൻഷൻ ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിഗണിച്ച് പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) അർഹരായ മുഴുവൻ കലാകാരന്മാർക്കും പെൻഷൻ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ;

(സി) സിദ്ധാർത്ഥൻ എ.ആർ., ആളോത്ത് വീട്, തെക്കെ തൊറവ്, പുതുക്കാട് എന്ന മേളം കലാകാരൻ 2018-ൽ സമർപ്പിച്ച പെൻഷൻ അപേക്ഷ പരിഗണിച്ച് പെൻഷൻ അനുവദിച്ചുനൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ-സി) കേരള സംഗീത നാടക അക്കാദമി മുഖേന ശിപാർശ ചെയ്ത് ലഭിക്കുന്ന കലാകാര പെൻഷനുവേണ്ടിയുള്ള എല്ലാ അപേക്ഷകളും സാംസ്കാരിക വകുപ്പ് ഡയറക്ടർ പരിശോധിച്ച് അർഹതയുള്ളവരുടെ ലിസ്റ്റ് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നുണ്ട്. സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്കാണ് പെൻഷൻ അനുവദിച്ച് നൽകിവരുന്നത്. അർഹരായ എല്ലാ കലാകാരന്മാർക്കും പെൻഷൻ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കലാകാര പെൻഷൻ അനുവദിക്കുന്നതിനുള്ള ചട്ടങ്ങൾ അംഗീകരിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച 11-8-2017-ലെ സ.ഉ.(കൈ)നമ്പർ 21/17/സാം.കാ.വ. നമ്പർ ഉത്തരവിലെ 6-ാം ചട്ടത്തിൽ ജനന തീയതി തെളിയിക്കുന്ന രേഖ ഗസറ്റഡ് ഓഫീസറെക്കൊണ്ട് സാക്ഷ്യപ്പെടുത്തി കലാകാര പെൻഷനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ശ്രീ. സിദ്ധാർത്ഥൻ എ.ആർ. ആളോത്ത് വീട്, തെക്കെതൊറാവ്, പുതുക്കാട് എന്ന കലാകാരൻ 2018-ൽ സമർപ്പിച്ച അപേക്ഷയോടൊപ്പം ജനന തീയതി തെളിയിക്കുന്ന രേഖ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത് ലഭ്യമാക്കിയിരുന്നില്ല. ആയതിനാൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ കലാകാര പെൻഷൻ അനുവദിക്കുന്നതിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ച ലിസ്റ്റിൽ ടിയാനെ പെൻഷന് ശിപാർശ ചെയ്യാത്ത വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരുന്നത്. മതിയായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുന്നമുറയ്ക്ക് ആയത് പരിശോധിച്ച് പെൻഷൻ അനുവദിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

## മലബാറിന്റെ സാംസ്കാരിക പാരമ്പര്യം പ്രോത്സാഹിപ്പിക്കുവാനുള്ള നടപടികൾ

269 (6207) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിന്റെ തനതായ പാരമ്പര്യങ്ങളെയും അനുഷ്ഠാന കലകളെയും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

മ്യൂസിയം വകുപ്പിന് കീഴിൽ മലബാറിന്റെ അനുഷ്ഠാന കലയായ തെയ്യത്തെ ആധാരമാക്കിയും ആചാരങ്ങൾ, വിവിധ തെയ്യക്കോലങ്ങൾ, ചരിത്രം എന്നിവ വിശദമായി പ്രതിപാദിച്ചുകൊണ്ടും കണ്ണൂർ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ചന്തപ്പുരയിൽ തെയ്യം മ്യൂസിയം, മലബാറിന്റെ തനതായ പാരമ്പര്യം ഉൾക്കൊള്ളുന്ന ഗോത്ര സമൂഹത്തിന്റെ നേർക്കാഴ്ചയായി വയനാട് കുങ്കിച്ചിറയിൽ മ്യൂസിയം, കണ്ണൂർ ടൗണിൽ കൈത്തറി മ്യൂസിയം എന്നീ മൂന്ന് പുതിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കലാപഠനം കഴിഞ്ഞ യുവകലാകാരൻമാർക്ക് പ്രോത്സാഹനം, തനത് കലാസാംസ്കാരിക പാരമ്പര്യത്തെ സംരക്ഷിക്കൽ എന്നീ ലക്ഷ്യങ്ങളോടെ കലാരൂപങ്ങളുടെ സാമൂഹ്യ പരിശീലനത്തിനായി സാംസ്കാരിക വകുപ്പ് നടപ്പാക്കുന്ന വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി, നാട്ടരങ്ങ് പദ്ധതി, ഗ്രാമീണ കലാകരകൗശല കേന്ദ്രം പദ്ധതി എന്നിവയിലൂടെ മലബാറിന്റെ തനത് പാരമ്പര്യത്തേയും കലകളേയും ഉൾപ്പെടെ പ്രോത്സാഹിപ്പിച്ചുവരുന്നു. മലബാറിന്റെ തനത് കലകളിൽ പ്രധാനപ്പെട്ട മാപ്പിളകലകൾ പ്രോത്സാഹിപ്പിക്കുന്നതിനായി മലപ്പുറം കൊണ്ടോട്ടിയിലെ മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി വിവിധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. നാടൻ കലകളുടെ പ്രോത്സാഹനത്തിനായി സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള ഫോക്‌ലോർ അക്കാദമി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്.

(ബി) ഇതിനുവേണ്ടി ചരിത്ര ഭൂമിയായ മലപ്പുറം കോട്ടക്കുന്നിൽ സാംസ്കാരിക വകുപ്പിന് കീഴിൽ ഒരു മ്യൂസിയം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ?

മലപ്പുറം കോട്ടക്കുന്നിൽ സ്വാതന്ത്ര്യസമര സേനാനി മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ പേരിൽ വിപുലമായ സാംസ്കാരിക സമുച്ചയം കിഫ്ബി പദ്ധതി പ്രകാരം 39.67 കോടി രൂപ എസ്റ്റിമേറ്റിൽ നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) മാപ്പിള കലകളെക്കുറിച്ചും സാംസ്കാരിക തനിമയെക്കുറിച്ചും പ്രത്യേക ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിലുള്ള മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി കേന്ദ്രമായുള്ള അറബിമലയാളം റിസർച്ച് ലൈബ്രറി, വിവിധ ഗാലറികൾ, മ്യൂസിയം എന്നിവിടങ്ങളിൽ മാപ്പിള കലകളെക്കുറിച്ചും മലബാറിന്റെ സാംസ്കാരിക തനിമയെപ്പറ്റിയും ഗവേഷണങ്ങൾക്ക് പ്രോത്സാഹനകരമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## സാംസ്കാരിക വകുപ്പിന്റെ പ്രവർത്തനങ്ങൾ ജനകീയമാക്കാൻ നടപടി

270 (6208) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പ് നടത്തുന്ന പരിപാടികളും സാംസ്കാരിക പ്രവർത്തനങ്ങളും താഴെത്തട്ടിലുള്ള ജനങ്ങളിലേയ്ക്ക് എത്തിക്കാൻ നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; അറിയിക്കാമോ;

(ബി) നിലവിൽ ജില്ലാ തലത്തിൽ മാത്രം നടത്തിവരുന്ന പ്രവർത്തനങ്ങൾ വാർഡ് തലത്തിൽ നടപ്പിലാക്കുവാൻ പദ്ധതികൾ ആവിഷ്കരിക്കുമോ?

(എ&ബി) സാംസ്കാരിക വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ ജനകീയമാക്കുന്നതിനുള്ള വിവിധ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രസ്തുത പ്രവർത്തനങ്ങൾ സമൂഹത്തിന്റെ താഴെത്തട്ടിലേയ്ക്കുകൂടി എത്തിക്കണമെന്ന കാഴ്ചപ്പാടോടെയാണ് സർക്കാർ സാംസ്കാരിക നയം രൂപീകരിക്കുന്നത്. കേരളത്തിലെ കലാ-സാംസ്കാരിക പാരമ്പര്യത്തെ സംരക്ഷിക്കുക, യുവ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ വിവിധ കലാരൂപങ്ങളിൽ കലാപരിശീലനം നൽകുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി സഹായത്തോടെ സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി. ഈ പദ്ധതിയിൽ നാടൻ കലകളുൾപ്പെടെ വിവിധ കലാവിഭാഗങ്ങളിൽ പരിശീലനം നൽകിവരുന്നു. ഗ്രാമീണ കലാകാരന്മാരുടേയും കരകൗശല വിദഗ്ധരുടേയും നൈപുണ്യം ശക്തിപ്പെടുത്തുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുക, അവർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, സർവ്വോപരി സമ്പന്നമായിരുന്ന കേരളത്തിന്റെ ഗ്രാമീണ കലാ-കരകൗശല പൈതൃകത്തെ സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യപ്രാപ്തിക്കായി സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച്

നടപ്പിലാക്കുന്ന പദ്ധതിയാണ് ' ഗ്രാമീണ കലാകേന്ദ്രം' . ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ 20 കരകൗശല പൈതൃക ഗ്രാമങ്ങളിൽ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് ഗ്രാമീണ കരകൗശല കലാകാരന്മാർക്ക് നൈപുണ്യ പരിശീലനവും ഈടുറ്റ വിപണി ബന്ധങ്ങളും ഉറപ്പാക്കിവരുന്നു. ഗ്രാമീണ കലാകേന്ദ്രം (Rural Art Hub) പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനുമുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു. ഗ്രാമീണ മേഖലയിലും ചെറു പട്ടണങ്ങളിലും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദികൾ ലഭ്യമല്ലാത്തിടങ്ങളിൽ മതിയായ സ്ഥല സൗകര്യമുള്ള പാതയോരങ്ങളോ പൊതുയിടങ്ങളോ കണ്ടെത്തി നാട്ടരങ്ങ് എന്ന പേരിൽ രംഗവേദികൾ സ്ഥാപിക്കുന്ന നാട്ടരങ്ങ് പദ്ധതിയും സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഗ്രാമീണ കലാകാരന്മാരെ സംരക്ഷിക്കുന്നതിന് ഇത്തരം പദ്ധതികളിലൂടെ സാംസ്കാരിക വകുപ്പിന് കഴിയുന്നു. സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ ജനകീയമാക്കുന്നതിനുള്ള വിപുലമായ സാംസ്കാരിക, വിദ്യാഭ്യാസ പരിപാടികളും സാംസ്കാരിക വകുപ്പ് ആസൂത്രണം ചെയ്തിട്ടുണ്ട്. "സ്ത്രീസുരക്ഷക്കായി സാമൂഹ്യ മുന്നേറ്റം" എന്ന മുദ്രാവാക്യവുമായി സാംസ്കാരികകാര്യ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് " സമം" . ഇതിനായി സംസ്ഥാനതലത്തിൽ ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായും ബഹു. സാംസ്കാരിക വകുപ്പുമന്ത്രി ഉപാദ്ധ്യക്ഷനായും സാംസ്കാരിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായും യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാൻ ജോയിന്റ് കൺവീനറായും സമിതി രൂപീകരിച്ചിട്ടുണ്ട്. ജില്ലാതലം മുതൽ പഞ്ചായത്ത്തലംവരെ ജനകീയ സമിതികൾ രൂപീകരിച്ച് ഫലപ്രദമായ പ്രവർത്തനങ്ങളിലൂടെ സ്ത്രീസുരക്ഷയെ സംബന്ധിച്ചും സ്ത്രീപുരുഷ സമത്വത്തെ സംബന്ധിച്ചും ഇതുസംബന്ധിച്ച നിയമങ്ങളെപ്പറ്റിയും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള ജനകീയ സാംസ്കാരിക വിദ്യാഭ്യാസ പരിപാടിയായാണ് ' സമം' പദ്ധതിയിലൂടെ ആസൂത്രണം ചെയ്തിട്ടുള്ളത്. സ്വാതന്ത്ര്യലബ്ധിയുടെ 75-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി വിപുലമായ പരിപാടികൾ സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചുവരുന്നുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രവർത്തനം വിപുലമായി നടത്തുന്നതിന് ഏകോപനസമിതി രൂപീകരിച്ചിട്ടുണ്ട്. " ആസാദി കാ അമൃത് മഹോത്സവ് " പരിപാടിയുടെ ഭാഗമായാണ് ഈ പദ്ധതി നിർവ്വഹിക്കാൻ നിശ്ചയിച്ചിട്ടുള്ളത്. വിദേശാധിപത്യത്തിനെതിരായി കേരളത്തിൽ നടന്നിട്ടുള്ള ചെറുതും വലുതുമായ എല്ലാ പ്രക്ഷോഭങ്ങളെയും സമരങ്ങളെയും ജനങ്ങളിൽ എത്തിക്കുന്നതിന് പ്രാപ്തമായ ജനകീയമായ സാംസ്കാരിക വിദ്യാഭ്യാസ പരിപാടിയാണ്

ഉദ്ദേശിക്കുന്നത്. ഇത്തരം സമരങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും വസ്തുതകൾ വിശദീകരിച്ചുകൊണ്ടുള്ള " സ്വാതന്ത്ര്യ സമരചരിത്ര പുസ്തക പരമ്പര" പ്രസിദ്ധീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി പ്രാദേശിക സാംസ്കാരിക സംഘടനകളുടെ സഹകരണത്തോടെ വിവിധ ജനകീയ പരിപാടികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. പ്രാദേശിക ക്യാമ്പുകൾ, ശില്പശാലകൾ എന്നിവയിലൂടെ താഴെത്തട്ടിലുള്ളതടക്കം എല്ലാ കലാകാരന്മാരെയും ഉൾപ്പെടുത്തിയാണ് കേരള ലളിതകലാ അക്കാദമിയുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. സാംസ്കാരിക വകുപ്പ് നടത്തുന്ന പരിപാടികൾ താഴെ തട്ടിലുള്ള ജനങ്ങളിൽ എത്തിക്കുന്നതിനുവേണ്ടി ഓരോ ഗ്രാമത്തിലും ' ഗ്രാമസന്ധ്യ' എന്ന പരിപാടി ഫോക്‌ലോർ അക്കാദമി ആവിഷ്കരിച്ചിട്ടുണ്ട്. പ്രഭാഷണങ്ങൾ, അതത് ഗ്രാമത്തിലെ കലാകാരന്മാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കലാപരിപാടികൾ, അതത് ഗ്രാമത്തിലെ കലാകാരന്മാരെ ആദരിക്കൽ എന്നിവയാണ് ഉദ്ദേശിക്കുന്നത്. സമം പരിപാടിയുടെ സന്ദേശം ഉൾക്കൊണ്ടുകൊണ്ട് പൊതുരംഗത്തുള്ള സ്ത്രീകളെ ആദരിക്കൽ എന്നിവ ഈ ഗ്രാമസന്ധ്യ പരിപാടിയിൽ ഉൾക്കൊള്ളുന്നു. ഈ സാമ്പത്തിക വർഷം 100 ഗ്രാമങ്ങളിൽ പരിപാടികൾ സംഘടിപ്പിക്കുവാനാണ് ഫോക്‌ലോർ അക്കാദമി ഉദ്ദേശിക്കുന്നത്. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ പദ്ധതികളും പരിപാടികളും സംസ്ഥാനത്തെ മുഴുവൻ ജനങ്ങളിലും എത്തിക്കുന്നതിനായി 2017 മുതൽ കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിൽ മേഖലാ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ' നല്ല സിനിമ നാട്ടിൻപുറങ്ങളിലേക്ക്' എന്ന ലക്ഷ്യവുമായി ഈ മേഖലാ കേന്ദ്രങ്ങൾ പ്രാദേശികതലത്തിൽ സാമൂഹിക പ്രസക്തമായ നല്ല സിനിമകൾ പ്രദർശിപ്പിച്ചുവരുന്നു. കുട്ടികളിൽ ഉയർന്ന ചലച്ചിത്രാസ്വാദന ബോധം വളർത്തുന്നതിനായി ഈ മേഖലാകേന്ദ്രങ്ങളുടെ സഹകരണത്തോടെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി ചലച്ചിത്രാസ്വാദന ക്യാമ്പുകളും അക്കാദമി നടത്തിവരുന്നു. സമം പരിപാടി ഉൾപ്പെടെ വിവിധ പരിപാടികൾ മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി ആവിഷ്കരിച്ചുവരുന്നു. വനിതകൾക്കായുള്ള പാട്ടെഴുത്ത് ശില്പശാലകളിൽ 108 വനിതകളാണ് ഓൺലൈനിൽ പങ്കെടുക്കുന്നത്. മലയാളം മിഷൻ പദ്ധതി നിർവ്വഹണങ്ങളെല്ലാം പ്രവാസി മേഖലയിൽ താഴെത്തട്ടിലുള്ള ജനങ്ങളുമായി ബന്ധപ്പെട്ടാണ് നടക്കുന്നത്. പഠനകേന്ദ്രം - മേഖല - ചാപ്റ്റർ എന്നിങ്ങനെയാണ് സംഘാടനരൂപം. കേരളത്തിനകത്തുള്ള പ്രോജക്ടുകളായ സമം, ആസാദി കാ അമൃത് എന്നിവയിൽ മലയാളം മിഷന്റെ പങ്കാളിത്തത്തോടെ സംസ്ഥാനതലം, ജില്ലാതലം, കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/പഞ്ചായത്ത് തലം, വാർഡ് തലം എന്നിങ്ങനെ പ്രവർത്തനങ്ങൾ നടക്കുന്നു. സാംസ്കാരിക വകുപ്പിന്റെ

സാംസ്കാരിക വിനിമയ കേന്ദ്രമായ, ഭാരത് ഭവൻ - കേരളീയ സംസ്കാരം, കല, ചരിത്രം, ഭാഷ, ജീവിതശൈലി എന്നീ മൂല്യങ്ങൾ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും വിദേശങ്ങളിലും പൊതുജന സമക്ഷം അവതരിപ്പിക്കുന്നു. ഇതിലൂടെ നാനാത്വത്തിൽ ഏകത്വം എന്ന ഇന്ത്യൻ ജനാധിപത്യ ബോധത്തെ ഊട്ടിയുറപ്പിക്കുന്ന സാംസ്കാരിക ദൗത്യങ്ങളാണ് ഭാരത് ഭവൻ നിർവ്വഹിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി സാംസ്കാരിക വിനിമയം മുൻനിർത്തിയുള്ള ദേശീയവും അന്തർ ദേശീയവുമായ അവതരണങ്ങൾ സംഘടിപ്പിച്ചുവരുന്നതോടൊപ്പം ഇന്ത്യൻ കലാരൂപങ്ങൾ ഗ്രാമീണജനതയ്ക്ക് പരിചയപ്പെടുത്തുന്നതിനുള്ള അവതരണങ്ങളും സംഘടിപ്പിച്ചുവരുന്നു. ഇന്ത്യൻ കലാരൂപങ്ങളുടെ അവതരണം ഗ്രാമീണ മേഖലകളിൽ നടത്തി വരുന്നതോടൊപ്പം ' തീയ്യേട്ടം ഫാർമേ' -യുടെ ഭാഗമായി ഭാരത് ഭവൻ കാർഷിക കലാരൂപങ്ങളുടെ അവതരണവും ഗ്രാമീണ മേഖലകളിൽ നടത്തിവരുന്നു. തിരുവനന്തപുരം വാമനപുരത്തും കണ്ണമ്പ്രയിലും ഗോത്ര സമൂഹങ്ങളെ ഉൾപ്പെടുത്തി വിവിധ കലാരൂപങ്ങൾ അവതരിപ്പിച്ചിരുന്നു. കോവിഡ് നിയന്ത്രണങ്ങൾ തീരുന്നമുറയ്ക്ക് തുടർന്നും ഇത്തരം സ്റ്റേജ് അവതരണങ്ങൾ ഗ്രാമീണ മേഖലകൾ കേന്ദ്രീകരിച്ച് സംഘടിപ്പിക്കുന്നതാണ്. സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വാസ്തുവിദ്യാ ഗുരുകുലം, വാസ്തുശാസ്ത്രത്തിന്റെയും ചുമർചിത്രങ്ങളുടെയും പ്രചാരം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നു. പൊതുജനങ്ങൾക്കായി ഈ വിഷയത്തിൽ അവബോധം സൃഷ്ടിക്കുന്നതിനായി വാസ്തുവിദ്യാ ഗുരുകുലത്തിന്റെ നേതൃത്വത്തിൽ നിരവധി എക്സിബിഷനുകളും സെമിനാറുകളും നടത്തിവരുന്നുണ്ട്. സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ 60-ാം വാർഷികം ആഘോഷിക്കുന്നതിന്റെ ഭാഗമായി 2021 നവംബർ 1 മുതൽ 2022 നവംബർ 1 വരെ ഒരു വർഷം നീണ്ടു നിൽക്കുന്ന ' വൈജ്ഞാനികം' എന്ന പേരിൽ എല്ലാ ജില്ലകളിലും പരിപാടികൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിയിൽ ശാസ്ത്ര/മാനവിക വിഷയങ്ങളിലെ വൈജ്ഞാനിക രചനകളിൽ കഴിവ് തെളിയിച്ച പ്രതിഭകൾക്ക് വൈജ്ഞാനിക പ്രതിഭാപുരസ്കാരം, ജില്ലയിലെ സ്കൂളുകളെ പങ്കെടുപ്പിച്ച് നടത്തുന്ന മത്സരത്തിന്റെ പുരസ്കാരങ്ങൾ എന്നിവ നൽകുന്നതാണ്. ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ വാല്യങ്ങളുടെ പ്രദർശനവും വിൽപ്പനയും ഇതിലൂടെ നടത്താൻ ഉദ്ദേശിക്കുന്നു. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന പരിപാടികളും പ്രവർത്തനങ്ങളും പത്രപരസ്യങ്ങളിലൂടെയും യൂട്യൂബ് ചാനലിലൂടെയും തളിര് മാസികകളിലൂടെയും കുട്ടികളിലേയ്ക്ക് എത്തിക്കുന്നുണ്ട്. വൈലോപ്പിള്ളി സംസ്കൃതി ഭവൻ നിലവിൽ നടത്തിവരുന്ന പരിപാടികളും സാംസ്കാരിക പ്രവർത്തനങ്ങളും എല്ലാ വിഭാഗം ജനങ്ങളിലേയ്ക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെ ഓൺലൈനിലാണ്

നടത്തിവരുന്നത്. കൂടാതെ മറ്റ് സാംസ്കാരിക സ്ഥാപനങ്ങളുടെ ഓൺലൈൻ സംവിധാനത്തിലും വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ പരിപാടികൾ പ്രദർശിപ്പിച്ചുവരുന്നു. ഗുരുഗോപിനാഥ് നടനഗ്രാമത്തിലെ കലാപരിശീലനം സമൂഹത്തിന്റെ താഴെത്തട്ടിലുള്ള കുട്ടികളുടെ കലാഭിരുചി വികസിപ്പിക്കുന്നതിന് പ്രാധാന്യം നല്കുന്നു. സർക്കാർ വിദ്യാലയങ്ങളിലെ കുട്ടികൾക്ക് സൗജന്യ പരിശീലനം നൽകുന്നുണ്ട്. നാടോടി - ഗോത്ര കലകളെയും കലാകാരന്മാരെയും ഉത്തേജിപ്പിക്കുന്ന രംഗാവിഷ്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. തൃശ്ശൂർ ജവഹർ ബാലഭവനിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പരിശീലനം നൽകുന്നു. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് സൗജന്യ പരിശീലനം നൽകുന്നു. അന്തർദ്ദേശീയ ശ്രീനാരായണഗുരു പഠനകേന്ദ്രത്തിൽ ശ്രീനാരായണഗുരുവിന്റെ ദർശനങ്ങളെക്കുറിച്ച് ഓൺലൈനായും ഓഫ് ലൈനായും പ്രതിവാര,പ്രതിമാസ ക്ലാസ്സുകളും സർട്ടിഫിക്കറ്റ് കോഴ്സുകളും ഡിപ്ലോമ കോഴ്സുകളും നടത്തുന്നുണ്ട്. സാംസ്കാരിക വകുപ്പിന്റെ എല്ലാ പദ്ധതികളും സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളിലേയ്ക്കും എത്തത്തക്ക രീതിയാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്.

### കലാകാരന്മാർക്ക് സാംസ്കാരിക വകുപ്പ് നൽകി വരുന്ന വിവിധ ഫെലോഷിപ്പുകൾ

271 (6209) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാരന്മാർക്കും സാംസ്കാരിക പ്രവർത്തകർക്കുമായി സാംസ്കാരിക വകുപ്പ് നൽകിവരുന്ന വിവിധ ഫെലോഷിപ്പുകൾ ഏതെല്ലാമാണ്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സാംസ്കാരിക വകുപ്പ് മുഖേന നൽകിവരുന്ന വിവിധ ഫെലോഷിപ്പുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ?

(എ&ബി) കേരളത്തിലെ കലാ-സാംസ്കാരിക പാരമ്പര്യത്തെ സംരക്ഷിക്കുക, യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ 1000 കലാകാരന്മാരെ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ വിന്യസിക്കുകയും ഈ കലാകാരന്മാർ വിവിധ കലാരൂപങ്ങളിൽ കലാപരിശീലനം നൽകുകയും ചെയ്യുന്ന വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി നടപ്പിലാക്കിവരുന്നു. ഓരോ കലാകാരനും

10,000 രൂപ സാംസ്കാരിക വകുപ്പിൽനിന്നും 5000 രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ഉൾപ്പെടെ പ്രതിമാസം ആകെ 15,000 രൂപ ഫെലോഷിപ്പായി നൽകിവരുന്നുണ്ട്. വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയിൽ ഫെലോഷിപ്പിന് കലാകാരൻമാരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 10-10-2017-ലെ സ.ഉ.(എം.എസ്) നമ്പർ 28/2017/സാം.കാ.വ., 27-2-2018-ലെ സ.ഉ.(എം.എസ്) നമ്പർ 11/2018/സാം.കാ.വ., 20-10-2011-ലെ സ.ഉ.(കൈ)നമ്പർ 29/2021/ സാം.കാ.വ. എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു.* കേരള സാഹിത്യ അക്കാദമി ലബ്ധപ്രതിഷ്ഠരായ എഴുത്തുകാർക്കുവേണ്ടി പ്രതിവർഷം 2 ഫെലോഷിപ്പുകൾ നൽകിവരുന്നുണ്ട്. 50,000 രൂപയും 2 പവൻ തൂക്കംവരുന്ന സ്വർണ്ണപതക്കവും പ്രശസ്തിപത്രവുമാണ് ഫെലോഷിപ്പായി നൽകിവരുന്നത്. കേരള സംഗീത നാടക അക്കാദമിയുടെ പരിധിയിൽവരുന്ന കലാവിഭാഗങ്ങൾ- സംഗീതം, നൃത്തം, നാടകം, വാദ്യകലകൾ, ക്ലാസ്സിക്കൽ കലകൾ എന്നീ കലാവിഭാഗങ്ങളിൽ മികവ് തെളിയിച്ച മുതിർന്ന വ്യക്തിത്വങ്ങൾക്ക് സമഗ്രസംഭാവനയ്ക്ക് എല്ലാവർഷവും 3 ഫെലോഷിപ്പുകൾ നൽകിവരുന്നു. കലാരംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച പ്രമുഖ ചിത്ര-ശില്പകാരന്മാർക്ക് കേരള ലളിതകലാ അക്കാദമി വർഷംതോറും രണ്ട് ഫെലോഷിപ്പുകൾ വീതം നൽകിവരുന്നു. കേരള ഫോക്‌ലോർ അക്കാദമി നാടൻകലാരംഗത്ത് പ്രാഗത്ഭ്യം തെളിയിക്കുകയും അക്കാദമിയുടെ യുവപ്രതിഭ അവാർഡ്, ഗുരുപൂജ അവാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്ന് ലഭിച്ചിട്ടുമുള്ള കലാകാരൻമാർക്ക് ഫെലോഷിപ്പ് നൽകിവരുന്നു. പത്തിൽ കുറയാത്ത കലാകാരന്മാർക്ക് വിവിധ കലകളിലായി ഇത്തരത്തിൽ ഫെലോഷിപ്പ് നൽകിവരുന്നു. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ചലച്ചിത്ര ഗവേഷണത്തിനായി ഫെലോഷിപ്പുകൾ നൽകിവരുന്നു. മലയാള സിനിമയുടെ ചരിത്രം, സംസ്കാരം, സാങ്കേതികത എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് ഇംഗ്ലീഷിലോ/മലയാളത്തിലോ സമർപ്പിക്കുന്ന സിനോപ്സിസിന്റെ മൂല്യനിർണ്ണയത്തിന്റെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലാണ് ഫെലോഷിപ്പുകൾ അനുവദിക്കുന്നത്. 50,000 രൂപയാണ് ഫെലോഷിപ്പ് തുക. കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല ക്ലാസ്സിക്കൽ കലകളിൽ ദീർഘകാലം പ്രവർത്തിച്ച, ലബ്ധപ്രതിഷ്ഠരായ കലാകാരൻമാർക്ക്, പ്രതിവർഷം രണ്ട് വീതം ഫെലോഷിപ്പ് നൽകിവരുന്നു. കേരള കലാമണ്ഡലത്തിൽ പരിശീലിപ്പിക്കുന്ന കലാരൂപങ്ങളാണ് മാനദണ്ഡം. അറുപത് വയസ്സിന് മുകളിലുള്ളവർക്ക് പ്രഥമ പരിഗണന നൽകുന്നുണ്ട്. 50,000 രൂപയും പ്രശസ്തി പത്രവും ഫലകവുമാണ് അവാർഡ് ജേതാവിന് നൽകുന്നത്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സാംസ്കാരിക കേന്ദ്രങ്ങൾ

272 (6210) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാംസ്കാരിക വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഏതെല്ലാം സാംസ്കാരിക കേന്ദ്രങ്ങളുടെ ഭരണസമിതിയുടെ കാലാവധി കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ?

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്, വാസ്തുവിദ്യ ഗുരുകുലം, ജവഹർ ബാലഭവനുകൾ.

(ബി) കാലാവധി കഴിഞ്ഞവ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ നിർദ്ദേശം നൽകുമോ?

നടപടി സ്വീകരിക്കുന്നതാണ്.

(സി) സംസ്ഥാനത്തെ സാംസ്കാരിക സ്ഥാപനങ്ങളെ ഒന്നാകെ കോർത്തിണക്കി മതേതരത്വവും മാനവീയതയും വിളംബരം ചെയ്യുന്ന പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സാംസ്കാരിക വകുപ്പ് വിവിധ സാംസ്കാരിക സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് സാംസ്കാരിക വിദ്യാഭ്യാസ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സമീപകാലത്തായി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ സർഗ്ഗാത്മകമായി പ്രതികരിച്ച് സമസ്ത മേഖലകളിലും സ്ത്രീ-പുരുഷ സമത്വം എന്ന ആശയം പ്രചരിപ്പിക്കുന്നതിനായി സാംസ്കാരിക വകുപ്പ് വിഭാവനം ചെയ്തിരിക്കുന്ന "സമം" പദ്ധതി അത്തരത്തിലുള്ള ഒന്നാണ്.

## പയ്യന്നൂർ തിയേറ്റർ കോംപ്ലക്സ്

273 (6211) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ തിയേറ്റർ കോംപ്ലക്സിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

തിയേറ്റർ കോംപ്ലക്സിന്റെ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ് (MEP) എന്നിവയുടെ ജോലികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

2021 ഡിസംബർ 31-നുമുമ്പ് സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ് (MEP) ജോലികൾ പൂർത്തിയാക്കേണ്ടതുണ്ട്. അതിനുശേഷം തിയേറ്റർ എഞ്ചിനീയറിംഗ് ജോലികൾ ആരംഭിക്കും. ഇവ 2022 ജൂൺ മാസത്തോടെ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കോൺട്രാക്ട് വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന കാരവനുകൾ**

274 (6212) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സിനിമ മേഖലയിൽ കോൺട്രാക്ട് വ്യവസ്ഥയിലുള്ള കാരവനുകൾ കോവിഡ് കാലത്ത് പ്രവർത്തിക്കാത്തത് സാമ്പത്തിക പ്രതിസന്ധിക്ക് ഇടയാക്കിയതിനാൽ അവയ്ക്ക് നികുതി ഇളവ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

സിനിമാ മേഖലയിൽ കോൺട്രാക്ട് വ്യവസ്ഥയിലുള്ള കാരവനുകൾക്ക് കോവിഡ് പശ്ചാത്തലത്തിൽ നികുതി ഇളവ് നൽകുന്ന വിഷയത്തിൽ ഗതാഗത വകുപ്പിൽ നിവേദനം ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ഗതാഗത കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. നികുതി ഇളവ് നൽകുന്ന വിഷയത്തിൽ നിലവിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**തിയേറ്ററുകൾ ആധുനീകരിക്കുന്നതിന് പദ്ധതി**

275 (6213) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>:
<u>ശ്രീ. എം. മുകേഷ്</u>:
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>:
<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെ തുടർന്ന് അടച്ചിട്ടിരുന്ന സിനിമാ തിയേറ്ററുകൾ തുറക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഇതിനായി പാലിക്കപ്പെടേണ്ട മാനദണ്ഡങ്ങൾ വിശദമാക്കാമോ?

കോവിഡിനെ തുടർന്ന് അടച്ചിട്ടിരുന്ന സിനിമാ തിയേറ്ററുകൾ നിബന്ധനകൾക്കുവിധേയമായി 25-10-2021 മുതൽ തുറക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മാനദണ്ഡങ്ങൾ വ്യക്തമാക്കുന്ന 2-10-2021-ലെ സ.ഉ. (സാധാ) നമ്പർ 669/2021/DMD.-ന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* സാമൂഹ്യ അകലം, മാസ്ക്, സാനിറ്റൈസർ, സാനിറ്റൈസേഷൻ തുടങ്ങി കോവിഡ് പ്രതിരോധിക്കുന്നതിനുള്ള എല്ലാ മാനദണ്ഡങ്ങളും പാലിക്കണമെന്ന വ്യവസ്ഥയിൽ പരമാവധി 50% പ്രേക്ഷകരെ പ്രവേശിപ്പിച്ചുകൊണ്ട് പ്രദർശനം നടത്തുവാനാണ് അനുമതിയുള്ളത്.

(ബി) കേരള ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്ററുകൾ ലോകോത്തര നിലവാരത്തോടെ ആധുനീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വനിതാസൗഹൃദമായ എന്തെല്ലാം മികവാർന്ന സൗകര്യങ്ങളാണ് പ്രസ്തുത തിയേറ്ററുകളിൽ സജ്ജമാക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. ആദ്യഘട്ടമെന്ന നിലയിൽ 2021 ഫെബ്രുവരിയിൽ കെ.എസ്.എഫ്.ഡി.സി.-യുടെ കോഴിക്കോടുള്ള കൈരളി/ശ്രീ തിയേറ്ററുകൾ ആധുനികവൽക്കരിച്ച് പ്രവർത്തനസജ്ജമാക്കി. തിരുവനന്തപുരം കൈരളി/ നിള/ ശ്രീ തിയേറ്ററുകൾ ലോകോത്തര നിലവാരത്തോടെ ആധുനികവൽക്കരിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. വനിതാ സൗഹൃദ സൗകര്യങ്ങളോടെ മാതൃകാ തിയേറ്റർ യാഥാർത്ഥ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ബേബി കെയർ സെന്റർ, അമ്മയ്ക്ക് കുഞ്ഞുമായി പോയിരുന്ന് മറ്റുള്ളവർക്ക് അസൗകര്യമുണ്ടാക്കാതെ സിനിമാസ്വാദനത്തിനായി എ.സി. ഗ്ലാസ് റൂം, ബേബി ഫീഡിംഗ് റും, ടോയ്‌ലറ്റ് സൗകര്യം എന്നിവയാണ് പ്രസ്തുത തിയേറ്ററുകളിൽ സജ്ജമാക്കുന്നത്.

(സി) തിയേറ്റർ സാങ്കേതികവിദ്യയുടെ ഗുണനിലവാരം നിശ്ചയിക്കുന്ന ഏതൊക്കെ മാനദണ്ഡങ്ങളാണ് പ്രസ്തുത നവീകരണത്തിന് അടിസ്ഥാനമാക്കുന്നത്; വിശദമാക്കാമോ?

കൈരളി/നിള/ശ്രീ തിയേറ്ററുകൾ ലോകോത്തര നിലവാരത്തിലുള്ള ലേസർ (4K) പ്രൊജക്ടറുകൾ, പ്രസ്തുത പ്രൊജക്ടറിന് അനുസൃതമായ സ്ക്രീനുകൾ, അത്യാധുനിക ശബ്ദ സാങ്കേതികവിദ്യയായ ഡോൾബി അറ്റ്മോസ് സൗണ്ട് സിസ്റ്റം, 3 D സാങ്കേതികവിദ്യ തുടങ്ങിയ ആധുനിക സൗകര്യങ്ങളോടെ നവീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. തിയേറ്റർ സാങ്കേതികവിദ്യയുടെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗുണനിലവാരം നിശ്ചയിക്കുന്ന SMPTE (Society of Motion Picture & Television Engineers) മാനദണ്ഡം പാലിച്ച് ആധുനികവൽക്കരണം പ്രാവർത്തികമാക്കുവാനാണുദ്ദേശിക്കുന്നത്.

**അവശ കലാകാരന്മാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി**

276 (6214) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ സിനിമ വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സിനിമാ തിയേറ്ററുകളിൽ കോവിഡ് പ്രതിരോധ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് 50% പ്രേക്ഷകരെവച്ച് 25-10-2021 മുതൽ തുറന്ന് പ്രവർത്തിപ്പിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സിനിമാ തിയേറ്ററുകൾക്കും 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ്/ഡിമാന്റ് ചാർജ്ജിലെ ഇളവുകൾ 25%-ൽനിന്ന് 50% ആയി ഉയർത്തി നൽകി. തുടർന്നുള്ള 2020 ജൂൺ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ 50% ഇളവുകൾ നല്കി. ഇളവ് കഴിച്ച് ബാക്കിയുള്ള തുക അടയ്ക്കുന്നതിന് 6 തുല്യമാസ തവണകളും അനുവദിച്ചു. ഏതെങ്കിലും തിയേറ്ററുകൾ ഇക്കാലയളവിലെ വൈദ്യുതി ബില്ലുകൾ ഭാഗികമായോ പൂർണ്ണമായോ അടച്ചിട്ടുണ്ടെങ്കിൽ അർഹമായ ഇളവുകൾ തുടർന്നുള്ള ബില്ലുകളിൽ ക്രമപ്പെടുത്തി നല്കുവാനും അനുവദിച്ചിട്ടുണ്ട്. കൂടാതെ 2021 മേയ് മാസത്തിൽ ഫിക്സഡ് ചാർജ്ജ് 50% ആയി കുറവുചെയ്ത് നല്കിയിട്ടുണ്ട്. സംസ്ഥാനത്തെ മറ്റേതൊരു മേഖലകളേക്കാളും വൈദ്യുതി ചാർജ്ജ് ഇനത്തിൽ കൂടുതൽ ഇളവുകൾ ലഭ്യമായത് സിനിമാ തിയേറ്ററുകൾക്കാണ്. സിനിമാ തിയേറ്ററുകൾക്ക് 2020-21 കാലയളവിലുള്ള കെട്ടിട നികുതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 6 തവണ വ്യവസ്ഥയിൽ 2021 ഏപ്രിൽ മുതൽ സ്വീകരിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിയേറ്ററുകൾക്ക് നല്കിയിരുന്ന ട്രേഡ് ലൈസൻസ് കാലാവധി കണക്കാക്കാതെ 2021 മാർച്ച് 31 വരെ പുതുക്കുവാനും അനുവദിച്ചു. സിനിമാ തിയേറ്ററുകളുടെ 2020-2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള വിനോദ നികുതിയും ഒഴിവാക്കിയിട്ടുണ്ട്. സിനിമാ മേഖലയ്ക്ക് കൂടുതൽ ഇളവുകൾ നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) സിനിമ വ്യവസായത്തിൽ ഉൾപ്പെടെയുള്ള അവശ കലാകാരന്മാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ കൂടുതൽ നടപടികൾ സ്വീകരിക്കുമോ?

കോവിഡ് മഹാമാരിമൂലം ഉപജീവനം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസമാക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും പ്രതിമാസം 1000 രൂപാ വീതം 2 മാസത്തേയ്ക്ക് അടിയന്തര ധനസഹായം അനുവദിച്ചുകൊണ്ട് നടപ്പിലാക്കിയ സഹായ പദ്ധതിപ്രകാരം 640 ലക്ഷം രൂപ ആദ്യഘട്ടത്തിൽ വിതരണം ചെയ്തിട്ടുണ്ട്. സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ മറ്റ് ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കുംകൂടി സമാശ്വാസ ധനസഹായമായി 1000 രൂപാ വീതം ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് അനുവദിച്ചതുപ്രകാരം 29050 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും 290.5 ലക്ഷം രൂപ രണ്ടാംഘട്ടത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതികളിൽ സിനിമാ മേഖലയിലെ കലാകാരന്മാരും ഉൾപ്പെട്ടിട്ടുണ്ട്. സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2000 രൂപ വീതം നൽകിയിട്ടുണ്ട്. ഈ വർഷം 1000 രൂപ വീതം ധനസഹായം നൽകിവരുന്നു. കൂടാതെ ക്ഷേമനിധിയിൽ അംഗങ്ങളായ സിനിമാ പ്രവർത്തകർ ഉൾപ്പെടെയുള്ളവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബപെൻഷൻ എന്നിവ നൽകിവരുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ കലാകാരന്മാർക്ക് പൊതുവേദികൾ നഷ്ടപ്പെടുന്നതുകൊണ്ട് കലാസമൂഹത്തിന് കൈത്താങ്ങാകുവാൻ വിവിധ പദ്ധതികൾ സാംസ്കാരികകാര്യ വകുപ്പ് നടപ്പിലാക്കിവരുന്നു. കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവൻ മുഖേന വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ കലാ സമൂഹത്തിന് നവമാധ്യമത്തിലൂടെ വേദിയൊരുക്കുവാനും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുമായി കോവിഡ് ലോക്ഡൗൺ അനുബന്ധ സമാശ്വാസ പദ്ധതിയാണ് ' മഴമിഴി ' നവമാധ്യമ കലാസംഗമം. 2021 ഓഗസ്റ്റ് 28 മുതൽ നവംബർ 1 വരെ 65 ദിവസം നീണ്ടുനിന്ന 'മഴമിഴി' സാംസ്കാരികോത്സവം സംഘടിപ്പിച്ചു. ഗോത്രകലകൾ, നാടൻകലകൾ, അനുഷ്ഠാനകലകൾ, ക്രിസ്തീയകലകൾ, മാപ്പിളകലകൾ, ക്ഷേത്രകലകൾ, ശാസ്ത്രീയ നൃത്തം, ശാസ്ത്രീയ സംഗീതം, ഉപകരണ സംഗീതം, നാടകം, ചിത്രകല, ശില്പകല, ഫോട്ടോഗ്രഫി തുടങ്ങി 135-ഓളം കലാരൂപങ്ങളേയും ഭിന്നശേഷി, ട്രാൻസ്ജെൻഡേഴ്സ്, അന്ധ, ബധിര, മൂക കലാസംഘങ്ങൾ തുടങ്ങിയവരെ ഉൾപ്പെടുത്തി 380-ഓളം സംഘങ്ങളിലായി 3500-ൽപ്പരം കലാപ്രവർത്തകർക്ക് ധനസഹായവും സർഗ്ഗ പ്രകാശനങ്ങൾക്കുള്ള നവമാധ്യമ വേദിയും നൽകാൻ ഇതുവഴി വിഭാവനം ചെയ്തിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രതിസന്ധിയിലകപ്പെട്ട കേരളത്തിലെ നിർധനരായ കലാകാരന്മാരെ സാമ്പത്തികമായി

സഹായിക്കുന്നതിന് കേരള സംഗീത നാടക അക്കാദമി നടപ്പിലാക്കിയ 'സർഗ്ഗഭ്രമിക' എന്ന ഓൺലൈൻ പരിപാടിയിൽ 250 കലാകാരന്മാർ പങ്കെടുത്തു. ആയതിന് 5,03,300 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 25 അമേച്വർ കലാസമിതികൾക്ക് 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ കേരള സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കേരള ലളിത കലാ അക്കാദമി, കോവിഡ് കാലത്ത് കേരളത്തിലെ 14 ജില്ലകളിലെ 105 ചിത്രകാരന്മാർ സ്വന്തം വീടുകളിലിരുന്ന് ചിത്രം വരയ്ക്കുന്ന 'നിറകേരളം' (വർക്ക് അറ്റ് ഹോം) എന്ന പേരിൽ ദശദിന ചിത്രകലാ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. കലാകാരന്മാർക്ക് 25000 രൂപ വീതം ഓണറേറിയവും ക്യാൻവാസും നിറങ്ങൾക്കായി 2000 രൂപയും നൽകി. മഹാമാരിക്കാലത്ത് സാംസ്കാരിക വകുപ്പ് വിവിധ പദ്ധതികളിലൂടെ അവശത അനുഭവിക്കുന്ന കലാസമൂഹത്തിന് ശക്തമായ കൈത്താങ്ങായി പ്രവർത്തിച്ചിട്ടുണ്ട്.

**തിയേറ്റർ ഉടമകൾക്ക് നികുതി ഇളവുകൾ അനുവദിക്കുന്നതിന് നടപടി**

277 (6215) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തിയേറ്റർ അടഞ്ഞ് കിടക്കുന്നതുമൂലം ഉടമകൾക്കും ഇതുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവർക്കും പ്രയാസങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കോവിഡ് പ്രതിസന്ധിമൂലം സാമ്പത്തികനഷ്ടം നേരിട്ട തിയേറ്റർ ഉടമകൾക്ക് ഏതെങ്കിലും തരത്തിലുള്ള നികുതി ഇളവുകൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

നികുതി ഇളവുകളും മറ്റും നൽകിയിട്ടുണ്ട്. സിനിമാ തിയേറ്ററുകൾ കോവിഡ് പ്രതിരോധ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പരമാവധി 50% പ്രേക്ഷകരെ പ്രവേശിപ്പിച്ച് 25-10-2021 മുതൽ തുറന്നു പ്രവർത്തിപ്പിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സിനിമാ തിയേറ്ററുകൾക്കും 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ വൈദ്യുതി ഫിക്സഡ്/ഡിമാന്റ് ചാർജ്ജിലെ ഇളവുകൾ 25%-ൽനിന്ന് 50% ആയി ഉയർത്തി നൽകി. തുടർന്ന് 2020 ജൂൺ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ ഇക്കാര്യത്തിൽ 50% ഇളവുകൾ നല്കി. ഇളവ് കഴിച്ച് ബാക്കിയുള്ള തുക അടയ്ക്കുന്നതിന് 6 തുല്യമാസ തവണകളും അനുവദിച്ചു. ഏതെങ്കിലും തിയേറ്ററുകൾ ഇക്കാലയളവിലെ വൈദ്യുതി ബില്ലുകൾ ഭാഗീകമായോ പൂർണ്ണമായോ അടച്ചിട്ടുണ്ടെങ്കിൽ അർഹമായ ഇളവുകൾ തുടർന്നുള്ള ബില്ലുകളിൽ ക്രമപ്പെടുത്തി നല്കുവാനും അനുവദിച്ചിട്ടുണ്ട്. 2021 മേയ് മാസത്തിൽ ഫിക്സഡ് ചാർജ്ജ് 50% ആയി കുറവുചെയ്ത് നല്കിയിട്ടുണ്ട്. സിനിമാ തിയേറ്ററുകൾക്ക് 2020-21 കാലയളവിലുള്ള കെട്ടിട നികുതി തദ്ദേശഭരണ സ്ഥാപനങ്ങൾ 6 തവണ

വ്യവസ്ഥയിൽ 2021 ഏപ്രിൽ മുതൽ സ്വീകരിക്കുവാൻ അനുമതി നല്കി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിയേറ്ററുകൾക്ക് നൽകിയിരുന്ന ട്രേഡ് ലൈസൻസ് കാലാവധി കണക്കാക്കാതെ 2021 മാർച്ച് 31 വരെ പുതുക്കുവാനും അനുവദിച്ചു.

(ബി) തിയേറ്ററുകൾ തുറന്ന് പ്രവർത്തിച്ചാലും ഇല്ലെങ്കിലും ഉടമകൾ വിനോദ നികുതി ഒടുക്കേണ്ടിവരുന്നത് സാമ്പത്തിക പ്രതിസന്ധിമൂലം ദുരിതമനുഭവിക്കുന്ന ഈ മേഖലയിലുള്ളവർക്ക് ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ മേഖലയിലുള്ളവർക്ക് ആവശ്യമായ ഇളവുകൾ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

തിയേറ്ററുകൾ അടഞ്ഞുകിടക്കുന്ന സമയത്ത് വിനോദനികുതി ഒടുക്കേണ്ടതില്ല. തിയേറ്ററുകളിൽ വില്പന നടത്തുന്ന ടിക്കറ്റുകൾക്കാണ് വിനോദ നികുതി നൽകിവരുന്നത്. സിനിമാ തിയേറ്ററുകളുടെ 2020-2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള വിനോദ നികുതി ഒഴിവാക്കിയിട്ടുണ്ട്. സിനിമാ തിയേറ്റർ മേഖലയിൽ കൂടുതൽ ഇളവുകളും സഹായ പദ്ധതികളും നടപ്പിലാക്കുന്ന കാര്യം സർക്കാർ മുൻഗണന നൽകി പരിഗണിച്ച് വരുന്നുണ്ട്.

(സി) കോവിഡ് പ്രോട്ടോക്കോൾ പ്രകാരം തിയേറ്ററുകൾ തുറന്ന് പ്രവർത്തിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഈ മേഖലയിൽ കൂടുതൽ പ്രതിസന്ധി സൃഷ്ടിക്കുന്നതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

സിനിമാ മേഖലയുടെ വളർച്ചയ്ക്കും തിയേറ്ററുകൾ തുറന്നു പ്രവർത്തിക്കുന്നതിനും സഹായകരമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. കോവിഡ് പ്രോട്ടോക്കോളുകളും സുരക്ഷിതത്വ മുൻകരുതലുകളും കൃത്യമായി പാലിക്കേണ്ടത് പൊതുജന താൽപ്പര്യപ്രകാരമുള്ള നടപടിയാണ്. തിയേറ്ററുകളിലെത്തുന്ന പ്രേക്ഷകർ രണ്ട് വാക്സിനുകൾ സ്വീകരിച്ചിരിക്കണമെന്ന നിബന്ധന ഒരു വാക്സിൻ എന്നായി കുറച്ചിട്ടുണ്ട്.

**ഒ.ടി.ടി. പ്ലാറ്റ്ഫോം വഴിയുള്ള സിനിമ പ്രദർശനം**

278 (6216) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ പൂർണ്ണമായും പ്രതിസന്ധിയിലായ സിനിമ മേഖലയെ കരകയറ്റുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ വിവിധ സമാശ്വാസ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സിനിമാ തിയേറ്ററുകൾക്കും 2020

മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ വൈദ്യുതി ഫിക്സഡ്/ഡിമാന്റ് ചാർജ്ജിലെ ഇളവുകൾ 25%-ൽനിന്ന് 50% ആയി ഉയർത്തി നൽകി. തുടർന്ന് 2020 ജൂൺ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ 50% ഇളവുകൾ നൽകി. ഇളവ് കഴിച്ച് ബാക്കിയുള്ള തുക അടയ്ക്കുന്നതിന് 6 തുല്യമാസ തവണകളും അനുവദിച്ചു. ഏതെങ്കിലും തിയേറ്ററുകൾ ഇക്കാലയളവിലെ വൈദ്യുതി ബില്ലുകൾ ഭാഗീകമായോ പൂർണ്ണമായോ അടച്ചിട്ടുണ്ടെങ്കിൽ അർഹമായ ഇളവുകൾ തുടർന്നുള്ള ബില്ലുകളിൽ ക്രമപ്പെടുത്തി നൽകുവാനും പ്രസ്തുത ഉത്തരവുപ്രകാരം അനുവദിച്ചിട്ടുണ്ട്. 2021 മേയ് മാസത്തിൽ ഫിക്സഡ് ചാർജ്ജ് 50% ആയി കുറവുചെയ്തു നല്കിയിട്ടുണ്ട്. സിനിമാ തിയേറ്ററുകൾക്ക് 2020-21 കാലയളവിലുള്ള കെട്ടിട നികുതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 6 തവണ വ്യവസ്ഥയിൽ 2021 ഏപ്രിൽ മുതൽ സ്വീകരിക്കുവാൻ അനുമതി നല്കി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിയേറ്ററുകൾക്ക് നല്കിയിരുന്ന ട്രേഡ് ലൈസൻസ് കാലാവധി കണക്കാക്കാതെ 2021 മാർച്ച് 31 വരെ പുതുക്കുവാനും അനുവദിച്ചു. സിനിമാ തിയേറ്ററുകളുടെ 2020-2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള വിനോദ നികുതിയും ഒഴിവാക്കിയിട്ടുണ്ട്. സിനിമാ തിയേറ്ററുകളിൽ കോവിഡ് പ്രതിരോധ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് 50% പ്രേക്ഷകരെ വച്ച് 25-10-2021 മുതൽ തുറന്നു പ്രവർത്തിപ്പിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. കോവിഡ് മൂലം പ്രതിസന്ധിയിലായ കലാകാരൻമാർക്ക് ധനസഹായം അനുവദിച്ച പദ്ധതി പ്രകാരം, സിനിമാ മേഖലയിലെ കലാകാരന്മാർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. അതുപ്രകാരം കഴിഞ്ഞ സാമ്പത്തികവർഷം ആദ്യ ഘട്ടത്തിൽ 2364 സിനിമാ കലാകാരന്മാർക്ക് 2000 രൂപ വീതം ധനസഹായം നൽകി. രണ്ടാംഘട്ടത്തിൽ 29050 പേർക്ക് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1000 രൂപ വീതം ധനസഹായം നൽകിയ പദ്ധതിയിലും ചലച്ചിത്ര മേഖലയിലുള്ളവർ ഉൾപ്പെട്ടിരുന്നു. സിനിമാ തിയേറ്ററുകൾക്കുള്ള വിനോദ നികുതി, വൈദ്യുതി ചാർജ്ജ്, കെട്ടിടനികുതി തുടങ്ങിയ ഇനങ്ങളിൽ കൂടുതൽ ഇളവുകളും മറ്റ് സഹായ പദ്ധതികളും നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്.

(ബി) നിലവിൽ സിനിമ മേഖല പൂർണ്ണമായും ആശ്രയിക്കുന്ന ഒ.ടി.ടി. പ്ലാറ്റ്ഫോം വഴിയുള്ള ചിത്രങ്ങളുടെ പ്രദർശനത്തിന് പ്രത്യക്ഷ നികുതി വരുമാനം സർക്കാരിന് ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഒ.ടി.ടി. പ്ലാറ്റ്ഫോം വഴിയുള്ള സിനിമകളുടെ പ്രദർശനത്തിന് ലഭിക്കുന്ന പ്രത്യക്ഷ നികുതി വരുമാനവുമായി ബന്ധപ്പെട്ട വിവരങ്ങൾ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ ലഭ്യമല്ലെന്ന് അറിയിച്ചിട്ടുണ്ട്.

## യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ

279 (6217) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) യുവജനക്ഷേമ ബോർഡ് നടപ്പാക്കി വരുന്ന പദ്ധതികൾ വിശദീകരിക്കാമോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചാണോ യുവജനക്ഷേമ ബോർഡിന്റെ പദ്ധതികൾ നടപ്പാക്കുന്നതെന്ന് അറിയിക്കാമോ?

(എ&ബി) യുവജനങ്ങളുടെ ഭൗതികവും സാംസ്കാരികവും സാഹിത്യപരവും കലാകായികപരവും തൊഴിൽപരവുമായ സർവ്വതോന്മുഖമായ വികസനത്തിനായി യുവജന ശാക്തീകരണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഏകോപിപ്പിക്കുകയും നടപ്പിലാക്കുകയുമാണ് ബോർഡിന്റെ പ്രധാന ലക്ഷ്യം. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കിയ കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്, ദുരന്തനിവാരണ പ്രവർത്തനങ്ങൾ, കോവിഡ്- 19 പ്രതിരോധ പ്രവർത്തനങ്ങൾ, പ്ലാസ്മാ ഡൊണേഷൻ ക്യാമ്പയിൻ, കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് ക്ലബ്ബുകൾക്കുള്ള ധനസഹായം, എൽ.ഇ.ഡി ബൾബ് നിർമ്മാണ ഓൺലൈൻ പരിശീലനം, സൈക്കിൾ ക്ലബ്ബ് രൂപീകരണം, സ്റ്റുഡിയോയും ഓൺലൈൻ ക്ലാസ്സ് റൂമും, കെ.എ.എസ് പ്രിലിമിനറി & മെയിൻ പരീക്ഷാ സൗജന്യ പരിശീലനം, പി.എസ്.സി മത്സര പരീക്ഷാ പരിശീലനം, അമച്വർ നാടകോത്സവം, ട്രാൻസ് ജെൻഡേഴ്സ് ശാക്തീകരണം, ഷോർട്ട് ഫിലിം ഡോക്യുമെന്റേഷൻ ഫെസ്റ്റിവൽ, കളരിപ്പയറ്റ് പരിശീലനം, സെവൻസ് ഫുട്ബോൾ, കലാഭവൻ മണി മെമ്മോറിയൽ നാടൻപാട്ട് മത്സരം, ഫിഫ 2018 ബിഗ് സ്ക്രീൻ പ്രദർശനം, യൂത്ത് കേരള എക്സ്പ്രസ്സ്, യുവാക്ലബ്ബുകൾ, സ്വാമി വിവേകാനന്ദ യുവ പ്രതിഭാ പുരസ്കാരം, നാഷണൽ ഫോക്ഫെസ്റ്റ് ഓഫ് കേരള, കേരളോത്സവം തുടങ്ങിയ പദ്ധതികളിലൂടെ യുവജനങ്ങളുടെ കഴിവുകളും തൊഴിൽ സാധ്യതകളും പരിപോഷിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കേരളോത്സവം, യുവശക്തി തുടങ്ങിയ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് നടപ്പിലാക്കുന്നത്.

(സി) ആദിവാസി ഗോത്രവർഗ്ഗ യുവജനങ്ങളുടെ വികസനത്തിനായി സംസ്ഥാനത്ത് എവിടെയെങ്കിലും ട്രൈബൽ യൂത്ത് ഡെവലപ്മെന്റ് സെന്റർ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ഘടനയും പ്രവർത്തനങ്ങളടക്കമുള്ള വിശദാംശങ്ങളും നടപ്പിലാക്കുന്ന പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ആദിവാസി ഗോത്രവർഗ്ഗ യുവജനങ്ങളുടെ വികസനത്തിനായി ട്രൈബൽ യൂത്ത് ഡെവലപ്മെന്റ് സെന്റർ ആരംഭിച്ചിട്ടില്ല.

## സംസ്ഥാന യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾ

280 (6218) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവാക്കളെ ശാക്തീകരിക്കുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി രൂപീകരിച്ച സംസ്ഥാന യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കേരള സംസ്ഥാന യുവജന കമ്മീഷൻ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

'മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസികാരോഗ്യം എന്നിവ സംബന്ധിച്ചും ബോധവത്കരണം' എന്ന പദ്ധതിയിലൂടെ കോളേജുകളിലും എസ്.സി/എസ്.ടി. കോളനികളിലും യുവജന ക്ലബ്ബുകളിലും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. ഇതിനായി കോ-ഓർഡിനേറ്റർമാരെ നിയോഗിക്കുന്നു. യുവാക്കളായ സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുത്ത് വിദഗ്ധരുടെ നേതൃത്വത്തിൽ പരിശീലനം നൽകുന്നു. ഇതിലൂടെ ബോധവത്കരണ പരിപാടികളിൽ അനവധി യുവാക്കളെ നേരിട്ട് പങ്കാളികളാക്കാനും കോവിഡ് കാലത്ത് ഇവരുടെ സേവനം ഉപയോഗിക്കാനും കഴിഞ്ഞു. ജില്ലകളിൽ 'അദാലത്തുകളും ലോക്കൽ ലെവൽ സിറ്റിംഗും' നടത്തുന്നതിലൂടെ യുവാക്കളുടെ അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും നിഷേധിച്ചതായി പറയുന്ന പരാതികളിൻമേലും പ്രഥമദൃഷ്ട്യാ ബോധ്യമാകുന്ന പ്രശ്നങ്ങളിൻമേൽ അന്വേഷണം നടത്തുകയും, അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും നടപടികൾക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്നു. സെമിനാറുകൾ, സിമ്പോസിയം, വർക്ക്ഷോപ്പ്- യുവാക്കളിൽ സാമൂഹ്യ ബോധവും നിയമ അവബോധവും, യുവജനങ്ങളുടെ അവകാശങ്ങളെ സംബന്ധിച്ചും ലിംഗ സമത്വം തുടങ്ങിയ വിഷയങ്ങളിലും യുവജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ യുവജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ദേശീയ സെമിനാറും ജില്ലാതലത്തിൽ സെമിനാർ/സിമ്പോസിയം/ശില്പശാല എന്നിവയും സംഘടിപ്പിക്കുന്നു. സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുള്ളതും കല, സംസ്കാരം, സാഹിത്യം, കായികം, കൃഷി, സാമൂഹ്യ സേവനം, വ്യവസായം, സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ ഉന്നതനേട്ടങ്ങൾ കൈവരിച്ചവരുമായ യുവാക്കളെ 'യൂത്ത് ഐക്കൺ' എന്ന ബഹുമതി നൽകി

ആദരിക്കുന്നു. യൂത്ത് ഐക്കൺ അവാർഡിലൂടെ യുവാക്കൾക്ക് വിവിധ മേഖലകളിൽ നേട്ടങ്ങൾ കൈവരിക്കുന്നതിന് പ്രചോദനം നൽകുന്നു. എല്ലാ വർഷവും ജനുവരി 12 ‘ ദേശീയ യുവജന ദിനം’ ആയി ആഘോഷിക്കാറുള്ളതാണ്. പ്രസ്തുതദിനം സംസ്ഥാനത്ത് വിപുലമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി യുവാക്കൾക്കായി മദ്യം, മയക്കമരുന്ന് എന്നിവയ്ക്കെതിരെ ബോധവത്ക്കരണവും റോഡുസുരക്ഷ, വാഹനറാലി, മറ്റ് പരിപാടികൾ എന്നിവയും സംഘടിപ്പിക്കുന്നു. യുവാക്കളിൽ നിയമ അവബോധമുണ്ടാക്കുന്നതിന് ഇ.എം.എസ്. അനുസ്മരണ അന്തർ സർവ്വകലാശാല പ്രസംഗ മത്സരങ്ങൾ നടത്തുകയും ചെയുന്നു. 'പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം/ആരോഗ്യ പരിപാലനം' പദ്ധതിയുടെ ഭാഗമായി സാമൂഹ്യനീതി വകുപ്പും പട്ടികവർഗ്ഗ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഗോത്രവർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾക്ക് ആരോഗ്യരംഗത്ത് ബോധവത്കരണം നൽകുകയും ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. ‘ യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ പദ്ധതിയിലൂടെ യുവജനങ്ങൾക്ക് സൗജന്യ നിയമ സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സാമ്പത്തികവും സാമൂഹികവുമായി ഏറെ പിന്നോക്കം നിൽക്കുന്ന യുവജനങ്ങളിൽ നിയമ സഹായം ആവശ്യമുള്ളവർക്കായി ഒരു ടോൾഫ്രീ നമ്പറിലൂടെ സേവനം നൽകുന്നതിന് ഒരു ഓൺലൈൻ പ്ലാറ്റ് ഫോം ഡെവലപ് ചെയ്ത് ടി പദ്ധതിക്കായി രണ്ട് പേരടങ്ങുന്ന ഒരു നിയമ വിദഗ്ദ്ധ പാനൽ രൂപീകരിച്ച് നിയമ സഹായം നൽകിവരുന്നു. യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാം പദ്ധതിയിലൂടെ യുവജനങ്ങളിൽ പരിസ്ഥിതി സംരക്ഷണം, പൗരബോധം, ജനാധിപത്യബോധം, സാമൂഹികബോധം, നിയമ സാക്ഷരത തുടങ്ങിയവ വളർത്തിയെടുക്കുന്നതിനാവശ്യമായ നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായി, കൂട്ടായ പരിശ്രമത്തിലൂടെയുള്ള പരിസ്ഥിതി സംരക്ഷണത്തിലൂടെ പൗരബോധം, ജനാധിപത്യ ബോധം, സാമൂഹ്യബോധം എന്നിവ പരിപോഷിപ്പിച്ച് ഈ തലമുറയ്ക്കും വരുംതലമുറയ്ക്കും മലിനീകരിക്കപ്പെടാത്ത ജലവും വിഷരഹിതമായ ഭക്ഷ്യ സാധനങ്ങളും ശുദ്ധവായുവും പ്രദാനം ചെയ്ത് ആരോഗ്യ സമ്പന്നമായ ജീവിതം ഉറപ്പുവരുത്തുക എന്ന ഉദ്ദേശ്യത്തോടെ 'ഗ്രീൻ യൂത്ത്' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഫെസിലിറ്റേഷൻ പ്രോഗ്രാം പദ്ധതിയുടെ ഭാഗമായ വിർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന യുവാക്കൾക്ക് തൊഴിലവസരങ്ങൾ സംബന്ധിച്ച അറിയിപ്പ് നൽകുന്നതിനും തൊഴിൽ നേടാൻ പറ്റിയ കോഴ്സുകൾ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും സർക്കാർ, സ്വകാര്യ, തൊഴിൽദായകരിൽനിന്നും ലഭ്യമായ തൊഴിലവസരങ്ങൾ സംബന്ധിച്ച വിവരങ്ങൾ യുവജനങ്ങളിൽ എത്തിക്കുന്നതിനുമായി കെൽട്രോൺ മുഖേന പൂർത്തീകരിച്ച ജോബ് പോർട്ടൽ പദ്ധതി പൂർണ്ണമായും പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. കൂടാതെ ടി പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി മൊബൈൽ ആപ്പ് കെൽട്രോൺ മുഖേന വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ജോബ് ഫെസ്റ്റുകൾ സംഘടിപ്പിച്ചുവരുന്നു.

(ബി) പീഡനങ്ങൾക്കിരയായി നിർഭയ, ആഫ്റ്റർ കെയർ ഹോമുകളിലെത്തി ഇരുപത്തിയൊന്ന് വയസ്സാകുമ്പോൾ സർക്കാർ മഹിളാ മന്ദിരങ്ങളിലെത്തുന്ന യുവതികൾക്ക് തൊഴിൽ പരിശീലനം നൽകി അവരെ സ്വയംപര്യാപ്തരാക്കുന്നതിനായി യുവജന കമ്മീഷൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

കേരള സംസ്ഥാന യുവജന കമ്മീഷൻ ഇത്തരത്തിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

(സി) പരിസ്ഥിതി സംരക്ഷണം, കൃഷിയുമായി ബന്ധപ്പെട്ട തൊഴിലിനെക്കുറിച്ച് ബോധവൽക്കരണം എന്നിവയ്ക്കായി യുവജനങ്ങളെ കണ്ടെത്തി അവർക്ക് ആവശ്യമായ പരിശീലനം നൽകി സർക്കാർ പദ്ധതികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനുതകുന്ന പ്രത്യേക പദ്ധതികൾ യുവജന കമ്മീഷൻ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. കേരള സംസ്ഥാന യുവജന കമ്മീഷൻ യുവജനങ്ങളുടെ 'ഫെസിലിറ്റേഷൻ പ്രോഗ്രാം' പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രീൻ യൂത്ത് പദ്ധതി സംഘടിപ്പിച്ചുവരുന്നു. തനിമയോടുകൂടി നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനുള്ള ചുമതലാബോധം യുവതലമുറയിലുണ്ടാക്കുന്നതിനും കൂട്ടായ പരിശ്രമത്തിലൂടെ പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്നതിനും 14 ജില്ലകളിലും സേവന സന്നദ്ധരായ ഓരോ ഗ്രീൻ യൂത്ത് ജില്ലാ കോ-ഓർഡിനേറ്റർമാരെയും ഒരു ഗ്രീൻ യൂത്ത് ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്ററേയും തെരഞ്ഞെടുത്ത് പരിസ്ഥിതി സംരക്ഷണം നടത്തിവരുന്നു. ആയതിന്റെ ഭാഗമായി ജലാശയങ്ങളുടെ ശുചീകരണവും കൂടാതെ ' ഗ്രീൻ സോൺ' എന്ന പേരിൽ തരിശ് ഭൂമികൾ കണ്ടെത്തി പച്ചക്കറി കൃഷി, നെൽകൃഷി എന്നിവയും നടത്തിവരുന്നു. ജില്ലകളിൽ സംസ്ഥാനതല യുവകർഷക സംഗമം 2020-21 സാമ്പത്തിക വർഷം സംഘടിപ്പിച്ചു. യുവകർഷകർക്ക് ഒത്തുകൂടാനും പുത്തൻ കൃഷിരീതികളെയും കൃഷിയിലെ നവീനമായ സാങ്കേതികവിദ്യകളെയും സംബന്ധിച്ച് ബോധവത്കരണവും സംശയങ്ങൾ ദൂരീകരിക്കലും കൃഷിയിൽ താല്പര്യമുള്ള യുവതയ്ക്ക് ഊർജ്ജം നൽകുക, ജൈവകൃഷിരീതിയും അതിനോട് അനുബന്ധമായ സംരംഭകത്വവും പ്രോത്സാഹിപ്പിക്കുക എന്നിവയ്ക്കായി വിദഗ്ദ്ധരുടെ ക്ലാസ്സുകളും സാംസ്കാരിക പരിപാടികളും യുവകർഷക സംഗമത്തിലൂടെ നടത്തിവരുന്നു.

**തൊഴിൽരഹിതരായ യുവാക്കൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് പദ്ധതി**

281 (6219) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ വകുപ്പ് മുഖേന തൊഴിൽരഹിതരായ യുവാക്കൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് ഏതെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ ഇടുക്കി ജില്ലാ യുവജന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ജില്ലകളിലെ യൂത്ത് കോ-ഓർഡിനേറ്റർമാരും കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് അംഗങ്ങളും ചേർന്ന് എൽ.ഇ.ഡി. ചലഞ്ച് എന്ന സംരംഭത്തിന് തുടക്കമിടുകയും എൽ.ഇ.ഡി. ബൾബുകൾ നിർമ്മിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും തെരഞ്ഞെടുത്ത വോളന്റിയർമാർക്ക് പരിശീലനം നൽകുകയുമുണ്ടായി. പരിശീലനം പൂർത്തിയാക്കിയവർ ചേർന്ന് എൽ.ഇ.ഡി. ബൾബുകൾ നിർമ്മിക്കുകയും ഈ ബൾബുകൾക്ക് യുവ എൽ.ഇ.ഡി. ബൾബ് എന്ന് നാമകരണം നടത്തുകയും ചെയ്തു. പരിശീലനത്തിന്റെ ഭാഗമായി നിർമ്മിച്ച 9 വാട്ട് ബൾബുകൾ വിപണിയിലെത്തിക്കുകയും ഇതുവഴി സമാഹരിച്ച തുക ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകുകയും ചെയ്തു. സംസ്ഥാനത്താകെ 680 പേർക്ക് ഈ പരിശീലനം നൽകുകയും 2,98,415 രൂപ സമാഹരിക്കുകയും ചെയ്തിട്ടുണ്ട്. യുവജന കൂട്ടായ്മകൾ രൂപപ്പെടുത്തി പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും അതിലൂടെ വരുമാനം ആർജ്ജിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ടി പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ വിജയിച്ചിട്ടുണ്ട്. കേരള സംസ്ഥാന യുവജന കമ്മീഷൻ നടത്തുന്ന യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാം പദ്ധതിയിലെ വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ഭാഗമായി യുവാക്കൾക്ക് തൊഴിലവസരങ്ങൾ സംബന്ധിച്ച അറിയിപ്പ് നൽകുന്നതിനും തൊഴിൽ നേടാൻ പറ്റിയ കോഴ്സുകൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും സർക്കാർ, സ്വകാര്യ തൊഴിൽദായകരിൽനിന്നും ലഭ്യമായ തൊഴിലവസരങ്ങൾ സംബന്ധിച്ച വിവരങ്ങൾ യുവജനങ്ങളിൽ എത്തിക്കുന്നതിനുമായി കെൽട്രോൺ മുഖേന പൂർത്തീകരിച്ച ജോബ് പോർട്ടൽ പദ്ധതി പൂർണ്ണമായും പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. കൂടാതെ ടി പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി മൊബൈൽ ആപ്പ് കെൽട്രോൺ മുഖേന വികസിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ തൊഴിൽദായകരിൽനിന്നും തൊഴിലന്വേഷകർക്ക് തൊഴിലവസരങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്നതിനായി സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ജോബ് ഫെസ്റ്റുകൾ സംഘടിപ്പിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് യുവജനങ്ങളുടെ നേതൃത്വത്തിലുള്ള സഹകരണ സംഘങ്ങൾ രൂപീകരിക്കുമ്പോൾ യുവതലമുറയ്ക്ക് സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിന് ഏതെങ്കിലും പദ്ധതികളുടെ നടത്തിപ്പോ, മേൽനോട്ടമോ ഇത്തരം സംഘങ്ങളെ ഏൽപ്പിക്കുന്നതിനായി യുവജനക്ഷേമ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

യുവജനങ്ങളുടെ നേതൃത്വത്തിലുള്ള സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള പദ്ധതികൾ ഒന്നുംതന്നെ പരിഗണനയിലില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 a.m.]

## II അടിയന്തരപ്രമേയം

### കോഴിക്കോട് കെ.എസ്.ആർ.ടി.സി. സമുച്ചയം

മി. സ്പീക്കർ: കോഴിക്കോട് കെ.എസ്.ആർ.ടി.സി. സമുച്ചയ നിർമ്മാണത്തിലെ അപാകതകൾ കാരണം കെട്ടിടത്തിന് ബലക്ഷയമുള്ളതായും മാനദണ്ഡങ്ങളിൽ ഇളവുനൽകി കുറഞ്ഞനിരക്കിൽ പ്രസ്തുത കെട്ടിടം ലീസ് നൽകിയതിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് നഷ്ടമുണ്ടായിട്ടുള്ളതായും പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ടി. സിദ്ദിഖ്, എൻ. ഷംസുദ്ദീൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

റൂൾ 50 അനുസരിച്ച് ഇന്ന് ലഭിച്ചിട്ടുള്ള അടിയന്തരപ്രമേയ നോട്ടീസ് കോഴിക്കോട് കെ.എസ്.ആർ.ടി.സി. കെട്ടിടസമുച്ചയത്തിന്റെ നിർമ്മാണത്തിലെ അപാകതകൾ സംബന്ധിച്ചാണ്. ചട്ടം 50 പ്രകാരം സഭയിൽ ഉന്നയിക്കാൻതക്കവിധമുള്ള അടിയന്തരപ്രാധാന്യം ടി വിഷയത്തിനുണ്ടെന്ന് കാണുന്നില്ല. പൊതുപ്രാധാന്യമുള്ളതും കൂടുതൽ ഗൗരവമുള്ളതുമായ വിഷയങ്ങളാണ് ചട്ടം 50 പ്രകാരം അനുവദനീയമായിട്ടുള്ളത്. ചട്ടം 52-ൽ പറയുന്നത് അടിയന്തരപ്രാധാന്യമുള്ള സംഗതി ചർച്ച ചെയ്യാമെന്നാണ്. ചട്ടം 304 പ്രകാരം ഒരു സബ്മിഷനായി ഉന്നയിക്കാൻ മാത്രം പര്യാപ്തമായിട്ടുള്ള ഒരു വിഷയമാണ് ഇന്ന് റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുള്ളത്. എന്നിരുന്നാലും പ്രതിപക്ഷത്തിന്റെ അവകാശമാണെന്നതുകൊണ്ട് അവതരിപ്പിക്കാൻ അനുവദിക്കുന്നു. പക്ഷേ വളരെ സംക്ഷിപ്തമായി ബഹുമാനപ്പെട്ട അംഗം ടി. സിദ്ദിഖ് വിഷയം ഉന്നയിക്കണം, സഭയുടെ സമയം വളരെ വിലപ്പെട്ടതാണ്. സബ്മിഷൻ ഉന്നയിച്ച് മറുപടി കിട്ടാവുന്ന വിഷയമാണ്. സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാനുള്ള നോട്ടീസാണ് ലഭിച്ചിരിക്കുന്നത്. അത് അവതരിപ്പിക്കാൻ അനുവദിക്കുകയാണ്. വളരെ സംക്ഷിപ്തമായി അങ്ങ് സംസാരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, 2009-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് വിഭാവനം ചെയ്തതും 2011-2016 കാലഘട്ടത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് നിർമ്മാണം നടത്തിയതുമായ കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സിന്റെ നിർമ്മാണത്തെക്കുറിച്ചുള്ള അടിയന്തരപ്രമേയം ആരെ ലക്ഷ്യമാക്കിയുള്ളതാണെന്ന് എനിക്കറിയില്ല. 2004-2005-ൽ കെ.എസ്.ആർ.ടി.സി.-യുടെ

വാണിജ്യ സാധ്യതയുള്ള സ്ഥലങ്ങളിൽ സാമ്പത്തികനില മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടുകൂടി ബിൽഡ് ഓപ്പറേറ്റ് ട്രാൻസ്ഫർ (ബി.ഒ.ടി.) മാതൃകയിൽ രൂപപ്പെടുത്തിയ നാല് പദ്ധതികളിൽപ്പെടുന്നതാണ് കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സ്. 2004-ലെ യു.ഡി.എഫ്. ഭരണകാലം മുതൽതന്നെ കെ.എസ്.ആർ.ടി.സി. എംപാനൽ ചെയ്ത ആർക്കിടെക്റ്റതന്നെയാണ് കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സിന്റെ രൂപകൽപ്പന ചെയ്തിട്ടുള്ളത്. ആദ്യഘട്ടത്തിൽ റഫ് കോസ്റ്റ് എസ്റ്റിമേറ്റായിരുന്നു. പിന്നീട് ഡി.പി.ആർ. വിപുലീകരിക്കുകയും അടങ്കൽ തുക 54 കോടി രൂപയായി പുനർനിശ്ചയിക്കുകയും ചെയ്തു. പദ്ധതി പൂർത്തീകരിച്ചപ്പോൾ 75 കോടി രൂപയാണ് ചെലവായത്. 1-6-2015-ൽ ടി ബസ് ടെർമിനൽ കോംപ്ലക്സിന്റെ ഉദ്ഘാടനം അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയാണ് നിർവ്വഹിച്ചത്. 25-3-2015-ൽ കെട്ടിടമൊന്നാകെ വാണിജ്യത്തിന് ഒറ്റ യൂണിറ്റ് അടിസ്ഥാനത്തിൽ ടെണ്ടർ ചെയ്തെങ്കിലും ഒന്നും രണ്ടും ടെണ്ടറുകളിൽ ഒരു തുകയും ഓഫർ ചെയ്തിരുന്നില്ല. മൂന്നാം ടെണ്ടറിൽ ഓഫർ ചെയ്ത തുകയുടെ ഉറവിടത്തെക്കുറിച്ച് പരാതികളും കോടതിവ്യവഹാരങ്ങളുമുണ്ടായി. കേസ് ഹൈക്കോടതിയിൽ വ്യവഹാരത്തിലിരിക്കെ പ്രസ്തുത ഓഫറർ സ്വയമേ പിന്മാറുകയാണുണ്ടായത്. അദ്ദേഹം കെട്ടിവച്ച അഞ്ചുകോടി രൂപ കോടതി അനുമതിയോടെ മടക്കി നൽകുകയും ചെയ്തു. അതിനാൽ കമ്പനി നാലാം ടെണ്ടർ 19-9-2018-ൽ വിളിച്ചു. പ്രസ്തുത ടെണ്ടറിൽ ഏറ്റവുമധികം തുക ക്വാട്ട് ചെയ്തത് 37 വർഷത്തേയ്ക്ക് 257 കോടി രൂപയാണ്. 72 ലക്ഷം രൂപ പ്രതിമാസ വാടകയാണ്. അതായത് 43 ലക്ഷം രൂപ പ്രതിമാസ വാടകയും പത്ത് ശതമാനം വീതം മൂന്ന് വർഷത്തിലൊരിക്കലുള്ള ഇൻക്രീസും 17 കോടി രൂപയുടെ ഡെപ്പോസിറ്റും ചേർത്താൽ 72 ലക്ഷം രൂപയുടെ പ്രതിമാസ വാടക മൂല്യമുള്ളതാണ്. പ്രസ്തുത ഓഫർ ഏതാണ്ട് തുല്യ വിസ്തീർണ്ണമുള്ള അതേസ്ഥലത്തെ അതായത് കോഴിക്കോട് പ്രദേശത്തെ വാണിജ്യ ഓഫറുകളുമായി തുലനം ചെയ്യുകയുണ്ടായി. ഉദാഹരണത്തിന് ഒരു ലക്ഷം സ്ക്വയർ ഫീറ്റുള്ള കോഴിക്കോട് സൈബർ പാർക്കിന് ചതുരശ്ര അടിക്ക് മുപ്പത്തിയഞ്ച് രൂപ ഇപ്പോഴും ലഭിക്കും. ഡിമോണിറ്റൈസേഷൻ, പ്രളയം, കോവിഡ്, ബിൽഡിംഗിന്റെ ഡിപ്രീസിയേഷൻ തുടങ്ങിയ കാരണങ്ങളാൽ മാർക്കറ്റ് മൂല്യംകുറയുന്ന സാഹചര്യത്തിൽ ഇത് നീതീകരിക്കത്തക്കതായി കണ്ടു. ബസ് ടെർമിനൽ കോംപ്ലക്സ് പരിസരത്ത് ഗ്രൗണ്ട് ഫ്ളോറിലെ ചെറിയ ചില കെട്ടിടങ്ങളിലെ വിസ്തീർണ്ണങ്ങൾക്ക് ലഭിക്കുന്ന കൂടിയ വാടക ഒന്നരലക്ഷം സ്ക്വയർ ഫീറ്റ് സമുച്ചയത്തിന് ലഭിക്കില്ല എന്നത് വ്യക്തമായിരുന്നു. മാത്രമല്ല മൂന്ന്, നാല് ടെണ്ടറുകൾക്കിടയിൽ അതായത് 2015-നും 2018-നുമിടയിൽ മാർക്കറ്റ് മൂല്യം ഞാൻ നേരത്തെ പറഞ്ഞ പല കാരണങ്ങൾകൊണ്ടും പൊതുവെ കുറയുന്നതാണ്

കണ്ടത്. ടി സാഹചര്യത്തിൽ തുടരെയുള്ള നാല് ടെണ്ടറുകളിൽ അവസാനം ലഭിച്ച ഏറ്റവും മൂല്യമുള്ള ഓഫർ വൈകാതെ സ്വീകരിക്കുന്നതാണ് നല്ലതെന്ന് കണ്ടതിനാൽ കെ.ടി.ഡി.എഫ്.സി. ഡയറക്ടർ ബോർഡ് അപ്രകാരം ശിപാർശ ചെയ്യുകയും സർക്കാർ അത് കാബിനറ്റിൽ പരിഗണിച്ച് ഉത്തരവായി അംഗീകരിക്കുകയും ചെയ്തു. ഏറെക്കാലം ഒഴിഞ്ഞുകിടന്നാൽ തുടർന്ന് കെ.ടി.ഡി.എഫ്.സി.-യുടെ ചെലവിലെ പരിപാലനം, അറ്റകുറ്റപ്പണികൾ എന്നിവ കമ്പനിക്ക് അധിക ബാധ്യതയുണ്ടാക്കുമെന്നതും പരിഗണിച്ചു. 2018-ൽത്തന്നെ കെട്ടിടത്തിന്റെ ബെയ്സ്മെന്റിലെ സ്ലാബിലെ ചെറിയ പൊട്ടൽ ശ്രദ്ധയിൽപ്പെട്ടിരുന്നു. 3-4-2019-ന് കെ.ടി.ഡി.എഫ്.സി. ഡയറക്ടർ ബോർഡ് അന്ന് കോഴിക്കോട് എൻ.ഐ.ടി. നടത്തിയ പ്രാഥമികപഠനം ശിപാർശ ചെയ്തപ്രകാരം വിശദപഠനം നടത്താൻ മദ്രാസ് ഐ.ഐ.ടി.-യുടെ സ്ട്രക്ചറൽ എഞ്ചിനീയറിംഗ് ലബോറട്ടറി വിഭാഗത്തെ ഏൽപ്പിച്ചു. നിർമ്മാണ പിഴവിൽ കമ്പനിക്ക് നഷ്ടമോ അനധികൃത നേട്ടമോ ഉണ്ടായോ എന്നതിൽ വിജിലൻസ് അന്വേഷണവും സർക്കാരിനോട് അഭ്യർത്ഥിച്ചു. അതിന് ഒന്നാം പിണറായി സർക്കാർ അനുമതി നൽകുകയും ചെയ്തു. വിജിലൻസ് അന്വേഷണം ഇപ്പോഴും നടന്നുവരികയാണ്. 29-11-2019-ൽ മദ്രാസ് ഐ.ഐ.ടി.-യുടെ പ്രാഥമിക റിപ്പോർട്ടിൽ ബസ് ടെർമിനലിന്റെ അവസ്ഥ നിർണ്ണായകമാണെങ്കിലും നിലവിൽ ഓപ്പറേഷൻ നടത്താവുന്നതാണെന്ന് ശിപാർശ ചെയ്തിരുന്നു. നോൺ ഡിസ്ട്രക്റ്റീവ് ടെസ്റ്റും പാർഷ്യലി ഡിസ്ട്രക്റ്റീവ് ടെസ്റ്റും നടത്തി റിസൾട്ട് ലഭിച്ചശേഷം ഡിസ്ട്രസ്ഡ് റൂഫ് സ്ലാബും ബീമും റിപ്പയർ ആൻഡ് റീഹാബിലിറ്റേഷൻ ജോലികൾ എങ്ങനെയാണ് ചെയ്യേണ്ടതെന്ന് അറിയിക്കാൻ മദ്രാസ് ഐ.ഐ.ടി. വിശകലന പഠനത്തിലേയ്ക്ക് കടന്നു. 13-9-2021-ൽ മദ്രാസ് ഐ.ഐ.ടി. സമർപ്പിച്ച വിശദമായ റിപ്പോർട്ടിൽ 'നിലവിൽ ബസ് ടെർമിനലിന്റെ അവസ്ഥ നിർണ്ണായകമാണ്. ബേയ്സ്മെന്റ് ബി1 ഫ്ലോറിലെ സ്ലാബുകളിൽ multiple cracks ഉള്ളതിനാലും ബീമുകളിലെ crack-കൾ ന്യൂട്രൽ ആക്സിസും മറികടന്ന് പോയതിനാലും ബസ് ടെർമിനലിന്റെ ബസ് ബേ ഫ്ലോർ മദ്രാസ് ഐ.ഐ.ടി. മുഖാന്തരം ചെയ്യുന്ന റിപ്പയർ ആൻഡ് റീഹാബിലിറ്റേഷൻ ജോലികൾ പൂർത്തീകരിക്കുന്നതുവരെ ഓപ്പറേഷൻ പാടുള്ളതല്ല' എന്നാണ് ശിപാർശ ചെയ്തത്. കെട്ടിടത്തിന്റെ ഡിസൈനിൽ കെട്ടിട നിർമ്മാണ ചട്ടവുമായി നിരവധി വ്യത്യാസങ്ങളും റെഗുലേഷനുകളുമായി പൊരുത്തക്കേടും സ്ട്രക്ച്ചറിൽ വേണ്ടത്ര ശക്തിനൽകാത്ത ചില ഭാഗങ്ങളുണ്ടെന്നും റിപ്പോർട്ടിൽനിന്നും കെ.ടി.ഡി.എഫ്.സി. മനസ്സിലാക്കിയതിനെത്തുടർന്ന് 3.4 കോടി രൂപ ആർക്കിടെക്റ്റിൽനിന്നും പിഴ ചുമത്താനും തീരുമാനിച്ചു, ഹൈക്കോടതിയിൽ അതിന്റെ വ്യവഹാരം നടന്നുവരികയാണ്. ഇനി

ഏറ്റെടുക്കേണ്ടിവരുന്ന ശക്തിപ്പെടുത്തലിന്റെ ഉത്തരവാദിത്വങ്ങളിൽനിന്നും ഒഴിയാൻ സൂപ്പർ ചെക്ക് നടത്തിയ റൈറ്റ്സർ എന്ന വിദഗ്ദ്ധ കമ്പനിക്കും കഴിയില്ല. കരാർ മുഖേന അവർ ഏറ്റെടുത്ത് നിർവ്വഹിച്ച ചുമതലയാണത്, അതിനുള്ള പ്രതിഫലവും അവർ കൈപ്പറ്റിയിട്ടുണ്ട്. തിരുത്തൽ നടപടിക്കുള്ള പ്രവർത്തന ചെലവ് എത്രയായാലും ബന്ധപ്പെട്ടവരിൽനിന്നും നിയമ നടപടിമൂലം വസൂലാക്കാൻ കെ.ടി.ഡി.എഫ്.സി. നിയമനടപടികൾ സ്വീകരിച്ചുകഴിഞ്ഞു, അതിന്റെ കേസ് ഹൈക്കോടതിയിൽ നിലനിൽക്കുകയാണ്. മദ്രാസ് ഐ.ഐ.ടി.-യുടെ പഠന റിപ്പോർട്ട് കെട്ടിടത്തിന്റെ നിലവിലെ ലീസിന്റെ ടെണ്ടർ നടപടിയുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ട സംഗതിയേയല്ല. ലീസ് കരാറുകാർ കെട്ടിടം പരിശോധിച്ച് തിരുത്തൽ നടപടിക്കുള്ള പഠനം നടക്കുന്ന വിവരം ഗ്രഹിച്ചുതന്നെയാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. ഐ.ഐ.ടി. റിപ്പോർട്ടിനെത്തുടർന്നുള്ള തിരുത്തൽ നടപടികൾകൊണ്ട് കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സിന്റെ പ്രോജക്ട് നഷ്ടത്തിലാണെന്ന് പറയാൻ കഴിയില്ല. ഏകദേശം 16 വർഷംകൊണ്ട് മുതൽമുടക്കിയ 150 കോടി രൂപ നിലവിൽ ലീസിൽനിന്നും കെ.ടി.ഡി.എഫ്.സി.-ക്ക് തിരികെ ലഭിക്കുമെന്ന് മാത്രമല്ല, അതിനുശേഷം സ്ഥലവും കെട്ടിടവും 120 കോടി രൂപയും കെ.എസ്.ആർ.ടി.സി.-ക്ക് അധികമായി ലഭിക്കുന്ന വ്യവസ്ഥയിലാണ് ഈ ലീസ് എഗ്രിമെന്റ് ഒപ്പിട്ടിരിക്കുന്നത്. ഐ.ഐ.ടി. റിപ്പോർട്ട് ലഭിച്ചതിനുശേഷം ഇതേക്കുറിച്ച് പഠിച്ച് ഗവൺമെന്റിനെ ഉപദേശിക്കാൻ ചീഫ് ടെക്നിക്കൽ എക്സാമിനർ, ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്), എൻ.ഐ.ടി. കോഴിക്കോടിന്റെ സ്ട്രക്ച്ചറൽ എഞ്ചിനീയർ, സീനിയർ പ്രൊഫസർ, ഐ.ഐ.ടി. ഖരക്പൂറിന്റെ ഹെഡ് ഓഫ് സിവിൽ എഞ്ചിനീയറിംഗ്, തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ സ്ട്രക്ച്ചറൽ എഞ്ചിനീയർ, അസിസ്റ്റന്റ് പ്രൊഫസർ എന്നിവരടങ്ങുന്ന ഉന്നതതല വിദഗ്ദ്ധ സമിതിയോട് രണ്ടാഴ്ച്ചക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ടി. സിദ്ദിഖ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി 8 മിനിറ്റ് എടുത്തത് അതിന്റെ ഗൗരവവും പ്രാധാന്യവും വിളിച്ചോതുകയാണ്. അത് ആരെ ലക്ഷ്യംവച്ചുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചോദിച്ചു. ലക്ഷ്യംവച്ചത് ഇതിന്റെ കുറ്റവാളികളെ കൃത്യമായി വെളിച്ചത്ത് കൊണ്ടുവരണമെന്നുള്ള താൽപ്പര്യംകൊണ്ടുതന്നെയാണ്. ഇത് ആർക്കുവേണ്ടിയാണ് എന്നുചോദിച്ചാൽ ജനങ്ങൾക്കുവേണ്ടിയാണ്, സർക്കാരിന്റെ പണം സംരക്ഷിക്കുന്നതിനു വേണ്ടികൂടിയാണ്. തിരുവിതാംകൂർ ഗവൺമെന്റിന്റെ കാലത്ത് ശ്രീചിത്തിര തിരുനാൾ 1938 ഫെബ്രുവരി മാസം 20-ന് ഉദ്ഘാടനം ചെയ്ത തിരുവിതാംകൂർ

സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റാണ് 1965 ഏപ്രിൽ 1-ന് സ്വയംഭരണാധികാരത്തോടുകൂടിയുള്ള ട്രാൻസ്പോർട്ട് കോർപ്പറേഷനാക്കി മാറ്റിയത്. അതിനെത്തുടർന്ന് കെ.എസ്.ആർ.ടി.സി.-യെ സാമ്പത്തിക ഭദ്രതയിലേയ്ക്ക് കൊണ്ടുവരാനും സാമ്പത്തികമായ ഉത്കർഷതയുണ്ടാക്കാനുംവേണ്ടിയുള്ള പല നടപടികളെയുംകുറിച്ച് പല സന്ദർഭത്തിലും ആലോചിച്ചിരുന്നു. അതിൽപ്പെട്ട ഒരു ആലോചനയായിരുന്നു 5-11-2007-ന് വി.എസ്. ഗവൺമെന്റ് തിരുവനന്തപുരം, കോഴിക്കോട്, തിരുവല്ല, അങ്കമാലി എന്നീ നാല് നഗര ഇടങ്ങളിലുള്ള കെ.എസ്.ആർ.ടി.സി.-യുടെ കൈവശമുണ്ടായിരുന്ന പൊന്നുംഭൂമികൾ കെ.ടി.ഡി.എഫ്.സി.-ക്ക് കൈമാറി അവിടെ കെട്ടിട സമുച്ചയങ്ങൾ നിർമ്മിക്കാനാവശ്യമായ നടപടികൾക്ക് നേതൃത്വം നൽകിയത്. ഈ നാല് നിർമ്മാണങ്ങളും പൂർത്തീകരിച്ച് കടംവീട്ടി കെട്ടിടവും സ്ഥലവും എന്ന് കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറുമെന്നുള്ളത് സംബന്ധിച്ച് ഒരു നിശ്ചയവുമില്ല. അങ്കമാലി വാണിജ്യ സമുച്ചയം 2011-ൽ 37.69 കോടി രൂപ ചെലവിൽ പണികഴിപ്പിച്ചു. ഈ സമുച്ചയത്തിൽനിന്നും 2011 മുതൽ 2017 വരെ ലഭ്യമായത് കേവലം 3,01,71,700 രൂപ മാത്രമാണ്. 2017 ജൂണിനുശേഷം ഒന്നുംലഭിച്ചില്ലെന്നുമാത്രമല്ല മറ്റ് പ്രധാനപ്പെട്ട നിർമ്മിതികളിൽനിന്നും കാര്യമായ ഒന്നുംതന്നെ ലഭിച്ചില്ലെന്നുള്ളത് കൃത്യമായി അറിയാൻ സാധിക്കും. കോഴിക്കോട് കെ.എസ്.ആർ.ടി.സി. ടെർമിനലിന്റെ തറക്കല്ലിടലിനുശേഷം 5-11-2007-നാണ് അതിന്റെ ക്രമീകരണത്തിലേയ്ക്കുവന്നത്. ആദ്യം നിശ്ചയിച്ച 19.73 കോടി രൂപ 2009-ൽ പുതുക്കി 52.01 കോടി രൂപയാക്കി വർദ്ധിപ്പിച്ചു. എന്നാൽ നിർമ്മാണം പൂർത്തിയാകുന്നത് 74.79 ലക്ഷം രൂപയ്ക്കാണ്. 74.79 കോടി രൂപയ്ക്ക് നിർമ്മാണം പൂർത്തിയായ ഈ കോൺക്രീറ്റ് സൗധത്തിൽ ഇപ്പോൾ നടന്നിരിക്കുന്ന എൻക്വയറി അനുസരിച്ച് കെട്ടിടത്തിന് ഗൗരവതരമായ ബലക്ഷയമുണ്ട്, കമ്പിയില്ല, സിമന്റില്ല എന്നതാണ്. ഒരേ സമയം 25 ബസ്സുകളുടെ അറ്റകുറ്റപ്പണികൾ നടത്താനും നൂറോളം ബസ്സുകൾ നിർത്തിയിടാനും സൗകര്യമുണ്ടായിരുന്ന കെ.എസ്.ആർ.ടി.സി.-യുടെ മൂന്ന് ഏക്കർ സ്ഥലം ഇപ്പോൾ 13 നിലകളിലായി 3.28 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു കൽമന്ദിരമായി ഉപയോഗിക്കാൻ കഴിയാതെ അവശേഷിക്കുന്ന ഒരു സാഹചര്യമാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രി സഭയിൽ പറഞ്ഞ മറുപടിയിൽ ചെന്നൈ ഐ.ഐ.ടി.-യുടെ 2046 പേജുള്ള റിപ്പോർട്ടിനെക്കുറിച്ച് പറയുന്നുണ്ട്. ഇവിടെ പറഞ്ഞതുപോലെ ലാഘവത്തോടു കൂടിയുള്ള മറുപടിയല്ല അതിലുള്ളത്. കൂടുതൽ വിശദീകരിച്ച് പറയാൻ ബഹുമാനപ്പെട്ട ചെയർ അനുവദിക്കാത്തതുകൊണ്ട് ഞാൻ റിപ്പോർട്ടിന്റെ പ്രധാനപ്പെട്ട ഭാഗം മാത്രം വായിക്കാം. അതിൽ Conclusions and Recommendations-ൽ ടേബിൾ 1-ൽ "... for the specified loading under load case DL and LL, 209 columns (23%), 243 beams (7%) and 322 slabs

(20%) are failing due to insufficient size and area of steel reinforcements." ടേബിൾ 2-ൽ " 735 columns, 2521 beams 322 slabs are failing due to insufficient size and area of steel reinforcements. ടേബിൾ 3-ൽ 875 columns 2802 beams 870 slabs are failing due to insufficient size and area of steel reinforcements" എന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം " ...structural cracks have formed on certain beams and roof's slabs of basement B2 എന്നതാണ്." അവസാന ഭാഗത്ത് പറയുന്നത് "The condition of the building is observed to be critical" എന്നാണ്. ഇത്രയും ഗൗരവതരമായ വിഷയമാണ് ഒരു കെ.എസ്.ആർ.ടി.സി. സമുച്ചയത്തിൽ ഐ.ഐ.ടി. ചെന്നൈ നടത്തിയ പരിശോധനാഫലത്തിൽ പറയുന്നത്. അതിൽ മറ്റൊരു കാര്യംകൂടി പറയുന്നുണ്ട്. " The capacity of Tower A and B including the basements is found to be insufficient for any additional dead load and live load due to existing critical condition" ഇത് ഒന്നാമത്തെ ഭാഗമാണ്. നിർമ്മാണത്തിലെ അപകടകരമായ അവസ്ഥയെക്കുറിച്ച് വളരെ കൃത്യമായി പറയുന്ന ഗൗരവതരമായിട്ടുള്ള റിപ്പോർട്ട് സർക്കാരിന്റെ കൈവശമുണ്ട്. അതിനുശേഷം പിന്നീട് ടെണ്ടർ നടപടികളെക്കുറിച്ചാണ് പറയുന്നത്. മൂന്നാമത്തെ ടെണ്ടർ നടപടിയിൽ മാക് അസോസിയേറ്റ്സ് എന്ന സ്ഥാപനം ഇതിന്റെ ടെണ്ടർ എടുത്തു. 50 കോടി രൂപ തിരിച്ചടയ്ക്കാത്ത നിക്ഷേപം, 50 ലക്ഷം രൂപ മാസവാടക എന്നിവയായിരുന്നു ഇവർക്ക് നൽകിയിരുന്ന ഏറ്റവും പ്രധാനപ്പെട്ട കണ്ടീഷൻ. മാക് അസോസിയേറ്റ്സിന്റെ ഓഫീസ് ജില്ലാ കളക്ടർ പരിശോധന നടത്തിയപ്പോൾ പല കാര്യങ്ങളും വെളിച്ചത്തുവന്നു. കമ്പനിയുടെ ഫിനാൻഷ്യൽ സോൾവെൻസി സംബന്ധിച്ച് സംശയമുണ്ടായപ്പോൾ അവർ കരാറിൽനിന്ന് സ്വയം പിൻവാങ്ങുകയും ഹൈക്കോടതി ഇടപെട്ട് ഈ സ്ഥാപനത്തിന് നൽകിയ കരാർ റദ്ദാക്കുകയുമുണ്ടായി. പിന്നീട് ക്ഷണിച്ച ടെണ്ടറിലാണ് ആലിഫ് ബിൽഡേഴ്സ് എന്ന സ്ഥാപനം വരുന്നത്. ആലിഫ് ബിൽഡേഴ്സ് ക്വാട്ട് ചെയ്ത് അവർക്ക് അതിൽ കിട്ടിയിരിക്കുന്ന തുക, അതിനുശേഷം കൊടുത്തിരിക്കുന്ന പരാതികളിന്മേലുണ്ടായ വാദഗതികൾ, അവസാനം അവരെ ക്യാൻസൽ ചെയ്യാനാവശ്യമായ നടപടികൾ ഉദ്യോഗസ്ഥതലത്തിൽ സ്വീകരിച്ചു. സാമ്പത്തിക ഭദ്രതയില്ലാത്തതും ഇത്തരം കാര്യങ്ങൾ കൈകാര്യംചെയ്ത് പരിചയമില്ലാത്തതും നേരത്തെ കരാർ റദ്ദ് ചെയ്തതുമായ മാക് അസോസിയേറ്റ്സ് കമ്പനി ആലിഫ് ബിൽഡേഴ്സ് എന്ന മറ്റൊരു പേരിൽ വന്നപ്പോൾ ഫൈനാൻസ് സെക്രട്ടറിയടക്കം എഴുതിയിരിക്കുന്ന കുറിപ്പുകൾ റദ്ദുചെയ്ത് കാബിനറ്റിൽ പരിഗണിച്ച് ആലിഫ് ബിൽഡേഴ്സിന് വളരെ കുറഞ്ഞ നിരക്കിൽ ലീസ് നൽകി എന്നുള്ളതാണ് ഏറ്റവും വലിയ ആരോപണം. 50 കോടി രൂപ തിരിച്ചടയ്ക്കാത്ത നിക്ഷേപം, 50 ലക്ഷം രൂപ മാസവാടക എന്ന വ്യവസ്ഥയിൽ

മാക് അസോസിയേറ്റ്സിന് നൽകിയിരുന്നത് 17 കോടി രൂപ തിരിച്ചുനൽകാത്ത നിക്ഷേപവും 43 ലക്ഷം രൂപ മാസവാടകയും നിശ്ചയിച്ചാണ് പുതിയ കമ്പനിക്ക് നൽകിയിരിക്കുന്നത്. 50 കോടി രൂപയിൽനിന്നും 17 കോടി രൂപയിലേയ്ക്ക് ഇതിന്റെ തിരിച്ചടയ്ക്കാത്ത നിക്ഷേപം താഴ്ത്താൻ, 33 കോടി രൂപ ഇളവുചെയ്യാൻ ആരാണ് നിങ്ങൾക്ക് അധികാരം നൽകിയത്? ഫൈനാൻസ് സെക്രട്ടറി പറഞ്ഞ എല്ലാ കാര്യങ്ങളും നിങ്ങൾ എടുത്തെറിയുകയാണ് ചെയ്തത്. മാക് അസോസിയേറ്റ്സിലെ ആളുകളുടെ പേരുകൾ സമയക്കുറവുകൊണ്ട് ഞാൻ വായിക്കുന്നില്ല. അതേ ആളുകൾതന്നെയാണ് ആലിഫ് ബിൽഡേഴ്സിലുമുള്ളത്. രണ്ടും രണ്ടാണെന്നാണ് നിങ്ങൾ പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഉദ്ഘാടനത്തെക്കുറിച്ച് സൂചിപ്പിച്ചു. ഉദ്ഘാടനത്തിന് നിങ്ങൾ പങ്കെടുത്തതാണല്ലോ; നിങ്ങൾ ആർക്കാണ് ഇതിന്റെ താക്കോൽ കൊടുത്തത്? മൊയ്തീൻ കോയ എന്നുപറയുന്ന ഒരു കക്ഷിക്കാണ്. ആരാണ് ഈ മൊയ്തീൻ കോയ? Launching on 2021 August 26; Launching ceremony of Mac Twin Towers with the association of KTDFC and KSRTC powered by Alif Builders; ഇതാണ് പരസ്യം. ഈ രണ്ട് കമ്പനികളും ഒന്നാണെന്നുള്ളതിന് ഇതിനേക്കാൾ വലിയ തെളിവ് വേണോ? അവരുടെതന്നെ പരസ്യം പറയുകയാണ് ഞങ്ങൾ രണ്ടും ഒന്നാണെന്ന്. എന്നിട്ട് അത് രണ്ടാക്കി കൊടുത്ത് രണ്ടാമത്തെ കമ്പനിക്ക് ആദ്യത്തെ പേര് മാറ്റി അനുവാദം കൊടുത്തു. നിങ്ങൾ താക്കോൽ കൊടുത്ത ഈ കക്ഷിയെക്കുറിച്ചൊന്ന് പരിശോധിക്കണം. അദ്ദേഹത്തിനെതിരെ നിങ്ങളുടെ പോലീസ് തന്നെ ചുമത്തിയ ഒരു കേസുണ്ട്. എന്റെ കയ്യിലുള്ളത് ഒരു FIR ആണ്. ഈ FIR-ലെ ഒരു വാചകം ഞാൻ വായിക്കാം. 2016 വർഷത്തിൽ സൗദി അറേബ്യയിൽ അറബി പൗരന്റെ ലൈസൻസിൽ പ്രവർത്തിക്കുന്ന ക്വാറി ബിസിനസ്സ് ഉണ്ടെന്നുകാണിച്ച് വ്യാജരേഖയുണ്ടാക്കി ആയത് അസ്സലാണെന്ന് തെറ്റിദ്ധരിപ്പിച്ച് ബിസിനസ്സിൽ പങ്കാളിയാക്കാമെന്നുപറഞ്ഞ് വിശ്വസിപ്പിച്ച പ്രതികൾ രണ്ടുപേരാണ്. ഒന്ന്, മൊയ്തീൻ കോയ, മറ്റൊരാൾ നിയാസ്. ഈ രണ്ടുപേരും മാക് അസോസിയേറ്റ്സിന്റെയും ആലിഫ് ബിൽഡേഴ്സിന്റെയും ആളുകളാണ്. ഈ പ്രതികൾ പരാതിക്കാരനിൽനിന്ന് 13-3-2017 വരെ പലതവണയായി 5.67 കോടി ലക്ഷം രൂപ നേരിട്ടും ബാങ്ക് മുഖേനയും കൈപ്പറ്റിയശേഷം പറഞ്ഞപ്രകാരം ബിസിനസ്സ് തുടങ്ങാതെ സ്വന്തമായി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിൽ കെ.ടി.ഡി.എഫ്.സി.-യുടെ നേതൃത്വത്തിലുള്ള കൊമേഴ്സ്യൽ കോംപ്ലക്സിന്റെ ബിസിനസ്സിലേയ്ക്കും ബന്ധുക്കളുടെ പേരിൽ വസ്തുക്കൾ വാങ്ങുന്നതിലേയ്ക്കും മറ്റുമായി പ്രസ്തുത തുക ചെലവഴിച്ച് പരാതിക്കാരനെ വഞ്ചിച്ച പ്രതിയെക്കൂട്ടി നിങ്ങൾ ബിസിനസ്സ് പങ്കാളിയാക്കുന്നു. ഇത് ശരിയാണോ എന്നത് ഗൗരവമായി പരിശോധിക്കണം. മാത്രമല്ല, അങ്ങയുടെ ചേംബറിൽ നടന്ന ഒരു യോഗത്തിൽ ആലിഫ് ബിൽഡേഴ്സിന്റെ പ്രതിനിധികൾ ഉൾപ്പെടെ പങ്കെടുത്തു. എത്ര ഗൗരവമായ

തെറ്റാണ്. ആളുകളെ കബളിപ്പിക്കാനും ആളുകളെ ഈ രീതിയിൽ മോശക്കാരാക്കി ചിത്രീകരിക്കാനും നേതൃത്വം കൊടുക്കുന്ന സംവിധാനത്തിന് പച്ചപരവതാനി വിരിച്ചുകൊടുക്കുന്ന ഗൗരവതരമായിട്ടുള്ള സാഹചര്യത്തിലേയ്ക്ക് ഇത് കടന്നുപോയിട്ടുണ്ട്. അതുകൊണ്ട് ജനങ്ങൾക്കുണ്ടായിട്ടുള്ള നഷ്ടം, സർക്കാരിനുണ്ടായ കോടിക്കണക്കിന് രൂപയുടെ നഷ്ടം, കൃത്യവിലോപം, കെടുകാര്യസ്ഥത എന്നിവയെ സംബന്ധിച്ച് പ്രത്യേക അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ചചെയ്യണമെന്നും ആവശ്യപ്പെടുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. ആന്റണി രാജു</u>): സർ, അങ്ങ് ഉന്നയിച്ച ആരോപണങ്ങളിൽ 99 ശതമാനത്തിനും മറുപടി പറയേണ്ട ആൾ അപ്പുറത്തുതന്നെയുണ്ട്. ഈ നിർമ്മാണം നടന്നത് ഏതുകാലഘട്ടത്തിലാണ്? കമ്പിയും സിമന്റും കുറവെന്ന് അങ്ങ് പറഞ്ഞു. മറ്റൊരു പാലാരിവട്ടം ആണോയെന്ന് ഞങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. പ്രതികൾ ഉടനെ കുടുങ്ങും. അതിൽ അങ്ങ് നിരാശനാകേണ്ട; ബഹുമാനപ്പെട്ട മാത്യു ടി. തോമസിന്റെ കാലഘട്ടത്തിലാണ് ഈ പദ്ധതി വിഭാവന ചെയ്തത്. പക്ഷേ നിർമ്മാണം നടത്തിയ കാലഘട്ടത്തിൽ മൂന്ന് മന്ത്രിമാരുണ്ട്. അവരുടെ പേരുകൾ അങ്ങ് ബോധപൂർവ്വം എന്തിനാണ് ഒളിച്ചുവയ്ക്കുന്നത്? ശ്രീ. വി. എസ്. ശിവകുമാർ, ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നീ ഈ മൂന്ന് മന്ത്രിമാരുടെ കാലഘട്ടത്തിൽ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവ്വഹിച്ചത് അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സാക്ഷാൽ ശ്രീ. ഉമ്മൻ ചാണ്ടിയാണ്. അന്നത്തെ മാനേജിംഗ് ഡയറക്ടർമാർ ആരായിരുന്നു? ശ്രീ. ജേക്കബ് തോമസ് ഐ.പി.എസ്.; ശ്രീ. ടി. പി. സെൻകുമാർ; ശ്രീമതി ഉഷാദേവി ബാലകൃഷ്ണൻ ഏതുനേതാവിന്റെ ഭാര്യയാണെന്ന് അദ്ദേഹം സഭയിലില്ലാത്തതുകൊണ്ട് ഞാനിവിടെ പറയുന്നില്ല. അങ്ങനെ നിങ്ങളുടെ കാലഘട്ടത്തിൽ നടത്തിയ നിർമ്മാണപ്രവർത്തനത്തിന്റെ അഴിമതിയുടെ ചുരുൾ നിങ്ങളുടെ ആരുടെയെങ്കിലും പേരിൽ ഉന്നയിക്കണമെങ്കിൽ അതിനുള്ള വേദി ഇതായിരുന്നില്ല, അത് വേറെയായിരുന്നു.

അങ്ങ് ടെണ്ടറിനെക്കുറിച്ച് ആക്ഷേപം ഉന്നയിച്ചു. ടെണ്ടറിൽ നിഷ്കർഷിച്ച എല്ലാ നിബന്ധനകളും ആലിഫ് ബിൽഡേഴ്സ് പാലിച്ചിട്ടുണ്ട്. ഇല്ലായെന്ന് അങ്ങേയ്ക്ക് തെളിയിക്കാൻ കഴിയുമോ; ടെണ്ടർ നൽകിയ സമയത്ത് അദ്ദേഹത്തിന് ഒരു അയോഗ്യതയുമില്ലായിരുന്നു. അന്ന് എന്തെങ്കിലും അയോഗ്യതയുണ്ടായിരുന്നതായി അങ്ങ് ചൂണ്ടിക്കാണിച്ചോ? അങ്ങ് പ്രധാനമായും ഉന്നയിച്ചത് മാക് അസോസിയേറ്റ്സിന്റെ കാര്യമാണല്ലോ; മാക് അസോസിയേറ്റ്സ് മൂന്നാമത്തെ ടെണ്ടറിൽ പങ്കെടുത്തവരാണ്. 50 കോടി രൂപ തിരിച്ചടയ്ക്കാത്ത നിക്ഷേപത്തിനും

50 ലക്ഷം രൂപ മാസവാടകയുമാണ് കരാറിൽ വ്യവസ്ഥ ചെയ്തിരുന്നത്. സമയബന്ധിതമായി പണം നിക്ഷേപിക്കാൻ കഴിയാത്തതുകാരണം ഹൈക്കോടതിയിൽ കേസ് വന്നപ്പോൾ അവർ സ്വയം പിൻവാങ്ങി. 19-9-2018-ലെ നാലാമത്തെ ടെണ്ടറിൽ പങ്കെടുത്ത ആലിഫ് ബിൽഡേഴ്സ് പാർട്ണർഷിപ്പ് ഫേമാണ്. ആ രണ്ട് ഫേമിന്റെയും പാർട്ട്ണേഴ്സ് ഒന്നാണെന്ന് അങ്ങേയ്ക്ക് തെളിയിക്കാൻ കഴിയുമോ; രണ്ട് ഫേമിന്റെയും പാർട്ട്ണേഴ്സ് ഒന്നല്ലെന്നു മാത്രമല്ല; ഇനി ഒന്നാണെങ്കിൽപ്പോലും നിയമപരമായി ടെണ്ടറിൽ പങ്കെടുത്താൽ അവർക്ക് കൊടുക്കാതിരിക്കാൻ കഴിയില്ലെന്നാണ് നിയമം പറയുന്നത്. ടെണ്ടർ റിക്വയർമെന്റ് ആര് മീറ്റ് ചെയ്താലും കൊടുക്കേണ്ടി വരുമെന്നാണ് നിയമവ്യവസ്ഥ. ഇതെല്ലാം അറിയുന്ന അങ്ങ്, ആർക്കെതിരെയാണ് വിരൽചൂണ്ടിയതെന്ന് എനിക്കറിയാം. പക്ഷേ ഞാനതിപ്പോൾ പറയുന്നില്ല. പിണറായി സർക്കാർ പ്രഖ്യാപിച്ച വിജിലൻസ് അന്വേഷണം പൂർത്തിയാകുമ്പോൾ യഥാർത്ഥ പ്രതികളെ വെളിച്ചത്തുകൊണ്ടുവരാൻ കഴിയുമെന്നുള്ള ആത്മവിശ്വാസമുള്ളതുകൊണ്ടാണ്. പിണറായി സർക്കാരാണ് വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടത്. അങ്ങയുടെ നേതാവ് മുഖ്യമന്ത്രിയായിരുന്നപ്പോഴല്ല ഉത്തരവിട്ടത്. വിജിലൻസ് അന്വേഷണ റിപ്പോർട്ട് വന്നുകൊണ്ടിരിക്കുകയാണ്. റിപ്പോർട്ട് പൂർണ്ണമായും പുറത്തുവരുമ്പോൾ പ്രതികൾ ആരാണെന്ന് അങ്ങേയ്ക്കും കേരളത്തിനും ബോധ്യമാകും. അങ്ങിവിടെ ഗതാഗത വകുപ്പിനെയും കെ.എസ്.ആർ.ടി.സി.-യെയുംകുറിച്ച് പറഞ്ഞല്ലോ; ചരിത്രത്തിൽ ഏറ്റവും വലിയ പ്രതിസന്ധി കാലഘട്ടത്തിലൂടെയാണ് കെ.എസ്.ആർ.ടി.സി. കടന്നുപോകുന്നത് എന്നതിൽ ആർക്കും തർക്കമില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷവും അതിനുമുമ്പ് ഒന്നാം പിണറായി സർക്കാരും കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാൻ 4698 കോടി രൂപ കൊടുത്തത് ചരിത്രമാണ്. നിങ്ങളുടെ കാലത്ത് എത്ര രൂപയാണ് കൊടുത്തത്, 5 വർഷം കൊണ്ട് 1220 കോടി രൂപ; 2020-21-ൽ മാത്രം പിണറായി സർക്കാർ കൊടുത്തത് 1747.58 കോടി രൂപയാണ്, ഞങ്ങൾ കഴിഞ്ഞ 5 വർഷംകൊണ്ട് കൊടുത്തത് 4698 കോടി രൂപ. അതായത് ഒന്നാം പിണറായി സർക്കാർ ഉമ്മൻ ചാണ്ടി സർക്കാരിനേക്കാൾ 3477.19 കോടി രൂപ കൂടുതൽ കൊടുത്താണ് കെ.എസ്.ആർ.ടി.സി.-യെ രക്ഷപ്പെടുത്താൻ ശ്രമിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാൻ നിരവധി പദ്ധതികളാണ് ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്. കെ.എസ്.ആർ.ടി.സി. പ്രതിസന്ധിയിലാണ്, തകരാൻ പോകുന്നുവെന്നാണ് ഇവിടെ ശ്രീ. ടി. സിദ്ദിഖ് പറഞ്ഞത്. തകരാൻ പോകുകയല്ല; കെ.എസ്.ആർ.ടി.സി. രക്ഷപ്പെടാൻ പോകുകയാണ്. ഡീസലിൽനിന്നും സി.എൻ.ജി.-യിലേയ്ക്ക് കൺവെർട്ട് ചെയ്യുന്നതുവഴി പ്രതിവർഷം 500 കോടി രൂപ കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം കുറയാൻ പോകുകയാണ്. ചരിത്രത്തിലാദ്യമായി

പ്രൊഫഷണൽസിനെ നിയമിച്ച് ഇതിന്റെ ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിക്കാൻ ഉത്തരവിട്ട മുഖ്യമന്ത്രിയാണ് സഖാവ് പിണറായി വിജയൻ. നിങ്ങളെക്കൊണ്ട് അതിന് കഴിഞ്ഞോ?

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് 27000 ജീവനക്കാരുടെ ശമ്പളവും സർവ്വീസ് കാര്യങ്ങളുമെല്ലാം ഓൺലൈനിൽ G-SPARK-ലൂടെ വിവരസാങ്കേതികവിദ്യയുടെ ആധുനിക സംവിധാനമുപയോഗിച്ച് ചെയ്തത്. കെ.എസ്.ആർ.ടി.സി.-യുടെ 74 പമ്പുകൾ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാൻ നിശ്ചയിക്കുകയും 8 പമ്പുകൾ തുറക്കുകയും ചെയ്തു. ഈ മാസം 10 പമ്പുകൾകൂടി തുറക്കുകയാണ്. അതിലൂടെയുള്ള അധിക വരുമാനം കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചുകൊണ്ടിരിക്കുകയാണ്. മിൽമ, എണ്ണക്കമ്പനികൾ, കെ.ടി.ഡി.സി., കുടുംബശ്രീ തുടങ്ങിയവയുടെ സഹകരണത്തോടും ഫിഷറീസ് വകുപ്പിന്റെ സഹായത്തോടുംകൂടി 'ഷോപ്പ് ഓൺ വീൽസ്' പദ്ധതി നടപ്പിലാക്കി. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കെ.എസ്.ആർ.ടി.സി.-യെ മുന്നോട്ടുനയിക്കാൻ ശ്രമിക്കുന്ന ഘട്ടത്തിൽ ഇത്തരം അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഞങ്ങളുടെ പേരിൽ ചാർത്താമെന്ന് ആരും കരുതേണ്ട. മൂന്നാറിൽ അഞ്ച് ബസ്സുകളെ ബസ് ലോഡ്ജുകളായി കൺവെർട്ട് ചെയ്തു. അതിന്റെ വരുമാനം ഗവൺമെന്റിന് ലഭിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ മുക്കിലുംമൂലയിലും ബസ്സുകൾ അനുവദിച്ചുകൊണ്ട് ഗ്രാമവണ്ടി പദ്ധതിക്ക് അടുത്ത ഏപ്രിലിൽ തുടക്കംകുറിക്കുകയാണ്. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് ഒരു പൈസയും കൊടുക്കാതെ ഇന്ത്യയിലാദ്യമായി സൗജന്യ യാത്ര ചെയ്യാൻ 'സമുദ്ര' എന്ന പേരിൽ ബസ് ഏർപ്പെടുത്തിയത് ഈ ഗവൺമെന്റാണ്. സിറ്റി സർക്കുലറിൽ 100 ബസ്സുകൾ തിരുവനന്തപുരം നഗരത്തിൽ ഓടാൻ പോവുകയാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ,....

<u>ശ്രീ. ആന്റണി രാജു</u>: സർ, ചോദ്യമൊന്നും വേണ്ട; തീർന്നല്ലോ. അങ്ങേയ്ക്ക് ആവശ്യമുള്ളത് പ്രതിപക്ഷനേതാവ് പറയുമല്ലോ: ഇവിടെ ചർച്ചയല്ലല്ലോ..... അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരു കാര്യവുമില്ല.

<u>മി.സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പേഴ്സണൽ എക്സ്പ്ലനേഷന് എനിക്ക് സമയം തന്നാൽ മതി.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, റൂൾ 50 ചർച്ച ചെയ്യാൻ നോട്ടീസ് കൊടുക്കുമ്പോൾ ഞങ്ങൾ കൊണ്ടുവന്ന വിഷയം പൊതുപ്രാധാന്യമുള്ള ഒരു കാര്യവുമുള്ള വിഷയമല്ലായെന്ന് ബഹുമാനപ്പെട്ട ചെയറിൽനിന്ന് കമന്റ് പറയുന്നത് അൺഫെയറാണെന്ന് ഞാൻ ആദ്യമേ സൂചിപ്പിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ദുർവ്യാഖ്യാനിക്കരുത്. പൊതുപ്രാധാന്യമുള്ളതല്ലെന്നല്ല, അടിയന്തരപ്രാധാന്യമുള്ളതല്ലായെന്നാണ് പറഞ്ഞത്.

ശ്രീ. വി. ഡി. സതീശൻ: സർ, പൊതുപ്രാധാന്യമെന്ന വാക്ക് അദ്ദേഹം ഉപയോഗിച്ചു. ഇതിന്റെ അടിയന്തരപ്രാധാന്യമെന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശബ്ദത്തിൽനിന്നുതന്നെ ഇവിടെ ബോധ്യപ്പെട്ടു. ഞങ്ങൾ റൂൾ 50-യുടെ പ്രൊവിഷൻസ് നോക്കിത്തന്നെയാണ് നോട്ടീസ് കൊടുക്കുന്നത്. സർക്കാർ ഖജനാവിൽനിന്ന് കോടികൾ നഷ്ടപ്പെട്ട, നമ്മുടെ നാട്ടിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ സംഭവിച്ചിരിക്കുന്ന ഗൗരവതരമായ അപാകതകൾ ഈ സഭയുടെ ഫോക്കസിൽ കൊണ്ടുവന്ന്, നാളെ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുകയെന്ന ലക്ഷ്യംകൂടി പ്രതിപക്ഷത്തിനുണ്ടെന്ന് ഞാൻ വിനയപൂർവ്വം അങ്ങയെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. മന്ത്രി എന്തിനാണ് ഇവിടെ ഇത്ര ബഹളമുണ്ടാക്കിയത്? 2004-2005-ൽ തുടങ്ങിയ ഒരു പദ്ധതിയാണെന്നാണ് മന്ത്രി പറഞ്ഞിരിക്കുന്നത്. അന്നത്തെ ആർക്കിടെക്ട് തന്നതാണെന്നും പറഞ്ഞു. വളരെ സിംപിളായി ഞാൻ ഒരു കാര്യം പറയാം. കോഴിക്കോട് കെ.എസ്.ആർ.ടി.സി.-യുടെ കൈവശമുള്ള സ്ഥലത്ത് ബി.ഒ.ടി. നിർമ്മിതിക്ക് ടെണ്ടർ നടപടി ആരംഭിക്കുന്നത് 2008-ലാണ്. 2008-ലാണ് കോഴിക്കോട് നഗരസഭ മുമ്പാകെ സമർപ്പിച്ച മുൻകൂർ നിർമ്മാണാനുമതി അപേക്ഷ കോർപ്പറേഷൻ നിരസിച്ചത്. പിന്നെ എങ്ങനെയാണ് 2004-ൽ ആർക്കിടെക്റ്റിനെ തീരുമാനിക്കുന്നത്?

ശ്രീ. ആന്റണി രാജു: സർ, (.....മൈക്ക് ഓഫ്......)

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് ആർക്കും വഴങ്ങിയില്ലല്ലോ, ഞാനും വഴങ്ങുന്നില്ല. നിർമ്മാണ അനുമതി പൂർണ്ണമായി നിരസിക്കപ്പെട്ടു. കോർപ്പറേഷന്റെ നിർമ്മാണ അനുമതിയില്ലാത്ത ഈ കെട്ടിടത്തിന്റെ പണി അന്നത്തെ മുഖ്യമന്ത്രി വന്ന് ഉദ്ഘാടനം ചെയ്യുകയായിരുന്നു. അനുമതി ലഭിക്കാതെതന്നെ 2007-ൽ ശ്രീ. വി. എസ്. അച്യുതാനന്ദൻ നിർമ്മാണ പ്രവൃത്തി ഉദ്ഘാടനം ചെയ്തു. അതിനുശേഷമാണ് കോർപ്പറേഷനിൽനിന്നും അനുമതി നൽകുന്നത്. 2007-ലെ ആദ്യ ഉത്തരവിൽ ബി.ഒ.ടി. നിർമ്മാണ ചെലവ് 19.73 കോടി രൂപയും 2009-ലെ

പുതുക്കിയ എസ്റ്റിമേറ്റിൽ അത് 52 കോടി രൂപയുമായി മാറുകയായിരുന്നു. നിർമ്മാണം പൂർത്തിയാകുമ്പോൾ 74 കോടി രൂപയാകും. 2007-ൽ ഇതിന്റെ നിർമ്മാണം ആരംഭിച്ചു. 2011-ൽ ആ സർക്കാരിന്റെ കാലാവധി പൂർത്തിയാകുമ്പോൾ നിർമ്മാണം പൂർത്തിയാകേണ്ടതാണ്, പക്ഷേ പൂർത്തിയാകാതെ കുറേ ഭാഗങ്ങൾ കിടന്നു. യു.ഡി.എഫ്. ഗവൺമെന്റ് വന്നപ്പോൾ കോർപ്പറേഷന്റെ അനുമതിയില്ലാത്തതുകൊണ്ട് നിങ്ങളുടെതന്നെ കോഴിക്കോട് കോർപ്പറേഷൻ പണി നിർത്തിവയ്ക്കാൻ ഉത്തരവിട്ടു. 12 കോടി രൂപ കോമ്പൗണ്ട് ചെയ്യാനുള്ള നോട്ടീസാണ് കൊടുത്തത്. ആ ഗവൺമെന്റിന്റെ കാലത്ത് ഇതിൽ ഇടപെടാൻ പറ്റുമോ? ആർക്കിടെക്റ്റിനെ നിശ്ചയിച്ച് Administrative Sanction (AS)-ഉം Technical Sanction (TS)-ഉം വാങ്ങി അതിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ മുഴുവൻ ചെയ്ത് നിർമ്മാണ പ്രവർത്തനം തുടങ്ങി. ശ്രീ. ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തതിന്റെ പേരിൽ വേണമെങ്കിൽ അദ്ദേഹത്തെയോ അന്നത്തെ ട്രാൻസ്പോർട്ട് മന്ത്രിയേയോ പ്രതിയാക്കാം. അങ്ങനെയാണെങ്കിൽ പാലാരിവട്ടം പാലം ആരുടെ സമയത്താണ് പൂർത്തിയായത്; ആരാണ് പാലാരിവട്ടം പാലം ഉദ്ഘാടനം ചെയ്തത്? ഓരോ കാര്യങ്ങൾ പറയുമ്പോൾ അത് തിരിച്ച് വരുമെന്നുള്ളതുകൂടി ആലോചിച്ചുവേണം പറയാൻ. (...ബഹളം...) ഈ കെട്ടിടത്തിന് ബലക്ഷയവും ഗുരുതരമായ പ്രശ്നവുമുണ്ടായിട്ടുണ്ടെന്ന കൃത്യമായ finding ചെന്നൈ ഐ.ഐ.ടി. അവരുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. (...ബഹളം...)

<u>മി. സ്പീക്കർ</u>: നിങ്ങൾ നിശബ്ദരായിരിക്കു. പ്രതിപക്ഷനേതാവ് സംസാരിക്കുകയല്ലേ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ ആ പ്രസംഗത്തെ അലങ്കോലപ്പെടുത്താൻ ഒരു ടീമിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഇത് ഈ സഭയുടെ ചരിത്രത്തിലില്ലാത്തതാണ്. ഞാൻ ഒന്നും പറയുന്നില്ല. അതുകൊണ്ടൊന്നും ഞങ്ങളുടെ വാമൂടികെട്ടാമെന്ന് കരുതണ്ട. ഇത്തരം കാര്യങ്ങൾ ഞങ്ങൾ പുറത്തുകൊണ്ടുവരികതന്നെ ചെയ്യും. (...ബഹളം...) ബഹുമാനപ്പെട്ട ഇരവിപുരം അംഗത്തിനോട് പറയാൻ എനിക്ക് കൃത്യമായ മറുപടിയുണ്ട്, എന്നെക്കൊണ്ട് അത് സഭയിൽ പറയിപ്പിക്കരുത്. ചെന്നൈ ഐ.ഐ.ടി.-യുടെ വളരെ കൃത്യമായ റിപ്പോർട്ടുണ്ട്. വളരെ ഗുരുതരമായ ബലക്ഷയം ഈ കെട്ടിടത്തിനുണ്ട്. പക്ഷേ കുഴപ്പമൊന്നുമില്ലായെന്നാണ് മന്ത്രി പറയുന്നത്. ഈ വിഷയം അവതരിപ്പിച്ച ശ്രീ. ടി. സിദ്ദിഖ് വളരെ ഭംഗിയായി റിപ്പോർട്ട് ഉദ്ധരിച്ചു. ആദ്യം ഇതിന്റെ ടെണ്ടർ കൊടുക്കുന്നത് മാക് അസോസിയേറ്റ്സിനാണ്. 50 കോടി രൂപ തിരിച്ചുകൊടുക്കാത്ത ഡെപ്പോസിറ്റും 50 ലക്ഷം രൂപ പ്രതിമാസ വാടകയും തീരുമാനിക്കുന്നു. അവർ പ്രശ്നങ്ങളും കേസ്സുമൊക്കെ പറഞ്ഞ് ഉപേക്ഷിച്ചുപോയി. അവരുടെ വേറെ ഒരു കമ്പനിക്ക്

മറ്റൊരു ടെണ്ടർ കൊടുക്കുന്നു. മാക് അസോസിയേറ്റ്സും ആലിഫ് ബിൽഡേഴ്സും തമ്മിൽ ബന്ധമില്ലായെന്ന് അങ്ങേയ്ക്ക് തെളിയിക്കാൻ പറ്റുമോയെന്ന് ഞാൻ ട്രാൻസ്പോർട്ട് മന്ത്രിയെ വെല്ലുവിളിക്കുന്നു. ഈ രണ്ടിന്റെയും ആളുകൾ പ്രധാനപ്പെട്ട ആളുകളാണ്. രണ്ടാമതൊരു കമ്പനിയുണ്ടാക്കുമ്പോൾ ഒന്നോ രണ്ടോ ആളുകളെക്കൂടി കൂട്ടിച്ചേർത്തുകാണും. രണ്ടും ഒരേ ആളുകൾ തന്നെയാണെന്ന് അറിയാത്ത ആരാണ് കോഴിക്കോട് നഗരത്തിലുള്ളത്? എന്നിട്ട് രണ്ടാമത്തെയാൾക്ക് സംവിധാനംചെയ്ത് കൊടുക്കുകയാണ്. 50 കോടി രൂപയിൽനിന്നും തിരിച്ചുകൊടുക്കാത്ത ഡെപ്പോസിറ്റ് 17 കോടി രൂപയായും പ്രതിമാസ വാടക 43 ലക്ഷം രൂപയായും താഴ്ന്നു. എന്നിട്ടും ഈ കമ്പനി ടെണ്ടർ വ്യവസ്ഥകൾ പാലിക്കാതെയിരുന്ന സമയത്താണ് ഗതാഗത വകുപ്പുമന്ത്രിയുടെ ചേംബറിൽ യോഗം നടത്തി ഇവർക്ക് സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ തീരുമാനിക്കുന്നത്. 50 കോടി രൂപയെന്നത് 17 കോടി രൂപയാക്കി. ആ 17 കോടി രൂപ കൊടുക്കുന്നതിന് കൂടുതൽ സമയം, സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ്, ജി.എസ്.ടി.-യിൽ ഇളവ്, രജിസ്ട്രേഷൻ ഫീസ് എന്നിവ കുറച്ചുകൊടുക്കണം തുടങ്ങിയവയാണ് അവരുടെ ഡിമാന്റ്.

<u>ശ്രീ. ആന്റണി രാജു</u>: സർ, (.....മൈക്ക് ഓഫ്.....)

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ എന്റെ പോയിന്റ് തീർത്തില്ല. അദ്ദേഹം ഇടപെടുന്നതെന്തിനാണ്? അങ്ങ് സംസാരിച്ചപ്പോൾ ഞങ്ങളാരും ഇടപെട്ടില്ലല്ലോ. ഞാൻ പറയുന്നതെല്ലാം നിങ്ങൾ ശ്രദ്ധിച്ച് ക്ഷമയോടുകൂടി കേൾക്കണം. ഞാൻ പറഞ്ഞ് പൂർത്തിയാക്കിയില്ലല്ലോ. 17 കോടി രൂപയ്ക്കും 43 ലക്ഷം രൂപയ്ക്കും ടെണ്ടർ ഉറപ്പിച്ചതിനുശേഷം ഡെപ്പോസിറ്റ് നൽകുന്നതിന് കൂടുതൽ സമയവും സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവും ജി.എസ്.ടി.-യിൽ ഇളവും രജിസ്ട്രേഷൻ ഫീസിൽ ഇളവും ഈ കമ്പനി ഡിമാന്റ് ചെയ്തില്ലേ; അങ്ങ് ഇത്ര ടെൻഷനായി ഓരോന്നിനും മറുപടി പറയുന്നതെന്തിനാണ്? യോഗത്തിലെടുത്ത പല തീരുമാനങ്ങളുടെ ഭാഗമായി 17-2-2021-ലെ മന്ത്രിസഭാ തീരുമാനപ്രകാരം ആലിഫ് ബിൽഡേഴ്സിന് കരാർ നൽകി. കോഴിക്കോട് നഗരത്തിൽ നടന്നത് ഒരു പകൽക്കൊള്ളയാണ്. അങ്കമാലി ഒഴിച്ച് ബാക്കിയുള്ള നാല് സ്ഥലത്തെ സമുച്ചയങ്ങൾക്കുംകൂടി നിർമ്മാണ ചെലവ് 244 കോടി രൂപയാണ് . 2019 വരെ പലിശ 234 കോടി രൂപയാണ്. 429 കോടി രൂപ നിലവിലുണ്ട്. ഇപ്പോൾ വീണ്ടും പലിശ കൂടിക്കൊണ്ടിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-ക്കുണ്ടായിരുന്ന 16 ഏക്കർ സ്ഥലത്ത് കെട്ടിടം വന്നു. ഈ കടം വീട്ടാൻ അവിടെനിന്നും ഒരു വരുമാനവും കിട്ടുന്നില്ല. 2017 വരെ അങ്കമാലിയിൽനിന്ന് മാത്രം കിട്ടിയിട്ടുള്ളത് 3 കോടി രൂപയാണ്. വേറെ ഒരു സ്ഥലത്തുനിന്നും ഒരു വരുമാനവുമില്ല. അൾട്ടിമേറ്റായി നടക്കാൻ പോകുന്നത് കെ.എസ്.ആർ.ടി.സി.-യുടെ 16 ഏക്കർ

സ്ഥലവും അവരുടെ കയ്യിൽനിന്നും പോകുമെന്നതാണ്. കോഴിക്കോട്ടും അങ്കമാലിയിലും തിരുവനന്തപുരത്തുമുള്ള കോടിക്കണക്കിന് രൂപ വിലമതിക്കുന്ന കണ്ണായ സ്ഥലങ്ങൾ മുഴുവൻ കെ.എസ്.ആർ.ടി.സി.-ക്ക് നഷ്ടപ്പെടും. ഇപ്പോൾത്തന്നെ സാമ്പത്തിക പ്രതിസന്ധിയിൽ നിൽക്കുന്ന ഒരു സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. സർക്കാരുമായി കേസ് നടത്തി ടെണ്ടർ പാലിക്കാതെപോയ ഒരു സ്ഥാപനം വേഷപ്രച്ഛന്നരായി തിരിച്ചുവന്നിട്ട് അവർക്കുതന്നെ ഇളവുകൾ കൊടുത്ത് നടത്തിയ കൊള്ളയെക്കുറിച്ചാണ് ഞങ്ങൾ ഈ സഭയിൽ പറഞ്ഞത്. ഇത് പകൽക്കൊള്ളയാണ്. എല്ലാ ടെണ്ടർ നടപടിക്രമങ്ങളെയും നയപരിപാടികളെയും കാറ്റിൽപ്പറത്തിക്കൊണ്ട് ബലക്ഷയമുള്ള ഒരു കെട്ടിടം നിർമ്മിച്ചിട്ട് പറയുകയാണ് കമ്പനിക്ക് ഇത് അറിയാമെന്ന്. ബിൽഡിംഗിന് ബലക്ഷയമുണ്ടെന്ന ചെന്നൈ ഐ.ഐ.ടി.-യുടെ റിപ്പോർട്ട് അറിഞ്ഞുകൊണ്ടുതന്നെയാണ് ഈ സ്ഥാപനം കരാർ ഏറ്റെടുത്തിരിക്കുന്നതെന്നാണ് വകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നത്. വലിയ ഔദാര്യമാണ് ഈ സ്ഥാപനം നമ്മുടെ സർക്കാരിനോട് കാണിച്ചിരിക്കുന്നത്. ഇതിന്റെ പിറകിൽ ഒരുപാട് ദുരൂഹതകളും ഇടനിലക്കാരും സംഭവങ്ങളുമുണ്ട്. ഇതൊക്കെ നമ്മുടെ സംസ്ഥാനത്തിന് അപമാനകരമായ കാര്യമാണ്. സംസ്ഥാനത്തിന്റെ ഖജനാവിൽനിന്നും നികുതി പണത്തിൽനിന്നും പരസ്യമായി പകൽക്കൊള്ള നടത്തുന്ന ഇത്തരം സംഭവം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കോഴിക്കോട് നഗരത്തിലെ കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലം വളരെ നല്ല രീതിയിൽ കെ.എസ്.ആർ.ടി.സി. ഉപയോഗിച്ചുവരികയായിരുന്നു. അവിടെ ഇപ്പോൾ പണികഴിപ്പിച്ചിട്ടുള്ള കെട്ടിടം പ്രേതാലയംപോലെ കണ്ടാൽത്തന്നെ പേടിയാകും. അത് ബലക്ഷയം സംഭവിച്ച് ഇടിഞ്ഞുവീഴുമെന്ന അവസ്ഥയിലാണ്. അതുകൊണ്ട് ബസ്സുകൾക്ക് ഇവിടെ വന്നുപോകാൻ കഴിയുന്നില്ല. എന്താണവിടെ നടന്നിരിക്കുന്നതെന്ന് ഈ കെട്ടിടം കണ്ടാൽത്തന്നെ മനസ്സിലാകും. ഞാൻ ആരോപണം ഉന്നയിക്കുന്നില്ല. കെ.എസ്.ആർ.ടി.സി.-യുടെ വക ഗ്രൗണ്ട് എത്രയോ കാലമായി അവിടെയുള്ളതാണ്. ആർക്കോവേണ്ടി, എന്തിനോവേണ്ടി ചെയ്തുപോലെ ഒരു സ്ട്രക്ച്ചറുണ്ടാക്കി ആകെ ഉപയോഗശൂന്യമാക്കിയിരിക്കുകയാണ്. ഇവിടെ നോട്ടീസ് നൽകിയ അടിയന്തരപ്രമേയത്തിന് പ്രാധാന്യമില്ലെന്ന് പറയാൻ കഴിയില്ല. ഇത് വളരെ ഗൗരവമുള്ള വിഷയംതന്നെയാണ്. കെ.എസ്.ആർ.ടി.സി.-ക്ക് ഒരുപാട് പണം

കൊടുത്തുവെന്ന് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി വലിയ നേട്ടമായി പറയുകയാണ്. കെ.എസ്.ആർ.ടി.സി.-ക്ക് പണം കൊടുക്കുന്നത് പൊതുഖജനാവിൽ നിന്നാണ്. ധനകാര്യ വകുപ്പുമന്ത്രിക്ക് വേറെ ആവശ്യങ്ങളില്ലേ? സാമൂഹ്യക്ഷേമ പദ്ധതികളിൽ എന്തെല്ലാം പ്രശ്നങ്ങളുണ്ട്. കെ.എസ്.ആർ.ടി.സി.-ക്ക് വാരിക്കോരി കൊടുക്കുന്നത് നേട്ടമല്ല, അവർ സ്വയമുണ്ടാക്കുകയാണ് വേണ്ടത്. പൊതുഖജനാവിൽ നിന്ന് എന്തിനാണ് കൊടുക്കുന്നത്? കെ.എസ്.ആർ.ടി.സി. ഇപ്പോൾ കടുത്ത പ്രതിസന്ധി നേരിടുകയാണ്. ഇതിനിടയിലാണ് സ്വന്തമായുള്ള കണ്ണായ സ്ഥലം നശിപ്പിച്ചുകൊണ്ട് വലിയ കെട്ടിട സമുച്ചയം നിർമ്മിച്ചിരിക്കുന്നത്. ഇതിന്റെ പിന്നിൽ എന്താണ് സംഭവിച്ചിട്ടുള്ളതെന്നത് ദുരൂഹതതന്നെയാണ്. പൊതു പ്രാധാന്യമുള്ളതും വളരെ ഗൗരവമുള്ളതുമായ വിഷയം തന്നെയാണിത്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, ഇവിടെ ഉന്നയിച്ച വിഷയങ്ങൾ അന്വേഷിക്കപ്പെടേണ്ടതും ചർച്ച ചെയ്യേണ്ടതുമാണ്. ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫ് സഭവിട്ട് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ: സർ, സർക്കാരിന്റെ പണം ഒരു സമാനതയുമില്ലാതെ പാഴാക്കി കളഞ്ഞതിന്റെ വലിയ ഉദാഹരണമാണ് കോഴിക്കോട് കെ.എസ്.ആർ.ടി.സി. സമുച്ചയം. ഏത് കാലഘട്ടത്തിൽ അഴിമതി നടന്നാലും അത് അഴിമതി തന്നെയാണ്. ആ അഴിമതിയെക്കുറിച്ച് ചർച്ച ചെയ്യുകയാണ് വേണ്ടത്. വളരെ നിസ്സാരമായാണ് സഭ ഈ പ്രശ്നങ്ങളെ കണ്ടതെന്നതിലും ഈ വിഷയം ചർച്ച ചെയ്യാത്തതിലും പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ ഹാജരായി.)

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

# III ശ്രദ്ധ ക്ഷണിക്കൽ

## (1) തുടർ വിദ്യാഭ്യാസ പദ്ധതി നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കേരളത്തിലെ സാക്ഷരതാ പ്രേരക്മാരുടെ ജീവനും ജീവിതവും സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. 1998-ൽ കേന്ദ്ര സഹായത്തോടെ ആരംഭിച്ച തുടർ വിദ്യാഭ്യാസ പദ്ധതി ഇന്ന് കടുത്ത പ്രതിസന്ധി നേരിടുകയാണ്. ഈ പദ്ധതിയുടെ ശരിയായ കാഴ്ചപ്പാടിനെ മുഖവിലയ്ക്കെടുക്കാതെ കേന്ദ്ര സർക്കാർ 2009-ൽ ഏകപക്ഷീയമായി പദ്ധതിയിൽനിന്ന് പിന്നോട്ടുപോയതാണ് ഈ പ്രതിസന്ധിയുടെ അടിസ്ഥാന കാരണം. കേന്ദ്രസഹായം നിന്നുപോയിട്ടും ഈ പദ്ധതിയെ അനാഥമാക്കാതെ അന്നത്തെ എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുകൊണ്ടുപോകുകയാണ് ചെയ്തത്. എന്നാൽ പിന്നീട് അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ തുടർ സാക്ഷരതാ പദ്ധതിയെ തങ്ങളുടെ ഇഷ്ടക്കാരുടെ മേച്ചിൽപ്പുറമാക്കുകയും പാവപ്പെട്ട സാക്ഷരതാ പ്രേരക്മാരുടെ അദ്ധ്വാനത്തിലൂടെ സമാഹരിച്ച സമ്പത്ത് കൊള്ളയടിക്കുകയുമാണ് ചെയ്തത്. കടുത്ത പ്രതിസന്ധി നേരിട്ട യു.ഡി.എഫ്. ഭരണകാലത്ത് പ്രേരക്മാരിൽ നല്ലൊരു ശതമാനംപേരും ഉപജീവനത്തിനായി മറ്റ് തൊഴിലുകൾ സ്വീകരിച്ച് കളം വിട്ടുപോകുന്ന സ്ഥിതിയുണ്ടായി. തദ്ദേശഭരണ സ്ഥാപനങ്ങളുടെ എല്ലാ ജനകീയ പദ്ധതികളുടെയും പ്രചാരകരും സംഘാടകരുമായിരുന്ന പ്രേരക്മാരുടെ കൊഴിഞ്ഞുപോക്ക് പല പഞ്ചായത്തുകളിലെയും സാമൂഹിക സേവന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്ന സ്ഥിതിയും ഇതിലൂടെ ഉടലെടുത്തു. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് തുടർ സാക്ഷരതാ പ്രവർത്തനത്തിന് അക്ഷരാർത്ഥത്തിൽ പുനർജീവനമുണ്ടായത്. ഒന്നാം പിണറായി സർക്കാരിന്റെ അഞ്ച് വർഷക്കാലത്തിനിടയിൽ എസ്.സി., എസ്.ടി. ജനവിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങി പാർശ്വവത്കൃത സമൂഹത്തിലെ 1,08,057 നിരക്ഷരരെ സാക്ഷരരാക്കി മാറ്റി. തുല്യതാ വിദ്യാഭ്യാസ പദ്ധതിയിലൂടെ നാലാംതരം മുതൽ പ്ലസ് ടു വരെയുള്ള 2,05,204 പഠിതാക്കളെയും ഉപരിപഠനത്തിന് അർഹരാക്കിയത് മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. ഇതുകൂടാതെ ഭരണഘടനാ സാക്ഷരത, ലിംഗ സമത്വ സാക്ഷരത, പരിസ്ഥിതി സാക്ഷരത തുടങ്ങി നിരവധി സാമൂഹിക പ്രതിബദ്ധത നിറഞ്ഞ പ്രവൃത്തികൾ ഏറ്റെടുത്ത് വിജയിപ്പിച്ചത് സാക്ഷരതാ പ്രേരക്മാരാണ്. ഇതിനെല്ലാം നേതൃത്വം നൽകിയ ആയിരത്തിഎഴുന്നൂറിലധികം വരുന്ന പ്രേരക്മാരുടെ സേവനം തിരിച്ചറിഞ്ഞ കഴിഞ്ഞ സർക്കാർ അവരുടെ വേതനം വർദ്ധിപ്പിക്കുന്നതിനും അവരെ മാതൃസ്ഥാപനമായ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക്

പുനർവിന്യസിക്കുന്നതിനും തീരുമാനിച്ചു. എന്നാൽ 'ദൈവം വരം നൽകിയാലും ചിലർ അത് തടയാൻ ശ്രമിക്കും' എന്നുപറയുന്നതുപോലെ കേരളത്തിലെ സാക്ഷരതാ പ്രവർത്തകരോട് പകതീർക്കാൻ ശ്രമിച്ചവർ ബന്ധപ്പെട്ട ഫയലുകൾ പരമാവധി വൈകിപ്പിക്കുന്നതിനാണ് ശ്രമിച്ചത്. തങ്ങളുടെ അടിമകളായി പ്രേരക്മാർ എക്കാലത്തുമുണ്ടാകണമെന്ന് ആഗ്രഹിക്കുന്നവരും നിരവധി അശാസ്ത്രീയ നിബന്ധന കൊണ്ടുവന്ന് പ്രേരക്മാരുടെ ഓണറേറിയം തടയാൻ നിരന്തരമായി ശ്രമിച്ചവരുമെല്ലാം ഇതിന് നേതൃത്വം നൽകി. ഇതിനെ തടയാൻ എൽ.ഡി.എഫ്. തിരിച്ചുവരില്ലെന്ന് കരുതിയവരായിരുന്നു അവരെന്ന് ഞാൻ കരുതുന്നു. അതുകൊണ്ടാണ് നിയമസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞിട്ടും ഫയൽ ചലിപ്പിക്കാതെ തെരഞ്ഞെടുപ്പ് റിസൾട്ട് വന്നതിനുശേഷം മാത്രം ഈ ഫയലിന്റെ കെട്ടഴിച്ചുവിട്ടത്. അതിന്റെ ഭാഗമായി സമയബന്ധിതമായി പുനർവിന്യാസം നടപ്പാക്കാൻ സർക്കാരിന് കഴിയാതെ പോയി. ഈ പ്രേരക്മാർക്ക് ഒരു നയാപൈസപോലും ഓണറേറിയം ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇരുപത്തിരണ്ട് വർഷത്തിലധികമായി നാടിനെ സേവിക്കുന്ന ഇവരിൽ പലരും ആത്മഹത്യയുടെ വക്കിലാണ്. അതുകൊണ്ട് എത്രയും പെട്ടെന്ന് മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ തീരുമാനം നടപ്പിലാക്കി പ്രേരക്മാരുടെ പുനർവിന്യാസവും വർദ്ധനവോടെയുള്ള ശമ്പളവും അനുവദിക്കണമെന്നും ഇതിലെ ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, 1997-ൽ ട്രാവൻകൂർ കൊച്ചിൻ ലിറ്ററി ആൻഡ് സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട്പ്രകാരം രൂപീകൃതമായ ഒരു സൊസൈറ്റിയാണ് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി. കേരളത്തിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുകയെന്ന ലക്ഷ്യത്തോടെയാണ് സാക്ഷരതാ പ്രസ്ഥാനം കേരളത്തിൽ രൂപീകൃതമായത്. സാക്ഷരതയ്ക്കപ്പുറം തുടർ വിദ്യാഭ്യാസം നൽകുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഇപ്പോൾ സാക്ഷരതാ മിഷൻ പ്രവർത്തിച്ചുവരുന്നത്. സാക്ഷരതാ പ്രവർത്തനം കേരളത്തിൽ ആരംഭിക്കുമ്പോൾ കേന്ദ്ര സർക്കാരിൽനിന്നുള്ള ധനസഹായം ലഭ്യമായിരുന്നു. 2009 മാർച്ച് മാസംവരെ ഈ ധനസഹായം സാക്ഷരതാ മിഷന് കേന്ദ്ര സർക്കാർ അനുവദിക്കുകയുണ്ടായി. 2009 ഏപ്രിൽ മാസം മുതൽ നടപ്പിലാക്കി വന്നിരുന്ന കേന്ദ്ര സാക്ഷരതാ പദ്ധതികൾ കേന്ദ്ര സർക്കാർ നിർത്തലാക്കിയ സാഹചര്യത്തിൽ കേരളത്തിൽ ഈ പ്രസ്ഥാനത്തിന്റെ ആവശ്യകത മുന്നിൽക്കണ്ടുകൊണ്ട് 2009-ൽ സാക്ഷരതാ പ്രസ്ഥാനത്തെ നിലനിർത്തുകയും സാക്ഷരതാ തുടർവിദ്യാഭ്യാസ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള

ധനസഹായം ബഡ്ജറ്റ് വിഹിതമായി അനുവദിച്ചുവരികയുമാണ് ചെയ്തുവരുന്നത്. കേരളത്തിലെ സാക്ഷരതാ തുടർ വിദ്യാഭ്യാസത്തിന് വർത്തമാനകാല സാമൂഹിക യാഥാർത്ഥ്യങ്ങളെ ഉൾക്കൊണ്ടുകൊണ്ടുള്ള പുതിയ ദിശാബോധവും പുത്തൻ ഉണർവ്വുമുണ്ടായ കാലഘട്ടമാണ് 2016-2021. സാക്ഷരതാ പ്രസ്ഥാനത്തിന്റെ ജനകീയ സ്വഭാവം വീണ്ടെടുക്കാൻ ഈ കാലഘട്ടത്തിന് കഴിഞ്ഞിട്ടുണ്ട്. 1991-ലെ സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിന്റെ മാതൃകയിലുള്ള ഒട്ടേറെ പ്രവർത്തനങ്ങളും പദ്ധതികളുമാണ് ഇക്കാലയളവിൽ സാക്ഷരതാ മിഷൻ നടപ്പിലാക്കിയത്. ഇത്തരം പ്രവർത്തനങ്ങൾ ദേശീയ-അന്തർദേശീയതലങ്ങളിൽ ശ്രദ്ധിക്കപ്പെട്ടത് കേരളത്തിനും സംസ്ഥാന സർക്കാരിനും അഭിമാനകരമായ നേട്ടംകൂടിയാണ്. 2021 ജനുവരി മാസത്തിലെ ബഡ്ജറ്റ് പ്രഖ്യാപനത്തെത്തുടർന്ന് സാക്ഷരതാ മിഷനിലെ പ്രേരക്മാരെ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കാനുള്ള നടപടികൾ നടന്നുവരികയാണ്. അതിനായി പ്രേരക്മാരുടെ പേരുവിവരങ്ങൾ, ജോലി സംബന്ധിച്ച വ്യവസ്ഥകൾ, വേതനം സംബന്ധിച്ച വ്യവസ്ഥകൾ തുടങ്ങിയ വിവരങ്ങൾ സാക്ഷരതാ മിഷൻ ഡയറക്ടർ നൽകിയിട്ടുണ്ട്. പ്രേരക്മാരുടെ പുനർവിന്യാസം സംബന്ധിച്ച് ചർച്ചചെയ്യാൻ വിവിധ വകുപ്പുകളുമായി തദ്ദേശഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി 14-7-2021-ൽ യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗതീരുമാനത്തിൽ പുനർവിന്യാസം സംബന്ധിച്ച അന്തിമതീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണെന്നും ഇപ്രകാരം ഒരു തീരുമാനമെടുക്കുന്നതുവരെ പ്രേരക്മാരുടെ 2021 ഏപ്രിൽ മാസം മുതലുള്ള ഓണറേറിയം നിലവിലുള്ള രീതിയിൽ മിഷന്റെ 2021 പ്ലാൻ ഫണ്ടിൽനിന്ന് വഹിക്കേണ്ടതാണെന്നും നിർദ്ദേശിക്കുകയുണ്ടായി. 2021 ജനുവരി മാസത്തിലെ ബഡ്ജറ്റ് പ്രഖ്യാപനത്തെത്തുടർന്ന് 2021 ഏപ്രിൽ മാസം മുതലുള്ള സാമ്പത്തിക വർഷത്തിൽ പ്ലാൻഫണ്ട് മുഖേന ലഭ്യമാകുന്ന തുകയിൽ പ്രേരക് ഓണറേറിയത്തിനുള്ള തുക സാക്ഷരതാ മിഷൻ വകയിരുത്തിയിരുന്നില്ല. എന്നാൽ മേൽതീരുമാനത്തെത്തുടർന്ന് വിവിധ പ്രോജക്ടുകൾക്കായി വകയിരുത്തിയ തുകയിൽനിന്ന് പ്രേരക്മാരുടെ 2021 ഏപ്രിൽ മാസം മുതലുള്ള ഓണറേറിയം സർക്കാരിൽനിന്ന് ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് സാക്ഷരതാ മിഷൻ വിതരണം ചെയ്തുവരുന്നു. സംസ്ഥാന/ജില്ലാ ആഫീസുകളിലായി പത്തുവർഷം മുതൽ ഇരുപത്തിരണ്ട് വർഷത്തിലധികമായി സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാർ സാക്ഷരതാ മിഷനിൽ പ്രവർത്തിച്ചുവരികയാണ്. പത്തുവർഷത്തിലധികമായി സേവനമനുഷ്ഠിച്ചുവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന ഇവരുടെ ആവശ്യം പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സാക്ഷരതാ മിഷൻ പത്ത് വർഷത്തിലധികം സേവനമനുഷ്ഠിച്ച 74 ജീവനക്കാരെ സ്ഥിരപ്പെടുത്താൻ 5-2-2021-ലെ 59/2021 ഉത്തരവുപ്രകാരം ഉത്തരവായെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്തിരിക്കുകയാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, സാമ്പത്തികമായി വളരെ ദൗർബല്യം നേരിടുന്ന കുടുംബാംഗങ്ങളാണ് പ്രേരക്മാർ. അവരിൽ തൊണ്ണൂറ് ശതമാനവും സ്ത്രീകളാണ്. ബിരുദവും ബിരുദാനന്തര ബിരുദവും പൂർത്തീകരിച്ച അവർക്ക് ഇനി മറ്റൊരു ജോലി തേടിപ്പോകാൻ കഴിയാത്തവിധത്തിൽ പ്രായപരിധി പിന്നിട്ടിരിക്കുകയാണ്. അതുകൊണ്ട് അവരുടെ മാതൃസ്ഥാപനമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പുനരധിവാസം ഈ വർഷംതന്നെ നടപ്പിലാക്കാൻ കഴിയുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങിവിടെ സൂചിപ്പിച്ചതുപോലെ ലോകത്താകെ ശ്രദ്ധിക്കപ്പെടുന്ന സാക്ഷരതാ പ്രസ്ഥാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള ജനകീയ സമിതികളുടെ നേതൃത്വത്തിലാണ് കേരളത്തിൽ ഫലപ്രദമായി നടത്തുന്നതിന് സാധിച്ചിട്ടുള്ളത്. ജില്ലാഭരണകൂടവും വിദ്യാഭ്യാസരംഗത്ത് താല്പര്യമുള്ള മുഴുവൻ ആളുകളും അക്കാര്യത്തിൽ സഹകരിക്കുകയുണ്ടായി. സാക്ഷരതാ പ്രസ്ഥാനം നടന്ന അവസരത്തിൽ ഞാൻ ഉള്ളൂർ പഞ്ചായത്ത് പ്രസിഡന്റായിരുന്നു. നാട്ടിലുള്ള എല്ലാവരും ഒറ്റക്കെട്ടായിട്ടാണ് ഇതിൽ പങ്കെടുത്തത്. ഇനി അവശേഷിക്കുന്ന സാക്ഷരതാ പ്രവർത്തനവും തുടർവിദ്യാഭ്യാസവും സംഘടിപ്പിക്കുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഇതിനെ മാറ്റുന്നത് സംബന്ധിച്ചാണ് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ജനകീയാസൂത്രണത്തിന്റെ ഭാഗമായി അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി ഇതെല്ലാം നല്ലരീതിയിൽ സംഘടിപ്പിക്കാൻ കഴിയും. നിലവിൽ എല്ലാ വാർഡുകളിലും വാർഡ് കമ്മിറ്റികളുണ്ട്. ആ വാർഡ് കമ്മിറ്റികളുടെ നേതൃത്വത്തിൽ വോളന്റിയേഴ്സിനെ തയ്യാറാക്കാൻ കഴിയും. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് മാറ്റുന്നതിനെ സംബന്ധിച്ചുള്ള ആശയം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(2) പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കൽ

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, കാലാവധി കഴിഞ്ഞ പറമ്പിക്കുളം-ആളിയാർ നദീജല കരാറിൽ കേരളത്തിന്റെ പ്രളയ സാഹചര്യത്തിനനുസരിച്ച് മാറ്റം വരുത്തണമെന്നാണ് ശ്രദ്ധ ക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്. തൃശ്ശൂർ ജില്ലയിലെ ചാലക്കുടി പുഴയുടെ തീരത്തെ ജനങ്ങൾ പ്രളയ ഭീതിയിലാണ്. 2018-ലെ പ്രളയത്തിൽ ചാലക്കുടിപ്പുഴയുടെ തീരത്തുള്ള ആയിരക്കണക്കിനാളുകൾക്ക് കോടിക്കണക്കിന് രൂപയുടെ നാശനഷ്ടമാണുണ്ടായത്. ചാലക്കുടിപ്പുഴയിലുള്ള ആറ് ഡാമുകളും ഒന്നിച്ച് തുറന്നുവിട്ടതുകൊണ്ടാണ് നാശനഷ്ടമുണ്ടായത്. 2018-ൽ ബലക്ഷയം സംഭവിച്ച പെരിങ്ങൽക്കുത്ത് ഡാം ഇപ്പോഴും ബലപ്പെടുത്തിയിട്ടില്ല. ചാലക്കുടിപ്പുഴയിലുള്ള പറമ്പിക്കുളം, ഷോളയാർ, അപ്പർ ഷോളയാർ,

പെരുവാരിപള്ളം, തുണക്കടവ്, പെരിങ്ങൽക്കുത്ത് എന്നീ ആറ് ഡാമുകളിൽ നാല് ഡാമുകളും തമിഴ്നാടിന്റെ നിയന്ത്രണത്തിലാണ്. അഞ്ച് ഡാമുകളും നിറഞ്ഞിരിക്കുന്ന അവസ്ഥയാണ്. ഒരു മഴപെയ്താൽ ഡാമുകൾ തുറന്നുവിടേണ്ടിവരുന്ന അവസ്ഥയാണുള്ളത്. ഈ വർഷം മൂന്നുതവണയാണ് മുന്നറിയിപ്പില്ലാതെ പറമ്പിക്കുളം ഡാം തുറന്നുവിട്ടത്. ഈ മൂന്നുതവണയും ചാലക്കുടിപ്പുഴയുടെ തീരത്തുള്ളവരെ ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് മാറ്റി പാർപ്പിക്കുകയുണ്ടായി. ഈ കഴിഞ്ഞ ഒക്ടോബർ 12-ന് പുലർച്ചെ ചാലക്കുടിപ്പുഴയിൽ ആറ് മീറ്ററിലധികം ജലനിരപ്പ് ഉയരുന്ന സാഹചര്യമുണ്ടായി. പറമ്പിക്കുളത്തുനിന്ന് മുന്നറിയിപ്പില്ലാതെ വലിയതോതിൽ വെള്ളം തുറന്നുവിട്ടതാണ് ജലനിരപ്പ് ഉയർന്നതിനുകാരണം. ദുരന്തനിവാരണ അതോറിറ്റിപോലും ഡാം തുറന്നുവിടുന്നകാര്യം മുൻകൂട്ടി അറിഞ്ഞില്ല. പറമ്പിക്കുളം-ആളിയാർ അന്തർസംസ്ഥാന നദീജല കരാർകൊണ്ട് തമിഴ്നാടിന് കോടികളുടെ ലാഭവും കേരളത്തിന് പ്രളയവുമെന്നതാണ് അവസ്ഥ. കരാറിലെ വ്യവസ്ഥകളൊന്നും തമിഴ്നാട് പാലിക്കുന്നില്ല. 1993 മാർച്ച് 31-ന് ഇന്നത്തെ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി സഭയിൽ അവതരിപ്പിച്ച പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ അന്നത്തെ ജലസേചന വകുപ്പുമന്ത്രി ടി. എം. ജേക്കബ് അദ്ധ്യക്ഷനായുള്ള നിയമസഭാ സമിതിയുടെ റിപ്പോർട്ടാണിത് (പ്രസ്തുത റിപ്പോർട്ട് ഉയർത്തിക്കാണിച്ചു). ഈ റിപ്പോർട്ടിൽ 29 നിർദ്ദേശങ്ങളും ശിപാർശകളും സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ഒരു ശിപാർശപോലും പ്രാവർത്തികമാക്കിയിട്ടില്ല. പറമ്പിക്കുളം-ആളിയാർ കരാറിന്റെ നിയമസാധുതയെക്കുറിച്ച് ഈ സമിതിക്ക് സംശയമുണ്ടെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. മുൻകാലപ്രാബല്യത്തോടെ കരാർ ഉണ്ടാക്കിയെന്നും കരാറിന് കാലപരിധി നിശ്ചയിച്ചിട്ടില്ലെന്നും ആയതിനാൽ സർക്കാർ നിയമവിദഗ്ദ്ധരുടെ ഉപദേശം തേടണമെന്നുമുണ്ട്. കൂടാതെ ഈ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള ചർച്ചകൾ അനന്തമായി നീണ്ടുപോകുന്നത് തടയുന്നതിനായി സർക്കാർ പ്രത്യേകമായി ശ്രദ്ധനൽകണമെന്നും ഈ റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. പറമ്പിക്കുളം-ആളിയാർ കരാർപ്രകാരം തമിഴ്നാട് ഷോളയാറിൽ നിന്നും കേരള ഷോളയാറിലേയ്ക്ക് ഒരു ജലവർഷത്തിൽ 12.3 ടി.എം.സി. ജലവും ചിറ്റൂർ പുഴയിൽ 7.2 ടി.എം.സി. ജലവുമാണ് ലഭിക്കേണ്ടത്. കൂടാതെ പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിൽനിന്ന് 2.5 ടി.എം.സി. ജലവും ലഭിക്കുന്നതിന് കേരളത്തിന് അർഹതയുണ്ട്. ഇതൊരിക്കലും ലഭിച്ചില്ലായെന്നതാണ് വസ്തുത.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.......

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, അതുപോലെതന്നെ ഷോളയാറിലേയും ചിറ്റൂർപ്പുഴയിലേയും കരാർ വ്യവസ്ഥകൾ തമിഴ്നാട് നിരന്തരം ലംഘിക്കുന്നതിനാൽ വലിയ നഷ്ടമാണ് കേരളത്തിന് സംഭവിച്ചുകൊണ്ടിരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് ....... പ്ലീസ്......

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് പറയുന്നത്. കേരള ഷോളയാറിൽനിന്നും പെരിങ്ങൽക്കുത്ത് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിൽനിന്നും ലഭിക്കുന്ന വെള്ളം തുമ്പൂർമുഴി ഡാമിൽ സംഭരിച്ച് ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിലെ ചാലക്കുടി, പുതുക്കാട്, കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട, അങ്കമാലി എന്നീ നിയോജകമണ്ഡലങ്ങളിലെ പഞ്ചായത്തുകളിലും അങ്കമാലി, ചാലക്കുടി മുനിസിപ്പാലിറ്റി പ്രദേശങ്ങളിലും ജലവിതരണം നടത്തുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് ..... ശ്രീ. സനീഷ്കുമാർ ജോസഫ്.....

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഒരുമിനിട്ട്...... കേരളത്തിന്റെ നിയന്ത്രണത്തിലുള്ള ലോവർ ഷോളയാർ ഡാമിൽ തമിഴ്നാടിന്റെ നിയന്ത്രണത്തിലുള്ള അപ്പർ ഷോളയാറിൽനിന്ന് വെള്ളം ഒഴുക്കി വർഷത്തിൽ ഫെബ്രുവരി 1-നും സെപ്റ്റംബർ 1-നും പൂർണ്ണ ജലനിരപ്പ് ഉറപ്പാക്കണമെന്ന് വ്യവസ്ഥയുണ്ട്. കേരളത്തിൽ കനത്ത മഴപെയ്യുന്ന ആഗസ്റ്റ് മാസം കഴിഞ്ഞ് സെപ്റ്റംബർ 1-ന് തമിഴ്നാട് ഇതുപാലിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് ..... പ്ലീസ്......

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, അതിനായി വെള്ളം തടഞ്ഞുനിർത്തുകയും ചെയ്യും. കേരളത്തിന് ജലം ആവശ്യമുള്ള ഫെബ്രുവരിയിൽ ഇതുപാലിക്കാറില്ല. തമിഴ്നാട് നടത്തിയ കരാർ ലംഘനങ്ങൾ സർക്കാർതലത്തിലും ഉദ്യോഗസ്ഥതലത്തിലും ശ്രദ്ധയിൽപ്പെടുത്തിയിട്ടും ദോഷകരമായ ഈ വ്യവസ്ഥകൾ മാറ്റാൻ സാധിച്ചിട്ടില്ല. തുടരുന്ന കരാർ ലംഘനങ്ങൾ തടയാനുമാകുന്നില്ല. 63 വർഷം മുമ്പേയുള്ള സ്ഥിതിവിവര കണക്കുകൾവച്ചുണ്ടാക്കിയ കരാറിൽ നിരവധി പാകപ്പിഴകളാണുള്ളത്. കരാറനുസരിച്ച് ഓരോ മുപ്പത് വർഷം കൂടുമ്പോഴും കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യണമെന്ന് വ്യവസ്ഥയുണ്ടെങ്കിലും രണ്ടുതവണ പുതുക്കേണ്ട കരാർ കാലാവധി കഴിഞ്ഞിട്ടും പുതുക്കിയിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് ..... അങ്ങ് പ്രസംഗം അവസാനിപ്പിക്കു.....

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, കരാർ സമയബന്ധിതമായി പുതുക്കാത്തതുകൊണ്ട് കേരളത്തിന് വലിയ നഷ്ടവും തമിഴ്നാടിന് കോടികളുടെ ലാഭവുമാണ്. കേരളത്തിലെ പ്രളയ സാഹചര്യത്തിനുസരിച്ച് പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിൽ മാറ്റം വരുത്തണം. 2018-ലെ പ്രളയത്തിൽ ബലക്ഷയം സംഭവിച്ച ....... (മൈക്ക് ഓഫ്) .........

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ഇരിക്കു ...... ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയട്ടെ.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ

സനീഷ്കുമാർ ജോസഫ് നൽകിയ നോട്ടീസ് അനുസരിച്ചാണ് അദ്ദേഹം കാര്യങ്ങൾ സഭയിൽ അവതരിപ്പിച്ചത്. എന്നാൽ ഈ മറുപടി പറയുന്നതിനുമുമ്പ് ഞാൻ ലേശം അങ്കലാപ്പിലായിരുന്നു. കാരണം അജണ്ടയിൽ അച്ചടിച്ചുവന്നത് 'സംസ്ഥാനത്തെ ഡാമുകളിലെ ജലം മുന്നറിയിപ്പില്ലാതെ തുറന്നുവിടുന്ന സാഹചര്യം ഒഴിവാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. സനീഷ്കുമാർ ജോസഫ് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ് എന്നാണ്. എന്നാൽ എന്റെ കൈവശമുള്ള മറുപടി അജണ്ടയിൽ വന്നകാര്യത്തിന് യോജിച്ചതല്ല. അതിനാൽ ഞാൻ അങ്കലാപ്പിലായി. എന്താണ് ഇങ്ങനെ സംഭവിച്ചതെന്ന് ഓഫീസിൽ ചോദിച്ചപ്പോൾ നോട്ടീസ് അതുതന്നെയാണെന്ന് അവർ എനിക്ക് മറുപടി നൽകി. ശ്രീ. സനീഷ്കുമാർ ജോസഫ് കാര്യം അവതരിപ്പിച്ചപ്പോഴും നോട്ടീസ് അതുതന്നെയാണ്. എങ്ങനെയാണ് ഇങ്ങനെയൊരു അബദ്ധം സംഭവിച്ചതെന്ന് ബഹുമാന്യനായ സ്പീക്കർ പരിശോധിക്കേണ്ട കാര്യമാണ്. ബഹുമാന്യനായ സനീഷ്കുമാർ ജോസഫ്, അദ്ദേഹം നൽകിയ നോട്ടീസ് അനുസരിച്ചുതന്നെയാണ് കാര്യങ്ങൾ അവതരിപ്പിച്ചത്.

സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് തമിഴ്നാടുമായി ചർച്ച നടത്തി പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. 1988-ലാണ് പുനരവലോകന ചർച്ചകൾ ആരംഭിച്ചതെങ്കിലും അധികജലം പങ്കുവയ്ക്കുന്നതുൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ പരസ്പരധാരണയാകാത്തതിനാൽ ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല. അന്തർസംസ്ഥാന നദീജല കരാറുകൾ സംബന്ധിച്ച് 25-9-2019-ൽ തിരുവനന്തപുരത്തുനടന്ന മുഖ്യമന്ത്രിതല യോഗത്തിൽ കരാർ പുതുക്കാൻ തമിഴ്നാട് സമ്മതമറിയിച്ചിരുന്നു. ഇതിനായി ഇരുസംസ്ഥാനങ്ങളിലേയും വകുപ്പുസെക്രട്ടറിമാരുടെ നേതൃത്വത്തിൽ സാങ്കേതികാംഗങ്ങൾ ഉൾപ്പെടെ അഞ്ചംഗങ്ങൾ വീതമുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇതുവരെ കമ്മിറ്റിയുടെ മൂന്ന് യോഗങ്ങൾ ചേർന്നിട്ടുണ്ട്. ഈ യോഗങ്ങളിലെടുത്ത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം ചെയ്യുന്നത് സംബന്ധിച്ച് ഒരു പ്രാരംഭ ചട്ടക്കൂടുണ്ടാക്കുന്നതിൽ തമിഴ്നാടുമായി സമവായത്തിലെത്താൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനം ആവശ്യപ്പെട്ടതനുസരിച്ച് കരാർപ്രകാരം ജലവിഭജനത്തിനും വിതരണത്തിനും അധികാരമുള്ള സംയുക്ത വാട്ടർ റെഗുലേറ്ററി ബോർഡിന്റെ യോഗങ്ങളുടെ എണ്ണം കൂട്ടാനും തമിഴ്നാട് സമ്മതിച്ചിട്ടുണ്ട്. പറമ്പിക്കുളം ഡാമിൽ അനുവദിക്കാവുന്ന പരമാവധി ജലനിരപ്പ് നിശ്ചയിക്കേണ്ടതിന്റെ ആവശ്യകത ബോർഡ് യോഗങ്ങളിൽ സംസ്ഥാനം ശക്തമായി ഉന്നയിക്കുന്നുണ്ട്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ നിർദ്ദേശപ്രകാരം

പറമ്പിക്കുളം-ആളിയാർ കരാർ ഉൾപ്പെടുന്ന എല്ലാ നദികളിലേയ്ക്കുമുള്ള വെള്ളത്തിന്റെ സ്വാഭാവിക ഒഴുക്ക് (e-flow) നിലനിർത്തണമെന്നും e-flow-യ്ക്കുള്ള വ്യവസ്ഥ പുതുക്കുന്ന കരാറിൽ ഉൾപ്പെടുത്തണമെന്നും സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. 2018-ലെ പ്രളയത്തിനുശേഷം പെരിങ്ങൽക്കുത്ത് ഡാമിന്റെ സുരക്ഷ സംബന്ധിച്ച് പഠനം നടത്താൻ ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിരുന്നു. സമിതിയുടെ റിപ്പോർട്ടിന്റെയും Dam Safety Review Panel (DSRP) നടത്തിയ പഠനങ്ങളുടെയും അടിസ്ഥാനത്തിൽ ഡാം ബലപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ നബാർഡ് ചെയ്യുന്നതിന് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തിയാകുന്നതോടുകൂടി ഇടമലയാറിലേയ്ക്ക് കൂടുതൽ ജലം തിരിച്ചുവിട്ട് ചാലക്കുടിപ്പുഴയിലേയ്ക്കുള്ള ജലത്തിന്റെ അളവ് നിയന്ത്രിക്കാൻ കഴിയും. ഈ വർഷം പറമ്പിക്കുളം ഡാം തുറന്നതിനാൽ പെരിങ്ങൽക്കുത്ത് ഡാം തുറക്കേണ്ട സാഹചര്യമുണ്ടായി. ഇതേത്തുടർന്ന് ദുരന്തനിവാരണ അതോറിറ്റി സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തുകയും ചാലക്കുടിപ്പുഴയോട് ബന്ധപ്പെട്ടുകിടക്കുന്ന താഴ്ന്നപ്രദേശങ്ങളിൽനിന്ന് ആളുകളെ മാറ്റിപ്പാർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. സംസ്ഥാനത്തെ വിവിധ അണക്കെട്ടുകൾ തുറക്കുന്ന സാഹചര്യത്തിൽ പൊതുവായ നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിനും ജീവനും സ്വത്തും സംരക്ഷിക്കുന്നതിനും സർക്കാർ സാധ്യമായ എല്ലാ നടപടിയും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, കാലാവധി കഴിഞ്ഞിട്ടും പുതുക്കാത്ത പറമ്പിക്കുളം-ആളിയാർ കരാർ സമയബന്ധിതമായി പുതുക്കി ചാലക്കുടിപ്പുഴയുടെ തീരത്തുള്ളവരുടെ ആശങ്ക പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, തീർച്ചയായും അത് കേരളത്തിന്റെ പൊതുവായ ഒരു പ്രശ്നമാണ്. ആ നിലയിൽത്തന്നെയാണ് സർക്കാർ കാണുന്നത്. ഗൗരവമായിത്തന്നെ ആ പ്രശ്നം പരിഹരിക്കുന്നതിനുള്ള ഇടപെടലാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

**11.00 am]**

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രദ്ധക്ഷണിക്കൽ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ച വിഷയം ചെയർ പരിശോധിക്കുന്നതാണ്.

ബഹുമാനപ്പെട്ട അംഗങ്ങൾ ഒരുമിനിട്ടുകൊണ്ട് സബ്മിഷൻ അവതരിപ്പിക്കണം. ഉത്തരം ദീർഘമാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിമാർ പ്രധാനപ്പെട്ട വിഷയങ്ങൾ പറഞ്ഞ് ബാക്കിയുള്ളവ മേശപ്പുറത്തുവയ്ക്കണം. ബില്ലുമായി ബന്ധപ്പെട്ട് 1500-ലധികം ഭേദഗതികളുണ്ട്; സമയം ധാരാളം വേണ്ടിവരും. അതുകൊണ്ട് എല്ലാവരും സമയക്ലിപ്തത പാലിക്കണം.

# IV സബ്മിഷൻ

## (1) ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തൽ

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, 2018 മുതൽ തുടർച്ചയായി പ്രളയവും പ്രകൃതിദുരന്തങ്ങളും നമ്മുടെ സംസ്ഥാനത്ത് ആവർത്തിക്കപ്പെടുകയാണ്. ഇതിൽ കേടുപാടുകൾ സംഭവിച്ച വീടുകൾക്ക് 2018 മുതൽ പ്രളയ ദുരിതാശ്വാസമായി അറുപതിനായിരം രൂപ, ഒന്നേകാൽ ലക്ഷം രൂപ, രണ്ടര ലക്ഷം രൂപ എന്നിങ്ങനെ സി.എം.ഡി.ആർ.എഫ്.-ൽ നിന്ന് നൽകിയിട്ടുണ്ട്. പലരും ഈ തുക ഉപയോഗിച്ച് ചെറിയ ചെറിയ അറ്റകുറ്റപ്പണികൾ വീടുകളിന്മേൽ നടത്തിയിട്ടുണ്ട്. എന്നാലിന്ന് അതിൽ കുറേയധികം വീടുകൾ വാസയോഗ്യമല്ലാതായി മാറിയിട്ടുണ്ട്. അവർ ലൈഫ് മിഷനിൽ അപേക്ഷ നൽകുമ്പോൾ, ലൈഫ് മിഷന്റെ സ്കീമിൽ വരാൻ അവർക്ക് എലിജിബിലിറ്റിയുണ്ടെങ്കിലും സി.എം.ഡി.ആർ.എഫ്.-ൽനിന്ന് മുമ്പ് റിപ്പയർ വർക്കിന് തുക വാങ്ങിയതുകൊണ്ട് അവരെ ലൈഫ് മിഷൻ പദ്ധതിയിൽപ്പെടുത്തില്ലെന്ന നിലപാടാണ് ഇപ്പോൾ എടുത്തിരിക്കുന്നത്. ഫലത്തിൽ ലൈഫ് മിഷനിൽനിന്ന് അവരെ ഒഴിവാക്കുകയാണ്. പരാതികൾ ലഭിച്ചതിനെത്തുടർന്ന് കോ-ഓർഡിനേഷൻ കമ്മിറ്റി കുറച്ച് ആളുകളെ ഉൾപ്പെടുത്താൻ പിന്നീട് ഒരു തീരുമാനമെടുത്തു. പക്ഷേ പ്രളയകാലത്ത് അറുപതിനായിരവും ഒന്നേകാൽ ലക്ഷവും റിപ്പയർ വർക്കിന് നൽകിയ തുക ലൈഫ് പദ്ധതിപ്രകാരം നൽകുന്ന നാല് ലക്ഷം രൂപയിൽനിന്ന് കുറയ്ക്കാനുള്ള തീരുമാനമെടുത്തിരിക്കുകയാണ്. അത് അനൗചിത്യവും അനീതിയുമാണ്. കാരണം ഇപ്പോൾ അനുവദിക്കുന്ന നാല് ലക്ഷം രൂപ ഉപയോഗിച്ച്, ഇത് തീരുമാനിച്ച ആദ്യകാലത്തുപോലും വീടുനിർമ്മിക്കാൻ സാധിക്കില്ലായിരുന്നു. കൂടാതെ 25 മുതൽ 50 ശതമാനംവരെ മെറ്റീരിയൽസിന് വിലവർദ്ധിച്ചിരിക്കുന്ന കാലഘട്ടമാണ്. അന്ന് നാല് ലക്ഷം രൂപയ്ക്ക് നിർമ്മിക്കാനുദ്ദേശിച്ചിരുന്ന വീട് ആറ് ലക്ഷം രൂപയുണ്ടെങ്കിലേ ഇപ്പോൾ നിർമ്മിക്കാൻ സാധിക്കുകയുള്ളൂ. നാല് കൊല്ലംമുമ്പ് മഹാപ്രളയത്തിന്റെ സമയത്ത് അറുപതിനായിരം രൂപയും ഒന്നേകാൽ ലക്ഷം രൂപയും റിപ്പയറിനുവേണ്ടി നൽകിയ തുക ഇതിൽ നിന്നും കുറയ്ക്കുന്നതിലൂടെ അവർക്കാർക്കും വീടുനിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടാകും. അതുകൊണ്ട് എന്റെ ഒരു നിർദ്ദേശം, സി.എം.ഡി.ആർ.എഫ്. വഴി റിപ്പയറിന് സഹായം നൽകിയതിന്റെ പേരിൽ ലൈഫ് പദ്ധതിയിൽനിന്ന് അവരെ ഒഴിവാക്കാതിരിക്കുക, അവരുടെ വീട് വാസയോഗ്യമല്ലാതിരിക്കുകയും അവർ ബാക്കിയുള്ള എലിജിബിലിറ്റിയും കണ്ടീഷനുകളുമെല്ലാം കംപ്ലെ

ചെയ്യുന്നുണ്ടെങ്കിൽ ലൈഫ് മിഷനിൽ ഉൾപ്പെടുത്തുക, ലൈഫ് മിഷനിൽ ഉൾപ്പെടുത്തിക്കഴിഞ്ഞാൽ മൂന്നുനാല് കൊല്ലംമുമ്പ് അവർക്ക് റിപ്പയർ ചെയ്യാൻ നൽകിയിട്ടുള്ള തുക ഇതിൽനിന്നും കുറയ്ക്കാതിരിക്കാൻ നോക്കുക. ഏറ്റവും സാധാരണക്കാരും പാവപ്പെട്ടവരുമായ ആളുകളെ സംബന്ധിക്കുന്ന വിഷയമാണിത്. ഇക്കാര്യത്തിൽ സർക്കാർ അടിയന്തരമായി ഉചിതമായ തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ഉന്നയിച്ചിട്ടുള്ള പ്രശ്നം ഗൗരവപൂർവ്വമായ പരിശോധന നടത്തിയിട്ടുള്ള കാര്യംതന്നെയാണ്. 2018, 2019, 2020 വർഷങ്ങളിലെ പ്രളയത്തിലും പ്രകൃതിക്ഷോഭത്തിലും വീടിന് നാശനഷ്ടം സംഭവിച്ചതിന് സംസ്ഥാന ദുരന്തനിവാരണ ഫണ്ടിൽനിന്നും ധനസഹായം ലഭിച്ച കുടുംബങ്ങളെ ലൈഫ് ഭവന പദ്ധതിയിൽനിന്നും ഒഴിവാക്കുന്നതിൽ അപാകതയുണ്ടെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഇത് സൂക്ഷ്മമായി പരിശോധിച്ചാൽ വസ്തുതയ്ക്ക് യോജിക്കുന്ന ഒന്നല്ല. ലൈഫ് ഭവന പദ്ധതി എന്നത് നിയതമായ നടപടിക്രമങ്ങളിലൂടെ അർഹരായവരെ കണ്ടെത്തി ഭവന നിർമ്മാണ ധനസഹായമോ ഭവന സൗകര്യംതന്നെയോ നൽകുന്നതിന് പ്രളയത്തിന് മുമ്പേതന്നെ, അതായത് 2016-2017 മുതൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ്. എന്നാൽ കഴിഞ്ഞ മൂന്നുവർഷങ്ങളിലെ പ്രളയത്തിൽ വീട് തകർന്ന കുടുംബങ്ങൾ സംസ്ഥാനത്ത് ധാരാളമുണ്ട്. പ്രളയത്തിന്റെ ഭാഗമായാണ് ഇവരുടെ വീട് തകർന്നുപോയതെന്നതിനാൽ അതിനുമുമ്പേ നടപടിയാരംഭിച്ച ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ സ്വാഭാവികമായും ഇവരുൾപ്പെടില്ല. പ്രളയത്തിൽ വീട് തകർന്ന കുടുംബങ്ങൾക്ക് സി.എം.ഡി.ആർ.എഫ്.-ൽനിന്നും എസ്.ഡി.ആർ.എഫ്.-ൽ നിന്നും ധനസഹായം നൽകുന്നുണ്ട്. പൂർണ്ണമായി തകർന്നതോ 75 ശതമാനത്തിലേറെ തകർന്ന് വാസയോഗ്യമല്ലാതായതോ ആയ വീടുകൾക്ക് നാല് ലക്ഷം രൂപയാണ് നഷ്ടപരിഹാരം നൽകുന്നത്. എന്നാൽ വീടിന് സംഭവിച്ച നാശനഷ്ടം കുറവാണെങ്കിൽ ആനുപാതികമായി ധനസഹായത്തിന്റെ നിരക്ക് കുറയുകയുംചെയ്യും. ചില സാഹചര്യങ്ങളിൽ ഇങ്ങനെ എസ്.ഡി.ആർ.എഫ്.-ൽനിന്നും കുറഞ്ഞ നിരക്കിൽ ലഭിക്കുന്ന സഹായംകൊണ്ട് വീട് വാസയോഗ്യമാക്കാൻ കഴിയില്ല. വീട് പുനർനിർമ്മിക്കേണ്ടിവരുന്ന സാഹചര്യത്തിൽ അഥവാ പുതിയ വീട് നിർമ്മിക്കേണ്ടി വരുമ്പോൾ എസ്.ഡി.ആർ.എഫ്.-ൽനിന്നും ലഭിച്ച തുക എത്രയാണോ അത് കുറവുചെയ്ത്

ലൈഫ് ഭവന പദ്ധതി നിരക്കായ പരമാവധി നാല് ലക്ഷം രൂപവരെ എന്ന് കണക്കാക്കി ബാക്കി തുക തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന നൽകാൻ നിലവിൽ അനുമതി നൽകിയിട്ടുണ്ട്. ഈ കുടുംബങ്ങൾ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലെങ്കിലും പുതിയ വീട് നിർമ്മിക്കുന്നതിന് ധനസഹായത്തിന് അനുമതി നൽകുന്നതിന് 10-2-2021-ന് ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനമെടുത്തിരുന്നു. 14-9-2021-ന് കോ-ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം വീണ്ടും പരിഗണിച്ച് പ്രളയത്തിൽ 75 ശതമാനത്തിനുമുകളിൽ നാശനഷ്ടമുണ്ടായ വീടിന് എസ്.ഡി.ആർ.എഫ്.-ൽനിന്നും സി.എം.ഡി.ആർ.എഫ്.-ൽനിന്നും ലഭിക്കുന്ന തുക ചേർത്ത് ആകെ നാല് ലക്ഷം രൂപ ലഭിക്കുകയാണെങ്കിൽ അത്തരം കുടുംബത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അധിക വിഹിതം നൽകുന്നതല്ല. അതേസമയം 60 മുതൽ 74 ശതമാനം വരെ നാശനഷ്ടമുണ്ടായ വീടുകൾക്ക് എസ്.ഡി.ആർ.എഫ്.-ൽനിന്നും സി.എം.ഡി.ആർ.എഫ്.-ൽ നിന്നും ആകെ 2,50,000 രൂപയാണ് ലഭിക്കുക. എന്നാൽ പലപ്പോഴും ഈ തുക ഉപയോഗിച്ച് വീട് വാസയോഗ്യമാക്കാൻ കഴിയില്ല. ഇത്തരം കേസുകളിൽ പഞ്ചായത്ത്/മുനിസിപ്പൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ശിപാർശപ്രകാരം ബാക്കിവരുന്ന 1,50,000 രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 60 ശതമാനത്തിൽ താഴെ നാശനഷ്ടം സംഭവിച്ചവർക്ക് വീട് റിപ്പെയറിംഗ് മാത്രമേ ആവശ്യമുള്ളൂവെന്നതിനാൽ എസ്.ഡി.ആർ.എഫ്.-ൽനിന്നും ലഭിക്കുന്ന ധനസഹായത്തിനുപുറമേ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്ന് അധിക ധനസഹായം നൽകേണ്ട ആവശ്യമുണ്ടാകുന്നില്ല. എസ്.ഡി.ആർ.എഫ്.-ൽനിന്നോ സി.എം.ഡി.ആർ.എഫ്.-ൽനിന്നോ മറ്റുവിധത്തിലോ ഏതെങ്കിലും തരത്തിൽ ധനസഹായം ലഭിച്ചവർക്ക് അധിക സഹായമാണ് മേൽപ്പറഞ്ഞ രീതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നൽകുന്നത്. എന്നാൽ 2018, 2019, 2020 വർഷങ്ങളിലെ പ്രളയത്തിൽ വീട് പൂർണ്ണമായും തകരുകയും എസ്.ഡി.ആർ.എഫ്.-ൽ നിന്നോ സി.എം.ഡി.ആർ.എഫ്.-ൽനിന്നോ മറ്റോ വിവിധ ധനസഹായം ലഭിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടാലും ഇല്ലെങ്കിലും അങ്ങനെയുള്ളവർക്ക് ബന്ധപ്പെട്ട പഞ്ചായത്ത്, മുനിസിപ്പൽ എഞ്ചിനീയറുടെ സാക്ഷ്യപത്രത്തെ അടിസ്ഥാനപ്പെടുത്തി വീട് നിർമ്മാണത്തിന് ലൈഫ് നിരക്കുപ്രകാരം നാല് ലക്ഷം രൂപ ധനസഹായം നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിനുള്ള സർക്കാർ ഉത്തരവ് 2255/2021/തസ്വഭ. ആയി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(2) ജൽജീവൻ മിഷൻ പൈപ്പ് ലൈൻ

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും ഒരുമിച്ച് തീരുമാനമെടുക്കേണ്ട ഒരു വിഷയമാണ് ഞാൻ ഉന്നയിക്കുന്നത്. സംസ്ഥാനത്ത് വ്യാപകമായി ജൽജീവൻ മിഷനും കിഫ്ബി പദ്ധതിയുമുപയോഗിച്ച് സമ്പൂർണ്ണ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരികയാണ്. റോഡുകൾ വെട്ടിപ്പൊളിക്കേണ്ടി വരുന്നുവെന്നതാണ് ഈ പദ്ധതികൾ നടപ്പിലാക്കുമ്പോഴുണ്ടാകുന്ന പ്രശ്നം. എൻ.എച്ച്. റോഡുകളും പി.ഡബ്ല്യു.ഡി. റോഡുകളും വെട്ടിപ്പൊളിക്കുമ്പോൾ അവർ നിശ്ചയിക്കുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള പണം ആദ്യംതന്നെ കെട്ടിവയ്ക്കണം. അതേസമയം തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള റോഡുകൾ വെട്ടിപ്പൊളിക്കുന്നതിന് മുൻകൂർ അനുമതി വാങ്ങുകയോ പണം കെട്ടിവയ്ക്കുകയോ വേണ്ട. പഞ്ചായത്തിൽ ഏകദേശം 200 കിലോമീറ്ററും മുനിസിപ്പാലിറ്റിയിൽ 400 കിലോമീറ്ററും റോഡ് വെട്ടിപ്പൊളിച്ച് ട്രഞ്ചെടുത്താണ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നത്. ജൽജീവൻ മിഷൻ പദ്ധതി പ്രകാരം പഞ്ചായത്തുകൾ ആദ്യമേ 15 ശതമാനം വിഹിതം കൊടുക്കണം. അതിനുപുറമേ ഇരുന്നൂറോ നാന്നൂറോ കിലോമീറ്റർ ദൂരമുള്ള റോഡുകൾ വെട്ടിപ്പൊളിക്കുമ്പോൾ അതുകൂടി restore ചെയ്യാനുള്ള ഫണ്ട് അവർ എടുത്തിട്ടുണ്ടാകില്ല. അതുകൊണ്ട് എല്ലാ റോഡുകളും restore ചെയ്യാനുള്ള പ്രത്യേക ഫണ്ട് അനുവദിക്കുകയോ അല്ലെങ്കിൽ ജൽജീവൻ മിഷനാണെങ്കിലും അതുപോലുള്ള മറ്റ് പദ്ധതികൾക്കാണെങ്കിലും എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ restore ചെയ്യാനുള്ള ഫണ്ട് അതിൽ ഉൾക്കൊള്ളിക്കുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്താകമാനം ജൽജീവൻ മിഷൻ 2024-ൽ പൂർത്തിയാക്കുമെന്നാണ് പറയുന്നത്. ഈ കാലഘട്ടത്തിൽ റോഡ് വെട്ടിപ്പൊളിക്കൽ വളരെ ഗൗരവമായ വിഷയമായിവരികയാണ്. കൊണ്ടോട്ടി മണ്ഡലത്തിൽ 254 കോടി രൂപയുടെ കുടിവെള്ള പദ്ധതി നടപ്പിലാക്കുകയാണ്. കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ ചെയർപേഴ്സണും മറ്റും ഇന്നലെ ബഹുമാനപ്പെട്ട മന്ത്രിയെ കണ്ടതാണ്. എല്ലാ പഞ്ചായത്തുകളിലും റോഡുകൾ വെട്ടിപ്പൊളിച്ചിട്ടിരിക്കുകയാണ്. മറ്റു സ്ഥലങ്ങളിലും ഈ പ്രശ്നം വരാൻ പോകുന്നതേയുള്ളൂ. നിലവിലുള്ള ചീക്കോട് കുടിവെള്ള പദ്ധതിയിലേയ്ക്ക് ജൽജീവൻ മിഷനും കിഫ്ബി പ്ലാൻ ഫണ്ടും മിക്സ് ചെയ്ത് അഡ്വാൻസ്ഡായി മുന്നോട്ടുപോകുന്നുവെന്നതുകൊണ്ട്, അതിന്റെ ഗുരുതരമായ ഭവിഷ്യത്ത് അനുഭവിക്കുന്ന മണ്ഡലത്തിന്റെ എം.എൽ.എ. എന്ന നിലയിലാണ് ഈ വിഷയം ഇവിടെ ഉയർത്തിക്കൊണ്ടുവരുന്നത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം.രാജഗോപാലൻ]

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച പ്രശ്നം കേരളത്തിന്റെ വിവിധ മേഖലകളിലെ പൊതുവായ പ്രശ്നമായിത്തന്നെയാണ് സർക്കാർ കാണുന്നത്. എല്ലാ വീടുകളിലും കുടിവെള്ള പൈപ്പ് കണക്ഷൻ എത്തിക്കാനായി ആവിഷ്കരിച്ച പദ്ധതിയാണ് ജൽജീവൻ മിഷൻ. സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങൾക്കും 2024-ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി ഗ്രാമീണ ജനതയ്ക്ക് നിശ്ചിത അളവിൽ സുരക്ഷിതമായി കുടിവെള്ളം ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന-തദ്ദേശസ്വയംഭരണ സർക്കാരുകൾ സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കേരള വാട്ടർ അതോറിറ്റി നിർവ്വഹണ ഏജൻസിയായാണ് സംസ്ഥാനത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് കണക്ഷൻ നൽകുന്നതിന് പഞ്ചായത്തിലെ റോഡുകൾ മുറിക്കേണ്ടിവന്ന സാഹചര്യത്തിൽ അത്തരം ഭാഗങ്ങൾ പുനഃസ്ഥാപിക്കുന്നതിനുള്ള തുക പ്രവൃത്തിയുടെ അംഗീകൃത ഷെഡ്യൂളുകളിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. പി.ഡബ്ല്യു.ഡി., ദേശീയപാത റോഡുകൾ മുറിച്ച് പൈപ്പിടേണ്ടി വരുന്നപക്ഷം, പ്രസ്തുത റോഡുഭാഗം പുനഃസ്ഥാപിക്കുന്നതിനാവശ്യമായ തുക ജൽജീവൻ മിഷൻ മുൻകൂട്ടി പണം കെട്ടിവച്ച് അനുമതി തേടുന്നുണ്ട്. എന്നാൽ ഇവിടെ ഉന്നയിച്ചതുപോലെ പഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള റോഡുകളുടെ കാര്യത്തിലും അപ്രകാരം തുക ഡെപ്പോസിറ്റ് ചെയ്യണമെന്നത് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് പരിശോധിക്കുന്നതാണ്. പഞ്ചായത്ത് റോഡുകൾ മുറിക്കേണ്ടിവരുമ്പോൾ അത്തരം ഭാഗങ്ങൾ പുനഃസ്ഥാപിക്കുന്നതിനുള്ള തുക ഷെഡ്യൂളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നുള്ളത് സത്യമാണ്. പക്ഷേ, പലപ്പോഴും പുനഃസ്ഥാപിക്കുന്നതിന് സുസ്ഥിരതയില്ല എന്നതാണ് നമ്മുടെ മുമ്പിലുള്ള ഗൗരവമായ പ്രശ്നം. അത് പരിശോധിക്കാൻ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് ആവശ്യമായ നിലപാട് സ്വീകരിക്കാം. ഗ്രാമീണ റോഡുകൾ നന്നാക്കുന്നതിന് പഞ്ചായത്തുകൾക്ക് ഫണ്ട് ലഭ്യമല്ലാത്തതിനാൽ റോഡുകൾ സഞ്ചാര യോഗ്യമല്ലാതായിരിക്കുന്നു എന്നതാണ് പ്രമേയാവതാരകൻ ഉന്നയിച്ച മറ്റൊരു വസ്തുത. ഇത് വസ്തുതയ്ക്ക് നിരക്കുന്നതല്ല. സംസ്ഥാന ബഡ്ജറ്റിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പൊതുവിഭാഗം വികസന ഫണ്ട്, റോഡിതര ആസ്തികളുടെ സംരക്ഷണ ഫണ്ട്, റോഡ് ആസ്തികളുടെ സംരക്ഷണ ഫണ്ട് എന്നിവ അനുവദിക്കുന്നുണ്ട്. എന്നാൽ മേൽപ്പറഞ്ഞ ജൽജീവൻ മിഷൻ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ചെയ്യുന്ന റോഡുകളുടെ റിപ്പെയറിംഗ് ചിലപ്പോഴെങ്കിലും

സുസ്ഥിരമാകുന്നില്ല. ഇത്തരം സാഹചര്യത്തിൽ പ്രസ്തുതഭാഗം ഉൾപ്പെടെയുള്ള റോഡ് പുനരുദ്ധാരണം നടത്തേണ്ടിവരുന്നു. നിലവിൽ റോഡുകളുടെ മെയിന്റനൻസിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റ് വിഹിതത്തിന്റെ ഭാഗമായി നൽകുന്ന റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗപ്പെടുത്തി മേൽപ്പറഞ്ഞവ ഉൾപ്പെടെയുള്ള റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നടത്താവുന്നതും ജൽജീവൻ മിഷൻ പ്രവൃത്തി പൂർത്തിയാക്കുന്നമുറയ്ക്ക് ഇത്തരം റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തിക്ക് മുൻഗണന നൽകുന്നതിന് അതത് സാഹചര്യം പരിശോധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തീരുമാനമെടുക്കാവുന്നതുമാണ്.

(3) <u>കുരിയാർകുറ്റി-കാരപ്പാറ പദ്ധതി</u>

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, കുരിയാർകുറ്റി-കാരപ്പാറ പദ്ധതി നടപ്പിലാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. പാലക്കാട് ജില്ലയിലെ കിഴക്കൻ പ്രദേശങ്ങളിൽ പ്രത്യേകിച്ച് മഴനിഴൽ പ്രദേശങ്ങളിലടക്കം കുടിവെള്ളത്തിനും കാർഷിക ജലസേചനത്തിനും വലിയ പ്രയാസമാണ് നേരിടുന്നത്. അത്തരം പ്രയാസങ്ങൾക്ക് പരിഹാരവും മൂന്ന് മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്നതുമായ കുരിയാർകുറ്റി-കാരപ്പാറ പദ്ധതി 1970-കളിൽ പ്രവർത്തനമാരംഭിച്ചതാണ്. വിവിധോദ്ദേശ്യങ്ങൾക്കായുള്ള കുരിയാർകുറ്റി-കാരപ്പാറ പദ്ധതി പരിസ്ഥിതി പ്രശ്നങ്ങളുന്നയിച്ച് ആരംഭത്തിൽത്തന്നെ നിർത്തിവയ്ക്കുന്ന സ്ഥിതിയുണ്ടായി. ചാലക്കുടിപ്പുഴയുടെ കൈവഴികളായ പറമ്പിക്കുളം മേഖലയിലെ കുരിയാർകുറ്റി, നെല്ലിയാമ്പതിയിലെ കാരപ്പാറപ്പുഴയെയും ഭാരതപ്പുഴയെയും ബന്ധിപ്പിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിക്കായി ചില ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കുകയും ചിലയിടങ്ങളിൽ നിർമ്മാണ പ്രവർത്തനത്തിനാവശ്യമായ സാധനങ്ങൾ വാങ്ങിക്കുകയും ചെയ്തു. എന്നാൽ തുടക്കത്തിൽത്തന്നെ പദ്ധതി നിർത്തലാക്കേണ്ട സ്ഥിതി വന്നപ്പോൾ അത്തരം സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്താത്തതിന്റെ ഭാഗമായി കോടിക്കണക്കിന് രൂപയുടെ നഷ്ടമാണുണ്ടായത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ 2016-17-ൽ പരിസ്ഥിതി അനുമതിക്ക് തടസ്സമാകാത്തവിധത്തിൽ ഈ പദ്ധതി പുനർവിഭാവനം ചെയ്ത് പ്രാഥമിക റിപ്പോർട്ടും അതിന്റെ അടിസ്ഥാനത്തിൽ 9 മാസത്തിനകം ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ടി ടാറ്റ കൺസൾട്ടൻസി സർവ്വീസസിന് നിർദ്ദേശവും നൽകിയിട്ടുണ്ടെന്നാണ് ഇപ്പോൾ അറിയുന്നത്. പദ്ധതി പൂർത്തീകരിക്കുമ്പോൾ പാലക്കാട് ജില്ലയുടെ കിഴക്കൻ മേഖലയ്ക്കുമാത്രമല്ല ഭാരതപ്പുഴയുടെ തീരപ്രദേശങ്ങളായ തൃശ്ശൂർ, മലപ്പുറം ജില്ലകൾക്ക് ഏറ്റവും ഉപകാരപ്രദമാകുന്നതരത്തിൽ കുടിവെള്ളത്തിനും ജലസേചന സൗകര്യത്തിനും

ഉപയോഗപ്പെടുത്താവുന്നതാണ് ഈ പദ്ധതി. വിണ്ടുകീറിയ സ്വന്തം കൃഷിയിടം നോക്കി കണ്ണുനീർ വാർക്കുന്ന കർഷകരും ഒരുതുള്ളി വെള്ളത്തിനുവേണ്ടി കിലോമീറ്ററുകൾ കുടവുമായി പോകുന്ന സമൂഹവുമുള്ള പ്രദേശമാണ് പാലക്കാടിന്റെ കിഴക്കൻ മേഖല. ചെറിയ സമാശ്വാസ പദ്ധതികൾ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചിരുന്നു. കാർഷിക ജലസേചനം, കുടിവെള്ളം, വൈദ്യുതി ഉല്പാദനം എന്നിവ ലക്ഷ്യംവയ്ക്കുന്ന, ഇപ്പോൾ പാരിസ്ഥിതികമായ പ്രയാസമില്ലാത്ത രൂപത്തിൽ നടപ്പിലാക്കാൻ ആലോചിക്കുന്ന കുരിയാർകുറ്റി-കാരപ്പാറ പദ്ധതി നടപ്പിലാക്കാനാവശ്യമായ നടപടിയുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചത് വളരെ ശരിയാണ്. പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ച അനുഭവപ്പെടുന്ന മഴനിഴൽ പ്രദേശങ്ങളായ കൊഴിഞ്ഞാമ്പാറ, വടകരപ്പതി, എരുത്തേമ്പതി എന്നീ പഞ്ചായത്തുകളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് കുരിയാർകുറ്റി-കാരപ്പാറ പദ്ധതി. 31-1-2020-ലെ സർക്കാർ ഉത്തരവുപ്രകാരം കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ചാലക്കുടി നദീതീരത്തിലെ കാരപ്പാറ അരുവിയിൽനിന്നും ഭാരതപ്പുഴ നദീതീരത്തിൽപ്പെട്ട മേൽസൂചിപ്പിച്ച പ്രദേശങ്ങളിലേയ്ക്ക് ജലമെത്തിക്കുന്നതിന് ഈ പദ്ധതിയെ പര്യവേക്ഷണം നടത്തി ഡി.പി.ആർ. തയ്യാറാക്കുന്നതിനായി താല്പര്യപത്രം ക്ഷണിച്ച് ടെണ്ടർ നടപടികൾക്കുശേഷം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടാറ്റാ കൺസൾട്ടിംഗ് എഞ്ചിനീയേഴ്സ് ലിമിറ്റഡ്, ബോംബെ എന്ന കമ്പനിയുടെ ദർഘാസ് ചീഫ് എഞ്ചിനീയർ അടങ്ങുന്ന കമ്മിറ്റി അംഗീകരിച്ച് പ്രസ്തുത കമ്പനിയെ പര്യവേക്ഷണ പ്രവൃത്തികൾക്കായി നിയോഗിക്കുകയും എഗ്രിമെന്റ്വച്ച് 6-11-2020-ൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. നിലവിൽ പ്രസ്തുത പദ്ധതി പ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പര്യവേക്ഷണം പൂർത്തിയാക്കി ഡി.പി.ആർ. തയ്യാറാക്കിയ ടാറ്റാ കൺസൾട്ടിംഗ് എഞ്ചിനീയേഴ്സ് ലിമിറ്റഡ് റിപ്പോർട്ട് സമർപ്പിക്കുന്നമുറയ്ക്ക് പദ്ധതി നടപ്പാക്കലിന്റെ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അതോടൊപ്പം വനം മന്ത്രാലയത്തിന്റെ അനുമതിക്കായി രേഖകൾ സമർപ്പിച്ചുകഴിഞ്ഞു. പ്രളയ നിയന്ത്രണം, ജലസേചനം, വൈദ്യുതി ഉല്പാദനം, കുടിവെള്ളം എന്നീ ഉദ്ദേശങ്ങൾ ഈ പദ്ധതികൊണ്ട് കൈവരിക്കാൻ കഴിയും. ഭാരതപ്പുഴ നദീതടത്തിൽ മഴനിഴൽ പ്രദേശങ്ങളിൽ ജലം ലഭിക്കുന്നതിനും ചാലക്കുടി റീച്ചിൽനിന്ന് കാരാപ്പുഴവഴി

ജലമെത്തിക്കുന്നതിനും ഈ പദ്ധതിവഴി സാധിക്കും. കാരപ്പാറ നദിക്കുകുറുകെ ഡാം, പവർ ഹൗസിലേയ്ക്കുള്ള ടണൽ, സർജ് ഷാഫ്റ്റ്, പെൻസ്റ്റോക്ക് പൈപ്പ്, പവർഹൗസ്, മുതലമടയിലെ ചുള്ളിയാർ ഡാം, മീങ്കര റിസർവോയറിൽ പമ്പ് ഹൗസ്, ചിറ്റൂർ പുഴ ഇറിഗേഷൻ പദ്ധതിയുടെ ആർ.ബി.സി.-യിൽ അധിക കനാൽ എന്നിവയുൾപ്പെടുന്ന ഈ പദ്ധതിയിൽ വന്യജീവി സങ്കേതം ഉൾപ്പെടുന്നില്ല. കൂടാതെ വനപ്രദേശം നഷ്ടപ്പെടുകയോ ജനങ്ങളെ മാറ്റിപാർപ്പിക്കേണ്ട ആവശ്യമോ വരുന്നില്ല.

(4) മുതുകാട് ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് കെട്ടിടം

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, പേരാമ്പ്ര മണ്ഡലത്തിൽ ചക്കിട്ടപ്പാറ പഞ്ചായത്തിലെ മുതുകാട് 2017 ജനുവരി 3-ന് പ്രവർത്തനമാരംഭിച്ച ഗവൺമെന്റ് ഐ.ടി.ഐ.-യിൽ എട്ട് ബാച്ചുകളിലായി 180 വിദ്യാർത്ഥികൾ പഠനം തുടർന്നുകൊണ്ടിരിക്കുന്നുണ്ട്. നാല് ട്രേഡുകളിലായാണ് എട്ട് ബാച്ചുകൾ പ്രവർത്തിക്കുന്നത്. ചക്കിട്ടപ്പാറ സർവ്വീസ് സഹകരണ ബാങ്ക് പ്രത്യേകം സൗകര്യം ചെയ്തുകൊടുത്ത വാടക കെട്ടിടത്തിലാണ് സ്ഥാപനം ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഗവൺമെന്റ് ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് മുതുകാട് റവന്യൂ വകുപ്പിൽനിന്നും നാല് ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ എത്രയും പെട്ടെന്ന് ഐ.ടി.ഐ. പ്രവർത്തിക്കുന്നതിന് കെട്ടിടം പണിയേണ്ടതുണ്ട്. സമയബന്ധിതമായി കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി തൊഴിൽ വകുപ്പ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ് മുൻ മന്ത്രികൂടിയായ ശ്രീ. ടി. പി. രാമകൃഷ്ണൻ ഉന്നയിച്ചത്. പേരാമ്പ്ര ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിനായി നാല് ഏക്കർ സ്ഥലം അനുവദിച്ച് നൽകുകയും കെട്ടിട നിർമ്മാണത്തിനായി 6,76,84,102 രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിലേയ്ക്കായി വ്യാവസായിക പരിശീലന വകുപ്പ് പൊതുമരാമത്ത് വകുപ്പിന് ഉത്തരവ് കൈമാറുകയും ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള സാങ്കേതികാനുമതിക്കാവശ്യമായ സിവിൽ വർക്കുകളുടെയും ഇലക്ട്രിക് വർക്കുകളുടെയും ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് 2021 നവംബർ മാസം 20-ാം തീയതിയോടെ തയ്യാറാക്കുമെന്നും നവംബർ അവസാനത്തോടെ സിവിൽ വർക്കുകളും ഇലക്ട്രിക് വർക്കുകളും ഒരുമിച്ചുള്ള കോമ്പോസിറ്റ് ടെണ്ടർ നടപടികളും ആരംഭിക്കുമെന്നും പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്. വ്യാവസായിക

പരിശീലന വകുപ്പ് ജോയിന്റ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 3-11-2021-നുകൂടിയ നിർമ്മാണ പ്രവൃത്തികളുടെ അവലോകനയോഗത്തിൽ പേരാമ്പ്ര ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി ചർച്ചചെയ്യുകയും നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കാൻ പ്രിൻസിപ്പാളിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പുദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തി ക്കൊണ്ട് ട്രെയിനിംഗ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ പി.ഡബ്ല്യു.ഡി. മുഖേന നടത്തുന്ന നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അവലോകനം ചെയ്യുന്നതിനുള്ള യോഗം ഈ മാസംതന്നെ ചേരുന്നതും ഈ വിഷയം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി നിർമ്മാണപ്രവൃത്തികൾ ത്വരിതഗതിയിലാക്കാൻവേണ്ട നടപടി സ്വീകരിക്കുന്നതുമാണ്.

(5) ജനവാസ കേന്ദ്രങ്ങളിലെ വന്യമൃഗ ശല്യം

ശ്രീ. എ. പി. അനിൽ കുമാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിലുൾപ്പെട്ട കുണ്ടോട ചേരി പ്രദേശങ്ങളിൽ വളർത്തുമൃഗങ്ങളെ കടുവ ആക്രമിക്കുകയും കൊന്നുതിന്നുകയും ചെയ്തത് ജനവാസ മേഖലയിൽ വലിയ ഭീതി പടർത്തിയിരിക്കുകയാണ്. ഒക്ടോബർ 31-ന് ഉച്ചയ്ക്ക് ബറോഡ വെള്ളച്ചാട്ടത്തിൽ കുളിക്കാൻ പോയവരാണ് വഴിയിലെ കൊക്കോ തോട്ടത്തിൽ കടുവയെ കണ്ടത്. പിന്നീട് തുടർച്ചയായി രണ്ട് ദിവസങ്ങളിൽ വിവിധ സ്ഥലങ്ങളിൽ കടുവയുടെ സാന്നിദ്ധ്യമുണ്ടായി. കഴിഞ്ഞ ചൊവ്വാഴ്ച ചേരിയിലെ ഒരു വീട്ടിൽ 5 ആടുകളെ കടുവ കൊന്നുതിന്ന സാഹചര്യമുണ്ടായി. പകൽസമയത്ത് ജനവാസ കേന്ദ്രത്തിൽ വളർത്തുമൃഗങ്ങൾക്കു നേരെ കടുവയുടെ ആക്രമണമുണ്ടായതിനാൽ ജനങ്ങൾ ഭയപ്പെട്ടുകഴിയുകയാണ്. കടുവയെ പിടിക്കുന്നതിനായി എസ്റ്റേറ്റിൽ സ്ഥാപിച്ചിരിക്കുന്ന കൂടിനടുത്തേയ്ക്ക് കടുവ വന്നതായി ഫോറസ്റ്റ് അധികൃതർ സ്ഥാപിച്ചിട്ടുള്ള ക്യാമറയിൽ പതിഞ്ഞിട്ടുണ്ട്. വന്യമൃഗങ്ങളുടെ ആക്രമണം കരുവാരക്കുണ്ട് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ വർദ്ധിച്ചുവരികയാണ്. മാസങ്ങൾക്കുമുമ്പ് കുണ്ടോടയിലെ ജനവാസ കേന്ദ്രത്തിൽ കാട്ടുപോത്തിന്റെ കുത്തേറ്റ് 40 വയസ്സുകാരനായ ഷാജി കൊല്ലപ്പെട്ടത് ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. കാട്ടാനകൾ സ്ഥിരമായി നാട്ടിലിറങ്ങുന്നത് വാർത്തയല്ലാതായി മാറിയിരിക്കുകയാണ്. കടുവ ഇറങ്ങുന്ന പ്രദേശത്ത് ഞാൻ പോയപ്പോൾ പ്രദേശവാസികൾ എന്നോട് കാർ നിർത്താൻ പറഞ്ഞു. കാരണം, തെങ്ങിനുമുകളിൽ കുരങ്ങുണ്ട്, അത് കരിക്ക് അടർത്തി കാറിലെറിയുമെന്ന് പറഞ്ഞു. അവർ കുരങ്ങിനെ ആട്ടിയോടിച്ചശേഷമാണ് എനിക്ക് പോകാൻ കഴിഞ്ഞത്. കുരങ്ങുകളുടെയും കാട്ടുപന്നികളുടെയും ശല്യംകൊണ്ട് ആ പ്രദേശത്ത് ജീവിക്കാൻ കഴിയാത്ത സാഹചര്യത്തിനിടയിലാണ് കടുവയുടെ ആക്രമണംകൂടിയുണ്ടാകുന്നത്.

ഇത്തരം കാര്യങ്ങൾ സഭയിൽ അവതരിപ്പിച്ചാലും എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന കാര്യത്തിൽ വനം വകുപ്പിന്റെ പരിമിതിയെക്കുറിച്ച് വ്യക്തമായ ബോദ്ധ്യമുള്ള ഒരംഗമെന്ന നിലയ്ക്ക് പറയട്ടെ, ഈ വനമേഖലയോട് ചേർന്നുനിൽക്കുന്ന കുറച്ച് വീടുകളുണ്ട്. വെള്ളപ്പൊക്കത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് സ്ഥലവും വീടും നൽകാൻ പത്ത് ലക്ഷം രൂപയുടെ സ്കീമുണ്ട്. അതുപോലെ വനമേഖലയിൽ ഇത്രമാത്രം വന്യമൃഗശല്യമുള്ള പ്രദേശങ്ങളിൽനിന്ന് മാറിത്താമസിക്കാൻ ആഗ്രഹിക്കുന്ന ആളുകൾക്ക് വീട് വച്ചുകൊടുക്കാനും ഭൂമി നൽകാനുമുള്ള നിലവിലുള്ള പദ്ധതിയിൽ ഇവരെക്കൂടി ഉൾപ്പെടുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ജനവാസ കേന്ദ്രങ്ങളിലിറങ്ങിയ കടുവയെ എത്രയുംവേഗം പിടികൂടി ജനങ്ങളുടെ ഭീതിയകറ്റണമെന്നും കരുവാരക്കുണ്ട് പഞ്ചായത്തിൽ വർദ്ധിച്ചുവരുന്ന വന്യമൃഗശല്യം തടയുന്നതിന് അവിടെ ഒരു ഫോറസ്റ്റ് സ്റ്റേഷൻ ആരംഭിക്കണമെന്നും കടുവയുടെ ആക്രമണത്തിൽ വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ടവർക്കും വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൃഷിനാശം സംഭവിച്ചവർക്കും മതിയായ സാമ്പത്തിക സഹായം നൽകണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, ബഹുമാനപ്പെട്ട വണ്ടൂർ എം.എൽ.എ. ഇവിടെ ഉന്നയിച്ച വിഷയം പലപ്പോഴായി എന്നോട് നേരിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളാണ്. അക്കാര്യത്തിൽ അദ്ദേഹം കാണിക്കുന്ന താല്പര്യം അഭിനന്ദനാർഹമാണ്. അദ്ദേഹം പറഞ്ഞതുപോലെ, ഇതുമായി ബന്ധപ്പെട്ട് ധാരാളം പരിമിതികൾ വനം വകുപ്പിനുണ്ടെന്നുള്ളതാണ് വസ്തുത. നിലമ്പൂർ സൗത്ത് ഡിവിഷനിലെ കാളികാവ് റെയ്ഞ്ചിൽ കരുവാരക്കുണ്ട് സ്റ്റേഷൻ പരിധിയിൽ വരുന്ന ആർത്തലക്കുന്ന്, ടി. കെ. കോളനി എന്നീ ഭാഗങ്ങളിൽ കടുവയുടെ സാന്നിദ്ധ്യമുണ്ടായതായി റിപ്പോർട്ടുണ്ടായിരുന്നു. എന്നാൽ, ആദ്യഘട്ടത്തിൽ കടുവ ജനവാസ കേന്ദ്രത്തിലിറങ്ങി നാശ നഷ്ടങ്ങളുണ്ടാക്കിയിട്ടില്ലായിരുന്നു. 31-10-2021-ന് സൈലന്റ്‌വാലി ബഫർ സോണിൽനിന്നും ഉദ്ദേശം ഒരു കിലോമീറ്റർ മാറി കുണ്ടോട റബ്ബർ എസ്റ്റേറ്റിൽ കടുവ ഒരു കാട്ടുപന്നിയെ വേട്ടയാടിയതായി അറിവ് ലഭിച്ചതിനെത്തുടർന്ന് ടി ഭാഗത്ത് പരിശോധന നടത്തി കടുവയുടെ സാന്നിദ്ധ്യം സ്ഥിരീകരിച്ചിരുന്നു. തുടർന്ന്, 1-11-2021-ൽ വീണ്ടും പരിശോധന നടത്തിയതിൽ വേട്ടയാടിയ കാട്ടുപന്നിയെ എസ്റ്റേറ്റിനകത്തുവച്ച് ഭാഗികമായി ഭക്ഷിച്ചതിനെത്തുടർന്ന് കടുവയെ നിരീക്ഷിക്കുന്നതിനായി ക്യാമറ ട്രാപ്പുകൾ സ്ഥാപിക്കുകയും എസ്റ്റേറ്റ് ഉടമകൾക്ക് ജാഗ്രതാ നിർദ്ദേശം നൽകുകയും എസ്റ്റേറ്റിനകത്തെ അടിക്കാടുകൾ നീക്കം ചെയ്യാൻ നിർദ്ദേശം നൽകുകയും ചെയ്തു. ഈ പ്രദേശത്ത് 2-11-2021-ൽ നിരീക്ഷണം നടത്തിയശേഷം 3-11-2021-ൽ കടുവയെ പിടികൂടുന്നതിനായി കൂട്

സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. അന്നേദിവസം വൈകുന്നേരം 7 മണിയോടുകൂടി കടുവ തരിശുഭാഗത്ത് ജനവാസ കേന്ദ്രത്തിലേയ്ക്കിറങ്ങി ആടുകളെ പിടികൂടിയതായി വിവരം ലഭിച്ചിട്ടുണ്ട്. 4-11-2021-ൽ ടി സ്ഥലത്ത് സൈലന്റ്‌വാലി, നിലമ്പൂർ ആർ.ആർ.ടി., കരുവാരക്കുണ്ട് സ്റ്റേഷൻ സ്റ്റാഫുകൾ എന്നിവരടങ്ങിയ അമ്പതോളം വരുന്ന വനപാലക സംഘം ഡ്രോൺ ഉപയോഗിച്ച് കുണ്ടോട എസ്റ്റേറ്റിനുള്ളിൽ പരിശോധന നടത്തുകയും അന്നേ ദിവസംതന്നെ കടുവയെ പിടിക്കുന്നതിനായി അവിടെ മറ്റൊരു കൂട് സ്ഥാപിക്കുകയും ചെയ്തിട്ടുള്ളതാണ്. 4-11-2021, 5-11-2021, 6-11-2021 തീയതികളിലായി ഈ എസ്റ്റേറ്റിനകത്തെ കടുവ വസിക്കാൻ സാദ്ധ്യതയുള്ള കാടുപിടിച്ച പ്രദേശങ്ങൾ പരിസരവാസികളുടെ സഹകരണത്തോടുകൂടി വനം വകുപ്പിന്റെ നേതൃത്വത്തിൽ വെട്ടി നീക്കം ചെയ്തിട്ടുണ്ട്. തുടർന്ന് കൂടുതൽ ക്യാമറ ട്രാപ്പുകൾ സ്ഥാപിച്ച് നിരീക്ഷണം നടത്തിയതിൽ 5-11-2021-നുശേഷം കടുവയുടെ സാന്നിദ്ധ്യം സംബന്ധിച്ച തെളിവുകൾ ലഭിച്ചിട്ടില്ലാത്തതാണ്. കടുവ ജനവാസ കേന്ദ്രത്തിലിറങ്ങി ആര്യാടൻ അനീഷ് എന്നയാളുടെ മൂന്ന് ആടുകളെ പിടികൂടിയതിന് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിച്ചുവരുന്നുണ്ട്. ഇപ്രകാരം കടുവ ജനവാസ കേന്ദ്രത്തിലിറങ്ങിയ ദിവസംതന്നെ കൂടുകൾ സ്ഥാപിച്ച് കടുവയെ പിടിക്കുന്നതിനും ക്യാമറ ട്രാപ്പുകളും ഡ്രോണും ഉപയോഗിച്ച് കടുവയെ നിരീക്ഷിക്കുന്നതിനുമുള്ള നടപടിയും വനം വകുപ്പ് ജാഗ്രതയോടെതന്നെ സ്വീകരിച്ചുവരുന്നുണ്ട്. ടി എസ്റ്റേറ്റ് പ്രദേശത്ത് കടുവ വസിക്കാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിലെ അടിക്കാടുകൾ നീക്കം ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചുവന്നിട്ടുണ്ട്. ഫോറസ്റ്റ് സ്റ്റേഷൻ ആരംഭിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ എനിക്കിപ്പോൾ സഭയ്ക്ക് ഉറപ്പുനൽകാൻ സാധിക്കുകയില്ല.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

(6) <u>വനവിസ്തൃതിക്കായി ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം</u>

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, വന്യമൃഗശല്യത്തെക്കുറിച്ച് ഇന്നും ഒന്നുരണ്ട് അംഗങ്ങൾ സഭയിൽ സൂചിപ്പിച്ചിരുന്നു; ശ്രീ എ. പി. അനിൽ കുമാർ ഇപ്പോൾ സംസാരിച്ചതേയുള്ളൂ. വന്യമൃഗങ്ങളുടെ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽനിന്നും ആളുകൾ വനം വകുപ്പിന് ഭൂമി വിട്ടുകൊടുത്ത് ഒഴിയാൻ സന്നദ്ധരാണ്. അതിനുവേണ്ടി വനം വകുപ്പ് ഒരു സ്കീം തയ്യാറാക്കിയിട്ടുണ്ട്. ആ സ്കീമനുസരിച്ച് എന്റെ നിയോജകമണ്ഡലത്തിലെ കൊട്ടിയൂർ പഞ്ചായത്തിലെ അഞ്ച് വാർഡുകളിൽ വനാതിർത്തിയോടുചേർന്ന ഏക്കറുകണക്കിന് സ്ഥലം കിഫ്ബിയിലും റീബിൽഡ് കേരള ഇനിഷ്യേറ്റീവിലും ഉൾപ്പെടുത്തി ഏറ്റെടുക്കുന്നുണ്ട്. അതിനായി 14-11-2019-ൽ ജി.ഒ.(ആർ.ടി.)483/2018/P&EA നമ്പറായി ഗവൺമെന്റ് ഓർഡർ

പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഓർഡറിൽ ഇങ്ങനെ ഏറ്റെടുക്കുന്ന ഭൂമിക്ക് ന്യായമായ കോമ്പൻസേഷൻ നൽകുമെന്ന് പറഞ്ഞിട്ടുണ്ട്, "...The relocation of settlements from inside forests to outside entails payment of adequate compensation..." എന്നാൽ ഈ ഓർഡറിലെ ബാക്കി ഭാഗത്തിൽ കോമ്പൻസേഷൻ നിശ്ചയിച്ചത് വളരെ അന്യായമായാണ്. മാനദണ്ഡമൊന്നുമില്ലാതെ ഒരു സെന്റ് മുതൽ അഞ്ച് ഏക്കർ വരെയുള്ള ഒരു കുടുംബത്തിന് 15 ലക്ഷം രൂപയാണ് നൽകുന്നത്. എനിക്ക് ഒരു സെന്റ് സ്ഥലമാണുള്ളതെങ്കിൽ എനിക്ക് 15 ലക്ഷം രൂപ ലഭിക്കും. എന്റെ അയൽവാസിക്ക് 5 ഏക്കർ സ്ഥലമുണ്ടെങ്കിൽ ആ അയൽവാസിക്കും 15 ലക്ഷം രൂപ മാത്രം ലഭിക്കും. ദേശീയ കടുവ സംരക്ഷണ അതോറിറ്റിയുടെ മാർഗ്ഗരേഖയാണെന്ന് ഇതിൽ പറയുന്നുണ്ട്. ആ മാർഗ്ഗരേഖ ഇക്കാര്യത്തിൽ ബാധകമല്ല. ഇത് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെയും കിഫ്ബിയുടെയും പ്രത്യേക പദ്ധതിയാണ്. കേരളത്തിലെ ഭൂമിക്ക് ഇതിനേക്കാൾ വിലയുണ്ട്. ആ വില പൂർണ്ണമായും നൽകുന്നില്ല. നമ്മൾ വിമാനത്താവളത്തിനോ റെയിൽവേയ്ക്കോ റോഡിനോ മറ്റ് വികസനാവശ്യങ്ങൾക്കോ ഏറ്റെടുക്കുന്ന തരത്തിൽ ലാൻഡ് അക്വിസിഷൻ നിയമത്തിന്റെ അടിസ്ഥാനത്തിൽ വില നൽകണമെന്ന് പറയുന്നില്ല. പക്ഷേ ഈ പ്രകടമായ അനീതി ഒരു സെന്റിനും അഞ്ച് ഏക്കറിനും വീടുള്ളതിനും വീടില്ലാത്തതിനും എല്ലാം ഒരേ വില; ഒരു കൊട്ടത്താപ്പ് വില; 15 ലക്ഷം രൂപ. ഇത് തീർത്തും അന്യായമാണ്. ചിലർക്ക് ഒരു സെന്റിനുമാത്രം 15 ലക്ഷം രൂപ ലഭിക്കും. അവർക്ക് ലഭിക്കുന്നത് വേണ്ടെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ന്യായമായി അതിന്റെ റേറ്റ് ഉയർത്താനുള്ള, 15 ലക്ഷം രൂപയെന്നുള്ള സീലിംഗ് മാറ്റിക്കൊണ്ട്, എത്ര സ്ഥമുണ്ട്, ആ സ്ഥല വിസ്തൃതി, സ്ഥലത്തിന്റെ വാല്യൂ, അവിടെ കെട്ടിടങ്ങളുണ്ടോ, ദേഹണ്ഡങ്ങളുണ്ടോ, വരുമാനമുണ്ടോ എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായും ന്യായയുക്തമായും ഈ പ്രതിഫലം വർദ്ധിപ്പിച്ചുനൽകാൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, ബഹുമാനപ്പെട്ട പേരാവൂർ എം.എൽ.എ. പലപ്പോഴായി ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ സഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലും കിഫ്ബി പദ്ധതിയിലും ഉൾപ്പെടുന്ന തരത്തിലുള്ള ഭൂമിയേറ്റെടുക്കുമ്പോൾ ഇപ്പോൾ നൽകുന്ന വില തുലോം പരിമിതമാണെന്നും ന്യായമല്ലെന്നുമാണ് അവസാനം അദ്ദേഹം സൂചിപ്പിച്ചത്. അത് ഒരു പദ്ധതിയാണ്. ആ പദ്ധതിപ്രകാരം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പുനഃപരിശോധിക്കുന്നതിന് ധാരാളം നടപടിക്രമങ്ങളുണ്ട്. എന്നാലും എന്തെങ്കിലും സാധ്യതയുണ്ടോയെന്ന് പരിശോധിക്കുന്നതാണ്.

## (7) ശാസ്താംകോട്ടയിലെ കുരങ്ങുശല്യം

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ശാസ്താംകോട്ട വളരെ പ്രസിദ്ധമായ സ്ഥലമെന്ന് അറിയപ്പെടാൻ കാരണം, അവിടെ പുരാതനമായ ശ്രീധർമ്മശാസ്താ ക്ഷേത്രവും ശാസ്താംകോട്ട ശുദ്ധജല തടാകവും ഉൾപ്പെടുന്ന പ്രദേശമായതു കൊണ്ടാണ്. ശാസ്താംകോട്ട ക്ഷേത്രത്തിൽ ഏതാണ്ട് 2000-ത്തിലധികം കുരങ്ങുകളുണ്ട്. അതുപോലെ ക്ഷേത്രത്തിനുപുറത്ത് രാജഗിരി, ശാസ്താംകോട്ട കോളേജ്, ശാസ്താംകോട്ട ടൗൺ എന്നീ മേഖലകളിലായി 1500-ലധികം കുരങ്ങുകളുണ്ട്. ഈ വിഷയം അവതരിപ്പിക്കാനുള്ള പ്രധാന കാരണം, കോവിഡ് കാലഘട്ടത്തിൽ കുരങ്ങുകൾക്ക് ഭക്ഷണമില്ലാത്ത അവസ്ഥവന്നു. ശാസ്താംകോട്ടയിലെ കുരങ്ങുകൾ പട്ടിണി കിടക്കേണ്ടിവരില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അവിടത്തെ ഡി.വൈ.എഫ്.ഐ. പ്രവർത്തകർ ഏതാണ്ട് രണ്ട് ഘട്ടങ്ങളിലായി 152 ദിവസം കുരങ്ങുകൾക്ക് ഭക്ഷണം നൽകി. സ്വകാര്യ വ്യക്തികളും അവയ്ക്ക് ഭക്ഷണം നൽകിയിരുന്നു. ഇപ്പോൾ അത് നിർത്തിയിരിക്കുകയാണ്. ഇപ്പോൾ അമ്പലത്തിനുപുറത്തുള്ള ചന്ത കുരങ്ങുകൾ ജനങ്ങളെ ആക്രമിക്കുകയും കൃഷിയിടങ്ങൾ നശിപ്പിക്കുകയും വീടുകളിൽ ഭക്ഷണം പാചകം ചെയ്തുവച്ചിരിക്കുന്നത് എടുത്തുകൊണ്ടുപോയി കഴിക്കുകയുമാണ്. കോളേജിന്റെ ലാബിൽ കയറി ശല്യമുണ്ടാക്കുന്നതിനാൽ ശാസ്താംകോട്ട ദേവസ്വം ബോർഡ് കോളേജിൽ ഇപ്പോൾ നെറ്റ് ഇട്ടിരിക്കുകയാണ്. കോളേജ് കുട്ടികൾ ഭക്ഷണവുമായി പോകുമ്പോൾ ഭക്ഷണപ്പൊതി പിടിച്ചുവാങ്ങി കഴിക്കുകയാണ്. കുരങ്ങുകൾ ചത്തുവീഴുന്നു; വാഹനം ഇടിച്ച് ചാകുന്നു; നായ്ക്കൾ കൂട്ടംകൂടിവന്ന് കുരങ്ങുകളെ ആക്രമിക്കുന്നു. ഇങ്ങനെ ആക്രമണമുണ്ടാകുന്നതുമൂലം കുരങ്ങുകൾ മനുഷ്യരെ ആക്രമിക്കാൻ തുടങ്ങിയിരിക്കുകയാണ്. കുരങ്ങുകൾ പട്ടിണിമൂലം വളരെ ബുദ്ധിമുട്ടും പ്രയാസവും അനുഭവിക്കുന്നു. അമ്പലകുരങ്ങുകൾ ശല്യം ചെയ്യാറില്ല, പക്ഷേ പുറത്തുള്ള കുരങ്ങുകളാണ് ജനങ്ങളെ ആക്രമിക്കുകയും നാശനഷ്ടങ്ങളുണ്ടാക്കുകയും ചെയ്യുന്നത്. ഇവയുടെ ശല്യം വർദ്ധിച്ചുവരുന്നതുകാരണം കൃഷി ചെയ്യാൻ കഴിയുന്നില്ല. അതുകൊണ്ട് അലഞ്ഞുതിരിഞ്ഞ് നടക്കുന്ന മുഴുവൻ കുരങ്ങുകളേയും ഏതെങ്കിലും വനത്തിലെത്തിക്കാനുള്ള നടപടി വനം വകുപ്പ് സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട കുന്നത്തൂർ എം.എൽ.എ. എപ്പോഴും പ്രധാനപ്പെട്ട കാര്യങ്ങൾ മാത്രമേ ഉന്നയിക്കാറുള്ളൂ. നാട്ടുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ വളരെ പ്രതിബദ്ധതയോടുകൂടി പ്രവർത്തിക്കുന്ന എം.എൽ.എ.-യാണ് അദ്ദേഹം. അതുകൊണ്ടുതന്നെ പ്രത്യക്ഷത്തിൽ ഇത് കുരങ്ങുകളുടെ കാര്യമല്ലേ എന്ന് തോന്നുമെങ്കിലും വളരെ ഗൗരവമുള്ള പ്രശ്നംതന്നെയാണ് അദ്ദേഹം അവതരിപ്പിച്ചിരിക്കുന്നത്. സാമൂഹ്യ പ്രവർത്തകനായ ശ്രീ. കെ കരുണാകരൻ പിള്ളയുടെ നേതൃത്വത്തിൽ നാട്ടുകാർ ഹൈക്കോടതിയെ സമീപിക്കുകയും ചന്ത

കുരങ്ങുകളെ അവിടെനിന്നും ആറ് മാസത്തിനകം വനത്തിൽ പുനരധിവസിപ്പിക്കാൻ ഡിവിഷൻ ബെഞ്ച് ഉത്തരവാകുകയും ചെയ്തിരുന്നു. People for Animals പോലുള്ള സംഘടനയുടെ സഹായത്തോടുകൂടി ന്യൂഡൽഹിയിൽനിന്നും 'വാദാവരൺ' എന്ന സംഘടനയുടെ നേതൃത്വത്തിൽ വാനരന്മാരെ പിടികൂടി ചെന്തുരുണി വനത്തിൽ പുനരധിവസിപ്പിച്ചിട്ടുണ്ട്. ഇതിനുപുറമേ ചന്തകുരങ്ങുകൾ എന്നറിയപ്പെടുന്ന വെള്ള കുരങ്ങിനത്തിൽപ്പെട്ട ഉദ്ദേശം ആയിരത്തി അഞ്ഞൂറോളം കുരങ്ങുകളെ പിടിക്കണമെന്നാണ് ഇവിടെ ഉന്നയിച്ചിട്ടുള്ള ആവശ്യം; നാട്ടുകാരുടെയും ആവശ്യം ഇതാണ്. മറ്റു സ്ഥലങ്ങളിൽനിന്നും പിടികൂടി അച്ചൻകോവിൽ, കോന്നി വനം ഡിവിഷനുകളിലെ ഉൾക്കാടുകളിൽ മുൻപ് പുനരധിവസിപ്പിച്ച കുരങ്ങുകൾ ഇപ്പോൾ കോന്നി ഡിവിഷനിലെ മണ്ണീറ, വയക്കര, കൊക്കത്തോട്, അരുവാപ്പുലം, കലഞ്ഞൂർ തുടങ്ങിയ സ്ഥലങ്ങളിൽ നാശനഷ്ടങ്ങളുണ്ടാക്കുന്നുണ്ട്. ഇതിന്റെ പേരിൽ ജനരോഷം നിലനിൽക്കുന്നതിനാൽ മേൽപ്പറഞ്ഞ കുരങ്ങുകളെ പുനരധിവസിപ്പിക്കുന്നതിന് കൂടുതൽ ശ്രദ്ധചെലുത്തേണ്ടതുണ്ട്. ശാസ്താംകോട്ടയിലെ പ്രദേശവാസികൾക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന കുരങ്ങുകളെ പിടികൂടി പ്രശ്നം പരിഹരിക്കുന്നതിന് സാധ്യമായ എല്ലാ നടപടിയും താമസംവിനാ സ്വീകരിക്കുന്നതാണ്.

(8) കാർഷിക യന്ത്രങ്ങൾ പ്രവർത്തനക്ഷമമാക്കൽ

ശ്രീ. മാത്യു ടി. തോമസ്: സർ, കൊയ്ത്തുകാലത്ത് ആവശ്യമായ കൊയ്ത്ത് മെഷീൻ കിട്ടാതെ വരുന്നുവെന്നതാണ് എന്റെ നിയോജകമണ്ഡലത്തിലെ, അപ്പർ കുട്ടനാട്ടിലെ നെൽ കർഷകർ അനുഭവിക്കുന്ന പ്രധാനപ്പെട്ട വിഷയം. തമിഴ്നാട്ടിൽനിന്ന് ഇടനിലക്കാർ എത്തിച്ചുതരുന്ന കൊയ്ത്ത് മെഷീനുകൾക്ക് വർദ്ധിച്ച നിരക്കാണ് നൽകേണ്ടിവരുന്നത്. മാത്രമല്ല, ഇത്തരത്തിൽ മെഷീനുകൾ കൊണ്ടുവരുന്ന വഴിക്ക് പലയിടത്തും തടഞ്ഞിടുന്നതിനാൽ യഥാസമയം കിട്ടാതെ വരുന്ന അവസ്ഥാവിശേഷവുമുണ്ട്. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള തിരുവല്ലയിലെ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കീഴിൽ 26 കൊയ്ത്ത് മെഷീനുകൾ ഉപയോഗിക്കാതെ കിടക്കുകയാണ്. അവിടെ 6 ട്രാക്ടറുകളും 10 ടില്ലറുകളുമുണ്ടെങ്കിലും ഇവയൊന്നും ഉപയോഗിക്കുന്നില്ല. നെൽ കർഷകർക്ക് കൊയ്ത്തുകാലത്തുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ സാമഗ്രികൾ കർഷകർക്ക് യഥാസമയം ഉപയോഗിക്കാൻ തക്കവണ്ണം സജ്ജമാക്കി നിർത്തേണ്ടത് അത്യാവശ്യമാണ്. കുട്ടനാട്ടിലും ഇത്തരം മെഷീനുകളുണ്ടെന്നാണ് പറയുന്നത്. പ്രവർത്തനരഹിതമായി കിടക്കുന്ന ഇത്തരം മെഷീനുകൾ പ്രവർത്തന സജ്ജമാക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ബഹുമാനപ്പെട്ട അംഗം മാത്യു ടി. തോമസ് ഉന്നയിച്ച വിഷയം വളരെ ഗൗരവമുള്ളതാണ്. തിരുവല്ല കാവുംഭാഗത്ത് പ്രവർത്തിക്കുന്ന കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് കീഴിലുള്ള

കൊയ്ത്തുമെതിയന്ത്രങ്ങളും ട്രാക്ടറുകളും ടില്ലറുകളും 2007-08 സാമ്പത്തിക വർഷത്തെ കേന്ദ്ര സർക്കാരിന്റെ ആർ.കെ.വി.വൈ., 2010-11 സാമ്പത്തിക വർഷത്തെ കുട്ടനാട് പാക്കേജ് എന്നീ പദ്ധതികൾപ്രകാരം അനുവദിച്ചതും ഈ യന്ത്രങ്ങളെല്ലാംതന്നെ 10 മുതൽ 13 വർഷം വരെ പഴക്കമുള്ളതുമാണ്. 2018-ലെ പ്രളയത്തിൽ തിരുവല്ല യൂണിറ്റ് ഓഫീസിൽ സൂക്ഷിച്ചിരുന്ന മിക്ക യന്ത്രങ്ങളും വെള്ളം കയറി റിപ്പയർ ചെയ്യാൻ സാധിക്കാത്തവിധം നശിച്ചുപോയി. നിലവിൽ 26 കൊയ്ത്തുമെതി യന്ത്രങ്ങളിൽ മൂന്നെണ്ണം മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. ബാക്കിയുള്ളവ പ്രവർത്തനക്ഷമമാക്കാൻ സാധിക്കാത്തതും റിപ്പയർ ചെയ്യണമെങ്കിൽ ഭീമമായ തുക ചെലവഴിക്കേണ്ടതുമാണ്. കെയ്കോയുടെ തിരുവല്ല യൂണിറ്റിലുള്ള 6 ട്രാക്ടറുകൾ 10 വർഷം പഴക്കമുള്ളതും റിപ്പയർ ചെയ്യാൻ സാധിക്കാത്തവിധം നാശംവന്നതുമാണ്. 10 ടില്ലറുകളിൽ ഒരെണ്ണം മാത്രമാണ് പ്രവർത്തനക്ഷമമായുള്ളത്. ബാക്കിയുള്ള 9 എണ്ണവും റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കാൻ സാധ്യമല്ലാത്തവിധം കേടുപാടുകൾ സംഭവിച്ചതാണ്. കെയ്കോയുടെ കൈവശമുള്ള കൊയ്ത്തുമെതിയന്ത്രങ്ങളുടെ തൽസ്ഥിതി സംബന്ധിച്ച റിപ്പോർട്ട് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ സർക്കാരിന് സമർപ്പിച്ചിരുന്നു. ആയതിന്മേൽ സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ ഡയറക്ടറുടെയും കൃഷി ഡയറക്ടറുടെയും ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്. കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ടിൽ കേരളത്തിലൊട്ടാകെ കെയ്കോയുടെ കൈവശമുള്ളതും 10 വർഷത്തിലധികം പ്രവർത്തിപ്പിച്ചതുമായ 112 കൊയ്ത്തുമെതിയന്ത്രങ്ങൾ കാലാവധി കഴിഞ്ഞതിനാൽ കണ്ടം ചെയ്യുന്നതാണ് നല്ലതെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. ഈ ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. കെയ്കോവഴി കൂടുതൽ കാർഷിക യന്ത്രങ്ങൾ സംസ്ഥാനത്തെ കർഷകർക്ക് ലഭ്യമാക്കാനാവശ്യമായ നടപടി കൈക്കൊള്ളുന്നതാണ്.

### (9) കോൾ നിലങ്ങൾക്കാവശ്യമായ കുമ്മായവും രാസവളവും ലഭ്യമാക്കൽ

ശ്രീ. പി. ബാലചന്ദ്രൻ: സർ, തൃശ്ശൂർ നിയോജകമണ്ഡലത്തിൽ പൊതുവെ കൃഷിമേഖല കുറവാണ്; കരകൃഷി മേഖല ഇല്ലെന്നുതന്നെ പറയാം. പക്ഷേ 400 ഏക്കറോളം കോൾ കൃഷി മേഖലയുണ്ട്. അവിടെ കഴിഞ്ഞ കാലവർഷത്തിനു ശേഷമുണ്ടായ ചക്രവാതച്ചുഴിയെത്തുടർന്നുള്ള പെരുമഴയിൽ പുല്ലഴി കോൾ പടവിലും മണിനാടൻ, ലാലൂർ, എൽത്തുരുത്ത് മേഖലയിലെ കോൾ പടവിലും രണ്ടുതവണ വിത്തിട്ടത് നശിച്ചുപോയി. മാത്രമല്ല കൃഷിക്ക് ഏറ്റവും അടിസ്ഥാന ആവശ്യമായ കുമ്മായം, രാസവളം എന്നിവ തൃശ്ശൂർ മണ്ഡലത്തിൽ വളരെ പരിമിതമായി മാത്രമാണ് ലഭിക്കുന്നതെന്ന് കർഷകർക്ക് വ്യാപകമായ പരാതിയുണ്ട്. കുമ്മായവും രാസവളവും വേണ്ടസമയത്ത് ലഭ്യമാക്കുന്നത് കാലാവസ്ഥയോട് പ്രതികൂലമായി നിന്ന് കൃഷി നടത്തുന്നവരെ സംബന്ധിച്ച് വലിയ സഹായകമായിരിക്കും. ശ്രീ. മാത്യു ടി. തോമസ് ഉന്നയിച്ചതുപോലെ അഗ്രോ ഇൻഡസ്ട്രീസിന്റെ നല്ലൊരു വർക്ക്ഷോപ്പ് അരിമ്പൂരിലുണ്ടെങ്കിലും അതിന്റെ പ്രവർത്തനം തകരാറിലാണ്. ഈ പ്രശ്നങ്ങൾക്ക് എത്രയുംവേഗം പരിഹാരമുണ്ടാക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, തൃശ്ശൂർ ജില്ലയിലെ അയ്യന്തോൾ കൃഷി ഭവൻ പരിധിയിൽവരുന്ന പുല്ലഴി കോൾ പടവിലും എൽത്തുരുത്ത്, ലാലൂർ മേഖലയിലെ മണിനാടൻ കോൾ പടവിലും കനത്ത മഴയിൽ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. 2021 സെപ്റ്റംബർ മാസമുണ്ടായ കനത്തമഴയിൽ പുല്ലഴി കോൾ പടവിലെ 257 ഹെക്ടറിൽ വിതച്ച രണ്ട് ദിവസം മുതൽ ആറ് ദിവസം വരെ പ്രായമായ 120 ഹെക്ടർ നെൽകൃഷി നശിക്കുകയുണ്ടായി. പ്രസ്തുത സ്ഥലത്ത് വീണ്ടും കൃഷിയിറക്കുന്നതിനായി സർക്കാരിന്റെ പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള അടിയന്തര പരിപാടിയിൽ ഉൾപ്പെടുത്തി 10.02 മെട്രിക് ടൺ 'ഉമ' നെൽവിത്ത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന കൃഷി വകുപ്പ് സൗജന്യമായി നൽകിയിട്ടുണ്ട്. 2021-22 സോയിൽ ആൻഡ് റൂട്ട് ഹെൽത്ത് മാനേജ്മെന്റ് പദ്ധതിപ്രകാരം പുല്ലഴി കോൾ പടവിന് 50 ടൺ കുമ്മായവും മണിനാടൻ കോൾ പടവിന് 10 ടൺ കുമ്മായവും എൽത്തുരുത്ത് കോൾ പടവിന് 18 ടൺ കുമ്മായവും 75 ശതമാനം സബ്സിഡി നിരക്കിൽ നൽകിയിട്ടുണ്ട്. ഇതിനായി 7,02,000 രൂപ വിനിയോഗിച്ചിട്ടുണ്ട്. കുമ്മായം ഇനിയും ആവശ്യമുള്ള കർഷകർക്ക് ആയത് നൽകാനുള്ള ഫണ്ട് വിഹിതം ജനകീയാസൂത്രണ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. 2021-22-ലെ നെൽകൃഷി വികസന പദ്ധതി ഘടകമായ സുസ്ഥിര നെൽകൃഷി വികസനത്തിലുൾപ്പെടുത്തി നെൽകൃഷിക്കാവശ്യമായ ഉൽപ്പാദനോപാധികൾക്കുള്ള സബ്സിഡിയായി ഒരു ഹെക്ടറിന് 5,500 രൂപ പ്രകാരം നൽകുന്നതിന് അയ്യന്തോൾ കൃഷി ഭവന് 28.985 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഘടകത്തിൽ നെൽകൃഷിക്കാവശ്യമായ വളം വാങ്ങുന്നതിനുള്ള ആനുകൂല്യവും ഉൾപ്പെട്ടിട്ടുണ്ട്. അയ്യന്തോൾ കൃഷി ഭവൻ പരിധിയിൽ പ്രവർത്തിക്കുന്ന 3 വളം ഡിപ്പോകളിലും ആവശ്യത്തിന് വളം ഇപ്പോൾ ലഭ്യമാണ്. കുറവുണ്ടെന്ന് ചൂണ്ടിക്കാണിച്ചാൽ വീണ്ടും ഇടപെടുന്നതാണ്. ഒക്ടോബർ 12, 13 തീയതികളിലുണ്ടായ കനത്ത മഴയിൽ ഇതേ പാടശേഖരത്തിൽ വിത്ത് വിതച്ച 42 കർഷകരുടെ 28 ഹെക്ടർ നെൽകൃഷി വീണ്ടും നശിക്കുകയുണ്ടായി. പ്രസ്തുത സ്ഥലത്ത് സുഗമമായി കൃഷി ചെയ്യുന്നതിനും ഒരേ സമയം കൊയ്യുന്നതിനും സൗകര്യപ്രദമാകുമെന്നതിനാൽ വീണ്ടും കൃഷിയിറക്കുന്നതിനായി പുറത്തുനിന്ന് ഞാറ് വാങ്ങി കൃഷി ചെയ്യുവാൻ കർഷകർ തീരുമാനിച്ച സാഹചര്യത്തിൽ വീണ്ടും നെൽവിത്ത് സൗജന്യമായി ലഭ്യമാക്കേണ്ടതില്ലെന്ന് പാടശേഖര സമിതി രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഒക്ടോബർ 12, 13 തീയതികളിൽ ലാലൂർ മേഖലയിലെ മണിനാടൻ കോൾ പടവിലെ 32.8 ഹെക്ടർ സ്ഥലത്ത് പൂർണ്ണ കൃഷിനാശമുണ്ടാകുകയും പ്രസ്തുത സ്ഥലത്ത് വീണ്ടും കൃഷിയിറക്കുന്നതിനായി 91 കർഷകർക്ക് 2.58 മെട്രിക് ടൺ 'ഉമ' വിത്ത് സൗജന്യമായി നൽകുകയും

ചെയ്തിട്ടുണ്ട്. എൽത്തുരുത്ത് കോൾ പടവിൽ കൃഷി നാശം സംഭവിച്ചിട്ടില്ല. ഇവിടെ 33 ഹെക്ടറിൽ നെൽകൃഷി നിലവിലുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലം അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രകൃതിക്ഷോഭം കർഷകരെ പ്രത്യേകിച്ച് നെൽ കർഷകരെ കൂടുതൽ ദുരിതത്തിലാക്കുന്ന കാഴ്ചയാണ് കണ്ടുവരുന്നത്. ഈ അവസരങ്ങളിലെല്ലാം സർക്കാർ കർഷകരോടൊപ്പംനിന്ന് സാധ്യമാകുന്ന എല്ലാ സഹായങ്ങളും നൽകിവരുന്നുണ്ട്. എന്നാൽ വിത്ത് പാകി ദിവസങ്ങൾക്കകമുണ്ടാകുന്ന വിളനാശത്തിന് ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകുന്നതിന് നിലവിൽ തടസ്സങ്ങളുണ്ട്. ഈ തടസ്സങ്ങൾ പരിഹരിക്കത്തക്കവിധം ഇൻഷ്വറൻസ് പരിരക്ഷയുടെ മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കാൻ സർക്കാർ നടപടി കൈക്കൊണ്ടുവരികയാണ്. യന്ത്രങ്ങളുടെ മെയിന്റനൻസ് നടത്തുന്ന സെന്ററിന്റെ കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(10) പാലക്കോട് അഴിമുഖത്ത് പുലിമുട്ട് സ്ഥാപിക്കൽ

ശ്രീ. എം. വിജിൻ: സർ, കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലും പയ്യന്നൂർ മണ്ഡലത്തിലുമായി സ്ഥിതി ചെയ്യുന്ന പാലക്കോട് പുഴയുടെ അഴിമുഖത്ത്, പുതിയങ്ങാടിക്ക് സമീപം മണൽ അടിയുന്നതുകാരണം മണൽക്കൂനയിൽ തട്ടി ബോട്ടുകൾ മറിഞ്ഞ് അപകടങ്ങളുണ്ടാകുകയാണ്. കഴിഞ്ഞവർഷം രണ്ട് മത്സ്യത്തൊഴിലാളികൾ ഈ അപകടത്തിൽ മരണപ്പെടുകയുണ്ടായി. ഈ വർഷവും സമാനമായ അപകടങ്ങൾ പുഴയിലുണ്ടായിട്ടുണ്ട്. പുതിയങ്ങാടി, പാലക്കോട് അഴിമുഖത്ത് പുലിമുട്ടുകൾ നിർമ്മിച്ച് പുഴയിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനും മത്സ്യബന്ധന യാനങ്ങൾക്ക് അപകടരഹിതമായി അഴിമുഖത്തുകൂടി ലാൻഡിംഗ് സെന്ററിലേയ്ക്ക് കയറിയിറങ്ങുന്നതിനുമായി, 28.60 കോടി രൂപയുടെ റിവർ ട്രെയിനിംഗ് പദ്ധതിക്ക് റീബിൽഡ് കേരള ഇനിഷ്യേറ്റിവ് പദ്ധതിയിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ച പ്രോജക്ടിന് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഭരണാനുമതി ലഭിച്ച് എട്ട് മാസമായിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല. ചൂട്ടാട്, മഞ്ച ഫിഷ് ലാൻഡിംഗ് സെന്ററിന്റെ നിർമ്മാണത്തിന് ഈ വർഷത്തെ ബഡ്ജറ്റിൽ ഒന്നര കോടി രൂപ അനുവദിച്ചിട്ടുണ്ട്. എന്റെ മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളുടെ ഏറ്റവും പ്രധാനപ്പെട്ട പ്രസ്തുത പദ്ധതികൾ എത്രയുംവേഗം ആരംഭിച്ച് പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിക്ക് സമീപം പാലക്കോട് അഴിമുഖത്ത് മണൽ അടിയുന്നതുമൂലം അപകടങ്ങളും മത്സ്യബന്ധന യാനങ്ങൾ

കരയ്ക്കുടപ്പിക്കാനുണ്ടാകുന്ന ബുദ്ധിമുട്ടും കണക്കിലെടുത്ത് ശാശ്വത പരിഹാരത്തിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി പുതിയങ്ങാടി റിവർ ട്രെയിനിംഗ് പ്രവൃത്തിക്ക് 28.60 കോടി രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞു. പ്രസ്തുത പ്രവൃത്തിക്ക് 23.58 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുള്ളതും പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിച്ചിട്ടുള്ളതുമാണ്. ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കരാറിലേർപ്പെടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ക്ലിയറൻസ് ലഭിക്കുന്നമുറയ്ക്ക് പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതാണ്.

## V റിപ്പോർട്ട് സമർപ്പണം

### 1. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനൊന്ന് മുതൽ പതിനാറ് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനൊന്ന് മുതൽ പതിനാറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

### 2. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ

ശ്രീ. ഇ. കെ. വിജയൻ: സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VI വ്യക്തിപരമായ വിശദീകരണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജു മറുപടി പറഞ്ഞപ്പോൾ കുറേ ആളുകളുടെ പേര് പറഞ്ഞ കൂട്ടത്തിൽ എന്റെയും പേരുപറഞ്ഞു. അദ്ദേഹം അത് ആ രൂപത്തിൽ ചിത്രീകരിക്കരുതായിരുന്നു. കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ ബിൽഡിംഗിനെക്കുറിച്ചുള്ള ചർച്ചയിലാണ് അദ്ദേഹം അത് പറഞ്ഞത്. അദ്ദേഹത്തെപ്പോലൊരാൾ ഇത് പറയുമെന്ന് ഞാൻ കരുതിയില്ല. അതിന് ഒരു ചരിത്രമുണ്ട്. അത് 2008-ൽ ആരംഭിച്ചതാണ്. ഏത് ഗവൺമെന്റാണെന്ന് ഞാൻ പറയുന്നില്ല, കാരണം അതിൽ രാഷ്ട്രീയം കാണാൻ താൽപ്പര്യമില്ലാത്തതുകൊണ്ടാണ്. 2008-ൽ ആരംഭിക്കുന്ന സമയത്ത് അത് കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലമായിരുന്നു. പക്ഷേ കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡ് ആ സ്ഥലം കൊടുക്കാൻ തീരുമാനിച്ചിട്ടില്ല. ആ തീരുമാനമില്ലാതെ, ശരിയായ വിധത്തിൽ ഒരു പ്ലാൻ പോലും സബ്മിറ്റ് ചെയ്യാതെ, ഡിപ്പാർട്ടുമെന്റിന്റെ അംഗീകാരം കിട്ടാതെ ടെണ്ടർ നടന്നു. എസ്റ്റിമേറ്റില്ലാതെയാണ് ടെണ്ടർ നടന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്..........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതിനുശേഷം ഒരാൾ കരാർ ഉറപ്പിച്ചു. ഈ കൂട്ടത്തിൽ 2008-നുശേഷം അതെല്ലാം കഴിഞ്ഞതാണ്. അതിനുശേഷം 2011-ൽ ശ്രീ. വി. എസ്. ശിവകുമാർ മന്ത്രിയായി വന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് വിഷയം മാത്രം പറയൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇത് പറയാതിരിക്കാൻ പറ്റില്ലല്ലോ? 2012-ൽ ശ്രീ. ആര്യാടൻ മുഹമ്മദും 2014-ൽ ഞാനും ആ വകുപ്പിന്റെ മന്ത്രിയായി. ഈ നിലയിൽ ആ വകുപ്പിന്റെ മന്ത്രിസ്ഥാനത്തിരുന്നവരെല്ലാം 2008-ൽ നടന്ന കാര്യത്തിന് ഉത്തരവാദികളാണെന്ന് പറഞ്ഞാൽ എത്ര കഷ്ടമാണ്; കോഴിക്കോട് ബസ് സ്റ്റാൻഡിൽ ചായകുടിക്കാൻ ചെല്ലുന്നവരെയും പ്രതിവർഗ്ഗത്തിൽപ്പെടുത്താൻ സാധിക്കുമോ? അതുകൊണ്ട് എനിക്ക് ഒരു കാര്യം മാത്രമേ പറയാനുള്ളൂ, അങ്ങ് റൂൾ 307 പ്രകാരം ഇത് എക്സ്പഞ്ച് ചെയ്യണം. ദയവായി ഞങ്ങളുടെ പേര് അതിനകത്ത് വരുത്തരുത്, അത് വാസ്തവവിരുദ്ധമാണ്. അത് നീക്കം ചെയ്യണം. അത് അപകീർത്തികരമാണ്. ഇപ്പോൾ പറയുന്ന കാര്യം റെക്കോർഡിലുണ്ടാകണം. നാരങ്ങാവെള്ളം കുടിക്കാൻവേണ്ടി ബസ് സ്റ്റാൻഡിൽ കയറിയവർക്കും അപകീർത്തികരമാകും.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.*

## VII നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(i) 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ

(ii) 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 18439/ഇ.ബി /2021/നി.സെ. തീയതി 9-11-2021) സഭാരേഖയിൽ നിലനിർത്തി.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, രണ്ടും സുപ്രധാനമായ നിയമങ്ങളാണ്. ഒന്നാമത്തേത്, 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബില്ലാണ്. മെഡിക്കൽ പ്രാക്ടീഷണർമാരുടെ രജിസ്ട്രേഷനും അവരുടെ യോഗ്യത നിയന്ത്രിക്കുന്നതിനുമായി 1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടാണ് സംസ്ഥാനത്ത് നിലവിലുള്ളത്. കേരള മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് നിലവിൽ വരുന്നതിനും കേരള കൗൺസിൽ നിലവിൽ വരുന്നതിനുംവേണ്ടിയുള്ള കാലോചിതമായ പരിഷ്കരണം വേണമെന്ന് നിയമപരിഷ്കരണ കമ്മിറ്റിയുൾപ്പെടെ ശിപാർശ ചെയ്തിട്ടുള്ളതാണ്. അതിനനുസരിച്ച ബില്ലാണ് കൊണ്ടുവന്നിട്ടുള്ളത്. രണ്ടാമത്തേത്, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബില്ലാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ സ്വകാര്യ ആശുപത്രികളുടെയും ലാബുകളുടെയും രജിസ്ട്രേഷൻ കാലാവധി രണ്ടുവർഷമെന്നുള്ളത് നാലുവർഷമായി ദീർഘിപ്പിക്കുന്നതിനുവേണ്ടിയുള്ളതാണ് ഈ ബിൽ. മറ്റ് കാര്യങ്ങൾ സംബന്ധിച്ച് ബഹുമാന്യരായ അംഗങ്ങൾ സംസാരിച്ചതിനുശേഷം പറയാം.

മി. ഡെപ്യൂട്ടി സ്പീക്കർ: രണ്ട് ബില്ലുകൾ സംബന്ധിച്ചുള്ള ചർച്ച ഒരുമിച്ച് നടത്താവുന്നതാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ എന്നിവ സംബന്ധിച്ച എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ബഹുമാന്യയായ മന്ത്രി സൂചിപ്പിച്ചതുപോലെ, രണ്ട് സുപ്രധാനമായ ബില്ലുകൾ സഭയിലും സബ്ജക്ട് കമ്മിറ്റിയിലും ചർച്ചചെയ്തശേഷം പാസ്സാക്കുന്നതിനുമുമ്പുള്ള ചർച്ചയിലാണ് ഇന്ന് നിൽക്കുന്നത്. രണ്ടും പ്രധാനപ്പെട്ട ബില്ലുകളാണ്. 2018-ലാണ് കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ സഭ നിയമമാക്കി മാറ്റിയത്. കേരളത്തിലെ ആരോഗ്യമേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ ഈ നിയമംമൂലമുണ്ടാകാൻ പോകുന്നുവെന്നാണ് അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞത്. ആ നിയമത്തിന്റെ പ്രാധാന്യം കൊണ്ടാവാം സഭാ ടി.വി. ഇതുമായി ബന്ധപ്പെട്ട് ഒരു ചർച്ച നടത്തുകയുണ്ടായി. കേരളത്തിലെ ആശുപത്രികളിലും ലബോറട്ടറികളിലും ക്ലിനിക്കൽ സ്ഥാപനങ്ങളിലും ഈ നിയമംകൊണ്ട് വലിയ മാറ്റങ്ങളുണ്ടാകുമെന്നാണ് നമ്മൾ പ്രതീക്ഷിച്ചത്. ആ രീതിയിലുള്ള അന്തരീക്ഷമാണ് അന്ന്

ഗവൺമെന്റുണ്ടാക്കിയത്. പ്രസ്തുത നിയമത്തിലെ ഒരു ഭേദഗതിയാണ് ബഹുമാന്യയായ മന്ത്രി ഇവിടെ സൂചിപ്പിച്ചത്. ഈ നിയമം കൊണ്ടുവന്നതിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ രണ്ടുമൂന്ന് വർഷംകൊണ്ട് കേരളത്തിൽ എന്തുമാറ്റമാണുണ്ടായത്; കൊട്ടിഘോഷിച്ച് ഈ നിയമം നടപ്പാക്കിയതുമൂലം ഏതെങ്കിലുമൊരു രോഗിക്ക് അതിന്റെ ഗുണം ലഭ്യമായോയെന്ന് ബഹുമാന്യയായ മന്ത്രി പരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പ്രതീക്ഷിച്ച ഒരു മാറ്റവും ഈ നിയമം കൊണ്ടുവന്നതിന്റെ പേരിൽ കേരളത്തിലെ രോഗികൾക്ക് ലഭിച്ചില്ല. മുൻകാലങ്ങളിൽ എന്താണോ രോഗികൾക്ക് ലഭിച്ചിരുന്നത് അത് തുടരുന്ന സാഹചര്യമാണ് ഇപ്പോഴും കേരളത്തിൽ നിലനിൽക്കുന്നത്. ഇത്തരം നിയമങ്ങൾ കൊണ്ടുവരുമ്പോൾ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും രോഗികൾക്കും അത് എങ്ങനെ ഗുണകരമാകുമെന്നാണ് ചിന്തിക്കാറുള്ളത്. നിയമത്തിൽ അത്തരം കാര്യങ്ങളുണ്ടാകും. നമ്മൾ ഇതുസംബന്ധിച്ച് പുറത്തും സംസാരിക്കും. പക്ഷേ നിയമം നടപ്പാക്കി മുന്നോട്ടുപോകുമ്പോൾ അതിന്റെ ഒരു ഗുണവും ലഭ്യമാകാത്ത സാഹചര്യമാണുണ്ടായിട്ടുള്ളത്. രോഗികൾക്ക് ലഭിക്കേണ്ട ചികിത്സ, രോഗികൾ നൽകേണ്ട ഫീസ്, സുതാര്യമായി ആശുപത്രികളിൽ പ്രദർശിപ്പിക്കേണ്ട കാര്യങ്ങൾ അങ്ങനെ ഈ നിയമവുമായി ബന്ധപ്പെട്ട് നിരവധി കാര്യങ്ങളുണ്ടാകുമായിരുന്നു. പക്ഷേ അതെല്ലാം എത്രമാത്രം പ്രാവർത്തികമായെന്ന് പരിശോധിച്ചാൽ ഒന്നും നടപ്പായിട്ടില്ലെന്ന് ബോധ്യമാകും. സമയപരിമിതിമൂലം ഞാൻ അക്കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈ ബിൽ അവതരിപ്പിച്ച് സംസാരിച്ചപ്പോൾ കേരളത്തിലെ ഇടതുമുന്നണി ഗവൺമെന്റിന്റെ കാലത്തുണ്ടായ ആരോഗ്യമേഖലയിലെ നേട്ടങ്ങളാണ് ബഹുമാന്യയായ മന്ത്രി പറഞ്ഞത്. ആ നേട്ടങ്ങളിൽ സുപ്രധാനമായി പറഞ്ഞത് ശിശുമരണ നിരക്ക് സിംഗിൾ ഡിജിറ്റിലേയ്ക്ക് കൊണ്ടുവന്നത് ഇടതുമുന്നണി ഗവൺമെന്റാണെന്നാണ്. കേരളത്തിലെ ശിശുമരണ നിരക്ക് പത്തിൽ താഴെയായിട്ടുണ്ടെങ്കിൽ എന്തുകൊണ്ട് അങ്ങനെവന്നു; അത് ഒരു ഗവൺമെന്റിന്റെ മാത്രം സംഭാവനയാണോ തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കണ്ടേ? ഐക്യകേരളം രൂപീകരിച്ചതിനുശേഷം മാറിമാറിവന്ന ഗവൺമെന്റുകൾ നടത്തിയ പ്രവർത്തനങ്ങളാണ് വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും കേരളം ഇന്ന് ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നതിന് കാരണമെങ്കിൽ അത് നമുക്ക് മാത്രം അർഹതപ്പെട്ടതല്ല. നമ്മുടെ പൂർവ്വികർ ദശാബ്ദങ്ങൾക്കുമുമ്പുതന്നെ കേരളത്തിൽ ഈ രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കി. അതിന്റെ പശ്ചാത്തലം എന്റെ സുഹൃത്ത്, ശ്രീ. പി. സി. വിഷ്ണുനാഥ് നേരത്തെ ഇവിടെ പറഞ്ഞതുകൊണ്ട് അക്കാര്യത്തിലേയ്ക്ക് കടക്കുന്നില്ല. കേരളത്തിൽ അധികാരത്തിൽവന്ന എല്ലാ ഗവൺമെന്റുകളും ഈ രംഗത്ത് വലിയ സംഭാവനകൾ

നൽകിയിട്ടുണ്ട്. കേരളത്തിലെ ജനങ്ങളുടെ വിദ്യാഭ്യാസരംഗത്തുള്ള വളർച്ച, സാമൂഹ്യ പശ്ചാത്തലം, ആരോഗ്യമേഖലയിൽ നമുക്കുള്ള അതീവ താൽപ്പര്യം, ഓരോ കുടുംബത്തിനും വ്യക്തികൾക്കുമുള്ള താൽപ്പര്യം, ഇതെല്ലാം ചേർത്തുവച്ചുകൊണ്ടാണ് ഇത്രയും വലിയ നേട്ടമുണ്ടാക്കാൻ നമുക്കുകഴിഞ്ഞത്. അതല്ലാതെ, ഈ ഗവൺമെന്റിന്റെയോ കഴിഞ്ഞ ഗവൺമെന്റിന്റെയോ മാത്രം നേട്ടമല്ല, ഒരു സുപ്രഭാതത്തിൽ ശിശുമരണനിരക്ക് സിംഗിൾ ഡിജിറ്റിലേയ്ക്ക് വന്നതല്ല, ക്രമേണ ഈ നേട്ടത്തിലേയ്ക്ക് നമ്മളെത്തിയതാണ്. ശിശുമരണനിരക്ക് സീറോ ഡിജിറ്റിലെത്താൻ കഴിയുമെന്ന ലക്ഷ്യം നമുക്കുണ്ട്. ആ മാറ്റത്തെ ഇടതുമുന്നണി സർക്കാരിന്റെ മാത്രം നേട്ടമായി അവകാശപ്പെടുന്നത് ശരിയല്ല.

**12.00 Noon]**

ഇന്ന് ആരോഗ്യരംഗത്ത് നമ്മൾ വളരെ മുന്നിലാണ്. ആരോഗ്യരംഗത്തെ നമ്മുടെ നേട്ടം ലോകത്തിലെ വികസിത രാജ്യങ്ങളോടൊപ്പമാണ്. പക്ഷേ അങ്ങനെയുള്ള കേരളം ഇന്ന് വലിയൊരു പ്രതിസന്ധിയിലാണ് നിൽക്കുന്നതെന്ന് പറയേണ്ടിവരും. ആ പ്രതിസന്ധിക്ക് കാരണമായി ഒരുപാട് കാര്യങ്ങളുണ്ട്. ആ കാര്യങ്ങളിൽ എന്തൊക്കെയാണ് ഇവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നതെന്നുള്ള പരിശോധന നടത്താൻ സർക്കാർ തയ്യാറാകണം. യഥാർത്ഥത്തിൽ ഇന്ത്യയിൽ, നമ്മുടെ പ്രത്യേക സാഹചര്യം വച്ച് ഒരു മെഡിക്കൽ ഹബ്ബായി മാറേണ്ട കേരളം ഇന്ന് അപൂർവ്വ രോഗങ്ങളുടേയും മഹാമാരികളുടേയും ഹബ്ബായി മാറിക്കൊണ്ടിരിക്കുന്നുവെന്ന യാഥാർത്ഥ്യം മറച്ചുവയ്ക്കാനാകില്ല. എന്തുകൊണ്ടാണ് അങ്ങനെ വരുന്നത്? നമുക്ക് പുറകിലേയ്ക്ക് യാത്ര ചെയ്യാൻ കഴിയില്ല, മുന്നോട്ടുപോകണം. മുന്നോട്ട് പോകണമെങ്കിൽ ഇത്തരം കാര്യങ്ങൾ തിരിച്ചറിഞ്ഞ്, ഇതൊക്കെ എന്തുകൊണ്ട് സംഭവിക്കുന്നു എന്നതിനെക്കുറിച്ച് പഠിക്കേണ്ടതുണ്ട്. ഇന്ന് കേരളത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന വ്യാപകമായ പകർച്ചവ്യാധികൾ, സാധാരണ വൈറൽ പനിപോലും പുതിയ രീതിയിൽ വരുന്നു എന്നുള്ളതാണ്. ആശങ്കപ്പെടുത്തുന്ന രീതിയിൽ രോഗങ്ങൾ വന്നുകൊണ്ടിരിക്കുന്നു. എന്തുകൊണ്ട് ഇത് സംഭവിക്കുന്നുവെന്ന് സർക്കാർ പ്രത്യേകം പരിശോധിക്കേണ്ടതാണ്. എല്ലാവരോടും കേരളത്തിലേയ്ക്ക് നോക്കൂ എന്നാണ് കോവിഡിന്റെ കാലഘട്ടത്തിൽ നമ്മൾ പറഞ്ഞിരുന്നത്. പക്ഷേ ഇപ്പോൾ എല്ലാവരും കേരളത്തിലേയ്ക്ക് നോക്കിക്കൊണ്ടിരിക്കുകയാണ്. ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ് 10 ശതമാനമാണ് എന്ന കഴിഞ്ഞ ദിവസത്തെ പത്രവാർത്ത ഞെട്ടിക്കുന്നതാണ്. ആരോഗ്യരംഗത്ത് അഭിമാനകരമായ നേട്ടമുണ്ടാക്കി മുന്നോട്ടുവന്ന കേരളത്തിൽ എന്തുകൊണ്ടാണ് ഇപ്പോഴും ടി.പി.ആർ. 10 ശതമാനത്തിൽ നിൽക്കുന്നത് എന്ന് പ്രത്യേകം പരിശോധിക്കേണ്ടതാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സർക്കാർ മെഡിക്കൽ കോളേജുകളിൽ കോവിഡ് നിർണ്ണയത്തിനുള്ള ആർ.ടി.പി.സി.ആർ. സാമ്പിൾ ശേഖരണം നിർത്തിവച്ചു. താൽക്കാലിക ജീവനക്കാരെ പിരിച്ചുവിട്ടു. മെഡിക്കൽ കോളേജുകളിൽപ്പോലും ആർ.ടി.പി.സി.ആർ. ടെസ്റ്റ് നടത്താനുള്ള സംവിധാനമില്ല. ഇത് നാണക്കേടല്ലേ; അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാനും ഇക്കാര്യമാണ് സൂചിപ്പിച്ചത്. കോവിഡുമായി ബന്ധപ്പെട്ട കാര്യത്തിൽ നമ്മൾ എടുത്തിരുന്ന എല്ലാ മുൻകരുതലുകളും മാറ്റിവച്ചിരിക്കുകയാണ്. കോവിഡ് മൂന്നാം തരംഗം യൂറോപ്പിൽ ആരംഭിച്ചുവെന്നുപറയുന്നു. ചൈനയിൽ മൂന്നിൽ രണ്ട് ഭാഗങ്ങളിലും കോവിഡ് വീണ്ടും പിടിമുറുക്കിക്കൊണ്ടിരിക്കുകയാണ്. ചൈനയിലും യൂറോപ്പിലും കോവിഡ് വന്നതിന്റെ തുടർച്ചയായി ഇന്ത്യയിൽ ആദ്യമായി കോവിഡ് റിപ്പോർട്ട് ചെയ്തത് കേരളത്തിലാണ്. അതുകൊണ്ടുതന്നെ ഇതിനൊക്കെ തയ്യാറെടുപ്പ് നടത്തുന്നതിനുപകരം ഇവിടെ സൂചിപ്പിച്ചതുപോലെ നിലവിലുള്ള കോവിഡ് ബ്രിഗേഡിൽപ്പെട്ട ജീവനക്കാരെ ആശുപത്രികളിൽനിന്ന് പിരിച്ചുവിട്ട് എല്ലാ രീതിയിലും ഇന്ന് പൂർണ്ണമായി അവസാനിപ്പിച്ച രീതിയാണുള്ളത്. കോവിഡ് വന്നവർക്കും വാക്സിനെടുത്തവർക്കും വീണ്ടും വൈറസ് ബാധയുണ്ടാകുന്ന സാഹചര്യമാണുള്ളത്. ഇതുമായി ബന്ധപ്പെട്ട ജനിതക പഠനം നടത്തണമെന്ന് ആഗസ്റ്റ് 21-ന് കേന്ദ്ര സർക്കാർ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതായി പത്രവാർത്ത കണ്ടു. അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ ഫലമെന്താണെന്ന് സഭയെ അറിയിച്ചാൽ നന്നായിരുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങിവിടെ സൂചിപ്പിച്ചത് വളരെ കൃത്യമായ കാര്യമാണ്. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)-യും അത് സൂചിപ്പിച്ചു. കോവിഡിനെതിരെ ഫൈറ്റ് ചെയ്യുന്നതിനായി സംസ്ഥാനത്ത് നിരവധി വോളന്റിയർമാരെ നിയമിച്ചു. അവരെ കഴിഞ്ഞ 31-ാം തീയതി പിരിച്ചുവിടാൻ തീരുമാനമെടുത്തു. അതിനുശേഷം ചില സ്ഥലങ്ങളിൽ പ്രത്യേക അനുമതി നൽകി കുറേയാളുകൾ ജോലി ചെയ്യാൻ തീരുമാനിച്ചു. അവർക്ക് പിന്നീട് ശമ്പളവും കൊടുത്തിട്ടില്ലെന്നുമാത്രമല്ല, അവരെ നിർബന്ധിച്ച് 'ഞങ്ങൾക്കിനി ശമ്പളമേ വേണ്ട' എന്ന് എഴുതി വാങ്ങിച്ച് അവരെ ഈ രംഗത്ത് നിർത്തുന്നതിനെക്കുറിച്ച് ആലോചന നടത്തുന്നുവെന്നുള്ള വിവരം അങ്ങേയ്ക്കറിയാമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ അതുതന്നെയാണ് സൂചിപ്പിച്ചത്. ഇവിടെ നടത്തിയ തയ്യാറെടുപ്പുകളെല്ലാം ഒഴിവാക്കി. ഇപ്പോൾ യാതൊരു തയ്യാറെടുപ്പുമില്ല. ഗൗരവമായ അലംഭാവം ആരോഗ്യ വകുപ്പിന്റെ ഭാഗത്തു

നിന്നുണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിൽ ഏറ്റവും പ്രധാനമാണ് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) സൂചിപ്പിച്ച കാര്യങ്ങൾ. അതോടൊപ്പം വാക്സിനേഷന്റെ കാര്യത്തിൽ സംഭവിച്ചതെന്താണ്? ആക്ഷേപങ്ങളുണ്ടെങ്കിലും ഒന്നാം ഡോസ് വാക്സിനേഷൻ വളരെ നല്ല രീതിയിൽ, സമയബന്ധിതമായി കുറേയേറെ പൂർത്തീകരിക്കാൻ കഴിഞ്ഞു. പക്ഷേ ഇപ്പോൾ ആ കാര്യത്തിലും വളരെ പുറകിലാണ്. കോവിഡ് പ്രതിരോധത്തിന് രണ്ട് ഡോസ് വാക്സിൻ വേണമെന്നിരിക്കെ, കേരളത്തിൽ രണ്ട് ഡോസ് വാക്സിനെടുത്തവർ 54 ശതമാനമാണ്. ഏകദേശം 12 ലക്ഷത്തോളമാളുകൾ ഇനിയും ഒന്നാം ഡോസ് വാക്സിനെടുക്കാനുണ്ട്. വാക്സിനേഷന്റെ കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് അലംഭാവം വന്നിരിക്കുകയാണ്. സർക്കാരിന്റെ ഭാഗത്തുനിന്ന് അലംഭാവം വന്നുകഴിഞ്ഞാൽ സ്വാഭാവികമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അത് ബാധിക്കും. കോവിഡിനെ നിയന്ത്രിക്കുന്ന കാര്യത്തിലും വാക്സിനേഷന്റെ കാര്യത്തിലും ആരോഗ്യവകുപ്പിന്റെ ഭാഗത്തുനിന്ന് അലസഭാവമാണ് ഇന്നുള്ളതെന്ന് പറയാതിരിക്കാൻ വയ്യ.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...

ശ്രീ. എ. പി. അനിൽ കുമാർ: സർ, 10 മിനിട്ടേ ആയിട്ടുള്ളൂ...

മി. ഡെപ്യൂട്ടി സ്പീക്കർ: മന്ത്രിമാർ അവസാനം മറുപടി പറയുമ്പോൾ, അംഗങ്ങൾ അസഹിഷ്ണുത കാണിക്കാറുണ്ട്. അതുകൊണ്ട് ചർച്ച സമയബന്ധിതമായി തീർക്കേണ്ടതുണ്ട്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ ചുരുക്കാം... വിഷയത്തെ സംബന്ധിച്ച് മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ. വേറെ കാര്യങ്ങളൊന്നും പറഞ്ഞിട്ടില്ല. (.....ബഹളം......)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതിനുള്ള പ്രതികാരമാണോ ഇത്?

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രതികാരമൊന്നുമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഡെപ്യൂട്ടി സ്പീക്കർ പ്രതികാര മനോഭാവത്തോടുകൂടിയാണ് സംസാരിക്കുന്നത്. ഭരണപക്ഷം കൂടുതൽ സമയമെടുത്ത് സംസാരിക്കുന്നതിനെ ചോദ്യം ചെയ്യുന്നതിനാൽ ഇത് നിർത്തണമെന്നാണോ അങ്ങ് പറയുന്നത്?

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങനെയല്ല, അങ്ങ് തെറ്റിദ്ധരിക്കരുത്. നമുക്ക് സമയബന്ധിതമായി 15 മിനിട്ടുകൊണ്ട് അവസാനിപ്പിക്കണം.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ വിഷയത്തിൽനിന്ന് മാത്രമേ സംസാരിക്കുന്നുള്ളൂ. ആരോഗ്യമേഖലയിൽ കഴിഞ്ഞ അഞ്ചുവർഷം സർക്കാരിന്റെ സമീപനത്തിൽ സാരമായ വീഴ്ചയാണ് സംഭവിച്ചത്. എനിക്കത് അടിവരയിട്ട് പറയാൻ കഴിയും. സർക്കാർ കഴിഞ്ഞ അഞ്ചുവർഷക്കാലം പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിനായി അവയെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്ന കാര്യങ്ങൾ ചെയ്യുകയുണ്ടായി. അതും സമ്പൂർണ്ണമായി നടത്താൻ കഴിഞ്ഞില്ല. മെഡിക്കൽ കോളേജുകൾ ശക്തിപ്പെടുത്തുന്നകാര്യത്തിൽ സർക്കാർ വളരെ നെഗറ്റീവ് സമീപനമായിരുന്നു സ്വീകരിച്ചത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഗുരുതര വീഴ്ചപറ്റിയെന്ന് പറയാനുള്ള ഒരു കാരണമിതാണ്. യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന മെഡിക്കൽ കോളേജുകൾ എങ്ങനെ മുന്നോട്ടുകൊണ്ടുപോകണം എന്നല്ല ഈ സർക്കാർ ആഗ്രഹിച്ചത്. എന്തിനിത്ര മെഡിക്കൽകോളേജുകൾ എന്നാണ് ചിന്തിച്ചത്. എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് വേണമെന്നായിരുന്നു യു.ഡി.എഫ്. ഗവൺമെന്റിന്റെ നയം. ഈ സർക്കാർ വന്നപ്പോൾ ആ മെഡിക്കൽ കോളേജുകളോട് നിഷേധാത്മക സമീപനമാണ് സ്വീകരിച്ചത്. മെഡിക്കൽ കോളേജുകൾ പലതും നിർത്തിവയ്ക്കുന്ന കാര്യങ്ങൾക്ക് സർക്കാർതന്നെ നേതൃത്വം നൽകി. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതുപോലെതന്നെ കേരളത്തിന്റെ സാഹചര്യത്തിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് സ്പെഷ്യാലിറ്റി ഹോസ്പിറ്റലും സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുമാണ്. ഇന്ന് സ്വകാര്യ ആശുപത്രികളെയാണ് ആളുകൾ കൂടുതലും ആശ്രയിക്കുന്നത്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, അങ്ങിവിടെ സംസാരിച്ചത് കേരളത്തിലെ രോഗികൾ പ്രധാനമായും സ്വകാര്യ ആശുപത്രികളെത്തന്നെയാണ് ആശ്രയിക്കുന്നതെന്നാണ്. ഗുരുതരമായ പരിക്ക് പറ്റിയാലോ രോഗം വന്നാലോ ആളുകൾ സ്വകാര്യ ആശുപത്രികളിൽത്തന്നെ പോകുന്നു. അവിടെ നിന്ന് വലിയ ബിൽ വരുമ്പോൾ ബിൽ കുറയ്ക്കാൻ ഇടപെടണമെന്ന ആവശ്യവുമായി ജനപ്രതിനിധികളെ സമീപിക്കുന്നു. മറ്റൊരുകാര്യം, കോവിഡിന്റെ ഒന്നാം തരംഗത്തിൽ കർണ്ണാടക തലപ്പാടിയിൽ വഴിയടച്ചപ്പോൾ അവിടെ ചികിത്സ കിട്ടാതെ കാസർഗോഡ് ജില്ലയിലെ പതിനഞ്ച് രോഗികൾ മരിച്ചു. അതിന്റെ അർത്ഥമെന്താണ്? കാസർഗോഡുള്ള രോഗികൾ മംഗലാപുരം ആശുപത്രിയെയാണ് ആശ്രയിക്കുന്നത്. കേരളം ആരോഗ്യരംഗത്ത് ഇനിയും മുന്നേറേണ്ടതുണ്ടെന്ന കാര്യത്തോട് താങ്കൾ യോജിക്കുന്നുണ്ടോ?

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. രാജഗോപാലൻ]

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ സൂചിപ്പിച്ചുവന്നത് അതാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മെഡിക്കൽ കോളേജുകൾ ശക്തിപ്പെടുത്തുന്നതിന് ഒരു നടപടിയും സ്വീകരിച്ചില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ തലപ്പാടിയിൽ ആംബുലൻസിൽ കിടന്ന് മരിക്കേണ്ട സാഹചര്യം, മംഗലാപുരത്ത് പോകാൻ കഴിയാത്ത സാഹചര്യം, കോയമ്പത്തൂരിൽ പോകാൻ കഴിയാത്ത സാഹചര്യം എന്നിവയുണ്ടാകുന്നു. മെഡിക്കൽ ഹബ്ബായി ഡെവെലപ് ചെയ്യേണ്ട കേരളത്തിൽ മെഡിക്കൽ കോളേജുകൾ യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്നുവെന്ന ഒറ്റക്കാരണംകൊണ്ട് എതിർക്കുന്ന സമീപനമെടുത്തതാണ് കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിലെ രോഗികൾ അനുഭവിച്ച ഏറ്റവും വലിയ പ്രയാസത്തിന് കാരണം. തിരുവനന്തപുരത്ത് നിലവിലുള്ള മെഡിക്കൽ കോളേജിനുപുറമെ, രണ്ടാമതൊരു മെഡിക്കൽ കോളേജ് കൊണ്ടുവരാൻ യു.ഡി.എഫ്. സർക്കാർ തീരുമാനിച്ചു. ഇന്ത്യയിലെ മറ്റ് സംസ്ഥാന തലസ്ഥാനങ്ങളെടുത്ത് പരിശോധിച്ചാൽ രണ്ടും മൂന്നും മെഡിക്കൽ കോളേജുകളുള്ള എത്രയോ തലസ്ഥാനങ്ങളുണ്ട്. തിരുവനന്തപുരം ജനറൽ ഹോസ്പിറ്റൽ മെഡിക്കൽ കോളേജായി കൺവെർട്ട് ചെയ്യുന്നതിനുള്ള കെട്ടിടമുൾപ്പെടെ കൊണ്ടുവരികയും പ്രിൻസിപ്പാളിനെയും ജീവനക്കാരെയും നിയമിക്കുകയും ചെയ്തതാണ്. എന്താണ് അതിന് തടസ്സമായി നിന്നത്; ഇന്ദിരാഗാന്ധിയുടെ പേരിലായിരുന്നു ആ മെഡിക്കൽ കോളേജ് എന്നുള്ളതായിരുന്നോ? അവസാനം കാസർഗോഡ് മെഡിക്കൽ കോളേജ് സ്ട്രെംഗ്തൻ ചെയ്യുന്ന നിലപാടെടുക്കാൻ കോവിഡ് മഹാമാരി വേണ്ടി വന്നില്ലേ? കഴിഞ്ഞ സർക്കാരെടുത്ത നയപരമായ പാളിച്ചയാണ് മെഡിക്കൽ കോളേജുകൾ നല്ല രീതിലുണ്ടാകാതെ പോയത്. അതിന്റെ ഫലമായി ചികിത്സാ ചെലവുമൂലം നിർദ്ധനരായവരുടെ എണ്ണത്തിൽ കേരളം മുൻപന്തിയിലാണെന്ന് നാഷണൽ സാമ്പിൾ സർവ്വേ ഫലം കാണിക്കുന്നു. ഗ്രാമപ്രദേശങ്ങളിൽ പന്ത്രണ്ട് ശതമാനവും നഗരങ്ങളിൽ എട്ട് ശതമാനവുമാണിത്. മെഡിക്കൽ കോളേജുകളിൽ വേണ്ടത്ര സൗകര്യങ്ങളൊരുക്കുന്നതിൽ വീഴ്ചയുണ്ടായി എന്നതിന്റെ ഏറ്റവും വലിയ തെളിവായി നമുക്കതിനെ ചൂണ്ടിക്കാണിക്കാൻ കഴിയും. ഇത്തരം കാര്യങ്ങളെ പ്രതികാരബുദ്ധിയോടെയല്ല കാണേണ്ടത്. കേരളത്തിൽ ഇനി എങ്ങനെയുള്ള വളർച്ചയാണ് ആരോഗ്യ രംഗത്തുണ്ടാകേണ്ടത് എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. സ്വകാര്യ മേഖലയെ അവഗണിച്ചുകൊണ്ട് നമുക്ക് മുന്നോട്ടുപോകാൻ കഴിയില്ല. നമ്മുടെ പബ്ലിക് സെക്ടർ മേഖലയിൽ നിലവാരമുള്ള ആശുപത്രികൾ സ്ഥാപിച്ച് ഇതേ സർവ്വീസ് അവിടെ നൽകാൻ കഴിഞ്ഞാൽ സ്വാഭാവികമായും സ്വകാര്യ ആശുപത്രികൾക്ക് അവരുടെ ചികിത്സാച്ചെലവ് ചുരുക്കേണ്ടതായിവരും. അത്തരത്തിലുള്ള ഒരു സാഹചര്യമല്ല ഇന്ന്

കേരളത്തിലുള്ളത്. എല്ലാ കാര്യങ്ങളും യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന എന്നുള്ളതുകൊണ്ട് ഇനി മുന്നോട്ടുപോകേണ്ടെന്നുള്ള സ്ഥിതിയാണ് കേരളത്തിലുള്ളത്. കേരളത്തിൽ അപ്രതീക്ഷിതമായി കടന്നുവരുന്ന രോഗങ്ങളെ നേരിടുന്നതിനുവേണ്ട തയ്യാറെടുപ്പുകളും സജ്ജീകരണങ്ങളും ആശുപത്രികളിലൊരുക്കാൻ കഴിഞ്ഞില്ലെങ്കിൽ വലിയ പ്രതിസന്ധിയായിരിക്കും വരാൻപോകുന്നത്. അതുകൊണ്ട് ആരോഗ്യമേഖലയെ കുറേക്കൂടി നല്ല രീതിയിൽ നോക്കിക്കാണാനും പ്രത്യേകിച്ച് ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ഏറ്റവും നല്ല ചികിത്സ ലഭ്യമാക്കാനുമുള്ള സാഹചര്യമുണ്ടാകണം.

കോവിഡുമായി ബന്ധപ്പെട്ട കാര്യത്തിൽ, അലസത വെടിഞ്ഞ്, കോവിഡിന്റെ മൂന്നാം തരംഗമുണ്ടാകാൻ സാധ്യതയുണ്ടെങ്കിൽ അതിനെ നേരിടാൻ കഴിഞ്ഞില്ലെങ്കിൽ വലിയ ദുരന്തമുണ്ടാകും. നമുക്കിപ്പോൾ കുറേ അവകാശവാദങ്ങളാണുള്ളത്. പരസ്പരം അവകാശവാദങ്ങൾ പറയേണ്ടതില്ല. മുമ്പ് പത്രങ്ങളുടെ മുൻപേജുകളിൽ റിപ്പോർട്ട് ചെയ്തിരുന്ന കോവിഡ് മരണങ്ങൾ, ഇന്ന് പത്രങ്ങളുടെ അഞ്ചാം പേജിലേയ്ക്ക് മാറി. വാർത്ത വരുന്നത് എവിടെയാണെന്നല്ല, ഓരോ ദിവസവും മരിച്ചുവീഴുന്ന ആളുകളുടെ എണ്ണം ഇപ്പോഴും നമ്മുടെ മുന്നിലുണ്ട്. കോവിഡിന്റെ മൂന്നാം തരംഗത്തെ നേരിടുന്ന കാര്യത്തെപ്പറ്റി ഞാൻ സൂചിപ്പിച്ചിരുന്നു. കേരളത്തിലെ ജനങ്ങൾ കോവിഡിന്റെ മൂന്നാം തരംഗമുണ്ടാകരുതെന്ന് കൂട്ടപ്രാർത്ഥന നടത്തുന്ന അവസ്ഥയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. ആരോഗ്യ വകുപ്പ് അതിനെ നേരിടാൻ സജ്ജമാണെന്ന തോന്നൽ ജനങ്ങളിലുണ്ടാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് മൂന്നാം തരംഗമുണ്ടായതിനുശേഷം കാര്യങ്ങൾ നേരിടാമെന്നല്ല ചിന്തിക്കേണ്ടത്, വരുന്നതിനുമുമ്പുതന്നെ അതിനെ നേരിടാനുള്ള തയ്യാറെടുപ്പ് നടത്താൻ ആരോഗ്യവകുപ്പിന് കഴിയണം. അതിന് കഴിഞ്ഞിട്ടില്ലെന്നുള്ളതുകൊണ്ടാണ് ഇത്രയും കാര്യങ്ങൾ സൂചിപ്പിച്ചത്. ഞാൻ ആമുഖമായി പറഞ്ഞതുപോലെ, ഈ ബില്ലിന്റെ കാര്യത്തിൽ ഒരു പരിശോധന നടത്തണം. ഇത്രയും നല്ലൊരു നിയമം പാസ്സാക്കിയിട്ട് എന്തുകൊണ്ട് കേരളത്തിൽ അത് നടപ്പാക്കിയില്ലെന്ന് ഗവൺമെന്റ് പരിശോധിക്കണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ബില്ലിൽ മലബാർ മേഖലയിൽപ്പെട്ട പ്രത്യേകിച്ച് പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ മേഖലകളിൽ, 1-1-2011 തീയതി കണക്കാക്കി ഇരുപത് വർഷമായി പ്രാക്ടീസ് ചെയ്തുവരുന്ന പാരമ്പര്യ ആയുർവേദ വൈദ്യന്മാരേയും അംഗീകൃത യോഗ്യതയില്ലാത്ത ഹോമിയോപ്പതി

ചികിത്സകരേയും പ്രത്യേക വിഭാഗങ്ങളായി പരിഗണിച്ച്, 1953-ലെ തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടിലെ വകുപ്പ് 38 പ്രകാരം, ആയുർവേദ, ഹോമിയോ ഡോക്ടർമാർക്ക് പ്രാക്ടീസ് ചെയ്യുന്നതിന് രജിസ്ട്രേഷനെടുക്കണമെന്ന വ്യവസ്ഥയിൽ ഇളവുചെയ്തുകൊണ്ട് 21-2-2011-ൽ ആരോഗ്യ വകുപ്പ് ഉത്തരവിറക്കിയിരുന്നു. ഈ ബില്ലിൽ 42(എ) പ്രകാരമുള്ള വ്യവസ്ഥകൾ നിലവിൽ വരുമ്പോൾ മേൽപരാമർശിച്ച രീതിയിൽ പ്രാക്ടീസ് നടത്തുന്നവർക്ക് തുടർന്നും പ്രാക്ടീസ് നടത്താൻ സാധിക്കുമോയെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പ്രസംഗത്തിൽ പറയേണ്ടതാണ്. ഇത് ഈ ബില്ലിലെ ഒരു അപാകതയാണ്. ഉത്തരവുപ്രകാരം പാരമ്പര്യ ചികിത്സകർക്കും ഹോമിയോപ്പതി ചികിത്സകർക്കും ഇളവനുവദിച്ചിരുന്നു. ഈ ബിൽ പാസ്സാകുമ്പോൾ 42 (എ) പ്രകാരം അവർക്ക് പ്രാക്ടീസ് നടത്താൻ കഴിയുമോ? ഈ ബില്ലിലുള്ള എന്റെ വിയോജിപ്പിതാണ്.

ഈ സർക്കാരിന്റേയും പാർട്ടിയുടേയും വൈരുദ്ധ്യാത്മിക ഭൗതീകവാദം ഇപ്പോഴും തുടരുന്നുണ്ട്. അതിന് മാറ്റം വന്നിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി എം. വി. ഗോവിന്ദൻ മാസ്റ്റർ കഴിഞ്ഞ ദിവസം പറഞ്ഞത്. ഒരു മാറ്റവും വന്നിട്ടില്ല, തിരുവനന്തപുരം ജില്ലയിൽ ഒരു കുഞ്ഞിനെ അമ്മയുടെ അടുത്തുനിന്നും മാറ്റിയ സംഭവം അതിനൊരു ഉദാഹരണമാണ്. കമ്മ്യൂണിസ്റ്റ് മാനവികതയെക്കുറിച്ച് ചാനൽ ചർച്ചകളിൽ വാതോരാതെ അലറിവിളിക്കുന്ന ഒരു സഖാവാണ് ശിശുക്ഷേമ സമിതിവഴി ഒരു കുഞ്ഞിനെ കടത്തിക്കൊടുത്തത്. കോവിഡ് കാലത്ത് ആരോഗ്യപ്രവർത്തകരെപ്പറ്റി സർക്കാരിന് നൂറുനാവായിരുന്നു. ഒരു മുന്നറിയിപ്പും അംഗീകാരവും നൽകാതെ കോവിഡ് പ്രവർത്തകരെ പിരിച്ചുവിട്ടു. ശമ്പള വർദ്ധനവും അർഹമായ ആനുകൂല്യങ്ങളും ലഭിക്കാതെ ഡോക്ടർമാർ സമരത്തിലേയ്ക്ക് പോയ സാഹചര്യം കേരളത്തിലുണ്ടായി. ഇതാണോ കേരളത്തിലെ പുതിയ ആരോഗ്യ മാതൃക? ഞങ്ങളുടെ നാട്ടിൽ അപൂർവ്വ ജനിതക രോഗങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യുന്ന സാഹചര്യം ഇപ്പോഴുണ്ട്. ഇക്കാര്യത്തിൽ, ദേശീയതലത്തിൽ നയരൂപീകരണമുണ്ടായില്ലെങ്കിലും സംസ്ഥാനത്തിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ടുള്ള ഇടപെടൽ നടത്തേണ്ടതല്ലേ? ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പ് പരാജയമാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ മാത്രം Spinal Muscular Atrophy എന്ന രോഗവുമായി ബന്ധപ്പെട്ട് 23 ചോദ്യങ്ങളാണ് സഭയിൽ ചോദിച്ചത്. അപൂർവ്വ രോഗങ്ങൾക്കായി ഒരു പ്രത്യേക കർമ്മ പരിപാടി കർണ്ണാടക സംസ്ഥാനം നടപ്പിലാക്കിയതായി അറിയാൻ കഴിഞ്ഞു. ലോകത്തിന് മാതൃകയെന്ന് പറയപ്പെടുന്ന കേരളത്തിൽ അത്തരമൊരു പദ്ധതി എന്തുകൊണ്ട് നടപ്പിലാക്കിയില്ല; നമ്മൾ അതിനെപ്പറ്റി ചിന്തിക്കേണ്ടതല്ലേ? അതുകൊണ്ട്

പഴയകാല ആരോഗ്യ മാതൃകാപ്രതാപം പറഞ്ഞിട്ട് കാര്യമില്ല. സമൂഹം നേരിടുന്ന ഏറ്റവും വലിയൊരു ആരോഗ്യ പ്രശ്നമാണ് മാനസികാരോഗ്യം. പ്രണയാഭ്യർത്ഥന നിരസിക്കുന്ന പെൺകുട്ടികളെ കൊലപ്പെടുത്തുന്ന രീതിയിലേയ്ക്ക് മാനസിക പ്രശ്നങ്ങൾ വളരുന്ന കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്, ഇത്തരം കാതലായ പ്രശ്നങ്ങളിലൊന്നും ഇടപെടൽ നടത്താനും സർക്കാർ തയ്യാറാകുന്നില്ല. ആരോഗ്യ രംഗത്ത് ഏറ്റവും പിന്നിലുള്ള വയനാട് ജില്ലയിലെ ആദിവാസികൾക്കുള്ള മാനസികാരോഗ്യ പദ്ധതികൾ സംബന്ധിച്ച 147-ാം നമ്പർ ചോദ്യത്തിന്, ബഹുമാനപ്പെട്ട മന്ത്രി ആദ്യ ദിവസം മറുപടി നൽകി. 'ആദിവാസി മേഖലയിലെ കൗമാരക്കാരായ കുട്ടികൾക്ക് മാനസികാരോഗ്യ വളർച്ചയ്ക്ക് പദ്ധതി നടപ്പാക്കുമോ' എന്നതായിരുന്നു ചോദ്യം. അതിൽ രണ്ട് ചോദ്യങ്ങളുണ്ടായിരുന്നെങ്കിലും മന്ത്രിയുടെ മറുപടി ഒരു വരിയിലൊതുക്കി. 'ട്രൈബൽ മെന്റൽ ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി കൗമാരക്കാർക്ക് ലഹരിവിരുദ്ധ ബോധവൽക്കരണവും ലൈഫ് സ്കീമിൽ പരിശീലനവും നടപ്പാക്കു'മെന്നാണ് മറുപടി നൽകിയത്. ട്രൈബൽ മെന്റൽ ഹെൽത്ത് പ്രോഗ്രാം എന്താണെന്ന് മന്ത്രി വിശദീകരിക്കേണ്ടതായിരുന്നില്ലേ; അതിനെപ്പറ്റി എന്തെങ്കിലും പറഞ്ഞോ? അതുപോലെ ഗുരുതരമായ ഒരു ജനിതകരോഗമാണ് ഹീമോഫീലിയ. സംസ്ഥാനത്ത് 1400-ഓളം ഹീമോഫീലിയ രോഗികളാണുള്ളത്. അവർക്ക് രക്തം കട്ടപിടിക്കുന്നതിനാവശ്യമായ, ഫാക്ടർ 8, ഫാക്ടർ 9 എന്നിവയുടെ അളവ് കുറവായതിനാൽ ആന്തരിക രക്തസ്രാവമോ അല്ലെങ്കിൽ പരിക്കുമൂലമോ മുറിവുണ്ടായാൽ രക്തം കട്ടപിടിക്കാതെ മരണം സംഭവിക്കാറുണ്ട്. ഇവരുടെ അവസ്ഥ പരിഗണിച്ച് ഫാക്ടർ 8, ഫാക്ടർ 9 ഇൻജക്ഷൻ നൽകേണ്ടതുണ്ട്. മലപ്പുറത്തുള്ള രോഗികൾക്ക് കോഴിക്കോട്ടുള്ള ആശുപത്രിയിലാണ് ഈ ഇൻജക്ഷനെടുക്കുന്നതിനുള്ള സൗകര്യമുള്ളത്. ഇത് അത്യന്തം ഗുരുതരാവസ്ഥയിലുള്ള രോഗികൾക്ക് പ്രയാസമുണ്ടാക്കും. എനിക്ക് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് പറയാനുള്ളത്, ഇത്രയും ഗുരുതരമായ ഹീമോഫീലിയ രോഗികൾക്ക് ഫാക്ടർ 8, ഫാക്ടർ 9 ഇൻജക്ഷൻ തൊട്ടടുത്തുള്ള സി.എച്ച്.സി.-കൾ വഴിയോ താലൂക്കാശുപത്രികൾവഴിയോ നൽകുന്നതിനുള്ള സംവിധാനമൊരുക്കണമെന്നാണ്. അതുപോലെ ഇവരുടെ അവസ്ഥ പരിഗണിച്ചുകൊണ്ട് കേരള സാമൂഹ്യ സുരക്ഷാ മിഷൻ (കെ.എസ്.എസ്.എം.) മുഖേന എല്ലാ മാസവും 1000 രൂപയുടെ ധനസഹായം നൽകിവന്നിരുന്നു. ഇപ്പോൾ ഹീമോഫീലിയ രോഗികൾക്ക് ആ സഹായം ലഭിക്കുന്നില്ല. പതിനൊന്ന് മാസമായി ആ തുക കുടിശ്ശികയാണ്. കെ.എസ്.എസ്.എം. മുഖേന നൽകിവരുന്ന ആ ധനസഹായം പുനഃസ്ഥാപിക്കണം. ആരോഗ്യമേഖല, ഒട്ടനവധി വെല്ലുവിളികളും പ്രതിസന്ധികളും നേരിട്ടുകൊണ്ടിരിക്കുകയാണ്. പുതിയ

സാംക്രമിക രോഗങ്ങളാണ് ഇതിൽ ഏറ്റവും മുന്നിൽ. ഇത്തരം രോഗങ്ങളെ സംബന്ധിച്ചും ജീവിത ശൈലിമൂലമുണ്ടാകുന്ന പ്രശ്നങ്ങളെ സംബന്ധിച്ചും അവെയർനസ് നടത്തേണ്ടതല്ലേ; അതുപോലെ ആരോഗ്യനില ഗണ്യമായി മെച്ചപ്പെട്ട സർക്കാർ ആശുപത്രികളുടെ സ്ഥിതിയെന്താണ്? എല്ലാവരും സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടിപ്പോകുന്നുവെന്ന് ഇവിടെ പറഞ്ഞു. അതുകൊണ്ട് പൊതുജനാരോഗ്യ സംവിധാനത്തിന്റെ ശോച്യാവസ്ഥ പരിഹരിച്ച്, തിരികെക്കൊണ്ടുവരാൻ നടപടിയുണ്ടാകണം. ആർദ്രം പദ്ധതിപോലുള്ള ഒരുപാട് പദ്ധതികൾ നടപ്പിലാക്കിയെങ്കിലും അതിന്റെ റിസൾട്ടുണ്ടാകുന്നുണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രിയും സർക്കാരും പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. യാതൊരു നിയന്ത്രണവുമില്ലാതെയാണ് സ്വകാര്യ ആശുപത്രികൾ തഴച്ചുവളരുന്നത്. മൊത്തം ആശുപത്രി കിടക്കകളുടേയും ഡോക്ടർമാരുടേയും 60 ശതമാനമിപ്പോൾ സ്വകാര്യ മേഖലയിലാണ്. ശ്രീ. സണ്ണി ജോസഫ് സൂചിപ്പിച്ചതുപോലെ, നഗരപ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന വൻകിട സ്വകാര്യ ആശുപത്രികൾ അമിത ബില്ലാണ് ഈടാക്കുന്നത്. ഒരു പുത്തൻ സൂപ്പർ സ്പെഷ്യാലിറ്റി സംസ്കാരത്തിനാണ് ജന്മം നൽകിയിരിക്കുന്നത്. ഇത്തരത്തിൽ ചൂഷണംചെയ്യുന്ന സ്വകാര്യ ആശുപത്രികളേയും ലാബുകളേയും നിയന്ത്രിക്കുന്നതിനായി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം ഫലപ്രദമായി നടപ്പാക്കാൻ സാധിക്കണം. അതുകൊണ്ടാണ് ഇതിലെ അപാകതകൾ ചൂണ്ടിക്കാണിക്കുന്നത്. അതുകൊണ്ട് ഇതിലെ കണ്ടന്റ് ഉൾക്കൊള്ളാൻ ബഹുമാനപ്പെട്ട മന്ത്രിയും സർക്കാരും തയ്യാറാകണമെന്നാണ് പറയാനുള്ളത്. പകർച്ചവ്യാധികളുടെ വ്യാപനം, ജീവിതശൈലീ രോഗങ്ങൾ എന്നിവ കാലേക്കൂട്ടി കണ്ടെത്താനുള്ള കർമ്മ പരിപാടികൾ ആവിഷ്കരിച്ച് ഫലവത്തായ പ്രവർത്തനങ്ങൾ നടത്തണം. മെഡിക്കൽ കോളേജുകളുടെ നിലവാരം വർദ്ധിപ്പിച്ച് അതിവിശിഷ്ട ചികിത്സാ കേന്ദ്രങ്ങളാക്കി മാറ്റണം. വൃദ്ധജന പരിപാലനം, സാന്ത്വന ചികിത്സ തുടങ്ങിയ വിഷയങ്ങളിൽ പുതിയ കോഴ്സുകൾ ആരംഭിക്കണം. അപ്പോഴാണ് നമുക്ക് ആരോഗ്യ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങളുണ്ടാക്കാൻ സാധിക്കുന്നത്. മലപ്പുറം ജില്ലയെ സംബന്ധിച്ച് ഒരുകാര്യം പറയാനുണ്ട്. മലപ്പുറം ജില്ലാ ജനറൽ ആശുപത്രി, മഞ്ചേരിയെ മെഡിക്കൽ കോളേജാക്കി ഉയർത്തി. അതുമൂലം അവിടെയിപ്പോൾ ജനറൽ ആശുപത്രിയില്ല. ഒരു ജില്ലയ്ക്കുണ്ടായിരുന്ന ജനറൽ ആശുപത്രിയായിരുന്നു. 500 കിടക്കകളുള്ള ആശുപത്രിയായിരുന്നു. അതുമാത്രമല്ല, ഏറ്റവുമധികം രോഗികൾ ചികിത്സ തേടിയിരുന്ന സ്ഥലമായിരുന്നു. ആ സംവിധാനംതന്നെ ഇല്ലാതെയായി. അതുകൊണ്ട് 42 ലക്ഷം ജനങ്ങളുള്ള ജില്ലയിൽ ഒരു ജനറൽ ആശുപത്രി തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, മെഡിക്കൽ കോളേജ് വന്നതിനുശേഷം ധാരാളം രോഗികൾ ആശ്രയിച്ചിരുന്ന ശിഹാബ് തങ്ങൾ മെമ്മോറിയൽ ജനറൽ ആശുപത്രി ഇപ്പോൾ പ്രവർത്തിക്കുന്നില്ല. അങ്ങയുടെ മണ്ഡലമുൾപ്പെടെ മഞ്ചേരി, ഏറനാട്, നിലമ്പൂർ, വണ്ടൂർ, മങ്കട, കൊണ്ടോട്ടി തുടങ്ങിയ മണ്ഡലങ്ങളിലെ രോഗികൾക്ക് ഇതുകൊണ്ട് വളരെ ബുദ്ധിമുട്ടുണ്ടാകുന്നുവെന്നുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, അതാണ് ഞാൻ പറഞ്ഞുവരുന്നത്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അറിയാം. ഇതിനായി 42 കോടി രൂപ കിഫ്ബിയിൽ അനുവദിച്ചിരുന്നു. എന്തുകൊണ്ടാണ് ആ പദ്ധതി നടപ്പിലാക്കാതിരുന്നത്? ആവശ്യമായ സ്ഥലം മഞ്ചേരിയിലെ ചെരണി ഭാഗത്തുണ്ട്. അവിടെ ജനറൽ ആശുപത്രി സ്ഥാപിക്കണം. ഇത് ജില്ലയുടെ മൊത്തം ആവശ്യമാണ്. ബഹുമാനപ്പെട്ട യു. എ. ലത്തീഫ് സാഹിബ് സൂചിപ്പിച്ചതുപോലെ, ആറേഴ് നിയോജകമണ്ഡലങ്ങളിലെ രോഗികൾക്ക് ആശ്രയിക്കാനൊരു സർക്കാർ ആശുപത്രിയില്ല. ഒരുപാട് പരിമിതികളുള്ള സ്ഥലത്താണ് മഞ്ചേരി മെഡിക്കൽ കോളേജ് സ്ഥിതിചെയ്യുന്നത്. അക്കാര്യത്തിൽ ഒരു തീരുമാനമുണ്ടാകണം. ഈ ബില്ലിനെ ഞങ്ങൾ നിശിതമായി എതിർക്കുകയല്ല; ഇത് കാലഘട്ടത്തിന് ആവശ്യവുമാണ്. പക്ഷേ ഇതിലെ അപാകതകൾ പരിഹരിക്കേണ്ടതുണ്ട്. പാരമ്പര്യ ആയുർവേദ, ഹോമിയോപ്പതി ഡോക്ടർമാരുടെ കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, ആയുഷ്, ഹോമിയോ ഡിപ്പാർട്ടുമെന്റിന്റെ സെക്രട്ടറി അലോപ്പതി ഡോക്ടറാണ്. അലോപ്പതി ഡോക്ടറെ ആയുഷിന്റെയും ഹോമിയോപ്പതി വകുപ്പിന്റെയും സെക്രട്ടറിയായി നിയമിച്ചാൽ എങ്ങനെയാണ് ആ വകുപ്പ് മുന്നോട്ടുപോകുക? അക്കാര്യത്തിൽ ഗവൺമെന്റ് ശ്രദ്ധിക്കണം. അലോപ്പതി വിഭാഗത്തിലെ ഡോക്ടറായ ഡോ. ശർമ്മിള മേരി ജോസഫാണ് ആയുഷിന്റെയും ഹോമിയോ വകുപ്പിന്റെയും സെക്രട്ടറി. ആ വകുപ്പിൽ ഒന്നുകിൽ നല്ലൊരു ഐ.എ.എസ്. ഓഫീസറെ നിയമിക്കണം. അല്ലാതെ അലോപ്പതി ഡോക്ടർമാരെ ആയുഷിന്റെയും ഹോമിയോപ്പതിയുടെയും സെക്രട്ടറിമാരാക്കരുതെന്നാണ് പറയാനുള്ളത്. അക്കാര്യം ഈ സഭ കണക്കിലെടുക്കണം. ആ ഡിപ്പാർട്ടുമെന്റിന്റെ ഫണ്ട് ചെലവാകുമോ? സബ്ജക്ട് കമ്മിറ്റി യോഗത്തിൽ ആയുർവേദത്തെ സംബന്ധിച്ച് പറയുമ്പോൾ ഡി.എം.ഇ.-യും മറ്റുള്ളവരുമൊക്കെയുണ്ടാകും. പക്ഷേ മറ്റുള്ളവർ മിണ്ടാതിരിക്കും. മന്ത്രിക്കറിയാവുന്ന കാര്യമാണ്. ഇത് ആയുർവ്വേദത്തെയും പാരമ്പര്യവൈദ്യത്തെയും ഹോമിയോപ്പതിയെയും ബാധിക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തി അടുത്ത കാബിനറ്റിൽത്തന്നെ ഇതിന്മേൽ തീരുമാനമെടുക്കണം.

ഇത് വ്യക്തിപരമായി പറയുന്നതല്ല, പൊതു സമൂഹത്തിനുവേണ്ടി പറയുന്നതാണ്. കാര്യങ്ങളെക്കുറിച്ച് അവലോകനം നടത്തി പല ആളുകളെയും വിചാരണ ചെയ്ത വനിതാ മാധ്യമ പ്രവർത്തകയായിരുന്ന ആളാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി. അതുകൊണ്ട് ഇക്കാര്യത്തിൽ ശക്തമായ നടപടിയുണ്ടാകണമെന്നുപറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. സംസ്ഥാനത്ത് അലോപ്പതിക്, ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ, ഹോമിയോപ്പതിക് മെഡിസിൻ എന്നീ ചികിത്സാ രീതികളിൽ മെഡിക്കൽ പ്രാക്ടീഷണർമാരുടെ യോഗ്യതകൾ സംബന്ധിച്ചും രജിസ്ട്രേഷൻ സംബന്ധിച്ചുമുള്ള കാര്യങ്ങൾ ഏകീകരിക്കുന്നതിനാണ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ കൊണ്ടുവന്നിരിക്കുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ, ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ കേരളത്തിലെ മെഡിക്കൽ പ്രാക്ടീഷണർമാരുടെ രജിസ്ട്രേഷൻ നടത്തുന്നത് ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട്, 1953-ന്റെ അടിസ്ഥാനത്തിലാണ്. ഈ കൗൺസിൽ രൂപീകരിക്കപ്പെട്ടും, എന്നാൽ ട്രാവൻകൂർ-കൊച്ചിൻ സംസ്ഥാനത്ത് ബാധകമാകുന്ന ബിൽ സംസ്ഥാനത്തൊട്ടാകെ ബാധകമാക്കിക്കൊണ്ടാണ് പുതിയ ബിൽ അവതരിപ്പിക്കുന്നത്. ഈ ബിൽ യാതൊരു മുന്നൊരുക്കവുമില്ലാതെയാണ് അവതരിപ്പിച്ചിരിക്കുന്നതെന്ന് പറയേണ്ടിവരികയാണ്. സർക്കാർ ഇപ്രകാരമല്ല ഇത്തരത്തിലുള്ളൊരു ബില്ലുമായി മുന്നോട്ടുവരേണ്ടിയിരുന്നത്. ഈ ബിൽ സംബന്ധിച്ച് മൂന്ന് വിഭാഗങ്ങളിൽപ്പെട്ട മെഡിക്കൽ പ്രാക്ടീഷണർമാരുടെ പരാതികൾ ഇതിനകംവന്നിട്ടുണ്ട്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ മോഡേൺ മെഡിസിൻ വിഭാഗം പ്രത്യേക സ്ഥാപനങ്ങളായാണ് പ്രവർത്തിക്കുന്നത്. എന്നാൽ കേരളത്തിൽ മാത്രമാണ് സംയുക്ത കൗൺസിൽ നിലവിലുള്ളത്. അതുകൊണ്ട് ഔദ്യോഗികമായ പല ബുദ്ധിമുട്ടുകളും വരാനിടയുണ്ട്. സംസ്ഥാനത്ത് 5 മെഡിക്കൽ കോളേജുകളുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 38 മെഡിക്കൽ കോളേജുകളാണുള്ളത്. ഒരു വർഷം പതിനായിരത്തിലധികം പുതിയ രജിസ്ട്രേഷനുകളും രണ്ടായിരത്തിലധികം വിദേശ ബിരുദ സർട്ടിഫിക്കറ്റുകളുടെ വെരിഫിക്കേഷനുകളും നടക്കുന്നുണ്ട്. അതുപോലെ ഡോക്ടർമാർക്കെതിരെയുള്ള അച്ചടക്ക നടപടി, പൊതുജനങ്ങളിൽനിന്നുള്ള പരാതിപരിഹാരം തുടങ്ങി ഒട്ടനവധി തിരക്കേറിയ ജോലികൾ നിർവ്വഹിക്കേണ്ടിയും വരുന്നുണ്ട്. ഇത്രയൊക്കെ ജോലികൾ നിർവ്വഹിക്കേണ്ടിവരുന്ന മോഡേൺ മെഡിക്കൽ കൗൺസിലിനെ ഒരു പ്രത്യേക കാര്യാലയത്തോടുകൂടിയുള്ള സ്ഥാപനമാക്കണമെന്നും മെഡിക്കൽരംഗത്ത് പരിചയമുള്ളയാളായിരിക്കണം രജിസ്ട്രാർ എന്നതുമാണ് മോഡേൺ മെഡിക്കൽ

പ്രാക്ടീഷണർമാർ മുന്നോട്ടുവയ്ക്കുന്ന ആവശ്യങ്ങൾ. നഴ്സിംഗ് കൗൺസിലിന് നഴ്സാണ് രജിസ്ട്രാർ. ഫാർമസി കൗൺസിലിൽ ഫാർമസിസ്റ്റായിരിക്കും രജിസ്ട്രാർ. അതുപോലെ മെഡിക്കൽ കൗൺസിലിനും ഒരു ഡോക്ടറായിരിക്കണം രജിസ്ട്രാർ എന്നതാണ് മറ്റൊരു ആവശ്യം.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. വിൻസെന്റ്]

ഇന്ന് പലരും വിദേശ സർവ്വകലാശാലകളിൽനിന്ന് മെഡിക്കൽ ബിരുദംനേടി വരുന്നുണ്ട്. ഓരോ രാജ്യത്തും ഓരോ പേരിലാണ് എം.ബി.ബി.എസ്.-ന് തുല്യമായ അടിസ്ഥാന മെഡിക്കൽ ബിരുദ സർട്ടിഫിക്കറ്റ് നൽകുന്നത്. സംസ്ഥാനത്ത് ഈ ബിരുദങ്ങളുടെ പേരുകൾ ഉപയോഗിച്ച് പ്രാക്ടീസ് നടത്തുമ്പോൾ പൊതുജനങ്ങൾക്കിടയിൽ വലിയ ആശയക്കുഴപ്പമുണ്ടാകുന്നുണ്ട്. അതുകൊണ്ട് ഇതിനൊരു ഏകീകൃത സ്വഭാവമുണ്ടായിരിക്കണം. അതുപോലെതന്നെ ആശയക്കുഴപ്പമുണ്ടാകുന്ന മറ്റൊന്നാണ്, ഡോക്ടർമാർ അവരുടെ നെയിം ബോർഡുകളിൽ രേഖപ്പെടുത്തുന്ന അധിക യോഗ്യതകൾ. ഇത്തരത്തിൽ പ്രദർശിപ്പിക്കുന്ന അധിക യോഗ്യതകളുടെ കാര്യത്തിൽ ഒരു ഏകീകരണമുണ്ടാകണമെന്നാണ് സൂചിപ്പിക്കാനുള്ളത്. കൗൺസിൽ അംഗീകരിച്ച പ്രകാരമുള്ള അധികയോഗ്യതകളും അപ്രകാരമുള്ള രേഖപ്പെടുത്തലുകളും മാത്രമേ അനുവദിക്കാൻ പാടുള്ളൂവെന്ന് നിഷ്കർഷിക്കണം. ഒരു വ്യക്തിക്ക് ഒരേ സമയം ഏതൊക്കെ സിസ്റ്റങ്ങളിൽ പ്രാക്ടീസ് നടത്താം, ഒരേ സമയം ഏതൊക്കെ രജിസ്ട്രേഷൻ നിലനിർത്താം എന്നതുസംബന്ധിച്ച് ഈ ബില്ലിൽ വ്യക്തതയില്ല. നിലവിലുള്ള വ്യവസ്ഥകൾപ്രകാരം ഒന്നിലധികം ശാഖകളിൽ യോഗ്യത നേടിയാൽ ഒരേ സമയം ഒന്നിലധികം രജിസ്ട്രേഷൻ നിലനിർത്തുന്നതിനും ഒന്നിലധികം ചികിത്സാ രീതികൾ സമ്മിശ്രമായി ഉപയോഗിക്കുന്നതിനും സാധിക്കും. 1970-ലെ IMCC (Indian Medicine Central Council Act) ആക്ടിലും 2020-ലെ നാഷണൽ കമ്മീഷൻ ഫോർ ഇൻഡ്യൻ സിസ്റ്റം ഓഫ് മെഡിസിൻ ആക്ടിലും ഇൻഡ്യൻ സിസ്റ്റം ഓഫ് മെഡിസിൻ എന്നതിന് (h) "Indian System of Medicine" means the Ashtang Ayurveda, Unani, Siddha and Sowa-Rigpa Systems of Medicine supplemented by such modern advances, scientific and technological development as the Commission may, in consultation with the Central Government, declare by notification from time to time;" എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ഈ ബില്ലിൽ "ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ കൗൺസിൽ കാലാകാലങ്ങളിൽ അംഗീകരിക്കുന്ന ആയുർവ്വേദ ചികിത്സ, സിദ്ധ മെഡിസിൻ, യുനാനി ടിബ്ബി ചികിത്സ, യോഗയും പ്രകൃതി ചികിത്സയും, കൂടാതെ അത്തരത്തിലുള്ള മറ്റു ചികിത്സകൾ എന്നർത്ഥമാകുന്നു;"

എന്നാണ് പറഞ്ഞിരിക്കുന്നത്. ഇവ രണ്ടും തമ്മിൽ പ്രകടമായ വ്യത്യാസങ്ങൾ നിലനിൽക്കുന്നുണ്ട്. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യകൾ കൂട്ടിയിണക്കിക്കൊണ്ട് കേന്ദ്ര ബില്ലിൽ വിപുലമായ അർത്ഥം നൽകുമ്പോൾ സംസ്ഥാന ബില്ലിൽ അവ്യക്തത കാണുന്നുണ്ട്. ഇത് കേന്ദ്ര ബില്ലിന് വിരുദ്ധമാണോയെന്ന രൂപത്തിലുള്ള ചർച്ചകൾപോലും വരുന്നുണ്ട്. അതുകൂടി പരിശോധിക്കപ്പെടണമെന്നാണ് പറയാനുള്ളത്. കേരളത്തിലെ പരമ്പരാഗത ചികിത്സാ ശാഖയിലുള്ള ആയുർവ്വേദ വിഭാഗത്തിൽ മൂന്ന് ഗവൺമെന്റ് ആയുർവ്വേദ കോളേജുകളും രണ്ട് എയ്ഡഡ് കോളേജുകളും 12 പ്രൈവറ്റ് ആയുർവ്വേദ കോളേജുകളും ആയിരത്തിലധികം സർക്കാർ സ്ഥാപനങ്ങളുമുണ്ട്. 1500-ലധികം ആയുർവ്വേദ ഡോക്ടർമാരാണ് ഓരോ വർഷവും രജിസ്റ്റർ ചെയ്യുന്നത്. ആയുർവ്വേദ വിഭാഗത്തിൽനിന്നുള്ള കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തണമെന്നാണ് ആയുർവ്വേദ വിഭാഗ ഡോക്ടർമാരുൾപ്പെടെ മുന്നോട്ടുവയ്ക്കുന്ന ആവശ്യം. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 21-2-2011-ലെ 114-ാം നമ്പർ ഉത്തരവുപ്രകാരം നിലവിലെ കൗൺസിലുകളിൽ രജിസ്ട്രേഷനില്ലാതെയും എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തും പ്രവർത്തിക്കുന്ന പാരമ്പര്യ വൈദ്യന്മാരും ഹോമിയോപ്പതി ചികിത്സകരും നിലവിലുണ്ട്. ഇവരിൽ പലരും ഇവരുടെ കുടുംബാംഗങ്ങളാണ്. ഉപജീവനമാർഗ്ഗം എന്നതിലുപരി തലമുറകളായി കൈമാറിവന്ന അമൂല്യങ്ങളായ ചികിത്സാ അറിവുകളുടെ കൈമാറ്റം കൂടിയാണ് നടക്കുന്നത്. പക്ഷേ ഈ നിയമത്തിൽ പാരമ്പര്യ വൈദ്യന്മാരുടെയോ ഹോമിയോപ്പതി ചികിത്സകരുടെയോ കാര്യം ശരിയാംവണ്ണം പരിഗണിച്ചിട്ടില്ല. നാട്ടിൻപുറങ്ങളിലും ആദിവാസി ഗോത്രങ്ങളിലും പാരമ്പര്യമായി കൈമാറി വന്ന അപൂർവ്വവും അമൂല്യങ്ങളുമായ ചികിത്സാ അറിവുകളുണ്ട്. ഇവയെ സംബന്ധിച്ച് ശാസ്ത്രീയമായ ഉറപ്പുവരുത്തലുകൾ നടത്താനോ ഈ അറിവുകൾ നഷ്ടപ്പെടാതെ സംരക്ഷിക്കാനോ യാതൊരു നടപടിയും ഇതുവരെ നാം സ്വീകരിച്ചിട്ടില്ല. അമൂല്യങ്ങളായ പല അറിവുകളും ഇതിനോടകംതന്നെ മൺമറഞ്ഞുപോയ സാഹചര്യവുമുണ്ട്. ഇവയ്ക്ക് ഈ നിയമത്തിൽ അർഹമായ പരിഗണന നൽകിയിട്ടില്ല. അത് ഗൗരവത്തിൽ പരിശോധിക്കപ്പെടണം. ഈ നിയമം പാസ്സാക്കി കഴിയുന്നതോടെ നിലവിൽവരുന്ന മൂന്ന് കൗൺസിലുകളിലേയ്ക്ക് രജിസ്റ്റർ ചെയ്യാത്ത ആർക്കും ഇവിടെ ചികിത്സിക്കാൻ കഴിയില്ലെന്നാണ് പറയുന്നത്. എന്നാൽ നേരത്തെതന്നെ രജിസ്ട്രേഷനില്ലാതെ മലബാർ മേഖലയിലുള്ള ഹോമിയോപ്പതി ചികിത്സകർക്ക് ചികിത്സാനുമതി നൽകിയിരുന്നു. ഇവർ 30-ഉം 40-ഉം വർഷങ്ങളായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ലൈസൻസ് നേടി തൊഴിൽ നികുതിയുൾപ്പെടെ അടയ്ക്കുന്നവരാണ്. നിലവിലെ കൗൺസിലിൽ

രജിസ്റ്റർ ചെയ്തിട്ടുള്ളവർ സ്വാഭാവികമായും പുതിയ കൗൺസിലിൽ അംഗമാകും. ഇത് ഈ നിയമത്തിൽ വ്യക്തമാക്കുന്നുണ്ട്. പക്ഷേ നിലവിൽ രജിസ്ട്രേഷനില്ലാത്തവരുടെ കാര്യം വ്യക്തമാക്കിയിട്ടില്ല. അതുസംബന്ധിച്ച് വലിയ ആശങ്ക ഈ വിഭാഗം ആളുകൾക്കിടയിലുണ്ട്. അതിന് വ്യക്തത വരുത്തണം. കാസർഗോഡ് മുതൽ പാലക്കാട് വരെയുള്ള മലബാർ പ്രദേശത്ത് ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് 1953 നടപ്പാക്കിയിട്ടില്ല. ഇക്കാര്യം സർക്കാർതന്നെ 2003-ൽ കോഴിക്കോട് സി.ജെ.എം. കോടതിയിൽ ബോധിപ്പിച്ചിട്ടുള്ളതാണ്. കൂടാതെ, ഹോമിയോപ്പതി സെൻട്രൽ കൗൺസിൽ ആക്ട് 1973-ലെ ചാപ്റ്റർ 3-ലെ വകുപ്പ് 15(3)-ന്റെ എ, ബി, സി ഉപവകുപ്പുകൾപ്രകാരം അംഗീകൃത മെഡിക്കൽ യോഗ്യതയില്ലാത്തതിന്റെ പേരിലോ ഒരു സ്റ്റേറ്റ് രജിസ്ട്രാർ നിലവിലില്ലാത്തതിന്റെ പേരിലോ ചികിത്സ തുടങ്ങുന്നതിനുള്ള അവകാശം നഷ്ടപ്പെടുന്നില്ലെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. കേന്ദ്ര നിയമത്തിലെ ഈ വകുപ്പുകളും പാസ്സാക്കാൻ പോകുന്ന സംസ്ഥാന നിയമത്തിലെ വകുപ്പുകളും തമ്മിലുണ്ടായേക്കാവുന്ന വൈരുദ്ധ്യങ്ങളും പരിശോധിക്കപ്പെടേണ്ടതാണ്. ഇതോടൊപ്പം ചർച്ച ചെയ്യപ്പെട്ട മറ്റൊരു വസ്തുതയാണ് വ്യാജ ഡോക്ടർമാരുടെ സാന്നിദ്ധ്യം. ആരോഗ്യപരമായും വിദ്യാഭ്യാസപരമായും ഉയർന്ന സ്ഥിതിയാണ് ഇന്ന് മലയാളികൾക്കുള്ളത്. പക്ഷേ ഈ മലയാളക്കരയിൽ വ്യാജ ഡോക്ടർമാർ പിടിക്കപ്പെടുന്ന വാർത്തകൾ നിരന്തരം നാം കേട്ടുകൊണ്ടിരിക്കുകയാണ്. വ്യാജ ബിരുദക്കാരും ഇക്കൂട്ടത്തിലുണ്ട്. കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ കഴിഞ്ഞ ദിവസം ഗൈനക്കോളജിസ്റ്റിനെ സംബന്ധിച്ച വ്യാജ സർട്ടിഫിക്കറ്റ് വിവാദം നാം കേട്ടതാണ്. ഇപ്പോഴും ഇത്തരത്തിലുള്ളവർ സർക്കാർ സർവ്വീസിലുൾപ്പെടെയുണ്ടെന്നുള്ളതാണ് നമ്മെ ഞെട്ടിക്കുന്നത്. വ്യാജ ബിരുദ സർട്ടിഫിക്കറ്റുള്ള ഇത്തരക്കാരാണ് പത്തും പതിനഞ്ചും വർഷമായി ചികിത്സ നടത്തുന്നത്. വർഷങ്ങൾക്കുശേഷം ഏതെങ്കിലുമൊരു പ്രശ്നത്തിലകപ്പെടുമ്പോഴാണ് ഇവർ വ്യാജന്മാരാണെന്ന സത്യം പുറത്തുവരുന്നത്. അപ്പോഴേക്കും ആയിരക്കണക്കിനാളുകളെ ഇവർ ചികിത്സിച്ചിട്ടുണ്ടാകും. ഇത്തരം പ്രവണതകൾക്കെതിരെ അതിശക്തമായ നടപടിയെടുക്കുന്നതിന് സംവിധാനമുണ്ടാകണം. ഡോക്ടറെ കാണാൻ പോകുമ്പോൾ രോഗിക്ക് ഡോക്ടറോട് രജിസ്ട്രേഷനുണ്ടോ, അല്ലെങ്കിൽ നിങ്ങളുടെ യോഗ്യതയെന്താണ് എന്നതുസംബന്ധിച്ച് ചോദിക്കാൻ കഴിയില്ല. അതുകൊണ്ട് ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പി.എച്ച്.സി.-കളുടെയും നിയന്ത്രണത്തിലുള്ള മോണിറ്ററിംഗ് സമിതികളിൽ നടപ്പാക്കണം. സംസ്ഥാനത്ത് ആരൊക്കെ ചികിത്സ നടത്തുന്നുണ്ട്, എവിടെയൊക്കെ ചികിത്സാ സൗകര്യം ലഭ്യമാണ്, എവിടെയൊക്കെയാണ് ഇവർ

രജിസ്റ്റർ ചെയ്തിട്ടുള്ളത്, എന്തൊക്കെയാണ് ഇവരുടെ ചികിത്സാ സൗകര്യങ്ങൾ എന്നിവയെ സംബന്ധിച്ച കാര്യങ്ങൾ ഇത്തരം മോണിറ്ററിംഗ് സമിതിയിലൂടെ പരിശോധിക്കാൻ കഴിയും. അത് വളരെ പ്രയോജനപ്രദമായി മാറാൻ കഴിയുന്ന സാഹചര്യമാണുള്ളത്. സർക്കാർ ശ്രദ്ധ പതിപ്പിക്കേണ്ട മറ്റൊരു സംഗതിയാണ് കൈക്കൂലിയും അമിത ഫീസും. ഓരോ ചികിത്സയ്ക്കും എത്രമാത്രം ഫീസ് ഈടാക്കാമെന്ന വ്യവസ്ഥയുണ്ടാക്കണം. ഒരേ ചികിത്സയ്ക്ക് പല ആശുപത്രികളിലും പലരൂപത്തിലാണ് ഫീസ് ഈടാക്കുന്നത്. ഇതിനൊരു ഏകരൂപമുണ്ടാക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണം. ലോകത്തിന് ഏറ്റവും പ്രധാനപ്പെട്ട വിപണന സാധ്യതയുള്ള മേഖലയായി ഇന്ന് ആരോഗ്യമേഖല മാറിക്കൊണ്ടിരിക്കുകയാണ്. രോഗികളുടെ ജീവനേക്കാൾ പണമെന്നത് ഒരു പ്രധാന ഘടകമായി മാറിയിരിക്കുകയാണ്. ലാഭേച്ഛയോടുകൂടിയുള്ള ഒരു കച്ചവടമായി രോഗങ്ങൾ മാറിക്കൊണ്ടിരിക്കുന്ന കാഴ്ചയാണിന്ന് കാണുന്നത്. സമ്പൂർണ്ണ ആരോഗ്യമെന്നതാണ് കേരള മോഡൽ. പക്ഷേ സ്വകാര്യമേഖലയുടെ കടന്നുകയറ്റത്തെത്തുടർന്നുള്ള ഭീമമായ ചെലവ് ഈ മേഖലയിൽ വലിയ പ്രതിസന്ധിയുണ്ടാക്കുന്നുണ്ട്. ഇത് സാധാരണക്കാർക്ക് താങ്ങാൻ കഴിയാത്ത സാഹചര്യത്തിലേയ്ക്ക് വന്നുചേരുന്നുണ്ടെന്നുള്ള കാര്യം സർക്കാർ ഗൗരവമായി പരിശോധിക്കണം. കൂടാതെ സർക്കാർ ആശുപത്രികളിലെ കൈക്കൂലിയെ സംബന്ധിച്ച കാര്യങ്ങളിൽ ശക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അതോടൊപ്പം ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള കാര്യംകൂടി നിർവ്വഹിക്കപ്പെടേണ്ടതാണ്. രോഗം വന്നാൽ ചികിത്സ തേടാതെ മന്ത്രവാദത്തിലും പ്രാർത്ഥനകളിലും മറ്റ് വ്യാജ സിദ്ധ ചികിത്സകളിലും ആളുകൾ അഭയംതേടുന്ന ധാരാളം വാർത്തകൾ കേട്ടുകൊണ്ടിരിക്കുകയാണ്. ഇതുമൂലം യഥാവിധി ചികിത്സ ലഭിക്കാതെ ആളുകൾ മരിക്കുന്ന സംഭവങ്ങൾ നിരന്തരമായുണ്ടാകുന്നുണ്ട്. ഇക്കാര്യത്തിൽ വലിയ നിയന്ത്രണവും ശ്രദ്ധയുമുണ്ടാകേണ്ടത് അത്യാവശ്യമാണ്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, ഒരു രോഗിയെ ചികിത്സിക്കുന്ന സമയത്ത് രോഗിയുടെ ട്രീറ്റ്മെന്റ് ഹിസ്റ്ററി അറിയുകയെന്നത് ഡോക്ടർമാർക്ക് വളരെ സഹായകമാകുന്ന ഒന്നാണ്. അപകടമോ മറ്റേതെങ്കിലും അസുഖമോ ആയി ബന്ധുക്കളാരും കൂടെയില്ലാതെ ഒരു രോഗി അവശനിലയിൽ ഹോസ്പിറ്റലിലെത്തുമ്പോൾ ഒരു ഐ.ഡി. ഉണ്ടെങ്കിൽ വെബ്സൈറ്റിൽ നോക്കി അവരുടെ ഹിസ്റ്ററി കാണാൻ കഴിയുന്ന രൂപത്തിലുള്ള സംവിധാനമുണ്ടായാൽ അത് ഡോക്ടർമാർക്ക് തുടർചികിത്സ നടത്താൻ സഹായമാകും. അത്തരത്തിലുള്ള ഒരു ഐഡന്റിഫിക്കേഷനോ നമ്പറോ വിരലടയാളമോ സൂക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നത് വളരെ

പ്രയോജനപ്രദമാകും. പക്ഷേ ഈയൊരു നല്ല വശത്തിന് ഒരു മറുവശംകൂടിയുണ്ടെന്നുള്ളത് നമ്മൾ കാണണം. ഇങ്ങനെയൊരു സംവിധാനം ചെയ്യുമ്പോൾ അത്തരം ഡാറ്റകൾ മോഷ്ടിക്കപ്പെടാതെയും നഷ്ടപ്പെടാതെയും സുരക്ഷിതമാക്കുകയെന്ന വലിയ ഉത്തരവാദിത്വംകൂടി ഏറ്റെടുക്കണം. ഇത്തരം ഡാറ്റകൾ ആവശ്യപ്പെടുന്ന പല മരുന്നുകമ്പനികളും അവയവ കടത്തുസംഘങ്ങളും ഇത് കൈവശപ്പെടുത്താനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് ഈ വിഷയം ആലോചിക്കുന്ന സമയത്തുതന്നെ ഇത്തരം ആളുകളിൽനിന്ന് ഈ ഡാറ്റ സുരക്ഷിതമാക്കേണ്ട വലിയൊരു ഉത്തരവാദിത്വംകൂടിയുണ്ട്. വൻതുകകൾക്ക് ഡാറ്റ കച്ചവടമാക്കുന്ന ഈ ഘട്ടത്തിൽ സംസ്ഥാനത്തെ ജനങ്ങളുടെ ആരോഗ്യവിവരങ്ങൾ കൈമാറുന്ന 'കിരൺ' പദ്ധതി വളരെ ആശങ്കയോടുകൂടിയാണ് നോക്കിക്കാണുന്നത്. അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസും ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി സംസ്ഥാനത്തെ ആരോഗ്യ പ്രവർത്തകർ മുഖേനയാണ് ഈ വിവരങ്ങൾ ശേഖരിക്കുന്നത്. പോപ്പുലേഷൻ ഹെൽത്ത് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന കനേഡിയൻ ഏജൻസിയുടെ വെബ്സൈറ്റിൽ ഇതുസംബന്ധിച്ച വിവരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അച്യുതമേനോൻ ഇൻസ്റ്റിറ്റ്യൂട്ട് കനേഡിയൻ ഏജൻസിക്കായി വിവരങ്ങൾ ശേഖരിക്കുന്നുവെന്നാണ് വെബ്സൈറ്റിൽ നോക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേരള ഹെൽത്ത് ഒബ്സർവേറ്ററി ബെയ്സ്ലൈൻ സ്റ്റഡി എന്നപേരിൽ ഒരു പദ്ധതി ശിപാർശ ചെയ്തിരുന്നു. അന്നത്തെ എൽ.ഡി.എഫ്. സർക്കാരിന്റെ, ബഹുമാനപ്പെട്ട വി. എസ്. അച്യുതാനന്ദന്റെ പ്രതിഷേധത്തെത്തുടർന്ന് ആ പദ്ധതി ഉപേക്ഷിക്കുകയുണ്ടായി. ഇപ്പോൾ അതേ പദ്ധതിതന്നെയാണ് ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടും അച്യുതമേനോൻ ഇൻസ്റ്റിറ്റ്യൂട്ടും ഇടനിലക്കാരായി നിന്നുകൊണ്ട് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. എല്ലാമാസവും കേരളത്തിലുള്ള ജനങ്ങളുടെ ആരോഗ്യവിവരങ്ങൾ കൈമാറുമെന്നാണ് ഇതിൽനിന്നും മനസ്സിലാകുന്നത്. ഇത് വളരെ ഗൗരവമായി പരിഗണിക്കേണ്ട വിഷയമാണ്. മരുന്ന് പരീക്ഷണം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഈ ഡാറ്റ ഉപയോഗപ്പെടുത്താം. ഐ.സി.എം.ആർ.-ന്റെ അനുമതിയില്ലാതെ മരുന്ന് പരീക്ഷണം നടത്താൻ പാടില്ലെന്ന നിബന്ധന നിലനിൽക്കുമ്പോഴാണ് ഇത്തരം നടപടികൾ സ്വീകരിക്കുന്നത്. ഇത്തരം കാര്യങ്ങളിൽ വളരെ വ്യക്തവും ശക്തവുമായ വ്യവസ്ഥകളുണ്ടായിരിക്കണം. നമ്മുടെ വിലപ്പെട്ട ഡാറ്റ മറ്റുവിധത്തിൽ ഉപയോഗപ്പെടുത്തുന്ന കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. പൊതുജനങ്ങളുടെയും മെഡിക്കൽ പ്രാക്ടീഷണർമാരുടെയും ആശങ്കകൾ പരിഹരിച്ചുകൊണ്ടുള്ള സമഗ്ര നിയമമാണ് നമുക്കാവശ്യം. രണ്ട് ബില്ലുകളും ഒന്നിച്ച്

ചർച്ച ചെയ്യുന്നതുകൊണ്ട് ക്ലിനിക്കൽ സ്ഥാപനങ്ങളുടെ കാര്യങ്ങളെ സംബന്ധിച്ചുകൂടി സൂചിപ്പിക്കണം. ക്ലിനിക്കൽ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പരിഗണിക്കേണ്ട നിരവധി പ്രശ്നങ്ങൾ നിലനിൽക്കുമ്പോൾ ഈ സ്ഥാപനങ്ങളുടെ രജിസ്ട്രേഷന്റെ സമയം വർദ്ധിപ്പിക്കുന്നതിനുമാത്രമാണ് സർക്കാരിപ്പോൾ മുതിരുന്നത്. വലിയ കെട്ടിടങ്ങളും എ.സി. മുറികളുമുള്ള സ്ഥാപനങ്ങൾ മാത്രമല്ല, നാട്ടിൻപുറങ്ങളിൽ ഒറ്റമുറിയുള്ള ഓടിട്ട കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ക്ലിനിക്കൽ സ്ഥാപനങ്ങളുമുണ്ട്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ബില്ലുമായി ബന്ധപ്പെട്ട കാര്യമല്ലെങ്കിലും ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട ഒരു പ്രധാനപ്പെട്ട കാര്യം സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. കോവിഡ് ബാധിച്ച് മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് സംസ്ഥാന ഗവൺമെന്റും കേന്ദ്ര സർക്കാരും ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തുള്ള ചിലർ കോവിഡ് ബാധിച്ച് ഇതര സംസ്ഥാനങ്ങളിലെ ആശുപത്രികളിൽവച്ചാണ് മരണപ്പെട്ടത്. അത്തരം ആളുകളുടെ കുടുംബത്തിന് ഈ ആനുകൂല്യത്തിനായി അപേക്ഷിക്കുന്നതിന് ഒരുപാട് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. അവർക്ക് ഇവിടെ രജിസ്റ്റർ ചെയ്യാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഇത് ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീമതി കെ. കെ. രമ</u>: സർ, ബഹുമാനപ്പെട്ട എൻ. എ. നെല്ലിക്കുന്ന് പറഞ്ഞത് വളരെ ഗൗരവമുള്ള ഒരു വിഷയമാണ്. ഈ വിഷയം എന്റെ ശ്രദ്ധയിൽപ്പെട്ടതാണ്. കോവിഡ് ബാധിച്ച് ബാംഗ്ലൂരും മംഗലാപുരത്തുംവച്ച് മരിച്ചവരുടെ വിശദാംശം ഇവിടെ രജിസ്റ്റർ ചെയ്യാൻ കഴിയാത്തത് സംബന്ധിച്ച് ധാരാളം പരാതികൾ ഉയർന്നുവന്ന സാഹചര്യത്തിൽ അതിന് പരിഹാരമുണ്ടാക്കാനുള്ള അടിയന്തരനടപടി സർക്കാരിന്റെയും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെയും ഭാഗത്തുനിന്നുമുണ്ടാകണം. കഴിഞ്ഞ ലോക്ഡൗൺ കാലത്ത് വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള വരുമാനംപോലും ലഭിക്കാത്ത നിരവധി സ്ഥാപനങ്ങളുണ്ടായിരുന്നു. സിനിമാ തിയേറ്ററുകൾക്കുൾപ്പെടെ ഇളവുകൾ അനുവദിച്ചപ്പോൾ ചെറുകിട ക്ലിനിക്കുകളെ സർക്കാർ പാടെ അവഗണിക്കുന്ന സ്ഥിതിവിശേഷമാണുണ്ടായത്. ഈ നിയമപ്രകാരം ഏർപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകൾ ചെറുകിട ക്ലിനിക്കുകളെ സാരമായി ബാധിക്കുന്നതും അവയെ ആത്യന്തികമായി ഇല്ലായ്മ ചെയ്യുന്നതുമാണ്. മത്സ്യത്തൊഴിലാളി മേഖലകളിലുൾപ്പെടെ പിന്നാക്ക പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ചെറുകിട ക്ലിനിക്കുകളെ മുന്നിൽക്കാണാതെയുള്ള നിയമനിർമ്മാണമാണ് നടത്തുന്നത്. വൻകിടക്കാർക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതോടൊപ്പം ചെറുകിട ക്ലിനിക്കുകൾക്കാവശ്യമായ ഇളവുകൾ അനുവദിക്കുന്നതിനും സർക്കാർ

തയ്യാറാകണം. നിലവിൽ ഈ സ്ഥാപനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യുന്നുണ്ട്. ഈ നിയമംകൂടി യാഥാർത്ഥ്യമാകുമ്പോൾ ഒരു ക്ലിനിക്കൽ സ്ഥാപനം ആരംഭിക്കുന്നതിനാവശ്യമായ രജിസ്ട്രേഷനുകൾ മാത്രം നിരവധിയെണ്ണമുണ്ടാകും. ഇതെല്ലാം ഒരു ഏകജാലക സംവിധാനത്തിലൂടെ യാക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യാത്തപക്ഷം ചെറുകിട സ്ഥാപനങ്ങളെ ചൂഷണം ചെയ്യുന്നതിന് ചില സർക്കാർ ഉദ്യോഗസ്ഥർക്കുൾപ്പെടെ അവസരമൊരുക്കുന്ന സ്ഥിതിവിശേഷമുണ്ടാകും. അതുപോലെ ആശുപത്രികളുടെ ഫീസ് ഏകീകരണമെന്ന ആവശ്യവും പരിഗണിക്കുന്നതിനുള്ള ശ്രമം നടത്തണം. ദേശീയ അക്രഡിറ്റേഷനുള്ള വൻകിട ആശുപത്രികൾ ഈ നിയമത്തിന്റെ പരിധിയിൽ വരുന്നില്ലെന്നതാണ് മറ്റൊരു പോരായ്മ. അത്തരം ആശുപത്രികളുടെ ഫീസ്, ചികിത്സ തുടങ്ങിയ കാര്യങ്ങളിലും സർക്കാരിന് ഇടപെടാൻ കഴിയുന്നില്ല. ക്ലിനിക്കുകൾക്കായി നിശ്ചയിച്ചിരിക്കുന്ന രജിസ്ട്രേഷൻ ഫീസിന്റെ കാര്യത്തിലും വൈരുദ്ധ്യം നിലനിൽക്കുന്നുണ്ട്. 50 കിടക്കകൾവരെയുള്ള ആശുപത്രികൾക്ക് സ്ഥിരം രജിസ്ട്രേഷന് പഞ്ചായത്തുകളിൽ 300 രൂപയും മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളിൽ 6000 രൂപയുമാണ്. എന്നാൽ പകൽമാത്രം പ്രവർത്തിക്കുന്ന ചെറുകിട ക്ലിനിക്കുകൾക്ക് ഇത് യഥാക്രമം 10000 രൂപയും 20000 രൂപയുമാണ്. ആത്യന്തികമായി ഇതിന്റെ ഭാരം എത്തിച്ചേരുക രോഗികളിലാണ്. ഫലത്തിൽ നിയമത്തിലെ വ്യവസ്ഥകൾ ജനങ്ങൾക്കും ക്ലിനിക്കുകൾക്കും ദോഷകരമായി മാറുകയാണ്. സർക്കാർ ആശുപത്രികളെ ശക്തിപ്പെടുത്തുകയും ആശുപത്രിയോടനുബന്ധിച്ചുള്ള ലാബ് സൗകര്യങ്ങൾ വിപുലീകരിക്കുകയും ചെയ്യുന്നതാണ് സാധാരണക്കാർക്ക് ഗുണകരമായ കാര്യം. സർക്കാർ ആശുപത്രികളിലെ ലാബ് സൗകര്യം വർദ്ധിപ്പിക്കുന്നതോടൊപ്പം അവ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ ലഭ്യതയും ഉറപ്പുവരുത്തണം. ആരോഗ്യരംഗത്ത് കേരളം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ചികിത്സാ ചെലവിന്റെ വർദ്ധനവാണ്. കുടുംബങ്ങളെ കടക്കെണിയിലേയ്ക്ക് തള്ളിവിടുന്ന വിധത്തിൽ ഇത് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇതുകൊണ്ട് ഏറ്റവുമധികം ബുദ്ധിമുട്ടുന്നത് ദരിദ്രജനവിഭാഗങ്ങളാണ്. ആരോഗ്യമേഖലയിലെ സ്വകാര്യവത്കരണം, കച്ചവട താത്പര്യങ്ങൾ കൂടിയത്, മെഡിക്കൽ സാങ്കേതികവിദ്യയിലും അവശ്യമരുന്നുകളുടെ സ്വഭാവത്തിലുംവന്ന മാറ്റങ്ങൾ, ആധുനികവത്കരിക്കാൻ കഴിയാതെ പൊതുജനാരോഗ്യ സംവിധാനങ്ങൾ ദുർബലപ്പെട്ടത്, എല്ലാ ദരിദ്രവിഭാഗങ്ങൾക്കും സൗജന്യ ചികിത്സ ഉറപ്പാക്കാൻ കഴിയാത്തത്, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളുടെ തള്ളിക്കയറ്റം ചെറുക്കാനാകാത്തത്, ദീർഘകാലം ചികിത്സ വേണ്ടതും ചികിത്സാച്ചെലവ് കൂടിയതുമായ രോഗങ്ങൾ

ബാധിക്കുന്നവരുടെ എണ്ണത്തിലുണ്ടായ വർദ്ധന, പുകയിലയുടെ ഉപയോഗവും കായിക വ്യായാമക്കുറവും അനാരോഗ്യകരമായ ആഹാരരീതിയും ജീവിതശൈലീ രോഗങ്ങൾ വർദ്ധിക്കാനിടയാക്കിയത്, പരിസ്ഥിതിജന്യ രോഗങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നത്, പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ആരോഗ്യ സൂചകങ്ങൾ സംസ്ഥാന ശരാശരിയിലും വളരെ താഴ്ന്നുനിൽക്കുന്നത്, അട്ടപ്പാടിയിലെയും വയനാട്ടിലെയും ആദിവാസി ശിശുമരണനിരക്കുകളും മാതൃമരണനിരക്കുകളും ആശങ്കാജനകമായ അവസ്ഥയിലേയ്ക്കെത്തുന്നത് തുടങ്ങി ഒട്ടേറെ പ്രശ്നങ്ങൾ നമ്മുടെ ആരോഗ്യരംഗത്തുണ്ട്. ആത്മഹത്യാ നിരക്കിൽ മഹാരാഷ്ട്രയ്ക്കും തമിഴ്നാടിനും തൊട്ടുപിറകെയാണ് കേരളമുള്ളത്. സംസ്ഥാനത്ത് മാനസിക രോഗികളുടെ എണ്ണം വളരെക്കൂടുതലാണ്. ഇത് കുറയ്ക്കാനാവശ്യമായ വിദഗ്ദ്ധരും ആരോഗ്യസ്ഥാപനങ്ങളും കുറവാണ്. സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫ് ഉൾപ്പെടെയുള്ള മറ്റ് ജീവനക്കാരുടെയും കുറവനുഭവപ്പെടുന്നുണ്ട്. നിലവിലുള്ള കോവിഡ് ബ്രിഗേഡുകളെ ഒഴിവാക്കിയ സാഹചര്യത്തിൽ, പല ആശുപത്രികളും പ്രവർത്തിക്കുന്നതിന് ജീവനക്കാരുടെ കുറവ് വലിയ തടസ്സമാകുന്നുണ്ട്. എന്റെ മണ്ഡലമായ വടകരയിലെ ജില്ലാ ആശുപത്രിയുടെ പ്രവർത്തനത്തിൽ വളരെയധികം ബുദ്ധിമുട്ട് നേരിട്ടുകൊണ്ടിരിക്കുകയാണെന്ന് അവിടെയുള്ള ഡോക്ടർമാർ അറിയിച്ചിട്ടുണ്ട്. ഈ വിഷയം സർക്കാർ വളരെ ഗൗരവത്തോടെ എടുക്കേണ്ടതാണ്. ആവശ്യമായ ജീവനക്കാരെ നിയമിച്ചാൽമാത്രമേ ആശുപത്രികളുടെ പ്രവർത്തനം സുഗമമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയുള്ളൂ. അതല്ലെങ്കിൽ ദുരിതമനുഭവിക്കുന്നത് സാധാരണ രോഗികളായിരിക്കും. ഗവൺമെന്റ് ആശുപത്രികളിൽ ശസ്ത്രക്രിയകൾ നടക്കാത്തതുമൂലം സ്വകാര്യ ആശുപത്രികളിൽ അഭയംതേടേണ്ടി വരുന്ന സാധാരണക്കാർക്ക് ചികിത്സാ ചെലവ് താങ്ങാൻ കഴിയുന്നില്ല. ഇത്തരത്തിൽ ഗൗരവമേറിയ വിഷയങ്ങൾ ആരോഗ്യരംഗത്ത് നിലവിലുണ്ട്. ഇക്കാര്യങ്ങൾകൂടി വളരെ ഗൗരവത്തോടെ സർക്കാർ പരിഗണിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്. ഇത്രയും കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എ. എൻ. ഷംസീർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. യഥാർത്ഥത്തിൽ ഇന്നത്തെ ദിനം കേരളത്തിന്റെ നിയമസഭാ ചരിത്രത്തിൽ വളരെ സുപ്രധാന ദിനമായി മാറുകയാണ്. പതിനഞ്ചാം കേരള നിയമസഭയാണിത്. വിദ്യാഭ്യാസ ബിൽ, ഭൂപരിഷ്കരണ ബിൽ

മുതലായ നാഴികക്കല്ലുകളാകുന്ന പല ബില്ലുകളും കേരള നിയമസഭ നിയമങ്ങളാക്കി മാറ്റിയിട്ടുണ്ട്. പതിനഞ്ച് നിയമസഭകളുടെയും ഇതഃപര്യന്തമുള്ള ചരിത്രം പരിശോധിക്കുമ്പോൾ സുപ്രധാനമായ പല ബില്ലുകളും പാസാക്കിയ കേരള നിയമസഭ 2021 നവംബർ മാസം 9-ാം തീയതി ചരിത്രത്തിൽ നാഴികക്കല്ലാകുന്ന ഒരു ബിൽ ഇവിടെ പാസ്സാക്കുകയാണ്, അതാണ് 'കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ'. എന്തുകൊണ്ടാണ് ഈ ബിൽ പാസ്സാക്കേണ്ടി വരുന്ന സാഹചര്യമുണ്ടാകുന്നത്? ഇവിടെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും എനിക്കുമുമ്പ് സംസാരിച്ചവരും അക്കാര്യം പരാമർശിച്ചു. അക്കാര്യത്തിൽ ഒരു വിയോജനത്തിന്റെ ആവശ്യമേയില്ല. എപ്പോഴത്തെയുംപോലെ പ്രതിപക്ഷം ഇതിൽ വിയോജിപ്പ് രേഖപ്പെടുത്തേണ്ട കാര്യമോ, ഭരണപക്ഷം ഇതിനെ പിന്തുണയ്ക്കേണ്ട കാര്യമോയില്ല. ഈ ബിൽ പൊതുജനങ്ങളെയാകമാനം ബാധിക്കുന്ന വിഷയമാണ്. കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ കൊണ്ടുവരാൻ സംസ്ഥാന സർക്കാരിനെ പ്രേരിപ്പിച്ച നിരവധി കാരണങ്ങളുണ്ട്. 1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബില്ലായിരുന്നു നേരത്തെ നമുക്കുണ്ടായിരുന്നത്. പിന്നീട് കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലാകുന്നു. നമ്മുടെ മെഡിക്കൽ സിസ്റ്റം പ്രധാനമായും മൂന്നുതരത്തിലാണ്, ഒന്ന്, മോഡേൺ മെഡിസിൻ, രണ്ട്, ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ, മൂന്ന് ഹോമിയോപ്പതി. ഇങ്ങനെ വ്യത്യസ്ത ശാഖകളിലെ മരുന്നും ചികിത്സാ സമ്പ്രദായങ്ങളും നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. ഇതിനകത്തുള്ള വ്യാജന്മാരെ കണ്ടെത്തുന്നതിനുള്ളതാണ് പാർലമെന്റ് കൊണ്ടുവന്ന " Anti-quackery bill" . ഇതിനുപയോഗിക്കുന്ന പദപ്രയോഗം ക്വാക്ക് (quack) എന്നാണ്. ഞാൻ സൂചിപ്പിച്ച Anti-quackery bill പാർലമെന്റ് പാസ്സാക്കേണ്ടതായിരുന്നു. നിർഭാഗ്യവശാൽ അത് പാസ്സാക്കാൻ കഴിഞ്ഞില്ല. അവിടെയാണ് കേരള സർക്കാർ ഒരുപടികൂടി മുകളിലേയ്ക്കുപോയി ഇത്തരത്തിൽ ഒരു തീരുമാനമെടുക്കുന്നത്. യഥാർത്ഥത്തിൽ വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ (WHO) 2016 വരെയുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്, 57.3 percent among the medical practitioners, they are quack.., എന്നാണ്. അവർ വ്യാജന്മാരാണെന്ന് പറയുന്നു. വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ ഇൻഡ്യൻ മെഡിക്കൽ സഹോദരരെ നോക്കിക്കൊണ്ട് പറയുന്നു, മെഡിക്കൽ പ്രാക്ടീഷണേഴ്സിൽ 57.3 ശതമാനം ആളുകളും വ്യാജന്മാരാണെന്ന്. എങ്ങനെ ഇത് വരുന്നു? കേരളം പോലുള്ള സംസ്ഥാനത്തെ കാര്യം എനിക്കുമുൻപ് സംസാരിച്ച ബഹുമാനപ്പെട്ട വടകര മെമ്പർ വിയോജിപ്പ് രേഖപ്പെടുത്തിയുള്ള പ്രസംഗത്തിൽ സൂചിപ്പിച്ചു. ഫെയ്സ്ബുക്കും ഇന്റർനെറ്റും പോലുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുന്നവരുടെ കാലഘട്ടത്തിൽ

എങ്ങനെയാണ് നാം മന്ത്രവാദത്തിന്റെ പിറകെ പായുന്നത്? നിർഭാഗ്യവശാൽ സയൻസും സാങ്കേതികവിദ്യയും വളർന്ന് വികാസം പ്രാപിച്ച് മുമ്പോട്ടുപോകുന്ന ഘട്ടത്തിലാണ് ഒരു പെൺകുട്ടി മന്ത്രവാദചികിത്സ തേടി മരിച്ചുവെന്ന വാർത്ത കണ്ണൂർ ജില്ലയിൽനിന്നും പുറത്തുവന്നത്. ഇതെങ്ങനെ സംഭവിക്കുന്നു; എങ്ങനെയാണ് ഇക്കാലത്തും മന്ത്രവാദികൾക്ക് ആളുകളെ പറ്റിക്കാൻ കഴിയുന്നത്; എങ്ങനെയാണ് മന്ത്രവാദത്തിലൂടെ രോഗം മാറ്റാൻ സാധിക്കുമെന്ന പൊതുബോധം സമൂഹത്തിൽ നിർമ്മിക്കപ്പെടുന്നത്? ഇത്തരം പശ്ചാത്തലത്തിലാണ് നാം ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യുന്നത്. ഇതിനകത്ത് ആരെയെങ്കിലും ഉന്നം വയ്ക്കുന്നില്ല, മറിച്ച് വ്യാജന്മാർ കടന്നുവരാൻ പാടില്ലെന്നുമാത്രമേയുള്ളൂ. ഒരുതരത്തിലും വ്യാജന്മാർ കേരളത്തിലെ മെഡിക്കൽ മേഖലയിൽ കടന്നുവരാൻ പാടില്ലെന്ന ഉദ്ദേശ്യശുദ്ധിയാണ് സംസ്ഥാന സർക്കാരിനുള്ളത്. അതിന്റെ ഭാഗമായാണ് ഇത്തരം ഒരു ബിൽ ഇന്ന് ആക്ടായി മാറുന്നത്. ഈ ബിൽ ആക്ടായി മാറുമ്പോൾ കേരളത്തിന്റെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജിന്റെ തലയിൽ ഒരു പൊൻതൂവൽ വീഴുകയാണ്. ഞാൻ എന്റെ സ്കൂൾ-കോളേജ് കാലത്താണ് പാട്ട് കേൾക്കാൻ തുടങ്ങിയത്. അന്ന് മ്യൂസിക് ഡയറക്ടർമാർ രണ്ടുപേരായിരുന്നു, ലക്ഷ്മീകാന്ത്-പ്യാരേലാൽ, നദീം-ശ്രാവൺ എന്നിവരായിരുന്നു. അതുപോലെ ഈ ബിൽ പാസ്സാക്കുന്നതോടുകൂടി കേരളത്തിന്റെ മെഡിക്കൽ മേഖലയിൽ വരാൻ പോകുന്നത് ഒരു വീണാ-ശൈലജ എന്ന പേരാണ്. കേരളത്തിന്റെ ആരോഗ്യമേഖലയ്ക്ക് ഏറ്റവും വലിയ സംഭാവന നൽകുന്നതും വ്യാജന്മാരെ തടയാൻ ഏറ്റവും ഇച്ഛാശക്തിയോടെ ഒരു നിയമം പാസ്സാക്കുന്നതുമായ രീതിയിലേയ്ക്ക് ഈ ബിൽ നിയമമായി മാറുകയാണ്. ഈ നിയമത്തിന് ഏതെങ്കിലുംതരത്തിലുള്ള വിയോജിപ്പ് പ്രതിപക്ഷം രേഖപ്പെടുത്തേണ്ട കാര്യമില്ല. ഇത് ആരെയെങ്കിലും ലക്ഷ്യം വയ്ക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യുന്നില്ല. കേരളം ഇന്ത്യയ്ക്ക് മാതൃകയാണ്. അങ്ങനെ പറയുന്നത്, പല കാര്യങ്ങളിലും നമ്മൾ വികസിത രാജ്യങ്ങളോട് താരതമ്യം ചെയ്യാൻ സാധിക്കുന്നതരത്തിൽ ഉന്നത നിലവാരം പുലർത്തുന്നതുകൊണ്ടാണ്. 'Health is Wealth' എന്നാണല്ലോ, ആരോഗ്യം സമ്പത്താണ്, അതായത് ആരോഗ്യമുള്ള ജനത ഒരു നാടിന്റെ സമ്പത്താണ്. അങ്ങനെ നാടിന്റെ സമ്പത്തായി മാറുമ്പോൾ, 'Health is Wealth' എന്ന ആശയം പ്രയോഗിക്കപ്പെടുമ്പോൾ സംസ്ഥാനത്തെ പൗരന്മാരുടെ ആരോഗ്യം സംരക്ഷിക്കപ്പെടേണ്ടത് ഒരു നാടിന്റെതന്നെ ഉത്തരവാദിത്വമാണ്, സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വമാണ്. നിർഭാഗ്യവശാൽ ആഗോളവത്കരണത്തിന്റെകാലത്ത് ഗവൺമെന്റ് പബ്ലിക് സെക്ടറിൽനിന്നും പിന്മാറുകയാണെന്ന് നമുക്കറിയാം. 'പൊതു' എന്ന വാക്കിനോട്

ഉദാരവത്കരണത്തിന്റെകാലത്ത് വിയോജിപ്പാണുള്ളത്. 'Public goods' എന്നത് പറ്റില്ല, പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം, പൊതുവിതരണ സമ്പ്രദായം തുടങ്ങിയവയെല്ലാം അലർജിയുള്ളതാകുന്നു. പകരം ഇതെല്ലാം അവരുടെ സ്വന്തം കാര്യമാണെന്ന നിലപാടാണ് ഉദാരവത്കരണ നയങ്ങൾക്കുള്ളത്. അവരുടെ സ്വന്തം കാര്യമാണ് ആരോഗ്യമെന്നതിനാൽ ആരോഗ്യരംഗത്തുനിന്നും സർക്കാർ പിന്മാറണമെന്ന് പറയുന്ന ഘട്ടത്തിലാണ് ഇവിടെ ആരോഗ്യമേഖലയിലേയ്ക്ക് സർക്കാർ കൂടുതൽ ഇടപെടുന്നത്, അതാണ് ഇടതുപക്ഷ ബദൽ. ഇടതുപക്ഷ ബദൽ എന്താണെന്ന ചോദ്യത്തിന് ഉത്തരം ഒന്നുമാത്രമേയുള്ളൂ, ആരോഗ്യ-വിദ്യാഭ്യാസ മേഖല, പൊതുജനാരോഗ്യം, പൊതുവിദ്യാഭ്യാസം പൊതുവിതരണം എന്നിവയ്ക്കുള്ള സംവിധാനം ഗവൺമെന്റ് നീക്കിവയ്ക്കുന്നുവെന്നതാണ്. നമ്മുടെ ആരോഗ്യമേഖല ലോകത്തിനുതന്നെ മാതൃകയാണ്. വികസിത രാജ്യങ്ങളോട് മത്സരിക്കാൻ സാധിക്കുന്ന ശക്തിയായി കേരളത്തിന്റെ ആരോഗ്യമേഖല മാറുന്നു. അതുകൊണ്ടാണ് പല അവാർഡുകളും നമ്മൾ ഏറ്റുവാങ്ങുന്നത്. അവാർഡുകൾ ഏറ്റുവാങ്ങാൻ കാരണമാകുന്നത് ഏതെങ്കിലും ഒരു ഗവൺമെന്റിന്റെ മാത്രം ക്രെഡിറ്റല്ല, എല്ലാവരും അതിനായി സംഭാവനകൾ നൽകിയിട്ടുണ്ട്. നമ്മുടെ ഈ ഇടുങ്ങിയ ചിന്താഗതികൾ മാറ്റിക്കൊണ്ട് കുറേക്കൂടി വിശാലമനസ്കതയോടെ കാര്യങ്ങളെ കാണുന്ന വീക്ഷണത്തിലേയ്ക്ക് നമ്മൾ എത്തേണ്ടതുണ്ട്. രോഗാണുക്കളുടെ കണ്ടുപിടുത്തം, ആന്റിബയോട്ടിക്കുകളുടെ കണ്ടുപിടുത്തം, വാക്സിനുകളുടെ പ്രവേശനം തുടങ്ങിയവയൊക്കെ ലോകത്ത് വലിയ രീതിയിലുള്ള കുതിപ്പ് ആരോഗ്യരംഗത്തുണ്ടാക്കിയിട്ടുണ്ട്. കോടിക്കണക്കിന് മനുഷ്യജീവനുകളെ സംരക്ഷിക്കാൻ കഴിയുന്നതരത്തിൽ കാര്യങ്ങളെത്തിയിട്ടുണ്ട്. മോഡേൺ മെഡിസിന്റെ ഒരു സ്ലോഗനുണ്ട്, അത് 'വൺ ഹെൽത്ത് ' എന്നതാണ് ' One health is the latest slogan of modern medicine accepted by World Health Organization'. ഇത് വിവക്ഷിക്കുന്നത് ആരോഗ്യമേഖല, ഫുഡ് സേഫ്റ്റി, ജലസ്രോതസ്സുകൾ, മൃഗങ്ങൾ, പരിസ്ഥിതി എന്നിവയുടെയെല്ലാം ആരോഗ്യം ഒരേ കാഴ്ചപ്പാടോടെ സംരക്ഷിക്കുന്നതാണ്. മൃഗങ്ങളിൽ നിന്നുവരുന്ന രോഗങ്ങൾ, ആന്റിബയോട്ടിക് റെസിസ്റ്റൻസ് തുടങ്ങിയവയെയെല്ലാം പ്രതിരോധിക്കാനായി ലോകം ഒറ്റരീതിയിലേയ്ക്ക് മാറുന്നു, അതാണ് വൺ ഹെൽത്ത്. ഈ കാഴ്ചപ്പാട് ലോകത്തിൽ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന ഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ എന്നുപറയുമ്പോൾ ഒരു ഭാഗത്തുള്ളത് മോഡേൺ മെഡിസിനാണ്, ആ മോഡേൺ മെഡിസിൻ നൽകുന്ന സംഭാവന നമുക്കാർക്കും കുറച്ചുകാണാൻ സാധിക്കില്ല. മോഡേൺ മെഡിസിൻ കേരളത്തിൽ വളരെ ഫലപ്രദമായി പ്രാക്ടീസ് ചെയ്യുന്നുണ്ട്. ഇവിടെയിപ്പോൾ

വിമർശനത്തിനുവേണ്ടിയുള്ള വിമർശനമാണുണ്ടായത്, ഒരു വിയോജിപ്പ് ഇപ്പോൾ കേട്ടു. അത് കേവലം വിമർശനത്തിനുവേണ്ടിയുള്ള വിമർശനമായിരുന്നു. ക്രിയാത്മകമായ വിമർശനത്തോട് വിയോജിക്കുന്നവരല്ല ഇടതുപക്ഷം. നിങ്ങൾ ക്രിയാത്മകമായ വിമർശനങ്ങളുയർത്തിയാൽ അതിനോട് പൂർണ്ണമായും യോജിക്കാൻ ഇടതുപക്ഷം തയ്യാറാണ്. എന്നാൽ ഇവിടെ ഉയർത്തപ്പെട്ട വിമർശനങ്ങൾ എന്തെല്ലാമാണ്? കേരളത്തിലെ ആരോഗ്യമേഖല എന്നതിൽ മുഖ്യമായും മൂന്ന് ശാഖകൾക്ക് ഊന്നൽ കൊടുക്കുകയാണ്. ഈ മൂന്നുശാഖകൾക്കൊപ്പം യൂനാനി, യോഗ, സിദ്ധ തുടങ്ങിയ പല ആശയങ്ങളുമുണ്ട്. അതെല്ലാം ഓരോരുത്തരുടെയും വിശ്വാസമാണ്. നമ്മൾ ആരുടെയും വിശ്വാസത്തെ എതിർക്കുന്നില്ല. ആയുർവ്വേദ ചികിത്സ തേടുന്നവർക്ക് അങ്ങനെ ചികിത്സിക്കാം, മോഡേൺ മെഡിസിനെ ആശ്രയിക്കുന്നവർക്ക് അങ്ങനെ ചെയ്യാം, ഹോമിയോപ്പതിയെ ആശ്രയിക്കുന്നവർക്ക് അത്തരത്തിൽ പോകാം. യൂനാനി, സിദ്ധ തുടങ്ങിയ ചികിത്സാ രീതിയിലേയ്ക്ക് പോകുന്നവർക്ക് അങ്ങനെ ചെയ്യാം. അതിനോടൊന്നും ഒരുതരത്തിലുമുള്ള വിയോജിപ്പ് സർക്കാരിനില്ല. ഇവിടെയെല്ലാം പരസ്പരമുള്ള കൊടുക്കൽവാങ്ങലുകളാണ് വേണ്ടത്. ഇക്കാര്യത്തിൽ ഒരു ഈഗോ ആർക്കും ആവശ്യമില്ല. നിയമസഭയിൽ ഇപ്പോൾ സാമാജികരുടെ എണ്ണം കുറവാണെങ്കിലും പുറത്ത് സഭാ ടി.വി.-യിലൂടെ, വലിയൊരു വിഭാഗം വളരെ ഉത്സുകതയോടെ ഈ ചർച്ചകൾ വീക്ഷിക്കുന്നുണ്ട്. കാരണം അവരെ ബാധിക്കുന്ന ഒരു പ്രധാനപ്പെട്ട വിഷയമാണ് സഭ ഡിബേറ്റ് ചെയ്യുന്നതെന്നതുകൊണ്ട് ഉറപ്പായും അവർകൂടി ഇതെല്ലാം കാണുന്നുണ്ട്. കേരളത്തിന്റെ ആരോഗ്യമേഖലയ്ക്ക് എല്ലാ ശാഖകളും തങ്ങളുടേതായ സംഭാവനകൾ നൽകിയിട്ടുണ്ട്. കേരളത്തിന്റെ, ഇന്ത്യയുടെ, ലോകത്തിന്റെ ആരോഗ്യ മേഖലയിൽ മോഡേൺ മെഡിസിൻ നൽകിയ സംഭാവനയെ കുറച്ചുകാണാൻ കഴിയില്ല. ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ (ആയുർവ്വേദം) നൽകിയ സംഭാവനയെ കുറച്ചുകാണാൻ കഴിയില്ല. അതുപോലെ ഹോമിയോപ്പതിയെയും. ഇങ്ങനെയുള്ള വ്യത്യസ്ത ശാഖകൾ അവരുടേതായ റോൾ കേരളത്തിന്റെയും ഇന്ത്യയുടെയും ആരോഗ്യമേഖലയിൽ സംഭാവന ചെയ്തിട്ടുണ്ട്. പുറത്തുനിന്ന് വീക്ഷിക്കുന്നവരോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഈഗോ ഒഴിവാക്കി പരസ്പരം ബഹുമാനിച്ചുപോകണമെന്നാണ്. ഓരോ ശാഖകളും അവരുടേതായ സംഭാവന നൽകിയിട്ടുണ്ട്. അതോടൊപ്പം ഈ മേഖലകളിലുള്ള വ്യാജന്മാരെയും കണ്ടെത്തണം. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ ഇപ്പോൾ കണ്ടുവരുന്ന പ്രവണത എന്താണ്? ഇന്ത്യൻ മെഡിക്കൽ അസോസിയേഷനിൽ ഏറ്റവും പ്രധാനപ്പെട്ടത് ഡോക്ടർമാരുടെ സംഘടനയാണ്. അതിന് ആർക്കും തർക്കമില്ല.

ഇതിൽ ഐ.എം.എ. പോലുള്ള സംഘടന ഇടപെടണം. ചില ഡോക്ടർമാർ വ്യാജന്മാരാണെന്ന് പൂർണ്ണമായി പറയാൻ കഴിയില്ല. കാരണം ഇവർക്ക് എം.ബി.ബി.എസ്. ഡിഗ്രിയുണ്ട്. എം.ബി.ബി.എസ്. ബിരുദം നേടിയ ചിലർ എം.ഡി. ഉണ്ടെന്ന വ്യാജേന ചികിത്സ നടത്തുന്ന ഒറ്റപ്പെട്ട സംഭവമുണ്ടാകുന്നുണ്ട്. ആയത് ദൗർഭാഗ്യകരമായ സംഭവമാണ്. ****അപ്പോൾ അത് തടയണം. അതോടൊപ്പംതന്നെ ആയുർവ്വേദ മേഖലയിലും കള്ള നാണയങ്ങളുണ്ട്. പാരമ്പര്യ ചികിത്സ നമുക്ക് നിഷേധിക്കാൻ സാധിക്കില്ല. പാരമ്പര്യ ചികിത്സ എന്നുപറയുമ്പോൾ എവിടെവരെ പാരമ്പര്യംവരുമെന്ന കാര്യത്തിൽ കട്ട് ഓഫ് വയ്ക്കണം. അഞ്ചും ആറും ജനറേഷൻ കഴിഞ്ഞിട്ടും എനിക്ക് പാരമ്പര്യത്തിന്റെ കഴിവുണ്ടെന്ന് പറഞ്ഞാൽ അതിനെ പ്രോത്സാഹിപ്പിക്കാൻ നമുക്ക് കഴിയില്ല. ഇത് ഗവൺമെന്റ് തീരുമാനിക്കേണ്ട കാര്യമാണ്. ആദിവാസിമേഖലയിലെ ട്രീറ്റ്മെന്റുകൾ പാരമ്പര്യമായി പിതാമഹന്മാരിൽനിന്ന് കൈമാറി കിട്ടിയ ട്രീറ്റ്മെന്റുകളാണ്. അതിലെവിടെ കട്ട്ഓഫ് വയ്ക്കണമെന്ന് തീരുമാനിക്കേണ്ടത് ഗവൺമെന്റാണ്. പലതരത്തിലും വ്യാജന്മാർ നമ്മുടെ പൊതുമണ്ഡലത്തിൽ ആയുർവ്വേദത്തിന്റെ മറപിടിച്ചുകൊണ്ട് കടന്നുകയറി ആളുകളെ പറ്റിച്ച് ട്രീറ്റ്മെന്റുകൾ നടത്തുന്നുണ്ട്. അതിന് അവസാനമുണ്ടാകണം. ഇത്തരത്തിലുള്ള പല സംവിധാനങ്ങളും പൊതുസമൂഹത്തിൽ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന വർത്തമാനകാലമാണിത്. വ്യാജന്മാരെ കണ്ടെത്തണമെന്നതാണ് ബില്ലിന്റെ ലക്ഷ്യം. നാഷണൽ മെഡിക്കൽ കമ്മീഷൻ ഗൈഡ്ലൈൻ പ്രകാരം കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ എന്ന രൂപം ഇവിടെവരുന്നു. അതിലൂടെ വ്യാജന്മാരെ കണ്ടെത്തി അവരെ പുറത്തുകൊണ്ടുവരണം. അതോടൊപ്പംതന്നെ punishment-നെക്കുറിച്ചും പറയുന്നുണ്ട്. ഈ രംഗത്ത് പലതരത്തിലുള്ള തട്ടിപ്പും വെട്ടിപ്പും നടക്കുന്നുണ്ട്. എന്റെ നാട്ടിൽ ഒരാൾ മരിച്ചുപോയി. ഡയബറ്റിസിന് ചികിത്സ ചെയ്യുവെന്നാണ് പറഞ്ഞത്. ഡയബറ്റിസിനാണ് ചികിത്സ നടത്തുന്നതെന്ന് പറഞ്ഞ് ബോർഡും വച്ച് പ്രാക്ടീസ് തുടങ്ങുകയാണ്. അവിടേയ്ക്ക് ചികിത്സയ്ക്കായി ആളുകൾ പോകുന്നു. അവസാനം രോഗിയുടെ കാൽ മുറിച്ച് പഴുപ്പ് തലച്ചോറിൽകയറി ആൾ മരിച്ചുപോയി. ഇത്തരം സംവിധാനങ്ങൾക്കെതിരെ ഗവൺമെന്റ്മാത്രം പ്രവർത്തിച്ചാൽ പോര, അതത് സംഘടനകൾക്കുകൂടി ഉത്തരവാദിത്വമുണ്ട്. വ്യാജ ഡോക്ടറാണെന്നുള്ളത് ഞങ്ങൾക്ക് അറിയണമെന്നില്ല. പക്ഷെ ഐ.എം.എ. പോലുള്ള സംഘടനകൾക്കറിയാം അദ്ദേഹം വ്യാജനാണോ അല്ലയോയെന്നുള്ളത്. ഇത്തരം സംവിധാനങ്ങൾ കണ്ടെത്താൻ സാധിക്കണം.

---

*സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 18693/ ഇ.ബി./ 2021/ നി.സെ., തീയതി 15-11-2021) സഭാ രേഖയിൽ നിന്നും നീക്കം ചെയ്തു.

ആരോഗ്യമേഖലയിൽ കേരളം ലോകത്തിന് മാതൃകയാണെന്നുള്ളതിൽ യാതൊരു തർക്കവുമില്ല. ലോകത്തിന് മാതൃകയാണെന്ന് പറയുമ്പോൾ, ഇപ്പോൾ കോവിഡിനെക്കുറിച്ച് പരാമർശിച്ചു. ലോകത്ത് കോവിഡ് സെറ്റിലാകാതെ കേരളത്തിൽ സെറ്റിലാകില്ല. കാരണം ലോകത്തെ എല്ലാ കോണിലും മലയാളികളുണ്ട്. അപ്പോൾ ലോകത്ത് കോവിഡ് അവസാനിച്ചാൽമാത്രമേ കേരളത്തിൽ കോവിഡ് അവസാനിക്കുകയുള്ളൂ. അല്ലാതെ കേരളത്തിൽ ആദ്യം കോവിഡ് അവസാനിക്കണമെന്ന് വ്യാമോഹിച്ചാൽ അത് വ്യാമോഹം മാത്രമാകും. മലയാളി എവിടെയൊക്കെയുണ്ടോ അവിടെനിന്നും ഇവിടെ വരുമ്പോൾ കോവിഡ് ചിലപ്പോൾ വന്നേക്കാം. പ്രതിപക്ഷത്തുള്ള ചിലർ ഇവിടത്തെ ടി.പി.ആർ.-നെക്കുറിച്ച് വിമർശിച്ച് സംസാരിച്ചു. പല സംസ്ഥാനങ്ങളിലും ടെസ്റ്റ് നടക്കുന്നില്ലെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ് അല്പം കൂടിയിട്ടുണ്ട്. അതിപ്പോൾ നിയന്ത്രണ വിധേയമായിട്ടുമുണ്ട്. ടെസ്റ്റ് ചെയ്യുന്നത് കുറച്ചാൽ ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റുണ്ടാകില്ല. പക്ഷെ ഇവിടെയാണ് സർക്കാർ ഒരു കമ്മ്യൂണിക്കബിൾ ഡിസീസ് എന്ന നിലയ്ക്ക് ഒരു പാൻഡമിക് സാഹചര്യം ഒഴിവാക്കാൻവേണ്ടി ടെസ്റ്റ് നടത്തുകയും നിയന്ത്രണവിധേയമാക്കുകയും ചെയ്തത്. അങ്ങനെ എന്തെല്ലാം ചെയ്യുന്നു. പതിനാലാം കേരള നിയമസഭയിൽ അംഗമായിരുന്ന ഞാൻ. പതിനാലാം കേരള നിയമസഭയുടെ അവസാനഘട്ടത്തിൽ കൂടിയ സമ്മേളനത്തിൽ പ്രതിപക്ഷം ഉന്നയിച്ച വാദമെന്തായിരുന്നു? കോവിഡ് ഉയർന്ന ഘട്ടത്തിൽ സഭാ സമ്മേളനം കട്ട് ചെയ്ത് പിരിയാൻ പോയപ്പോൾ, ആളുകളെ പാനിക് ആക്കരുത്, നമുക്ക് മിറ്റിഗേഷൻ തിയറിയിലേയ്ക്ക് പോകാമെന്നൊക്കെ പ്രതിപക്ഷം പറഞ്ഞു. നിങ്ങളുടെ ഒരു ഉയർന്ന നേതാവ് പറഞ്ഞത് ചൂട് വരുമ്പോൾ കൊറോണ വൈറസ് ചത്തുപോകുമെന്നാണ്. ഇങ്ങനെയുള്ള ദുർബലമായ വാദമുഖങ്ങൾ നിരത്തിയപ്പോൾ ഇച്ഛാശക്തിയോടുകൂടി ഒന്നാം പിണറായി സർക്കാരിന്റെ മന്ത്രിസഭയിലെ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ നേതൃത്വം കൊടുത്തുകൊണ്ട് ആരോഗ്യ വകുപ്പ് പ്രവർത്തിച്ചു. നമ്മൾ കാണുന്നതല്ലേ ആരോഗ്യമേഖലയിലെ ഡോക്ടർമാർ തളർന്നിരിക്കുന്നത്? ഏതാണ്ട് ഇരുപത് മാസത്തിലേറെയായി കോവിഡിനെ നേരിടുന്ന പ്രവർത്തനത്തിൽ എല്ലാംമറന്ന് ആരോഗ്യ പ്രവർത്തകർ, ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, ക്ലീനിംഗ് സ്റ്റാഫ് തുടങ്ങി എല്ലാവരും ഒരു ചെയിനിലെ കണ്ണികളെപ്പോലെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ളവരെ നിരാശയുളവാക്കുന്ന രീതിയിൽ, അവരുടെ ആത്മവിശ്വാസം തകർക്കുന്ന ചർച്ചകൾ നടത്തിയാൽ അതിനെ പ്രോത്സാഹിപ്പിക്കാൻ പാടില്ല. നിർഭാഗ്യവശാൽ അത്തരം ചില ഡിബേറ്റുകൾ കേരളത്തിൽ നടക്കുന്നു. ഇവിടെ കുറയുന്നുണ്ടോ,

ഇവിടെ എന്തായി തുടങ്ങിയ ഒരുപാട് പ്രചരണങ്ങൾ നടത്തുമ്പോൾ അവരുടെ മനോവീര്യം തകർന്നുപോകും. ഞാനിതിന്റെ ആദ്യഘട്ടത്തിൽ വളരെ സജീവമായി പ്രവർത്തിച്ചിരുന്ന ഒരു നിയമസഭാ സാമാജികനാണ്. ഇക്കാലമത്രയും കേരളത്തിലും ഇന്ത്യയിലും കോവിഡ് രംഗത്ത് പ്രവർത്തിച്ച എത്ര ഡോക്ടർമാരും പാരാമെഡിക്കൽ ജീവനക്കാരുമാണ് മരിച്ചത്? നാം കാണേണ്ടത് സ്വജീവൻപോലും പണയപ്പെടുത്തി ഒരു war field-നകത്ത് നിൽക്കുന്നതുപോലെ കൊറോണയെന്ന മാരകരോഗത്തോട് യുദ്ധംചെയ്ത് അതിനെ പ്രതിരോധിക്കാൻ നിൽക്കുന്ന പ്രതിരോധ ഭടന്മാരെ നമ്മൾ സല്യൂട്ട് ചെയ്യണം; അവരെ റെസ്പെക്ട് ചെയ്യണം. അവരുടെ ആത്മവിശ്വാസമില്ലാതാക്കുന്ന പരാമർശം നമ്മുടെ ഭാഗത്തുനിന്നുണ്ടാകാൻ പാടില്ല. ആരോഗ്യമേഖലയിൽ നിരവധി പ്രവർത്തനങ്ങൾ നമ്മൾ നടത്തിയിട്ടുണ്ട്. അത്തരം പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം ആരോഗ്യ പ്രവർത്തകരെ ആക്രമിക്കുന്ന ശൈലി പ്രോത്സാഹിപ്പിക്കാൻ പാടില്ല. ആരോഗ്യ പ്രവർത്തകരെ ആക്രമിക്കുന്ന സംഭവം ചില കോണുകളിൽനിന്നുണ്ടായി. ഏത് രാഷ്ട്രീയത്തിന്റെ പേരിലായാലും അത്തരം രാഷ്ട്രീയം ഉൾക്കൊള്ളുന്നവരെ നിരസിക്കാൻ അതാത് രാഷ്ട്രീയ പാർട്ടികൾ തയ്യാറാകണം. ഡോക്ടർമാർ ദൈവങ്ങളാണ്, നമ്മളാരും ദൈവത്തിനെ കണ്ടിട്ടില്ല, പക്ഷേ ദൈവത്തിന്റെ രൂപത്തിൽ നമ്മുടെ മുന്നിൽ ഡോക്ടർമാർ പ്രത്യക്ഷപ്പെടുന്നു. അത്തരത്തിലുള്ള ഡോക്ടർമാരെ, പാരാമെഡിക്കൽ സ്റ്റാഫിനെ കയ്യേറ്റം ചെയ്യുന്ന സംസ്കാരം കേരളത്തിന്റെ സംസ്കാരമല്ല. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോഴാണെന്ന് തോന്നുന്നു ഹോസ്പിറ്റൽ പ്രൊട്ടക്ഷൻ ആക്ട് കൊണ്ടുവന്നത്. അതിന് വലിയ പിന്തുണയാണ് നൽകിയത്. നിർഭാഗ്യവശാൽ ചില ഡോക്ടർമാരെ കയ്യേറ്റം ചെയ്യുന്ന സംഭവം സംസ്ഥാനത്തുണ്ടായിട്ടുണ്ട്. അത് അപലപനീയമാണ്. അവർക്ക് സംരക്ഷണം കൊടുക്കുന്നതോടൊപ്പം അവരുടെ ഭാഗത്ത് പിഴവുകളുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കുകയും വേണം. മനുഷ്യരാണ്, അപ്പോൾ മനുഷ്യസഹജമായ തെറ്റുകൾ സംഭവിച്ചേക്കാം. നമ്മളാരും സർവ്വശക്തരല്ല. അവർക്ക് പോരായ്മകളും പിഴവുകളുമുണ്ടാകുമ്പോൾ അവരെ ന്യായീകരിക്കുന്ന രീതി സംഘടനകൾ സ്വീകരിക്കാൻ പാടില്ല. ഞാൻ എൽ.എൽ.ബി.-ക്കും പി.ജി.-ക്കും മെഡിക്കൽ ഹെൽത്ത് കെയർ ലാ ആയിരുന്നു പഠിച്ചത്. മെഡിക്കൽ നെഗ്ലിജെൻസും പഠിച്ചിട്ടുണ്ട്. മെഡിക്കൽ നെഗ്ലിജെൻസിന്റെ ഭാഗമായി ഡോക്ടർമാരിൽനിന്നും പിഴവുകൾ സംഭവിച്ചാൽ അവർ ശിക്ഷിക്കപ്പെടണം. പകരം, നിങ്ങൾ കേസ് നടത്തിക്കോളൂ, ഞങ്ങൾ നിങ്ങളെ പ്രൊട്ടക്റ്റ് ചെയ്യാം, അതിനാവശ്യമായ കാശ് കൊടുക്കാമെന്നൊക്കെയുള്ള തെറ്റായ ധൈര്യം നൽകുകയാണ് ചില സംഘടനകൾ ചെയ്യുന്നത്. അതേസമയം ഒരു

വ്യക്തിക്ക് എവിടെവരെ ഫൈറ്റ് ചെയ്യാൻ സാധിക്കും. കീഴ്കോടതിയിൽ ജയിച്ചാൽ സ്വാഭാവികമായും എതിർകക്ഷി മേൽക്കോടതിയിൽ അപ്പീലിന് പോകും. അപ്പീലിന് പോകുമ്പോൾ അദ്ദേഹത്തിന്റെ സംഘടന അദ്ദേഹത്തെ സംരക്ഷിക്കും. മറിച്ച് ഇതിൽ ബാധിക്കപ്പെട്ടയാൾക്ക് വക്കീൽ ഫീസ് കൊടുക്കാനുള്ള തുകയുണ്ടാകില്ല. ഇത്തരം സാഹചര്യം വരുമ്പോൾ തെറ്റായ സന്ദേശം ഒരു സംഘടനയും കൊടുക്കാൻ പാടില്ല. മെഡിക്കൽ എഥിക്സ് കമ്മിറ്റികൾ പല സംഘടനകൾക്കുമുണ്ട്. മെഡിക്കൽ എഥിക്സ് കമ്മിറ്റികൾ കൃത്യമായി പരിശോധിക്കണം. ഇവിടെ ഇപ്പോൾ മെഡിക്കൽ കൗൺസിൽ വരുന്നു. ചില സംഘടനകളുടെ ആവശ്യം മോഡേൺ മെഡിസിന് പ്രത്യേകം കൗൺസിലുണ്ടാകണമെന്നാണ്. മെഡിക്കൽ സയൻസിൽ മോഡേൺ മെഡിസിൻ നമുക്ക് അവഗണിക്കാൻ പറ്റാത്ത ശാഖയാണ്. സ്വാഭാവികമായും മെഡിക്കൽ കൗൺസിലിന് പുതിയ ശാഖ വേണമെന്ന ആവശ്യം ഉയർന്നുവന്നാൽ അതിനെ നമുക്ക് പിന്തുണയ്ക്കേണ്ടിവരും. ഇപ്പോൾ വലിയൊരു എടുത്തുചാട്ടമാണ് നടത്തുന്നത്. കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ എന്ന പേരിൽ ഒരു കൗൺസിൽ രൂപീകരിച്ച് രജിസ്ട്രേഷൻ പ്രോസസ് നമ്മൾ ആരംഭിക്കുന്നു. വ്യാജന്മാരെ കണ്ടെത്താൻ അതൊരു തുടക്കമാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിതന്നെ മുൻകയ്യെടുത്ത് മോഡേൺ മെഡിസിനാവശ്യമായ മെഡിക്കൽ കൗൺസിൽ ആരംഭിക്കാൻ കഴിയണം. അതുപോലെ ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ, ഹോമിയോപ്പതി വിഭാഗങ്ങൾ തമ്മിൽ ചേരില്ല, ഈഗോയാണ്. വക്കീലിന് വക്കീലിനെ കണ്ടുകൂടായെന്ന് പറഞ്ഞതുപോലെയാണ് ഡോക്ടർമാർക്ക് ഡോക്ടർമാരെ കണ്ടുകൂടാത്തത്. ഇതൊക്കെ നമ്മൾ ആരെങ്കിലും വിചാരിച്ചാൽ പരിഹരിക്കാൻ കഴിയില്ല. അതുകൊണ്ട് അവരുടെ ആവശ്യം കൗൺസിൽ വേണമെന്നുള്ളതാണെങ്കിൽ അത് അംഗീകരിച്ചുകൊടുക്കുക. സർക്കാരിന് സാമ്പത്തിക ബാധ്യതയില്ലെങ്കിൽ എന്തുകൊണ്ട് അതിനെ സംബന്ധിച്ച് ആലോചിച്ചുകൂടാ? പകരം ഇവരെയെല്ലാം യോജിപ്പിക്കുന്നകാര്യം നടക്കില്ല. അതുകൊണ്ട് ഇത്തരം സിസ്റ്റത്തെക്കുറിച്ചുകൂടി ഗവൺമെന്റ് ആലോചിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

**1.00 PM]**

അതോടൊപ്പം ആരോഗ്യമേഖലയിൽ ഒന്നും ചെയ്തില്ലെന്ന രീതിയിൽ വിമർശനങ്ങൾ വരുന്നുണ്ട്. ഈ ഗവൺമെന്റ് കേരളത്തിന്റെ ആരോഗ്യമേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച് എനിക്ക് ഉറപ്പിച്ചുപറയാൻ കഴിയും. നേരത്തെയുണ്ടായിരുന്നത് എന്താണ്? പബ്ലിക് ഹെൽത്ത് സിസ്റ്റത്തിൽനിന്നും

ആളുകൾ പ്രൈവറ്റ് സെക്ടറിലേയ്ക്ക് പോയെങ്കിൽ ഇപ്പോൾ തിരിച്ച് സംഭവിച്ചുകൊണ്ടിരിക്കുകയാണ്. പ്രൈവറ്റ് സെക്ടറിനെ ആശ്രയിച്ചവർ ഇപ്പോൾ പബ്ലിക് സെക്ടറിലേയ്ക്ക് വരികയാണ്. കോവിഡ് ട്രീറ്റ്മെന്റ് ഏറ്റവും ഫലപ്രദമായി നടത്തിയത് മെഡിക്കൽ കോളേജുകളും സർക്കാർ ആശുപത്രികളുമാണ്. സർക്കാർ ആശുപത്രികളെല്ലാം മോശമാണെന്ന രീതിയിലുള്ള തെറ്റായ സന്ദേശം നൽകാൻ പാടില്ല. സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരെല്ലാവരും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ മാതൃകാപരമായ പങ്ക് വഹിച്ചുവെന്ന ഉത്തമബോദ്ധ്യമുള്ള ആളാണ് ഞാൻ. മരിച്ചുപോയെന്ന് കരുതിയ പലരെയും ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാൻ നമുക്ക് സാധിച്ചുവെന്ന ഉത്തമബോദ്ധ്യം എനിക്കുണ്ട്. മെഡിക്കൽ മേഖലയിൽ ഫാമിലി ഹെൽത്ത് സെന്ററുകൾ, റൗണ്ട്-ദി-ക്ലോക്ക് രീതിയിൽ വർക്ക് ചെയ്യുകയാണ്. ഗവൺമെന്റ്, ജനറൽ, ഡിസ്ട്രിക്ട് ഹോസ്പിറ്റലുകളിൽ ഏറ്റവും നല്ല ചികിത്സയാണ് ലഭിക്കുന്നത്. ജില്ലാ ആശുപത്രികളിൽ കാത്ത് ലാബ് എന്ന ആശയംകൊണ്ടുവന്ന സർക്കാരാണിത്. ലൈഫ്സ്റ്റൈൽ ഡിസീസ് എല്ലാവർക്കുമുണ്ട്. നടത്തമില്ലായ്മ, നല്ല രീതിയിലുള്ള ഭക്ഷണം കഴിക്കൽ എന്നിവകൊണ്ട് ഇപ്പോൾ എല്ലാവർക്കും കൊളസ്ട്രോളും ഷുഗറും പ്രഷറുമെല്ലാമുണ്ടാകുന്നു. അതിന്റെ അൾട്ടിമേറ്റ് റിസൾട്ട് എന്താണ്? കിഡ്നിയുടെ പ്രവർത്തനത്തെ ബാധിക്കുന്നു. ഡയാലിസിസ് യൂണിറ്റുകൾ കേരളത്തിലെ ഗവൺമെന്റ് സെക്ടറിൽ ആരംഭിച്ചത് ഈ സർക്കാരാണ്. തലശ്ശേരി ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചു. അവിടെയൊരു എൻട്രി കിട്ടണമെന്നാണ് ഞങ്ങൾക്ക് വരുന്ന ശിപാർശ. അതിനുകാരണം ഡയാലിസിസ് ട്രീറ്റ്മെന്റിന് പ്രൈവറ്റ് സെക്ടറിൽ പോയാൽ ചികിത്സാച്ചെലവ് താങ്ങാൻ സാധിക്കില്ല. കണ്ണൂർ ജില്ലാശുപത്രിയിൽ കാത്ത്ലാബ് വരുന്നു. ഇത്തരത്തിലുള്ള മാറ്റങ്ങളെ നാം കാണാതിരിക്കരുത്. പകരം കോർപ്പറേറ്റ് ആശുപത്രികളുടെ പ്രചാരകന്മാരായി നാം മാറരുത്. കേരളത്തിന്റെ ആരോഗ്യമേഖല മോശമാണെന്ന് സ്ഥാപിച്ചെടുക്കേണ്ടത് കോർപ്പറേറ്റിന്റെ ആവശ്യമാണ്. ആ കോർപ്പറേറ്റുകളുടെ കുഴലൂത്തുകാരായി നാമാരും മാറാൻ പാടില്ല. പകരം കേരളത്തിലെ പൊതുജനാരോഗ്യ സംവിധാനത്തെയും അത് നൽകുന്ന സംഭാവനയെയും ഉയർത്തിപ്പിടിക്കാനും അവരെ പ്രശംസിക്കാനും നാം മുമ്പോട്ടുവരണം. മെഡിക്കൽ ടീച്ചിംഗ് ഫ്രെറ്റേണിറ്റിയിലേയ്ക്ക് വരാൻ പുതിയ തലമുറ ആഗ്രഹിക്കുന്നില്ലെന്നത് തെറ്റായ സന്ദേശമാണ്. മെഡിക്കൽ കോളേജുകളിൽ പഠിക്കുന്ന പുതിയ ജനറേഷന് മെഡിക്കൽ എഡ്യൂക്കേഷനിലേയ്ക്ക് വരാൻ ആഗ്രഹമില്ലെന്നാണ് പ്രൊഫസർമാരും അസോസിയേറ്റ് പ്രൊഫസർമാരുമായിട്ടുള്ളവർ പറയുന്നത്. പുതിയ ജനറേഷനിൽ ഇല്ലെന്നുള്ളത് അവരുടെ പ്രായപരിധി ഉയർത്തിക്കിട്ടാൻ

പ്രചരിപ്പിക്കുന്നതാണ്. അപ്പോൾ സ്വാഭാവികമായും ഗവൺമെന്റ് പാനിക് ആകും. കാരണം ഫാക്കൽറ്റികളില്ലെങ്കിൽ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം നഷ്ടപ്പെടും. അപ്പോൾ അവരുടെ പ്രായപരിധി ഉയർത്തിക്കൊടുക്കും; അത് ശരിയല്ല. വിദ്യാർത്ഥി സംഘടനാ പ്രവർത്തകനായിരിക്കുമ്പോൾ കേരളത്തിലെ മെഡിക്കൽ മേഖലയിൽ ചുമതലയെടുത്ത് പ്രവർത്തിച്ച ആളാണ് ഞാൻ. ഞങ്ങളൊക്കെ വിദ്യാർത്ഥി സംഘടനാ നേതാക്കന്മാരായിരിക്കുമ്പോൾ പല ക്യാമ്പസിലും പഠിച്ച കുട്ടികൾ ഇന്ന് പി.ജി.-യും സൂപ്പർ പി.ജി.-യും കഴിഞ്ഞു. ടീച്ചിംഗ് പ്രൊഫഷനിലേയ്ക്ക് വരാനാണ് അവർ ആഗ്രഹിക്കുന്നത്. ടീച്ചിംഗ് പ്രൊഫഷനിലേയ്ക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന പുതിയ ഡോക്ടർമാർക്ക് അവസരം നൽകണം. പകരം വൈദ്യശാസ്ത്രം പരാജയപ്പെട്ടാൽ മാത്രമേ ഞങ്ങൾ ഒഴിയുകയുള്ളൂവെന്ന വാശി ചിലർ സ്വീകരിക്കുന്നുണ്ട്. അതിനെ ഒരുതരത്തിലും ഇടതുപക്ഷ ഗവൺമെന്റ് പിന്തുണയ്ക്കാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. ഇന്നലെ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി പറഞ്ഞത് ട്രാൻസ്ഫറുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ കേസ് നടക്കുന്നത് സ്കൂൾ മേഖലയിലാണെന്നാണ്. അതുപോലെ ഡോക്ടർമാരുടെ ട്രാൻസ്ഫറുമായി ബന്ധപ്പെട്ടും കേസ് നടക്കുകയാണ്. ഇത്തരം കേസുകളും മറ്റ് നൂലാമാലകളും പരിഹരിച്ച് മുമ്പോട്ടുപോകാൻ സാധിക്കണം. ഗവൺമെന്റ് മേഖലയിൽ ജോലിചെയ്യുന്ന ഡോക്ടർമാരെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. അവരുടെ ഹോം സെക്ടറിൽ അവരെ പരമാവധി ഉൾപ്പെടുത്താനും ആ നിലയിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാനും സാധിക്കണം. ഗവൺമെന്റ് സെക്ടറിൽ വർക്ക് ചെയ്യാൻ പുതിയ ജനറേഷൻ തയ്യാറാണ്. അവർ എങ്ങനെയും പണമുണ്ടാക്കണമെന്ന ചിന്തയുള്ളവരല്ല, ആ തലമുറ കഴിഞ്ഞു. പകരം ഈ പ്രൊഫഷനെ പ്രതിബദ്ധതയോടെ കാണുന്ന തലമുറയാണ് ഇപ്പോഴുള്ളത്. അതുകൊണ്ട് ഗവൺമെന്റ് സെക്ടറിൽ വർക്ക് ചെയ്യാൻ മുന്നോട്ടുവരുന്ന പുതിയ ജനറേഷനെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകേണ്ടത്. ഹോം സെക്ടറിൽ കഴിഞ്ഞില്ലെങ്കിലും അതിനടുത്തെങ്കിലും നിയമനം നൽകി അവരെ പ്രോത്സാഹിപ്പിക്കുന്ന സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നു മാത്രം പറയുന്നു. കേരള സ്റ്റേറ്റ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ ഇന്ന് വൈകുന്നേരത്തോടെ ആക്ടായി മാറുമ്പോൾ ഇതിലെ കള്ള നാണയങ്ങളെ തിരിച്ചറിയേണ്ടതുണ്ട്. നേരത്തെ ഞാൻ സൂചിപ്പിച്ച anti quackery bill കൊണ്ടുവരാൻ കേന്ദ്രം ഭയപ്പെട്ടുവെങ്കിൽ ആ ബില്ലിന് പകരമായി ഇവിടത്തെ quack-കളെ കണ്ടെത്താൻ സംസ്ഥാന സർക്കാർ നടത്തുന്ന എല്ലാ നീക്കങ്ങളെയും പൂർണ്ണമായും പിന്തുണച്ചുകൊണ്ട് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്.

ശ്രീ. പ്രമോദ് നാരായൺ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി യു. പ്രതിഭ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കോവിഡ്-19 ലോകത്താകമാനം വരുത്തിയിട്ടുള്ള കനത്ത പ്രതിസന്ധികൾക്കിടയിലായിരുന്നു നാമെല്ലാവരുമെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ല. ആതുര ശുശ്രൂഷാമേഖലയുമായി ബന്ധപ്പെട്ട് ഏറ്റവും സുപ്രധാനമായ ഒരു നിയമം പ്രാബല്യത്തിൽ വരുന്ന ഈയവസരത്തിൽ ആരോഗ്യമേഖല ലോകത്താകമാനം നടത്തിയിട്ടുള്ള സംഭാവനകളെ ഹൃദയപൂർവ്വം അനുസ്മരിക്കുകയും ആ മേഖലയിലുള്ളവരോട് നന്ദി പറയുകയും ചെയ്യുന്നു. കോവിഡിനടിമപ്പെട്ട ധാരാളം ആളുകളുണ്ടായിരുന്നു. അവരിൽ രോഗമുക്തി നേടിയവരും നമ്മെ വിട്ടുപോയവരുമായ ഒരുപാടുപേരുണ്ട്. ജീവന്റെ നൂൽപ്പാലത്തിലൂടെ കോവിഡ് വൈറസുമായി നമ്മൾ കടന്നുപോയപ്പോൾ മനുഷ്യന്റെ അവസാനശ്വാസംവരെ പിടിച്ചുനിർത്താൻ നമ്മളോടൊപ്പം പരിശ്രമിച്ച ഡോക്ടർമാർ മുതൽ കോവിഡ് ബ്രിഗേഡിന്റെ ഭാഗമായ ശുചീകരണ തൊഴിലാളികൾവരെ നമ്മുടെ ഹൃദയത്തോടുചേർന്ന് നിൽക്കുന്നവരാണ്. അതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പോലീസ്, ഫയർഫോഴ്സ് ഉൾപ്പെടെയുള്ള മുഴുവൻ ഉദ്യോഗസ്ഥ സംവിധാനങ്ങളെയും നിയമസഭയിലെ അംഗങ്ങൾ ഒന്നിച്ചുതന്നെ ആദരവോടെ ഓർക്കണം. ആപത്തുകാലത്ത് നമ്മെ സഹായിക്കാൻ പ്രതിഫലേച്ഛ കൂടാതെ ഒപ്പംനിന്ന് പ്രവർത്തിച്ച കോവിഡ് പ്രതിരോധ പോരാളികളുണ്ട്; അവർക്ക് വലിയൊരു സല്യൂട്ട് നിയമസഭ നൽകുകയാണ്. ഭാവിയിൽ ആരോഗ്യ മേഖലയിലുണ്ടാകുന്ന തൊഴിലവസരങ്ങളിൽ കോവിഡ് ബ്രിഗേഡിൽ പ്രവർത്തിച്ചവർക്ക് മുൻഗണന നൽകണമെന്ന അഭ്യർത്ഥന ഈ ബില്ലിന്റെയും ഭേദഗതിയുടെയും ചർച്ചയുടെ ഭാഗമായി മുന്നോട്ടുവയ്ക്കുകയാണ്. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച ശ്രീ. എ. എൻ. ഷംസീർ, പറഞ്ഞതുപോലെ ഈ ബില്ലിനെ എതിർക്കാൻവേണ്ടി എന്തെങ്കിലുമൊക്കെ പറയാം. പക്ഷേ കേരളത്തിലെ ആരോഗ്യമേഖലയെ സുപ്രധാന ചുവടുവയ്പ്പിലേയ്ക്കെത്തിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട രണ്ട് ബില്ലുകളാണ് ഇന്ന് നിയമസഭയിൽ വരുന്നത്. അതുകൊണ്ടുതന്നെ 15-ാം കേരള നിയമസഭയുടെ 3-ാം സമ്മേളനം അങ്ങേയറ്റം ശ്രദ്ധേയമാകുന്നുവെന്നുകൂടി ഓർമ്മിപ്പിക്കുകയാണ്. കോവിഡ് ബ്രിഗേഡുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് അറിയാത്തവരല്ല പ്രതിപക്ഷത്തുള്ളവർ. കോവിഡ് ബ്രിഗേഡുമായി ബന്ധപ്പെട്ട് ചർച്ച നടക്കുമ്പോൾ അത് കേന്ദ്ര ഗവൺമെന്റിന്റെകൂടി പാക്കേജായിരുന്നുവെന്നും ആ പാക്കേജ് മാർച്ച് മാസം അവസാനിച്ചുവെന്നും

അതിനുശേഷം മാസംതോറും 39 കോടി രൂപ ഗവൺമെന്റ് അധികമായി വകയിരുത്തിക്കൊണ്ടാണ് കഴിഞ്ഞ മാസംവരെ അവരെ നിലനിർത്തിയതെന്നും അറിയാവുന്ന സാമാജികർതന്നെയാണ് തെറ്റായ പ്രചരണങ്ങൾ ഉയർത്തിവിട്ട് ഈ ഗവൺമെന്റിനെതിരെയുള്ള ഒരു ജനവികാരമായിക്കോട്ടെയെന്ന് കരുതി ചില കാര്യങ്ങൾ പറയുന്നത് നല്ലതല്ല. വസ്തുതകളെ വസ്തുതകളായിത്തന്നെ ചർച്ച ചെയ്തുപോകണം. ഇത്തരത്തിലുള്ള നിയമങ്ങൾ നാടിന് ഗുണകരമാകാൻ വേണ്ടിയുള്ളവയാണ്. അതുകൊണ്ട് അവയെ ആ സെൻസിലെടുക്കണം. കോവിഡുമൂലം ജീവൻ പൊലിഞ്ഞവരുടെ കുടുംബങ്ങളെ സഹായിക്കാൻ ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. കോവിഡ് ബാധിച്ച് മരിച്ചവരുടെ, പ്രത്യേകിച്ച് ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരുടെ കുടുംബങ്ങൾ അനാഥമാകാതിരിക്കാൻ വേണ്ടി മാസംതോറും 5000 രൂപ അവരുടെ ആശ്രിതർക്ക് ധനസഹായമായി നൽകുന്ന ഏറ്റവും ശ്രദ്ധേയമായ തീരുമാനം മന്ത്രിസഭയെടുത്തു. കോവിഡുമൂലം അങ്ങേയറ്റം ബുദ്ധിമുട്ടിലേയ്ക്കുപോയ ഒരുപാട് കുടുംബങ്ങളുണ്ട്. നേരത്തെ അംഗങ്ങൾ സൂചിപ്പിച്ചതുപോലെ വൈറസ് എന്നുപറഞ്ഞാൽ ലോകത്താകമാനമുണ്ടായതാണ്. അതിൽ കേരളത്തിന് മാത്രമോ അല്ലെങ്കിൽ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിക്ക് മാത്രമോ ഇതിനെ നിയന്ത്രിക്കാൻ കഴിയുന്നതല്ല. ഒരു ഗവൺമെന്റിന് പ്രതിരോധ പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുമെങ്കിലും അതിൽ ജനങ്ങളുടെ സഹകരണം ആവശ്യമാണ്. കമ്മ്യൂണിറ്റി കിച്ചൻ, സൗജന്യ കിറ്റ് മുതലായ ഒരുപാട് നല്ല കാര്യങ്ങൾ സർക്കാർ ഈ ഘട്ടത്തിൽ ചെയ്തിട്ടുണ്ട്. അവരെക്കൂടെ ചേർത്തുനിർത്തി "നിങ്ങൾ ഒറ്റപ്പെട്ടുപോയിട്ടില്ല, ഞങ്ങളെല്ലാവരും ഒപ്പമുണ്ടെന്ന്" പറയാനുള്ള ഇടപെടലുകളാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. കഴിഞ്ഞ ദിവസം പബ്ലിക് അഫയേഴ്സ് സെന്റർ പ്രസിദ്ധീകരിച്ച പബ്ലിക് അഫയേഴ്സ് ഇൻഡെക്സ്, 2021-ൽ ഏറ്റവും മികച്ച ഭരണം കാഴ്ചവച്ച സംസ്ഥാനമായി കേരളത്തെ തെരഞ്ഞെടുക്കുകയുണ്ടായി. ദേശീയ തൊഴിലുറപ്പ് പദ്ധതിയും നാഷണൽ ഹെൽത്ത് മിഷനും മാത്രമല്ല, കോവിഡ് പ്രതിരോധമുൾപ്പെടെയുള്ള മേഖലകളിലെ മികവുകൂടി പഠന വിഷയമാക്കിയതിന്റെ ഭാഗമായാണ് ആ അവാർഡിലേയ്ക്ക് കേരളം എത്തിപ്പെട്ടതെന്നത് ഏറ്റവും ശ്രദ്ധേയമാണ്. വർഷങ്ങളായി നമ്മളെല്ലാം ആഗ്രഹിക്കുന്നതാണ് കോ-ലൊക്കേഷൻ എന്നുള്ളത്. അത് എത്രത്തോളം ഐ.എം.എ. അംഗീകരിക്കുമെന്ന് അറിയില്ല. പക്ഷേ ഓരോ ആശുപത്രികളും, അലോപ്പതിയും ആയുർവ്വേദവും ഹോമിയോപ്പതിയും അതിന്റേതായ പങ്ക് വഹിക്കുന്നുണ്ട്. ഇപ്പോൾ എല്ലാ പഞ്ചായത്തുകളിലും ഹോമിയോ ആശുപത്രികളും ആയുർവ്വേദ ആശുപത്രികളും ഫാമിലി ഹെൽത്ത് സെന്ററുകളുമുണ്ട്. ശ്രീ. എ. എൻ. ഷംസീർ ഇവിടെ പറഞ്ഞതുപോലെ, പലപ്പോഴും ഇവർ തമ്മിൽ യോജിക്കില്ല.

പക്ഷേ ഇതെല്ലാം ജനങ്ങളുടെ ജീവൻ നിലനിർത്താൻവേണ്ടിയാണ് ചെയ്യുന്നത്. അവയവമാറ്റ ശസ്ത്രക്രിയ അലോപ്പതി മേഖലയിൽ മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ. നമ്മുടെ വീട്ടുകളിലുള്ളവർക്ക് രോഗം വന്നാലും അടിയന്തരഘട്ടത്തിൽ അവരെ കൊണ്ടുപോകുന്നത് മെഡിക്കൽ കോളേജുകളിലേയ്ക്കോ അലോപ്പതി മേഖലകളിലേയ്ക്കോ ആണ്. എന്നാൽ രോഗം വരാതിരിക്കാനുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കായി നമ്മൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് ഹോമിയോപ്പതിയെയും ആയുർവ്വേദത്തെയുമാണ്. നമ്മുടെ നാട്ടിൽ സ്വാഭാവികമായുണ്ടായിരുന്ന പച്ചമരുന്നുകൾ പലവിധ ചികിത്സകൾക്കായി ഉപയോഗിക്കാറുണ്ട്. അത് അന്ധവിശ്വാസത്തിന്റെ ഭാഗമല്ല. എന്റെ വീടിനടുത്ത് കിഡ്നി സ്റ്റോണിന്റെ ചികിത്സയ്ക്ക് കീഴാർനെല്ലി ഉപയോഗിച്ചുള്ള മരുന്ന് വളരെ ഫലപ്രദമായി കൊടുക്കുന്നത് എന്റെ കുട്ടിക്കാലം മുതൽ കാണുന്നതാണ്. അത്തരത്തിലുള്ള പാരമ്പര്യ ചികിത്സയടക്കം ചെയ്യുന്നുണ്ട്. പ്രകൃതിയിൽനിന്നും ലഭിക്കുന്ന പച്ചമരുന്നുകളുപയോഗിച്ച് രോഗം തടഞ്ഞുനിർത്താനും നല്ല ചികിത്സ നൽകാനും ആയുർവ്വേദത്തിന് കഴിയും. എല്ലാ ആശുപത്രികളിലും ഈ മൂന്ന് വിഭാഗങ്ങളെയും ഒന്നിപ്പിച്ച് മുന്നോട്ടുകൊണ്ടുപോകണമെന്ന് നമ്മൾ പറയും. ഒരുപക്ഷേ വിപ്ലവകരമായ തീരുമാനമാണ് ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഇന്ന് നിയമമാകുമ്പോൾ വരാൻ പോകുന്നത്. കാരണം ഇവ മൂന്നും തമ്മിലുള്ള ശത്രുത മാറി ഏകീകരണത്തിലേയ്ക്ക് വരികയാണ്. എന്നാൽ തത്വത്തിൽ ഏകീകരണമുണ്ടോയെന്ന് ചോദിച്ചാൽ രജിസ്ട്രാർ ഒന്നാണെങ്കിലും രജിസ്റ്ററുകൾ എല്ലാം വ്യത്യസ്തമാണ്. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്തപ്പോൾ അവർക്ക് ഒരുപാട് ആശങ്കകളുണ്ടെന്നാണ് അറിഞ്ഞത്. ആ ആശങ്കകൾക്ക് അടിസ്ഥാനമില്ല. സബ്ജക്ട് കമ്മിറ്റി വിശദമായി ചർച്ച ചെയ്തശേഷമാണ് ബിൽ ഇന്ന് സഭയിൽ വന്നിരിക്കുന്നത്. അവരുടെയിടയിലുള്ള ആശങ്കകൾ പരിഹരിക്കാൻ കഴിയുമെന്നുള്ളതാണ് ഇതിൽ ഏറ്റവും സുപ്രധാനമായി ചൂണ്ടിക്കാണിക്കുന്നത്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, അലോപ്പതി, ഹോമിയോപ്പതി, ആയുർവ്വേദ ഡിപ്പാർട്ടുമെന്റുകൾ തമ്മിൽ അനൈക്യം നിലനിൽക്കുന്നുണ്ട്. അലോപ്പതി രംഗത്തുള്ളവർക്ക് ഹോമിയോപ്പതിയിലുള്ളവരോട് ഒരു ചിറ്റമ്മ നയമുണ്ടെന്ന് പരക്കെ ആക്ഷേപമുണ്ട്. ഇതിനുകാരണം നയരൂപീകരണ സമിതിയിൽ പലപ്പോഴും തലപ്പത്തെത്തുന്നത് അലോപ്പതി ഡോക്ടർമാരാണെന്നുള്ളതാണ്. അവർ നയം രൂപീകരിക്കുമ്പോൾ ആയുർവ്വേദത്തിനും ഹോമിയോപ്പതിക്കും ശരിയായ രീതിയിലുള്ള പരിഗണന കിട്ടുന്നില്ലെന്നുള്ളത് ഒരു വസ്തുതയാണെന്ന വിവരം ബഹുമാനപ്പെട്ട അംഗത്തിനറിയുമോ?

ശ്രീ. കെ. ബാബു (നെന്മാറ): സർ, മെഡിക്കൽ പ്രാക്ടീസ് ചെയ്യുന്നവരെ സംബന്ധിച്ചുള്ള ഒരു ബില്ലാണിത്. നാട്ടിൻപുറങ്ങളിലുൾപ്പെടെ സൈക്യാട്രിസ്റ്റുമുണ്ട്, സൈക്കോളജിസ്റ്റുമുണ്ട്. അതായത് മനോരോഗ വിദഗ്ദ്ധനുമുണ്ട്, മന:ശാസ്ത്രജ്ഞനുമുണ്ട്. പലപ്പോഴും അത്തരത്തിലുള്ള അന്തരമില്ലാതെ മാനസികനില തെറ്റുന്നവരെ ചികിത്സിക്കുന്ന രീതി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? മനോനില തെറ്റുന്ന ആളുകളെ ഊതുക, അവർക്ക് വെള്ളം തളിച്ചുകൊടുക്കുക, ചരട് കെട്ടിക്കൊടുക്കുക, പൂജാദികർമ്മങ്ങൾ തുടങ്ങിയവ ചെയ്താൽ അസുഖം ഭേദമാക്കാമെന്ന് തെറ്റിദ്ധരിപ്പിക്കുന്ന, അന്ധവിശ്വാസത്തിന്റെ ഭാഗമായി നാട്ടിൻപുറങ്ങളിൽ ഇത്തരം ചികിത്സകൾ നടത്തുന്നവരുടെ കേന്ദ്രങ്ങളുണ്ടെന്നത് അതിനേക്കാൾ ഭീകരമായ അവസ്ഥയാണ്. ഇത് അടിയന്തരമായി സർക്കാരിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെയും ശ്രദ്ധയിൽപ്പെടുത്തി അവസാനിപ്പിക്കേണ്ടതല്ലേ?

ശ്രീമതി യു. പ്രതിഭ: സർ, തീർച്ചയായും.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിച്ചത് ഇന്റഗ്രേഷനിൽ കോ-ലൊക്കേഷന്റെ ഒരു ഐഡിയയാണ്. അത് ഇവിടെനിന്ന് വന്നതാണെന്ന നിലയ്ക്ക് സംസാരിച്ചു. യഥാർത്ഥത്തിൽ, ഈ മൂന്ന് സ്കീം ഓഫ് മെഡിസിൻസിനെ ഒന്നിപ്പിക്കുന്നതും കോ-ലൊക്കേഷൻപോലുള്ള ഐഡിയകളും കേന്ദ്ര സർക്കാരാണ് ഇനിഷ്യേറ്റ് ചെയ്തത്. അതിന്റെ ചുവടുപിടിച്ചാണ് ഇത് പോകുന്നതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? മാത്രമല്ല, നിലവിൽ ഈ മൂന്ന് സ്കീമുകളും സ്വതന്ത്രമായി പ്രവർത്തിക്കുന്ന കംഫർട്ടബിളായ ഒരു സിസ്റ്റത്തിലാണുള്ളത്. ഇവയെല്ലാം ഒന്നിച്ചുപ്രവർത്തിക്കുന്നുവെന്നതിന് നമുക്ക് ഉദാഹരണങ്ങളില്ല. അങ്ങനെ ഒരു എക്സ്പീരിയൻസില്ലാതെ പെട്ടെന്ന് ഒരു ഇന്റഗ്രേഷന് അല്ലെങ്കിൽ കോ-ലൊക്കേഷന് പോയാൽ നിലവിലുള്ള സിസ്റ്റം മൊത്തം ഡിസ്റ്റർബ്ഡാകുമെന്ന ആശങ്ക അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീമതി യു. പ്രതിഭ: സർ, ഇത് കോ-ലൊക്കേഷനുമായി ബന്ധപ്പെട്ട ഒരു പ്രശ്നമേയല്ല. കോ-ലൊക്കേഷൻ വരണമെന്ന് പണ്ടുതൊട്ട് ആഗ്രഹിക്കുന്നുണ്ടായിരുന്നു. കേന്ദ്ര ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങളെയെല്ലാം സ്വകാര്യ മേഖലയിൽ കൊണ്ടുവരാൻ ശ്രമിക്കുന്നവരാണെന്ന് അങ്ങേയ്ക്കും ഇവിടെയിരിക്കുന്ന അംഗങ്ങൾക്കുമെല്ലാം അറിയാവുന്നതാണ്. കേന്ദ്ര ഗവൺമെന്റും ആക്ടിൽ കാതലായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പക്ഷേ അത് കേരളത്തിലെ മാറ്റം പോലെയല്ല. അവിടെ ബന്ധപ്പെട്ട വിദഗ്ദ്ധരില്ല. പല നോർത്ത് ഇന്ത്യൻ സംസ്ഥാനങ്ങളിലും കോവിഡ് കാലത്ത് ചികിത്സയും ഓക്സിജനും കിട്ടാതെ നിരവധിപേർ മരിച്ചതും മൃതശരീരങ്ങൾ ഗംഗാ നദിയിൽ ഒഴുകിനടന്നതും കേന്ദ്ര ഗവൺമെന്റിന്റെ ആരോഗ്യനയത്തിലുണ്ടായ

പിടിപ്പുകേടുകൊണ്ടാണ്. മുമ്പത്തെയും ഇപ്പോഴത്തെയും കേന്ദ്ര ഗവൺമെന്റിന്റെ രീതികളല്ല കേരളത്തിന്റേത്, കേരളത്തിന് എപ്പോഴും തനതായ പൊതുജനാരോഗ്യ നയമുണ്ട്. അത്രയും വിശദമായി പോകാതിരിക്കാനാണ് ഞാൻ ആദ്യം അത് പറയാതിരുന്നത്. അതുകൊണ്ടാണ് ആർദ്രം മിഷന്റെ ഭാഗമായി ധർമ്മാശുപത്രി എന്നുപറഞ്ഞിരുന്ന ആശുപത്രികൾ ഇപ്പോൾ ഫാമിലി ഹെൽത്ത് സെന്ററുകളായി മാറിയത്. അവിടെ മരുന്നിന്റെ ഗന്ധമില്ല. രോഗികൾക്ക് എല്ലാ സംവിധാനങ്ങളുമൊരുക്കിയത് വലിയ മാറ്റമായിരുന്നു. പൊതുജനാരോഗ്യ നയത്തിൽ കേരളത്തിലെ ഒന്നാം പിണറായി വിജയൻ ഗവൺമെന്റ് വളരെ വ്യക്തമായിത്തന്നെ ചില ഇടപെടലുകൾ നടത്തിയിട്ടുണ്ട്. പക്ഷേ ബഹുമാനപ്പെട്ട അംഗങ്ങൾ അറിയേണ്ടത്, ഈയൊരു ബിൽ ചർച്ച ചെയ്യുമ്പോഴും എല്ലാം മാറിയെന്ന് പറയാൻ പറ്റുമോ? അങ്ങനെ പറയാൻ പറ്റില്ല. കാരണം അത്രയധികം കുത്തഴിഞ്ഞ ഒരു സംവിധാനമായിരുന്നു അത്. പതിനാലാം കേരള നിയമസഭയിൽ യു.ഡി.എഫ്.-ന്റെ മുൻ ആരോഗ്യ വകുപ്പുമന്ത്രി പ്രതിപക്ഷത്തുണ്ടായിരുന്നു. ആലപ്പുഴ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് ധാരാളം പ്രശ്നങ്ങളായിരുന്നു ഞങ്ങൾ എന്നും നേരിട്ടിരുന്നത്. ബഹുമാനപ്പെട്ട അംഗം എച്ച്. സലാം അതിന്റെ ചുമതല വഹിക്കുന്നയാളായിരുന്നു. മത്സ്യത്തൊഴിലാളികൾക്ക് ചികിത്സ കിട്ടുന്നില്ല, ഹൃദ്രോഗികൾ മരിക്കുന്നു തുടങ്ങിയ കാരണങ്ങളാൽ അവിടെ എല്ലാ ദിവസവും ഉപരോധമായിരുന്നു. കാരണം അത്രയും കുത്തഴിഞ്ഞ ഒരു സമയമായിരുന്നു അത്. ഒരു സിനിമയിൽ നായകൻ പറഞ്ഞതുപോലെ യു.ഡി.എഫ്.-ന്റെ കാലത്ത് ആതുരാലയങ്ങളുടെ സംവിധാനം "മോശം മോശം മോശം, വളരെ മോശ"മെന്നുള്ളതാണ്. ആ വളരെ മോശത്തിൽനിന്നാണ് എൽ.ഡി.എഫ്. സർക്കാർ ഇത്രയും സംവിധാനത്തിലേയ്ക്ക് കൊണ്ടുവന്നത്. ബെയ്സ് ഇല്ലാതെയായിരുന്ന അവിടെനിന്ന് കെട്ടിപ്പൊക്കിയത്. ഞാൻ ചെറിയ കുട്ടിയായിരുന്നപ്പോഴുള്ള കാര്യം ഓർക്കുകയാണ്. ആലപ്പുഴ മെഡിക്കൽ കോളേജ് അന്ന് കളക്ടറേറ്റിനടുത്താണ്. അവിടെ പോയാൽ നമ്മുടെ കണ്ണ് നിറഞ്ഞുപോകുന്ന അവസ്ഥയായിരുന്നു. അത്രയ്ക്ക് മോശപ്പെട്ട അവസ്ഥയിലായിരുന്നു. അതിനുശേഷം ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന അവസരത്തിലാണ് വണ്ടാനം മെഡിക്കൽ കോളേജിൽ കോംപ്ലക്സുകൾ നിർമ്മിക്കുന്നത്. അവിടെ താമസിക്കുന്നവരെന്ന നിലയിൽ ആ ചരിത്രവും ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഭരണത്തിലിരുന്ന സമയവുമൊക്കെ ഓർക്കുകയാണ്. ആലപ്പുഴയിലെ കാര്യം മാത്രമല്ല, കേരളത്തിലുടനീളം വലിയ മാറ്റങ്ങളുണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇനിയും ഒരുപാട് കാര്യങ്ങൾ ചെയ്യേണ്ടതുണ്ടെന്ന് സാന്ദർഭികമായി സൂചിപ്പിക്കുകയാണ്. ശ്രീ. പി. വി. ശ്രീനിജിൻ സൂചിപ്പിച്ചതുപോലെ ആയുർവ്വേദത്തിനും

ഹോമിയോപ്പതിക്കും ടെർഷ്യറി അല്ലെങ്കിൽ സെക്കണ്ടറി പരിഗണനയായിപ്പോകുമോ എന്നൊരാശങ്ക അവരും മുന്നോട്ടുവയ്ക്കുന്നുണ്ട്. രജിസ്ട്രേഷൻ കൃത്യമാക്കുക, യോഗ്യത നിർണ്ണയിക്കുക, വ്യാജന്മാരുടെ സാന്നിദ്ധ്യം ഒഴിവാക്കുക, വർഷങ്ങൾക്കുമുമ്പ് പാരമ്പര്യ ചികിത്സ ചെയ്തിരുന്നവർക്ക് ബുദ്ധിമുട്ട് വരാത്തരൂപത്തിൽ അവരെ മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുക തുടങ്ങിയ നല്ല ഉദ്ദേശ്യങ്ങളോടുകൂടി ത്തന്നെയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. കാലാനുസൃതമായ പരിഷ്കാരങ്ങൾ ഈ ബില്ലിൽ മുന്നോട്ടുവയ്ക്കുന്നുണ്ട്. കൗൺസിലിനുകീഴിൽ ഒറ്റ ബിൽഡിംഗും ഒറ്റ രജിസ്ട്രാറും എന്നാണെങ്കിലും രജിസ്റ്ററുകൾ വേറെതന്നെയാണ്. അവരുടെ പ്രശ്നങ്ങൾ പ്രത്യേകമായി കേൾക്കാൻ കഴിയും. ഈ മൂന്ന് വിഭാഗങ്ങളുടെയും കൃത്യമായ ചികിത്സയും വ്യാപനവും കേരള സമൂഹത്തിന് ലഭിക്കാൻവേണ്ടിയുള്ള പരിശ്രമമാണ് ഈ ബില്ലിന്റെ ഭാഗമായി വരുന്നത്. ക്ലിനിക്കൽ സ്ഥാപനങ്ങൾ ഭേദഗതി ബില്ലിന്റെ ഭാഗമായി നേരത്തേ പറഞ്ഞു, നിഷ്കർഷിച്ച പ്രകാരമുള്ള സ്പെസിഫിക്കേഷൻ ഇല്ലാത്തതുകൊണ്ട് രണ്ടായിരത്തോളം ക്ലിനിക്കുകൾ കേരളത്തിൽ പൂട്ടിക്കേണ്ടിവന്നിട്ടുണ്ടെന്ന്. അവിടെയും ഒരു പരിശോധന ആവശ്യമാണ്. കാരണം കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന ചില നയങ്ങളും മാനദണ്ഡങ്ങളും അനുസരിച്ച് ചില ക്ലിനിക്കുകൾക്ക് മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യം കേരളത്തിൽ വന്നിട്ടുണ്ട്. എന്നാൽ കോർപ്പറേറ്റ് ഹോസ്പിറ്റലിനെപ്പറ്റിയേ അല്ല പറയുന്നത്, സിംഗിൾ ഡോക്ടേഴ്സ് ക്ലിനിക്ക് നാട്ടിൻപുറങ്ങളിൽ ഒരു അവിഭാജ്യ ഘടകമായിട്ടുണ്ട്. കാരണം, എഫ്.എച്ച്.സി.-കളിൽ ഒരു ദിവസം നാനൂറോളം ഒ.പി.-യാണ് വരുന്നത്. ഞങ്ങളുടെ താലൂക്ക് ആശുപത്രിയിൽ 1000 ഒ.പി.-യാണ് വരുന്നത്. കാരണം സർക്കാർ ആശുപത്രികളെ ജനങ്ങൾ ആശ്രയിക്കുന്നുണ്ട്, അവർക്ക് വിശ്വാസമുണ്ട്. സ്വാഭാവികമായും ഈ ചെറിയ ആശുപത്രികളും നമ്മുടെ ആശുപത്രികളുംകൂടി ചേർന്നാണ് കേരളത്തിന്റെ ആരോഗ്യമേഖലയ്ക്ക് വലിയ സംഭാവന നൽകുന്നത്. അത്തരത്തിലുള്ള പുനഃപരിശോധന ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിന്റെ ഭാഗമായി ഉണ്ടാകേണ്ടതാണ്. പ്രധാനമായും എടുത്തുപറയേണ്ട കാര്യമാണ് ഡോക്ടർമാർക്കുനേരെയുള്ള അതിക്രമം. ആരോഗ്യ മേഖലയിൽ റിസപ്ഷനിസ്റ്റ് മുതൽ എൺപത് ശതമാനത്തോളവും സ്ത്രീകളാണ് ജോലി ചെയ്യുന്നത്. പലപ്പോഴും അവർ പല ദ്വയാർത്ഥ പ്രയോഗങ്ങളും കേൾക്കേണ്ടിവരുന്നുണ്ട്. നമ്മൾ സ്നേഹത്തോടെ 'സിസ്റ്റർ' എന്ന് വിളിക്കുന്നത് ആരോഗ്യ മേഖലയിലെ സിസ്റ്റേഴ്സിനെയാണ്. നാട്ടിൽ ഇപ്പോൾ സിസ്റ്റർ എന്ന് അധികം സംബോധനയില്ല. ഈ കോവിഡ് കാലഘട്ടത്തിൽ അവരനുഭവിച്ച മാനസിക വിഷമം വളരെ വലുതാണ്. അവരെ മാറ്റിനിർത്തിക്കൊണ്ട് ഇതൊന്നും ചർച്ച ചെയ്തുപോകാൻ കഴിയില്ല. ഇത്തരത്തിലുള്ള നിയമങ്ങൾ വരുമ്പോൾ ആരോഗ്യ

പ്രവർത്തകർക്കുനേരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കാൻ ശ്രമിക്കണം. അതൊരു പാരസ്പര്യ സൗഹൃദമാണ്, തിരിച്ചറിവാണ്. നിയമത്തേക്കാളുപരിയായി അത് ജനങ്ങൾ തമ്മിലുള്ള ഒരു തിരിച്ചറിവായിരിക്കണം. അതുപോലെ, തുടർ വിദ്യാഭ്യാസത്തിനുള്ള ഒരു സാഹചര്യം ഈ ബില്ലിൽ പറയുന്നുണ്ട്. തീർച്ചയായും തുടർ വിദ്യാഭ്യാസമുണ്ടാകണം, ഗവേഷണം അനിവാര്യമാണ്. പകർച്ചവ്യാധികൾ വരുന്നുവെന്ന് എല്ലാവരും പറയുന്നു. നമ്മുടെ ഹാബിറ്റുകളെക്കുറിച്ചുകൂടി ഈ ബില്ലിന്റെ ചർച്ചയിൽ ഉൾപ്പെടുത്തണം. സമൂഹത്തിൽ പുരോഗമനം പറഞ്ഞാലും മാലിന്യങ്ങൾ വലിച്ചെറിയുന്ന രീതി നമ്മൾ മാറ്റുന്നില്ല. മാലിന്യ സംസ്കരണ പരിപാടികൾ ഗവൺമെന്റ് വിഭാവന ചെയ്താൽപ്പോലും പല നഗരസഭകൾക്കും ചെയ്യാൻ കഴിയില്ല. പകർച്ചവ്യാധികളും മാലിന്യവും തമ്മിൽ ബന്ധമുണ്ട്. നിയമസഭാംഗങ്ങൾ മാത്രം വിചാരിച്ചാൽ ഒന്നും നടക്കില്ല. ഇതിനെക്കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരേക്കേണ്ടതുണ്ട്. ചില റിസർച്ചുകൾ ഇതുമായി ബന്ധപ്പെട്ട് കൊണ്ടുവരാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്. രോഗങ്ങളെ ജയിക്കുന്ന ആളാണ് ഡോക്ടർ. രോഗങ്ങളെ ജയിക്കുന്ന ഡോക്ടർമാരെ എല്ലാ അർത്ഥത്തിലും ബഹുമാനിക്കണം. നേരത്തേ ഒരംഗം പറഞ്ഞതുപോലെ, അവർ ദൈവതുല്യരാണ്, അവരെ അങ്ങനെയാണ് നമ്മൾ കാണുന്നത്. അവർ തിരിച്ച് ജനങ്ങളോടും അങ്ങനെതന്നെയായിരിക്കണം. ആരോഗ്യരംഗം ജീവനുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് ഒരു പൂജപോലെ, വലിയ നിഷ്ഠയോടെ കാണേണ്ടതും ആരാധനയായി കൊണ്ടുപോകേണ്ടതുമാണ്. അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി എന്ന മൂന്ന് വിഭാഗങ്ങളും പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിന് വേണ്ടിയായിരിക്കണം. ഹോമിയോ വകുപ്പ് രോഗപ്രതിരോധത്തിന് ഒരുപാട് മരുന്ന് കൊടുക്കുന്നുണ്ട്. ആയുർവ്വേദത്തിന്റെ സംഭാവനയും നമുക്കൊരിക്കലും വിസ്മരിക്കാൻ കഴിയാത്തതാണ്. അവരുടെയിടയിൽ പരസ്പരം സൗഹാർദ്ദമുണ്ടാകണം. അവർക്ക് സംരക്ഷണം നൽകണം. ഒരാൾ എം.ബി.ബി.എസ്. പഠിച്ചിറങ്ങുമ്പോൾ ഊണും ഉറക്കവും നഷ്ടപ്പെടുന്നതടക്കം അഞ്ചുവർഷം വലിയ പ്രയത്നമാണെടുക്കുന്നത്. അവർക്ക് സംരക്ഷണം കൊടുത്തുകൊണ്ട് അവരുടെ മാനസിക നിലവാരത്തിൽ മുന്നോട്ടുകൊണ്ടുപോകാനും നമുക്കുകഴിയണം. "തന്നെ ഭജിക്കുന്നവനെ ഭജിച്ചിടും അന്യഭാവം പരമാത്മാവിനല്ലല്ലോ" എന്നൊരു ചൊല്ലുണ്ട്.

ശ്രീ. എച്ച്. സലാം: സർ, മെഡിക്കൽ പ്രാക്ടീസുമായി ബന്ധപ്പെട്ട കാര്യത്തിൽ പ്രധാനപ്പെട്ട പ്രശ്നമാണ് മെഡിസിൻ. ദൃശ്യ, അച്ചടി മാധ്യമങ്ങൾവഴി ഒറ്റമൂലി എന്ന നിലയിലുള്ള, യാതൊരു ശാസ്ത്രീയ അടിസ്ഥാനവുമില്ലാത്ത മരുന്നുകൾ പ്രചരിക്കപ്പെടുകയും ഉപയോഗിക്കുകയും ചെയ്യുന്നു. ഇത്തരം കാര്യങ്ങൾക്കുകൂടി നിയന്ത്രണം വരേണ്ടതല്ലേ?

ശ്രീമതി യു. പ്രതിഭ: സർ, തീർച്ചയായും അത്തരത്തിൽ വ്യാപകമായ ചർച്ചയ്ക്ക് ഈ രണ്ട് ബില്ലുകളും വഴിവയ്ക്കുമെന്നതുതന്നെയാണ് ഇതിന്റെ പോസിറ്റീവായിട്ടുള്ള വശം. എന്ത് വ്യത്യാസമാണ് ഈ ഗവൺമെന്റ് കൊണ്ടുവന്നതെന്ന് നേരത്തെ പ്രതിപക്ഷം ചോദിച്ചു. ഒരുപാട് വ്യത്യാസങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. നിരവധി മാറ്റങ്ങൾ വന്നിട്ടുണ്ടോയെന്ന് ചോദിച്ചാൽ കുത്തഴിഞ്ഞ മേഖലയെ നന്നാക്കിയെടുക്കാൻ കുറച്ച് പ്രയാസങ്ങളുണ്ടായിരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പിൽ പുതുതായി നാലായിരത്തിലധികം പേരെ നിയമിക്കാൻ കഴിഞ്ഞിട്ടുണ്ട്. ദേശീയതലത്തിലെ ഏറ്റവും മികച്ച ആരോഗ്യ സ്ഥാപനങ്ങളായി സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളെ മാറ്റിയെടുക്കാൻ ഒരു പരിധിവരെ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി കേരളത്തിലെ ആരോഗ്യമേഖലയെ കാണാൻ കഴിയുകയില്ല. എന്നാൽ കോർപ്പറേറ്റ് സ്ഥാപനങ്ങളിലേയ്ക്ക് ചികിത്സതേടി ആളുകൾ പോകുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു കാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കോർപ്പറേറ്റ് സ്ഥാപനങ്ങളിലേയ്ക്ക് ആളുകൾ പോകുന്നത് നല്ല ചികിത്സ അവിടെ കിട്ടുമെന്നുള്ള പ്രതീക്ഷയിലാണ്. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ടുള്ളവർ അത്തരം ആശുപത്രികളിൽ ചികിത്സയിലിരിക്കെ മരണപ്പെട്ടാൽ അവരുടെ മൃതശരീരം വിട്ടുകിട്ടുന്നതിന് പ്രയാസങ്ങളുണ്ട്. ഇക്കാര്യത്തിൽ എല്ലാ ജനപ്രതിനിധികളും ഇടപെടേണ്ടിവരുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവിടെ ഒരു നിയന്ത്രണം കൊണ്ടുവരാൻ ശ്രമിക്കണം. ഇത് ഏറ്റവും വേദനാജനകമായിട്ടുള്ള കാര്യമാണ്. ചില പാവപ്പെട്ട മനുഷ്യർ കോർപ്പറേറ്റ് ഹോസ്പിറ്റലുകളെ ആശ്രയിക്കുന്നതിനെ കുറ്റം പറയാൻ നമുക്ക് സാധിക്കില്ല. ഫൈവ് സ്റ്റാർ ഫെസിലിറ്റി ഇത്തരം കോർപ്പറേറ്റ് ആശുപത്രികൾ കൊടുക്കുകയാണ്. പക്ഷേ ആ സേവനങ്ങളുടെ ചെലവ് താങ്ങാൻ കഴിയുന്നില്ലെങ്കിലും ജീവൻ രക്ഷിക്കേണ്ടതായിട്ടുണ്ട്. ഭാവിയിൽ തീർച്ചയായും നമ്മുടെ സർക്കാർ സംവിധാനം അതിലേയ്ക്കെത്തുമെന്നുള്ള കാര്യത്തിൽ ഇത്തരം ബില്ലുകൾ പ്രതീക്ഷ നൽകുകയാണ്. രോഗിയും ഡോക്ടറും ജനങ്ങളും ഭരണാധികാരികളും തമ്മിൽ പാരസ്പര്യമുണ്ടാകട്ടെ, അതിന് ഈ നിയമത്തിന് കഴിയട്ടെ എന്നുമാത്രം പറഞ്ഞുകൊണ്ട് കേരളത്തിലെ ഗവൺമെന്റ് ആരോഗ്യ മേഖലയിൽ നടത്തുന്ന സമഗ്രമായ ഇടപെടലുകൾക്ക് ആരോഗ്യ വകുപ്പുമന്ത്രിയെയും വകുപ്പിലെ മുഴുവൻ ജീവനക്കാരെയും അതോടൊപ്പം ഗവൺമെന്റിനെയും അഭിനന്ദിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. വി. കെ. പ്രശാന്ത് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ഡി. പ്രസേനൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന

1(എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട ചർച്ചയാണ് ഇവിടെ നടക്കുന്നത്. ആരോഗ്യരംഗത്ത് കേരളം വലിയ അത്ഭുതങ്ങൾ സൃഷ്ടിച്ച നാടാണെന്ന് എല്ലാവർക്കുമറിയാം. ഇന്ത്യയെപ്പോലുള്ള ഒരു പട്ടിണി രാജ്യത്താണ് കേരളം വ്യത്യസ്തമായി നിൽക്കുന്നതെന്നുള്ളതാണ് അതിന്റെ കാരണം. സാമൂഹ്യ-സാമ്പത്തികാസൂത്രണത്തിൽ ജനകീയ പങ്കാളിത്തമുറപ്പാക്കുന്നതിന്റെ ഭാഗമായി, വികസിത സമൂഹത്തോട് കിടപിടിക്കാൻ കഴിയുന്നതരത്തിലുള്ള ആയുർദൈർഘ്യം കേരളത്തിലെ സ്ത്രീസമൂഹത്തിന് നേടിക്കൊടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ആ ജനകീയവൽക്കരണ കാഴ്ചപ്പാടിന് തുടക്കംകുറിച്ചത് 1957-ലെ ഇ.എം.എസ്. സർക്കാരാണ്. അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി പാലക്കാട്ടുകാരനായ ഡോ. എ. ആർ. മേനോന്റെ നേതൃത്വത്തിൽ നടത്തിയ ജനകീയ കാഴ്ചപ്പാടിന്റെ തുടർച്ചയും സംരക്ഷണവുമെല്ലാം പിന്നീടുവന്ന കേരള സർക്കാർ പൊതുവെ സ്വീകരിച്ചിട്ടുണ്ടെന്ന് പറയാതിരിക്കാൻ കഴിയില്ല. എന്നാൽ ആരോഗ്യ മേഖലയിലെ ജനകീയവൽക്കരണത്തിന്റെ കുതിച്ചുചാട്ടം ദൃശ്യമായത് ഒന്നാം പിണറായി സർക്കാരിന്റെ ഭരണകാലത്തായിരുന്നു. ആരോഗ്യമേഖലയ്ക്കുവേണ്ടി എല്ലാ വകുപ്പുകളെയും കോർത്തിണക്കുന്നതിന് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയനും ആരോഗ്യമേഖലയെ ദൂരെനിന്നും വീക്ഷിക്കുന്ന, ബഹുജനങ്ങളെപ്പോലും ഒരമ്മയെപ്പോലെ മാടിവിളിച്ച് ഈ മേഖലയുടെ സുരക്ഷയ്ക്കുവേണ്ടി സംവിധാനമൊരുക്കിയ ശ്രീമതി കെ. കെ. ശൈലജ ടീച്ചറും അത്ഭുതം സൃഷ്ടിച്ച വർഷങ്ങളായിരുന്നു കഴിഞ്ഞ അഞ്ച് വർഷം. അതിന്റെ തുടർച്ചയിൽ കൂടുതൽ ശാസ്ത്രീയമായ രീതികൾ ലക്ഷ്യമാക്കിയാണ് ഈ സർക്കാരും ബഹുമാനപ്പെട്ട മന്ത്രിയും മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ അവരുടെ നിലപാട് കേരളത്തിലെ ഏറ്റവും മഹത്തരമായ മാറ്റങ്ങൾക്ക് കാരണമായിത്തീരും. ആശുപത്രി കെട്ടിടങ്ങളുടെയും ലാബുകളുടെയും ഗുണമേന്മയും ജീവനക്കാരുടെ യോഗ്യതയും ഉറപ്പുവരുത്തുന്നതിനാണ് ഈ ബില്ലിനെ ആക്ടാക്കാൻ പോകുന്നത്. സർക്കാർ സംവിധാനങ്ങളും സ്വകാര്യമേഖലയും ഒരുമിച്ചാണ് ആരോഗ്യ പരിരക്ഷ കൈവരിക്കുന്നത്. പൊതുവിദ്യാഭ്യാസ മേഖല പോലെത്തന്നെ സർക്കാർ സംവിധാനവും സ്വകാര്യ സംവിധാനവുമുണ്ട്. ആരോഗ്യമേഖല ഇതിന് സമാനമാണ്. സ്വകാര്യമേഖലയെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടല്ല നമ്മൾ മുന്നോട്ടുപോകുന്നത്. കേരളത്തിലെ സ്വകാര്യ വ്യക്തികളുടെ ആതുരാലയങ്ങൾപോലും പൊതുതാൽപ്പര്യം മുൻനിർത്തിയായിരുന്നു ആദ്യകാലത്ത് പ്രവർത്തിച്ചിരുന്നത്. രാജാക്കന്മാർ സ്ഥാപിച്ച ആതുരാലയങ്ങളും സർക്കാരിന്റെ നേതൃത്വത്തിലും സ്വകാര്യ വ്യക്തികളുടെ നേതൃത്വത്തിലും സ്ഥാപിച്ച ആതുരാലയങ്ങളും ഉണ്ടായിരുന്നു. ഇതിനൊന്നും ഒരു വകഭേദവുമില്ലായിരുന്നു. അവർ ഉയർത്തിപ്പിടിച്ച ഒരു മാനവികതയുണ്ടായിരുന്നു. ഇത്തരം ആശുപത്രികളിൽ, ക്ലിനിക്കുകളിൽ ആ മാനവികതയിലൂന്നിക്കൊണ്ടുള്ള ആതുര

സേവന സംസ്കാരമാണ് കേരളത്തിൽ നമുക്ക് കാണാൻ കഴിഞ്ഞിട്ടുള്ളത്. കള്ളവും ചതിയും പൊളിവചനങ്ങളും എള്ളോളമില്ലാതിരുന്ന കേരളീയ ആരോഗ്യ സംവിധാനത്തിലെ ചരിത്രം അതുകൊണ്ടുതന്നെ അഭിമാനം പകരുന്നതാണെന്ന് എല്ലാവർക്കുമറിയാം. കേരളത്തിൽ എല്ലാ ഗ്രാമങ്ങളിലും ഇത്തരത്തിലുള്ള ആരോഗ്യപരിരക്ഷാ കേന്ദ്രങ്ങളുണ്ടായിരുന്നു. അവിടെയെല്ലാം മനുഷ്യത്വമുള്ള ഡോക്ടർമാരും അവരോടൊപ്പംനിന്ന സഹായികളും നമ്മുടെ സൗഭാഗ്യമായിരുന്നു. ഒരു നയാപൈസപോലും പ്രതിഫലം കൈപ്പറ്റാതെ നാട്ടുകാരുടെ ജീവൻ രക്ഷിച്ചിരുന്ന അത്തരം ചികിത്സാലയങ്ങൾ ഉയർത്തിപ്പിടിച്ച മാനവീകത അപ്രത്യക്ഷമാകുന്ന കാലത്താണ് നമ്മൾ ഈ ചർച്ചയ്ക്ക് തുടക്കംകുറിച്ചത്. ലാഭക്കൊതിയന്മാരുടെ കച്ചവടകേന്ദ്രങ്ങളായി കേരളത്തിലെ ആശുപത്രികളും ആരോഗ്യസംവിധാനങ്ങളും മാറാതിരിക്കാനുള്ള ജാഗ്രത അനിവാര്യമാണ്. ആ ജാഗ്രതയുടെ ഭാഗമായിട്ടാണ് ഇത്തരം ബില്ലുകൾ നിയമമാക്കി മാറ്റാൻ നമ്മൾ പരിശ്രമിക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കാലത്തിനനുസരിച്ച് നമ്മൾ ജാഗ്രതപ്പെടുകയും ഇതിൽ കടന്നുവരുന്ന കള്ളനാണയങ്ങളെ തുറന്നു കാണിക്കുകയും ചെയ്യില്ലെങ്കിൽ, ഇപ്പോൾ സംഭവിക്കുന്ന പലതെറ്റുകളും ആവർത്തിക്കപ്പെടും. ഒരു രോഗത്തിന് ഒരു ആരോഗ്യവിഭാഗത്തിലേയ്ക്ക് കടന്നുവരുന്ന രോഗികളെ അലോപ്പതി, ആയുർവ്വേദം, ഹോമിയോ ഏതുമായിക്കോട്ടെ വ്യത്യസ്ത ക്ലിനിക്കുകളിൽ വ്യത്യസ്ത ടെസ്റ്റുകൾക്ക് വിധേയമാക്കുകയാണ്. വ്യത്യസ്ത മരുന്നുകളും വ്യത്യസ്ത ചികിത്സകളും അവിടെനിന്നുതന്നെ നൽകപ്പെടുകയാണ്. തത്ഫലമായി ഒരു രോഗിയെ വിവിധ രോഗങ്ങളാൽ പ്രയാസപ്പെടുന്ന ഒരാളാക്കി മാറ്റുന്ന കാഴ്ചയാണ് കാണുന്നത്. അവസാനം ഒന്നുകിൽ മരണം അല്ലെങ്കിൽ മരണംവരെയുള്ള വെന്റിലേറ്ററിനായുള്ള വെയിറ്റിംഗും. ഇതാണ് പണങ്ങളുക്കത്തിന്റെ പിൻബലത്തിൽ സ്വകാര്യ ആശുപത്രികൾ ഇപ്പോൾ സ്വീകരിക്കുന്ന ഒരു അടവ്. പുതിയകാലത്ത് ഉയർന്നുവന്ന ഇത്തരം പല തെറ്റുകളെയും നല്ല ആരോഗ്യത്തോടെ നേരിടാൻ ഈ സഭയ്ക്കും കേരളീയ സമൂഹത്തിനും കഴിയണം. ഏറ്റവും വലിയ ഭയം ജീവഭയമാണെന്നതിൽ ആർക്കും തർക്കമുണ്ടാവില്ല. പക്ഷെ സെഞ്ചറി അടിച്ചാലും ജീവിതത്തോട് വല്ലാത്ത പ്രണയം കാണിക്കുന്ന ഒരു സമൂഹമാണ് കേരളത്തിലുള്ളത്. ജീവിതത്തോടുള്ള ആ അമിതാസക്തി മുതലെടുക്കുകയാണ് ഇത്തരം ആശുപത്രികൾ ചെയ്യുന്നത്. മനുഷ്യരെ ഭയപ്പെടുത്തുക, എന്നിട്ട് കീഴ്പ്പെടുത്തി, കളവുനടത്തി കൊള്ളസങ്കേതം നടത്താൻ ക്ലിനിക്കുകൾ സ്ഥാപിക്കുകയെന്ന നിലവാരത്തിലേയ്ക്ക് നമ്മൾ താഴാൻ പാടില്ല. അത്തരത്തിൽ മാറുന്ന ക്ലിനിക്കുകൾക്ക് ക്ലിപ്പിടാൻ ഈ നിയമങ്ങൾ ഉപകരിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഏത് നിസ്സാര രോഗത്തിനും വിലകൂടിയ മരുന്നുകൾ തേടിപ്പോകുന്ന ഒരു കൂട്ടം ആളുകളും ആരോഗ്യമേഖലയിലെ ഇന്നത്തെ പല തെറ്റുകൾക്കും കാരണക്കാരാണ്. ആശുപത്രി നടത്തുന്ന മുതലാളിമാർ മാത്രമല്ല ചില

മനുഷ്യരുടെ മാനസികാവസ്ഥയാണ് അതിനേക്കാൾ അപകടകാരികളായി വരുന്നത്. എന്റെ നാടായ പാലക്കാട് ജില്ലയിലെ ആലത്തൂരിൽ ഡോ. ആന്റോ എന്ന് പേരുള്ള വളരെ പ്രശസ്തനായ ഒരു ത്വക്ക്രോഗ വിദഗ്ധനുണ്ടായിരുന്നു. അദ്ദേഹം സർക്കാർ സർവ്വീസിലായിരുന്നു. കേരളത്തിലെ മിക്കവാറും പഴയകാല ഡോക്ടർമാർക്കെല്ലാം അദ്ദേഹത്തെ അറിയാം. കഴിഞ്ഞവർഷമാണ് അദ്ദേഹം മരണപ്പെട്ടത്. രോഗികളെ ചികിത്സിക്കാൻ കഴിയുന്ന കാലത്തോളം ചികിത്സിച്ചിരുന്ന മനുഷ്യനാണ്. സമീപകാലംവരെ അദ്ദേഹത്തിന്റെ ചികിത്സാ ഫീസ് മുപ്പത് രൂപയായിരുന്നു. അദ്ദേഹം പരമാവധി മരുന്ന് എഴുതാറില്ല. 'രണ്ട് നേരം കുളിച്ചാൽ മതി, സോപ്പ് തേച്ച് കഴുകിയാൽ മതി' എന്നെല്ലാം പറഞ്ഞ് അദ്ദേഹം രോഗികളെ വിടും. അല്ലെങ്കിൽ ചില ഭക്ഷണ ക്രമീകരണങ്ങൾ വരുത്താൻ പറയും. അവസാനം നിർബന്ധിച്ച് മരുന്നെഴുതിയാൽത്തന്നെ അഞ്ചോ പത്തോ രൂപയേ ആവുകയുള്ളൂ. ഇതുകൊണ്ട് തൃപ്തിയാകാത്ത പലരോഗികളും വിലകൂടിയ മരുന്നെഴുതുന്ന ഡോക്ടർമാരെയും ആശുപത്രിയെയും തേടിപ്പോകും. വർഷങ്ങൾ അതിന്റെ പുറകെ നടന്ന് തിരിച്ച് ഇതേ ഡോക്ടറുടെ അടുത്തുവന്ന് പഴയ അഞ്ച് രൂപയുടെ മരുന്നുതേച്ച് അസുഖം മാറിയ കഥ ഇന്നും ആ നാട്ടിൽ പറഞ്ഞുകേൾക്കാറുണ്ട്. അതുപോലെതന്നെ എന്റെ നാട്ടിൽ മനുഷ്യസ്നേഹിയായ മറ്റൊരു സർക്കാർ ഡോക്ടറുണ്ട്. അദ്ദേഹം ജില്ലാ ആശുപത്രി സൂപ്രണ്ടായി റിട്ടയർ ചെയ്തയാളാണ്. അദ്ദേഹത്തിന്റെ ഒരു അനുഭവം പറയാറുണ്ട്. സാധാരണ ഒരു ജലദോഷപനി വന്ന രോഗികളോട് അദ്ദേഹം പറയും 'ഞാൻ മരുന്ന് തന്നത് കഴിച്ചാൽ ഒരാഴ്ചകൊണ്ട് ഈ പനി മാറും, ഇനി അഥവാ ഈ മരുന്ന് കഴിച്ചില്ലെങ്കിൽ ഏഴ് ദിവസംകൊണ്ട് പനി മാറും. എന്താണ് ചെയ്യേണ്ടത്?' എന്ന്. 'എന്തായാലും മരുന്ന് എഴുതി തരൂ' എന്നാണ് രോഗികൾ പറയുന്നത്. ഇതിന് മരുന്ന് കഴിക്കേണ്ട കാര്യമില്ല, ചുമ്മാ ഇരുന്നാൽ മതി, ഒരാഴ്ചകൊണ്ട് മാറുമെന്ന് ഡോക്ടർ പറയുകയാണ്. എന്നാലും മരുന്ന് നിർബന്ധിച്ച് എഴുതിവാങ്ങുന്ന രോഗികളാണ് നാട്ടിലുള്ളത്. ഇതൊരു മാനസിക രോഗമാണ്. ഈ മാനസികാവസ്ഥയെ മുതലെടുക്കാൻ കാത്തിരിക്കുന്ന ആശുപത്രികൾ ചെയ്യുന്നതെന്താണ്? തലവേദനയുമായി ഒരാൾ വന്നാൽ ആ ആശുപത്രിയുടെ ഒരറ്റം മുതൽ മറ്റേയറ്റം വരെ നിരത്തിവച്ചിരിക്കുന്ന എല്ലാ യന്ത്രങ്ങളിലും ഇവരെ കയറ്റിയിറക്കും, എല്ലാ സ്പെഷ്യലിസ്റ്റുകളുടെയും തിരുമുഖം കാണിച്ചുകൊടുക്കും. എന്നിട്ട് ഒരു പാരസെറ്റമോളിൽ തീർക്കേണ്ട വിഷയത്തെ ഒരു ടെലിവിഷൻ പരമ്പരപോലെ വലിച്ചുനീട്ടി പരലോകപ്രവേശം അടുക്കുന്നതുവരെ ആ ആശുപത്രിയിലെ അന്തേവാസിയാക്കി മാറ്റും. അതാണ് ഇവരുടെ സൂത്രം. അതിന് അന്ത്യം കുറിക്കാൻ നമുക്ക് ഈ ബില്ലിലൂടെ കഴിയണം. മരുന്ന് കമ്പനി മുതലാളിമാർ ലോകത്തിലെ ഏറ്റവും വലിയ കുത്തക മുതലാളിമാരായി മാറിയിരിക്കുകയാണ്. അവരുടെ വ്യാപാര ലെവൽ കൂട്ടുന്നതിനുവേണ്ടി ഇപ്പോൾ

അവർ കണ്ടുപിടിച്ച ഒരു സൂത്രം, മനുഷ്യരിലുണ്ടാകുന്ന അപകടകരമായ കൊളസ്ട്രോളിന്റെയും ഷുഗറിന്റെയും അളവിന്റെ ലെവൽ കുറച്ചു കൊണ്ടിരിക്കുകയെന്നതാണ്. ആരാണ് ഈ കണ്ടെത്തൽ നടത്തിയതെന്നറിയില്ല. 1970-80-കളിൽ പഠിച്ചിരുന്ന ഡോക്ടർമാർ പറയുന്നത് അവരുടെ പഠന കാലയളവിൽ കൊളസ്ട്രോൾ ലെവൽ 250-ഉം ഫാസ്റ്റിംഗ് ഷുഗർ ലെവൽ 120-ഉം ആയിരുന്നുവെന്നാണ്. അതിപ്പോൾ യഥാക്രമം 200, 100 എന്നിങ്ങനെ കുറയ്ക്കാൻ ചിലർ തീസിസുകളിറക്കി ജീവിതകാലം മുഴുവൻ statin മരുന്നുകൾ കഴിക്കേണ്ടിവരികയാണ്. ഈ വിഭാഗത്തിൽപ്പെട്ട മരുന്നുകളുൽപ്പാദിപ്പിക്കുന്ന ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് കുത്തക കമ്പനികളിലൊന്ന് അമേരിക്കയിലും മറ്റൊന്ന് യു.കെ.-യിലുമാണ്. അവർ പണം കൊടുത്തിറക്കുന്ന ചില തീസിസിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം പരിശോധനകൾ നടക്കുന്നത്. ജീവിതകാലം മുഴുവൻ ഈ മരുന്നുൽപ്പാദനവും കച്ചവടവും നടത്തിക്കാനുള്ള കുതന്ത്രമാണ് ഇതിലൂടെ നടക്കുന്നതെന്ന് കരുതുകയാണ്. മരുന്നുകളുടെ അമിത ഉപയോഗം മനുഷ്യരുടെ കിഡ്നിയെ എത്രത്തോളം ബാധിക്കുന്നുണ്ടെന്ന് കണ്ടുപിടിക്കാൻ ഒരു സർവ്വകലാശാല സ്ഥാപിക്കണമെങ്കിൽ അതിന് പറ്റിയ ഏറ്റവും നല്ല സ്ഥലമായി കേരളം മാറിക്കൊണ്ടിരിക്കുകയാണ്. 2017-18-ൽ 15,000 കോടി രൂപയുടെ മരുന്നാണ് കേരളത്തിലെ മനുഷ്യർ അകത്താക്കിയത്. അതിൽ 8,000 കോടി രൂപയുടെയും അലോപ്പതി മരുന്നായിരുന്നു. ഇതൊരു ഔദ്യോഗിക കണക്കാണ്. ലൈസൻസും രജിസ്ട്രേഷനുമില്ലാതെ കടകളിൽനിന്നും വ്യക്തികളിൽനിന്നും വാങ്ങിക്കഴിക്കുന്ന മരുന്നുകളുടെ കണക്കുകൂടി കൂട്ടിയാൽ നമ്മുടെ കണ്ണ് തള്ളിപ്പോകും. ഇതാണ് കേരളം മരുന്നിനോട് കാണിക്കുന്ന ആഭിമുഖ്യം എന്നുപറയുന്നത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സത്യത്തിൽ പ്രഷർ, ഷുഗർ, കൊളസ്ട്രോൾ എന്നതിനെ ഇപ്പോൾ പി.എസ്.സി. എന്നാണ് പറയുന്നത്. ഈ ജീവിതശൈലീ രോഗങ്ങൾ പണ്ടുകാലത്തുണ്ടായിരുന്ന രീതിയിലല്ല ഇപ്പോഴുള്ളത്. ഈ ചെറിയ രോഗംവച്ചാണ് വാണിജ്യാടിസ്ഥാനത്തിൽ നടത്തുന്ന എല്ലാ ആരോഗ്യ സ്ഥാപനങ്ങളും ആളുകളെ ചൂഷണം ചെയ്യുന്നത്. പണ്ട് ഫാമിലി പ്ലാനിംഗിനുവേണ്ടി സ്ഥാപിച്ച ഹെൽത്ത് സബ് സെന്ററുകളെ ശാക്തീകരിച്ച് അവിടെ ഇതുപോലെയുള്ള ജീവിതശൈലീ രോഗങ്ങൾക്ക് പരിഹാരം കാണുന്ന സംവിധാനമാണ് വേണ്ടത്. ഇപ്പോൾ അവിടെ ഡോക്ടർമാർ വരുന്നതേയില്ല. ദൂരെയുള്ള പി.എച്ച്.സി.-യിലും സി.എച്ച്.സി.-യിലുമാണ് പോകുന്നത്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ചൂഷണം ചെയ്യുന്ന ആശുപത്രികളുടെ കഥ പറയുമ്പോൾപ്പോലും കൊതിയാകുന്ന ഒരു പ്രദേശത്തുനിന്നാണ് ഞാൻ വരുന്നത്. ചൂഷണം ചെയ്യാൻപോലും ആശുപത്രിയില്ലാത്ത ഒരു പ്രദേശമാണ് എന്റെ

മണ്ഡലം. അവിടെ കോവിഡ് സമയത്ത് ചികിത്സ കിട്ടാതെ 22 പേർ മരിച്ച സംഭവം പലപ്പോഴും സഭയിൽ പറഞ്ഞതാണ്. കോവിഡ്കാലത്ത് എന്റെ ജില്ലയായ കാസർഗോഡുനിന്നും മംഗലാപുരത്തുപോയി ചികിത്സ കിട്ടാതെ മരിച്ചയാളുകളുടെ കുടുംബം സാമ്പത്തിക സഹായത്തിന് അപേക്ഷിക്കുമ്പോൾ മംഗലാപുരത്ത് മരിച്ച കാരണത്താൽ അവർക്ക് കേരളത്തിന്റെ സാമ്പത്തിക സഹായം ലഭ്യമാകാത്ത അവസ്ഥയുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കേരളം പ്രഥമ പരിഗണന കൊടുക്കേണ്ട വിഷയമാണ് ശ്രീ. എ. കെ. എം. അഷ്റഫ് പറഞ്ഞത്. ശ്രീ. ടി. വി. ഇബ്രാഹിം പറഞ്ഞതുപോലെ പൊതുവെ താഴേതലത്തിലുള്ള എല്ലാ ക്ലിനിക്കുകളും സംരക്ഷിക്കേണ്ടതുണ്ട്. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം ആശുപത്രി മാലിന്യങ്ങളാണ്. അത് പകർച്ചവ്യാധികൾക്കിടയാക്കുന്നുവെന്ന കണക്ക് ഗൗരവമാണ്. ലോകാരോഗ്യ സംഘടനയുടെ കണക്കുപ്രകാരം രോഗാണുവാഹിയായ സിറിഞ്ചുകൾവഴിയാണ് 32% ഹെപ്പറ്റൈറ്റിസ് ബി-യും 40% ഹെപ്പറ്റൈറ്റിസ് സി-യും പകരുന്നത്. 5% എച്ച്.ഐ.വി. കേസുകൾപോലും ഇതേ കാരണത്താലാണുണ്ടാകുന്നത്. ലോകത്ത് പ്രതിവർഷം നാല് ദശലക്ഷം കുട്ടികളുൾപ്പെടെ 5.2 ദശലക്ഷം പേർ മെഡിക്കൽ മാലിന്യങ്ങളിൽനിന്നുണ്ടാകുന്ന രോഗബാധമൂലം മരണപ്പെടുന്നുവെന്നാണ് കണക്ക്. ഇതെല്ലാം തടയാൻ ഈ ബിൽ ഒരു തുടക്കമാകുമെന്നാണ് ഞാൻ കരുതുന്നത്.

മറ്റൊരു അത്ഭുതകരമായ പ്രതിഭാസം, കേരളത്തിൽ ഗർഭം ധരിക്കുക എന്നുപറഞ്ഞാൽ രോഗിയാകുക എന്ന അർത്ഥത്തിലേയ്ക്ക് മാറുകയാണ്. ഗർഭാവസ്ഥയെ രോഗാവസ്ഥയാക്കുകയാണ് ഇത്തരം ക്ലിനിക്കുകളും ആശുപത്രികളും ചെയ്യുന്നത്. കേരളത്തിലെ സ്ത്രീകളിൽ പൊതുവെ കണ്ടുവരുന്ന ഒരു അസുഖം വിളർച്ചയാണ്, അത് ഇന്ത്യയിലാകമാനമുണ്ട്. എന്നാൽ ഇന്ത്യയിലുള്ള അത്രയും വിളർച്ച ബാധിച്ച രോഗികൾ കേരളത്തിലില്ല. എന്നാൽ ചില ജില്ലകളിൽ അനീമിയ ബാധിച്ച രോഗികളുടെ എണ്ണം കൂടുതലാണ്. പാലക്കാട് ജില്ലയിൽ 49 വയസ്സിന് താഴെയുള്ള സ്ത്രീകളിൽ ഏതാണ്ട് 49.6 ശതമാനം പേർക്ക് ഈ രോഗമുണ്ട്. ഗർഭകാലത്ത് അത് സ്ത്രീകളുടെ ആരോഗ്യത്തിന് പ്രശ്നമുണ്ടാക്കുമെന്നത് സത്യമാണ്. അതിന് അയൺ സപ്ലിമെന്റ് എന്തെങ്കിലും കൊടുത്താൽ പ്രശ്നം തീരും. പക്ഷെ ലോകത്തുള്ള എല്ലാ അസുഖത്തിന്റെയും വാഹകരാണ് ഇവരെന്ന് തെറ്റിദ്ധരിച്ച് എല്ലാ ടെസ്റ്റുകളും സ്കാനിംഗുകളും നടത്തി ഗർഭിണികളെ സ്ഥിര രോഗികളാക്കിമാറ്റുന്ന രീതി അവസാനിപ്പിക്കണം. ഇത്ര മരുന്ന് കൊടുത്തിട്ടും മതിയാകാത്ത ചില ആശുപത്രിക്കാർ ബന്ധുക്കളെ വിളിച്ച് പറയും 'സംഗതി പ്രശ്നമാണ്. കുട്ടി തലകീഴായി കിടക്കുകയാണ്' എന്ന്. സാധാരണനിലയിൽ പ്രസവസമയത്ത് കുട്ടി തലകീഴായിട്ടാണ് കിടക്കുക, തലയാണല്ലോ ആദ്യം

പുറത്തേയ്ക്കുവരുന്നത്. അങ്ങനെ തലകീഴായി കിടക്കുന്ന കുട്ടികളെ പുറത്തുകൊണ്ടു വരാൻ സിസേറിയൻ വേണമെന്ന് പറയും. അത്തരത്തിൽ സിസേറിയന് ക്വാട്ട നിശ്ചയിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ ആശുപത്രികൾ ശമ്പളത്തിൽ ഒരു ക്വാട്ട കൊടുത്തിരിക്കുകയാണ്, അത് നടപ്പാക്കപ്പെടുകയാണ്. ഇതിനൊരു മറുവശമുണ്ട്. കുടുംബാംഗങ്ങൾ, ഗർഭിണികൾ എന്നിവരുടെ നിർബന്ധം. സിസേറിയൻ നടത്തണമെന്ന് നിർബന്ധിക്കുന്ന പലരേയും നമുക്ക് കാണാൻ കഴിയും. ഇതിന് ഒരു ഘടകമായി മാറുന്നത് അന്ധവിശ്വാസമാണ്. അന്ധവിശ്വാസികളുടെ ഇടപെടൽ സിസേറിയന്റെ എണ്ണം വർദ്ധിപ്പിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സിസേറിയന്റെ കാര്യത്തെക്കുറിച്ചാണ് അങ്ങ് പറഞ്ഞത്. ചില ആളുകൾ നല്ല നാളിൽ കുഞ്ഞ് ജനിക്കാൻവേണ്ടിയാണ് സിസേറിയൻ നടത്തുന്നതെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ഡി. പ്രസേനൻ: സർ, അതാണ് ഞാൻ പറഞ്ഞുവന്നത്. ആലത്തൂർ നഗരത്തിലുള്ള ഒരു ആശുപത്രിയുണ്ട്. വളരെ പഴക്കംചെന്ന, പാരമ്പര്യമുള്ള ഒരു ക്ലിനിക്കാണ്. നോർമൽ ഡെലിവറി മാത്രമാണ് അവിടെ പ്രോത്സാഹിപ്പിക്കുന്നത്. വളരെ അപൂർവ്വഘട്ടത്തിൽ മാത്രമേ സിസേറിയൻ നടത്തുകയുള്ളൂ. എന്റെ ഒരു ബന്ധു പ്രസവത്തിനായി ആ ആശുപത്രിയിൽ കിടക്കുന്ന സമയത്ത് ഞാനവിടെ ചെന്നപ്പോൾ അവിടെ വലിയ ബഹളം നടക്കുകയാണ്. ഭാര്യയെ പ്രസവത്തിന് കൊണ്ടുവന്ന സർക്കാർ ഉദ്യോഗസ്ഥനായ ഭർത്താവ് ബഹളം വയ്ക്കുകയാണ്. കാരണമെന്താണ്? 'രണ്ട് ദിവസംകൂടി ക്ഷമിക്കണം, സാധാരണ നിലയിലുള്ള പ്രസവം നടക്കും' എന്ന് ഡോക്ടർ പറഞ്ഞപ്പോൾ ഈ വിദ്വാൻ പറയുകയാണ് 'ഒരു കാരണവശാലും സമ്മതിക്കില്ല, ഇപ്പോൾ സിസേറിയൻ നടത്തണം' എന്ന്. എന്താണ് കാരണം? ജ്യോത്സ്യൻ പറഞ്ഞത്, 'ഇന്ന സമയത്ത് ഇന്ന നക്ഷത്രത്തിൽ കുട്ടി പിറന്നാൽ നിങ്ങൾ മരിക്കുന്നതുവരെ സുഖമായി ജീവിക്കും' എന്നാണ്. അത് ഇപ്പോൾ ആർക്കും പറയാൻ പറ്റുന്നതാണ്. മരിക്കുന്നതുവരെ നിങ്ങൾ ജീവിക്കുമെന്ന് വേണമെങ്കിൽ എനിക്കും പറയാമല്ലോ. അതുകേട്ടിട്ടാണ് ബഹളമുണ്ടാക്കി സിസേറിയൻ ചെയ്യാൻ നിർബന്ധിക്കുന്ന സ്ഥിതിവിശേഷമുണ്ടായത്.

ശ്രീ. എം. വിജിൻ: സർ, അങ്ങയുടെ പ്രസംഗത്തിന്റെ ഭാഗമായി ചില ആശുപത്രികളെയും അവിടെ നടക്കുന്ന ലോബികളെയുംകുറിച്ച് പറഞ്ഞു. നമ്മുടെ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും മികവാർന്ന

നിലയിലുള്ള ആരോഗ്യ പരിരക്ഷയാണ് ലഭിക്കുന്നത്. നമ്മുടെ സർക്കാർ സ്ഥാപനങ്ങളെയും മെഡിക്കൽ കോളേജുകളെയും മോശമായി ചിത്രീകരിച്ച് രോഗികളെ അവിടെ എത്തിക്കാതെ ഇത്തരം ലോബികളിലേയ്ക്കെത്തിക്കുന്നതിനുള്ള പ്രത്യേക സംഘവും ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ഡി. പ്രസേനൻ: സർ, തീർച്ചയായും വളരെ പ്രധാനപ്പെട്ടൊരു വിഷയമാണിത്. ഇതൊരു വലിയ ഗ്യാങ്ങായി വർക്ക് ചെയ്യുകയാണ്. തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്ക് പാലക്കാട് ജില്ലാ ആശുപത്രിയിൽനിന്നും പുറപ്പെട്ട ആംബുലൻസ് നേരെ പോകുക സ്വകാര്യ ആശുപത്രികളിലേയ്ക്കാണ്. അവർ പറയും 'മെഡിക്കൽ കോളേജിൽ ഇപ്പോൾ പോയിട്ട് കാര്യമില്ല, അവിടെ ആളില്ല, ഞാൻ വിളിച്ച് ചോദിച്ചു, എന്റെ പരിചയക്കാരനുണ്ട് എന്ന് വെറുതെ തട്ടിവിടുകയാണ്. ഈ രൂപത്തിൽ കൊണ്ടുപോകുന്ന സ്ഥിതിവിശേഷമുണ്ട്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, കേരളത്തിൽ കിഡ്നി രോഗികളുടെ എണ്ണം വർദ്ധിക്കുന്നുവെന്നത് മറ്റൊരു പ്രധാനപ്പെട്ട പ്രശ്നമാണ്. കിഡ്നി രോഗം ബാധിക്കുന്ന കുട്ടികളുടെ എണ്ണം വർദ്ധിക്കുകയും ട്രാൻസ്പ്ലാന്റേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യേണ്ടതായും വരുന്നുണ്ട്. പക്ഷെ കുട്ടികളുടെ കിഡ്നി ട്രാൻസ്പ്ലാന്റേഷൻ നടത്തുന്ന സ്ഥാപനം കേരളത്തിൽ സർക്കാർ തലത്തിലില്ലാത്തതുകൊണ്ട് കേരളത്തിനുപുറത്ത് ചികിത്സിക്കേണ്ടി വരുന്നു. കേരളത്തിലാണെങ്കിലും വലിയ തുക ചെലവുവരും. എസ്.എ.ടി. ആശുപത്രിയിൽ ചികിത്സയ്ക്കുള്ള സൗകര്യങ്ങളുണ്ട്, പക്ഷെ ട്രാൻസ്പ്ലാന്റേഷനുള്ള സൗകര്യങ്ങളില്ല. അതുകൊണ്ട് ഈ സൗകര്യം ആവശ്യമാണെന്ന് അങ്ങേയ്ക്ക് തോന്നിയിട്ടില്ലേ?

ഡോ. മാത്യു കുഴൽനാടൻ: സർ, വളരെ ഇന്ററസ്റ്റിംഗായി തോന്നിയതിനാൽ ഞാൻ കൗതുകത്തോടുകൂടി പ്രസംഗം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അങ്ങ് പറഞ്ഞ ആന്റോ ഡോക്ടർ, റിട്ടയറായ മെഡിക്കൽ സൂപ്രണ്ട് അതുപോലെയുള്ള ഡോക്ടർമാരായിരുന്നു ആരോഗ്യ മേഖലയുടെ സ്ട്രെങ്ത്. ഈ ബിൽ അതുപോലുള്ള ഡോക്ടർമാരുടെ സാന്നിദ്ധ്യമില്ലാതാക്കുമെന്നുള്ള ആശങ്കയാണ് പങ്കുവയ്ക്കുന്നത്. സാധാരണക്കാരന് പോകാൻ പറ്റുന്ന, പരിമിതമായ മരുന്ന് നൽകി രോഗികളെ പറഞ്ഞുവിടുന്ന single man ക്ലിനിക്കുകളുടെ പ്രവർത്തനം ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുന്നതോടെ അവതാളത്തിലാകുമെന്നത് പ്രധാനപ്പെട്ട പ്രശ്നമാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഗവൺമെന്റ് ഈ ബിൽ അവതരിപ്പിച്ച സന്ദർഭത്തിൽ ആ ആശങ്കയുണ്ടായിരുന്നു, എന്നാൽ ഇപ്പോൾ ആ ആശങ്കയില്ല.

സിംഗിൾ ഡോക്ടർ, മനുഷ്യത്വമുള്ള ഡോക്ടർമാർ നടത്തുന്ന വളരെ ചെറിയ ക്ലിനിക്കുകൾക്ക് ഒരു അപകടവും വരില്ലെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. കുട്ടികളുടെ കിഡ്നി ട്രാൻസ്പ്ലാന്റേഷനുമായി ബന്ധപ്പെട്ട കാര്യം ഗവൺമെന്റ് ഗൗരവമായി ആലോചിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ ആക്ടിന്റെ ഭാഗമായി നിലവിൽവരുന്ന സ്റ്റേറ്റ് കൗൺസിലിൽ ഇന്ത്യൻ മെഡിക്കൽ അസോസ്സിയേഷന്റെയും ആയുർവ്വേദ മെഡിക്കൽ അസോസ്സിയേഷന്റെയും പ്രതിനിധികളുണ്ട്. പാരമ്പര്യ ചികിത്സാരീതിയുമായി ബന്ധപ്പെട്ട സിദ്ധ, യുനാനി, നാച്ചുറോപ്പതി, ഹോമിയോപ്പതി ഇവരുടെയെല്ലാം വിചാരവികാരങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്ന പ്രതിനിധികളെ സ്റ്റേറ്റ് കൗൺസിലിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്നതുകൂടി പരിശോധിക്കണം. അത്രയധികം ഡോക്ടർമാർ രേഖാമൂലം രജിസ്റ്റർ ചെയ്ത് നിയമപരമായി പ്രവർത്തിക്കുന്ന മേഖലകളാണിവ. പൊതുവെ എനിക്ക് പറയാനുള്ളത്, അന്ധവിശ്വാസങ്ങളിലെ ആധുനിക അന്ധവിശ്വാസമാണ് ആരോഗ്യ അന്ധവിശ്വാസമെന്ന നിലയിൽ കേരളത്തിൽ രൂപപ്പെട്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി ആരോഗ്യമേഖലയിൽ വളർന്നുവന്നിരിക്കുന്ന അനാചാരങ്ങളാണ് അനാവശ്യ ടെസ്റ്റുകളും ടെസ്റ്റുകളുടെ അശാസ്ത്രീയതയുമെല്ലാം. അതെല്ലാം അവസാനിപ്പിക്കുന്നതിന് കരുത്തുപകരാൻ ഈ ബിൽ സഹായകരമാകുമെന്ന പ്രതീക്ഷയോടുകൂടി നിർത്തുന്നു.

ശ്രീ. പി. കെ. ബഷീർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ താല്ക്കാലിക രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വർഷം 'രണ്ട്' എന്നുള്ളത് 'മൂന്ന്' ആക്കി ഉയർത്തി. അതിനുശേഷം ഇപ്പോൾ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സിന്റെ ശിപാർശപ്രകാരം അത് 'നാല്' വർഷമാക്കി ഉയർത്തുകയാണ്. ബില്ലിലെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ ഇതുസംബന്ധിച്ച് വിശദീകരിച്ചിട്ടുണ്ട്. അതിലൊരു സത്യസന്ധതക്കുറവുണ്ട്. കാരണം അതിൽ കോവിഡ്-19 മഹാമാരി കാരണം എന്ന വാചകം ചേർക്കുന്നുണ്ട്. പക്ഷേ ഇത് 2018-ലെ ആക്ടാണ്. 2018-ലെ ആക്ടിൽ 18-ാം വകുപ്പിലാണ് താല്ക്കാലിക രജിസ്ട്രേഷൻ 2 വർഷമെന്ന് പറഞ്ഞിരുന്നത്. 2018 ഫെബ്രുവരിയിൽ പ്രസിഡന്റിന്റെ അംഗീകാരം കിട്ടിയ ഒരു ആക്ടാണിത്. ഇന്ത്യയിലാദ്യമായി കേരളത്തിൽ കോവിഡ് പോസിറ്റീവ് കേസ് വരുന്നത് 2020 ജനുവരി 30-നാണ്. ഈ ആക്ട് പാസായി രണ്ടുവർഷമായിട്ടും താല്ക്കാലിക രജിസ്ട്രേഷൻ ചെയ്യാൻ കഴിയാത്തത് കോവിഡ് കാരണമാണോ?

സർക്കാരിന്റെ പിടിപ്പുകേടും ഭരണപരമായ വീഴ്ചയുമാണ് അതിനുകാരണം. 11-10-2021-ൽ ഞാൻ നിയമസഭയിൽ ചോദിച്ച ഒരു ചോദ്യത്തിന് ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി നൽകിയ മറുപടി പരിശോധിക്കുമ്പോൾ ഇതിൽ രജിസ്റ്റർ ചെയ്ത ആരോഗ്യ സ്ഥാപനങ്ങളെക്കുറിച്ചും ഓരോ മേഖലയെ സംബന്ധിച്ചും പറയുന്നത് മനസ്സിലാകും. അതിൽ ഹെൽത്ത് സെന്ററിന്റെ ഭാഗം നോക്കിയാൽ മനസ്സിലാകുന്നത്, സർക്കാരിൽ 1112 ആശുപത്രികൾ രജിസ്റ്റർ ചെയ്തപ്പോൾ പ്രൈവറ്റിൽ 31 എണ്ണമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നാണ്. 2018 ഫെബ്രുവരിയിൽ നിലവിൽവന്ന ഈ ആക്ടിന്റെ പരിധിയിൽ 2021 ആയപ്പോഴും 90 ശതമാനം സ്വകാര്യ ആശുപത്രികളെയും കൊണ്ടുവരാൻ കഴിയാതിരുന്നത് കോവിഡായതു കൊണ്ടല്ല; കോവിഡ് വരുന്നത് 2020 ജനുവരിയിലാണ്. ഇത് പിടിപ്പുകേടും ഭരണപരമായ വീഴ്ചയുമാണ്. ആ രൂപത്തിൽ പറയുന്നതായിരുന്നു അതിന്റെ സത്യസന്ധതയ്ക്ക് നല്ലത്. പക്ഷേ ആ രൂപത്തിൽ പറഞ്ഞിട്ടില്ലെന്നാണ് കാണുന്നത്. ഇവിടെ പല സാമാജികരും സൂചിപ്പിച്ചതുപോലെ, പല ആശുപത്രികളിലും ഒരേ പ്രൊസീഡുവറിന് പല റേറ്റാണ് വാങ്ങുന്നത്. എന്നാൽ കോവിഡ് വന്ന സമയത്ത് ഏറെ വൈകിയാണെങ്കിൽപ്പോലും എല്ലാ ആശുപത്രികൾക്കുംവേണ്ടി പൊതുവായി റേറ്റ് തീരുമാനിച്ച് സർക്കാർ ഉത്തരവിറക്കി. എന്നാൽ നോൺ കോവിഡ് ട്രീറ്റ്മെന്റുകൾക്കെല്ലാം ഒരേ പ്രൊസീഡുവറിനുതന്നെ പല ആശുപത്രികളിലും വ്യത്യസ്ത റേറ്റാണ് വാങ്ങുന്നത്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കേരളത്തിന്റെ ആരോഗ്യസ്ഥിതി മെച്ചപ്പെടാൻ നിരവധി ശാഖകൾ നമ്മെ സഹായിച്ചിട്ടുണ്ട്. അതിലേറ്റവും പ്രധാനപ്പെട്ട ഒന്നാണ് പാരമ്പര്യ വൈദ്യം. ഞങ്ങളുടെ പ്രദേശങ്ങളിൽ പാരമ്പര്യ വൈദ്യന്മാർ വളരെ ഗൗരവത്തോടെ ഈ രംഗത്ത് നിൽക്കുന്നവരാണ്. മഞ്ഞപ്പിത്തംപോലുള്ള അസുഖങ്ങൾ ചികിത്സിക്കുന്നതിനായി ചില ആശുപത്രികളുമുണ്ട്. ആ ആശുപത്രികളിൽ മറ്റൊരു ചികിത്സയേ ഇല്ല എന്ന മട്ടിൽ അത്ര ഗൗരവപ്പെട്ട രീതിയിൽ ചെയ്യുന്നുണ്ട്. ഇതുകൂടി ഉൾപ്പെടുത്തണമെന്ന രീതിയിലുള്ള ഒരു ശ്രദ്ധ മെമ്പറുടെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഇക്കാര്യങ്ങൾ സമഗ്രമായി പരിശോധിക്കണമെന്ന നിർദ്ദേശം ചർച്ചയ്ക്കിടയിൽ പല സാമാജികരും മുന്നോട്ടുവയ്ക്കുകയുണ്ടായി. ഇത്തരം ആശുപത്രികളിൽ പൊതുവായി ഇത് തീരുമാനിച്ച് പ്രസിദ്ധീകരിക്കുന്നതിനും സ്വകാര്യ ആശുപത്രികളിൽനിന്നും ജനങ്ങൾക്കുണ്ടാകുന്ന ചൂഷണം തടയുന്നതിനുംവേണ്ടിയുള്ള നടപടിയിലേയ്ക്ക് പോകാൻ ഈ നിയമം വന്ന് രണ്ടുമൂന്ന് വർഷമായിട്ടും ഇതുവരെയും നമുക്ക് കഴിഞ്ഞിട്ടില്ല. ചെറിയ ആശുപത്രികൾക്കും ഇടത്തരം ആശുപത്രികൾക്കും വലിയ

ആശുപത്രികൾക്കും ഒരുപോലെ ഇത് പ്രാബല്യത്തിൽ കൊണ്ടുവരുമ്പോൾ ചില പ്രയാസങ്ങൾ നേരിടുന്നുണ്ട്. അവരെ ഒഴിവാക്കാൻ ഒരിക്കലും കഴിയില്ല. പക്ഷേ, ഇക്കാര്യങ്ങൾ കുറച്ചുകൂടി ഉൾക്കൊള്ളാൻ കഴിയുന്നരൂപത്തിലുള്ള സമീപനം ഗവൺമെന്റ് സ്വീകരിക്കണം.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. രാജഗോപാലൻ]

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഗ്രാമീണതലങ്ങളിലുള്ള ചെറിയ ക്ലിനിക്കുകളും ഡോക്ടർമാരും ഫാമിലി ഡോക്ടർ എന്ന കൺസെപ്റ്റും കേരളത്തിലെ ആരോഗ്യരംഗത്ത് പ്രധാനപ്പെട്ട സംഭാവന ചെയ്തിട്ടുള്ളവരാണ്. 100 കിടക്കകളിൽ താഴെയുള്ള അല്ലെങ്കിൽ 50 കിടക്കകളുള്ള പ്രാദേശിക ക്ലിനിക്കുകളിൽ എല്ലാ വർഷവും ജില്ലാതലത്തിലുള്ള ഒരു അതോറിറ്റി പരിശോധന നടക്കാറുണ്ട്. അതിൽ ഉത്തരവാദപ്പെട്ട ഡോക്ടർമാരില്ലെന്നാണ് എന്റെ അറിവ്. അങ്ങനെയുള്ള പ്രവർത്തനത്തിലേയ്ക്ക് പോകുമ്പോൾ ഈ ആശുപത്രികൾ പൂട്ടിപ്പോകാനിടയാവുകയും അതുമൂലം വലിയ സ്വകാര്യ ആശുപത്രികളെയും മറ്റ് ചില ആശുപത്രികളെയും സഹായിക്കുന്ന നിലപാടുണ്ടാകുകയും ചെയ്യും. അത് കേരളത്തിലെ ആരോഗ്യരംഗത്ത് വലിയ തിരിച്ചടിയുണ്ടാക്കുമെന്ന ആശങ്ക ഈ ബില്ലിനെ സംബന്ധിച്ച് അങ്ങേയ്ക്കുണ്ടോ?

ശ്രീമതി കെ. കെ. രമ: സർ, ആരോഗ്യരംഗത്തുള്ള മറ്റൊരു പ്രശ്നം, ഗവൺമെന്റ് ആശുപത്രികളിലെ ലാബുകളുമായി ബന്ധപ്പെട്ടതാണ്. സർക്കാർ ആശുപത്രിയിൽ പോകുന്ന രോഗികൾക്ക് ഡോക്ടർമാർ പലപ്പോഴും ടെസ്റ്റുകൾക്ക് എഴുതിക്കൊടുക്കുന്നത് സ്വകാര്യ ആശുപത്രിയിലേയ്ക്കാണ്. ഗവൺമെന്റ് ആശുപത്രിയിൽ ലാബ് സൗകര്യങ്ങൾ വേണ്ടവിധത്തിലുണ്ടാകില്ല, ലാബിലെ ഉപകരണങ്ങൾ ഫലപ്രദമാകില്ല, ക്വാളിറ്റിയുണ്ടാകില്ല. ഇതെല്ലാം സാധാരണക്കാർക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുകയാണ്. ഈയിടെ ബ്രെസ്റ്റിൽ മുഴയുമായി പോയ ഒരു സ്ത്രീക്ക് കാൻസറാണെന്ന് സ്വകാര്യ ലാബിൽ ടെസ്റ്റ് ചെയ്തപ്പോൾ പറയുകയും അവർക്ക് കീമോതെറാപ്പി ചെയ്യുകയും ചെയ്തത് വലിയ വിവാദമായ വിഷയമാണ്. സ്വകാര്യ ആശുപത്രികളിലെ ലാബുകളിൽപ്പോലും വലിയ വൈരുദ്ധ്യങ്ങൾ നിലനിൽക്കുകയാണ്. സർക്കാർ ആശുപത്രികളിൽ വേണ്ടത്ര സംവിധാനങ്ങളില്ലാത്തത് സാധാരണക്കാർക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, നമ്മുടെ സർക്കാർ ആശുപത്രികളിലെ ലാബും മറ്റുപകരണങ്ങളും വളരെ നല്ലതും അപ്ഡേറ്റ് ചെയ്തതുമാണ്. പക്ഷേ ഇല്ലാത്ത കാരണംപറഞ്ഞ് അവ പലപ്പോഴും പൂട്ടിയിടുന്ന സ്ഥിതിയുണ്ട്. ചെറിയ

കാരണങ്ങൾ പറഞ്ഞ് അവയുടെ മെയിന്റനൻസ് നടത്തുന്നില്ല. കല്പിച്ചുകൂട്ടി ചീത്തയാക്കുന്നതുവരെയുണ്ടെന്നാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. അവിടെ ജോലി ചെയ്യുന്ന ചിലർക്ക് ആശുപത്രിക്കുപുറത്ത് ലാബുകളുണ്ടാകും. അവിടെ മറ്റുള്ള സൗകര്യങ്ങളുണ്ടാകും. ഗവൺമെന്റ് ആശുപത്രിയിലെ ഉപകരണങ്ങൾ പ്രവർത്തിച്ചില്ലെങ്കിൽ മാത്രമേ അവിടേയ്ക്ക് ആളുകൾ പോകുകയുള്ളൂ. സർക്കാർ ആശുപത്രികളിലെ ഉപകരണങ്ങളിൽ ഇതുപോലെ ധാരാളം തകരാറുകൾ ഉണ്ടാക്കുന്നതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ആദ്യം പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ പറഞ്ഞതിനോട് യോജിക്കുകയാണ്. വലിയ ആശുപത്രികളെയും ഇടത്തരം ക്ലിനിക്കുകളെയും ഒരുപോലെ സമീപിച്ചാൽ ഇടത്തരം ക്ലിനിക്കുകൾ വലിയ പ്രതിസന്ധിയിലേയ്ക്കുപോകും. സാധാരണക്കാരായ ധാരാളം ജനങ്ങൾ ആദ്യം ആശ്രയിക്കുന്ന സ്ഥലമെന്ന നിലയിൽ ഇടത്തരം ക്ലിനിക്കുകളെ പ്രത്യേകമായി കാണുന്ന പരിഗണനയുണ്ടാകണം. രണ്ടാമതായി ബഹുമാന്യയായ കെ. കെ. രമയും ശ്രീ. മഞ്ഞളാംകുഴി അലിയും സൂചിപ്പിച്ച കാര്യമാണ്. ഗവൺമെന്റ് ലാബുകളുടെ കാര്യത്തിൽ ഒരുപാട് മാറ്റം വരുത്താൻ ബഹുമാനപ്പെട്ട മന്ത്രി ആഗ്രഹിക്കുമ്പോൾ ഇക്കാര്യം പ്രത്യേകമായി ശ്രദ്ധിക്കണമെന്നുകൂടി സൂചിപ്പിക്കുകയാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, നമ്മുടെ ആശുപത്രികളിലെ ഒരു പ്രശ്നം എല്ലിന്റെ യൂണിറ്റുള്ളിടത്ത് പല്ലിന്റെ ഡോക്ടറെ വയ്ക്കും. പല്ലിന്റെ യൂണിറ്റുള്ളിടത്ത് എല്ലിന്റെ ഡോക്ടറെ വയ്ക്കും. കണ്ണിന്റെ യൂണിറ്റുള്ളിടത്ത് ഇ.എൻ.ടി.-യെ വയ്ക്കും എന്നതാണ്. യൂണിറ്റുള്ള സ്ഥലങ്ങളിൽ ക്വാളിഫൈഡായ, പോസ്റ്റ് ഗ്രാജ്യുവേഷനുള്ള ഡോക്ടർമാരെ നിയമിക്കാൻ ഗവൺമെന്റ് തയ്യാറായാൽ സൂപ്പർ സ്പെഷ്യാലിറ്റികളിലും പ്രൈവറ്റ് ആശുപത്രികളിലും പോകുന്നത് ഒഴിവാക്കി ജനങ്ങൾക്ക് താലൂക്കാശുപത്രിയിൽ ചികിത്സ തേടാൻ സാധിക്കുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, തീർച്ചയായും. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമെന്ന് കരുതുകയാണ്. ആരോഗ്യ മേഖലയായതുകൊണ്ട് ഈ നിയമം വന്നതിനുശേഷം കാര്യങ്ങൾ നടപ്പിൽവരുത്തുന്നതിനുണ്ടായ ഗുരുതരമായ പാളിച്ചകളും കാലതാമസവും ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിക്കുമെന്ന് ഞാൻ കരുതുകയാണ്. പല കാര്യങ്ങളിലുമുള്ള ഇത്തരം ഗുരുതരമായ വീഴ്ചകൾ സഭ ചർച്ച ചെയ്യുന്ന സമയംകൂടിയാണല്ലോ. മുല്ലപ്പെരിയാറിലെ ബേബി ഡാം ശക്തിപ്പെടുത്തി 152 അടിയാക്കാനുള്ള തമിഴ്നാടിന്റെ നീക്കത്തെ, അവിടത്തെ മരം

മുറിക്കണമെന്ന അവരുടെ നിരന്തരമായ ആവശ്യത്തെ നമ്മൾ നിരാകരിച്ചു കൊണ്ടിരിക്കുകയായിരുന്നു. ഇന്ന് ശ്രീ. അൻവർ സാദത്തും ഇന്നലെ അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ഇവിടെ അത്തരമൊരു ഉത്തരവിറക്കിയത് ഉന്നയിച്ചപ്പോൾ മന്ത്രിമാർ അറിഞ്ഞില്ലെന്നാണ് സർക്കാർ സൂചിപ്പിച്ചത്. തമിഴ്നാട് മന്ത്രി ശ്രീ. ദുരൈ മുരുകൻ പറഞ്ഞത് ഞാൻ വായിക്കാം. 'മരങ്ങൾ മുറിക്കാൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചത് ബഹുമാന്യരായ കേരള മുഖ്യമന്ത്രിയോ വനം വകുപ്പുമന്ത്രിയോ അറിഞ്ഞില്ലായെന്നത് വിശ്വസിക്കാൻ കഴിയില്ല. നമ്പറിട്ട് വിശദമായ ഉത്തരവാണ് ലഭിച്ചത്. ബഹുമാന്യരായ മുഖ്യമന്ത്രിയോ വകുപ്പുമന്ത്രിയോ അറിയാതെ ഒരു ഉദ്യോഗസ്ഥന് ഇത്തരമൊരു നടപടി സ്വീകരിക്കാൻ സാധിക്കുമോ? അങ്ങനെയെങ്കിൽ എന്ത് ഭരണമാണ് ഇവിടെ നടക്കുന്നത് എന്നാണ് തമിഴ്നാട് ജലവിഭവ വകുപ്പുമന്ത്രി ശ്രീ. ദുരൈ മുരുകൻ ചോദിച്ചത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, യഥാർത്ഥത്തിൽ എല്ലാ കാര്യങ്ങളും ഉദ്യോഗസ്ഥരെക്കൊണ്ട് ചെയ്യിക്കും. അവർക്ക് ചെയ്യരുതെന്ന് മാനസികമായി ചിന്തയുണ്ടെങ്കിൽപ്പോലും അവരെ നിർബന്ധിച്ച് ചെയ്യിക്കും. അതിന്റെ ഉത്തരവാദിത്വം വരുമ്പോൾ കയ്യൊഴിഞ്ഞ് ഉദ്യോഗസ്ഥരുടെ തലയിലേയ്ക്കുവയ്ക്കും. ഇതൊരു തെറ്റായ നടപടിയല്ലേ; ജനാധിപത്യത്തിന്റെ വളരെ വികലമായ ഒരു രൂപമല്ലേ ഇപ്പോൾ ഇവിടെ കണ്ടുകൊണ്ടിരിക്കുന്നത്?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അതുതന്നെയാണ്. ലാബിന്റെ കാര്യം സൂചിപ്പിച്ചു. കേരളത്തിന്റെ കോവിഡ് സാഹചര്യങ്ങൾ ഗുരുതരമായിത്തന്നെ തുടരുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് വളരെ വിനീതമായി പറയുകയാണ്. ഈ കാര്യങ്ങൾ വളരെ സുരക്ഷിതമായ അവസ്ഥയിലാണെന്ന് ബഹുമാനപ്പെട്ട മന്ത്രിയും സർക്കാരും കരുതരുത്. കാരണം, കഴിഞ്ഞ ശനിയാഴ്ച രാജ്യത്താകെ പതിനായിരം കേസ്സാണുണ്ടായിരുന്നത്. അതിൽ ആറായിരം കേസ്സും കേരളത്തിലാണ്. അത് മാത്രമല്ല, മലയാള മനോരമ റിപ്പോർട്ട് ചെയ്ത വാർത്തയിൽ സർക്കാരിന്റെ ഒരു വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിനെ ഉദ്ധരിച്ചുകൊണ്ടാണ് പറയുന്നത്. ഇവിടെ ഒന്നാം ഡോസ് വാക്സിനെടുത്ത ആളുകളേക്കാൾ കൂടുതൽ പോസിറ്റീവ് കേസ്സുകൾ രണ്ടാം ഡോസ് വാക്സിനെടുത്ത ആളുകൾക്ക് വരുന്നുവെന്നാണ് റിപ്പോർട്ട്. രണ്ട് ഡോസ് വാക്സിനെടുത്താൽ കൂടുതൽ പ്രൊട്ടക്ഷൻ കിട്ടുമെന്നാണ് നമ്മളെല്ലാം കരുതുന്നത്. ഞാനും ആരോഗ്യ വകുപ്പിന്റെ ആ സ്ലൈഡ് കാണുകയുണ്ടായി. അതിൽ പറയുന്നത്, ഒരു ഡോസ് വാക്സിൻ എടുത്തവരേക്കാൾ കൂടുതൽ പോസിറ്റീവ് കേസ്സുകളുണ്ടാകുന്നത് രണ്ട് ഡോസ് വാക്സിനെടുത്തവരിലാണെന്നാണ്. ഇവിടെ ബ്രേക്ക്ത്രൂ ഇൻഫക്ഷൻസും

റീഇൻഫെക്ഷൻസും കൂടുന്നുവെന്നുള്ളത് യാഥാർത്ഥ്യമല്ലേ? ഒരു പ്രദേശത്ത് Test Positivity Rate (TPR) തുടർച്ചയായ രണ്ടാഴ്ചയെങ്കിലും അഞ്ചിൽ താഴെ നിന്നാൽ മാത്രമേ സുരക്ഷിതമായിയെന്ന് ആശ്വസിക്കാൻ കഴിയുകയുള്ളൂവെന്നാണ് ലോകാരോഗ്യ സംഘടന പറയുന്നത്. ഇവിടെ പത്തിൽ താഴെ വരാതെ സ്ഥിരമായി നിൽക്കുകയാണ്. ആ ഘട്ടത്തിൽ കോവിഡ് വാരിയേഴ്സിനെ പിരിച്ചുവിടുകയാണ്. ടി.പി.ആർ. രണ്ടോ മൂന്നോ ഉള്ള സമയത്താണ് ഇരുപതിനായിരം ആളുകളെ നിയോഗിച്ചത്. ടി.പി.ആർ. 10 ശതമാനത്തിലേയ്ക്ക് ഉയരുമ്പോൾ അവരെയെല്ലാം പിരിച്ചുവിടുകയാണ്. അതിനേക്കാൾ അപകടമല്ലേ സർക്കാരിന്റെ seroprevalence റിപ്പോർട്ടിൽ കാണിച്ച 42 ശതമാനം കുഞ്ഞുങ്ങൾക്ക് കോവിഡ് വന്നുപോയിയെന്ന് പറയുന്നത്. അവർ ഇതുവരെ വീട്ടിലിരുന്നവരാണ്, exposure ഇല്ലാത്തവരാണ്. ഇപ്പോൾ എല്ലാ സ്കൂളുകളും തുറന്ന സാഹചര്യത്തിൽ ആ കുഞ്ഞുങ്ങൾ സ്കൂളിലേയ്ക്ക് പോകുകയാണ്. വീട്ടിലിരുന്നപ്പോൾത്തന്നെ 42 ശതമാനം കുഞ്ഞുങ്ങൾക്ക് കേരളത്തിൽ കോവിഡ് വന്നുപോയിയെന്ന് സർക്കാർ രേഖ പറയുമ്പോൾ കുഞ്ഞുങ്ങളെല്ലാം സ്കൂളിലേയ്ക്ക് പോകുമ്പോൾ ഏതെങ്കിലും രൂപത്തിൽ ഒരു അപകടസാധ്യതയുണ്ടായാൽ നേരിടാൻതക്ക സംവിധാനമാണോ നമ്മൾ ഒരുക്കേണ്ടത്, അതോ നിലവിലുള്ള സംവിധാനങ്ങളെ പിരിച്ചുവിട്ട് ആകെ ആശങ്കയിലേയ്ക്ക് പോകുന്ന അവസ്ഥയിലേയ്ക്ക് എത്തണമോയെന്ന കാര്യം ആലോചിക്കണം. ഹിന്ദു പത്രം 'Scrapping of Brigade hits fight against pandemic; testing, data management most hit' എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി ലാബിന്റെ കാര്യം സൂചിപ്പിച്ചു. പല മെഡിക്കൽ കോളേജുകളിലും സ്വാബ് കളക്ഷന് ഏൽപ്പിച്ചിരുന്നത് കോവിഡ് വാരിയേഴ്സിനെയായിരുന്നു. ഇപ്പോൾ അവർക്കതിന് കഴിയുന്നില്ല. ആ പ്രവർത്തനങ്ങളാകെ പ്രശ്നത്തിലാണ്. അതിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സൂപ്രണ്ട് പറഞ്ഞത് ഞാൻ വായിക്കാം. 'We lost about 750 personnel and we have requested that at least 25% of the staff be retained to help tide over the times' said Nizaruddin, Superintendent, Thiruvananthapuram Medical College Hospital; ഇത്തരത്തിൽ ലഭിച്ച 750 കോവിഡ് വാരിയേഴ്സിനെ നഷ്ടപ്പെട്ടുവെന്നാണ് പറയുന്നത്. മലപ്പുറത്തും കോഴിക്കോട്ടും ഹ്യൂമൻ റിസോഴ്സസ് (HR) കുറവുള്ള മെഡിക്കൽ കോളേജുകളിൽ കോവിഡ് വാരിയേഴ്സിനെ പിരിച്ചുവിട്ടശേഷം ഡോക്ടർമാർ വലിയ സമ്മർദ്ദമനുഭവിക്കുകയാണ്. സഭയിൽനിന്ന് ഡോക്ടർമാരോട് വലിയ കാരുണ്യമൊക്കെ പ്രസംഗിച്ചിട്ട് കാര്യമില്ല. അവർ ഈ സാഹചര്യത്തിൽ വലിയ പ്രതിസന്ധി നേരിടുകയാണ്. ലോകം ഭയപ്പെട്ട ഒരു സമയത്ത് ജീവൻ പണയപ്പെടുത്തി ജോലി ചെയ്തവരാണ്. ആറ് മാസത്തെ റിസ്ക് അലവൻസുപോലും കൊടുക്കാതെ നിർദ്ദാക്ഷിണ്യം ഇങ്ങനെ പ്രവർത്തിച്ച ഒരു ഗവൺമെന്റ് ലോകത്തെവിടെയുമുണ്ടാകില്ല. ഇതൊരു

ലോക മാതൃകയാണ്. ഈ രൂപത്തിൽ കോവിഡ് കാലത്ത് മനുഷ്യരുടെ ജീവൻ രക്ഷിക്കാൻ പ്രവർത്തിച്ച ആളുകളോട് കരുണയില്ലാതെ പെരുമാറിയതിന്റെ ഒരു മാതൃക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, മെഡിക്കൽ കോളേജിന്റെ കാര്യമാണ് അങ്ങ് പറയുന്നത്. ബഹുമാന്യരായ ആരോഗ്യ വകുപ്പുമന്ത്രി, വിദ്യാഭ്യാസ വകുപ്പുമന്ത്രി, പൊതുമരാമത്ത് വകുപ്പുമന്ത്രി എന്നിവരെല്ലാം മിന്നൽ പരിശോധന നടത്തി. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി മെഡിക്കൽ കോളേജിൽ കഴിഞ്ഞ 28-ാം തീയതി രാത്രി സന്ദർശനം നടത്തി. അവിടെ ചെന്നപ്പോൾ കണ്ടത് പത്ത് വയസ്സുള്ള ഒരു കുട്ടി ഐ.വി. ഫ്ലൂയിഡിന്റെ കുപ്പി കയ്യിൽപിടിച്ചുകൊണ്ടും രോഗിയെ മക്കളെല്ലാവരുംകൂടി തള്ളിക്കൊണ്ടു പോകുന്നതുമാണ്. അതുസംബന്ധിച്ച് അന്വേഷിച്ചപ്പോൾ അസിസ്റ്റന്റ് പ്രൊഫസറായ ഡ്യൂട്ടി ഡോക്ടർ ഉണ്ടായിരുന്നില്ല. സ്റ്റാഫ് നഴ്സിനോട് ഡ്യൂട്ടിയിലുള്ളവരുടെ ലിസ്റ്റ് ചോദിച്ചപ്പോൾ അവർ കൈമലർത്തി. ഇത് നമ്മുടെ മെഡിക്കൽ കോളേജുകളിലുള്ള പൊതുസ്ഥിതിയാണ്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, രാത്രി മെഡിക്കൽ കോളേജിലെത്തി മിന്നൽപരിശോധന നടത്താൻ ബഹുമാനപ്പെട്ട മന്ത്രി കാണിച്ച താൽപ്പര്യം സ്വാഗതാർഹമാണ്. നമ്മൾ എല്ലാത്തിനും ദോഷൈകദൃക്കാകാൻ പാടില്ല. പക്ഷെ, അവിടെ കണ്ടകാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ കണ്ണ് തുറപ്പിക്കും, അതിനനുസരിച്ച് തീരുമാനമുണ്ടാകും. അതേ ആശുപത്രിയിൽ തന്നെയാണ് കോവിഡില്ലാതെ ഒരാൾ പോകുകയും അവിടെവച്ച് കോവിഡ് പിടിപെടുകയും പുഴുവരിച്ച് വീട്ടിൽ കിടക്കുകയും പിന്നീട് മരണപ്പെടുകയും ചെയ്തത്. 'മിന്നൽ മുരളി'യെന്ന സിനിമ റിലീസ് ചെയ്യാൻ പോകുകയാണ്. ആ സിനിമ വരുമ്പോൾ, എല്ലാവരും മിന്നൽ മന്ത്രിമാരാണ്. മിന്നൽ സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ നടപടികളുണ്ടായാൽ നല്ലതായിരുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, അങ്ങ് മിന്നൽ പരിശോധനയുടെ കാര്യം പറഞ്ഞു. ഈ ആക്ട് പാസ്സായാൽ ആരും പരിശോധിക്കാതെതന്നെ നാല് വർഷത്തേയ്ക്ക് ക്ലിനിക്കുകൾക്ക് പ്രവർത്തിക്കാൻ സാധിക്കും. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം ക്ലിനിക്കുകളിൽ ചെയ്യേണ്ട കാര്യങ്ങൾ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. പക്ഷെ അതൊന്നും പാലിക്കാതെ നാല് വർഷം പ്രവർത്തിച്ചാലും അവർക്കെതിരെ ഒരു നടപടിയും സ്വീകരിക്കാതെ മുന്നോട്ടുപോകാൻ കഴിയുന്ന സാഹചര്യത്തിലേയ്ക്കാണ് ഈ ബിൽ പോകുന്നത്. യഥാർത്ഥത്തിൽ രണ്ട് വർഷംപോലും കൊടുക്കേണ്ടതില്ലാത്തപ്പോഴാണ് നാല് വർഷത്തേയ്ക്ക് ഭേദഗതി കൊണ്ടുവരുന്നതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി യു. പ്രതിഭ: സർ, അങ്ങ് കോവിഡ് ബ്രിഗേഡിന്റെ കാര്യം പറഞ്ഞിരുന്നു. മാർച്ച് മാസത്തിൽ അതിന്റെ കാലാവധി കേന്ദ്ര ഗവൺമെന്റിൽ കഴിഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? മാർച്ചിനുശേഷം ഈ കഴിഞ്ഞ മാസം വരെ, മാസം ഏകദേശം 39 കോടി രൂപ സംസ്ഥാന ഗവൺമെന്റ് മാത്രം കൊടുത്തുകൊണ്ട് അവരെ നിലനിർത്താനായി ശ്രമിച്ചു. കേന്ദ്രത്തിന്റെ സമീപനത്തിനോടുള്ള വിയോജിപ്പ് പറഞ്ഞുകേട്ടില്ല. ഇത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ നിഷേധാത്മക സമീപനമാണ് കാണിക്കുന്നത്. തുടക്കത്തിൽ ഏറ്റവും alarming ആയ situation ആണെന്ന് വിദഗ്ദ്ധരെല്ലാവരും സൂചിപ്പിച്ചപ്പോൾ പാത്രത്തിലടിക്കുകയും വിളക്ക് കത്തിക്കുകയും ചെയ്യാനാണ് പറഞ്ഞത്. ശ്രീ. നരേന്ദ്ര മോദി വിളക്കുകത്തിക്കാൻ പറഞ്ഞപ്പോൾ കൃത്യസമയത്ത് വിളക്കുകത്തിച്ച ആളുകളെയൊക്കെ നമുക്കറിയാം. ഇന്ത്യയിൽ ആദ്യകാലത്ത് കോവിഡ് ടെസ്റ്റ് വളരെ കുറവായിരുന്നു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഈ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ചുകൊണ്ടിരുന്ന സഹായം, അത് സംസ്ഥാനങ്ങൾക്ക് കൊടുക്കേണ്ടതാണ്. കൊടുക്കാതിരുന്ന നിലപാട് ശരിയല്ല. അങ്ങനെ കേന്ദ്ര ഗവൺമെന്റ് നൽകാതിരിക്കുമ്പോൾ 39 കോടി രൂപയാണെങ്കിലും ആ തുക സംസ്ഥാനം കൊടുക്കണം. കാരണം, കേരളത്തെ തകർക്കുന്ന ഒരു പദ്ധതിക്കുവേണ്ടി 62,000 കോടി രൂപ ചെലവഴിക്കാൻ മടിയില്ലാത്ത ഒരു സർക്കാരിന് കേരളത്തിന്റെ ജനങ്ങളുടെ ജീവൻ സംരക്ഷിക്കാൻ 39 കോടി രൂപ സ്വന്തമായി ചെലവഴിക്കുന്നതിന് താൽപ്പര്യമുണ്ടാകാതിരിക്കുന്നത് ശരിയല്ലല്ലോ. ആ രൂപത്തിലേയ്ക്കാണ് പോകേണ്ടത്.

**2.00 PM]**

മി. ചെയർമാൻ: യെസ്.... പ്ലീസ്...., പ്ലീസ്......

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട ചെയറിനോട് ഞാനൊരു കാര്യം പറയുകയാണ്. പ്രതിപക്ഷം നിയമനിർമ്മാണങ്ങളിൽ സഹകരിക്കുന്നുണ്ട്. ഞാൻ 2006-ലും സാമാജികനായിരുന്നു. ബഹുമാന്യരായ തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. കൃഷ്ണൻകുട്ടി എന്നിവരെപ്പോലെയുള്ള മുതിർന്ന അംഗങ്ങൾ ഇവിടെയുണ്ട്. കർഷക ബന്ധബില്ലിൽ ഈ സഭയിൽ 30 ദിവസമാണ് ചർച്ച ചെയ്തത്. നിയമനിർമ്മാണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്. വകുപ്പുതിരിച്ചുള്ള പരിഗണന നടന്നത് 165 മണിക്കൂറാണ്.

നിയമനിർമ്മാണത്തിലെ പോരായ്മകൾ ശരിയായരൂപത്തിൽ പരിശോധിക്കാതെ വേഗത്തിൽ പാസ്സാക്കുമ്പോൾ സംഭവിക്കുന്നത് എന്താണ്; 2018-ലെ നിയമം 2020 ആകുമ്പോഴേയ്ക്കും അമെന്റ്മെന്റായി വീണ്ടും നമ്മുടെ മുന്നിൽവരികയാണ്. നേരത്തെ പത്തും പന്ത്രണ്ടും വർഷം കഴിയുമ്പോഴാണ് കാലാനുസൃതമായ ഭേദഗതിക്കുവേണ്ടി സഭയുടെ മുമ്പിൽവരുന്നത്. നിയമനിർമ്മാണ ചർച്ചയ്ക്കാവശ്യമായ സമയമനുവദിക്കണം. അതാത് വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുമ്പോൾ ഔദ്യോഗിക ഭേദഗതികൾ വകുപ്പുതിരിച്ചുള്ള പരിഗണനാവേളയിൽ കൊണ്ടുവരാൻ കഴിയുന്നത് അംഗങ്ങളുടെ ഇടപെടലും നിർദ്ദേശങ്ങളും വഴിയാണ്. ശ്രീ. എ. എൻ. ഷംസീർ 23 മിനിട്ടെടുത്ത് സംസാരിച്ചു. ഞാൻ അത്രത്തോളം സമയം സംസാരിക്കുന്നില്ല. 30 ദിവസമാണ് കർഷക ബന്ധബിൽ ഈ നിയമസഭ ചർച്ച ചെയ്തത്. അന്നത്തെ പ്രസംഗങ്ങൾ നിയമസഭാ ലൈബ്രറിയിൽ പോയി എടുത്ത് വായിക്കുമ്പോൾ എത്ര സമഗ്രമായാണ് നിയമനിർമ്മാണത്തെ അംഗങ്ങൾ സമീപിച്ചിരുന്നതെന്ന് കാണാൻ കഴിയും.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അങ്ങിവിടെ പറഞ്ഞത് വളരെ ശരിയാണ്. അംഗങ്ങളെല്ലാവരും ബില്ലിനെക്കുറിച്ച് പഠിച്ച് അമെന്റ്മെന്റ് കൊടുത്താൽ പലപ്പോഴും നിയമ വകുപ്പ് അത് എന്താണെന്ന് നോക്കുകപോലും ചെയ്യാതെ ഇതൊന്നും സ്വീകരിക്കുന്നില്ലെന്ന് പറഞ്ഞ് മന്ത്രിക്ക് കത്ത് കൊടുക്കുന്നു. അങ്ങനെ എത്രയോ ബില്ലുകൾ കഴിഞ്ഞ കുറച്ചുദിവസങ്ങളായി പാസ്സാക്കിയെടുക്കുന്നു. അമെന്റ്മെന്റിൽ സൂചിപ്പിച്ച കാര്യം എന്താണെന്നുപോലും നോക്കാതെ ലാ ഡിപ്പാർട്ടുമെന്റ് ഇങ്ങനെ ചെയ്യുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, മുമ്പെല്ലാം എന്ത് കാരണംകൊണ്ടാണ് ഭേദഗതികൾ നിരാകരിക്കുന്നതെന്ന് മന്ത്രിമാർ പറയുമായിരുന്നു. ഇപ്പോൾ മന്ത്രിമാർ ആ കാരണംപോലും പറയുന്നില്ല. 'സ്വീകരിക്കുന്നുണ്ടോ' എന്നുചോദിക്കുമ്പോൾ 'ഇല്ല' എന്ന് പറയുകയാണ്. എന്തുകൊണ്ട് സ്വീകരിക്കുന്നില്ലെന്ന് മന്ത്രിമാർ പറയണം. ഞാൻ അത് ആരോഗ്യപരമായൊരു ചർച്ചയ്ക്കുവേണ്ടി അങ്ങയുടെ ഓർമ്മയിലേയ്ക്ക് കൊണ്ടുവന്നുവെന്ന് മാത്രമേയുള്ളൂ.

മി. ചെയർമാൻ: ബില്ലുകളുടെ എണ്ണം കൂടിയതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ചട്ടം 294 പ്രകാരം സഭയുടെ അഭിമതം അറിഞ്ഞശേഷം സമയപരിധി നിശ്ചയിക്കാവുന്നതാണെന്ന രീതിയിലാണ് എല്ലാദിവസവും ബഹുമാനപ്പെട്ട സ്പീക്കർ ആദ്യഘട്ടത്തിൽത്തന്നെ ബഹുമാനപ്പെട്ട അംഗങ്ങളോട് കാര്യങ്ങൾ പറയുന്നത്. അതിന്റെ അടിസ്ഥാനത്തിലുള്ള ഒരു സമയക്രമീകരണമാണ് വരുത്തിയിരിക്കുന്നത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, മുമ്പ് നിയമനിർമ്മാണങ്ങൾക്ക് അതുണ്ടായിരുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ സാമാജികനായിരുന്ന സമയത്ത് നാലുമണിക്കൂർ ഈ സഭയിൽ സംസാരിച്ചിട്ടുണ്ടായിരുന്നു. അത്രയും സമയം വേണമെന്ന് ഞാൻ പറയുന്നില്ല.

സംസ്ഥാനത്ത് ടി.പി.ആർ. കൂടുന്നതിന്റെ കാരണം നമ്മൾ കൂടുതലായി ടെസ്റ്റ് ചെയ്യുന്നതുകൊണ്ടാണെന്നും മറ്റ് സംസ്ഥാനങ്ങൾ ടെസ്റ്റ് ചെയ്യാത്തതുകൊണ്ടാണ് ടി.പി.ആർ. കുറഞ്ഞിരിക്കുന്നതെന്നും നേരത്തെ ബഹുമാനപ്പെട്ട എ. എൻ. ഷംസീർ സംസാരിച്ചപ്പോൾ പറഞ്ഞു. ഇന്നലെ തമിഴ്നാട്ടിൽ മൊത്തം 1,01,825 ആർ.ടി.പി.സി.ആർ. ടെസ്റ്റ് നടത്തിയപ്പോൾ 809 പോസിറ്റീവ് കേസാണ് റിപ്പോർട്ട് ചെയ്തത്. ആ സ്ഥാനത്ത് ഇന്നലെ കേരളത്തിൽ 52,862 ടെസ്റ്റ് നടത്തി. കോവിഡ് ഇന്ത്യയിൽ ആദ്യമായി റിപ്പോർട്ട് ചെയ്തത് കേരളത്തിലാണ്. കേരളത്തിൽ ഇപ്പോഴും RT-PCR 36180 മാത്രമാണ്. CB-NAAT 156, TrueNAT 979 ആന്റിജൻ-15137 ആണ്. സംസ്ഥാനത്തെ പോസിറ്റീവ് കേസുകൾ 5404 ആണ്. ടെസ്റ്റ് കൂടുന്നതുകൊണ്ടാണ് ടി.പി.ആർ. കൂടുന്നതെന്ന് പറയുന്നതിന്റെ ഒരു ഉദാഹരണമായാണ് ഞാൻ തമിഴ്നാടിന്റെ 24 മണിക്കൂർ മുമ്പുള്ള റിസൾട്ട് പറഞ്ഞത്. അപ്പോൾ അതല്ല കാരണമെന്നാണ് ഞാൻ പറയുന്നത്. അങ്ങനെയാണെങ്കിൽ കേരളത്തിൽ ഉദാഹരണമുണ്ട്. എപ്പോൾ പരിശോധിച്ചാലും ഞായറാഴ്ച ഇവിടെ ടെസ്റ്റ് കുറവായിരിക്കും. തിങ്കളാഴ്ച പോസിറ്റീവ് കേസുകളുടെ എണ്ണവും കുറവായിരിക്കും. പക്ഷേ പോസിറ്റിവിറ്റി റേറ്റ് കുറയുന്നുണ്ടോ; ടി.പി.ആർ. കുറയുന്നില്ല. തിങ്കളാഴ്ചയുള്ള ടി.പി.ആർ.-ഉം ബുധനാഴ്ചയുള്ള ടി.പി.ആർ.-ഉം ഒരുപോലെ നിൽക്കുകയാണ്. ടെസ്റ്റ് കുറയുന്നതുകൊണ്ട്, ടി.പി.ആർ. കുറയണമെങ്കിൽ തിങ്കളാഴ്ച ടി.പി.ആർ. കുറയണ്ടേ; അങ്ങനെ കുറയുന്നില്ല. അപ്പോൾ ശ്രീ. എ. എൻ. ഷംസീർ സൂചിപ്പിച്ച വാദം ശരിയല്ല. ഞാൻ സൂചിപ്പിച്ചുവെന്നേയുള്ളു. ഇക്കാര്യത്തിൽ ഞാൻ വലിയൊരു ആശങ്ക പങ്കുവയ്ക്കുകയാണ്. ഇതിനെക്കുറിച്ച് ശാസ്ത്രീയ പഠനങ്ങൾ കൂടുതലായി നടത്തുന്നില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ക്ലിനിക്കോ എപ്പിഡെമിയോളജിക്കൽ സ്റ്റഡി വേണമെന്ന കേന്ദ്ര സംഘത്തിന്റെ നിർദ്ദേശം ലഭിച്ചിട്ട് രണ്ടുമാസമായി. അങ്ങനെയൊരു പഠനം നടന്നിട്ടുണ്ടോ ഇല്ലയോ എന്നെങ്കിലും നിയമസഭയോട് പറയണ്ടേ; ഉണ്ടെങ്കിൽ എന്നാണ് നടന്നതെന്നും അതിന്റെ റിസൾട്ടും അറിയിക്കേണ്ടതല്ലേ; ഇല്ലെങ്കിൽ അത് എന്ന് നടത്തുമെന്നുള്ളതും പറയേണ്ടതല്ലേ? ഇക്കാര്യങ്ങളിൽ ഗവൺമെന്റ് സുതാര്യത പുലർത്തണമെന്നുമാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ, 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ എന്നീ രണ്ട് ബില്ലുകളിന്മേലുള്ള ചർച്ചയുടെ വിവിധ ഘട്ടങ്ങളിൽ ബഹുമാന്യരായ അംഗങ്ങൾ വളരെ സജീവമായി പങ്കെടുക്കുകയുണ്ടായി; അതിൽ എല്ലാവരോടും പ്രത്യേക നന്ദി അറിയിക്കുകയാണ്. സബ്ജക്ട് കമ്മിറ്റിയിൽ നടന്ന ചർച്ചയിലും ബഹുമാന്യരായ അംഗങ്ങൾ വളരെ സമയമെടുത്ത് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി. 2021-ലെ കേരള മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബില്ലിൽ മാത്രം 1400-ഓളം ഭേദഗതികളാണ് ബഹുമാനപ്പെട്ട അംഗങ്ങൾ നിർദ്ദേശിച്ചത്. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞതുപോലെ മണിക്കൂറുകൾ ഈ നിയമസഭ നിയമനിർമ്മാണത്തിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. ഈ രീതിയിൽ നിയമനിർമ്മാണം സാധ്യമാക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന നിയമസഭാ സെക്രട്ടേറിയറ്റ്, ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാനപ്പെട്ട സ്പീക്കറുടെ ഓഫീസ്, ആരോഗ്യ വകുപ്പിലെ എന്റെ പ്രിയപ്പെട്ട സഹപ്രവർത്തകർ, നിയമ വകുപ്പിലെ ഉദ്യോഗസ്ഥ സുഹൃത്തുക്കൾ എല്ലാവരോടുമുള്ള പ്രത്യേക നന്ദി ഈയവസരത്തിൽ പ്രകാശിപ്പിക്കുന്നു. അതോടൊപ്പം ബഹുമാന്യരായ അംഗങ്ങൾ സൂചിപ്പിച്ചതുപോലെ വളരെ പ്രധാനപ്പെട്ട രണ്ട് നിയമ നിർമ്മാണങ്ങളാണിത്. കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാണിച്ച ഒന്നുരണ്ട് കാര്യങ്ങളോടുമാത്രം പ്രതികരണം നടത്തണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. കേരളത്തിലെ ആരോഗ്യ മേഖലയിൽ ഗുണനിലവാരം ഉറപ്പാക്കുന്നതിനും മികച്ച പരിശോധന, ചികിത്സാ സൗകര്യങ്ങൾ എന്നിവ ജനങ്ങൾക്ക് ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും അനിവാര്യമായ ഒരു നിയമനിർമ്മാണമാണിത്. അതിൽ ആർക്കും തർക്കമില്ല. 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷൻ നിയന്ത്രണവും) ഭേദഗതി ബിൽ പാസ്സാക്കുന്നതിലൂടെ ആ രീതിയിലുള്ള വലിയ ഇടപെടൽകൂടിയാണ് കേരള നിയമസഭ നടത്താൻ പോകുന്നത്. ഈ കാലയളവിൽ 6488-ഓളം ക്ലിനിക്കൽ സ്ഥാപനങ്ങൾ താൽക്കാലിക രജിസ്ട്രേഷൻ നേടിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ ഇക്കാര്യം സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചതുമുതൽ ഇന്ന് സംസാരിക്കുന്ന സമയംവരെയുള്ള ദിവസങ്ങൾക്കുള്ളിൽ കുറച്ചുകൂടി സ്ഥാപനങ്ങൾ താൽക്കാലിക രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. ഇനം തിരിച്ചിട്ടുള്ള കാര്യം പറയുന്നില്ല. മോഡേൺ മെഡിസിൻ - 4080, ആയുർവ്വേദ മെഡിസിൻ - 1223, ഹോമിയോ മെഡിസിൻ - 1129, സിദ്ധ-37, യുനാനി-18, യോഗ ആൻഡ്

നാച്ചുറോപ്പതി - 1 എന്ന രീതിയിൽ ഈ പ്രക്രിയ തുടർന്നുപോകുകയാണ്. താൽക്കാലിക രജിസ്ട്രേഷൻ കാലാവധി KCE Act, [Kerala Clinical Establishments (Registration and Regulation) Act] 2018 പ്രകാരം രണ്ട് വർഷമായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്. സ്ഥിര രജിസ്ട്രേഷൻ ആരംഭിക്കുന്നതിന് എല്ലാ ചികിത്സാ വിഭാഗങ്ങളിലെയും മിനിമം സ്റ്റാൻഡേർഡ് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതായിട്ടുണ്ട്. ഈ സ്ഥിര രജിസ്ട്രേഷൻ നൽകുന്നതിന് സ്ഥാപനങ്ങളിൽ നേരിട്ടുപോയി വിലയിരുത്തൽ നടത്തുന്നത് അസസ്സർമാരാണ്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 2018 പ്രാബല്യത്തിൽ വന്നത് 1-1-2019-ലാണ്. പ്രസ്തുത തീയതി മുതൽ രണ്ടുവർഷം വരെയാണ് താൽക്കാലിക രജിസ്ട്രേഷന്റെ കാലാവധി. പ്രസ്തുത കാലാവധി അവസാനിക്കുന്നതിന് 60 ദിവസംമുമ്പാണ് സ്ഥിര രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. സ്വാഭാവികമായും കോവിഡിന്റെ ഒരു കാലഘട്ടത്തിൽ ആരോഗ്യ സ്ഥാപനങ്ങളും ആരോഗ്യ പ്രവർത്തകരും 24 മണിക്കൂറും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന സാഹചര്യമാണുണ്ടായിരുന്നത്. 6488-ഓളം സ്ഥാപനങ്ങൾ ഇപ്പോൾ താൽക്കാലിക രജിസ്ട്രേഷനിലേയ്ക്ക് വന്നിട്ടുണ്ട്. എല്ലാവരെയും ഇതിലേയ്ക്ക് കൊണ്ടുവന്ന് ഗുണനിലവാരം ഉറപ്പാക്കുകയെന്നുള്ളതാണ് സർക്കാർ ലക്ഷ്യംവയ്ക്കുന്നത്. ഈ പശ്ചാത്തലത്തിൽ, രജിസ്ട്രേഷൻ നടപടികളിലേയ്ക്ക് സ്ഥാപനങ്ങൾ എത്തപ്പെടുന്നതിന് നിശ്ചയിച്ചിരുന്നതിനേക്കാൾ അധികസമയം എടുത്തിട്ടുണ്ട്. അതുകൊണ്ട് നാം പിന്തിരിയുകയല്ല, ആവശ്യമായ സമയം നൽകിക്കൊണ്ട് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. അതിൽ പ്രധാനപ്പെട്ട കാര്യമായി അംഗങ്ങൾ ചൂണ്ടിക്കാണിച്ചത് പലവിധമായിട്ടുള്ള അനുമതികൾ നേടിയെടുക്കുന്നതിനുവേണ്ടി കാലതാമസമുണ്ടാകുന്നുവെന്നുള്ളതാണ്. സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ ലഘൂകരിക്കുന്നതിനുവേണ്ടി, ഒരു ഏകജാലക സംവിധാനത്തിലൂടെ നടപ്പാക്കാൻ കഴിയുമോയെന്ന കാര്യം സർക്കാർ ഗൗരവമായി പരിശോധിക്കുന്നതാണ്. നാട്ടിൻപ്രദേശങ്ങളിലെ ഒരു ഡോക്ടർമാത്രമുള്ള (ഒ.പി. മാത്രമുള്ള) ക്ലിനിക്കുകളെക്കുറിച്ച് സൂചിപ്പിച്ചു. KCE Act 2018-2(e) പ്രകാരം കൺസൾട്ടേഷൻ സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. അതായത് 2(e)(ii) പ്രകാരം കൺസൾട്ടേഷൻ സേവനങ്ങൾ എന്നാൽ 'രോഗപരിശോധനയിൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിലുള്ള രോഗനിർണ്ണയവും അതിനനുസരിച്ച് മരുന്ന് നൽകലും പ്രാഥമിക ചികിത്സയും നിയന്ത്രണവുമെന്ന് അർത്ഥമാകുന്നു'. ഈ രീതിയിൽ ബില്ലിൽ അത് ഒഴിവാക്കിയിട്ടുണ്ട്. ബിൽ സഭയിൽ അവതരിപ്പിക്കുമ്പോൾ ആശങ്കയുണ്ടായിരുന്നുവെങ്കിലും ഇപ്പോൾ അത്തരത്തിലുള്ള ആശങ്കയില്ലെന്നാണ് ബഹുമാന്യനായ അംഗം കെ. ഡി. പ്രസേനൻ പറഞ്ഞത്.

കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബില്ലുമായി ബന്ധപ്പെട്ട് 21-2-2011-ലെ സർക്കാർ ഉത്തരവ് സംബന്ധിച്ച് വിയോജനക്കുറിപ്പിൽ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. ഈ ഉത്തരവുപ്രകാരം പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലെ ഇരുപത് വർഷമായി പ്രാക്ടീസ് ചെയ്തുവരുന്ന പാരമ്പര്യ ആയുർവേദ വൈദ്യൻമാരെയും അംഗീകൃത യോഗ്യതയില്ലാത്ത ഹോമിയോപ്പതി ചികിത്സകരെയും പ്രത്യേക വിഭാഗങ്ങളായി പരിഗണിച്ചുകൊണ്ട് 1-1-2011 മുതൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 1953-ലെ Travancore Cochin Medical Practitioners Act (TCMP) ആക്ട്, 1914-ലെ മദ്രാസ് പ്രവിശ്യയിലുണ്ടായിരുന്ന ആക്ട് എന്നീ രണ്ട് നിയമങ്ങളായിരുന്നു കേരള സംസ്ഥാനം രൂപീകൃതമാകുന്നതിനുമുമ്പുണ്ടായിരുന്നത്. States Reorganization Act പ്രകാരം കേരളത്തിൽ നിലവിൽ അല്ലെങ്കിൽ പിന്നീട് പ്രാബല്യത്തിലുണ്ടായിരുന്നത് 1953-ലെ TCMP Act ആണ്. TCMP Act-ലെ സെക്ഷൻ 38 പ്രകാരം രജിസ്ട്രേഷൻ എടുക്കണമെന്ന വ്യവസ്ഥയിൽ ഇളവുനൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത സർക്കാർ ഉത്തരവ് സ്റ്റേ ചെയ്യണമെന്ന ആവശ്യം ഉന്നയിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ കേസ് വരികയും പ്രസ്തുത ഉത്തരവ് കോടതി സ്റ്റേ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 14-10-2020-ലെ ഹൈക്കോടതി വിധിപ്രകാരം 21-2-2011-ലെ സർക്കാർ ഉത്തരവുൾപ്പെടെയുള്ള സമാന ഉത്തരവുകളും കോടതി ക്വാഷ് ചെയ്തു. ഇതുകൂടാതെ 1953-ലെ TCMP Act സെക്ഷൻ 38-ന്റെ first proviso ഭരണഘടനാ വിരുദ്ധമാണെന്ന് പ്രഖ്യാപിക്കുകയും അതിനെ struck down ചെയ്യുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒക്ടോബർ മാസം 2020-ലെ ഉത്തരവിലുള്ളത് ഇങ്ങനെയാണ്, " The State Government orders discussed above issued for registration of unqualified practitioners of naturopathy and other alternative medicines also will stand quashed and the first proviso to Section 38 of the Travancore - Cochin Medical Practitioners (TCMP) Act 1953 is declared unconstitutional and therefore struck down." എന്നാൽ ഒരു കാര്യം ഇതിൽ ഉറപ്പുനൽകണം അല്ലെങ്കിൽ ഒരിക്കൽക്കൂടി ആവർത്തിച്ച് പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അത് നിലവിൽ TCMP Act പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ആളുകളെയും പുതിയ ആക്ട് പ്രകാരമുള്ള രജിസ്റ്ററിലും ഉൾക്കൊള്ളിക്കുന്നതായിരിക്കും, അവരെ തള്ളിക്കളയുകയില്ല. പുതിയ രജിസ്റ്ററിലും ഈ ബില്ലിലെ വിയോജനവുമായി ബന്ധപ്പെട്ട് ബഹുമാന്യരായ എ. പി. അനിൽ കുമാർ, പി. കെ. ബഷീർ, കെ. കെ. രമ എന്നീ അംഗങ്ങൾ നൽകിയ

വിയോജനക്കുറിപ്പിലെ ഒരു കാര്യം പ്രസിഡന്റിന്റെയും വൈസ് പ്രസിഡന്റിന്റെയും യോഗ്യത സംബന്ധിച്ചാണ്. ഈ കൗൺസിലിൽ അംഗങ്ങളാകുന്നവരെ സംബന്ധിച്ചുള്ള യോഗ്യതകൾ വളരെ കൃത്യമായി ആക്ടിൽ വിവരിച്ചിട്ടുണ്ട്. അതുകൊണ്ട് ആ വിയോജിപ്പ് നിലനിൽക്കുന്നതല്ലെന്ന് ഈയവസരത്തിൽ പ്രത്യേകമായി പറയാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരളത്തിൽ മികച്ച രീതിയിലുള്ള പ്രവർത്തനമാണ് ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ളതെന്നതിൽ ആർക്കും തർക്കമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. അടിസ്ഥാന സൗകര്യ വികസനമുൾപ്പെടെയുള്ള എല്ലാ കാര്യങ്ങളിലും 140 നിയോജകമണ്ഡലങ്ങളിലും വളരെ മികച്ച രീതിയിലുള്ള, പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽവന്ന് വളരെ കുറച്ച് മാസങ്ങളേ ആയിട്ടുള്ളൂവെങ്കിലും കഴിഞ്ഞ സർക്കാരിന്റെ തുടർച്ചയായി വളരെയേറെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ ആരോഗ്യ വകുപ്പിന് സാധിച്ചിട്ടുണ്ട്. ശിശുമരണ നിരക്കിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. അതിനെക്കുറിച്ച് ഒരിക്കലും ഒരു ഗവൺമെന്റിന്റെ കാര്യമായിട്ടല്ല ഞാൻ പറഞ്ഞത്. ഞാൻ അന്നുപറഞ്ഞതും ഇങ്ങനെയാണെന്നാണ് ഓർക്കുന്നത്, പതിറ്റാണ്ടുകളായി നമ്മുടെ സംസ്ഥാനം ഒരുമിച്ചുനടത്തിയ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് ആരോഗ്യ മേഖലയിലും വിദ്യാഭ്യാസ മേഖലയിലും ഈ രീതിയിലുള്ള ഒരു നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുള്ളത്. കോവിഡിന്റെ പശ്ചാത്തലത്തിൽപ്പോലും വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ ആരോഗ്യ വകുപ്പ് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായി ഏതാണ്ട് 217 ആരോഗ്യ സ്ഥാപനങ്ങളിലായി 94.2 കോടി രൂപയുടെ പദ്ധതികൾ നിർമ്മാണം ആരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. കിഫ്ബിയിലൂടെ അനുവദിക്കപ്പെട്ടിട്ടുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. അത് ആരംഭിക്കാൻ കാലതാമസം നേരിടുന്നതുകൊണ്ട് ജോയിന്റ് സെക്രട്ടറിതലത്തിലുള്ള അല്ലെങ്കിൽ ഐ.എ.എസ്. ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിക്കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാന ആയുഷ് വകുപ്പിനുകീഴിലുള്ള ആയുഷ് സ്ഥാപനങ്ങളിൽ 5.17 കോടി രൂപയുടെ പന്ത്രണ്ട് പദ്ധതികൾ ഉദ്ഘാടനം നടത്തുകയും ചെയ്തു. കേരളത്തിലെ 131 സർക്കാർ ആശുപത്രികൾക്ക് NQAS അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 3 ജില്ലാ ആശുപത്രികൾ, 4 താലൂക്കാശുപത്രികൾ, 7 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 83 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 34 നഗരപ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട എ. എൻ. ഷംസീർ പറഞ്ഞ 'One Health' വളരെ ഗൗരവത്തോടെ

കാണേണ്ട ഒരു വിഷയമാണ്. 2023-ഓടുകൂടി സമ്പൂർണ്ണ ആന്റിബയോട്ടിക് സാക്ഷരതയുള്ള സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിനുവേണ്ടി ഒരു പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആരോഗ്യ വകുപ്പ് മാത്രമല്ല മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ് തുടങ്ങി എല്ലാവരും സംയോജിച്ചുകൊണ്ടാണ് നടപ്പാക്കുന്നത്. 'One Health' എന്ന വലിയ ആശയത്തിലേയ്ക്ക് എത്തുന്നതിനുവേണ്ടിയുള്ള പരിശ്രമമാണ് നടത്തുന്നത്. 'ക്ഷയരോഗമുക്ത കേരളം' പദ്ധതിവഴി കേരളത്തിൽ ഇപ്പോഴും അവശേഷിക്കുന്ന ക്ഷയരോഗികളെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള ക്യാമ്പയിൻ 'അക്ഷയ കേരളം' വീണ്ടും ആരംഭിച്ചിട്ടുണ്ട്. ട്രാൻസ്പ്ലാന്റേഷനുമായി ബന്ധപ്പെട്ട ഒരു കാര്യം ബഹുമാനപ്പെട്ട മുഹമ്മദ് മുഹസിൻ സൂചിപ്പിച്ചു. കേരളത്തിൽ സർക്കാർ മേഖലയേക്കാളും സ്വകാര്യ മേഖലയിലാണ് ട്രാൻസ്പ്ലാന്റേഷൻ നടക്കുന്നത് എന്നുള്ളത് ശരിയാണ്. അതിനൊരു മാറ്റം കൊണ്ടുവരണമെന്നാണ് സർക്കാർ ആലോചിക്കുന്നത്. കിഡ്നി ട്രാൻസ്പ്ലാന്റേഷൻ അല്ലെങ്കിൽ ലിവർ ട്രാൻസ്പ്ലാന്റേഷൻ നടത്തുന്ന കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി മോശമായി അവർ വലിയ ദുരിതത്തിലാകുന്ന സാഹചര്യമാണുള്ളത്. ലക്ഷക്കണക്കിന് രൂപയാണ് ട്രാൻസ്പ്ലാന്റേഷനുവേണ്ടി ചെലവാകുന്നത്. ഈ ഘട്ടത്തിൽ വളരെ നിർണ്ണായകമായ ഇടപെടൽ സർക്കാർ നടത്തിയിട്ടുണ്ട്. കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി നടപടി സ്വീകരിച്ചു. അതോടൊപ്പംതന്നെ സുതാര്യത ഉറപ്പാക്കുന്നതിനുവേണ്ടി, മേൽനോട്ടം ഉറപ്പാക്കുന്നതിനുവേണ്ടി Kerala State Organ and Tissue Transplant Organization (SOTTO) രൂപീകരിച്ചിട്ടുണ്ട്. അതുകൂടാതെ ലിവർ ട്രാൻസ്പ്ലാന്റേഷൻ സർക്കാർ മേഖലയിലെ മെഡിക്കൽ കോളേജുകളിൽ നടത്തേണ്ടത് അനിവാര്യതയാണ്. ധാരാളം രോഗികൾ സ്വകാര്യ മേഖലയിൽ ട്രാൻസ്പ്ലാന്റേഷൻ നടത്താൻ കഴിയാതെ വിഷമിക്കുന്നുണ്ട്. അവരുടെ കണ്ണുനീർ സർക്കാർ കാണുന്നുണ്ട്. ഇതിനായി കോട്ടയം, തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളെ തെരഞ്ഞെടുത്തിട്ടുണ്ട്.

ശ്രീ. എൻ. കെ. അക്ബർ: സർ, അടുത്തകാലത്ത് ശ്രദ്ധേയമായ ഒരു കണ്ടുപിടിത്തമുണ്ടായി. പത്രത്തിൽ അതിന്റെ എഡിറ്റോറിയലുണ്ടായിരുന്നു. പന്നികളുടെ അവയവങ്ങൾ മനുഷ്യശരീരത്തിലെ കിഡ്നി പോലുള്ള മറ്റ് അവയവങ്ങൾക്ക് പകരമായി വച്ചുപിടിപ്പിച്ച ഏറ്റവും ശാസ്ത്രീയമായിട്ടുള്ള കണ്ടുപിടിത്തം അമേരിക്കയിൽ വിജയകരമായി നടത്തുകയുണ്ടായി. നമ്മുടെ നാട്ടിൽ മനുഷ്യന്റെ അവയവങ്ങൾ മാറ്റിവയ്ക്കുന്നതിന് വലിയ രീതിയിലുള്ള ചികിത്സാ ചെലവുകൾ വേണ്ടിവരും. അതിനെ സംബന്ധിച്ചെല്ലാം ഇവിടെ പറഞ്ഞു. അത്തരം ഒരു ചികിത്സാ സംവിധാനം അതിവേഗത്തിൽ നമ്മുടെ നാട്ടിൽ

കണ്ടെത്തുന്നതിനെ സംബന്ധിച്ച് വിശദീകരണം നൽകിയാൽ നല്ലതാണ്. ഒരു കാര്യംകൂടി സൂചിപ്പിക്കാം, മലബാർ മേഖലയെന്ന് പറയുമ്പോൾ അതിൽ കാണുന്നത് പാലക്കാടും മറ്റ് ജില്ലകളുമാണ്. തൃശ്ശൂർ ജില്ലയെ മലബാറിൽ ഉൾപ്പെടുത്തുന്നില്ല. എന്നാൽ മലബാറിന്റെ പഴയ പൊന്നാനി താലൂക്ക് നാട്ടിക ആല വരെ ചാവക്കാട് ഫർക്കയിൽപ്പെട്ടതാണ്. മലബാറിൽ ആ പ്രദേശംകൂടിയുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെടുത്തിയതാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, ബഹുമാന്യനായ ഗുരുവായൂർ അംഗം പറഞ്ഞത് ഒരുഘട്ടത്തിൽ സഭയിൽത്തന്നെ ഉന്നയിച്ച കാര്യമാണ്. അക്കാര്യം ബഹുമാനപ്പെട്ട അംഗങ്ങളും ചർച്ചയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഗവേഷണത്തിന് സർക്കാർ പ്രാധാന്യം നൽകുന്നുണ്ട്. അതിൽ മുന്നോട്ടുപോകണമെന്നാണ് ആഗ്രഹിക്കുന്നത്. സർക്കാർ മേഖലയിൽ ട്രാൻസ്പ്ലാന്റേഷൻ കൂടുതലായി നടത്തുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കാമെന്ന് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ട്. ലിവർ ട്രാൻസ്പ്ലാന്റേഷനുമായി ബന്ധപ്പെട്ട് കോട്ടയം മെഡിക്കൽ കോളേജിന് ലൈസൻസ് ലഭിക്കുകയും ഏതാനും രോഗികൾ അതിനായി രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ട്രാൻസ്പ്ലാന്റേഷനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞുകൊണ്ടിരിക്കുന്നത്. ആരെങ്കിലും വൃക്ക ദാനംചെയ്യാൻ തീരുമാനിച്ചാലും അതിനുള്ള നടപടിക്രമങ്ങൾ വളരെ സങ്കീർണ്ണമാണ്. വൃക്ക ദാനംചെയ്യുന്നവർക്ക് യു.ഡി.എഫ്. സർക്കാർ ഒരു ലക്ഷം രൂപ നൽകിയിരുന്നു. കൈ, പാദം, ലിവർ, കണ്ണുകൾ, ഹാർട്ട് ഇതെല്ലാം ട്രാൻസ്പ്ലാന്റ് ചെയ്യാൻ സാധിക്കും. ട്രാൻസ്പ്ലാന്റേഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ദാനം ചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിന് സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്ന നിലപാട് ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, അവയവദാനം ചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കേണ്ടത് ആവശ്യമാണ്, അതൊരു നല്ലകാര്യം കൂടിയാണ്. അതിൽ എന്തൊക്കെ ചെയ്യാൻ കഴിയുമെന്നുള്ളത് നിശ്ചയമായും സർക്കാർ ആലോചിച്ച് അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കോട്ടയം മെഡിക്കൽ കോളേജ് കരൾമാറ്റ ശസ്ത്രക്രിയയ്ക്ക് സജ്ജമാണ്. അതുപോലെതന്നെ തിരുവനന്തപുരം മെഡിക്കൽ കോളേജിലും ജനുവരി, ഫെബ്രുവരി മാസങ്ങളോടുകൂടി ട്രാൻസ്പ്ലാന്റേഷൻ സാദ്ധ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാനത്തെ 27 ആശുപത്രികളുടെ സമഗ്ര വികസനത്തിന് മാസ്റ്റർ പ്ലാൻ

തയ്യാറാക്കുന്നതിനായി രണ്ടേകാൽ കോടി രൂപ അനുവദിച്ചിട്ടുണ്ട്. പതിറ്റാണ്ടുകൾക്കുമുമ്പ് മാതൃ-ശിശു സൗഹൃദ സംസ്ഥാനമാണ് കേരളം. പുതിയ സ്റ്റാൻഡേഡനുസരിച്ച് നമുക്ക് അപ്ഡേറ്റഡ് ആകേണ്ടതുണ്ട്. അതുകൊണ്ട് ഐക്യരാഷ്ട്ര സംഘടനകൂടി അനുശാസിക്കുന്ന രീതിയിലുള്ള പുതിയ മാനദണ്ഡങ്ങൾ അനുസരിച്ച് മാതൃ-ശിശു സൗഹൃദമാക്കുന്നതിനുവേണ്ടിയുള്ള സമഗ്ര രൂപരേഖ തയ്യാറാക്കി പ്രവർത്തനമാരംഭിച്ചു. ന്യൂമോ കോക്കൽ രോഗങ്ങൾക്കെതിരായി കുഞ്ഞുങ്ങൾക്കായി ഒക്ടോബർ 1 മുതൽ പുതിയൊരു വാക്സിനേഷൻകൂടി ആരംഭിച്ചിട്ടുണ്ട്. യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പരിപാടിയുടെ ഭാഗമായിട്ടാണ് പുതിയതായി ഉൾപ്പെടുത്തിയ ന്യൂമോ കോക്കൽ കോൺജ്യൂഗേറ്റ് വാക്സിൻ നൽകിത്തുടങ്ങിയിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ച മറ്റ് പലകാര്യങ്ങളുമുണ്ട്. രാജ്യത്തുതന്നെ ഇ-ഹെൽത്ത് സംവിധാനം ഏറ്റവും മനോഹരമായി നടപ്പിലാക്കാൻ ശ്രമിക്കുന്ന സംസ്ഥാനമാണ് കേരളം. നമുക്ക് വളരെ കൃത്യമായ ഡാറ്റയുണ്ട്. കൃത്യമായ പരിശോധനകൾ നടക്കുന്നുണ്ട്. പക്ഷേ ഡാറ്റ ഏത് വിധത്തിൽ പ്രോസസ് ചെയ്യുന്നുവെന്നുള്ളത് വളരെ പ്രധാനമാണ്. ഏറ്റവും സുരക്ഷിതമായി സ്റ്റേറ്റ് ഡാറ്റാ സെന്ററിലാണ് ഇതിന്റെ ഡാറ്റകൾ സൂക്ഷിക്കുന്നത്. 300 സർക്കാർ ആശുപത്രികളിൽ ഇ-ഹെൽത്ത് സംവിധാനം നിലവിലുണ്ട്. ഈ സർക്കാരിന്റെ കാലത്തുമാത്രം 100 ആശുപത്രികളിൽ ഇ-ഹെൽത്ത് സജ്ജമാക്കിയിട്ടുണ്ട്. ഈ ഘട്ടത്തിൽ കോവിഡ്-19 മാത്രമല്ല, 2021-ൽ കോഴിക്കോട് 'നിപ' റിപ്പോർട്ട് ചെയ്യുകയുണ്ടായി. അതുകൂടാതെ 'സിക' വൈറസ് രോഗം ആദ്യമായി കേരളത്തിൽ റിപ്പോർട്ട് ചെയ്തു. പക്ഷേ വളരെ ഫലപ്രദമായി അതിനെ നിയന്ത്രിച്ചുനിർത്താൻ സാധിച്ചു. അത് മറ്റുജില്ലകളിലേയ്ക്ക് വ്യാപിക്കാതെ അവിടെത്തന്നെ പ്രതിരോധപ്രവർത്തനങ്ങൾ നടത്തി. തിരുവനന്തപുരം കോർപ്പറേഷന്റെയും ജില്ലാ ഭരണകൂടത്തിന്റെയും സഹകരണത്തോടുകൂടി Vector control activities സാധ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത് വളരെ ശരിയാണ്. 2008 മുതൽ ഒന്നിടവിട്ടുള്ള വർഷങ്ങളിൽ ചിക്കുൻഗുനിയ, നിപ മുതലായ രോഗങ്ങൾ റിപ്പോർട്ട് ചെയ്യുകയാണ്. Centre for contagious diseases കേരളത്തിൽ ആരംഭിക്കേണ്ട സാഹചര്യം വളരെ അടിയന്തരമാണ്. Centre for contagious diseases ബഹുമാനപ്പെട്ട മന്ത്രിയുടെ സമയത്തുതന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ശരിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും പ്രത്യേക താൽപ്പര്യമുള്ളൊരു വിഷയമാണിത്. ആ രീതിയിലുള്ളൊരു സെന്റർ മെഡിക്കൽ കോളേജുമായി

ബന്ധപ്പെട്ട് ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടിയാരംഭിച്ചിട്ടുണ്ട്. 2018-ലും 2021-ലും കോഴിക്കോടാണ് 'നിപ' റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അവിടെ ഒരു contagious infectious disease block നിർമ്മാണമാരംഭിക്കുകയാണ്. Biosafety Level 3 ലാബിന്റെ നിർമ്മാണ പ്രവർത്തനം കേന്ദ്ര പി.ഡബ്ല്യു.ഡി. ആണ് നടത്തുന്നത്. കോവിഡ്-19 കാരണം കാലതാമസം നേരിടുകയുണ്ടായി. അവരുമായി പ്രത്യേക ചർച്ചയും ആശയവിനിമയവും നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ നിർമ്മാണമാരംഭിച്ചിട്ടുണ്ട്. ഒരുവർഷത്തിനുള്ളിൽ Biosafety Level 3 ലാബ് കോഴിക്കോട് മെഡിക്കൽ കോളേജിൽ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ തിരുവനന്തപുരത്തും ഒരു infectious ബ്ലോക്കിന്റെ നിർമ്മാണമാരംഭിക്കുകയാണ്. മറ്റ് മെഡിക്കൽ കോളേജുകളിലും സമാനമായ രീതിയിൽ മുന്നോട്ടുപോകണമെന്നാണ് ആഗ്രഹിക്കുന്നത്. ഹെൽത്ത് ഇൻഡിക്കേറ്റേഴ്സിൽ കേരളം വളരെ മുന്നിലാണ്. അടുത്ത അഞ്ച് വർഷം നമ്മൾ എവിടേയ്ക്കാണ് പോകേണ്ടതെന്നുള്ള കൃത്യമായ ഫോക്കസ് നമുക്കുണ്ട്. അതിൽ വളരെ പ്രധാനപ്പെട്ടത് ജീവിതശൈലീ രോഗങ്ങൾ കുറച്ചുകൊണ്ടു വരികയെന്നുള്ളതാണ്. ട്രാൻസ്പ്ലാന്റേഷനെക്കുറിച്ചും ഡയാലിസിസിനെക്കുറിച്ചും ഡയാലിസിസ് സെന്ററുകൾ തുടങ്ങുന്നതിനെക്കുറിച്ചും സൂചിപ്പിച്ചു. അതോടൊപ്പംതന്നെ പ്രധാനപ്പെട്ടതാണ് അങ്ങനെയുള്ള രോഗാവസ്ഥയിലേയ്ക്ക് ഒരു വ്യക്തി എത്തപ്പെടാതിരിക്കുന്നതിനുവേണ്ടിയുള്ള കരുതൽ നടപടികൾ സ്വീകരിക്കുക എന്നുള്ളത്. കേരളത്തിൽ ഏറ്റവും വില്ലനായി നിൽക്കുന്നത് ജീവിതശൈലീ രോഗങ്ങളാണ്. ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുക അല്ലെങ്കിൽ കുറച്ചുകൊണ്ടുവരികയെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതുമായി ബന്ധപ്പെട്ട് ഒരു ഡാറ്റാബേസ് തയ്യാറാക്കാൻ പോകുകയാണ്.

മി. സ്പീക്കർ: എല്ലാ പഞ്ചായത്തിലും ഡയാലിസിസ് സെന്ററുകൾ തുടങ്ങേണ്ട അവസ്ഥയാണ്. അതിനെക്കുറിച്ചാണ് ഇന്നലെ ബഹുമാനപ്പെട്ട അംഗം ശ്രീ. പി. കെ. ബഷീർ സൂചിപ്പിച്ചത്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ജീവിതശൈലീ രോഗങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. നമ്മൾ ഒരു ആശുപത്രിയിൽചെന്ന് ജീവിതശൈലീ രോഗങ്ങളുടെ ടെസ്റ്റ് നടത്തിക്കഴിയുമ്പോൾ അവർ ഫിക്സ് ചെയ്യുന്ന ക്രൈറ്റീരിയയിൽ ചില പ്രശ്നങ്ങളുണ്ടെന്നാണ് മനസ്സിലാക്കുന്നത്. കൂടുതൽ മരുന്നുകൾ വിറ്റഴിക്കുന്നതിനുവേണ്ടി ഷുഗർ, കൊളസ്ട്രോൾ എന്നിവയ്ക്ക് ഡോക്ടർമാർ ഫിക്സ് ചെയ്യുന്നൊരു ലെവലുണ്ട്. അതിൽ അപാകതയുണ്ടെന്ന പൊതുവെയുള്ള പരാതി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യത്തിൽ ശരിയുണ്ട്. കേരളം ഏറ്റവും കൂടുതൽ മരുന്നുകൾ ഉപയോഗിക്കുന്നൊരു

സംസ്ഥാനമാണ്. ഇത് കുറച്ചുകൊണ്ടുവരുന്നതിന് വേണ്ടിയുള്ള ശ്രമമാണ് നടത്തുന്നത്. ചികിത്സയേക്കാൾ പ്രധാനമാണ് രോഗപ്രതിരോധം. ആരോഗ്യ സംരക്ഷണം വളരെ പ്രധാനപ്പെട്ടതാണ്. അതിനുവേണ്ടിയുള്ള കർമ്മപരിപാടികൾ ആവിഷ്കരിച്ച് മുന്നോട്ടുപോകണമെന്നുള്ളതാണ് സർക്കാർ ആലോചിക്കുന്നത്. അതിന് ബഹുമാനപ്പെട്ട അംഗങ്ങളും നേതൃപരമായ പങ്കുവഹിക്കുമെന്നുള്ളത് എനിക്കുറപ്പാണ്. ആ രീതിയുണ്ടാകണമെന്ന് പ്രത്യേകമായി ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. ഇവിടെ പരാമർശിച്ച ചില വിഷയങ്ങൾക്ക് മറുപടി പറയണമെന്നാഗ്രഹിക്കുന്നു. ഒന്നാമതായി കോവിഡ്-19-മായി ബന്ധപ്പെട്ടതാണ്.

മി. സ്പീക്കർ: ഇനി ബഹുമാനപ്പെട്ട അംഗങ്ങളുടെ ചോദ്യങ്ങൾക്ക് വഴങ്ങുന്നത് ചുരുക്കണം.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ബഹുമാനപ്പെട്ട കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാനും ഞാനും ഉൾക്കൊള്ളുന്ന പ്രദേശത്തെ ജില്ലാ ആശുപത്രിയാണ് തിരൂരിലേത്. ഡോക്ടർ, നഴ്സിംഗ് സ്റ്റാഫ് ഉൾപ്പെടെ അൻപതോളം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുകൊണ്ട് രോഗികൾക്കാവശ്യമായ ശുശ്രൂഷ ലഭിക്കാതെപോകുന്ന ദയനീയമായ സാഹചര്യമുണ്ട്. ഈ ഒഴിവുകൾ നികത്താൻ അടിയന്തര സംവിധാനമുണ്ടാക്കാൻ കഴിയുമോ? പെട്ടെന്ന് സാധിക്കുകയാണെങ്കിൽ രോഗികളെ രക്ഷപ്പെടുത്താൻ കഴിയും. അതിനുള്ള ശ്രമം കൂടി നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, കഴിഞ്ഞ സർക്കാർ ഏറ്റവുമധികം തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത് ആരോഗ്യ വകുപ്പിലാണ്. ഈ സർക്കാർ അധികാരത്തിൽവന്ന് അഞ്ച് മാസത്തെ കാലയളവിനുള്ളിൽ ഏറ്റവുമധികം തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളതും ആരോഗ്യ വകുപ്പിലാണ്. അത് തുടർച്ചയായൊരു പ്രക്രിയയാണ്. ആവശ്യമുള്ള സ്ഥലത്ത് പരമാവധി തസ്തികകൾ സൃഷ്ടിച്ച് മുന്നോട്ടുപോകണമെന്നുതന്നെയാണ് സർക്കാർ ആലോചിക്കുന്നത്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ചുകൊണ്ടുമാത്രമേ ആ രീതിയിലുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ കഴിയുകയുള്ളൂ. രാജ്യത്താദ്യമായി കോവിഡ്-19 റിപ്പോർട്ട് ചെയ്യപ്പെട്ട സംസ്ഥാനം കേരളമാണ്. കോവിഡ് ബ്രിഗേഡിനെ സംബന്ധിച്ച കാര്യമാണ് മിക്കവാറും ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഇവിടെ സൂചിപ്പിച്ചത്. കോവിഡ് ബ്രിഗേഡ് കോവിഡിനുവേണ്ടി കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിയ പാക്കേജായിരുന്നു. മാർച്ച് മാസംവരെയായിരുന്നു ആ പാക്കേജുണ്ടായിരുന്നത്. മാർച്ച് മാസത്തിൽ അത് ആറ് മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചിരുന്നു. അതിനുകാരണം രണ്ടാംതരംഗം രാജ്യത്താരംഭിച്ചതാണ്. കേരളത്തിൽ രണ്ടാംതരംഗം ആരംഭിക്കുന്നത് ഏപ്രിൽ മാസം പകുതിയോടുകൂടിയാണ്. രണ്ടാം

തരംഗത്തിന്റെ ഉയർച്ച കേരളത്തിലുണ്ടാകുന്നത് മേയ്, ജൂൺ മാസങ്ങളിലാണ്. മേയ് മാസം 12-ാം തീയതി 42,000 കേസുകൾ റിപ്പോർട്ട് ചെയ്തകാര്യം നമുക്കെല്ലാവർക്കും ഓർമ്മയുണ്ടാകുമെന്ന് വിശ്വസിക്കുന്നു. ആറ് മാസംകൂടി ദീർഘിപ്പിക്കാനുള്ള തീരുമാനമെടുക്കുമ്പോൾ മാർച്ച് മാസത്തിൽ 13000 പേരാണ് കോവിഡ് ബ്രിഗേഡിലുണ്ടായിരുന്നത്. അതിനുശേഷം കുറച്ച് ആളുകളെക്കൂടിയെടുത്തു; അങ്ങനെ 19511 പേരാണ് കോവിഡ് ബ്രിഗേഡിലുണ്ടായിരുന്നത്. ബഹുമാനപ്പെട്ട കായംകുളം എം.എൽ.എ. പറഞ്ഞതുപോലെ ഒരു മാസം 37 കോടി രൂപയോളം സർക്കാരിന് അതിനുവേണ്ടി കണ്ടെത്തേണ്ടതായിവന്നു. കേന്ദ്ര സഹായമില്ലാതായ സാഹചര്യത്തിൽ അത് വളരെ ശ്രമകരമായ കാര്യമായിരുന്നു. ആ പാക്കേജ് ഇല്ലെങ്കിലും കേരളത്തിലെ ആശുപത്രികളിൽ കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളും ചികിത്സയും കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള സംവിധാനങ്ങൾ സ്വീകരിക്കണമെന്നുതന്നെയാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. കോവിഡ് ബ്രിഗേഡ് പിൻവലിക്കപ്പെട്ടുവെങ്കിലും പിന്നീട് ആവശ്യമുള്ള ആളുകളെ എൻ.എച്ച്.എം. (നാഷണൽ ഹെൽത്ത് മിഷൻ) വഴിയോ ഹോസ്പിറ്റൽ ഡെവെലപ്മെന്റ് സമിതി വഴിയോ കണ്ടെത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഡി.എച്ച്.എസ്.-ലും ഡി.എം.ഇ.-ലും പ്രത്യേകം യോഗങ്ങൾ നടത്തി ലാബുകളിലും മറ്റും ഇവരുടെ സേവനം ഉപയോഗപ്പെടുത്തിയിരുന്നു. സ്വാബ് എടുക്കുന്നതിനും അവരുടെ സേവനം ഉപയോഗപ്പെടുത്തിയിരുന്നു. അത് തടസ്സപ്പെടാതെ മുന്നോട്ടുപോകുന്നതിനു വേണ്ടിയുള്ള ക്രമീകരണമാണ് വകുപ്പ് ചെയ്തിരിക്കുന്നത്. അതിനുവേണ്ടി കൃത്യമായ കണക്കെടുക്കുകയും ധനകാര്യ വകുപ്പിൽനിന്ന് കഴിഞ്ഞ ദിവസം അപ്രൂവൽ ലഭിക്കുകയും ചെയ്തിരുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഇപ്പോൾത്തന്നെ അരമണിക്കൂറോളമായി.

ശ്രീ. എം. വിൻസെന്റ്: സർ, എൻ.എച്ച്.എം. മുഖേന പുതിയ ആളുകളെ നിയമിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് പറഞ്ഞു. അങ്ങനെയാണെങ്കിൽ കോവിഡ് കാലത്ത് സ്തുത്യർഹമായ സേവനമനുഷ്ഠിച്ച കോവിഡ് ബ്രിഗേഡിലുള്ള ആളുകൾക്ക് മുൻഗണന നൽകുമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, അങ്ങനെതന്നെയാണ് പറഞ്ഞിരിക്കുന്നത്. കോവിഡ് ബ്രിഗേഡ് എന്നാൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടി നമ്മൾ കണ്ടെത്തിയ അല്ലെങ്കിൽ നിയമിച്ചവരാണ്. അവർക്ക് മുൻഗണന നൽകണമെന്നുതന്നെയാണ് സർക്കാർ ആലോചിച്ചിരിക്കുന്നത്. ആ രീതിയിലുള്ള

നിർദ്ദേശമാണ് കൊടുത്തിരിക്കുന്നത്. കോവിഡിന്റെ വ്യാപനത്തോത് പീക്ക് സ്റ്റേജിലായിരുന്നപ്പോൾ ഉണ്ടായിരുന്ന അത്രയുംപേരെ ഇപ്പോൾ വേണ്ടതില്ല. ഇനിയൊരു തരംഗമുണ്ടാകാതിരിക്കട്ടെ, ഒരു surge ഉണ്ടാകാതിരിക്കട്ടെ. അഥവാ അങ്ങനെയുണ്ടാവുകയാണെങ്കിൽ ആ സമയത്ത് എത്രപേരുടെ ആവശ്യമുണ്ടോ അത്രയുംപേരെ നിയമിച്ച് മുന്നോട്ടുപോകണം. അങ്ങനെ എടുത്താലേ നമുക്ക് പ്രവർത്തിക്കാൻ സാധിക്കൂ. ആ രീതിയിൽ മുന്നോട്ടുപോകണമെന്നാണ് ആലോചിക്കുന്നത്. വാക്സിനേഷനുമായി ബന്ധപ്പെട്ട്, 'ആദ്യ ഡോസ് 95 ശതമാനം എടുത്തിട്ടും സെക്കൻഡ് ഡോസ് 54 ശതമാനം മാത്രമേ എടുത്തുള്ളൂ; എന്തുകൊണ്ടാണ് രണ്ടാം ഡോസെടുക്കുന്നതിലൊരു മെല്ലെപ്പോക്ക് എന്ന് ചോദിക്കുകയുണ്ടായി. മേയ് വരെ ഏതാണ്ട് 26 ശതമാനം മാത്രമാണ് ഫസ്റ്റ് ഡോസ് വാക്സിനുണ്ടായിരുന്നത്. വാക്സിനേഷനുമായി ബന്ധപ്പെട്ട കേന്ദ്ര നയങ്ങളും ആ രീതിയിലായിരുന്നു. അതനുസരിച്ച് വ്യത്യാസങ്ങളുണ്ടായി. 26 ശതമാനത്തിൽ നിന്നാണ് സെപ്റ്റംബർ അവസാനമായപ്പോഴേയ്ക്കും 90 ശതമാനമായത്. ഫസ്റ്റ് ഡോസ് വാക്സിനെടുക്കുന്നതിനുള്ള eligible population അതായത്, 18 വയസ്സിന് മുകളിലുള്ളവർക്ക് 90 ശതമാനം വാക്സിനെടുത്തു. ഇപ്പോഴത് 95.21 ശതമാനമാണ്. അതുപോലെ സെക്കൻഡ് ഡോസ് വാക്സിനെടുത്ത ആളുകൾ 54.71 ശതമാനമാണ്. സെക്കൻഡ് ഡോസ് ഡ്യൂ ആകുന്നമുറയ്ക്കാണ് സെക്കൻഡ് ഡോസ് വാക്സിൻ എടുത്തുപോകുന്നത്. ആ രീതിയിൽ ജൂൺ-ജൂലൈ അല്ലെങ്കിൽ ആഗസ്റ്റ് മാസത്തിൽ വാക്സിൻ എടുത്തവർക്ക് ഡ്യൂ ആകുന്നമുറയ്ക്കാണ് സെക്കൻഡ് ഡോസ് നൽകുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം Seropositivity 82.5 ശതമാനമാണ്. ഇത് Seroprevalence Study-യിലൂടെ കണ്ടെത്തിയ കാര്യമാണ്. ICMR (Indian Council of Medical Research)-ന്റെ തൊട്ടുമുന്നിലുള്ള പഠനം നമ്മുടെ മുന്നിലുണ്ട്. കേരളത്തിൽ ഏതാണ്ട് 42 ശതമാനം ആളുകൾക്കാണ് Seropositivity ഉള്ളതെന്നാണ് ഐ.സി.എം.ആർ.-ന്റെ നാലാമത്തെ പഠനത്തിൽ പറയുന്നത്. അവർ പഠനം നടത്തിയ ജൂൺ മാസത്തിൽനിന്നും സെപ്റ്റംബർ മാസത്തിലേയ്ക്ക് എത്തപ്പെട്ടപ്പോൾ നമ്മുടെ Seroprevalence study-യിൽ കണ്ടെത്തിയത് 82.5 ശതമാനം ആളുകൾക്ക് Seropositivity ഉണ്ടെന്നാണ്. Seropositivity വാക്സിനേഷനിലൂടെ നമ്മൾ ആർജ്ജിച്ച പ്രതിരോധമാണ്. വാക്സിനേഷനിലൂടെ ആർജ്ജിച്ച പ്രതിരോധത്തിൽ സ്വാഭാവികമായും നാച്വറൽ ഇൻഫെക്ഷനുണ്ടാകും. രണ്ട് ഡോസ് വാക്സിനെടുത്ത് രണ്ടാഴ്ചയ്ക്കുശേഷം പിന്നെയും ഇൻഫെക്ഷൻ ഉണ്ടാവുകയാണെങ്കിൽ അതിനെ Breakthrough infection എന്നാണ് പറയുന്നത്. ഇൻഫെക്ഷൻ വന്ന് വീണ്ടും ഇൻഫെക്ഷൻ വരുന്നതിനെ reinfection എന്നാണ് പറയുന്നത്. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ അങ്ങനെയൊരു കണക്ക് ലഭ്യമല്ല. പക്ഷേ, ചില വികസിത രാജ്യങ്ങൾക്കുണ്ട്. അവരുടെ കണക്കുകളുമായി നോക്കുമ്പോൾ നമ്മുടെ breakthrough infection

നിരക്ക് കുറവാണ്. ഈ ഘട്ടത്തിൽ നമ്മുടെ ആശുപത്രികളുടെയും ICU-കളുടെയും occupancy എങ്ങനെയാണ് എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങൾ പ്രഷറൈസ്ഡ് മോഡിലല്ല. ആശുപത്രികളുടെയും ഐ.സി.യു.-കളുടെയും occupancy വളരെ കുറവാണ്. അത് കാണിക്കുന്നത് ഈ ഘട്ടത്തിൽ ഇൻഫെക്ഷന്റെ തീവ്രത കുറവാണെന്നുള്ളതാണ്. വാക്സിനേഷനിലൂടെയാണ് അതിലേയ്ക്കെത്തിപ്പെടാൻ കഴിഞ്ഞത്. വാക്സിനെടുത്ത ആളുകൾക്ക് രോഗപ്രതിരോധശേഷിയുണ്ടായി. നാച്ചുറൽ ഇൻഫെക്ഷൻ വന്നാലും അത് സിവിയർ ആകില്ല. ബഹുമാനപ്പെട്ട സ്പീക്കർ ഇനി ചോദ്യം അനുവദിക്കുന്നില്ല എന്നാണ് പറഞ്ഞിരിക്കുന്നത്.

മി. സ്പീക്കർ: അങ്ങ് രണ്ടോ മൂന്നോ തവണയായി ചോദിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഐ.സി.എം.ആർ.-ന്റെ പഠനമനുസരിച്ച് ജൂണിൽ 42 ശതമാനം എന്നാണ് പറഞ്ഞത്. നമ്മൾ വളരെ പ്രൊട്ടക്റ്റഡാണ്, കുറേയധികം ആളുകൾക്ക് ഇനിയും വരാനുണ്ട്, അതുകൊണ്ടാണ് ഇവിടെ കേസ് കൂടുന്നതെന്നാണ് അന്ന് പറഞ്ഞത്. അതേസമയം കൃത്യം രണ്ടുമാസം കഴിഞ്ഞപ്പോൾ 82 ശതമാനം seropositivity ആയി. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് അത് വാക്സിനേഷനിൽക്കൂടി കിട്ടിയതെന്നാണ്. പക്ഷേ, ഒരു ശതമാനംപോലും വാക്സിനെടുക്കാത്ത 42 ശതമാനം കുട്ടികൾക്ക് കോവിഡ് വന്നിട്ടുണ്ട്. അത് വാക്സിൻ വഴിയാണോ? മറ്റൊന്ന്, ഇൻഡ്യയിൽ 95 ശതമാനംവരെ വാക്സിൻ കവറേജുള്ള സംസ്ഥാനങ്ങളുണ്ട്. ആ സംസ്ഥാനങ്ങളിൽ seropositivity 83 ശതമാനംവരെ വന്നിട്ടുണ്ട്. അവിടെയിപ്പോൾ T.P.R. (Test Positivity Rate) രണ്ട് ശതമാനമാണ്. എന്നാലിവിടെ 10 ശതമാനത്തിൽ നിൽക്കുന്നതിനെക്കുറിച്ച് പഠനം വേണമെന്ന ആവശ്യത്തിൽ ഞാൻ ഉറച്ചുനിൽക്കുകയാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, Seropositivity ചില സംസ്ഥാനങ്ങൾക്ക് ഉയർന്നതാണ്. അങ്ങ് ഓർക്കുന്നുണ്ടാകും, ഒരുഘട്ടത്തിൽ ഈ സംസ്ഥാനങ്ങളിൽ ഒരു വേവ്/സുനാമി പോലെയാണ് ഇൻഫെക്ഷനുണ്ടായത്. ഒറ്റയടിക്ക് എല്ലാവർക്കും രോഗം വന്നുപോകുന്ന സാഹചര്യമാണുണ്ടായത്. അതായത് രോഗത്തിലൂടെയാണ് വ്യക്തിയിൽ പ്രതിരോധശേഷി/ ആന്റിബോഡിയുണ്ടായത്. പക്ഷേ ഇവിടെ വാക്സിനേഷനിലൂടെയാണ് കൂടുതലുണ്ടായിട്ടുള്ളത്. കുഞ്ഞുങ്ങളുടേത് seroprevalence study-യിൽ വ്യക്തമാക്കപ്പെട്ട കാര്യമാണ്. അതായത് ഈ ഒരു വർഷവും 10 മാസവും, സെപ്റ്റംബർ മാസത്തിലാണ് നമ്മുടെ seroprevalence study നടത്തിയത്. നമ്മുടെ കുഞ്ഞുങ്ങൾ എക്സ്പോസ്ഡല്ലായിരുന്നു. ഇപ്പോഴാണ് അവർ സ്കൂളിൽ പോകുന്നത്.

ഇത്തരത്തിൽ prevent ചെയ്ത് നിർത്താൻ നമുക്ക് കഴിഞ്ഞുവെന്നതുകൂടി അങ്ങ് ഈ ഘട്ടത്തിൽ ഓർക്കണം. ആ രീതിയിൽ വിലയിരുത്തണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. Covid appropriate behaviour, Covid Protocol നമ്മൾതന്നെ പരിശോധിക്കണം. പൊതുപരിപാടികളിൽ പങ്കെടുക്കുമ്പോൾ, മറ്റൊരാളുമായി സംസാരിക്കുമ്പോൾ എത്രപേർ മാസ്ക് വയ്ക്കുന്നുണ്ട്? ഞാൻ ബിൽ അവതരിപ്പിച്ച് സംസാരിച്ചപ്പോൾ ഇക്കാര്യം സൂചിപ്പിച്ചതാണ്. ആ രീതിയിലുള്ള ഇൻഡിവിഡ്വൽ റെസ്പോൺസിബിലിറ്റിയുണ്ടാകണം. എനിക്ക് കോവിഡ് വരാതിരിക്കാനായി ഞാനെന്തൊക്കെ കാര്യങ്ങൾ ചെയ്യണമെന്നത് സംബന്ധിച്ച്, leaders/representatives എന്ന നിലയിൽ ഏതൊക്കെ രീതിയിലുള്ള ഇടപെടൽ നടത്തേണ്ടതുണ്ട്, അല്ലെങ്കിൽ എങ്ങനെയാണ് നടത്തേണ്ടത് എന്നുകൂടി ഇതിന്റെ ഭാഗമായി പരിശോധിക്കുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്.

ബഹുമാനപ്പെട്ട അംഗങ്ങൾ Spinal Muscular Atrophy-യെ സംബന്ധിച്ച് സൂചിപ്പിച്ചു. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന We-care പദ്ധതി വിപുലപ്പെടുത്തി അപൂർവ്വരോഗബാധിതരായ കുട്ടികളുടെ ചികിത്സയ്ക്കായി ഫണ്ട് സ്വരൂപിക്കുന്നതിനുള്ള പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നുണ്ട്. അതിൽ അപൂർവ്വ ജനിതകരോഗമായ Pompe Disease-മായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിലുണ്ടായിരുന്ന ഒരു കേസിന്റെ വിധിന്യായത്തിനെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീലിൽ, ആ കേസിലെ ഇടക്കാല ഉത്തരവിൻപ്രകാരം അപൂർവ്വ രോഗങ്ങളുടെ ചികിത്സയ്ക്കായി ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. വളരെ പ്രധാനപ്പെട്ട മറ്റൊരുകാര്യം, മെഡിക്കൽ കോളേജ്, തിരുവനന്തപുരം (എസ്.എ.റ്റി.), മെഡിക്കൽ കോളേജ്, കോഴിക്കോട് എന്നിവിടങ്ങളിൽ Multi disciplinary team of Doctors-നെ SMA-യ്ക്കുവേണ്ടി, അതായത് ഈ രോഗം ആദ്യഘട്ടത്തിൽത്തന്നെ മനസ്സിലാക്കുക എന്നതാണ് വളരെ പ്രധാനം, എന്നാൽ പലർക്കും മനസ്സിലാകുന്നില്ല. ജനിതകരോഗങ്ങളാകയാൽ ഗർഭാവസ്ഥയിൽത്തന്നെ അസുഖം കണ്ടെത്തുന്നതിനുള്ള ജനിതക പരിശോധനകൾ ദമ്പതികളുടെ സമ്മതത്തോടുകൂടി നടത്തുന്നതിനുള്ള ക്രമീകരണവും സൗകര്യവും എസ്.എ.ടി.-യിൽ ലഭ്യമാക്കണമെന്നാണ് സർക്കാർ ആലോചിക്കുന്നത്. കാരുണ്യ ബെനവലന്റ് ഫണ്ടുപ്രകാരം മുഴുവൻ ഹിമോഫീലിയ രോഗികൾക്കും പരിധിയില്ലാത്ത സൗജന്യ ചികിത്സയാണ് മുടങ്ങാതെ നൽകിവരുന്നത്. ഈ കാലഘട്ടത്തിൽ ഏകദേശം 33.98 കോടി രൂപ ഹീമോഫീലിയ രോഗികൾക്കുവേണ്ടി ചെലവഴിച്ചിട്ടുണ്ടെന്നാണ് കാണുന്നത്. മാനസിക ആരോഗ്യ സാക്ഷരതയുണ്ടാവുകയെന്നത് വളരെ പ്രധാനപ്പെട്ടതാണ്. മെന്റൽ ഹെൽത്തുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. മാനസിക രോഗമാണെന്ന് തിരിച്ചറിയുന്നതിനും ശരിയായ ചികിത്സ തേടുന്നതിനും സാമൂഹിക കാരണങ്ങൾ, ഇതിനെക്കുറിച്ച്

അവബോധമില്ലായ്മ മുതലായ പലകാര്യങ്ങളും വിലങ്ങുതടിയാണ്. പ്രാഥമികാരോഗ്യകേന്ദ്രതലത്തിൽ ഇതുസംബന്ധിച്ച ഒരു ഹെൽത്ത് സിസ്റ്റം അല്ലെങ്കിൽ ഹെൽത്ത് കെയർ നൽകുന്നതിനുള്ള ആലോചനകൾ സർക്കാർ നടത്തുന്നുണ്ട്.

ശ്രീ. പി. കെ. ബഷീർ: സർ, മലബാറിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ മാത്രമാണ് ഹീമോഫീലിയ രോഗികൾക്ക് മരുന്നുകൊടുക്കുന്നത്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററോ ജില്ലാ ഹെൽത്ത് സെന്ററോ താലൂക്കാശുപത്രിയോ വഴി ആ മരുന്ന് ലഭ്യമാക്കിക്കൂടെ? മറ്റൊന്ന്, ഹീമോഫീലിയ രോഗികൾക്ക് മാസംതോറും നൽകുന്ന 1000 രൂപ 11 മാസമായി കൊടുക്കുന്നില്ല. അത് നൽകാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, അക്കാര്യം പരിശോധിക്കുന്നതാണ്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്താണ് മഞ്ചേരി ജനറൽ ആശുപത്രിയെ മെഡിക്കൽ കോളേജാക്കി അവിടെ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുവേണ്ടി തീരുമാനിച്ചത്. മെഡിക്കൽ കോളേജിനുവേണ്ട സൗകര്യങ്ങൾ അന്ന് ആ ആശുപത്രിയിലുണ്ടായിരുന്നില്ല. പോസ്റ്റ് ക്രിയേഷനുൾപ്പെടെയുള്ള കാര്യങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വളരെ കൃത്യമായി ചെയ്തു. അംഗീകാരം നിലനിർത്തുന്നതിനും സ്ഥിര അംഗീകാരം ലഭ്യമാക്കുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിച്ചും ആവശ്യമായ ഉപകരണങ്ങൾ സ്ഥാപിച്ചും മുന്നോട്ടുപോകാനാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ശ്രമിച്ചിട്ടുള്ളത്. കൂടാതെ ഈ ആശുപത്രിയുടെ വികസനത്തിന് 7 ഏക്കർ സ്ഥലമേറ്റെടുക്കുന്ന നടപടികളുമായി മുന്നോട്ടുപോകുന്നതും കഴിഞ്ഞ സർക്കാരിന്റെ കാലത്താണ്. മഞ്ചേരി മെഡിക്കൽ കോളേജിൽ ഈ വർഷം മുതൽ ഇ.എൻ.ടി., ഡെർമറ്റോളജി, ഒഫ്താൽമോളജി എന്നീ വിഭാഗങ്ങളിൽ പി.ജി. കോഴ്സുകൾ തുടങ്ങാൻ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഇടുക്കിയിലെയും കോന്നിയിലെയും മഞ്ചേരിയിലെയും കാസർഗോഡിലെയും മെഡിക്കൽ കോളേജുകളുടെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകണമെന്നുതന്നെയാണ് സർക്കാർ ആലോചിക്കുന്നത്. അത് കൂട്ടായി ആലോചിച്ച് നമുക്ക് തീരുമാനിക്കാവുന്നതാണ്. ട്രാൻസ്ഫറുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട തലശ്ശേരി മെമ്പർ നല്ല നിർദ്ദേശമാണ് മുന്നോട്ടുവച്ചിരിക്കുന്നത്. അത് പരിഗണിക്കാവുന്ന കാര്യമാണ്. 'ശീലങ്ങൾ മാറണം' എന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീമതി യു. പ്രതിഭ ഇവിടെ സൂചിപ്പിച്ചു. ബഹുമാന്യരായ അംഗങ്ങൾ നൽകിയ നല്ല നിർദ്ദേശങ്ങളെല്ലാം പരിഗണിക്കാവുന്നതാണ്. കൃത്യമായ നിയമനിർമ്മാണം നടത്തുന്നതിന് സഹകരിക്കുകയും അതിനുവേണ്ടി ഹോം വർക്ക് ചെയ്യുകയും ചെയ്ത എല്ലാ അംഗങ്ങളോടുമുള്ള പ്രത്യേക നന്ദി ഒരിക്കൽക്കൂടി അറിയിക്കുന്നു.

(1) 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ

മി. സ്പീക്കർ: ശ്രീ. എ. എൻ. ഷംസീർ, അങ്ങയുടെ '1 എ' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച '1 എ' നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ, അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച '2 ബി' നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ

മി. സ്പീക്കർ: ശ്രീ. കെ. ഡി. പ്രസേനൻ, അങ്ങയുടെ '1 എ' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച '1 എ' നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്, അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച '2 ബി' നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബില്ലും 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ

രണ്ടാം വകുപ്പ്

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ഖണ്ഡം 2(എ)-യിൽ "കൗൺസിലുകളും" എന്ന വാക്കിനുപകരം "കൗൺസിലും" എന്ന വാക്ക് ചേർക്കണം.

2-ാം ഖണ്ഡത്തിന്റെ (ഐ) (ii) ഇനത്തിനുപകരം "ഔട്ട്പേഷ്യന്റ് വിഭാഗവും ഇൻപേഷ്യന്റ് വിഭാഗവും ഉള്ളതായ പ്രകൃതിചികിത്സാ ആശുപത്രികൾ; അല്ലെങ്കിൽ " എന്ന ഇനം ചേർക്കണം.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

217. ഖണ്ഡം 2 (എ) -ൽ "എന്നാൽ" എന്നതിനു ശേഷം "ഈ ആക്റ്റിലെ" എന്ന് ചേർക്കുക.

222. ഖണ്ഡം 2 (എ) -ൽ "കൗൺസിൽഹോമിയോപ്പതിക് " എന്നതിന് പകരം "കൗൺസിൽ, ഹോമിയോപ്പതിക് " എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

253. ഖണ്ഡം 2(സി)-ൽ, "സ്ഥാപിച്ച" എന്നതിന് ശേഷം "ഒരു" എന്ന് ചേർക്കുക.

255. ഖണ്ഡം 2(സി)-ൽ, "ഹോമിയോപ്പതിക്ക്" എന്നതിന് പകരം "ഹോമിയോപ്പതിക് " എന്ന് ചേർക്കുക.

281. ഖണ്ഡം 2 (ഇ)-ൽ " സിദ്ധ മെഡിസിൻ" എന്നതിന് പകരം "സിദ്ധ ചികിത്സ" എന്ന് ചേർക്കുക.

291. ഖണ്ഡം 2 (ഇ)-ൽ "മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.

297. ഖണ്ഡം 2(എഫ്)-ൽ "മോഡേൺ മെഡിസിനോ" എന്നതിന് ശേഷമുള്ള "," ചിഹ്നം ഒഴിവാക്കുക.

298. ഖണ്ഡം 2(എഫ്)-ൽ "ഹോമിയോപ്പതിക്ക്" എന്നതിന് പകരം "ഹോമിയോപ്പതിക്" എന്ന് ചേർക്കുക.

363. ഖണ്ഡം 2 (എൽ)-ൽ "എന്നാൽ" എന്നതിന് ശേഷം "സംസ്ഥാന മെഡിക്കൽ കൗൺസിൽ അംഗീകരിച്ച " എന്ന് ചേർക്കുക.

364. ഖണ്ഡം 2 (എൽ)-ൽ "എന്നാൽ" എന്നതിന് ശേഷം "ഏതെങ്കിലും " എന്ന് ചേർക്കുക.

376. ഖണ്ഡം 2(എൽ)-ൽ "കൈവശമുള്ള" എന്നതിന് പകരം "കരസ്ഥമാക്കിയ" എന്ന് ചേർക്കുക.

395. ഖണ്ഡം 2(ഒ)-ൽ "സൂക്ഷിച്ചിട്ടുള്ള" എന്നതിനു ശേഷം "നിർണയിക്കപ്പെടാവുന്ന പ്രകാരമുള്ള" എന്ന് ചേർക്കുക.

402. ഖണ്ഡം 2(പി)-ൽ "എന്നാൽ" എന്നതിന് ശേഷം "ഈ ആക്ടിലെ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

218. ഖണ്ഡം 2 (എ) -ൽ "വകുപ്പിൻകീഴിൽ" എന്നതിന് പകരം "വകുപ്പിൻ കീഴിൽ" എന്ന് ചേർക്കുക.

397. ഖണ്ഡം 2(ഒ)-ൽ "പേരു ചേർക്കപ്പെട്ടിട്ടുള്ള" എന്നതിനു പകരം "പേര് ചേർക്കപ്പെട്ടിട്ടുള്ള" എന്ന് ചേർക്കുക.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

219. ഖണ്ഡം 2 (എ)-ൽ "ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ കൗൺസിൽ" എന്നീ വാക്കുകൾക്ക് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

244. ഖണ്ഡം 2(എ)-ൽ "ആരംഭിക്കുന്നതുമാണ്;" എന്നതിന് പകരം "നിലവിൽ വന്നതായി കണക്കാക്കപ്പെടേണ്ടതുമാണ്;" എന്ന് ചേർക്കുക.

251 ഖണ്ഡം 2(സി)-ൽ, "സ്ഥാപിച്ച" എന്നതിന് പകരം "ആവിഷ്കരിച്ച" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

229. ഖണ്ഡം 2(എ)-ൽ "എന്നർത്ഥമാകുന്നതും ഈ ആക്റ്റിൻകീഴിൽ രൂപീകരിച്ച ഓരോ കൗൺസിലുകളും ആദ്യമായി യോഗം ചേരുന്ന തീയതി മുതൽ ആദ്യത്തെ കൗൺസിൽ ആരംഭിക്കുന്നതുമാണ്" എന്ന വാക്കുകൾക്ക് പകരം " എന്നർത്ഥമാകുന്നു" എന്ന് ചേർക്കുക.

259. ഖണ്ഡം 2(സി)-ൽ, "അതിനനുസരിച്ച്" എന്നതിന് പകരം "അതിൻ പ്രകാരം " എന്ന് ചേർക്കുക.

260. ഖണ്ഡം 2(ഡി)-ൽ "മെഡിക്കൽ കോളേജ് ആശുപത്രികൾ ഉൾപ്പടെയുള്ള" എന്നതിന് പകരം "മെഡിക്കൽ കോളേജ് ആശുപത്രികൾ" എന്നീ ചിഹ്നങ്ങളും വാക്കുകളും ചേർക്കുക.

271. ഖണ്ഡം 2 (ഡി)-ൽ "മറ്റു സമാനപദപ്രയോഗങ്ങൾ" എന്നതിനു പകരം "മറ്റു സമാന ചികിത്സ കേന്ദ്രങ്ങൾ" എന്ന് ചേർക്കുക.

292. ഖണ്ഡം 2 (ഇ)-ൽ "മറ്റു" എന്നതിന് ശേഷം “ പരമ്പരാഗത” എന്ന് ചേർക്കുക.

315. ഖണ്ഡം 2(എഫ്)-ൽ "അംഗീകൃതവും, അംഗീകരിക്കപ്പെട്ടതുമായ" എന്നതിനു പകരം "അംഗീകൃത" എന്ന് ചേർക്കുക.

316. ഖണ്ഡം 2(ജി)-ൽ "മോഡേൺ" എന്നതിന് പകരം "അലോപ്പതിക്ക്" എന്ന് ചേർക്കുക.

325. ഖണ്ഡം 2(ജി)-ൽ "ആധുനിക " എന്നത് ഒഴിവാക്കുക.

350. ഖണ്ഡം 2(ജെ)-ൽ "പ്രാക്ടീഷണർ" എന്നതിന് പകരം "മെഡിക്കൽ പ്രാക്ടീഷണർ" എന്ന് ചേർക്കുക.

367. ഖണ്ഡം 2 (എൽ)-ൽ "അംഗീകൃത യോഗ്യത കൈവശമുള്ള" എന്നതിന് പകരം "ബന്ധപ്പെട്ട കൗൺസിലുകൾ അംഗീകരിച്ച യോഗ്യതകളുള്ള" എന്ന് ചേർക്കുക.

381. ഖണ്ഡം 2(എം)-ൽ "എന്നാൽ" എന്നതിന് ശേഷം "ഈ ആക്റ്റിലെ" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

230. ഖണ്ഡം 2(എ)-ൽ "എന്നർത്ഥമാകുന്നതും" എന്നതിനുപകരം "എന്നർത്ഥമാകുന്നു." എന്ന വാക്കും ചിഹ്നവും ചേർക്കുക.

241. ഖണ്ഡം 2(എ)-ൽ "ആരംഭിക്കുന്നതുമാണ്;" എന്നതിന് പകരം "നിലവിൽ വരുന്നതുമാണ്;" എന്ന് ചേർക്കുക.

322. ഖണ്ഡം 2(ജി)-ൽ "ശസ്ത്രക്രിയയും പ്രസവചികിത്സയും ഉൾപ്പെടെയുള്ള " എന്നത് ഒഴിവാക്കുക.

398. ഖണ്ഡം 2(ഒ)-ൽ "പേരു ചേർക്കപ്പെട്ടിട്ടുള്ള" എന്നതിനു പകരം "പേരു ഉൾപ്പെട്ടിട്ടുള്ള" എന്ന് ചേർക്കുക.

409.ഖണ്ഡം 2(പി)-ൽ "ബന്ധപ്പെട്ട കൗൺസിലിന്റെ" എന്നത് ഒഴിവാക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

234. ഖണ്ഡം 2(എ)-ൽ "കീഴിൻ" എന്നതിനുപകരം "കീഴിൽ" എന്ന് ചേർക്കുക.

303. ഖണ്ഡം 2(എഫ്)-ൽ "ശമിപ്പിക്കുന്ന" എന്നതിന് ശേഷം "/ശുശ്രൂഷിക്കുന്ന" എന്ന ചിഹ്നവും വാക്കും ചേർക്കുക.

393. ഖണ്ഡം 2(ഒ)-ൽ "ആക്ടിൻ കീഴിൽ" എന്നതിനുശേഷം "മെഡിക്കൽ കൗൺസിൽ" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

236. ഖണ്ഡം 2(എ)-ൽ "ആദ്യമായി യോഗം ചേരുന്ന" എന്നതിനുപകരം "നിലവിൽ വരുന്ന" എന്ന് ചേർക്കുക.

246. ഖണ്ഡം 2(ബി)-ൽ "കേരള" എന്നതിന് ശേഷം "സംസ്ഥാന" എന്ന് ചേർക്കുക.

261. ഖണ്ഡം 2(ഡി)-ൽ "ആശുപത്രികൾ" എന്നതിന് ശേഷം "ആരോഗ്യ കേന്ദ്രങ്ങൾ" എന്ന് ചേർക്കുക.

362. ഖണ്ഡം 2(കെ)-ൽ "കൗൺസിലിന്റെ" എന്നതിന് പകരം "മെഡിക്കൽ കൗൺസിലിന്റെ" എന്ന് ചേർക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

248. ഖണ്ഡം 2(സി)-ൽ, "ഡോ. ഹാനിമാൻ" എന്നതിന് പകരം "ഡോ. സാമുവൽ ഹാനിമാൻ" എന്ന് ചേർക്കുക.

329. ഖണ്ഡം 2(എച്ച്)-ൽ "ആരോഗ്യകരമായ" എന്നതിന് മുൻപ് "ഭക്ഷണക്രമീകരണം, വ്യായാമം തുടങ്ങിയ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

252. ഖണ്ഡം 2(സി)-ൽ, "സ്ഥാപിച്ച" എന്നതിന് പകരം "സ്ഥാപിച്ചതും വിവിധ ലോകരാജ്യങ്ങളിൽ പരിശീലിച്ച് വരുന്നതുമായ " എന്ന് ചേർക്കുക.

340. ഖണ്ഡം 2(ഐ)-ൽ "അംഗീകൃതവും, അംഗീകരിക്കപ്പെട്ടതുമായ" എന്നതിന് പകരം "അംഗീകൃതമായ" എന്ന് ചേർക്കുക.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

258. ഖണ്ഡം 2(സി)-ൽ, "അതിനനുസരിച്ച്" എന്നതിന് പകരം "തദനുസൃതം " എന്ന് ചേർക്കുക.

341. ഖണ്ഡം 2(ഐ)(i)-ൽ "നടത്തുന്ന" എന്നതിന് മുൻപ് "അല്ലെങ്കിൽ സമാന കോഴ്സുകൾ" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

262. ഖണ്ഡം 2(ഡി)-ൽ "മറ്റ്" എന്ന വാക്ക് ഒഴിവാക്കുക.

288. ഖണ്ഡം 2 (ഇ)-ൽ "അത്തരത്തിലുള്ള" എന്നതിന് പകരം " സമാനമായ" എന്ന് ചേർക്കുക.

310. ഖണ്ഡം 2(എഫ്)-ൽ "പരിശീലനമോ" എന്നതിന് ശേഷം "ചികിത്സയോ ഗവേഷണമോ" എന്ന് ചേർക്കുക.

326. ഖണ്ഡം 2(ജി) താഴെപ്പറയും പ്രകാരം മാറ്റുക: "(ജി) "മോഡേൺ മെഡിസിൻ" എന്നാൽ ആധുനിക വൈദ്യശാസ്ത്രം എന്ന് അർത്ഥമാകുന്നതും അതിൽ ശസ്ത്രക്രിയയും പ്രസവചികിത്സയും ഉൾപ്പെടുന്നതും ആകുന്നു;".

345. ഖണ്ഡം 2(ഐ)(ii)-ൽ "ആശുപത്രികൾ" എന്നതിന് പകരം "ആശുപത്രി" എന്ന് ചേർക്കുക.

354. ഖണ്ഡം 2(ജെ)-ൽ "സാധുതയുള്ള" എന്നതിന് മുമ്പായി "നിയമ" എന്ന് ചേർക്കുക.

365. ഖണ്ഡം 2 (എൽ)-ൽ "എന്നാൽ" എന്നതിന് ശേഷമുള്ള "ഒരു" എന്നത് ഒഴിവാക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

265. ഖണ്ഡം 2(ഡി)-ൽ "പഞ്ചകർമ ഹോസ്പിറ്റലുകൾ" എന്നതിന് പകരം "പഞ്ചകർമ ഹോസ്പിറ്റലുകൾ/ചികിത്സാകേന്ദ്രങ്ങൾ" എന്ന് ചേർക്കുക.

351. ഖണ്ഡം 2(ജെ)-ൽ "എന്നാൽ" എന്നതിന് ശേഷം "ബന്ധപ്പെട്ട" എന്ന് ചേർക്കുക.

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

272. ഖണ്ഡം 2 (ഡി)-ൽ "മറ്റു സമാനപദപ്രായോഗങ്ങൾ എന്നാൽ" എന്നതിനു പകരം "എന്നിവ ഉൾപ്പെടെ" എന്ന് ചേർക്കുക.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

273. ഖണ്ഡം 2 (ഡി)-ൽ "രീതികൾ" എന്നതിന് പകരം "സമ്പ്രദായങ്ങൾ പിൻതുടരുന്ന " എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

277. ഖണ്ഡം 2 (ഡി) ചുവടെപ്പറയും പ്രകാരം മാറ്റുക. " (ഡി) ആരോഗ്യ സേവന സ്ഥാപനങ്ങൾ എന്നാൽ മെഡിക്കൽ കോളേജ് ആശുപത്രികൾ ഉൾപ്പെടെയുള്ള ആശുപത്രികൾ, മറ്റ് അംഗീകൃത ടീച്ചിംഗ് ഹോസ്പിറ്റലുകൾ, ഡിസ്പെൻസറികൾ, ക്ലിനിക്കുകൾ, സാനറ്റോറിയം, നഴ്സിംഗ് ഹോമുകൾ, പഞ്ചകർമ്മ ഹോസ്പിറ്റലുകൾ, ആയുർവേദ കേന്ദ്രങ്ങൾ, യുനാനി പുനരുജ്ജീവന ചികിത്സാ കേന്ദ്രങ്ങൾ, സിദ്ധ ചികിത്സാ കേന്ദ്രങ്ങൾ, വർമ്മ/മർമ്മ തെറാപ്പി കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടെ ബന്ധപ്പെട്ട കൗൺസിലുകൾ അംഗീകരിച്ച ചികിത്സാ സമ്പ്രദായം പിൻതുടരുന്ന സ്ഥാപനങ്ങൾ എന്നർത്ഥമാകുന്നു;"

<u>ശ്രീ. കെ. ആൻസലൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

295. ഖണ്ഡം 2 (ഇ)-ൽ "ചികിത്സകൾ" എന്നതിന് പകരം "ചികിത്സാ സമ്പ്രദായം" എന്ന് ചേർക്കുക.

<u>ശ്രീ. ആന്റണി ജോൺ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

296. ഖണ്ഡം 2(എഫ്)-ൽ “ "മെഡിക്കൽ സ്ഥാപനം" അല്ലെങ്കിൽ "മെഡിക്കൽ കോളേജ്” " എന്നതിന് പകരം "മെഡിക്കൽ കോളേജ് അല്ലെങ്കിൽ വൈദ്യപരിശീലന സ്ഥാപനം” എന്ന് ചേർക്കുക.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

317. ഖണ്ഡം 2(ജി)-ൽ "എന്നാൽ " എന്നതിന് ശേഷം "രോഗ ശാന്തിക്കായുള്ള മരുന്ന് ഉപയോഗവും " എന്ന് ചേർക്കുക.

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

332. ഖണ്ഡം 2(എച്ച്)-ൽ "അടിസ്ഥാനമാക്കിയുള്ള പ്രകൃതിദത്ത വസ്തുക്കളുടെ ഉപയോഗം ഉൾപ്പെടെയുള്ള" എന്നതിനുപകരം "അടിസ്ഥാനമാക്കി പ്രകൃതിദത്ത വസ്തുക്കൾ മാത്രം ഉപയോഗിക്കുന്ന" എന്ന് ചേർക്കുക.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

333. ഖണ്ഡം 2(എച്ച്)-ൽ "വസ്തുക്കളുടെ ഉപയോഗം ഉൾപ്പെടെയുള്ള" എന്നതിനുപകരം "വസ്തുക്കൾ ഉപയോഗിച്ചുള്ളതും മറ്റു" എന്ന് ചേർക്കുക.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

344. ഖണ്ഡം 2(ഐ)(ii)-ൽ "പത്ത് ഇൻപേഷ്യന്റ് കിടക്കകളുള്ളതും ഔട്ട്പേഷ്യന്റ് വിഭാഗം" എന്നതിന് പകരം "പത്തിൽ കുറയാത്ത രോഗികളെ കിടത്തി ചികിത്സിക്കുന്നതും, ഔട്ട്പേഷ്യന്റ് വിഭാഗവും" എന്ന് ചേർക്കുക.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

346. ഖണ്ഡം 2(ഐ)(iii)-ൽ "വിഭാഗത്തോട്ടുകൂടിയ" എന്നതിന് പകരം "വിഭാഗം മാത്രമുള്ള" എന്ന് ചേർക്കുക.

ശ്രീ. ഒ. ആർ. കേളു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

378. ഖണ്ഡം 2(എൽ)-ൽ "കൈവശമുള്ള ഒരു" എന്നതിന് ശേഷം "മെഡിക്കൽ" എന്ന് ചേർക്കുക.

387. ഖണ്ഡം 2(എൻ)-ൽ, "പ്രാക്ടീഷണർമാരുടെ" എന്നതിന് മുമ്പ് "മെഡിക്കൽ " എന്ന് ചേർക്കുക.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

379. ഖണ്ഡം 2(എൽ) താഴെപ്പറയും പ്രകാരം മാറ്റുക;

"(എൽ) "യോഗ്യതയുള്ള മെഡിക്കൽ പ്രാക്ടീഷണർ" എന്നാൽ ഒരു അംഗീകൃത യോഗ്യത നേടിയതും ബന്ധപ്പെട്ട മെഡിക്കൽ കൗൺസിലിൽ രജിസ്ട്രേഷൻ ഉള്ളതുമായ ഒരു മെഡിക്കൽ പ്രാക്ടീഷണർ എന്നർത്ഥമാകുന്നു;".

ശ്രീ. സി. ആർ. മഹേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

383. ഖണ്ഡം 2(എം)-ൽ, "പറയുന്ന" എന്നതിന് പകരം "വ്യക്തമാക്കിയിട്ടുള്ള " എന്ന് ചേർക്കുക.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ശ്രീ. പി. സി. വിഷ്ണുനാഥിന്റെ 266-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

266. ഖണ്ഡം 2(ഡി)-ൽ "ആയുർവേദ" എന്നതിനുശേഷം "ചികിത്സാ"എന്ന് ചേർക്കുക.

ഇതിൽ "ചികിത്സ" എന്ന വാക്കിനുപകരം "ചികിത്സാ" എന്ന ഭേദഗതിയാണ് വരുത്തിയത്.

ഡോ. എൻ. ജയരാജിന്റെ 267-ാം നമ്പർ ഭേദഗതിയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ 278-ാം നമ്പർ ഭേദഗതിയും ശ്രീ. അൻവർ സാദത്തിന്റെ 377-ാം നമ്പർ ഭേദഗതിയും ശ്രീ. പി.കെ. ബഷീറിന്റെ 404-ാം നമ്പർ ഭേദഗതിയും ശ്രീ. യു. എ. ലത്തീഫിന്റെ 406-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

267. ഖണ്ഡം 2(ഡി)-ൽ "ചികിത്സ കേന്ദ്രങ്ങൾ" എന്ന് വരുന്നിടത്തെല്ലാം "ചികിത്സാ കേന്ദ്രങ്ങൾ" എന്ന് ചേർക്കുക.

278. ഖണ്ഡം 2 (ഇ)-ൽ "ആയുർവ്വേദ" എന്നതിന് പകരം "ആയുർവേദ" എന്ന് ചേർക്കുക.

377. ഖണ്ഡം 2(എൽ)-ൽ "കൈവശമുള്ള" എന്നതിന് ശേഷമുള്ള "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

404. ഖണ്ഡം 2(പി)-ൽ "നിയമിച്ച" എന്നതിന് പകരം "നിയമിക്കപ്പെട്ട" എന്ന് ചേർക്കുക.

406. ഖണ്ഡം 2(പി)-ൽ "ബന്ധപ്പെട്ട കൗൺസിലിന്റെ" എന്നത് ഒഴിവാക്കുക.

മി. സ്പീക്കർ: 223 മുതൽ 226 വരെയുള്ള ഭേദഗതികൾ 222-ാം നമ്പർ ഭേദഗതിക്കും 231 മുതൽ 233 വരെയുള്ള ഭേദഗതികൾ 230-ാം നമ്പർ ഭേദഗതിക്കും 238 മുതൽ 240 വരെയുള്ള ഭേദഗതികൾ 241-ാം നമ്പർ ഭേദഗതിക്കും 245-ാം നമ്പർ ഭേദഗതി 246-ാം നമ്പർ ഭേദഗതിക്കും 256, 257 എന്നീ നമ്പർ ഭേദഗതികൾ 255-ാം നമ്പർ ഭേദഗതിക്കും 279 മുതൽ 283 വരെയുള്ള ഭേദഗതികൾ 281-ാം നമ്പർ ഭേദഗതിക്കും 286 മുതൽ 289 വരെയുള്ള ഭേദഗതികൾ 288-ാം നമ്പർ ഭേദഗതിക്കും 290-ാം നമ്പർ ഭേദഗതി 291-ാം നമ്പർ ഭേദഗതിക്കും 312 മുതൽ 314 വരെയുള്ള ഭേദഗതികൾ 315-ാം നമ്പർ ഭേദഗതിക്കും 319 മുതൽ 321 വരെയുള്ള ഭേദഗതികൾ 322-ാം നമ്പർ ഭേദഗതിക്കും 339-ാം നമ്പർ ഭേദഗതി 340-ാം നമ്പർ ഭേദഗതിക്കും 348, 349 എന്നീ നമ്പർ ഭേദഗതികൾ 350-ാം നമ്പർ ഭേദഗതിക്കും 355 മുതൽ 357 വരെയുള്ള ഭേദഗതികൾ 354-ാം നമ്പർ ഭേദഗതിക്കും 380, 382 എന്നീ നമ്പർ ഭേദഗതികൾ 381-ാം നമ്പർ ഭേദഗതിക്കും 386-ാം നമ്പർ ഭേദഗതി 387-ാം നമ്പർ ഭേദഗതിക്കും 399 മുതൽ 401 വരെയുള്ള ഭേദഗതികൾ 398-ാം നമ്പർ ഭേദഗതിക്കും 403-ാം നമ്പർ ഭേദഗതി 402-ാം നമ്പർ ഭേദഗതിക്കും 406 മുതൽ 408 വരെയുള്ള ഭേദഗതികൾ 409-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 219-ാം നമ്പർ ഭേദഗതിയും ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 234-ാം നമ്പർ ഭേദഗതിയും ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 255, 281, 297, 298 എന്നീ നമ്പർ ഭേദഗതികളും

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 365-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. വാക്കാൽ ഭേദഗതികളും ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതികളും ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 217, 222, 253, 291, 363, 364, 376, 395, 402 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 218, 397 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 244, 251 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 229, 259, 260, 271, 292, 315, 316, 325, 350, 367, 381 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 230, 241, 322, 398, 409 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 303, 393 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 236, 246, 261, 362 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 248, 329 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 252, 340 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 258, 341 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 262, 288, 310, 326, 345, 354 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 265, 351 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 272-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 273-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 277-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 295-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 296-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 317-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ അവതരിപ്പിച്ച 332-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 333-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 344-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 346-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഒ. ആർ. കേളു അവതരിപ്പിച്ച 378, 387 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 379-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 383-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിക്കുന്നു.

3-ാം ഖണ്ഡത്തിന്റെ (3)-ാം ഉപഖണ്ഡത്തിൽ "മോഡേൺ മെഡിസിൻ കൗൺസിലിൽ താഴെപ്പറയുന്ന പതിനഞ്ച് അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്" എന്ന വാക്കുകൾക്ക് പകരം "മോഡേൺ മെഡിസിൻ കൗൺസിൽ താഴെപ്പറയുന്ന പതിനഞ്ച് അംഗങ്ങൾ അടങ്ങുന്നതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3-ാം ഖണ്ഡത്തിന്റെ (4)-ാം ഉപഖണ്ഡത്തിൽ "ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ കൗൺസിലിൽ താഴെപ്പറയുന്ന പതിനഞ്ച് അംഗങ്ങൾ, അടങ്ങിയിരിക്കേണ്ടതാണ്" എന്ന വാക്കുകൾക്കു പകരം " ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ കൗൺസിൽ താഴെപ്പറയുന്ന പതിനഞ്ച് അംഗങ്ങൾ അടങ്ങുന്നതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3-ാം ഖണ്ഡത്തിന്റെ (5)-ാം ഉപഖണ്ഡത്തിൽ "ഹോമിയോപ്പതിക്ക് മെഡിസിൻ കൗൺസിലിൽ താഴെപ്പറയുന്ന പന്ത്രണ്ട് അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്" എന്ന വാക്കുകൾക്കു പകരം "ഹോമിയോപ്പതിക് മെഡിസിൻ കൗൺസിൽ താഴെപ്പറയുന്ന പന്ത്രണ്ട് അംഗങ്ങൾ അടങ്ങുന്നതാണ്, അതായത്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

417. ഖണ്ഡം 3(1) -ൽ

i) " സർക്കാർ" എന്നതിന് പകരം "സർക്കാരിന് " എന്ന് ചേർക്കുക

ii) " സ്ഥാപിക്കേണ്ടതും" എന്നതിന് പകരം " സ്ഥാപിക്കാവുന്നതും" എന്ന് ചേർക്കുക.

424. ഖണ്ഡം 3(1)(സി)-ൽ "ഹോമിയോപ്പതിക്ക് " എന്നതിന് പകരം "ഹോമിയോപ്പതിക് " എന്ന് ചേർക്കുക.

440. ഖണ്ഡം 3(3)(എ)-ൽ "എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്" എന്നതിന് പകരം "വിദ്യാഭ്യാസ വകുപ്പ്" എന്ന് ചേർക്കുക.

441. ഖണ്ഡം 3(3)(ബി)-ൽ "ഹെൽത്ത് സർവ്വീസസ് ഡിപ്പാർട്ട്മെന്റ്" എന്നതിന് പകരം "ആരോഗ്യ വകുപ്പ്" എന്ന് ചേർക്കുക.

526. ഖണ്ഡം 3(4)(എഫ്)-ൽ "മെഡിസിനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രാക്ടീഷണർമാരിൽ" എന്നതിന് പകരം "മെഡിസിനിലെ രജിസ്റ്റേർഡ് പ്രാക്ടീഷണർമാർ അവർക്കിടയിൽ" എന്ന് ചേർക്കുക.

555. ഖണ്ഡം 3(4)(ജെ)(ii) താഴെപ്പറയും പ്രകാരം മാറ്റുകയും ശേഷിക്കുന്നവ പുനഃരക്കം ചെയ്യുകയും ചെയ്യുക.

"(ii)ഒരാൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ട അംഗമായിരിക്കേണ്ടതും;

(iii) ഒരാൾ പട്ടികഗോത്ര വർഗത്തിൽപ്പെട്ട അംഗമായിരിക്കേണ്ടതും;"

560. ഖണ്ഡം 3(5)-ൽ "ഹോമിയോപ്പതിക്ക്" എന്ന് വരുന്നിടത്തെല്ലാം "ഹോമിയോപ്പതിക് " എന്ന് ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

429. ഖണ്ഡം 3(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "വരുമ്പോൾ" എന്നതിന് ശേഷം "ബന്ധപ്പെട്ട മേഖലയിൽ" എന്ന് ചേർക്കുക.

558. ഖണ്ഡം 3(4)(കെ)-ൽ "സർവ്വകലാശാലയിലെ" എന്നതിന് പകരം "സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

432. ഖണ്ഡം 3(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "സ്ഥാപിക്കപ്പെട്ടതാണെന്ന്" എന്നതിന് പകരം "സ്ഥാപിക്കപ്പെട്ടതായി" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

436. ഖണ്ഡം 3(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "രൂപവൽക്കരിക്കുന്നതുവരെ" എന്നതിന് പകരം "രൂപവത്കരിക്കുന്നതുവരെ" എന്ന് ചേർക്കുക.

461. ഖണ്ഡം 3(3)(ഇ)-ൽ "സ്വകാര്യ" എന്നതിന് പകരം "സ്വകാര്യ/എയ്ഡഡ്/സ്വാശ്രയ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

467. ഖണ്ഡം 3(3)(ഇ)-ൽ "അധ്യാപന" എന്നതിന് പകരം "അദ്ധ്യാപന" എന്ന് ചേർക്കുക.

514. ഖണ്ഡം 3(4)(സി)-ൽ "തെരഞ്ഞെടുക്കുന്ന" എന്നതിന് ശേഷം "പതിനഞ്ച് വർഷത്തിൽ കുറയാത്ത അധ്യാപന പരിചയമുള്ള" എന്നത് ചേർക്കുക.

524. ഖണ്ഡം 3(4)(ഇ)-ൽ " തെരഞ്ഞെടുക്കുന്ന" എന്നതിന് ശേഷം "പതിനഞ്ച് വർഷത്തിൽ കുറയാത്ത അദ്ധ്യാപന പരിചയമുള്ള" എന്ന് ചേർക്കുക.

534. ഖണ്ഡം 3(4)-ൽ "(എഫ്)" മുതൽ "(ഐ)" വരെയുള്ള ഇനങ്ങൾ താഴെപ്പറയും പ്രകാരം മാറ്റുക" (എഫ്) സംസ്ഥാനത്തെ ആയുർവ്വേദ മെഡിസിനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രാക്ടീഷണർമാരിൽ നിന്നും തെരഞ്ഞെടുക്കുന്ന, രജിസ്ട്രേഷന് ശേഷം പതിനഞ്ച് വർഷത്തിൽ കുറയാത്ത പ്രവർത്തന പരിചയമുള്ള ഒരു അംഗം;

(ജി) സംസ്ഥാനത്തെ സിദ്ധ മെഡിസിനിലെ രജിസ്റ്റേർഡ് പ്രാക്ടീഷണർമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന പതിനഞ്ച് വർഷത്തിൽ കുറയാത്ത പ്രവർത്തന പരിചയമുള്ള ഒരംഗം;

(എച്ച്) സംസ്ഥാനത്തെ യുനാനി ടിബ്ബി മെഡിസിനിലെ രജിസ്റ്റേർഡ് പ്രാക്ടീഷണർമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന പതിനഞ്ച് വർഷത്തിൽ കുറയാത്ത പ്രവർത്തന പരിചയമുള്ള ഒരു അംഗം;

(ഐ)സംസ്ഥാനത്തെ യോഗയിലെയും പ്രകൃതിചികിത്സയിലെയും രജിസ്റ്റേർഡ് പ്രാക്ടീഷണർമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന പതിനഞ്ച് വർഷത്തിൽ കുറയാത്ത പ്രവർത്തന പരിചയമുള്ള ഒരു അംഗം;"

545. ഖണ്ഡം 3(4)(ജെ)-ൽ, "ഇന്ത്യൻ" എന്നതിന് മുൻപ് " സംസ്ഥാനത്തെ" എന്ന് ചേർക്കുക.

549. ഖണ്ഡം 3(4)(ജെ)-ൽ "ചെയ്യുന്ന" എന്നതിന് ശേഷം ", രജിസ്ട്രേഷന് ശേഷം പതിനഞ്ച് വർഷത്തിൽ കുറയാത്ത പ്രവർത്തന പരിചയമുള്ള" എന്ന ചിഹ്നവും വാക്കുകളും ചേർക്കുക.

551. ഖണ്ഡം 3(4)(ജെ)(i)-ൽ "സയൻസ്" എന്നതിന് പകരം "സയൻസും" എന്ന് ചേർക്കുക.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

439. ഖണ്ഡം 3(3)-ൽ "അടങ്ങിയിരിക്കേണ്ടതാണ്" എന്നതിന് പകരം "ഉണ്ടായിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

505. ഖണ്ഡം 3(3)(എച്ച്)-ന് ശേഷം (ഐ) ആയി താഴെപ്പറയുന്നത് ചേർക്കുക. "(ഐ) കൗൺസിൽ രജിസ്ട്രാർ എക്സ് ഓഫീഷ്യ അംഗം".

530. ഖണ്ഡം 3(4)(എഫ്)-ൽ "തെരഞ്ഞെടുക്കുന്ന" എന്നതിനുശേഷം "പതിനഞ്ചു വർഷത്തിൽ കുറയാത്ത അധ്യാപന പരിചയമുള്ള" എന്ന് ചേർക്കുക.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

445. ഖണ്ഡം 3(3)(സി)-ൽ "പതിനഞ്ച്" എന്നതിന് പകരം "പത്ത്" എന്ന് ചേർക്കുക.

466. ഖണ്ഡം 3(3)(ഇ)-ൽ "പതിനഞ്ച്" എന്നതിന് പകരം "പത്ത്" എന്ന് ചേർക്കുക.

480. ഖണ്ഡം 3(3) (എഫ്)-ൽ "പതിനഞ്ച്" എന്നതിന് പകരം "പത്ത് എന്ന് ചേർക്കുക.

495. ഖണ്ഡം 3(3)(ജി)-ൽ "നാല്" എന്നതിന് പകരം "അഞ്ച്" എന്ന് ചേർക്കുക.

562. ഖണ്ഡം 3(5) -ൽ "പന്ത്രണ്ട്"എന്നതിന് പകരം "പതിനഞ്ച്" എന്ന് ചേർക്കുക.

577. ഖണ്ഡം 3(5) (എഫ്)-ൽ "മൂന്ന്" എന്നതിനു പകരം "നാല്" എന്ന് ചേർക്കുക.

581. ഖണ്ഡം 3(5)(ജി)-ൽ "മൂന്ന്" എന്നതിന് പകരം "അഞ്ച്" എന്ന് ചേർക്കുക.

<u>ശ്രീ. എ. രാജു</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

452. ഖണ്ഡം 3 (3)(ഡി)-ൽ "പ്രിൻസിപ്പൽമാരുടെ ഇടയിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെടുന്ന" എന്നതിന് പകരം "പ്രിൻസിപ്പൽമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന" എന്ന് ചേർക്കുക.

472. ഖണ്ഡം 3(3)(എഫ്)-ൽ "പ്രാക്ടീഷണർമാർ" എന്നതിന് മുൻപ് "മെഡിക്കൽ" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

455 ഖണ്ഡം 3 (3)(ഡി)-ൽ " നാമനിർദ്ദേശം ചെയ്യപ്പെടുന്ന" എന്നതിന് പകരം "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന" എന്ന് ചേർക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

456. ഖണ്ഡം 3 (3)(ഡി)-ൽ " ചെയ്യപ്പെടുന്ന" എന്നതിന് ശേഷം "പതിനഞ്ചു വർഷത്തിൽ കുറയാത്ത അധ്യാപന പരിചയമുള്ള " എന്ന് ചേർക്കുക.

537. ഖണ്ഡം 3(4)(ജി)-ൽ, "തെരഞ്ഞെടുക്കുന്ന" എന്നതിന് ശേഷം "പതിനഞ്ചു വർഷത്തിൽ കുറയാത്ത അദ്ധ്യാപന പരിചയമുള്ള " എന്ന് ചേർക്കുക.

546. ഖണ്ഡം 3(4)(ജെ)-ൽ (i) "സർക്കാർ " എന്നതിന് പകരം "ഈ സർക്കാർ വന്നതിനുശേഷം" എന്ന് ചേർക്കുക.

(ii) "അഞ്ച് " എന്നതിന് പകരം "പത്ത്" എന്ന അക്കം ചേർക്കുക.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

470. ഖണ്ഡം 3(3)(എഫ്)-ൽ "സംസ്ഥാനത്തെ" എന്നതിന് മുൻപ് "കേരള" എന്ന് ചേർക്കുക.

486. ഖണ്ഡം 3(3) (ജി)-ൽ "സംസ്ഥാനത്തെ" എന്ന വാക്കിന് മുൻപ് "കേരള" എന്ന് ചേർക്കുക.

502. ഖണ്ഡം 3(3)(എച്ച്)-ൽ "കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിലെ രജിസ്ട്രാർ" എന്നതിന് പകരം "രജിസ്ട്രാർ, കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല" എന്ന് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

476. ഖണ്ഡം 3(3) (എഫ്)-ൽ "രജിസ്ട്രേഷന് ശേഷം" എന്നത് ഒഴിവാക്കുക.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

481. ഖണ്ഡം 3(3) (എഫ്)-ൽ "പ്രവർത്തിപരിചയമുള്ള" എന്നതിന് പകരം "പ്രവൃത്തിപരിചയമുള്ള" എന്ന് ചേർക്കുക.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

482. ഖണ്ഡം 3(3) (എഫ്)-ൽ "അഞ്ച്" എന്നതിന് പകരം "എട്ട്" എന്ന് ചേർക്കുക.

575. ഖണ്ഡം 3(5) (എഫ്)-ൽ "തെരഞ്ഞെടുക്കുന്ന" എന്നതിന് ശേഷം "പതിനഞ്ചു വർഷത്തിൽ കുറയാത്ത അധ്യാപന പരിചയമുള്ള" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

484. ഖണ്ഡം 3(3) (എഫ്)-ൽ "അഞ്ച് അംഗങ്ങൾ" എന്നതിന് പകരം "എട്ട് അംഗങ്ങൾ അവരിൽ മൂന്നു പേർ വനിതകൾ ആയിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

544. ഖണ്ഡം 3(4)(ഐ)-ൽ, "തെരഞ്ഞെടുക്കുന്ന" എന്നതിന് ശേഷം " പതിനഞ്ചു വർഷത്തിൽ കുറയാത്ത അദ്ധ്യാപന പരിചയമുള്ള " എന്ന് ചേർക്കുക.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

488. ഖണ്ഡം 3(3) (ജി)-ൽ "മെഡിക്കൽ" എന്നതിന് പകരം "രജിസ്റ്റേർഡ്" എന്ന് ചേർക്കുക.

532. ഖണ്ഡം 3(4)(എഫ്) താഴെപ്പറയും പ്രകാരം മാറ്റുക: "(എഫ്) സംസ്ഥാനത്തെ ആയുർവേദ മെഡിസിനിലെ രജിസ്റ്റേർഡ് പ്രാക്ടീഷണർമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു അംഗം"

ശ്രീ. കെ. പി. എ. മജീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

489. ഖണ്ഡം 3(3)(ജി)-ൽ "രജിസ്ട്രേഷന് ശേഷം" എന്നത് ഒഴിവാക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

500. ഖണ്ഡം 3(3)(ജി)(i)-ൽ "അംഗമായിരിക്കേണ്ടതും" എന്നതിന് പകരം "ആളായിരിക്കേണ്ടതും;" എന്ന് ചേർക്കുക.

503. ഖണ്ഡം 3(3)(എച്ച്)-ൽ "സർവ്വകലാശാലയിലെ" എന്നതിന് പകരം "സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

510. ഖണ്ഡം 3(4)(സി)-ൽ "പ്രകൃതിചികിത്സയും" എന്നതിന് ശേഷം "എന്നീ വിഭാഗങ്ങളിലെ" എന്ന് ചേർക്കുക.

528. ഖണ്ഡം 3(4)(എഫ്)-ൽ "പ്രാക്ടീഷണർമാരിൽ" എന്നതിന് പകരം "പ്രാക്ടീഷണർമാർ അവർക്കിടയിൽ" എന്ന് ചേർക്കുക.

541 .ഖണ്ഡം 3(4)(ഐ)-ൽ, "യോഗയിലെയും" എന്നതിന് പകരം "യോഗ സയൻസിലെയും " എന്ന് ചേർക്കുക.

554.ഖണ്ഡം3(4)(ജെ)(ii)-ൽ"വർഗ്ഗത്തിൽപ്പെടുന്ന അംഗമായിരിക്കേണ്ടതും" എന്നതിന് പകരം "വിഭാഗത്തിൽപ്പെടുന്ന ആളായിരിക്കേണ്ടതും" എന്ന് ചേർക്കുക.

573. ഖണ്ഡം 3(5) (എഫ്)-ൽ "തെരഞ്ഞെടുക്കുന്ന," എന്ന വാക്കിനും ചിഹ്നത്തിനും പകരം "തെരഞ്ഞെടുത്ത" എന്ന വാക്ക് ചേർക്കുക.

583. ഖണ്ഡം 3(5)(ജി)(i)-ൽ "വർഗ്ഗത്തിൽപെടുന്ന അംഗമായിരിക്കേണ്ടതും;" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "വിഭാഗത്തിൽ നിന്നും ആയിരിക്കേണ്ടതും;" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

586. ഖണ്ഡം 3(5)(എച്ച്)-ൽ "സർവകലാശാലയിലെ" എന്നതിന് പകരം "സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

460. ഖണ്ഡം 3(3)(ഇ)-ൽ "സ്വകാര്യ" എന്നതിന് പകരം "സ്വകാര്യ/സ്വാശ്രയ" എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

509. ഖണ്ഡം 3(4)(സി)-ൽ "ആയുർവേദ, സിദ്ധ, യുനാനി, യോഗയും പ്രകൃതി ചികിത്സയും" എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "ആയുർവേദ/സിദ്ധ/യുനാനി/യോഗയും പ്രകൃതിചികിത്സയും" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

550. ഖണ്ഡം 3(4)(ജെ)(i)-ൽ "പ്രകൃതി ചികിത്സയും യോഗ സയൻസ്" എന്നതിന് പകരം "യോഗയും പ്രകൃതിചികിത്സയും" എന്ന് ചേർക്കുക.

സർ, 550-ൽ "പ്രകൃതി ചികിത്സയും യോഗ സയൻസ്" എന്നതിന് പകരം "യോഗയും പ്രകൃതിചികിത്സയും" എന്നാക്കണമെന്നാണ് എന്റെ ഭേദഗതി. ഈ ബില്ലിൽ എല്ലാ സ്ഥലങ്ങളിലും പറയുന്നത് "യോഗയും പ്രകൃതിചികിത്സയും" എന്നാണ്. ഒരു സ്ഥലത്തും "യോഗ സയൻസ്" എന്ന് പറയുന്നില്ല.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

517. ഖണ്ഡം 3(4)(ഡി)-ൽ " പ്രിൻസിപ്പൽമാരുടെ ഇടയിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെടുന്ന" എന്നതിന് പകരം "പ്രിൻസിപ്പൾമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആൾ " എന്ന് ചേർക്കുക.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

521. ഖണ്ഡം 3(4)(ഇ)-ൽ " പ്രിൻസിപ്പൽമാർ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന" എന്നതിന് പകരം "പ്രിൻസിപ്പൽമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന " എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

525. ഖണ്ഡം 3(4)(എഫ്)-ൽ " സംസ്ഥാനത്തെ" എന്നതിന് പകരം "സംസ്ഥാനത്ത്" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

584. ഖണ്ഡം 3(5)(ജി)(i)- താഴെ പറയും പ്രകാരം മാറ്റുക:"(i)ഒരാൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ട അംഗമായിരിക്കേണ്ടതും;

(ii) ഒരാൾ പട്ടികഗോത്ര വർഗ്ഗത്തിൽപ്പെട്ട അംഗമായിരിക്കേണ്ടതും;"

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ശ്രീ. പി. അബ്ദുൽ ഹമീദിന്റെ 423-ാം നമ്പർ ഭേദഗതിയും ശ്രീ. ടി. സിദ്ദിഖിന്റെ 507-ാം നമ്പർ ഭേദഗതിയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ 508-ാം നമ്പർ ഭേദഗതിയും ശ്രീ. വി. ജോയിയുടെ 520, 569 എന്നീ നമ്പർ ഭേദഗതികളും ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

423. ഖണ്ഡം 3(1)(ബി) -ൽ "കൂടാതെ" എന്നത് ഒഴിവാക്കുക.

507. ഖണ്ഡം 3(4)(എ)-ൽ "എഡ്യൂക്കേഷൻ" എന്നതിന് ശേഷം "ഡിപ്പാർട്ട്മെന്റ്" എന്ന് ചേർക്കുക.

508. ഖണ്ഡം 3(4)(ബി)-ൽ "മെഡിസിൻ" എന്നതിന് ശേഷം "ഡിപ്പാർട്ട്മെന്റ്" എന്ന് ചേർക്കുക.

520. ഖണ്ഡം 3(4)(ഡി)-ൽ " നാമനിർദ്ദേശം ചെയ്യപ്പെടുന്ന" എന്നതിന് പകരം "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന " എന്ന് ചേർക്കുക.

569. ഖണ്ഡം 3(5)(ഡി)-ൽ "നാമനിർദ്ദേശം ചെയ്യപ്പെടുന്ന" എന്നതിന് പകരം "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന" എന്ന് ചേർക്കുക.

മി. സ്പീക്കർ: 414 മുതൽ 416 വരെയുള്ള ഭേദഗതികൾ മാർജിനൽ ശീർഷകത്തിനാകയാൽ ക്രമപ്രകാരമല്ല. 471-ാം നമ്പർ ഭേദഗതി 472-ാം നമ്പർ ഭേദഗതിക്കും 490 മുതൽ 492 വരെയുള്ള ഭേദഗതികൾ 489-ാം നമ്പർ ഭേദഗതിക്കും 504-ാം നമ്പർ ഭേദഗതി 503-ാം നമ്പർ ഭേദഗതിക്കും 527-ാം നമ്പർ ഭേദഗതി 528-ാം നമ്പർ ഭേദഗതിക്കും 533-ാം നമ്പർ ഭേദഗതി 532-ാം നമ്പർ ഭേദഗതിക്കും 559-ാം നമ്പർ ഭേദഗതി 558-ാം നമ്പർ ഭേദഗതിക്കും 561-ാം നമ്പർ ഭേദഗതി 562-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 424, 526 എന്നീ നമ്പർ ഭേദഗതികളും ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 455-ാം നമ്പർ ഭേദഗതിയും ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 460, 550 എന്നീ നമ്പർ ഭേദഗതികളും ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 476-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. പി. എ. മജീദ് അവതരിപ്പിച്ച 489-ാം നമ്പർ ഭേദഗതിയും ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 503, 510, 586 എന്നീ നമ്പർ ഭേദഗതികളും ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 558-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു.വാക്കാൽ ഭേദഗതികളും ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതികളും ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 417, 440, 441, 555, 560 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 429-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 432-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 436, 461, 467, 514, 524, 534, 545, 549, 551 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 439, 505, 530 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 445, 466, 480, 495, 562, 577, 581 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 452, 472 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 456, 537, 546 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 470, 486, 502 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 481-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 482, 575 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 484, 544 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 488, 532 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 500, 528, 541, 554, 573, 583 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 509-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 517-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 521-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 525-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 584-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

588. ഖണ്ഡം 4-ൽ "ഏതെങ്കിലും അംഗങ്ങൾ" എന്നതിന് ശേഷം "ബന്ധപ്പെട്ട കൗൺസിലിന്റെ രൂപീകരണ തീയതി മുതൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 588-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

591. ഖണ്ഡം 5-ൽ " ആയിരിക്കേണ്ടതും " എന്നതിനു ശേഷം "ഒരു ആക്റ്റിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

592. ഖണ്ഡം 5-ൽ " ഒരു അംഗീകൃത" എന്നതിലെ "ഒരു " എന്നതിനു പകരം "ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

596. ഖണ്ഡം 5-ൽ "യോഗ്യത കൈവശമുള്ള" എന്നതിന് പകരം "യോഗ്യതയുള്ള" എന്ന് ചേർക്കുക.

മി. സ്പീക്കർ: 597 മുതൽ 599 വരെയുള്ള ഭേദഗതികൾ 596-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 591-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 592-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 596-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

607. ഖണ്ഡം 6-ൽ "3-ഉം" എന്നതിനു മുൻപ് "ഈ ആക്ടിലെ" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

608. ഖണ്ഡം 6-ൽ "3-ഉം 4-ഉം" എന്നതിനു പകരം "ഈ ആക്ടിലെ 3-ഉം 4-ഉം" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

613. ഖണ്ഡം 6-ൽ "സർക്കാർ" എന്നതിന് ശേഷം "അതതു വിഭാഗങ്ങളുടെ വകുപ്പുതലവൻമാരുടെ നിർദ്ദേശ പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

614. ഖണ്ഡം 6-ന്റെ ക്ലിപ്ത നിബന്ധനയിൽ "എന്നാൽ" എന്നതിന് ശേഷം "," ചിഹ്നം ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

615. ഖണ്ഡം 6 -ന്റെ ക്ലിപ്തനിബന്ധനയിൽ "അംഗീകൃത" എന്നതിന് മുൻപ് "ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരമുള്ള" എന്ന് ചേർക്കുക.

ശ്രീ. സി. ആർ. മഹേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

618. ഖണ്ഡം 6-ന്റെ ക്ലിപ്തനിബന്ധനയിൽ "കൈവശമുള്ളവരായിരിക്കേണ്ടതുമാണ്" എന്നതിന് പകരം "നേടിയിട്ടുള്ളവരായിരിക്കേണ്ടതുമാണ് " എന്ന് ചേർക്കുക.

മി. സ്പീക്കർ: 619 മുതൽ 622 വരെയുള്ള ഭേദഗതികൾ 618-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 607-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 608-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 613-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 614-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 615-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 618-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

623. ഖണ്ഡം 7(1)-ൽ "അംഗങ്ങളുടെ" എന്നതിന് ശേഷം "മുതലോ കൗൺസിൽ നിലവിൽ വന്ന്" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

624. ഖണ്ഡം 7(1)-ൽ "അപ്രകാരമുള്ള കൗൺസിലിന്റെ ആദ്യ യോഗം നടന്ന" എന്നതിന് പകരം "നാമനിർദ്ദേശം ചെയ്യപ്പെട്ട" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

626. ഖണ്ഡം 7(1)-ൽ "ആദ്യ യോഗം നടന്ന" എന്നതിന് പകരം "രൂപീകരണ" എന്ന് ചേർക്കുക.

629. ഖണ്ഡം 7(2)-ൽ "സ്ഥാനമൊഴിയുന്ന" എന്നതിന് ശേഷം "എക്സ്-ഒഫിഷ്യോ അംഗങ്ങൾ അല്ലാത്ത" എന്ന് ചേർക്കുക.

633. ഖണ്ഡം 7(2) -ൽ താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക. "എന്നാൽ അപ്രകാരം ഉദ്യോഗത്തിൽ തുടരുന്നത് ആറു മാസക്കാലയളവിൽ കൂടുതലാകാൻ പാടുള്ളതല്ല"

636. ഖണ്ഡം 7(3)-ൽ "വീണ്ടും" എന്നതിന് മുൻപ് "ഒരു തവണ കൂടി" എന്ന് ചേർക്കുക.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

631. ഖണ്ഡം 7(2)-ൽ "ചെയ്യുന്നതുവരെ" എന്നതിന് ശേഷം "അംഗമായി" എന്ന് ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

640. ഖണ്ഡം 7(3) താഴെ പറയും പ്രകാരം മാറ്റുക " (3) കാലാവധി പൂർത്തിയാക്കി സ്ഥാനമൊഴിയുന്ന ഒരംഗത്തിന് പുനർ നിയമനത്തിന് യോഗ്യത ഉണ്ടായിരിക്കുന്നതല്ല".

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

641. ഖണ്ഡം 7(3) താഴെ പറയും പ്രകാരം മാറ്റുക " (3) കാലാവധി പൂർത്തിയാക്കി സ്ഥാനമൊഴിയുന്ന ഒരംഗത്തിന് അടുത്ത അഞ്ച് വർഷക്കാലത്തേക്ക് പുനർനിയമനത്തിന് യോഗ്യത ഉണ്ടായിരിക്കുന്നതല്ല."

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

643. ഖണ്ഡം 7(3) ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക.
" എന്നാൽ, യാതൊരു കാരണവശാലും രണ്ട് തവണയിൽ കൂടുതൽ അംഗമായി തെരഞ്ഞെടുക്കപ്പെടുന്നതിനോ നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനോ അയാൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 636-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 623-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 624-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 626, 629, 633 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 631-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 640-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 641-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 643-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3.00 PM]

എട്ടാം വകുപ്പ്

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

8-ാം ഖണ്ഡത്തിലെ (5)-ാം ഉപഖണ്ഡത്തിൽ "പ്രസിഡന്റിന്റെ സ്ഥാനം ഒഴിവുള്ളപ്പോഴോ അല്ലെങ്കിൽ പ്രസിഡന്റിന് ചുമതല നിർവ്വഹിക്കാനാകാത്തപ്പഴോ ആ ഉദ്യോഗത്തിൽ ഒരു ഒഴിവുണ്ടെങ്കിൽ, രജിസ്ട്രാർ, കൗൺസിൽ അംഗങ്ങൾക്ക് ഏഴ് പൂർണ്ണ ദിവസത്തിൽ കുറയാതെ നോട്ടീസ് കൊടുത്തശേഷം, പ്രസിഡന്റിന്റെ തെരഞ്ഞെടുപ്പിനായി ഒരു യോഗം വിളിച്ചുകൂട്ടേണ്ടതും," എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം താഴെപ്പറയുന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക. "പ്രസിഡന്റിന്റെ സ്ഥാനം ഒഴിവുള്ളപ്പോഴോ, അല്ലെങ്കിൽ പ്രസിഡന്റിന് ചുമതല നിർവ്വഹിക്കാനാകാത്തപ്പോഴോ അതേസമയത്ത് തന്നെ, വൈസ്-പ്രസിഡന്റിന്റെ സ്ഥാനം ഒഴിവുള്ളപ്പോഴോ അല്ലെങ്കിൽ വൈസ്- പ്രസിഡന്റിന് ചുമതല നിർവ്വഹിക്കാനാകാത്തപ്പോഴോ ആ ഉദ്യോഗത്തിൽ ഒഴിവുണ്ടെങ്കിൽ, രജിസ്ട്രാർ, കൗൺസിൽ അംഗങ്ങൾക്ക് ഏഴ് പൂർണ്ണ ദിവസത്തിൽ കുറയാതെ നോട്ടീസ് കൊടുത്തശേഷം, പ്രസിഡന്റിന്റെ തെരഞ്ഞെടുപ്പിനായി ഒരു യോഗം വിളിച്ചുകൂട്ടേണ്ടതാണ്."

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

645. ഖണ്ഡം 8(1)-ൽ "ഓരോ കൗൺസിലും" എന്നതിന് പകരം "ഈ ആക്റ്റിൻ കീഴിൽ രൂപീകരിക്കപ്പെട്ട' എന്ന് ചേർക്കുക.

661. ഖണ്ഡം 8(5)-ൽ "നിർവ്വഹിക്കാനാകാത്തപ്പഴോ" എന്നതിനുപകരം "നിർവ്വഹിക്കാനാകാത്തപ്പോഴോ" എന്ന് ചേർക്കുക.

673. ഖണ്ഡം 8(5)-ൽ, "നിർവ്വഹിക്കായ്കയിൽ നിന്ന് മുക്തമാക്കുന്നതിനുവരെയോ" എന്നതിന് പകരം "നിർവ്വഹിക്കാൻ പ്രാപ്തനാകുന്നത് വരെയോ " എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

649. ഖണ്ഡം 8(1)-ൽ "മറ്റൊരംഗത്തെ" എന്നതിനുശേഷം "അതിന്റെ" എന്ന് ചേർക്കുക.

678. ഖണ്ഡം 8(5)-ൽ "ഡയറക്ടർ" എന്ന് വരുന്നിടത്തെല്ലാം അതിന് മുൻപിലായി "വകുപ്പ്" എന്ന് ചേർക്കുക.

679. ഖണ്ഡം 8(5)-ൽ "ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പലും കൺട്രോളിംഗ് ഓഫീസറും" എന്നതിന് പകരം "ഹോമിയോപ്പതിക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർ എന്നിവർ" എന്ന് ചേർക്കുക.

687. ഖണ്ഡം 8(6) ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക "എന്നാൽ, യാതൊരാളും തുടർച്ചയായി രണ്ട് തവണയിൽ കൂടുതൽ പ്രസിഡന്റായോ വൈസ്-പ്രസിഡന്റായോ തെരഞ്ഞെടുക്കപ്പെടുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല."

689. ഖണ്ഡം 8(6) -ന്റെ വിശദീകരണത്തിൽ "തെരഞ്ഞെടുക്കപ്പെട്ട എന്ന് "എന്നതിനുപകരം "തെരഞ്ഞെടുക്കപ്പെട്ടെന്ന്" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

651. ഖണ്ഡം 8(1)-ന്റെ ക്ലിപ്തനിബന്ധന ഒഴിവാക്കുക.

668. ഖണ്ഡം 8(5)-ൽ, "ദിവസത്തിൽ" എന്നതിന് പകരം "പ്രവൃത്തി ദിവസങ്ങളിൽ " എന്ന് ചേർക്കുക.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

653. ഖണ്ഡം 8(1)-ൽ താഴെപറയുന്നത് 2-ാമത് ക്ലിപ്തനിബന്ധനയായി ചേർക്കുക. "പ്രസിഡന്റിനും വൈസ് പ്രസിഡന്റിനും സർക്കാർ നിശ്ചയിക്കുന്ന നിശ്ചിത യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്."

685. ഖണ്ഡം 8(6) -ൽ "വീണ്ടും" എന്നതിന് ശേഷം "ഒരു പ്രാവശ്യം കൂടി" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

654. ഖണ്ഡം 8(2)-ൽ "അംഗമെന്ന" എന്നതിന് പകരം "ഒരംഗമെന്ന" എന്ന് ചേർക്കുക.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

672. ഖണ്ഡം 8(5)-ൽ, "തെരഞ്ഞെടുത്ത്" എന്നതിന് ശേഷം "അയാൾ " എന്ന് ചേർക്കുക.

690. ഖണ്ഡം 8(6)-ന്റെ വിശദീകരണത്തിൽ "പ്രഖ്യാപിക്കുന്നതോടെ" എന്നതിന് പകരം "പ്രഖ്യാപിക്കപ്പെടുന്നതോടെ" എന്ന് ചേർക്കുക.

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

677. ഖണ്ഡം 8(5)-ൽ "ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും" എന്നത് ഒഴിവാക്കുക.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

680. ഖണ്ഡം 8(5) ചുവടെപ്പറയും പ്രകാരം മാറ്റുക: "(5) പ്രസിഡന്റിന്റെ സ്ഥാനം ഒഴിവുള്ളപ്പോൾ, രജിസ്ട്രാർ കൗൺസിൽ അംഗങ്ങൾക്ക് ഏഴ് പൂർണ്ണ ദിവസത്തിൽ കുറയാതെ നോട്ടീസ് കൊടുത്ത ശേഷം പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നതിനായി ഒരു യോഗം വിളിച്ചു കൂട്ടേണ്ടതാണ്. പ്രസിഡന്റിന് ചുമതല നിർവ്വഹിക്കാൻ കഴിയാതിരിക്കുകയും വൈസ്-പ്രസിഡന്റിന്റെ സ്ഥാനം ഒഴിവായിരിക്കുകയോ വൈസ്-പ്രസിഡന്റിന് ചുമതല നിർവ്വഹിക്കുവാൻ കഴിയാതിരിക്കുകയോ വരുന്ന സാഹചര്യത്തിൽ പ്രസിഡന്റോ, വൈസ്-പ്രസിഡന്റോ അധികാരം ഏറ്റെടുക്കുന്നതു വരെ അതതു സംഗതി പോലെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർ, ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ എഡ്യൂക്കേഷൻ എന്നിവർ അതതു കൗൺസിലിലെ പ്രസിഡന്റ് സ്ഥാനം വഹിക്കേണ്ടതാണ്."

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

681. ഖണ്ഡം 8(6)-ൽ "യോഗ്യതയുള്ളപക്ഷം" എന്നതിന് പകരം "അയോഗ്യതയില്ലെങ്കിൽ" എന്ന് ചേർക്കുക.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

686. ഖണ്ഡം 8(6) -ൽ താഴെ പറയും പ്രകാരം മാറ്റുക "(6) കാലാവധി പൂർത്തിയാക്കി സ്ഥാനമൊഴിയുന്ന പ്രസിഡന്റിനോ വൈസ് പ്രസിഡന്റിനോ പുനർനിയമനത്തിന് യോഗ്യത ഉണ്ടായിരിക്കുന്നതല്ല".

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ശ്രീ. പി. വി. ശ്രീനിജിന്റെ 675-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

675. ഖണ്ഡം 8(5)-ൽ "മുക്തരാകുന്നതുവരെയോ" എന്നതിന് പകരം "മുക്തനാകുന്നതുവരെയോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 660, 662 എന്നീ നമ്പർ ഭേദഗതികൾ 661-ാം നമ്പർ ഭേദഗതിക്കും 682, 683, 684 എന്നീ നമ്പർ ഭേദഗതികൾ 681-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 679-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു.

ഖണ്ഡം 8(5)-ൽ "ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പലും കൺട്രോളിംഗ് ഓഫീസറും" എന്നതിന് പകരം "ഹോമിയോപ്പതിക് മെഡിക്കൽ വിദ്യാഭ്യാസ പ്രിൻസിപ്പൽ ആൻഡ് കൺട്രോളിംഗ് ഓഫീസർ എന്നിവർ" എന്ന് ചേർക്കുക. അതായത്, "വകുപ്പ്" എന്ന വാക്ക് ഒഴിവാക്കണമെന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു.

മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും ഭേദഗതിയോടെ സ്വീകരിച്ച 679-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 645, 661, 673 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 649, 678, 687, 689 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 651, 668 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 653, 685 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 654-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 672, 690 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച 677-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 680-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 681-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 686-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒൻപതാം വകുപ്പ്

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

693. ഖണ്ഡം 9-ൽ "ഒരു കൗൺസിലിലെ" എന്നതിന് മുൻപ് "ഈ ആക്റ്റിൻ കീഴിലെ ഏതെങ്കിലും" എന്ന് ചേർക്കുക.

707. ഖണ്ഡം 9-ന്റെ ക്ലിപ്തനിബന്ധനയിൽ "ഈ ആക്റ്റിൻകീഴിലുള്ള" എന്നതിനുപകരം "ഈ ആക്ടിൻ കീഴിലുള്ള" എന്ന് ചേർക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

694. ഖണ്ഡം 9-ൽ "മറ്റുവിധത്തിലോ" എന്നത് ഒഴിവാക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

695. ഖണ്ഡം 9-ൽ "ചട്ടങ്ങളിൽ" എന്നതിന് പകരം "ചട്ടങ്ങളാൽ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

696. ഖണ്ഡം 9-ൽ "രീതിയിൽ" എന്നതിന് ശേഷം "കഴിയുന്നത്ര വേഗം" എന്ന് ചേർക്കുക.

708. ഖണ്ഡം 9-ന്റെ ക്ലിപ്തനിബന്ധനയിൽ "അത് വിനിയോഗിക്കുന്നത്" എന്നതിന് പകരം "അധികാരങ്ങൾ വിനിയോഗിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും" എന്നത് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

697. ഖണ്ഡം 9-ൽ "ഒഴിവ് നികത്തുന്നതിനായി" എന്നതിന് മുൻപിലുള്ള "ആ" എന്നതിനുപകരം "പ്രസ്തുത" എന്ന് ചേർക്കുക.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

699. ഖണ്ഡം 9-ൽ "ആ ഒഴിവ് ഉണ്ടാകാതിരുന്നെങ്കിൽ അയാൾ ആ ഉദ്യോഗം വഹിക്കുമായിരുന്ന" എന്നതിന് പകരം "ആ അംഗത്തിന്റെ ഉദ്യോഗകാലാവധി പൂർത്തിയാകുമായിരുന്ന" എന്ന് ചേർക്കുക.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

700. ഖണ്ഡം 9-ൽ "അയാൾ ആ ഉദ്യോഗം വഹിക്കുമായിരുന്ന കാലത്തോളം മാത്രമേ ആ ഉദ്യോഗം വഹിക്കുവാൻ പാടുള്ളൂ:" എന്നതിന് പകരം "അംഗമായിരുന്ന ആൾ ആ ഉദ്യോഗം വഹിക്കുമായിരുന്ന കാലത്തോളം മാത്രമേ, പകരം തെരഞ്ഞെടുത്ത അംഗം ആ ഉദ്യോഗം വഹിക്കുവാൻ പാടുള്ളൂ:" എന്ന് ചേർക്കുക.

ശ്രീ. കെ. പി. എ. മജീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

702. ഖണ്ഡം 9-ന്റെ ക്ലിപ്തനിബന്ധന ഒഴിവാക്കുക.

മി. സ്പീക്കർ: 703, 704, 705 എന്നീ നമ്പർ ഭേദഗതികൾ 702-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 693, 707 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 694-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 695-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 696, 708 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 697-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 699-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 700-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ് അവതരിപ്പിച്ച 702-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്താം വകുപ്പ്

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

713. ഖണ്ഡം 10-ൽ "നിയമനങ്ങളും" എന്നതിനുശേഷം "നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ " എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

714. ഖണ്ഡം 10-ൽ "നിയമനങ്ങളും" എന്നതിനുശേഷം "അയോഗ്യതകളും" എന്ന് ചേർക്കുക.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഡോ. എൻ. ജയരാജിന്റെ 715-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

715. ഖണ്ഡം 10-ൽ "നിയമനങ്ങളും" എന്നതിന് ശേഷം "സർക്കാർ ഔദ്യോഗിക" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 713-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 714-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിനൊന്നാം വകുപ്പ്</u>

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്ജ്</u>): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ഖണ്ഡം 11-ൽ (സി) ഇനത്തിൽ "അയാളെ" എന്ന വാക്കിനുപകരം ശേഷം "അയാൾ " എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 11-ൽ (എഫ്) ഇനത്തിൽ "നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള" എന്ന വാക്കുകൾക്കുപകരം "നാമനിർദ്ദേശം ചെയ്യപ്പെട്ടെങ്കിലും " എന്ന വാക്കുകൾ ചേർക്കുക.

ഖണ്ഡം 11-ൽ (ജി) ഇനത്തിൽ "സംസ്ഥാനത്തെ പ്രൈവറ്റ്/ എയ്ഡഡ് /സ്വാശ്രയ മെഡിക്കൽ കോളേജ്, പ്രൈവറ്റ്/എയ്ഡഡ്/സ്വാശ്രയ ഹോമിയോപ്പതിക്ക് മെഡിക്കൽ കോളേജ് അല്ലെങ്കിൽ പ്രൈവറ്റ് ആയുർവേദ മെഡിക്കൽ കോളേജിലെ പ്രിൻസിപ്പൽ അല്ലാതായിത്തീരുന്നെങ്കിൽ" എന്ന വാക്കുകൾക്ക് പകരം "സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ കോളേജ്, അല്ലെങ്കിൽ ആയുർവേദ/സിദ്ധ/യുനാനി എന്നീ വിഭാഗങ്ങളിലെ, സ്വകാര്യ/ എയ്ഡഡ്/സ്വാശ്രയ മെഡിക്കൽ കോളേജുകളിലെയോ യോഗയും പ്രകൃതിചികിത്സയും സ്ഥാപനങ്ങളിലെയോ, സ്വകാര്യ/എയ്ഡഡ്/സ്വാശ്രയ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ പ്രിൻസിപ്പൽ അല്ലാതായിത്തീരുന്നെങ്കിൽ," എന്ന വാക്കുകൾ ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

717. ഖണ്ഡം 11 (ബി)-ൽ "ബുദ്ധിസ്ഥിരതയില്ലാത്തതായിരിക്കുകയും" എന്നതിന് പകരം "ബുദ്ധിസ്ഥിരതയില്ലാത്തയാളായിരിക്കുകയും" എന്ന് ചേർക്കുക.

727. ഖണ്ഡം 11(ഇ)-ൽ "പ്രകാരം" എന്നതിന് മുൻപ് "എന്നിവ" എന്ന് ചേർക്കുക.

733. ഖണ്ഡം 11(എഫ്)-ൽ "പ്രകാരം" എന്നതിന് മുൻപ് "എന്നിവ" എന്ന് ചേർക്കുക.

734. ഖണ്ഡം 11(എഫ്)-ൽ "കോളേജ്" എന്ന് വരുന്നിടത്തെല്ലാം "കോളേജിലെ" എന്ന് ചേർക്കുക.

738. ഖണ്ഡം 11(ജി)-ൽ "പ്രകാരം" എന്നതിന് മുൻപ് "എന്നിവ" എന്ന് ചേർക്കുക.

740. ഖണ്ഡം 11(ജി)-ൽ "കോളേജ്" എന്ന് വരുന്നിടത്തെല്ലാം "കോളേജിലെ" എന്ന് ചേർക്കുക.

742. ഖണ്ഡം 11(ജി)-ൽ "അല്ലെങ്കിൽ പ്രൈവറ്റ്" എന്നീ വാക്കുകൾക്ക് പകരം "അല്ലെങ്കിൽ പ്രൈവറ്റ്/എയ്ഡഡ്/സ്വാശ്രയ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

743. ഖണ്ഡം 11(ജി)-ൽ "ആയുർവേദ മെഡിക്കൽ കോളേജിലെ" എന്നതിനുപകരം "ആയുർവേദ/സിദ്ധ/യുനാനി മെഡിക്കൽ കോളേജിലെ അല്ലെങ്കിൽ യോഗയും പ്രകൃതി ചികിത്സയും സ്ഥാപനങ്ങളിലെ" എന്ന് ചേർക്കുക.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

718. ഖണ്ഡം 11 (ബി)-ൽ "ബുദ്ധിസ്ഥിരതയില്ലാത്തതായിരിക്കുകയും" എന്നതിന് പകരം "ബുദ്ധിസ്ഥിരതയില്ലാത്തവനായിരിക്കുകയും" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

720. ഖണ്ഡം 11 (സി)-ൽ "ശിക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ" എന്നതിന് പകരം "ശിക്ഷിക്കപ്പെടുകയോ ഇന്ത്യൻ നീതിന്യായ വ്യവസ്ഥകൾ പ്രകാരം കുറ്റക്കാരനാണെന്ന് ഏതെങ്കിലും കോടതികൾ വിധിക്കുകയോ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

721. ഖണ്ഡം 11 (സി)-ൽ "അയാളെ" എന്നതിനു മുമ്പായി "പെരുമാറ്റ ദൂഷ്യത്തിന്" എന്ന് ചേർക്കുക.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

722. ഖണ്ഡം 11 (സി)-ൽ "അയാളെ പിരിച്ചുവിടപ്പെട്ടിട്ടുണ്ടെങ്കിൽ" എന്നതിന് പകരം "സസ്പെൻഡ് ചെയ്യപ്പെടുകയോ, പിരിച്ചുവിടപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ" എന്ന് ചേർക്കുക.

726. ഖണ്ഡം 11(ഇ)-ൽ "3-ാം വകുപ്പിലെ" എന്നതിന് മുമ്പായി "ഈ ആക്ടിലെ" എന്ന് ചേർക്കുക.

730. ഖണ്ഡം 11(ഇ)-ൽ "ഹോമിയോപ്പതിക്ക്" എന്നതിന് പകരം "ഹോമിയാപ്പതിക്" എന്ന് ചേർക്കുക.

732. ഖണ്ഡം 11(എഫ്)-ൽ "3-ാം വകുപ്പിലെ" എന്നതിന് മുൻപായി "ഈ ആക്ടിലെ" എന്ന് ചേർക്കുക.

735. ഖണ്ഡം 11(എഫ്)-ൽ "ഹോമിയോപ്പതിക്ക്" എന്നതിന് പകരം "ഹോമിയോപ്പതിക്" എന്ന് ചേർക്കുക.

737. ഖണ്ഡം 11(ജി)-ൽ "3-ാം വകുപ്പിലെ" എന്നതിന് മുൻപായി "ഈ ആക്റ്റിലെ" എന്ന് ചേർക്കുക.

741. ഖണ്ഡം 11(ജി)-ൽ "ഹോമിയോപ്പതിക്ക്" എന്നതിന് പകരം "ഹോമിയോപ്പതിക്" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

723.ഖണ്ഡം 11 (സി)യ്ക്കുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക. "(ഡി) സാന്മാർഗിക ദൂഷ്യമോ സാമ്പത്തിക ക്രമക്കേടോ ഉൾപ്പെടുന്ന ഒരു കുറ്റത്തിന് അയാൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലോ;"

739. ഖണ്ഡം 11(ജി)-ൽ "പ്രൈവറ്റ്" എന്ന് വരുന്നിടത്തെല്ലാം "സ്വകാര്യ" എന്ന് ചേർക്കുക.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

728. ഖണ്ഡം 11(ഇ)-ൽ "അതാത്" എന്നതിന് പകരം "അതത്" എന്ന് ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

731. ഖണ്ഡം 11(ഇ) താഴെപ്പറയും പ്രകാരം മാറ്റുക "(ഇ) 3-ാം വകുപ്പിലെ (3)-ാം ഉപവകുപ്പിന്റെ (സി) ഖണ്ഡപ്രകാരമോ, (4)-ാം ഉപവകുപ്പിന്റെ (സി) ഖണ്ഡപ്രകാരമോ അല്ലെങ്കിൽ (5)-ാം ഉപവകുപ്പിന്റെ (സി) ഖണ്ഡപ്രകാരമോ തെരഞ്ഞെടുക്കപ്പെടുന്ന അംഗം അപ്രകാരമുള്ള ഒരു ഫാക്കൽറ്റി അംഗമല്ലാതെയാകുകയാണെങ്കിൽ;"

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

736. ഖണ്ഡം 11(എഫ്) താഴെപ്പറയും പ്രകാരം മാറ്റുക; "(എഫ്) 3-ാം വകുപ്പിലെ (3)-ാം ഉപവകുപ്പിന്റെ (ഡി) ഖണ്ഡപ്രകാരമോ, (4)-ാം ഉപവകുപ്പിന്റെ (ഡി) ഖണ്ഡപ്രകാരമോ അല്ലെങ്കിൽ (5)-ാം ഉപവകുപ്പിന്റെ (ഡി) ഖണ്ഡപ്രകാരമോ നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള അംഗത്തിന്റെ അപ്രകാരമുള്ള ഔദ്യോഗിക പദവി ഇല്ലാതായാൽ;"

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

744. ഖണ്ഡം 11(ജി) താഴെപ്പറയും പ്രകാരം മാറ്റുക; "(ജി) 3-ാം വകുപ്പിലെ (3)-ാം ഉപവകുപ്പിന്റെ (ഇ) ഖണ്ഡപ്രകാരമോ, (4)-ാം ഉപവകുപ്പിന്റെ (ഇ) ഖണ്ഡപ്രകാരമോ അല്ലെങ്കിൽ (5)-ാം ഉപവകുപ്പിന്റെ (ഇ) ഖണ്ഡപ്രകാരമോ തെരഞ്ഞെടുക്കപ്പെട്ട അംഗത്തിന്റെ അപ്രകാരമുള്ള ഔദ്യോഗിക പദവി ഇല്ലാതായാൽ;"

ശ്രീ. എച്ച്. സലാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

745. ഖണ്ഡം 11(ജി)-ൽ "അംഗമായി തെരഞ്ഞെടുക്കപ്പെടുന്നതിനോ" എന്നതിന് ശേഷം "അംഗമായി നാമനിർദ്ദേശം ചെയ്യുന്നതിനോ അംഗമായി തുടരുന്നതിനോ അയോഗ്യനായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. ഒ. ആർ. കേളു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

746. ഖണ്ഡം 11(ജി)-ൽ "അയോഗ്യനാകുന്നതാണ്" എന്നതിന് പകരം "അംഗമായി തുടരുന്നതിനോ അയോഗ്യതയായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

747. ഖണ്ഡം 11(എച്ച്) ആയി താഴെ പറയുന്നത് ചേർക്കുക; "(എച്ച്) അയാൾക്ക് ഭിന്ന താല്പര്യങ്ങൾ ഉണ്ടെന്നു സർക്കാരിനു ബോധ്യപ്പെടുന്ന പക്ഷമോ,"

മി. സ്പീക്കർ: 716-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിനുള്ളതാകയാൽ ക്രമപ്രകാരമല്ലാത്തതിനാലും 729-ാം നമ്പർ ഭേദഗതി 728-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാലും അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 717-ാം നമ്പർ ഭേദഗതിയും ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 728-ാം നമ്പർ ഭേദഗതിയും ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 730, 735 എന്നീ നമ്പർ ഭേദഗതികളും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. വാക്കാൽ ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 727, 733, 734, 738, 740, 742,743 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 718-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 720-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച 721-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 722, 726, 732, 737, 741 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 723, 739 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 731-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 736-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 744-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 745-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഒ. ആർ. കേളു അവതരിപ്പിച്ച 746-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 747-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പന്ത്രണ്ടാം വകുപ്പ്</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

748. ഖണ്ഡം 12-ൽ ഇനം (എ) യ്ക്കു ശേഷം (ബി) ആയി താഴെപ്പറയുന്ന ഇനം ചേർക്കുകയും ശേഷിക്കുന്നത് പുനരക്ഷരം ചെയ്യുകയും ചെയ്യുക. "(ബി) പ്രാപ്തനല്ലാതായിത്തീരുകയോ;"

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

751. ഖണ്ഡം 12-ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക "എന്നാൽ ഉദ്യോഗ ഹേതുത്വ (എക്സ്-ഓഫീഷ്യോ) അംഗങ്ങളുടെ കാലാവധി അവർ ആ ഉദ്യോഗത്തിൽ തുടരുന്നതുവരെ ആയിരിക്കുന്നതാണ്."

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 748-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 751-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിമൂന്നാം വകുപ്പ്

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

752. ഖണ്ഡം 13-ൽ "ഏതൊരു" എന്നതിന് മുൻപായി "ഉദ്യോഗ ഹേതുത്വ (എക്സ്-ഓഫീഷ്യോ) അംഗം ഒഴികെയുള്ള" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

754. ഖണ്ഡം 13-ൽ "ലിഖിതമായ" എന്ന് വരുന്നിടത്തെല്ലാം പകരം "രേഖാമൂലം" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

761. ഖണ്ഡം 13 -ൽ "രാജിവയ്ക്കാവുന്നതുമാണ്" എന്നതിനുപകരം "രാജി വയ്ക്കാവുന്നതാണ്" എന്ന് ചേർക്കുക

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

762. ഖണ്ഡം 13-ൽ "അംഗങ്ങളുടെയും വൈസ്-പ്രസിഡന്റിന്റെയും സംഗതിയിൽ, അത് പ്രസിഡന്റിന് ലഭിച്ച തീയതി മുതലും," എന്നതിനുപകരം "കൗൺസിൽ അംഗീകരിക്കുന്ന തീയതി മുതൽ" എന്ന് ചേർക്കുക.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

764. ഖണ്ഡം 13-ൽ "മുമ്പാകെ വയ്ക്കുന്ന" എന്നതിനുപകരം "അംഗീകരിക്കുന്ന" എന്ന് ചേർക്കുക

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

766. ഖണ്ഡം 13-ൽ "വയ്ക്കുന്ന" എന്നതിന് പകരം "നൽകുന്ന" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: 755, 756, 757 എന്നീ നമ്പർ ഭേദഗതികൾ 754-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്ജ്</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 752-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 754-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 761-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 762-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 764-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 766-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാലാം വകുപ്പ്

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

767. ഖണ്ഡം 14(1)-ൽ "അദ്ധ്യക്ഷം" എന്നതിന് പകരം "അദ്ധ്യക്ഷത " എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

768. ഖണ്ഡം 14(1)-ൽ "അദ്ധ്യക്ഷം" എന്നതിന് പകരം "ആദ്ധ്യക്ഷ്യം " എന്ന് ചേർക്കുക.

777. ഖണ്ഡം 14(2)-ൽ "ഘടനയിൽ" എന്നതിനുപകരം "ഘടനയിലോ രൂപീകരണത്തിലോ " എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

772. ഖണ്ഡം 14(1)-ൽ "കൗൺസിലിന്റെ" എന്നതിന് ശേഷം "ഏതെങ്കിലും" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

775. ഖണ്ഡം 14(1)-ൽ "പ്രവർത്തിയേയോ" എന്നതിനുപകരം "പ്രവർത്തികളേയോ, എടുത്ത തീരുമാനങ്ങളേയോ " എന്ന് ചേർക്കുക.

മി. സ്പീക്കർ: 769, 770 എന്നീ നമ്പർ ഭേദഗതികൾ 768-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 767-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. സ്വീകരിച്ച ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 768, 777 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 772-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 775-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിനഞ്ചാം വകുപ്പ്</u>

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

779. ഖണ്ഡം 15-ൽ "യോഗം ചേരേണ്ടതും" എന്നതിന് മുൻപായി "മാസത്തിൽ ഒരു തവണയെങ്കിലും" എന്ന് ചേർക്കുക.

<u>ശ്രീ. എം. വിൻസെന്റ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

780. ഖണ്ഡം 15-ൽ "അങ്ങനെയുള്ള ആൾ അങ്ങനെയുള്ള" എന്നതിന് പകരം "നിർണ്ണയിക്കപ്പെട്ട ആൾ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ" എന്ന് ചേർക്കുക.

<u>ശ്രീ. സി. ആർ. മഹേഷ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

782. ഖണ്ഡം 15-ൽ "അങ്ങനെയുള്ള ആൾ" എന്നതിന് പകരം "പ്രസിഡന്റിന്റെ നിർദ്ദേശാനുസരണം രജിസ്ട്രാർ" എന്ന് ചേർക്കുക.

ശ്രീ. എം. എം. മണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

783. ഖണ്ഡം 15-ൽ "അങ്ങനെയുള്ള ആൾ അങ്ങനെയുള്ള" എന്നതിന് പകരം "പ്രസിഡന്റിന്റെ നിർദ്ദേശാനുസരണം കൗൺസിൽ സെക്രട്ടറി നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ വിളിച്ചു ചേർക്കേണ്ടതാണ്." എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

784. ഖണ്ഡം 15-ന്റെ ക്ലിപ്ത നിബന്ധനയിൽ "എന്നാൽ" എന്നതിന് ശേഷം ", " എന്ന ചിഹ്നം ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

786. ഖണ്ഡം 15-ന്റെ ക്ലിപ്ത നിബന്ധനയിൽ "അംഗത്തിനും" എന്നതിനുശേഷം "പത്തു ദിവസത്തെ" എന്ന് ചേർക്കുക.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

787. ഖണ്ഡം 15-ന്റെ ക്ലിപ്ത നിബന്ധനയിൽ "അയച്ചുകൊണ്ട്," എന്നതിനുപകരം "നൽകി," എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

792. ഖണ്ഡം 15-ന്റെ ക്ലിപ്ത നിബന്ധനയിൽ "വിളിച്ചുകൂട്ടാവുന്നതാണ്" എന്നതിനുപകരം "വിളിച്ചുകൂട്ടാവുന്നതും അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 788, 789, 790 എന്നീ നമ്പർ ഭേദഗതികൾ 787-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 779-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 780-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 782-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. എം. മണി അവതരിപ്പിച്ച 783-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 784-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 786-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 787-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 792-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പതിനാറാം വകുപ്പ്</u>

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്ജ്</u>): സർ, <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

793. ഖണ്ഡം 16(1)-ൽ "അദ്ധ്യക്ഷത" എന്ന് വരുന്നിടത്തെല്ലാം പകരം "ആദ്ധ്യക്ഷ്യം" എന്ന് ചേർക്കുക.

796. ഖണ്ഡം 16(1)-ൽ "ആ സന്ദർഭത്തിനുവേണ്ടി" എന്നതിന് പകരം "അത്തരം സന്ദർഭങ്ങളിൽ" എന്ന് ചേർക്കുക.

ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡം 16-ൽ (4)-ാം ഉപഖണ്ഡത്തിൽ "യോഗത്തിലെ ചോദ്യങ്ങൾക്ക് "എന്നീ വാക്കുകൾക്ക് പകരം "യോഗത്തിൽ വോട്ടെടുപ്പിലൂടെ തീരുമാനമെടുക്കേണ്ട സംഗതികളിൽ "എന്നീ വാക്കുകൾ ചേർക്കുക.

803. ഖണ്ഡം 16(2)-ൽ "നടപടിക്രമം" എന്നതിന് പകരം "നടപടിക്രമങ്ങൾ" എന്ന് ചേർക്കുക.

814. ഖണ്ഡം 16(4) -ൽ "യോഗത്തിലെ ചോദ്യങ്ങൾക്ക്" എന്നതിനു പകരം "യോഗത്തിന് മുൻപാകെ വരുന്ന ഏതൊരു സംഗതിയും" എന്ന് ചേർക്കുക.

824. ഖണ്ഡം 16(4)-ൽ "മൂന്നിൽ രണ്ട് അംഗങ്ങൾ ചേർന്ന് ഒരു ക്വാറമായി രൂപപ്പെടുന്നതാണ്." എന്നതിനു പകരം " കൗൺസിൽ യോഗത്തിന്റെ ക്വാറം അതിന്റെ അംഗങ്ങളുടെ ആകെ എണ്ണത്തിന്റെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്" എന്ന് ചേർക്കുക.

836. ഖണ്ഡം 16(5))-ൽ "പ്രസിഡന്റിന്," എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "അല്ലെങ്കിൽ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുന്ന വൈസ്-പ്രസിഡന്റിന് അല്ലെങ്കിൽ അദ്ധ്യക്ഷത വഹിക്കുന്ന അംഗത്തിന്," എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

837. ഖണ്ഡം 16(5)-ൽ "അംഗമെന്ന" എന്നതിന് മുൻപ് "ഒരു" എന്ന് ചേർക്കുക.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

794. ഖണ്ഡം 16(1)-ൽ "അയാളുടെ" എന്നതിനുപകരം "അദ്ദേഹത്തിന്റെ" എന്ന് ചേർക്കുക.

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

797. ഖണ്ഡം 16(1)-ൽ "ആ സന്ദർഭത്തിനുവേണ്ടി അദ്ധ്യക്ഷത വഹിക്കുവാൻ" എന്നതിനുപകരം "യോഗാദ്ധ്യക്ഷനായി" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

798. ഖണ്ഡം 16(1)-ൽ "സന്ദർഭത്തിനുവേണ്ടി" എന്നതിനുപകരം "യോഗത്തിനു വേണ്ടി" എന്ന് ചേർക്കുക.

806. ഖണ്ഡം 16(2)-ൽ "ക്രമപ്രശ്നത്തിന്മേൽ" എന്നതിന് ശേഷം "ക്രമപ്രശ്നങ്ങളിന്മേൽ" എന്നത് ചേർക്കുക.

811.ഖണ്ഡം 16(3)-ൽ "കാലയളവിലും" എന്നതിനുശേഷം "യോഗത്തിലും" എന്ന് ചേർക്കുക.

825. ഖണ്ഡം 16(4)-ൽ "യോഗത്തിന്" എന്നതിനുപകരം "യോഗം ആരംഭിക്കുന്നതിനായി" എന്ന് ചേർക്കുക.

829. ഖണ്ഡം 16(4)-ൽ "മാറ്റിവയ്ക്കാവുന്നതും അങ്ങനെ മാറ്റിവയ്ക്കപ്പെട്ട യോഗത്തിൽ, യോഗസമയം മുതൽ അരമണിക്കൂറിനുള്ളിൽ ക്വാറം തികയാതിരുന്നാൽ ഹാജരായ അംഗങ്ങൾ ചേർന്ന് ഒരു ക്വാറം ഉണ്ടാക്കേണ്ടതുമാണ്" എന്നതിന് പകരം "മാറ്റിവയ്ക്കാവുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

808. ഖണ്ഡം 16(3)-ൽ "വൈസ് പ്രസിഡന്റിനും അല്ലെങ്കിൽ സന്ദർഭവശാൽ" എന്നതിനുപകരം "പ്രസിഡന്റിന്റെ അസാന്നിദ്ധ്യത്തിൽ വൈസ് പ്രസിഡന്റും വൈസ് പ്രസിഡന്റിന്റെ അസാന്നിദ്ധ്യത്തിൽ" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

826. ഖണ്ഡം 16(4)-ൽ "തുടർന്ന്" എന്നതിന് പകരം "രണ്ടാഴ്ച കാലയളവിനുള്ളിൽ അടുത്ത യോഗം ചേരുന്നതിനായി" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

831. ഖണ്ഡം 16(4)-ൽ "ഉണ്ടാക്കുന്നതുമാണ്" എന്നതിന് പകരം "ഉണ്ടായതായി കരുതപ്പെടുന്നതുമാണ്" എന്ന് ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

832. ഖണ്ഡം 16(4)-ൽ "ഉണ്ടാക്കുന്നതുമാണ്" എന്നതിനുപകരം "ഉണ്ടാക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

834. ഖണ്ഡം 16(4)-നു പകരം ചുവടെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക "(4) ഒരു കൗൺസിലിന്റെ യോഗത്തിലെ കാര്യങ്ങൾ ആ യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളുടെ ഭൂരിപക്ഷ അഭിപ്രായ പ്രകാരം തീരുമാനമെടുക്കേണ്ടതാണ്.

(5) കൗൺസിൽ യോഗത്തിന്റെ ക്വാറം കൗൺസിൽ അംഗസംഖ്യയുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്. ക്വാറം തികയാതെ വരുന്ന സാഹചര്യങ്ങളിൽ യോഗം മാറ്റിവയ്ക്കേണ്ടതും അടുത്തയോഗം ചേരുന്നത് റെഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതുമാണ്."

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

839. ഖണ്ഡം 16(5)-ൽ "രണ്ടാമത്തെ വോട്ട് അല്ലെങ്കിൽ" എന്നത് ഒഴിവാക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

844. ഖണ്ഡം 16(5)-ൽ "കാസ്റ്റിംഗ്" എന്നതിന് മുൻപിൽ "ഒരു" എന്ന് ചേർക്കുക.

<u>ശ്രീ. എം. നൗഷാദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

845. ഖണ്ഡം 16(5) താഴെപ്പറയുന്ന പ്രകാരം മാറ്റുക: "(5) വോട്ടുകൾ തുല്യമാകുന്ന സംഗതിയിൽ പ്രസിഡന്റിന് കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്താവുന്നതാണ്"

<u>മി. സ്പീക്കർ</u>: 840, 841, 842 എന്നീ നമ്പർ ഭേദഗതികൾ 839-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്ജ്</u>): സർ, ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 831-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 793, 796, 803, 814, 824, 836, 837 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 794-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 797-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 798, 806, 811, 825, 829 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ അവതരിപ്പിച്ച 808-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 826-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 832-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 834-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 839-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 844-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 845-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനേഴാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

846. ഖണ്ഡം 17-ൽ "അംഗങ്ങൾക്കും" എന്നതിന് ശേഷം "രജിസ്ട്രാറിനും" എന്ന് ചേർക്കുക.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

851. ഖണ്ഡം 17-ൽ "അങ്ങനെയുള്ള യാത്രാബത്തകളും" എന്നത് ഒഴിവാക്കുക

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

852. ഖണ്ഡം 17-ൽ "യാത്രാബത്തകളും നൽകപ്പെടുന്നതാണ്" എന്നതിനുപകരം "യാത്രാബത്തകൾക്കും അർഹത ഉണ്ടായിരിക്കുന്നതാണ്." എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 846-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 851-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 852-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനെട്ടാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

853. ഖണ്ഡം 18-ന്റെ മാർജിനൽ ശീർഷകത്തിൽ "സമിതികളും" എന്നതിന് പകരം "കമ്മിറ്റികളും" എന്ന് ചേർക്കുക.

ശ്രീ. എം. നൗഷാദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

856. ഖണ്ഡം 18-ൽ "നിയമിക്കുന്നതിനും" എന്നതിനുപകരം "തെരഞ്ഞെടുക്കുന്നതിന്" എന്ന് ചേർക്കുക.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

857. ഖണ്ഡം 18-ൽ "കരുതാവുന്നതും" എന്നതിന് പകരം "കരുതുന്നതും" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

860. ഖണ്ഡം 18-ൽ "കമ്മിറ്റിക്ക്" എന്നതിന് പകരം "കമ്മിറ്റികൾക്ക്" എന്ന് ചേർക്കുക.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഡോ. എൻ. ജയരാജിന്റെ 855-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

855. ഖണ്ഡം 18-ൽ "മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 853-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 856-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 857-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 860-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്തൊമ്പതാം വകുപ്പ്

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡം 19-ൽ "(2)-ാം ഉപഖണ്ഡത്തിൽ "അഡീഷണൽ നിയമ സെക്രട്ടറി" എന്നീ വാക്കുകൾക്കുപകരം "അഡീഷണൽ സെക്രട്ടറി" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

861. ഖണ്ഡം 19 (1)-ൽ

(i) "കൗൺസിലുകൾക്കും" എന്നതിനു പകരം "കൗൺസിലുകൾക്കുമായി" എന്ന് ചേർക്കുക.

(ii) "ആയിരിക്കുന്നതാണ്" എന്നതിനു പകരം "ആയിരിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

875. ഖണ്ഡം 19(2)-ൽ "നിയമ വകുപ്പിലെ അഡീഷണൽ നിയമ" എന്നതിനുപകരം "അഡീഷണൽ" എന്ന് ചേർക്കുക.

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

863. ഖണ്ഡം 19 (1)-ൽ "സെക്രട്ടറി ആയിരിക്കുന്നതാണ്" എന്നതിന് ശേഷം "ടി രജിസ്ട്രാർ ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിലെ മോഡേൺ മെഡിസിൻ ഡീൻ ആയിരിക്കണം" എന്ന് ചേർക്കുക.

884. ഖണ്ഡം 19(2)-ൽ "വ്യവസ്ഥയിൽ ആയിരിക്കേണ്ടതാണ്" എന്നതിന് പകരം "വ്യവസ്ഥയിലായിരിക്കേണ്ടതാണ്" എന്നത് ചേർക്കുക.

ശ്രീ. കെ. പി. എ. മജീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

871. ഖണ്ഡം 19(2)-ൽ "നിയമ വകുപ്പിലെ" എന്നതിനുപകരം "പൊതുഭരണം/ധനകാര്യം/നിയമം എന്നീ വകുപ്പുകളിലെ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

877. ഖണ്ഡം 19(2)-ൽ "അഡീഷണൽ നിയമ സെക്രട്ടറിയുടെ" എന്നതിന് പകരം "ജോയിന്റ് സെക്രട്ടറിയുടെ" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

880. ഖണ്ഡം 19(2)-ൽ "സെക്രട്ടറിയുടെ" എന്ന വാക്കിനുപകരം "സെക്രട്ടറിയുടെയോ ജോയിന്റ് സെക്രട്ടറിയുടെയോ" എന്നുചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

885. ഖണ്ഡം 19(2)-ൽ "ആയിരിക്കേണ്ടതാണ്" എന്നതിനുശേഷം "അന്യത്രസേവന കാലാവധി അഞ്ചുവർഷമായി നിജപ്പെടുത്തേണ്ടതാണ്" എന്ന് ചേർക്കുക.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്):

സർ, ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ 865-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

865. ഖണ്ഡം 19 (1)-ൽ "ആയിരിക്കുന്നതാണ്" എന്നതിന് പകരം "ആയിരിക്കുന്നതുമാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 864-ാം നമ്പർ ഭേദഗതി 861 (ii)-ാം നമ്പർ ഭേദഗതിക്കും 872, 873, 874 എന്നീ നമ്പർ ഭേദഗതികൾ 871-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ - വനിത - ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 861, 875 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള അവതരിപ്പിച്ച 863, 884 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ് അവതരിപ്പിച്ച 871-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 877-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 880-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 885-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപതാം വകുപ്പ്

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

886. ഖണ്ഡം 20(1)-ൽ "ചീഫ് എക്സിക്യൂട്ടീവും" എന്നതിന് പകരം "ചീഫ് എക്സിക്യൂട്ടീവ് ആഫീസറും" എന്ന് ചേർക്കുക.

909. ഖണ്ഡം 20 (4) -ൽ "രജിസ്റ്ററിൽ നിന്നും" എന്നതിന് പകരം "പ്രസ്തുത രജിസ്റ്ററിൽ നിന്നും" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

887. ഖണ്ഡം 20(1)-ൽ "കൗൺസിലിന്റെ" എന്നത് ഒഴിവാക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

889. ഖണ്ഡം 20(1)-ൽ "കൗൺസിലിന്റെ" എന്നത് ഒഴിവാക്കുക.

911. ഖണ്ഡം 20 (5)-ൽ "വകുപ്പ്പ്രകാരം" എന്നതിനുപകരം "വകുപ്പ് പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

890. ഖണ്ഡം 20(1) താഴെപറയും പ്രകാരം മാറ്റുക "(1) രജിസ്ട്രാർ ഓരോ കൗൺസിലിന്റെയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും കൂടാതെ ഓരോ കൗൺസിലിന്റെയും ഓഫീസ് മേധാവിയും ആയിരിക്കുന്നതാണ്."

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

892. ഖണ്ഡം 20(2)-ൽ "വ്യവസ്ഥകൾക്കും" എന്നതിന് ശേഷം "അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും റെഗുലേഷനുകൾക്കും" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

896. ഖണ്ഡം 20(2)-ൽ "ചുമതലയാണ്" എന്നതിന് പകരം "ചുമതലയായിരിക്കുന്നതുമാണ്" എന്ന് ചേർക്കുക.

899. ഖണ്ഡം 20(3)-ൽ "റ്റിബ്ബി" എന്നതിനുശേഷം "ടിബ്ബി" എന്ന് ചേർക്കുക.

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

897. ഖണ്ഡം 20(2)-ന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക. "രജിസ്റ്ററുകൾ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലായിരിക്കേണ്ടതും അങ്ങനെയുള്ള വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്."

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

903. ഖണ്ഡം 20(3)-ൽ "അടങ്ങിയിരിക്കേണ്ടതുമാണ്" എന്നതിന് പകരം "അടങ്ങിയിരിക്കേണ്ടതും അപ്രകാരം പരിപാലിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

904. ഖണ്ഡം 20(3) താഴെപ്പറയും പ്രകാരം മാറ്റുക "(3) ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ കൗൺസിലിന്റെ കാര്യത്തിൽ ആയുർവേദിക്, സിദ്ധ, യുനാനി ടിബ്ബി, യോഗയും പ്രകൃതി ചികിത്സയും സമ്പ്രദായങ്ങൾക്ക് പ്രത്യേകം പ്രത്യേകം രജിസ്റ്ററുകൾ ഉണ്ടായിരിക്കേണ്ടതാണ്."

മി. സ്പീക്കർ: 898-ാം നമ്പർ ഭേദഗതി 899-ാം നമ്പർ ഭേദഗതിക്കും 910-ാം നമ്പർ ഭേദഗതി 911-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ - വനിത - ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 899-ാം നമ്പർ ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 911-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. സ്വീകരിച്ച ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 866, 909 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 887-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 889-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 890-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 892-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 896-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 897-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 903-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 904-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ്

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ഖണ്ഡം 21-ൽ (2)-ാം ഉപഖണ്ഡത്തിൽ "ജീവനക്കാർക്കും" എന്ന വാക്കിനുശേഷം "ബാധകമായ" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 21-ൽ (4)-ാം ഉപഖണ്ഡത്തിൽ "(1)-ഉം (2)-ഉം ഉപവകുപ്പുകൾ" എന്നതിനുപകരം "(1)-ാം ഉപവകുപ്പ്" എന്നത് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

912. ഖണ്ഡം 21(1)-ൽ "സിറ്റിംഗിൽ" എന്നതിന് പകരം "യോഗത്തിൽ" എന്ന് ചേർക്കുക.

914. ഖണ്ഡം 21(1)-ൽ "മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.

920. ഖണ്ഡം 21(1)-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിന് പകരം "നിർണ്ണയിക്കപ്പെട്ട" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

922. ഖണ്ഡം 21(1)-ൽ "രീതിയിൽ" എന്നതിന് ശേഷം "പി.എസ്.സി. മുഖേന" എന്ന അക്ഷരങ്ങളും ചിഹ്നങ്ങളും വാക്കും ചേർക്കുക.

929. ഖണ്ഡം 21(1)-ൽ "ആയിരിക്കുന്നതാണ്" എന്നതിന് പകരം "ആയിരിക്കുന്നതുമാണ്" എന്ന് ചേർക്കുക.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

923. ഖണ്ഡം 21(1)-ൽ "രീതിയിൽ" എന്നതിന് ശേഷം "അന്യത്ര സേവന വ്യവസ്ഥയിൽ" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

925. ഖണ്ഡം 21(1)-ൽ "കൗൺസിലുകളിലെ എല്ലാ ഓഫീസ് സ്റ്റാഫുകളുടെയും നിയമന അധികാരി രജിസ്ട്രാർ ആയിരിക്കുന്നതും, കൂടാതെ അദ്ദേഹം അച്ചടക്ക അധികാരിയും ആയിരിക്കുന്നതാണ്" എന്നതിന് പകരം "രജിസ്ട്രാർ കൗൺസിലുകളിലെ എല്ലാ ഓഫീസ് സ്റ്റാഫുകളുടെയും നിയമന അധികാരിയും അച്ചടക്ക അധികാരിയും ആയിരിക്കുന്നതാണ്" എന്ന് ചേർക്കുക.

935. ഖണ്ഡം 21(2)-ൽ "സമാന വിഭാഗത്തിലുള്ള/ഗ്രേഡിലുള്ള" എന്ന വാക്കുകൾക്കും ചിഹ്നത്തിനും പകരം "സമാന വിഭാഗത്തിലുള്ള അല്ലെങ്കിൽ ഗ്രേഡിലുള്ള" എന്ന് ചേർക്കുക.

943. ഖണ്ഡം 21(3)-ൽ "ജീവനക്കാരെയോ" എന്നതിന് ശേഷം "ഏതെങ്കിലും കാരണത്താൽ" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

927 .ഖണ്ഡം 21(1)-ൽ "സ്റ്റാഫുകളുടെയും" എന്നതിനുപകരം "ജീവനക്കാരുടെയും" എന്ന് ചേർക്കുക.

944. ഖണ്ഡം 21(3)-ൽ "ശിക്ഷിക്കുന്നതിനോ" എന്നതിനുശേഷം വരുന്ന " , " ചിഹ്നം ഒഴിവാക്കുക.

ശ്രീ. എ. രാജു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു. 930. ഖണ്ഡം 21(1) താഴെപ്പറയും പ്രകാരം മാറ്റുക "(1) ഓരോ കൗൺസിലും, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി അത് ഉചിതമെന്ന് കരുതുന്ന അങ്ങനെയുള്ള മറ്റ് ഉദ്യോഗസ്ഥരെയും ജീവനക്കാരെയും ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ നിയമിക്കുകയോ ജോലിയിൽ ഏർപ്പെടുത്തുകയോ ചെയ്യാവുന്നതാണ്. രജിസ്ട്രാർ കൗൺസിലുകളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമന അധികാരിയും നിയന്ത്രണ അധികാരിയും ആയിരിക്കുന്നതാണ് ".

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

933. ഖണ്ഡം 21(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "ജീവനക്കാരുടെയും" എന്നതിന് ശേഷം "നിയമനവ്യവസ്ഥകളും" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

936. ഖണ്ഡം 21(2)-ൽ "പ്രകാരമായിരിക്കുന്നതാണ്" എന്നതിന് പകരം "പ്രകാരം അവരുടെ മാതൃ വകുപ്പിലേതിനു തുല്യമായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

941. ഖണ്ഡം 21(3)-ൽ, "ഉദ്യോഗസ്ഥരെയോ ജീവനക്കാരെയോ ശിക്ഷിക്കുന്നതിനോ, പിരിച്ചുവിടുന്നതിനോ പുറത്താക്കുന്നതിനോ നീക്കം ചെയ്യുന്നതിനോ" എന്നതിന് പകരം "ഉദ്യോഗസ്ഥരുടെയോ ജീവനക്കാരുടെയോ മേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന്" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

945. ഖണ്ഡം 21(3)-ൽ "പിരിച്ചുവിടുന്നതിനോ" എന്നതിനുപകരം "മാതൃ വകുപ്പിലേക്ക് തിരിച്ചയയ്ക്കുന്നതിനോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 914, 920 എന്നീ നമ്പർ ഭേദഗതികളും ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 944-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. വാക്കാൽ ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 912-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 922, 929 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 923-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 925, 935, 943 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 927-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 930-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 933-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 936-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 941-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 945-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ്

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

947. ഖണ്ഡം 22(1)-ൽ "ഉണ്ടാക്കേണ്ടതാണ്" എന്നതിന് പകരം "ഉണ്ടാക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

949. ഖണ്ഡം 22(2)-ൽ "അങ്ങനെയുള്ള നീക്കംചെയ്യലിനോ കൂട്ടിച്ചേർക്കലിനോ പരിഷ്കരിക്കലിനോ മാറ്റം വരുത്തുന്നതിനോ വേണ്ടിയുള്ള ഒരു നിർദ്ദേശം ഇരുപത്തഞ്ചോ അതിൽ കൂടുതലോ രജിസ്റ്റേർഡ് പ്രാക്ടീഷണർമാർ ആയത് ആവശ്യപ്പെട്ടുകൊണ്ട് അങ്ങനെയുള്ള കൗൺസിലിൽ നിവേദനം നൽകാത്തപക്ഷം പരിഗണനയ്ക്ക് എടുക്കേണ്ടതില്ലാത്തതാകുന്നു." എന്നത് ഒഴിവാക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

951. ഖണ്ഡം 22(2)-ൽ "ഇരുപത്തഞ്ചോ" എന്നതിനുപകരം "ഇരുപത്തിയഞ്ചോ" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

954. ഖണ്ഡം 22(2)-ൽ "ഇരുപത്തഞ്ചോ" എന്നതിനുപകരം "പതിനഞ്ചോ" എന്ന് ചേർക്കുക.

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

956. ഖണ്ഡം 22(2)-ൽ "ഇരുപത്തഞ്ചോ അതിൽ കൂടുതലോ" എന്നതിന് പകരം "നൂറോ അതിൽ കൂടുതലോ" എന്ന് ചേർക്കുക.

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

957. ഖണ്ഡം 22(2)-ൽ "എഴുപത്തിയഞ്ച് ശതമാനത്തിൽ" എന്നതിന് പകരം "നാലിൽ മൂന്നിൽ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

959. ഖണ്ഡം 22(2)-ൽ "പ്രാബല്യത്തിൽ" എന്നതിന് മുൻപായി "നീക്കം ചെയ്യലോ, കൂട്ടിച്ചേർക്കലോ, പരിഷ്കരിക്കലോ മാറ്റം വരുത്തലോ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

960. ഖണ്ഡം 22(2) ചുവടെപ്പറയും പ്രകാരം മാറ്റുക. "(2) റെഗുലേഷനുകൾ എല്ലാമോ, ഏതെങ്കിലുമോ, നീക്കം ചെയ്യുവാനോ കൂട്ടിച്ചേർക്കുവാനോ പരിഷ്കരിക്കുവാനോ മാറ്റം വരുത്തുവാനോ ഓരോ കൗൺസിലിനും അധികാരമുണ്ടായിരിക്കുന്നതാണ്. അങ്ങനെയുള്ള നീക്കം ചെയ്യൽ, കൂട്ടിച്ചേർക്കൽ, പരിഷ്കരണം, മാറ്റം വരുത്തൽ എന്നിവ കൗൺസിലിന് സ്വന്തം നിലയിൽ ചെയ്യാവുന്നതും, ഇത്തരത്തിൽ മാറ്റം വരുത്തുന്നതിനായി ഇരുപത്തഞ്ചോ അതിൽ കൂടുതലോ രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർമാർ നിവേദനം നൽകിയിട്ടുണ്ടെങ്കിൽ ആയത് കൗൺസിൽ പരിഗണിക്കേണ്ടതുമാണ്.

അങ്ങനെയുള്ള മാറ്റങ്ങൾ അംഗീകരിക്കാൻ യോഗത്തിൽ ഹാജരുള്ളവരിൽ നാലിൽ മൂന്നിൽ കുറയാത്ത അംഗങ്ങളുടെ സമ്മതിയുണ്ടായിരിക്കേണ്ടതാണ്."

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

962. ഖണ്ഡം 22(2)നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക. "(3) ഇപ്രകാരം പ്രാബല്യത്തിൽ വന്നതായി കരുതപ്പെടുന്ന റെഗുലേഷനുകൾ നിയമസഭ മുൻപാകെ സമർപ്പിക്കേണ്ടതാണ്."

മി. സ്പീക്കർ: 946-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിനുള്ളതാകയാൽ ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 957-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. സ്വീകരിച്ച ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 947-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ അവതരിപ്പിച്ച 949-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 951-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 954-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള അവതരിപ്പിച്ച 956-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 959-ാം നമ്പർ ഭേദഗതി ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 960-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 962-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ്

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

963. ഖണ്ഡം 23(1)-ൽ "ഏതെങ്കിലും അധികാരങ്ങൾ" എന്നതിനുശേഷം "വിനിയോഗിക്കുന്നതിലോ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിലോ " എന്ന് ചേർക്കുക.

966. ഖണ്ഡം 23(1)-ൽ "അല്ലെങ്കിൽ ഈ ആക്റ്റിനാലോ അതിൻകീഴിലോ ചുമത്തിയിട്ടുള്ള ഏതെങ്കിലും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയെന്നോ" എന്നത് ഒഴിവാക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

964. ഖണ്ഡം 23(1)-ൽ "അധികരിച്ചുവെന്നോ" എന്നതിനുപകരം "അധികാരപരിധി ലംഘിച്ചുവെന്നോ " എന്ന് ചേർക്കുക.

985. ഖണ്ഡം 23 (2) - ൽ "അത്" എന്നതിന് പകരം "സർക്കാർ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

968. ഖണ്ഡം 23(1)-ൽ "അതിൻകീഴിലോ" എന്ന് വരുന്നിടത്തെല്ലാം "അതിൻ കീഴിലോ" എന്ന് ചേർക്കുക.

971. ഖണ്ഡം 23(1)-ൽ "സർക്കാർ കാണുന്നപക്ഷം" എന്നതിന് പകരം "സർക്കാരിന് ബോദ്ധ്യപ്പെടുന്നപക്ഷം" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

973. ഖണ്ഡം 23(1)-ൽ "കാണുന്നപക്ഷം" എന്നതിന് പകരം "കണ്ടെത്തുന്ന പക്ഷം" എന്ന് ചേർക്കുക.

983. ഖണ്ഡം 23 (1)-ൽ "സർക്കാരിൽ നിക്ഷിപ്തമാകുന്നതുമാണ്" എന്നതിന് പകരം "സർക്കാരിൽ നിക്ഷിപ്തമാക്കുന്നതുമാണ് " എന്ന് ചേർക്കുക.

989. ഖണ്ഡം 23 (2) - ൽ "രൂപീകരിക്കപ്പെട്ട കൗൺസിലിൽ" എന്നതിന് പകരം "രൂപീകരിക്കപ്പെട്ട പുതിയ കൗൺസിലിൽ" എന്ന് ചേർക്കുക.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

977. ഖണ്ഡം 23(1)-ൽ "അറിയിപ്പ്" എന്നതിന് മുൻപ് "രേഖാമൂലം" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

978. ഖണ്ഡം 23(1)-ൽ "പിരിച്ചുവിടാവുന്നതും" എന്നതിന് പകരം "പിരിച്ചുവിടേണ്ടതും" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

980. ഖണ്ഡം 23(1)-ൽ "ചെയ്യാവുന്നതും" എന്നതിന് പകരം "ചെയ്യേണ്ടതും" എന്ന് ചേർക്കുക.

986. ഖണ്ഡം 23 (2) - ൽ "എത്രയുംവേഗം എടുക്കേണ്ടതും" എന്നതിന് പകരം "മൂന്നു മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതും" എന്ന് ചേർക്കുക

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

982. ഖണ്ഡം 23(1)-ൽ "രൂപീകരിക്കുന്നതുവരെ" എന്നതിനുശേഷം "താത്കാലികമായി" എന്ന് ചേർക്കുക.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

987. ഖണ്ഡം 23 (2)-ൽ "എടുക്കേണ്ടതും" എന്നതിന് പകരം "കൈക്കൊള്ളേണ്ടതും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 972-ാം നമ്പർ ഭേദഗതി 971-ാം നമ്പർ ഭേദഗതിക്കും 974-ാം നമ്പർ ഭേദഗതി 973-ാം നമ്പർ ഭേദഗതിക്കും 984-ാം നമ്പർ ഭേദഗതി 985-ാം നമ്പർ ഭേദഗതിക്കും 990-ാം നമ്പർ ഭേദഗതി 989-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 971-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. സ്വീകരിച്ച ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 963, 966 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 964, 985 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 968-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 973, 983, 989 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 977-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 978-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 980, 986 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 982-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. വി ശ്രീനിജിൻ അവതരിപ്പിച്ച 987-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിനാലാം വകുപ്പ്

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡം 24-ൽ (1)-ാം ഉപഖണ്ഡത്തിൽ "മുറപ്രകാരമുള്ള" എന്ന വാക്കിനുപകരം "റഗുലർ സമ്പ്രദായത്തിലുള്ള" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

996. ഖണ്ഡം 24(1)-ൽ "മുറപ്രകാരമുള്ള" എന്നതിന് പകരം "വ്യവസ്ഥാപിതമായ" എന്ന് ചേർക്കുക.

1006. ഖണ്ഡം 24(1)-ൽ "അർഹതയുണ്ടായിരിക്കുന്നതാണ്;" എന്നതിന് പകരം "അവകാശമുണ്ടായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

997. ഖണ്ഡം 24(1)-ൽ "മുറപ്രകാരമുള്ള" എന്നതിനുപകരം "ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

999. ഖണ്ഡം 24(1)-ൽ "നേടിയ" എന്നതിന് ശേഷം "സർക്കാർ" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1001. ഖണ്ഡം 24(1)-ൽ "കൈവശമുള്ള"എന്നതിന് പകരം "നേടിയ" എന്ന് ചേർക്കുക.

1015. ഖണ്ഡം 24(2)-ൽ "അർഹനായിരിക്കുന്നതല്ല" എന്നതിന് പകരം "അവകാശമുണ്ടായിരിക്കുന്നതല്ല;" എന്ന് ചേർക്കുക.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1010. ഖണ്ഡം 24(1) ചുവടെപ്പറയും പ്രകാരം മാറ്റുക: "(1) അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം വൈദ്യശാസ്ത്ര ബിരുദവും പ്രായോഗിക പരിശീലനവും നേടിയ ഓരോ ആളിനും ഈ ആക്റ്റിൻ കീഴിൽ ഒരു മെഡിക്കൽ പ്രാക്ടീഷണറായി രജിസ്റ്റർ ചെയ്യുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്;"

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ശ്രീ. രമേശ് ചെന്നിത്തലയുടെ 993-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

993. ഖണ്ഡം 24(1)-ൽ "അംഗീകൃത സ്ഥാപനത്തിൽ നിന്ന്" എന്നതിന് ശേഷം "വൈദ്യശാസ്ത്ര" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1002, 1003, 1004 എന്നീ നമ്പർ ഭേദഗതികൾ 1001-ാം നമ്പർ ഭേദഗതിക്കും 1007, 1008, 1009 എന്നീ നമ്പർ ഭേദഗതികൾ 1006-ാം നമ്പർ ഭേദഗതിക്കും 1014, 1016, 1017 എന്നീ നമ്പർ ഭേദഗതികൾ 1015-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 996, 1006 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 997-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 999-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 1001, 1015 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 1010-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഇരുപത്തിയഞ്ചാം വകുപ്പ്</u>

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്ജ്</u>): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിക്കുന്നു:

ഖണ്ഡം 25-ൽ (3)-ാം ഉപഖണ്ഡത്തിൽ "ഏതെങ്കിലും അധികമായുള്ള" എന്നീ വാക്കുകൾക്ക് പകരം "അധികമായി നേടിയിട്ടുള്ള ഏതെങ്കിലും" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 25-ൽ (3)-ാം ഉപഖണ്ഡത്തിൽ "നിർണ്ണയിക്കുന്ന" എന്ന വാക്കിനുപകരം "നിശ്ചയിക്കുന്ന" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 25-ൽ (7)-ാം ഉപഖണ്ഡത്തിൽ "അതത് സംഗതിപോലെ, പ്രാഥമിക അല്ലെങ്കിൽ അധിക അംഗീകൃത യോഗ്യതയ്ക്കായി പേര് രജിസ്റ്റർ ചെയ്തിട്ടുള്ള" എന്നീ വാക്കുകൾക്കുപകരം "അതത് സംഗതിപോലെ, പ്രാഥമിക അല്ലെങ്കിൽ അധിക അംഗീകൃത യോഗ്യതയുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1019. ഖണ്ഡം 25(1) -ൽ "24-ാം വകുപ്പ്" എന്നതിന് മുൻപ് "ഈ ആക്ടിലെ" എന്ന് ചേർക്കുക.

1026. ഖണ്ഡം 25(2) -ൽ "ഫോറത്തിലും" എന്നതിനുപകരം "ഫാറത്തിലും" എന്ന് ചേർക്കുക.

1062.ഖണ്ഡം 25 (7) – ൽ "ഫീസോടൊപ്പം" എന്നതിന് പകരം "ഫീസിനോടൊപ്പം" എന്ന് ചേർക്കുക.

1071. ഖണ്ഡം 25(8)-ൽ "പ്രാക്ടീഷണർ, സംസ്ഥാനത്ത്" എന്നതിനുശേഷം "ആറു മാസത്തിൽ അധികരിക്കാത്ത" എന്ന് ചേർക്കുക.

1086. ഖണ്ഡം 25(9)-ൽ "അവരുടെ" എന്നതിന് പകരം "അയാളുടെ" എന്ന് ചേർക്കുക.

ശ്രീ. ജി. സ്റ്റീഫൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1021. ഖണ്ഡം 25(1) -ൽ "നേരിട്ട് അയക്കേണ്ടതാണ്" എന്നതിന് പകരം "നൽകേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. കെ. പി. എ. മജീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1022. ഖണ്ഡം 25(2) -ൽ "ഒരു" എന്നത് ഒഴിവാക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1028. ഖണ്ഡം 25(2)-ൽ "ആയിരിക്കേണ്ടതാണ്" എന്നതിന് പകരം "സമർപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീമതി ദെലീമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1030. ഖണ്ഡം 25(2)-നുശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കുക. "(2)

(എ) നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയും അനുബന്ധ രേഖകളും ഓൺലൈനായോ-നേരിട്ടോ രജിസ്ട്രാറുടെ ഓഫീസിൽ എത്തിക്കേണ്ടതും, അപേക്ഷ ലഭിച്ച് കഴിഞ്ഞാൽ ഒരു രസീത് നമ്പർ നൽകേണ്ടതുമാണ് ."

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1033. ഖണ്ഡം 25(3)-ൽ "കാലാകാലങ്ങളായി" എന്നതിന് പകരം "കാലാകാലങ്ങളിൽ" എന്ന് ചേർക്കുക.

1056. ഖണ്ഡം 25(6)-ൽ "ഒരു" എന്നത് ഒഴിവാക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1037. ഖണ്ഡം 25(4)-ൽ "കീഴിലുള്ള" എന്നതിന് പകരം "കീഴിൽ ലഭ്യമാകുന്ന" എന്ന് ചേർക്കുക.

1046.ഖണ്ഡം 25(5)-താഴെപ്പറയും പ്രകാരം മാറ്റുക "(5) (4)-ാം ഉപവകുപ്പ് പ്രകാരമുള്ള സമിതിയുടെ റിപ്പോർട്ട് കൗൺസിലിന്റെ ഉചിതമായ തീരുമാനത്തിനായി സമർപ്പിക്കേണ്ടതാണ്."

1051. ഖണ്ഡം 25(6)-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിന് പകരം "നിർണ്ണയിക്കപ്പെട്ട" എന്ന് ചേർക്കുക.

1063. ഖണ്ഡം 25 (7) - ൽ "ഫീസോടൊപ്പം" എന്നതിന് പകരം "ഫീസ് സഹിതം" എന്ന് ചേർക്കുക.

1077. ഖണ്ഡം 25(9)-ൽ "പ്രാക്ടീഷണറും" എന്നതിന് മുൻപിൽ "രജിസ്റ്റേർഡ്" എന്ന് ചേർക്കുക.

1081.ഖണ്ഡം 25(9)-ൽ "വർഷത്തിലും" എന്നതിന് പകരം "വർഷം കൂടുമ്പോഴും" എന്ന് ചേർക്കുക.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1038. ഖണ്ഡം 25(4)-ൽ "നിയോഗിച്ച" എന്നതിന് പകരം "നിയോഗിക്കപ്പെട്ട" എന്ന് ചേർക്കുക.

ശ്രീ. സി. ആർ. മഹേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1040. ഖണ്ഡം 25(4)-ൽ "വയ്ക്കേണ്ടതാണ്" എന്നതിന് മുൻപ് "എത്രയും വേഗം" എന്ന് ചേർക്കുക.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1041. ഖണ്ഡം 25(4)- താഴെപ്പറയും പ്രകാരം മാറ്റുക "(4) ഈ വകുപ്പിന് കീഴിലുള്ള എല്ലാ അപേക്ഷകളും റിപ്പോർട്ടിനായി കൗൺസിലിന്റെ ബന്ധപ്പെട്ട കമ്മിറ്റിയുടെ മുമ്പാകെ രജിസ്ട്രാർ സമർപ്പിക്കേണ്ടതാണ്."

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1042.ഖണ്ഡം 25(5)-ൽ "സമിതിയുടെ റിപ്പോർട്ട് ഉചിതമായ കൗൺസിലിന്റെ" എന്നതിനുപകരം "കമ്മറ്റിയുടെ റിപ്പോർട്ട് ബന്ധപ്പെട്ട കൗൺസിലിന്റെ ഉചിതമായ" എന്ന് ചേർക്കുക.

1052. ഖണ്ഡം 25(6)-ൽ

(i) "ഫാറത്തിലും" എന്നതിന് പകരം "ഫാറത്തിൽ" എന്ന് ചേർക്കുക.

(ii) "അടങ്ങിയതുമായ" എന്നതിന് പകരം "അടങ്ങിയ" എന്ന് ചേർക്കുക.

1064. ഖണ്ഡം 25 (7)ൽ "അപേക്ഷിക്കേണ്ടതും" എന്നതിനു പകരം "അപേക്ഷിക്കാവുന്നതും" എന്ന് ചേർക്കുക.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1057. ഖണ്ഡം 25(6)-ൽ "അയാൾക്ക് നൽകേണ്ടതുമാണ്" എന്നതിന് പകരം "അപേക്ഷകന് നൽകേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1058.ഖണ്ഡം 25(7)-ൽ "അല്ലെങ്കിൽ" എന്ന വാക്ക് വരുന്നിടത്തെല്ലാം "കൂടാതെ" എന്ന് ചേർക്കുക.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1068. ഖണ്ഡം 25 (7)-ൽ "നൽകാവുന്നതുമാണ്" എന്നതിന് പകരം "നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1069. ഖണ്ഡം 25 (7) താഴെപ്പറയും പ്രകാരം മാറ്റുക."(7) മോഡേൺ മെഡിസിൻ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ അല്ലെങ്കിൽ ഹോമിയോപ്പതിക് മെഡിസിൻ എന്നിവയിൽ ഇന്ത്യയിലെ ഏതെങ്കിലും സംസ്ഥാനത്തോ കേന്ദ്രഭരണ പ്രദേശത്തോ പ്രാബല്യത്തിലിരിക്കുന്ന നിയമപ്രകാരം, അതത് സംഗതി പോലെ, പ്രാഥമിക അല്ലെങ്കിൽ അധിക യോഗ്യതയ്ക്കായി പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ആൾ സംസ്ഥാനത്ത് രജിസ്ട്രേഷനുവേണ്ടി നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ സമയാസമയങ്ങളിൽ കൗൺസിൽ നിശ്ചയിച്ചിട്ടുള്ള ഫീസോടൊപ്പം അപേക്ഷിക്കേണ്ടതും രേഖകളുടെ സൂക്ഷ്മപരിശോധനയ്ക്കും ബന്ധപ്പെട്ട സംസ്ഥാന കൗൺസിലുകളിൽ നിന്നുള്ള സർട്ടിഫിക്കേഷനുംശേഷം രജിസ്ട്രേഷൻ നൽകേണ്ടതുമാണ്."

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1082. ഖണ്ഡം 25(9)-ൽ "ചട്ടങ്ങളിൽ നിർണ്ണയിച്ചിട്ടുള്ള പ്രകാരം," എന്നത് ഒഴിവാക്കുക.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഡോ. എൻ. ജയരാജിന്റെ 1044-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

1044. ഖണ്ഡം 25(5)-ൽ "ഉചിതമായ" എന്നതിന് പകരം "ബന്ധപ്പെട്ട" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1023, 1024, 1025 എന്നീ നമ്പർ ഭേദഗതികൾ 1022-ാം നമ്പർ ഭേദഗതിക്കും 1027-ാം നമ്പർ ഭേദഗതി 1026-ാം നമ്പർ ഭേദഗതിക്കും 1034, 1035 എന്നീ നമ്പർ ഭേദഗതികൾ 1033-ാം നമ്പർ ഭേദഗതിക്കും 1053, 1054, 1055 എന്നീ നമ്പർ ഭേദഗതികൾ 1056-ാം നമ്പർ ഭേദഗതിക്കും 1061-ാം നമ്പർ ഭേദഗതി 1062-ാം നമ്പർ ഭേദഗതിക്കും 1083, 1084, 1085 എന്നീ നമ്പർ ഭേദഗതികൾ 1082-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ശ്രീ. കെ. പി. എ. മജീദ് അവതരിപ്പിച്ച 1022-ാം നമ്പർ ഭേദഗതിയും ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 1026-ാം നമ്പർ ഭേദഗതിയും ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 1033-ാം നമ്പർ ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1051-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. വാക്കാൽ ഭേദഗതികളും ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതികളും ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 1019, 1062, 1071, 1086 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ അവതരിപ്പിച്ച 1021-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 1028-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 1030-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 1056-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 1037, 1046, 1063, 1077, 1081 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 1038-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 1040-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 1041-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1042, 1052, 1064 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 1057-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1058-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 1068-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 1069-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 1082-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഇരുപത്തിയാറാം വകുപ്പ്</u>

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1089. ഖണ്ഡം 26(1)-ൽ "പ്രാക്ടീസ് ചെയ്യുന്ന ആളുകളുടെ ലിസ്റ്റ്" എന്നതിന് പകരം "പ്രാക്ടീഷണർമാരുടെ ലിസ്റ്റ്" എന്ന് ചേർക്കുക.

1103. ഖണ്ഡം 26(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "മുമ്പ്" എന്നതിന് പകരം "മുൻപ്" എന്ന് ചേർക്കുക.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1090. ഖണ്ഡം 26(1)-ൽ "എന്നുപറയുന്ന ഒരു ലിസ്റ്റ്" എന്നത് ഒഴിവാക്കുക.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1096. ഖണ്ഡം 26(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "എന്നാൽ" എന്നതിന് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

<u>ശ്രീ. എം. വിജിൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1097. ഖണ്ഡം 26(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "അപകീർത്തി" എന്നതിന് പകരം "നൈതികതാവിരുദ്ധ' എന്ന് ചേർക്കുക.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1099. ഖണ്ഡം 26(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "സംസ്ഥാന നിയമസഭയുടെ എന്തെങ്കിലും ആക്റ്റിൻ കീഴിൽ" എന്നതിന് പകരം "സംസ്ഥാനമോ കേന്ദ്രഭരണ പ്രദേശമോ" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1104. ഖണ്ഡം 26(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "ചേർക്കുന്നതിന്" എന്നതിന് പകരം "ചേർക്കപ്പെടുന്നതിന്" എന്ന് ചേർക്കുക.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1106. ഖണ്ഡം 26(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "അയാൾക്ക്" എന്നത് ഒഴിവാക്കുക.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്ജ്</u>): സർ, ശ്രീ. എ. പി. അനിൽ കുമാറിന്റെ 1100-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജിന്റെ 1105-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

1100. ഖണ്ഡം 26(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "എന്തെങ്കിലും" എന്നതിന് പകരം "ഏതെങ്കിലും" എന്ന് ചേർക്കുക.

1105. ഖണ്ഡം 26(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "ചേർക്കുന്നതിന് അയാൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല" എന്നതിന് പകരം "ചേർക്കപ്പെടുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1091, 1092, 1093 എന്നീ നമ്പർ ഭേദഗതികൾ 1090-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 1089, 1103 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 1090-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 1096-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 1097-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 1099-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1104-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 1106-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയേഴാം വകുപ്പ്

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1108. ഖണ്ഡം 27(1)-ൽ "മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റ്" എന്നതിന് ശേഷം "(1953 ലെ IX-ാം ആക്റ്റ്)" എന്ന ചിഹ്നങ്ങളും അക്കങ്ങളും വാക്കുകളും ചേർക്കുക.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1113. ഖണ്ഡം 27(1)-ൽ "ഈ കൗൺസിലിൽ" എന്നതിന് പകരം "ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ" എന്ന് ചേർക്കുക.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1114. ഖണ്ഡം 27(1)-ൽ "കൈവശമുള്ളവരും" എന്നതിന് പകരം "നേടിയിട്ടുള്ളവരും" എന്ന് ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1122. ഖണ്ഡം 27(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "എന്നാൽ" എന്നതിന് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

മി. സ്പീക്കർ: 1107-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിനുള്ളതാകയാൽ ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 1108-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 1113-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 1114-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 1122-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയെട്ടാം വകുപ്പ്

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

(1)-ാം ഉപഖണ്ഡത്തിന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "ഗുരുതരസ്വഭാവമുള്ള മെഡിക്കൽ നൈതികത ലംഘിക്കൽ" എന്നീ വാക്കുകൾക്ക് പകരം "മെഡിക്കൽ നൈതികതയുടെ ഗുരുതരലംഘനം" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1125. ഖണ്ഡം 28(1)-ൽ "അയാളിൽ നിന്ന്" എന്നതിന് ശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1132. ഖണ്ഡം 28(1)-ൽ "നിർദ്ദിഷ്ട" എന്ന് വരുന്നിടത്തെല്ലാം "നിശ്ചിത" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1133. ഖണ്ഡം 28(1) താഴെപ്പറയും പ്രകാരം മാറ്റുക: "(1) ചട്ടങ്ങളിൽ നിർണ്ണയിച്ചിട്ടുള്ള പ്രകാരം ഏതെങ്കിലും അയോഗ്യതകൾക്ക് വിധേയനായ ഏതൊരാളിന്റെയും പേര്, അയാളിൽ നിന്ന് ഒരു വിശദീകരണം തേടിയതിനും അയാളുടെ ഭാഗം ബോധിപ്പിക്കുവാൻ അവസരം നൽകിയതിനും ശേഷം രജിസ്റ്ററിൽ നിന്ന് സ്ഥിരമായോ അല്ലെങ്കിൽ ഒരു നിർദ്ദിഷ്ട കാലയളവിലേക്കോ കൗൺസിൽ നീക്കം ചെയ്യേണ്ടതാണ്."

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1134. ഖണ്ഡം 28(1)-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "എന്നാൽ" എന്നതിനുശേഷം "," എന്ന ചിഹ്നം ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1137. ഖണ്ഡം 28(1)-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "കാണിക്കുന്നതിന്മേൽ" എന്നതിന് പകരം "ബോധിപ്പിച്ചാൽ" എന്ന് ചേർക്കുക.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1138. ഖണ്ഡം 28(1)-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "ചേർക്കുന്നതിന് നിർദ്ദേശിക്കാവുന്നതാണ്" എന്നതിന് പകരം "ചേർക്കാവുന്നതാണ്" എന്ന് ചേർക്കുക.

1155. ഖണ്ഡം 28(2)-ൽ "പ്രാക്ടീഷണർക്ക്" എന്നതിന് പകരം "വൈദ്യ ബിരുദധാരിക്ക്" എന്ന് ചേർക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1139. ഖണ്ഡം 28(1)-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "നിർദ്ദേശിക്കാവുന്നതാണ്" എന്നതിന് പകരം "തീരുമാനിക്കാവുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1140. ഖണ്ഡം 28(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "എന്നുമാത്രമല്ല" എന്നതിന് ശേഷം "," എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1143. ഖണ്ഡം 28(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "/അവളെ" എന്ന ചിഹ്നവും വാക്കും ഒഴിവാക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1146. ഖണ്ഡം 28(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "ലംഘിക്കൽ" എന്നതിന് പകരം "ലംഘിച്ചതായി കൗൺസിലിനു ബോധ്യപ്പെടുക" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1152. ഖണ്ഡം 28(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "ആരംഭിക്കേണ്ടതും" എന്നതിന് ശേഷം "രജിസ്റ്ററിൽ നിന്നും" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1154. ഖണ്ഡം 28(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധന താഴെപ്പറയും പ്രകാരം മാറ്റുക. "എന്നു മാത്രമല്ല, ഒരു രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർക്ക് തന്റെ ഭാഗം ബോധിപ്പിക്കുവാൻ ഒരവസരം നൽകിയതിനുശേഷം മാത്രമേ രജിസ്റ്ററിൽ നിന്ന് സ്ഥിരമായോ അല്ലെങ്കിൽ ഒരു നിർദ്ദിഷ്ട കാലയളവിലേക്കോ നീക്കം ചെയ്യാൻ പാടുള്ളൂ. എന്നിരുന്നാലും, ഏതെങ്കിലും ക്രിമിനൽ കുറ്റങ്ങൾക്ക്, അധികാരിതയുള്ള ഒരു ക്രിമിനൽ കോടതി രണ്ടുവർഷമോ രണ്ടിൽ കൂടുതൽ കാലയളവിലേയ്ക്കോ അയാളെ/അവളെ ശിക്ഷിക്കുക, അല്ലെങ്കിൽ

ബുദ്ധിസ്ഥിരതയില്ലായ്മ, സർക്കാർ സേവനത്തിൽനിന്ന് പെരുമാറ്റ ദൂഷ്യത്തിന് പുറത്താക്കൽ അല്ലെങ്കിൽ ഗുരുതരസ്വഭാവമുള്ള പ്രൊഫഷണൽ നൈതികത ലംഘിക്കൽ എന്നീ സംഗതികളിൽ ഒരു മെഡിക്കൽ പ്രാക്ടീഷണറുടെ രജിസ്ട്രേഷൻ ഉടൻതന്നെ താൽക്കാലികമായി റദ്ദ് ചെയ്യുവാൻ കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ താൽക്കാലികമായി റദ്ദ് ചെയ്ത ഉടൻതന്നെ കൗൺസിലോ അല്ലെങ്കിൽ അതിന്റെ എഥിക്സ് കമ്മിറ്റി വഴിയോ ഒരു അന്വേഷണം നടത്തേണ്ടതും, രജിസ്റ്ററിൽ നിന്ന് പേര് നീക്കം ചെയ്യുന്നതിനുള്ള അന്തിമ തീരുമാനം അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതുമാണ്."

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1156. ഖണ്ഡം 28(2)-ൽ "ഏതെങ്കിലും അംഗീകൃത" എന്നതിന് മുൻപ് "ഈ ആക്റ്റ് പ്രകാരമുള്ള" എന്ന് ചേർക്കുക.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1160. ഖണ്ഡം 28(2)- താഴെപ്പറയും പ്രകാരം മാറ്റുക. "(2) രജിസ്റ്റർ ചെയ്യാത്ത വൈദ്യബിരുദധാരിക്ക് ഏതെങ്കിലും അംഗീകൃതയോഗ്യതയുള്ളപക്ഷം തൊഴിൽപരമായി ബന്ധപ്പെട്ട് അത്തരം ആളുകളുമായി കൂട്ടുചേർന്നുവെന്ന കാരണത്താൽ യാതൊരു പ്രാക്ടീഷണർമാരുടെയും പേര് രജിസ്റ്ററിൽ നിന്ന് നീക്കം ചെയ്യുവാൻ പാടുള്ളതല്ല. "

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1162. ഖണ്ഡം 28(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "കൗൺസിലിനാൽ," എന്നതിന് പകരം "കൗൺസിൽ ഒരു" എന്നത് ചേർക്കുക.

ശ്രീ. ജി. സ്റ്റീഫൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1163. ഖണ്ഡം 28(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "പൊതുവെ ചുമത്താവുന്ന" എന്നതിന് പകരം "ഏർപ്പെടുത്തിയിട്ടുള്ള" എന്ന് ചേർക്കുക.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 1141-ാം നമ്പർ ഭേദഗതിയും

ശ്രീ. സനീഷ് കുമാർ ജോസഫിന്റെ 1148-ാം നമ്പർ ഭേദഗതിയും ശ്രീ. രമേശ് ചെന്നിത്തലയുടെ 1126-ാം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടിയും ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

1126. ഖണ്ഡം 28(1)-ൽ "രേഖാമൂലമുള്ള ഒരു വിശദീകരണം" എന്ന് ചേർക്കുക.

1141. ഖണ്ഡം 28(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "പറയുവാനുള്ളത് പറയുവാൻ ഒരവസരം അയാൾക്ക് നൽകിയതിനുശേഷം മാത്രമേ രജിസ്റ്ററിൽ നിന്ന് പൂർണ്ണമായോ അല്ലെങ്കിൽ ഒരു നിർദ്ദിഷ്ട കാലയളവിലേയ്ക്കോ നീക്കംചെയ്യാൻ പാടുള്ളൂ എന്നിരുന്നാലും," എന്നീ വാക്കുകളും ചിഹ്നങ്ങളും ഒഴിവാക്കുക.

1148. ഖണ്ഡം 28(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "എഥിക്സ്" എന്നതിന് പകരം "എത്തിക്സ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1124-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിനുള്ളതാകയാൽ ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1143-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളും മന്ത്രി സ്വീകരിച്ച 1143-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 1125-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1132-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 1133-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 1134-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 1137-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 1138, 1155 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 1139-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 1140-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 1146-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 1152-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 1154-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 1156-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ അവതരിപ്പിച്ച 1160-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 1162-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ അവതരിപ്പിച്ച 1163-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## ഇരുപത്തിയൊൻപതാം വകുപ്പ്

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1167. ഖണ്ഡം 29 (1)-ൽ "ബന്ധപ്പെട്ട കൗൺസിലിന്" എന്നതിന് ശേഷം "നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ" എന്ന് ചേർക്കുക.

1181. ഖണ്ഡം 29(2)-ൽ "അയാൾക്ക്" എന്നത് ഒഴിവാക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1169. ഖണ്ഡം 29(1)- ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "എന്നാൽ" എന്നതിന് ശേഷം "," ചിഹ്നം ചേർക്കുക.

ശ്രീ. സി. ആർ. മഹേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1171. ഖണ്ഡം 29(1)- ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "സംഗതിയിൽ" എന്നതിന് പകരം "പരാതി നിലനിൽക്കുമ്പോൾ" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1172. ഖണ്ഡം 29(1)- ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "എന്നുമാത്രമല്ല" എന്നതിന് ശേഷം "," ചിഹ്നം ചേർക്കുക.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1175. ഖണ്ഡം 29(1)- ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "ഉദ്ദേശത്തോടെയാണ്" എന്നതിന് പകരം "ഉദ്ദേശ്യത്തോടെയാണ്" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1176. ഖണ്ഡം 29(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "ആയത്" എന്നതിന് പകരം "അത്" എന്ന് ചേർക്കുക.

ശ്രീ. എം. എം. മണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1178. ഖണ്ഡം 29(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധന ചുവടെപ്പറയും പ്രകാരം മാറ്റുക:"എന്നുമാത്രമല്ല തന്റെ പേര് രജിസ്റ്ററിൽ ഉണ്ടായിരിക്കുമ്പോൾ ബന്ധപ്പെട്ട കൗൺസിലിന്റെ അച്ചടക്ക നടപടിക്ക് വിധേയമാക്കപ്പെട്ടുമായിരുന്ന ഒരു പ്രവൃത്തി തുടരുന്നതിന് അപേക്ഷകനെ സാദ്ധ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് അപേക്ഷകൻ അങ്ങനെയുള്ള ഏതെങ്കിലും അപേക്ഷ നൽകുന്നതെങ്കിൽ അത് നിരസിക്കേണ്ടതാണ്."

ശ്രീ. എ. രാജ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1183. ഖണ്ഡം 29(2)-ൽ "രജിസ്റ്റർ ചെയ്ത് കിട്ടാവുന്നതാണ്" എന്നതിന് പകരം "രജിസ്ട്രേഷൻ നൽകേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1184. ഖണ്ഡം 29(2)-ൽ "കിട്ടാവുന്നതാണ്" എന്നതിനുപകരം "നൽകാവുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1185.ഖണ്ഡം 29(2)-ൽ "കിട്ടാവുന്നതാണ്" എന്നതിന് പകരം "കിട്ടുന്നതിന് അർഹനായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ശ്രീ. കെ. കെ. രാമചന്ദ്രൻ അവതരിപ്പിച്ച 1175-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 1167, 1181 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 1169-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 1171-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 1172-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 1176-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എം. മണി അവതരിപ്പിച്ച 1178-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 1183-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 1184-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1185-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മുപ്പതാം വകുപ്പ്</u>

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1186.ഖണ്ഡം 30(1)-ൽ "കൗൺസിൽ നിശ്ചയിക്കുന്ന തീയതിയിൽ" എന്നതിന് പകരം "റെഗുലേഷനുകളാൽ നിർണ്ണയിക്കപ്പെട്ട സമയത്തും രീതിയിലും" എന്ന് ചേർക്കുക.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1190.ഖണ്ഡം 30(2)-ൽ "രജിസ്ട്രാർ, സമയാസമയങ്ങളിൽ," എന്നതിന് പകരം "രജിസ്ട്രാർ ഉടൻതന്നെ" എന്ന് ചേർക്കുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1191. ഖണ്ഡം 30(2) -ൽ "പ്രസിദ്ധപ്പെടുത്തേണ്ടതാണ്" എന്നതിന് പകരം "പ്രസിദ്ധപ്പെടുത്തേണ്ടതും ആറു മാസത്തിലൊരിക്കൽ ഇപ്രകാരം നീക്കം ചെയ്തവരുടെ വിവരങ്ങൾ പത്ര മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1193. ഖണ്ഡം 30(3) ചുവടെപ്പറയും പ്രകാരം മാറ്റുക ."(3) ഏതൊരു നടപടിക്രമത്തിലും വ്യവഹാരത്തിലും, (1)-ാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധപ്പെടുത്തിയ ഒരു ലിസ്റ്റിൽ പേര് ചേർക്കപ്പെട്ടിട്ടുള്ള ഓരോ ആളും ഒരു രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണറാണെന്നും അങ്ങനെ പേര് ചേർത്തിട്ടില്ലാത്ത ഏതെങ്കിലും ആൾ ഒരു രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർ അല്ലെന്നും കരുതപ്പെടേണ്ടതാണ്."

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1194. ഖണ്ഡം 30(3) -ന്റെ ക്ലിപ്തനിബന്ധനയിൽ "എന്നാൽ" എന്നതിന് ശേഷം "," ചിഹ്നം ചേർക്കുക.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിയുടെ 1192-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

1192. ഖണ്ഡം 30(3)-ൽ "അല്ലാ" എന്നതിനുപകരം "അല്ല" എന്ന് ചേർക്കുക

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 1186-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 1190-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 1191-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 1193-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 1194-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയൊന്നാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1196. ഖണ്ഡം 31-ന്റെ മാർജിനൽ ശീർഷകത്തിൽ "അയോഗ്യതകൾ" എന്നതിന് പകരം "നിയന്ത്രണങ്ങൾ" എന്ന് ചേർക്കുക.

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1197. ഖണ്ഡം 31(1)-ൽ "ബന്ധപ്പെട്ട കൗൺസിലിന് ബോദ്ധ്യമാകുന്ന വിധം" എന്നത് ഒഴിവാക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1200. ഖണ്ഡം 31(1)-ൽ "വിധേയനാകുകയും" എന്നതിന് ശേഷം "അംഗീകൃത" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1202. ഖണ്ഡം 31(1)-ൽ "യോഗ്യത നേടുകയും" എന്നതിന് ശേഷം "ആയത് രജിസ്റ്റർ ചെയ്യുകയും" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1204. ഖണ്ഡം 31(1)താഴെപ്പറയും പ്രകാരം മാറ്റുക. "(1) മോഡേൺ മെഡിസിന് കീഴിൽ ശസ്ത്രക്രിയയിലോ പ്രസവ ചികിത്സയിലോ യോഗ്യതനേടി പ്രായോഗിക പരിശീലന കോഴ്സ് വിജയകരമായി പൂർത്തിയാക്കിയിട്ടുള്ള രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർ അല്ലാതെ യാതൊരാളും ശസ്ത്രക്രിയയോ പ്രസവചികിത്സയോ നടത്താൻ പാടുള്ളതല്ല."

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1205. ഖണ്ഡം 31(2)-ൽ "കൗൺസിലിന്റെ" എന്നതിന് ശേഷം "നിർണ്ണയിക്കപ്പെടുന്ന വ്യവസ്ഥകൾ പ്രകാരമുള്ള" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1196-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 1197-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 1200-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 1202-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 1204-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 1205-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിരണ്ടാം വകുപ്പ്

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1210.ഖണ്ഡം 32(1)(i)-ൽ "തത്സമയം" എന്നതിന് പകരം "നിലവിൽ" എന്ന് ചേർക്കുക.

1238. ഖണ്ഡം 32(3)-ൽ "പതിനായിരം" എന്നതിന് പകരം "അയ്യായിരം" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1216. ഖണ്ഡം 32(1)(i) ചുവടെപ്പറയും പ്രകാരം മാറ്റുക: "(i)"നിയമാനുസൃത യോഗ്യത നേടിയ മെഡിക്കൽ പ്രാക്ടീഷണർ" അല്ലെങ്കിൽ "യഥാവിധി യോഗ്യത നേടിയ മെഡിക്കൽ പ്രാക്ടീഷണർ" എന്നീ വാക്കുകളോ, ഒരു അംഗീകൃത മെഡിക്കൽ പ്രാക്ടീഷണറാണെന്നോ അല്ലെങ്കിൽ ഒരു മെഡിക്കൽ പ്രൊഫഷനിലെ ഒരു അംഗമാണെന്നോ അർത്ഥമാക്കുന്ന ഏതെങ്കിലും വാക്കോ വാക്കുകളോ സംസ്ഥാനത്ത് തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ ഉപയോഗിക്കുമ്പോൾ, ഒരു യോഗ്യതയുള്ള രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർ എന്ന അർത്ഥത്തിൽ വ്യാഖ്യാനിക്കേണ്ടതാണ്;"

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1217. ഖണ്ഡം 32(1)(iii)-ൽ "അദ്ധ്യാപനം അല്ലെങ്കിൽ" എന്നത് ഒഴിവാക്കുക.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1219. ഖണ്ഡം 32(1)(iii) ചുവടെപ്പറയും പ്രകാരം മാറ്റുക. "(iii) യോഗ്യതയുള്ള രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർ അല്ലാത്ത ഒരാൾക്ക് അദ്ധ്യാപകനായോ, ചികിത്സകനായോ, സർജനായോ, സ്പെഷ്യലിസ്റ്റ്, സൂപ്പർ സ്പെഷ്യലിസ്റ്റ് അല്ലെങ്കിൽ മറ്റ് മെഡിക്കൽ ഓഫീസറായോ ഏതെങ്കിലും ആതുര സേവന സ്ഥാപനത്തിൽ നിയമനം ലഭിക്കുന്നതിനോ സ്വന്തമായി പ്രാക്ടീസ് ചെയ്യുന്നതിനോ അർഹത ഉണ്ടായിരിക്കുന്നതല്ല."

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1220. ഖണ്ഡം 32(2)-ൽ " കുറ്റസ്ഥാപനത്തിന്മേൽ" എന്നതിന് ശേഷം താഴെപ്പറയുന്ന പ്രകാരം മാറ്റുക "അദ്ദേഹവും, അദ്ദേഹത്തെ ജോലിക്ക് നിയോഗിച്ച അധികാരി അല്ലെങ്കിൽ സ്ഥാപന ഉടമയും കുറ്റക്കാരനെന്ന് തെളിഞ്ഞാൽ ഓരോരുത്തരും അഞ്ച് ലക്ഷം രൂപ വരെയാകുന്ന പിഴയ്ക്ക് ശിക്ഷിക്കപ്പെടേണ്ടതാണ്."

1223.ഖണ്ഡം 32(2)-ൽ "അഞ്ച് ലക്ഷം രൂപ" എന്നതിന് പകരം "മൂന്ന് ലക്ഷം രൂപ" എന്ന് ചേർക്കുക.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1221. ഖണ്ഡം 32(2)-ൽ "അഞ്ച്" എന്ന വാക്കിനു മുമ്പായി "അത്തരത്തിലുള്ള വ്യക്തിയെയും അത്തരത്തിലുള്ള വ്യക്തിയെ നിയമിച്ച സ്ഥാപനവും" എന്ന് ചേർക്കുക.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1226. ഖണ്ഡം 32(2)-ൽ "അഞ്ച് ലക്ഷം രൂപ" എന്നതിന് പകരം "നാല് ലക്ഷം രൂപ" എന്ന് ചേർക്കുക.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1228. ഖണ്ഡം 32(2)-ൽ "അഞ്ച്" എന്നതിന് പകരം "നാല്" എന്ന് ചേർക്കുക.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1231. ഖണ്ഡം 32(2)-ൽ "അഞ്ച്" എന്നതിന് പകരം "പതിനഞ്ച്" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1232. ഖണ്ഡം 32(2)-ൽ "അഞ്ച്" എന്നതിന് പകരം "ഇരുപത്" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1234. ഖണ്ഡം 32(3)-ൽ "നിയമനം" എന്നതിന് പകരം "ഉദ്യോഗം" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1242. ഖണ്ഡം 32(3)-ൽ "പതിനായിരം" എന്നതിന് പകരം "മുപ്പതിനായിരം" എന്ന് ചേർക്കുക.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1244. ഖണ്ഡം 32(3) ചുവടെപ്പറയും പ്രകാരം മാറ്റുക:

"(3)(2)-ാം ഉപവകുപ്പിൻ കീഴിൽ കുറ്റസ്ഥാപനത്തിന് ശേഷം അങ്ങനെയുള്ള നിയമനം തുടർന്നും വഹിക്കുന്ന ഏതൊരാളും, അത്തരത്തിലുള്ള വ്യക്തിയെ നിയമിക്കുന്ന സ്ഥാപനവും മേൽപ്പറഞ്ഞ ദിവസത്തിനുശേഷം ആ നിയമനം തുടരുന്ന കാലത്തോളം ഓരോ ദിവസത്തിനും പതിനായിരം രൂപ വരെയാകാവുന്ന പിഴയ്ക്ക് ശിക്ഷിക്കപ്പെടേണ്ടതാണ്."

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

32-ാം ഖണ്ഡത്തിലെ (iii)-ാം ഇനത്തിൽ "അധ്യാപകനായോ, അദ്ധ്യാപനം അല്ലെങ്കിൽ മറ്റ്" എന്നീ വാക്കുകൾ ഒഴിവാക്കേണ്ടതാണ്. ശ്രീ. റോജി എം. ജോണിന്റെ 1214-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

1214. ഖണ്ഡം 32(1)(i)-ൽ "വാക്കുകൾക്കോ" എന്നതിന് പകരം "വാക്കുകളോ" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: 1211, 1212, 1213 എന്നീ നമ്പർ ഭേദഗതികൾ 1210-ാം നമ്പർ ഭേദഗതിക്കും 1222, 1224, 1225 എന്നീ നമ്പർ ഭേദഗതികൾ 1223-ാം നമ്പർ ഭേദഗതിക്കും 1227-ാം നമ്പർ ഭേദഗതി 1226-ാം നമ്പർ ഭേദഗതിക്കും 1229-ാം നമ്പർ ഭേദഗതി 1228-ാം നമ്പർ ഭേദഗതിക്കും 1235, 1236, 1237 എന്നീ നമ്പർ ഭേദഗതികൾ 1238-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്ജ്</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 1210, 1238 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 1216-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1217-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ അവതരിപ്പിച്ച 1219-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 1220, 1223 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 1221-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 1226-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 1228-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 1231-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 1232-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1234-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 1242-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 1244-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഒരു സാങ്കേതിക പ്രശ്നമാണ് ചൂണ്ടിക്കാണിക്കുന്നത്. ഒരു വകുപ്പ് പരിഗണനയ്ക്കെടുക്കുന്ന സമയത്താണ് ബഹുമാനപ്പെട്ട മന്ത്രി വാക്കാൽ ഭേദഗതി അവതരിപ്പിക്കേണ്ടത്. എന്നാൽ ഇവിടെ അംഗങ്ങളെല്ലാം ഭേദഗതി അവതരിപ്പിച്ചുകഴിഞ്ഞതിനുശേഷമാണ് മന്ത്രി വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നത്.

മി. സ്പീക്കർ: സീറ്റിലില്ലാതിരുന്ന അംഗങ്ങളുടെ ഭേദഗതികളാണ് ബഹുമാനപ്പെട്ട മന്ത്രി ഔദ്യോഗികമായി അവതരിപ്പിച്ചത്. അവതരിപ്പിക്കാത്ത ഭേദഗതികൾ സ്വീകരിക്കുന്നതിലുള്ള സാങ്കേതിക പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയാണ് അങ്ങനെ ചെയ്തത്.

## മുപ്പത്തിമൂന്നാം വകുപ്പ്

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

(4)-ാം ഉപഖണ്ഡത്തിൽ "തുടർനടപടികൾ ഏതെങ്കിലും ഉണ്ടെങ്കിൽ അവ പരിഗണിക്കുന്നതിനായി " എന്ന വാക്കുകൾ ഒഴിവാക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1245. ഖണ്ഡം 33(1)-ൽ "രജിസ്ട്രാരുടെ' എന്നതിന് പകരം "രജിസ്ട്രാറുടെ" എന്ന് ചേർക്കുക.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1247. ഖണ്ഡം 33(1)-ൽ "രജിസ്ട്രാരുടെ നടപടിയാൽ സങ്കടമനുഭവിക്കുന്ന" എന്നതിന് പകരം "രജിസ്ട്രാറുടെ നടപടിയിൽ പരാതിയുള്ള" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1251. ഖണ്ഡം 33(1)-ൽ "മുപ്പത് ദിവസത്തിനുള്ളിൽ" എന്നതിന് പകരം "അറുപത് ദിവസത്തിനുള്ളിൽ" എന്ന് ചേർക്കുക.

ശ്രീ. സി. ആർ. മഹേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1255. ഖണ്ഡം 33(1)-ൽ "കൗൺസിലിന്" എന്നതിന് ശേഷം "നിർദ്ദിഷ്ട ഫാറത്തിൽ" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1258. ഖണ്ഡം 33(3)-ൽ "ചെയ്യാവുന്നതാണ്" എന്നതിന് ശേഷം "അപ്രകാരമുള്ള സംഗതിയിൽ കൗൺസിൽ രജിസ്ട്രാറോട് രേഖാമൂലം വിശദീകരണം തേടേണ്ടതും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ബന്ധപ്പെട്ട സർവീസ് ചട്ടങ്ങൾ പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1259. ഖണ്ഡം 33(3) ചുവടെപ്പറയും പ്രകാരം മാറ്റുക; "(3) രജിസ്റ്ററിലെ ഏതെങ്കിലും രേഖപ്പെടുത്തൽ കൃത്രിമത്തിലൂടെ നേടിയതെന്നോ തെറ്റായാണ് നടത്തിയതെന്നോ കൗൺസിൽ കണ്ടെത്തുന്നപക്ഷം ബന്ധപ്പെട്ട കൗൺസിലിന് സ്വമേധയാലോ അല്ലെങ്കിൽ ഏതെങ്കിലും ആളിന്റെ പരാതിയിന്മേലോ, യുക്തമെന്ന്

കരുതുന്ന അങ്ങനെയുള്ള അന്വേഷണങ്ങൾ നടത്തിയ ശേഷവും ബന്ധപ്പെട്ട ആൾ ബോധിപ്പിക്കുന്ന കാര്യങ്ങൾ പരിഗണിച്ച ശേഷവും രജിസ്റ്ററിലെ അത്തരത്തിലുള്ള രേഖപ്പെടുത്തൽ റദ്ദ് ചെയ്യുകയോ മാറ്റം വരുത്തുകയോ ചെയ്യാവുന്നതാണ്."

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1262. ഖണ്ഡം 33(4)-ൽ "പരിശോധിക്കുകയും" എന്നതിന് പകരം "പരിശോധിച്ച്" എന്ന് ചേർക്കുക.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഡോ. എൻ. ജയരാജിന്റെ 1249-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

1249. ഖണ്ഡം 33(1)-ൽ "തീരുമാനം" എന്നതിന് പകരം "അറിയിപ്പ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1246-ാം നമ്പർ ഭേദഗതി 1245-ാം നമ്പർ ഭേദഗതിക്കും 1252, 1253, 1254 എന്നീ നമ്പർ ഭേദഗതികൾ 1251-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): ശ്രീ. മഞ്ഞളാംകുഴി അലിയുടെ 1245-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 1247-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 1251-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 1255-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 1258-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 1259-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1262-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിനാലാം വകുപ്പ്

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1263. ഖണ്ഡം 34-ൽ "ചെയ്യാവുന്നതാണ് "എന്നതിന് പകരം "ചെയ്യേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1265.ഖണ്ഡം 34-ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക; " എന്നുമാത്രമല്ല, ഇപ്രകാരം തെറ്റായോ കൃത്രിമത്തിലൂടെയോ ചെയ്യാനിടയായ സംഗതിയെക്കുറിച്ച് അന്വേഷണം നടത്തി ബന്ധപ്പെട്ട ആളിന്റെ പേരിൽ ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കാവുന്നതുമാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 1263-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1265-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മുപ്പത്തിയഞ്ചാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

<u>മി. സ്പീക്കർ</u>: മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മുപ്പത്തിയാറാം വകുപ്പ്</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1278. ഖണ്ഡം 36(iii)-ൽ "റ്റിബ്ബി" എന്നതിന് പകരം "ടിബ്ബി " എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: 1279-ാം നമ്പർ ഭേദഗതി 1278-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1278-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയേഴാം വകുപ്പ്

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1283. ഖണ്ഡം 37 (1) - ൽ " രണ്ട് " എന്നതിന് പകരം "ഒരു " എന്ന് ചേർക്കുക.

1304. ഖണ്ഡം 37(2)-ൽ "അഞ്ച് ലക്ഷം രൂപ പിഴയ്ക്കോ അല്ലെങ്കിൽ ഒരു വർഷം തടവിനോ" എന്നതിന് പകരം "നാല് ലക്ഷം രൂപ പിഴയോ അല്ലെങ്കിൽ ആറ് മാസം തടവോ" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1287. ഖണ്ഡം 37 (1) - ൽ

(i) " രണ്ട് " എന്നതിന് പകരം "മൂന്ന് " എന്ന് ചേർക്കുക;

(ii)"അഞ്ച് " എന്നതിന് പകരം "ആറ് " എന്ന് ചേർക്കുക.

1300. ഖണ്ഡം 37(2)-ൽ "സംഭവിപ്പിക്കുകയോ ചെയ്താൽ" എന്നതിന് പകരം "സംഭവിപ്പിക്കുകയോ ചെയ്തെന്ന് തെളിഞ്ഞാൽ" എന്ന് ചേർക്കുക.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1290. ഖണ്ഡം 37 (1) - ൽ " അങ്ങനെയുള്ള ആദ്യ കുറ്റത്തിന്റെ കുറ്റസ്ഥാപനത്തിനു ശേഷം" എന്നത് ഒഴിവാക്കുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1291. ഖണ്ഡം 37 (1) - ൽ " അഞ്ച് ലക്ഷം രൂപവരെയാകാവുന്ന" എന്നതിന് പകരം "അപ്രകാരമുള്ള പ്രാക്ടീസ് തുടരുന്ന കാലത്തോളം ഓരോ ദിവസത്തിനും പതിനായിരം രൂപ വരെയാകാവുന്ന" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1299. ഖണ്ഡം 37(2)-ൽ "അവശതയോ" എന്നതിന് ശേഷം "അംഗഭംഗമോ" എന്ന് ചേർക്കുക.

1312. ഖണ്ഡം 37(3)-ൽ "അവശതയോ" എന്നതിന് ശേഷം "അംഗഭംഗമോ" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1305. ഖണ്ഡം 37(2)-ൽ "അഞ്ച് ലക്ഷം രൂപ പിഴയ്ക്കോ അല്ലെങ്കിൽ ഒരു വർഷം തടവിനോ" എന്നതിന് പകരം "പത്ത് ലക്ഷം രൂപ പിഴയ്ക്കോ മൂന്ന് വർഷം തടവിനോ" എന്ന് ചേർക്കുക.

ശ്രീ. എം. നൗഷാദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1310. ഖണ്ഡം 37(3)-ൽ "യോഗ്യതയോ സാധുതയുള്ള രജിസ്ട്രേഷനോ" എന്നതിന് പകരം "യോഗ്യതയും സാധുതയുള്ള രജിസ്ട്രേഷനും" എന്ന് ചേർക്കുക.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1316. ഖണ്ഡം 37(3)-ൽ "തുടർന്നുള്ള കുറ്റത്തിന്" എന്നതിന് പകരം "കുറ്റം ആവർത്തിക്കപ്പെടുന്ന സാഹചര്യത്തിൽ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1317. ഖണ്ഡം 37(3)-ൽ "ഇരട്ടി പിഴയ്ക്കും" എന്നതിന് പകരം "ഇരട്ടിത്തുക പിഴയ്ക്കും" എന്ന് ചേർക്കുക.

1318. ഖണ്ഡം 37(3)-ൽ "ഇരട്ടി തടവിനും" എന്നതിന് പകരം "ഇരട്ടി വർഷത്തെ തടവിനും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1284, 1285, 1286 എന്നീ നമ്പർ ഭേദഗതികൾ 1283-ാം നമ്പർ ഭേദഗതിക്കും 1301, 1302, 1303 എന്നീ നമ്പർ ഭേദഗതികൾ 1304-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 1283, 1304 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 1287, 1300 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 1290-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 1291-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1299, 1312 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 1305-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 1310-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 1316-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1317, 1318 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയെട്ടാം വകുപ്പ്

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1320. ഖണ്ഡം 38-ൽ "യോഗ്യരാണെന്ന്" എന്നതിന് പകരം "യോഗ്യനാണെന്ന്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1321-ാം നമ്പർ ഭേദഗതി 1320-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 1320-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയൊൻപതാം വകുപ്പ്

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1324. ഖണ്ഡം 39(1)-ൽ "അനുവദിക്കുവാനോ" എന്നതിന് ശേഷം "വിതരണം ചെയ്യുവാനോ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1327. ഖണ്ഡം 39(2)-ൽ "പിഴയും" എന്ന് വരുന്നിടത്തെല്ലാം ആയതിന് ശേഷം "ഒരു വർഷത്തെ തടവിനും" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 1324-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1327-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പതാം വകുപ്പ്

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1331. ഖണ്ഡം 40(1)(എ)-ൽ "യഥാർത്ഥത്തിൽ ഒരു രജിസ്റ്റേർഡ്" എന്നതിന് പകരം "ഒരു അംഗീകൃത" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1332. ഖണ്ഡം 40(1)(ബി)(i)-ൽ "തൽസമയം" എന്നത് ഒഴിവാക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1336. ഖണ്ഡം 40(1)(ബി)(ii)-ൽ "പട്ടികയിൽ പരാമർശിച്ചിട്ടുള്ള" എന്നതിന് പകരം "ഈ ആക്റ്റ് പ്രകാരം ചുമതലപ്പെട്ട" എന്ന് ചേർക്കുക.

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1337. ഖണ്ഡം 40(1)(ബി)(ii)-ൽ "അധികാര സ്ഥാനം നൽകിയതോ അനുവദിച്ചതോ പുറപ്പെടുവിച്ചതോ;" എന്നതിന് പകരം "അംഗീകൃത യോഗ്യത ഉള്ളതോ;" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1340. ഖണ്ഡം 40(2)-ൽ "കുറ്റസ്ഥാപനത്തിന്റെ" എന്ന വാക്ക് വരുന്നിടത്തെല്ലാം പകരം "ഓരോ കുറ്റസ്ഥാപനത്തിന്റെയും" എന്ന് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1341. ഖണ്ഡം 40(2)-ൽ "രണ്ട്" എന്നതിന് പകരം "അഞ്ച്" എന്ന്ചേർക്കുക.

മി. സ്പീക്കർ: 1333, 1334, 1335 എന്നീ നമ്പർ ഭേദഗതികൾ 1332-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 1331-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 1332-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 1336-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 1337-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1340-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 1341-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാല്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

നാല്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാല്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തിയൊന്നാം വകുപ്പ്

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1343. ഖണ്ഡം 41 -ൽ "38-ാം " എന്നതിന് മുമ്പായി " അംഗീകൃത യോഗ്യതയും രജിസ്ട്രേഷനും ഇല്ലാത്ത ഒരാൾ" എന്നത് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1346. ഖണ്ഡം 41-ൽ "പേരിനൊപ്പമുള്ള" എന്നതിന് ശേഷം "ചുരുക്കപ്പേരുകളോ" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1347. ഖണ്ഡം 41 -ൽ "രണ്ട്" എന്നതിന് പകരം "അഞ്ച്" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1348. ഖണ്ഡം 41-ൽ "അഞ്ച് ലക്ഷം രൂപ വരെയാകാവുന്നതുമായ" എന്നതിന് പകരം "അപ്രകാരമുള്ള നടപടി തുടരുന്ന കാലത്തോളം ഓരോ ദിവസത്തിനും പതിനായിരം രൂപ വരെയാകാവുന്ന" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 1343-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1346-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 1347-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 1348-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാല്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

നാല്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാല്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാൽപ്പത്തിരണ്ടാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1349. ഖണ്ഡം 42-ൽ "ആവശ്യമാണെന്ന്" എന്നതിനു മുൻപ് "ഏതെങ്കിലും" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1349-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാല്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

നാല്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാല്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തിമൂന്നാം വകുപ്പ്

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1356. ഖണ്ഡം 43(1)-ൽ "ഉദ്യോഗസ്ഥന്റെ" എന്നതിനു പകരം "ഉദ്യോഗസ്ഥന്റെയോ കൗൺസിൽ തീരുമാനത്തിന്മേൽ അപ്പീൽ സമർപ്പിക്കുന്ന ഏതൊരാളിന്റെയോ" എന്ന് ചേർക്കുക.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1357. ഖണ്ഡം 43(1)-ൽ "ശിക്ഷിക്കപ്പെടേണ്ട" എന്നതിന് പകരം "ശിക്ഷിക്കപ്പെടേണ്ടതായ" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1358. ഖണ്ഡം 43(1) താഴെപ്പറയും പ്രകാരം മാറ്റുക: " (1) 42-ാം വകുപ്പുപ്രകാരം ക്രിമിനൽ നടപടികൾ ആരംഭിക്കുന്നതിന് കൗൺസിൽ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ രേഖാമൂലം പരാതി നൽകേണ്ടതാണ്. "

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1356-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജൻ അവതരിപ്പിച്ച 1357-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 1358-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നാല്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

നാല്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാല്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തിനാലാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: നാല്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

നാല്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാല്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തിയഞ്ചാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: നാല്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

നാല്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാല്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തിയാറാം വകുപ്പ്

ശ്രീ. എച്ച്. സലാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1363. ഖണ്ഡം 46(2)-ൽ "ഭംഗം വരാതെയും" എന്നതിന് ശേഷം "അവ ശക്തിപ്പെടുത്തുന്നതിനും" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1367. ഖണ്ഡം 46(2)(ഡി)-ൽ "രൂപവും" എന്നതിനു പകരം "സ്വഭാവവും" എന്ന് ചേർക്കുക.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1369. ഖണ്ഡം 46(2)(ഐ)-ക്കു ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യേണ്ടതുമാണ്. " (ജെ 25-ാം വകുപ്പിലെ (7)-ാം ഉപവകുപ്പിൻകീഴിൽ രജിസ്ട്രേഷന് വേണ്ട ഫാറം സംബന്ധിച്ച്; " (കെ) 25-ാം വകുപ്പിലെ (8)-ാം ഉപവകുപ്പ് പ്രകാരമുള്ള ഫാറവും ഫീസും സംബന്ധിച്ച്;"

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1370.ഖണ്ഡം 46(2)(ജെ)-ക്കു ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക." (കെ) 29-ാം വകുപ്പിലെ (2)-ാം ഉപവകുപ്പിന് കീഴിൽ നൽകേണ്ടതായ ഫീസ് സംബന്ധിച്ച്;"

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്ജ്</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 1363-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1367-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച 1369-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ അവതരിപ്പിച്ച 1370-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നാല്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

നാല്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാല്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാൽപ്പത്തിയേഴാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1377. ഖണ്ഡം 47(2)-ൽ "റഗുലേഷനുകളും" എന്നതിനുശേഷം "ഗസറ്റ്" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1378. ഖണ്ഡം 47(2)-ൽ "റഗുലേഷനുകളും" എന്നതിനുശേഷം "ഗസറ്റ് മുഖേന" എന്ന് ചേർക്കുക.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 1376-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

1376. ഖണ്ഡം 47(1) (ഡി) ഒഴിവാക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1377-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1378-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തിയെട്ടാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1380. ഖണ്ഡം 48(1)(ബി)-ൽ "സർട്ടിഫിക്കറ്റുകൾ;" എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "ഡിഗ്രി, ഡിപ്ലോമ, ലൈസൻസ് മറ്റ് രേഖകൾ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1382. ഖണ്ഡം 48(3)-ൽ "ചെയ്തതായി കരുതപ്പെടുന്നതോ" എന്നത് ഒഴിവാക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1386. ഖണ്ഡം 48(3)-ൽ "എടുത്തതായി കരുതപ്പെടുന്നതോ" എന്നത് ഒഴിവാക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1390. ഖണ്ഡം 48(3)-ൽ "നടപടിയോ," എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "നടപടികളോ," എന്ന് ചേർക്കുക.

മി. സ്പീക്കർ: 1383, 1384, 1385 എന്നീ നമ്പർ ഭേദഗതികൾ 1382-ാം നമ്പർ ഭേദഗതിക്കും 1387, 1388, 1389 എന്നീ നമ്പർ ഭേദഗതികൾ 1386-ാം നമ്പർ

ഭേദഗതിക്കും 1391, 1392, 1393 എന്നീ നമ്പർ ഭേദഗതികൾ 1390-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1380-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 1382-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 1386-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 1390-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാല്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

നാല്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാല്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1398. പട്ടിക ബി-ൽ " ടിബ്ബി" എന്നതിന് പകരം "റ്റിബ്ബി" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1399. പട്ടിക ബി-ൽ " അംഗീകരിച്ചിട്ടുള്ള" എന്നതിനു പകരം "അംഗീകരിച്ച് വിജ്ഞാപനം ചെയ്യുന്ന" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 1398-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 1399-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ഇരുപക്ഷത്തുമുള്ള ഭേദഗതികൾ സ്വീകരിച്ചതിൽ നന്ദി രേഖപ്പെടുത്തുകയാണ്. വളരെ വിശാലമായ ജനാധിപത്യം; എല്ലാ മന്ത്രിമാർക്കും ബിൽ അവതരിപ്പിക്കുമ്പോൾ ഇതൊരു മാതൃകയാകട്ടെ.

മി. സ്പീക്കർ: ചെയറും പ്രസ്തുത അഭിപ്രായത്തോട് യോജിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി നിരവധി ഭേദഗതികളാണ് സ്വീകരിച്ചത്. സ്വീകരിക്കാവുന്ന എല്ലാ ഭേദഗതികളും സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയെ ചെയറും അഭിനന്ദിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

109. ശീർഷകത്തിൽ "പ്രാക്ടീഷണേഴ്സ്" എന്നതിന് ശേഷം "(രജിസ്ട്രേഷനും റഗുലേഷനും)" എന്നീ ചിഹ്നങ്ങളും വാക്കുകളും ചേർക്കുക.

112.. ദീർഘശീർഷകത്തിൽ "മോഡേൺ" എന്നതിന് പകരം "അലോപ്പതിക്ക്" എന്ന് ചേർക്കുക.

145. പീഠികയിൽ "മോഡേൺ" എന്നതിന് പകരം "അലോപ്പതിക് " എന്ന് ചേർക്കുക.

154. പീഠികയിൽ "രജിസ്ട്രേഷനു വേണ്ടിയും യോഗ്യത നിയന്ത്രിക്കുന്നതിനുമായി" എന്നതിന് പകരം "രജിസ്ട്രേഷനും അടിസ്ഥാന യോഗ്യതയും സംബന്ധിച്ച കാര്യങ്ങൾ നിയന്ത്രിക്കുന്നതിനും" എന്ന് ചേർക്കുക.

193. ഖണ്ഡം 1(1)-ൽ "പ്രാക്ടീഷണേഴ്സ് " എന്ന വാക്കിനു ശേഷം "(രജിസ്ട്രേഷനും റഗുലേഷനും)" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

110. ദീർഘശീർഷകത്തിൽ "കേരള" എന്നത് ഒഴിവാക്കുക.

194. ഖണ്ഡം 1(2)-ൽ "2021 ഫെബ്രുവരി 24-ാം തീയതി" എന്നതിന് പകരം "ഉടൻ" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

113. ദീർഘശീർഷകത്തിൽ "മോഡേൺ മെഡിസിൻ" എന്നതിന് പകരം "അലോപ്പതി" എന്ന് ചേർക്കുക.

114. ദീർഘശീർഷകത്തിൽ "ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ" എന്നതിന് പകരം "ആയുർവ്വേദം" എന്ന് ചേർക്കുക.

115. ദീർഘശീർഷകത്തിൽ "ഹോമിയോപ്പതിക് മെഡിസിൻ" എന്നതിന് പകരം "ഹോമിയോപ്പതി" എന്ന് ചേർക്കുക.

116. ദീർഘശീർഷകത്തിൽ "ഹോമിയോപ്പതിക് മെഡിസിൻ" എന്നതിന് ശേഷം "പാരമ്പര്യ ചികിത്സ" എന്ന് ചേർക്കുക.

118. ദീർഘശീർഷകത്തിൽ "എന്നിവയിലെ" എന്നതിന് പകരം "മുതലായ ചികിത്സാ സമ്പ്രദായങ്ങളിലെ" എന്ന വാക്ക് ചേർക്കുക.

125. ദീർഘശീർഷകത്തിൽ "നിയന്ത്രിക്കുന്നതിനുമായി" എന്നതിന് പകരം "നിർണ്ണയിക്കുന്നതിനുമായി" എന്ന് ചേർക്കുക.

146. പീഠികയിൽ "മോഡേൺ മെഡിസിൻ" എന്നതിന് പകരം "അലോപ്പതി " എന്ന് ചേർക്കുക.

147. പീഠികയിൽ "ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ" എന്നതിന് പകരം "ആയുർവേദം " എന്ന് ചേർക്കുക.

148. പീഠികയിൽ "ഹോമിയോപ്പതിക് മെഡിസിൻ" എന്നതിന് പകരം "ഹോമിയോപ്പതി " എന്ന് ചേർക്കുക.

149. പീഠികയിൽ "ഹോമിയോപ്പതിക് മെഡിസിൻ" എന്നതിന് ശേഷം "പാരമ്പര്യ ചികിത്സ" എന്ന് ചേർക്കുക.

152. പീഠികയിൽ "എന്നിവയിലെ" എന്നതിന് പകരം "മുതലായ ചികിത്സാ സമ്പ്രദായങ്ങളിലെ" എന്ന് ചേർക്കുക.

159. പീഠികയിൽ "നിയന്ത്രിക്കുന്നതിനുമായി" എന്നതിന് പകരം "നിർണ്ണയിക്കുന്നതിനുമായി" എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

119. ദീർഘശീർഷകത്തിൽ "എന്നിവയിലെ പ്രാക്ടീഷണർമാരുടെ രജിസ്ട്രേഷനുവേണ്ടിയും യോഗ്യത നിയന്ത്രിക്കുന്നതിനുമായി നിലവിലുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനും" എന്നതിന് പകരം "പ്രാക്ടീഷണർമാരുടെ യോഗ്യത നിർണ്ണയിക്കുന്നതിനും രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തുന്നതിനും സംസ്ഥാനത്തൊട്ടാകെ ബാധകമായ ഒരു ഏകീകൃത നിയമം രൂപീകരിക്കുന്നതിനും" എന്ന് ചേർക്കുക.

153. പീഠികയിൽ "എന്നിവയിലെ പ്രാക്ടീഷണർമാരുടെ രജിസ്ട്രേഷനു വേണ്ടിയും യോഗ്യത നിയന്ത്രിക്കുന്നതിനുമായി നിലവിലുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനും" എന്നതിനു പകരം "പ്രാക്ടീഷണർമാരുടെ യോഗ്യത നിർണ്ണയിക്കുന്നതിനും രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തുന്നതിനും സംസ്ഥാനത്തൊട്ടാകെ ബാധകമായ ഒരു ഏകീകൃത നിയമം രൂപീകരിക്കുന്നതിനും" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

120. ദീർഘശീർഷകത്തിൽ "യോഗ്യത" എന്നതിന് പകരം "നിർണ്ണയിക്കുന്നതിനും" എന്ന് ചേർക്കുക.

156. പീഠികയിൽ "യോഗ്യത" എന്നതിന് ശേഷം "നിർണ്ണയിക്കുന്നതിനും" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

127. ദീർഘശീർഷകത്തിൽ "നിലവിലുള്ള" എന്നതിന് മുൻപ് "സംസ്ഥാനത്ത്" എന്ന് ചേർക്കുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

131. ദീർഘശീർഷകത്തിൽ "നിലവിലുള്ള" എന്നതിന് ശേഷം "മെഡിക്കൽ പ്രാക്ടീഷണേഴ്സ്" എന്ന് ചേർക്കുക.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

133. ദീർഘശീർഷകത്തിൽ "ഏകീകരിക്കുന്നതിനും" എന്നതിന് പകരം "സംയോജിപ്പിക്കുന്നതിനും" എന്ന് ചേർക്കുക.

178. പീഠികയിൽ "ആനുഷംഗികമായതോ" എന്നത് ഒഴിവാക്കുക.

184. പീഠികയിൽ "യുക്തമായിരിക്കുകയാൽ;" എന്നതിന് പകരം "ആവശ്യമായിരിക്കുകയാൽ;" എന്ന് ചേർക്കുക.

197. ഖണ്ഡം 1(2)-ൽ "തീയതി" എന്നതിന് ശേഷം "മുതൽ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

137. ദീർഘശീർഷകത്തിൽ "ആനുഷംഗികമായതോ" എന്നതിന് മുൻപ് "അതിന്" എന്ന് ചേർക്കുക.

174. പീഠികയിൽ "ആനുഷംഗികമായതോ" എന്നതിന് മുൻപ് "അതിന്"എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

142. ദീർഘശീർഷകത്തിൽ "ഒരു" എന്നത് ഒഴിവാക്കുക.

157. പീഠികയിൽ "നിയന്ത്രിക്കുന്നതിനുമായി" എന്നതിന് പകരം "നിയന്ത്രിക്കുന്നതിനും" എന്ന് ചേർക്കുക.

173. പീഠികയിൽ "എകീകരിക്കുന്നതിനും" എന്നതിന് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

183. പീഠികയിൽ "കാര്യങ്ങൾക്കുംവേണ്ടി" എന്നതിന് പകരം "കാര്യങ്ങൾക്കുമായി" എന്ന് ചേർക്കുക.

189. തത്വപ്രഖ്യാപന വാകൃത്തിൽ "താഴെപ്പറയും" എന്നതിന് പകരം "ഇനിപ്പറയുന്ന" എന്ന് ചേർക്കുക.

190. ഖണ്ഡം 1(1)-ൽ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റ് എന്നതിന് " " എന്ന ചിഹ്നം ചേർക്കുക.

195. ഖണ്ഡം 1(2)-ൽ "തീയതി " എന്നതിന് പകരം "തീയതിയിൽ" എന്ന് ചേർക്കുക.

206. ഖണ്ഡം 1 (2)-ൽ "കരുതപ്പെടേണ്ടതാണ്" എന്നതിനു പകരം "കണക്കാക്കപ്പെടേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

144. പീഠികയിൽ "കേരള സംസ്ഥാനത്തെ" എന്നതിന് പകരം "കേരളത്തിലെ " എന്ന് ചേർക്കുക.

ശ്രീ. സനീഷ് കുമാർ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

151. പീഠികയിൽ "എന്നിവയിലെ" എന്നതിന് പകരം "തുടങ്ങിയവയിലെ" എന്ന് ചേർക്കുക.

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

161. പീഠികയിൽ "നിയന്ത്രിക്കുന്നതിനുമായി" എന്നതിന് ശേഷം"നിലവിലുള്ള നിയമങ്ങൾ നിലനിർത്തുന്നതിനും ഏകീകരിക്കുന്നതിനും കാലോചിതമായി നവീകരിക്കുന്നതിനും" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

165. പീഠികയിൽ "നിലവിലുള്ള" എന്നതിന് ശേഷം "വിവിധ" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

167. പീഠികയിൽ "ഏകീകരിക്കുന്നതിനും" എന്നതിന് മുൻപ് "ക്രോഡീകരിക്കുന്നതിനും" എന്ന് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

179. പീഠികയിൽ "ആനുഷംഗികമായതോ" എന്നതിന് പകരം "അനുസൃതമായതോ" എന്ന് ചേർക്കുക.

201. ഖണ്ഡം 1 (2)-ൽ "പ്രാബല്യത്തിൽ" എന്നതിനു പകരം "നിലവിൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 122, 123, 124, 126 എന്നീ നമ്പർ ഭേദഗതികൾ 125-ാം നമ്പർ ഭേദഗതിക്കും 134, 135, 136 എന്നീ നമ്പർ ഭേദഗതികൾ 133-ാം നമ്പർ ഭേദഗതിക്കും 160-ാം നമ്പർ ഭേദഗതി 159-ാം നമ്പർ ഭേദഗതിക്കും 166-ാം നമ്പർ ഭേദഗതി 165-ാം നമ്പർ ഭേദഗതിക്കും 175, 176, 177 എന്നീ നമ്പർ ഭേദഗതികൾ 178-ാം നമ്പർ ഭേദഗതിക്കും 180, 181, 182 എന്നീ നമ്പർ ഭേദഗതികൾ 179-ാം നമ്പർ ഭേദഗതിക്കും 185, 186, 187, 188 എന്നീ നമ്പർ ഭേദഗതികൾ 184-ാം നമ്പർ ഭേദഗതിക്കും 196, 197, 198, 199 എന്നീ നമ്പർ ഭേദഗതികൾ 197-ാം നമ്പർ ഭേദഗതിക്കും 200, 202, 203 എന്നീ നമ്പർ ഭേദഗതികൾ 201-ാം നമ്പർ ഭേദഗതിക്കും 204, 205, 207 എന്നീ നമ്പർ ഭേദഗതികൾ 206-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 137, 174 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 109, 112, 145, 154, 193 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 110, 194 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 113, 114, 115, 116, 118, 125, 146, 147, 148, 149, 152, 159 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 119, 153 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 120, 156 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 133, 178, 184, 197 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 142, 157, 173, 183, 189, 190, 195, 206 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 144-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ്‌കുമാർ ജോസഫ് അവതരിപ്പിച്ച 151-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 167-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 179, 201 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

### (ii) 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ

#### രണ്ടാം വകുപ്പ്

ശ്രീ. കെ. പി. എ. മജീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

171. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 18-ൽ "ആക്റ്റ് (2018-ലെ 2)" എന്നതിന് പകരം "ആക്റ്റിലെ (2018-ലെ 2)" എന്ന് ചേർക്കുക.

190. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 18-ൽ "നാല്" എന്നതിന് പകരം "മൂന്ന്" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

173. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 18-ൽ "രണ്ട്" എന്നതിന് പകരം "ഒരു" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

180. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 18-ൽ "രണ്ട്" എന്നതിന് പകരം "മൂന്ന്"എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

187. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 18-ൽ "വാക്കിനു" എന്നതിന് പകരം "വാക്കിന്" എന്ന് ചേർക്കുക.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ശ്രീ. കെ. പി. എ. മജീദിന്റെ 171-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു.

171. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 18-ൽ "ആക്റ്റ്(2018-ലെ 2)" എന്നതിന് പകരം "(2018-ലെ 2-ാം ആക്റ്റ്)" എന്ന് ചേർക്കുക.

മി. സ്പീക്കർ: 174, 175, 176 എന്നീ നമ്പർ ഭേദഗതികൾ 173-ാം നമ്പർ ഭേദഗതിക്കും 181, 182, 183 എന്നീ നമ്പർ ഭേദഗതികൾ 180-ാം നമ്പർ ഭേദഗതിക്കും 188, 189, 191, 192, 193 എന്നീ നമ്പർ ഭേദഗതികൾ 190-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതിയോടെ സ്വീകരിച്ച 171-ാം നമ്പർ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതിയോടെയുള്ള ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ് അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 173-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 187-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ശ്രീ. കെ. പി. എ. മജീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

207. ഖണ്ഡം 3(2)-ൽ "റദ്ദാക്കിയിരുന്നാൽത്തന്നെയും" എന്നതിന് പകരം "റദ്ദാക്കിയാലും" എന്ന് ചേർക്കുക.

209. ഖണ്ഡം 3(2)-ൽ "ചെയ്തതോ" എന്നതിന് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

216. ഖണ്ഡം 3(2) -ൽ "കാര്യമോ" എന്നതിന് ശേഷം "," ചിഹ്നം ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

210. ഖണ്ഡം 3(2)-ൽ "ചെയ്തതായി കരുതപ്പെടുന്നതോ" എന്നത് ഒഴിവാക്കുക.

225. ഖണ്ഡം 3(2)-ൽ " നടപടിയോ" എന്നതിന് ശേഷം " നടപടികളോ" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

215. ഖണ്ഡം 3(2)-ൽ "കാര്യമോ" എന്നതിന് പകരം "കാര്യങ്ങളോ" എന്ന് ചേർക്കുക.

223. ഖണ്ഡം 3(2)-ൽ " നടപടിയോ" എന്നതിന് പകരം " നടപടികളോ" എന്ന് ചേർക്കുക.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

218. ഖണ്ഡം 3(2) -ൽ "എടുത്തതായി കരുതപ്പെടുന്നതോ" എന്നത് ഒഴിവാക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

224. ഖണ്ഡം 3(2)-ൽ " കാര്യമോ" എന്നതിന് ശേഷം " കാര്യങ്ങളോ" എന്നും " നടപടിയോ" എന്നതിന് ശേഷം " നടപടികളോ" എന്നും ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

231. ഖണ്ഡം 3(2)-ൽ "ചെയ്തതായോ" എന്ന വാക്കിന് മുൻപിലുള്ള "ആക്റ്റിൻകീഴിൽ" എന്നതിന് പകരം "ആക്റ്റിൻ കീഴിൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 211, 212, 213, 214 എന്നീ നമ്പർ ഭേദഗതികൾ 210-ാം നമ്പർ ഭേദഗതിക്കും 219, 220, 221, 222 എന്നീ നമ്പർ ഭേദഗതികൾ 218-ാം നമ്പർ ഭേദഗതിക്കും 226, 227, 228, 229, 230 എന്നീ നമ്പർ ഭേദഗതികൾ 225-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. പി. എ. മജീദ് അവതരിപ്പിച്ച 207, 209, 216 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 210, 225 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 215, 223 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം അവതരിപ്പിച്ച 218-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 224-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 231-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

109. ശീർഷകത്തിൽ "കേരള" എന്നതിന് പകരം "സംസ്ഥാന" എന്ന് ചേർക്കുക.

110. ദീർഘശീർഷകത്തിൽ "കേരള" എന്നതിന് ശേഷം "സംസ്ഥാന" എന്ന് ചേർക്കുക.

116. പീഠികയിൽ "കേരള " എന്നതിന് ശേഷം "സംസ്ഥാന " എന്ന് ചേർക്കുക.

141. തത്വപ്രഖ്യാപന വാക്യത്തിൽ "താഴെപ്പറയും" എന്നതിന് പകരം "ഇതിനു ശേഷം പറയുന്ന" എന്ന് ചേർക്കുക.

145. ഖണ്ഡം1(1)-ൽ "കേരള" എന്നതിന് ശേഷം "സംസ്ഥാന" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

124. പീഠികയിൽ "ഇനിപ്പറയുന്ന" എന്നതിന് പകരം "താഴെപറയുന്ന" എന്ന് ചേർക്കുക.

155. ഖണ്ഡം 1(2)ൽ "9-ന്" എന്നതിന് പകരം "ഒൻപതാം തീയതി മുതൽ" എന്ന് ചേർക്കുക.

167. ഖണ്ഡം 1(2)-ൽ "കരുതപ്പെടേണ്ടതാണ്" എന്നതിന് പകരം "കണക്കാക്കപ്പെടേണ്ടതാണ്" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

130. പീഠികയിൽ "ഇനിപ്പറയുന്ന" എന്നതിന് പകരം "ഇതിനുശേഷം കാണുന്ന" എന്ന് ചേർക്കുക.

151. ഖണ്ഡം 1(2)-ൽ "9-ന്" എന്ന അക്കത്തിനും അക്ഷരത്തിനും ചിഹ്നത്തിനും പകരം "9-ാം തീയതി" എന്ന വാക്കും അക്കവും ചിഹ്നവും ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

139. പീഠികയിൽ "യുക്തമായിരിക്കുകയാൽ "എന്നതിന് പകരം "അഭികാമ്യമായിരിക്കുകയാൽ" എന്ന് ചേർക്കുക.

140. തത്വപ്രഖ്യാപന വാക്യത്തിൽ "താഴെപ്പറയും " എന്നതിന് പകരം "ഇനിപ്പറയും" എന്ന് ചേർക്കുക.

149. ഖണ്ഡം1(1)-ൽ "പേര് പറയാം" എന്നതിന് പകരം "വിളിക്കാം" എന്ന് ചേർക്കുക.

169. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക. " (2) ആക്റ്റ് 2020 നവംബർ 9 മുതൽ പ്രാബല്യത്തിൽ വന്നതായി കണക്കാക്കപ്പെടുന്നതാണ്."

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

144. ഖണ്ഡം1(1)-ൽ "ആക്റ്റിനു" എന്നതിന് പകരം "ആക്റ്റിന് " എന്ന് ചേർക്കുക.

147. ഖണ്ഡം1(1)-ൽ "ഭേദഗതി" എന്നതിന് പകരം "(ഭേദഗതി)" എന്ന വാക്കും ചിഹ്നങ്ങളും ചേർക്കുക.

150. ഖണ്ഡം1(2)-ൽ "9-ന്" എന്നതിന് പകരം "9-ാം തീയതി" എന്ന അക്കവും ചിഹ്നവും വാക്കുകളും ചേർക്കുക.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കലിന്റെ 123-ാം നമ്പർ ഭേദഗതി ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

123. പീഠികയിൽ "ആക്റ്റ്" എന്നതിന് ശേഷം " (2018-ലെ 2-ാം ആക്റ്റ്)" എന്ന് ചേർക്കുക.

മി. സ്പീക്കർ: 111, 112, 113, 114, 115 എന്നീ നമ്പർ ഭേദഗതികൾ 110-ാം നമ്പർ ഭേദഗതിക്കും 117, 118, 119, 120, 121, 122 എന്നീ നമ്പർ ഭേദഗതികൾ 116-ാം നമ്പർ ഭേദഗതിക്കും 125, 126, 127, 128 എന്നീ നമ്പർ ഭേദഗതികൾ 124-ാം നമ്പർ ഭേദഗതിക്കും 150-ാം നമ്പർ ഭേദഗതി 151-ാം നമ്പർ ഭേദഗതിക്കും 152, 153, 154, 156 എന്നീ നമ്പർ ഭേദഗതികൾ 155-ാം നമ്പർ ഭേദഗതിക്കും 164, 165, 166, 168 എന്നീ നമ്പർ ഭേദഗതികൾ 167-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 144, 150 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതിയോടെയുള്ള ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 109, 110, 116, 141, 145 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 124, 155, 167 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 130, 151 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 139, 140, 149, 169 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 147-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

ഇപ്പോൾ സഭ പരിഗണിച്ച രണ്ട് ബില്ലുകളിലുമായി ആകെ 1630 ഭേദഗതി നോട്ടീസുകളാണ് ലഭ്യമായത്. വകുപ്പുതിരിച്ചുള്ള പരിഗണനയിൽ ബഹുമാനപ്പെട്ട അംഗങ്ങൾ വേണ്ടത്ര ഗൃഹപാഠം നടത്തി നോട്ടീസ് നൽകിയിരുന്ന പരമാവധി ഭേദഗതികൾ ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി വാക്കാലും കുറേ ഭേദഗതികൾ അവതരിപ്പിക്കുകയുണ്ടായി. നല്ലൊരു മാതൃകയാണിത്. ഒരിക്കൽക്കൂടി ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുന്നു. ഭാവിയിൽ കൂടുതൽ ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അവ നേരത്തെ

സർക്കുലേറ്റ് ചെയ്യാൻ അവസരമൊരുക്കുന്നത് മറ്റംഗങ്ങൾക്ക് അവ മനസ്സിലാക്കാൻ സഹായിക്കുമെന്നുകൂടി പറയാൻ ഈ അവസരം വിനിയോഗിക്കുന്നു.

(iii) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, 1995-ലെ വഖഫ് ആക്ട് പ്രകാരം രൂപീകൃതമായ കേരള സ്റ്റേറ്റ് വഖഫ് ബോർഡ് സർക്കാരിനുകീഴിൽ ഗ്രാന്റോടുകൂടി പ്രവർത്തിച്ചുവരുന്ന ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്. ഇത്തരത്തിലുള്ള ഉത്തരവാദിത്വമുള്ള ഒരുപിടി ചുമതലകൾ വഹിക്കേണ്ട ഒരു സ്ഥാപനമെന്ന നിലയിൽ വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കഴിയുന്ന ജീവനക്കാരുണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. മുൻതലമുറ വിശ്വാസത്തിന്റെ പേരിൽ വഖഫ് ചെയ്തുനൽകിയ വസ്തുക്കൾ സംരക്ഷിക്കേണ്ടതും ആയത് ജനങ്ങൾക്ക് ഉപകാരപ്രദമായരീതിയിൽ വിനിയോഗിക്കേണ്ടതും ജനാധിപത്യപരമായ രീതിയാണ്. ഇതിനുവേണ്ടി പ്രവർത്തിക്കുന്നതിനായി അതിന്റെ ചുമതലയുള്ള ഒരു സ്ഥാപനമാണ് വഖഫ് ബോർഡ്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ വഖഫ് ബോർഡുമായി ചേർന്ന് നടത്തുന്ന സർവ്വേ നടപടികൾ ഇപ്പോൾ ഏഴ് ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ പുരോഗമിക്കുകയാണ്. വഖഫ് ആക്ട് പ്രകാരം സർവ്വേ ചെയ്ത ഭൂമിയുടെ വിശദാംശങ്ങൾ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. അന്യാധീനപ്പെട്ടുകിടക്കുന്ന വഖഫ് സ്വത്തുക്കൾ കണ്ടെത്തുകയെന്ന പ്രക്രിയ വേഗത്തിലാക്കാനും വഖഫ് സർവ്വേയിൽ ഉൾപ്പെടാതെപോയ ഭൂമി കണ്ടെത്തി മുതൽക്കൂട്ടുന്നതിനുമുള്ള നടപടികൾ വഖഫ് ബോർഡ് സ്വീകരിച്ചുവരികയാണ്. വഖഫ് സ്ഥാപനങ്ങളെ വഖഫ് ബോർഡിന്റെ കീഴിൽ കൊണ്ടുവരുന്നതിനും അവയുടെ ഭൂമിയും സ്വത്തുക്കളും സംരക്ഷിക്കപ്പെടുന്നതിനും മേഖലാടിസ്ഥാനത്തിൽ വഖഫ് അദാലത്തുകൾ

നടത്തിവരുന്നു. വഖഫ് സ്ഥാപനങ്ങൾ വഖഫ് ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടുകഴിഞ്ഞാൽ മാത്രമേ അവയുടെ സംരക്ഷണം വഖഫ് ബോർഡിന്റെ ഉത്തരവാദിത്വമായി മാറുകയുള്ളൂ. മലപ്പുറം, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ അദാലത്തുകൾ പൂർത്തീകരിച്ചു. കാസർഗോഡ് ജില്ലയിൽ ഒക്ടോബർ മാസം 30-ാം തീയതി അദാലത്തുകൾ നടന്നുകഴിഞ്ഞു. തിരുവനന്തപുരം അടക്കമുള്ള സ്ഥലങ്ങളിൽ അദാലത്തുകൾ നടക്കാൻ പോകുകയാണ്. വഖഫ് ബോർഡിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ, ചികിത്സാ-വിവാഹ-പെൻഷൻ ധനസഹായങ്ങൾ സർക്കാർ സ്പെഷ്യൽ ഗ്രാന്റായി നൽകിവരുന്നു. 2020-21-ൽ 3.32 കോടി രൂപയാണ് സ്പെഷ്യൽ ഗ്രാന്റായി നൽകിയിട്ടുള്ളത്. കൂടാതെ ജീവനക്കാരുടെ ശമ്പളത്തിനും മറ്റാനുകൂല്യങ്ങൾക്കുമായി അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റായി 1.32 കോടി രൂപയാണ് നൽകിയിട്ടുള്ളത്. ഈ രീതിയിലാണ് വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്. വഖഫ് ബോർഡിന്റെ നിരവധി വസ്തുവകകൾ അന്യാധീനപ്പെട്ടുപോയിട്ടുണ്ട്, അതിൽ ഒരു ഉദാഹരണംമാത്രം പറഞ്ഞുകൊണ്ട് നിർത്തുകയാണ്. 1937-ൽ ബ്രിട്ടീഷ് സർവ്വേപ്രകാരം 600 ഏക്കറുണ്ടായിരുന്ന തളിപ്പറമ്പിലെ ജുമാ മസ്ജിദിന്റെ വഖഫ് ഭൂമി ഇന്ന് നൂറ് ഏക്കറിന് താഴെയായി കുറഞ്ഞിട്ടുണ്ട്. അത്തരത്തിൽ കേരളത്തിലുടനീളമുള്ള വഖഫ് സ്വത്തുക്കൾ പലരീതിയിൽ അന്യാധീനപ്പെട്ടു പോകുകയാണ്. ഇവിടെ ജീവനക്കാർക്ക് കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയണം. അവർക്ക് ഇതിലൊരു അക്കൗണ്ടബിലിറ്റിയുണ്ടാകണം. കൃത്യമായ മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലോ വഖഫ് ബോർഡിന്റെ നിയന്ത്രണത്തിലോ ആയിരിക്കണം ഉദ്യോഗസ്ഥർ എന്നതിൽ നിർബന്ധമുണ്ട്. അവിടെയുള്ള ഉദ്യോഗസ്ഥർ വിദ്യാഭ്യാസപരമായി മുന്നോക്കംതന്നെയാണ്, അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. വഖഫ് ബോർഡ് റിക്രൂട്ട് ചെയ്തിരുന്ന ജീവനക്കാരെ പി.എസ്.സി. മുഖാന്തരം റിക്രൂട്ട് ചെയ്യുമെന്ന ഒറ്റവ്യത്യാസം മാത്രമാണ് ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിലുള്ള ഏതെങ്കിലും താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സ്പെഷ്യൽ റൂളുകൾ നമുക്ക് നിർമ്മിക്കാവുന്നതാണ്. വഖഫ് ബോർഡിന്റെ പ്രവർത്തനം നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകണമെന്ന ഉദ്ദേശ്യത്തോടെ ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്ന ഈ ബിൽ പാസാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. രാജഗോപാലൻ]

ശ്രീ. പി. ഉബൈദുള്ള: സർ, 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ)

ബിൽ ഭരണഘടനാ വിരുദ്ധമായതിനാൽ ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഇസ്ലാംമത വിശ്വാസികൾ പള്ളി, മദ്രസ്സ തുടങ്ങിയ മതസ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനും മതപരമായ കർമ്മം എന്ന പവിത്രതയോടെ നൽകിയിട്ടുള്ള സ്വത്തുവകകളാണ് വഖഫ് സ്വത്തുക്കൾ. ഇതിന്റെ സംരക്ഷണച്ചുമതല വഖഫ് ബോർഡുകൾക്കാണ്. മഹല്ല് കമ്മിറ്റി പ്രതിനിധികളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നവരും വിവിധ മണ്ഡലങ്ങളിൽ നിന്നും സർക്കാർ നോമിനേറ്റ് ചെയ്യുന്നവരുമാണ് വഖഫ് ബോർഡിൽ അംഗങ്ങളായി വരുന്നത്. വഖഫ് സ്വത്തുക്കൾ സ്വതന്ത്രമായി കൈകാര്യം ചെയ്യാനുള്ള അധികാരവും അവകാശവും ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 26 പ്രകാരം വഖഫ് ബോർഡുകൾക്കാണ്. ഇതിൽ കൈകടത്തുവാൻ സർക്കാരുകൾക്ക് അധികാരമില്ല. ആർട്ടിക്കിൾ 26 ഭരണഘടനയുടെ fundamental rights-ൽ ഉൾപ്പെടുന്നതിനാൽ ഇതിന് ഹാനികരമായ ഒരു നിയമനിർമ്മാണത്തിനും സർക്കാരുകൾക്ക് അധികാരമില്ല. സെൻട്രൽ വഖഫ് ആക്ട്, 1995 അനുസരിച്ചാണ് കേരളത്തിലെ വഖഫ് നിയമങ്ങൾ പരിപാലിച്ചുവരുന്നത്. കേന്ദ്ര നിയമത്തിലെ സെക്ഷൻ 14 പ്രകാരമാണ് സംസ്ഥാന വഖഫ് ബോർഡുകൾ രൂപീകൃതമാകുന്നത്. കേന്ദ്ര നിയമത്തിലെ സെക്ഷൻ 24 പ്രകാരം റെഗുലേഷനുകൾ രൂപീകരിക്കാനുള്ള അവകാശവും ജീവനക്കാരെ നിയമിക്കാനുള്ള അധികാരവും വഖഫ് ബോർഡിൽ നിക്ഷിപ്തമാണ്. കേന്ദ്രനിയമം വ്യക്തമായും സ്പഷ്ടമായും ബോർഡുകൾക്ക് നൽകുന്ന അധികാരം ഇല്ലാതാക്കുന്ന ഈ ബിൽ തികച്ചും നിയമവിരുദ്ധമാണ്. സമാന സ്വഭാവമുള്ള ദേവസ്വം ബോർഡിലെ നിയമനങ്ങൾ നടത്തുന്നത് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡാണ്. ഈ സാഹചര്യത്തിൽ വഖഫ് ബോർഡ് നിയമനങ്ങൾമാത്രം പി.എസ്.സി.-ക്ക് വിടുന്നതിൽ യാതൊരു നീതീകരണവുമില്ല. വർഷങ്ങളായി വഖഫ് ബോർഡിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ ജോലിസുരക്ഷിതത്വം ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് ബില്ലിൽ പ്രതിപാദിക്കാത്തത് കടുത്ത അനീതിയാണ്. വഖഫ് ആക്ട് സെക്ഷൻ 10-ൽ നിയമനങ്ങൾക്കുള്ള അധികാരം ബോർഡിനാണെന്ന് വളരെ വ്യക്തമായി പറയുന്നുണ്ട്. 109-ാം വകുപ്പുപ്രകാരം റൂൾസുണ്ടാക്കാനുള്ള അധികാരം മാത്രമാണ് സ്റ്റേറ്റ് ഗവൺമെന്റുകൾക്കുള്ളത്, നിയമമുണ്ടാക്കാൻ അധികാരമില്ല. ഇന്ത്യയിൽ 30 വഖഫ് ബോർഡുകളുണ്ട്, ഒരിടത്തും നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാത്ത സാഹചര്യത്തിൽ കേരളത്തിൽ മാത്രം ഈ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനുപിന്നിലെ താത്പര്യമെന്താണെന്ന് മനസിലാകുന്നില്ല. ആകെ 112 തസ്തികകളിലേയ്ക്കുള്ള നിയമനമാണ് പി.എസ്.സി.-ക്ക് വിടുന്നതെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ലേഖനത്തിൽ പറഞ്ഞത് വായിക്കാനിടയായി.

എന്നാൽ പരമാവധി 40 തസ്തികകളിലേയ്ക്കുമാത്രമേ പി.എസ്.സി. മുഖേന നിയമനം നടത്താൻ നിലവിലെ സാഹചര്യത്തിൽ കഴിയുകയുള്ളൂ. ബാക്കി തസ്തികകൾ പ്രൊമോഷൻ നൽകി നികത്തേണ്ടതാണ്. ഒരു വർഷത്തിൽ ഒന്നോരണ്ടോ പേർക്കുമാത്രമേ ഇതുവഴി നിയമനം നൽകാൻ സാധിക്കുകയുള്ളൂ. 125-ഓളം ജീവനക്കാർ ജോലിചെയ്യുന്ന ഒരു ചെറിയ സ്ഥാപനമാണിത്. വർഷത്തിൽ ഒന്നോരണ്ടോ ഒഴിവുകൾമാത്രം വരുന്ന സാഹചര്യത്തിൽ പി.എസ്.സി.-ക്ക് വിടണമെന്നതിൽ എന്താണ് നിർബന്ധമെന്ന് മനസ്സിലാകുന്നില്ല. ഇവിടെ കൂടുതൽ തൊഴിലവസരങ്ങൾ ഒരിക്കലും സൃഷ്ടിക്കപ്പെടാൻ പോകുന്നില്ല. വഖഫ് ബോർഡ് പ്രവർത്തനങ്ങൾക്ക് ഒരു വർഷം 6 കോടി രൂപയോളം ചെലവുവരും. എല്ലാ ജില്ലകളിലും അദാലത്ത് നടത്തുകയാണെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു, അദാലത്തുകൾകൊണ്ട് കാര്യമില്ലല്ലോ, വഖഫ് ബോർഡിന് പ്രതിവർഷം ചെലവാകുന്ന തുകയായ 6 കോടി രൂപയിൽ ഗവൺമെന്റ് നൽകുന്നത് 70 ലക്ഷം രൂപ മാത്രമാണ്. വഖഫ് സ്വത്തുക്കളിൽനിന്നുള്ള വരുമാനത്തിൽനിന്നാണ് ചെലവഴിക്കേണ്ട ബാക്കിത്തുക വഖഫ് ബോർഡ് ഇപ്പോൾ കണ്ടെത്തുന്നത്. വഖഫ് സ്ഥാപനങ്ങൾ മുഖേന അപേക്ഷ നൽകുന്നവർക്ക് ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, കത്തീബ് മുഅദിൻ പെൻഷൻ തുടങ്ങിയ സാമൂഹ്യ സുരക്ഷാ പദ്ധതികൾക്ക് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം 9 കോടി രൂപവേണം. എന്നാൽ സർക്കാർ ഇതിനായി പണം നൽകുന്നില്ല. വഖഫ് ട്രൈബ്യൂണൽ സ്ഥാപിക്കുമ്പോൾ പ്രാരംഭച്ചെലവുകൾ ബോർഡ് വഹിക്കണമെന്നാണ് സർക്കാരും മന്ത്രിയും നിർദ്ദേശിച്ചത്. ഈ തുക പിന്നീട് സർക്കാർ നൽകുമെന്ന വാഗ്ദാനം നൽകിയിരുന്നെങ്കിലും ആ വാഗ്ദാനം ഇതുവരെയും പാലിക്കപ്പെട്ടിട്ടില്ല. 53 ലക്ഷം രൂപ ഈയിനത്തിൽ ബോർഡിന് ചെലവുവന്നിട്ടുണ്ട്, ഇതുപോലും നൽകാൻ സർക്കാർ തയ്യാറായിട്ടില്ല. കാര്യപ്രാപ്തിയുള്ള ജീവനക്കാരുണ്ടെങ്കിൽ മാത്രമേ ബോർഡ് പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഷ്യം. Competent employees വേണമെന്ന മുൻമന്ത്രിയുടെ മുടന്തൻ ന്യായം ഇപ്പോഴത്തെ മന്ത്രിയും ആവർത്തിക്കുകയാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത് ആ മുൻമന്ത്രിയുടെ ഉപദേശം കേട്ടുകൊണ്ട് മുന്നോട്ടുപോയാൽ അപകടത്തിൽച്ചെന്നുവീഴുമെന്നാണ്. അതുകൊണ്ട് സൂക്ഷിച്ച് ഉപദേശം കേട്ടാൽമതി. Competent employees വേണമെന്ന് പറഞ്ഞ മുൻമന്ത്രി ആരാണെന്ന് അവിടെയിരിക്കുന്നവർക്ക് അറിയാമല്ലോ. ഇപ്പോഴത്തെ മന്ത്രിയും അതുതന്നെയാണ് ആവർത്തിച്ചത്. ഉയർന്ന യോഗ്യതയും പരിചയ സമ്പത്തുമുള്ളവരാണ് ബോർഡിലെ ജീവനക്കാർ. കഴിഞ്ഞ പത്ത്

വർഷത്തിനുള്ളിൽ 6 പുതിയ ഡിവിഷൻ ഓഫീസുകൾ സ്ഥാപിക്കാനും വാർഷിക വരുമാനം 48 ലക്ഷം രൂപയിൽനിന്നും 12 കോടി രൂപയായി ഉയർത്തുവാനും സാധിച്ചത് ജീവനക്കാരുടെ കാര്യക്ഷമതയും ആത്മാർത്ഥതയുമുള്ള സേവനങ്ങൾകൊണ്ടു മാത്രമാണ്. വഖഫ് ബോർഡിലെ ഒരു എൽ.ഡി. ക്ലാർക്കിന്റെ യോഗ്യത എന്താണെന്നറിയാമോ, നേരിട്ടുള്ള നിയമനത്തിനുള്ള യോഗ്യത എന്നത് അംഗീകൃത സർവ്വകലാശാലയിൽനിന്നുള്ള ബിരുദമാണ്, സെക്രട്ടേറിയറ്റ് അസിസ്റ്റന്റിന്റെ യോഗ്യതതന്നെയാണ് വഖഫ് ബോർഡിലെ ഒരു എൽ.ഡി. ക്ലാർക്കിനുള്ളത്. രണ്ടാമത് പറയുന്ന യോഗ്യത, ഗവൺമെന്റ് അംഗീകൃതവും ആറുമാസത്തിൽ കുറയാത്ത കാലാവധിയുമുള്ള കമ്പ്യൂട്ടർ ആപ്ലിക്കേഷനിലുള്ള ഡിപ്ലോമയാണ്.

4.00 PM]

ശ്രീ. ടി. വി. ഇബ്രാഹിം: സർ, നിയമനം പി.എസ്.സി.-ക്ക് വിടുന്നതിന് പറയുന്ന കാരണം, നല്ല പ്രാപ്തിയുള്ള ആളുകളെ ജോലിക്ക് കൊണ്ടുവരണമെന്നതാണ് എന്നാണ് മുൻമന്ത്രിതന്നെ നിയമസഭയിൽ പറഞ്ഞത്. അങ്ങനെ ചെയ്യുമ്പോൾ മുസ്ലീം സമുദായത്തിൽനിന്നുള്ള പ്രാപ്തരായിട്ടുള്ള ആളുകളെയാണ് ടെസ്റ്റിന് യോഗ്യരാക്കേണ്ടത്. മുസ്ലീം സമുദായത്തിന് കൊടുക്കണമെന്ന് പറയുന്നതിന്റെ കാരണം മുസ്ലീം വിശ്വാസികളാകണമെന്നുള്ളതാണ്. പി.എസ്.സി. വിശ്വാസമളക്കുന്നത് ആളിന്റെ പേരിലാണോ അതോ ആളുടെ വിശ്വാസത്തിലാണോ? വിശ്വാസം ആർക്കെങ്കിലും അളന്നെടുക്കാൻ സാധിക്കുമോ? മുസ്ലീം പേര് ആണോ അല്ലയോ എന്നുനോക്കി, ഞാൻ മുസ്ലീമാണ് എന്ന സർട്ടിഫിക്കറ്റ് കൊടുത്താണ് പി.എസ്.സി. വഴി ജോലിവാങ്ങിയിട്ടുള്ളത്. അതുപോലെ മുസ്ലീം പേരുള്ള ധാരാളം ആളുകൾ വിശ്വാസികളല്ലെങ്കിൽപ്പോലും ഇതിലും കടന്നുവരാൻ സാധ്യതയില്ലേ; അതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ഡോ. കെ. ടി. ജലീൽ: സർ, പി.എസ്.സി.-യിലൂടെ നിയമിക്കുമ്പോൾ മുസ്ലീങ്ങളിൽത്തന്നെ വിശ്വാസികളാരാണ് അവിശ്വാസികളാരാണെന്ന് നിർണ്ണയിക്കാൻ സാധിക്കില്ലെന്നാണല്ലോ പറയുന്നത്. നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നിയമനം നടക്കുന്നത്. അപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ വിശ്വാസോ മീറ്റർ (ബിലീഫോ മീറ്റർ) എന്ന ഒരു മീറ്ററുണ്ടോ? എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത മുസ്ലീങ്ങളെ വിശ്വാസിയാണോ അല്ലയോയെന്ന് പ്രത്യേകം അളന്ന് നോക്കി വിശ്വാസിയായ ആളുകൾക്ക് മാത്രമാണോ കത്തയയ്ക്കുന്നത്? എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ മുസ്ലീങ്ങളായിട്ടുള്ള

ആരൊക്കെയാണോ രജിസ്റ്റർ ചെയ്തിട്ടുള്ളത് അവർക്കാണ് കത്തയയ്ക്കുന്നത്. പി.എസ്.സി.-യിലൂടെ നിയമിക്കുമ്പോൾ എന്ത് നടക്കില്ല എന്നാണോ നിങ്ങൾ ഭയപ്പെടുന്നത് ആ ഭയപ്പാട് ഇപ്പോഴും പ്രസക്തമാണെന്നാണ് ഞാൻ പറയുന്നത്. അങ്ങനെയൊരു വിശ്വാസോ മീറ്റർ ഇവിടെയില്ല. ഇവിടെ വോട്ട് ചെയ്യുന്നുണ്ട്. മുസ്ലീം മെമ്പർ ആരാണോ അവരാണ് വഖഫ് ബോർഡിലേയ്ക്ക് നമ്മുടെ പ്രതിനിധികളെ തെരഞ്ഞെടുക്കാൻ വോട്ട് ചെയ്യുന്നത്. ദേവസ്വത്തിലേയ്ക്ക് ഹിന്ദുക്കൾ ആരാണോ അവരാണ് വോട്ട് ചെയ്യുന്നത്. ഇവിടെ അങ്ങനെ വിശ്വാസത്തിന്റെ മീറ്റർ വച്ച് അളന്നിട്ട് വിശ്വാസികളായ ആളുകൾക്ക് മാത്രമാണോ വോട്ട് രേഖപ്പെടുത്താനുള്ള അവകാശം കൊടുക്കുന്നത്?

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായവരാണ് ഇപ്പോൾ അവിടെ ജോലി ചെയ്യുന്നത്. അവർ പ്രാപ്തരല്ലെന്നാണ് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട അംഗം സഭയിൽ പറഞ്ഞത്. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയും അതുതന്നെയാണ് പറഞ്ഞത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന വരുന്ന ജീവനക്കാർ യോഗ്യരല്ല എന്ന വാദം ഒട്ടും ശരിയല്ലെന്നത് അദ്ദേഹംതന്നെ സമ്മതിച്ചിരിക്കുന്നു. യു.ഡി. ക്ലാർക്കിന്റെ യോഗ്യത, three years experience as Lower Division Clerk, ആണ്. നേരത്തെ പറഞ്ഞ, ഗ്രാജ്വേറ്റായിട്ടുള്ള എൽ.ഡി. ക്ലാർക്കുമാർക്ക് മൂന്നുവർഷം എക്സ്പീരിയൻസുണ്ടെങ്കിൽ മാത്രമേ യു.ഡി. ക്ലാർക്കാകാൻ സാധിക്കുകയുള്ളൂ. വഖഫ് ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയുടെ യോഗ്യതയിൽ പറയുന്നത്, By direct Recruitment, B.com, PGDCA, DCA or equivalent course approved by the Government, എന്നാണ്. ഹെഡ് ക്ലാർക്കിന്റെ യോഗ്യതയിൽ പറയുന്നത്, three years experience as upper division clerk, എന്നാണ്; ലീഗൽ അസിസ്റ്റന്റിന്റെ യോഗ്യതയിൽ പറയുന്നത്, degree in law from recognized university with second class, three years bar practice as an advocate and Diploma in computer application obtained after a course of study of not less than six month course duration or its equivalent recognized by the government. ഇങ്ങനെ ഏറ്റവും യോഗ്യതയുള്ള, കഴിവുള്ളവരാണ് വഖഫ് ബോർഡിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. അവർ കഴിവില്ലാത്തവരാണെന്ന രീതിയിൽ അവരെ പരിഹസിക്കുന്നതരത്തിൽ ഇപ്പോഴത്തെ മന്ത്രിയും മുൻ മന്ത്രിയും സഭയ്ക്കകത്ത് പറയുന്നത് ഒട്ടും ശരിയായ നിലപാടല്ലായെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. കേന്ദ്രസർക്കാർ നിയമിച്ച ഗുലാംനബി ആസാദിന്റെ നേതൃത്വത്തിലുണ്ടായിരുന്ന ജോയിന്റ് പാർലമെന്ററി കമ്മിറ്റിയും രാജ്യസഭ ഡെപ്യൂട്ടി ചെയർമാനായിരുന്ന റഹ്മാൻ ഖാൻ നേതൃത്വം നൽകിയ സമിതിയും ഇന്ത്യയിലെ എല്ലാ വഖഫ്

ബോർഡുകളും പരിശോധിച്ച് കേരളം ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങൾക്കും റോൾ മോഡലാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റഹ്മാൻ ഖാൻ ചെയർമാനായ സമിതിയിൽ ഇപ്പോഴത്തെ വഖഫ് ബോർഡ് ചെയർമാൻ അഡ്വ. ടി. കെ. ഹംസയും അന്ന് എം.പി. എന്ന നിലയിൽ അംഗമായിരുന്നു. ഔട്ട് ലുക്ക് മാഗസിൻ ഇന്ത്യയിലെ വഖഫ് ബോർഡ് സംബന്ധിച്ച് നടത്തിയ പഠനത്തിൽ കേരളത്തിലെ വഖഫുകൾ സുരക്ഷിതമാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്.

ശ്രീ. പി. ടി. എ. റഹീം: സർ, ബിൽ അവതരിപ്പിക്കുന്ന സമയത്ത് നിങ്ങൾ പറഞ്ഞത് മുസ്ലീങ്ങളല്ലാത്തവർ ഇതിൽവരുമെന്നാണ്. ആ വാദം മാറ്റി ഇപ്പോൾ മുസ്ലീങ്ങളിൽ അവിശ്വാസികൾ എന്ന നിലയിൽ എത്തിയല്ലോ; അന്ന് ലീഗിന്റെ മെമ്പർ പറഞ്ഞത് അപ്പുറത്ത് ഇരിക്കുന്നവരൊക്കെ അവിശ്വാസികളാണ് അതൊന്നും പറ്റില്ലായെന്നാണ്. ആ അഭിപ്രായങ്ങൾ നിങ്ങൾ മാറ്റിയല്ലോ; അത് വളരെ നല്ലത്.

ശ്രീ. പി. ഉബൈദുള്ള: സർ, ഇടയ്ക്ക് അഭിപ്രായം മാറ്റിയത് നിങ്ങളാണ് ഞങ്ങൾ അന്നും ഇന്നും ഒറ്റ അഭിപ്രായത്തിലാണ് നിൽക്കുന്നത്. അതിനൊരു മാറ്റവുമില്ല. ആരൊക്കെയാണ് അഭിപ്രായം മാറ്റിയതെന്ന് ഇവിടെ എല്ലാവർക്കുമറിയാം. ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മിറ്റിയുടെ ശിപാർശയനുസരിച്ച് നൂറുശതമാനവും മുസ്ലീങ്ങൾക്ക് നൽകേണ്ടിയിരുന്ന സ്കോളർഷിപ്പിൽ പാലൊളി കമ്മിറ്റി വെള്ളം ചേർത്തതിന്റെ ഫലമായി അത് 80:20 ആയി. ആ തീരുമാനത്തിൽ പിന്നീട് ഹൈക്കോടതി ഇടപെട്ട് ഇപ്പോൾ ജനസംഖ്യാനുപാതികമായി വീതിക്കണമെന്നാണ് പറഞ്ഞത്. ഇവർ സച്ചാർ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം കേരളത്തിലെ മുസ്ലീങ്ങൾക്ക് ലഭ്യമാകേണ്ടിയിരുന്ന ആനുകൂല്യങ്ങൾ കവർന്നെടുക്കുകയാണ് ചെയ്തത്. വഖഫ് റഗുലേഷൻ അനുസരിച്ച് ബോർഡിൽ നിയമിക്കപ്പെടുന്നവർ മുസ്ലീങ്ങൾ ആയിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പക്ഷെ പി.എസ്.സി. മുഖേന മുസ്ലീങ്ങൾക്കുമാത്രം നിയമനമെന്ന വ്യവസ്ഥ ഭാവിയിൽ മേൽപ്പറഞ്ഞ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കോടതികൾ മുമ്പാകെ ചോദ്യം ചെയ്യപ്പെടാൻ സാധ്യതയുണ്ട്. 80:20-ന്റെ കാര്യത്തിലും ഞങ്ങൾ അതാണ് പറഞ്ഞത്. ഒരു സമുദായത്തിന് നൂറ് ശതമാനവും കിട്ടേണ്ടിയിരുന്ന ആനുകൂല്യങ്ങൾ കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ അവസരമൊരുക്കിയത് പാലൊളി കമ്മിറ്റി റിപ്പോർട്ടാണ്. അതുപോലെ വഖഫ് ബോർഡിലെ നിയമനം പി.എസ്.സി. മുഖേന ആകുന്നതോടുകൂടി കോടതിയിൽ ചോദ്യം ചെയ്യാൻ സാധ്യതയുണ്ടാകും. ഇത് ദൂരവ്യാപകമായ ഭവിഷ്യത്തുകൾക്കിടയാക്കും.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, സച്ചാർ കമ്മിറ്റി റിപ്പോർട്ടിൽ മുസ്ലീങ്ങൾക്ക് മാത്രമായി എന്താണുള്ളതെന്നതിനെക്കുറിച്ച് നിങ്ങൾക്ക് ഒരു കാര്യം പറയാൻ കഴിയുമോ?

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, സച്ചാർ കമ്മിറ്റി റിപ്പോർട്ടിൽ മുസ്ലീങ്ങൾക്കുവേണ്ടിമാത്രം പറഞ്ഞിട്ടുള്ള കാര്യങ്ങൾ എന്റെ കൈവശമുണ്ട്. ചെയർ കൂടുതൽ സമയം അനുവദിച്ചാൽ വിശദീകരിക്കാം.

<u>മി. ചെയർമാൻ</u>: ഇല്ല.....പ്ലീസ്....., പ്ലീസ്....

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, വഖഫ് നിയമം മുസ്ലീം സമുദായത്തിന്റെ വഖഫ് സ്വത്തുക്കൾ സംരക്ഷിക്കാനുള്ള ഏക രക്ഷാകവചമാണ്. അത് ഏതെങ്കിലും ഒരു സംസ്ഥാനത്ത് അന്യായമായി ലംഘിക്കപ്പെട്ടാൽ മറ്റ് സംസ്ഥാനങ്ങളിലും ആവർത്തിക്കും. പ്രത്യേകിച്ച് ഇടതുപക്ഷം ഭരിക്കുന്ന സംസ്ഥാനത്ത് ഇതിന് അവസരമൊരുക്കിയാൽ ഫാസിസ്റ്റുകൾ ഭരിക്കുന്ന സംസ്ഥാനത്തടക്കം കടന്നുകയറ്റമുണ്ടാകുമെന്ന് ഭയപ്പെടണം. വഖഫ് സ്വത്തും ഭൂമിയും സംരക്ഷിക്കാനെന്ന വാദം ഉയർത്തിയിട്ടാണ് ഇപ്പോൾ ഈ നിയമം കൊണ്ടുവരുന്നത്. ഈ നിയമം കൊണ്ടുവരുന്നവർ സി.പി.ഐ.(എം) ആണല്ലോ? സി.പി.ഐ.(എം) മൂന്നര പതിറ്റാണ്ട് ഭരിച്ച പശ്ചിമ ബംഗാളിൽ വഖഫ് സ്വത്തുകൾ കയ്യേറി സി.പി.ഐ.(എം) ഓഫീസുകളാക്കി മാറ്റിയെന്ന കാര്യം മറക്കരുത്. ആ ഓഫീസുകളൊക്കെ ഇപ്പോൾ ബി.ജെ.പി.-യുടെ ഓഫീസുകളായി മാറിയിരിക്കുകയാണ്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചപ്പോൾ വഖഫ് ബോർഡിന്റെ സ്വത്തുക്കൾ പലയിടത്തും അന്യാധീനമായി പോയതിനെക്കുറിച്ചും നൂറുകണക്കിന് ഏക്കർഭൂമി കാണാതെ വന്നിരിക്കുന്നതിനെക്കുറിച്ചും പറയുകയുണ്ടായി. കാസർഗോഡ് ഒരു മുൻ എം.എൽ.എ. 200 ഏക്കർ സ്ഥലം ഒരു കോളേജിന്റെ പേരിൽ മാറ്റുകയും പിന്നീട് അത് തിരിച്ചെഴുതുകയും ചെയ്ത സംഭവം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, അത് ശുദ്ധ അസംബന്ധമാണ്. നിയമസഭയിൽ എന്തും പറയുവാനുള്ള സ്വാതന്ത്ര്യമുണ്ടെന്ന് കരുതി അങ്ങ് അത് പറയരുത്. ഒരു മുൻ എം.എൽ.എ.-യും വഖഫ് സ്വത്ത് എവിടെയും കയ്യേറിയിട്ടില്ല.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, വിവിധ മഹല്ല് കമ്മിറ്റികളിൽ നമ്മൾ അംഗങ്ങളായി പ്രവർത്തിക്കുന്ന ആളുകളാണ്. മഹല്ല് കമ്മിറ്റിയിൽ ഒരു വഖഫിൽ രജിസ്റ്റർചെയ്ത സ്വത്തുണ്ടെങ്കിൽ വളരെ അത്യാവശ്യമായ കാര്യങ്ങൾക്കുപോലും ആ സ്വത്ത് വിൽക്കാൻ പാടില്ലെന്നാണ് നിയമം. പിന്നെ എങ്ങനെയാണ് ഒരു എം.എൽ.എ. വഖഫ് സ്വത്ത് വിൽക്കുന്നത്? അടിസ്ഥാനരഹിതമായ കാര്യമാണ് ബഹുമാനപ്പെട്ട അംഗം പി. പി. ചിത്തരഞ്ജൻ ഇവിടെ പറഞ്ഞിട്ടുള്ളത്.

ശ്രീ. പി. ഉബൈദുള്ള: സർ, വഖഫ് സ്വത്തുക്കൾ ഒരാൾക്ക് വാടകയ്ക്ക് കൊടുക്കണമെങ്കിൽപ്പോലും വഖഫ് ബോർഡിന്റെ അനുമതി വേണം. വഖഫ് ബോർഡ് നിയന്ത്രിക്കുന്നത് ഇപ്പോൾ ഞങ്ങളല്ലല്ലോ; ആരാണ് ഇതിന്റെ ചെയർമാനെന്ന് നമുക്കെല്ലാവർക്കും അറിയാമല്ലോ; അതുകൊണ്ട് അങ്ങനെ ഏതെങ്കിലും വിഷയമുണ്ടെങ്കിൽ ഇടപെടാൻ വഖഫ് ബോർഡുകൾക്ക് സാധിക്കും. പക്ഷേ അങ്ങനെയൊരു സംഭവമുണ്ടായിട്ടില്ല. ഇല്ലാത്ത കാര്യങ്ങൾ പറയുകയാണ്. പശ്ചിമ ബംഗാളിൽ വഖഫ് സ്വത്ത് കയ്യേറിയതിനെക്കുറിച്ച് പറയുമ്പോൾ ഇത് പറഞ്ഞിട്ട് കാര്യമില്ല. പശ്ചിമ ബംഗാളിൽ വഖഫ് സ്വത്തുക്കൾ കയ്യേറി സി.പി.ഐ.(എം) ഓഫീസാക്കി എന്നുപറയുന്നത് പാർലമെന്ററി സമിതി റിപ്പോർട്ടിലുള്ളതാണ്. അല്ലാതെ ഇത് ഞങ്ങളാരും 'ചന്ദ്രിക'യിലെ വാർത്തയെടുത്ത് പറയുന്നതല്ല. അത് പാർലമെന്ററി സമിതി റിപ്പോർട്ടിലെ കാര്യമാണ്. ചരിത്രം പരിശോധിച്ചാൽ അങ്ങേയ്ക്ക് കാണാം. രേഖ പരിശോധിക്കണം.

ശ്രീ. എം. നൗഷാദ്: സർ, സഭയിൽ എന്തും പറയാമെന്നുള്ളതുകൊണ്ട്, പശ്ചിമ ബംഗാളിലെ ഏത് സർവ്വേയിൽപ്പെട്ട ഏത് വസ്തു സി.പി.ഐ.(എം) കയ്യേറിയെന്ന് കൃത്യമായി പറയണം. ഇവിടെ സി.പി.ഐ.(എം)-ന് വഖഫ് സ്വത്ത് കയ്യേറേണ്ട ആവശ്യമൊന്നുമില്ല. .....(മൈക്ക് ഓഫ്).....

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ ഇത് തുടക്കത്തിൽ പറഞ്ഞു. ഗുലാം നബി ആസാദ് ചെയർമാനായ ജോയിന്റ് പാർലമെന്ററി കമ്മിറ്റിയും രാജ്യസഭ ഡെപ്യൂട്ടി ചെയർമാനായിരുന്ന റഹ്മാൻ ഖാൻ അദ്ധ്യക്ഷനായ പാർലമെന്ററി സമിതിയും ഇന്ത്യയിലാകമാനം അന്വേഷണം നടത്തി നൽകിയ റിപ്പോർട്ടിലാണ് പശ്ചിമബംഗാളിൽ സി.പി.ഐ.(എം) വഖഫ് സ്വത്ത് കയ്യേറി ഓഫീസുണ്ടാക്കിയെന്ന് പറഞ്ഞത്. ഇതാണ് സ്ഥിതിയെങ്കിൽ (.....ബഹളം....) അവസരത്തിനൊത്ത് ന്യൂനപക്ഷ സംരക്ഷകരെന്ന് പറയുകയും ന്യൂനപക്ഷദ്രോഹ നടപടികളുമായി മുന്നോട്ടുപോകുകയും ചെയ്യുകയെന്നതുതന്നെയാണ് സി.പി.ഐ.(എം)-ന്റെ സമീപനം. വഖഫ് ബോർഡിന്റെ നിയമനം പി.എസ്.സി.-ക്ക് വിടുന്ന കാര്യത്തിലും ഇത് ആവർത്തിക്കുകയാണ്. ഇത് തികച്ചും ഭരണഘടനാവിരുദ്ധമാണ്. സച്ചാർ കമ്മിറ്റി റിപ്പോർട്ടിൽ മുസ്ലീം സമുദായത്തിന്റെ പിന്നോക്കാവസ്ഥയും സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ പിന്നോക്കാവസ്ഥയും പഠിച്ച് മുസ്ലീം സമുദായത്തെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരാനുള്ള നിരവധി നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. ആ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുപകരം ഉള്ള തൊഴിലവസരംകൂടി നഷ്ടപ്പെടുത്തി ഈ പിന്നാക്കസമുദായത്തെ വീണ്ടും പിന്നോക്കം തള്ളാനുള്ള നീക്കമാണ് വഖഫ് ബോർഡ് നിയമനം പി.എസ്.സി.-

ക്ക് വിടുന്നതിലൂടെ ലക്ഷ്യമിടുന്നത്. അതുകൊണ്ട് ന്യൂനപക്ഷവിരുദ്ധവും ജനവിരുദ്ധവും ഭരണഘടനാ വിരുദ്ധവുമായിട്ടുള്ള ഈ നടപടിയോട് ഞാൻ വിയോജിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. ബാലചന്ദ്രൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. ഇത് വിശ്വാസത്തിന്റെ പ്രശ്നമാണ്. മതപരമായ പല ഉള്ളടക്കങ്ങളും ഇതിൽ അടങ്ങിയിട്ടുണ്ടെന്ന് നമുക്കറിയാം. " തന്നതില്ല പരനുള്ളുകാട്ടുവാൻ ഒന്നുമേ നരനുപായമീശ്വരൻ" . 'മനുഷ്യന്റെ മനസ് മനസ്സിലാക്കാൻ ഒരു ഉപായവുമില്ല' എന്ന് പണ്ട് കവി പാടിയിട്ടുണ്ട്. അത്തരത്തിൽ പരിശോധിച്ച് വിശ്വാസി ആരാണ്, അവിശ്വാസി ആരാണ് എന്ന് ആദ്യം നമ്മൾ തിരിച്ചറിയണം. ദീനും ഈമാനുമുള്ള മുസൽമാനാണോ വിശ്വാസി; അഞ്ചുനേരം നിസ്കരിക്കുന്ന ഒരാളാണോ മതഭക്തൻ അതോ ആ മൂല്യങ്ങളിൽ വിശ്വസിക്കുന്ന ഒരാളാണോ? ആ മൂല്യങ്ങളിൽ വിശ്വസിക്കുന്ന ഒരു ജനതയുടെ സ്ഥാവരജംഗമസ്വത്തുക്കളായ പള്ളിയും ദർഗ്ഗയും മസ്ജിദുകളും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു ഉദ്യോഗസ്ഥ സംവിധാനമാണ് വഖഫ് ബോർഡ്. ആ ബോർഡിൽ നൂറോ നൂറിലധികമോ ഉദ്യോഗസ്ഥർ മാത്രമാണ് എല്ലാ കാറ്റഗറിയിലും നിയമിതരായാൽ ഉണ്ടാകുക. അത് പി.എസ്.സി.-ക്ക് വിട്ടാൽ എന്താണ് പ്രശ്നം? വിശ്വാസികൾ ഉദ്യോഗസ്ഥരായി വരികയില്ലെന്നുള്ളതാണ്. ഇവിടെ മുൻ മന്ത്രി ഡോ. കെ. ടി. ജലീൽ സൂചിപ്പിച്ചതുപോലെ വിശ്വാസത്തിന്റെ മാനദണ്ഡമെന്താണ്; അത് ഏതളവിലാണ് തിട്ടപ്പെടുത്തുക? അതിന് നമുക്ക് കുറച്ച് പ്രയാസമുണ്ട്. 1958-ലെ വഖഫ് ആക്ട് പാസ്സാക്കിയതോടെ 1960 മുതൽ കേരളത്തിൽ വഖഫ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. വഖഫ് എന്ന വാക്കിന്റെ അർത്ഥം പുണ്യമായതും ബാദ്ധ്യതാപൂർണ്ണവുമായ കൈവശപ്പെടുത്തൽ എന്നാണ്. അങ്ങനെ പുണ്യമായതും ബാദ്ധ്യതാപൂർണ്ണവുമായ കൈവശപ്പെടുത്തൽ മസ്ജിദുകളുടെയും യത്തീംഖാനകളുടെയും ദർഗ്ഗകളുടെയും ആരാധനാസ്ഥലങ്ങളുടെയും മൊത്തത്തിലുള്ള കാര്യത്തിൽ ഒരു വഖഫ് എന്നുള്ള വാക്കിന്റെ കീഴിൽ ബോർഡ് സ്ഥാപിതമായി അതിന്റെ പ്രവർത്തനത്തെ നിയന്ത്രിക്കാൻ നിശ്ചിതയോഗ്യതയുള്ളവർ വേണമെന്ന് ഒരു ഗവൺമെന്റ് തീരുമാനിക്കാനുള്ള കാരണമെന്താണ്? ഇവർ താരതമ്യം ചെയ്യുന്നത് ദേവസ്വം ബോർഡുകളിൽ റിക്രൂട്ട്മെന്റ് ബോർഡുകൾ വഴി നിയമനം നടത്തുന്നവെന്നുള്ളതാണ്.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ദേവസ്വം ബോർഡ് റിക്രൂട്ട്മെന്റ് നടത്തുന്നത് കഴകക്കാരൻ, തന്ത്രി, പൂജാരി തുടങ്ങിയ തസ്തികകൾക്കാണ്. വഖഫ് ബോർഡ് പള്ളിയിലെ ഇമാമിനെയോ അതുപോലെയുള്ള ആളുകളെയോ നിശ്ചയിക്കുന്നില്ല. ആ ഓഫീസിലിരിക്കുന്ന ഉദ്യോഗസ്ഥരെയാണ് നിയമിക്കുന്നത് എന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, അതിലേയ്ക്കാണ് ഞാൻ വരുന്നത്. പല ദേവസ്വം ബോർഡുകളിലും പ്രധാന ക്ഷേത്രങ്ങളിലെ തന്ത്രികളെയും മുഖ്യ പൂജാരികളെയും തീരുമാനിക്കുന്നത് കാലപരിധി നിശ്ചയിച്ചും പ്രത്യേക രീതികളിലുമാണ്. കഴകക്കാർ മുതൽ കൊട്ടുകാർ വരെയുള്ള, ക്ഷേത്രങ്ങളനുസരിച്ച് വിവിധ ആചാരക്രമങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരെ തെരഞ്ഞെടുക്കുന്നതിന് അതിന്റേതായ നിഷ്കർഷകൾ ഹിന്ദുമതാചാരപ്രകാരമുണ്ട് എന്നുള്ളതുകൊണ്ട് ഹിന്ദുമത വിശ്വാസികളായ നിയമസഭാ സാമാജികരാണ് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് സ്ഥാപിതമാക്കുന്നതിനുവേണ്ടി മുൻകയ്യെടുക്കുന്നതും അത് നിലവിൽ വരുന്നതും. ഇവിടെ വാദിക്കുന്നത് അത് ഈ മേഖലയിൽ എന്തുകൊണ്ട് കൊണ്ടുവന്നുകൂടാ എന്നാണ്? രണ്ട് മതങ്ങൾക്ക് രണ്ട് ഭിന്നരീതികൾ എന്തിനാണ് എന്നാണ് ചോദിക്കുന്നത്. ഇവിടെ ഇമാമിനെയോ പള്ളിയിലെ ഏതെങ്കിലുമൊരു വിശ്വാസവുമായി ബന്ധപ്പെട്ട തലത്തിൽ പ്രവർത്തിക്കുന്നവരെയോ അല്ല തീരുമാനിക്കുന്നത്. മറിച്ച് ഒരു ഉദ്യോഗസ്ഥ സംവിധാനത്തെയാണ് തീരുമാനിക്കുന്നത്. ദേവസ്വം ബോർഡുകളിലെ നിയമനം ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് വിടുന്നതും ഇതും പൂർണ്ണമായും വ്യത്യസ്തമാണെന്ന വസ്തുത മനസ്സിലാക്കാതെ കാര്യങ്ങളെ കൂട്ടിക്കെട്ടുന്നത് അധോമുഖ വാമനത്വം എന്ന ഇത്തിരിവട്ടംമാത്രം കാണുന്ന ഒരുകാഴ്ചപ്പാടാണ്. ഈ പേര് വരുന്നതുതന്നെ വിശ്വാസത്തിന്റെ അർത്ഥത്തിൽ പരിശോധിച്ചാൽ ദീനുള്ള ഇസ്ലാമികൾക്കറിയാം. ഏറ്റവും ആദ്യം വഖഫ് എന്ന പേര് വരുന്നത് എങ്ങനെയാണെന്ന് അപ്പുറത്തുള്ളവർ മനസ്സിലാക്കണം.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ......(മൈക്ക് ഓഫ്).......

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, ഈമാനും ദീനും എന്താണെന്ന് അറിയില്ലെങ്കിൽ എത്ര ആയത്തും റക്കഅത്തും ചൊല്ലിയാലും കാര്യമില്ല. അത് മനസ്സിലാക്കാനുള്ള ആർജ്ജവം ആദ്യമുണ്ടാകണം. അതാണ് ഒരു ഇസ്ലാമിന്റെ പ്രാഥമിക മതബോധമെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് കഴകക്കാരെയും ശാന്തിക്കാരെയുമാണ് റിക്രൂട്ട് ചെയ്യുന്നതെന്ന് അങ്ങ് പറഞ്ഞു. അവിടത്തെ മിനിസ്റ്റീരിയൽ സ്റ്റാഫിനെ റിക്രൂട്ട് ചെയ്യുന്നത് ആരാണ്?

ശ്രീ. പി. ബാലചന്ദ്രൻ: സർ, ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡും വഖഫ് ബോർഡും തമ്മിലുള്ള വ്യത്യാസം ഞാൻ പറഞ്ഞു. അത് റിക്രൂട്ട്മെന്റ് ബോർഡാണ്. ഹിന്ദു മതവിശ്വാസപ്രകാരമുള്ള ആചാരക്രമങ്ങളനുസരിച്ച് തന്നെയാണ് അവിടെ നിയമനങ്ങൾ നടത്തുന്നത്. വഖഫ് ബോർഡിൽ ഒരു ഹിന്ദുമതവിശ്വാസിയെയും നിയമിക്കാൻ തീരുമാനിച്ചിട്ടില്ല. "എനിക്ക് ഒരു വലിയ തുണ്ട് ഭൂമി കിട്ടി, ഞാൻ അത് എന്ത് ചെയ്യണം" എന്ന് മുഹമ്മദ് നബി സ്വല്ലല്ലാഹു അലൈഹി വസല്ലത്തോട് ഒരിക്കൽ ഖലീഫ ഉമർ ചോദിച്ചു. അപ്പോൾ സാക്ഷാൽ നബി തിരുമേനി പറഞ്ഞു, "അങ്ങ് അതിന്റെ ഉടമസ്ഥനായി അടുത്ത തലമുറകൾക്കും വരുന്ന ഭക്തന്മാർക്കുമായി സൂക്ഷിക്കണം." അങ്ങനെയാണ് 'വഖഫ്' എന്നുള്ള പദംതന്നെ വരുന്നത്. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പറഞ്ഞതുപോലെ ഇതിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതുകൊണ്ട് അവരുടെ വിശ്വാസത്തിന് ഇടിച്ചിലോ കോട്ടമോ തകർച്ചയോ സംഭവിക്കുന്നില്ല. പകരം യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ അവിടെ വരും. വഖഫ് ബോർഡിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള ധാരാളം കാര്യങ്ങൾ ഇവിടെ പറഞ്ഞു. വഖഫ് ബോർഡിന്റെ നിരവധി സ്വത്തുക്കൾ അന്യാധീനപ്പെട്ട് പോയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ബിൽ അവതരിപ്പിക്കുമ്പോൾ പറഞ്ഞു. അവ എങ്ങനെയാണ് അന്യാധീനപ്പെട്ടുപോയിട്ടുള്ളത്; ആരാണ് അത് പരിശോധിക്കേണ്ടത്; ആരാണ് അതിന്റെ നിയന്ത്രണ സ്ഥാനത്തുണ്ടാകേണ്ടത്? അത് ഉദ്യോഗസ്ഥരാണെങ്കിൽ അവർ കഴിവുള്ളവരായിരിക്കണം. അവരിലൂടെ നല്ലരീതിയിൽ അത് കൊണ്ടുപോകാൻ സാധിക്കണം.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഈ സഭയിൽത്തന്നെ ഒരംഗം ഉന്നയിച്ച കാര്യമാണ് ഞാൻ സൂചിപ്പിക്കുന്നത്. വഖഫ് ബോർഡിന്റേതായി മലപ്പുറം ജില്ലയിൽ നൂറ്റിയിരുപത് ഏക്കർ ഭൂമിയും കേരളത്തിന്റെ പ്രധാനപ്പെട്ട ജില്ലകളായ കൊച്ചിയും കണ്ണൂരും ഉൾപ്പെടെ പല സ്ഥലങ്ങളിലായി നൂറുകണക്കിന് ഏക്കർ ഭൂമിയും അന്യാധീനപ്പെട്ടുപോയതിനെ സംബന്ധിച്ച് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ബാലചന്ദ്രൻ: സർ, പൊതുവിൽ സ്വത്തുക്കൾ അന്യാധീനപ്പെട്ടുപോയിട്ടുണ്ട്, എന്നുപറഞ്ഞാൽ അവയിൽ പലതും കൈമോശം വന്നുപോയിട്ടുണ്ട് എന്നാണർത്ഥം. അത് മസ്ജിദിന്റേതായാലും നമ്മൾ നോക്കേണ്ടതാണ്. ഇവിടെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടതിനെക്കുറിച്ച് വിരൽ ചൂണ്ടുന്നവരോട് എനിക്ക് പറയാനുള്ളത്, തലപോയ ഒരു സമുദായത്തിന്റെ അവസ്ഥ നിങ്ങൾ ഇന്ത്യയിൽ പരിശോധിക്കണമെന്നാണ്. വഖഫ് ആക്ട് പോലുള്ള സുസംഘടിതമായ ആക്ടുകളുള്ള ഈ മണ്ണിൽ 460-ൽപ്പരം വർഷം പഴക്കമുള്ള

ബാബറി മസ്ജിദ് തകർത്തെറിയുമ്പോൾ അതിനെതിരെ ഒരക്ഷരം ഉരിയാടാതെ, പതിനെട്ട് ഭാഷയറിയുന്ന പ്രധാനമന്ത്രിമാർ ഭരിച്ച നാടാണിത്. അന്നൊന്നും ഉണരാത്ത വർഗ്ഗീയ സ്നേഹം, മതസ്നേഹം, അന്നൊന്നും ആളിക്കത്താത്ത രോഷം ഈ നൂറുപേരുടെ നിയമനക്കാര്യം പി.എസ്.സി.-ക്ക് വിട്ടാൽ എങ്ങനെയാണ് സംഭവിക്കുന്നത് എന്നെനിക്ക് മനസ്സിലാകുന്നില്ല.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ബഹുമാനപ്പെട്ട അംഗം, വഖഫ് സ്വത്തുക്കളുടെ സംരക്ഷണത്തിനുവേണ്ടി കഴിവുള്ള ഉദ്യോഗാർത്ഥികൾ വഖഫ് ബോർഡിൽ വരേണ്ടതുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. ഇന്നലെ ഈ സഭയിൽ ചർച്ചയ്ക്കെടുത്ത ഒരു വിഷയമുണ്ട്. മുല്ലപ്പെരിയാറിലെ മരം മുറിച്ചത് റിക്രൂട്ട്മെന്റ് ഏജൻസി മുഖേനയോ മറ്റാരെങ്കിലുമോ നിയമിച്ച ഉദ്യോഗസ്ഥരായിരുന്നില്ല. അവിടെ ശരിയായ രീതിയിൽ വന്ന, കഴിവും ശേഷിയുമുള്ള ഉദ്യോഗസ്ഥരാണ് അതിന് കൂട്ടുനിന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെയുള്ള ആളുകൾ പറയുകയുണ്ടായി. രണ്ട് സംസ്ഥാനത്തെ ബാധിക്കുന്നതും രാജ്യത്ത് വർഷങ്ങളായി ചർച്ച ചെയ്യപ്പെടുന്നതുമായ മുല്ലപ്പെരിയാറിലെ മരം മുറിക്കാനും മോഷ്ടിക്കാനും അതിനുവേണ്ട തീരുമാനങ്ങളെടുക്കാനും ഉദ്യോഗസ്ഥർക്ക് സാധിച്ചുവെങ്കിൽ വഖഫ് സ്വത്തുക്കളുടെ സംരക്ഷണത്തിന് പി.എസ്.സി. മുഖേന ...(മൈക്ക് ഓഫ്)....

ശ്രീ. പി. ബാലചന്ദ്രൻ: സർ, കാനയിലെ വെള്ളം എന്നുപറഞ്ഞാൽ ദോശയിലെ തുളകൾ എന്നാണ് ശ്രീ. കുറുക്കോളി മൊയ്തീൻ പറയുന്നത്. ഇത് പരസ്പരം പൊരുത്തപ്പെടുന്നതല്ല. മനസ് വ്രണപ്പെടുമ്പോഴുണ്ടാകുന്ന പ്രശ്നമാണ്. അതുകൊണ്ട് ഞാൻ അതിന് മറുപടി പറയുന്നില്ല. ബേബി ഡാമിനടുത്ത മരം മുറിച്ചതും മറ്റും ഇവിടെ ചർച്ച ചെയ്തതാണ്. ഇപ്പോൾ വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്ന കാര്യമാണ് ചർച്ച ചെയ്യുന്നത്. അതുകൊണ്ട് വിഷയവുമായി ബന്ധപ്പെട്ട് എന്ത് പറഞ്ഞാലും ഞാൻ അതിന് മറുപടി പറയാം. കുറ്റമറ്റ രീതിയിൽ വഖഫ് ബോർഡിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രതിജ്ഞാബദ്ധമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിക്കുന്ന കേരളത്തിൽ ന്യൂനപക്ഷ പീഡനമോ വർഗ്ഗീയ ആക്രമണങ്ങളോ ഇതുവരെ ഉണ്ടാകാത്തതിനുകാരണം കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ന്യൂനപക്ഷങ്ങളുടെ മതതാല്പര്യങ്ങൾ സംരക്ഷിക്കുന്നു എന്നുള്ളതുകൊണ്ടാണ്. അത് ശ്രീ. കുറുക്കോളി മൊയ്തീനെപ്പോലുള്ളവർ മനസ്സിലാക്കണം.

ശ്രീ. പി. ടി. എ. റഹീം: സർ, കാട്ടിലെ മരം മുറിക്കുന്ന കാര്യമല്ല ഇവിടെ പറയുന്നത്, പള്ളിക്കാട്ടിലെ മരമെടുക്കുന്ന കാര്യമാണ്. അവർക്ക് അതിൽ മാത്രമേ താല്പര്യമുള്ളൂ. വിശ്വാസികളായിരിക്കണം ഉദ്യോഗസ്ഥരെന്ന് വഖഫ് ആക്ടിൽ എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോ? രണ്ടാമത്തെ വിഷയം, ശ്രീ. പാണക്കാട്

സയ്യിദ് റഷീദലി ശിഹാബ് തങ്ങൾ ചെയർമാനായിരിക്കുന്ന അവസരത്തിലാണ് ഈ നിയമമുണ്ടാക്കാൻ സർക്കാർ മുന്നോട്ടുവന്നത്. സംസ്ഥാന മുസ്ലീം ലീഗ് കമ്മിറ്റിയുടെ വൈസ് പ്രസിഡന്റായിരുന്ന അദ്ദേഹം ഇന്നുവരെ അദ്ധ്യക്ഷത വഹിച്ചിട്ടില്ല എന്നുള്ളത് വേറൊരു കാര്യം. ബഹുമാനപ്പെട്ട എം. സി. മായിൻ ഹാജി ഉൾപ്പെടെയുള്ള പണ്ഡിതന്മാരെല്ലാമുള്ള വഖഫ് ബോർഡാണ് സർക്കാരിനോട് ഇങ്ങനെയൊരു നിയമം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടത് എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നുമാത്രമല്ല, ഇവിടെ ഭൂരിപക്ഷാംഗങ്ങളും ഈ ബില്ലുമായി ബന്ധപ്പെട്ട് സംസാരിക്കുന്നത് ഒരു വലിയ തലമുറതന്നെ പ്രവർത്തിച്ചുവന്ന പാരമ്പര്യമുള്ള പാണക്കാട് തറവാടിനെപ്പറ്റിയാണ്. ഐശ്വര്യപൂർണ്ണമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ആ മതവിഭാഗത്തിന്റെ പ്രബോധനത്തിനും ഉത്കർഷത്തിനുംവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു തറവാടാണത്. അവിടെനിന്നുള്ള ഒരു ബഹുമാന്യദ്ദേഹം ഇതിന്റെ നേതൃസ്ഥാനത്ത് വരുന്നതുകൊണ്ട് ഒന്നുമില്ല. പക്ഷേ അതല്ല, വഖഫ് ബോർഡിന്റെ നിയമനങ്ങൾ ഇടതുപക്ഷ ഗവൺമെന്റ് പി.എസ്.സി.-ക്ക് വിടുന്നു എന്നുള്ളതാണ് അവരുടെ പ്രതിഷേധത്തിന്റെ കാരണം.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, താങ്കൾ പറഞ്ഞതുതന്നെയാണ് ശരി. ഈ പറഞ്ഞ പാണക്കാട് കുടുംബത്തിൽപ്പെടുന്ന ശ്രീ. പാണക്കാട് സയ്യിദ് റഷീദലി ശിഹാബ് തങ്ങൾ അടക്കമുള്ളവർ ഇങ്ങനെയൊരു നിയമമുണ്ടാക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെട്ടതിന്റെകൂടി അടിസ്ഥാനത്തിൽ ഒരു തീരുമാനമെടുക്കുമ്പോൾ, ഇടതുപക്ഷം വർഗ്ഗീയ ധ്രുവീകരണം നടത്തുന്നുവെന്നുള്ള പ്രചരണമുണ്ടാക്കാൻ ശ്രമിക്കുകയാണ്. ഇത് ഒരു രാഷ്ട്രീയ ലക്ഷ്യത്തിനു വേണ്ടിയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് എന്തുകൊണ്ട് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുപോലെ ഒരു റിക്രൂട്ട്മെന്റ് ബോർഡുണ്ടാക്കിക്കൂടായെന്നുള്ളതാണ്. മൊല്ലാക്കമാരെയും ഇമാമുമാരെയും ഖത്തീബ്മാരെയും അടക്കമുള്ളവരെ വഖഫ് ബോർഡിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിയമിക്കുന്നതിന്, അത്തരത്തിലൊരു റിക്രൂട്ട്മെന്റ് ബോർഡുണ്ടാക്കിക്കഴിഞ്ഞാൽ വലിയ കലാപമായിരിക്കും മുസ്ലീം സംഘടനകളുടെ ഇടയിലുണ്ടാകുക. ഇപ്പോൾ അങ്ങനെയുള്ള ഒരു തീരുമാനമെടുക്കാനോ അത്തരത്തിലുള്ള സംഘടനകളോ സ്ഥാപനങ്ങളോ നടത്തുന്ന നിയമനങ്ങളിൽ ഉസ്താദുമാരെ നിയമിക്കുന്നതിലോ മറ്റുള്ള കാര്യങ്ങളിലോ ഒന്നും ഇടപെടാൻ തീരുമാനിച്ചിട്ടില്ല. എന്നുമാത്രമല്ല, വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാനുള്ള പ്രധാനപ്പെട്ട കാരണം, സ്ഥിര നിയമനങ്ങളല്ലാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി താൽക്കാലികമായി

ആളുകളെ നിയമിക്കുകയും കുറച്ചുകാലം ജോലി ചെയ്യുകയും പിന്നീട് അവർ മാറിപ്പോകുകയും ചെയ്യുമ്പോൾ ഈ വഖഫ് ബോർഡിന് ഒരു കെട്ടുറപ്പില്ലാതെ അതിന്റെ ഭരണപരമായ കാര്യങ്ങൾ മുന്നോട്ടുപോകുകയാണ് എന്നുള്ളതു കൊണ്ടാണ്. അതിന് കൃത്യമായി ഒരു കെട്ടുറപ്പുണ്ടാക്കി വഖഫ് ബോർഡിനെ സംരക്ഷിക്കാനും കൃത്യതയുണ്ടാക്കാനുംവേണ്ടിയാണ് നിലവിൽ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്ന കുറച്ച് ഉദ്യോഗസ്ഥരുടെ നിയമനം പി.എസ്.സി.-ക്ക് വിടുന്നത് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ?

ശ്രീ. പി. ബാലചന്ദ്രൻ: സർ, അത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതു കൊണ്ടാണല്ലോ ഇങ്ങനെയൊക്കെ ഇത്രനേരം സംസാരിച്ചത്. അത് ശ്രദ്ധയിൽപ്പെടാത്തവർക്ക് എത്ര പറഞ്ഞാലും മനസ്സിലാകില്ല. ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി ഇവിടെയുണ്ട്. അദ്ദേഹത്തിന് ഇതിന്റെ പൊരുൾ കുറെ മനസ്സിലായിട്ടുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഒരു സ്റ്റേറ്റ് ഗവൺമെന്റ് ഏതെങ്കിലും മതന്യൂനപക്ഷത്തിന്റെ നല്ല ഭാവിക്കുവേണ്ടി, അവരുടെ വിശ്വാസികളുടെ വിശ്വാസം സംരക്ഷിച്ചുകൊണ്ടുതന്നെ ഒരു ജനാധിപത്യവത്കരണ പ്രക്രിയയുടെ ഭാഗമായി അതിനെ ക്രോഡീകരിച്ച് ഒരു നിയമസംഹിതയുടെയും ഉദ്യോഗസ്ഥ നിയമ സംവിധാനത്തിന്റെയും ഭാഗമാക്കി കൊണ്ടുവരുന്നുവെന്നുള്ളത് ആ മതവിഭാഗത്തോടും വിശ്വാസത്തോടും കാണിക്കുന്ന ആദരവായി കാണണം. ഗവൺമെന്റിന്റെ ഔദ്യോഗിക ഉദ്യോഗസ്ഥ സംവിധാനത്തെ നിയന്ത്രിക്കുകയും നിർണ്ണയിക്കുകയും ചെയ്യുന്ന ഒരു പ്രധാനപ്പെട്ട സംവിധാനത്തിലേയ്ക്ക് വഖഫ് ബോർഡ് വരുന്നുവെന്നത് അതിന് കിട്ടുന്ന ഒരു അംഗീകാരമായാണ് ഞാൻ കാണുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഈ ബില്ലിനെ അനുകൂലിക്കുകയും പരിപൂർണ്ണമായി പിന്താങ്ങുകയും ചെയ്തുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് ചുമതലപ്പെടുത്തിയതുപ്രകാരം പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് ശ്രീ. പി. ബാലചന്ദ്രൻ സംസാരിച്ചപ്പോൾ ഇടപെട്ടുകൊണ്ട് ശ്രീ. പി. ടി. എ. റഹീം പറഞ്ഞു, പാണക്കാട് സയ്യിദ് റഷീദലി ശിഹാബ് തങ്ങൾ അടക്കമുള്ളവർ പങ്കെടുത്ത കമ്മിറ്റിയിൽ അംഗീകരിച്ച കാര്യംതന്നെയാണ് ബില്ലിൽ അവതരിപ്പിക്കുന്നതെന്ന്. അത് തീർത്തും തെറ്റാണ്, അവർ അംഗീകരിച്ചിട്ടില്ല. അവരെല്ലാം ഇതിന് പൂർണ്ണമായും

എതിരായിരുന്നു. അംഗീകരിക്കാതെയാണ് അന്നത്തെ യോഗം പിരിഞ്ഞത്. വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാനുള്ള സർക്കാരിന്റെ നിഗൂഢമായ, നിയമ സർവ്വീസ് പ്രശ്നങ്ങളുണ്ടാക്കാവുന്ന നിലപാടാണ് ഈ ബില്ലിലൂടെ പുറത്തുവരുന്നത്. ഇതൊരു രാഷ്ട്രീയ ഗൂഢാലോചനയാണ്. ബാബ്റി മസ്ജിദിന്റെ തകർച്ചയെക്കുറിച്ചും വർഗ്ഗീയ ഫാസിസ്റ്റ് ശക്തികളുടെ കടന്നുകയറ്റത്തെയുംകുറിച്ച് ശ്രീ. പി. ബാലചന്ദ്രൻ ഇവിടെ സൂചിപ്പിച്ചു. കാശിക്കും മധുരയ്ക്കും പുറമേ ഒട്ടേറെ സ്ഥലങ്ങൾ ഇനിയും കയ്യടക്കാനുണ്ടെന്ന വാദം അവർ ഉയർത്തുന്ന ഈ സന്ദർഭത്തിൽ, ന്യൂനപക്ഷങ്ങളുടെ മൗലികാവകാശങ്ങൾ ഇല്ലാതാക്കാൻ ഫാസിസ്റ്റുകൾ മുന്നോട്ടുവരുന്ന അവസരത്തിന് ഒന്നുകൂടി ബലം നൽകുന്ന രൂപത്തിലാണ് ഈ ബിൽ. മുസ്ലീം സമൂഹത്തിന് മാത്രമായുള്ള അധികാരകേന്ദ്രങ്ങളിൽ മറ്റുള്ളവർക്ക് കടന്നുകയറാവുന്നതരത്തിലുള്ള ഈ നിയമത്തിന് തീർത്തും എതിരാണ് എന്ന് പറയാതിരിക്കാൻ വയ്യ. ഇത് മതനിരാസ നിലപാടുകളുമായി മുന്നോട്ടുപോകുന്ന സർക്കാരിന്റെ രാഷ്ട്രീയമായ ഹിഡൻ അജണ്ടയാണ് എന്നതിനും സംശയമില്ല. ബഹുമാനപ്പെട്ട മന്ത്രി 'താങ്കളെ കാലം വിസ്തരിക്കപ്പെടും' എന്ന കാര്യത്തിൽ എനിക്ക് സംശയമില്ല. കാരണം വരാനിരിക്കുന്ന കാലഘട്ടങ്ങളിൽ മുസ്ലീം സമുദായത്തിനടക്കം നഷ്ടപ്പെടാനിരിക്കുന്ന ഒരുപാട് അവസരങ്ങളുടെ വലിയതലം ഇതിന്റെ പിറകിൽ വരാനിരിക്കുന്നുവെന്നുള്ളതുകൊണ്ട് നാളെ കാലം ക്രൂശിക്കപ്പെടുന്ന ഒരാളായി അങ്ങ് മാറുന്നതിൽ വളരെ വേദനാജനകമായ അവസ്ഥയുണ്ടെന്ന് സന്ദർഭോചിതമായി സൂചിപ്പിക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, ചർച്ചയ്ക്കിടയിൽ ഇടപെട്ടുകൊണ്ട് ബഹുമാനപ്പെട്ട ഒരംഗം പറഞ്ഞു "വഖഫ് ബോർഡ് ചെയർമാനും ബോർഡ് അംഗങ്ങളും ഇത് അംഗീകരിച്ചിട്ടുണ്ട്" എന്ന്. ഞാൻ ബഹുമാനപ്പെട്ട മുൻ ചെയർമാൻ പാണക്കാട് സയ്യിദ് റഷീദലി ശിഹാബ് തങ്ങളുമായും ആ കമ്മിറ്റിയിലെ അംഗങ്ങളായിരുന്ന എം. സി. മായിൻ ഹാജി, അഡ്വ. സൈനുദ്ദീൻ തുടങ്ങിയ എല്ലാവരുമായും ഫോണിൽ ബന്ധപ്പെട്ടു. അങ്ങനെ ഒരു സംഭവം ഉണ്ടായിട്ടില്ല. വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനെ ശക്തമായി എതിർക്കുകയും ബോർഡ് ചെയർമാന്റെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട തിരൂരങ്ങാടി എം.എൽ.എ. ശ്രീ. കെ. പി. എ. മജീദ്, നിയമസഭാ പാർട്ടി ഡെപ്യൂട്ടി ലീഡർ ഡോ. എം. കെ. മുനീർ ഉൾപ്പെടെയുള്ള എല്ലാ സംഘടനാ നേതാക്കന്മാരും പങ്കെടുത്ത പ്രതിഷേധ സമരം സെക്രട്ടേറിയറ്റിന് മുമ്പിൽ നടന്നിട്ടുണ്ട്. സഭയെ തെറ്റിദ്ധരിപ്പിക്കുന്ന കാര്യങ്ങളാണ് ഇവിടെ പറഞ്ഞുകൊണ്ടിരുന്നത്. ഇക്കാര്യങ്ങൾ രേഖയിലുണ്ടാകാൻ പാടില്ല.

മി. ചെയർമാൻ : അങ്ങ് പ്രസംഗം തുടരണം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, അങ്ങനെ ഉണ്ടായിട്ടില്ല എന്ന് ഞാൻ നേരത്തെ വ്യക്തമാക്കിയിരുന്നു.

ശ്രീ. കെ. ബാബു (നെന്മാറ): സർ, .....(മൈക്ക് ഓഫ്)......

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനുവേണ്ടി നേരത്തെ ശ്രീ. മുഹമ്മദ് മുഹസിൻ ഉയർത്തിയ വാദമുഖം, ബോർഡിലെ നിയമനങ്ങൾ റിക്രൂട്ട്മെന്റ് ബോർഡിന് നൽകിയാൽ അവരെ താൽക്കാലിക അടിസ്ഥാനത്തിൽ മാത്രമാണ് നിയമിക്കപ്പെടുക എന്നാണ്. സ്ഥായിയായി ഏറ്റവും കഴിവുള്ള ഉദ്യോഗസ്ഥരെ കിട്ടുവാൻ വേണ്ടിയാണ് ഈ ബിൽ എന്നും പറഞ്ഞു. യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെയും സ്ഥിരജീവനക്കാരെയും ദേവസ്വം ബോർഡിൽ നിയമിച്ചുകൂടെ? ദേവസ്വം ബോർഡിൽ പറ്റാത്ത കാര്യം വഖഫ് ബോർഡിൽ അടിച്ചേൽപ്പിക്കുന്നതിൽ വിവേചനമില്ലേ; ഇക്കാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ഞാൻ പറയാത്ത കാര്യമാണിവിടെ പറഞ്ഞത്. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുപോലെ ഒരു റിക്രൂട്ട്മെന്റ് ബോർഡുണ്ടായിക്കഴിഞ്ഞാൽ വഖഫ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഉസ്താദ്, മൊല്ലാക്ക, മുക്രി, കത്തീബ്, മുദരിസ് അടക്കമുള്ളവരെയും റിക്രൂട്ട്മെന്റ് ബോർഡിന്റെ ഭാഗമായി നിയമിക്കേണ്ടിവരും. അങ്ങനെയുള്ള സാഹചര്യം വന്നാൽ സമുദായത്തിലെ സംഘടനകൾക്ക് ബുദ്ധിമുട്ടുണ്ടാകുമെന്നാണ് ഞാൻ പറഞ്ഞത്.

മി. ചെയർമാൻ: യെസ്.......യെസ്......, അങ്ങ് പ്രസംഗം തുടരൂ...

ഡോ. കെ. ടി. ജലീൽ: സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ പ്രസംഗത്തിലിടപെട്ടുകൊണ്ട് ബഹുമാനപ്പെട്ട അംഗം പി. ഉബൈദുള്ള ചില കാര്യങ്ങൾ പറഞ്ഞു. 2016-ന്റെ അവസാനത്തിലാണ് വഖഫ് ബോർഡ് ഇങ്ങനെയൊരു തീരുമാനമെടുക്കുന്നത്. അന്ന് ഞാനും ശ്രീ. റഷീദലി തങ്ങളും ആ മീറ്റിംഗിൽ പങ്കെടുത്തിരുന്നു. ആ കമ്മിറ്റിയിൽ ഇങ്ങനെയൊരു നിർദ്ദേശം വച്ചപ്പോൾ ആ തീരുമാനത്തിൽ ഞങ്ങൾക്ക് വിരോധമില്ലെന്നാണ് ഐകകണ്ഠ്യേന പറഞ്ഞത്. ഇവിടെ പങ്കുവച്ചതുപോലുള്ള ചില ആശങ്കകൾ, അതായത് മറ്റുള്ള സമുദായത്തിൽപ്പെടുന്ന ആളുകൾ കടന്നുവരുമെന്നുള്ള ആശങ്ക അന്നവിടെയും പറയുകയുണ്ടായി. ഈ നിയമത്തിലെ മൂന്നാം വകുപ്പ് പറയുന്നത് "വഖഫ് ബോർഡിന്റെ കീഴിലുള്ള ഭരണപരമായ സർവ്വീസുകളെ സംബന്ധിച്ച് പബ്ലിക്

സർവ്വീസ് കമ്മീഷന്റെ ചുമതലകൾ:- (1) വഖഫ് ബോർഡിലെ ഭരണപരമായ സർവ്വീസുകളിലെ എല്ലാ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നേരിട്ടുള്ള നിയമനംവഴി നിയമിക്കുന്നതിനുവേണ്ടി മുസ്ലീം സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കേണ്ടത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലയായിരിക്കുന്നതാണ്" എന്നാണ്.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, ഇവിടെ രണ്ട് ബോർഡുകളുണ്ട്. അതായത് വഖഫ് ബോർഡും ദേവസ്വം ബോർഡും. രണ്ടിലും പി.എസ്.സി. വഴി നിയമനം നടത്താൻ പോകുന്നുവെന്നാണ് പറഞ്ഞത്. കാബിനറ്റ് ചേർന്നപ്പോൾ അങ്ങ് ഒന്നും മിണ്ടിയില്ല. അങ്ങ് വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചു. ദേവസ്വം ബോർഡിലെ കാര്യം വന്നപ്പോൾ അങ്ങ് ഒന്നും മിണ്ടിയില്ല.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, 2006-2011-ലെ എൽ.ഡി.എഫ്. സർക്കാർ ദേവസ്വം നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചു. യു.ഡി.എഫ്. ഗവൺമെന്റ് വന്നപ്പോൾ പി.എസ്.സി.-ക്ക് വിടുന്നത് ഒഴിവാക്കി ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചു. പി.എസ്.സി.-ക്ക് വിടണമെന്ന് ഇവർക്ക് ആത്മാർത്ഥതയുണ്ടായിരുന്നെങ്കിൽ കഴിഞ്ഞ പിണറായി സർക്കാരിന് വീണ്ടും അത് പി.എസ്.സി.-ക്ക് വിടാമായിരുന്നില്ലേ? അത് വിട്ടില്ലല്ലോ. ഇപ്പോഴും വിടാമല്ലോ, അതിന് ഇവരാരും തയ്യാറാകുന്നില്ലല്ലോ. ഇതല്ലേ വിവേചനം?

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, കൃത്യമായും അതുതന്നെയാണ് ഞങ്ങൾ പറയുന്നത്. ആ വിവേചനമുണ്ടാകുന്ന തരത്തിലുള്ള ബിൽ അവതരിപ്പിച്ചുകൊണ്ട് സമുദായത്തിനും സമൂഹത്തിനും അങ്ങനെയൊരു അന്തഃച്ഛിദ്രമുണ്ടാക്കാൻ ഈ സർക്കാർ ശ്രമിക്കുകയാണെന്നതുതന്നെയാണ് ഞങ്ങൾ ഇതിലൂടെ പറഞ്ഞുകൊണ്ടുവരുന്നത്. ഇവിടെ ശ്രീ. പി. ഉബൈദുള്ള കേന്ദ്ര വഖഫ് ബോർഡിലെ ആക്റ്റും അതിലുള്ള കൃത്യമായ കാര്യങ്ങളും സൂചിപ്പിച്ചു. സർക്കാരിന്റെ ഒരു അനുമതിയും ഇതിന്റെ പേരിൽ ആവശ്യമില്ല. അതിന്റെ പേരിലാണ് നിയമവിരുദ്ധമായ നടപടിക്ക് സർക്കാർ ഒരുങ്ങുന്നത്. ആറ് പതിറ്റാണ്ടുകളായി വഖഫ് ബോർഡിന്റെ നിയമനമടക്കമുള്ള സേവന ചരിത്രം സുതാര്യവും നിഷ്പക്ഷവുമാണെന്നിരിക്കെ ഇത്തരമൊരു നീക്കം രാജ്യവ്യാപകമായി തെറ്റായ കീഴ്വഴക്കങ്ങളുണ്ടാക്കാൻ കാരണമാകും. ഒരു മതവിഭാഗത്തിൽപ്പെട്ടവരെമാത്രം നിയമിക്കുന്നതരത്തിലേയ്ക്ക് ഒരു ഭരണഘടനാ സ്ഥാപനത്തെ നിങ്ങൾ കൊണ്ടുചെന്നെത്തിക്കുകയാണ്. വഖഫ് ബോർഡിന്റെ നിയമനങ്ങളിൽ സർക്കാർ കൈകടത്തലുണ്ടാകുന്നത് ഭരണഘടനാപരമായ അവകാശങ്ങളുടെ ലംഘനം കൂടിയാകും. നാളിതുവരെ വഖഫ് ബോർഡിന്റെ നിയമനങ്ങളെപ്പറ്റി ഒരാക്ഷേപമോ,

പരാതിയോ, വിജിലൻസ് കേസോ ഉണ്ടായിട്ടില്ല. നിയമനം സുതാര്യമല്ലെന്ന തരത്തിലുള്ള പരാതി ഈ ഗവൺമെന്റിന് എപ്പോഴെങ്കിലും ലഭിച്ചിട്ടുണ്ടോ? ഇല്ല. യഥാസമയം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി യാതൊരു ആക്ഷേപവും കൂടാതെ ആറ് പതിറ്റാണ്ടുകളായി നടത്തിവരുന്ന നിയമനത്തെയാണ് പി.എസ്.സി.-ക്ക് വിടണമെന്ന് തീരുമാനിച്ചത്. ബഹുമാന്യരായ കെ. ബാബു (തൃപ്പൂണിത്തുറ), പി. ഉബൈദുള്ള എന്നിവർ സൂചിപ്പിച്ചതുപോലെ വിവേചന താൽപര്യംമൂലമാണ് എന്നുപറയുകയാണ്. അതോടൊപ്പംതന്നെ നൂറ് ശതമാനം മുസ്ലീങ്ങൾക്കുമാത്രമായി പി.എസ്.സി. നിയമനം ഉറപ്പുവരുത്താൻ ഇതിന് സാധിക്കില്ല. നിയമനം പി.എസ്.സി.-ക്ക് വിടുമ്പോഴുണ്ടാകുന്ന അപകടകരമായ അവസ്ഥ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്ന് മാത്രമേ ആളുകളെ എടുക്കാൻ സാധിക്കുകയുള്ളൂ വെന്നതാണ്. അതിന്റെ വിശ്വാസത്തെയും വിശ്വാസമില്ലായ്മയെയും കുറിച്ച് നിങ്ങൾ ചർച്ച ചെയ്തു, ഞാൻ അതിലേയ്ക്ക് പോകുന്നില്ല. നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്ന് ആളുകളെ ഇതിലേയ്ക്ക് നിയമിക്കുമ്പോൾ ജനറൽ വിഭാഗത്തിൽ ആളില്ലാതെവരും. പിന്നീട് ജനറൽ വിഭാഗത്തിലേയ്ക്ക് മുസ്ലീം സമുദായത്തിൽപ്പെട്ടവരെ കൊടുക്കേണ്ടി വരുമ്പോൾ സംവരണം നഷ്ടപ്പെടുന്ന തരത്തിലൂടെയുള്ള ഒരു തലത്തിലേയ്ക്ക് നിയമനങ്ങൾ പോകുമെന്നത് ഇതിന്റെ പിന്നിലുള്ള ഒരു വലിയ വസ്തുതയാണ്. അത് മനസ്സിലാക്കാതിരിക്കരുതെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. അതിനാധാരമായ കാര്യം ശ്രീ. പി. ഉബൈദുള്ള പറയുകയുണ്ടായി. 80:20 എന്നത് കോടതി ഇടപെടലുണ്ടായപ്പോൾ 50:50 ആയി എങ്ങനെ മാറിവന്നുവെന്നുള്ളത് നമുക്കെല്ലാവർക്കുമറിയാം. ഇത് കോടതികൾക്കും മറ്റ് കേസുകൾക്കും മുന്നോട്ടുപോകാവുന്ന ഒരു സാഹചര്യമുണ്ടാക്കുന്ന സ്ഥിതിവരും. ഈ ബിൽ അവതരിപ്പിക്കുന്ന വേളയിൽ കാര്യക്ഷമതയെക്കുറിച്ച് ഭരണപക്ഷത്തു നിന്നുള്ളവർ സൂചിപ്പിച്ചു. ബഹുമാനപ്പെട്ട മന്ത്രിയുടെ ഫേയ്സ്ബുക്ക് പോസ്റ്റിനെക്കുറിച്ചും പറഞ്ഞു. ഈ ബോർഡിലെ ആളുകൾ അതിനെതിരെ സമരം നടത്തിയ കഥയൊക്കെ അങ്ങേയ്ക്കറിയാം. കാര്യക്ഷമത വഖഫ് ബോർഡിലെ അംഗങ്ങൾക്കുമാത്രം മതിയോ? വഖഫ് ബോർഡിലെ നിയമനം പി.എസ്.സി.-ക്ക് വിടണമെന്നുപറയുമ്പോഴും യൂണിവേഴ്സിറ്റികളിലെ നിയമനങ്ങൾ ഇതുവരെ പി.എസ്.സി.-ക്ക് വിട്ടിട്ടില്ലല്ലോ? രാജ്യത്തെ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഏറ്റവും ഉന്നതമായ തലങ്ങളിലേയ്ക്ക് പോകാവുന്ന ഒരു സ്ഥാപനത്തിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടണമെന്ന് പറഞ്ഞിട്ടും വിടാതെ, കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇപ്പോൾ നിയമനം നടത്തിക്കൊണ്ടിരിക്കുകയല്ലേ? അത് നടത്തണ്ടായെന്ന് ഗവൺമെന്റ് പറയുന്നില്ലല്ലോ. ഉയരങ്ങളിലേയ്ക്ക് പോകാനുള്ള ആഗ്രഹം ഗവൺമെന്റിനുണ്ടെങ്കിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലല്ലേ പി.എസ്.സി. നിയമനം നടത്തേണ്ടതെന്ന് അങ്ങ് എന്തുകൊണ്ട് ചിന്തിക്കുന്നില്ല?

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, പ്രൊഫ. ആബിദ് <u>ഹു</u>സൈൻ തങ്ങൾ പറഞ്ഞതുപോലെ യൂണിവേഴ്സിറ്റി നിയമനം ഇതുവരെ പി.എസ്.സി.-ക്ക് വിട്ടിട്ടില്ല. സംസ്ഥാനത്തെ ബോർഡുകളിലും കോർപ്പറേഷനുകളിലും നിയമനം നട<u>ത്തു</u>ന്നത് പിൻവാതിലിലൂടെയാണ്. അവിടെ പി.എസ്.സി. പോയിട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനപോലുമല്ല നിയമനം നട<u>ത്തു</u>ന്നത്. പാർട്ടി ഓഫീസിൽനിന്നും കൊടുക്കുന്ന ലിസ്റ്റനുസരിച്ചാണ് അവിടെ നിയമനം നട<u>ത്തു</u>ന്നത്. അതുകൊണ്ട് കേരളത്തിലെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ബോർഡുകളിലെയും കോർപ്പറേഷനുകളിലെയും നിയമനംകൂടി പി.എസ്.സി.-ക്ക് വിടണമെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, തീർച്ചയായുമുണ്ട്. കഴിഞ്ഞകാല ഗവൺമെന്റുകളെല്ലാംതന്നെ ഇവിടങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടണമെന്ന് പറഞ്ഞുകൊണ്ടിരിക്കുന്നതാണ്. അതുകൊണ്ടാണ് യൂണിവേഴ്സിറ്റി അടക്കമുള്ള സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടണമെന്ന് സൂചിപ്പിച്ചത്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, യൂണിവേഴ്സിറ്റി നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടണമെന്ന് 2016-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത് അന്നത്തെ സിൻഡിക്കേറ്റ് പാസ്സാക്കിയതാണ്. യൂണിവേഴ്സിറ്റിയുടെ സ്റ്റാറ്റ്യൂട്ടും ഭേദഗതി ചെയ്തു. പക്ഷേ അതിന് റൂൾ തയ്യാറാക്കുകയോ നിയമമാക്കുകയോ ചെയ്യാതെ സ്വന്തക്കാരെയും പാർട്ടിക്കാരെയും യൂണിവേഴ്സിറ്റിയിൽ നിയമിക്കാനുള്ള വഴിയൊരുക്കുകയാണ്. ഇവിടെ മുഴുവൻ നിയമനങ്ങളും പി.എസ്.സി.-ക്ക് വിടുകയും അവിടെ ആയിരക്കണക്കിന് തസ്തികകളിൽ സ്വന്തക്കാരെ നിയമിക്കുകയും ചെയ്യുന്നു.

<u>മി. ചെയർമാൻ</u>: യെസ്...., യെസ്.....

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, പി.എസ്.സി.-ക്ക് വിടണമെന്ന് തീരുമാനിക്കുകയും അതിന് ചട്ടങ്ങളും റൂളുകളുമുണ്ടാക്കാതെ അവർക്കാവശ്യമുള്ള ആളുകളെ കൊണ്ടുവരാൻവേണ്ടിയുള്ള ശ്രമങ്ങൾ നട<u>ത്തു</u>കയും ചെയ്യുന്ന പരിതാപകരമായ അവസ്ഥയെക്കുറിച്ചാണ് സൂചിപ്പിച്ചത്. അത് സംഭവിക്കരുതെന്നുതന്നെയാണ് ഞങ്ങൾ പറയുന്നത്. ഗുലാംനബി ആസാദിന്റെ കാലഘട്ടത്തിലുണ്ടായിരുന്ന ചർച്ചയും അതിന്റെ റിപ്പോർട്ടും റഹ്മാൻ ഖാന്റെ നേതൃത്വത്തിലുണ്ടായിരുന്ന ചർച്ചയും അതിന്റെ റിപ്പോർട്ടും സംബന്ധിച്ച് നേരത്തെ ശ്രീ. പി. ഉബൈദുള്ള സൂചിപ്പിച്ചു. കാര്യക്ഷമതയുള്ളവരായതുകൊണ്ടുതന്നെയാണ് ഇന്ത്യയിലെ വഖഫ് ബോർഡുകളെക്കുറിച്ച് നടത്തിയ പഠനത്തിൽ കേരളത്തിലെ

വഖഫുകൾ സുരക്ഷിതമാണെന്നും അതിന്റെ മുഴുവൻ ക്രെഡിറ്റും സംസ്ഥാന വഖഫ് ബോർഡിനാണെന്നും Outlook മാഗസിനിൽ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. അപ്പോൾ എല്ലാതരത്തിലും എല്ലാ അധികാരികളും എല്ലാ ആധികാരികമായ രേഖകളും പുറത്തുനിന്നുള്ള ഏജൻസികളും പ്രസിദ്ധീകരണങ്ങളിലടക്കം സാക്ഷ്യപ്പെടുത്തിയ വഖഫ് ബോർഡിനെ ഈ തരത്തിൽ മുന്നോട്ടുകൊണ്ടുപോയി പി.എസ്.സി. വഴി നിയമനം നടത്താൻ ശ്രമിക്കുമ്പോൾ വിവേചനപരമായ നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടെന്നുതന്നെയാണ് ഞങ്ങളുടെ അഭിപ്രായം. മുസ്ലീം സമുദായത്തിന്റെ സ്ഥാപനങ്ങളും ആസ്തികളും സംരക്ഷിക്കുന്നതിനുള്ള ഏക കവചമാണ് വഖഫ് നിയമം. അത് ഒരു സ്ഥലത്ത് ഭേദിച്ച് കാണിച്ചാൽ മറ്റ് സംസ്ഥാനങ്ങൾക്കും അത് മാതൃകയാകും.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഫാസിസ്റ്റുകൾക്ക് മറ്റ് വഖഫ് സ്ഥാപനങ്ങളിലും അവയുടെ സ്ഥലങ്ങളിലുമൊക്കെ കടന്നുകയറാനുള്ള വഴിയുണ്ടാക്കിക്കൊടുക്കുന്ന തരത്തിൽ ഇവിടെ പിന്നാക്ക ന്യൂനപക്ഷത്തിന്റെ സംരക്ഷകരാണെന്ന് പറയുമ്പോൾത്തന്നെ ഇടതുപക്ഷ ഗവൺമെന്റ് ആ നിലപാട് സ്വീകരിക്കുന്നത് ശരിയല്ല. അങ്ങ് അതിന് കൂട്ടുനിൽക്കരുതെന്ന് ബഹുമാന്യനായ മന്ത്രിയോട് സൂചിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. സംസ്ഥാനത്ത് പതിനായിരക്കണക്കിന് പേരെ റിക്രൂട്ട് ചെയ്യുന്ന സഹകരണ മേഖലയടക്കമുള്ള സ്ഥാപനങ്ങളിൽ ഈ നിലപാട് സ്വീകരിക്കുന്നില്ല. വർഷങ്ങളായി വഖഫിന്റെ പ്രവർത്തനങ്ങൾ ഭംഗിയായി മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. നിരവധി താൽക്കാലിക ജീവനക്കാർ അവിടെയുണ്ട്. അവർ ആശങ്കയിലാണ്, ഭൂരിഭാഗവും പ്രായപരിധി കഴിഞ്ഞവരാണ് അവിടെയുള്ളത്. ഇനി മറ്റൊരു തൊഴിൽ കണ്ടെത്താൻ അവർക്ക് കഴിയില്ല. അതുകൊണ്ടുതന്നെ അവരെ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള നിലപാടെങ്കിലും സ്വീകരിക്കാൻ ഗവൺമെന്റും മന്ത്രിയും തയ്യാറാകണമെന്ന് സന്ദർഭോചിതമായി സൂചിപ്പിക്കുന്നു.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ ഉദ്യോഗസ്ഥ നിയമനങ്ങളിൽ മുസ്ലീം ന്യൂനപക്ഷത്തിന്റെ ബാക്ക്‌ലോഗ് കണ്ടെത്തിയത് ഏഴായിരത്തിന് മുകളിലാണെങ്കിൽ നിലവിലത് പതിനായിരത്തിന് മുകളിലായിട്ടുണ്ട് എന്നുള്ളത് സ്വാഭാവികമാണ്. വഖഫ്

നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊണ്ട് ആ വിടവടയ്ക്കാനാണ് സർക്കാർ ശ്രമം നടത്തുന്നത്. പി.എസ്.സി. വഴി വഖഫ് ബോർഡിലേയ്ക്ക് നിയമനം നടത്തുന്നത് മറ്റ് സർക്കാർ സർവ്വീസ് മേഖലകളിലെ ജനറൽ ക്വാട്ടയിൽനിന്നുള്ള മുസ്ലീം അവസരം ഇല്ലാതാക്കാൻ കാരണമാകും. ഇത്തരത്തിലുള്ള വിഷയങ്ങളിൽ വഖഫ് ബോർഡ് നൽകിയ അപേക്ഷയിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ആ തരത്തിലാണ് വഖഫ് ബോർഡിലേയ്ക്കുള്ള നിയമനങ്ങളുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, മറ്റൊരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് സംസ്ഥാനത്ത് വഖഫ് കേസ്സുകൾ കൈകാര്യം ചെയ്യാൻ കൊല്ലം, കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽ ട്രിബ്യൂണലുകളുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ കോഴിക്കോട് മാത്രം നിലനിർത്തി മറ്റുള്ളവ നിർത്തലാക്കി. കേരളത്തിന്റെ മറ്റ് ജില്ലകളിലുള്ളവർ വഖഫുമായി ബന്ധപ്പെട്ട കേസ്സുകൾക്ക് കോഴിക്കോട് പോകേണ്ട സാഹചര്യമാണ് നിലവിലുള്ളത്. 1995-ലെ വഖഫ് ആക്ട് ഭേദഗതി വരുത്തി ട്രിബ്യൂണലുകൾ സ്ഥാപിച്ചത് ജമാഅത്തുകളുടെയും അതിലെ അംഗങ്ങളുടെയും സൗകര്യത്തിനും വഖഫ് സ്വത്തുകൾ അന്യാധീനപ്പെടാതിരിക്കുവാനും വേണ്ടിയാണ്. എന്നാൽ അവ നിർത്തലാക്കിയതോടെ പ്രത്യേകിച്ച് തെക്കൻ ജില്ലകളിലുള്ളവർക്ക് സാമ്പത്തിക നഷ്ടവും സമയനഷ്ടവുമുണ്ടാകുകയാണ്.

മി. ചെയർമാൻ: പ്ലീസ്...... പ്ലീസ്......

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വിവേചനപരമല്ലാത്ത നിലപാടിലേയ്ക്ക് ഗവൺമെന്റ് പോകുകയും എല്ലാ വിഭാഗങ്ങളിലും ആ തരത്തിലുള്ള നടപടികൾ സ്വീകരിക്കുകയുമാണെങ്കിൽ നമുക്ക് ഒന്നിച്ചുതന്നെ മുന്നോട്ടുപോകാൻ സാധിക്കും. അതല്ലാതെ വഖഫ് ബോർഡിൽമാത്രം ഇത്തരം തെറ്റായ നിലപാട് സ്വീകരിക്കുന്നതിനെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ബില്ലുമായി ബന്ധപ്പെട്ട് വളരെ നല്ല രീതിയിലുള്ള ചർച്ചകളാണ് നടന്നത്. ഇതുമായി ബന്ധപ്പെട്ട് പല അംഗങ്ങളും നിരവധി ആശങ്കകൾ പങ്കുവച്ചെങ്കിലും അക്കാര്യത്തിൽ വ്യക്തമായ അഭിപ്രായവും നിലപാടും ഗവൺമെന്റിനുണ്ട്. ശ്രീ. പി. ബാലചന്ദ്രൻ ബില്ലിന്റെ ഉദ്ദേശ്യശുദ്ധിയെക്കുറിച്ച് വ്യക്തമായി പറയുകയും ശ്രീ. പി. ഉബൈദുള്ള ബില്ലിന്മേൽ വിയോജിപ്പ്

രേഖപ്പെടുത്തുകയുമുണ്ടായി. അദ്ദേഹത്തിന്റെ ആശങ്കകൾ അസ്ഥാനത്താണെന്നാണ് എനിക്ക് പറയാനുള്ളത്. വഖഫ് ബോർഡിൽ നിലവിൽ Scale of Pay-ൽ ജീവനക്കാർ നിയമിതരായിട്ടുണ്ട്. അവരുടെ റിട്ടയർമെന്റ് തീയതിവരെ ബോർഡിൽ തുടരുന്നതിന് അവകാശപ്പെട്ട ജീവനക്കാരാണവർ. വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്ന സാഹചര്യത്തിലും ഇവരെ നിലനിർത്തുന്നതിനുള്ള സ്പെഷ്യൽ റൂൾസുണ്ടാക്കുന്നകാര്യം സർക്കാർ പരിഗണിച്ചുവരികയാണ്. പി.എസ്.സി. ഓരോ തസ്തികയിലും നിയമനം നടത്തുന്നമുറയ്ക്കാണ് താല്കാലികമായി നിയമിച്ചവരെ ഒഴിവാക്കുന്നത്. അത്തരത്തിൽ കൈകാര്യം ചെയ്യുമ്പോൾ ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങളെ അത് ബാധിക്കുന്നില്ല. കൂടാതെ വഖഫ് ബോർഡിന്റെ റെഗുലേഷനിൽ മുമ്പ് വ്യവസ്ഥ ചെയ്തിട്ടുള്ളതിൻപ്രകാരം യോഗ്യതയുള്ള താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. ഇവിടെ സുതാര്യമായ ഒരു സംവിധാനമാണ് പി.എസ്.സി. മുഖാന്തരം ആലോചിക്കുന്നത്. അതിനാൽ ഇക്കാര്യത്തിൽ ആശങ്കപ്പെടേണ്ട കാര്യമില്ല. വഖഫ് ബോർഡിന്റെ ചുമതലകളിൽ പി.എസ്.സി.-യെ ഏൽപ്പിക്കുന്നത് റിക്രൂട്ട്മെന്റ് മാത്രമാണ്. വഖഫ് ബോർഡിൽ നിലവിലുള്ള മാനദണ്ഡംതന്നെയാണ് ജീവനക്കാരെ നിയമിക്കുന്നതിലും ഉപയോഗിക്കുന്നത്. സുതാര്യമായിട്ടുള്ള ഒരു വ്യവസ്ഥിതിയാണിത്. വർഷങ്ങളായി scale of pay-ൽ സേവനമനുഷ്ഠിക്കുന്നവരെ ഇത് ബാധിക്കുന്നില്ലെന്ന കാര്യം അങ്ങയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, വർഷങ്ങളായി അവിടെ ജോലി ചെയ്യുന്ന നിലവിലുള്ള ജീവനക്കാരെ സ്ഥിരപ്പെടുത്തിയതിനുശേഷമാണോ ബാക്കിയുള്ള നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നത്?

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, ബഹുമാനപ്പെട്ട സുപ്രീം കോടതി ഇതുമായി ബന്ധപ്പെട്ട് ഓർഡറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉമാദേവി കേസുമായി ബന്ധപ്പെട്ട വിധിയുണ്ട്. വഖഫ് ബോർഡിൽ 3 ജീവനക്കാർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ ഉമാദേവി കേസ് ഉദ്ധരിച്ചുകൊണ്ടുതന്നെയാണ് വിധി പറഞ്ഞത്. ആ വിധിയിൽ നമുക്ക് ലഭിച്ചിട്ടുള്ള ഡയറക്ഷൻ 'പരിശോധിച്ച് വേണ്ടത് ചെയ്യുക' എന്നാണ്. സ്പെഷ്യൽ റൂൾസിനെ സംബന്ധിച്ച് സർക്കാർ ആലോചിക്കുന്നതുകൊണ്ടാണ് ആശങ്കകൾക്കടിസ്ഥാനമില്ലെന്ന് ഞാൻ പറഞ്ഞത്. വഖഫ് ആക്ടിന്റെ നിലനിൽപ്പിനെക്കുറിച്ചാണ് പ്രധാനമായും പറഞ്ഞ മറ്റൊരു കാര്യം. 1995-ലെ വഖഫ് ആക്ടിൽ 110-ാം വകുപ്പുപ്രകാരം സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതിയോടെ തയ്യാറാക്കിയിട്ടുള്ള റെഗുലേഷനുകൾ

പ്രകാരം വഖഫ് ബോർഡിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നടത്തുന്നത്. വഖഫ് ബോർഡിന്റെ കൃത്യമായുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന ഒരു നിയമനിർമ്മാണമാണിത്. അല്ലാതെ സർക്കാരിന്റെ സ്വന്തം ഇഷ്ടത്തിനല്ല. ഈ വിഷയത്തിൽ മറ്റൊരു സംശയത്തിന് ഇടയില്ല. വഖഫ് ബോർഡിന്റെ പൂർണ്ണമായിട്ടുള്ള ഒരു തീരുമാനം വരുമ്പോൾ അതിനെ അംഗീകരിക്കുകയല്ലേ വേണ്ടത്? ഇങ്ങനെ നിയമനിർമ്മാണം കൊണ്ടുവരുന്നത് ഭരണഘടനാവിരുദ്ധമല്ല; ഭരണഘടനയുടെ 26-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾക്ക് യാതൊരു ലംഘനവും ഈ നിയമനിർമ്മാണം കൊണ്ടുണ്ടാകുന്നില്ല. ഇതാണ് ഈ കാര്യത്തിൽ എനിക്ക് പറയാനുള്ളത്. സമയം വൈകുന്നതിനാൽ മറ്റ് നിരവധി കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ചർച്ചയിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. ഈ കാര്യത്തിൽ നല്ല സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. തീർച്ചയായും ആ രീതിയിൽത്തന്നെ മുന്നോട്ടുപോകും.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വഖഫ് ബോർഡിൽനിന്നും വിവാഹ ധനസഹായവും മറ്റ് സൗകര്യങ്ങളുമൊക്കെ ചെയ്തുകൊടുക്കുന്നുണ്ട്. 2006 ജൂൺ മുതലുള്ള അപേക്ഷകൾ ഇപ്പോഴും കെട്ടിക്കിടക്കുകയാണ്. ഇതുമായി ബന്ധപ്പെട്ടവർക്ക് നൽകുന്ന 10,000 രൂപ കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഇതുമായി ബന്ധപ്പെട്ട് ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. എല്ലാ കുടിശ്ശികകളും അടിയന്തരമായി തീർക്കാൻ തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. തീർച്ചയായും ആ കാര്യത്തിൽ നടപടിയുണ്ടാകും. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: ശ്രീ. പി. ബാലചന്ദ്രൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ബാലചന്ദ്രൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ശ്രീ. പി. ബാലചന്ദ്രൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. ചെയർമാൻ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

185. ഖണ്ഡം 2-ൽ "സന്ദർഭം" എന്നതിനു പകരം "ഉദ്ദേശം" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

186. ഖണ്ഡം 2(എ)-ൽ "കേരള സർക്കാർ" എന്നതിനു പകരം "കേരള സംസ്ഥാന സർക്കാർ" എന്ന് ചേർക്കുക.

ശ്രീ. കെ. പി. എ. മജീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

187. ഖണ്ഡം 2(എ)-ൽ "എന്നർത്ഥമാകുന്നു" എന്നതിന് പകരം "എന്ന് ഉദ്ദേശിക്കുന്നു" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

188. ഖണ്ഡം 2(സി)-ൽ "കീഴിലുള്ള" എന്നതിന് ശേഷം "ഭരണപരമായ" എന്ന് ചേർക്കുക.

ശ്രീ. പി. വി. അൻവർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

189. ഖണ്ഡം 2(സി)-ൽ "സർവ്വീസുകൾ എന്നർത്ഥമാകുന്നു" എന്നതിനു പകരം "ഭരണ സർവ്വീസുകൾ എന്നർത്ഥമാകുന്നു" എന്നത് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

190. ഖണ്ഡം 2(ഡി)-ൽ "രൂപീകരിക്കപ്പെട്ട" എന്നതിന് പകരം "രൂപീകരിച്ച" എന്ന് ചേർക്കുക.

മി. ചെയർമാൻ: 191, 192, 193, 194 എന്നീ നമ്പർ ഭേദഗതികൾ 190-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ചെയർമാൻ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 185-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 186-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ് അവതരിപ്പിച്ച 187-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. വി. അൻവർ അവതരിപ്പിച്ച 189-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

196. ഖണ്ഡം 3(1)-ൽ "ബോർഡിലെ" എന്നതിന് പകരം "ബോർഡിന്റെ കീഴിലുള്ള" എന്ന് ചേർക്കുക.

208. ഖണ്ഡം 3(1)-ൽ "നിയമിക്കുന്നതിനു" എന്നതിന് പകരം "നിയമിക്കുന്നതിന്" എന്ന് ചേർക്കുക.

228. ഖണ്ഡം 3 (1)ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക; "എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിക്ക് മുൻപ് വഖഫ് ബോർഡിന്റെ കീഴിലുള്ള ഭരണപരമായ സർവീസുകളിൽ ഉദ്യോഗസ്ഥരായും ജീവനക്കാരായും താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെടുകയും അങ്ങനെയുള്ള തസ്തികകളിൽ സേവനമനുഷ്ഠിച്ചു വരുകയും ചെയ്യുന്ന അപ്രകാരമുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും അതാത് തസ്തികകളിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച ശേഷം, ശേഷിക്കുന്ന ഒഴിവുകളിലേക്ക് സെലക്ട് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്."

229. ഖണ്ഡം 3(2)(എ)-ൽ "ബോർഡിനുകീഴിലുള്ള" എന്നതിന് പകരം ബോർഡിന്റെ കീഴിലുള്ള" എന്ന് ചേർക്കുക.

236. ഖണ്ഡം 3(2)(ബി)-ൽ "ബോർഡിനുകീഴിലെ ഭരണപരമായ സർവ്വീസുകളിൻ കീഴിലുള്ള" എന്നതിന് പകരം "ബോർഡിന്റെ കീഴിലുള്ള ഭരണപരമായ സർവ്വീസുകളിലെ" എന്ന് ചേർക്കുക.

239. ഖണ്ഡം 3(2)(ബി) -ൽ "തസ്തികകളിലേക്ക്" എന്നതിന് ശേഷം "ഉദ്യോഗസ്ഥരെയും ജീവനക്കാരെയും" എന്ന് ചേർക്കുക.

241. ഖണ്ഡം 3(2)(ബി) -ൽ "നിയമനം നടത്തുന്നതിന് " എന്നതിന് പകരം "നിയമിക്കുന്നതിന് " എന്ന് ചേർക്കുക.

244. ഖണ്ഡം 3(2)(ബി) -ൽ "തത്വങ്ങളിന്മേലും" എന്നതിന് പകരം "തത്വങ്ങളിലും" എന്ന് ചേർക്കുക.

269. ഖണ്ഡം 3(2)ബി-യുടെ ക്ലിപ്തനിബന്ധനയിൽ "സംഗതികൾ" എന്നതിന് പകരം "കാര്യങ്ങൾ" എന്ന് ചേർക്കുക.

276. ഖണ്ഡം 3(3)-ൽ "തമ്മിൽ" എന്നതിന് ശേഷം "(2)-ാം ഉപവകുപ്പ് പ്രകാരം കൂടിയാലോചിക്കുന്ന" എന്നീ ചിഹ്നവും അക്കവും വാക്കുകളും ചേർക്കുക.

289. ഖണ്ഡം 3(3)-ൽ "അതിൻമേലുള്ള" എന്നതിന് പകരം "അതിൻ മേലുള്ള" എന്ന് ചേർക്കുക.

303. ഖണ്ഡം 3(3)-ന്റെ ക്ലിപ്തനിബന്ധന താഴെപ്പറയും പ്രകാരം മാറ്റുക. "എന്നാൽ, പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനെതിരായി സർക്കാർ ഒരു തീരുമാനം എടുക്കുന്നതിന് മുൻപ് ആ കാര്യം പബ്ലിക് സർവ്വീസ് കമ്മീഷന് റഫർ ചെയ്യേണ്ടതാണ്."

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

197.ഖണ്ഡം 3(1)-ൽ "ഭരണപരമായ സർവ്വീസുകളിലെ" എന്നീ വാക്കുകൾ ഒഴിവാക്കുക.

254. ഖണ്ഡം 3(2)(ബി)-ൽ "ഉപദേശം" എന്നതിന് പകരം "നിർദ്ദേശം" എന്ന് ചേർക്കുക.

273. ഖണ്ഡം 3(2)(ബി)-യുടെ ക്ലിപ്തനിബന്ധനയിൽ "സംഗതികൾ" എന്നതിന് പകരം "വിഷയങ്ങൾ" എന്ന് ചേർക്കുക.

300. ഖണ്ഡം 3(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "റഫർ" എന്നതിന് പകരം "റിപ്പോർട്ട്" എന്ന് ചേർക്കുക.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

201. ഖണ്ഡം 3(1)-ൽ "എല്ലാ ഉദ്യോഗസ്ഥരെയും" എന്ന വാക്കിനു ശേഷം "," ചിഹ്നം ചേർക്കുക.

216. ഖണ്ഡം 3 (1)-ൽ "ചുമതലയായിരിക്കുന്നതാണ്" എന്നതിന് പകരം "ചുമതലയാണ്" എന്ന് ചേർക്കുക.

231. ഖണ്ഡം 3(2)(എ)-ൽ "ഭരണപരമായ സർവ്വീസുകളിലെ" എന്നതിന് പകരം "വിവിധ സർവ്വീസുകളിലെ" എന്ന് ചേർക്കുക.

258. ഖണ്ഡം 3(2) (ബി)-ൽ "കർത്തവ്യമായിരിക്കുന്നതുമാണ് " എന്നതിന് പകരം "കടമയായിരിക്കുന്നതുമാണ് " എന്ന് ചേർക്കുക.

261. ഖണ്ഡം 3(2)(ബി)-ൽ "കർത്തവ്യമായിരിക്കുന്നതുമാണ് " എന്നതിന് പകരം "ചുമതലയാണ് " എന്ന് ചേർക്കുക.

263. ഖണ്ഡം 3(2) (ബി)-യുടെ ക്ലിപ്തനിബന്ധനയിൽ "ഏതെങ്കിലും പ്രത്യേക സംഗതിയിലോ" എന്നതിന് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

264. ഖണ്ഡം 3(2) (ബി)-യുടെ ക്ലിപ്തനിബന്ധനയിൽ "പ്രത്യേക സംഗതിയിലോ പ്രത്യേക വിഭാഗം സംഗതികളിലോ" എന്നതിന് പകരം "പ്രത്യേക വിഷയത്തിലോ പ്രത്യേക വിഭാഗം വിഷയങ്ങളിലോ" എന്ന് ചേർക്കുക.

274. ഖണ്ഡം 3(2)(ബി)-യുടെ ക്ലിപ്തനിബന്ധനയിൽ "സർക്കാരിന് ഉണ്ടാക്കാവുന്നതാണ്" എന്നതിന് പകരം "തയ്യാറാക്കാവുന്നതാണ് എന്ന് ചേർക്കുക.

280. ഖണ്ഡം 3(3)-ൽ "കാര്യത്തിൽ എന്തെങ്കിലും" എന്നതിന് പകരം "വിഷയത്തിൽ" എന്ന് ചേർക്കുക.

297. ഖണ്ഡം 3(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "തീരുമാനം എടുക്കുന്നതിന് മുമ്പ് ആ സംഗതി" എന്നതിന് പകരം " തീരുമാനം എടുക്കുന്നതിന് മുമ്പ് ആ കാര്യം" എന്ന് ചേർക്കുക.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

203. ഖണ്ഡം 3(1)-ൽ "ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നേരിട്ടുള്ള നിയമനം വഴി നിയമിക്കുന്നതിന് വേണ്ടി" എന്നതിന് പകരം "ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം നേരിട്ട നടത്തുന്നതിന് വേണ്ടി" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

211. ഖണ്ഡം 3(1)-ൽ "വേണ്ടി" എന്നതിന് ശേഷം "സംസ്ഥാനത്തെ" എന്ന് ചേർക്കുക.

218. ഖണ്ഡം 3 (1)നു ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കു "എന്നാൽ, നിലവിൽ ജോലി നോക്കി വരുന്ന മുസ്ലീം സമുദായത്തിലുള്ളവരുടെ

സംഗതിയിൽ വഖഫ് ബോർഡിന് സ്ഥിരപ്പെടുത്തേണ്ടവരുടെ പട്ടിക പ്രത്യേകമായി തയ്യാറാക്കാവുന്നതും ഇപ്രകാരം സമർപ്പിയ്ക്കപ്പെടുന്ന പട്ടികയിന്മേൽ സർക്കാരിന് ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് തീരുമാനമെടുക്കാവുന്നതുമാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

212. ഖണ്ഡം 3(1)-ൽ "സമുദായത്തിലുള്ള" എന്നതിന് പകരം "സമുദായത്തിൽപ്പെട്ട" എന്ന് ചേർക്കുക.

243. ഖണ്ഡം 3(2)(ബി) -ൽ "തത്വങ്ങളിന്മേലും" എന്നതിന് പകരം "നടപടിക്രമങ്ങളിലും" എന്ന് ചേർക്കുക.

245. ഖണ്ഡം 3(2)(ബി)-ൽ "ഉദ്യോഗാർത്ഥികളുടെ" എന്നതിന് ശേഷം "മത്സരപരീക്ഷയിലൂടെ" എന്ന് ചേർക്കുക.

262.ഖണ്ഡം 3(2) (ബി)-യുടെ ക്ലിപ്തനിബന്ധനയിൽ "സാമാന്യമായതോ" എന്നതിന് പകരം "അനുയോജ്യമായതോ" എന്ന് ചേർക്കുക.

275.ഖണ്ഡം 3(2)(ബി)-യുടെ ക്ലിപ്തനിബന്ധനയിൽ"ഉണ്ടാക്കാവുന്നതാണ്" എന്നതിന് പകരം "രൂപീകരിക്കാവുന്നതാണ്" എന്ന് ചേർക്കുക.

282. ഖണ്ഡം 3(3)ൽ "അഭിപ്രായവ്യത്യാസമുള്ള" എന്നതിനുപകരം "തർക്കമുള്ള" എന്ന് ചേർക്കുക.

288. ഖണ്ഡം 3(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "റഫർ ചെയ്യേണ്ടതും" എന്നതിന് പകരം " ശിപാർശ ചെയ്യേണ്ടതും" എന്ന് ചേർക്കുക.

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

214. ഖണ്ഡം 3(1)-ൽ "സെലക്ട് ലിസ്റ്റ് തയ്യാറാക്കേണ്ടത്" എന്നതിന് പകരം "റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം നിയമന അറിയിപ്പ് നൽകേണ്ടത്" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

217. ഖണ്ഡം 3 (1) താഴെ പറയും പ്രകാരം മാറ്റുക. "(1)വഖഫ് ബോർഡിലെ ഭരണപരമായ സർവ്വീസുകളിലെ എല്ലാ ഉദ്യോഗസ്ഥരേയും ജീവനക്കാരേയും നേരിട്ടുള്ള നിയമനം വഴി നിയമിക്കുന്നതിനു വേണ്ടി വഖഫ് റിക്രൂട്ട്മെന്റ് ബോർഡ്

സ്ഥാപിക്കുക. നിയമനത്തിനായി മുസ്ലീം സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കേണ്ടത് ബോർഡിന്റെ ചുമതലയായിരിക്കുന്നതാണ്."

242. ഖണ്ഡം 3(2)(ബി) -ൽ

(i) "തത്വങ്ങളിന്മേലും" എന്നതിന് പകരം "മാനദണ്ഡങ്ങളും" എന്ന് ചേർക്കുക.

(ii) "അനുയോജ്യത" എന്നതിന് പകരം "യോഗ്യത" എന്ന് ചേർക്കുക.

250. ഖണ്ഡം 3(2)(ബി)-ൽ "സംബന്ധിച്ചും" എന്നതിന് ശേഷം "നിലവിലുള്ള ജീവനക്കാരെ നിലനിർത്തുന്നത് സംബന്ധിച്ചും" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

290. ഖണ്ഡം 3(3)-ൽ "അതിന്മേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്" എന്നതിന് പകരം "ഇരു പാർട്ടികളെയും കേട്ട ശേഷം അതിന്മേൽ സർക്കാർ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കുന്നതുമാണ്" എന്ന് ചേർക്കുക.

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

296. ഖണ്ഡം 3(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഉപദേശത്തിനെതിരായി" എന്നതിന് പകരം " നിർദ്ദേശത്തിനെതിരായി" എന്ന് ചേർക്കുക.

298. ഖണ്ഡം 3(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "കമ്മീഷന് റഫർ ചെയ്യേണ്ടതാണ്" എന്നതിന് പകരം " കമ്മീഷനെ അറിയിക്കേണ്ടതാണ്" എന്ന് ചേർക്കുക.

മി. ചെയർമാൻ: 195 മാർജിനൽ ശീർഷകത്തിനായാൽ ക്രമപ്രകാരമല്ല. 198, 199, 200 എന്നീ നമ്പർ ഭേദഗതികൾ 197-ാം നമ്പർ ഭേദഗതിക്കും 204, 205, 206 എന്നീ നമ്പർ ഭേദഗതികൾ 203-ാം നമ്പർ ഭേദഗതിക്കും 209-ാം നമ്പർ ഭേദഗതി 208-ാം നമ്പർ ഭേദഗതിക്കും 230-ാം നമ്പർ ഭേദഗതി 229-ാം നമ്പർ ഭേദഗതിക്കും 232, 233, 234 എന്നീ നമ്പർ ഭേദഗതികൾ 231-ാം നമ്പർ ഭേദഗതിക്കും 240-ാം നമ്പർ ഭേദഗതി 239-ാം നമ്പർ ഭേദഗതിക്കും 252, 253, 255, 256 എന്നീ നമ്പർ ഭേദഗതികൾ 254-ാം നമ്പർ ഭേദഗതിക്കും 257, 259, 260 എന്നീ നമ്പർ ഭേദഗതികൾ 258-ാം നമ്പർ ഭേദഗതിക്കും 270, 271, 272 എന്നീ നമ്പർ ഭേദഗതികൾ 273-ാം നമ്പർ ഭേദഗതിക്കും 277-ാം നമ്പർ ഭേദഗതി

276-ാം നമ്പർ ഭേദഗതിക്കും 278, 279, 281 എന്നീ നമ്പർ ഭേദഗതികൾ 280-ാം നമ്പർ ഭേദഗതിക്കും 291, 292, 293, 294, 295 എന്നീ നമ്പർ ഭേദഗതികൾ 290-ാം നമ്പർ ഭേദഗതിക്കും 299, 301, 302 എന്നീ നമ്പർ ഭേദഗതികൾ 300-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 196, 229 എന്നീ നമ്പർ ഭേദഗതികളും ശ്രീ. കെ. പി. എ. മജീദ് അവതരിപ്പിച്ച 297-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, എന്റെ 208-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

മി. ചെയർമാൻ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 208-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ശബ്ദവോട്ടോടെ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, എന്റെ 217-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

മി. ചെയർമാൻ: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 217-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ശബ്ദവോട്ടോടെ സഭ നിരാകരിച്ചിരിക്കുന്നു.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 228, 236, 239, 241, 244, 269, 276, 289, 303 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 197, 254, 273, 300 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ് അവതരിപ്പിച്ച 201, 216, 231, 258, 261, 263, 264, 274, 280 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 203-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 211, 218 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 212, 243, 245, 262, 275, 282, 288 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 214-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 242, 250 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 290-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 296, 298 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീ. കെ. പി. എ. മജീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

304. ഖണ്ഡം 4(1)-ൽ "ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ" എന്നതിന് പകരം "ആക്റ്റിന്റെ വ്യവസ്ഥകൾ" എന്ന് ചേർക്കുക.

314. ഖണ്ഡം 4(1)-ൽ "ഉണ്ടാക്കാവുന്നതാണ്" എന്നതിന് പകരം "നിർമ്മിക്കാവുന്നതാണ് " എന്ന് ചേർക്കുക.

323. ഖണ്ഡം 4(2)(ബി)-ൽ "ആനുഷംഗികമോ" എന്നതിന് ശേഷം "," ചിഹ്നം ചേർക്കുക.

330. ഖണ്ഡം 4(3)-ൽ "ഒരു സമ്മേളനത്തിലോ" എന്നതിന് ശേഷം "," ചിഹ്നം ചേർക്കുക.

337. ഖണ്ഡം 4(3)-ൽ "ആകുന്നു;" എന്ന വാക്കിനുശേഷം വരുന്ന ";" ചിഹ്നത്തിന് പകരം "." എന്ന ചിഹ്നം ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

308. ഖണ്ഡം 4(1)-ൽ "ഉദ്ദേശ്യങ്ങൾ" എന്നതിന് പകരം "ഉദ്ദേശ്യലക്ഷ്യങ്ങൾ" എന്ന് ചേർക്കുക.

316. ഖണ്ഡം 4(2) -ൽ "ഭംഗം വരാതെയും" എന്നതിന് പകരം "ഭംഗം വരാതെ " എന്ന് ചേർക്കുക.

329. ഖണ്ഡം 4(3)-ൽ "ആക്റ്റിൻകീഴിലുണ്ടാക്കിയ" എന്നതിന് പകരം "ആക്റ്റിൻ കീഴിലുണ്ടാക്കിയ" എന്ന് ചേർക്കുക.

332. ഖണ്ഡം 4(3)-ൽ "ദിവസകാലത്തേക്ക്" എന്നതിന് പകരം "ദിവസക്കാലത്തേയ്ക്ക്" എന്ന് ചേർക്കുക.

334. ഖണ്ഡം 4(3)-ൽ "അവസാനിക്കുന്നതിനു മുമ്പ്" എന്നതിന് പകരം "അവസാനിക്കുന്നതിന് മുൻപ്" എന്ന് ചേർക്കുക.

336. ഖണ്ഡം 4(3)-ൽ "ചെയ്യുന്നതും ആകുന്നു" എന്നതിന് പകരം "ചെയ്യുന്നതുമാകുന്നു" എന്ന് ചേർക്കുക.

338. ഖണ്ഡം 4(3)-ൽ "ചെയ്ത" എന്നതിന് പകരം "ചെയ്തിട്ടുള്ള" എന്ന് ചേർക്കുക.

339. ഖണ്ഡം 4(3)-ൽ "ഭംഗംവരാത്ത" എന്നതിന് പകരം "ഭംഗം വരാത്ത" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

309. ഖണ്ഡം 4(1)-ൽ "പബ്ലിക് സർവ്വീസ് കമ്മീഷനുമായും" എന്നതിന് പകരം "വഖഫ് റിക്രൂട്ട്മെന്റ് ബോർഡുമായും" എന്ന് ചേർക്കുക.

312.ഖണ്ഡം 4(1)-ൽ "കൂടിയാലോചിച്ച്" എന്നതിന് ശേഷം "റെഗുലേഷനുകൾ പൂർണ്ണമായും പാലിച്ച്" എന്ന് ചേർക്കുക.

ഖണ്ഡം 4-ൽ സർക്കാരിന്റെ ഈ ആക്ടിന്റെ ഉദ്ദേശ്യങ്ങൾ നടപ്പാക്കുന്നതിലേയ്ക്കായി, പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നതിനുപകരം വഖഫ് റിക്രൂട്ട്മെന്റ് ബോർഡുമായി കൂടിയാലോചിച്ച് ചട്ടങ്ങൾ ഉണ്ടാക്കേണ്ടതാണ് എന്നതാണ് എന്റെ 309-ാം നമ്പർ ഭേദഗതി. "പബ്ലിക് സർവ്വീസ് കമ്മീഷനുമായും" എന്നതിന് പകരം "വഖഫ് റിക്രൂട്ട്മെന്റ് ബോർഡുമായും"എന്ന് ചേർക്കണം.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

310. ഖണ്ഡം 4(1)-ൽ "കൂടിയാലോചിച്ച്" എന്നതിന് പകരം "കൂടിയാലോചന നടത്തി" എന്ന് ചേർക്കുക.

315. ഖണ്ഡം 4(2)-ൽ "സാമാന്യതയ്ക്ക്" എന്നതിന് പകരം "അന്തസത്തയ്ക്ക്" എന്ന് ചേർക്കുക.

317. ഖണ്ഡം 4(2)(എ) -ൽ "അനുവർത്തിക്കേണ്ടതായ" എന്നതിന് പകരം "ചെയ്യേണ്ടതായ " എന്ന് ചേർക്കുക.

333.ഖണ്ഡം 4(3)-ൽ "വയ്ക്കേണ്ടതും" എന്നതിന് പകരം "സമർപ്പിക്കേണ്ടതും" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

311. ഖണ്ഡം 4(1)-ൽ "കൂടിയാലോചിച്ച്," എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "ഗസറ്റ് വിജ്ഞാപനം വഴി," എന്ന വാക്കും ചിഹ്നവും ചേർക്കുക.

318. ഖണ്ഡം 4(2)(ബി) -ൽ "കാര്യത്തിന് " എന്നതിന് പകരം "ഉദ്ദേശ്യത്തിന് " എന്ന് ചേർക്കുക.

328. ഖണ്ഡം 4(2)(ബി)-ൽ "എന്നിവ" എന്നതിന് പകരം "എന്നിവയ്ക്ക് " എന്ന് ചേർക്കുക.

335. ഖണ്ഡം 4(3)-ൽ "ഭേദഗതി" എന്ന് വരുന്നിടത്തെല്ലാം "രൂപഭേദം" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

324. ഖണ്ഡം 4(2)(ബി)-ൽ "സംഗതി" എന്നതിന് പകരം "വിഷയം" എന്ന് ചേർക്കുക.

ശ്രീ. സി. കെ. ഹരീന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

331. ഖണ്ഡം 4(3)-ൽ "രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന" എന്നതിന് പകരം "സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ പതിനാല് ദിവസം പൂർത്തിയാകുന്ന" എന്നത് ചേർക്കുക.

മി. ചെയർമാൻ: 305, 306, 307 എന്നീ നമ്പർ ഭേദഗതികൾ 304-ാം നമ്പർ ഭേദഗതിക്കും 325, 326, 327 എന്നീ നമ്പർ ഭേദഗതികൾ 324-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 311-ാം നമ്പർ ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 329, 332, 334, 336 എന്നീ നമ്പർ ഭേദഗതികളും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. സ്വീകരിച്ച ഭേദഗതികൾ അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, 309-ാം നമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. ചെയർമാൻ: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 309-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ശബ്ദവോട്ടോടെ സഭ നിരാകരിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ് അവതരിപ്പിച്ച 304, 314, 323, 330, 337 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 308, 316, 338, 339 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 312-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 310, 315, 317, 333 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 318, 328, 335 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 324-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 331-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

340. ഖണ്ഡം 5(1)-ൽ "ഇതിനാൽ" എന്നതിന് പകരം "ഇക്കാരണത്താൽ" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

345. ഖണ്ഡം 5(2)-ൽ "കാര്യമോ" എന്നതിന് പകരം "കാര്യങ്ങളോ" എന്ന് ചേർക്കുക.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. ചെയർമാൻ</u>: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 340-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 345-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

109. ശീർഷകത്തിൽ "വഖഫ് ബോർഡിന്റെ" എന്നതിന് പകരം "സംസ്ഥാന വഖഫ് ബോർഡിന്റെ" എന്ന് ചേർക്കുക.

115. ദീർഘശീർഷകത്തിൽ "വഖഫ്" എന്നതിന് മുമ്പായി "സംസ്ഥാന" എന്ന് ചേർക്കുക.

133. പീഠികയിൽ "വഖഫ് " എന്നതിന് മുൻപ് "സംസ്ഥാന " എന്ന് ചേർക്കുക.

145. പീഠികയിൽ "സേവന " എന്നതിന് ശേഷം "വേതന " എന്ന് ചേർക്കുക.

<u>ശ്രീ. പി. വി. അൻവർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

120. ദീർഘശീർഷകത്തിൽ "സർവ്വീസുകളെ" എന്നതിന് പകരം "സർവ്വീസുകളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

121. ദീർഘശീർഷകത്തിൽ "കേരള" എന്നത് ഒഴിവാക്കുക.

122. ദീർഘശീർഷകത്തിൽ "കമ്മീഷന്" എന്നതിന് പകരം "കമ്മീഷൻ" എന്ന് ചേർക്കുക.

147. പീഠികയിൽ "കമ്മീഷന് " എന്നതിന് പകരം "കമ്മീഷൻ " എന്ന് ചേർക്കുക.

160. ഖണ്ഡം 1(1)-ൽ "കീഴിലുള്ള" എന്നതിന് ശേഷം "ഭരണപരമായ" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

125. പീഠികയിൽ "വഖഫ് " എന്നതിന് മുൻപ് "കേരള സംസ്ഥാന" എന്ന് ചേർക്കുക.

163. ഖണ്ഡം 1(2)-ൽ "തീയതി" എന്നതിന് ശേഷം "മുതൽ" എന്ന് ചേർക്കുക.

178. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക. " (2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്."

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

134. പീഠികയിൽ "കീഴിലുള്ള " എന്നതിന് പകരം "അധീനതയിലുള്ള" എന്ന് ചേർക്കുക.

139. പീഠികയിൽ "സർവ്വീസുകളിലെ ഉദ്യോഗസ്ഥരുടെയും" എന്നത് ഒഴിവാക്കുക.

154. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്നതിന് പകരം "അനുയോജ്യമായിരിക്കുകയാൽ" എന്ന് ചേർക്കുക.

162. ഖണ്ഡം 1(1)-ൽ "പേര് പറയാം" എന്നതിന് പകരം "നാമകരണം ചെയ്യാം" എന്ന് ചേർക്കുക.

171. ഖണ്ഡം 1(2)-ൽ "കരുതപ്പെടേണ്ടതാണ്" എന്നതിന് പകരം "കരുതേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. കെ. പി. എ. മജീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

140. പീഠികയിൽ "ഉദ്യോഗസ്ഥരുടെയും" എന്നതിന് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

153. പീഠികയിൽ "കൂടുതൽ" എന്നതിന് പകരം "അധിക" എന്ന് ചേർക്കുക.

<u>മി. ചെയർമാൻ</u>: 123-ാം നമ്പർ ഭേദഗതി 122-ാം നമ്പർ ഭേദഗതിക്കും 126, 127, 128 എന്നീ നമ്പർ ഭേദഗതികൾ 125-ാം നമ്പർ ഭേദഗതിക്കും 141, 142, 143, 144 എന്നീ നമ്പർ ഭേദഗതികൾ 145-ാം നമ്പർ ഭേദഗതിക്കും 146-ാം നമ്പർ ഭേദഗതി 147-ാം നമ്പർ ഭേദഗതിക്കും 164, 165, 166 എന്നീ നമ്പർ ഭേദഗതികൾ 163-ാം നമ്പർ ഭേദഗതിക്കും 176-ാം നമ്പർ ഭേദഗതി 171-ാം നമ്പർ ഭേദഗതിക്കും 177, 179, 180 എന്നീ നമ്പർ ഭേദഗതികൾ 178-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (<u>ശ്രീ. വി. അബ്ദുറഹിമാൻ</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. ചെയർമാൻ</u>: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 109, 115, 133, 145 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. വി. അൻവർ അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 121, 122, 147, 160 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 125, 163, 178 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 134, 139, 154, 162, 171 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ് അവതരിപ്പിച്ച 140, 153 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി(<u>ശ്രീ. വി. അബ്ദുറഹിമാൻ</u>): സർ, 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഈ ബിൽ സർക്കാർ എന്ത് ആവശ്യത്തിന് കൊണ്ടുവന്നതാണെന്ന് അറിയില്ല. ഇപ്പോൾ ഇന്ത്യയിൽ മുഴുവനും വഖഫ് സ്വത്തുക്കൾ സർക്കാർ ഇടപെട്ട് ഏറ്റെടുക്കുകയാണ്. സർക്കാരിന്റെ ഈ ഇടപെടലിനെതിരായി ഡൽഹിയിലും മറ്റ് സ്ഥലങ്ങളിലും വലിയ പരാതികൾ വന്നിരിക്കുന്ന കാലഘട്ടമാണ്. കേരളത്തിലായാലും മറ്റെവിടെയായാലും തികച്ചും ജനാധിപത്യപരമായി, decentralised ആയി, മഹല്ല് അങ്ങനെയുള്ളവയെ മാനേജ് ചെയ്ത് നടത്തുകയാണ്. അങ്ങനെ സ്വയംഭരണാധികാരമുള്ള ഒന്നാണിത്. വഖഫ് ബോർഡിന്റെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുകയെന്ന് പറഞ്ഞാൽ അതിന്റെ നിയമനാധികാരം എടുത്തുകളയുകയെന്നതാണ്. എയ്ഡഡ് സ്കൂളുകളിലെ നിയമനാധികാരം എടുത്തുകളഞ്ഞാൽ അത് പിന്നീട് ആർക്കും വേണ്ടാതാകും. വഖഫ് ബോർഡിന്റെ നിയമനാധികാരം എടുത്തുകളയേണ്ട കാര്യമില്ല. ഇതിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊടുക്കുന്നതോടുകൂടി ഇന്ത്യയ്ക്ക് ഒരു മോശം കീഴ്‌വഴക്കം അല്ലെങ്കിൽ മാതൃക കേരളം സംഭാവന ചെയ്യുകയാണ്. സ്വയംഭരണാധികാരമുള്ള, തികച്ചും വികേന്ദ്രീകൃതമായി, ജനാധിപത്യപരമായി, ഭരണഘടനാനുസൃതമായി, ഭരണഘടനയുടെ പിൻബലത്തോടുകൂടി നടക്കുന്നൊരു സംവിധാനത്തിലാണ് ഗവൺമെന്റ് ഇടപെടുന്നത്. ഒരു സെൻസുമില്ലാത്ത ഈ നടപടി ഇടതുപക്ഷ ഗവൺമെന്റിന് പറ്റുന്ന മഹാമണ്ടത്തരമെന്നേ വിശേഷിപ്പിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഞങ്ങൾ ഇതിനെ എതിർക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, നിയമനം പി.എസ്.സി.-ക്ക് വിട്ടുകൊടുത്ത സർവ്വകലാശാലകളിലെ നിയമനം നടത്താൻ കാലതാമസമെടുക്കുകയാണ്. അതുപോലെ പുതിയ സർവ്വകലാശാലകളിലും പല സർക്കാർ സ്ഥാപനങ്ങളിലും നിയമനം പി.എസ്.സി.-ക്ക് വിട്ടുകൊടുക്കാൻ വിമുഖത കാണിക്കുന്നു. അവിടെയെല്ലാം പിൻവാതിൽ നിയമനവും സ്വജനപക്ഷപാതവും നടക്കുകയാണ്. ആ സന്ദർഭത്തിലാണ് വളരെ തെറ്റായൊരു നിയമം പാസ്സാക്കിയെടുക്കുന്നത്. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലെ നിയമനം ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനുതന്നെ കൊടുത്തു. വഖഫ് ബോർഡിൽ വർഷത്തിൽ ഒന്നോ, രണ്ടോ നിയമനങ്ങൾ മാത്രമേ നടക്കുന്നുള്ളൂ.

മി. ചെയർമാൻ: ഇനിയും അങ്ങ് ദീർഘമായൊരു വിശദീകരണത്തിലേയ്ക്ക് പോകേണ്ട.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അങ്ങേയ്ക്ക് എന്തിനാണ് ഇത്ര അസഹിഷ്ണുത? ഞാൻ അവസാനിപ്പിക്കുകയാണ്. മതസാമുദായിക നേതാക്കന്മാരുൾപ്പെടുന്ന ഒരു റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ച് നിയമനങ്ങൾ നടത്താവുന്നതാണ്. ഭൂരിപക്ഷം ഉപയോഗിച്ച് ഈ നിയമം നടപ്പാക്കുമ്പോഴും

മഹാഭൂരിപക്ഷം വരുന്ന മുസ്ലീം സമുദായത്തിലെ ജനങ്ങൾക്ക് ഇതിൽ വലിയ ആശങ്കയുണ്ട്. ഇത് വളരെ വിവേചനപരമായൊരു നിയമമാണ്. ഈ നിയമത്തെ ഞങ്ങൾ എതിർക്കുന്നു.

ശ്രീ. പി. വി. അൻവർ: സർ, ......(മൈക്ക് ഓഫ്).......(ബഹളം)......

മി. ചെയർമാൻ: ഇനി ചർച്ചയില്ല. (.....ബഹളം.....) വിശദമായ ഒരു ചർച്ചയിലേയ്ക്ക് ഇനി പോകേണ്ട. ദീർഘമായി ഇനി സംസാരിക്കാൻ പാടില്ല. നമ്മൾ ഈ ബില്ലിന്റെ അന്തിമഘട്ടത്തിലാണ്. ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കട്ടെ.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഈ ആവശ്യത്തിന്മേൽ സർക്കാർ വഖഫ് ബോർഡിലേയ്ക്ക് കത്തയയ്ക്കുകയും അവരുടെ നിർദ്ദേശമനുസരിച്ചുമാണ് ഇത്തരത്തിൽ ഒരു ബിൽ കൊണ്ടുവന്നിട്ടുള്ളത്. വഖഫ് ബോർഡിന്റെ പൂർണ്ണമായ രേഖകളുടെ അടിസ്ഥാനത്തിലാണ് ഈ ബിൽ വന്നിട്ടുള്ളത്. ഈ ബിൽ പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. .....(ബഹളം)....

മി. ചെയർമാൻ: ഇനിയൊരു ഡിസ്കഷനില്ല. ....(ബഹളം).... പ്രതിപക്ഷ ഉപനേതാവിനും ബഹുമാനപ്പെട്ട അംഗത്തിനും സംസാരിക്കുന്നതിന് അവസരം കൊടുത്തു. മന്ത്രി ക്ലാരിഫിക്കേഷൻ നൽകുകയും ചെയ്തു. ബിൽ പാസ്സാക്കാനുള്ള അന്തിമഘട്ടത്തിൽ ഇനിയും ഒരു ചർച്ചയ്ക്ക് അവസരം നൽകേണ്ടെന്നുള്ളതുകൊണ്ടാണ്, അവകാശം നിഷേധിക്കുന്നതല്ല.

2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ:...........

പ്രതികൂലിക്കുന്നവർ:.........

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. ചെയർമാൻ: അനുകൂലിക്കുന്നവർ:...........

പ്രതികൂലിക്കുന്നവർ:...........

പ്രമേയം ശബ്ദവോട്ടോടെ സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സാക്കിയിരിക്കുന്നു.

ഓർഡർ.... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 നവംബർ മാസം 10-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.16-ന് പിരിഞ്ഞു.)

**അനുബന്ധം**

നക്ഷത്രചിഹ്നമിട്ട 511-ാം നമ്പർ ചോദ്യത്തിന്റെ
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്ററുടെ ഉപചോദ്യത്തിനുള്ള
വിശദീകരണക്കുറിപ്പ്

കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി ഭരണാനുമതി നൽകിയശേഷം പ്രൈസ് സോഫ്റ്റ്‌വെയർ (PRICE Project Information and Cost Estimation) മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കുകയും എസ്റ്റിമേറ്റിന് അംഗീകാരവും സാങ്കേതികാനുമതി പത്രവും നൽകി സമയബന്ധിതമായി ഇലക്ട്രോണിക് പ്ലാറ്റ്ഫോമുകളിലൂടെ ദർഘാസ് (e-tender) ക്ഷണിക്കുകയും തുടർന്ന് പ്രവർത്തന ഉത്തരവ് നൽകി കരാറുകാരന് പ്രവൃത്തി തുടങ്ങാൻ നിർദ്ദേശിക്കുകയും ചെയ്യുന്നുണ്ട്. പ്രോജക്ടുകൾക്ക് അനുയോജ്യമായ സൈറ്റ് ലഭിക്കുന്നതിന് ജി.ഐ.എസ്. സാങ്കേതികവിദ്യ വളരെയധികം ഉപകാരപ്രദമായിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ പുരോഗതി ട്രാക്ക് ചെയ്യാൻ ഒരു ഓൺലൈൻ പ്ലാറ്റ്ഫോം, Project status alert system of KWA (PASK) ഉപയോഗിക്കുന്നു. പദ്ധതികളുടെ മുഴുവൻ വിവരങ്ങളും ഇവിടെ രേഖപ്പെടുത്തുന്നു. ഏറ്റവും പുതിയ ഫോട്ടോകൾ ഉൾപ്പെടെ ഫീൽഡിൽനിന്നുള്ള പുരോഗതി ഫീൽഡ് സ്റ്റാഫ് പതിവായി അപ്‌ലോഡ് ചെയ്യുന്നു. സിസ്റ്റത്തിലേയ്ക്ക് വിവരങ്ങൾ സമയബന്ധിതമായി അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്ന് മോണിറ്ററിംഗ് ടീം ഉറപ്പാക്കുന്നു. KWA നടപ്പിലാക്കുന്ന എല്ലാ പ്രോജക്ടുകളുടെയും വിശദാംശങ്ങൾ പൊതു പ്ലാറ്റ്ഫോമിൽ പ്രസിദ്ധീകരിക്കുകയും KWA വെബ്സൈറ്റിൽ ഈ വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പുരോഗതി വിശദാംശങ്ങൾ എം.എൽ.എ.-മാർ ഉൾപ്പെടെയുള്ള ബന്ധപ്പെട്ടവർക്ക് എസ്.എം.എസ്. അയയ്ക്കുന്നു. പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തുന്നതിന് വിവിധ മാനേജ്മെന്റ് ഇൻഫർമേഷൻ ഡാഷ്ബോർഡുകളും റിപ്പോർട്ടുകളും PASK-ൽ ലഭ്യമാണ്. പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും തടസ്സങ്ങളുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനുമായി മാനേജ്മെന്റ് തലത്തിൽ പതിവായി ഓൺലൈൻ അവലോകന യോഗങ്ങൾ നടക്കുന്നു. ഈ മീറ്റിംഗുകളിൽ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് PASK-ൽ ലഭ്യമായ ഡാറ്റ ഉപയോഗിക്കുന്നു. കൂടാതെ സമയബന്ധിതമായി KWA പൈപ്പ് പോളിസി നിർദ്ദേശിക്കുന്ന പ്രകാരമുള്ള പൈപ്പുകൾ ഉപയോഗിച്ച് മാറ്റി സ്ഥാപിക്കുക, പൈപ്പ്ലൈനുകളിലെ മർദ്ദം രേഖപ്പെടുത്തുന്ന മീറ്ററുകൾ സ്ഥാപിച്ച് മർദ്ദം ശരിയായ രീതിയിൽ ക്രമീകരിക്കുക, ക്വിക്ക് റിലീസ്, ഫ്ലോ കൺട്രോൾ വാൽവുകൾ സ്ഥാപിക്കുക, റോഡ്

നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ പൈപ്പുകൾക്ക് മതിയായ കവർ ഉറപ്പാക്കുക, പൈപ്പ് പ്രീ ഡെലിവറി ഇൻസ്പെക്ഷൻ കുറ്റമറ്റതാക്കുക, SCADA (Supervisory Control and Data Acquisition) പോലുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ജലവിതരണ സംവിധാനം നിയന്ത്രിക്കുക, പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക, നൂതന സംവിധാനമായ GIS പോലുള്ളവ ഉപയോഗപ്പെടുത്തി വിതരണ മേഖല തരംതിരിച്ച് ജലവിതരണം നടത്തുക എന്നീ നടപടികളിലൂടെ പൈപ്പ്ലൈൻ ഇടയ്ക്കിടെ പൊട്ടുന്നത് ശാസ്ത്രീയമായി പരിഹരിക്കാൻ ശ്രമിക്കുന്നതാണ്. ജലസേചന വകുപ്പിനുകീഴിലുള്ള പ്രവൃത്തികളുടെ ബില്ലിംഗ് ഫിനാൻസ് വകുപ്പിന്റെ EMLI എന്ന സോഫ്റ്റ്‌വെയർ വഴിയാണ് നടപ്പിലാക്കിവരുന്നത്. പ്രവൃത്തികൾ നടപ്പിലാക്കുന്നത് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പ്രൈസ്-III സോഫ്റ്റ്‌വെയർ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലസേചന വകുപ്പ് വികസിപ്പിച്ച ഇ-മോണിറ്റ് സോഫ്റ്റ്‌വെയറിൽ വകുപ്പിലുള്ള പ്രവൃത്തികളെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രവൃത്തി സംബന്ധിച്ച് അടിസ്ഥാന വിവരങ്ങളും (പഞ്ചായത്ത്/ ബ്ലോക്ക്/പൂർത്തീകരണ കാലാവധി/ഉദ്യോഗസ്ഥരുടെ വിവരങ്ങൾ) ഫിസിക്കൽ ആൻഡ് ഫിനാൻഷ്യൽ പ്രോഗ്രസ്സും രേഖപ്പെടുത്തുന്നുണ്ട്. പുരോഗതി സമയബന്ധിതമായി അപ്ഡേറ്റ് ചെയ്യുന്നുമുണ്ട്. ഇതുമുഖേന പ്രവൃത്തികളുടെ പുരോഗതി കാര്യക്ഷമമായി വിലയിരുത്താൻ സാധിക്കും. വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസ്തുത പുരോഗതി പ്രസിദ്ധീകരിക്കുന്നുമുണ്ട്. ഇടത്തരം പദ്ധതിയായി വിഭാവനം ചെയ്തിട്ടുള്ള കാരാപ്പുഴ പദ്ധതിയുടെ കോൺക്രീറ്റ് സ്പിൽവേ ഉൾപ്പെടെ അണക്കെട്ടിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചതാണ്. അതുപോലെ ഇടതുകര II വലതുകര കനാലുകളുടെ പ്രവൃത്തികളും പൂർത്തീകരിച്ചിരുന്നതാണ്. എന്നാൽ 2018-ലെ പ്രളയത്തിൽ ഇടതുകര കനാലിന്റെ ചെയിനേജ് 4/800 കി. മീറ്ററിൽ തകർച്ചയുണ്ടാവുകയും തകർന്ന 96 മീറ്റർ നീളത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരികയും ചെയ്യുന്നുണ്ട്. ആയതിന്റെ 90 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2021 നവംബർ മാസാവസാനത്തോടെ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കും. പ്രവൃത്തികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് പ്രസ്തുത കനാലുകൾ പൂർണ്ണമായും ജലസേചന യോഗ്യമാകുന്നതാണ്. ബാണാസുരസാഗർ പദ്ധതിയുടെ ആകെ 2730 മീറ്റർ നീളംവരുന്ന പ്രധാന കനാലിന്റെ 2360 മീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. ശാഖാ കനാലുകളായ വെണ്ണിയോട്, പടിഞ്ഞാറെത്തറ എന്നിവയിൽ 5390 മീറ്റർ നീളമുള്ള വെണ്ണിയോട് ശാഖാ കനാലിന്റെ 850 മീറ്റർ ഭാഗവും 2690 മീറ്റർ നീളമുള്ള പടിഞ്ഞാറെത്തറ ശാഖാ കനാലിന്റെ 197 മീറ്റർ ഭാഗവും പൂർത്തീകരിച്ചിട്ടുണ്ട്. 3485 മീറ്റർ നീളമുള്ള

കാപ്പുംകുന്ന് ഡിസ്ട്രിബ്യൂട്ടറിയുടെ 785 മീറ്റർ ഭാഗം പൂർത്തീകരിച്ചിട്ടുണ്ട്. ഡൈവേർഷൻ ചേമ്പറിന്റെ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മെമ്പർ ചെയർമാനായ ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ബാണാസുരസാഗർ പദ്ധതിയുടെ പുതുക്കിയ പദ്ധതിരേഖ തയ്യാർ ചെയ്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലസേചന പ്രവർത്തനങ്ങൾ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പ്രവർത്തനങ്ങൾ, പരിസ്ഥിതി സഹായ പ്രവർത്തനങ്ങൾ, ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കെ.ഐ.ഐ.ഡി.സി.-യെ വിവിധ സർക്കാർ വകുപ്പുകളായ ജലവിഭവ വകുപ്പ് (ഡബ്ല്യു.ആർ.ഡി.), കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെ.എ.എസ്.ഇ.), രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ), കേരള ടൂറിസം വകുപ്പ് തുടങ്ങിയവ ചുമതലപ്പെടുത്തിയിട്ടുണ്ട്. വെബ്സൈറ്റ്വഴി സംസ്ഥാനത്തുടനീളമുള്ള പ്രവൃത്തികളുടെ ദൈനംദിന/പ്രതിവാര നിരീക്ഷണം തുടങ്ങിയവ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഫയലുകൾ വേഗത്തിൽ കൈകാര്യം ചെയ്യുന്നതിനായി കെ.ഐ.ഐ.ഡി.സി.-യിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തികൾ ആരംഭിക്കുന്നതിനുമുൻപേ എസ്റ്റിമേറ്റ് പ്രകാരമുള്ള WBS (Work Breakdown Structure) എം.എസ്. പ്രോജക്ട് ഉപയോഗിച്ച് തയ്യാറാക്കി നൽകാറുണ്ട്. കിഫ്ബിയുടെ പരിശീലനവും ഇതിനായി കെ.ഐ.ഐ.ഡി.സി.-യിൽ നൽകിവരുന്നുണ്ട്. ഒരു പ്രോജക്ട് പൂർത്തിയാക്കാനാവശ്യമായ ജോലികളുടെ ഒരു ശ്രേണിപരമായ രൂപരേഖയാണ് വർക്ക് ബ്രേക്ക്ഡൗൺ സ്ട്രക്ചർ. ഡബ്ല്യു.ബി.എസ്.-ന്റെ പ്രാഥമിക ലക്ഷ്യം പ്രോജക്ടിനായുള്ള ഷെഡ്യൂൾ ആസൂത്രണം ചെയ്യുക എന്നതാണ്. ഓരോ ടാസ്ക് കാലയളവും അതിന്റെ ആവശ്യമായ മുൻ ടാസ്കുകളും ഇനി വരാൻപോകുന്ന പ്രവൃത്തികളും സംയോജിപ്പിച്ചാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഡബ്ല്യു.ബി.എസ്. ഒരു പ്രോജക്ടിന്റെ മൊത്തത്തിലുള്ള പ്ലാൻ നൽകുന്നു. അതുവഴി പ്രോജക്ട് എങ്ങനെ പുരോഗമിക്കണമെന്ന് കാണാനും ഉചിതമായ രീതിയിൽ വർക്ക്ഫ്ലോ നിയന്ത്രിക്കാനും കഴിയും. വലുതും സങ്കീർണ്ണവുമായ പ്രോജക്ടുകൾ എടുത്ത് അവയെ ചെറുതും കൂടുതൽ കൈകാര്യം ചെയ്യാവുന്നതുമായ ടാസ്കുകളായി വിഭജിക്കുന്നു എന്നതാണ് ഒരു ഡബ്ല്യു.ബി.എസ്. ഉപയോഗിക്കുന്നതിന്റെ പ്രയോജനം. ഭൂജലസംരക്ഷണവും സംപോഷണവും പദ്ധതിയിൻകീഴിൽ ജില്ലകളിൽനിന്നും ലഭ്യമായ 850 ലക്ഷം രൂപയുടെ പ്രൊപ്പോസലുകളിൽ സൂക്ഷ്മപരിശോധന നടത്തി 525 ലക്ഷം രൂപയുടെ വിവിധ റീചാർജ്ജ് പദ്ധതികൾക്ക് ഭരണ/സാങ്കേതികാനുമതി നൽകിക്കഴിഞ്ഞു. പദ്ധതി

പ്രവർത്തനങ്ങൾ ജില്ലകളിലെ വിവിധ പൊതുസ്ഥാപനങ്ങളിൽ പുരോഗമിച്ചുവരുന്നു. ബാക്കി പ്രൊപ്പോസലുകളുടെ സൂക്ഷ്മപരിശോധന വകുപ്പിൽ നടന്നുവരുന്നു. ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി (4702-02-102-94) ഈ സാമ്പത്തിക വർഷം 167 കുഴൽക്കിണർ നിർമ്മാണ പ്രവൃത്തികൾ, 58 പുതിയ ചെറുകിട കുടിവെള്ള പദ്ധതികൾ, 9 ഹാൻഡ് പമ്പ് പദ്ധതികൾ എന്നീ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് 4.5 കോടി രൂപയുടെ ഭരണ/സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. വിവിധ ജില്ലകളിൽ 31 പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നിർവ്വഹണത്തിലൂടെ 630 കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. ബാക്കി പ്രവർത്തനങ്ങൾ ജില്ലകളിൽ പുരോഗമിച്ചുവരുന്നു. ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൽപ്പെടുത്തി (2702-02-103-99) ഈ സാമ്പത്തിക വർഷം 29 ചെറുകിട കുടിവെള്ള പദ്ധതി പുനരുദ്ധാരണം, 422 കുഴൽക്കിണർ കൈപമ്പ് അറ്റകുറ്റപ്പണികൾ എന്നീ പ്രവൃത്തികൾക്ക് ഒരു കോടി രൂപയുടെ ഭരണ/സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. വിവിധ ജില്ലകളിൽ 69 പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നിർവ്വഹണത്തിലൂടെ 420 കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. ബാക്കി പ്രവർത്തനങ്ങൾ ജില്ലകളിൽ പുരോഗമിച്ചുവരുന്നു.